# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 മേയ് 29, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി ബി. എസ്. സരള**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

204/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽകുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### അംഗങ്ങൾ

1. ശ്രീ. അബ്ദുൽ ഹമീദ്. പി. (വള്ളിക്കുന്ന്)
2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ (ഗുരുവായൂർ)
3. ശ്രീ. പാറക്കൽ അബ്ദുല്ല (കുറ്റ്യാടി)
4. ശ്രീ. പി. കെ. അബ്ദു റബ്ബ് (തിരൂരങ്ങാടി)
5. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
7. ശ്രീ. വി. എസ്. അച്ചുതാനന്ദൻ (മലമ്പുഴ)
8. ശ്രീ. അടൂർ പ്രകാശ് (കോന്നി)*
9. ശ്രീ. ടി. എ. അഹമ്മദ് കബീർ (മങ്കട)
10. ശ്രീമതി പി. അയിഷാ പോറ്റി (കൊട്ടാരക്കര)
11. ശ്രീ. മഞ്ഞളാംകുഴി അലി (പെരിന്തൽമണ്ണ)
12. ശ്രീ. അനിൽ അക്കര (വടക്കാഞ്ചേരി)
13. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ - എസ്.സി.)
14. ശ്രീ. അനൂപ് ജേക്കബ് (പിറവം)
15. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
16. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
17. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
18. ശ്രീ. അൻവർ സാദത്ത് (ആലുവ)
19. ശ്രീ. എ. എം. ആരിഫ് (അരൂർ)
20. പ്രൊഫ. കെ. യു. അരുണൻ (ഇരിങ്ങാലക്കുട)

---

* ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതിനാൽ നിയമസഭാംഗത്വം 29-5-2019-ന് രാജിവച്ചു.

21. ശ്രീമതി സി. കെ. ആശ (വൈക്കം - എസ്.സി.)

22. ശ്രീ. കെ. ബാബു (നെന്മാറ)

23. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻബത്തേരി-എസ്.ടി.)

24. ശ്രീ. എ. കെ. ബാലൻ (തരൂർ - എസ്.സി.)

25. ശ്രീ. വി. ടി. ബൽറാം (തൃത്താല)

26. ശ്രീ. പി. കെ. ബഷീർ (ഏറനാട്)

27. ശ്രീമതി ഇ. എസ്. ബിജിമോൾ (പീരുമേട്)

28. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)

29. ശ്രീ. കെ. ദാസൻ (കൊയിലാണ്ടി)

30. ശ്രീ. ബി. ഡി. ദേവസ്സി (ചാലക്കുടി)

31. ശ്രീ. സി. ദിവാകരൻ (നെടുമങ്ങാട്)

32. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (കളമശ്ശേരി)

33. ശ്രീ. എൽദോ എബ്രഹാം (മൂവാറ്റുപുഴ)

34. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)

35. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)

36. ശ്രീമതി ഗീതാ ഗോപി (നാട്ടിക -എസ്.സി.)

37. ശ്രീ. ജോർജ് എം. തോമസ് (തിരുവമ്പാടി)

38. ശ്രീ. പി. സി. ജോർജ് (പൂഞ്ഞാർ)

39. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ - എസ്.സി.)

40. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)

41. ശ്രീ. ഹൈബി ഈഡൻ (എറണാകുളം)

42. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)

43. ഡോ. കെ. ടി. ജലീൽ (തവനൂർ)

44. ശ്രീ. ജെയിംസ് മാത്യൂ (തളിപ്പറമ്പ്)

45. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)

46. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)

47. ശ്രീ. ഇ. പി. ജയരാജൻ (മട്ടന്നൂർ)

48. ശ്രീ. ജോൺ ഫെർണാണ്ടസ് (ആംഗ്ലോ ഇന്ത്യൻ പ്രതിനിധി)

49. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)

50. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)

51. ശ്രീ. വി. ജോയി (വർക്കല)

52. ശ്രീ. ഒ. ആർ. കേളു (മാനന്തവാടി-എസ്.ടി.)

53. ശ്രീ. കെ. എൻ. എ. ഖാദർ (വേങ്ങര)

54. ശ്രീ. സി. കൃഷ്ണൻ (പയ്യന്നൂർ)

55. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)

56. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

57. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ-എസ്.സി.)

58. ശ്രീ. വി. കെ. സി. മമ്മത് കോയ (ബേപ്പൂർ)

59. ശ്രീ. സി. മമ്മൂട്ടി (തിരൂർ)

60. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)

61. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)

62. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)

63. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ (കുണ്ടറ)

64. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)

65. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)

66. ശ്രീ. മുഹമ്മദ് മുഹസിൻ പി. (പട്ടാമ്പി)

67. ശ്രീ. എം. മുകേഷ് (കൊല്ലം)

68. ഡോ. എം. കെ. മുനീർ (കോഴിക്കോട് സൗത്ത്)

69. ശ്രീ. കെ. മുരളീധരൻ (വട്ടിയൂർക്കാവ്)

70. ശ്രീ. ഡി. കെ. മുരളി (വാമനപുരം)

71. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)

72. ശ്രീ. സി. കെ. നാണു (വടകര)

73. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)

74. ശ്രീ. എം. നൗഷാദ് (ഇരവിപുരം)

75. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)

76. ശ്രീ. യു. ആർ. പ്രദീപ് (ചേലക്കര)

77. ശ്രീ. എ. പ്രദീപ്കുമാർ (കോഴിക്കോട് നോർത്ത്)

78. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)

79. ശ്രീമതി യു. പ്രതിഭ (കായംകുളം)

80. ശ്രീ. പുരുഷൻ കടലുണ്ടി (ബാലുശ്ശേരി - എസ്.സി.)

81. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)

82. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)

83. ശ്രീ. ഒ. രാജഗോപാൽ (നേമം)

84. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)

85. ശ്രീ. കെ. രാജൻ (ഒല്ലൂർ)

86. ശ്രീ. എസ്. രാജേന്ദ്രൻ (ദേവികുളം-എസ്.സി.)

87. ശ്രീ. ആർ. രാജേഷ് (മാവേലിക്കര-എസ്.സി.)

88. ശ്രീ. റ്റി. വി. രാജേഷ് (കല്യാശ്ശേരി)

89. ശ്രീ. കെ. രാജു (പുനലൂർ)

90. ശ്രീ. രാജു എബ്രഹാം (റാന്നി)

91. ശ്രീ. ആർ. രാമചന്ദ്രൻ (കരുനാഗപ്പള്ളി)

92. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

93. ശ്രീ. റ്റി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)

94. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)

95. ശ്രീ. മുല്ലക്കര രത്നാകരൻ (ചടയമംഗലം)

96. പ്രൊഫ. സി. രവീന്ദ്രനാഥ് (പുതുക്കാട്)

97. ശ്രീ. കാരാട്ട് റസാഖ് (കൊടുവള്ളി)

98. ശ്രീ. റോജി എം. ജോൺ (അങ്കമാലി)

99. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)

100. ശ്രീ. കെ. എസ്. ശബരീനാഥൻ (അരുവിക്കര)

101. ശ്രീ. വി. പി. സജീന്ദ്രൻ (കുന്നത്തുനാട്-എസ്.സി.)

102. ശ്രീ. സജി ചെറിയാൻ (ചെങ്ങന്നൂർ)

103. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)

104. ശ്രീ. എസ്. ശർമ്മ (വൈപ്പിൻ)

105. ശ്രീ. എ. കെ. ശശീന്ദ്രൻ (എലത്തൂർ)

106. ശ്രീ. സി. കെ. ശശീന്ദ്രൻ (കൽപ്പറ്റ)

107. ശ്രീ. പി. കെ. ശശി (ഷൊർണ്ണൂർ)

108. ശ്രീ. വി. ശശി (ചിറയിൻകീഴ്-എസ്.സി.)

109. ശ്രീ. വി. ഡി. സതീശൻ (പറവൂർ)

110. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)

111. ശ്രീ. ബി. സത്യൻ (ആറ്റിങ്ങൽ-എസ്.സി.)

112. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)

113. ശ്രീ. കെ. എം. ഷാജി (അഴീക്കോട്)

114. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)

115. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (കൂത്തുപറമ്പ്)

116. ശ്രീ. വി. എസ്. ശിവകുമാർ (തിരുവനന്തപുരം)

117. ശ്രീ. പി. ശ്രീരാമകൃഷ്ണൻ (പൊന്നാനി)

118. ശ്രീ. ജി. സുധാകരൻ (അമ്പലപ്പുഴ)

119. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)

120. ശ്രീ. വി. എസ്. സുനിൽ കുമാർ (തൃശ്ശൂർ)

121. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)

122. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)

123. ശ്രീ. കെ. സുരേഷ് കുറുപ്പ് (ഏറ്റുമാനൂർ)

124. ശ്രീ. എം. സ്വരാജ് (തൃപ്പൂണിത്തുറ)

125. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)

126. ശ്രീ. പി. തിലോത്തമൻ (ചേർത്തല)

127. ശ്രീ. സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)

128. ശ്രീ. പി. ടി. തോമസ് (തൃക്കാക്കര)

129. ശ്രീ. തോമസ് ചാണ്ടി (കുട്ടനാട്)

130. ഡോ. ടി. എം. തോമസ് ഐസക് (ആലപ്പുഴ)

131. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)

132. ശ്രീ. എം. ഉമ്മർ (മഞ്ചേരി)

133. ശ്രീ. പി. ഉണ്ണി (ഒറ്റപ്പാലം)

134. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)

135. ശ്രീ. കെ. വി. വിജയദാസ് (കോങ്ങാട് -എസ്.സി.)

136. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)

137. ശ്രീ. പിണറായി വിജയൻ (ധർമ്മടം)

138. ശ്രീ. എൻ. വിജയൻ പിള്ള (ചവറ)

139. ശ്രീ. എം. വിൻസെന്റ് (കോവളം)

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..01

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..32

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..101

**II അറിയിപ്പ്**

അംഗത്തിന്റെ രാജി ..506

**III പ്രത്യേക പരാമർശം**

നിയമസഭാ സെക്രട്ടറിയുടെ വിരമിക്കൽ ..506

**IV അടിയന്തരപ്രമേയം**

ഖാദർ കമ്മീഷൻ റിപ്പോർട്ട്

(അവതരണാനുമതി നിഷേധിച്ചു) ..507

**V ശ്രദ്ധ ക്ഷണിക്കൽ**

1. റോഡപകട നിരക്ക് കുറയ്ക്കൽ

- ശ്രീമതി ഇ. എസ്. ബിജിമോൾ ..529

2. സി-ഡിറ്റിലെ പുറംകരാർ

- ശ്രീ. കെ. സി. ജോസഫ് ..538

**VI സബ്മിഷൻ**

1. കാരുണ്യ ചികിത്സാ പദ്ധതി

- പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ..543

2. വില്ലേജ് ഓഫീസുകളുടെ പുനർനിർമ്മാണം

- ശ്രീ. കെ. ബി. ഗണേഷ് കുമാർ ..549

പേജ്

3. റെഗുലേറ്റർ-കം-ബ്രിഡ്ജ്

- ശ്രീ. അബ്ദുൽ ഹമീദ്. പി ..553

4. സേവന -വേതന വ്യവസ്ഥകൾ

- ശ്രീ. എ. എൻ. ഷംസീർ ..555

5. മെഡിക്കൽ കോളേജിൽ ക്ലാസ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

- ശ്രീ. റോഷി അഗസ്റ്റിൻ ..557

6. തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ കെട്ടിട നിർമ്മാണം

- ശ്രീ. ജോർജ് എം. തോമസ് ..560

7. പ്ലസ് വൺ സീറ്റുകൾ അനുവദിക്കൽ

- ശ്രീ. പി. ഉബൈദുള്ള ..561

8. കെട്ടിട നിർമ്മാണം

- ശ്രീ. മുരളി പെരുനെല്ലി ..564

9. ആത്മഹത്യാശ്രമം

- ശ്രീ. ഒ. രാജഗോപാൽ ..566

10. സെക്ഷൻ ഓഫീസ്

- ശ്രീ. എം. സ്വരാജ് ..568

**VII മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ 3 (1), (2) ഇനം അനുസരിച്ചുള്ളത് ..570

**VIII റിപ്പോർട്ട് സമർപ്പണം** ..599

1. കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട്

2. 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യമെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ..599

*പേജ്*

**IX റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് ..599

**X ധനകാര്യം**

2019-20 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ..600

ധനാഭ്യർത്ഥന നമ്പർ II — സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ

ധനാഭ്യർത്ഥന നമ്പർ III — നീതിന്യായ നിർവ്വഹണം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

*2019 മേയ് 29, ബുധൻ*

വാല്യം 176] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

നിയമസഭ 2019 മേയ് മാസം 29-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......ഓർഡർ...... (*31)-ാം നമ്പർ ചോദ്യവുമായി (*43), (*45) എന്നീ ചോദ്യങ്ങൾ ക്ലബ്ബ് ചെയ്യണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഇക്കാര്യം പ്രത്യേകം അഭ്യർത്ഥിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ക്ലബ്ബിംഗ് അനുവദിക്കുന്നു.

### കിഫ്ബി മസാല ബോണ്ട്

1(*31) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ നിക്ഷേപം സമാഹരിക്കുന്നതിന് കിഫ്ബി പുറത്തിറക്കിയ മസാല ബോണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ്; ഓരോ സ്ഥാപനവും എത്ര തുക വീതം നിക്ഷേപിച്ചിട്ടുണ്ട്;

(ബി) ഇന്ത്യയിലെ ബാങ്കുകളുടെ കൺസോർഷ്യത്തിൽനിന്നും വായ്പയെടുക്കുന്നതിന് ഏറ്റവും കുറഞ്ഞ പലിശ നിരക്ക് എത്രയാണെന്നാണ് സർക്കാരും കിഫ്ബിയും കണ്ടെത്തിയിരുന്നത്;

(സി) ഇന്ത്യയിലെ ബാങ്കുകളുടെ കൺസോർഷ്യത്തിൽനിന്നും വായ്പയെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പലിശ നിരക്കിനെക്കാൾ കുറഞ്ഞ പലിശ നിരക്കാണ് മസാല ബോണ്ട് സമാഹരിക്കുമ്പോൾ നൽകേണ്ടിവരുന്നതെന്ന് ഏതെങ്കിലും അംഗീകൃത ഏജൻസി വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉയർന്ന പലിശ നിരക്കിൽ കടമെടുക്കുവാൻ തീരുമാനിച്ചതിന്റെ കാരണമെന്താണ്;

(ഡി) മസാല ബോണ്ട് വഴി ആകെ എത്ര രൂപയാണ് കടമെടുക്കുന്നത്; തിരിച്ചടവ് കാലാവധി കഴിയുമ്പോൾ ആകെ എത്ര രൂപയാണ് തിരിച്ചടയ്ക്കേണ്ടി വരുന്നതെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും ആർ.ബി.ഐ. നിഷ്കർഷിക്കുന്ന കെ.വൈ.സി. മാനദണ്ഡം പാലിച്ചുവന്നവരാണ്. അസറ്റ് മാനേജേഴ്സ്, ഇൻഷുറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിംഗ്, പ്രൈവറ്റ് വെൽത്ത് മാനേജേഴ്സ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി CDPQ (Caisse de depot et placement du Quebec (Quebec Deposit and Investment Fund) ഉൾപ്പെടെ 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. ഈ നിക്ഷേപകരെ സംബന്ധിച്ച് കിഫ്ബിയിൽ ലഭ്യമായിട്ടുള്ള വിശദാംശങ്ങൾ ഇടപാട് നടന്ന ദിവസത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇതിനുശേഷം സെക്കണ്ടറി വിപണിയിൽ കച്ചവടം നടക്കാനുള്ള സാധ്യത കണക്കിലെടുത്താൽ, നിലവിൽ ഈ ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷേപകർക്ക് തന്നെ ആകണമെന്നില്ല.

(ബി&സി) എല്ലാ മെഗാ പ്രോജക്ടുകൾക്കും ഇത്തരത്തിൽ സമ്മിശ്രമായ നിരക്കിൽ വിവിധ സ്രോതസ്സുകളിൽ നിന്ന് പണം കണ്ടെത്തേണ്ടിവരും. കൊച്ചി മെട്രോയുടെ നിർമ്മാണത്തിനായി കേന്ദ്ര സർക്കാർ കെ.എഫ്.ഡബ്ല്യൂ. (Kreditanstalt fur Wiederaufbau (Credit Institute for Reconstruction) പോലുള്ള ഏജൻസികളിൽനിന്ന് താരതമ്യേന കുറഞ്ഞ നിരക്കിൽ കടമെടുത്തശേഷം കൂടുതൽ പണം ആവശ്യമായി വരുന്ന ഘട്ടത്തിൽ കാനറാ ബാങ്കിൽനിന്ന് 10.56 ശതമാനത്തിനും എറണാകുളം ഡിസ്ട്രിക്ട് കോ- ഓപ്പറേറ്റീവ് ബാങ്കിൽനിന്ന് 9.6 ശതമാനത്തിനും ഉയർന്ന നിരക്കിൽ കടമെടുക്കേണ്ടി വന്നിട്ടുണ്ട്.

അൻപതിനായിരം കോടിയോളം രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഇത്രയും വലിയ രീതിയിലുള്ള ധനസമാഹരണം കേവലം ഒരു സ്രോതസ്സിലൂടെ ലഭ്യമാക്കുക എന്നത് പ്രായോഗികമല്ല. ഇതിന് കിഫ്ബിക്ക് അതിന്റെ ആക്ട് അനുവദിക്കുന്ന രീതിയിൽ റിസർവ് ബാങ്ക്, സെബി തുടങ്ങിയ റെഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ധനസമാഹരണ ഉപാധികളെയും ആശ്രയിക്കേണ്ടി വരും.

ആഭ്യന്തര ബോണ്ടുവഴി ധനസമാഹരണത്തിന് ശ്രമം നടത്തിയിരുന്നു. എന്നാൽ റീ-ടെണ്ടർ ചെയ്തതിനുശേഷവും ഉയർന്ന പലിശ നിരക്ക് (10.20%-10.25%) കാരണം ഇത് ഉപേക്ഷിക്കുകയായിരുന്നു. ആഭ്യന്തര ബോണ്ടുവഴിയുള്ള ധനസമാഹരണത്തിന് വിവിധ റേറ്റിംഗ് ഏജൻസികൾ കിഫ്ബിക്ക് നൽകിയ ക്രെഡിറ്റ് റേറ്റിംഗ് A+ ആയിരുന്നു. ഇതേ റേറ്റിംഗുള്ള മറ്റ് ഇന്ത്യൻ ഏജൻസികൾ പുറപ്പെടുവിച്ച ആഭ്യന്തര ബോണ്ടുകളുടെ (കുറഞ്ഞത് 200 കോടിയും 5 വർഷം കാലയളവുമുള്ള) നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

ഈ ബോണ്ടുകൾ എല്ലാംതന്നെ കിഫ്ബിയുടെ മസാല ബോണ്ടിന്റെ പലിശ നിരക്കിനെക്കാളും ഉയർന്ന നിരക്കിലാണ് പുറപ്പെടുവിച്ചിരിക്കുന്നത് എന്നത് വ്യക്തമാണ്.

KIIF ബോർഡിന്റെ നിർദ്ദേശാനുസരണം വിവിധ പൊതുമേഖലാ ബാങ്കുകളിൽ നിന്ന് ധനസഹായം തേടിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 4 ബാങ്കുകളിൽ നിന്ന് 8.95% മുതൽ 9.30% വരെയുള്ള പലിശ നിരക്കിൽ ടേം ലോൺ ലഭ്യമാക്കിയിട്ടുണ്ട്. വിവിധ ബാങ്കുകൾ ടേം ലോണുകൾ വഴി കിഫ്ബിക്ക് അനുവദിച്ചത് 2565 കോടി രൂപ മാത്രമാണ്. ഇതിൽ ഒരു ബാങ്കിൽനിന്ന് പരമാവധി ലഭ്യമാക്കാൻ കഴിഞ്ഞത് 1000 കോടി രൂപയാണ്.

മേൽ സൂചിപ്പിച്ച സ്രോതസ്സുകൾ 50000 കോടി മുതൽമുടക്ക് വരുന്ന പദ്ധതികൾക്ക് പര്യാപ്തമാകില്ല എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് അന്താരാഷ്ട്ര ബോണ്ട് വിപണിയിലേയ്ക്കുള്ള ശ്രമം നടത്തിയത്. ടേം ലോണുകൾക്ക് മൊറട്ടോറിയം കാലാവധി (ശരാശരി 2 വർഷം) കഴിഞ്ഞാൽ പലിശയോടൊപ്പം മുതലിന്റെ ഒരു അംശവും തിരിച്ചടച്ച് തുടങ്ങണം. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായി ബോണ്ടുകൾക്ക് മുതലിന്റെ തിരിച്ചടവ് ലോൺ കാലാവധി തീരുന്ന മുറയ്ക്ക് മതിയാകും എന്നുള്ളതാണ്. കൂടാതെ കാലാകാലങ്ങളിൽ Marginal Cost of Funds based Lending Rate (MCLR)-ൽ ഉണ്ടാകുന്ന വ്യതിയാനം ടേം ലോണുകളുടെ നിരക്കിനെ ബാധിക്കും. എന്നാൽ മസാല ബോണ്ടിന്റെ പലിശ നിരക്ക് കാലാവധി പൂർത്തീകരിക്കുന്നതുവരെയും സ്ഥിരമാണ്. കിഫ്ബി ഇപ്പോൾ പുറപ്പെടുവിച്ച മസാല ബോണ്ടിന്റെ കാലാവധി 5 വർഷമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ദേശീയ തലത്തിലും അന്തർദ്ദേശീയ തലത്തിലും ശ്രദ്ധിക്കപ്പെട്ട ധനകാര്യ വിദഗ്ദ്ധർ അടങ്ങുന്ന KIIF ബോർഡ് മസാല ബോണ്ട് നടപടിക്രമങ്ങളുമായി മുന്നോട്ട് പോകാൻ തീരുമാനിക്കുകയും 9.723% എന്ന പലിശ നിരക്ക് ന്യായമാണെന്നുള്ളതിനാൽ ആ നിരക്കിൽ ഉറപ്പിക്കുകയുമായിരുന്നു. 31-3-2019-ന് മുമ്പ് ഈ ഇടപാട് നടത്തിയതുവഴി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്ന 5% വിത്ഹോൾഡിംഗ് നികുതിയുടെ ഇളവും കിഫ്ബിക്ക് നേടാനായി.

(ഡി) മസാല ബോണ്ട് വഴി ഇതുവരെ 2150 കോടി രൂപയാണ് സ്വരൂപിച്ചിരിക്കുന്നത്. തിരിച്ചടവ് കാലാവധിയായ 5 വർഷം കഴിയുമ്പോൾ ആകെ പലിശയും മുതലും ഉൾപ്പെടെ 3195.23 കോടി രൂപ തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്.

**കിഫ്ബിയുടെ മസാല ബോണ്ട്**

2(* 43) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസമാഹരണത്തിന്റെ ഭാഗമായി ഇറക്കിയ മസാല ബോണ്ട് സി.ഡി.പി.ക്യൂ. എന്ന കമ്പനിയാണോ വാങ്ങിയത്;

(ബി) കാനഡയിലെ ക്യൂബെക് പ്രവിശ്യയിൽ മാത്രമായി പ്രസ്തുത ബോണ്ട് പ്രൈവറ്റ് പ്ലെയ്സ്മെന്റ് നടത്തിയ വേളയിലാണോ സി.ഡി.പി.ക്യൂ. അവ വാങ്ങിയത് എന്ന് വ്യക്തമാക്കാമോ;

(സി) സി.ഡി.പി.ക്യൂ.-വിന് എത്ര ശതമാനം പലിശയാണ് ഈ ബോണ്ടുകൾക്ക് നൽകേണ്ടത്;

(ഡി) ബോണ്ടിന്റെ തിരിച്ചടവ് കാലാവധി എത്രയാണ്; കാലാവധി പൂർത്തിയാകുമ്പോൾ പലിശയും മുതലും ഉൾപ്പെടെ എത്ര കോടി രൂപ നൽകേണ്ടിവരുമെന്ന് അറിയിക്കുമോ;

(ഇ) എസ്.എൻ.സി. ലാവ്‌ലിൻ കമ്പനിയുടെ ഇരുപത് ശതമാനം ഓഹരികൾ കൈവശമുള്ള കമ്പനിയാണ് സി.ഡി.പി.ക്യൂ. എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എസ്.എൻ.സി. ലാവ്‌ലിൻ കമ്പനി പ്രതിനിധികളെ കേരളം പിടികിട്ടാപ്പുള്ളികളായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ആ കമ്പനിയുമായി അടുത്ത ബന്ധമുള്ള സി.ഡി.പി.ക്യു.-വുമായി ഇടപാട് നടത്തിയത് ശരിയായ നടപടിയാണെന്ന് വിലയിരുത്തുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. CDPQ എന്ന സ്ഥാപനം അതിൽ ഒരു പ്രധാന നിക്ഷേപകരാണ്.

(ബി) കിഫ്ബിയുടെ മസാല ബോണ്ട് ഒരു പ്രൈവറ്റ് ഇഷ്യൂ അല്ല. ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പബ്ലിക് ഇഷ്യൂ ആണ്. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നു. ലണ്ടൻ, സിംഗപ്പൂർ, ഹോങ്കോംഗ്, യു.എ.ഇ. എന്നീ രാജ്യങ്ങളിൽ നടന്ന റോഡ്ഷോകളിൽ നിക്ഷേപകരുടെ അഭിപ്രായങ്ങളും ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമ വ്യവസ്ഥകളും വിലയിരുത്തിയ ശേഷമാണ് ഓഫറിംഗ് സർക്കുലർ പ്രസിദ്ധീകരിച്ചത്. കനേഡിയൻ നിയമ വ്യവസ്ഥകൾ പ്രകാരം റീട്ടെയിൽ നിക്ഷേപകരിൽനിന്നും ബോണ്ടുകൾ വഴി പണം സ്വീകരിക്കണമെങ്കിൽ ബന്ധപ്പെട്ട സെക്യൂരിറ്റി റെഗുലേറ്ററിന്റെ അംഗീകാരം തേടിയശേഷമാണ് പ്രോസ്പെക്ടസ് പുറപ്പെടുവിക്കേണ്ടത്. ഇത് വളരെ സങ്കീർണ്ണവും കാലതാമസം വരുന്നതുമായ ഒരു നടപടിക്രമമാണ്. ഈ കാലതാമസം ഒഴിവാക്കി ആ രാജ്യത്തെ നിക്ഷേപകർക്കും അവസരം കൊടുക്കുന്നതിനായാണ് മറ്റ് രാജ്യങ്ങളിലെ നിയമവ്യവസ്ഥകൾ ഉൾപ്പെടുത്തിയപോലെ കാനഡയിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി ഓഫറിംഗ് സർക്കുലർ പുറപ്പെടുവിച്ചത്. ഇതിൻപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് അംഗീകരിച്ച ലോകത്തിലെ എല്ലാ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകർക്കും പ്രസ്തുത ബോണ്ടിൽ പങ്കെടുക്കാമായിരുന്നു. ഇത് കാനഡയിലെ ക്യൂബെക് പ്രവിശ്യയിൽ മാത്രമായി നടത്തിയ പ്രൈവറ്റ് പ്ലെയ്സ്മെന്റ് അല്ല.

(സി & ഡി) കിഫ്ബിയുടെ മസാല ബോണ്ടിന്റെ പലിശ നിരക്ക് 9.723 ശതമാനമാണ്. എല്ലാ നിക്ഷേപകർക്കും ഈ നിരക്ക് ബാധകമാണ്. 5 വർഷമാണ് പ്രസ്തുത മസാല ബോണ്ടിന്റെ തിരിച്ചടവ് കാലാവധി. ഇതുവഴി നാളിതുവരെ 2150 കോടി രൂപയാണ് സ്വരൂപിച്ചിരിക്കുന്നത്. തിരിച്ചടവ് കാലാവധി കഴിയുമ്പോൾ പലിശയും മുതലും ഉൾപ്പെടെ ആകെ 3195.23 കോടി രൂപ തിരിച്ചടയ്ക്കേണ്ടിവരും.

(ഇ & എഫ്) പ്രധാനമായും സർക്കാർ-അർദ്ധസർക്കാർ പെൻഷൻ ഫണ്ടുകളും ഇൻഷ്വറൻസ് ഉൽപ്പന്നങ്ങളും കൈകാര്യം ചെയ്യുന്ന ദീർഘകാല സ്ഥാപനതല നിക്ഷേപകരാണ് CDPQ. ലോകമാസകലമുള്ള അറുപതിലേറെ രാജ്യങ്ങളിലായി അനേകായിരം നിക്ഷേപങ്ങൾ നടത്തിയിട്ടുള്ള ഈ പ്രസ്ഥാനത്തിന് 2018 ഡിസംബർ 31-ലെ കണക്കുപ്രകാരം 22,000 കോടി അമേരിക്കൻ ഡോളർ (15.40 ലക്ഷം കോടി ഇന്ത്യൻ രൂപ) മൊത്തം ആസ്തി മൂല്യമുണ്ട്. ഇന്ത്യയിൽ ന്യൂഡൽഹിയിലടക്കം പത്ത് രാജ്യങ്ങളിൽ ഇവർക്ക് കാര്യാലയമുണ്ട്. കമ്പനിയുടെ ആഗോള പോർട്ട്ഫോളിയോയുടെ ഭാഗമായി CDPQ-വിന് എസ്.എൻ.സി. ലാവ്‌ലിനിലും നിക്ഷേപമുണ്ട് എന്നത് പരസ്യമായി ലഭ്യമായ വിവരമാണ്. 2018 ഡിസംബർ 31-ലെ കണക്കുപ്രകാരം എസ്.എൻ.സി. ലാവ്‌ലിനിന്റെ 19.9 ശതമാനം ഓഹരി CDPQ-വിന്റെ കൈവശമുണ്ട്. ക്യൂബെക് സെക്യൂരിറ്റീസ് നിയമപ്രകാരം ഒരു കമ്പനിയുടെ താൽപ്പര്യങ്ങളിൽ നിയന്ത്രണം ഉണ്ടെന്ന് കരുതാവുന്ന നിക്ഷേപക വിഭാഗത്തിനും താഴെയാണ് എസ്.എൻ.സി. ലാവ്‌ലിനിൽ CDPQ-വിനുള്ള നിക്ഷേപം. CDPQ അവരുടെ 22,000 കോടി ഡോളർ (ഏകദേശം 15.4 ലക്ഷം കോടി രൂപ) പോർട്ട്ഫോളിയോയിൽ നിന്നുകൊണ്ട് നടത്തിയ ഒരു നിക്ഷേപം മാത്രമാണ് എസ്.എൻ.സി. ലാവ്‌ലിൻ.

യോഗ്യതയുള്ള ഏതെങ്കിലും അധികാര സ്ഥാപനമോ ഗവൺമെന്റോ അയോഗ്യത കൽപ്പിക്കുംവരെ CDPQ-വിന് ഏത് കമ്പനിയിൽ നിക്ഷേപമുണ്ടായാലും ശരി, അത് അയോഗ്യതയായി കണക്കാക്കാൻ കഴിയുന്നതല്ല. കുറ്റമറ്റ രീതിയിൽ പൊതുപണം കൈകാര്യം ചെയ്യുന്നതിൽ വിശ്വാസ്യത പുലർത്തുന്ന ലോകത്തിലെ ഏറ്റവും വലിയ പെൻഷൻ ഫണ്ട് കമ്പനികളിലൊന്നായ CDPQ എസ്.എൻ.സി. ലാവ്‌ലിൻ കമ്പനിയിൽ പണം മുടക്കി എന്നതുകൊണ്ട് അഭികാമ്യമായ നിക്ഷേപകർ അല്ലാതാകുന്നില്ല.

ഭാരതീയ റിസർവ് ബാങ്ക്, സെബി തുടങ്ങിയ നിയന്ത്രണാധികാരമുള്ള സ്ഥാപനങ്ങൾ രൂപപ്പെടുത്തിയ ഭരണനിർവ്വഹണ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് ഇന്ത്യയിൽ പ്രവർത്തനം തുടരുന്ന സ്ഥാപനമാണ് CDPQ. എഡിൽവെയ്‌സ്, കോടക് ബാങ്ക്, ടി.വി.എസ്. ലോജിസ്റ്റിക്സ്, അസ്യൂർ പവർ എന്നിവ പോലുള്ള ഇന്ത്യൻ കമ്പനികളിൽ ഉൾപ്പെടെ 450 കോടി അമേരിക്കൻ ഡോളറിന്റെ (ഏകദേശം 31,500 കോടി രൂപ) നിക്ഷേപം ഈ രാജ്യത്ത് നടത്തിക്കഴിഞ്ഞ സ്ഥാപനമാണ് CDPQ എന്ന് ആധികാരിക രേഖകൾ പറയുന്നു.

ബ്രിട്ടണിലെ ഹീത്രൂ വിമാനത്താവളം, ആസ്ട്രേലിയയിലെ ബ്രിസ്ബെയിൻ തുറമുഖം, ന്യൂയോർക്ക് സിറ്റിയിലെ വാസകേന്ദ്ര പദ്ധതിയായ സ്റ്റുയിവെസന്റ്

ടൗൺ/പീറ്റർക്കൂപ്പർ വില്ലേജ്, നെസ്‌ലെ പോലുള്ള ബഹുരാഷ്ട്ര വ്യവസായങ്ങൾ തുടങ്ങി ഉന്നത നിലവാരത്തിലുള്ള മുതൽമുടക്ക് ലോകമെമ്പാടും CDPQ നടത്തിയിട്ടുണ്ട്. CDPQ ആസ്ഥാനം നിലനിൽക്കുന്ന ക്യൂബെക് എന്ന കാനേഡിയൻ പ്രവിശ്യയിൽനിന്നുമാത്രം ബൊംബാർഡിയർ, സി.ജി.ഐ., എസ്.എൻ.സി. ലാവ്‌ലിൻ തുടങ്ങിയവ ഉൾപ്പെടെ ആഗോള കമ്പോളത്തിൽ സജീവമായി നിൽക്കുന്ന ഏകദേശം 775 കനേഡിയൻ കമ്പനികളിൽ ഈ സ്ഥാപനത്തിന് നിക്ഷേപമുണ്ട്.

**മസാല ബോണ്ടുകൾ വാങ്ങിയ കമ്പനികൾ**

3(*45) ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. റോജി എം. ജോൺ:

ശ്രീ. എം. വിൻസെന്റ്:

ശ്രീ. വി. ടി. ബൽറാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ മസാല ബോണ്ടുകൾ വാങ്ങുവാൻ ആങ്കർ ഇൻവെസ്റ്ററായി കനേഡിയൻ കമ്പനിയായ സി.ഡി.പി.ക്യൂ.വിനെ തെരഞ്ഞെടുത്തിരുന്നോ;

(ബി) ഉണ്ടെങ്കിൽ എസ്.എൻ.സി. ലാവലിൻ കമ്പനിയുടെ ഏറ്റവും വലിയ ഷെയർ ഹോൾഡറായ പ്രസ്തുത കമ്പനിയെ ആങ്കർ ഇൻവെസ്റ്ററായി തെരഞ്ഞെടുക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) കിഫ്ബിയുടെ മസാല ബോണ്ടുകൾ കനേഡിയൻ പ്രവിശ്യയായ ക്യൂബെക്കിൽ പ്രൈവറ്റായി പ്ലെയ്സ്മെന്റ് ചെയ്തപ്പോൾ ഏതൊക്കെ കനേഡിയൻ കമ്പനികളാണ് ബോണ്ടുകൾ വാങ്ങിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) സി.ഡി.പി.ക്യൂ. എന്ന കനേഡിയൻ കമ്പനി പെൻഷൻ ഫണ്ട് കമ്പനി മാത്രമല്ല മറിച്ച് അടിസ്ഥാനസൗകര്യം, റിയൽ എസ്റ്റേറ്റ്, പ്രൈവറ്റ് ഇക്വിറ്റി തുടങ്ങിയ മേഖലകളിലും പ്രവർത്തിക്കുന്ന കമ്പനിയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ&ബി) അസറ്റ് മാനേജേഴ്സ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിംഗ്, പ്രൈവറ്റ് വെൽത്ത് മാനേജേഴ്സ് എന്നീ ശ്രേണികളിൽ നിന്നായി 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. സി.ഡി.പി.ക്യൂ. എന്ന സ്ഥാപനം അതിൽ ഒരു പ്രധാന നിക്ഷേപകൻ മാത്രമാണ്. സി.ഡി.പി.ക്യൂ.-വിനെ ആങ്കർ ഇൻവെസ്റ്റർ ആയി കിഫ്ബി തെരഞ്ഞെടുത്തിട്ടില്ല.

കമ്പനിയുടെ ആഗോള പോർട്ട്ഫോളിയോയുടെ ഭാഗമായി സി.ഡി.പി.ക്യൂ.-വിന് എസ്.എൻ.സി. ലാവ്ലിനിലും നിക്ഷേപമുണ്ട് എന്നത് പരസ്യമായി ലഭ്യമായ വിവരമാണ്. 2018 ഡിസംബർ 31-ലെ കണക്കുപ്രകാരം എസ്.എൻ.സി. ലാവ്ലിനിന്റെ 19.9% ഓഹരി സി.ഡി.പി.ക്യൂ.-വിന്റെ കൈവശമുണ്ട്.

ക്യൂബെക് സെക്യൂരിറ്റീസ് നിയമപ്രകാരം ഒരു കമ്പനിയുടെ താല്പര്യങ്ങളിൽ നിയന്ത്രണമുണ്ടെന്ന് കരുതാവുന്ന നിക്ഷേപക വിഭാഗത്തിനും താഴെയാണ് എസ്.എൻ.സി. ലാവ്ലിനിൽ സി.ഡി.പി.ക്യൂ.വിനുള്ള നിക്ഷേപം. സി.ഡി.പി.ക്യൂ. അവരുടെ 22,000 കോടി ഡോളർ (ഏകദേശം 15.4 ലക്ഷം കോടി രൂപ) പോർട്ട്ഫോളിയോയിൽ നിന്നുകൊണ്ട് നടത്തിയ ഒരു നിക്ഷേപം മാത്രമാണ് എസ്.എൻ.സി. ലാവ്ലിൻ.

(സി) കിഫ്ബിയുടെ മസാല ബോണ്ട് ഒരു പ്രൈവറ്റ് ഇഷ്യൂ അല്ല. ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പബ്ലിക് ഇഷ്യൂ ആണ്. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നു. ലണ്ടൻ, സിങ്കപ്പൂർ, ഹോങ്കോംഗ്, യു. എ. ഇ. എന്നീ രാജ്യങ്ങളിൽ നടന്ന റോഡ്ഷോകളിൽ നിക്ഷേപകരുടെ അഭിപ്രായങ്ങളും ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമ വ്യവസ്ഥകളും വിലയിരുത്തിയ ശേഷമാണ് ഓഫറിംഗ് സർക്കുലർ പ്രസിദ്ധീകരിച്ചത്. കനേഡിയൻ നിയമ വ്യവസ്ഥകൾ പ്രകാരം റീട്ടെയിൽ നിക്ഷേപകരിൽനിന്നും ബോണ്ടുകൾ വഴി പണം സ്വീകരിക്കണമെങ്കിൽ ബന്ധപ്പെട്ട സെക്യൂരിറ്റി റെഗുലേഷന്റെ അംഗീകാരം തേടിയ ശേഷമാണ് പ്രോസ്പെക്ടസ് പുറപ്പെടുവിക്കേണ്ടത്. ഇത് വളരെ സങ്കീർണ്ണവും കാലതാമസം വരുന്നതുമായ ഒരു നടപടിക്രമമാണ്. ഈ കാലതാമസം ഒഴിവാക്കി ആ രാജ്യത്തെ നിക്ഷേപകർക്കും അവസരം കൊടുക്കുന്നതിനായാണ് മറ്റ് രാജ്യങ്ങളിലെ നിയമവ്യവസ്ഥകൾ ഉൾപ്പെടുത്തിയതുപോലെ കാനഡയിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി ഓഫറിംഗ് സർക്കുലർ പുറപ്പെടുവിച്ചത്. ഇതിൻപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച ലോകത്തിലെ എല്ലാ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകർക്കും പ്രസ്തുത ബോണ്ടിൽ പങ്കെടുക്കാമായിരുന്നു. ഇത് കാനഡയിലെ ക്യൂബെക് പ്രവിശ്യയിൽ മാത്രമായി നടത്തിയ പ്രൈവറ്റ് പ്ലേസ്മെന്റ് അല്ല.

മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ

നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരാണ്. അസറ്റ് മാനേജേഴ്സ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിംഗ്, പ്രൈവറ്റ് വെൽത്ത് മാനേജേഴ്സ് എന്നീ ശ്രേണികളിൽ നിന്നായി 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. സി.ഡി.പി.ക്യൂ. എന്ന സ്ഥാപനം കിഫ്ബിയുടെ മസാല ബോണ്ടിൽ ഒരു പ്രധാന നിക്ഷേപകരാണ്.

(ഡി) പ്രധാനമായും സർക്കാർ-അർദ്ധ സർക്കാർ പെൻഷൻ ഫണ്ടുകളും ഇൻഷ്വറൻസ് ഉല്പന്നങ്ങളും കൈകാര്യം ചെയ്യുന്ന ദീർഘകാല സ്ഥാപനതല നിക്ഷേപകരാണ് സി.ഡി.പി.ക്യൂ. അറുപതിലേറെ രാജ്യങ്ങളിലായി അനേകായിരം നിക്ഷേപങ്ങൾ നടത്തിയിട്ടുള്ള ഈ പ്രസ്ഥാനത്തിന് 2018 ഡിസംബർ 31-ലെ കണക്കുപ്രകാരം 22,000 കോടി അമേരിക്കൻ ഡോളർ (15.40 ലക്ഷം കോടി ഇന്ത്യൻ രൂപ) മൊത്തം ആസ്തി മൂല്യമുണ്ട്. ഇന്ത്യയിൽ ന്യൂഡൽഹിയിൽ ഉൾപ്പെടെ പത്ത് രാജ്യങ്ങളിൽ ഇവർക്ക് കാര്യാലയമുണ്ട്. കമ്പനിയുടെ ആഗോള പോർട്ട്ഫോളിയോയുടെ ഭാഗമായി സി.ഡി.പി.ക്യൂ.-വിന് എസ്.എൻ.സി. ലാവ്ലിനിലും നിക്ഷേപമുണ്ട് എന്നത് പരസ്യമായി ലഭ്യമായ വിവരമാണ്. 2018 ഡിസംബർ 31-ലെ കണക്കുപ്രകാരം എസ്.എൻ.സി. ലാവ്ലിനിന്റെ 19.9% ഓഹരി സി.ഡി.പി.ക്യൂ.-വിന്റെ കൈവശമുണ്ട്.

യോഗ്യതയുള്ള ഏതെങ്കിലും അധികാര സ്ഥാപനമോ ഗവൺമെന്റോ അയോഗ്യത കല്പിക്കുംവരെ സി.ഡി.പി.ക്യൂ.-വിന് ഏത് കമ്പനിയിൽ നിക്ഷേപമുണ്ടായാലും ശരി അത് അയോഗ്യതയായി കണക്കാക്കാൻ കഴിയുന്നതല്ല. കുറ്റമറ്റ രീതിയിൽ പൊതുപണം കൈകാര്യം ചെയ്യുന്നതിൽ വിശ്വാസ്യത പുലർത്തുന്ന ലോകത്തിലെ ഏറ്റവും വലിയ പെൻഷൻ ഫണ്ട് കമ്പനികളിലൊന്നായ സി.ഡി.പി.ക്യൂ. ഒരു കമ്പനിയിൽ പണം മുടക്കി എന്നതുകൊണ്ട് അഭികാമ്യമായ നിക്ഷേപകർ അല്ലാതാകുന്നില്ല.

ഭാരതീയ റിസർവ് ബാങ്ക്, സെബി തുടങ്ങിയ നിയന്ത്രണാധികാരമുള്ള സ്ഥാപനങ്ങൾ രൂപപ്പെടുത്തിയ ഭരണനിർവ്വഹണ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് ഇന്ത്യയിൽ പ്രവർത്തനം തുടരുന്ന സ്ഥാപനമാണ് സി.ഡി.പി.ക്യൂ. എഡിൽവെയ്സ്, കൊടക് ബാങ്ക്, ടി.വി.എസ്. ലോജിസ്റ്റിക്സ്, അസ്സൂർ പവർ എന്നിവ പോലുള്ള ഇന്ത്യൻ കമ്പനികളിൽ ഉൾപ്പെടെ 450 കോടി അമേരിക്കൻ ഡോളറിന്റെ (ഏകദേശം 31,500 കോടി രൂപ) നിക്ഷേപം ഈ രാജ്യത്ത് നടത്തിക്കഴിഞ്ഞ സ്ഥാപനമാണ് സി.ഡി.പി.ക്യൂ.എന്ന് പൊതു സ്രോതസ്സുകളിൽ നിന്ന് അറിയാൻ കഴിയും.

ബ്രിട്ടണിലെ ഹീത്രു വിമാനത്താവളം, ആസ്ട്രേലിയയിലെ ബ്രിസ്ബെയിൻ തുറമുഖം, ന്യൂയോർക്ക് സിറ്റിയിലെ വാസകേന്ദ്ര പദ്ധതിയായ സ്റ്റുയിവെസന്റ് ടൗൺ/പീറ്റർക്കൂപ്പർ വില്ലേജ്, നെസ്‌ലെ പോലുള്ള ബഹുരാഷ്ട്ര വ്യവസായങ്ങൾ തുടങ്ങി ഉന്നത നിലവാരത്തിലുള്ള മുതൽമുടക്ക് ലോകമെമ്പാടും സി.ഡി.പി.ക്യു. നടത്തിയിട്ടുണ്ട്. സി.ഡി.പി.ക്യു.-വിന്റെ ആസ്ഥാനം നിലനില്ക്കുന്ന ക്യൂബെക് എന്ന കാനേഡിയൻ പ്രവിശ്യയിൽ നിന്നുമാത്രം ബൊംബാർഡിയർ, സി.ജി.ഐ, എസ്.എൻ.സി. ലാവ്‌ലിൻ തുടങ്ങിയവ ഉൾപ്പെടെ ആഗോള കമ്പോളത്തിൽ സജീവമായി നില്ക്കുന്ന ഏകദേശം 775 കനേഡിയൻ കമ്പനികളിൽ ഈ സ്ഥാപനത്തിന് നിക്ഷേപമുണ്ട്. അടിസ്ഥാനപരമായി സി.ഡി.പി.ക്യു. ഒരു പെൻഷൻ കമ്പനിയാണ്. അതിൽ നിന്ന് ലഭിക്കുന്ന തുക ബോണ്ട്, പ്രൈവറ്റ് ഇക്വിറ്റി, റിയൽ എസ്റ്റേറ്റ് എന്നീ മേഖലകളിൽ നിക്ഷേപിക്കാറുണ്ട്. അതിന്റെ ഭാഗമായി വ്യാവസായിക കെട്ടിടങ്ങളും അവർക്കുണ്ട്. എന്നാൽ ഉൽപ്പാദന നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്തുന്നതായി അറിവില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മസാല ബോണ്ട് വഴി ഇതുവരെ 2150 കോടി രൂപയോളം സ്വരൂപിച്ചിരിക്കുന്നുവെന്ന് പറഞ്ഞു. തിരിച്ചടവ് കാലാവധിയായ അഞ്ച് വർഷം കഴിയുമ്പോൾ ആകെ പലിശയും മുതലും ഉൾപ്പെടെ 3195.23 കോടി രൂപ തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്. പലിശനിരക്ക് 9.723 ശതമാനം. ഈ തിരിച്ചടവ് വൈകിയാൽ എത്ര ശതമാനം പീനൽ ഇന്ററസ്റ്റ് നൽകേണ്ടിവരും. ഇന്നത്തെ സാമ്പത്തിക സ്ഥിതിയിൽ അത് തിരിച്ചടയ്ക്കാൻ വളരെ പ്രയാസമുണ്ടാകുമെന്ന് എനിക്കറിയാം. എന്തൊക്കെ പെനാൽറ്റി വ്യവസ്ഥകളാണ് ഈ എഗ്രിമെന്റിലുള്ളത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, പെനാൽറ്റിയായി അധിക പലിശ നൽകേണ്ടിവരും. എത്രയാണെന്ന് നോക്കിയതിനുശേഷം വിശദാംശം പറയാം. പക്ഷേ, തിരിച്ചടവിന് യാതൊരുവിധ പ്രയാസവും ഉണ്ടാവുകയില്ല. എന്തുകൊണ്ടെന്നാൽ, മോട്ടോർ വാഹന നികുതിയുടെ പകുതി, പെട്രോൾ സെസ് എന്നിവ കിഫ്ബിക്ക് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനകംതന്നെ കേരള സർക്കാർ 5000-ത്തിൽപ്പരം കോടി രൂപ കിഫ്ബിക്ക് നൽകിയിട്ടുണ്ട്; ഈ തുക നൽകിക്കൊണ്ടിരിക്കും. അതിനാൽ തിരിച്ചടവിന് തടസ്സം വരുന്ന പ്രശ്നമുദിക്കുന്നില്ല. ഈ ബോധ്യമുള്ളതുകൊണ്ടാണ് ബി. ബി. റേറ്റിംഗിൽ ഇത്തരത്തിൽ ആളുകൾ നിക്ഷേപിക്കാൻ തയ്യാറായിട്ടുള്ളത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, യു.പി.എ. സർക്കാർ അധികാരത്തിൽ വന്ന് പെട്രോളിയം ഉൽപ്പന്നങ്ങൾ ജി.എസ്.ടി.-ലേയ്ക്ക് പോയാൽ നമ്മുടെ

കാൽക്കുലേഷനെല്ലാം തെറ്റും. അങ്ങ് വളരെ over confident ആണെന്ന മാത്രമേ അതിനെക്കുറിച്ച് എനിക്ക് പറയാൻ സാധിക്കൂ. 50,000 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികൾക്കുവേണ്ടി ലോക്കൽ ബാങ്കിൽനിന്ന് പണം ലഭിക്കാതെ പ്രയാസങ്ങൾ നേരിട്ടതിന്റെ അടിസ്ഥാനത്തിലാണ് പുറമേ നിന്നും ഈ ബോണ്ട് വഴി വിപണിയിലേയ്ക്കുള്ള ശ്രമം നടത്തിയതെന്ന് അങ്ങ് പറഞ്ഞു. ഇതിന് handling charge അല്ലെങ്കിൽ സർവ്വീസ് ചാർജ്ജ് പോലെ എന്തെങ്കിലും കൊടുക്കേണ്ടതായി വന്നിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: ഉണ്ട്, ഇതിന്റെ അറേഞ്ചേഴ്സ്, ഏജന്റുമാർ എന്നിവർക്കെല്ലാം ഇതിൽ percentage ഉണ്ട്. അതെല്ലാംകൂടി കൂട്ടി പരമാവധി 0.25 ശതമാനം വരുമെന്നാണ് ഞാൻ കണക്കാക്കുന്നത്. ഇനി മോട്ടോർ വാഹന നികുതി കേന്ദ്രസർക്കാർ എടുത്തുമാറ്റുന്നു എന്ന് വിചാരിക്കുക; നമ്മൾ അതിന് സമ്മതിക്കില്ല. അതിന് സാധിക്കില്ലെന്നു പറയാൻ നിൽക്കുകയാണ്. സെസ് മാറ്റുന്നു. നിയമസഭയ്ക്ക് ഇതിനുപകരമായി ജി.എസ്.ടി.-യുടെ ഇത്ര ശതമാനം കൊടുക്കാമെന്ന് തീരുമാനിക്കാവുന്നതേയുള്ളൂ. ആര് ഭരിച്ചാലും ഇത്തരത്തിലുള്ളൊരു വികസനപാത വേണമെന്ന് നമുക്കൊരു യോജിപ്പുണ്ടെങ്കിൽ അതിനെല്ലാം ഉത്തരവുമുണ്ട്. അതാണ് നമുക്ക് വേണ്ടത്. അതിനാൽ കിഫ്ബിക്ക് തകരാറൊന്നും വരാൻ പോകുന്നില്ല.

ശ്രീ. ടി. എ. അഹമ്മദ് കബീറിനു വേണ്ടി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 2019-20-ലെ ബജറ്റിൽ അങ്ങ് പറയുന്ന കണക്കനുസരിച്ച് fiscal deficit 3 ശതമാനമാണ്. അത് പിന്നീട് ഗസറ്റ് വിജ്ഞാപനം വഴി 3.75 ശതമാനമാക്കി. സ്വാഭാവികമായി നമ്മൾ പ്രതീക്ഷിച്ചിരുന്ന വരുമാനം കിട്ടുകയില്ലെന്ന ധാരണയുടെ അടിസ്ഥാനത്തിലായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. സംസ്ഥാനത്തെ സാമ്പത്തിക നിലവാരം വച്ചാണ് ആ വരുമാനം കുറഞ്ഞുവരുന്നത്. അതേ സമയത്തുതന്നെ പ്ലാൻ ഫണ്ട് 20 ശതമാനമാക്കി കുറച്ചു. ഇനിയും പ്ലാൻ ഫണ്ട് കുറയ്ക്കുവാനുള്ള സാധ്യതയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. അത്തരം അവസരത്തിലാണ് മസാല ബോണ്ട് എടുക്കുകയും വലിയൊരു കടത്തിലേയ്ക്ക് പോകുകയും ചെയ്യുന്നത്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം രൂപയുടെ മൂല്യം കുറഞ്ഞുവരുന്നു. ബാങ്കുകളിൽ നിക്ഷേപം കൂടിവരുന്നു. ലോൺ എടുക്കുവാൻ ആളില്ല. കേന്ദ്രത്തിന്റെ ചില നിബന്ധനകളുടെ അടിസ്ഥാനത്തിലായിരിക്കാം International market-ൽ നിന്ന് രൂപയായിത്തന്നെ കടമെടുക്കുന്ന ഒരവസ്ഥ വരുന്നത്. ഫലത്തിൽ കേന്ദ്രത്തെ സഹായിക്കുന്ന ഒരവസ്ഥകൂടി അതിന്റെ ഭാഗമായുണ്ടാകും. ബോണ്ട് മാർക്കറ്റിലെ ഉയർച്ചയും താഴ്ചയും വരുമ്പോൾ സ്വാഭാവികമായും മസാല ബോണ്ടുകൾക്ക് സംഭവിക്കുന്ന

വ്യതിയാനങ്ങൾക്കനുസരിച്ച് ഏറെ വ്യത്യാസം വരാൻ സാധ്യതയുണ്ട്. അത് സംസ്ഥാനത്തിന് ഗുണകരമാകുമോ? അതോടൊപ്പം ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലും സിങ്കപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചിലും മസാല ബോണ്ടുകൾ ലിസ്റ്റ് ചെയ്യുന്നതിനുവേണ്ടി ട്രാൻസാക്ഷണൽ ചാർജ്ജ്, കമ്മീഷൻ ചാർജ്ജ്, ബ്രോക്കർ ചാർജ്ജ് എന്നിവ കൊടുക്കാനായി എന്തെങ്കിലും കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, 3 ചോദ്യങ്ങളാണ് ചോദിച്ചിരിക്കുന്നത്. അതിൽ ആദ്യത്തെ ചോദ്യത്തിൽനിന്നും മനസ്സിലാക്കേണ്ടത് ബജറ്റിൽ സാമ്പത്തിക ഞെരുക്കം നേരിടുമ്പോഴും കിഫ്ബിക്ക് ഈ പണം നീക്കിവയ്ക്കേണ്ടി വരുമെന്നുള്ളതാണ്. അങ്ങനെ നീക്കിവയ്ക്കുമ്പോൾ ഇതുപയോഗിച്ച് ലിവറേജ് ചെയ്യുന്ന തുക എത്രയാണ്. 5,000 കോടി രൂപ ബജറ്റിൽനിന്നും കൊടുത്തു. 50,000 കോടി രൂപയുടെ പ്രോജക്ട് അല്ലേ നടക്കുന്നത്? അതല്ലേ നമുക്ക് അഭികാമ്യം. അപ്പോൾ ഇക്കാര്യം ശരിയാണ്. നമുക്ക് സാമ്പത്തിക ഞെരുക്കം കൂടുതലുണ്ട്. ഇത്ര കോടി രൂപ മാറുമ്പോൾ പ്ലാനിംഗിൽനിന്നും അത്രയും പണം കുറയും, പക്ഷേ നമ്മൾ ലിവറേജ് ചെയ്യുന്ന തുകയുടെ വലിപ്പം നോക്കുമ്പോൾ അത് അംഗീകരിക്കാവുന്നതാണ്. രണ്ടാമത്തെ ചോദ്യം ഈ ബോണ്ടിന്റെ ഉയർച്ച താഴ്ചകൾ നമ്മളെ ബാധിക്കുകയില്ലേ എന്നുള്ളതാണ്. അതുകൊണ്ട് കിഫ്ബി ബോണ്ടിനെ മാത്രമല്ല ആശ്രയിക്കാൻ പോകുന്നത്. പ്രവാസി ചിട്ടിയുണ്ട്, ടേം ലോണുണ്ട്, അസറ്റ് മാനേജ്മെന്റ് കമ്പനി വഴിയുള്ള വിഭവ സമാഹരണമുണ്ട്. നമ്മുടെ സ്രോതസ്സുകൾ ഇങ്ങനെ ഡൈവേഴ്സിഫൈ ചെയ്യുന്നത് റിസ്ക് പരമാവധി കുറയ്ക്കാനാണ്. ബോണ്ട് മാർക്കറ്റ് അനുകൂലമല്ലെങ്കിൽ നമ്മൾ ബോണ്ടിലേയ്ക്ക് പോകില്ല. നമ്മൾ നാട്ടിലെ ബാങ്കിൽനിന്ന് എടുക്കാൻ ശ്രമിക്കും. അപ്പോൾ വളരെ ബോധപൂർവ്വമാണ് മറ്റേതെങ്കിലും മാർഗ്ഗം തെരഞ്ഞെടുക്കാതെ പരമാവധി സ്രോതസ്സുകൾ തുറന്നുവയ്ക്കാനായി ശ്രമിക്കുന്നത്. അവസാനത്തെ ചോദ്യം, ഇങ്ങനെ ആര് പോയി ലിസ്റ്റ് ചെയ്യുമ്പോഴും അത് അറേഞ്ച് ചെയ്യുമ്പോഴും അതിന് ഏജന്റുമാരെ നിശ്ചയിക്കുമ്പോഴും അവർക്കൊക്കെ ഇതിന്റേതായ ചാർജ്ജുകളും ഫീസുകളും സേവനങ്ങളും കൊടുക്കേണ്ടി വരും. അത് കിഫ്ബിക്ക് പ്രത്യേകമായി ഉള്ളതല്ല. അംഗീകരിച്ചിട്ടുള്ള രീതിയിൽ അത് നൽകുകയാണ്. ഇന്ത്യൻ മാർക്കറ്റിൽ പോകുമ്പോഴും അത്തരത്തിലുള്ള സർവ്വീസ് ചാർജ്ജുണ്ട്. ഇന്റർനാഷണൽ മാർക്കറ്റിൽ കുറച്ച് കൂടുതലാണ്. പക്ഷേ, അതെല്ലാംവച്ച് നോക്കുമ്പോൾ ഇന്ത്യയിൽ നമുക്ക് ഇന്ന് സമാഹരിക്കാൻ കഴിയുന്ന തുകയ്ക്ക് കൊടുക്കേണ്ട പലിശയെക്കാൾ താഴെയാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അങ്ങ് പറഞ്ഞ മസാല ബോണ്ടുവഴി 2150 കോടി രൂപയും ഇതിന്റെ പലിശ 1045 കോടി രൂപയും ചേർത്ത് 3195 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. 5 വർഷം കഴിയുമ്പോൾ അത് തിരിച്ചടയ്ക്കേണ്ടതുണ്ട്. അപ്പോൾ അതിന് കണ്ടിട്ടുള്ള മാർഗ്ഗം, മോട്ടോർ വാഹനത്തിന്റേതും അതുപോലുള്ള സെസ്സും നീക്കിവച്ചാൽ അത് കൈകാര്യം ചെയ്യാൻ കഴിയുമെന്നാണ്. അഞ്ച് കൊല്ലം കഴിയുമ്പോൾ 3200-ഓളം കോടി രൂപ റീ-പേമെന്റ് നടത്തേണ്ടതിന് അതുമാത്രം മതിയാകുമോ; ഇതുസംബന്ധിച്ച് ഒരു പഠനം നടന്നിട്ടുണ്ടോ; അതോടൊപ്പംതന്നെ 2150 കോടി രൂപയിൽ ഇത് ലിമിറ്റ് ചെയ്യുമോ; ഇനിയും അതിലപ്പുറത്തേക്ക് കിട്ടിയാൽ കടമെടുക്കുമോ; കടമെടുക്കാൻ കഴിയുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, കെ.എസ്.എഫ്.ഇ., കെ.എഫ്.സി. എന്നിവ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ടതായതിനാൽ അപേക്ഷകർ ധാരാളമുണ്ട്. ഞങ്ങൾ ഇത്ര ലക്ഷം രൂപയേ വായ്പയെടുത്തുള്ളൂ, പലിശ കൂട്ടുമ്പോൾ ഇരട്ടിയായിരിക്കുന്നു എന്ന് പറയും. അത് സ്വാഭാവികമാണ്. നിങ്ങൾ വായ്പയെടുത്താൽ പലിശ നൽകേണ്ടി വരും. അപ്പോൾ അത് അഞ്ചാറ് വർഷം കഴിയുമ്പോൾ ഈ പറയുന്ന തുക വരും. Statutory Liquidity Ratio (SLR) ബോണ്ടുകൾ നിങ്ങൾ 8.5 ശതമാനത്തിൽ എടുക്കുമ്പോൾ ഒരു ശതമാനമല്ലേ കുറയുന്നത്. നിങ്ങൾ പലിശ അത്രയും കൊടുക്കണ്ടേ? പക്ഷേ ഇന്ന് ഈ പലിശ കൊടുക്കേണ്ടി വന്നാലും 5 വർഷം കഴിഞ്ഞ് ഇത് പണിയുന്നതിനെക്കാളും നമുക്ക് ലാഭകരമായിരിക്കും. മറ്റൊന്ന്, റോഡും പാലവും വന്നുകഴിഞ്ഞാൽ അത് കൂടുതൽ സ്വകാര്യ നിക്ഷേപകരെ ആകർഷിക്കും; നമ്മുടെ സമ്പദ്ഘടനയെ വളർത്തുമ്പോൾ ഇവിടത്തെ വായ്പ ജഡഭാരമല്ലാതായി മാറും. ഇതാണ് അതിന്റെ പിന്നിലുള്ള തത്വം.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, 9.723 ശതമാനം പലിശയ്ക്കാണ് ഇപ്പോൾ സി.ഡി.പി.ക്യൂ. ബോണ്ട് എടുത്തിട്ടുള്ളത്. സി.ഡി.പി.ക്യൂ. കമ്പനിയെ കൂടാതെ 16 സ്ഥാപനങ്ങളെക്കൂടി നെഗോഷ്യേറ്റ് ചെയ്തു എന്നാണ് പറയുന്നത്. തൊട്ടടുത്ത് വരുന്ന സ്ഥാപനങ്ങൾ ഓഫർ ചെയ്തിട്ടുള്ള പലിശ എത്രയാണ്?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, 9.723 ശതമാനമാണ് പരമാവധി സംഘടിപ്പിച്ചിട്ടുള്ളത്. അതിനാൽ ഇനി കൂടുതൽ പറഞ്ഞാലും ബാക്കിയെല്ലാവരും 9.723 ശതമാനത്തിലേയ്ക്ക് വരാൻ തയ്യാറായാൽ മാത്രമേ നമ്മൾ അവർക്ക് നിക്ഷേപത്തിന് അവസരം നൽകുകയുള്ളൂ. അതുകൊണ്ട് എല്ലാവരുടേതും 9.723 ശതമാനമാണ്. അപ്പോൾ 9.723 ശതമാനമെന്ന് അവർ തീരുമാനിച്ചു. 2500-ഉം കവിഞ്ഞ് ഇനി ആൾ വരികയാണെങ്കിൽ 9.723 ശതമാനത്തിൽ

താഴണം. അങ്ങനെയാണ് അതിന്റെ bidding പോകുന്നത്, അത് വന്നില്ല. 2500 വച്ചിട്ടും 2150 മാത്രമേ സബ്സ്ക്രൈബ് ചെയ്തുള്ളൂ. 9.723 ശതമാനമാണ് അതിന് ആവശ്യപ്പെട്ടത്, അത് നമ്മൾ അംഗീകരിച്ചു.

ശ്രീ. സണ്ണി ജോസഫ്: സർ, മസാല ബോണ്ടിനുവേണ്ടി രണ്ടാമത് ഇറക്കിയ ഓഫറിംഗ് സർക്കുലറിൽ കണ്ണൂരിലെ ഇൻഡസ്ട്രിയൽ പാർക്കിന്റെ ഒരു പ്രൊപ്പോസലുണ്ട്. അതിന് എത്ര പണമാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്; അതും ബോണ്ട് ഓഫറുമായി വ്യക്തമായിട്ടുള്ള ബന്ധമുണ്ടോ; അത് സംബന്ധിച്ച് എന്തെങ്കിലും ചർച്ചകൾ ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; കണ്ണൂരിലെ ജനപ്രതിനിധികളുമായി ഇത്ര വിപുലമായ പണച്ചെലവുള്ള ഒരു പ്രോജക്ട് സംബന്ധിച്ച ചർച്ച നടത്താൻ ഗവൺമെന്റ് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ചർച്ച നടത്തുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇത് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. പാലക്കാടും ഇവിടെയുമുള്ള ഇൻഡസ്ട്രിയൽ കോറിഡോർ അടിസ്ഥാനമാക്കി വായിച്ചുനോക്കിയാൽ പ്രധാനപ്പെട്ടതാണ് കോയമ്പത്തൂർ - കൊച്ചി ഇടനാഴി. എയർപോർട്ടൊക്കെ വരുന്നതിന്റെ പശ്ചാത്തലത്തിൽ കാസർഗോഡ് പാതയ്ക്ക് പ്രാധാന്യമുണ്ട്. അത് ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, ഇൻഡസ്ട്രിയൽ നയത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്; അതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിലേയ്ക്ക് വളരെ വിശദമായി ഏതാണ്ട് 60-70 പേജ് വരുന്ന രേഖ തരികയുണ്ടായി. ആ സമയത്ത് പാർക്കിന്റെ വിശദാംശങ്ങൾ ആയിട്ടില്ലായിരുന്നു. അതൊക്കെ ഇനി തയ്യാറാക്കേണ്ടതുണ്ട്. പക്ഷേ ഏറ്റവും ആദ്യം വേണ്ടത് ഭൂമി ഏറ്റെടുക്കൽ നടപടികളിലേയ്ക്ക് നീങ്ങണം എന്നതാണ്. ഇൻഡസ്ട്രിയൽ പാർക്ക് ഓരോന്നിനും ഏത് വിധത്തിലുള്ള ഇൻവെസ്റ്റ്മെന്റിനുവേണ്ടിയാണ് എന്നതനുസരിച്ചിട്ടുവേണം മറ്റ് കാര്യങ്ങൾ ചെയ്യാൻ. എയർപോർട്ടും മറ്റ് കാര്യങ്ങളുമൊക്കെ ആരംഭിച്ച് കുറച്ചു കഴിഞ്ഞാൽ ഈ വിലയ്ക്കൊന്നും അവിടെ ഭൂമി ലഭ്യമാകില്ല. ഇന്ന് ഭൂമി ലഭ്യമാണ്. അതുകൊണ്ട് നമ്മൾ അതിന് തയ്യാറാകണം. ഇത്തരത്തിൽ പറയുന്ന അയ്യായിരത്തിൽപ്പരം ഏക്കർ കിട്ടുമെന്നൊന്നും യാതൊരു ഉറപ്പുമില്ല. എങ്കിലും സ്ഥലം ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. പരമാവധി ഏറ്റെടുക്കാൻ നോക്കും. ഏറ്റെടുക്കുന്ന ഭൂമിക്ക് പണം കിഫ്ബി ലഭ്യമാക്കും എന്നുള്ള ഉറപ്പാണുള്ളത്. ഓരോന്നിനും ഭൂമി ഏറ്റെടുത്ത് നെഗോഷിയേറ്റ് ചെയ്ത് വിലയൊക്കെ നിശ്ചയിച്ച് കിഫ്ബിയിലേയ്ക്ക് കിൻഫ്ര അപ്‌ലോഡ് ചെയ്യുമ്പോൾ മാത്രമാണ് ഇതിന്റെ ഫിനാൻഷ്യൽ സാംഗ്ഷൻ വരുന്നതും ബാക്കിയെല്ലാ പ്രോജക്ടുകളുംപോലെ പണം കൊടുക്കുന്നതും. അതുകൊണ്ട് അത്തരത്തിലുള്ള കാര്യങ്ങളിൽ ജനപ്രതിനിധികളോട് ചർച്ച

ചെയ്യാതെ ഭൂമി ഏറ്റെടുക്കാൻ സാധിക്കുമോ; തത്വത്തിൽ അത്തരത്തിലുള്ള നടപടികളിലേയ്ക്ക് നീങ്ങണം. ഭൂമി ഏറ്റെടുക്കുന്നതിന് എത്ര കാലതാമസം ഉണ്ടാകുമെന്ന് നിങ്ങൾക്ക് അറിയാമല്ലോ. അതുകൊണ്ട് ആ കാലതാമസത്തിന്റെ പിന്നിലാണ് ഒരു പ്രശ്നം വരിക, ഭൂമിക്ക് തുക കിട്ടുമോ ഇല്ലയോ എന്ന പ്രശ്നമാണ് ഉണ്ടാകുക. തുക റെഡിയാണ്; തുക കിട്ടും; കിഫ്ബി ഗ്യാരന്റി ചെയ്യുന്നു. അതുകൊണ്ട് ആ നടപടികളിലേയ്ക്ക് മാത്രമേ നീങ്ങുകയുള്ളൂ എന്നുള്ള സന്ദേശമാണ് നൽകുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഈ ബോണ്ടുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ഒരു ചോദ്യം ഇത് ലിസ്റ്റ് ചെയ്യുന്നതിനുമുമ്പുതന്നെ ഇതിന്റെ കച്ചവടം നടന്നു എന്നുള്ളതാണ്. അതായത് ഓപ്ഷൻസ്, എത്ര ചുരുങ്ങിയ പലിശയ്ക്ക് ഇത് ലഭ്യമാകും എന്നുള്ളതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല; അതിനുവേണ്ടി പ്രവർത്തിച്ചിട്ടുമില്ല. ഇപ്പോൾ ബോണ്ട് ലിസ്റ്റ് ചെയ്തിരിക്കുന്നത് സി.ഡി.പി.ക്യൂ. ആണ്. അതിൽനിന്നുണ്ടാകുന്ന ലാഭനഷ്ടങ്ങളെല്ലാം ആ കമ്പനിക്കാണ് പോകുന്നത്. സർക്കാരിന് യാതൊരു ലാഭവും ഉണ്ടാകുന്നില്ല. 1.35 ശതമാനം പലിശയ്ക്കെടുത്താൽ അത് റുപ്പീ എക്സ്ചേഞ്ചല്ല, ഡോളർ എക്സ്ചേഞ്ചാണ് എന്നാണ് അങ്ങ് പറഞ്ഞത്. 1.35 ശതമാനം പലിശയ്ക്കെടുത്താൽ ഡോളറിന് 360 രൂപ. ആറ് ഇരട്ടിയാണ് 9.723 ശതമാനം എന്ന് പറയുന്നത്. ഡോളറിന് 360 രൂപ വന്നാൽ മാത്രമേ 1.5-ഉം 9.723-ഉം തമ്മിൽ താരതമ്യം ചെയ്യാൻ സാധിക്കുകയുള്ളൂ. അങ്ങ് വളരെ വലിയൊരു വാദമാണ് ഉന്നയിച്ചത്. 1.35 എടുത്താൽ ഡോളറാണ്, ഡോളർ എക്സ്ചേഞ്ച് വരുമ്പോൾ സർക്കാർ വലിയ തുക കൊടുക്കേണ്ടി വരും. ഡോളറിന് 360 രൂപയാകുന്ന ഒരു സ്ഥിതി എന്നു പറയുന്നത് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ തകർന്ന് രൂപ തന്നെ നശിച്ചുപോകുന്ന ഒരു കാലമാണ്. അപ്പോൾ ഈ 9.723-ഉം വാട്ടർ മെട്രോയ്ക്കും മറ്റ് മെട്രോയ്ക്കും എടുത്ത 1.35-ഉം തമ്മിൽ എന്തെങ്കിലും താരതമ്യം ഉണ്ടോ; ഇന്ത്യയിൽ റിസർവ് ബാങ്ക് റുപ്പിയായിട്ടുതന്നെ സ്റ്റേറ്റുകൾക്ക് ബോണ്ട് നൽകാൻ തയ്യാറായിട്ടും റിസർവ് ബാങ്കിന്റെ ബോണ്ട് വാങ്ങിക്കാതെ എന്തിനാണ് പുറത്ത് പോകുന്നത്? 6 ശതമാനം പലിശയ്ക്ക് 5 വർഷത്തേക്ക് ബോണ്ട് തരാൻ റിസർവ് ബാങ്ക് തയ്യാറാണ്. റിസർവ് ബാങ്ക് ഇന്ത്യയിലെ എല്ലാ സ്റ്റേറ്റുകൾക്കും കൊടുത്തിട്ടുണ്ടെന്ന് റിസർവ് ബാങ്കിന്റെ വെബ്സൈറ്റ് നോക്കിയാൽ അറിയാം. ഒരു കാര്യം അങ്ങ് മനസ്സിലാക്കണം ഇത് വാങ്ങിക്കാൻ എല്ലാവരും പോകുന്നത് കിഫ്ബിയുടെ നിറം കണ്ടിട്ടോ അല്ലെങ്കിൽ അതിനകത്തിരിക്കുന്നവരുടെ ബാക്ഗ്രൗണ്ട് വായിച്ചു നോക്കിയിട്ടോ അല്ല. ലോകത്തിലെ ഏറ്റവും വലിയ ഫണ്ടിംഗ് ഏജൻസികളുടെ അട്രാക്ഷൻ സ്റ്റേറ്റിന്റെ സോവറീൻ ഗ്യാരന്റിയാണ്. നമ്മുടെ ബാർഗെയിനിംഗ് പോയിന്റ് അതായിരുന്നു.

ബിൽ ഗേറ്റ്സ് വന്നാലും അദാനി വന്നാലും അംബാനി വന്നാലും അവർക്ക് ഫണ്ടിംഗ് ഏജൻസിയുടെ അട്രാക്ഷൻ സ്റ്റേറ്റിന്റെ സോവറീൻ ബോണ്ടാണ്. സ്റ്റേറ്റിന്റെ സോവറീൻ ബോണ്ട് കയ്യിൽവച്ചിട്ട് ബാർഗെയിൻ ചെയ്യാൻ കഴിയാതെ ഏകപക്ഷീയമായി ചർച്ച നടത്തി അവർക്ക് 9.72 ശതമാനത്തിന് കൊടുക്കുകയല്ലേ യഥാർത്ഥത്തിൽ ചെയ്തത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, റിസർവ് ബാങ്ക് തയ്യാറാണെന്നു പറയുന്നതെന്തെന്നാൽ സംസ്ഥാന സർക്കാർ ഇറക്കുന്നത് S.L.R. ബോണ്ടാണ്; അത് കിഫ്ബിക്ക് എടുക്കാൻ സാധിക്കില്ല. സംസ്ഥാന സർക്കാരിന് ഓരോ ക്വാർട്ടറിലും എത്ര തുക എടുക്കാമെന്ന് കേന്ദ്ര ഗവൺമെന്റാണ് തീരുമാനിച്ച് പറയുന്നത്. ആ തീരുമാനത്തെക്കാൾ കൂടുതൽ തുക എടുക്കാൻ കഴിയില്ല. അതുകൊണ്ട് റിസർവ് ബാങ്ക് താഴ്ന്ന പലിശയ്ക്ക് ബോണ്ട് വാങ്ങാൻ തയ്യാറായി നിൽക്കുന്നു, അത് വാങ്ങിക്കാൻ തയ്യാറായില്ല എന്നു പറയുന്നത് ശരിയല്ല. ഇന്ത്യൻ മാർക്കറ്റിൽ നമുക്ക് ബോണ്ടിറക്കിയാലും 10.25 ശതമാനത്തിൽ താഴെ ലഭിക്കില്ല. ബാക്കിയുള്ളവർ കണക്കുകൾ ഉത്തരമായി നൽകിയിട്ടുണ്ട്. ഇന്ത്യയിൽ നമ്മളെപ്പോലെ റേറ്റിംഗുള്ള മറ്റ് സ്ഥാപനങ്ങൾ ഇറക്കിയിട്ടുള്ള ബോണ്ടുകളിലെല്ലാം 10 ശതമാനത്തിന് മുകളിലാണ് അവർക്ക് ലഭിച്ചിട്ടുള്ളത്. അതിനാലാണ് നമ്മൾ മസാല ബോണ്ടെന്നപേരിൽ പുറത്തിറക്കിയത്. അതിന് 9.723 ശതമാനമാണ്. ആഭ്യന്തരമായി ഇന്ന് റെയ്സ് ചെയ്യുന്നതിനെക്കാൾ താഴെയാണ്. അത് നേരത്തെ bargain ചെയ്യാതെ BB റേറ്റിംഗ് ആയിപ്പോയി. BB റേറ്റിംഗ് എന്നു പറഞ്ഞാൽ സ്പെക്കുലേറ്റീവ് റേറ്റിംഗാണെന്ന് കളിയാക്കി, അതേ നമുക്കുള്ളൂ. പക്ഷേ, മാർക്കറ്റിൽ പോകാൻ അത് അർഹത തരുന്നുണ്ട്. അതുവച്ച് നമ്മുടെ first issue ഏതാണ്ട് പൂർണ്ണമായും subscribe ചെയ്യപ്പെടുന്നത് വലിയൊരു ക്രെഡിറ്റാണ്. കാരണം എന്തടിസ്ഥാനത്തിലാണ് ഒരു ട്രാക്ക് റിക്കാർഡില്ലാത്ത ബോണ്ടിൽ നിക്ഷേപിക്കാൻ തയ്യാറാകുന്നത്. 9.723 ശതമാനം എന്നത് ഇന്നത്തെ നിലയ്ക്ക് ന്യായമാണെന്ന് ഇതിന്റെ ഏറ്റവും വലിയ വിദഗ്ദ്ധരടങ്ങുന്ന ബോർഡ് പറഞ്ഞു. ബോർഡിൽ രാഷ്ട്രീയ നിലപാട് ഉള്ളവരെന്ന് പറയാൻ കഴിയുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും മാത്രമാണ്. ബാക്കി ബോർഡംഗങ്ങളെല്ലാം പ്രൊഫഷണലുകളാണ്. അവരുടെ വിലയിരുത്തൽ ഇത് ന്യായമായിട്ടുള്ളതെന്നാണ്. അങ്ങനെയല്ലേ കാര്യങ്ങൾ തീരുമാനിക്കേണ്ടത്. എന്തിനുവേണ്ടി ഇത്ര അത്യാവശ്യമായി ഇത് ചെയ്യുന്നുവെന്നുള്ളതാണ് അവസാനമായി പറയാനുള്ളത്. എന്തു കാരണം കൊണ്ടായാലും ആദ്യമായി ഒരു സംസ്ഥാനത്തിന്റെ entity-ക്ക് മസാല ബോണ്ടിറക്കാൻ റിസർവ് ബാങ്ക് സമ്മതിച്ചു. ഈ സാമ്പത്തിക വർഷത്തേക്കാണ് അനുവദിച്ചത്. ഈ അവസരം ഉപയോഗിച്ചില്ലെങ്കിൽ

ഇനിയൊരവസരം ലഭിക്കുമെന്നൊരുറപ്പുമില്ല. രാഷ്ട്രീയ സാഹചര്യങ്ങൾ മാറുകയാണ്. അതിനാൽ കേരളത്തിന് ലഭിച്ച അവസരം നമ്മൾ ഉപയോഗപ്പെടുത്തണം. Withholding tax-ൽനിന്നുള്ള എക്സംപ്ഷൻ ബെനിഫിറ്റ് പോകുന്നതിനുമുമ്പ് എടുക്കണം. അതിന്റെ കൂടി നേട്ടമുണ്ടാകുമെന്നതുകൊണ്ട് ചെയ്തു.

ഇനി അങ്ങ് പറഞ്ഞ 1.5/2.5-ന്റെ ഡോളർ ബോണ്ട്, നമുക്കതും പരീക്ഷിക്കാം. ഒരു സ്രോതസ്സിൽത്തന്നെ നിൽക്കാൻ ഉദ്ദേശിക്കുന്നില്ല. ഡോളർ ബോണ്ടിറക്കാൻ പോകുകയാണ്, ഇറക്കിയാൽ എത്ര കിട്ടുമെന്ന് നോക്കും. ശ്രീ. വി. ഡി. സതീശനോട് സംസാരിച്ച് ആ മാർഗ്ഗം മനസ്സിലാക്കി അത് പ്രാവർത്തികമാക്കാൻ സാധിക്കുമോയെന്ന് നോക്കാം. കേരള സർക്കാർ water metro-ക്കായി എടുത്തത് 2.5 ശതമാനത്തിനാണ്; 1.3 ശതമാനത്തിനല്ല. അതിനോടൊപ്പം 6 ശതമാനമെങ്കിലും Hedge Fund ചേർക്കേണ്ടി വരും. ഡോളർ ബോണ്ടിനെക്കാൾ കൂടുതൽ ചെലവ് വരും. അത് നമുക്ക് പരിശോധിക്കാം.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, മസാല ബോണ്ടിൽ 9.723 ശതമാനം പരിശനിരക്ക് അംഗീകരിക്കുന്നതിനുമുമ്പ് റിസർവ് ബാങ്ക് അവരുടെ പലിശനിരക്ക് കുറയ്ക്കാനുള്ള ചർച്ചകൾ നടത്തുകയാണ്. ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കനുസരിച്ച് റിസർവ് ബാങ്ക് പലിശ നിരക്ക് 7 ശതമാനത്തിന് താഴെ നിശ്ചയിക്കുമെന്നുള്ളതാണ്. അങ്ങനെ വരുമ്പോൾ അധികം നൽകേണ്ട പലിശ അടുത്ത് വരാൻ പോകുന്ന സർക്കാരിന്റെ തലയിൽ കെട്ടിവയ്ക്കുന്നതിന് തുല്യമാണ്. അങ്ങ് ഇത് സംബന്ധിച്ച് റിസർവ് ബാങ്കുമായി ചർച്ച നടത്തിയിരുന്നോ; ചർച്ച നടത്തി അവരുമായൊരു ധാരണയിലെത്താൻ മുമ്പ് ശ്രമിച്ചിരുന്നോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, പലിശ നിരക്ക് കൂടുകയും കുറയുകയും ചെയ്യും. ഇന്ത്യയിലിപ്പോൾ third quarter-ൽ ഗ്രോത്ത് റേറ്റ് 6 ശതമാനത്തിൽ താഴെയാണ്. കഴിഞ്ഞ വർഷത്തെ സാമ്പത്തിക വളർച്ച 7.5 ശതമാനമാകുമെന്ന് പറഞ്ഞിരുന്നെങ്കിലും അത് 7 ശതമാനത്തിന് താഴെയായിരിക്കുമെന്ന് തീരുമാനിക്കപ്പെട്ടിരിക്കുന്നു. വിലക്കയറ്റം അത്ര രൂക്ഷമല്ലാത്ത പശ്ചാത്തലത്തിൽ റിസർവ് ബാങ്ക് പലിശ നിരക്ക് കുറയ്ക്കാൻ സാധ്യതയുണ്ടെന്നാണ് പറഞ്ഞത്. നാളെ പലിശനിരക്ക് കൂടാനും സാധ്യതയുണ്ടാകും. പലിശനിരക്ക് കൂടുകയും കുറയുകയും ചെയ്യും. നമ്മുടെ സംസ്ഥാനം എടുക്കേണ്ടത് അമ്പതിനായിരം കോടി രൂപയാണ്. അതെടുത്ത് നമുക്കാവശ്യമുള്ള കാര്യങ്ങൾ ഇന്ന് ചെയ്യാൻ സാധിക്കും എന്ന ഭാവനയിലേയ്ക്കുപോലും വരാൻ സാധിക്കുന്നില്ല. ആവശ്യമുള്ളത് 50,000 കോടി രൂപയാണെങ്കിലും ഇപ്പോൾ 2000 കോടി രൂപയെടുത്തു. നാളെ ആഭ്യന്തര

മാർക്കറ്റിൽ ഡോളർ റേറ്റ് കുറയുകയാണെങ്കിൽ കൂടുതൽ ഇവിടെ നിന്ന് എടുക്കും. ഇത്തരത്തിൽ diversify ചെയ്തുകൊണ്ട് മാത്രമേ 50,000 കോടി രൂപയുടെ വായ്പാ പദ്ധതി നമുക്ക് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. ടി. തോമസ്: സർ, ഒരു സംസ്ഥാന ഗവൺമെന്റ് ഏതെങ്കിലും വിദേശരാജ്യങ്ങളുമായി കരാറുണ്ടാക്കുകയാണെങ്കിൽ പാർലമെന്റിന്റെ അംഗീകാരം വാങ്ങിയിരിക്കണമെന്ന ഒരു ബിൽ ശ്രീ. എം. എ. ബേബി രാജ്യസഭാംഗമായിരിക്കെ കൊണ്ടുവന്നിരുന്നു. തീർച്ചയായും അത് അദ്ദേഹത്തിന്റെ പാർട്ടിയുടെകൂടി നിലപാടായിരിക്കുമെന്നാണ് ഞാൻ കരുതുന്നത്. അങ്ങനെയൊരു ബിൽ കൊണ്ടുവരികയും പാർട്ടിക്ക് അത്തരം നിലപാടുണ്ടായിരിക്കുകയും ചെയ്യവേ സംസ്ഥാന ഗവൺമെന്റ് വിദേശ രാജ്യത്തെ ഒരു ഏജൻസിയുമായി ഇങ്ങനെയൊരു കരാറുണ്ടാക്കിയത് സംബന്ധിച്ച വിശദീകരണം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം. ഇതുസംബന്ധിച്ച് controversy ഉണ്ടായാൽ ബാധകമാകുന്ന നിയമം ഇന്ത്യയിലേതായിരിക്കുമോ പ്രസ്തുത രാജ്യത്തേതായിരിക്കുമോ? ഉദാഹരണത്തിന് എസ്.എൻ.സി.ലാവ്‌ലിന്റെ കാര്യത്തിൽ എസ്. വരദരാചാരി എഴുതിയ കുറിപ്പിൽ അദ്ദേഹത്തിന്റെ തല പരിശോധിക്കണമെന്ന് അന്നത്തെ മുഖ്യമന്ത്രി എഴുതിയതായി കണ്ടിരുന്നു. അന്നങ്ങനെ ചെയ്തോ ഇല്ലയോ എന്ന് കുറിപ്പ് കാണാത്തതുകൊണ്ട് എനിക്കറിയില്ല. അതിന്റെ പശ്ചാത്തലത്തിൽ എന്താണ് ഇത് സംബന്ധിച്ചുള്ള നിലപാടെന്ന് വ്യക്തമാക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ ഇന്നുതന്നെ എല്ലാ എം.എൽ.എ.-മാർക്കും "ലാവ്‌ലിൻ ഇനി എന്ത്" എന്ന പുസ്തകം എത്തിച്ച് തരാം. ഉത്തരം പറഞ്ഞു കഴിഞ്ഞ ചോദ്യങ്ങൾ പിന്നെയും ആവർത്തിച്ചു കൊണ്ടിരിക്കുന്നത് എല്ലാം മറന്നതുകൊണ്ടാകും. ശ്രീ. പി. ടി. തോമസ് നമ്മുടെ നയങ്ങൾ പഠിക്കുന്നുണ്ട്. അന്തർദ്ദേശീയ കരാറിൽ ഒപ്പുവയ്ക്കുന്നതിന് മുമ്പ് പാർലമെന്റിൽ ചർച്ച ചെയ്യണം. പാർലമെന്റിൽപോലും ചർച്ച ചെയ്യാതെ കരാർ വച്ചിട്ട് അതനുസരിച്ച് നിയമമുണ്ടാക്കാൻ പറയുന്നത് ജനാധിപത്യ വിരുദ്ധമാണെന്നുള്ളതാണ് സി.പി.ഐ. (എം)ന്റെയും മറ്റ് ഇടതുപക്ഷ പാർട്ടികളുടെയും നിലപാട്. പക്ഷേ, ഇവിടെ ഒരു വിദേശ രാജ്യവുമായിട്ടും കരാറുണ്ടാക്കുന്നില്ല. മറിച്ച് വിദേശത്തുനിന്ന് വായ്പയെടുക്കുകയാണ് ചെയ്യുന്നത്. കൊച്ചി മെട്രോ, വിഷാൽ പദ്ധതി, ജപ്പാൻ കുടിവെള്ള പദ്ധതി എന്നിവയ്ക്കെല്ലാം വിദേശ വായ്പയെടുത്തിട്ടുണ്ട്. അതൊന്നും കരാറല്ല. പിന്നെ എങ്ങനെയാണ് ശ്രീ. പി. ടി. തോമസ് ഇത് രണ്ടും ഒന്നായി പറയുന്നത്. അത്തരത്തിലുള്ള പ്രത്യയശാസ്ത്ര പ്രശ്നങ്ങളൊന്നും ഇതിൽ ഉത്ഭവിക്കുന്നില്ലായെന്ന് ഞാൻ വ്യക്തമാക്കുകയാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഇന്നലെയും ഇന്നും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ രാഷ്ട്രീയ കാലാവസ്ഥ മാറുന്നതിന് മുൻപാണ് നമ്മൾ പെട്ടെന്ന് മാർച്ച് 31-നുള്ളിൽ മസാല ബോണ്ട് ഇറക്കിയതെന്ന് പറഞ്ഞു. രാഷ്ട്രീയ കാലാവസ്ഥ മാറുമോയെന്നുള്ള ഭയംകാരണം ശ്രീ. നരേന്ദ്ര മോദിയുടെ വൻ കോർപ്പറേറ്റുകൾക്കനുകൂലമായ നയം മാറി പുതിയ സർക്കാർ വരുമോയെന്നുള്ള ഭയമാണോ എന്നാണ് ചോദിക്കാനുള്ളത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ പ്രശ്നം സഭയിൽ ഞാൻ ചർച്ച ചെയ്യാനുദ്ദേശിക്കുന്നില്ല. നേരിട്ട് സംസാരിച്ചാൽ എന്ത് അന്തർനാടകമാണ് നടക്കുന്നതെന്ന് പറയാം. പതിനഞ്ചാം ധനകാര്യ കമ്മീഷനിലെന്ത്, റിസർവ് ബാങ്കിന്റെ സാധ്യതകളെന്ത് എന്നിവയെല്ലാം മനസ്സിലാക്കി എടുത്തിട്ടുള്ളൊരു നിലപാടാണ്. അതുകൊണ്ട് നിങ്ങളെപ്പോലെ തന്നെ ഞങ്ങൾക്കും ശ്രീ. നരേന്ദ്ര മോദി ഈ രീതിയിൽ അധികാരത്തിൽ വന്നത് വലിയൊരത്ഭുതമാണ്. ഞങ്ങൾക്ക് പ്രത്യേക കാഴ്ചപ്പാടോ ഭയമോ ഉണ്ടായതുകൊണ്ട് ചെയ്തതാണെന്ന് കരുതേണ്ടതില്ല.

ശ്രീ. റോജി എം. ജോൺ: സർ, മസാല ബോണ്ടുകൾക്ക് സംസ്ഥാന സർക്കാർ നൽകിയിരിക്കുന്ന ഗ്യാരന്റി നിയമപരമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; അത് സംബന്ധിച്ച് നിയമ വകുപ്പിൽനിന്ന് എന്തെങ്കിലും ഉപദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ?

ഡോ. ടി. എം. തോമസ് ഐസക്: സർ, നമ്മുടെ നിയമസഭ പാസ്സാക്കിയിട്ടുള്ള ഗ്യാരന്റി ആക്ട് പ്രകാരം രണ്ട് കണ്ടീഷനാണുള്ളത്. സ്വകാര്യ സ്ഥാപനങ്ങൾക്ക് ഗ്യാരന്റി നൽകാൻ കഴിയില്ല. സർക്കാർ സ്ഥാപനം അല്ലെങ്കിൽ സർക്കാർ ഉടമസ്ഥതയിലുള്ള പബ്ലിക് സെക്ടർ സ്ഥാപനങ്ങൾക്കുമാത്രമേ ഗ്യാരന്റി നൽകാൻ കഴിയുകയുള്ളൂ എന്നുള്ളതാണ് ഒന്നാമത്തെ കണ്ടീഷൻ. രണ്ടാമതായി എത്ര ഗ്യാരന്റി കൊടുക്കാമെന്നുള്ളതിന് പരിധി കൽപ്പിച്ചിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തുണ്ടാക്കിയ നിയമത്തിൽ അതിന് കേവല തുകയുടെ പരിധിയാണ് വച്ചിരുന്നത്. സംസ്ഥാന വരുമാനത്തിന്റെ 5 ശതമാനമെന്ന രീതിയിൽ ആ നിയമത്തിൽ ഭേദഗതി വരുത്തി. ഈ രണ്ട് കണ്ടീഷനും പാലിച്ചാൽ ഗ്യാരന്റി കൊടുക്കാമെന്ന് നിയമ വകുപ്പ് കൃത്യമായിത്തന്നെ മറുപടി എഴുതിത്തന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഗ്യാരന്റി കൊടുത്തിട്ടുള്ളത്.

ശ്രീ. എം. വിൻസെന്റ്: സർ, മസാല ബോണ്ടുകളുടെ വിൽപ്പനയിൽ hidden Charges എന്തെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ അത് എത്രയാണ്; സ്റ്റോക്ക്

എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യാൻ നൽകേണ്ടതായിട്ടുള്ള തുകയും വിവിധ കമ്പനികൾക്ക് നൽകേണ്ടതായിട്ടുള്ള തുകയും ഉൾപ്പെടെയുള്ള hidden Charges വ്യക്തമാക്കണം. ഇപ്പോഴുള്ള പലിശ നിരക്കിൽ hidden Charges കൂടി ഉൾപ്പെടുത്തുമ്പോൾ ഉയർന്ന നിരക്കിലേയ്ക്ക് മാറുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, Hidden Charges ഇതിന് മാത്രമല്ല ഞാൻ നേരത്തെ ഉദ്ധരിച്ച എല്ലാ ബോണ്ടുകളുടെ കാര്യത്തിലും ബാധകമാണ്. ലിസ്റ്റ് ചെയ്യുമ്പോൾ അനിവാര്യമായി നമ്മൾ കൊടുക്കേണ്ട ഫീസ്, റേറ്റിംഗ് ഏജൻസി സേവനങ്ങൾക്ക് കൊടുക്കേണ്ട ഫീസ് ഇവയെല്ലാം ഉൾപ്പെടുത്തിയാലും 0.25-ന് അപ്പുറം വരില്ലെന്നതാണ് എന്റെ നിഗമനം.

ശ്രീ. വി. ടി. ബൽറാം: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് hidden charges അല്ലെങ്കിൽ handling charge ആയി 0.25 ശതമാനം വരുമെന്നാണ് . എതാണ്ട് 3,100 കോടിയോളം രൂപയാണ് ഇപ്പോൾ തിരിച്ചടയ്ക്കാനുള്ളത് . ഇനി കൂടുതൽ കടമെടുക്കാനുള്ള സാധ്യത അങ്ങ് തള്ളിക്കളയുന്നുമില്ല. ഇങ്ങനെ വരുമ്പോൾ കോടിക്കണക്കിന് രൂപയുടെ ആനുകൂല്യമാണ് ഇതുമായി ബന്ധപ്പെട്ട ബാങ്കിംഗ് ധനകാര്യ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നത്. ഇതിൽ പ്രധാനമായിട്ടുള്ള പല ഉത്തരവാദിത്വങ്ങളും ചില പ്രത്യേക ബാങ്കുകൾക്ക് നൽകുന്നതായി കാണുന്നു. ഉദാഹരണമായി പ്രിൻസിപ്പൽ പേയിംഗ് ഏജന്റായി നിയമിക്കപ്പെടുന്നത് ഹോങ്കോംഗ് ആസ്ഥാനമായിട്ടുള്ള HSBC (The Hongkong and Shanghai Banking Corporation) ബാങ്കാണ്. ഇവർ തന്നെയാണ് ട്രസ്റ്റിയായും രജിസ്ട്രാർ & ട്രാൻസ്ഫർ ഏജന്റായും വരുന്നത്. ഇത്തരത്തിലുള്ള ബാങ്കുകളെയും ധനകാര്യ സ്ഥാപനങ്ങളെയും തെരഞ്ഞെടുക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള സുതാര്യ നടപടിക്രമങ്ങൾ അവലംബിച്ചിട്ടുണ്ടോ; എങ്ങനെയാണ് ഇത്തരത്തിലുള്ള ബാങ്കിംഗ് സ്ഥാപനങ്ങളെ ഇത്തരം കാര്യങ്ങൾക്കായി നിയോഗിച്ചത്; ഇതുമായി ബന്ധപ്പെട്ട് മറ്റ് സാധ്യതകൾ, മാനദണ്ഡങ്ങൾ എന്നിവകൂടി പരിശോധിക്കപ്പെട്ടിരുന്നോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതിനുള്ള നടപടിക്രമങ്ങൾ കിഫ് ബോർഡ് രൂപം നൽകിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഇവരെ എല്ലാവരെയും സുതാര്യമായിട്ടുള്ള ലേല (Bid) നടപടികളിലൂടെ സേവനങ്ങൾ നൽകുന്നതിന് അവർക്ക് എത്ര ഫീസ് വേണമെന്നതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ വിളിച്ചു. മസാല ബോണ്ടിറക്കി പരിചയമുള്ളവരെ ബിഡ് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനിച്ചിട്ടുള്ളത്. അത് നമ്മൾ ഇവിടെ രൂപീകരിച്ച Fund Trustee and Advisory Commission (FTAC) നുമ്പിൽ വച്ചിട്ടുള്ളതാണ്.

ശ്രീ. പി. സി ജോർജ്: സർ, എനിക്ക് തോന്നുന്ന മസാല ബോണ്ട് എന്ന പേരാണ് കുഴപ്പമെന്ന്. ഈ പേര് കേൾക്കുമ്പോഴേ കുഴപ്പമാണ്. ഒരു കുടുംബത്തിൽ പട്ടിണി മൂത്തുകഴിഞ്ഞാൽ വിശക്കുന്ന മക്കളുടെ കരച്ചിൽ കാണുമ്പോൾ പിതാവ് എവിടെനിന്നും എത്ര രൂപയും കടം വാങ്ങും. കാരണം കുഞ്ഞുങ്ങൾ മരിക്കരുത്. അതുപോലെ കുഞ്ഞുങ്ങൾ കരയുന്ന നിലയിലേയ്ക്ക് കേരളത്തിന്റെ ഗതിയെത്തിയെന്ന കാഴ്ചപ്പാട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്കുണ്ടോ; ഇല്ലെങ്കിൽ ഇത്രമാത്രം വലിയ പലിശ നൽകി ഈ പണം വാങ്ങേണ്ട കാര്യമുണ്ടോ; ഞാൻ വായിച്ചിട്ടുള്ള അങ്ങയുടെ ലേഖനങ്ങളിൽ '3 ശതമാനം വരെ പലിശയ്ക്ക് പണം കിട്ടാനുണ്ടെന്ന് പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. ഒന്നര ശതമാനം എന്ന് പറയുന്നത് വേറെയാണ്. ആ നിലയ്ക്ക് ഇതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ലെന്നാണോ അങ്ങ് പറയുന്നത്? ഒരു മാർഗ്ഗവും ഇല്ലെന്നാണെങ്കിൽ ഞാൻ സപ്പോർട്ട് ചെയ്യാൻ തയ്യാറാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ആദ്യം തീരുമാനിക്കാനുള്ളത് ബജറ്റിലൂടെ ചെയ്യാൻ കഴിയുന്നതുപോലെ എല്ലാ വർഷവും 5000/6000 കോടി രൂപ നിർമ്മാണ പ്രവൃത്തികൾക്ക് മുടക്കി വരവും ചെലവും ഒപ്പിച്ച് കാലക്ഷേപം ചെയ്താൽ മതിയോ ഇല്ലയോ എന്നുള്ളതാണ്. അത് നിങ്ങൾ തീരുമാനിക്കേണ്ടതാണ്. നമുക്ക് വികസനത്തിനായി വലിയൊരു കുതിപ്പ് വേണം, പശ്ചാത്തല സൗകര്യങ്ങളും വേണം. ഒരു നിർമ്മാണ പ്രവൃത്തിപോലും അനാവശ്യമാണെന്ന് ഈ സഭയിൽ പറഞ്ഞിട്ടില്ല. ഈ പ്രവൃത്തികളെല്ലാം ഇനിയും വേണമെന്നല്ലാതെ വേണ്ടെന്ന് പറഞ്ഞിട്ടില്ല. ഇതെല്ലാം ആവശ്യമുള്ളതാണ്. ഇത് ഇന്നുണ്ടായിക്കഴിഞ്ഞാൽ നാടിന് ഗുണമാണ്. അപ്പോൾ ഇന്നത്തെ സാഹചര്യമെന്താണ്; ഗൾഫ് പണവരുമാനം ഇടിയുന്നതിന്റെ ഫലമായി വലിയൊരു സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് സംസ്ഥാനം നീങ്ങി കൊണ്ടിരിക്കുകയാണെന്ന് ഇന്നലെ പറഞ്ഞു. റിസെഷൻ അതായത് റീജിയണൽ റിസെഷൻ സംഭവിച്ചു കൊണ്ടിരിക്കുകയാണ്. നമ്മൾ ഇങ്ങനെ മുടക്കുന്നതുകൊണ്ട് നമുക്ക് പശ്ചാത്തല സൗകര്യം തരുമെന്ന് മാത്രമല്ല നമ്മുടെ സമ്പദ്ഘടന ഇങ്ങനെയൊരു തകർച്ചയിലേയ്ക്ക് നീങ്ങുന്നതിനുള്ള പ്രതിരോധമായി മാറുകയുമാണ്. അതാണ് ഈ സംരംഭത്തിന്റെ ആവശ്യകത. നമ്മൾ പേടിച്ച് കൈ കെട്ടിയിരുന്നിട്ട് കാര്യമില്ല. John Maynard Keynes പറയുന്നത്, നോട്ട് അച്ചടിച്ച് കുഴികുഴിച്ച് കുഴിച്ചുമൂടിയാലും കുഴപ്പമില്ല, pumping the money എന്നാണ്. നമുക്ക് അങ്ങനെ നോട്ട് പ്രിന്റ് ചെയ്യാനും ഇഷ്ടാനുസരണം വായ്പയെടുക്കാനും കഴിയുകയില്ല. കാരണം, നമ്മൾ ഒരു സംസ്ഥാനം മാത്രമാണ്. അപ്പോൾ സംസ്ഥാനത്തിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഒരു വമ്പൻ സ്റ്റിമുലസ് പാക്കേജ് നടപ്പാക്കുകയാണ്. Khaleej Times-ന്റെ എഡിറ്റോറിയൽ ബോർഡുമായിട്ടുള്ള ഇന്റർവ്യൂ ഡിസ്കഷനിൽ ഗൾഫ് പണവരുമാനം കുറയുന്നതിന്റെയും അതിന്റെ

പ്രത്യാഘാതങ്ങളെക്കുറിച്ചും ഞാൻ പറയുകയുണ്ടായി. കെയിനീഷ്യൻ (Keynesian) പാക്കേജിനെക്കുറിച്ച് പറഞ്ഞപ്പോൾ യഥാർത്ഥത്തിൽ ഇതിന്റെ സാധ്യതയെക്കുറിച്ച് ഇങ്ങനെയൊരു ഏർപ്പാട് ചെയ്യാൻ സാധിക്കുമോയെന്നത് ആളുകൾ വിസ്മയത്തോടെയാണ് കേട്ടിരുന്നത്. അതുകൊണ്ട് ഞാൻ പറയുന്നു ഇതല്ലാതെ കേരളത്തിന്റെ മുമ്പിൽ മറ്റൊരു മാർഗ്ഗവുമില്ല, നമ്മൾ മാറി നിന്നുകഴിഞ്ഞാൽ നമ്മുടെ ബസ് പോകും.

മി. സ്പീക്കർ: കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപ്പെട്ട് ഡിബേറ്റിൽ ധാരാളം സമയം നമ്മൾ ചെലവഴിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഏറെക്കുറെ വ്യക്തത വരുത്തുന്ന നിലയിൽ ദീർഘമായി ബഹുമാനപ്പെട്ട മന്ത്രി അതിലിടപെടുകയും ചെയ്തു. അതിന് ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു.

## പട്ടുവസ്ത്രനിർമ്മാണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

4 (*32) ശ്രീമതി ഗീതാ ഗോപി:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടുവസ്ത്ര നിർമ്മാണത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പട്ടുനൂൽ വസ്ത്രനിർമ്മാണത്തിനായി 2015-ൽ കേന്ദ്രാനുമതി ലഭ്യമായ പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് നേരിടുന്ന തടസ്സം എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) ലക്ഷങ്ങൾക്ക് തൊഴിൽ നൽകാൻ സഹായകമായ ഈ പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, (എ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ പൂഴിക്കുന്ന്, ബാലരാമപുരം, പാലക്കാട് ജില്ലയിൽ ചിതലി, കണ്ണൂർ ജില്ലയിൽ കണ്ടോത്ത് എന്നിവിടങ്ങളിൽ സിൽക്ക് നെയ്ത്ത് നടന്നുവരുന്നു. 2019-20 വർഷത്തെ സംസ്ഥാന ബജറ്റിൽ 50 ലക്ഷം രൂപ പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ചിട്ടുണ്ട്.

(ബി & സി) 5-8-2015-ലെ G.O./MSNo.109/15/ID ഉത്തരവ് പ്രകാരം സെറിഫെഡ്ഡിന്റെ പുനരുദ്ധാരണത്തിനായി സംസ്ഥാന സർക്കാർ അനുമതി നൽകിയിരുന്നു. സെറിഫെഡ്ഡിന്റെ പട്ടുവ്യവസായ പുനഃസംഘടനാ പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളെല്ലാം ചർച്ച ചെയ്യുന്നതിനായി 16-5-2017-ന് ഒരു യോഗം വിളിച്ചിരുന്നു. കേന്ദ്ര സർക്കാർ അനുവദിക്കുന്ന സഹായധനം നഷ്ടപ്പെട്ടുപോകാതിരിക്കാനും പരമാവധി ഉപയോഗപ്പെടുത്താനും അതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കാനും കേരള ഗവൺമെന്റ് സന്നദ്ധമായിരുന്നു. കേന്ദ്രസഹായം ലഭ്യമാക്കി പട്ടുവ്യവസായ വികസന പരിപാടി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും പൊതുവേ ആലോചിച്ച് തീരുമാനിക്കുകയുണ്ടായി. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സെറിഫെഡ്ഡിന്റെ പട്ടുവ്യവസായ പുനഃസംഘടനാ പരിപാടി നടപ്പിലാക്കുന്നത് സംബന്ധിച്ച ഉത്തരവുപ്രകാരം ചീഫ് സെക്രട്ടറി 5-7-2017-ന് ഒരു അവലോകനയോഗം വിളിച്ചിരുന്നു. പട്ടുനൂൽ നെയ്ത്ത് വ്യവസായത്തിനുവേണ്ട കൊക്കൂൺ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ കേരളത്തിൽ ലഭ്യമല്ലെന്നും കർണ്ണാടകയിൽനിന്നും വേണ്ടത്ര കൊക്കൂൺ വാങ്ങി സംസ്കരിച്ച് അവിടെയാണ് അതിന്റെ മാർക്കറ്റ് എന്നുള്ളതുകൊണ്ട് അവിടെത്തന്നെ വിൽക്കാനും പട്ടുവസ്ത്രങ്ങളുടെ മാർക്കറ്റ് കണക്കിലെടുത്ത് പട്ടുസാരി നെയ്ത്തിനായി പോസ്റ്റ് റീലിംഗ് ആക്ടിവിറ്റീസ് മുഴുവനായും സംസ്ഥാനത്തുതന്നെ നടത്താൻ നടപടി സ്വീകരിക്കുമെന്നും ചീഫ് സെക്രട്ടറി നടത്തിയ അവലോകന യോഗത്തിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഗവൺമെന്റിന്റെ മുമ്പാകെ സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിൽ ഇതൊന്നും പ്രതിപാദിച്ചിരുന്നില്ല. ഒരു തീരുമാനമെടുക്കുന്നതിനുമുമ്പ് കേരളത്തിൽ പട്ടുവ്യവസായത്തിന്റെ സാധ്യത, പട്ടുനൂൽ ഉപയോഗിച്ചുകൊണ്ട് വസ്ത്രം നെയ്യുന്നതിനുള്ള സാധ്യത, സംസ്ഥാനത്തെ പട്ടുനൂൽ വ്യവസായത്തിന്റെ സാധ്യത എന്നിവ സംബന്ധിച്ച ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കാൻ കേന്ദ്ര സിൽക്ക് ബോർഡുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സിൽക്ക് ബോർഡിന്റെ പ്രതിനിധി, സെറിഫെഡ്ഡിന്റെ പ്രതിനിധി, ഹാന്റ്ലൂം & ടെക്സ്റ്റൈൽസ് ഡയറക്ടർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റി ഇതുസംബന്ധിച്ച വിശദമായ പഠനം നടത്തി റിപ്പോർട്ട് നൽകണമെന്നാണ് തീരുമാനിച്ചിരുന്നതെങ്കിലും അത്തരമൊരു റിപ്പോർട്ട് ഇതുവരെ സർക്കാരിന് ലഭ്യമായിട്ടില്ല.

(ഡി) പുതുക്കിയ പ്രോജക്ട് റിപ്പോർട്ടും അപ്രകാരമുള്ള കേന്ദ്രബോർഡിൽ നിന്നുള്ള ഫണ്ടും സർക്കാരിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് മറ്റുനടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, കഴിഞ്ഞ മാർച്ച് മാസം 30-ാം തീയതിയിലെ മാതൃഭൂമി ദിനപ്പത്രത്തിൽ '10 ലക്ഷം പേർക്ക് തൊഴിൽ, പട്ടിന്റെ സ്വന്തം നാടാകാൻ കേരളം' എന്ന തലക്കെട്ടിൽ ഒരു വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. കേരളത്തിൽ നല്ല പട്ട് ഉല്പാദിപ്പിച്ച് തുടങ്ങിയാൽ വ്യാജ പട്ട് ഇറക്കുമതിയിലൂടെ കോടിക്കണക്കിന് രൂപ കവരുന്നത് തടയാൻ കഴിയും. ബഹുമാനപ്പെട്ട മന്ത്രി അവസാനമായി പറഞ്ഞത് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേന്ദ്ര സിൽക്ക് ബോർഡ് പ്രതിനിധി, സെറിഫെഡ് പ്രതിനിധി, ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടർ എന്നിവരെ ഉൾപ്പെടുത്തി മൂന്നംഗ സമിതിയെ നിയോഗിച്ചിരുന്നുവെങ്കിലും മേൽ റിപ്പോർട്ട് സർക്കാരിന് ഇതുവരെ ലഭ്യമായിട്ടില്ല എന്നാണ്. കഴിഞ്ഞ മാസം ടെക്സ്റ്റൈൽസ് മന്ത്രാലയം ഡൽഹിയിൽ സംഘടിപ്പിച്ച ദേശീയ സെമിനാറിൽ സെറിഫെഡ്ഡിന്റെ വൈസ് ചെയർമാൻ ശ്രീ. എസ്. മോഹനൻ അവതരിപ്പിച്ചതും കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന്റെ ശ്രദ്ധയിൽകൊണ്ടുവന്നതുമായ പദ്ധതി അംഗീകരിക്കുന്ന റിപ്പോർട്ടിനെ സംബന്ധിച്ചാണ് മാതൃഭൂമി പത്രത്തിൽ വാർത്ത വന്നത്. കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന്റെ മുന്നിൽ കേരളത്തിന്റെ സെറിഫെഡ് വൈസ് ചെയർമാൻ അവതരിപ്പിച്ച റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രി അതിവേഗം പരിശോധിച്ച് ഈ പദ്ധതി വളരെ ക്രിയാത്മകമായി കൊണ്ടുവരികയാണെങ്കിൽ മൾബറി കൃഷി വ്യാപനത്തിലൂടെ വൻതോതിൽ പട്ടുനൂൽ പുഴുക്കൾ ഉൽപ്പാദിപ്പിച്ചും കൈത്തറിശാലകളിൽ മുന്തിയ തരം പട്ടുവസ്ത്രങ്ങൾ നിർമ്മിച്ചും കേരളത്തെ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കും. അതിവേഗത്തിൽ അങ്ങയുടെ വകുപ്പ് ഇടപെട്ട് ഈ പദ്ധതി സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തണം. കേന്ദ്ര മന്ത്രാലയത്തിന്റെ ഫണ്ട് ലഭിക്കാത്തത് കേന്ദ്ര സർക്കാരിന്റെ അനാസ്ഥമൂലമാണെന്നാണ് പത്രത്തിൽ വന്നിട്ടുള്ളത്. 3.41 കോടി രൂപയാണ് സംസ്ഥാന സർക്കാർ കൊടുക്കേണ്ടതെന്ന് പത്രത്തിൽ പറയുന്നു. അത് ശരിയാണോ എന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, പട്ടുനൂൽ ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു സംരംഭമെന്ന നിലയിൽ 1994-ലാണ് കേരളത്തിൽ കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ചത്. അത് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും രൂപീകരിക്കാനും അതിനുപരിയായി ബ്ലോക്ക്/താലൂക്ക് അടിസ്ഥാനത്തിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കാനും അതിനുവേണ്ടി ഒരു അപ്പെക്സ് സൊസൈറ്റി രൂപീകരിക്കാനും തീരുമാനിച്ചു. അതിന്റെ നടപടികൾ ബഹുദൂരം മുന്നോട്ടുപോകുകയും ചെയ്തു. പട്ടുനൂൽ ഉല്പാദിപ്പിക്കുന്നത് കൊക്കൂണിൽ നിന്നാണ്. കൊക്കൂൺ ശേഖരിക്കണമെങ്കിൽ മൾബറി ചെടിയുടെ കൃഷിയാണാവശ്യം. ശ്രീ. എസ്. മോഹനൻ എന്തടിസ്ഥാനത്തിലാണ് കാര്യങ്ങൾ അവതരിപ്പിച്ചതെന്ന് എനിക്കറിയില്ല. നേരത്തെ തയ്യാറാക്കിയ റിപ്പോർട്ടിൽ 20,000 ഹെക്ടർ സ്ഥലത്ത് മൾബറി കൃഷി

നടത്തുക, അതിൽനിന്നും 20,000 തറികൾ പ്രവർത്തിപ്പിക്കുക അതിലൂടെ 10 ലക്ഷം ആളുകൾക്ക് തൊഴിൽ കൊടുക്കുക എന്നുള്ളതായിരുന്നു പ്രോജക്ട്. പക്ഷേ, മൾബറി കൃഷിക്ക് 20000 ഹെക്ടർ ഭൂമി ലഭ്യമാക്കാൻ സാധിക്കുമോ? മൾബറി കൃഷി ചെയ്ത് പുഴുക്കൾക്ക് ആഹാരം കൊടുത്ത് അതിൽനിന്ന് കൊക്കൂൺ ശേഖരിച്ച് അത് പ്രോസസ്സ് ചെയ്ത് സിൽക്ക് നൂലാക്കി നെയ്യുന്നതാണ് പട്ടുനെയ്ത്ത് എന്ന് പറയുന്നത്. എന്നാൽ കേരളത്തിൽ പാലക്കാട്, ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ മാത്രമേ മൾബറി കൃഷിക്ക് ചെറിയ സാധ്യതയുള്ള കാലാവസ്ഥയുള്ളൂ. അതും ചെറിയ തോതിലാണ്. അതുകൊണ്ട് മൾബറി കൃഷിക്കുള്ളസാധ്യത കുറയുകയും കൊക്കൂൺ വളർത്താതെയുമായി. അങ്ങനെ ആ സ്ഥാപനം 2010 ആയപ്പോഴേക്കും ഏതാണ്ട് പൂർണ്ണമായും നിലയ്ക്കുകയും ചെയ്തു. കുറേ ഫണ്ട് അലോട്ട്മെന്റ് ഉണ്ടായിരുന്നു. അതുപയോഗിച്ച് ശമ്പളം കൊടുക്കേണ്ടതായി വന്നു. അങ്ങനെ ഇതുസംബന്ധിച്ച് ആലോചിച്ചതിന്റെ അടിസ്ഥാനത്തിൽ 2015-ലാണ് ആ സൊസൈറ്റികളെയെല്ലാം ലിക്വിഡേറ്റ് ചെയ്യാൻ തീരുമാനിച്ചത്. ഖാദി-ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലാണ് ഈ സ്ഥാപനം. അതിന്റെ സെക്രട്ടറിയാണ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ രജിസ്ട്രാർ. അദ്ദേഹം അന്നത്തെ ഗവൺമെന്റിന്റെ തീരുമാനപ്രകാരം സൊസൈറ്റികൾ ലിക്വിഡേറ്റ് ചെയ്യാൻ തീരുമാനിക്കുകയും അതിലുണ്ടായിരുന്ന ജീവനക്കാരെ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കും റൂറൽ ഡെവലപ്മെന്റ് ബോർഡിലേക്കും അക്കോമഡേറ്റ് ചെയ്യാനുള്ള നിർദ്ദേശം നൽകുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ രണ്ട് സൊസൈറ്റികൾ ഹൈക്കോടതിയിൽ ലിക്വിഡേഷന് എതിരായി കേസ് ഫയൽ ചെയ്യുകയും കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അത് സ്റ്റേ ചെയ്യുകയും ചെയ്തു. ഒരു പുനരുജ്ജീവനം കൊടുക്കാൻ ഏതെങ്കിലും തരത്തിൽ സാധിക്കുമോയെന്നും വിശാലമായ മേഖലയിൽ പട്ടുനൂൽ വ്യവസായം വളർത്തിക്കൊണ്ട് പോകാൻ സാധിക്കുമോയെന്നും പരിശോധിക്കാനാണ് സിൽക്ക് ബോർഡിനെയും സെറിഫെഡ്ഡിനെയും വ്യവസായ വകുപ്പിനെയും ചുമതലപ്പെടുത്തി പഠനം നടത്തിയത്. അവരുടെ റിപ്പോർട്ടും ഇതുവരെ ലഭ്യമായിട്ടില്ല. കേരളത്തിൽ കൊക്കൂൺ വളർത്താനുള്ള കാലാവസ്ഥയല്ല. മറ്റൊന്ന് കൊക്കൂണിൽ നിന്ന് സിൽക്ക് നൂൽ ഉല്പാദിപ്പിച്ചാൽ ഒരു കിലോ സിൽക്ക് നൂലിന് 3,000 രൂപ വില വരും. ഒരു കിലോ സിൽക്ക് നൂൽ ഉല്പാദിപ്പിക്കാൻ ഏഴ് കിലോ കൊക്കൂൺ വേണം. ഏതാണ്ട് 450 രൂപയാണ് ഒരു കിലോ കൊക്കൂണിന്റെ വില. പത്ത് കിലോ നൂലിന് 3,000 രൂപയാണ് മാർക്കറ്റ് വില. പക്ഷേ, കൊക്കൂൺ ഉപയോഗിച്ചാണെങ്കിൽ അതിന്റെ വില മാത്രം 3,150 രൂപയാകും. അത്രയും വില പ്രോസസ്സിംഗിനും വേണ്ടിവരും. അങ്ങനെ വരുമ്പോൾ സിൽക്ക് സാരിക്ക് 6,000 രൂപയ്ക്ക് മുകളിൽ വില വരും. മാർക്കറ്റിൽ ചെലവാകില്ല. അങ്ങനെ മാർക്കറ്റ് ഇല്ലാതായി. ഇങ്ങനെ വ്യത്യസ്ത കാരണങ്ങളാലാണ് പട്ടുനെയ്ത്ത് വ്യവസായം

പ്രതിസന്ധി നേരിട്ടത്. അത് പരിശോധിച്ചാണ് ഇത്തരത്തിലുള്ള നിലപാട് സ്വീകരിച്ചിട്ടുള്ളത്. ഖാദി ബോർഡിനെ ഉപയോഗപ്പെടുത്തി വിശദമായ പഠനം നടത്തി ഇനിയും സാധ്യതകളുണ്ടോ എന്ന് പരിശോധിക്കും. കാസർഗോഡ് സിൽക്ക് നെയ്ത്ത് മേഖലയിൽ ആകെ 48 പേരാണ് ജോലി ചെയ്യുന്നത്. ജോലി ചെയ്യാതെ അവർക്ക് ഗവൺമെന്റ് കുറേക്കാലം ശമ്പളം നൽകി. ഇപ്പോൾ അവർക്ക് മറ്റുചില ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട്. ഇനിയും എന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. 48 പേരിൽ ഇപ്പോൾ 42 പേർ മാത്രമേയുള്ളൂ; ബാക്കിയുള്ളവർ മരിച്ചുപോയി. തീർച്ചയായും സാധ്യതകളുണ്ടെങ്കിൽ വ്യവസായ വകുപ്പ് പട്ടുവ്യവസായ രംഗത്തിന് പുനരുജ്ജീവനം കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും.

ശ്രീമതി ഗീതാ ഗോപി: സർ, കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകി ഈ പദ്ധതികൾക്ക് പുനരുജ്ജീവനം നൽകാൻ കഴിയുമോ? എന്റെ മണ്ഡലത്തിൽ അവിണിശ്ശേരി മേഖലയിൽ രണ്ട് കൈത്തറി സ്ഥാപനങ്ങൾ അടഞ്ഞുകിടക്കുന്നു. ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് ഈ പ്രോജക്ട് അനിവാര്യമായി വരുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞങ്ങൾ കൈത്തറി രംഗം ഉപയോഗപ്പെടുത്താൻ സാധിക്കുമോ എന്ന് പരിശോധിച്ചതാണ്. പ്രത്യേകിച്ച് കേരളത്തിലെ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം ഖാദിയെ കൈത്തറിയുമായി ബന്ധപ്പെടുത്തി കൊടുക്കാൻ സാധിക്കുമോയെന്ന് പരിശോധിച്ചു. അതിന്റെ ഭാഗമായി മൾബറി കൃഷിയെ അടിസ്ഥാനപ്പെടുത്തി സംഘം രൂപീകരിച്ച് സിൽക്ക് നെയ്ത്ത് ചെയ്തുകൊണ്ടിരിക്കുന്ന 42 തൊഴിലാളികളെ ഈ മേഖലയിൽ അഡ്ജസ്റ്റ് ചെയ്യാൻ സാധിക്കുമോ എന്ന് പരിശോധിച്ചപ്പോൾ അവർക്ക് ഈ ജോലി ചെയ്യാൻ സാധിക്കില്ലെന്നും സിൽക്ക് നെയ്ത്തിനുമാത്രമേ കഴിയുകയുള്ളൂവെന്നും മനസ്സിലായി. ആയതിനാൽ കൈത്തറിയുമായി ബന്ധപ്പെട്ട പുനർവിന്യാസത്തിനുള്ള സാധ്യത വളരെ കുറവാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് വളരെ വിശദമായി ബഹുമാന്യനായ മന്ത്രി മറുപടി പറഞ്ഞിരിക്കുകയാണ്. സംസ്ഥാനത്ത് വ്യാജപട്ട് ധാരാളം ഇറക്കുമതി ചെയ്യുന്നു. സ്വാഭാവികമായും നമ്മുടെ നാട്ടിൽനിന്നും പട്ട് സാരി വാങ്ങാനായി തമിഴ്നാട്ടിലാണ് പലരും പോകുന്നത്. ഈ സാധ്യത കൂടുതൽ മനസ്സിലാക്കി പ്രയോജനപ്പെടുത്താൻ അങ്ങ് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് വളരെവേഗം സമർപ്പിക്കാനുള്ള സംവിധാനമുണ്ടാക്കുമോ; അതിനുവേണ്ടി പുതിയ പദ്ധതി നടപ്പിലാക്കാൻ പരിശ്രമിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇക്കാര്യം ശരിയാണ്. കേരളത്തിൽ സിൽക്ക് സാരി മാർക്കറ്റിൽ വിറ്റഴിക്കപ്പെടുന്നുണ്ട്. ഖാദി സ്ഥാപനങ്ങളിൽ ഒരു വർഷം ഏതാണ്ട് 150 കോടിയിൽപ്പരം രൂപയുടെ സിൽക്ക് ഉൽപ്പന്നങ്ങൾ വിൽക്കുന്നുണ്ട്. പക്ഷേ, ഈ സാരികളിൽ മഹാ ഭൂരിപക്ഷവും തമിഴ്നാട്, പശ്ചിമബംഗാൾ തുടങ്ങിയ ഇതര സംസ്ഥാനങ്ങളിൽനിന്നും വാങ്ങിക്കൊണ്ടുവന്ന് വിൽക്കുന്നവയാണ്. ഇവിടത്തെ തൊഴിലാളികൾ താരതമ്യേന ഖാദിയിൽ ഉൽപ്പാദിപ്പിക്കുന്നത് വളരെ കുറവാണ്. ഇങ്ങനെ വരുന്നതിൽ ചില തെറ്റായ നടപടിക്രമങ്ങളുമുണ്ട്. അത് തടയാൻ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഖാദിയുടെ പേരിൽ ഇതര സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവന്ന് വിൽപ്പന നടത്തി അതിന്റെ പേരിൽ റിബേറ്റ് ആനുകൂല്യങ്ങൾ നേടിയെടുക്കുന്ന സമീപനത്തെ ഗവൺമെന്റ് ഇടപെട്ട് കർശനമായും നിയന്ത്രിച്ചുകൊണ്ടിരിക്കുകയാണ്. ഇതരസംസ്ഥാനങ്ങളിലുള്ള നെയ്ത്ത് തൊഴിലാളികൾ പ്രത്യേകിച്ച് ഖാദി സിൽക്ക് നെയ്യുന്ന തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന തുണി വാങ്ങി കേരളത്തിൽ വിൽപ്പന നടത്തുന്നത് അവിടെയുള്ള തൊഴിലാളികൾക്ക് സഹായകരമായിരിക്കും. അത്തരം ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ ഇന്നത്തെ നിലയിൽ മൾബറി കൃഷിയിലൂടെയോ കൊക്കൂൺ ഉപയോഗിച്ചുകൊണ്ടോ സാധിക്കുകയില്ല. ഇതിനൊരു മാർക്കറ്റ് ഉള്ളതുകൊണ്ട് അത് ഉപയോഗപ്പെടുത്തി ഖാദി വ്യവസായത്തെയും വിപണനത്തെയും എങ്ങനെ ശക്തിപ്പെടുത്താൻ സാധിക്കുമെന്നുള്ളത് വിശദമായി ചർച്ച ചെയ്യുകയാണ്. ഇതുസംബന്ധിച്ച് വിശദമായി പരിശോധിക്കുന്നതിന് വാണിജ്യമിഷനോട് (സംസ്ഥാനത്ത് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ ആഗോള മാർക്കറ്റിലെത്തിക്കുന്നതിന് രൂപീകരിച്ചത്) റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, വളരെ വിശദമായ മറുപടിയാണ് അങ്ങ് ഈ മേഖലയെ സംബന്ധിച്ച് പറഞ്ഞത്. സെറിഫെഡ്ഡിന്റെയും ഖാദി ബോർഡിന്റെയും പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ടാണ് ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നത്. സെറിഫെഡ് ലിക്വിഡേഷന്റെ വക്കിലാണ്. ഉദുമയിലും പട്ടണക്കാടും പ്രവർത്തിച്ചുകൊണ്ടിരുന്ന യൂണിറ്റുകൾ ഇപ്പോൾ നിശ്ചലാവസ്ഥയിലാണ്. അവിടത്തെ ഉപകരണങ്ങൾ തുരുമ്പിക്കുകയാണ്. പട്ടുനൂലിന് മാർക്കറ്റുണ്ട് എന്നുള്ളതിൽ യാതൊരു സംശയവുമില്ല. 150 കോടിയിൽപ്പരം രൂപയുടെ സിൽക്ക് ഉൽപ്പന്നങ്ങൾ ഖാദി ബോർഡ് വിൽക്കുമ്പോൾ ഏതാണ്ട് 4000 കോടി രൂപയുടെ മാർക്കറ്റാണ് കേരളത്തിൽ പട്ടുനൂൽ വ്യവസായവുമായി ബന്ധപ്പെട്ട് വിഭാവന ചെയ്യുന്നത്. ആലപ്പുഴയിലെ പട്ടണക്കാട് മൾബറി കൃഷി ഉണ്ടായിരുന്ന സ്ഥലമാണ്, ആലപ്പുഴയുടെ ഉപ്പുരസമുള്ള കാറ്റ് ആ കൃഷിയെ ദോഷകരമായി

ബാധിക്കുന്നു, നൂൽ പൊട്ടിപ്പോകുന്നുവെന്ന് പറയുന്ന സാങ്കേതിക അഭിപ്രായങ്ങളുമുണ്ട്. ആ മാർക്കറ്റിന്റെ സാധ്യത പ്രയോജനപ്പെടുത്താൻ, ഇവിടെ സൂചിപ്പിച്ച എല്ലാ സാഹചര്യങ്ങളും ബോധ്യപ്പെട്ടും ഇത്തരം സാധ്യതകളെല്ലാം നല്ലതുപോലെ പഠിച്ചുകൊണ്ടുമായിരിക്കണം റിപ്പോർട്ട് തയ്യാറാക്കേണ്ടത്. കേരളത്തിന്റെ കാലാവസ്ഥയും ഹൈറേഞ്ച് മേഖലയിൽ ഈ കൃഷിയുടെ സാധ്യത, പരിമിതികൾ എന്നിവയും വിശദമായി പരിശോധിച്ച് സമഗ്ര റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കി പട്ടുനൂൽ വ്യവസായം പ്രോത്സാഹിപ്പിക്കാനും തൊഴിൽ സാധ്യത മുതലെടുക്കാനും കഴിയുന്ന രീതിയിലുള്ള ഒരു പ്രവർത്തനം അടിയന്തരമായി നടത്താൻ സാധിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, പട്ടണക്കാട്, ഉദുമ എന്നിവിടങ്ങളിൽ റീലിംഗ് യൂണിറ്റാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മറ്റ് രണ്ട് യൂണിറ്റുകളിൽ ഒന്ന് എറണാകുളത്തും മറ്റൊന്ന് മലപ്പുറത്തുമാണ്. ഈ യൂണിറ്റുകളൊന്നും നിലവിൽ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. സിൽക്ക് നെയ്ത്തിന് കുറച്ച് തൊഴിലാളികളുണ്ട്. എന്നാൽ, സംസ്ഥാനത്ത് സിൽക്ക് നൂൽ ഉല്പാദിപ്പിക്കാൻ ഭൂമിശാസ്ത്രപരവും കാലാവസ്ഥാപരവുമായ സാധ്യതയോ സ്ഥിതിഗതികളോ ഇല്ല. അതുകൊണ്ട് സിൽക്ക് നെയ്ത്തിൽ കേരളത്തിന് എത്രമാത്രം ഇടപെടാൻ കഴിയുമെന്നുള്ള കാര്യമാണ് പരിശോധിക്കേണ്ടത്. മറ്റൊന്ന്, നെയ്ത്തുരംഗത്ത് തൊഴിലാളികളുടെ കഠിനാദ്ധ്വാനത്തിനനുസരിച്ച് വേതനം ലഭിക്കുന്നില്ല എന്നുള്ളതുകൊണ്ട് ഇവിടെനിന്നും പരിശീലകരായ തൊഴിലാളികളെ ലഭിക്കുന്നില്ല. സിൽക്ക് നെയ്ത്തിൽ പണിയെടുക്കുന്നത് കൂടുതലും ഇപ്പോൾ സ്ത്രീകളാണ്. അതാണ് നമ്മുടെ ഇന്നത്തെ പട്ടുനെയ്ത്ത് വ്യവസായത്തിന്റെ അവസ്ഥ. തൊഴിലാളികളെ ലഭിക്കുമെങ്കിൽ അവർക്ക് Indian Institutes of Handloom Technology (IIHT) -യിൽനിന്ന് പരിശീലനം നൽകാനും ഒപ്പം തൊഴിൽ നൽകാനുള്ള സംരംഭം ഏർപ്പെടുത്താൻ കഴിയുമോയെന്നും പരിശോധിച്ചിട്ടുള്ളതാണ്. പക്ഷേ, ഇതിന്റെ സാധ്യതകൾ വളരെ വിരളമാണ്. ആധുനിക കാലഘട്ടത്തിലെ ശാസ്ത്ര-സാങ്കേതികരംഗം അതിവേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുമ്പോൾ ഇത്തരത്തിലുള്ള പരമ്പരാഗതമായ രീതികളും സമ്പ്രദായങ്ങളും വളരെ വേഗം ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. മാർക്കറ്റിൽ മത്സരിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാകുന്നു. ഇത് കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ നേരിട്ടു കൊണ്ടിരിക്കുന്ന ഒരു പൊതുപ്രശ്നം കൂടിയാണ്.

ശ്രീ. കെ. രാജൻ: സർ, സെറികൾച്ചർ ഫാർമേഴ്സും ഈ ഇൻഡസ്ട്രിയും നേരിടുന്ന പൊതുവായ പ്രശ്നങ്ങളെ സംബന്ധിച്ച് വളരെ വിശാലമായ കാഴ്ചപ്പാടും മറുപടിയുമാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഏറ്റവും ചെറിയ വിഭാഗംപോലും

പങ്കാളിയാകുന്ന ഒരു പരമ്പരാഗത വ്യവസായത്തിൽ സർക്കാർ സ്വീകരിക്കുന്ന മുൻകരുതൽ വളരെ ഗൗരവമായി കാണാൻ ഈ മറുപടിയിൽ സാധിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡുമായി ക്ലബ്ബുചെയ്ത് ഈ വ്യവസായത്തിന്റെ പൊതു പുരോഗതി മുന്നോട്ടുകൊണ്ടുപോകാൻ സർക്കാർ തീരുമാനിച്ചത് വളരെ ശ്ലാഘനീയമാണ്. പരമ്പരാഗത വ്യവസായ മേഖലയെന്ന നിലയിൽ കൈത്തറി രംഗത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന കാലത്ത് വലിയ പ്രതിസന്ധിയാണ് അഭിമുഖീകരിച്ചുകൊണ്ടിരുന്നത്. കൈത്തറി വ്യവസായത്തെ രക്ഷപ്പെടുത്താൻ കേരളത്തിലെ വിവിധ മേഖലകളിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം ചെയ്തുകൊണ്ട് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുവേണ്ടിയുള്ള വൻ മുന്നേറ്റം കേരള സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. എത്ര ലക്ഷം കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്; അതുമൂലം എത്ര തൊഴിലാളികൾക്ക് പുതുതായി തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്; ആ സാധ്യത ഉപയോഗപ്പെടുത്തി ഈ മേഖലയിലെ ആളുകളെ പങ്കാളികളാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും എന്ത് ശ്രമമാണ് നടക്കുന്നത്?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ഖാദി ഗ്രാമ വ്യവസായത്തെ കൂടുതൽ പ്രോത്സാഹിപ്പിക്കാനും നമ്മുടെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ഭാഗമായി വളർന്നുവന്ന ഈ രംഗത്തെ ശക്തിപ്പെടുത്താനുമുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. അതുകൊണ്ട് ഖാദി തൊഴിലാളികൾക്ക് നെയ്ത്തും മറ്റ് ജോലികളും നൽകാനും അത്തരം സ്ഥാപനങ്ങൾ മെച്ചപ്പെടുത്തിയെടുക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അവിടെ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ പ്രശ്നം അവരുടെ കൂലിയാണ്. വളരെ തുച്ഛമായ കൂലി മാത്രമാണ് അവർക്ക് ലഭിക്കുന്നുവെന്നുള്ളതാണ് ഖാദി രംഗം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. അത് പരിഹരിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. കൈത്തറിയുടെ പ്രശ്നം വന്നപ്പോഴും ഇക്കാര്യങ്ങൾ പരിശോധിച്ചതാണ്. പക്ഷേ, അത് പ്രായോഗികമല്ല എന്നുള്ളതുകൊണ്ടാണ് അത്തരം നടപടികൾ ഉപേക്ഷിച്ചത്. കൈത്തറിത്തുണി വിദ്യാർത്ഥികൾക്ക് നൽകുന്നതിനുള്ള പദ്ധതി വളരെ നല്ല നിലയിൽ നടപ്പിലാക്കിവരികയാണ്. ഏതാണ്ട് 42 ലക്ഷം മീറ്റർ തുണി കേരളത്തിൽ ഒരു വർഷം യൂണിഫോമിനുവേണ്ടി ഉല്പാദിപ്പിച്ച് കുട്ടികൾക്ക് എത്തിച്ചുകൊടുക്കുന്നുണ്ട്. ഒന്നാം ക്ലാസ്സുമുതൽ 7-ാം ക്ലാസ്സുവരെയുള്ള ഗവൺമെന്റ് വിദ്യാലയങ്ങളിലെ എല്ലാ കുട്ടികൾക്കും യൂണിഫോം നൽകുകയാണ്. എയ്ഡഡ് മേഖലയിൽ ഈ വർഷം ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും യൂണിഫോം നൽകുകയാണ്. എല്ലാ കുട്ടികൾക്കും യൂണിഫോം നൽകണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. പക്ഷേ, കൈത്തറി മേഖലയിൽ ഉല്പാദനക്ഷമത വളരെ കുറവാണ്.

അതുണ്ടാക്കിയെടുക്കാൻ പുതിയ തറികൾ നൽകുക, നെയ്ത്ത് പരിശീലിപ്പിക്കുക, നെയ്ത്തു തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ കൊടുത്ത് ഇതിലേയ്ക്ക് അവരെ കൊണ്ടുവരാൻ ശ്രമിക്കുക എന്നിവയാണ് വേണ്ടത്. ഇപ്പോൾ നെയ്ത്തുതൊഴിലാളികളിൽ കേരളത്തിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. ആ നിലയിലേയ്ക്ക് സ്ത്രീകൾ വരുന്നുണ്ട്. അവർക്ക് പ്രത്യേക പരിഗണന നൽകി പ്രോത്സാഹിപ്പിക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. ഇവിടെ ഏതാണ്ട് നെയ്ത്തുമേഖലയിൽ മാത്രം 5400 തൊഴിലാളികൾ കുട്ടികൾക്ക് കൈത്തറി യൂണിഫോം കൊടുക്കുന്ന പദ്ധതിപ്രകാരം ജോലി ചെയ്യുന്നുണ്ട്. അത്രയും തൊഴിലാളികൾ ഇതിന്റെ അനുബന്ധ തൊഴിലുകളിലും ഏർപ്പെടുന്നുണ്ട്. യൂണിഫോം തുണി നൽകുന്നതുവഴി 11000 തൊഴിലാളികളുടെ ജീവിതോപാധിയായി കൈത്തറി മേഖല മാറിയിട്ടുണ്ട്. സർക്കാർ ജീവനക്കാർ ആഴ്ചയിൽ രണ്ട് ദിവസം കൈത്തറി വസ്ത്രം ധരിക്കണമെന്ന് നേരത്തെ തീരുമാനിച്ചിരുന്നു. അതുപോലെ ഗവൺമെന്റ് ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന തുണികളും ആശുപത്രികളിലെ യൂണിഫോമും കൈത്തറിയായാൽ വളരെ സഹായകരമാണ്. അങ്ങനെയുള്ള ഒരു സംരംഭത്തെക്കുറിച്ചുകൂടി ആലോചിച്ച് ചർച്ച ചെയ്ത് വിപുലീകരിക്കുന്നത് സംബന്ധിച്ചാണ് ഗവൺമെന്റ് ചിന്തിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഈ സഭയിലെ എന്റെ അവസാനത്തെ ചോദ്യമാണിത്. പട്ടുനൂൽ ഉല്പാദിപ്പിക്കുന്ന കൊക്കൂൺ ഉപയോഗിച്ച് നൂലുണ്ടാക്കുന്ന രണ്ട് റീലിംഗ് യൂണിറ്റുകൾ സംസ്ഥാനത്തുണ്ട്. അവ പട്ടണക്കാട്ടും ഉദുമയിലുമാണ്. അവിടെ രണ്ട് യൂണിറ്റുകളിലുമായി 100-ൽ താഴെ സ്ത്രീ തൊഴിലാളികൾ മാത്രമാണുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്താണ് ഇത് ഖാദി ബോർഡിൽനിന്ന് മാറ്റി സെറിഫെഡ്ഡിനെ ഏൽപ്പിച്ചത്. പക്ഷേ, സെറിഫെഡ്ഡിന് പ്രവർത്തന മൂലധനം നൽകുകയോ കേന്ദ്ര ഗവൺമെന്റ് വാഗ്ദാനം ചെയ്ത തുകയ്ക്ക് തത്തുല്യമായ മാച്ചിംഗ് സംഖ്യ ബജറ്റിൽ ഉൾപ്പെടുത്തുകയോ ചെയ്യാത്തതുകാരണം പ്രവർത്തനം നിശ്ചലമായി. തൊഴിലാളികളാകട്ടെ ഖാദി ബോർഡിൽനിന്ന് മാറി സെറിഫെഡ്ഡിന്റെ കീഴിലാണെന്ന് പറഞ്ഞെങ്കിലും സെറിഫെഡ് ഉണ്ടായതുമില്ല, ഖാദി ബോർഡ് നോക്കിക്കൊണ്ടിരുന്നതും ഇല്ലാതായി. ഇവർക്ക് നേരത്തെ ചെയ്തുകൊണ്ടിരുന്ന ജോലിയുടെ വേതനക്കുടിശ്ശിക നൽകാനുണ്ട്. ഇത് മനുഷ്യാവകാശ ലംഘനമാണ്. സാധാരണ മിനിമം കൂലി ഇവിടെ 500-600 രൂപയുണ്ട്. എന്നാൽ അവിടെ സ്ത്രീ തൊഴിലാളികൾ പണിയെടുത്താൽ ലഭിക്കുന്നത് 200 രൂപയാണ്. അതുപോലും നാലുവർഷക്കാലമായി കുടിശ്ശികയാണ്. സ്വന്തം പൈസ മുടക്കിയാണ് തൊഴിലാളികൾ ഈ റീലിംഗ് യൂണിറ്റിൽ വരുന്നത്. അവരുടെ സ്ഥിതി അതീവ ദയനീയമാണ്. തുക അടയ്ക്കാത്തതിന്റെ പേരിൽ കറണ്ട് കട്ട് ചെയ്തു. ഫാനില്ലാതെ ചുട്ടുപൊള്ളുന്ന ചൂടിൽ അവർ ഇരിക്കുകയാണ്. ഒരു

ഗ്ലാസ്സ് വെള്ളം കുടിക്കാൻപോലുമുള്ള സംവിധാനമില്ല. തികഞ്ഞ മനുഷ്യാവകാശ ലംഘനമാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇവരുടെ കൂലി കുടിശ്ശിക കിട്ടണമെന്നും തൊഴിൽ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് സെക്രട്ടേറിയറ്റ് നടയിൽ അനിശ്ചിതകാല നിരാഹാരസമരം നടത്തിയപ്പോൾ അങ്ങും അങ്ങേയ്ക്കുമുമ്പ് ഈ വകുപ്പ് കൈകാര്യം ചെയ്തവരെല്ലാംകൂടി അവരെ വിളിച്ചുകൂട്ടി ചർച്ച ചെയ്ത് ചില കാര്യങ്ങൾ പറഞ്ഞെങ്കിലും അതൊന്നും നടപ്പായില്ല. അങ്ങ് അവസാനമായി ഇടപെട്ട് ലൂട്രോൺസ് ഇലക്ട്രോണിക്സിന്റെ എം. ഡി. ശ്രീ. പത്മകുമാറിനെ ചുമതലപ്പെടുത്തി അവരെ പുനരധിവസിപ്പിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കാൻ പറഞ്ഞുവെങ്കിലും അതും യഥാർത്ഥത്തിൽ ഇലക്ഷൻ വന്നതോടുകൂടി പെൻഡിംഗിലായി. മൾബറി കൃഷിയാണെങ്കിൽ ഗ്രാമവികസന വകുപ്പ് പഞ്ചായത്തുവഴിയാണ് നടത്തുന്നത്. അതും ഏതാണ്ട് പെൻഡിംഗിലാണ്. ഫലത്തിൽ ഇവർ ആത്മഹത്യയുടെ വക്കിലാണ്. അവിടെ അസറ്റ് ധാരാളമുണ്ട്. അത് എടുക്കുകയോ ലേലം ചെയ്തുകൊടുക്കുകയോ ചെയ്താൽ എത്ര കോടി രൂപ വേണമെങ്കിലും അവർക്ക് നൽകാൻ സാധിക്കും. സ്ത്രീ തൊഴിലാളികളെ കൂടുതൽ ദുരിതമനുഭവിക്കാൻ അനുവദിക്കരുത്. ഒന്നുകിൽ മാന്യമായ വേതനവും കൂലി കുടിശ്ശികയും നൽകി അവരെ പിരിച്ചുവിടണം. അല്ലെങ്കിൽ അവരെ പുനരധിവസിപ്പിക്കാനും തൊഴിൽ ലഭ്യമാക്കാനുമുള്ള എന്തെങ്കിലും സംവിധാനം ചെയ്യാൻ സാധിക്കുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, മൾബറി കൃഷി വ്യാപകമാക്കിയാൽ മാത്രമേ പട്ടുനൂൽ പുഴുക്കളെ വളർത്താൻ സാധിക്കുകയുള്ളൂ. അത്തരം കാലാവസ്ഥയല്ല കേരളത്തിലുള്ളത്. അതുകൊണ്ട് ഒരുതരത്തിലും പ്രായോഗികമല്ല. ഇപ്പോൾ നടക്കുന്നത് 42 തൊഴിലാളികൾ പണിയെടുക്കുന്ന ഈ നെയ്ത്തുരംഗമാണ്. ഇതിൽത്തന്നെ ഇപ്പോൾ മൂന്നുനാലുവർഷമായി പണി നടക്കുന്നില്ല. തൊഴിലാളികളോട് താൽപ്പര്യമുള്ളതുകൊണ്ട് ബോണസ്സിന്റെ സമയത്ത് അവർക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുകയാണ് ഇപ്പോൾ ചെയ്യുന്നത്. യഥാർത്ഥത്തിൽ ജോലി ചെയ്യാതെ തന്നെ സാമ്പത്തിക സഹായം നൽകുകയാണ്. ഈ തൊഴിലാളികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ഉദുമ സ്പിന്നിംഗ് മിൽ ഓപ്പൺ ചെയ്യുന്ന അവസരത്തിൽ 42 തൊഴിലാളികളെ അവിടേയ്ക്ക് നിർദ്ദേശിച്ചാൽ അക്കോമഡേറ്റ് ചെയ്യാൻ സാധിക്കുമോയെന്ന് പരിശോധിച്ചപ്പോൾ അത് കഴിയാത്തതുകൊണ്ട് സാധിച്ചിട്ടില്ല. ഗവൺമെന്റ് ഇടപെട്ട് ഇക്കാര്യം വളരെ ഗൗരവത്തിൽ തന്നെ ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

<u>മി. സ്പീക്കർ</u>: ഓർഡർ... ഓർഡർ.. ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സേവനങ്ങൾക്കുള്ള ഫീസ്

5(*33) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ഡോ. എം. കെ. മുനീർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾക്കുള്ള ചാർജ്ജുകളും ഫീസുകളും അഞ്ച് ശതമാനം ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇക്കാര്യത്തിൽ വിവിധ വകുപ്പുമേധാവികളിൽ നിന്നും റിപ്പോർട്ട് തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഈ നടപടിയിലൂടെ എത്ര തുക അധിക വരുമാനമായി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) 2019-20-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ 298-ാം ഇനമായി വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾക്കുള്ള ചാർജ്ജുകളും ഫീസുകളും അഞ്ച് ശതമാനം ഉയർത്തുന്നുവെന്ന് വ്യക്തമാക്കിയിരുന്നു. 8-3-2019-ലെ സ.ഉ.(പി)28/2019/ധന. പ്രകാരം 1-4-2019 മുതൽ പ്രാബല്യം നൽകി എല്ലാ സേവന നിരക്കുകളിലും 5% വർദ്ധനവ് വരുത്തി ഉത്തരവായിട്ടുണ്ട്.

(ബി) 8-3-2019-ലെ സ.ഉ.(പി)28/2019/ധന. പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളും അതാത് വകുപ്പുകളുമായി ബന്ധപ്പെട്ട പുതുക്കിയ സേവന നിരക്കുകൾ വ്യക്തമാക്കിയുള്ള പ്രത്യേക ഉത്തരവ്/നടപടിക്രമം പുറപ്പെടുവിക്കേണ്ടതും ആയതിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

(സി) മുൻവർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുമായി താരതമ്യപ്പെടുത്തുമ്പോൾ സേവന നിരക്കുകളിൽ 5% വർദ്ധനവ് വരുത്തിയതുൾപ്പെടെ നടപ്പുസാമ്പത്തിക വർഷം നികുതിയേതര വരുമാനത്തിൽ 798.93 കോടി രൂപ അധികമായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കേരള ബാങ്ക് രൂപീകരണ നിബന്ധനകൾ

6(*34) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരിക്കുന്നതിന്റെ ഭാഗമായി റിസർവ് ബാങ്ക് മുന്നോട്ട് വച്ച നിബന്ധനകൾ എന്തൊക്കെയായിരുന്നു; പ്രസ്തുത നിബന്ധനകൾ പൂർണ്ണ തോതിൽ പാലിക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കേരള സഹകരണ സംഘ നിയമത്തിൽ 2018-ൽ വരുത്തിയ ഭേദഗതി ആർ.ബി.ഐ.-യുടെ നിബന്ധനകൾക്ക് അനുസൃതമായിരുന്നോയെന്ന് അറിയിക്കുമോ;

(സി) സംസ്ഥാന സഹകരണ ബാങ്കിൽ ലയിക്കുന്നതിന് എത്ര ജില്ലാ ബാങ്കുകൾ റിസർവ് ബാങ്ക് നിർദ്ദേശിച്ച പ്രകാരമുള്ള ഭൂരിപക്ഷത്തോടുകൂടി അനുമതി നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ലാഭത്തിൽ പ്രവർത്തിക്കുന്ന ജില്ലാ ബാങ്കുകൾ കനത്ത നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിലൂടെ നിക്ഷേപകരുടെ താല്പര്യങ്ങൾ ഹനിക്കപ്പെടുമെന്നതിനാലും സർക്കാർ നീക്കം സഹകരണ ജനാധിപത്യത്തിന് കോട്ടം ഉണ്ടാക്കുമെന്നതിനാലും കേരള ബാങ്ക് രൂപീകരണ ശ്രമം ഉപേക്ഷിക്കുമോയെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ)

1. കേരള സഹകരണ നിയമവും ചട്ടങ്ങളും സമ്പൂർണ്ണമായും പാലിച്ചുവേണം ലയനം നടത്തേണ്ടത്.
2. ലയനത്തെ സ്റ്റേ ചെയ്തുകൊണ്ടോ നിരോധിച്ചുകൊണ്ടോ കോടതി വിധികൾ ഒന്നുമില്ലാ എന്ന് സർക്കാർ ഉറപ്പുവരുത്തണം.
3. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ ബാങ്കുകളും ഒരു ലയന പദ്ധതി തയ്യാറാക്കി അംഗങ്ങളുടെ മുന്നിൽ അവതരിപ്പിക്കണം.

4. ജനറൽ ബോഡി മുമ്പാകെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ ലയനത്തിനായുള്ള പ്രമേയം അവതരിപ്പിച്ച് പാസ്സാക്കണം.

5. ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സർക്കാരും തമ്മിൽ MoU ഒപ്പുവയ്ക്കണം. ഭരണ സമിതി മാനേജ്മെന്റ് ഘടന, മനുഷ്യ വിഭവ ശേഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, ആസ്തി ബാധ്യതകളുടെ കൈമാറ്റം എന്നിവയാണ് MOU-യിൽ വരേണ്ടത്.

6. ലയനശേഷം സംസ്ഥാന സഹകരണബാങ്കിന്റെ മൂലധന പര്യാപ്തതയും നെറ്റ്‌വർത്തും RBI മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കണം. ഏതെങ്കിലും തരത്തിലുള്ള കുറവ് വരികയാണെങ്കിൽ അത് സർക്കാർ നികത്തണം.

7. ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന്റെ ബാലൻസ് ഷീറ്റ് എല്ലാവിധ നിയമപരമായ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ശേഷിയുള്ളതും ജനങ്ങൾക്ക് എല്ലാവിധ സേവനങ്ങൾ നല്കുന്നതിന് അനുമതി തേടാൻ പര്യാപ്തവുമായിരിക്കണം.

8. ക്രമരഹിത ഇടപാടുകളിലൂടെ ആസ്തികൾ നിഷ്ക്രിയമായിട്ടുണ്ടെങ്കിൽ മുഴുവൻ തുകയ്ക്കും കരുതൽ സൂക്ഷിക്കണം.

9. ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ നടത്തുകയും നഷ്ട ആസ്തികൾക്ക് പൂർണ്ണമായും കരുതൽ സൂക്ഷിക്കുകയും വേണം.

10. സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ ബാങ്കുകളുടേയും പലിശ നിരക്കിൽ വ്യത്യാസമുണ്ടെങ്കിൽ ആയത് കസ്റ്റമേഴ്സിനെ അറിയിച്ചിരിക്കണം.

11. ലയനശേഷം എല്ലാ ജില്ലാ ബാങ്കിലേയും ഉപഭോക്താക്കൾക്കും സേവനം നല്കാൻ കഴിയുംവിധമുള്ള മികച്ച സോഫ്റ്റ്‌വെയർ സംസ്ഥാന സഹകരണ ബാങ്കിന് ഉണ്ടായിരിക്കണം.

12. നിശ്ചിത സമയത്തിനകം മൈഗ്രേഷൻ ആഡിറ്റ് പൂർത്തീകരിച്ചിരിക്കണം.

13. സംസ്ഥാന സഹകരണ ബാങ്കിന്റെ CEO നിയമനം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഫിറ്റ് & പ്രോപ്പർ മാനദണ്ഡങ്ങൾ പാലിച്ചാവണം. ഭരണ സമിതിയിൽ ചുരുങ്ങിയത് 2 പ്രൊഫഷണൽ ഡയറക്ടർമാർ ഉണ്ടാകണം.

14. ലയനശേഷം സംസ്ഥാന സഹകരണ ബാങ്ക് അർബൻ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശിച്ച രീതിയിൽ ബോർഡ് ഓഫ് മാനേജ്മെന്റ് റിസർവ് ബാങ്കുമായി ചർച്ച ചെയ്ത് രൂപീകരിക്കണം. അതിനായി ഉചിതമായ ഭേദഗതികൾ കേരള സഹകരണ നിയമത്തിൽ വരുത്തണം.

15. ലയനശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ ലൈസൻസ് തുടരും. ജില്ലാ ബാങ്കുകളുടെ നിലവിലുള്ള ശാഖകൾ സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകളായി മാറും. തുടർന്ന് സംസ്ഥാന സഹകരണ ബാങ്ക് ഈ ശാഖകളുടെ ലൈസൻസിനായി RBI-ക്ക് അപേക്ഷ നൽകണം. RBI-യുടെ മുൻകൂർ അനുമതിയോടെ മാത്രമേ ബ്രാഞ്ചുകൾ മാറ്റി സ്ഥാപിക്കാനാവൂ. ജില്ലാ ബാങ്കുകൾ അവരുടെ ലൈസൻസ് RBI-ക്ക് സറണ്ടർ ചെയ്യണം.

16. ലയന പദ്ധതിക്കായി സംസ്ഥാന സഹകരണ ബാങ്കിന് ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷന്റെ (DICGC) ക്ലിയറൻസ് കിട്ടണം.

17. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും ട്രഷറിയിൽ നിക്ഷേപം നടത്തിയിട്ടുണ്ടെങ്കിൽ അത് ഘട്ടംഘട്ടമായി പിൻവലിച്ചിരിക്കണം.

18. ബാങ്ക് എന്ന പദം ഉപയോഗിച്ചുകൊണ്ട് കേരളത്തിൽ പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

19. മേൽ വ്യവസ്ഥകൾ പാലിച്ചതിനുശേഷം സംസ്ഥാന സഹകരണ ബാങ്ക് അന്തിമ അനുമതിക്കായി നബാർഡ് മുഖാന്തരം റിസർവ് ബാങ്കിനെ സമീപിക്കണം.

മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള മറ്റ് എല്ലാ ജില്ലാ സഹകരണ ബാങ്കുകളും നിലവിലെ സഹകരണ നിയമപ്രകാരം ലയന പ്രമേയം പാസ്സാക്കിയിട്ടുണ്ട്. ലയനത്തിന് മുൻപ് പാലിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിക്കായുള്ള അപേക്ഷ സമർപ്പിച്ചുകഴിഞ്ഞു.

(ബി) ലയനത്തിന് മുൻപ് കേരള സഹകരണ സംഘം നിയമത്തിൽ ഭേദഗതി വരുത്തുന്നതുമായി ബന്ധപ്പെട്ട് റിസർവ് ബാങ്ക് നിബന്ധനകൾ ഒന്നും നിർദ്ദേശിച്ചിട്ടില്ല.

(സി) 2019-ൽ സഹകരണ നിയമത്തിൽ അംഗീകരിച്ച ഭേദഗതിക്ക് മുൻപ് സംഘങ്ങൾ ലയന പ്രമേയം പാസ്സാക്കുന്നതിന് മൂന്നിൽ രണ്ട് ഭൂരിപക്ഷം ആവശ്യമായിരുന്നു.

എന്നാൽ 2019-ൽ ഭേദഗതി അംഗീകരിക്കപ്പെട്ടതോടെ ലയന പ്രമേയം പാസ്സാക്കുന്നതിന് കേവല ഭൂരിപക്ഷം മതിയാകും. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലും നിലവിലെ നിയമമനുസരിച്ച് ലയന പ്രമേയം പാസ്സായിട്ടുണ്ട്.

(ഡി) സംസ്ഥാന സഹകരണ ബാങ്ക് മൂന്ന് വർഷമായി പ്രവർത്തന ലാഭത്തിലും 2018-19 വർഷത്തെ കണക്കുകൾ പ്രകാരം അറ്റ ലാഭത്തിലുമാണ്. കേരള ബാങ്ക് രൂപീകരിക്കുന്നതിലൂടെ നിക്ഷേപകരുടെ താല്പര്യം ഹനിക്കപ്പെടുകയോ സഹകരണ ജനാധിപത്യത്തിന് കോട്ടമുണ്ടാകുകയോ ചെയ്യുമെന്ന് കരുതുന്നില്ല.

RBI നിബന്ധനകൾ പാലിച്ച് അന്തിമ അനുമതിക്കായി നബാർഡ് മുഖാന്തരം RBI-യ്ക്ക് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്.

**കായിക വിനോദം ജനകീയമാക്കുന്നതിനായി പദ്ധതി**

7(*35) ശ്രീ. സജി ചെറിയാൻ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മേഖലയിൽ പുത്തൻ ഉണർവ്വുണ്ടാക്കുന്നതിനായി സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ;

(ബി) കായിക വിനോദം ജനകീയമാക്കുന്നതിനായി കിഫ്ബി ഫണ്ടുപയോഗിച്ച് പഞ്ചായത്ത് തലം മുതൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) യോഗ്യരായ മികച്ച കായിക താരങ്ങൾക്ക് വിവിധ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും ഇത്തരം മത്സരങ്ങളിൽ സമ്മാനം നേടുന്നവർക്കും പ്രോത്സാഹനം നൽകി വരുന്നുണ്ടോ;

(ഡി) കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത് മുൻസർക്കാരിന്റെ കാലത്ത് നിലച്ചുപോയത് പുനരാരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): (എ) കായിക മേഖലയിൽ പുത്തൻ ഉണർവ്വുണ്ടാക്കുന്നതിനായി 2016-17, 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ കായികാടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങളും ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം പഞ്ചായത്ത് സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 57 സ്റ്റേഡിയങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയിൽ 34 സ്റ്റേഡിയങ്ങൾക്ക് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിൽ സാങ്കേതികാനുമതി ലഭിച്ച സ്റ്റേഡിയങ്ങളിൽ 27 പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. 20 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇവയുടെ പൂർത്തീകരണത്തോടെ എല്ലാ ജില്ലകളിലും സിന്തറ്റിക് ട്രാക്ക് യാഥാർത്ഥ്യമാവുകയും കൂടുതൽ ദേശീയ/അന്തർദ്ദേശീയ മത്സരങ്ങൾക്ക് കേരളം സജ്ജമാവുകയും ചെയ്യുന്നതാണ്.

കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി( കിക്കോഫ്)

നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

പ്ലേ ഫോർ ഹെൽത്ത്

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറിതലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

സ്ലാഷ് & എയ്സ്

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന സ്പ്ലാഷ് പദ്ധതി, ടെന്നീസ് കളിയിൽ തൽപ്പരരായ 4 മുതൽ 9 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് വിദഗ്ധ പരിശീലനം നൽകുന്ന ഗ്രാസ്റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി (ACE) എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കളിത്തട്ട്

കേരളത്തിന്റെ തനത് കായിക വിനോദങ്ങൾ നിലനിർത്തുന്നതിനും പുതിയ തലമുറയ്ക്ക് കൈമാറി അത് കൂടുതൽ പ്രചരിപ്പിക്കുന്നതിനും വേണ്ടി കായിക യുവജനകാര്യാലയവും യുവജനക്ഷേമ ബോർഡും സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കളിത്തട്ട്.

ട്രിവാൻഡ്രം മാരത്തോൺ

കായിക കേരളത്തിലെ ഒരു സുപ്രധാന കായിക ഇനമായി മാറുന്ന തരത്തിൽ വിപുലമായ ക്രമീകരണങ്ങളോടെ കായികയുവജനകാര്യ വകുപ്പ് തുടക്കം കുറിച്ച പദ്ധതിയാണ് സ്പോർട്സ് കേരള മാരത്തോൺ.

ഇന്റർനാഷണൽ സ്പോർട്സ് എക്സ്പോ

കായിക മേഖലയിൽ ഉപയോഗിക്കുന്ന വിവിധയിനം ലോകോത്തര ഉപകരണങ്ങൾ, ജേഴ്സികൾ, സ്പോർട്സ് ന്യൂട്രീഷ്യൻ ഉൽപ്പന്നങ്ങൾ തുടങ്ങിയവയെ കേരള കായിക താരങ്ങൾക്കും കായിക പ്രേമികൾക്കും പരിചയപ്പെടുത്തുന്നതിനായി "ഇന്റർ നാഷണൽ സ്പോർട്സ് എക്സ്പോ കേരള 2018" സംഘടിപ്പിക്കുകയുണ്ടായി.

ഷൂട്ടിംഗ് അക്കാദമി

35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നിർമ്മിച്ചിട്ടുള്ള അന്തർദ്ദേശീയ നിലവാരത്തിലുള്ള ഷൂട്ടിംഗ് റേഞ്ചിൽ 30 കോടിയോളം രൂപ ചെലവിൽ ഷൂട്ടിംഗ് അക്കാദമി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അക്കാദമിയിൽ 10 മീറ്റർ, 25 മീറ്റർ, 50 മീറ്റർ ഇനങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനും ദേശീയ-അന്തർദ്ദേശീയ മത്സരങ്ങൾ നടത്തുന്നതിനുമുള്ള സൗകര്യമുണ്ട്.

സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ

ജീവിതശൈലീ രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടി പദ്ധതി

നടപ്പിലാക്കുന്നത്. സ്പോർട്സ് ആന്റ് ഹെൽത്ത് പാർക്കുകളിലൂടെ ജനങ്ങളിൽ കായിക അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കായിക-ആരോഗ്യ സംബന്ധമായ ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

ജി.വി. രാജാ സ്പോർട്സ് സ്കൂൾ & കണ്ണൂർ സ്പോർട്സ് ഡിവിഷൻ

കായിക വകുപ്പിന് കൈമാറി കിട്ടിയ ജി.വി. രാജാ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ സിന്തറ്റിക് ട്രാക്ക്, ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ കോർട്ട്, വോളീബോൾ കോർട്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

സ്റ്റൈൽ പദ്ധതി

സ്റ്റൈൽ പദ്ധതി പ്രകാരം 8 സ്ഥലങ്ങളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടുകൂടി വിദഗ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് " ഓപ്പറേഷൻ ഒളിമ്പ്യ " . ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണ് ഇത്.

പദ്ധതിയുടെ പ്രാരംഭ ഘട്ടമായി നിലവിൽ റസ്‌ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ്, കൊല്ലത്തും ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നുവരുന്നു. ഇതിൽ ഷൂട്ടിംഗ്, ആർച്ചറി, അത്‌ലറ്റിക്സ് എന്നിവയുടെ പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എലൈറ്റ് സ്കീം

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 30 ജില്ലാ സ്പോർട്സ് അക്കാദമികൾ, 54 കോളേജ് സ്പോർട്സ് അക്കാദമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാദമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു. കൂടാതെ പ്രതിമാസ അലവൻസ്, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്.

കൂടാതെ ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത് വിജയിക്കുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിവരുന്നുണ്ട്.

സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ഡോ. എ. പി. ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ് ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ വിവിധ കായിക ഇനങ്ങളിലായി 14 മുതൽ 19 വയസ്സുവരെ പ്രായപരിധിയിലുള്ള 11 കായിക താരങ്ങൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്.

കായിക ഭവൻ

കായിക/യുവജനകാര്യാലയം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലുമായി ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് കായിക ഭവൻ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ജി. വി. രാജാ സെന്റർ ഓഫ് എക്സലൻസ്

ആധുനിക സൗകര്യങ്ങളോടുകൂടി ഉന്നത നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി മേനംകുളം ഗെയിംസ് വില്ലേജ് പ്രവർത്തിച്ചിരുന്ന ഭൂമിയിലാണ് ജി.വി.രാജാ സെന്റർ ഓഫ് എക്സലൻസ് നിർമ്മിക്കുന്നത്. വിവിധ കായിക ഇനങ്ങളിൽ ദേശീയ/

അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള കായിക താരങ്ങൾക്ക് ഏറ്റവും ഉന്നതമായ പരിശീലനം നൽകുന്നതിനാണ് ഈ കേന്ദ്രം പ്രവർത്തിക്കുക. ജി. വി. രാജാ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിനായി 18 ഏക്കർ സ്ഥലം കായികയുവജനകാര്യ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

(ബി) കായിക രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി സഹായത്തോടെ എഴുന്നൂറ് കോടി രൂപ ചെലവിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി അനുബന്ധത്തിൽ* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) ഉണ്ട്. മികച്ച കായിക താരങ്ങൾക്ക് അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും മത്സരങ്ങളിൽ സമ്മാനം നേടുന്നവർക്ക് പ്രോത്സാഹനം നൽകുന്നതിനുമായി കായിക വികസന നിധി ട്രസ്റ്റ് രൂപീകരിച്ച് അതിൽനിന്നും ധനസഹായം നൽകിവരുന്നു.

ഖേലോ ഇന്ത്യാ യൂത്ത് ഗെയിംസിൽ വ്യക്തിഗതയിനങ്ങളിൽ മെഡലുകൾ നേടിയ 39 കായിക താരങ്ങൾക്കും ടീമിനത്തിൽ മെഡലുകൾ നേടിയ 169 കായിക താരങ്ങൾക്കും കായികവികസന നിധിയിൽ നിന്നും പാരിതോഷികം അനുവദിച്ചിട്ടുണ്ട്. ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയികളായ കായിക താരങ്ങൾക്ക് അർഹമായ ക്യാഷ് അവാർഡ് നൽകുന്നുണ്ട്.

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. ജോലിയില്ലാത്ത 11 പേർക്ക് സർക്കാർ ജോലി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

2017-ൽ ഒഡീഷയിലെ ഭുവനേശ്വറിൽ വച്ച് നടന്ന 22-ാമത് ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ മെഡൽ നേടിയ കേരളീയ കായിക താരങ്ങളിൽ വ്യക്തിഗത ഇനത്തിൽ സ്വർണ്ണമെഡൽ നേടിയവർക്ക് 10 ലക്ഷം രൂപ വീതവും ടീമിനത്തിൽ സ്വർണ്ണമെഡൽ നേടിയ ഓരോ കായിക താരത്തിനും 5 ലക്ഷം രൂപ വീതവും വ്യക്തിഗത ഇനത്തിൽ വെള്ളി മെഡൽ നേടിയവർക്ക് 7 ലക്ഷം രൂപ വീതവും ടീമിനത്തിൽ വെള്ളി മെഡൽ നേടിയ ഓരോ കായിക താരത്തിനും മൂന്നര ലക്ഷം രൂപ വീതവും വ്യക്തിഗത ഇനത്തിൽ വെങ്കല മെഡൽ നേടിയവർക്ക് 5 ലക്ഷം രൂപ വീതവും ടീം ഇനത്തിൽ വെങ്കല മെഡൽ നേടിയ ഓരോ കായിക താരത്തിനും രണ്ടര ലക്ഷം രൂപ വീതവും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഒഡീഷയിലെ ഭുവനേശ്വരിൽ വച്ച് നടന്ന 22-ാമത് ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ 1500 മീറ്ററിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ മലയാളി കായിക താരം കുമാരി പി. യു. ചിത്രയ്ക്ക് തുടർ പരിശീലന ചെലവിലേക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ എലൈറ്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രതിദിനം 500 രൂപയും മികച്ച കായിക താരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഡോ.എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 10,000 രൂപയും അനുവദിച്ചിട്ടുണ്ട്.

ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ മെഡൽ കരസ്ഥമാക്കിയ കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിവരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കായിക താരങ്ങൾക്കുള്ള പരമോന്നത ബഹുമതിയായ ജി.വി.രാജാ അവാർഡും പരിശീലകർക്കും കായിക അദ്ധ്യാപകർക്കുമുള്ള മറ്റ് അവാർഡുകളും നൽകി വരുന്നുണ്ട്.

ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽവച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് വേണ്ടി മെഡൽ നേടിയ കേരള കായിക താരങ്ങൾക്കും ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. കൂടാതെ ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി മെഡൽ നേടിയ കേരള കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ദേശീയ സിവിൽ സർവ്വീസസ് മത്സരങ്ങളിൽ പങ്കെടുത്ത് 1, 2, 3 സ്ഥാനങ്ങൾ നേടുന്ന കായിക താരങ്ങൾക്ക് യഥാക്രമം 5000, 3000, 1500 രൂപ ക്രമത്തിൽ ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്. കൂടാതെ ദേശീയ സ്കൂൾ കായിക മത്സരങ്ങളിൽ 1, 2, 3 സ്ഥാനങ്ങൾ നേടുന്നവർക്ക് ക്യാഷ് അവാർഡ് നൽകിവരുന്നു.

ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയികളായ കായിക താരങ്ങൾക്ക് 2013-14 മുതൽ 2015-16 വരെ കുടിശ്ശികയായിരുന്ന മുഴുവൻ ക്യാഷ് അവാർഡ് തുകയും വിതരണം ചെയ്തിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ കേരള പോലീസ് സേനയിൽ 65 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്. ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച 4 കായിക താരങ്ങൾക്ക് ഗസറ്റഡ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമംഗം സി. കെ. രതീഷിന് കിൻഫ്രയിൽ ജോലി നൽകിയിട്ടുണ്ട്.

(ഡി) വർഷംതോറും മികച്ച 50 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന സ്പോർട്സ് ക്വാട്ടാ പദ്ധതി നിലവിലുണ്ട്. അപ്രകാരം കായിക താരങ്ങളുടെ നിയമനത്തിനായി നീക്കി വച്ചിട്ടുള്ള ഒഴിവിലേയ്ക്ക് വിജ്ഞാപനങ്ങളിലൂടെ അപേക്ഷ ക്ഷണിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അർഹരായ അപേക്ഷകരുടെ അസ്സൽ സർട്ടിഫിക്കറ്റുകളുടെ പരിശോധന നടത്തിയശേഷം സെലക്ട് ലിസ്റ്റ് തയ്യാറാക്കി ഉദ്യോഗാർത്ഥികളുടെ റാങ്കിന്റെയും വിദ്യാഭ്യാസ യോഗ്യതയുടെയും അടിസ്ഥാനത്തിൽ ഉചിതമായ തസ്തികയിൽ നിയമനം നൽകുകയുമാണ് ചെയ്യുന്നത്. 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാന ഘട്ടത്തിലാണ്. സർട്ടിഫിക്കറ്റ് പരിശോധനയുടെ അടിസ്ഥാനത്തിൽ 409 പേരടങ്ങുന്ന സെലക്ട് ലിസ്റ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുവാൻ വേണ്ടിയുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

## സിമന്റിന്റെ വിലവർദ്ധനവ് തടയാൻ നടപടി

8 (*36) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിമന്റ് വില തുടർച്ചയായി വർദ്ധിച്ചതോടെ നിർമ്മാണ മേഖല സ്തംഭനാവസ്ഥയിലേയ്ക്ക് നീങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിമന്റിന്റെ വിലവർദ്ധനവ് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): (എ) ഉണ്ട്. കേരളത്തിലെ ഏക സിമന്റ് ഉല്പാദകരായ മലബാർ സിമന്റ്സ് കേരളത്തിൽ ആവശ്യമുള്ള സിമന്റിന്റെ ഏകദേശം 5 മുതൽ 8% വരെയാണ് ഉല്പാദിപ്പിക്കുന്നത്. ഒരു കേരള സർക്കാർ പൊതുമേഖലാസ്ഥാപനം എന്ന നിലയ്ക്ക്, സ്വകാര്യ കമ്പനികൾ കൈക്കൊള്ളുന്ന വിപണന നയം മലബാർ സിമന്റ്സിന് കൈക്കൊള്ളുവാൻ സാധിക്കുകയില്ല. നിർമ്മാണ മേഖലയിലെ

അസംസ്കൃത വസ്തുവായ സിമന്റിന്റെ വില മുൻ വർഷങ്ങളെ അപേക്ഷിച്ച് ക്രമാതീതമായി കൂട്ടിയിട്ടില്ല. ഇടയ്ക്ക് വില വർദ്ധിച്ചുവെങ്കിലും മലബാർ സിമന്റ്സ് ഇപ്പോൾ ഡീലർമാർക്ക് നൽകുന്ന വില, ഡിസ്കൗണ്ട് കുറച്ച് ചാക്കൊന്നിന് 346 രൂപയാണ്. ഇതിൽ 28% ജി.എസ്.ടി.-യും ഉൾപ്പെടുന്നു.

(ബി) സിമന്റിന്റെ വില വർദ്ധനവ് തടയുന്നതിനായി മലബാർ സിമന്റ് ഉല്പാദനം മെച്ചപ്പെടുത്തുകയും സിമന്റ് മാർക്കറ്റിൽ നിത്യേന ലഭ്യമാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ കമ്പനിയുടെ എല്ലാ യൂണിറ്റുകളും പൂർണ്ണതോതിൽ പ്രവർത്തിക്കുവാൻ വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കേരളത്തിലെ സിമന്റ് വിപണിയുടെ ഭൂരിഭാഗവും നിയന്ത്രിക്കുന്നത് സ്വകാര്യ സിമന്റ് ഉല്പാദകരാണ്. അതുകൊണ്ടുതന്നെ സിമന്റിന്റെ വില നിയന്ത്രിക്കുന്നതിൽ സർക്കാരിന്റെ ഇടപെടൽ പരിമിതമാണ്. സിമന്റ് വില ക്രമാതീതമായി വർദ്ധിപ്പിക്കുന്നത് നിയന്ത്രിക്കുന്നത് സംബന്ധിച്ച് സിമന്റ് നിർമ്മാതാക്കളുടെയും സിമന്റ് വ്യാപാരികളുടെയും (dealers) യോഗങ്ങൾ 29-7-2016, 10-5-2017, 22-11-2018, 19-2-2019 എന്നീ തീയതികളിൽ വിളിച്ചുചേർക്കുകയും സിമന്റ് വില കുറയ്ക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

'ലൈഫ് മിഷൻ' പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭ്യമാക്കുന്ന വിഷയം 13-9-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സിമന്റ് വില നിയന്ത്രിക്കുന്നത് സംബന്ധിച്ച് സിമന്റ് ഉല്പാദകരുടെ യോഗം 2-5-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർക്കുകയും ചെയ്തിരുന്നു.

## കിഫ്ബി ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റി

9(*37) <u>ശ്രീ. എ. എം. ആരിഫ്</u>:
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:
<u>ശ്രീ. വി. അബ്ദുറഹിമാൻ</u>:
<u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയുടെ (ഐ.എം.സി.) ഘടനയും പ്രവർത്തനവും വിശദമാക്കാമോ;

(ബി) നിക്ഷേപം ആകർഷിക്കുന്നതിലും അവ വിനിയോഗിക്കുന്നതിലും ഐ.എം.സി.-യുടെ പങ്ക് വിശദമാക്കാമോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നേരിട്ടുള്ള പങ്ക് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കിഫ്ബി വഴി ഇതുവരെ എത്ര തുകയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയെന്നും അതിൽ ഏത്ര പ്രവൃത്തി ആരംഭിച്ചെന്നും അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) കിഫ്ബിയിൽ ലഭ്യമാകുന്ന നിക്ഷേപങ്ങളെ പ്രയോജനപ്രദമായും സൂക്ഷ്മതയോടെയും കൈകാര്യം ചെയ്യുന്നതിനായി 29-ാമത് ബോർഡ് യോഗത്തിന്റെ തീരുമാനപ്രകാരം രൂപം കൊടുത്തതാണ് ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റി. ആകെ 4 അംഗങ്ങൾ ഉൾപ്പെടുന്ന കമ്മിറ്റിയിൽ ധനകാര്യ (വിഭവ) സെക്രട്ടറി സ്ഥിരം അംഗവും മറ്റ് 3 സ്വതന്ത്ര അംഗങ്ങളുമാണുള്ളത്. നിലവിൽ ശ്രീ. രാധാകൃഷ്ണൻ നായർ (മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ സെബി, മെമ്പർ ഐ.ആർ.ഡി.എ), ശ്രീ. ജെ. എൻ. ഗുപ്ത (മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ സെബി), പ്രൊഫ. സുശീൽ ഖന്ന (എമിറിറ്റസ് പ്രൊഫസർ ഐ.ഐ.എം.കൊൽക്കത്ത) എന്നിവർ സ്വതന്ത്ര അംഗങ്ങളാണ്. പ്രധാനമായും കിഫ് ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി കിഫ്ബിയിലെ നീക്കിയിരിപ്പ് തുക ഫലപ്രദമായി നിക്ഷേപിക്കുന്നതിന് വിദഗ്ദ്ധ ഉപദേശം നൽകുക എന്നതാണ് കമ്മിറ്റിയുടെ ഉദ്ദേശ്യം.

(ബി) ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിക്ക് നിക്ഷേപം ആകർഷിക്കുന്നതിൽ നേരിട്ട് ബന്ധമില്ലെങ്കിലും ഇതിന്റെ സാന്നിദ്ധ്യവും പ്രവർത്തനവും കിഫ്ബിയുടെ ക്രെഡിറ്റ് റേറ്റിംഗിനെ പരോക്ഷമായി സഹായിക്കുന്നു. കിഫ്ബിയുടെ ആക്ട് പ്രകാരം ഏറ്റവും ഉയർന്ന റേറ്റിംഗുള്ള ധന ഉപാധികളിൽ മാത്രമേ പണം നിക്ഷേപിക്കാൻ സാധിക്കൂ. ക്രെഡിറ്റ് റിസ്ക് ഒഴിവാക്കുവാനാണ് ഈ നിബന്ധന. ഇതുകൂടാതെ കോൺസൻട്രേഷൻ റിസ്ക് ഒഴിവാക്കുവാൻ വിവിധ ധന ഉപാധികളിലും സ്ഥാപനങ്ങളിലും നിക്ഷേപം നടത്തുന്നതിന് പരിധികൾ നിശ്ചയിച്ചിട്ടുണ്ട്. ഇത്തരത്തിൽ വിവേകപൂർണ്ണമായ നിക്ഷേപം ഉറപ്പുവരുത്തേണ്ടത് ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയുടെ ഉത്തരവാദിത്വമാണ്. ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനവുമായി സർക്കാർ നേരിട്ട് ബന്ധപ്പെടുന്നില്ല.

(സി) കിഫ്ബി വഴി 42306.05 കോടി രൂപയുടെ 536 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 225 പ്രവൃത്തികൾ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 3 പദ്ധതികൾ/

ഉപപദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ ആരോഗ്യ-വിദ്യാഭ്യാസ-വനം-ശുദ്ധജലവിതരണ മേഖലകളിലെ വൻ കിഫ്ബി പദ്ധതികൾ നിരവധി ഉപഘടകങ്ങൾ ചേർന്നതാണ്. ഇതിൽ 44 ഡയാലിസിസ് സെന്ററുകളിൽ 38 എണ്ണവും കാത്ത് ലാബ് & സി.സി.യു. 6 എണ്ണവും പൂർത്തിയായിട്ടുണ്ട്. വനം വകുപ്പിന് കീഴിലുള്ള സോളാർ ഫെൻസിംഗ് പദ്ധതി 8 സ്ഥലങ്ങളിൽ പൂർത്തിയായിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് കൊച്ചി ലയൺസ് പാക്കേജിന്റെ ഒന്നാം ഘട്ടവും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കേരളത്തിലെ 14 ജില്ലകളിലെ സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ 98 ശതമാനത്തോളം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. കൂടാതെ നാല് കുടിവെള്ള പദ്ധതികളുടെ ഘടകങ്ങളും പൂർത്തിയായിക്കഴിഞ്ഞു. മറ്റുള്ളവ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന്റെ മുന്നോടിയായുള്ള സ്ഥലമെടുപ്പ്, ടെണ്ടർ എന്നീ ഘട്ടങ്ങളിലാണ്.

**കൂടംകുളം-മാടക്കത്തറ പവർ ഹൈവേ**

10(*38) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളം-മാടക്കത്തറ പവർ ഹൈവേയുടെ ഭാഗമായ ഇടമൺ-കൊച്ചി പ്രസരണ ലൈൻ പൂർത്തീകരിക്കാനായി ഈ സർക്കാർ നടത്തിയ പ്രവർത്തനം വിശദമാക്കാമോ; ഈ സർക്കാർ അധികാരത്തിലെത്തിയ സമയത്ത് ഈ പ്രസരണ ലൈനിന്റെ പണി എത്ര ഭാഗം പൂർത്തിയായിരുന്നു;

(ബി) ഈ ബൃഹദ്പദ്ധതി കൊണ്ടുള്ള നേട്ടം എന്തൊക്കെയാണ്; ഈ ലൈൻ ഉപയോഗിക്കുന്നത് വഴി പ്രസരണ നഷ്ടത്തിൽ എത്ര കുറവുണ്ടാകാനിടയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) വൈദ്യുതി നഷ്ടം കുറയ്ക്കുന്നതിനും തടസ്സരഹിതമായി ഇതര സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി എത്തിക്കുന്നതിനും പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ട്രാൻസ് ഗ്രിഡ് 2.0-ന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ നിർമ്മിക്കുന്ന ഇടമൺ-കൊച്ചി ലൈനിന് 29-8-2005-ൽ പ്രവർത്തനാനുമതി ലഭിക്കുകയും 2008 മാർച്ചിൽ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കിയതുമാണ്.

2010-ൽ നിർമ്മാണം പൂർത്തിയാക്കേണ്ടിയിരുന്ന പദ്ധതിയുടെ സർവ്വേയും നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരവേ ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ശക്തമായ എതിർപ്പും തുടർന്നുണ്ടായ ആക്ഷൻ കൗൺസിലിന്റെ സമരങ്ങളും പദ്ധതിയെ പ്രതിസന്ധിയിലാക്കി. പൂർണ്ണമായും തടസ്സപ്പെട്ട ജോലികൾ 2011-ൽ നിർത്തിവയ്ക്കുമ്പോൾ 36% ഫൗണ്ടേഷൻ ജോലികളും 20% ടവർ ഇറക്ഷനും 7% ലൈൻ വലിക്കലുമാണ് പൂർത്തിയായിരുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ ലൈൻ നിർമ്മാണത്തിന്റെ അത്യാവശ്യവും ഇതുകൊണ്ടുള്ള നേട്ടങ്ങളും പരിഗണിച്ച് തുടക്കം മുതൽ ഇതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ ശ്രമങ്ങൾ ഉണ്ടാവുകയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മന്ത്രിമാർ, ജനപ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, സമരസമിതി പ്രതിനിധികൾ എന്നിവർ നടത്തിയ കൂടിയാലോചനകൾക്കും ചർച്ചകൾക്കുംശേഷം പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും 9-3-2017-ൽ നിർമ്മാണ ജോലികൾ പൂർണ്ണതോതിൽ പുനരാരംഭിക്കുകയും ചെയ്തു. പദ്ധതിയുടെ 644 മീ. ലൈൻ നിർമ്മാണവും ഒരു ലൊക്കേഷനിലെ ടവർ ഇറക്ഷനും ഒഴികെ മുഴുവൻ ജോലികളും ഇതിനകം പൂർത്തിയായിട്ടുണ്ട്. ഫൗണ്ടേഷൻ പൂർത്തിയായ എറണാകുളം ജില്ലയിലെ ലൊക്കേഷൻ 291/0-ലെ ടവർ ഇറക്ഷൻ ഹൈക്കോടതി കേസ് തീർപ്പാകുന്ന മുറയ്ക്ക് പൂർത്തിയാക്കി ലൈൻ കമ്മീഷൻ ചെയ്യുവാൻ സാധിക്കുന്നതാണ്. നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നഷ്ടപരിഹാര വിതരണവും നടന്നുവരുന്നു.

(ബി) <u>പദ്ധതിയുടെ നേട്ടങ്ങൾ</u>

1. സംസ്ഥാനത്തെ ആദ്യത്തെ 400 കെ.വി. പവർ ഹൈവേയായ തിരുനെൽവേലി-കൊച്ചി-തൃശ്ശൂർ-ഉദുമൽപ്പെട്ട് ലൈൻ യാഥാർത്ഥ്യമാകുന്നു.
2. വൈദ്യുതി ഇറക്കുമതി ചെയ്യുന്നതിനുള്ള ശേഷി വർദ്ധിക്കും.
3. കേന്ദ്ര വിഹിതം മുഴുവനായും കൃത്യതയോടെ ഉപയോഗപ്പെടുത്താൻ സാധിക്കും.
4. ഇതുമൂലം ലൈൻ ലഭ്യത ഉറപ്പാവുകയും അറ്റകുറ്റപ്പണി വേണ്ടി വരുമ്പോൾ വൈദ്യുതി തടസ്സമില്ലാതെ ലഭ്യമാക്കുവാനും സാധിക്കും.
5. കേരള-തമിഴ്നാട് മേഖലയിലെ ലൈനുകളിലുള്ള പവർ തിരക്ക് കുറയ്ക്കുവാൻ സാധിക്കും.

6. പ്രസരണനഷ്ടം വലിയതോതിൽ കുറയുകയും മെച്ചപ്പെട്ട വോൾട്ടേജിൽ പ്രസരണ-വിതരണം സാധ്യമാവുകയും ചെയ്യും.

7. കുറഞ്ഞ ചെലവിൽ ദീർഘകാല അടിസ്ഥാനത്തിൽ വൈദ്യുതി എത്തിക്കാൻ സാധിക്കും.

8. സംസ്ഥാനത്തിന്റെ പ്രസരണ ശൃംഖല വികസിപ്പിക്കുന്നതിനായി നിർദ്ദിഷ്ട 400 കെ.വി. സബ്സ്റ്റേഷനുകളായ കോട്ടയം, ഇടമൺ എന്നിവ നിർമ്മിക്കാൻ സാധിക്കും. കൂടാതെ മാടക്കത്തറ- കോഴിക്കോട് 400 കെ.വി. ലൈൻ പൂർത്തീകരിക്കുന്നതോടെ മലബാർ മേഖലയിൽ വൈദ്യുതി ലഭ്യത കൂടുകയും ചെയ്യും.

9. കൂടംകുളത്തുനിന്നും ലഭിക്കുന്ന 266 മെഗാവാട്ട് വൈദ്യുതി ഉദുമൽപ്പെട്ട് വഴി കേരളത്തിലേയ്ക്ക് എത്തുമ്പോൾ ഏകദേശം 20 മെഗാവാട്ട് (വർഷം 102 ദശലക്ഷം യൂണിറ്റ്) പ്രസരണ നഷ്ടം ഉണ്ടാകുന്നതായി ലോഡ് ഫ്ലോ സ്റ്റഡി പ്രകാരം കണക്കാക്കിയിട്ടുണ്ട്.

(സി) 400 കെ.വി. നിലവാരത്തിലുള്ള പ്രസരണ ശൃംഖല കേരളത്തിലുടനീളം സ്ഥാപിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും പുഗലൂർ-മാടക്കത്തറ 2000MW HVDC ഇടനാഴിയുടെ അനുമതി ലഭിച്ചതിന്റെ ഭാഗമായുള്ള വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനും CEA-യുടെ planning നിലവാരമനുസരിച്ചുള്ള പ്രസരണശൃംഖല സംസ്ഥാനത്ത് നിർമ്മിക്കുന്നതിനുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആകെ 10000 കോടി രൂപയുടെ ജോലികളാണ് ട്രാൻസ്ഗ്രിഡ് 2.0-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയിൽ 400 കെ.വി.-യുടെ 507 സർക്യൂട്ട് കി.മീ.ലൈനും 220 കെ.വി.-യുടെ 1965 സർക്യൂട്ട് കി.മീ. ലൈനും 110 കെ.വി.-യുടെ 2009 സർക്യൂട്ട് കി.മീ.ലൈനും ഉൾപ്പെടുന്നു.

കേരള സർക്കാർ സംരംഭമായ KIIFB വഴി ഈ പദ്ധതിക്കുള്ള ഫണ്ട് സ്വരൂപിക്കാൻ ഉത്തരവാകുകയും 5200 കോടിക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പദ്ധതി വിവിധ ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. 4745.77 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒന്നാംഘട്ട പദ്ധതി 2021-ഓടെയും 1630 കോടി രൂപയുടെ രണ്ടാംഘട്ട പദ്ധതി 2024-ഓടെയും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഒന്നാംഘട്ട പദ്ധതിയിൽ 5 സബ്സ്റ്റേഷൻ പാക്കേജുകളും 9 ലൈൻ പാക്കേജുകളും നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇതിൽ മലപ്പുറം-മഞ്ചേരി ലൈൻ പാക്കേജിന്റെ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. രണ്ട് പദ്ധതികൾക്ക് - ഏറനാട് ലൈൻ പാക്കേജിനും

HLTS ലൈൻ പാക്കേജിനും കേന്ദ്ര ഏജൻസിയായ PSDF വഴിയാണ് ഫണ്ടിംഗ്. PSDF-ൽ നിന്നും ഈ രണ്ട് പദ്ധതികൾക്കായി ഏകദേശം 400 കോടി രൂപ ഗ്രാന്റായി അനുവദിച്ച് കിട്ടിയിട്ടുണ്ട്. ഈ പദ്ധതികൾ M/s Sterlite Power Transmission Ltd, Pune ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

കൊച്ചി ലൈൻ പാക്കേജിന്റെ OH ഭാഗം M/s.L&T Ltd, Chennai-യും കേബിൾ ഭാഗം M/s.KEI Industries Limited-ഉം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. North South Interlink package, Kottayam Lines Package, Thrissivaperur Line Package, North Malabar Lines Package, Kolathunadu Line Strengthening Package തുടങ്ങിയ 5 ലൈൻ പാക്കേജുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു. സബ്സ്റ്റേഷൻ പാക്കേജുകളായ AIS Package 1-ന്റെയും (കോതമംഗലം, ചിത്തിരപുരം, മഞ്ചേരി, ചാലക്കുടി 220 കെ.വി. സബ്സ്റ്റേഷനുകൾ) M/s. Siemens India Ltd വഴിയും GIS Package-ന്റെയും (ആലുവ, കലൂർ, കുന്നമംഗലം 220 കെ.വി. സബ്സ്റ്റേഷൻ) M/s. GE T&D വഴിയും പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മറ്റ് 3 സബ്സ്റ്റേഷൻ പാക്കേജുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

**കേരള ബാങ്ക് രൂപീകരണം**

11(*39) ശ്രീ. എം. മുകേഷ്:
ശ്രീ. എസ്. ശർമ്മ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നവലിബറൽ നയത്തിന്റെ ഫലമായി ധനമൂലധന ശക്തികളുടെയും വൻകിടക്കാരുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന രീതിയിൽ പൊതുമേഖലാ ബാങ്കുകൾ ഉൾപ്പെടെയുള്ള വാണിജ്യബാങ്കുകൾ മാറിയിരിക്കുന്നതിന് ബദലായി സമൂഹതാല്പര്യം സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിക്കുന്ന കേരള ബാങ്കിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) നിക്ഷിപ്ത താല്പര്യക്കാരുടെ അട്ടിമറിശ്രമം അതിജീവിച്ചുകൊണ്ട് ജില്ലാ ബാങ്കുകളുടെ ലയനം പൂർത്തീകരിക്കാൻ സാധ്യമായിട്ടുണ്ടോ;

(സി) ജീവനക്കാരുടെ പുനർവിന്യാസവും സോഫ്റ്റ്‌വെയർ ഇന്റഗ്രേഷനും നടപ്പാക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ഡി) മുൻ ഭരണസമിതിയുടെ കാലത്ത് അഴിമതിയും ക്രമക്കേടും കൊണ്ട് നഷ്ടത്തിലായിരുന്ന സംസ്ഥാന സഹകരണ ബാങ്കിന് നിലവിൽ ലാഭം നേടാനായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) കേരള ബാങ്ക് രൂപീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിക്കാൻ തത്വത്തിൽ അനുമതി നൽകിയ അവസരത്തിൽ റിസർവ് ബാങ്ക് മുന്നോട്ട് വച്ചിരുന്ന നിബന്ധനകളിൽ ലയനത്തിന് മുന്നേ പൂർത്തീകരിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിക്കായി അപേക്ഷ നബാർഡ് മുഖാന്തരം റിസർവ് ബാങ്കിന് സമർപ്പിച്ചു. മലപ്പുറം ജില്ലാ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കിലേയ്ക്ക് തങ്ങളുടെ ആസ്തി ബാധ്യതകൾ മാറ്റുന്നതിനുള്ള പ്രമേയം നിലവിലെ സഹകരണ നിയമപ്രകാരം പാസ്സാക്കിയിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലാ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കിലേയ്ക്ക് തങ്ങളുടെ ആസ്തി ബാധ്യതകൾ മാറ്റുന്നതിനുള്ള പ്രമേയം നിലവിലെ സഹകരണ നിയമപ്രകാരം പാസ്സാക്കിയിട്ടുണ്ട്.

(സി) ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. സോഫ്റ്റ്‌വെയർ ഇന്റഗ്രേഷനുവേണ്ടി ഏജൻസിയെ നിയമിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയാണ്.

(ഡി) സംസ്ഥാന സഹകരണ ബാങ്ക് കഴിഞ്ഞ മൂന്ന് വർഷങ്ങളായി മികച്ച പ്രവർത്തന ലാഭത്തിലും നിലവിൽ സഞ്ചിതനഷ്ടം പൂർണ്ണമായും നികത്തി അറ്റലാഭത്തിലുമാണ്.

**സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി**

12(*40) ശ്രീ. കെ. എം. ഷാജി:
ശ്രീ. കെ. എൻ. എ. ഖാദർ:
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ സൗരപദ്ധതിയുടെ ഭാഗമായി ഗാർഹിക ടെറസുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനായി നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) രജിസ്ട്രേഷൻ അവസാനിച്ചതിനുശേഷം ആവശ്യമായ സാധ്യതാപഠനങ്ങൾ നടത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി എന്നത്തേക്ക് നിലവിൽ വരുമെന്ന് അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സൗര പദ്ധതിയുടെ ഭാഗമായി രജിസ്റ്റർ ചെയ്ത 278258 ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനത്തിന്റെ ഭാഗമായ സൈറ്റ് സർവ്വേ (Site Survey) പുരോഗമിച്ചുവരുന്നു. 190472 സ്ഥലങ്ങളുടെ സർവ്വേ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടിക്രമങ്ങളും അവസാന ഘട്ടത്തിലാണ്.

(ബി) ഉണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെ സ്റ്റേറ്റ് നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. സ്റ്റേറ്റ് നോഡൽ ഓഫീസറുടെ ഓഫീസ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തിരുവനന്തപുരം വൈദ്യുതി ഭവനിൽ പ്രവർത്തിച്ചുവരുന്നു.

(സി) രജിസ്റ്റർ ചെയ്ത മുഴുവൻ ഉപഭോക്താക്കളുടേയും പുരപ്പുറം പരിശോധിച്ച് സാധ്യതാപഠനം നടത്തുന്നതിനായി സോളാർ കോ-ഓർഡിനേറ്റർമാരെ പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. സാധ്യതാ പഠനത്തിന്റെ ഭാഗമായ സൈറ്റ് സർവ്വേ നടന്നുവരുന്നു. ആവശ്യമായ സാധ്യതാ പഠനത്തിനുശേഷം യോഗ്യമായ പുരപ്പുറങ്ങൾ തെരഞ്ഞെടുക്കുകയും ഇതേ തുടർന്ന് ആദ്യഘട്ടമായി 200 മെഗാവാട്ട് പുരപ്പുറ സോളാർ പാനലുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. 2020 മാർച്ച് മാസത്തിനകം 200 മെഗാവാട്ട് പുരപ്പുറ സോളാർ പ്ലാന്റ് സ്ഥാപിക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് ലക്ഷ്യമിട്ടിരിക്കുകയാണ്.

### പരമ്പരാഗത വ്യവസായമേഖലയുടെ പുനരുജ്ജീവനം

13(*41) ശ്രീ. കെ. ബാബു:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ കാലത്ത് തകർച്ച നേരിട്ടിരുന്ന പരമ്പരാഗത വ്യവസായമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്കൂൾ കുട്ടികൾക്ക് സൗജന്യ കൈത്തറി യൂണിഫോം നൽകുന്ന പദ്ധതി പരമ്പരാഗത നെയ്ത്ത് മേഖലയെ സംരക്ഷിക്കുന്നതിന് എത്രത്തോളം പ്രയോജനപ്രദമായെന്ന് അറിയിക്കാമോ;

(സി) റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിച്ച കൊണ്ട് ഖാദി വസ്ത്രങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോ;

(ഡി) ഖാദി തൊഴിലാളികളുടെ മിനിമം വേതനകുടിശ്ശിക നൽകിയതുൾപ്പെ ടെയുള്ള നടപടികളിലൂടെ ഖാദി വ്യവസായ മേഖലയുടെ പ്രോത്സാഹനത്തിനും നവീകരണത്തിനുമായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാൻ): (എ) കേരളത്തിലെ പരമ്പരാഗത കരകൗശല മേഖലയുടെ പരിപോഷണത്തിനായി ബഹുമുഖ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കിവരുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാനതല സ്ഥാപനങ്ങളായ കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കേരള സംസ്ഥാന കരകൗശല അപ്പെക്സ് സഹകരണ സംഘം, കേരള സംസ്ഥാന ആർട്ടിസാൻസ് വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പനയുൽപ്പന്ന വികസന ക്ഷേമ കോർപ്പറേഷൻ, കേരള സംസ്ഥാന മുള വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ബാംബൂ മിഷൻ എന്നിവ മുഖേന വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു. വർഷാവർഷങ്ങളിൽ ബഡ്ജറ്റ് വിഹിതത്തിലൂടെ അനുവദിക്കുന്ന തുക ഉപയോഗിച്ചുകൊണ്ട് പ്രസ്തുത ഏജൻസികൾവഴി കരകൗശല തൊഴിലാളികൾക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ സംഭരിച്ച് നൽകുക, നൈപുണ്യ വികസന പരിശീലനങ്ങൾ നൽകുക, ഉൽപ്പന്നങ്ങൾ സംഭരിച്ച വിപണനം നടത്തുക, വിപണനത്തിനായി സ്ഥിരം സംവിധാനങ്ങൾ നിലനിർത്തുകയും വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിച്ച് വിപണികൾ കണ്ടെത്തുക എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ കരകൗശല മേഖലയിൽ സ്വകാര്യ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'ആഷ' എന്ന ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം പുതുതായി ആരംഭിക്കുന്ന കരകൗശല സംരംഭങ്ങൾക്ക് മുൻഗണനാടിസ്ഥാനത്തിൽ സ്ഥിരനിക്ഷേപത്തിന്റെ 50%തുക വരെ ഗ്രാന്റ് ആയി നൽകുന്നു. കേരളത്തിലെ മറ്റൊരു പരമ്പരാഗത വ്യവസായമായ കളിമൺ പാത്രമേഖലയെ പുഷ്ടിപ്പെടുത്തുന്നതിന് കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. മാത്രമല്ല സംസ്ഥാനവ്യാപകമായി കളിമണ്ണ് ഉൾപ്പെടെ വിതരണം ചെയ്യുന്നതിന് റോമെറ്റീരിയൽ ബാങ്ക് സഹകരണ നിയമപ്രകാരം വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ബീഡി നിർമ്മാണ മേഖലയിലെ കേന്ദ്ര സഹകരണ സംഘമായ കേരള ദിനേശ് ബീഡി കേന്ദ്ര സഹകരണ സംഘവുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ ബീഡിത്തൊഴിലാളികൾക്ക് സമാശ്വാസ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കേരള ദിനേശ് ബീഡി കേന്ദ്ര സംഘം, വിൽപ്പന നികുതിയായി സർക്കാരിലേയ്ക്ക് ഒടുക്കിയ നികുതിത്തുകയ്ക്ക് തുല്യമായ തുക തിരികെ നൽകിക്കൊണ്ട് പ്രസ്തുത മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്ന പ്രവർത്തനവും നടന്നുവരുന്നുണ്ട്.

കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ വിവിധ ക്രാഫ്റ്റുകളിലായി ഇതുവരെ 1350 കരകൗശല തൊഴിലാളികൾക്ക് സൗജന്യമായി ടൂൾ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി 9 ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ പൂർത്തിയാക്കി. ഈ പരിപാടിയിലൂടെ 270 ആർട്ടിസാൻമാർക്ക് പരിശീലനം നൽകുകയും 110 പുതിയ പ്രോട്ടോടൈപ്പുകൾ നിർമ്മിക്കുകയും ചെയ്തു. കരകൗശല മേഖലയുടെ പുരോഗതിക്കായി വിവിധ സ്ഥലങ്ങളിലായി 43 എക്സിബിഷനുകൾ, 13 ക്രാഫ്റ്റ് ബസാറുകൾ എന്നിവയും സംഘടിപ്പിച്ചു. 3500-ഓളം ആർട്ടിസാൻമാർക്ക് ഇതിലൂടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കരകൗശല മേഖലയെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനായി വിവിധ ജില്ലകളിലായി 24 ക്രാഫ്റ്റ് അവയർനെസ്സ് പ്രോഗ്രാമുകൾ ഇതിനോടകം സംഘടിപ്പിച്ചുകഴിഞ്ഞു. 2500 പേർ ഇതിൽ പങ്കെടുത്തു. കേരളത്തിലെ കരകൗശല മേഖലയുടെ പ്രാധാന്യവും, കൂടാതെ കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങളും പൊതുജനങ്ങളിൽ എത്തിക്കുന്നതിനും പൊതുജനങ്ങളിൽ കരകൗശലമേഖല യെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ഹ്രസ്വചിത്രത്തിന്റെ നിർമ്മാണം പൂർത്തിയായി. ഓൺലൈൻ വ്യാപാരത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ Kairali Handi Craft എന്ന പേരിൽ ആമസോൺ, ഫ്ളിപ്കാർട്ട് എന്നീ ഇ-കോമേഴ്സ് പോർട്ടലുകളിൽ ഓൺലൈൻ സ്റ്റോറുകൾ ആരംഭിച്ചു. കൂടാതെ കോർപ്പറേഷൻ സ്വന്തമായി ഇ-കോമേഴ്സ് വെബ്സൈറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കരകൗശല മേഖലയെ ടൂറിസവുമായി കോർത്തിണക്കിക്കൊണ്ട് പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും വൻകിട ഹോട്ടലുകളിലും ഡിസ്പ്ലേ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

ഈ സർക്കാർ അധികാരത്തിലെത്തിയ കാലത്ത് തകർച്ച നേരിടുന്ന പരമ്പരാഗത കരകൗശല മേഖലയെ പുനരുജ്ജീവിപ്പിക്കാനായി ഇൻകം ജനറേഷൻ ഇൻ ട്രഡീഷണൽ സെക്ടർ എന്ന പദ്ധതിപ്രകാരം സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ കരകൗശല ശിൽപ്പികൾക്കുള്ള പരിശീലന

പദ്ധതി സുരഭി മുഖാന്തിരം വിവിധ സൊസൈറ്റികളിൽ പൂർത്തീകരിക്കുകയും അതുപ്രകാരം പ്രത്യക്ഷത്തിൽ 700 ആർട്ടിസാൻമാർക്ക് പരിശീലനം ലഭിക്കുകയും 3500-ലധികം പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു. ഇവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സുരഭിയുടെ ഷോറും, എക്സിബിഷൻ എന്നിവ വഴി വിറ്റഴിച്ചുവരുന്നു. പരമ്പരാഗത കരകൗശല ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത വർദ്ധിപ്പിക്കുവാൻ സുരഭി നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സുരഭിയുടെ ക്രാഫ്റ്റ് ഡെവലപ്മെന്റ് സെന്ററിൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും പരിശീലനം നൽകുന്നതിനും 7 ഡിസൈൻ ഡെവലപ്മെന്റ് വർക്ക്ഷോപ്പും ട്രെയിനിംഗും നടപ്പിലാക്കിയിട്ടുണ്ട്.

ഇരുമ്പ് പണിയിലും മരപ്പണിയിലും ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാന്മാർക്ക് നൂതന സാങ്കേതിക വിദ്യയും ആധുനിക മെഷിനറികളും ഉപയോഗപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പൊതുസേവന കേന്ദ്രങ്ങൾ കാഡ്കോ സ്ഥാപിച്ചുവരുന്നു. കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി തറികളുടെ റിപ്പയർ, പുതിയ തറികളുടെ നിർമ്മാണം എന്നിവയും കാഡ്കോ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. സ്വർണ്ണ തൊഴിലാളികൾക്കായി TAG (Training for Appraise in Gold) എന്ന പരിശീലന പരിപാടി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വസ്ത്രഗ്രാമം പദ്ധതിയിലൂടെ വനിതകൾക്ക് പരിശീലനം നൽകി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഇവ കൂടാതെ ആധുനിക യന്ത്രസാമഗ്രികൾ ഉൾക്കൊള്ളിച്ചുകൊണ്ട് കോഴിക്കോട്, കൊല്ലം ജില്ലകളിൽ പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ പുതിയ പൊതുസേവന കേന്ദ്രം സ്ഥാപിക്കുന്നതിനായി സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ കൈത്തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർക്കായി NBCFDC മുഖേന കാഡ്കോ കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നുണ്ട്. 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ 5 മുതൽ 6 ശതമാനം വരെ കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നു. കൈത്തൊഴിൽ മേഖലയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ കാലതാമസം കൂടാതെ വിറ്റഴിക്കുന്നതിനായുള്ള സർവ്വീസ് ആൻഡ് സപ്ലൈ പദ്ധതികളും കാഡ്കോ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഈ സർക്കാർ അധികാരത്തിലെത്തിയ കാലത്ത് തകർച്ച നേരിട്ടിരുന്ന കെൽപാം എന്ന സ്ഥാപനത്തെ തകർച്ചയിൽ നിന്നും പുനർജ്ജീവിപ്പിക്കുന്നതിനായി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, പെറ്റ് ബോട്ടിൽ പ്ലാന്റ്, കല്ലേപ്പുള്ളി മോഡേൺ റൈസ് മിൽ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കൂടാതെ Financial Support towards margin money for working-ന് അനുവദിച്ച തുക

ഉപയോഗിച്ച് അസംസ്കൃത വസ്തുക്കൾ വാങ്ങി മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങൾ കൂടുതലായി ഉൽപ്പാദിപ്പിക്കാനും വിപണനം നടത്തി turn over വർദ്ധിപ്പിക്കാനും തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകാനും കഴിഞ്ഞു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാപ്പെക്സ് കശുവണ്ടി ഫാക്ടറികൾ എല്ലാംതന്നെ അടഞ്ഞുകിടക്കുകയായിരുന്നു. സർക്കാരിന്റെ നിരന്തരമായ ഇടപെടൽമൂലം കാപ്പെക്സ് ഫാക്ടറികൾ എല്ലാം 2016 ഓണത്തിനുമുൻപ് പ്രവർത്തനം ആരംഭിക്കുകയും ഇപ്പോഴും പ്രവർത്തിച്ചു വരുകയുമാണ്. കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരളാ കാഷ്യൂ ബോർഡ് എന്ന സ്ഥാപനം സർക്കാർ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇടനിലക്കാരില്ലാതെ ഗുണനിലവാരമുള്ള കശുവണ്ടി വിദേശത്തുനിന്നും നേരിട്ട് ഇറക്കുമതി ചെയ്ത് പൊതുമേഖലാ സ്ഥാപനങ്ങളിലും (കാപ്പെക്സ്, കെ.എസ്.സി.ഡി.സി.) സ്വകാര്യ മേഖലയിലും വിതരണം ചെയ്യുന്നതിനാണ് ഈ സ്ഥാപനം രൂപീകരിച്ചിട്ടുള്ളത്. ഗുണമേന്മയുള്ള കശുമാവിൻ തൈകൾ ഉൽപ്പാദിപ്പിച്ച്, കേരളത്തിലും സമീപ സംസ്ഥാനങ്ങളിലും വിതരണം ചെയ്ത് ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരളാ ഏജൻസി ഫോർ കൾട്ടിവേഷൻ എന്ന പൊതുമേഖലാ സ്ഥാപനം പ്രവർത്തിച്ചു വരുന്നു. കാപ്പെക്സും, കെ.എസ്.സി.ഡി.സി.-യും ഇപ്പോൾ ഗുണമേന്മയുള്ള കശുമാവിൻ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പെക്സിനെയും കെ.എസ്.സി.ഡി.സി.-യെയും സംരക്ഷിക്കുന്നതിനായി വർഷാവർഷം പദ്ധതി വിഹിതത്തിൽ മതിയായ തുക വകയിരുത്തി സർക്കാർ നൽകി വരികയാണ്. ആറളം ഫാമിൽ നിന്നും നേരിട്ട് തോട്ടണ്ടി സർക്കാർ ഇടപെടൽമൂലം വില നിശ്ചയിച്ച് കാപ്പെക്സിലും കെ.എസ്.സി.ഡി.സി.-യിലും വാങ്ങിയിട്ടുണ്ട്. പി.സി.കെ. (പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള)-യിൽ നിന്നും 2017-ൽ കാപ്പെക്സും കെ.എസ്.സി.ഡി.സി.-യും തോട്ടണ്ടി നേരിട്ട് സംഭരിച്ചു. 2018-ൽ ആറളം ഫാമിൽനിന്നും 2019-ൽ ആറളം ഫാം, PCK എന്നിവിടങ്ങളിൽ നിന്നും നാടൻ തോട്ടണ്ടി സംഭരിച്ചിട്ടുണ്ട്. 2016 കലണ്ടർ വർഷം ഈ സർക്കാർ വന്നതിനുശേഷം 70 ദിവസവും 2017-ൽ 153 ദിവസവും 2018-ൽ 181 ദിവസവും 2019 ഏപ്രിൽ 30 വരെ 49 ദിവസവും തൊഴിൽ ദിനങ്ങൾ നൽകുവാൻ സാധിച്ചു. 2019 മേയ് മാസം മുതൽ ഡിസംബർ വരെ തുടർച്ചയായി തൊഴിൽ നൽകുവാനുള്ള തോട്ടണ്ടി സംഭരിച്ചുകൊണ്ടിരിക്കുന്നു. ഇനി ഏകദേശം 160 ദിവസം തൊഴിൽ നൽകവാൻ സാധിക്കും. 2016-17 കാലയളവിൽ 14 കോടി രൂപ പദ്ധതി വിഹിതമായി നൽകിയിട്ടുണ്ട്.

കശുവണ്ടി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷൻ പരിപ്പിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ വിറ്റ, കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ്, ചോക്ലേറ്റ് ഉൽപ്പന്നങ്ങളായ ചോക്കോ കാജു, മിൽക്കി കാജു എന്നിവയും ഉൽപ്പാദിപ്പിച്ചുവരുന്നു. കശുവണ്ടി പരിപ്പ് ഉപയോഗിച്ച് ചിൽഡ്രൻസ് വിറ്റ എന്ന പുതിയ ഒരു മൂല്യവർദ്ധിത ഉൽപ്പന്നം കൂടി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. കശുമാങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ സോഡാ, കാഷ്യൂ പൈൻ ജാം എന്നിവയും 2018 വർഷം വിപണിയിൽ ഇറക്കിയിട്ടുള്ളതാണ്.

കശുവണ്ടി പരിപ്പിന്റേയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടേയും ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷൻ മാർക്കറ്റ് ഫെഡുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും മാർക്കറ്റ് ഫെഡ് വഴി കേരളത്തിനകത്തും പുറത്തും കശുവണ്ടി പരിപ്പ് വിറ്റഴിക്കുന്നതിനുള്ള വിപണി ശൃംഖല ആരംഭിച്ചിട്ടുള്ളതുമാണ്. ആഭ്യന്തര മാർക്കറ്റിലെ കശുവണ്ടി പരിപ്പിന്റെ വിപണനം ഇതിലൂടെ ഗണ്യമായ തരത്തിൽ മെച്ചപ്പെട്ടിട്ടുള്ളതാണ്. കൂടാതെ ഡിസ്ട്രിബ്യൂട്ടർമാർ, ഫ്രാഞ്ചൈസികൾ, ഗവൺമെന്റ് ഏജൻസികൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ മുഖാന്തരം കശുവണ്ടി പരിപ്പിന്റേയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും വിപണനം നടത്തിവരുന്നു. കശുവണ്ടിപ്പരിപ്പ് വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നതിനുള്ള നടപടികൾ ഈ കാലയളവിൽ പുനരാരംഭിച്ചിട്ടുള്ളതും കഴിഞ്ഞ 2 വർഷങ്ങളിലായ് ദുബായ്, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് 14 കണ്ടെയ്നർ കശുവണ്ടിപ്പരിപ്പ് കയറ്റി അയച്ചിട്ടുള്ളതുമാണ്.

കശുവണ്ടി പരിപ്പിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമുള്ള ദേശീയ പുരസ്കാരം സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 2017-18 വർഷം ലഭിച്ചിട്ടുണ്ട്. കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ ഡൽഹിയിൽ സംഘടിപ്പിച്ച 'കാജു ഇന്ത്യ 2019' ദേശീയ സെമിനാറിൽ മികച്ച കയറ്റുമതിക്കുള്ള ദേശീയ അവാർഡും ലഭിച്ചു.

കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുല്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉൽപ്പാദിപ്പിക്കുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളിലായി 5500-ഓളം കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിക്കും കശുവണ്ടി വികസന കോർപ്പറേഷൻ രൂപം നൽകിയിട്ടുള്ളതാണ്. 'മുറ്റത്തൊരു കശുമാവിൻ

തൈ' എന്ന പദ്ധതിയും കോർപ്പറേഷൻ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇപ്രകാരം കോർപ്പറേഷന്റെ കൊട്ടിയം, പുത്തൂർ, ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി എന്നീ ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് മാതൃകാ കശുമാവ് തോട്ടപദ്ധതിയിൽ ഉൾപ്പെടുത്തി അത്യുല്പാദന ശേഷിയുള്ള കശുമാവ് തൈകൾ കൃഷി ചെയ്തിട്ടുള്ളതാണ്. കോർപ്പറേഷൻ ഫാക്ടറികൾ അടഞ്ഞുകിടന്ന കാലയളവിൽ തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ പ്രത്യേക നിധിയിൽനിന്നും 2500 രൂപാ വീതം ധനസഹായം വിതരണം ചെയ്തിട്ടുള്ളതാണ്.

ബാംബൂ കോർപ്പറേഷൻ അംഗീകൃത ഈറ്റ-പനമ്പ് തൊഴിലാളികൾക്ക് 'മിനിമം വേജസ്' പദ്ധതി നടപ്പിലാക്കി. പനമ്പിന്റെ സംഭരണ വില പുതുക്കി നിശ്ചയിച്ചു, പനമ്പു നെയ്ത്ത് തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ' വിജയമായതോടെ അവയുടെ എണ്ണം വർദ്ധിപ്പിച്ചു. ഇതിന്റെ ഭാഗമായി മുണ്ടങ്ങാമറ്റം, തോട്ടകം, മഴവന്നൂർ എന്നിവിടങ്ങളിൽ സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ ആരംഭിച്ചു. ഈറ്റയിൽ നിന്നും അളി കീറി പനമ്പു നെയ്യേണ്ടി വരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾമൂലം ഈ മേഖലയിൽ നിന്നും മാറി നിൽക്കുന്ന തൊഴിലാളികളെ തിരിച്ചുകൊണ്ടുവരുന്നതിനായി അത്തരക്കാർക്ക് ആവശ്യാനുസരണം പനമ്പ് നെയ്യുവാൻ വേണ്ട അളി വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ സ്ലീവറിംഗ് യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. ഈറ്റ-പനമ്പ് തൊഴിലാളികൾക്ക് കോർപ്പറേഷൻ നൽകിയിരുന്ന ചികിത്സ/മരണാനന്തര ആനുകൂല്യങ്ങൾ നിലനിർത്തികൊണ്ടുതന്നെ നിലവിലുണ്ടായിരുന്ന ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ പരിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിവരുന്നു. കോർപ്പറേഷന്റെ ഉൽപ്പന്നങ്ങളായ ഫ്ളാറ്റൻഡ് ബാംബൂ ബോർഡ്, ബാംബൂ ഫ്ളോറിംഗ് ടൈൽസ് എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുവായ ബാംബൂ സ്ട്രിപ്പ് നിർമ്മിക്കുന്നതിനുവേണ്ടി പാലക്കാട്, മാനന്തവാടി, നാദാപുരം എന്നിവിടങ്ങളിലെ ഫീഡർ യൂണിറ്റുകൾ പുനഃക്രമീകരിച്ചു. പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് കോർപ്പറേഷൻ ബാംബൂ കർട്ടനുകൾ, ടൂത്ത് പിക്ക്, കർട്ടൻ ബ്ലിൻഡ്സ്, ഇൻസെൻസ് സ്റ്റിക്സ്, ബാംബൂ സ്ട്രിപ്സ് തുടങ്ങിയ മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ പരമ്പരാഗത തൊഴിലുമായി ബന്ധപ്പെട്ടുള്ള ഗോത്രവർഗ്ഗക്കാർക്ക് പനമ്പ് നെയ്യുന്നതിന് ഒരു സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രം തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കയർ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് 'കയർ രണ്ടാം പുനഃസംഘടന' രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ചകിരി ഉൽപ്പാദനമേഖലയിലും കയർപിരി മേഖലയിലും യന്ത്രവൽക്കരണം നടപ്പിലാക്കിവരുന്നു.

കേരളത്തിലെ പരമ്പരാഗത ഗ്രാമ വ്യവസായ മേഖലകളിലൊന്നായ മുള മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ദ്ധരുടേയും സംരംഭകരുടെയും ജീവിത നിലവാരം ഉയർത്തി അവരെ പുരോഗമനപാതയിലേയ്ക്ക് നയിക്കുന്നതിനുംവേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ പ്രവർത്തിച്ചുവരുന്നു. ഈ സർക്കാർ വന്നതിനുശേഷം മുള മേഖലയിലെ വിപണന വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ മുള ഉൽപ്പന്ന നിർമ്മാണ പരിശീലന പരിപാടി, മുള ഉൽപ്പന്ന നിർമ്മാണത്തിനാവശ്യമായ യന്ത്രോപകരണങ്ങളുടെ വിതരണം, ബാംബൂ ഇന്നവേഷൻ സെന്ററിന്റെ രൂപീകരണം, ദേശീയ/അന്തർദ്ദേശീയ മേളകളിൽ കരകൗശല വിദഗ്ദ്ധരെ പങ്കെടുപ്പിക്കുക, വാർഷിക മേളയായ ബാംബൂ ഫെസ്റ്റ്, ബാംബൂ സപ്ലൈ ചെയിൻ രൂപീകരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

കേരളത്തിലെ കരകൗശല മേഖലയുടെ പുനരുദ്ധാരണത്തിനും നിലനിൽപ്പിനും വേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ കരകൗശല മേഖലയെ ശക്തിപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, ഈ മേഖലയിലുള്ള വിദഗ്ദ്ധരുമായി സമ്പർക്കം പുലർത്തുക, കരകൗശലക്കാർക്ക് ഉപഭോക്താക്കളുമായി നേരിട്ട് ഇടപഴകുവാനുള്ള അവസരം ഒരുക്കിക്കൊടുക്കുക, കേരളത്തിലെ പരമ്പരാഗതമായ കരകൗശല/ കൈത്തറി ഉൽപ്പന്നങ്ങൾ പ്രചരിപ്പിക്കുക, വിദേശികൾക്കും സ്വദേശികൾക്കും പരമ്പരാഗത കരകൗശല ഉൽപ്പന്നങ്ങൾ കേരളത്തിന്റെ തനിമയോടെ പ്രദർശിപ്പിക്കുവാനുള്ള ഒരു വേദി ഒരുക്കുക, സന്ദർശകർക്കും ഉപഭോക്താക്കൾക്കും സ്ഥാപനങ്ങൾക്കും കേരളത്തിലെ കരകൗശലക്കാരുടെ സാങ്കേതിക മികവും കഴിവും പ്രദർശിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് ഈ മേള സംഘടിപ്പിക്കുന്നത്. പ്രസ്തുത ക്രാഫ്റ്റ്സ് മേള, കേരളത്തിലെ തനതായ കരകൗശല വസ്തുക്കൾ, കൈത്തറി വസ്ത്രങ്ങൾ, കലാരൂപങ്ങൾ എല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു മേളയാണ്. ഈ മേഖലയിലെ കരകൗശലക്കാർ/ശിൽപ്പികൾ എന്നിവരെ ഒരുമിച്ച് കൊണ്ടുവരുവാനും അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാനുള്ള ഒരവസരം ഈ മേള ഒരുക്കി കൊടുക്കുന്നുണ്ട്. 2018 ജനുവരി 16 മുതൽ 30 വരെ പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിലും 2019 ഫെബ്രുവരി 24 മുതൽ മാർച്ച് 9 വരെ കണ്ണൂർ പോലീസ് മൈതാനത്തും മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചു.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉൽപ്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉൽപ്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത് (നൂല്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 പൈസയും), ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ, അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉൽപ്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി ഖാദി ഗ്രാമം പദ്ധതി എന്നിവയും നടപ്പിലാക്കി. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കുപകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം എന്നിവ നടപ്പിലാക്കി. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചുനൽകുന്നു. ഇതിനുപുറമേ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണ് 'സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി' ഈ പദ്ധതി നടപ്പിലാക്കിയതിനുശേഷം ഏകദേശം 5000-ത്തിലധികം നെയ്ത്ത് തൊഴിലാളികളും അതിലിരട്ടിയോളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ പൂട്ടിക്കിടന്നിരുന്ന പല സംഘങ്ങളും പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചു. പദ്ധതിയുടെ ഭാഗമായി ആരംഭ ഘട്ടത്തിൽ തറി റിപ്പെയറിംഗിനും മറ്റ് ചെലവുകൾക്കുമായി ഓരോ തറികൾക്കും 4000 രൂപ വീതം നൽകിയിട്ടുണ്ട്. ഈ പദ്ധതി നിലവിൽ വന്നതിനുശേഷം ഇതുവരെ 100 കോടിയോളം രൂപ കൂലിയിനത്തിൽ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൈത്തറി നെയ്ത്ത് വ്യവസായ രംഗത്ത് തൊഴിൽരഹിതരായ

യുവജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ് 'യുവ വീവ് പദ്ധതി'. 18-നും 40-നും മദ്ധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഇതുവരെ 8 ജില്ലകളിലായി 15 ബാച്ചുകളിലായി ആകെ 300 പേർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിയ 'ഒരു വീട്ടിൽ ഒരു തറി' പദ്ധതി പ്രകാരം നെയ്ത്ത് അറിയാവുന്നതും എന്നാൽ തറികൾ ഇല്ലാത്തതും വീടിനോട് അനുബന്ധിച്ച് പണിശാല ഉള്ളതുമായ വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതു പണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും ഒരു തറിയുടെ വിലയുടെ 75% തുകയായ പരമാവധി 40,000 രൂപ സർക്കാർ ധനസഹായമായും ബാക്കി 25% തുക ഗുണഭോക്തൃ വിഹിതമായും വഹിക്കുന്ന രീതിയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൈത്തറി ഉൽപ്പന്നങ്ങൾ ഗുണമേന്മ ഉറപ്പാക്കി ജനങ്ങൾക്ക് നൽകാൻ കഴിയുന്ന തരത്തിൽ നെയ്ത്ത് തൊഴിലാളികളെ ഉപയോഗപ്പെടുത്തി ആധുനിക ഡിസൈനിൽ ഹാന്റക്സ് വഴി പ്രാവർത്തികമാക്കുന്ന പദ്ധതിയാണ് ഹാന്റക്സ് 'കൈത്തറി സുരക്ഷാ' പദ്ധതി.

കേരളത്തിലെ കൈത്തറി ഉല്പന്നങ്ങൾക്ക് ബ്രാൻഡിംഗ് നൽകുന്നതിനായി National Institute of Fashion Technology (NIFT)-മായി ചേർന്ന് പദ്ധതി നടപ്പിലാക്കിവരുന്നു.IIHT, Hantex, Hanveev, NIFT എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ ബ്രാൻഡിംഗ് പ്രവർത്തനങ്ങൾ നടന്നുവരുന്നു. നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി (Production Incentive) പ്രകാരം 2016-17 വർഷത്തിൽ 311.72 ലക്ഷം രൂപയും 2017-18 വർഷത്തിൽ 860.36 ലക്ഷം രൂപയും 2018-19 വർഷത്തിൽ 500 ലക്ഷം രൂപയും അർഹരായ ഗുണഭോക്താക്കൾക്ക് നൽകി.

കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉൽപ്പാദനയൂണിറ്റുകൾ തുടങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് 'സ്വയം തൊഴിൽ സംരംഭം'. ഈ പദ്ധതി പ്രകാരം സംരംഭം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയുടെ അടിസ്ഥാനത്തിൽ പദ്ധതി രൂപരേഖയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 4 ലക്ഷം രൂപയും പ്രവർത്തന മൂലധന നിക്ഷേപത്തിന്റെ 30% പരമാവധി 1,50,000 രൂപയും സർക്കാർ ഗ്രാന്റായി

നൽകിവരുന്നു. സംരംഭകത്വ അഭിരുചിയുള്ള യുവതീയുവാക്കളാണ് ഇതിന്റെ ഗുണഭോക്താക്കൾ. 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആരംഭിച്ച സംരംഭങ്ങളിൽ ഏകദേശം 200-ലധികം പുതിയ നെയ്ത്തുകാർ ഈ പരമ്പരാഗത മേഖലയിൽ തൊഴിൽ നേടിയിട്ടുണ്ട്.

പ്രാഥമിക കൈത്തറി സംഘങ്ങളുടെ പ്രവർത്തനങ്ങളുടെ പ്രവർത്തനമികവ് അവലോകനം ചെയ്തുകൊണ്ട് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന കൈത്തറി സഹകരണ സംഘങ്ങൾക്ക് പ്രോൽസാഹനം നൽകുകവഴി ആരോഗ്യകരമായ മത്സരവും പുരോഗതിയും ആ രംഗത്ത് കൈവരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണ് പ്രാഥമിക നെയ്ത്തു സംഘങ്ങൾക്കുള്ള അവാർഡ് പദ്ധതി. 2017-18 വർഷം സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കിയ ഈ പദ്ധതി വഴി 3 കൈത്തറി സംഘങ്ങൾക്ക് സംസ്ഥാനതല അവാർഡുകളും 10 കൈത്തറി സംഘങ്ങൾക്ക് ജില്ലാതല അവാർഡുകളും നൽകുകയുണ്ടായി. സംസ്ഥാന തലത്തിൽ അവാർഡ് തുക 1 ലക്ഷം രൂപ വീതവും ജില്ലാതലത്തിൽ 50,000 രൂപ വീതവും വിതരണം ചെയ്യുകയുണ്ടായി. കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്ന നെയ്ത്തുകാർ, അനുബന്ധ തൊഴിലാളികൾ അവരുടെ കുടുംബാംഗങ്ങൾ എന്നിവരുടെ ഒത്തുചേരലിനും മാനസികോല്ലാസത്തിനും ക്രിയാത്മകമായ വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ആദ്യമായി 2017-18-ൽ നടപ്പിലാക്കിയ പദ്ധതിയാണ് Weaver's Fest.

മഹാത്മാഗാന്ധി ബങ്കാർ ബീമാ യോജന എന്ന ഇൻഷ്വറൻസ് പദ്ധതിയിൽ ഒരു നെയ്ത്തുകാരന്റെ വാർഷിക വരിസംഖ്യയായ 330 രൂപയിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം 150 രൂപയും എൽ.ഐ.സി. ഓഫ് ഇന്ത്യയുടെ വിഹിതം 100 രൂപയും നെയ്ത്തുകാരന്റെ വിഹിതം 80 രൂപയുമാണ്. 2019-20 ബജറ്റിൽ നെയ്ത്തുകാരുടെ വിഹിതമായ 18 ലക്ഷം രൂപ (ഒരു നെയ്ത്തുകാരൻ 80 രൂപ നിരക്കിൽ) സംസ്ഥാന സർക്കാരിന്റെ മാച്ചിംഗ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭിക്കുന്നതിനുമായി നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. ഈ പദ്ധതി നടപ്പിലാക്കി 3 വർഷം പിന്നിട്ടപ്പോൾ 5000-ത്തിലധികം നെയ്ത്ത് തൊഴിലാളികളും അതിലിരട്ടിയോളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. അവർക്ക് ഒരു സ്ഥിരമായ ജോലി, കൂടുതൽ തൊഴിൽ ദിനങ്ങൾ, അധിക വരുമാനം എന്നിവ ലഭ്യമാകുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തനരഹിതമായി പൂട്ടിക്കിടന്നിരുന്ന 15 സംഘങ്ങൾ പ്രസ്തുത

പദ്ധതിയുടെ ഭാഗമായി തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിച്ചു. പദ്ധതിയുടെ ഭാഗമായി തറി റിപ്പയറിംഗിനും മറ്റു ചെലവുകൾക്കുമായി ഓരോ തറിക്കും 4,000 രൂപ വീതം നൽകി. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഇതുവരെ 100 കോടിയോളം രൂപ കൂലിയിനത്തിൽ നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം നെയ്ത്ത് തൊഴിലാളികൾക്കിടയിലും സ്കൂൾ വിദ്യാർത്ഥികൾക്കിടയിലും അദ്ധ്യാപക- രക്ഷകർത്താക്കൾക്കിടയിലും ഉണ്ടാക്കിയ ചലനത്തെക്കുറിച്ച് എൻ.ഐ.എഫ്.റ്റി.(നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി) നടത്തിയ പഠന റിപ്പോർട്ടിൽ നെയ്ത്ത് തൊഴിലാളികൾക്ക് കൂലി വർദ്ധനയിലും കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാകുന്നതിലും ജീവിത സാഹചര്യങ്ങളിലും പോസിറ്റീവ് ആയുള്ള മാറ്റം ഉണ്ടായിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യുന്നു. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി കൈത്തറി മേഖലയ്ക്കും നെയ്ത്ത് തൊഴിലാളികൾക്കും ഒരു പുത്തൻ ഉണർവ് നൽകിയിരിക്കുകയാണ്.

(സി) ഉണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയിൽ ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉൽപ്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പാക്കൽ, അവർക്ക് തൊഴിലിടങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ (മേശ, സ്റ്റൂൾ, ടോയ്‌ലെറ്റ്) എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, ഇൻസെന്റീവ് എന്നിവ നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കുപകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം, നവാഗത തൊഴിലാളികൾക്ക് ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നതിനാവശ്യമായ പരിശീലനം, ചർക്കകൾക്കും തറികൾക്കും ആവശ്യമായ റിപ്പയറിംഗ് നടത്തുന്നതിന് സ്ഥിരം റിപ്പയറിംഗ് സെന്റർ, ഇവയ്ക്ക് ആവശ്യമായ സെൻട്രലൈസ്ഡ് സ്പെയർപാർട്ട്സ്, ഗോഡൗൺ തുടങ്ങിയവ ഉൾപ്പെടുന്ന കോമൺ ഫെസിലിറ്റി സെന്റർ കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ ക്ഷേമപ്രവർത്തനത്തിനായി കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഇതുവഴി നിരവധി ക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## കുറഞ്ഞ പലിശ നിരക്കിൽ അടിസ്ഥാന ആവശ്യങ്ങൾക്ക് വായ്പ

14(*42) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട്, വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്കായി സാധാരണക്കാർക്കും ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവർക്കും ഉയർന്ന പലിശ നിരക്കിൽ വായ്പ എടുക്കേണ്ടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഉയർന്ന പലിശയ്ക്ക് വായ്പയെടുക്കുമ്പോൾ സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്ക് തിരിച്ചടവ് മുടങ്ങുന്നതിനുള്ള സാധ്യത വളരെയേറെയാണെന്നും ജപ്തി ഭീഷണിയും മറ്റും മുഖേന അവരുടെ ജീവിതം വഴിമുട്ടുന്ന അവസ്ഥയിൽ എത്തുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സമൂഹത്തിലെ ഏറ്റവും ദുർബ്ബല വിഭാഗങ്ങൾക്ക് ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ അടിസ്ഥാന ആവശ്യങ്ങൾക്ക് വായ്പ ലഭ്യമാകുന്ന സംവിധാനം ഒരുക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) മൂന്ന് തവണ തിരിച്ചടവ് മുടങ്ങുമ്പോൾ സർഫാസി നിയമ പ്രകാരമുള്ള ജപ്തി നടപടികൾ മനുഷ്യത്വരഹിതമായി സ്വീകരിച്ച് സാധാരണക്കാരുടെ ജീവൻ പോലും നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള അവസ്ഥ സൃഷ്ടിക്കാതിരിക്കുന്നതിന് കൈക്കൊള്ളുന്ന നടപടികൾ വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ&ബി) അതാതു ബാങ്കുകൾ അവരുടെ വായ്പാനയപ്രകാരം ബാങ്കുകളുടെ നിയമാവലിക്കനുസൃതമായി നിജപ്പെടുത്തിയ പലിശ നിരക്കിലാണ് വിവിധ വായ്പകൾ നൽകുന്നത്. പലിശ നിരക്കും അടയ്ക്കേണ്ട മാസതവണകളും ഉപഭോക്താവിനെ ബോധ്യപ്പെടുത്തിയശേഷമാണ് ബാങ്കുകൾ വായ്പ അനുവദിക്കാറുള്ളത്.

(സി) അർഹരായ സമൂഹത്തിലെ ഏറ്റവും ദുർബലരായ വിഭാഗങ്ങളിൽപ്പെട്ടവർക്ക് 4% പലിശ നിരക്കിൽ ഡി.ആർ.ഐ. പദ്ധതി (Differential Rate of Interest Scheme) പ്രകാരം വാണിജ്യ ബാങ്കുകൾ വായ്പ നൽകിവരുന്നുണ്ട്.

(ഡി) സർഫാസി നിയമം കിട്ടാക്കടം തിരിച്ചുപിടിക്കുന്നതിനായി കേന്ദ്രസർക്കാർ കൊണ്ടുവന്ന ഒരു നിയമനിർമ്മാണമായതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഇടപെടാൻ പരിമിതികളുണ്ട്. എന്നിരുന്നാലും പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പാക്കി വരുന്നതിലുള്ള പ്രയാസകരമായ സവിശേഷ

സാഹചര്യം സംസ്ഥാന സർക്കാർ മനസ്സിലാക്കിയിട്ടുണ്ട്. ഇതിന്റെകൂടി പശ്ചാത്തലത്തിലാണ് സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്ന് 5 സെന്റിൽ കവിയാത്ത ഭൂമിയും വീടും ഉള്ളവരെ ഒഴിവാക്കുന്നതിനായി കേന്ദ്രസർക്കാരിനോട് കേരള നിയമസഭ 2017 ആഗസ്റ്റ് 21-ലെ പ്രമേയം മുഖേന ഐകകണ്ഠ്യേന ആവശ്യപ്പെട്ടിട്ടുള്ളത്. ടി പ്രമേയം അനുഭാവപൂർവ്വം പരിഗണിച്ച് സർഫാസി നിയമത്തിലെ 31-ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട് കേന്ദ്ര ധനമന്ത്രാലയത്തിന് 20-11-2017-ന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. എല്ലാവർക്കും കിടപ്പാടം ഉറപ്പാക്കുന്നതിനുള്ള പരിശ്രമത്തിലാണ് സർക്കാർ ഏർപ്പെട്ടിട്ടുള്ളത്. അതിനാൽ കടബാധ്യതയുടെ പേരിൽ നിലവിലുള്ള കിടപ്പാടം ജപ്തി ചെയ്യുന്ന സമീപനം സർക്കാരിന് സ്വീകാര്യമല്ല എന്ന വിവരവും SLBC-യെയും മറ്റും ആവർത്തിച്ച് അറിയിച്ചിട്ടുണ്ട്.

**ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

15(*44) <u>ശ്രീ. പുരുഷൻ കടലുണ്ടി:</u>
<u>ശ്രീ. ബി. സത്യൻ:</u>
<u>ശ്രീമതി പി. അയിഷാ പോറ്റി:</u>
<u>ശ്രീ. പി. ഉണ്ണി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം വരുമാനം സർക്കാർ എടുക്കുന്നുവെന്ന സങ്കുചിത വർഗ്ഗീയവാദികളുടെ പ്രചരണം ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതിന്റെ നിജസ്ഥിതി അറിയിക്കാമോ;

(ബി) സ്ത്രീ പ്രവേശന വിഷയം വിഭാഗീയ രാഷ്ട്രീയ താല്പര്യത്തിന് പ്രോത്സാഹജനകമായിക്കണ്ട് ശബരിമലയെ തകർക്കാർ യത്നിച്ചവരുടെ പ്രവർത്തനത്തെ തുടർന്ന് വരുമാനത്തിലുണ്ടായ കുറവ് പരിഹരിക്കാനായി സർക്കാർ എത്ര തുക ദേവസ്വം ബോർഡിന് നൽകിയെന്ന് അറിയിക്കാമോ;

(സി) ശബരിമല തീർത്ഥാടകർക്ക് അമ്പത് കിലോമീറ്റർ ഇടവിട്ട് ഇടത്താവള സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ഡി) ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനായി ദേവസ്വം ബോർഡും സർക്കാരും നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): (എ) ശ്രദ്ധയിൽപ്പെട്ടിരുന്നു. ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ വരുമാനം പൂർണ്ണമായും ദേവസ്വം ബോർഡുകൾക്കാണ് ലഭിക്കുന്നത്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് 2019-20-ലെ ബജറ്റിൽ സർക്കാർ 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് ആവശ്യമായിട്ടുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ദേവസ്വം ബോർഡും സർക്കാരും ഒരുക്കിയിട്ടുണ്ട്. 2018 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ പമ്പാനദി ദിശമാറി ഒഴുകി ആ പ്രദേശം മുഴുവൻ വലിയതോതിൽ മണൽ നിറഞ്ഞു. പമ്പയിൽ നിലവിലുണ്ടായിരുന്ന രാമമൂർത്തി മണ്ഡപം, ടോയ്ലെറ്റ് കോംപ്ലക്സ്, നടപ്പന്തൽ, മീഡിയ കിയോസ്കുകൾ, മണപ്പുറത്ത് വിരിച്ചിരുന്ന ടൈലുകൾ, മാലിന്യ സംസ്കരണ പ്ലാന്റിലേയ്ക്കുള്ള പൈപ്പ് ലൈനുകൾ, കുടിവെള്ള പൈപ്പ് ലൈനുകൾ, വൈദ്യുതി വിതരണ സംവിധാനം എന്നിവ പൂർണ്ണമായും നശിച്ചു. മറ്റ് കെട്ടിടങ്ങൾക്കും ഇൻസിനറേറ്ററിനും സാരമായ കേടുപാടുകൾ സംഭവിച്ചു. പ്രളയത്തിനുശേഷം സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതിയുടെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് പമ്പയിൽ തീർത്ഥാടകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പമ്പയിലെ അന്നദാന മണ്ഡപവും ഹോട്ടൽ കോംപ്ലക്സും അറ്റകുറ്റപ്പണി നടത്തി പ്രവർത്തനസജ്ജമാക്കുകയുണ്ടായി. പ്രളയത്തിൽ അടിഞ്ഞുകൂടിയ മണലും വൃക്ഷങ്ങളും നീക്കം ചെയ്ത് പമ്പാനദിയെ സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. സംരക്ഷണ ഭിത്തി ഇടിഞ്ഞുപോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയ്ലെറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. പമ്പയിൽ സ്ത്രീകൾക്ക് മാത്രമായി 10 കുളിമുറികളും വസ്ത്രം മാറുന്നതിനുള്ള 10 മുറികളും സ്ഥാപിച്ചു. എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുംകൂടി പമ്പയിൽ നിന്നും നിലയ്ക്കലിലേയ്ക്ക് ബേസ് ക്യാമ്പ് മാറ്റിയിട്ടുണ്ട്. നിലയ്ക്കലിൽ 9000 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള നടപ്പന്തലുകൾ, 20,000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാനുള്ള പാർക്കിംഗ് സൗകര്യം, 920 ശൗചാലയങ്ങൾ, പ്രതിദിനം 65 ലക്ഷം ലിറ്റർ ശുദ്ധജലം സംഭരിക്കുന്നതിനുള്ള സംവിധാനം, കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള 25 ആർ.ഒ. പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചു. തീർത്ഥാടന പാതയിൽ കുടിവെള്ളത്തിനായി ചൂടുവെള്ളവും തണുത്തവെള്ളവും ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചു. പ്രാഥമികാവശ്യങ്ങൾക്കുള്ള ബയോ ടോയ്ലെറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സന്നിധാനത്ത് ഭക്തർക്ക് വിരിവയ്ക്കുന്നതിനും അന്നദാനത്തിനും കുടിവെള്ളത്തിനും മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ ബാരിക്കേഡുകൾ നിർമ്മിച്ച്

സുരക്ഷാ നടപടികൾ ശക്തമാക്കിയിട്ടുണ്ട്. ദർശനത്തിനായി വടക്കേ നടപ്പന്തലിന്റെ ഒന്നാം നിലയിൽ ക്യൂ സംവിധാനം ഏർപ്പെടുത്തി. പാണ്ടിത്താവളത്തും അന്നദാന മണ്ഡപത്തിന്റെ ഒന്നാം നിലയിലും ശബരിമല വലിയ നടപ്പന്തലിന്റെ കിഴക്കുഭാഗത്തുള്ള കെട്ടിടത്തിന്റെ മുകളിലും ഭക്തർക്ക് വിരിസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിന് ശുചീകരണ തൊഴിലാളികളെ ചുമതലപ്പെടുത്തുകയും ഇൻസിനറേറ്ററുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ശബരിമല ദർശനത്തിന് എല്ലാ തീർത്ഥാടകർക്കും ഡിജിറ്റൽ ക്യൂ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. തീർത്ഥാടകർക്കാവശ്യമായ അപ്പവും അരവണയും ലഭ്യമാക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് ആവശ്യമായിട്ടുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബഡ്ജറ്റ് വിഹിതം വിനിയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളും ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികളും ശബരിമല ഇടത്താവളം പദ്ധതികളും നടപ്പാക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായി ഗവേണിംഗ് ബോഡിയും ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ കമ്മിറ്റികളുടെ ശിപാർശ പ്രകാരം കിറ്റ്കോ ലിമിറ്റഡ് എന്ന കമ്പനിയെ ഇതുവരെ ടെണ്ടർ നടപടികൾ സ്വീകരിക്കാത്ത പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള കൺസൾട്ടൻസിയാക്കി ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.

**സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ**

16(*46) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. കെ. എം. ഷാജി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം മുതൽ ഏർപ്പെടുത്തിയിട്ടുള്ള സാമ്പത്തിക നിയന്ത്രണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് ധനവകുപ്പ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ;

(സി) ഈ സാമ്പത്തിക വർഷം മുതൽ അധിക ധനസമാഹരണത്തിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് കൈക്കൊണ്ടിരിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്ക്): (എ) ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

(ബി) കേന്ദ്രസർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. കഴിഞ്ഞ വർഷം സംസ്ഥാനത്തെ ഗ്രസിച്ച പ്രളയം, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബ്ബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധന ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർ നിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർസൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാമ്പത്തിക ബുദ്ധിമുട്ടിന്റെ നിഴലിലും ചെലവുകൾ വെട്ടിച്ചുരുക്കിക്കൊണ്ട് സംസ്ഥാന ധന നയത്തിൽ ഒരു അടിസ്ഥാന തിരുത്തലും വരുത്തില്ല. ക്ഷേമ വികസന പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാൻ തന്നെയാണ് ബജറ്റിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽമുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.

3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.

4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.

5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

6. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

7. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിദ്ധ്യവത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

8. സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിന്റെയും ധനദൃഢീകരണം സാധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശ യാത്രയ്ക്കും വിമാന യാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നടപ്പ് സാമ്പത്തിക വർഷം അധിക വിഭവ സമാഹരണത്തിന് താഴെപ്പറയുന്ന നടപടികൾ നടപ്പിലാക്കിവരുന്നു:

(i) സർക്കാർവകുപ്പുകൾ/പൊതുമേഖല/ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ നൽകുന്ന എല്ലാ സേവനങ്ങൾക്കുമുള്ള ചാർജ്ജുകൾ 5% വർദ്ധിപ്പിച്ചു.

(ii) സംസ്ഥാനത്തിന് അകത്തുള്ള സേവനങ്ങളുടേയും ചരക്കുകളുടേയും വിതരണത്തിന് ഒരു ശതമാനവും അഞ്ചാം പട്ടികയിൽ വരുന്ന സ്വർണ്ണം, വെള്ളി, പ്ലാറ്റിനം ഉൾപ്പെടെയുള്ള ചരക്കുകൾക്ക് 0.25 ശതമാനവും സെസ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(iii) ചരക്ക് സേവന നികുതിയിലുള്ള ചോർച്ച തടയുന്നതിനായി വാർഷിക റിട്ടേൺ പരിശോധന, ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം ഉപയോഗിച്ചുള്ള തൽസമയ ഇ-വേ ബിൽ പരിശോധന അടക്കമുള്ള ഭരണപരമായ നടപടികൾ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(iv) വാറ്റ് ആംനസ്റ്റി, റവന്യൂ റിക്കവറി നടപടികളോടൊപ്പം ഊർജ്ജിതമായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(v) നികുതി കുടിശ്ശികകൾക്കായി സമഗ്ര ആംനസ്റ്റി പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(vi) ബിയർ, വൈൻ ഉൾപ്പെടെയുള്ള എല്ലാത്തരം മദ്യങ്ങളുടെയും ആദ്യ വിൽപ്പനയിലെ നികുതി 2% വർദ്ധിപ്പിച്ചു.

(vii) 2016-17 ബജറ്റിൽ പ്രഖ്യാപിച്ച മോട്ടോർ വാഹന നികുതി കുടിശ്ശിക അടയ്ക്കുവാനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഈ വർഷവും തുടരും.

(viii) പുതുതായി വാങ്ങുന്ന മോട്ടോർ സൈക്കിൾ, മോട്ടോർ കാറുകൾ, സ്വകാര്യ സർവ്വീസ് വാഹനങ്ങൾ എന്നിവയുടെ ഒറ്റത്തവണ നികുതി ഒരു ശതമാനം വർദ്ധിപ്പിച്ചു.

(ix) രജിസ്ട്രേഷൻ സ്റ്റാമ്പ് ഡ്യൂട്ടി, അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതാണ്.

(x) ഭൂമിയുടെ ന്യായവിലയിൽ 10% വർദ്ധന വരുത്തുവാൻ നടപ്പ് ബജറ്റിൽ തീരുമാനിച്ചിട്ടുണ്ട്.

(xi) താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ ആഡംബര നികുതി നിരക്ക് പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പുതുക്കുന്നതാണ്.

(xii) പാട്ടക്കുടിശ്ശികയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

## സർഫാസി നിയമപ്രകാരമുള്ള ജപ്തി നടപടികൾ

17(*47) ശ്രീ. പി. ടി. എ. റഹീം :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-ൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന സർഫാസി നിയമം വൻകിട കുത്തകകളിൽ നിന്നുള്ള കിട്ടാക്കടം തിരിച്ചു പിടിക്കുന്നതിൽ പരാജയപ്പെട്ടെങ്കിലും സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ വലിയൊരു പങ്ക് യുക്തിസഹമല്ലാതെ ചെറുകിട കർഷകർക്കും കച്ചവടക്കാർക്കും എതിരെ ഈ നിയമം പ്രയോഗിക്കുന്നതു കൊണ്ടുണ്ടാകുന്ന ഗുരുതര പ്രത്യാഘാതം പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രകൃതിദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കർഷകർ എടുത്ത എല്ലാത്തരം വായ്പകൾക്കും സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചത് ദീർഘിപ്പിക്കാൻ തീരുമാനിച്ചിരുന്നോ; ഇത് പരിഗണിക്കാതെ ചില ബാങ്കുകൾ ജപ്തിനടപടികളുമായി മുന്നോട്ട് പോകുന്നുണ്ടെന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ അക്കാര്യം പരിശോധിച്ചിരുന്നോ;

(സി) പ്രകൃതി ദുരന്തത്തിനിരയായ ചെറുകിടകച്ചവടക്കാർക്ക് ഉപജീവന മാർഗ്ഗം വീണ്ടെടുക്കുന്നതിനായി വായ്പാപദ്ധതി ആവിഷ്കരിച്ചിരുന്നോ; വിശദമാക്കുമോ;

(ഡി) അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും ഈട് നൽകിയിട്ടുള്ള കേസ്സുകളിൽ സർഫാസി നിയമം ബാധകമാക്കരുതെന്ന് കേന്ദ്രസർക്കാരിനോട് സംസ്ഥാന നിയമസഭ ഏകകണ്ഠമായി ആവശ്യപ്പെട്ടതിന്മേൽ എന്തെങ്കിലും നടപടി ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):(എ) സർഫാസി നിയമം കിട്ടാക്കടം തിരിച്ചുപിടിക്കുന്നതിനായി കേന്ദ്രസർക്കാർ കൊണ്ടുവന്ന ഒരു നിയമനിർമ്മാണമായതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഇടപെടാൻ പരിമിതികളുണ്ട്. എന്നിരുന്നാലും പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പാക്കി വരുന്നതിലുള്ള പ്രയാസകരമായ സവിശേഷ സാഹചര്യം സംസ്ഥാന സർക്കാർ മനസ്സിലാക്കിയിട്ടുണ്ട്. ഇതിന്റെ കൂടി പശ്ചാത്തലത്തിലാണ് സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്ന് 5 സെന്റിൽ കവിയാത്ത ഭൂമിയും വീടും ഉള്ളവരെ ഒഴിവാക്കുന്നതിനായി കേന്ദ്രസർക്കാരിനോട് കേരള നിയമസഭ 2017 ആഗസ്റ്റ് 21-ലെ പ്രമേയം മുഖേന ഐകകണ്ഠ്യേന ആവശ്യപ്പെട്ടിട്ടുള്ളത്. ടി

പ്രമേയം അനുഭാവപൂർവ്വം പരിഗണിച്ച് സർഫാസി നിയമത്തിലെ 31-ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട് കേന്ദ്ര ധനമന്ത്രാലയത്തിന് 20-11-2017-ന് സംസ്ഥാന സർക്കാർ കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കുറേക്കൂടി ഉദാരമായ സമീപനം സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ നിരന്തരം ബാങ്കുകളോടും സംസ്ഥാനതല ബാങ്കിംഗ് സമിതിയോടും ആവശ്യപ്പെടാറുണ്ട്. ബാങ്കുകളിൽ നിന്നും വായ്പയെടുത്തശേഷം തിരിച്ചടവിൽ വീഴ്ചവരുത്തുമ്പോൾ ബാങ്കുകൾ കുടിശ്ശിക തീർപ്പാക്കുന്നതിനായി അവസരം നൽകുകയും അതാത് ബാങ്കുകളുടെ നിയമപ്രകാരവും വായ്പാനയമനുസരിച്ചും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ അനുവദിക്കാറുമുണ്ട്. മേൽ അവസരങ്ങൾ വിനിയോഗിക്കാതെ കുടിശ്ശിക വീണ്ടും നീട്ടിക്കൊണ്ടുപോകുകയും തിരിച്ചടവിനുള്ള സാധ്യത വിരളമാകുകയും ചെയ്യുമ്പോൾ മാത്രമേ സാധാരണ ബാങ്കുകൾ റവന്യൂ റിക്കവറി/സർഫാസി നിയമപ്രകാരമുള്ള റിക്കവറി നടപടികൾ അവലംബിക്കാറുള്ളൂവെന്നും സർഫാസി നിയമത്തിൽ അനുവദനീയമല്ലാത്ത രീതിയിലുള്ള ഏതെങ്കിലും തരത്തിലുള്ള നടപടികൾ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും സംസ്ഥാനതല ബാങ്കിംഗ് സമിതി അറിയിച്ചിട്ടുണ്ട്.

(ബി) പ്രകൃതിദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കർഷകർ എടുത്ത വായ്പകൾക്ക് 12-10-2018-ലെ സ.ഉ.(എം.എസ്)നം.367/2018/റവ. പ്രകാരം ഒരു വർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. ആയത് 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കാൻ 5-3-2019-ലെ മന്ത്രിസഭായോഗം തീരുമാനിച്ചതനുസരിച്ച് നടപടികൾ കൈക്കൊള്ളാൻ റവന്യൂ വകുപ്പിനോട് 7-3-2019-ലെ സ.ഉ.(കൈ)നം.41/2019/കൃഷി പ്രകാരം കൃഷിവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ 12-10-2018-ലെ ഉത്തരവിന്റെ തുടർച്ചയായുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ റവന്യൂ വകുപ്പിന് സാധിച്ചിട്ടില്ല. അതേസമയം 12-10-2018-ലെ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ച മൊറട്ടോറിയത്തിന്റെ കാലാവധി നിലവിൽ കഴിഞ്ഞിട്ടില്ല. മൊറട്ടോറിയം സംബന്ധിച്ച ഉത്തരവ് പരിഗണിക്കാതെ ബാങ്കുകൾ ജപ്തി നടപടികൾ സ്വീകരിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 7-9-2018-ലെ സ.ഉ.(കൈ)നം.326/2018/റവ. പ്രകാരം പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്ക് റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പേരിൽ കുടുംബശ്രീ മുഖേന 1 ലക്ഷം രൂപവരെയുള്ള വായ്പാ പദ്ധതി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വായ്പയുടെ 9% പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും നൽകിവരുന്നു. കൂടാതെ, പ്രളയത്തിൽ

മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ, ചെറുകിട, ഇടത്തര, വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കർഷകർ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ മേഖലയിലുള്ള ദുരന്തബാധിതർക്ക് അവരുടെ ഉപജീവനമാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് 17-12-2018-ലെ സ.ഉ.(കൈ)നം. 27/2018/ഡി.എം.ഡി. ഉത്തരവ് പ്രകാരം ഉജ്ജീവന വായ്പ പദ്ധതി എന്ന പേരിൽ ഒരു പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

(ഡി) സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്ന് 5 സെന്റിൽ കവിയാത്ത ഭൂമിയും വീടും ഉള്ളവരെ ഒഴിവാക്കുന്നത് സംബന്ധിച്ച് കേരള നിയമസഭയുടെ 2017 ആഗസ്റ്റ് 21-ലെ പ്രമേയം അനുഭാവപൂർവ്വം പരിഗണിച്ച് സർഫാസി നിയമത്തിലെ 31-ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ട് കേന്ദ്ര ധനമന്ത്രാലയത്തിന് 20-11-2017-ന് സംസ്ഥാന സർക്കാർ കത്ത് നൽകിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ അനുകൂല മറുപടി കേന്ദ്രസർക്കാരിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല.

## വ്യവസായ-വാണിജ്യ വികസനം

18(*48) ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ-വാണിജ്യ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചുവെന്നും തൽഫലമായി എത്രപേർക്ക് തൊഴിൽ ലഭ്യമാക്കാൻ സാധിച്ചുവെന്നതിന്റെയും കണക്ക് ലഭ്യമാണോ;

(സി) പ്രളയത്തിൽ തകർന്ന വ്യവസായ-വാണിജ്യ സ്ഥാപനങ്ങളെ കരകയറ്റാനായി നടത്തിയ ഇടപെടലുകൾ അറിയിക്കാമോ;

(ഡി) വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): (എ) കേരളത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ താഴെപ്പറയുന്ന 7 വകുപ്പുകളിലെ ചുവടെപ്പറയും പ്രകാരം നിലവിലുള്ള നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി 2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ആക്ട് പ്രസിദ്ധീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994
2. കേരള മുനിസിപ്പാലിറ്റി ആക്ട് 1994
3. കേരള ലിഫ്റ്റ് ആൻഡ് എസ്കലേറ്റേഴ്സ് ആക്ട് 2013
4. കേരള ഗ്രൗണ്ട് വാട്ടർ ആക്ട് 2002
5. കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് 1978
6. കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960
7. കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് 1999.

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകൾ/അനുമതികൾ ലഭിക്കുന്നതിനായി സംരംഭകർക്ക് ഓൺലൈൻ മുഖാന്തരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭ്യമാക്കുന്നതിലേയ്ക്കുമായി K-SWIFT (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആൻഡ് ട്രാൻസ്പെരൻസി) എന്ന പേരിൽ ഒരു പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. ഇതിന്റെ സുഗമമായ നടത്തിപ്പിനായി ജില്ലാതലത്തിൽ ഒരു കോർ ടീം രൂപീകരിച്ചിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാ രീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സ്വയം സാക്ഷ്യപ്പെടുത്തൽ, ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളാണ് മേൽ പറഞ്ഞ പുതിയ നിയമത്തിന്റെ അനുകൂല ഘടകങ്ങൾ.

K-Swift പ്രായോഗികതലത്തിൽ നടപ്പിലാക്കിയപ്പോൾ കണ്ടെത്തിയ ന്യൂനതകൾ പരിഹരിച്ച് ഓൺലൈൻ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം വ്യവസായ വകുപ്പ് മുഖേന 43021 സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിച്ചതിലൂടെ 151072 തൊഴിലവസരങ്ങളും കെ.എസ്.ഐ.ഡി.സി. മുഖേന 16 ഇടത്തരം യൂണിറ്റുകൾ ആരംഭിച്ചതിലൂടെ 1120 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(സി) പ്രളയബാധിത യൂണിറ്റുകൾ പുനർനിർമ്മിക്കുന്നതിലേയ്ക്കായി ചുവടെ വിവരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. സംസ്ഥാനം നേരിട്ട അതിരൂക്ഷമായ പ്രളയക്കെടുതിയിൽ ഉൾപ്പെട്ട MSME യൂണിറ്റുകൾക്കും ഷോപ്പുകൾക്കും നേരിട്ട നഷ്ടം കണക്കാക്കുന്നതിലേയ്ക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുകയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ യൂണിറ്റുകളും നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തി വിവരം ശേഖരിച്ചതിന്റെ അടിസ്ഥാനത്തിൽ 5355 MSME യൂണിറ്റുകൾക്ക് ഏകദേശം 1415.69 കോടി രൂപയുടെയും 16061 ഷോപ്പുകൾക്ക് 624.90 കോടി രൂപയുടേയും നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

2. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ നേതൃത്വത്തിൽ LDM, DLBC, BLBC ഇൻഷ്വറൻസ് കമ്പനികൾ എന്നിവരുമായി ചേർന്ന് ഇൻഷ്വറൻസ് അദാലത്ത് സംഘടിപ്പിക്കുന്നതിന് എല്ലാ ജനറൽ മാനേജർമാർക്കും നിർദ്ദേശങ്ങൾ നൽകുകയും ആയത് പ്രകാരം പ്രളയം വലിയതോതിൽ ബാധിച്ച തൃശ്ശൂർ, എറണാകുളം, ഇടുക്കി, വയനാട് ജില്ലകളിൽ എൽ.ഡി.എം.ന്റെ സാന്നിധ്യത്തിൽ യോഗം ചേർന്ന് നടപടികൾ കൈക്കൊള്ളുകയുമുണ്ടായി.

3. 17-12-2018-ലെ സ.ഉ.(കൈ)നം.27/2018/DMD ഉത്തരവ് പ്രകാരം 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേയ്ക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ച് നടപ്പിലാക്കി വരികയാണ്. പ്രളയത്തിൽ ഉൾപ്പെട്ടെന്ന് വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തരം നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ചെറുകിട ഇടത്തരം വ്യവസായ-വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെടുത്തി വരികയാണ്.

<u>അർഹത</u>:-

A. Term loan & Working Capital Loan-ന്റെ 25% പരമാവധി 2 ലക്ഷം രൂപ മാർജിൻ മണി ആയി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്.

B. Working Capital Loan ആയി മാത്രം എടുക്കുന്നവർക്ക് അവരുടെ താല്പര്യം അനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപവരെ മാത്രം മാർജിൻ മണിക്ക് പകരം ഒരു വർഷത്തേക്ക് 9% നിരക്കിൽ താങ്ങ് പലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്. 17-12-2018-ലെ സർക്കാർ ഉത്തരവിന് മുൻപായി 2018-ലെ പ്രളയത്തിലെ നഷ്ടത്തിന് പുനരാരംഭ വായ്പ എടുത്തിട്ടുള്ള മേൽ വിവരിച്ച സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും.

മേൽ പദ്ധതിക്കുപുറമേ, പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള സഹായം (പ്രളയ പനരുദ്ധാരണ പദ്ധതി - വിഹിതം 1000 ലക്ഷം രൂപ), പ്രളയം ബാധിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം (പ്രളയ പുനർനിർമ്മാണ പദ്ധതി - വിഹിതം 600 ലക്ഷം രൂപ) എന്നിങ്ങനെ രണ്ട് പുതിയ പദ്ധതികൾ കൂടി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഐ.ഡി.സി. മുഖേന പ്രളയ ബാധിത വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ ' പുനർജനി ' എന്ന പ്രത്യേക വായ്പാ പദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) G.O.(Ms)No.47/17/ID, തീയതി 20-6-2017, G.O.(MS) No.64/18/ID തീയതി 14-8-2018 പ്രകാരം സ്വകാര്യ എസ്റ്റേറ്റുകൾ/പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ/പാർക്കുകൾ സ്ഥാപിക്കുന്നതിന് നഗരപ്രദേശങ്ങളിൽ കുറഞ്ഞത് 15 ഏക്കർ ഭൂമിയും ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 25 ഏക്കർ ഭൂമിയും പരിഗണിക്കുന്നതാണ്. സ്വകാര്യ വ്യവസായ പാർക്കുകൾക്ക് Kerala Single Window Clearance Board-ന്റെ പരിധിയിൽ വരുന്ന Industrial Area ആയി Notify ചെയ്യാൻ കഴിയുന്നതാണ്. Kerala Land Reforms Act 1963 പരിധിയിൽനിന്ന് ഇത്തരം സ്വകാര്യ വ്യവസായ പാർക്കുകൾക്ക് ഇളവ് ലഭിക്കുന്നതാണ്. ഇങ്ങനെയുള്ള private industrial estate-കളിൽ വൈദ്യുതി സൗകര്യം ലഭിക്കുന്നതിനായി സർക്കാർ 2 കോടി രൂപ വരെ നിക്ഷേപിക്കുന്നതായിരിക്കും.

## മസാല ബോണ്ടുകളുടെ സാധുത

19(*49) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ മസാല ബോണ്ടുകൾ ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം293(1) ന്റെ ലംഘനമല്ലേ എന്ന് വെളിപ്പെടുത്താമോ; ;

(ബി) പ്രസ്തുത ബോണ്ടുകൾക്ക് സെബി, ആർ.ബി.ഐ. എന്നിവയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ഭരണഘടനാനുസൃതമായി സംസ്ഥാന സർക്കാരിന് കിഫ്ബിയുടെ മസാല ബോണ്ടുകളിൽ ഗ്യാരണ്ടി നിൽക്കാൻ സാധിക്കുമോ എന്ന് നിയമോപദേശം തേടിയിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ബോണ്ടുകളിൽ ഗ്യാരണ്ടി നിൽക്കാൻ ഒരു ട്രസ്റ്റ് ഡീഡ് രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത ഡീഡിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) " 293. Borrowing by States

1. Subject to the provisions of this article, the executive power of a State extends to borrowing within the territory of India upon the security of the Consolidated Fund of the State within such limits, if any, as may from time to time be fixed by the Legislature of such State by law and to the giving of guarantees within such limits, if any, as may be so fixed."

ഭരണഘടനയുടെ അനുച്ഛേദം 293(1) കിഫ്ബിപോലുള്ള സ്റ്റാറ്റ്യൂട്ടറി ബോഡി, കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് ബാധകമല്ല. ഇക്കാരണത്താൽ ഇത് ഭരണഘടനാ ലംഘനമല്ല.

(ബി) കിഫ്ബിയുടെ മസാല ബോണ്ടുകൾക്ക് റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇന്ത്യക്ക് പുറത്ത് പുറപ്പെടുവിച്ച ബോണ്ടുകൾ ആയതിനാൽ ഇവയ്ക്ക് സെബിയുടെ അംഗീകാരം ആവശ്യമില്ല.

(സി) ഭരണഘടനാപരമായി സംസ്ഥാന സർക്കാരിന് കിഫ്ബിയുടെ മസാല ബോണ്ടുകളിൽ ഗ്യാരണ്ടി നിൽക്കുവാൻ തടസ്സമില്ല. ഗ്യാരണ്ടി സംബന്ധിച്ച വിഷയത്തിൽ നിയമോപദേശം നിയമ വകുപ്പിൽ നിന്നും നേടിയിരുന്നു.

(ഡി) ഗ്യാരണ്ടി നില്ക്കുന്നതിനായി ട്രസ്റ്റ് ഡീഡ് രൂപീകരിച്ചിട്ടില്ല. എന്നാൽ ബോണ്ട് സംബന്ധിച്ച ട്രസ്റ്റ് ഡീഡിൽ ഗ്യാരണ്ടി സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുന്നു.

**ഗ്രന്ഥശാലകളുടെ പുനർനിർമ്മാണത്തിന് എം.എൽ.എ.ഫണ്ട്**

20(*50) ശ്രീ. സി. എഫ്. തോമസ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗ്രന്ഥശാലാ സംഘത്തിന്റെ കീഴിലുള്ള ഗ്രന്ഥശാലകൾക്ക് എം.എൽ.എ.-മാരുടെ സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ട്, അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ട് എന്നിവ ഉപയോഗിച്ച് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാത്ത സാഹചര്യത്തിന് പരിഹാരം കണ്ടെത്തുമോ;

(ബി) പ്രളയത്താലും കാലപ്പഴക്കത്താലും ശോച്യാവസ്ഥ നേരിടുന്ന വായനശാലകളിലെയും ഗ്രന്ഥശാലകളിലെയും പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും സൂക്ഷിക്കാൻ സാധിക്കാത്ത അവസ്ഥയിലായതിനാൽ ഗ്രന്ഥശാലകളുടെ പുനർനിർമ്മാണത്തിന് എം.എൽ.എ. ഫണ്ട് ഉപയോഗിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്തുമോ;

(സി) ഗ്രന്ഥശാലകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ പൂർത്തീകരണത്തിനായി ഗ്രന്ഥശാലകളിലെ സ്ഥലസൗകര്യക്കുറവും അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മയും മാറ്റിയെടുക്കുന്നതിന് പ്രാദേശിക വികസന ഫണ്ട് വിനിയോഗിക്കാൻ അവസരം നൽകുമോ എന്നറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ-സി) സ.ഉ(അച്ചടി)നമ്പർ 119/2018/ധന. തീയതി 4-8-2018-ലെ മാർഗ്ഗ നിർദ്ദേശങ്ങളിൽ കേരളഗ്രന്ഥശാലാ സംഘത്തിന്റെ കീഴിലുള്ള ഗ്രന്ഥശാലകൾക്ക് അസറ്റ് ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ച് കെട്ടിട നിർമ്മാണത്തിന് അനുമതിയില്ല. എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ.(അ) നമ്പർ 161/ 2017/ധന. ഉത്തരവിലെ അനുബന്ധം 1 ഇനം 12 പ്രകാരം പൊതുവായന ശാലകളുടെയും

ഗ്രന്ഥശാലകളുടെയും നിർമ്മാണമാണ് അനുവദനീയമായിട്ടുള്ളത്. പൊതുവായന ശാലകളുടെയും ഗ്രന്ഥശാലകളുടെയും നിർമ്മാണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സർക്കാർ/തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള വായനശാലകളാണ്. എന്നാൽ ഗ്രന്ഥശാല സംഘങ്ങളുടെ കീഴിലുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും എം.എൽ.എ. എസ്.ഡി.എഫിൽ നിന്നു തുക വിനിയോഗിക്കുവാൻ അനുമതി നൽകി 27-5-2019-ലെ സ.ഉ(അച്ചടി)നമ്പർ 60/2019/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂലധന സ്വാഭാവമുള്ള ആസ്തികളുടെ ആവർത്തന സ്വഭാവമില്ലാത്ത അറ്റകുറ്റപ്പണികൾ നിലവിലെ മാർഗ്ഗരേഖപ്രകാരം അനുവദനീയമാണ്.

## ഖാദി മേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

21(*51) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ മേഖലയിലെ ഉല്പാദനക്ഷമതയും ഉല്പന്നങ്ങളുടെ ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പരമ്പരാഗത ചർക്കകളുടെയും തറികളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം വികസന പ്രവർത്തനങ്ങളും ഗവേഷണങ്ങളുമാണ് നടത്തി വരുന്നത്;

(ഡി) ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി ലഭ്യമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): (എ) സംസ്ഥാനത്തെ ഖാദി മേഖലയിലെ പ്രശ്നങ്ങൾ എന്തൊക്കെയെന്ന് വിശദമായി പരിശോധിച്ചിട്ടുണ്ട്. കൈകൊണ്ട് ചർക്കയിൽ നൂൽ നൂറ്റ് കൈത്തറിയിൽ നെയ്തെടുക്കുന്ന വസ്ത്രമാണ് ഖാദി. ഖാദിയിൽ വൈദ്യുതിയോ യന്ത്രങ്ങളോ ഉപയോഗിക്കുന്നില്ല. അതുകൊണ്ടുതന്നെ മറ്റ് വസ്ത്ര

ഉൽപ്പാദന മേഖലകളെപ്പോലെ വൻതോതിൽ ഉൽപ്പാദനം നടത്താനോ തൊഴിലാളികൾക്ക് ഉയർന്ന വേതനം ലഭ്യമാക്കാനോ കഴിയില്ല. ഖാദി മേഖല നേരിടുന്ന പ്രധാന പ്രശ്നം ആവശ്യത്തിന് ഖാദി ഉല്പാദനം നടത്താൻ കഴിയാത്തതും തൊഴിലാളികൾക്ക് മികച്ച വേതനം ലഭ്യമാക്കാൻ കഴിയാത്തതുമാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ വരുമാനപൂരക പദ്ധതി പ്രകാരം തുക ഉപയോഗപ്പെടുത്തി ഖാദി തൊഴിലാളികൾക്ക് മിനിമം കൂലി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഖാദിയുടെ വില്പന വർദ്ധിപ്പിച്ചുകൊണ്ടാണ് ഖാദി മേഖലയിലെ പ്രശ്നങ്ങൾ നേരിടേണ്ടത്. യഥാസമയങ്ങളിൽ സർക്കാർ അനുവദിക്കുന്ന റിബേറ്റ് ഉപയോഗപ്പെടുത്തി ഖാദിയുടെ വിൽപ്പന വർദ്ധിപ്പിച്ച് ഖാദി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഒരു പരിധിവരെ സാധിക്കും.

(ബി) പുതിയ ചർക്കകളും തറികളും സ്ഥാപിക്കുകയും ചർക്കകളുടേയും തറികളുടേയും പരിഷ്കരണം നടത്തുകയും ഉൽപ്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, അദ്ധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉൽപ്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കുകയും കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക്ഷെഡ് പദ്ധതി നടപ്പിലാക്കുകയും തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവസ്തുക്കൾക്കുപകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഖാദി മേഖലയിലെ തൊഴിലാളികൾക്ക് തുച്ഛമായ പ്രതിഫലം മാത്രം ലഭിക്കുന്ന സ്ഥിതി പരിഹരിക്കാനായി മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ ആരംഭിക്കുകയും ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുകയും ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയതും (നൂലിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 പൈസയും) ഈ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്. കേരളത്തിലെ ഖാദി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായകരമായ വിധത്തിൽ 10% സ്പെഷ്യൽ റിബേറ്റ് സമ്പ്രദായം കേരളത്തിലെ ഖാദി ഉൽപ്പന്നങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) പരമ്പരാഗത ചർക്കകളുടെയും തറികളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രത്യേകം ഗവേഷണങ്ങൾ നടത്തുന്നുണ്ട്. ചെന്നൈ IIT-യുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന റൂട്ടാഗ് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് ഗവേഷണപദ്ധതികൾ നടത്തിവരുന്നുണ്ട്. ഉൽപ്പാദനക്ഷമത കൂടിയ ചർക്കകളും തറികളും സ്ഥാപിച്ചുവരുന്നു.

(ഡി) ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിനുവേണ്ടി അവർക്ക് തൊഴിലിടങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ (മേശ, സ്റ്റൂൾ, ടോയ്‌ലെറ്റ്) ഏർപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ സഹായത്തോടെ തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുകയും ഉൽപ്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയിട്ടുമുണ്ട് (നൂൽപ്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 പൈസയും). ഇ.എസ്.ഐ. ക്ഷേമനിധി ആനുകൂല്യങ്ങൾ, ഗ്രൂപ്പ് ഇൻഷ്വറൻസ്, എം.ഡി.എ. ഇൻസെന്റീവ്, ഹോളിഡേ വേജസ്, 20 പ്രവൃത്തി ദിവസങ്ങൾക്ക് ഒന്ന് എന്ന നിലയിൽ ലീവ് വേജസ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഖാദി ബോർഡിലും ഖാദി കമ്മീഷനിലും രജിസ്റ്റർ ചെയ്ത് ഖാദി വ്യവസായം നടത്തുന്ന ഖാദി സംഘങ്ങളിലെയും സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് ക്ഷേമാനുകൂല്യങ്ങളും കൂലിയും ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ഈ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന ഫണ്ട് ഉപയോഗിച്ച് തൊഴിലുപകരണങ്ങൾ, വർക്ക്ഷെഡ് എന്നിവ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തിനും സഹായം ലഭ്യമാക്കുന്നുണ്ട്.

**കയർ ഉല്പന്നങ്ങളുടെ അന്താരാഷ്ട്ര മേള**

22(*52) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ബി. സത്യൻ:
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും പ്രദർശനത്തിനും വിപണനത്തിനുമായി കയർ കേരള എന്ന പേരിൽ അന്താരാഷ്ട്ര മേള സംഘടിപ്പിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) പ്രസ്തുത മേളയിൽ ഏതൊക്കെ രാജ്യങ്ങളിൽ നിന്നുള്ളവർ പങ്കെടുത്തുവെന്ന് അറിയിക്കാമോ;

(സി) തൊഴിലുറപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ജിയോ ടെക്സ്റ്റൈൽസ് നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ധാരണാ പത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത സംരംഭത്തിൽ കയർ വ്യവസായത്തിൽ വർദ്ധിച്ച യന്ത്രവത്ക്കരണവും വിപുലീകരണവും ലക്ഷ്യമിട്ട് കയർ മേഖലയുടെ രണ്ടാം പുനഃസംഘടനയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) ഉണ്ട്.

(ബി) 2017-ൽ സംഘടിപ്പിച്ച 'കയർ കേരള-2017' മേളയിൽ ആസ്ട്രേലിയ, ബംഗ്ലാദേശ്, ബ്രസീൽ, കാനഡ, ചൈന, കൊളംബിയ, ചെക്ക് റിപ്പബ്ലിക്, ഈജിപ്ത്, ഫ്രാൻസ്, ജർമ്മനി, ഗ്രീസ്, ഹോങ്കോങ്ങ്, ഇന്തോനേഷ്യ, അയർലന്റ്, ഇറ്റലി, ജപ്പാൻ, മൗറീഷ്യസ്, നേപ്പാൾ, നെതർലാന്റ്, പോളണ്ട്, ഖത്തർ, റഷ്യ, സൗദിഅറേബ്യ, സ്ലോവാക്ക് റിപ്പബ്ലിക്, സ്ലോവാക്യ, സൗത്ത് ആഫ്രിക്ക, സ്പെയിൻ, ശ്രീലങ്ക, സ്വീഡൻ, തായ്‌വാൻ, യു.എ.ഇ., സൗത്ത് കൊറിയ, യു.കെ. എന്നീ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്.

(സി) കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കുന്നതിലേക്കായി കയർ വികസന വകുപ്പും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിൽ,2017 ഒക്ടോബറിൽ നടന്ന കയർ കേരളയിൽ ധാരണാപത്രം ഒപ്പുവച്ചു. ഇതുവരെ തദ്ദേശഭരണ സ്ഥാപനങ്ങൾ 84,36,047 സ്ക്വ.മീ. കയർ ഭൂവസ്ത്രം വാങ്ങുന്നതിന് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ തുടങ്ങിയ ഏജൻസികൾക്ക് ഓർഡർ നൽകുകയും മാർച്ച് 2019 വരെ 56,08,011 സ്ക്വ.മീ. കയർ ഭൂവസ്ത്രം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുകയും വിരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കയർ വ്യവസായത്തിൽ വർദ്ധിച്ച യന്ത്രവൽക്കരണവും വിപുലീകരണവും ലക്ഷ്യമിട്ട് കയർ മേഖലയുടെ രണ്ടാം പുനഃസംഘടനയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്. തദ്ദേശഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്. മിൽ അനുവദിക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. ഇത് നടപ്പിലാക്കി കഴിഞ്ഞു.

സംസ്ഥാനത്ത് ഇതിനോടകം 75 ഡി.എഫ്. മില്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 1000 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

കയർപിരി മേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആയതിന് എൻ.സി.ഡി.സി. ധനസഹായ പദ്ധതിപ്രകാരം തുക ലഭ്യമായിട്ടുണ്ട്. ആലപ്പുഴ പ്രോജക്ടിലെ ചേർത്തല തിരുനെല്ലൂർ സി.വി.എസ്.ലി. നമ്പർ 721-ൽ 10 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് സംഘമായി പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അനുസരിച്ച് തെരഞ്ഞെടുക്കുന്ന കയർ സഹകരണ സംഘങ്ങളേയും മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന കയർ സംഘങ്ങളിൽ, 2019-20 വർഷത്തിൽ

ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് അവയും ഫാക്ടറി ടൈപ്പ് സംഘമായി പരിവർത്തനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നു. കൂടാതെ നെതർലാൻഡിലെ Wageningen യൂണിവേഴ്സിറ്റി ലഭ്യമാക്കുന്ന നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കയർ പിത്തിൽ നിന്നും ബൈൻഡർലസ് ബോർഡ് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിച്ചു വരികയാണ്.

കയർ ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിൽ (യന്ത്രവൽക്കരണ പദ്ധതിയിൽ) കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡ്സ്, കയർ അക്വാസ്റ്റിക്സ് പാനൽസ് എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്. കയർ ഭൂവസ്ത്രം പരമ്പരാഗത പായതറികളിൽ നെയ്യുന്നതിനെയാണ് പ്രോത്സാഹിപ്പിക്കുന്നത്. പരമ്പരാഗത മേഖലയിലെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടാണ് യന്ത്രവൽക്കരണം നടപ്പിലാക്കുന്നത്.

**കിഫ്ബി മസാല ബോണ്ട് സംബന്ധിച്ച ആശങ്കകൾ**

23(*53) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മസാല ബോണ്ട് മുഖേന കേരളത്തിന് ലഭിക്കാവുന്ന നേട്ടങ്ങളും കോട്ടങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ബോണ്ട് സംബന്ധിച്ചുള്ള ആശങ്കകൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) കിഫ്ബി മസാല ബോണ്ടുകളുടെ ഷെയറുകൾ സർക്കാർ ജീവനക്കാർക്ക് നല്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) അൻപതിനായിരം കോടിയോളം രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഇത്രയും വലിയ രീതിയിലുള്ള ധനസമാഹരണം കേവലം ഒരു സ്രോതസ്സിലൂടെ ലഭ്യമാക്കുക എന്നത് പ്രയോഗികമല്ല. ഇതിന് കിഫ്ബിക്ക് അതിന്റെ ആക്ട് അനുവദിക്കുന്ന രീതിയിൽ റിസർവ് ബാങ്ക്, സെബി തുടങ്ങിയ റെഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ധനസമാഹരണ ഉപാധികളെയും ആശ്രയിക്കേണ്ടി വരും. ഈ പദ്ധതികളെല്ലാം തന്നെ കേരള സംസ്ഥാനത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. ഇപ്പോൾ വായ്പ എടുത്ത് നടപ്പിലാക്കിയില്ല എങ്കിൽ പത്തോ, പതിനഞ്ചോ വർഷങ്ങൾക്കുശേഷം നടപ്പിലാക്കുമ്പോൾ ഇതിന്റെ പതിൻമടങ്ങ് ചെലവ് വരും. അതിപ്പോൾ എടുത്ത വായ്പയുടെ തിരിച്ചടവിന്റെ ചെലവിനേക്കാൾ വളരെ കൂടുതലായിരിക്കും എന്നത് നിസ്സംശയമാണ്.

നിലവിൽ കേരളത്തിൽ ഒരു സാമ്പത്തിക മാന്ദ്യം നിലനിൽക്കുന്ന സാഹചര്യമാണ്. കേന്ദ്രത്തിന്റെ എഫ്.ആർ.ബി.എം. പോലെയുള്ള നിബന്ധനകൾ കാരണം സംസ്ഥാന സർക്കാരുകൾക്ക് ബഡ്ജറ്റ് വഴി ഇതിനെ ഫലപ്രദമായി പ്രതിരോധിക്കുവാനുള്ള ഉപാധികൾ സ്വീകരിക്കുന്നതിൽ പരിമിതികൾ ഉണ്ട്. ഇത്തരം സാഹചര്യത്തിൽ കിഫ്ബി പോലെയുള്ള സംവിധാനങ്ങളിലൂടെ മാത്രമേ മാന്ദ്യ വിരുദ്ധ പാക്കേജ് കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കൂ.

അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലേയ്ക്ക് നിക്ഷേപകരെ ആകർഷിക്കാനും സാമ്പത്തിക വളർച്ച കൈവരിക്കാനും സാധിക്കും.

ആദ്യഘട്ടമായി നടത്തിയ ആഭ്യന്തര ബോണ്ട് വഴി ഉദ്ദേശിച്ച ധനസമാഹരണം റീ-ടെണ്ടറിന് ശേഷവും ഉയർന്ന പലിശ നിരക്ക് (10.20% -10.25%) കാരണം ഉപേക്ഷിക്കുകയായിരുന്നു. ആഭ്യന്തര ബോണ്ടുവഴിയുള്ള ധനസമാഹരണത്തിന് വിവിധ റേറ്റിംഗ് ഏജൻസികൾ കിഫ്ബിക്ക് നൽകിയ ക്രെഡിറ്റ് റേറ്റിംഗ് A+ ആയിരുന്നു. ഇതേ റേറ്റിംഗ് ഉള്ള മറ്റ് ഇന്ത്യൻ ഏജൻസികൾ പുറപ്പെടുവിച്ച ആഭ്യന്തര ബോണ്ടുകളുടെ (കുറഞ്ഞത് 200 കോടിയും 5 വർഷം കാലയളവുമുള്ള) നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. * ഈ ബോണ്ടുകൾ എല്ലാംതന്നെ കിഫ്ബിയുടെ മസാല ബോണ്ടിന്റെ പലിശ നിരക്കിനെക്കാളും ഉയർന്ന നിരക്കിലാണ് പുറപ്പെടുവിച്ചിരിക്കുന്നത് എന്നത് വ്യക്തമാണ്. കിഫ് ബോർഡിന്റെ നിർദ്ദേശാനുസരണം വിവിധ പൊതുമേഖലാ ബാങ്കുകളിൽ നിന്ന് ധനസഹായം തേടിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 4 ബാങ്കുകളിൽ നിന്ന് 8.95% മുതൽ 9.30% വരെയുള്ള പലിശനിരക്കിൽ ടേം ലോൺ ലഭ്യമാക്കിയിട്ടുണ്ട്. വിവിധ ബാങ്കുകൾ ടേം ലോണുകൾ വഴി കിഫ്ബിക്ക് അനുവദിച്ചത് 2565 കോടി രൂപ മാത്രമാണ്. ഇതിൽ ഒരു ബാങ്കിൽ നിന്ന് പരമാവധി ലഭ്യമാക്കുവാൻ കഴിഞ്ഞത് 1000 കോടി രൂപയാണ്. മേൽ സൂചിപ്പിച്ച സ്രോതസ്സുകൾ 50000 കോടി മുതൽമുടക്ക് വരുന്ന പദ്ധതികൾക്ക് പര്യാപ്തമാകില്ല എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് അന്താരാഷ്ട്ര ബോണ്ട് വിപണിയിലേയ്ക്കുള്ള ശ്രമം നടത്തിയത്. ടേം ലോണുകൾക്ക് മൊറട്ടോറിയം കാലാവധി (ശരാശരി 2 വർഷം) കഴിഞ്ഞാൽ പലിശയോടൊപ്പം മുതലിന്റെ ഒരു അംശവും തിരിച്ചടച്ചു തുടങ്ങണം. എന്നാൽ ഇതിൽനിന്ന് വ്യത്യസ്തമായി ബോണ്ടുകൾക്ക് മുതലിന്റെ തിരിച്ചടവ് ലോൺ കാലാവധി തീരുന്ന മുറയ്ക്ക് മതിയാകും എന്നുള്ളതാണ്. കൂടാതെ കാലാകാലങ്ങളിൽ എം.സി.എൽ.ആർ.-ൽ ഉണ്ടാകുന്ന വ്യതിയാനം ടേം ലോണുകളുടെ നിരക്കിനെ ബാധിക്കും. എന്നാൽ ബോണ്ടിന്റെ പലിശ നിരക്ക് കാലാവധി പൂർത്തീകരിക്കുന്നവരെയും സ്ഥിരമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ദേശീയ തലത്തിലും അന്തർദ്ദേശീയ തലത്തിലും ശ്രദ്ധിക്കപ്പെട്ട ധനകാര്യ വിദഗ്ധർ അടങ്ങുന്ന കിഫ് ബോർഡ് മസാല ബോണ്ട് നടപടിക്രമങ്ങളുമായി മുൻപോട്ട് പോകുവാൻ തീരുമാനിക്കുകയും 9.723% എന്ന പലിശ നിരക്ക് ന്യായമാണ് എന്നുള്ളതിനാൽ ആ നിരക്കിൽ ഉറപ്പിക്കുകയുമായിരുന്നു. 31-3-2019-നു മുൻപ് ഈ ഇടപാട് നടത്തിയതുവഴി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്ന 5% വിത്ഹോൾഡിംഗ് നികുതിയുടെ ഇളവും കിഫ്ബിക്ക് നേടാനായി. വിദേശ കടപ്പത്ര വിപണിയിൽ പ്രവേശനം നേടുന്ന ഇന്ത്യയിൽ നിന്നുള്ള ആദ്യ സംസ്ഥാനമെന്ന നിലയിൽ കേരളവും അതിന്റെ ഏജൻസിയായ കിഫ്ബിയും അപൂർവ്വ നേട്ടം കരസ്ഥമാക്കി. ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഇതുവരെ ഏർപ്പെട്ട മസാല ബോണ്ട് സമാഹരണത്തിൽവച്ച് ഏറ്റവും വലിയ രണ്ടാമത്തെ ഉദ്യമമാണ് കിഫ്ബിയുടെ ഈ ചരിത്രനേട്ടം. 2016-ൽ ഭാരതീയ റിസർവ് ബാങ്ക് മസാല ബോണ്ട് സമ്പ്രദായത്തിന് അനുമതി നൽകിയതിനുശേഷമുണ്ടായ ഏറ്റവും വലിയ മൂന്നാമത്തെ സമാഹരണമാണിത്. ഈ കാൽവെയ്പ്പിലൂടെ നൂതന ധനസമാഹാര സ്രോതസ്സുകളിലേയ്ക്കുള്ള കിഫ്ബിയുടെ വാതായനം തുറക്കപ്പെട്ടു.

(ബി) കിഫ്ബിയുടെ മസാല ബോണ്ട് സംബന്ധിച്ച് പൊതുസമൂഹത്തിനിടയിൽ ഉയർന്നുവന്ന ആശങ്കകൾക്ക് വ്യക്തമായ മറുപടികൾ അതാത് അവസരങ്ങളിൽ തന്നെ നൽകുവാൻ സാധിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പത്രകുറിപ്പുകൾ യഥാസമയങ്ങളിൽ പുറപ്പെടുവിക്കുവാനും ആശങ്കകൾ ദൂരീകരിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

(സി) മസാല ബോണ്ട് ഒരു കടപ്പത്രമാണ്. ഓഹരിയുമായി ഇതിന് ബന്ധമില്ല. അങ്ങനെ ലഭ്യമാക്കുവാൻ ബോണ്ട് വ്യവസ്ഥകൾ അനുവദിക്കുന്നതുമല്ല.

**വൈദ്യുതി പ്രസരണ ശൃംഖലയുടെ ശാക്തീകരണം**

24(*54) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. ദാസൻ:
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ അസാധാരണമായ കടുത്ത ചൂടുമൂലം വൈദ്യുതി ഉപഭോഗത്തിൽ വൻതോതിൽ വർദ്ധനവുണ്ടായിട്ടും നിയന്ത്രണമോ പവർകട്ടോ ഇല്ലാതെ വൈദ്യുതി ലഭ്യമാക്കാൻ നടത്തിയ ആസൂത്രണവും മുന്നൊരുക്കവും വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിനാവശ്യമായ വൈദ്യുതിയുടെ എഴുപത് ശതമാനവും സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവരേണ്ടതിനാൽ പ്രസരണ ശൃംഖലയുടെ ശാക്തീകരണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) വൈദ്യുതി മീറ്ററുകളിൽ വളരെയധികം എണ്ണം കേടായിരിക്കുന്നത് വൈദ്യുതി വിതരണത്തിലൂടെ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിക്കേണ്ട വരുമാനത്തിൽ ഏറെ ചോർച്ചയുണ്ടാക്കുന്നതിനാൽ ഇവ സത്വരമായി മാറ്റി സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; സ്മാർട്ട് മീറ്ററുകളുടെ മേന്മ അറിയിക്കാമോ; ഇവ വ്യാപകമായി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യകത നിറവേറ്റുന്നതിനുവേണ്ടി, ആഭ്യന്തര ഉല്പാദനത്തിന് പുറമേ, നിലവിൽ സംസ്ഥാനത്തിന് പുറത്തുള്ള സ്വതന്ത്ര ഉൽപ്പാദകരിൽ നിന്നും 1215 മെഗാവാട്ട് വൈദ്യുതിക്കുള്ള ദീർഘകാലകരാറുകളിലും കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നും 1724 മെഗാവാട്ട് വൈദ്യുതിക്കുള്ള ദീർഘകാലകരാറുകളിലും കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ 2019-ലെ വേനൽക്കാലത്തെ വർദ്ധിച്ച വൈദ്യുതി ആവശ്യകത നിറവേറ്റാൻ ഈ കരാറുകൾക്ക് പുറമേ അധിക വൈദ്യുതി കണ്ടെത്തേണ്ടതുണ്ടെന്ന് മുൻകൂട്ടി തന്നെ കണക്കാക്കി ആവശ്യമായ കരുതൽ നടപടികൾ സ്വീകരിക്കുകയുണ്ടായി. 2019 മാർച്ച് മാസം മുതൽ തന്നെ, കേരളത്തിലെ ശരാശരി ദൈനംദിന വൈദ്യുതി ഉപഭോഗം മുൻസർവ്വകാല റെക്കോർഡായ 80.94 ദശലക്ഷം യൂണിറ്റും 4011 മെഗാവാട്ടും കവിഞ്ഞിരുന്നു. കേരളത്തിലെ സർവ്വകാല റെക്കോർഡായ 88.1 ദശലക്ഷം യൂണിറ്റിന്റെയും 4316 മെഗാവാട്ടിന്റെയും വൈദ്യുതി ഉപഭോഗവും രേഖപ്പെടുത്തിയിരിക്കുന്നത് 2019 ഏപ്രിൽ മാസത്തിലാണ്.

ഇപ്രകാരമുള്ള വർദ്ധിച്ച വൈദ്യുതി ഉപഭോഗം മുന്നിൽ കണ്ടുകൊണ്ട്, 2019 വേനൽക്കാലത്തേയ്ക്ക് ആവശ്യമുള്ള അധിക വൈദ്യുതി ലഭ്യമാക്കുന്നതിന് വേണ്ടി, കെ. എസ്. ഇ. ബോർഡ് ലിമിറ്റഡ് നടത്തിയ ആസൂത്രണങ്ങളും മുന്നൊരുക്കങ്ങളും താഴെ കാണിച്ച പ്രകാരമാണ്:

(1) ആഭ്യന്തര ജലവൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം കാര്യക്ഷമമായി ക്രമീകരിക്കുക വഴി, പദ്ധതി പ്രദേശങ്ങളിലെ വൈദ്യുതി ഉല്പാദനത്തിനുള്ള ജലം വേനൽക്കാലത്തെ അധിക ഉല്പാദനത്തിനായി സംഭരിച്ചുവെയ്ക്കുക.

(2) 2018-ലെ കാലവർഷത്തിൽ, ജലവൈദ്യുത നിലയങ്ങളിലെ പദ്ധതി പ്രദേശത്ത് ലഭിച്ച അധിക നീരൊഴുക്കുമൂലമുള്ള അധിക വൈദ്യുതി ഉല്പാദനം മറ്റ് സംസ്ഥാനങ്ങളുമായി ബാങ്കിംഗിൽ ഏർപ്പെട്ട് തിരികെ വേനൽക്കാലത്ത് ലഭ്യമാക്കുക.

(3) വേനൽക്കാലത്ത് ആവശ്യമായ അധിക വൈദ്യുതി മറ്റ് സംസ്ഥാനങ്ങളുമായി ബാങ്കിംഗിൽ ഏർപ്പെട്ട് കണ്ടെത്തുകയും ഇപ്രകാരം ലഭ്യമായ വൈദ്യുതി അടുത്ത കാലവർഷ കാലയളവിൽ തിരികെ നൽകുക.

(4) നിലവിലെ കരാറുകളിൽ നിന്നുമുള്ള വൈദ്യുതിയും ആഭ്യന്തര ഉല്പാദനത്തിലും വരുന്ന കുറവ് നികത്താനായി ദൈനംദിന ആവശ്യങ്ങൾക്ക് പവർ എക്സ്ചേഞ്ചിൽ നിന്നും താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങുക.

(5) ദീർഘകാലകരാറുകളിൽ നിന്നുമുള്ള വൈദ്യുതി വേനൽക്കാലത്ത് മുടങ്ങാതെ ലഭിക്കുന്നതിന് വേണ്ടി, സ്വതന്ത്ര വൈദ്യുതി ഉല്പാദകർക്ക് നിരന്തരമായി നിർദ്ദേശങ്ങൾ നൽകി വേനൽക്കാലത്ത് വൈദ്യുതിയുടെ ലഭ്യത ഉറപ്പ് വരുത്തുകയും വേനൽക്കാലത്തെ ജനറേറ്ററുകളുടെ അറ്റകുറ്റപ്പണികൾ മാറ്റിവെയ്ക്കുന്നതിനുള്ള ക്രിയാത്മകമായ ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(6) സംസ്ഥാനത്തിനു പുറത്തുനിന്നും SWAP വഴിയും power exchange വഴിയും കുറഞ്ഞ നിരക്കിൽ പവർ ലഭ്യമാക്കുകയും സംസ്ഥാനത്തിന് അർഹതപ്പെട്ട പ്രസരണ ഇടനാഴിയുടെ ഫലപ്രദമായ ഉപയോഗംമൂലവും ജലവൈദ്യുതിയുടെ ഉപഭോഗം ആസൂത്രണം ചെയ്ത നിലയിൽ നിന്നും അസ്ഥിരപ്പെടുത്താതെ നിറവേറ്റുവാൻ സാധിച്ചു.

വൈദ്യുതി ആവശ്യകതയും ലഭ്യതയും ഡാമുകളിലെ ജലനിരപ്പ്, കാലാവസ്ഥ വ്യതിയാനം, വോൾട്ടേജ് കമ്മിപ്രശ്നം, ആഭ്യന്തര വൈദ്യുത നിലയങ്ങളുടെ ഉത്പാദനം എന്നിവ സമയാസമയം ബോർഡ് മാനേജ്മെന്റ് തലത്തിൽ തന്നെ വിശകലനം ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസരണ ലൈനുകളിലെയും ആഭ്യന്തര ഉത്പാദന കേന്ദ്രങ്ങളിലെയും അറ്റകുറ്റപ്പണി മാസംതോറും നടത്തുന്ന കോ-ഓർഡിനേഷൻ മീറ്റിംഗിൽ സമന്വയിപ്പിക്കുക വഴി വൈദ്യുത പ്രസരണ വിതരണ തടസ്സങ്ങൾ പരമാവധി ഒഴിവാക്കാൻ സാധിച്ചു.

ഈ വേനൽക്കാലത്ത് പ്രസരണ വിതരണ ശൃംഖലയും അവയുടെ ഉപകരണങ്ങളും ശേഷിയുടെ പരമാവധി വിനിയോഗിക്കുകയുണ്ടായെങ്കിലും തടസ്സം കൂടാതെ ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകുവാൻ കഴിഞ്ഞു.

(ബി) സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി എഴുപത് ശതമാനവും സംസ്ഥാനത്തിനു പുറത്തുനിന്ന് കൊണ്ടുവരേണ്ടതിനാൽ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി നടപടികൾ കൈക്കൊണ്ടിരുന്നു.

കൂടംകുളം ആണവോർജ്ജ നിലയത്തിൽ നിന്നും വൈദ്യുതി എത്തിക്കാനായി 400 കെ.വി. ഇടമൺ-കൊച്ചി പ്രസരണ ഇടനാഴിയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. കൂടുതൽ വൈദ്യുതി പുറത്തുനിന്നും ലഭ്യമാക്കുന്നതിന് കോറിഡോർ ലഭ്യത ഉറപ്പാക്കുന്നതിനായി 2000 മെഗാവാട്ട് ശേഷിയുള്ള പുഗലൂർ-മാടക്കത്തറ HVDC Link PGCIL നടപ്പിലാക്കുന്നു.

ഇതുകൂടാതെ ഉടുപ്പി-മൈലാട്ടി 400 കെ.വി. പ്രസരണ ശൃംഖലയും അനുബന്ധമായി കാസർഗോഡ് ജില്ലയിൽ ഒരു 400 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും ഉള്ള അനുമതി CEA-യിൽ നിന്നും ലഭ്യമായിട്ടുണ്ട്.

400 കെ.വി. നിലവാരത്തിലുള്ള പ്രസരണ ശൃംഖല കേരളത്തിലുടനീളം സ്ഥാപിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുമായി കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് 6375 കോടി രൂപ അടങ്കൽ തുകയുള്ള ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് അനുമതി നൽകിയിരുന്നു. ഇതിന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

കൂടാതെ പ്രസരണശൃംഖല ശക്തിപ്പെടുത്തുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം എന്നിവ നടപ്പിലാക്കിവരുന്നു.

(സി) KSEBL-ൽ നിലവിലുള്ള ഉപഭോക്താക്കളുടെ മീറ്ററുകളിൽ 3.66% മാത്രമാണ് കേടായിരിക്കുന്നത്. കേടായ മീറ്ററുകൾ മാറ്റുന്നതിനും പുതിയ വൈദ്യുതി കണക്ഷൻ നൽകുന്നതിനും ആവശ്യമായ വിധത്തിൽ മീറ്ററുകൾ വാങ്ങി അതാത് സെക്ഷൻ ഓഫീസുകൾക്ക് ലഭ്യമാക്കിക്കൊണ്ട് കേടായ മീറ്ററുകൾ മാറ്റി വയ്ക്കുന്ന നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

സ്മാർട്ട് മീറ്റർ നടപ്പാക്കുന്നതിലൂടെ, ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുത ഉപഭോഗ രീതി, സമയം എന്നിവ ലഭ്യമാകുന്നു. ഇതുവഴി അവരവരുടെ വൈദ്യുത ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാകുന്നു. കൂടാതെ, മീറ്റർ റീഡിംഗ് റിമോട്ട് ആയി എടുക്കാനും വൈദ്യുതി ബന്ധം റിമോട്ടായി പുനഃസ്ഥാപിക്കുകയോ വിച്ഛേദിക്കുകയോ ചെയ്യാനുള്ള സംവിധാനവും ലഭ്യമാണ്. ഇപ്രകാരം, സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതുവഴി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും വൈദ്യുത വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും സാധിക്കുന്നതാണ്.

ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതിപ്രകാരം ഐ.പി.ഡി.എസ്. പട്ടണങ്ങളിലെ 3.2 ലക്ഷം ഉപഭോക്താക്കളുടെ നിലവിലുള്ള മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിൽ കേശവദാസപുരം ഇലക്ട്രിക്കൽ സെക്ഷനിലെ എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

## സ്മാർട്ട് മീറ്റർ ഉപയോഗം

25 (*55) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഊർജ്ജ വകുപ്പും കേരള സർക്കാരും കെ.എസ്.ഇ.ബി.-യും തമ്മിലുള്ള ത്രികക്ഷി കരാർ പ്രകാരം സ്മാർട്ട് മീറ്റർ ഉപയോഗം കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സംവിധാനം ഗാർഹിക ഉപഭോക്താക്കൾക്ക് കനത്ത സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്ന വിമർശനം വസ്തുതാപരമാണോ;

(സി) പ്രസ്തുത സംവിധാനം നിലവിൽ വരുമ്പോൾ കെ.എസ്.ഇ.ബി.-യിലെ നിലവിലുള്ള ഏതെല്ലാം തസ്തികകളിലെ ജീവനക്കാരെ ഒഴിവാക്കേണ്ടിവരുമെന്നും എത്ര പേർക്ക് ഇതുമൂലം തൊഴിൽ നഷ്ടപ്പെടുവാനുള്ള സാഹചര്യമുണ്ടെന്നും അറിയിക്കാമോ;

(ഡി) കെ.എസ്.ഇ.ബി.-യിൽ നിയമന നിരോധനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):(എ&ബി) കേന്ദ്ര ഊർജ്ജ വകുപ്പും കെ.എസ്.ഇ.ബി.എൽ.-ഉം കേരള സർക്കാരും 15-3-2017-ൽ ഒപ്പുവച്ച ഉദയ് പദ്ധതിക്കുവേണ്ടിയുള്ള ത്രികക്ഷി ധാരണാപത്രത്തിൽ മീറ്ററുകൾ സ്ഥാപിക്കുന്നതിന് വ്യവസ്ഥയുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

1. 500 യൂണിറ്റിനുമുകളിൽ പ്രതിമാസ ഉപഭോഗമുള്ള എല്ലാ ഉപഭോക്താക്കൾക്കും 31 ഡിസംബർ 2017-നകം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക.

2. 200 യൂണിറ്റിന് മുകളിൽ പ്രതിമാസ ഉപഭോഗമുള്ള എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്ററുകൾ 31 ഡിസംബർ 2019-നകം സ്ഥാപിക്കുക.

പ്രസ്തുത സംവിധാനം ഉപഭോക്താക്കൾക്ക് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നില്ല. മീറ്ററുകൾ കേന്ദ്രസർക്കാർ ധനസഹായംകൂടി ഉപയോഗപ്പെടുത്തി

കെ.എസ്.ഇ.ബി.എൽ.-ന്റെ ചെലവിൽ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. അതിനാൽ ഉപഭോക്താവിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല.

(സി) സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതുമൂലം തൊഴിൽ നഷ്ടം ഉണ്ടാകുന്നില്ല.

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഇപ്പോൾ യാതൊരുവിധ നിയമന നിരോധനവും ഇല്ല.

**കിഫ്ബി മസാല ബോണ്ടിന്റെ പലിശനിരക്ക്**

26(*56) ശ്രീ. ഹൈബി ഈഡൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. റോജി എം. ജോൺ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്ത പതിനാറ് ഇന്ത്യൻ കമ്പനികൾ 5.5 മുതൽ 8 ശതമാനം വരെ പലിശയ്ക്കാണ് മസാല ബോണ്ടുകൾ ഇറക്കിയത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കിഫ്ബി മസാല ബോണ്ടിലേയ്ക്ക് 9.723 ശതമാനം പലിശ നൽകുവാൻ തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ കിഫ്ബിയുടെ ക്രെഡിറ്റ് റേറ്റിംഗ് എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(സി) ക്രെഡിറ്റ് റേറ്റിംഗ് കുറവായ കമ്പനികൾ മസാല ബോണ്ട് ഇറക്കുമ്പോൾ ഉയർന്ന പലിശ നൽകേണ്ട സാഹചര്യമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ മസാല ബോണ്ടിന് പകരം കുറഞ്ഞ പലിശനിരക്കുള്ള മറ്റ് ധനാഗമമാർഗ്ഗങ്ങൾ കിഫ്ബി തേടാതിരുന്നത് ഏത് സാഹചര്യത്തിലാണ് എന്ന് അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ-ഡി) നിലവിലെ വ്യവസ്ഥകൾ പ്രകാരം അന്താരാഷ്ട്രവിപണിയിലെ പ്രാമാണിക രീതികൾ അടിസ്ഥാനമാക്കിയാണ് പലിശനിരക്ക് നിശ്ചയിക്കപ്പെടുന്നത്. വ്യാപകമായ പ്രചാരണം ഉറപ്പുവരുത്തിയാണ് 2018 സെപ്റ്റംബർ 19-ാം തീയതി ലണ്ടൻ, സിംഗപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ കിഫ്ബി മസാല ബോണ്ട് ലിസ്റ്റ് ചെയ്യപ്പെട്ടത്. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നു. സിംഗപ്പൂരിലും ഹോങ്കോങ്ങിലും ലണ്ടനിലും ദുബായിലും വച്ച് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ

നേതൃത്വത്തിലുള്ള കിഫ്ബിയുടെ ഉന്നതതല സംഘം നിക്ഷേപകരുമായി നടത്തിയ നിരവധി കൂടിക്കാഴ്ചകളിൽ ഫലപ്രദമായ ചർച്ചകൾ നടന്നു. ഇത്തരത്തിൽ സുതാര്യമായി നടന്ന പ്രക്രിയകളിലൂടെയാണ് ഇപ്പോൾ കാണുന്ന പലിശനിരക്കായ 9.723%-ൽ എത്തിച്ചേർന്നത്.

മൂന്നു തരത്തിലുള്ള ഫണ്ടുകളാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കും അവരുടെ ഏജൻസികൾക്കും ലഭിക്കാൻ കഴിയുന്നതായി നിലവിലുള്ളത്.

1. ലോക ബാങ്ക്/ADB, ദ്വിമുഖ ഏജൻസികളായ JICA (ജപ്പാൻ), KFW (ജർമ്മനി), AFD (ഫ്രാൻസ്) തുടങ്ങി ബഹുമുഖസ്വഭാവം പുലർത്തുന്ന സ്ഥാപനങ്ങൾ നൽകുന്ന സൗജന്യ നിരക്കിലുള്ള വായ്പ.

ഭാരത സർക്കാർ നിശ്ചയിച്ചിട്ടുള്ള കടമെടുക്കൽ പരിധി (സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3% എന്ന നിലവിൽ) യുടെ ഉള്ളിൽനിർത്തി ബജറ്റിലൂടെ മാത്രമേ ഈ ധനസഞ്ചയങ്ങൾ സംസ്ഥാന സർക്കാരിന് പ്രാപ്യമാവുകയുള്ളൂ. സംസ്ഥാന ബജറ്റിൽ നിന്നു ലഭിക്കാവുന്ന ധനത്തിനുമപ്പുറമുള്ള പണം കണ്ടെത്തി അടിസ്ഥാന സൗകര്യ വികസന ആവശ്യങ്ങൾക്കായി ചെലവഴിച്ച് നാടിന്റെ വികസനത്തിൽ വൻകുതിച്ചുചാട്ടമുണ്ടാക്കുക എന്നതാണ് കിഫ്ബിയുടെ പിന്നിലെ ആശയം. അതിനാൽ, അടുത്ത മൂന്നുവർഷംകൊണ്ട് അടിസ്ഥാന ആവശ്യങ്ങൾക്കുള്ള സൗകര്യ വികസന പ്രോജക്ടുകൾ പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള 50,000 കോടി രൂപ സമാഹരിക്കുവാൻ കിഫ്ബിക്ക് ഈ ഫണ്ടുകളെ മാത്രം ആശ്രയിച്ചുകൊണ്ട് കഴിയില്ല.

2. വിദേശത്തുനിന്ന് ഡോളറിലോ മറ്റു രാജ്യാന്തര നാണയങ്ങളിലോ ലഭിക്കുന്ന വാണിജ്യ സംബന്ധമായ വായ്പകൾ.

അന്യരാജ്യത്തുനിന്നുള്ള നാണയത്തിൽ (ഒട്ടു മിക്കവാറും അമേരിക്കൻ ഡോളർ) ലഭിക്കുന്ന വിദേശ വാണിജ്യ വായ്പ (External Commercial Borrowing) കളിൽ ബോണ്ട് പുറത്തിറക്കുന്ന ഏജൻസിയാണ് വിനിമയ നിരക്കിലുള്ള നഷ്ടസാധ്യത വഹിക്കുന്നത്. തിരിച്ചടവിന്റെ സമയത്ത് രൂപയും ഡോളറും തമ്മിലുള്ള വിനിമയ നിരക്ക് 70 രൂപയിൽ (നിലവിലുള്ളത്) നിന്ന് 140 രൂപയായി (സാധ്യത) മാറിയാൽ തിരിച്ചടവിന്റെ വലിയ ബാധ്യത കിഫ്ബിയെപ്പോലെ ഒരു ഏജൻസിയെ തകർത്തുകളയുമെന്നാണ് ഇത് അർത്ഥമാക്കുന്നത്. അതിനാൽ കടം വാങ്ങുന്നവർ ബാങ്കുകളിലും മറ്റ് ധനാകാര്യ സ്ഥാപനങ്ങളിലും നിന്ന് ഹെഡ്ജ് വാങ്ങുന്നു. ഈ ഹെഡ്ജുകളുടെ പലിശത്തുക 4 മുതൽ 6 ശതമാനം വരെയാണ്. ഇതുകൂടി കൂട്ടിയാൽ കിഫ്ബി പോലുള്ള സ്ഥാപനങ്ങൾക്ക് മറ്റ് നാണയങ്ങളിൽ കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന വായ്പകൾകൊണ്ട് ഒരു പ്രയോജനവും ഇല്ലാതെ വരുന്നു.

3. മസാല ബോണ്ട്.

വിദേശ വാണിജ്യ വായ്പ ഇന്ത്യൻ രൂപയിൽ ലഭിക്കുന്നതാണ് മസാല ബോണ്ട്. കടപ്പത്രം ഇറക്കുന്ന കിഫ്ബി പോലുള്ള ഏജൻസിക്ക് വിനിമയ നിരക്കിൽ വരുന്ന അപകട സാധ്യത വഹിക്കേണ്ടി വരില്ല എന്നതാണ് ഇതിന്റെ പ്രത്യേകത. എങ്കിലും 2016-ൽ ഭാരതീയ റിസർവ് ബാങ്ക് പ്രഖ്യാപിച്ച മസാല ബോണ്ട് ഇപ്പോഴും വികാസത്തിന്റെ പാതയിലാണ്. AAA ആഭ്യന്തര റേറ്റിങ്ങ് ഉള്ളവരോ അന്താരാഷ്ട്ര റേറ്റിങ്ങ് AAA/BBB/BBB-/BB+ എങ്കിലുമുള്ളവരോ മാത്രമാണ് മുമ്പ് മസാലബോണ്ട് പുറത്തിറക്കിയിട്ടുള്ളത്. അവർക്ക് 8 - 8.5% വച്ച് പലിശനിരക്ക് നേടുവാനായിട്ടുണ്ട്. ഒരു കടപ്പത്ര ദാതാവായ International Financial Corporation (IFC) 6.5 ശതമാനം നിരക്കിൽ അവരുടെ മസാല ബോണ്ട് വിറ്റിരുന്നു. IFC-യുടെ റേറ്റിംഗ് സാക്ഷാൽ ഇന്ത്യൻ സർക്കാരിന്റെ റേറ്റിംഗ് ആയ BBB-ക്കും ഒമ്പത് നില മുകളിൽ AAA ആണ് എന്നതാണ് യാഥാർത്ഥ്യം.

എല്ലാ മെഗാ പ്രോജക്ടുകൾക്കും ഇത്തരത്തിൽ സമ്മിശ്രമായ നിരക്കിൽ വിവിധ സ്രോതസ്സുകളിൽ നിന്ന് പണം കണ്ടെത്തേണ്ടിവരും. കൊച്ചി മെട്രോയുടെ നിർമ്മാണത്തിനായി കേന്ദ്ര സർക്കാർ കെ.എഫ്.ഡബ്ല്യൂ. പോലുള്ള ഏജൻസികളിൽ നിന്ന് താരതമ്യേന കുറഞ്ഞ നിരക്കിൽ കടമെടുത്ത ശേഷം കൂടുതൽ പണം ആവശ്യമായി വന്ന ഘട്ടത്തിൽ കാനറാ ബാങ്കിൽ (10.56%) നിന്നും എറണാകുളം ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും (9.6%) ഉയർന്ന നിരക്കിൽ കടമെടുക്കേണ്ടി വന്നിട്ടുണ്ട്.

ഇഷ്യൂവറിന്റെ റേറ്റിംഗ് അനുസരിച്ചും ബോണ്ടിന്റെ കാലാവധിയനുസരിച്ചും പലിശ നിരക്കിൽ വ്യത്യാസം വരും.

Masala Bond Issuance by other entities

| Issuer | Coupon | Issue Date | Original Maturity (Years) | Rating International | Rating Domestic |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| IFC | 6.3 | 19-10-2018 | 5 | AAA | AAA |
| HDFC | 6.875 | 30-3-2017 | 3 | - | AAA |
| HDFC | 7 | 9-9-2016 | 3 | - | AAA |
| IREDA | 7.125 | 10-10-2017 | 5 | BBB- | AAA |
| NTPC | 7.25 | 5-3-2017 | 5 | BBB- | AAA |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| NHAI | 7.3 | 18-5-2017 | 5 | - | AAA |
| NTPC | 7.375 | 8-10-2016 | 5 | BBB- | AAA |
| HDFC | 7.875 | 21-7-2016 | 3 | - | AAA |
| HDFC Bank | 8.1 | 22-3-2018 | 7 | BBB- | AAA |
| Dewan Housing | 8.5 | 18-04-2018 | 5 | - | AAA |
| IHFL | 8.567 | 15-09-2016 | 3 | - | AAA |
| KIIFB | 9.723 | 29-03-2019 | 5 | BB | A+ |

അന്താരാഷ്ട്രതലത്തിൽ കിഫ്ബി റേറ്റ് ചെയ്യപ്പെട്ടിരിക്കുന്നത് BB എന്നും ആഭ്യന്തരതലത്തിൽ A+ എന്നുമാണ്. മികച്ച അന്താരാഷ്ട്ര റേറ്റിംഗുള്ള ഏജൻസികളെ അപേക്ഷിച്ച് 1.5-2% അധികം പലിശ കിഫ്ബി പോലെ ഒരു ഏജൻസിക്ക് കൊടുക്കേണ്ടിവരുന്നത് സ്വാഭാവികമാണ്. എന്നിരുന്നാലും ഇന്ത്യയിലെ ഏറ്റവും റേറ്റിംഗുള്ള സംസ്ഥാന സർക്കാർ സ്ഥാപനമാണ് കിഫ്ബി. ഈ റേറ്റിംഗിൽ കിഫ്ബിക്ക് നേടാനാകുന്ന പരമാവധി ആദായകരമായ പലിശ നിരക്കാണ് 9.723%. ഇതേ റേറ്റിംഗുള്ള മറ്റ് ഇന്ത്യൻ ഏജൻസികൾ പുറപ്പെടുവിച്ച ആഭ്യന്തര ബോണ്ടുകളുടെ നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ഇന്ത്യയിലെ ആഭ്യന്തര വിപണിയിൽ കിഫ്ബി ഇതിനകം രണ്ടുതവണ വായ്പാശ്രമങ്ങൾ നടത്തുകയുണ്ടായി. 10.20% മുതൽ 10.25% വരെയാണ് അപ്പോഴൊക്കെ നമുക്ക് വാഗ്ദാനം ചെയ്ത ഏറ്റവും കുറഞ്ഞ പലിശ നിരക്ക്. അതിനോടൊപ്പം അറിയേണ്ട മറ്റൊരു കാര്യം, കിഫ്ബിക്ക് തുല്യം വ്യവസ്ഥാപിത സ്ഥാപനമായ ആന്ധ്രാപ്രദേശ് കാപ്പിറ്റൽ റീജിയൻ ഡെവലപ്മെന്റ് അതോറിറ്റി (APCRDA)-ക്ക് ഈയിടെ പണം എടുത്തത് 10.34% (ത്രൈമാസ അടിസ്ഥാനത്തിൽ) നിരക്കിൽ ആണെന്നുള്ളതാണ്. ഇതുകൊണ്ടുകൂടിയാണ് ആദ്യം വിദേശ വിപണിയിൽ ഇറങ്ങുക, ഭാവിയിൽ ആവശ്യമായാൽ മാത്രം ആഭ്യന്തര വിപണിയിൽനിന്ന് ധനം സ്വീകരിക്കുക എന്ന തന്ത്രം കിഫ്ബി സ്വീകരിച്ചത്. അന്താരാഷ്ട്ര വിപണിയിൽ ആദ്യമായി ഇറങ്ങുന്ന ഏജൻസി എന്ന നിലയ്ക്ക്, ഇതിനുമുമ്പ് ഈ മേഖലയിലുള്ള നമ്മുടെ മികവിനെ താരതമ്യം ചെയ്യാനില്ലാത്ത സ്ഥിതിക്ക് ഇപ്പോൾ നമുക്ക് കിട്ടിയ പലിശ നിരക്ക് ന്യായമായതു തന്നെയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രവർത്തനം

27(*57) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിന്റെ നിലവിലെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുന്നതിന് വരുമാനപരിധി ഉയർത്തിയിട്ടുണ്ടോ; പദ്ധതിയിൽ ഈ സർക്കാർ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതിയിൽ പങ്കാളികളായ ആശുപത്രികൾ ഇപ്പോഴും പദ്ധതിയുമായി സഹകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) കാരുണ്യ പദ്ധതിയിൽ അപേക്ഷ നൽകിയിട്ടും ചികിത്സാധനസഹായം ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നതായുള്ള പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; രോഗികൾക്ക് ചികിത്സ കൃത്യസമയത്ത് ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):(എ) വാർഷിക കുടുംബ വരുമാനം 3 ലക്ഷം രൂപയിൽ താഴെ വരുന്ന കുടുംബങ്ങളിലെ രോഗികൾക്ക് നിശ്ചിത രോഗങ്ങൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽനിന്നും ചികിത്സാസഹായം നൽകുന്നുണ്ട്. വൃക്ക രോഗങ്ങൾക്ക് 3 ലക്ഷം രൂപ വരെയും ഹീമോഫീലിയയ്ക്ക് വരുമാനം പരിഗണിക്കാതെയും തുക പരിധിയില്ലാതെയും മറ്റ് നിശ്ചിത രോഗങ്ങൾക്ക് 2 ലക്ഷം രൂപ വരെയും എ.പി.എൽ./ബി.പി.എൽ. ഭേദമെന്യേ ചികിത്സാധനസഹായം നൽകുന്നു. കൂടാതെ, അവയവദാതാവിന് ഒരു ലക്ഷം രൂപയും ധനസഹായം നൽകുന്നുണ്ട്.

(ബി) കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുന്നതിന് വരുമാന പരിധി രണ്ടര ലക്ഷം രൂപയിൽനിന്നും മൂന്ന് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഹീമോഫീലിയ രോഗ ചികിത്സാ സഹായത്തിന് വരുമാന പരിധിയില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൃക്ക രോഗികൾക്ക് നൽകിവരുന്ന ധനസഹായം രണ്ട് ലക്ഷം രൂപയിൽ നിന്നും മൂന്ന് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പദ്ധതിയുടെ ആരംഭം മുതൽ വിവിധ കാലയളവിലായി 75 സ്വകാര്യ ആശുപത്രികളും 29 ഡയാലിസിസ് സെന്ററുകളും അക്രെഡിറ്റ് ചെയ്തിരുന്നു. കരാർ അവസാനിക്കുന്ന മുറയ്ക്ക് അടുത്ത ഒരു വർഷത്തേയ്ക്കാണ് കരാർ പുതുക്കുന്നത്. എന്നാൽ കരാർ പുതുക്കാത്ത കാരണത്താൽ കരാറിൽ ഉണ്ടായിരുന്ന 14 സ്വകാര്യ ആശുപത്രികൾക്കും 2 സ്വകാര്യ ഡയാലിസിസ് സെന്ററുകൾക്കും നിലവിൽ അക്രെഡിറ്റേഷൻ ഇല്ല. നിലവിൽ 61 സ്വകാര്യ ആശുപത്രികളും 27 ഡയാലിസിസ് സെന്ററുകളും ഈ പദ്ധതിയുമായി സഹകരിക്കുന്നു.

(ഡി) ഇത്തരത്തിലുള്ള പരാതി ലഭിച്ചിട്ടില്ല. രോഗികൾക്ക് ചികിത്സ കൃത്യ സമയത്ത് ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**നൂതന ടൂറിസം പദ്ധതികൾ**

28(*58) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ലോകസഞ്ചാരികളെ കൂടുതലായി ആകർഷിക്കുംവിധം ടൂറിസം പദ്ധതികൾ കാലികവും നൂതനവുമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണാനുമതി നൽകിയ ടൂറിസം പദ്ധതികൾ ഏതൊക്കെയാണെന്നും അവയിൽ ഏതെല്ലാമാണ് പൂർത്തിയായിട്ടുള്ളതെന്നും ഏതെല്ലാം പദ്ധതികളുടെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദ സഞ്ചാര മേഖലയുടെ സമഗ്ര വികസത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിനായി താഴെപ്പറയുന്ന ശക്തവും വിപുലവുമായ പ്രചാരണ പരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്:

1. കേരളത്തെ ബാധിച്ച പ്രളയം ഉൾപ്പെടെയുള്ള കാര്യങ്ങൾ വഴിയുണ്ടായ നെഗറ്റീവ് പബ്ലിസിറ്റി ഇല്ലാതാക്കുന്നതിനുള്ള ക്യാമ്പെയിനുകൾ.
2. ദേശീയ/അന്തർദ്ദേശീയ ട്രേഡ് ഫെയറുകളിലുള്ള പങ്കാളിത്തം.
3. ദേശീയ/അന്തർദ്ദേശീയ തലത്തിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കൽ.
4. ടൂർ ഓപ്പറേറ്റർമാർ, വിനോദസഞ്ചാര മേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുക്കപ്പെട്ട മാധ്യമപ്രവർത്തകർ തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുന്നതിനായി FAM ടൂറുകൾ സംഘടിപ്പിക്കൽ.
5. അച്ചടി മാധ്യമം, ടെലിവിഷൻ, റേഡിയോ എന്നിവയിലുള്ള പരസ്യങ്ങൾ.
6. ട്രെയിൻ ബ്രാൻഡിംഗ്, എയർപോർട്ട് ബ്രാൻഡിംഗ്.
7. സോഷ്യൽ മീഡിയ ക്യാമ്പെയിനുകളും ഓൺലൈൻ ക്യാമ്പെയിനുകളും.
8. ബ്ലോഗ് എക്സ്പ്രസ്സ്, ഇന്റർനാഷണൽ കൾനറി ഫെസ്റ്റിവൽ എന്നിവയുടെ തുടർച്ച.
9. മലബാർ മേഖലയുടെ ടൂറിസം വികസനത്തിനായുള്ള പ്രത്യേക ക്യാമ്പെയിനുകൾ.
10. " Human by Nature" , " Come out and Play" പോലെയുള്ള പുതിയ ബ്രാൻഡ് ക്യാമ്പെയിനുകൾ.
11. MICE, വെഡ്ഡിംഗ് ടൂറിസം, മൺസൂൺ ടൂറിസം എന്നിവയുടെ പ്രചാരം.
12. ടൂറിസം സംരംഭകർക്കുള്ള സഹായങ്ങൾ.
13. കേരള ടൂറിസം വെബ്സൈറ്റിന്റെ നവീകരണം.
14. കേരള ടൂറിസത്തിനായുള്ള മൊബൈൽ ആപ്പിന്റെ നിർമ്മാണം.
15. ടൂറിസം ഇൻഫർമേഷൻ സെന്ററുകളുടെ ശാക്തീകരണം.
16. Trip Adviser, Bharath Matrimony, Holiday IQ, OLA Cabs പോലുള്ള വെബ് പോർട്ടലുകളുമായി സഹകരിച്ചുള്ള പ്രചാരണ പരിപാടികൾ.
17. Home stay, Serviced Villa, Ayurveda, Restaurant, Farm Tourism, House Boat എന്നീ classification/Approval സ്കീമുകളുടെ നവീകരണവും നടപ്പാക്കലും.
18. സ്വകാര്യമേഖലയ്ക്കായുള്ള സ്പോൺസർഷിപ്പും സാമ്പത്തിക സഹായങ്ങളും.

19. പബ്ലിക് റിലേഷൻ പ്രവർത്തനങ്ങൾ.

20. തദ്ദേശ ടൂറിസം പരിപാടികളുടെ സംഘാടനം.

21. മഴക്കാലത്ത് സംഗീതരംഗത്തെ പ്രോൽസാഹനത്തിനായി നിശാഗന്ധി മൺസൂൺ മ്യൂസിക് ഫെസ്റ്റിവൽ നടപ്പിലാക്കൽ.

22. വള്ളംകളിയുടെ സാധ്യതകൾ മനസ്സിലാക്കി ചാമ്പ്യൻസ് ബോട്ട് ലീഗ് എന്ന പേരിൽ ചുണ്ടൻ വള്ളംകളി മത്സരം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കൂടാതെ ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി വകുപ്പ് വിവിധ മേഖലകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നൂതന പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

- മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട്.
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം).
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം).
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി.
- ആലപ്പുഴ ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം.
- ഗ്രീൻ കാർപ്പറ്റ്.
- കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി.
- ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി.
- ഉത്തരവാദിത്വ ടൂറിസം പദ്ധതി.

ഇതിനുപുറമേ വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ലോക സഞ്ചാരികളെ കൂടുതൽ ആകർഷിക്കുംവിധം ടൂറിസം പദ്ധതികൾ കാലികവും നൂതനവുമാക്കാൻ ടൂറിസം വകുപ്പ് വിവിധ നടപടികൾ നടപ്പിലാക്കി വരുന്നുണ്ട്. വിദേശ രാജ്യങ്ങളായ യു.കെ.-ഫ്രാൻസ്-ജർമ്മനി, അമേരിക്ക-ആസ്ട്രേലിയ-ജപ്പാൻ-സിംഗപ്പൂർ, മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ ശക്തമായ പ്രചരണ പരിപാടികളാണ് സംഘടിപ്പിച്ചത്. ഈ രാജ്യങ്ങളിലെ പ്രിന്റ്-ടി.വി. മാധ്യമങ്ങൾ വഴി കേരള ടൂറിസം പരസ്യ സംപ്രേക്ഷണം ചെയ്തിരുന്നു. ഈ രാജ്യങ്ങളിലെ പ്രധാന എയർപോർട്ടുകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേന്ദ്രീകരിച്ച് പ്രചരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. മാത്രമല്ല, വിവിധ വിദേശ രാജ്യങ്ങളിൽ കേരള ടൂറിസം റോഡ് ഷോകളും ഇക്കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ട്രാവൽമേളകളിലും വകുപ്പ് പങ്കെടുത്തിട്ടുണ്ട്. ITB Berlin, ATM Dubai, WTM London, ITB Asia, PATA Malaysia, Newyork Times Travel Show എന്നിവ ഇതിൽ പ്രധാനപ്പെട്ട ചിലതു മാത്രമാണ്.

ഇത്തരം മേളകളിൽ പങ്കെടുക്കുകയും മീറ്റുകൾ നടത്തുകയും വഴി പരസ്യപ്രചരണങ്ങൾ വഴിയും ലോക സഞ്ചാരികളെ കേരളത്തിലെത്തിക്കാൻ ശ്രമം നടത്തി വരുന്നുണ്ട്. Come out and play, Human by Nature എന്നിവ നൂതനമായ പരസ്യ പ്രചരണ ബ്രാന്റുകളായി ഇത്തരം വിദേശരാജ്യങ്ങളിൽ അവതരിപ്പിച്ചു വരുന്നുണ്ട്.

അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ ഓരോ പദ്ധതിയിലും ആവിഷ്കരിക്കുന്നതിനായി ടൂറിസം വകുപ്പ് "Expression of Interest" ക്ഷണിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ എംപാനൽഡ് ആർക്കിടെക്റ്റിനെ നിയമിച്ചിട്ടുണ്ട്. ഈ ആർക്കിടെക്റ്റുമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി പദ്ധതി രൂപരേഖ തയ്യാറാക്കി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പിന്റെ ഓരോ പദ്ധതിയുടെയും സൂക്ഷ്മമായ അവലോകനം ജില്ല തിരിച്ച് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും സെക്രട്ടറിതലത്തിലും വകുപ്പ് ഡയറക്ടർ തലത്തിലും നടത്തിവരുന്നു. ടൂറിസം പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി അതത് എം.എൽ.എ. ചെയർമാനായി അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ കാലാകാലം യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങളും നിർമ്മാണ പുരോഗതിയും വിലയിരുത്തി തുടർ നടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ 14 ജില്ലകളിലെയും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ടൂറിസം വകുപ്പിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും ഓരോ പ്രോജക്ട് എഞ്ചിനീയർമാരെ പദ്ധതികളുടെ സുഗമമായ പ്രവർത്തനം യഥാസമയം പൂർത്തിയാക്കുവാനും ആവശ്യമായ പരിശോധന നടത്തി പദ്ധതി ഫലപ്രദമാക്കാനുമായി നിയോഗിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണാനുമതി നൽകിയ ടൂറിസം പദ്ധതികളും അവയുടെ പുരോഗതി സംബന്ധിച്ച വിവരവും അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഗ്രീൻ കാർപ്പെറ്റ് പദ്ധതി

29(*59) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. ആൻസലൻ:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പെറ്റ് പദ്ധതിയുടെ പ്രവർത്തനപുരോഗതി അറിയിക്കാമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി ഈ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശ്രമ സങ്കേതങ്ങൾ, നടപ്പാതകൾ, കുടിവെള്ള ലഭ്യത, ടോയ്‌ലെറ്റ് സംവിധാനം, കഫറ്റീരിയ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി വകുപ്പ് "ഗ്രീൻ കാർപ്പെറ്റ്" എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. നിലവിൽ 77 വിനോദസഞ്ചാര കേന്ദ്രങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് ഇക്കോ പ്രിസർവ് എന്ന എൻ.ജി.ഒ. മുഖേനയും കേരളത്തിലെ മറ്റ് പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കുടുംബശ്രീ മിഷൻ മുഖേന "ക്ലീൻ ഡെസ്റ്റിനേഷൻ

ക്യാമ്പെയിൻ" പദ്ധതിയിലൂടെയും ഇടുക്കി ജില്ലയിൽ എക്സ് സർവ്വീസ്മെൻ ട്രസ്റ്റ് മുഖേനയും വകുപ്പ് നേരിട്ട് തന്നെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിന്നും മാലിന്യം നീക്കി അവിടം ശുചിയായി സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്ന "ബാരിയർ ഫ്രീ" ടൂറിസം പദ്ധതി പ്രധാനപ്പെട്ട എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സാധ്യതയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിവിധ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ് ക്ലീനിംഗ് പരിപാടികൾ വകുപ്പ് തുടർച്ചയായി നടപ്പാക്കിവരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം, പരിസര ശുചിത്വം, പൊതു സൗകര്യങ്ങൾ, മെച്ചപ്പെട്ട സേവന ലഭ്യത എന്നിവ ഉറപ്പുവരുത്തുവാൻ പങ്കാളിത്ത സ്വഭാവത്തോടെ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഗ്രീൻ കാർപ്പെറ്റ്.

തദ്ദേശഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.-കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് വകുപ്പ് 77 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഡെസ്റ്റിനേഷനുകളിലും ഡെസ്റ്റിനേഷൻ മാനേജർമാരെ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഗ്രീൻ കാർപ്പെറ്റിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേയ്ക്ക് വേണ്ട സംഗതികൾ സമയബന്ധിതമായി തീർത്ത് ടൂറിസ്റ്റുകൾക്കുള്ള ബുദ്ധിമുട്ടും പരാതിയും പരമാവധി ഒഴിവാക്കുന്നതിന് ഡെസ്റ്റിനേഷൻ മാനേജർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മതിയായ വെളിച്ച സംവിധാനം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഈ ഡെസ്റ്റിനേഷനുകളിൽ ഏർപ്പെടുത്തിവരുന്നു.

(സി) 2016 മുതൽ ആരംഭിച്ചിട്ടുള്ള ഈ പദ്ധതിയിൽ നിലവിൽ തെരഞ്ഞെടുക്കപ്പെട്ട 77 ടൂറിസം കേന്ദ്രങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതിയിൽ ഉൾപ്പെടുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിൽ ശുചിത്വത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമാണ് ഊന്നൽ നൽകിയിട്ടുള്ളത്. സംസ്ഥാനം സന്ദർശിക്കുന്ന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിനോദസഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി ഒട്ടേറെ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസം സെന്ററുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ടൂറിസം പോലീസുകാരായി സേവനം നടത്തുന്നുണ്ട്. എല്ലാ പ്രധാന ബീച്ചുകളിലും ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ അപകട മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനം കോവളം ഡെസ്റ്റിനേഷനിൽ ഏർപ്പെടുത്തിയിട്ടുണ്ട്. വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

### കിഫ്ബി മസാല ബോണ്ടുകളുടെ പ്ലേസ്മെന്റ്

30(*60) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ മസാല ബോണ്ടുകൾ ഏതൊക്കെ രാജ്യങ്ങളിലാണ് പ്രൈവറ്റായി പ്ലേസ്മെന്റ് ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മസാല ബോണ്ടുകൾ പ്രൈവറ്റായി പ്ലേസ്മെന്റ് ചെയ്യുമ്പോൾ പലിശ നിരക്ക് തീരുമാനിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ;

(സി) കിഫ്ബിയുടെ മസാല ബോണ്ടുകൾ കാനഡയിലെ ക്യൂബെക്കിൽ മാത്രം പ്രൈവറ്റ് പ്ലേസ്മെന്റ് ചെയ്യാൻ ഉണ്ടായ സാഹചര്യം വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ-സി) കിഫ്ബിയുടെ മസാല ബോണ്ട് ഒരു പ്രൈവറ്റ് ഇഷ്യൂ അല്ല. ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പബ്ലിക് ഇഷ്യൂ ആണ്. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം

നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നു. ലണ്ടൻ, സിംഗപ്പൂർ, ഹോങ്കോങ്ങ്, യു.എ.ഇ. എന്നീ രാജ്യങ്ങളിൽ നടന്ന റോഡ്ഷോകളിൽ നിക്ഷേപകരുടെ അഭിപ്രായങ്ങളും ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമ വ്യവസ്ഥകളും വിലയിരുത്തിയ ശേഷമാണ് ഓഫറിംഗ് സർക്കുലർ പ്രസിദ്ധീകരിച്ചത്. കനേഡിയൻ നിയമ വ്യവസ്ഥകൾ പ്രകാരം റീട്ടെയിൽ നിക്ഷേപകരിൽ നിന്നും ബോണ്ടുകൾ വഴി പണം സ്വീകരിക്കണമെങ്കിൽ ബന്ധപ്പെട്ട സെക്യൂരിറ്റി റെഗുലേറ്ററിന്റെ അംഗീകാരം തേടിയ ശേഷം പ്രോസ്പെക്ടസ് പുറപ്പെടുവിക്കേണ്ടതുണ്ട്. ഇത് വളരെ സങ്കീർണ്ണവും കാലതാമസം വരുന്നതുമായ ഒരു നടപടിക്രമമാണ്. ഈ കാലതാമസം ഒഴിവാക്കി ആ രാജ്യത്തിലെ നിക്ഷേപകർക്കും അവസരം കൊടുക്കുന്നതിനായാണ് മറ്റ് രാജ്യങ്ങളിലെ നിയമവ്യവസ്ഥകൾ ഉൾപ്പെടുത്തിയ പോലെ കാനഡയിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി ഓഫറിംഗ് സർക്കുലർ പുറപ്പെടുവിച്ചത്. ഇതിൻപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച ലോകത്തിലെ എല്ലാ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകർക്കും പ്രസ്തുത ബോണ്ടിൽ പങ്കെടുക്കാമായിരുന്നു. ഇത് കാനഡയിലെ ക്യൂബെക് പ്രവിശ്യയിൽ മാത്രമായി നടത്തിയ പ്രൈവറ്റ് പ്ലേസ്മെന്റ് അല്ല. നിലവിലെ വ്യവസ്ഥകൾ പ്രകാരം അന്താരാഷ്ട്ര വിപണിയിലെ പ്രാമാണിക രീതികൾ അടിസ്ഥാനമാക്കിയാണ് ബോണ്ടിന്റെ പലിശനിരക്ക് നിശ്ചയിക്കപ്പെടുന്നത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ജപ്തി ഭീഷണി

1 (400) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക് നിയമപ്രകാരം പ്രവർത്തിക്കുന്ന ബാങ്കുകളുടെ ജപ്തി ഭീഷണി അതിജീവിക്കാൻ വായ്പ എടുത്തവർക്കുവേണ്ടി ഏതെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാരിനുകീഴിൽ റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ ബാങ്കുകളുടെ ജപ്തി നടപടികളിൽ നിന്നും സാധാരണക്കാരെ സംരക്ഷിക്കുന്നതിനുള്ള ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തി വരുന്നു. വിദ്യാഭ്യാസ വായ്പയുടെ

തിരിച്ചടവ് കുടിശ്ശിക വരുത്താതെ അടയ്ക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ജപ്തിയും തുടർനടപടികളും ഇതിനോടുള്ള ബാങ്കുകളുടെ സമീപനവും മറ്റും സംസ്ഥാനത്ത് സാമൂഹ്യപ്രശ്നമായി തീരുന്ന പശ്ചാത്തലം വിലയിരുത്തി സർക്കാർ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (ELRSS) ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം നിഷ്ക്രിയ ആസ്തിയായിട്ടുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശയും പിഴപ്പലിശയും ബാങ്കുകൾ എഴുതിത്തള്ളുന്നപക്ഷം വായ്പ ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള സഹായം നൽകിയിരുന്നു. കൂടാതെ, നിഷ്ക്രിയ ആസ്തി ആകാത്ത വായ്പകൾക്ക് തിരിച്ചടവ് ധനസഹായവും നൽകിവരുന്നു.

### ദുരന്ത നിവാരണ സെസ്

2 (401) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. കൗൺസിൽ സംസ്ഥാനത്തിന് പ്രളയ സെസ് / ദുരന്ത നിവാരണ സെസ് ഈടാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ജി.എസ്.ടി.-ക്ക് അധികമായി സെസ് കൂടി ഏർപ്പെടുത്തുമ്പോൾ വിലക്കയറ്റം ഉണ്ടാകാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ജി.എസ്.ടി.-ക്ക് മേലുള്ള സെസിലൂടെ എത്ര തുക സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എത്ര കാലത്തേയ്ക്കാണ് സെസ് ഈടാക്കുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 32-ാമത് ചരക്കുസേവന നികുതി കൗൺസിലിന്റെ മിനിറ്റ്സിലെ ഖണ്ഡിക 35 പ്രകാരം കേരളത്തിന് 1 ശതമാനത്തിൽ കവിയാത്ത നിരക്കിൽ സെസ്സ് ചുമത്തുവാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിനകത്ത് സെസ് നടപ്പിലാക്കുമ്പോൾ വിലക്കയറ്റം ഉണ്ടാകാതിരിക്കാൻ 5% മാത്രം ചരക്കുസേവന നികുതി ബാധകമായ എല്ലാ നിത്യോപയോഗ സാധനങ്ങളെയും സെസ്സ് പിരിക്കേണ്ട ഉൽപ്പന്നങ്ങളുടെ വിഭാഗത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കോമ്പോസിഷൻ സ്വീകരിച്ചിട്ടുള്ള ചെറുകിട വ്യാപാരി വ്യവസായികളെ സെസ്സിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

(സി) 2019-ലെ കേരള സംസ്ഥാന ബജറ്റിലെ 256-ാം ഖണ്ഡിക പ്രകാരം ഇതിലൂടെ പ്രതിവർഷം 600 കോടി രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സെസ് നിലവിൽ വരുന്നതുമുതൽ 2 വർഷത്തേയ്ക്കാണ് സെസ് ഈടാക്കുന്നത്.

## വളാഞ്ചേരി, കോട്ടയ്ക്കൽ സബ് ട്രഷറികൾക്ക് സ്വന്തമായി കെട്ടിടവും സ്ഥലവും

3(402) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി സബ്ട്രഷറി, കോട്ടയ്ക്കൽ സബ്ട്രഷറി എന്നിവയ്ക്ക് പുതിയ കെട്ടിടവും സ്ഥലവും അനുവദിക്കണമെന്നുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ട്രഷറികളിൽ എത്തുന്ന ഇടപാടുകാർ വളരെയേറെ പ്രയാസങ്ങൾ അനുഭവിക്കുന്ന കാര്യം പരിഗണിച്ച് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച ഫയലിന്റെ മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഈ വിഷയവുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളൊന്നും വകുപ്പിൽ ലഭിച്ചിട്ടില്ല.

(ബി) അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ സ്വന്തം കെട്ടിടം വളാഞ്ചേരിയിലും കോട്ടയ്ക്കലിലും നിർമ്മിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

(സി) ഇത് സംബന്ധിച്ച ഫയലൊന്നും ധനകാര്യ വകുപ്പിൽ ലഭ്യമല്ല.

## കാട്ടാക്കട കോടതി സമുച്ചയത്തിന്റെ രണ്ടാംഘട്ട കെട്ടിടനിർമ്മാണം

4 (403) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കോടതി സമുച്ചയത്തിന്റെ രണ്ടാംഘട്ട കെട്ടിടനിർമ്മാണത്തിനുള്ള സാമ്പത്തിക അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്; ആയതിന്റെ തുടർനടപടികൾ വിശദമാക്കാമോ?

### ഉത്തരം

കാട്ടാക്കട കോടതി സമുച്ചയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ആഭ്യന്തര വകുപ്പിന്റെ ശിപാർശ ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കാൻ സമിതി**

5 (404) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സമിതിയുടെ ഘടന, കാലാവധി എന്നിവ സംബന്ധിച്ച് വിശദീകരിക്കാമോ;

(സി) സമിതി നാളിതുവരെ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് ലഭിച്ചിരിക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി 07-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന ഉത്തരവ് പ്രകാരം സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) ശ്രീ. എസ്. സതീഷ് ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) (ചെയർമാൻ), ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ്.(റിട്ട.), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി. എന്നീ അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് 6 മാസത്തെ കാലാവധിയിലാണ് സമിതി രൂപീകരിച്ചത്. 6-5-2019-ലെ സ.ഉ.(പി) നമ്പർ 56/2019/ധന ഉത്തരവ് പ്രകാരം സമിതിയുടെ കാലാവധി 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു.

(സി) പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്.

(ഡി) ഉണ്ട്.

## സംസ്ഥാനവിഹിതം നൽകാത്തതിനാൽ നഷ്ടപ്പെട്ടിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

6(405) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യഥാസമയം സംസ്ഥാനവിഹിതം നൽകാത്തതിനാൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുകയാണ് നഷ്ടപ്പെട്ടിട്ടുള്ളത്; ഓരോ സാമ്പത്തികവർഷവും ഇത്തരത്തിൽ എത്ര തുക നഷ്ടപ്പെട്ടിട്ടുണ്ട്; പദ്ധതികൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പട്ടികവിഭാഗങ്ങൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് നൽകേണ്ട സംസ്ഥാനവിഹിതം യഥാസമയം നൽകുന്നതിൽ ധന വകുപ്പ് എന്തെങ്കിലും തരത്തിലുള്ള വീഴ്ചകൾ വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനവിഹിതം നൽകുന്നതിൽ ഉണ്ടായിട്ടുള്ള അലംഭാവമോ കാലതാമസമോ കാരണം ഏതെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് തുക അനുവദിക്കാതിരിക്കുകയോ വെട്ടിക്കുറയ്ക്കുകയോ ചെയ്യുന്ന തരത്തിലുള്ള എന്തെങ്കിലും നടപടികൾ കേന്ദ്രം സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം ലഭ്യമാകുന്ന മുറയ്ക്ക് ആനുപാതികമായ സംസ്ഥാനവിഹിതവും ചേർത്ത് ഫണ്ട് നിർവ്വഹണ ഏജൻസിക്കോ/വകുപ്പിനോ അനുവദിക്കുകയാണ് ചെയ്യുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം യഥാസമയം നൽകാത്തതിനാൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക നഷ്ടപ്പെടുന്ന സാഹചര്യമോ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രം തുക അനുവദിക്കാതിരിക്കുകയോ വെട്ടിക്കുറയ്ക്കുകയോ ചെയ്യുന്ന സാഹചര്യമോ ഉണ്ടായിട്ടില്ല. പട്ടികവിഭാഗങ്ങൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് നൽകേണ്ട സംസ്ഥാന വിഹിതം യഥാസമയം നൽകുന്നതിൽ ധനവകുപ്പിൽ നിന്ന് വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ആരോഗ്യ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

7(406) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും, പെൻഷൻകാർക്കും നടപ്പിലാക്കുവാൻ പോകുന്ന ആരോഗ്യ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ബി) പദ്ധതിയുടെ ഭാഗമായി എംപാനൽ ചെയ്യാൻ ഉദ്ദേശിക്കുന്ന ആശുപത്രികളുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പോളിസി സ്റ്റേറ്റ്മെന്റ്, തിരിച്ചറിയൽ കാർഡ് എന്നിവ വിതരണം ചെയ്യുന്ന രീതി വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ.ഉ. (അച്ചടി) നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ, സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലേയും തദ്ദേശ ഭരണസ്ഥാപനങ്ങളിലേയും ജീവനക്കാർ/പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരെയും മന്ത്രിമാരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്കുശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ അഭിപ്രായം, ജീവനക്കാർ, പെൻഷൻകാർ എന്നിവരുടെ സംഘടനകളുടെ അഭിപ്രായം എന്നിവകൂടി പരിഗണിച്ച് ആർ.എഫ്.പി. (REQUEST FOR PROPOSAL) തയ്യാറാക്കുകയും ഇതിനെ അടിസ്ഥാനമാക്കി 1-1-2019-ന് ഇ-ടെണ്ടർ (Tender ID2019-FIN-258705-1) ആയി ആർ.എഫ്.പി പരസ്യപ്പെടുത്തുകയും ചെയ്തു. മൂന്ന് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ ഉൾപ്പെടെ അഞ്ച് ഇൻഷ്വറൻസ് കമ്പനികൾ പ്രൊപ്പോസലുകൾ സമർപ്പിക്കുകയുണ്ടായി. പ്രൊപ്പോസലുകളുടെ പരിശോധനയിൽ ഏറ്റവും കുറഞ്ഞ വാർഷിക പ്രീമിയം തുകയായ 2992.48 രൂപ (18% GST ഉൾപ്പെടെ) രേഖപ്പെടുത്തിയ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് പദ്ധതി നടത്തിപ്പിനായി 27-4-2019-ലെ 49/2019/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകുകയുണ്ടായി. തെരഞ്ഞെടുക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്കുമാത്രമേ പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ, ഗുണഭോക്താക്കൾക്കുള്ള പോളിസി സ്റ്റേറ്റ്മെന്റ്, തിരിച്ചറിയൽ കാർഡ് എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ. കരാർ ഒപ്പുവയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ അതിദ്രുതം പുരോഗമിക്കുകയാണ്.

## കാരുണ്യ ചികിത്സാസഹായം

8(407) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളില്ലാത്തതിനാൽ അന്യ സംസ്ഥാനങ്ങളിലേയ്ക്ക് റഫർ ചെയ്യപ്പെടുന്ന സംസ്ഥാനത്തെ ആശുപത്രികളിലെ നിർദ്ധന രോഗികൾക്ക് കാരുണ്യ ചികിത്സാസഹായം ലഭ്യമല്ലാത്ത സാഹചര്യം നിലവിലുണ്ടോ;

(ബി) ഇത്തരം രോഗികളുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സേവനം വിശദമാക്കുമോ?

ഉത്തരം

(എ) അന്യസംസ്ഥാനത്ത് ചികിത്സ തേടുന്ന രോഗികൾക്ക് കാരുണ്യ ബനവലന്റ് ഫണ്ടിന്റെ ആനുകൂല്യം ലഭിക്കുന്നതിന് വ്യവസ്ഥയില്ല.

(ബി) പ്രത്യേക സാഹചര്യത്തിൽ കാരുണ്യ ബെനവലന്റ് ഫണ്ട് സംസ്ഥാനതല സമിതി തീരുമാന പ്രകാരം ചികിത്സാ രേഖകളുടേയും ഒറിജിനൽ ബില്ലുകളുടേയും അടിസ്ഥാനത്തിൽ സഹായം അനുവദിക്കാറുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ പദ്ധതികളുടെ വിശദാംശങ്ങൾ

9 (408) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17, 2017-18, 2018-19 വാർഷിക ബഡ്ജറ്റുകളിൽ നിന്നും ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ഓരോ പദ്ധതിക്കും അനുവദിച്ച തുകയുടെ വിവരങ്ങൾ സഹിതം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പൂർത്തിയായെന്നും മറ്റ് പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

ഉത്തരം

(എ&ബി) ആലത്തൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLA SDF) കീഴിൽ 1 കോടി രൂപ വീതവും നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ 5 കോടി രൂപ വീതവും വകയിരുത്തിയിട്ടുണ്ട്. പദ്ധതികളുടെയും നിർവ്വഹണ പുരോഗതിയുടെയും

വിശദാംശങ്ങൾ യഥാക്രമം അനുബന്ധം* ആയി ചേർക്കുന്നു. കിഫ്ബി വഴിയുള്ള പ്രവൃത്തികളുടെയും നിർവ്വഹണ പുരോഗതിയുടെയും വിശദാംശങ്ങൾ അനുബന്ധം* ആയും പൊതുമരാമത്ത് റോഡ്സ് വിഭാഗവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായും* മറ്റ് പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായും* ചേർക്കുന്നു.

**കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം**

10 (409) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുക വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ കേന്ദ്ര പദ്ധതികളിലായി എത്ര തുകയാണ് കേന്ദ്രം വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിലേയ്ക്കുള്ള കേന്ദ്ര വിഹിതം 90 ശതമാനമായി ഉയർത്തണമെന്ന്, 2018 മേയ് മാസത്തിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുൻപാകെ സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം 2018-19, 2019-20 വർഷങ്ങളിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സംസ്ഥാന ദുരന്തനിവാരണ ഫണ്ടിലേയ്ക്കുള്ള വിഹിതം 90:10 എന്ന രീതിയിലാക്കിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട ചില പ്രവൃത്തികൾ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി, നിലവിലുള്ള 100 തൊഴിൽ ദിനങ്ങൾക്കു പുറമേ അധികമായി 100 അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾകൂടി വർദ്ധിപ്പിക്കുക വഴി ആകെ 2600 കോടി രൂപയുടെ അധിക സഹായം നൽകണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചതായുള്ള അറിയിപ്പുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇ-ലെഡ്ജർ/ഇ-ലാംസ്

11 (410) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സാമ്പത്തിക വർഷത്തേയ്ക്ക് അനുവദിച്ച തുകകൾ ഇ-ലെഡ്ജർ/ ഇ-ലാംസിലേയ്ക്ക് മാറ്റുന്നതുമൂലം വികസന പ്രവർത്തനങ്ങളിൽ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുകകൾ ഇ-ലാംസിലേയ്ക്ക് മാറ്റുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ഇ-ലാംസിലേയ്ക്ക് മാറ്റിയ ഫണ്ടുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) 2017-18 സാമ്പത്തിക വർഷത്തിൽ ഇപ്രകാരം മാറ്റിയ ഫണ്ടിൽ എന്ത് തുക 2018-19 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 23-1-2015 -ലെ G.O.(P)48/2015/ധന ഉത്തരവിലെ ഖണ്ഡിക 3-ലെ കാറ്റഗറി 3 പ്രകാരം നടപടിക്രമങ്ങളിലെ കാലതാമസംമൂലം ഒരു സാമ്പത്തിക വർഷത്തെ ഫണ്ടിൽ നിന്നും തുക ചെലവഴിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അടുത്ത സാമ്പത്തിക വർഷം സെപ്റ്റംബർ 30-നകം വിജയകരമായി വിനിയോഗിക്കുമെന്നുറപ്പുള്ള ടി തുകയാണ് ഇ-ലാംസിലേയ്ക്ക്/ ഇ-ലെഡ്ജറിലേയ്ക്ക് മാറ്റുന്നത്.

(സി) 2017-18 ൽ 750.98 കോടി രൂപ

2018-19 ൽ 994.60 കോടി രൂപ

(ഡി) 2017-18 സാമ്പത്തിക വർഷത്തിൽ ഇ-ലാംസിലേയ്ക്ക്/ ഇ-ലെഡ്ജറിലേയ്ക്ക് മാറ്റിയ തുകയിൽ നിന്നും 244.79 കോടി രൂപ 2018-19 സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.

## വിവിധ വകുപ്പുകളുടെ പദ്ധതിച്ചെലവ്

12 (411) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തിൽ വിവിധ വകുപ്പുകളുടെ പദ്ധതി വിഹിതം, പദ്ധതിച്ചെലവ് എന്നിവ എത്ര ശതമാനമാണ് എന്നത് സംബന്ധിച്ച് വിശദമായ കണക്ക് ലഭ്യമാക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലത്തെ വിവിധ വകുപ്പുകളുടെ പദ്ധതിച്ചെലവും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള പദ്ധതിച്ചെലവും വർഷം തിരിച്ച് താരതമ്യം ചെയ്തുള്ള കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷത്തെ ആകെ പദ്ധതി അടങ്കൽ 37247.99 കോടി രൂപയാണ്. ഇതിൽ 2019 മാർച്ച് 31 വരെ 25761.53 കോടി രൂപ (69.16%) വിനിയോഗിച്ചിട്ടുണ്ട്.

(ബി) 2011-12 മുതൽ 2018-19 വരെയുള്ള പദ്ധതി അടങ്കൽ, പദ്ധതിച്ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | പദ്ധതി ചെലവ് * | വർഷം | പദ്ധതി ചെലവ് * |
|---|---|---|---|
| 2011-12 | 13094.39 | 2015-16 | 25524.58 |
| 2012-13 | 16343.96 | 2016-17 | 28169.48 |
| 2013-14 | 16443.89 | 2017-18 | 28455.11 |
| 2014-15 | 19999.30 | 2018-19 | 25761.53 |
| * കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെ | | | |

**ലോട്ടറിയിൽനിന്നും മദ്യ വില്പനയിൽനിന്നുമുള്ള വരുമാനം**

13 (412) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം കേരള സംസ്ഥാന ലോട്ടറിയിൽ നിന്നും ആകെ ലഭിച്ച വരുമാനവും ലാഭവും എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷം മദ്യവിൽപ്പനയിലൂടെ ലഭിച്ച മൊത്തം വരുമാനം എത്ര കോടി രൂപയായിരുന്നുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വരുമാനം - 9,262.70 കോടി

ലാഭം - 1,673.11 കോടി

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ ബിവറേജ്സ് കോർപ്പറേഷൻ വഴി മദ്യവില്പനയിലൂടെ ലഭിച്ച മൊത്തം വിറ്റുവരവ് 14,508 കോടി രൂപയാണ്. ഇതിൽ 12,426 കോടി രൂപയാണ് നികുതി വരുമാനം.

## കരാറുകാർക്ക് കൊടുത്ത് തീർക്കുവാനുള്ള കുടിശ്ശിക

14 (413) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളിലെ കരാറുകാർക്ക്, 2019 മാർച്ച് 31-ലെ കണക്കനുസരിച്ച് കൊടുത്തു തീർക്കുവാനുള്ള കുടിശ്ശിക എത്ര കോടി രൂപയാണ്;

(ബി) പ്രസ്തുത കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;വിശദമാക്കുമോ?

ഉത്തരം

(എ)

| വകുപ്പ് | കാലയളവ് | കുടിശ്ശിക തുക (കോടിയിൽ) |
|---|---|---|
| പൊതുമരാമത്ത്(നിരത്ത്, പാലം) വകുപ്പ് | 1-9-2018 മുതൽ 31-3-2019 വരെ | 449.63 |
| പൊതുമരാമത്ത്(കെട്ടിടം) വകുപ്പ് | 1-9-2018 മുതൽ 31-3-2019 വരെ | 185.57 |
| ജലവിഭവ വകുപ്പ് | 1-9-2018 മുതൽ 31-3-2019 വരെ | 109.22 |

(ബി) കരാറുകാരുടെ കുടിശ്ശിക തുക ഘട്ടം ഘട്ടമായി കൊടുത്തു തീർക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് (നിരത്ത്, പാലം, കെട്ടിടം), ജലവിഭവ വകുപ്പുകളിലെ കരാറുകാരുടെ 2018 സെപ്റ്റംബർ മാസത്തെ ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് 20-6-2019-ലും 2018 ഒക്ടോബർ മാസത്തെ ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് 23-7-2019-ലും 2018 നവംബർ മാസത്തെ ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് 21-8-2019-ലും പുറപ്പെടുവിക്കുന്നതാണ്. തുടർന്നുള്ള മാസങ്ങളിലെ ബില്ലുകൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റും ഈ രീതിയിൽ പുറപ്പെടുവിക്കുന്നതാണ്.

## ത്രിതല പഞ്ചായത്തുകളുടെ 2018-19 സാമ്പത്തിക വർഷത്തെ ധനവിനിയോഗം

15 (414) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി എത്ര കോടി രൂപ അനുവദിച്ചുവെന്നും 2019 മാർച്ച് 31 വരെ ത്രിതല പഞ്ചായത്തുകളും നഗരസഭകളും എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ബി) 2019 ജനവരി 1-നുശേഷം ഏതെല്ലാം രീതിയിലുള്ള ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) 2019 മാർച്ച് 31 വരെ ത്രിതല പഞ്ചായത്തുകൾ സമർപ്പിച്ച എത്ര കോടി രൂപയുടെ ബില്ലുകൾ ക്യൂവിൽ രേഖപ്പെടുത്തിയെന്നും ഈ തുക പ്രസ്തുത സാമ്പത്തിക വർഷംതന്നെ കണക്കിൽപ്പെടുത്തി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ഇതിനായി എന്തുസംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

| പ്രാദേശിക സർക്കാരുകൾ | 2018-19 (തുക കോടിയിൽ) | |
|---|---|---|
| | അനുവദിച്ചത് | ചെലവഴിച്ചത് |
| ത്രിതല ഗ്രാമപഞ്ചായത്ത് | 5213.00 | 4460.69 |
| നഗരസഭകൾ | 1850.57 | 1286.76 |

(ബി) ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേ സമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. അതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിന് വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങളൊന്നും 2019 ജനവരി 1-നുശേഷം ഏർപ്പെടുത്തിയിട്ടില്ല.

(സി) ട്രഷറികളിൽ 28-3-2019 അഞ്ച് മണി വരെ ലഭിച്ചിട്ടുള്ളതും 2018-19 സാമ്പത്തിക വർഷത്തിൽ പാസ്സാക്കാൻ സാധിക്കാത്തതുമായ എല്ലാ ബില്ലുകളും ട്രഷറി ക്യൂവിലേയ്ക്ക് മാറ്റിയിരുന്നു. 2019 മാർച്ച് 31 വരെ ത്രിതല പഞ്ചായത്തുകൾ സമർപ്പിച്ച 834.09 കോടി രൂപയുടെ ബില്ലുകൾ ക്യൂവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുക നടപ്പു സാമ്പത്തിക വർഷത്തെ (2019-20) കണക്കിൽ ഉൾപ്പെടുത്തി നൽകുന്നതിന് 12-4-2019-ലെ സ.ഉ.(സാധാ) നം.3002/2019/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയ ബില്ലുകൾ, ചെക്കുകൾ എന്നിവ ക്ലിയർ ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 10-4-2019-ന് 31/2019/ധന നമ്പർ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

## 2018-19-ലെ പദ്ധതി വിനിയോഗം

16 (415) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തികവർഷത്തെ ഗ്രോസ്സ് പ്ലാൻ ഔട്ട്‌ലേ എത്ര കോടി രൂപയായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) ഇതിൽ എത്ര ശതമാനമാണ് 2019 മാർച്ച് 31 വരെ വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) എത്ര തുകയാണ് ഇ-ലാംസിലേയ്ക്ക് (ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ട് മോണിറ്ററിംഗ് സിസ്റ്റം) ട്രാൻസ്ഫർ ചെയ്തതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പദ്ധതിതുക മുഴുവൻ വിനിയോഗിക്കാൻ കഴിയാതിരുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-19 സാമ്പത്തികവർഷത്തെ ഗ്രോസ്സ് പ്ലാൻ ഔട്ട് ലേ 37,247.99 കോടി രൂപയാണ് (കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം ഉൾപ്പെടെ).

(ബി) ഇതിൽ 2019 മാർച്ച് 31 വരെ 69.16% വിനിയോഗിച്ചിട്ടുണ്ട്.

(സി) 2018-19 സാമ്പത്തികവർഷത്തിൽ 994.19 കോടി രൂപയാണ് പദ്ധതിയിനത്തിൽ ഇ-ലാംസിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തത്.

(ഡി) 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെ തുടർന്ന് പദ്ധതികളുടെ മുൻഗണനാ പുനഃക്രമീകരണം നടത്തുവാൻ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെ തുടർന്ന്, പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് എന്നിവ ഒഴികെയുള്ള വകുപ്പുകളുടെ 2018-19-ലെ പദ്ധതിയടങ്കലിൽ 20% കുറവ് വരുത്താൻ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇതിനു പുറമെ, പ്രതീക്ഷിച്ച റവന്യൂ വരുമാനത്തിലുള്ള കുറവും വായ്പയെടുക്കുന്നതിൽ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും കാരണമാണ് പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാതിരുന്നത്.

## റവന്യൂ വരുമാനം

17(416) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം പ്രതീക്ഷിച്ച വരുമാനം എത്ര; ഏതൊക്കെ സ്രോതസ്സുകളിലൂടെയാണ് വരുമാനം പ്രതീക്ഷിച്ചിരുന്നത്;

(ബി) കേന്ദ്ര സർക്കാർ വഴിയുള്ള വരുമാനം എത്രയായിരുന്നു?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം വിവിധ സ്രോതസ്സുകളിലൂടെ പ്രതീക്ഷിച്ച വരുമാനത്തിന്റെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| | |
|---|---|
| സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം | 58588.44 |
| സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം | 14271.14 |
| കേന്ദ്ര നികുതി വിഹിതം | 19932.27 |
| കേന്ദ്ര ധനസഹായം | 10009.39 |

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ വഴി ലഭ്യമായ വരുമാനത്തിന്റെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| | |
|---|---|
| കേന്ദ്ര നികുതി വിഹിതം | 19028.63 |
| കേന്ദ്ര ധനസഹായം | 11193.77 |

## സംസ്ഥാനത്തിന്റെ പൊതുകടം

18 (417) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലെ പൊതുകടം, ആളോഹരി കടം എന്നിവ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓവർ ഡ്രാഫ്റ്റ് എടുക്കേണ്ടി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പ്രാവശ്യം എന്ന് വ്യക്തമാക്കുമോ;

(സി) 2016 മേയ് മാസത്തിനുശേഷം കടപ്പത്രങ്ങൾ വഴി എത്ര കോടി രൂപ കടമെടുത്തു എന്ന് വ്യക്തമാക്കുമോ;

(ഡി) മൊത്തം വരുമാനത്തിന്റെ എത്ര ശതമാനമാണ് നിലവിൽ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകൾ പ്രകാരം 2019 മാർച്ച് 31 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 1,57,558.88 കോടി രൂപയും ഇതനുസരിച്ചുള്ള ആളോഹരി കടം 45,728.89 രൂപയുമാണ്.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടില്ല.

(സി) 2016 ജൂൺ 1 മുതൽ 2019 മേയ് 28 വരെയുള്ള കാലയളവിൽ കടപ്പത്രങ്ങൾ മുഖേന 59,000 കോടി രൂപ സർക്കാർ സമാഹരിച്ചിട്ടുണ്ട്.

(ഡി) 2019-20-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം റവന്യൂ വരുമാനത്തിന്റെ 56.78 ശതമാനമാണ് വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നത്.

**സംസ്ഥാന സർക്കാർ കടമെടുത്ത തുക**

19 (418) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് ഒരു സാമ്പത്തിക വർഷം എത്ര കോടി രൂപ വരെ കടമെടുക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം ആരംഭിച്ച ശേഷം കടപ്പത്രങ്ങളിലൂടെ എത്ര കോടി രൂപ കടമെടുത്തിട്ടുണ്ടെന്നും ഇപ്രകാരം കടമെടുത്ത തുകയിൽ എത്ര തുക ആസ്തി വികസനത്തിനായി ഉപയോഗിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) കടമെടുത്ത തുക ക്ഷേമ പെൻഷൻ കുടിശ്ശിക നൽകുന്നതിനും സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ. കുടിശ്ശിക നൽകുന്നതിനും വിനിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി GSDP-യുടെ 3 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 24,915 കോടി രൂപയാണ്.

(ബി & സി) നടപ്പ് സാമ്പത്തിക വർഷം (2019-20) നാളിതുവരെ (27-5-2019) വരെ 4500 കോടി രൂപ കടപ്പത്രങ്ങളിലൂടെ സംസ്ഥാനം സമാഹരിച്ചിട്ടുണ്ട്. വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിതനിധിയിൽ മറ്റ് വരുമാനങ്ങൾകൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്രവീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുകയിൽ നോൺ പ്ലാൻ റവന്യൂ അക്കൗണ്ടിലുള്ള കമ്മി നികത്തിയതിനുശേഷം ബാക്കിയുള്ളത് പദ്ധതി ചെലവുകൾക്കായാണ് വിനിയോഗിക്കുന്നത്.

## പൊതുമേഖലാ ബാങ്കുകൾ

20(419) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ ബാങ്കുകൾക്ക് മേൽ സംസ്ഥാന സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ഉണ്ടോ;

(ബി) പൊതുമേഖലാ ബാങ്കുകളുടെ പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകുവാൻ അധികാരമുണ്ടോ;

(സി) പൊതുമേഖലാ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുകയും തിരിച്ചടക്കാൻ സാധിക്കാതെ വരുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത കടം എഴുതി തള്ളുവാൻ സംസ്ഥാന സർക്കാരിന് സാധിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കേന്ദ്ര സർക്കാരിനു കീഴിൽ റിസർവ് ബാങ്കിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് പൊതുമേഖലാ ബാങ്കുകൾ പ്രവർത്തിക്കുന്നത്. പൊതുമേഖലാ ബാങ്കുകളുൾപ്പെടെ സംസ്ഥാനത്തെ ബാങ്കിംഗ് മേഖലയിലെ പ്രശ്നങ്ങളിൽ സംസ്ഥാനതല ബാങ്കിംഗ് സമിതി/ജില്ലാതല ബാങ്കിംഗ് സമിതി മുഖേന സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(സി) പൊതുമേഖലാ ബാങ്കുകളിൽ നിന്നുമെടുക്കുന്ന വായ്പകൾ എഴുതിത്തള്ളുന്നതിനാവശ്യമായ നടപടികൾ അതാത് ബാങ്കുകളുടെ നിയമമനുസരിച്ചും വായ്പാ നയമനുസരിച്ചും ബാങ്കുകളാണ് സ്വീകരിക്കുന്നത്. സർക്കാർ തലത്തിൽ വായ്പാ തിരിച്ചടവ് സഹായ പദ്ധതികൾ, പലിശ സബ്സിഡി സ്കീമുകൾ, പലിശയും പിഴപ്പലിശയും ബാങ്കുകൾ ഏറ്റെടുക്കുന്ന മുറയ്ക്ക് വായ്പാ തുക സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എന്നിവയിലൂടെ ഇടപെടലുകൾ നടത്തുന്നു.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് ധനസഹായം

21(420) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി മുഖേന ഈ സർക്കാരിന്റെ കാലത്ത് എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈയിനത്തിൽ ആകെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിൽ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശിപാർശ ചെയ്ത് ലഭ്യമാക്കിയ 16174 അപേക്ഷകർക്ക് സർക്കാർ വിഹിതമായി ആകെ 156.73 കോടി രൂപ അനുവദിച്ച് ബന്ധപ്പെട്ട ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് തുക കൈമാറിയിട്ടുണ്ട്. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ബാങ്ക് തിരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ ജില്ലാ അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല.

**അധികവിഭവസമാഹരണം**

22 (421) <u>ശ്രീ. കെ. എൻ. എ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷാവസാനത്തിൽ സംസ്ഥാനത്തിന്റെ ബാക്കി നിൽക്കുന്ന കടം എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലും (2017-18, 2018-19) ഈ കടത്തിൽ എപ്രകാരം വ്യത്യാസമുണ്ടായെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കാലയളവിൽ അധികവിഭവസമാഹരണം നടത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിലെ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| | 2016-17 | 2017-18 | 2018-19* |
|---|---|---|---|
| കടബാധ്യത | 186453.86 | 210762.36 | 232765.88 |

*താത്കാലികം

(സി) റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുക, നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്നീ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ജി.എസ്.ടി. അവധാനതയോടെ നടപ്പിലാക്കിയതും ആലോചനയില്ലാതെ ആഡംബര വസ്തുക്കളുടെ ജി.എസ്.ടി. ഗണ്യമായി കുറച്ചതും നമ്മുടെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്. ജി.എസ്.റ്റി.എൻ.-ൽ ഉണ്ടായ തകരാറുകളും ആയത് സമ്പൂർണ്ണ സജ്ജമാകാത്തതും നികുതി വരുമാനത്തെ ബാധിച്ചു.

നികുതി ചെക്ക് പോസ്റ്റുകൾ നിയമപരമായി ഇല്ലാതായ സാഹചര്യം മുതലെടുത്ത് നികുതി വെട്ടിക്കുന്ന സ്ഥിതിയും സംജാതമായി. ഇത് ഒരു പരിധിവരെ തടയാൻ ഇപ്പോൾ കഴിയുന്നുണ്ട്. ഇന്റലിജൻസ് സ്ക്വാഡ് പ്രവർത്തനം ശക്തിപ്പെടുത്തി ഇത് കുറയ്ക്കാൻ നടത്തുന്ന ശ്രമം ഫലം കണ്ട് തുടങ്ങിയിട്ടുണ്ട്.

ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സാമൂഹ്യ ക്ഷേമ ചെലവുകളും വികസന ചെലവുകളും വെട്ടിക്കുറയ്ക്കുക എന്ന സമീപനം സർക്കാരിനില്ല. നിയമന നിരോധനമോ അനിവാര്യ തസ്തിക സൃഷ്ടിക്കൽ നിരോധനമോ ഏർപ്പെടുത്തില്ല. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ അടക്കം ഈ സർക്കാർ അധികാരത്തിലെത്തിയശേഷം തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനുശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കൂ. മറ്റ് ചെലവ് ചെയ്യലുകൾക്ക് ധൂർത്ത് ഒഴിവാക്കണമെന്ന ഉദ്ദേശ്യത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

റവന്യൂ കമ്മി ഒഴിവാക്കി മൂലധനച്ചെലവ് ഗണ്യമായി ഉയർത്തുക എന്ന സമീപനം സ്വീകരിച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്.

**സംസ്ഥാനത്തിന്റെ പൊതുകടം**

23 (422) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 വർഷങ്ങളിൽ ഓരോ സാമ്പത്തിക വർഷത്തിലും സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടി രൂപ വീതമായിരുന്നു എന്നതിന്റെ വിശദവിവരം നൽകുമോ;

(ബി) ഓരോ വർഷങ്ങളിലും സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ഇതിന്റെ കാരണമെന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ & ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിലെ പൊതുകടം, പൊതുകടത്തിന്റെ വർദ്ധനവ്, വർദ്ധന നിരക്ക് എന്നിവ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| | 2016-17 | 2017-18 | 2018-19* |
|---|---|---|---|
| പൊതുകടം | 125882.86 | 142984.53 | 157558.88 |
| വർദ്ധനവ് | 16151.89 | 17101.67 | 14574.35 |
| വർദ്ധനവ് ശതമാനത്തിൽ | 14.72% | 13.59% | 10.19% |

*താത്കാലിക കണക്ക്

സംസ്ഥാനത്തിന്റെ പൊതുകടം ഈ കാലയളവിൽ ഓരോ വർഷവും വർദ്ധിക്കുകയാണെങ്കിലും വർദ്ധനവിന്റെ നിരക്ക് കുറഞ്ഞുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി കടമെടുപ്പ് അത്യന്താപേക്ഷിതമാണ്.

**സംസ്ഥാനത്തിന്റെ പൊതുകടം**

24(423) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന്റെ പൊതുകടം 2019 മാർച്ച് 31 വരെ എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുപ്രകാരം 2019 മാർച്ച് 31 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 1,57,558.88 കോടി രൂപയാണ്.

**നികുതി ഇനത്തിൽ പിരിച്ചെടുത്ത തുക**

25 (424) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിൽ നികുതി ഇനത്തിൽ പിരിച്ചെടുത്ത തുക തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷം എത്ര കോടി രൂപ പിരിച്ചെടുക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(സി) ലക്ഷ്യമിട്ടിരുന്ന തുക പിരിച്ചെടുക്കുവാൻ സാധിക്കാതെ വന്നത് എന്തുകൊണ്ടാണ്;

(ഡി) മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ നികുതി വെട്ടിച്ച് സാധനങ്ങൾ കൊണ്ടുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് തടയുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ തനത് നികുതിയിനത്തിൽ ലഭ്യമായ വരുമാനത്തിന്റെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ഇനം | തുക (കോടിയിൽ) |
|---|---|
| സംസ്ഥാന ചരക്കു സേവന നികുതി | 21014.71 |
| കാർഷികാദായ നികുതി | 0.70 |
| ഭൂനികുതി | 202.78 |
| മുദ്രപ്പത്രങ്ങളും രജിസ്ട്രേഷൻ ഫീസും | 3693.17 |
| കൃഷിഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിന്മേലുള്ള നികുതികൾ | 177.04 |
| സംസ്ഥാന എക്സൈസ് | 2521.43 |
| വിൽപ്പന നികുതി | 19225.90 |
| വാഹന നികുതി | 3708.61 |
| വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും | 62.38 |
| ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിച്ച മറ്റ് നികുതികളും തീരുവകളും | 47.40 |

(ബി) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 58,588.44 കോടി രൂപയായിരുന്നു.

(സി) ലക്ഷ്യമിട്ടിരുന്ന തുക പിരിച്ചെടുക്കുവാൻ സാധിക്കാതെ വന്നതിന്റെ കാരണങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ ബഹുഭൂരിഭാഗവും 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം നിശ്ചയിച്ചു എങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെ തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേൺ മുഴുവൻ ഫയൽ ചെയ്യാത്തതിനാൽ വിശദാംശങ്ങൾ ലഭിക്കുന്നില്ല. ഇതും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.

2. GST-യുമായി ബന്ധപ്പെട്ട് 2017-18-ന്റെ Annual Return ജൂൺ 2019 വരെ ഫയൽ ചെയ്യാവുന്നതാണ്. അത്തരം റിട്ടേൺ ലഭ്യമാകുമ്പോൾ റിട്ടേണുകളുടെ വിശദമായ സ്കൂട്ടിനി നടത്തി, നികുതി പിരിവ് വർദ്ധിപ്പിക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

3. ഭൂരിഭാഗം ആഡംബര ഉപഭോക്തൃ ചരക്കുകളുടെയും നികുതിനിരക്ക് 23-ാം ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനപ്രകാരം 28 ശതമാനത്തിൽ നിന്ന് 18 ശതമാനവും 12 ശതമാനവും ആയി കുറച്ചിട്ടുണ്ട്. ഇത് സംസ്ഥാനങ്ങളുടെ നികുതി പിരിവിനെ ദോഷകരമായി ബാധിച്ചു.

(ഡി) മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ നികുതി വെട്ടിച്ച് സാധനങ്ങൾ കൊണ്ടുവരുന്നത് തടയുന്നതിനായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിനെ അതിർത്തി പ്രദേശങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പ് ചെക്ക് പോസ്റ്റുകളിലും നിരത്തുകളിലും വ്യാപക പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 24-4-2018 മുതൽ ആരംഭിച്ച Operation Night Riders എന്ന പേരിലുള്ള പരിശോധനയിൽ 23-5-2019 വരെ ഇത്തരത്തിൽ 45 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കള്ളക്കടത്ത് തടയുന്നതിനായി എക്സൈസ് വകുപ്പ് വാഹന പരിശോധന ഊർജ്ജിതമാക്കിയിട്ടുള്ളതാണ്. അനധികൃത കടത്ത് അതിർത്തി ചെക്ക് പോസ്റ്റുകൾ വഴി ഉണ്ടാകാതിരിക്കാൻ ചെക്ക് പോസ്റ്റിലെ നിലവിലെ പരിശോധന കൂടാതെ അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വാഹനങ്ങൾ പരിശോധിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോൾ സംഘത്തിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

**ജി.എസ്.ടി. വരുമാനം**

26(425) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയ 2017 ജൂലൈ മുതൽ നാളിതുവരെ സംസ്ഥാനത്തിനുണ്ടായ നികുതി ചോർച്ച എത്രയെന്നാണ് ധന വകുപ്പ് വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷം ജി.എസ്.ടി. വഴിയുണ്ടായ വരുമാനവളർച്ച എത്ര ശതമാനം എന്നും ആയത് എത്ര കോടി രൂപ വരുമെന്നും വ്യക്തമാക്കുമോ ;

(സി) 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്ത് ജി.എസ്.ടി. ഇതര നികുതികളിൽ നിന്ന് ആകെ കിട്ടിയ തുക വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) നടപ്പുസാമ്പത്തിക വർഷം ജി.എസ്.ടി.യിലൂടെയുള്ള നികുതി വരുമാനം എത്ര ശതമാനം വർദ്ധിപ്പിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; ആയത് ഏതൊക്കെ മേഖലയിലൂടെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 2017-18 സാമ്പത്തിക വർഷം 1-7-2017 മുതലാണ് ജി.എസ്.ടി. നടപ്പിലാക്കിയത്. അതുകൊണ്ട് 2018-19 സാമ്പത്തിക വർഷം ജി.എസ്.ടി. വഴിയുണ്ടായ വരുമാന വളർച്ച കൃത്യമായി കണക്കാക്കുവാൻ നിർവ്വാഹമില്ല. എന്നാൽ ജി.എസ്.ടി. വരുമാനം ഉൾപ്പെടെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 14 ശതമാനം വർദ്ധനവ് (ജി.എസ്.ടി. കോമ്പൻസേഷൻ ഉൾപ്പെടെ 2018-19 സാമ്പത്തിക വർഷം) ഉണ്ടായിട്ടുണ്ട്. ജി.എസ്.ടി. വരുമാനം ഉൾപ്പെടെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 2018-19 സാമ്പത്തിക വർഷം 5303.82 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) 2018-19 സാമ്പത്തിക വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം ജി.എസ്.ടി. ഇതര നികുതികളിൽനിന്നും ലഭിച്ച തുക ചുവടെ ചേർക്കുന്നു:

| ഇനം | തുക (കോടിയിൽ) |
|---|---|
| കാർഷികാദായ നികുതി | 0.7 |
| ഭൂനികുതി | 202.78 |
| മുദ്രപ്പത്രങ്ങളും രജിസ്ട്രേഷൻ ഫീസും | 3693.17 |
| കൃഷിഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിന്മേലുള്ള നികുതികൾ | 177.04 |
| സംസ്ഥാന എക്സൈസ് | 2521.43 |
| വിൽപ്പന നികുതി | 19225.9 |
| വാഹന നികുതി | 3708.61 |
| വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും | 62.38 |
| ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിച്ച മറ്റ് നികുതികളും തീരുവകളും | 47.40 |
| ആകെ | 29639.41 |

(ഡി) നടപ്പ് സാമ്പത്തിക വർഷം ജി.എസ്.ടി.യിലൂടെയുള്ള നികുതി വരുമാനം 30 ശതമാനം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് നേടിയെടുക്കുന്നതിലേയ്ക്കായി സ്വീകരിക്കേണ്ട ഭരണപരമായ നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ബഡ്ജറ്റ് പ്രസംഗത്തിന്റെ 253 മുതൽ 256 വരെയുള്ള ഖണ്ഡികകളിൽ വിവരിച്ചിട്ടുണ്ട്. ആയതിന്റെ ചുരുക്കം ചുവടെ ചേർക്കുന്നു:

1. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ 1-7-2019 മുതൽ ലഭ്യമാകും. അതോടെ നികുതി കണക്കുകൾ സ്ക്രൂട്ടണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ച് കാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

2. ജി.എസ്.ടി.ആർ.-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ആവശ്യമായ ഒരു ബാക്കെൻഡ് മൊഡ്യൂൾ സംവിധാനവും മേഖല തിരിച്ചുള്ള ഡാറ്റാ വിശകലനവും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

3. 2019 ജൂൺ 1 മുതൽ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ.) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ

ചരക്കു വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കുവാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. കൂടാതെ ചരക്കുവാഹനം കടന്ന് പോകുമ്പോൾ 'ഓൺ-ദ-ഗോ വേബ്രിഡ്ജ് 'സംവിധാനത്തിലൂടെ ചരക്കുകളുടെ തൂക്കവും ഇ-വേ ബില്ലിൽ രേഖപ്പെടുത്തിയ തൂക്കവും പരിശോധനാ വിധേയമാക്കുന്നതാണ്. ഈ സംവിധാനം വഴി ശേഖരിക്കുന്ന വിവരങ്ങൾ, ഡാറ്റാ വിശകലനം നടത്തി തുടർനടപടികൾക്കായി വിനിയോഗിക്കുന്നതാണ്.

4. സേവന ദാതാക്കളിൽ ബഹുഭൂരിപക്ഷവും ജി.എസ്.ടി. രജിസ്ട്രേഷനു കളിലേയ്ക്ക് വന്നിട്ടില്ല. ഏറ്റവും നല്ല ഉദാഹരണം ഹോട്ടലുകളാണ്. ഹോട്ടൽ നികുതി 12 മുതൽ 18 വരെ ആയിരുന്നത് 5 ശതമാനമായി ഏകീകരിച്ചു എങ്കിലും എല്ലാ ഹോട്ടലുകളും ജി.എസ്.ടി.-യിൽ രജിസ്ട്രേഷൻ ചെയ്തിട്ടില്ല. ചെറുകിട സേവന ദാതാക്കൾക്കായി 6 ശതമാനം നിരക്കിൽ ഒരു കോമ്പൻസേഷൻ രീതി നടപ്പിൽ വരുത്തുന്നതാണ്. ഈ സാഹചര്യത്തിൽ കൂടുതൽ പേരെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിന് സമഗ്രമായ സ്ട്രീറ്റ് സർവ്വേ പോലുള്ള പരിപാടികൾ നടപ്പിലാക്കും.

5. നികുതി വകുപ്പിനെ പുനഃസംഘടിപ്പിക്കും. എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തും. ഡാറ്റാ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധനാ വിധേയമാക്കി വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തേണ്ടി വരുന്ന സാഹചര്യങ്ങളിൽ കേന്ദ്ര സംസ്ഥാന ചരക്കു സേവന നികുതി ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ടെസ്റ്റ് പർച്ചേസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

6. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കു സേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

## നികുതി വരുമാനത്തിലെ മാന്ദ്യം

27 (426) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം സംസ്ഥാനത്തെ നികുതിവരുമാനത്തിൽ മാന്ദ്യം ഉണ്ടായിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി.-യുടെ ബാലാരിഷ്ടതകൾ പരിഹരിക്കപ്പെട്ടിട്ടുണ്ടോ; ഇ-വേ ബിൽ സംവിധാനം കാര്യക്ഷമമായി നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) സംസ്ഥാനത്തിന്റെ വരവിനേക്കാൾ ചെലവ് കൂടിനിൽക്കുന്ന സാഹചര്യത്തിൽ പൊതുകടം ക്രമാതീതമായി കൂടുന്നു എന്ന റിപ്പോർട്ടുകൾ ആശങ്കാജനകമാണോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയം പൊതുവെ കേരളത്തിന്റെ സാമ്പത്തിക മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ ശരാശരി പ്രതിമാസ ജി.എസ്.ടി. വരുമാനം ഏകദേശം 650 കോടി രൂപയാണ്. എന്നാൽ പ്രളയത്തെത്തുടർന്ന് 2018 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ എസ്.ജി.എസ്.ടി. നികുതി പിരിവ് 527.51 കോടി രൂപയും 525.30 കോടി രൂപയുമാണ്. 2018 ഒക്ടോബറിലെ എസ്.ജി.എസ്.ടി. നികുതി പിരിവ് 793.50 കോടി രൂപയാണ്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ എസ്.ജി.എസ്.ടി. നികുതി പിരിവ് ഭാഗികമായി ഒക്ടോബർ മാസത്തിലെ നികുതിപിരിവിൽ ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ വ്യാപാരികൾ ഫയൽ ചെയ്യുന്ന നികുതി റിട്ടേണിൽ എല്ലാ വിശദാംശങ്ങളും ലഭ്യമല്ല. ഒരു സംക്ഷിപ്ത വിവരണം മാത്രമേ നിലവിൽ ലഭ്യമാകുകയുള്ളൂ. കൂടാതെ, പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സാധനങ്ങളിന്മേലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വ്യാപാരികൾ സ്വമേധയാ തിരുത്തി പുതുക്കിയ റിട്ടേണും നിയമപ്രകാരം ഫയൽ ചെയ്യേണ്ടതുണ്ട്. ഇത് ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. മേൽവിവരിച്ച സാഹചര്യത്തിൽ, പ്രളയത്തെത്തുടർന്നുണ്ടായ

കൃത്യമായ നികുതിവരുമാന നഷ്ടം തിട്ടപ്പെടുത്താൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. എന്നാൽ, ജി.എസ്.ടി. കോമ്പൻസേഷൻ നിയമപ്രകാരം 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കാക്കി നഷ്ടപരിഹാരം നൽകുന്നതിനാൽ കേരളത്തിന്റെ നികുതി പിരിവിനെ ഇത് സാരമായി ബാധിച്ചിട്ടില്ല.

(ബി) ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ വിഭാവനം ചെയ്ത റിട്ടേണുകൾ (ജി.എസ്.ടി.ആർ-1, ജി.എസ്.ടി.ആർ-2, ജി.എസ്.ടി.ആർ-3) ഇവ പൂർണ്ണമായും നാളിതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ 2017-18-ന്റെ വാർഷിക റിട്ടേൺ സമർപ്പണം സാങ്കേതിക കാരണങ്ങളാൽ 30-6-2019 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഇതുമൂലം ഇവയുടെ പരിശോധനകൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കുന്നതിനുവേണ്ടി അതിർത്തി പ്രദേശങ്ങളിലെ പ്രധാന റോഡുകളിൽ എ.എൻ.പി.ആർ. ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിന് മുന്നോടിയായി വാളയാറിൽ ക്യാമറ സ്ഥാപിച്ച് പരീക്ഷണാടിസ്ഥാനത്തിൽ ഇ-വേ ബിൽ വിവരങ്ങൾ വിശകലനം ചെയ്തുവരുന്നു.

(സി) വരവും ചെലവും തമ്മിലുള്ള അന്തരം ഒരു വസ്തുതയാണ്. അത് ദീർഘകാലാടിസ്ഥാനത്തിൽ പരിഹരിക്കുന്നതിനുള്ള റോഡ് മാപ്പ് തയ്യാറാക്കിയാണ് പ്രവർത്തിക്കുന്നത്. നിയതമായ പരിധിക്ക് അകത്തു നിന്നുമാത്രമേ സംസ്ഥാന സർക്കാരിന് വായ്പ എടുക്കാൻ കഴിയൂ. ഈ പരിധിക്കുള്ളിൽ നിന്നു മാത്രമേ സർക്കാർ വായ്പ എടുക്കുന്നുള്ളൂ.

## ഗ്രാമീണ റോഡ് നിർമ്മാണ പ്രവൃത്തികളുടെ ബില്ലുകൾ

28(427) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ നിർമ്മാണമടക്കമുള്ള പഞ്ചായത്തുകളിലെ പ്രവൃത്തികൾക്ക് ജി.എസ്.ടി. ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) മുൻവർഷങ്ങളിൽ അനുമതി ലഭിച്ച് നിർമ്മാണം പൂർത്തിയാക്കി ട്രഷറിയിൽ സമർപ്പിച്ച പ്രവൃത്തികളുടെ ബില്ലുകൾ മാറ്റിനൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മുൻവർഷങ്ങളിൽ അനുമതി ലഭിച്ച് നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തികളുടെ തുകകൾ ട്രഷറികളിൽ നിന്ന് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഗ്രാമീണ റോഡുകളുടെ നിർമ്മാണമടക്കമുള്ള പഞ്ചായത്തുകളിലെ പ്രവൃത്തികൾക്ക് നിബന്ധനകൾക്ക് വിധേയമായി ജി.എസ്.ടി. ഏർപ്പെടുത്തിയിട്ടുണ്ട്. ഭരണഘടനയിലെ 243 ജി പ്രകാരം പഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടുള്ള സേവനങ്ങളിൽ റോഡു നിർമ്മാണ പ്രവൃത്തികളും ഉൾപ്പെടുന്നതിനാൽ ചരക്കുസേവന നികുതി ബാധകമല്ല. എന്നാൽ ടി റോഡുനിർമ്മാണം മറ്റൊരു വ്യക്തിയെ ചുമതലപ്പെടുത്തുമ്പോൾ പഞ്ചായത്ത് സ്വീകരിക്കുന്ന സേവനങ്ങൾക്ക് നികുതി ബാധകമാണ്.

(ബി) മുൻവർഷങ്ങളിൽ അനുമതി ലഭിച്ച് നിർമ്മാണം പൂർത്തിയാക്കി 2019 മാർച്ച് അവസാനം ട്രഷറിയിൽ സമർപ്പിച്ച പ്രവൃത്തികളുടെ ബില്ലുകൾ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തി നൽകിവരുന്നുണ്ട്.

(സി) മുൻവർഷങ്ങളിൽ അനുമതി ലഭിച്ച് നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തികളുടെ ട്രഷറി ക്യൂവിൽ ഉൾപ്പെട്ട ബിൽ തുകകൾ ട്രഷറികളിൽ നിന്ന് അനുവദിക്കുന്നതിന് 12-4-2019-ലെ സ.ഉ.(സാധാ) നമ്പർ 3002/2019/ധന ഉത്തരവ് പ്രകാരം ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷമുള്ള നികുതി ചോർച്ച

29 (428) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി സമ്പ്രദായത്തിൽ കോമ്പോസിഷൻ രീതി തെരഞ്ഞെടുത്ത വ്യാപാരികൾ ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കുന്നതായുള്ള പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന നികുതി വ്യാപാരികളും വ്യവസായികളും സർക്കാരിലേയ്ക്ക് കൃത്യമായി അടയ്ക്കുന്നു എന്ന് ഉറപ്പുവരുത്താൻ ജി.എസ്.ടി. വകുപ്പിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) നികുതി കൃത്യമായി അടയ്ക്കാത്ത നികുതി ദായകർക്കെതിരെ ഇതുവരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്രയെണ്ണത്തിന് പിഴ ചുമത്തിയെന്നും അറിയിക്കാമോ;

(ഡി) ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധനയിൽ ഇ-വേ ബിൽ പരിശോധന കർശനമാക്കുന്നുണ്ടോ; ഇപ്പോൾ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം എങ്ങനെയാണ് നടക്കുന്നതെന്ന് വിശദീകരിക്കാമോ;

(ഇ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം അതിർത്തി ചെക്ക് പോസ്റ്റുകളിലെ കള്ളക്കടത്ത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഇതുസംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എത്ര രൂപ പിഴ ഈടാക്കി എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇത്തരം പരാതികൾ പരിശോധിക്കുന്നതിനും ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനും ഇന്റലിജൻസ് സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന നികുതി വ്യാപാരികളും വ്യവസായികളും സർക്കാരിലേയ്ക്ക് കൃത്യമായി അടയ്ക്കുന്നു എന്ന് ഉറപ്പുവരുത്താൻ ജി.എസ്.ടി.ആർ.-1-ഉം ജി.എസ്.ടി.ആർ.-3 ബി-യും തമ്മിൽ താരതമ്യം ചെയ്തു നോക്കുന്നുണ്ട്. ഈടാക്കിയ നികുതി ഒടുക്കാത്ത വ്യാപാരികൾക്ക് ഡീഫാൾട്ടർ നോട്ടീസ് നൽകുന്നുണ്ട്. കൂടാതെ സെക്ഷൻ 62 പ്രകാരമുള്ള അസസ്സ്മെന്റിലേയ്ക്ക് നീങ്ങുകയും ചെയ്യുന്നു. നികുതി വെട്ടിപ്പ് തടയുന്നതിന് ബില്ല് വിതരണം ചെയ്യാത്ത കച്ചവടക്കാരെ കണ്ടെത്തുന്നതിനായി ടെസ്റ്റ് പർച്ചേസ് നടത്തിവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി & ഇ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതോടുകൂടി ചെക്ക് പോസ്റ്റുകൾ നിർത്തലാക്കി. അതിനുപകരം സർവയലൻസ് സ്ക്വാഡുകളെ അതിർത്തികളിൽ വിന്യസിച്ചിട്ടുണ്ട്. പ്രസ്തുത സ്ക്വാഡുകൾ ഇ-വേ ബിൽ കൃത്യമായി പരിശോധന നടത്തുന്നുണ്ട്. ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം അതിർത്തി ചെക്ക് പോസ്റ്റുകളിൽ കള്ളക്കടത്ത് തടയുന്നതിനായി എക്സൈസ് വകുപ്പ് വാഹന പരിശോധന ഊർജ്ജിതമാക്കിയിട്ടുള്ളതാണ്. അനധികൃത കടത്ത് അതിർത്തി ചെക്ക് പോസ്റ്റുകൾ വഴി ഉണ്ടാകാതിരിക്കാൻ ചെക്ക് പോസ്റ്റിലെ നിലവിലെ പരിശോധന കൂടാതെ അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വാഹനങ്ങൾ പരിശോധിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോൾ സംഘത്തിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. സാധുവായ രേഖകളില്ലാതെ കടത്തിക്കൊണ്ട് വരുന്ന സാധനങ്ങൾ ജി.എസ്.ടി. വകുപ്പിന് കൈമാറി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഫലമായി 149 കേസ്സുകൾ കണ്ടെത്തി ജി.എസ്.ടി. വകുപ്പിന് കൈമാറിയിട്ടുണ്ട്. ടി കേസ്സുകളിലായി 1,47,70,873 രൂപ പിഴ ഈടാക്കിയിട്ടുള്ളതാണ്.

സംസ്ഥാനത്തിന്റെ പ്രധാന അതിർത്തികളിൽ സർവയലൻസ് ക്യാമറകൾ സ്ഥാപിച്ച്, ചരക്ക വാഹനങ്ങളെ നിരീക്ഷിക്കുവാനും ഇ-വേ ബില്ലുകൾ ഇല്ലാതെ വരുന്ന വാഹനങ്ങളെ പരിശോധിക്കുവാനുമുള്ള പദ്ധതി നടപ്പാക്കുന്നതാണ്. പരീക്ഷണാടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ വാളയാറിൽ ക്യാമറകൾ സ്ഥാപിച്ച് പൈലറ്റ് പ്രോജക്ട് വിജയകരമായി നടപ്പാക്കുന്നുണ്ട്.

## സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

30 (429) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ദാസൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടുനിരോധനം, ജി.എസ്.ടി. തുടങ്ങിയ തിരിച്ചടികളും പ്രളയം, ഓഖി തുടങ്ങിയ ദുരന്തങ്ങളും സമസ്തമേഖലകളെയും പ്രതികൂലമായി ബാധിച്ച സാഹചര്യത്തിലും സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ ഉണ്ടായ കുറവ് നികത്തുന്നതിന് നടത്തിയ കൃത്യവും കണിശവുമായ ഇടപെടലുകളും ആസൂത്രണവും എന്തെല്ലാമാണ്;

(സി) കേന്ദ്രസഹായത്തിന്റെ അപര്യാപ്തതയും വായ്പാപരിധി ഉയർത്തുന്നതിന് അംഗീകാരം ലഭിക്കാത്ത സാഹചര്യവും മറികടക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു:

1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽമുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.

3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.

4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.

5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

6. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

7. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിദ്ധ്യവത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

8. സാമ്പത്തിക അച്ചടക്കം ഉറപ്പു വരുത്തുന്നതിന്റെയും ധനദൃഢീകരണം സാധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും, പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, വിദേശ യാത്രയ്ക്കും, വിമാന യാത്രയ്ക്കും, മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സഹായത്തിന്റെ അപര്യാപ്തതയും വായ്പാപരിധി ഉയർത്തുന്നതിന് അംഗീകാരം ലഭിക്കാത്ത സാഹചര്യവും മറികടക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ നടപ്പിലാക്കി വരുന്നു:

i. സേവനങ്ങൾക്കുള്ള ചാർജ്ജുകൾ 5 % വർദ്ധിപ്പിച്ചു.

ii. സംസ്ഥാനത്തിന് അകത്തുള്ള സേവനങ്ങളുടെയും ചരക്കുകളുടെയും വിതരണത്തിന് ഒരു ശതമാനവും സ്വർണ്ണം, വെള്ളി, പ്ലാറ്റിനം ഉൾപ്പെടെയുള്ള ചരക്കുകൾക്ക് 0.25 ശതമാനവും പ്രളയ സെസ് ഏർപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചു. എന്നാൽ 5 % നികുതി ബാധകമായ നിത്യോപയോഗ ചരക്കുകൾക്കും, കോമ്പൗണ്ടഡ് നികുതി അടയ്ക്കുന്ന ചെറുകിട വ്യാപാരി വ്യവസായികൾക്കും സെസ്സ് ഒഴിവാക്കിയിട്ടുണ്ട്.

iii. ചരക്ക് സേവന നികുതിയിലുള്ള ചോർച്ച തടയുന്നതിനായി വാർഷിക റിട്ടേൺ പരിശോധന, ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം ഉപയോഗിച്ചുള്ള തൽസമയ ഇ-വേ ബിൽ പരിശോധന അടക്കമുള്ള ഭരണപരമായ നടപടികൾ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

iv. വാറ്റ് ആംനസ്റ്റി, റവന്യൂ റിക്കവറി നടപടികളോടൊപ്പം ഊർജ്ജിതമായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

v. നികുതി കുടിശ്ശികകൾക്കായി സമഗ്ര ആംനസ്റ്റി പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

vi. ബിയർ, വൈൻ ഉൾപ്പെടെയുള്ള എല്ലാത്തരം മദ്യങ്ങളുടെയും ആദ്യവിൽപ്പനയിലെ നികുതി 2 % വർദ്ധിപ്പിച്ചു.

vii. 2016-17 ബജറ്റിൽ പ്രഖ്യാപിച്ച മോട്ടോർ വാഹന നികുതി കുടിശ്ശിക അടയ്ക്കുവാനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഈ വർഷവും തുടരും.

viii. പുതുതായി വാങ്ങുന്ന മോട്ടോർ സൈക്കിൾ, മോട്ടോർ കാറുകൾ, സ്വകാര്യ സർവ്വീസ് വാഹനങ്ങൾ എന്നിവയുടെ ഒറ്റത്തവണ നികുതി ഒരു ശതമാനം വർദ്ധിപ്പിച്ചു.

ix. രജിസ്ട്രേഷൻ സ്റ്റാമ്പ് ഡ്യൂട്ടി അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതാണ്.

x. ഭൂമിയുടെ ന്യായവിലയിൽ 10% വർദ്ധനവ് വരുത്തുവാൻ നടപ്പ് ബജറ്റിൽ തീരുമാനിച്ചിട്ടുണ്ട്.

xi. താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ ആഡംബര നികുതി നിരക്ക് പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പുതുക്കുന്നതാണ്.

xii. പാട്ടക്കുടിശ്ശികയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

## സാമ്പത്തിക പ്രതിസന്ധി

31 (430) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണെന്നത് വസ്തുതയാണോ;

(ബി) വിവിധ വകുപ്പുകളുടെ സേവന നിരക്കുകൾ ഉയർത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സേവനങ്ങളുടെ നിരക്കുകളാണ് ഉയർത്തുന്നതെന്നും ഇതിലൂടെ എത്ര കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ബജറ്റിൽ പ്രഖ്യാപിച്ച സേവന നിരക്കുകളുടെ വർദ്ധന പ്രാബല്യത്തിൽ കൊണ്ടുവരുവാൻ കാലതാമസം ഉണ്ടായത് ഏത് സാഹചര്യത്തിലാണ്?

### ഉത്തരം

(എ) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. കഴിഞ്ഞ വർഷം സംസ്ഥാനത്തെ ഗ്രസിച്ച പ്രളയം, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബ്ബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങൾ ഗുരുതരമായ സാമ്പത്തിക ഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്.

(ബി) വിവിധ സർക്കാർ വകുപ്പുകൾ നൽകിവരുന്ന എല്ലാ സേവനങ്ങൾക്കുമുള്ള ചാർജ്ജുകളും ഫീസുകളും 5% വർദ്ധിപ്പിക്കുവാൻ 8-3-2019-ലെ സ.ഉ.(അച്ചടി) നമ്പർ 28/2019/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. മുൻ വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുമായി താരതമ്യപ്പെടുത്തുമ്പോൾ സേവന നിരക്കുകളിൽ 5% വർദ്ധനവ് വരുത്തിയതുൾപ്പെടെ നടപ്പ് സാമ്പത്തിക വർഷം നികുതിയേതര വരുമാനത്തിൽ 798.93 കോടി രൂപ അധികമായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സേവന നിരക്കുകളുടെ വർദ്ധനവ് പ്രാബല്യത്തിൽ കൊണ്ടുവരുവാൻ കാലതാമസമുണ്ടായിട്ടില്ല. 1-4-2019 മുതൽക്ക് തന്നെ നിരക്ക് വർദ്ധന പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് 8-3-2019-ലെ സ.ഉ.(അച്ചടി) 28/2019/ധന പ്രകാരം ഉത്തരവായിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ പൊതുകടം

32 (431) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ പൊതുകടം എത്രയായിരുന്നുവെന്ന് അറിയിക്കുമോ;

(സി) നിലവിലെ പൊതുകടം എത്ര കോടി രൂപയാണെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു:

1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽമുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.

3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.

4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.

5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

6. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

7. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിദ്ധ്യവത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

8. സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിന്റെയും ധനദൃഢീകരണം സാധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും, പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, വിദേശ യാത്രയ്ക്കും, വിമാന യാത്രയ്ക്കും, മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി & സി) അക്കൗണ്ടന്റ് ജനറലിന്റെ യഥാർത്ഥ കണക്ക് പ്രകാരം 2015-16-ൽ സംസ്ഥാനത്തിന്റെ പൊതുകടം 109730.97 കോടി രൂപയും താത്കാലിക കണക്കുകൾ പ്രകാരം 2018-19-ലെ പൊതുകടം 157558.88 കോടി രൂപയുമാണ്.

**സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി**

33(433) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്നോ; എങ്കിൽ അതിനുള്ള കാരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് എംപ്ലോയീസ് സഹകരണ സംഘങ്ങൾ, ക്ഷേമനിധി ബോർഡുകൾ എന്നിവയിൽ നിന്നും പണം ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നോ;

(സി) അപ്രകാരം എത്ര കോടി രൂപ നിക്ഷേപമായി ലഭിച്ചുവെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. കഴിഞ്ഞ വർഷം സംസ്ഥാനത്തെ ഗ്രസിച്ച പ്രളയം, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബ്ബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി 2018-19-ലെ അവസാന പാദത്തിലെ സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചത് സാമ്പത്തിക ഞെരുക്കം പൊതുവിൽ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർഷാവസാനം പതിവ് ക്രമീകരണങ്ങൾക്കപ്പുറം മറ്റ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

(ബി & സി) ട്രഷറി അക്കൗണ്ടുകളിലേയ്ക്ക് ഫണ്ട് സമാഹരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി, പ്രധാനമായി ഉത്സവ സീസണുകളിൽ, ഊർജ്ജിത ധനസമാഹരണ യജ്ഞം കാലാകാലങ്ങളായി നടത്തിപ്പോരുന്നുണ്ട്. ഇതിന്റെ തുടർച്ചയെന്നോണം കഴിഞ്ഞ സാമ്പത്തിക വർഷവും ട്രഷറിയിലേയ്ക്ക് ഫണ്ട് സമാഹരിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയിൽ ബോർഡുകളും സഹകരണ സംഘങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും പങ്കെടുക്കാറുണ്ട്. 2019 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ എപ്ലോയീസ് സഹകരണ സംഘങ്ങൾ, ക്ഷേമനിധി ബോർഡുകൾ എന്നിവയിൽ നിന്നും 393,23,00,000 (മുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് കോടി ഇരുപത്തി മൂന്നു ലക്ഷം) രൂപ നിക്ഷേപമായി ട്രഷറിയിൽ ലഭിച്ചിട്ടുണ്ട്.

(ഡി) ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്ററി മാനേജ്മെന്റ് ആക്ട് പ്രകാരം സംസ്ഥാനത്തിന്റെ വായ്പാ പരിധി ജി.എസ്.ഡി.പി.-യുടെ 3 ശതമാനം ആയി നിജപ്പെടുത്തിയിട്ടുണ്ട്. ട്രഷറി നിക്ഷേപങ്ങൾ തുടങ്ങിയ പബ്ലിക് അക്കൗണ്ട് കണക്കുകൾകൂടി ഇപ്രകാരം 2016-17 മുതൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകുന്ന വാർഷിക വായ്പാ പരിധിയിൽ കൊണ്ടുവരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്.

## വ്യവസായ വകുപ്പിന്റെ കിഫ്ബി പദ്ധതികൾ

34 (434) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായ വകുപ്പിന്റെ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, സ്ഥലം, അവയുടെ പുരോഗതി തുടങ്ങിയ വിശദാംശങ്ങൾ നൽകുമോ;

(ബി) കിഫ്ബി മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായ വകുപ്പിന്റെ ഏതെങ്കിലും പദ്ധതിക്ക് ക്യാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കിഫ്ബി മുഖേന നടപ്പിലാക്കാൻ അംഗീകാരം നൽകിയ വ്യവസായ വകുപ്പിന്റെ പദ്ധതികളും അവയുടെ വിശദവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(ബി) കിഫ്ബി മുഖേന വ്യവസായ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 1) " Life Sciences Park Phase II - Trivandrum" 2) " Setting up of Petrochemical & Pharma Park" എന്നീ പദ്ധതികൾക്ക് ക്യാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനുപുറമെ കിഫ് ആക്ടിലെ 6 എഫ് വകുപ്പുപ്രകാരം കിഫ്ബി അംഗീകാരം നൽകിയ കണ്ണൂർ, പാലക്കാട് വ്യവസായ പാർക്കുകളുടെ വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പിന് സർക്കാർ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്.

## കുടിവെള്ള പദ്ധതികൾക്ക് കിഫ്ബി ധനസഹായം

35 (435) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ പ്രഖ്യാപിച്ചിട്ടും സാങ്കേതികമായി നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരം പദ്ധതികൾക്ക് അനുവദിച്ച തുക മറ്റ് പദ്ധതികൾക്ക് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കേന്ദ്രസഹായം ലഭ്യമാകാതെ പാതിവഴിയിൽ മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിന് പ്രസ്തുത തുക വിനിയോഗിക്കുന്നതിന് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഏതെങ്കിലും പദ്ധതി ഉപേക്ഷിക്കപ്പെടുന്നതുവഴി വിനിയോഗിക്കപ്പെടാതെ പോകുന്ന തുകകൾ, കിഫ്ബി സഞ്ചിത നിധിയിൽ തന്നെ അവശേഷിക്കുകയും പൂർണ്ണരൂപത്തിൽ കിഫ്ബി നിയമാവലികൾക്ക് അനുസൃതമായി സമർപ്പിക്കപ്പെടുന്ന മറ്റ് പദ്ധതികൾക്കായി ചെലവാക്കപ്പെടുകയും ചെയ്യാവുന്നതാണ്.

(സി) കിഫ്ബി നിയമാവലി പ്രകാരം ബന്ധപ്പെട്ട ഭരണവകുപ്പുമന്ത്രി സഭയുടെ അംഗീകാരത്തോടെ ഭരണാനുമതി പുറപ്പെടുവിച്ചാൽ മാത്രമേ ബജറ്റിൽ പ്രഖ്യാപിക്കാത്ത പദ്ധതികൾ കിഫ്ബിവഴി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. കുടിവെള്ള പദ്ധതികളുടെ കാര്യത്തിലും ഇത് ബാധകമാണ്.

**റിംഗ് ദി ബെൽ ചടങ്ങ്**

36 (436) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ മസാല ബോണ്ടുകളുടെ വിറ്റഴിക്കലുമായി ബന്ധപ്പെട്ട് റിങ് ദി ബെൽ ചടങ്ങിൽ പങ്കെടുക്കാൻ ലണ്ടനിലേയ്ക്ക് ആരൊക്കെയാണ് പോയിരുന്നത്;

(ബി) ഇതിനായി കിഫ്ബിയും സർക്കാരും എത്ര കോടി രൂപ ചെലവഴിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബിയുടെ മസാല ബോണ്ടുകളുടെ വിറ്റഴിക്കലുമായി ബന്ധപ്പെട്ട് റിംഗ് ദി ബെൽ ചടങ്ങിൽ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ ക്ഷണം സ്വീകരിച്ച് മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, കിഫ്ബി സി.ഇ.ഒ. എന്നിവരും, മസാല ബോണ്ടിനെ കുറിച്ച് ട്രെയിനിംഗിനായി ലണ്ടനിൽ ഉണ്ടായിരുന്ന കിഫ്ബിയിലെ ഉദ്യോഗസ്ഥരും പ്രസ്തുത ചടങ്ങിൽ പങ്കെടുത്തു.

(ബി) ടി ട്രെയിനിംഗ് ഉൾപ്പെടെ പ്രസ്തുത പരിപാടിക്കായി 12,98,243 രൂപ കിഫ്ബി ഇതുവരെ ചെലവഴിച്ചു. പൊതു ഭരണ അക്കൗണ്ട്സ്, ബഡ്ജറ്റ് വിംഗുകളിൽ നിന്ന് ലഭ്യമായ വിവരം അനുസരിച്ച് സർക്കാർ 3,65,000 രൂപയാണ് ഇതുവരെ ഇക്കാര്യത്തിന് ചെലവഴിച്ചിരിക്കുന്നത്.

## മസാല ബോണ്ട്

37(437) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസമാഹരണത്തിനായിട്ടുള്ള മസാല ബോണ്ടിൽ ഇതിനോടകം എത്ര കോടി രൂപ സമാഹരിക്കുവാൻ കഴിഞ്ഞു;

(ബി) എത്ര ശതമാനം പലിശയ്ക്കാണ് ധനസമാഹരണം ലക്ഷ്യമിടുന്നത് എന്നും ഇതിന്റെ തിരിച്ചടവ് വ്യവസ്ഥകൾ എന്തെല്ലാമെന്നും വിശദീകരിക്കുമോ;

(സി) ഏത് ഏജൻസി മുഖേനയാണ് ധനസമാഹരണം നടത്തുന്നതെന്നും സി.ഡി.പി.ക്യൂ. എന്ന കനേഡിയൻ ഫണ്ടിംഗ് ഏജൻസിക്ക് ഇക്കാര്യത്തിലുള്ള ബന്ധം എന്താണെന്നും വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കിഫ്ബിക്ക് മസാല ബോണ്ടുവഴി നാളിതുവരെ 2150 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 9.723% കൂപ്പൺ റേറ്റിൽ ആണ് കിഫ്ബിയുടെ മസാല ബോണ്ടുകളുടെ വിപണനം നടന്നത്. 5 വർഷമാണ് തിരിച്ചടവ് കാലാവധി. അർദ്ധ വാർഷിക അടിസ്ഥാനത്തിൽ പലിശയും കാലാവധിയുടെ അവസാനം മുതലും തിരിച്ചടക്കേണ്ടതായുണ്ട്.

(സി) കിഫ്ബിയുടെ മസാല ബോണ്ടിന്റെ ലീഡ് മാനേജേഴ്സ് ആയി പ്രവർത്തിച്ചവർ ആക്സിസ് ബാങ്ക്, സ്റ്റാൻഡേർഡ് ചാർട്ടേർഡ് എന്നീ ബാങ്കുകൾ ആയിരുന്നു. ധനസമാഹരണം ഈ ബാങ്കുകൾ മുഖേന ആയിരുന്നു. കിഫ്ബിയുടെ മസാല ബോണ്ടിൽ നിക്ഷേപം നടത്തിയ 16 നിക്ഷേപകരിൽ കനേഡിയൻ പെൻഷൻ ഫണ്ട് ആയ സി.ഡി.പി.ക്യൂ. എന്ന സ്ഥാപനവും ഉൾപ്പെടുന്നു.

## മസാല ബോണ്ട് വഴി സമാഹരിച്ച തുക

38(438) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലേയ്ക്ക് മസാല ബോണ്ട് വഴി നാളിതുവരെയായി സമാഹരിച്ച തുക എത്രയെന്ന് അറിയിക്കാമോ;

(ബി) മസാല ബോണ്ടിന്റെ കാലാവധി, നൽകുന്ന പലിശ എന്നിവ എത്രയെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കാമോ;

(സി) കിഫ്ബിയിലേയ്ക്ക് വിഭവ സമാഹരണത്തിന് മസാല ബോണ്ട് രീതി സ്വീകരിക്കാനിടയായ സാഹചര്യം /കാരണം വിശദമാക്കാമോ;

(ഡി) മസാല ബോണ്ട് രീതി സ്വീകരിച്ചതുവഴി സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്കുണ്ടാകുന്ന മേന്മകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മസാല ബോണ്ടുവഴി ഇതുവരെ 2150 കോടി രൂപയാണ് സമാഹരിച്ചത്.

(ബി) 9.723% കൂപ്പൺ റേറ്റിലാണ് കിഫ്ബിയുടെ മസാല ബോണ്ടുകളുടെ വിപണനം നടന്നത്. തിരിച്ചടവ് കാലാവധിയായ 5 വർഷം കഴിയുമ്പോൾ ആകെ പലിശയും മുതലും ഉൾപ്പെടെ 3195.23 കോടി രൂപ തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്.

(സി) അൻപതിനായിരം കോടിയോളം രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഇത്രയും വലിയ രീതിയിലുള്ള ധനസമാഹരണം കേവലം ഒരു സ്രോതസ്സിലൂടെ ലഭ്യമാക്കുക എന്നത് പ്രായോഗികമല്ല. ഇതിന് കിഫ്ബിക്ക് അതിന്റെ ആക്ട് അനുവദിക്കുന്ന രീതിയിൽ റിസർവ് ബാങ്ക്, സെബി തുടങ്ങിയ റെഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ധനസമാഹരണ ഉപാധികളെയും ആശ്രയിക്കേണ്ടി വരും.

ആദ്യഘട്ടമായി നടത്തിയ ആഭ്യന്തര ബോണ്ട് വഴി ഉദ്ദേശിച്ച ധനസമാഹരണം റീ - ടെണ്ടറിനുശേഷവും ഉയർന്ന പലിശ നിരക്ക് (10.20% - 10.25%) കാരണം ഉപേക്ഷിക്കുകയായിരുന്നു. ആഭ്യന്തര ബോണ്ടുവഴിയുള്ള ധനസമാഹരണത്തിന് വിവിധ റേറ്റിംഗ് ഏജൻസികൾ കിഫ്ബിക്ക് നൽകിയ ക്രെഡിറ്റ് റേറ്റിംഗ് A+ ആയിരുന്നു. ഈ ബോണ്ടുകൾ എല്ലാം തന്നെ കിഫ്ബിയുടെ മസാല ബോണ്ടിന്റെ പലിശ നിരക്കിനേക്കാളും ഉയർന്ന നിരക്കിലാണ് പുറപ്പെടുവിച്ചിരിക്കുന്നത് എന്നത് വ്യക്തമാണ്.

കിഫ് ബോർഡിന്റെ നിർദ്ദേശാനുസരണം വിവിധ പൊതുമേഖലാ ബാങ്കുകളിൽ നിന്ന് ധനസഹായം തേടിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 4 ബാങ്കുകളിൽ നിന്ന് 8.95% മുതൽ 9.30% വരെയുള്ള പലിശനിരക്കിൽ ടേം ലോൺ ലഭ്യമാക്കിയിട്ടുണ്ട്. വിവിധ ബാങ്കുകൾ ടേം ലോണുകൾ വഴി കിഫ്ബിക്ക് അനുവദിച്ചത് 2565 കോടി രൂപ മാത്രമാണ്. ഇതിൽ ഒരു ബാങ്കിൽ നിന്ന് പരാമവധി ലഭ്യമാക്കുവാൻ കഴിഞ്ഞത് 1000 കോടി രൂപയാണ്. മേൽ സൂചിപ്പിച്ച സ്രോതസ്സുകൾ 50,000 കോടി മുതൽ മുടക്ക് വരുന്ന പദ്ധതികൾക്ക് പര്യാപ്തമാകില്ല എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് അന്താരാഷ്ട്ര ബോണ്ട് വിപണിയിലേയ്ക്കുള്ള ശ്രമം നടത്തിയത്. ടേം ലോണുകൾക്ക് മൊറട്ടോറിയം

കാലാവധി (ശരാശരി 2 വർഷം) കഴിഞ്ഞാൽ പലിശയോടൊപ്പം മുതലിന്റെ ഒരു അംശവും തിരിച്ചടച്ച് തുടങ്ങണം. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായി ബോണ്ടുകൾക്ക് മുതലിന്റെ തിരിച്ചടവ് ലോൺ കാലാവധി തീരുന്ന മുറയ്ക്ക് മതിയാകും എന്നുള്ളതാണ്. കൂടാതെ കാലാകാലങ്ങളിൽ എം.സി.എൽ.ആർ.-ൽ ഉണ്ടാകുന്ന വ്യതിയാനം ടേം ലോണുകളുടെ നിരക്കിനെ ബാധിക്കും. എന്നാൽ ബോണ്ടിന്റെ പലിശനിരക്ക് കാലാവധി പൂർത്തീകരിക്കുന്നവരെയും സ്ഥിരമാണ്. മേൽസൂചിപ്പിച്ച കാരണങ്ങളാൽ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ധനകാര്യ സെക്രട്ടറിയും ദേശീയ തലത്തിലും അന്തർദ്ദേശീയ തലത്തിലും ശ്രദ്ധിക്കപ്പെട്ട ധനകാര്യ വിദഗ്ദ്ധരും അടങ്ങുന്ന കിഫ് ബോർഡ് മസാല ബോണ്ട് നടപടിക്രമങ്ങളുമായി മുൻപോട്ട് പോകുവാൻ തീരുമാനിക്കുകയും, 9.723% എന്ന പലിശ നിരക്ക് ന്യായമാണ് എന്നുള്ളതിനാൽ ആ നിരക്കിൽ ഉറപ്പിക്കുകയുമായിരുന്നു.

(ഡി) 31-3-2019-നുമുൻപ് മസാല ബോണ്ട് ഇടപാട് നടത്തിയതുവഴി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്ന 5 ശതമാനം വിത്ഹോൾഡിംഗ് നികുതിയുടെ ഇളവും കിഫ്ബിക്ക് നേടാനായി. വിദേശ കടപ്പത്ര വിപണിയിൽ പ്രവേശനം നേടുന്ന ഇന്ത്യയിൽ നിന്നുള്ള ആദ്യ സംസ്ഥാനമെന്ന നിലയിൽ കേരളവും അതിന്റെ ഏജൻസിയായ കിഫ്ബിയും അപൂർവ്വ നേട്ടം കരസ്ഥമാക്കി. ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഇതുവരെ ഏർപ്പെട്ട മസാല ബോണ്ട് സമാഹരണത്തിൽ വച്ച് ഏറ്റവും വലിയ രണ്ടാമത്തെ ഉദ്യമമാണ് കിഫ്ബിയുടെ ഈ ചരിത്രനേട്ടം. 2016-ൽ ഭാരതീയ റിസർവ് ബാങ്ക് മസാല ബോണ്ട് സമ്പ്രദായത്തിന് അനുമതി നല്കിയതിനുശേഷമുണ്ടായ ഏറ്റവും വലിയ മൂന്നാമത്തെ സമാഹരണമാണിത്. ഈ കാൽവെയ്പ്പിലൂടെ നൂതന ധനസമാഹാര സ്രോതസ്സുകളിലേയ്ക്കുള്ള കിഫ്ബിയുടെ വാതായനം തുറക്കപ്പെട്ടു.

**മസാല ബോണ്ട്**

39 (439) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ മസാല ബോണ്ട് പുറപ്പെടുവിക്കാൻ തീരുമാനിക്കുന്നതിന് മുൻപ് മന്ത്രിസഭയുടെയോ നിയമസഭയുടെയോ അനുമതി നേടിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) മസാല ബോണ്ടിന് നൽകേണ്ട പലിശ സംബന്ധിച്ച് ഏതൊക്കെ തലങ്ങളിൽ എന്തൊക്കെ ചർച്ചകൾ ഏതെല്ലാം ദിവസങ്ങളിൽ എവിടെയെല്ലാം വച്ച് നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) മസാല ബോണ്ട് പുറപ്പെടുവിച്ചത് പ്രൈവറ്റ് ലിസ്റ്റിംഗ് വഴിയാണോ പബ്ലിക് ലിസ്റ്റിംഗ് വഴിയാണോ എന്ന് വിശദമാക്കുമോ;

(ഡി) മസാല ബോണ്ട് ലിസ്റ്റിംഗ് സംബന്ധിച്ച് പ്രാദേശിക തലത്തിലോ ദേശീയ തലത്തിലോ ആഗോള തലത്തിലോ പരസ്യങ്ങളോ അറിയിപ്പുകളോ നല്കിയിരുന്നോ എന്ന് വ്യക്തമാക്കുമോ; നല്കിയിരുന്നുവെങ്കിൽ ഏതൊക്കെ മാദ്ധ്യമങ്ങൾ വഴിയാണ് നൽകിയത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേരള നിയമസഭ ഐകകണ്ഠ്യേന അംഗീകരിച്ച കിഫ് ആക്ട് 2016-ലെ വകുപ്പുകൾ പ്രകാരം കിഫ് ബോർഡിന് സർക്കാരിന്റെ മുൻകൂർ അംഗീകാരത്തോടെ സെബി, ആർ.ബി.ഐ. എന്നീ ഏജൻസികൾ അംഗീകരിച്ച ഏതൊരു ധനസമാഹരണ ഉപാധിയിലൂടെയും നിക്ഷേപങ്ങൾ സ്വീകരിക്കാം. ഇപ്രകാരം സർക്കാരിന്റെയും കിഫ് ബോർഡിന്റെയും റിസർവ് ബാങ്കിന്റെയും മുൻകൂർ അംഗീകാരത്തോടെയാണ് കിഫ്ബി മസാല ബോണ്ട് വഴിയുള്ള ധനസമാഹരണം നടത്തിയത്.

(ബി) നിലവിലെ വ്യവസ്ഥകൾ പ്രകാരം അന്താരാഷ്ട്ര വിപണിയിലെ പ്രാമാണിക രീതികൾ അടിസ്ഥാനമാക്കിയാണ് പലിശനിരക്ക് നിശ്ചയിക്കപ്പെടുന്നത്. വ്യാപകമായ പ്രചാരണം ഉറപ്പുവരുത്തിയാണ് 2018 സെപ്റ്റംബർ 19-ാം തീയതി ലണ്ടൻ, സിംഗപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ കിഫ്ബി മസാല ബോണ്ട് ലിസ്റ്റ് ചെയ്യപ്പെട്ടത്. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നു. സിംഗപ്പൂരിലും ഹോങ്കോങിലും ലണ്ടനിലും ദുബായിലും വച്ച് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിലുള്ള കിഫ്ബിയുടെ ഉന്നതതല സംഘം നിക്ഷേപകരുമായി നടത്തിയ നിരവധി കൂടിക്കാഴ്ചകളിൽ ഫലപ്രദമായ ചർച്ചകൾ നടന്നു. ഇത്തരത്തിൽ സുതാര്യമായി നടന്ന പ്രക്രിയകളിലൂടെയാണ് ഇപ്പോൾ കാണുന്ന പലിശനിരക്കായ 9.723 ശതമാനത്തിൽ എത്തിച്ചേർന്നത്.

(സി) കിഫ്ബിയുടെ മസാല ബോണ്ട് ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പബ്ലിക് ഇഷ്യൂ ആയിരുന്നു. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നു. ലണ്ടൻ, സിംഗപ്പൂർ, ഹോങ്കോങ്, യു. എ. ഇ. എന്നീ രാജ്യങ്ങളിൽ നടന്ന റോഡ്ഷോകളിൽ നിക്ഷേപകരുടെ അഭിപ്രായങ്ങളും, ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമ വ്യവസ്ഥകളും വിലയിരുത്തിയ ശേഷമാണ് ഓഫറിംഗ് സർക്കുലർ പ്രസിദ്ധീകരിച്ചത്. കനേഡിയൻ നിയമ വ്യവസ്ഥകൾ പ്രകാരം റീട്ടെയിൽ

നിക്ഷേപകരിൽ നിന്നും ബോണ്ടുകൾ വഴി പണം സ്വീകരിക്കണമെങ്കിൽ ബന്ധപ്പെട്ട സെക്യൂരിറ്റി റെഗുലേറ്ററിന്റെ അംഗീകാരം തേടിയശേഷം പ്രോസ്പെക്ടസ് പുറപ്പെടുവിക്കേണ്ടതാണ്. ഇത് വളരെ സങ്കീർണ്ണവും കാലതാമസം വരുന്നതുമായ ഒരു നടപടിക്രമമാണ്. ഈ കാലതാമസം ഒഴിവാക്കി ആ രാജ്യത്തെ നിക്ഷേപകർക്കും അവസരം കൊടുക്കുന്നതിനായാണ് മറ്റ് രാജ്യങ്ങളിലെ നിയമവ്യവസ്ഥകൾ ഉൾപ്പെടുത്തിയപോലെ കാനഡയിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി ഓഫറിംഗ് സർക്കുലർ പുറപ്പെടുവിച്ചത്. ഇതിൻ പ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച ലോകത്തിലെ എല്ലാ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകർക്കും പ്രസ്തുത ബോണ്ടിൽ പങ്കെടുക്കാമായിരുന്നു.

(ഡി) ആഗോള ബോണ്ട് വിപണിയുടെ നടപടിക്രമ പ്രകാരം വിപണനത്തിനായുള്ള ബോണ്ടുകൾ ഏതെങ്കിലും ഒരു സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യുകയാണ് പതിവ്. ഇതുമായി ബന്ധപ്പെട്ട ഓഫറിംഗ് സർക്കുലറുകളും അവിടെ ലഭ്യമായിരിക്കും. കൂടാതെ ആഗോള ബോണ്ട് വിപണിയിൽ നിക്ഷേപം നടത്തുന്നവർ ആശ്രയിക്കുന്ന റെറ്റ് റോഡ്ഷോ, ബ്ലൂംബെർഗ് ടെർമിനൽ എന്ന പോർട്ടലിലും കിഫ്ബിയുടെ പ്രസ്തുത ബോണ്ടിന്റെ വിവരങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. വിപണിയിലെ പുതുതായി സംഭവിക്കാൻ പോകുന്ന ഇടപാടുവിവരങ്ങൾ ലഭിക്കുന്നതിനായി നിക്ഷേപകർ ആഗോളതലത്തിൽ ആശ്രയിക്കുന്ന പോർട്ടലുകളാണിത്. തുടർന്ന് ഇങ്ങനെ ലഭിക്കുന്ന വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി താല്പര്യമുള്ള നിക്ഷേപകർ ബോണ്ടുകൾ വില്പനയ്ക്ക് ലഭ്യമാകുന്ന ദിവസങ്ങളിൽ നിക്ഷേപം നടത്തുകയാണ് രീതി. ആഗോള ബോണ്ട് വിപണിയിലെ യോഗ്യരായ എല്ലാ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകർക്കും ഇതിന്റെ വിവരങ്ങൾ ലഭ്യമായിരുന്നു. കൂടാതെ ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബിയും ലീഡ് മാനേജേഴ്സായ ബാങ്കുകളും മീറ്റിംഗ് നടത്തിയിരുന്നു.

**മസാല ബോണ്ടിന് സമാനമായി ബോണ്ടുകൾ**

40(440) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസാല ബോണ്ടിന് സമാനമായി രാജ്യാന്തര കടപ്പത്ര വിപണിയിൽ നിന്നും ബോണ്ടുകൾ വഴി പണം സ്വരൂപിക്കുന്നതിനും, രാജ്യാന്തര നിക്ഷേപകരിൽ നിന്നും കൂടുതൽ നിക്ഷേപം കിഫ്ബിയിലേയ്ക്ക് ആകർഷിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ബോണ്ടുകളിലൂടെയാണ് ഇപ്രകാരം ധനസമാഹരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നതെന്നും, ആയതിന് റിസർവ് ബാങ്കിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി കിഫ്ബിയിലെ ഉദ്യോഗസ്ഥരെ ലണ്ടനിൽ പരിശീലനത്തിന് അയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയൊക്കെ; എത്ര ദിവസത്തെ പരിശീലനത്തിനാണ് അയച്ചത് എന്നറിയിക്കുമോ ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥരുടെ പരിശീലനം, യാത്രാച്ചെലവ്, താമസം എന്നീ ഇനങ്ങളിൽ എന്തു തുകയാണ് കിഫ്ബിയുടെ അക്കൗണ്ടിൽ നിന്നും ചെലവഴിച്ചത്; വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) രാജ്യാന്തര കടപ്പത്ര വിപണിയിൽ നിന്നും ബോണ്ടുകൾ വഴി പണം സ്വരൂപിക്കുന്നതിനും, രാജ്യാന്തര നിക്ഷേപകരിൽ നിന്നും കൂടുതൽ നിക്ഷേപം കിഫ്ബിയിലേയ്ക്ക് ആകർഷിക്കുന്നതിനുമുള്ള ആലോചനകൾ സജീവമാണ്. എന്നാൽ ഏതു തരത്തിലുള്ള ബോണ്ടുകളിലൂടെ ഇത് നടപ്പിലാക്കണം എന്നതിൽ ഒരു തീരുമാനം എടുത്തിട്ടില്ല. ഇത് നിശ്ചയിക്കുന്ന മുറയ്ക്ക് റിസർവ് ബാങ്കിന്റെ അനുമതി തേടുന്നതുമുൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) വളരെ വിപുലവും സങ്കീർണ്ണവുമായ കടപ്പത്ര വിപണിയും ക്യാപ്പിറ്റൽ മാർക്കറ്റ് രീതികളും മനസ്സിലാക്കുന്നതിനും തുടർന്ന് വരാനിരിക്കുന്ന ബോണ്ട് ഇഷ്യൂകൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുവാൻ സാധിക്കണം എന്ന ഉദ്ദേശ്യത്തോടെ കിഫ്ബിയിലെ ധനകാര്യ വിഭാഗത്തിലെ താഴെ പറയുന്ന ഉദ്യോഗസ്ഥരെ 3 ദിവസത്തെ പരിശീലനത്തിനായി ലണ്ടനിൽ അയച്ചിരുന്നു.

ശ്രീമതി ആനി ജൂല തോമസ് - ജോയിന്റ് ഫണ്ട് മാനേജർ,

ശ്രീമതി കെ. ജ്യോതി ലക്ഷ്മി - സെക്ഷൻ ഓഫീസർ.

ശ്രീ. ഹേമന്ത് ആർ. എസ്. - അസിസ്റ്റന്റ്

ശ്രീ. ഷാരോൺ വി. എസ്. - അസിസ്റ്റന്റ്

ശ്രീ. സൂരജ് ടി. വി. - അസിസ്റ്റന്റ്

ശ്രീ. നൗഷാദ് അബ്ദുൽ ജലീൽ - അസിസ്റ്റന്റ്

(ഡി) പ്രസ്തുത പരിശീലനം, യാത്രാച്ചെലവ്, താമസം എന്നീ ഇനങ്ങളിൽ ഇതുവരെ 10,24,961 രൂപ ചെലവഴിച്ചിട്ടുണ്ട്.

**മസാല ബോണ്ടുകൾ വാങ്ങിയ കമ്പനികൾ**

41 (441) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ മസാല ബോണ്ടുകൾ വാങ്ങുന്നതിന് ഏതൊക്കെ കമ്പനികളാണ് താൽപര്യം പ്രകടിപ്പിച്ചത്; അവയുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കമ്പനികൾ ഒരോന്നും ആവശ്യപ്പെട്ട പലിശനിരക്ക് എത്രയായിരുന്നു;

(സി) ചർച്ചകൾക്ക് ശേഷമാണോ സി.ഡി.പി.ക്യൂ. എന്ന കമ്പനി മസാല ബോണ്ട് വാങ്ങിയത് എന്ന് അറിയിക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത കമ്പനിയുടെ ഏതൊക്കെ പ്രതിനിധികളാണ് സംസ്ഥാന സർക്കാർ/കിഫ്ബി പ്രതിനിധികളുമായി ചർച്ച നടത്തിയതെന്നും എന്നാണ് ചർച്ച നടത്തിയതെന്നും വെളിപ്പെടുത്താമോ;

(ഇ) മസാല ബോണ്ടിന് സംസ്ഥാന സർക്കാർ നൽകേണ്ട പലിശ 9.723 ശതമാനം എന്ന് നിശ്ചയിച്ചത് ആരാണ്; അങ്ങനെ നിശ്ചയിക്കുന്നതിന് കിഫ്ബി സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോ; വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) അസറ്റ് മാനേജ്മെന്റ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിംഗ്, പ്രൈവറ്റ് വെൽത്ത് മാനേജ്മെന്റ് എന്നീ ശ്രേണികളിൽ നിന്നായി 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കു. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരാണ്. ഈ നിക്ഷേപകരെ സംബന്ധിച്ച് കിഫ്ബിയിൽ ലഭ്യമായിട്ടുള്ള വിശദാംശങ്ങൾ ഇടപാട് നടന്ന ദിവസത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇതിനുശേഷം സെക്കണ്ടറി വിപണിയിൽ കച്ചവടം നടക്കാനുള്ള സാധ്യത കണക്കിലെടുത്താൽ, നിലവിൽ ഈ ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷേപകർക്ക് തന്നെ ആകണമെന്നില്ല. നിലവിലുള്ള 16 നിക്ഷേപകർക്കും 9.723 ശതമാനം നിരക്കിലാണ് ബോണ്ട് വിപണനം ചെയ്തത്.

(സി) മറ്റ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിംഗ് സ്ഥാപനങ്ങളിൽ നിന്നും വളരെ വ്യത്യസ്തമായ കിഫ്ബിയുടെ ഘടനയും പ്രവർത്തന രീതികളും ഒരു നിക്ഷേപകൻ എന്നുള്ള രീതിയിൽ വിലയിരുത്തുന്നതിനായി സി.ഡി.പി.ക്യൂ. എന്ന കമ്പനിയുടെ പ്രതിനിധികൾ കിഫ്ബിയുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി ചർച്ച നടത്തിയിരുന്നു. ലണ്ടൻ, സിംഗപ്പൂർ, ഹോങ്കോങ്, യു. എ. ഇ. എന്നീ രാജ്യങ്ങളിൽ നടന്ന റോഡ്ഷോകളിൽ നിക്ഷേപകരുടെ അഭിപ്രായങ്ങളും, ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമ വ്യവസ്ഥകളും വിലയിരുത്തിയ ശേഷമാണ് ഓഫറിംഗ് സർക്കുലർ പ്രസിദ്ധീകരിച്ചത്.

(ഡി) താഴെപ്പറയുന്ന തീയതികളിൽ സി.ഡി.പി.ക്യൂ. പ്രതിനിധികൾ ചർച്ചയ്ക്കായി കേരളത്തിൽ വന്നിരുന്നു.

<u>നവംബർ 16, 2018</u>

ശ്രീമതി അനിത മരങ്കൊലി ജോർജ്, സീനിയർ വൈസ് പ്രസിഡന്റ്, ഗ്രോത്ത് മാർക്കറ്റ്സ്

ശ്രീ. വീറ്റോ ടെലർബാ - ഡയറക്ടർ, ഇൻവെസ്റ്റ്മെന്റ്സ്, സൊവറിൻ ഡെബ്റ്റ്

ശ്രീ. ഹർഷ് സിംഗാൾ - സീനിയർ ഡയറക്ടർ & ഹെഡ് - ഇന്ത്യ

<u>ഫെബ്രുവരി 25-28, 2019</u>

ശ്രീ. എറിക് ലെമിയക്സ് - ഡയറക്ടർ, ഇൻവെസ്റ്റ്മെന്റ്സ് - എക്സ്റ്റേർണൽ പോർട്ട്ഫോളിയോ മാനേജ്മെന്റ് - പബ്ലിക് മാർക്കറ്റ്സ്

ശ്രീ. ഹർഷ് സിംഗാൾ - സീനിയർ ഡയറക്ടർ & ഹെഡ് - ഇന്ത്യ

ശ്രീമതി സോഫി കോസിനെ - വൈസ് പ്രസിഡന്റ്, എമേർജിങ് മാർക്കറ്റ് & ഇ.എസ്.ജി.

ശ്രീമതി വർഷ പോഡാർ - അസോസിയേറ്റ്, ഗ്രോത്ത് മാർക്കറ്റ്

(ഇ) കിഫ്ബി പുറപ്പെടുവിച്ചിരിക്കുന്ന മസാല ബോണ്ടിന്റെ കൂപ്പൺ റേറ്റ് ആയ 9.723% നിരക്കിൽ തിരിച്ചടവ് നടത്തേണ്ടത് കിഫ്ബിയാണ്. ഇതിന്റെ തിരിച്ചടവിനുള്ള ഗ്യാരണ്ടി മാത്രമാണ് സംസ്ഥാന സർക്കാർ നൽകുന്നത്. കേരള നിയമസഭ ഐകകണ്ഠ്യേന അംഗീകരിച്ച കിഫ് ആക്ട് 2016-ലെ വകുപ്പുകൾ പ്രകാരം കിഫ് ബോർഡിന് സർക്കാരിന്റെ മുൻകൂർ അംഗീകാരത്തോടെ സെബി,

ആർ.ബി.ഐ. എന്നീ ഏജൻസികൾ അംഗീകരിച്ച ഏതൊരു ധനസമാഹരണ ഉപാധിയിലൂടെയും നിക്ഷേപങ്ങൾ സ്വീകരിക്കാം. ഇപ്രകാരം സർക്കാരിന്റെയും കിഫ് ബോർഡിന്റെയും റിസർവ് ബാങ്കിന്റെയും മുൻകൂർ അംഗീകാരത്തോടെ തന്നെയാണ് കിഫ്ബി മസാല ബോണ്ട് വഴിയുള്ള ധനസമാഹരണം നടത്തിയത്. ഗ്യാരന്റി സംബന്ധിച്ച നിയമോപദേശം നിയമ വകുപ്പിൽനിന്നും ലഭിച്ചിരുന്നു.

## ആഗോള വിപണിയിൽ വിറ്റഴിച്ച കിഫ്ബി മസാല ബോണ്ടുകൾ

42 (443) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മസാല ബോണ്ടുകൾ വഴി എത്ര കോടി രൂപയാണ് ഇതിനകം സ്വരൂപിച്ചിരിക്കുന്നത്;

(ബി) കിഫ്ബി സംബന്ധിച്ച പ്രതിപക്ഷ ആരോപണത്തിനുള്ള മറുപടിയായി ഇതിനെ കാണാൻ കഴിയുമോ;

(സി) അതിസങ്കീർണ്ണമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി മസാല ബോണ്ടുകൾ ആഗോള വിപണിയിൽ വിറ്റഴിക്കാൻ കഴിഞ്ഞത് കിഫ്ബിയുടെയും കേരള സർക്കാരിന്റെയും വിശ്വാസ്യതയും അംഗീകാരവുമായി കാണുന്നുണ്ടോ;

(ഡി) ഡയസ്പോറ ബോണ്ട് വഴി ധനസമാഹരണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

### ഉത്തരം

(എ) മസാല ബോണ്ടുവഴി നാളിതുവരെ 2150 കോടി രൂപയാണ് കിഫ്ബി സമാഹരിച്ചത്.

(ബി & സി) വിദേശ കടപ്പത്ര വിപണിയിൽ പ്രവേശനം നേടുന്ന ഇന്ത്യയിൽ നിന്നുള്ള ആദ്യ സംസ്ഥാനമെന്ന നിലയിൽ കേരളവും അതിന്റെ ഏജൻസിയായ കിഫ്ബിയും അപൂർവ്വ നേട്ടമാണ് കരസ്ഥമാക്കിയത്. ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഇതുവരെ ഏർപ്പെട്ട മസാല ബോണ്ട് സമാഹരണത്തിൽ വച്ച് ഏറ്റവും വലിയ രണ്ടാമത്തെ ഉദ്യമമാണ് കിഫ്ബിയുടെ ഈ ചരിത്രനേട്ടം. 2016-ൽ ഭാരതീയ റിസർവ് ബാങ്ക് മസാല ബോണ്ട് സമ്പ്രദായത്തിന് അനുമതി നല്കിയതിനുശേഷമുണ്ടായ ഏറ്റവും വലിയ മൂന്നാമത്തെ സമാഹരണമാണിത്. ഈ കാൽവെയ്പ്പിലൂടെ നൂതന ധനസമാഹാര സ്രോതസ്സുകളിലേയ്ക്കുള്ള കിഫ്ബിയുടെ വാതായനം തുറക്കപ്പെട്ടു. കിഫ്ബിയുടെ പ്രവർത്തനമികവിന്റെയും, അത് മുന്നോട്ട് വയ്ക്കുന്ന നവീന ധനകാര്യ മാതൃകയിൽ ആഗോള നിക്ഷേപകർക്ക് ഉണ്ടായിട്ടുള്ള വിശ്വാസ്യതയുടെയും തെളിവാണ് ഈ മസാല ബോണ്ട് ഇഷ്യൂ.

(ഡി) ഡയസ്പോറ ബോണ്ട് വഴിയുള്ള ധനസമാഹരണ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. പൂർത്തിയാകുന്ന മുറയ്ക്ക് വേണ്ട അനുമതികൾ ലഭ്യമാക്കിയശേഷം ഡയസ്പോറ ബോണ്ട് ആഗോള നിക്ഷേപകർക്കായി ലഭ്യമാക്കും.

## നൂതന സാമ്പത്തിക സ്രോതസ്സുകൾ

43 (444) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവലിബറൽ സാമ്പത്തിക നയത്തിന്റെ പശ്ചാത്തലത്തിൽ പരമ്പരാഗത സാമ്പത്തിക സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നൂതന സാമ്പത്തിക സ്രോതസ്സുകൾ (Novel Financial Instruments) പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വിശദമാക്കാമോ;

(ബി) കിഫ്ബി സംവിധാനം ഏർപ്പെടുത്തിയത് നൂതന സാമ്പത്തിക സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ഉപാധിയാണോയെന്ന് വിശദമാക്കാമോ;

(സി) മസാല ബോണ്ട് ഈ ദിശയിലുള്ള പ്രവർത്തനമാണോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നവലിബറൽ സാമ്പത്തിക നയങ്ങൾ, പരമ്പരാഗത, അസംഘടിത മേഖലകളിലടക്കം സൃഷ്ടിച്ച ഗുരുതര പ്രത്യാഘാതം സംസ്ഥാനത്തിന്റെ വിഭവ സമാഹരണശേഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തത്ഫലമായി സംസ്ഥാനത്തിന്റെ തനതു നികുതി/നികുതി ഇതര വരുമാനത്തിൽ പ്രതീക്ഷിക്കുന്ന വളർച്ച കൈവരിക്കുവാൻ സാധിക്കുന്നില്ലായെന്നത് വസ്തുതയാണ്. ടി പരിമിത സാഹചര്യത്തിലും സംസ്ഥാനത്തിന്റെ വികസന താത്പര്യങ്ങൾക്ക് ഭംഗം വരാതിരിക്കുന്നതിനായി വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽമുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കി വരുന്നു.

(ബി) കിഫ്ബി സംവിധാനം ഏർപ്പെടുത്തിയത് ബജറ്റിനതീതമായി ധനസമാഹരണം നടത്തി സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനം നടത്തുന്നതിനാണ്. ഇതിന്റെ ഭാഗമായി നൂതന സാമ്പത്തിക സ്രോതസ്സുകളും പ്രയോജനപ്പെടുത്തുന്നുണ്ട്.

(സി) മസാല ബോണ്ട് നൂതന സാമ്പത്തിക സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലേയ്ക്കുള്ള ഒരു ചുവടുവെയ്പാണ്.

**മസാല ബോണ്ടുകൾ വിറ്റഴിക്കൽ**

44 (445) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. അനിൽ അക്കര:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ മസാല ബോണ്ടുകൾ വിറ്റഴിക്കലുമായി ബന്ധപ്പെട്ട് എത്ര പാർട്ണർമാരെയും ഏജന്റുമാരെയും നിയമിച്ചിട്ടുണ്ട് ; ഇവരിൽ ഓരോരുത്തർക്കും ഫീസ് നൽകേണ്ടതുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) മസാല ബോണ്ടുകൾ വിറ്റഴിക്കലുമായി ബന്ധപ്പെട്ട് അറെയ്ഞ്ചേഴ്സ് ആൻഡ് ഡീലേഴ്സ്, പ്രിൻസിപ്പൽ ഏജന്റ്, ട്രസ്റ്റീ, രജിസ്ട്രാർ, ലിസ്റ്റിംഗ് ഏജന്റ്, ലീഗൽ അഡ്വൈസേഴ്സ്, ഓഡിറ്റേഴ്സ് എന്നിവയായി ഏതൊക്കെ കമ്പനികളെയാണ് തീരുമാനിച്ചിരിക്കുന്നത് ;

(സി) മസാല ബോണ്ടുകൾ വിറ്റഴിക്കലുമായി ബന്ധപ്പെട്ട് പാർട്ണർമാരെയും ഏജന്റ്മാരെയും തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

(എ) കിഫ്ബിയുടെ മസാല ബോണ്ട് ഇഷ്യൂവുമായി ബന്ധപ്പെട്ട് രണ്ട് ബാങ്കുകളെ ആണ് ലീഡ് മാനേജേഴ്സ് ആയി നിയമിച്ചിട്ടുള്ളത്. ഇവർ ഓരോരുത്തർക്കും സമാഹരിച്ച തുകയുടെ 0.085% (അനുവാർഷിക) ഫീസ് ഇനത്തിൽ നൽകണം.

(ബി) അറെയ്ഞ്ചേഴ്സ് ആൻഡ് ഡീലേഴ്സ് - ആക്സിസ്ബാങ്ക്& സ്റ്റാൻഡേർഡ് ചാർട്ടേർഡ്

പ്രിൻസിപ്പൽ ഏജന്റ്, ട്രസ്റ്റീ & രജിസ്ട്രാർ - എച്ച്.എസ്.ബി.സി.

ലിസ്റ്റിംഗ് ഏജന്റ് - ടി.എസ്.എം.പി. ലോ കോർപ്പറേഷൻ

ലീഗൽ അഡ്വൈസേഴ്സ് - സിറിൽ അമർചന്ദ്

മംഗൾദാസ് (ആഭ്യന്തര ലീഗൽ കൗൺസിൽ) - ഡി.എൽ.എ. പൈപ്പർ യു.കെ.എൽ.എൽ.പി. (അന്താരാഷ്ട്ര ലീഗൽ കൗൺസിൽ)

ഓഡിറ്റേഴ്സ് - ശ്രീധർ ആൻഡ് കോ.

(സി) മസാല ബോണ്ടുകളുമായി ബന്ധപ്പെട്ട ഇടപാടുകൾക്ക് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളെ ഒരു ബിഡ് നടപടിക്രമത്തിലൂടെയാണ് നിശ്ചയിച്ചത്. ഈ മേഖലയിലെ മുൻപരിചയങ്ങൾ നിഷ്കർഷിച്ചുള്ള മാനദണ്ഡങ്ങൾ പാലിച്ചുവന്ന ഏജൻസികളിൽ ഏറ്റവും ചെറിയ നിരക്കിൽ ബിഡ് ചെയ്തവരെ തെരഞ്ഞെടുക്കുകയായിരുന്നു.

**മസാല ബോണ്ടുകൾ**

45 (446) ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലേയ്ക്ക് മസാല ബോണ്ടുകൾ വഴി എത്ര കോടി രൂപയാണ് ലഭിക്കുകയെന്നറിയിക്കുമോ;

(ബി) എത്ര ശതമാനം പലിശ നിരക്കിലാണ് ഈ തുക സമാഹരിച്ചത്, എത്ര വർഷമാണ് തുകയുടെ തിരിച്ചടവ് കാലാവധി എന്നീ വിവരങ്ങൾ നൽകുമോ;

(സി) നിശ്ചിത സമയത്ത് തുക തിരിച്ചടച്ചാൽ എത്ര കോടി രൂപ പലിശ ഇനത്തിൽ നൽകേണ്ടി വരുമെന്നറിയിക്കുമോ;

(ഡി) ബോണ്ടുകൾ വാങ്ങിയ സി.ഡി.പി.ക്യൂ. കമ്പനിക്കാണ് എസ്.എൻ.സി. ലാവലിൻ കമ്പനിയിൽ ഏറ്റവും അധികം ഓഹരി പങ്കാളിത്തമുള്ളതെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ഇ) ബോണ്ടുകൾ വാങ്ങുന്നതിനുമുൻപ് സി.ഡി.പി.ക്യൂ.-വിന്റെ പ്രതിനിധികൾ കേരളത്തിലെത്തി ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായോയെന്നറിയിക്കുമോ;

(എഫ്) സർക്കാർ ഈ ഇടപാടിലൂടെ ലാവലിനെ സഹായിക്കാൻ വഴി തേടുകയാണെന്ന ആക്ഷേപം പരിശോധിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കിഫ്ബി നിലവിൽ പുറത്തിറക്കിയ മസാല ബോണ്ടുവഴി 2150 കോടി രൂപയാണ് ലഭിച്ചത്.

(ബി) 9.723% കൂപ്പൺ റേറ്റിൽ ആണ് പ്രസ്തുത മസാല ബോണ്ടുകൾ വിപണനം ചെയ്യപ്പെട്ടത്. 5 വർഷമാണ് തിരിച്ചടവ് കലാവധി. അർദ്ധ വാർഷിക അടിസ്ഥാനത്തിൽ പലിശയും കാലാവധിയുടെ അവസാനം മുതലും തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്.

(സി) തിരിച്ചടവ് കലാവധിയായ 5 വർഷം കഴിയുമ്പോൾ ആകെ പലിശയും മുതലും ഉൾപ്പെടെ 3195.23 കോടി രൂപ തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്.

(ഡി) പ്രധാനമായും സർക്കാർ - അർദ്ധ സർക്കാർ പെൻഷൻ ഫണ്ടുകളും ഇൻഷ്വറൻസ് ഉല്പന്നങ്ങളും കൈകാര്യം ചെയ്യുന്ന ദീർഘകാല സ്ഥാപനതല നിക്ഷേപകരാണ് CDPQ. ലോകമാസകലമുള്ള അറുപതിലേറെ രാജ്യങ്ങളിലായി അനേകായിരം നിക്ഷേപങ്ങൾ നടത്തിയിട്ടുള്ള ഈ പ്രസ്ഥാനത്തിന് 2018 ഡിസംബർ 31-ലെ കണക്കുപ്രകാരം 22,000 കോടി അമേരിക്കൻ ഡോളർ (15.40 ലക്ഷം കോടി ഇന്ത്യൻ രൂപ) മൊത്തം ആസ്തി മൂല്യമുണ്ട്. ഇന്ത്യയിൽ ന്യൂഡൽഹിയിലടക്കം പത്തു രാജ്യങ്ങളിൽ ഇവർക്ക് കാര്യാലയമുണ്ട്.

കമ്പനിയുടെ ആഗോള പോർട്ട്ഫോളിയോയുടെ ഭാഗമായി CDPQ-വിന് SNC ലാവ്‌ലിനിലും നിക്ഷേപമുണ്ട് എന്നത് പരസ്യമായി ലഭ്യമായ വിവരമാണ്. 2018 ഡിസംബർ 31-ലെ കണക്കുപ്രകാരം SNC ലാവ്‌ലിനിന്റെ 19.9% ഓഹരി CDPQ-വിന്റെ കൈവശമുണ്ട്. ക്യൂബെക് സെക്യൂരിറ്റീസ് നിയമപ്രകാരം, ഒരു കമ്പനിയുടെ താല്പര്യങ്ങളിൽ നിയന്ത്രണം ഉണ്ടെന്ന് കരുതാവുന്ന നിക്ഷേപക വിഭാഗത്തിനും താഴെയാണ് എസ്.എൻ.സി. ലാവ്‌ലിനിൽ CDPQ-വിനുള്ള നിക്ഷേപം. CDPQ അവരുടെ 22,000 കോടി ഡോളർ (ഏകദേശം 15.40 ലക്ഷം കോടി ഇന്ത്യൻ രൂപ) പോർട്ട്ഫോളിയോയിൽ നിന്നുകൊണ്ടു നടത്തിയ ഒരു നിക്ഷേപം മാത്രമാണ് എസ്.എൻ.സി. ലാവ്‌ലിൻ.

(ഇ) മറ്റ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിംഗ് സ്ഥാപനങ്ങളിൽ നിന്നും വളരെ വ്യത്യസ്തമായ കിഫ്ബിയുടെ ഘടനയും പ്രവർത്തന രീതികളും ഒരു നിക്ഷേപകൻ എന്നുള്ള രീതിയിൽ വിലയിരുത്തുന്നതിനായി സി.ഡി.പി.ക്യൂ. എന്ന കമ്പനിയുടെ പ്രതിനിധികൾ കിഫ്ബിയുമായി ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി ചർച്ച നടത്തിയിരുന്നു. ലണ്ടൻ, സിംഗപ്പൂർ, ഹോങ്കോങ്, യു. എ. ഇ. എന്നീ രാജ്യങ്ങളിൽ നടന്ന റോഡ്ഷോകളിൽ നിക്ഷേപകരുടെ അഭിപ്രായങ്ങളും, ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമ വ്യവസ്ഥകളും വിലയിരുത്തിയ ശേഷമാണ് ഓഫറിംഗ് സർക്കുലർ പ്രസിദ്ധീകരിച്ചത്.

(എഫ്) പ്രധാനമായും സർക്കാർ - അർദ്ധ സർക്കാർ പെൻഷൻ ഫണ്ടുകളും ഇൻഷ്വറൻസ് ഉല്പന്നങ്ങളും കൈകാര്യം ചെയ്യുന്ന ദീർഘകാല സ്ഥാപനതല നിക്ഷേപകരാണ് CDPQ. ലോകമാസകലമുള്ള അറുപതിലേറെ രാജ്യങ്ങളിലായി അനേകായിരം നിക്ഷേപങ്ങൾ നടത്തിയിട്ടുള്ള ഈ പ്രസ്ഥാനത്തിന് 2018 ഡിസംബർ 31-ലെ കണക്കുപ്രകാരം 22,000 കോടി അമേരിക്കൻ ഡോളർ (15.40 ലക്ഷം കോടി ഇന്ത്യൻ രൂപ) മൊത്തം ആസ്തി മൂല്യമുണ്ട്. ഇന്ത്യയിൽ ന്യൂഡൽഹിയിലടക്കം പത്തു രാജ്യങ്ങളിൽ ഇവർക്ക് കാര്യാലയമുണ്ട്. കമ്പനിയുടെ ആഗോള പോർട്ട്ഫോളിയോയുടെ ഭാഗമായി CDPQ-വിന് SNC ലാവ്‌ലിനിലും നിക്ഷേപമുണ്ട് എന്നത് പരസ്യമായി ലഭ്യമായ വിവരമാണ്.

2018 ഡിസംബർ 31-ലെ കണക്കുപ്രകാരം SNC ലാവ്‌ലിനിന്റെ 19.9% ഓഹരി CDPQ-വിന്റെ കൈവശമുണ്ട്. ക്യൂബെക് സെക്യൂരിറ്റീസ് നിയമപ്രകാരം, ഒരു കമ്പനിയുടെ താല്പര്യങ്ങളിൽ നിയന്ത്രണം ഉണ്ടെന്ന് കരുതാവുന്ന നിക്ഷേപക വിഭാഗത്തിനും താഴെയാണ് എസ്.എൻ.സി. ലാവ്‌ലിനിൽ CDPQ-വിനുള്ള നിക്ഷേപം. CDPQ അവരുടെ 22,000 കോടി ഡോളർ (ഏകദേശം 15.40 ലക്ഷം കോടി ഇന്ത്യൻ രൂപ) പോർട്ട്ഫോളിയോയിൽ നിന്നുകൊണ്ടു നടത്തിയ ഒരു നിക്ഷേപം മാത്രമാണ് എസ്.എൻ.സി. ലാവ്‌ലിൻ. യോഗ്യതയുള്ള ഏതെങ്കിലും അധികാരസ്ഥാപനമോ ഗവണ്മെന്റോ അയോഗ്യത കല്പിക്കും വരെ CDPQ-വിന് ഏത് കമ്പനിയിൽ നിക്ഷേപമുണ്ടായാലും ശരി അത് അയോഗ്യതയായി കണക്കാക്കാൻ കഴിയുന്നതല്ല. കുറ്റമറ്റ രീതിയിൽ പൊതുപണം കൈകാര്യം ചെയ്യുന്നതിൽ വിശ്വാസ്യത പുലർത്തുന്ന ലോകത്തിലെ ഏറ്റവും വലിയ പെൻഷൻ ഫണ്ട് കമ്പനികളിലൊന്നായ CDPQ എസ്.എൻ.സി. ലാവ്‌ലിൻ കമ്പനിയിൽ പണം മുടക്കി എന്നതുകൊണ്ടുമാത്രം അഭികാമ്യമായ നിക്ഷേപകർ അല്ലാതാകുന്നില്ല.

ഭാരതീയ റിസർവ് ബാങ്ക്, സെബി തുടങ്ങിയ നിയന്ത്രണാധികാരമുള്ള സ്ഥാപനങ്ങൾ രൂപപ്പെടുത്തിയ ഭരണനിർവ്വഹണ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് ഇന്ത്യയിൽ പ്രവർത്തനം തുടരുന്ന സ്ഥാപനമാണ് CDPQ. എഡിൽവെയ്സ്, കോടക് ബാങ്ക്, ടി.വി.എസ്. ലോജിസ്റ്റിക്സ്, അസൂർ പവർ എന്നിവ പോലുള്ള ഇന്ത്യൻ കമ്പനികളിൽ ഉൾപ്പെടെ 450 കോടി അമേരിക്കൻ ഡോളറിന്റെ (ഏകദേശം 31,500 കോടി രൂപ) നിക്ഷേപം ഈ രാജ്യത്ത് നടത്തിക്കഴിഞ്ഞ സ്ഥാപനമാണ് CDPQ എന്ന് ആധികാരിക രേഖകൾ പറയുന്നു. ബ്രിട്ടണിലെ ഹീത്രൂ വിമാനത്താവളം, ആസ്ട്രേലിയയിലെ ബ്രിസ്ബെയിൻ തുറമുഖം, ന്യൂയോർക്ക് സിറ്റിയിലെ വാസകേന്ദ്ര പദ്ധതിയായ സ്റ്റുയിവെസന്റ് ടൗൺ / പീറ്റർകൂപ്പർ വില്ലേജ്, നെസ്‌ലെ പോലുള്ള ബഹുരാഷ്ട്ര വ്യവസായങ്ങൾ തുടങ്ങി ഉന്നത നിലവാരത്തിലുള്ള

മുതൽമുടക്ക് ലോകമെമ്പാടും CDPQ നടത്തിയിട്ടുണ്ട്. CDPQ ആസ്ഥാനം നിലനിൽക്കുന്ന ക്യൂബെക് എന്ന കാനഡ പ്രവിശ്യയിൽനിന്നുമാത്രം ബൊംബാർഡിയർ, സിജിഐ, എസ്.എൻ.സി. ലാവ്‌ലിൻ തുടങ്ങിയവ ഉൾപ്പെടെ ആഗോള കമ്പോളത്തിൽ സജീവമായി നിൽക്കുന്ന ഏകദേശം 775 കനേഡിയൻ കമ്പനികളിൽ ഈ സ്ഥാപനത്തിന് നിക്ഷേപമുണ്ട്. സുതാര്യമായ നടപടി ക്രമത്തിലൂടെ കടന്നുവന്ന ഒരു നിക്ഷേപകൻ എന്ന നിലയിൽ മേൽസൂചിപ്പിച്ച ആക്ഷേപം ശരിയല്ല.

**മസാല ബോണ്ടുമായി ബന്ധപ്പെട്ട് സന്ദർശനം നടത്തിയ ഉദ്യോഗസ്ഥർ**

46(447) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസാല ബോണ്ടുമായി ബന്ധപ്പെട്ട് കാനഡയിൽ നിന്നും ഏതൊക്കെ ഉദ്യോഗസ്ഥരാണ് സംസ്ഥാനത്ത് സന്ദർശനം നടത്തിയിട്ടുള്ളതെന്ന് സന്ദർശന തീയതി സഹിതം വ്യക്തമാക്കുമോ;

(ബി) ഈ കാര്യത്തിനായി സി.ഡി.പി.ക്യൂ. കമ്പനിയുടെ ഏതൊക്കെ ഉദ്യോഗസ്ഥരാണ് സംസ്ഥാനത്ത് സന്ദർശനം നടത്തിയിട്ടുള്ളതെന്ന് സന്ദർശന തീയതി സഹിതം അറിയിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതൊക്കെ രാജ്യങ്ങളിൽ നിന്നും ഏതൊക്കെ കമ്പനികളുടെ ഉദ്യോഗസ്ഥരാണ് സംസ്ഥാനത്ത് സന്ദർശനം നടത്തിയിരുന്നത്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ-സി) കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപ്പെട്ട് കാനഡയിലെ ക്യൂബെക്ക് ആസ്ഥാനമായുള്ള സി.ഡി.പി.ക്യൂ. എന്ന പെൻഷൻ ഫണ്ട് സ്ഥാപനത്തിലെ പ്രതിനിധികൾ സംസ്ഥാനത്ത് സന്ദർശനം നടത്തിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

നവംബർ 16, 2018

- ശ്രീമതി അനിത മരങ്കൊലി ജോർജ്, സീനിയർ വൈസ് പ്രസിഡന്റ്, ഗ്രോത്ത് മാർക്കറ്റ്സ്
- ശ്രീ. വീറ്റോ ടെലർബാ - ഡയറക്ടർ, ഇൻവെസ്റ്റ്മെന്റ്സ്, സോവറിൻ ഡെബ്റ്റ്
- ശ്രീ. ഹർഷ് സിംഗാൾ - സീനിയർ ഡയറക്ടർ & ഹെഡ് - ഇന്ത്യ

ഫെബ്രുവരി 25 - 28, 2019

- ശ്രീ. എറിക് ലെമിയക്സ് - ഡയറക്ടർ, ഇൻവെസ്റ്റ്മെന്റ്സ് - എക്സ്റ്റേർണൽ പോർട്ട്ഫോളിയോ മാനേജ്മെന്റ് - പബ്ലിക് മാർക്കറ്റ്സ്
- ശ്രീ. ഹർഷ് സിംഗാൾ - സീനിയർ ഡയറക്ടർ & ഹെഡ് - ഇന്ത്യ
- ശ്രീമതി സോഫി കോസിനെ - വൈസ് പ്രസിഡന്റ്, എമേർജിങ് മാർക്കറ്റ് & ഇ.എസ്.ജി.
- ശ്രീമതി വർഷ പോഡാർ - അസോസിയേറ്റ്, ഗ്രോത്ത് മാർക്കറ്റ്

മറ്റ് നിക്ഷേപകരുമായുള്ള ചർച്ച ലണ്ടൻ, സിംഗപ്പൂർ, ഹോങ്കോംഗ്, യു.എ.ഇ. എന്നീ രാജ്യങ്ങളിൽ നടന്ന റോഡ് ഷോയുടെ ഭാഗമായി നടത്തപ്പെട്ടു.

**മസാല ബോണ്ടുകളിലെ നിക്ഷേപം**

47 (448) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ മസാല ബോണ്ടുകൾ കനേഡിയൻ പ്രവിശ്യയായ ക്യൂബക്കിൽ പ്രൈവറ്റായി പ്ലേസ് ചെയ്തിരുന്നോ;

(ബി) കനേഡിയൻ പ്രവിശ്യയായ ക്യൂബക്കിൽ കിഫ്ബിയുടെ ബോണ്ടിൽ ഇൻവെസ്റ്റ് ചെയ്യുന്ന കമ്പനികളുടെ പേരുകൾ വെളിപ്പെടുത്താൻ പാടില്ല എന്ന കരാറിൽ കിഫ്ബി ഏർപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കിഫ്ബിയുടെ പത്രക്കുറിപ്പിൽ സി.ഡി.പി.ക്യൂ എന്ന സ്ഥാപനമാണ് മസാല ബോണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്നത് എന്ന് വെളിപ്പെടുത്തിയത് എന്തടിസ്ഥാനത്തിലാണ്;

(ഡി) സംസ്ഥാനം ഗ്യാരണ്ടി നിൽക്കുന്ന ബോണ്ടുകൾ വാങ്ങുന്ന വ്യക്തികളുടെ/ കമ്പനികളുടെ വിവരങ്ങൾ പരസ്യപ്പെടുത്താൻ പാടില്ല എന്ന നോൺ ഡിസ്ക്ലോഷർ കരാറിൽ കിഫ്ബി ഏർപ്പെടാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) കിഫ്ബിയുടെ മസാല ബോണ്ട് ഒരു പ്രൈവറ്റ് ഇഷ്യൂ അല്ല. ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പബ്ലിക് ഇഷ്യൂ ആണ്.

ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നു. ലണ്ടൻ, സിംഗപ്പൂർ, ഹോങ്കോങ്, യു. എ. ഇ. എന്നീ രാജ്യങ്ങളിൽ നടന്ന റോഡ്ഷോകളിൽ നിക്ഷേപകരുടെ അഭിപ്രായങ്ങളും, ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമ വ്യവസ്ഥകളും വിലയിരുത്തിയ ശേഷമാണ് ഓഫറിംഗ് സർക്കുലർ പ്രസിദ്ധീകരിച്ചത്. കനേഡിയൻ നിയമ വ്യവസ്ഥകൾ പ്രകാരം റീട്ടെയിൽ നിക്ഷേപകരിൽ നിന്നും ബോണ്ടുകൾ വഴി പണം സ്വീകരിക്കണമെങ്കിൽ ബന്ധപ്പെട്ട സെക്യൂരിറ്റി റെഗുലേറ്ററിന്റെ അംഗീകാരം തേടിയശേഷം പ്രോസ്പെക്ടസ് പുറപ്പെടുവിക്കേണ്ടതാണ്. ഇത് വളരെ സങ്കീർണ്ണവും കാലതാമസം വരുന്നതുമായ ഒരു നടപടിക്രമമാണ്. ഈ കാലതാമസം ഒഴിവാക്കി ആ രാജ്യത്തെ നിക്ഷേപകർക്കും അവസരം കൊടുക്കുന്നതിനായാണ് മറ്റ് രാജ്യങ്ങളിലെ നിയമവ്യവസ്ഥകൾ ഉൾപ്പെടുത്തിയപോലെ കാനഡയിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി ഓഫറിംഗ് സർക്കുലർ പുറപ്പെടുവിച്ചത്. ഇതിൻപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച ലോകത്തിലെ എല്ലാ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകർക്കും പ്രസ്തുത ബോണ്ടിൽ പങ്കെടുക്കാമായിരുന്നു. ഇത് കാനഡയിലെ ക്യൂബക് പ്രവിശ്യയിൽ നടത്തിയ പ്രൈവറ്റ് പ്ലേസ്മെന്റ് അല്ല.

(ബി) ഇല്ല.

മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കൂ. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരാണ്. അസറ്റ് മാനേജേഴ്സ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിംഗ്, പ്രൈവറ്റ് വെൽത്ത് മാനേജേഴ്സ് എന്നീ ശ്രേണികളിൽ നിന്നായി സി.ഡി.പി.ക്യൂ. ഉൾപ്പെടെ 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. ഈ നിക്ഷേപകരെ സംബന്ധിച്ച് കിഫ്ബിയിൽ ലഭ്യമായിട്ടുള്ള വിശദാംശങ്ങൾ ഇടപാട് നടന്ന ദിവസത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇതിനുശേഷം സെക്കണ്ടറി വിപണിയിൽ കച്ചവടം നടക്കാനുള്ള സാധ്യത കണക്കിലെടുത്താൽ, നിലവിൽ ഈ ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷേപകർക്ക് തന്നെ ആകണമെന്നില്ല.

(സി) സി.ഡി.പി.ക്യൂ. എന്ന സ്ഥാപനത്തിന്റെ പേര് കിഫ്ബി സ്വന്തം നിലയ്ക്ക് വെളിപ്പെടുത്തിയിരുന്നില്ല. ആ സ്ഥാപനത്തിന്റെ പേര് പത്രമാധ്യമങ്ങളിലൂടെയും പ്രമുഖരാഷ്ട്രീയ പാർട്ടികൾ വഴിയും ഉയർന്നു വന്നപ്പോൾ ശരിയായ വിശദീകരണം നൽകുന്നതിന്റെ ഭാഗമായി ആ സ്ഥാപനത്തിന്റെ

അനുവാദം വാങ്ങിയ ശേഷമാണ് കിഫ്ബി സി.ഡി.പി.ക്യൂ. എന്ന പേര് പൊതുമധ്യത്തിൽ ഉപയോഗിച്ചത്.

(ഡി) സംസ്ഥാനം ഗ്യാരണ്ടി നിൽക്കുന്ന ബോണ്ടുകൾ വാങ്ങുന്ന വ്യക്തികളുടെ/കമ്പനികളുടെ വിവരങ്ങൾ പരസ്യപ്പെടുത്താൻ പാടില്ല എന്ന ഒരു നോൺ ഡിസ്ക്ലോഷർ കരാറിൽ കിഫ്ബി ഏർപ്പെട്ടിട്ടില്ല.

**കിഫ്ബി പദ്ധതികൾ**

48 (449) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി മുഖേന എത്ര പ്രോജക്ടുകൾക്ക് ഇതിനകം അംഗീകാരം നൽകിയിട്ടുണ്ട്; ഈ പ്രോജക്ടുകൾക്കായി ആകെ എത്ര കോടി രൂപ അനുവദിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികൾ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കിഫ്ബിയിലേയ്ക്കുള്ള വരുമാന സ്രോതസ്സുകൾ എന്തൊക്കെയാണ്; കിഫ്ബിയിലൂടെ പദ്ധതികൾ നടപ്പിലാക്കുന്നതുകൊണ്ട് എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് 42306.05 കോടി രൂപയുടെ 536 പദ്ധതികൾക്ക് ഇതിനകം കിഫ്ബിയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 7030.54 കോടി രൂപയുടെ 228 പദ്ധതികൾ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 318 പദ്ധതികളുടെ ടെൻഡർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) കിഫ് ആക്ട് വിവക്ഷിക്കും പ്രകാരമുള്ള വിവിധ സ്രോതസ്സുകൾ മുഖേന കിഫ്ബിക്ക് ധനം സമാഹരിക്കാവുന്നതാണ്. പണത്തിനുള്ള ആവശ്യത്തിന്റെ അളവനുസരിച്ച് സമയാസമയങ്ങളിൽ ലഭ്യമായ ഉറവിടങ്ങളിൽ നിന്നും പണം കണ്ടെത്തുവാനാണ് കിഫ്ബി ഉദ്ദേശിക്കുന്നത്. 23-5-2019-ലെ കണക്കുപ്രകാരം താഴെപ്പറയുന്ന വിവിധ സ്രോതസ്സുകളിൽ നിന്നും കിഫ്ബി ധനം സമാഹരിച്ചിട്ടുണ്ട്.

| Source |
|---|
| Seed Capital |
| MVT & Cess |
| Term Loans |
| Masala Bond |
| KSFE Pravasi Chitty Bonds |

ബജറ്റിന് പുറത്ത് ധനസമാഹരണം നടത്തി സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനം നടത്തുന്നതിനായാണ് കിഫ്ബി സംവിധാനം ഏർപ്പെടുത്തിയത്. ഇതിന്റെ ഭാഗമായി നൂതന സാമ്പത്തിക സ്രോതസ്സുകളും പ്രയോജനപ്പെടുത്തുന്നുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി അനുസരിച്ച് വർഷങ്ങൾക്കുശേഷം മാത്രം സാധ്യമാകുമായിരുന്ന പദ്ധതികൾ ഇപ്പോൾ തന്നെ നടപ്പിലാക്കുക വഴി പദ്ധതി നിർവ്വഹണ ചെലവുകൾ ഗണ്യമായി കുറയ്ക്കാൻ കഴിയുകയും ചെയ്യും. നിലവിൽ കേരളത്തിൽ ഒരു സാമ്പത്തികമാന്ദ്യം നിലനിൽക്കുന്ന സാഹചര്യമാണ്. കേന്ദ്രത്തിന്റെ എഫ്.ആർ.ബി.എം. പോലെയുള്ള നിബന്ധനകൾ കാരണം സംസ്ഥാന സർക്കാരുകൾക്ക് ബഡ്ജറ്റ് വഴി ഇതിനെ ഫലപ്രദമായി പ്രതിരോധിക്കുവാനുള്ള ഉപാധികൾ സ്വീകരിക്കുന്നതിന് പരിമിതികൾ ഉണ്ട്. ഇത്തരം സാഹചര്യത്തിൽ കിഫ്ബി പോലെയുള്ള സംവിധാനങ്ങളിലൂടെ മാത്രമേ മാന്ദ്യവിരുദ്ധ പാക്കേജ് കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കൂ.

അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലേയ്ക്ക് നിക്ഷേപകരെ ആകർഷിക്കാനും സാമ്പത്തിക വളർച്ച കൈവരിക്കുവാനും സാധിക്കും.

## കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾ

49 (450) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി വഴി നടപ്പിലാക്കുന്ന എത്ര പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഇതിനകം എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാറിൽ ഒപ്പ് വച്ചിട്ടുണ്ട്;

(സി) 2019 മാർച്ച് 31 വരെ എത്ര പദ്ധതികളുടെ പണി പൂർത്തിയായെന്നും അതിന്റെ ആകെ തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) ബജറ്റിൽ കിഫ്ബി വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള വൻകിടപദ്ധതികളുടെ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കിഫ്ബി വഴി 42306.05 കോടി രൂപയുടെ 536 പദ്ധതികൾക്ക് കിഫ്ബിയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതിൽ 7308.06 കോടി രൂപയുടെ 241 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാറിൽ ഒപ്പ് വച്ചിട്ടുണ്ട്.

(സി) കിഫ്ബി അംഗീകരിച്ച ആരോഗ്യ-വിദ്യാഭ്യാസ-ശുദ്ധജലവിതരണ മേഖലകളിലെ വൻ പദ്ധതികൾ നിരവധി ഉപഘടകങ്ങൾ ചേർന്നതാണ്. ഇതിൽ താഴെപ്പറയുന്ന ഘടകങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്:

44 ഡയാലിസിസ് സെന്ററുകളിൽ 38 എണ്ണം പൂർത്തിയായിട്ടുണ്ട്. കാത്ത് ലാബ് & സി.സി.യു. എന്നിവയിൽ 6 എണ്ണം പൂർത്തിയായിട്ടുണ്ട്. വനം വകുപ്പിന് കീഴിലുള്ള സോളാർ ഫെൻസിംഗ് പദ്ധതി 8 സ്ഥലങ്ങളിൽ പൂർത്തിയായിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് കൊച്ചി ലൈൻസ് പാക്കേജിന്റെ ഒന്നാം ഘട്ടവും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കേരളത്തിലെ 14 ജില്ലകളിലെ സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 98 ശതമാനത്തോളം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. രണ്ട് കുടിവെള്ള പദ്ധതികൾ പൂർണ്ണമായും 4 കുടിവെള്ള പദ്ധതികളുടെ വിവിധ ഘടകങ്ങളും പൂർത്തിയായിട്ടുണ്ട്. 2019 മാർച്ച് 31 വരെ 1084.96 കോടി രൂപയുടെ വിവിധ പദ്ധതികളുടെ പണി പൂർത്തിയായിട്ടുണ്ട്.

(ഡി) കിഫ്ബി വഴി നടപ്പിലാക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നത് ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികളാണ്. പദ്ധതി നിർവ്വഹണ ഏജൻസികൾ സമർപ്പിച്ച ഡി.പി.ആർ. വിശദമായി അവലോകനം നടത്തി കിഫ്ബി അംഗീകരിച്ച മാനദണ്ഡങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പാക്കിയ ശേഷമാണ് ബോർഡ് അംഗീകാരം നൽകുന്നത്.

## കിഫ്ബി മസാല ബോണ്ട്

50 (451) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മസാല ബോണ്ടിലൂടെ എത്ര കോടി രൂപയാണ് സമാഹരിച്ചിട്ടുള്ളത്; ഇതിനുള്ള പലിശ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബോണ്ടിന്റെ കാലാവധി എത്ര വർഷമാണ്; കാലാവധി കഴിയുമ്പോൾ പലിശസഹിതം എത്ര തുകയാണ് തിരിച്ചടയ്ക്കാനുള്ളത്;

(സി) ഈ ബോണ്ടുകൾ വാങ്ങിയത് ഏത് ധനകാര്യ സ്ഥാപനമാണ്; ഈ സ്ഥാപനത്തിലെ നിക്ഷേപകരുടെ പൂർണ്ണ വിവരം വിശദമാക്കാമോ;

(ഡി) ആഭ്യന്തര/വിദേശ ധനകാര്യ വിപണിയിൽ കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാകുമ്പോൾ ഉയർന്ന പലിശയ്ക്ക് മസാല ബോണ്ട് ഇറക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കിഫ്ബി നിലവിൽ പുറത്തിറക്കിയ മസാല ബോണ്ടുവഴി 2150 കോടി രൂപയാണ് ലഭിച്ചത്. 9.723% കൂപ്പൺ റേറ്റിൽ ആണ് പ്രസ്തുത മസാല ബോണ്ടുകൾ വിപണനം ചെയ്യപ്പെട്ടത്.

(ബി) തിരിച്ചടവ് കലാവധിയായ 5 വർഷം കഴിയുമ്പോൾ ആകെ പലിശയും മുതലും ഉൾപ്പെടെ 3195.23 കോടി രൂപ തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്.

(സി) അസറ്റ് മാനേജ്മെന്റ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിംഗ്, പ്രൈവറ്റ് വെൽത്ത് മാനേജ്മെന്റ് എന്നീ ശ്രേണികളിൽ നിന്നായി 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കു. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരാണ്. ഈ നിക്ഷേപകരെ സംബന്ധിച്ച് കിഫ്ബിയിൽ ലഭ്യമായിട്ടുള്ള വിശദാംശങ്ങൾ ഇടപാട് നടന്ന ദിവസത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇതിനുശേഷം സെക്കണ്ടറി വിപണിയിൽ കച്ചവടം നടക്കാനുള്ള സാധ്യത കണക്കിലെടുത്താൽ, നിലവിൽ ഈ ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷേപകർക്ക് തന്നെ ആകണമെന്നില്ല.

(ഡി) അൻപതിനായിരം കോടിയോളം രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഇത്രയും വലിയ രീതിയിലുള്ള ധനസമാഹരണം കേവലം ഒരു സ്രോതസ്സിലൂടെ ലഭ്യമാക്കുക എന്നത് പ്രായോഗികമല്ല. ഇതിന് കിഫ്ബിക്ക് അതിന്റെ ആക്ട് അനുവദിക്കുന്ന രീതിയിൽ റിസർവ് ബാങ്ക്, സെബി തുടങ്ങിയ റെഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ധനസമാഹരണ ഉപാധികളെയും ആശ്രയിക്കേണ്ടി വരും. ആദ്യഘട്ടമായി നടത്തിയ ആഭ്യന്തര ബോണ്ട് വഴി ഉദ്ദേശിച്ച ധനസമാഹരണം റീ - ടെണ്ടറിനുശേഷവും ഉയർന്ന പലിശ നിരക്ക് (10.20% - 10.25%) കാരണം ഉപേക്ഷിക്കുകയായിരുന്നു. ആഭ്യന്തര ബോണ്ടുവഴിയുള്ള ധനസമാഹരണത്തിന് വിവിധ റേറ്റിംഗ് ഏജൻസികൾ കിഫ്ബിക്ക് നൽകിയ ക്രെഡിറ്റ് റേറ്റിംഗ് A+ ആയിരുന്നു. ഈ ബോണ്ടുകൾ എല്ലാം തന്നെ കിഫ്ബിയുടെ മസാല ബോണ്ടിന്റെ പലിശ നിരക്കിനെക്കാളും ഉയർന്ന നിരക്കിലാണ് പുറപ്പെടുവിച്ചിരിക്കുന്നത് എന്നത് വ്യക്തമാണ്. കിഫ് ബോർഡിന്റെ നിർദ്ദേശാനുസരണം വിവിധ പൊതുമേഖല ബാങ്കുകളിൽ നിന്ന് ധനസഹായം തേടിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 4 ബാങ്കുകളിൽ നിന്ന് 8.95% മുതൽ 9.30% വരെയുള്ള പലിശനിരക്കിൽ ടേം

ലോൺ ലഭ്യമാക്കിയിട്ടുണ്ട്. വിവിധ ബാങ്കുകൾ ടേം ലോണുകൾ വഴി കിഫ്ബിക്ക് അനുവദിച്ചത് 2565 കോടി രൂപ മാത്രമാണ്. ഇതിൽ ഒരു ബാങ്കിൽ നിന്ന് പരമാവധി ലഭ്യമാക്കുവാൻ കഴിഞ്ഞത് 1000 കോടി രൂപയാണ്. മേൽ സൂചിപ്പിച്ച സ്രോതസ്സുകൾ 50,000 കോടി മുതൽ മുടക്ക് വരുന്ന പദ്ധതികൾക്ക് പര്യാപ്തമാകില്ല എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് അന്താരാഷ്ട്ര ബോണ്ട് വിപണിയിലേയ്ക്കുള്ള ശ്രമം നടത്തിയത്. ടേം ലോണുകൾക്ക് മൊറട്ടോറിയം കാലാവധി (ശരാശരി 2 വർഷം) കഴിഞ്ഞാൽ പലിശയോടൊപ്പം മുതലിന്റെ ഒരു അംശവും തിരിച്ചടച്ചു തുടങ്ങണം. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായി ബോണ്ടുകൾക്ക് മുതലിന്റെ തിരിച്ചടവ് ലോൺ കാലാവധി തീരുന്ന മുറയ്ക്ക് മതിയാകും എന്നുള്ളതാണ്. കൂടാതെ കാലാകാലങ്ങളിൽ എം.സി.എൽ.ആർ.-ൽ ഉണ്ടാകുന്ന വ്യതിയാനം ടേം ലോണുകളുടെ നിരക്കിനെ ബാധിക്കും. എന്നാൽ മസാല ബോണ്ടിന്റെ പലിശനിരക്ക് കാലാവധി പൂർത്തീകരിക്കുന്നതുവരെയും സ്ഥിരമാണ്. കിഫ്ബി ഇപ്പോൾ പുറപ്പെടുവിച്ച മസാല ബോണ്ടിന്റെ കാലാവധി 5 വർഷമാണ്.

മേൽസൂചിപ്പിച്ച കാരണങ്ങളാൽ ദേശീയ തലത്തിലും അന്തർദ്ദേശീയ തലത്തിലും ശ്രദ്ധിക്കപ്പെട്ട ധനകാര്യ വിദഗ്ദ്ധർ അടങ്ങുന്ന കിഫ് ബോർഡ് മസാല ബോണ്ട് നടപടിക്രമങ്ങളുമായി മുൻപോട്ട് പോകുവാൻ തീരുമാനിക്കുകയും, 9.723% എന്ന പലിശ നിരക്ക് ന്യായമാണ് എന്നുള്ളതിനാൽ ആ നിരക്കിൽ ഉറപ്പിക്കുകയുമായിരുന്നു. 31-3-2019-നുമുൻപ് ഈ ഇടപാട് നടത്തിയതുവഴി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്ന 5 ശതമാനം വിത്ഹോൾഡിംഗ് നികുതിയുടെ ഇളവും കിഫ്ബിക്ക് നേടാനായി.

**കിഫ്ബി മസാല ബോണ്ട്**

51 (452) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മസാല ബോണ്ട് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ എന്നാണ് ലിസ്റ്റ് ചെയ്തതെന്ന് അറിയിക്കുമോ; മസാല ബോണ്ട് ലിസ്റ്റ് ചെയ്തത് പബ്ലിക് ഇഷ്യൂ ആയിട്ടാണോ എന്ന് വ്യക്തമാക്കുമോ;

(ബി) ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഇതു സംബന്ധിച്ച ചടങ്ങിൽ മുഖ്യമന്ത്രി പങ്കെടുത്തിട്ടുണ്ടോ; അദ്ദേഹത്തെ കൂടാതെ ആരൊക്കെയാണ് പ്രസ്തുത ചടങ്ങിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തതെന്ന് അറിയിക്കുമോ;

(സി) സി.ഡി.പി.ക്യൂ. എന്ന കമ്പനി കിഫ്ബി മസാല ബോണ്ട് വാങ്ങിയത് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ നിന്നും പബ്ലിക് ഇഷ്യൂ ആയിട്ടാണോയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കിഫ്ബി മസാല ബോണ്ട് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ 19-9-2018, 25-3-2019 എന്നീ തീയതികളിലാണ് ലിസ്റ്റ് ചെയ്തത്. കിഫ്ബിയുടെ മസാല ബോണ്ട് ഒരു പ്രൈവറ്റ് ഇഷ്യൂ അല്ല. ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പബ്ലിക് ഇഷ്യൂ ആണ്. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നു. ലണ്ടൻ, സിംഗപ്പൂർ, ഹോങ്കോങ്, യു. എ. ഇ. എന്നീ രാജ്യങ്ങളിൽ നടന്ന റോഡ്ഷോകളിൽ നിക്ഷേപകരുടെ അഭിപ്രായങ്ങളും, ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമ വ്യവസ്ഥകളും വിലയിരുത്തിയ ശേഷമാണ് ഓഫറിംഗ് സർക്കുലർ പ്രസിദ്ധീകരിച്ചത്. കനേഡിയൻ നിയമ വ്യവസ്ഥകൾ പ്രകാരം റീട്ടെയിൽ നിക്ഷേപകരിൽ നിന്നും ബോണ്ടുകൾ വഴി പണം സ്വീകരിക്കണമെങ്കിൽ ബന്ധപ്പെട്ട സെക്യൂരിറ്റി റെഗുലേറ്ററിന്റെ അംഗീകാരം തേടിയശേഷമാണ് പ്രോസ്പെക്ടസ് പുറപ്പെടുവിക്കേണ്ടത്. ഇത് വളരെ സങ്കീർണ്ണവും കാലതാമസം വരുന്നതുമായ ഒരു നടപടിക്രമമാണ്. ഈ കാലതാമസം ഒഴിവാക്കി ആ രാജ്യത്തെ നിക്ഷേപകർക്കും അവസരം കൊടുക്കുന്നതിനായാണ് മറ്റ് രാജ്യങ്ങളിലെ നിയമവ്യവസ്ഥകൾ ഉൾപ്പെടുത്തിയപോലെ കാനഡയിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി ഓഫറിംഗ് സർക്കുലർ പുറപ്പെടുവിച്ചത്. ഇതിൻ പ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച ലോകത്തിലെ എല്ലാ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകർക്കും പ്രസ്തുത ബോണ്ടിൽ പങ്കെടുക്കാമായിരുന്നു.

(ബി) ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ മസാല ബോണ്ട് ലിസ്റ്റിംഗ് സംബന്ധിച്ച ചടങ്ങിൽ മുഖ്യമന്ത്രി പങ്കെടുത്തിട്ടില്ല. ബോണ്ട് പുറപ്പെടുവിച്ചതിനുശേഷമുള്ള മാർക്കറ്റ് ഓപ്പണിംഗ് ചടങ്ങിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർ പങ്കെടുത്തു.

(സി) ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പബ്ലിക് ഇഷ്യൂ ആയി ലിസ്റ്റ് ചെയ്യപ്പെട്ട ബോണ്ടുകളിലാണ് സി.ഡി.പി.ക്യൂ. ഉൾപ്പെടെയുള്ള എല്ലാ നിക്ഷേപകരും നിക്ഷേപം നടത്തിയത്.

**കിഫ്ബി മസാല ബോണ്ടിന് അംഗീകാരം**

52 (453) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി മസാല ബോണ്ട് ഇറക്കുന്നതിന് ആർ.ബി.ഐ. അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

കിഫ്ബിയുടെ മസാല ബോണ്ടിന് റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതി ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച രേഖ അനുബന്ധമായി ചേർക്കുന്നു.*

**കിഫ്ബി മസാല ബോണ്ടിലെ നിക്ഷേപകർ**

53 (454) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മസാല ബോണ്ടിൽ നിക്ഷേപിച്ച നിക്ഷേപകരുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഓരോ നിക്ഷേപകനും എത്ര രൂപയുടെ എത്ര ബോണ്ടുകളാണ് നൽകിയത് എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) അസറ്റ് മാനേജ്മെന്റ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിംഗ്, പ്രൈവറ്റ് വെൽത്ത് മാനേജ്മെന്റ് എന്നീ ശ്രേണികളിൽ നിന്നായി 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കു. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരാണ്. ഈ നിക്ഷേപകരെ സംബന്ധിച്ച് കിഫ്ബിയിൽ ലഭ്യമായിട്ടുള്ള വിശദാംശങ്ങൾ ഇടപാട് നടന്ന ദിവസത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇതിനുശേഷം സെക്കണ്ടറി വിപണിയിൽ കച്ചവടം നടക്കാനുള്ള സാധ്യത കണക്കിലെടുത്താൽ, നിലവിൽ ഈ ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷേപകർക്ക് തന്നെ ആകണമെന്നില്ല.

**കിഫ്ബി മസാല ബോണ്ടുകൾ**

54 (455) <u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. അനൂപ് ജേക്കബ്:</u>
<u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ മസാല ബോണ്ടുകൾ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ നിലനിൽക്കുന്ന ഏറ്റവും ഉയർന്ന പലിശ നിരക്കിലാണോ വിറ്റഴിക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കിഫ്ബിയുടെ മസാല ബോണ്ടുകൾ എത്രവർഷത്തേയ്ക്കാണ് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്തിരിക്കുന്നത്; മസാല ബോണ്ടുകളിലെ പലിശ തിരിച്ചടവ് ഏതൊക്കെ മാസങ്ങളിലാണെന്ന് അറിയിക്കുമോ;

(സി) കിഫ്ബിയുടെ മസാല ബോണ്ടുകളിലെ ഉയർന്ന പലിശ നിരക്ക് സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ ഏതുതരത്തിലാണ് ബാധിക്കാൻ പോകുന്നതെന്ന് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മസാല ബോണ്ടുകളിലെ പലിശ/മുതൽ (പ്രിൻസിപ്പൽ) തിരിച്ചടവ് സംബന്ധിച്ച രൂപരേഖ സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഇ) സംസ്ഥാനത്തെ ഏതൊക്കെ പദ്ധതികളിലാണ് മസാല ബോണ്ടുകളിൽ നിന്നും ലഭിച്ച തുക വകയിരുത്തിയിരിക്കുന്നത്; അഞ്ച് വർഷം കൊണ്ട് പൂർത്തിയാക്കാൻ സാധിക്കുന്ന പദ്ധതികളിൽ മാത്രമാണോ മസാല ബോണ്ടുകളിൽ നിന്നും ലഭിച്ച തുക വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലെ വ്യവസ്ഥകൾ പ്രകാരം അന്താരാഷ്ട്ര വിപണിയിലെ പ്രാമാണിക രീതികൾ അടിസ്ഥാനമാക്കിയാണ് പലിശനിരക്ക് നിശ്ചയിക്കപ്പെടുന്നത്. വ്യാപകമായ പ്രചാരണം ഉറപ്പുവരുത്തിയാണ് 2018 സെപ്റ്റംബർ 19-ാം തീയതി ലണ്ടൻ, സിംഗപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ കിഫ്ബി മസാല ബോണ്ട് ലിസ്റ്റ് ചെയ്യപ്പെട്ടത്. സിംഗപ്പൂരിലും ഹോങ്കോങ്ങിലും ലണ്ടനിലും ദുബായിലും വച്ച് സി.ഇ.ഒ.യുടെ നേതൃത്വത്തിലുള്ള കിഫ്ബിയുടെ ഉന്നതതല സംഘം നിക്ഷേപകരുമായി നടത്തിയ നിരവധി കൂടിക്കാഴ്ചകളിൽ ഫലപ്രദമായ ചർച്ചകൾ നടന്നു. ഇത്തരത്തിൽ സുതാര്യമായി നടന്ന പ്രക്രിയകളിലൂടെയാണ് ഇപ്പോൾ കാണുന്ന പലിശനിരക്കായ 9.723 ശതമാനത്തിൽ എത്തിച്ചേർന്നത്.

(ബി) കിഫ്ബിയുടെ മസാല ബോണ്ടുകൾ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ 5 വർഷത്തേയ്ക്കാണ് ലിസ്റ്റ് ചെയ്തിരിക്കുന്നത്. 2019 മാർച്ച് മാസം ലഭ്യമായ മസാല ബോണ്ടിന്റെ പലിശ അർദ്ധ വാർഷികമായി എല്ലാ ആറുമാസം കൂടുമ്പോഴും തിരിച്ചടയ്ക്കേണ്ടതായുണ്ട്. മുതൽ 5 വർഷ കാലാവധി പൂർത്തിയാകുന്ന മുറയ്ക്കും തിരിച്ചടയ്ക്കണം.

(സി&ഡി) വ്യക്തമായ അപഗ്രഥനങ്ങൾക്കും വിശകലനങ്ങൾക്കും ശേഷമാണ് കിഫ്ബിയുടെ കടമെടുപ്പ് - തിരിച്ചടവ് മാതൃക രൂപപ്പെടുത്തിയിട്ടുള്ളത്. കിഫ്ബി ധനസഹായത്തിനായി നിർദ്ദേശിക്കപ്പെട്ട പദ്ധതികളിൽ 80 ശതമാനത്തോളം സാമൂഹിക മേഖലയിൽ നിന്നുള്ളതാണ്. ശേഷിക്കുന്ന 20 ശതമാനം സ്വന്തം നിലയ്ക്ക് റവന്യൂ കണ്ടെത്തുവാൻ കഴിവുള്ളവയാണ്. കേരള നിയമസഭാ ഏകകണ്ഠമായി പാസ്സാക്കിയ KIIF ആക്ടിൽ മോട്ടോർ വാഹന നികുതിയിൽനിന്നും പെട്രോളിനുള്ള സെസ്സിൽനിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗം ഓരോ വർഷവും നിർബന്ധമായി കിഫ്ബിക്ക് കൈമാറണമെന്ന് സർക്കാരിനോട് അനുശാസിക്കുന്നു. കിഫ്ബിയുടെ എല്ലാ ബാധ്യതകളും പാലിക്കുവാൻ ഈ വരുമാനം മതിയാകും. KIIF ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള തരത്തിലേ കിഫ്ബിയുടെ തിരിച്ചടവ് കടം ഉണ്ടാവുകയുള്ളൂ. അതിനാൽ അധികമായ ഒരു ബാധ്യതയും സംസ്ഥാനത്തിന് വരുമെന്ന് കരുതുന്നില്ല. നിലവിലെ ഡെബ്റ്റ് സസ്റ്റൈനബിലിറ്റി കണക്കുകൾ ഈ മാതൃകയിലുള്ള തിരിച്ചടവ് പ്രായോഗികമാണ് എന്ന് വ്യക്തമാക്കുന്നു.

നവീനമായ ഐ.ടി. അധിഷ്ഠിത ഉപകരണങ്ങളും സമ്പ്രദായങ്ങളും ഉപയോഗിച്ചാണ് കിഫ്ബി അതിന്റെ പണത്തിന്റെ ആവശ്യം വിശകലനം ചെയ്യുന്നത്. കടം വാങ്ങുന്നതുമായി ബന്ധപ്പെട്ട നടപടികളിൽ വഴികാട്ടുവാൻ ഉത്തമമായ ആസ്തി ബാധ്യതാ നിർവ്വഹണരീതി (Asset Liability Management) സ്വീകരിച്ചിരിക്കുന്നു. അടിയന്തരമായി വേണ്ടത്, അല്പകാലത്തിനുള്ളിൽ വേണ്ടത്, കുറച്ചുകാലം കഴിഞ്ഞുവേണ്ടത്, ദീർഘകാലം കഴിഞ്ഞുവേണ്ടത് എന്നിങ്ങനെ പണമൊഴുക്കിനെ സംബന്ധിച്ച ക്രമപ്പെടുത്തിയ ഒരു രീതി കിഫ്ബിയെപ്പോലെ വായ്പ വാങ്ങുന്ന ഏജൻസി പാലിച്ചേ തീരൂ. ആവശ്യത്തിലധികമായ തുക അനാവശ്യമായി കൈയിൽ വച്ചിരിക്കുന്നത് പലിശ ഇനത്തിൽ പൊതുമുതൽ പാഴായിപ്പോകാൻ ഇടവരും. അടുത്ത ഒരു വർഷത്തെ ചുമതലകൾ നിറവേറ്റുവാൻ ആവശ്യമായി വരുന്ന പണം മാത്രമേ ഇപ്പോൾ കിഫ്ബി കൈവശം വച്ചിട്ടുള്ളൂ. കൂടുതൽ പണം ആവശ്യമുണ്ടെങ്കിൽ മാത്രം വിപണിയിലേയ്ക്കിറങ്ങുക എന്നതാണ് കിഫ്ബിയുടെ നയം.

(ഇ) മസാല ബോണ്ടുവഴി ലഭ്യമാക്കിയ തുക കിഫ്ബിയുടെ പദ്ധതി നിർവ്വഹണത്തിനായുള്ള പൊതുഫണ്ടിലേയ്ക്കാണ് എത്തിച്ചേരുന്നത്. ഇതിൽനിന്നും ആവശ്യ സമയങ്ങളിൽ പദ്ധതി നടത്തിപ്പിനായി ഉപയോഗിക്കുന്നു. ഇവയിൽ പലകാലയളവിൽ പൂർത്തിയാകുന്ന പദ്ധതികളും ഉൾപ്പെടുന്നു. ഒട്ടുമിക്ക പദ്ധതികളും 5 വർഷകാലയളവിനുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുന്നവയാണ്.

## കിഫ്ബി മുഖേന നടത്തി വരുന്ന പ്രവർത്തനങ്ങൾ

55 (456) ശ്രീ. എം. സ്വരാജ്:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സുസ്ഥിരവും ദ്രുതഗതിയിലുമുള്ള വികസനവും സാധ്യമാക്കുന്നതിനും പശ്ചാത്തല സൗകര്യവും വ്യവസായ അടിസ്ഥാന സൗകര്യവും സൃഷ്ടിക്കുന്നതിനുമായി കിഫ്ബി മുഖേന നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) അൻപതിനായിരം കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കുള്ള തുക കണ്ടെത്തുന്നതിന് കിഫ്ബി സ്വീകരിച്ചുവരുന്ന നിക്ഷേപ മാതൃകകൾ എന്തെല്ലാമാണ്;

(സി) റിസർവ് ബാങ്കിന്റെ മാനദണ്ഡങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായ നിക്ഷേപ പദ്ധതികളിൽ ഒന്നായ മസാല ബോണ്ട് വൻ വിജയം നേടിയതിനെ തുടർന്ന് നിക്ഷേപ മാർഗ്ഗത്തിന് വിഘ്നം സൃഷ്ടിക്കുകയെന്ന ഗൂഢോദ്ദേശ്യത്തോടെ ചില കേന്ദ്രങ്ങൾ അനാവശ്യ വിവാദം സൃഷ്ടിച്ചതിന്റെ പശ്ചാത്തലത്തിൽ മസാല ബോണ്ട് വഴി നിക്ഷേപം സ്വരൂപിക്കുന്ന പ്രക്രിയയും അതിൽ സർക്കാരിന്റെ ഇടപെടൽ എങ്ങനെയാണെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) ബജറ്റിനതീതമായി ധനസമാഹരണം നടത്തി സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനം നടത്തുന്നതിനായാണ് കിഫ്ബി എന്ന സംവിധാനം ഏർപ്പെടുത്തിയത്. ഏകദേശം 50,000 കോടി രൂപയുടെ പദ്ധതികളാണ് സംസ്ഥാനത്ത് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി നൂതന സാമ്പത്തിക സ്രോതസ്സുകളുൾപ്പെടെ കിഫ് ആക്ടിൽ വിവക്ഷിക്കും പ്രകാരം വിവിധ മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തി ഉന്നത നിലവാരത്തിലുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് കിഫ്ബി പ്രവർത്തിക്കുന്നത്.

(ബി) കിഫ് ആക്ട് അനുവദിക്കുംവിധം സെബി, റിസർവ് ബാങ്ക് തുടങ്ങിയ നിയന്ത്രണ ഏജൻസികൾ അംഗീകരിച്ചിട്ടുള്ള വിവിധ ധനസമാഹരണ മാർഗ്ഗങ്ങളാണ് കിഫ്ബി അവലംബിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിൽ ടേം ലോണുകൾ, ആഭ്യന്തര - അന്താരാഷ്ട്ര കടപ്പത്രങ്ങൾ, കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ബോണ്ട് തുടങ്ങി നവീനമായ പല ധനസമാഹരണ ഉപാധികൾ ഉൾപ്പെടുന്നു.

(സി) 2019 മാർച്ച് 26 വെള്ളിയാഴ്ച 2150 കോടി രൂപയുടെ ആരംഭകാല ഇഷ്യൂ പുറത്തിറക്കിക്കൊണ്ട് മസാല ബോണ്ട് സമാഹരണത്തിന്റെ തുടക്കം കിഫ്ബി വിജയകരമായി പൂർത്തിയാക്കി. വിദേശ കടപ്പത്ര വിപണിയിൽ പ്രവേശനം നേടുന്ന ഇന്ത്യയിൽ നിന്നുള്ള ആദ്യ സംസ്ഥാനമെന്ന നിലയിൽ കേരളവും അതിന്റെ ഏജൻസിയായ കിഫ്ബിയും അപൂർവ്വ നേട്ടം കരസ്ഥമാക്കി. ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഇതുവരെ ഏർപ്പെട്ട മസാല ബോണ്ട് സമാഹരണത്തിൽ വച്ച് ഏറ്റവും വലിയ രണ്ടാമത്തെ ഉദ്യമമാണ് കിഫ്ബിയുടെ ഈ ചരിത്രനേട്ടം. മൊത്തത്തിൽ വിലയിരുത്തിയാൽ 2016-ൽ ഭാരതീയ റിസർവ് ബാങ്ക് മസാല ബോണ്ട് സമ്പ്രദായത്തിന് അനുമതി നല്കിയതിനുശേഷമുണ്ടായ ഏറ്റവും വലിയ മൂന്നാമത്തെ സമാഹരണവും ഇതാണ്.

നേട്ടത്തിന്റെ ഈ നാഴികക്കല്ല് പിന്നിടുവാൻ കഠിനശ്രമങ്ങളുടെ ദീർഘദൂരം കിഫ്ബിക്ക് യാത്ര ചെയ്യേണ്ടി വന്നിട്ടുണ്ട്. രൂപകല്പന മുതൽ പൂർത്തീകരണം വരെ ഏകദേശം ഒരു വർഷം നീണ്ടുനിന്ന നിരന്തര പരിശ്രമമാണ് ഇപ്പോൾ ഫലം കണ്ടിരിക്കുന്നത്. കിഫ്ബിയുടെ നിയന്ത്രണത്തിന് അതീതമായ നിരവധി ഘടകങ്ങൾ പ്രതികൂലമായി ഉയർന്നുവന്നു. മസാല ബോണ്ടുമായി ആദ്യമായി വിപണിയിലെത്തിയ കിഫ്ബിക്ക് ഈ രംഗത്ത് തുടക്കക്കാർ നേരിടേണ്ടതായ സ്വാഭാവികമായ വെല്ലുവിളികളെയും അഭിമുഖീകരിക്കേണ്ടി വന്നു. നിയമപരമായ വ്യവസ്ഥകളും ഉപാധികളും മനസ്സിലാക്കേണ്ടതുണ്ടായിരുന്നു. അന്താരാഷ്ട്ര കടപ്പത്രവിപണിയുടെ അസംഖ്യം വഴികളിലൂടെ യാത്ര ചെയ്ത് ഇതുമായി ബന്ധപ്പെട്ട പ്രക്രിയയുടെ വിശദാംശങ്ങൾ ആഴത്തിൽ ഗ്രഹിക്കേണ്ടതായി വന്നു.

2017 നവംബർ മാസത്തിൽ ആക്സിസ് ബാങ്കിനെ ഇഷ്യൂവിന്റെ ഔദ്യോഗിക ഉപദേശകരായി നിയമിച്ചു. ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് പ്രകാരം വിദേശ വിപണിയിൽ രൂപയിലധിഷ്ഠിതമായ കടപ്പത്രം പുറത്തിറക്കുന്നതിനുള്ള അനുമതിക്കായി റിസർവ് ബാങ്കിനെ സമീപിക്കുകയായിരുന്നു അടുത്ത പടവ്. അംഗീകൃത വ്യാപാരിയായ ആക്സിസ് ബാങ്ക് മുഖേന 2018 മേയ് മാസത്തിൽ റിസർവ് ബാങ്കിന് മുമ്പാകെ അപേക്ഷ സമർപ്പിച്ചു. 2018 ജൂൺ മാസം അവസാനത്തോടെ റിസർവ് ബാങ്ക് അനുമതി നല്കി.

ഈ പ്രവൃത്തികൾക്ക് സമാന്തരമായിത്തന്നെ ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികളെയും ബാങ്കർമാരെയും നിയമിക്കുന്ന കാര്യക്രമങ്ങളിലേക്കും കിഫ്ബി കടന്നിരുന്നു. സ്റ്റാന്റേർഡ് ആൻഡ് പുവേർസ് (S&P), ഫിച്ച് എന്നിവരെ റേറ്റിംഗ് ഏജൻസികളായി നിയമിച്ചു. സ്റ്റാന്റേർഡ് ചാർട്ടേഡ് ബാങ്ക്, ആക്സിസ് ബാങ്ക് എന്നിവരെയാണ് ബാങ്കർമാരായി നിശ്ചയിച്ചത്. സ്ഥാനക്രമം നിശ്ചയിക്കാനുള്ള മാനദണ്ഡ പ്രകാരം കിഫ്ബി പോലൊരു സംസ്ഥാന സർക്കാർ ഏജൻസിയെ

അതിന്റെ പരമാധികാര രാജ്യത്തിന് നല്കിയ മതിപ്പിനുതാഴെ മാത്രമേ റേറ്റിംഗ് ഏജൻസികൾക്ക് ഉൾപ്പെടുത്താനാകൂ. ഇന്ത്യയുടെ ഇപ്പോഴത്തെ മൂല്യം BBB ആണ്. സവിസ്താരമായ മൂല്യനിർണ്ണയനത്തിനുശേഷം കിഫ്ബിക്ക് BB (സുസ്ഥിരമായ കാഴ്ച) എന്ന മൂല്യം നല്കാനാണ് റേറ്റിംഗ് ഏജൻസികൾ തീരുമാനിച്ചത്. നേടാനാവുന്ന റേറ്റിംഗിന്റെ ഏറ്റവും ഉയർന്ന പദവിക്കു തൊട്ടുതാഴെയാണ് ഈ മൂല്യം. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും ഇതുവരെ നേടാൻ കഴിഞ്ഞതിൽ ഏറ്റവും ഉയർന്ന റേറ്റിംഗാണ് BB. ഇന്ത്യയിലെ പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ ഉൾപ്പെട്ട മറ്റൊരു സ്ഥാപനവും ഇതിനേക്കാൾ വലിയ മൂല്യം നേടിയിട്ടില്ല.

അന്താരാഷ്ട്ര ലീഗൽ കൗൺസിൽ, സ്വദേശ ലീഗൽ കൗൺസിൽ, ട്രസ്റ്റി, പേയിംഗ് ഏജന്റ്, പ്രോസസ്സ് ഏജന്റ് തുടങ്ങി ഇടപാടുകൾക്ക് ആവശ്യമായ ഏജൻസികളുടെ നിയമനത്തിലാണ് കിഫ്ബി പിന്നീട് ശ്രദ്ധ പതിപ്പിച്ചത്. കർമ്മപരിപാടിയുടെ കരാറുകളുടെയും പ്രകാശന രേഖകളുടെയും കരട് തയ്യാറാക്കുന്ന ജോലി 2018 മേയ് മാസത്തിൽ ആരംഭിച്ചു. അന്താരാഷ്ട്ര ലീഗൽ കൗൺസിലായ DLA പൈപ്പറുടെ നേതൃത്വത്തിൽ സ്വദേശ ലീഗൽ കൗൺസിൽ (സിറിൽ ആൻഡ് അമർചന്ദ് മംഗൾദാസ്), പതിപ്പുമായി ബന്ധപ്പെട്ട ബാങ്കുകൾ എന്നിവരുടെ സഹായത്തോടെയാണ് ഈ നടപടികൾ നടന്നത്. രൂപരേഖയുടെ നിർമ്മാണ ജോലികൾ പൂർത്തിയായി. ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച്, സിംഗപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ച് എന്നിവിടങ്ങളിൽ നിന്ന് തത്ത്വത്തിൽ അനുമതിയായി. ഒടുവിൽ പതിപ്പ് 2018 സെപ്റ്റംബർ 19-ന് ലിസ്റ്റ് ചെയ്യപ്പെട്ടു. നിക്ഷേപകരുമായുള്ള റോഡ്ഷോ ചർച്ചകൾ പലയിടങ്ങളിലായി സംഘടിപ്പിച്ചു.

കിഫ്ബി മസാല കടപ്പത്രത്തിന്റെ പതിപ്പ് 2019 മാർച്ച് 25-ന് പുറത്തിറങ്ങുകയും മാർച്ച് 29-ന് അവസാനിപ്പിക്കുകയും ചെയ്തു. പ്രൈസിംഗ് നടന്നത് 2019 മാർച്ച് 26-നും സെറ്റിൽമെന്റ് 29-നും ആയിരുന്നു. ഇതിനകം 2150 കോടി രൂപ സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ഈ കർമ്മപാതയിലൂടെ മുന്നോട്ടുപോകുന്നതുമൂലം ഘടന മെച്ചപ്പെടുത്താനും അന്താരാഷ്ട്ര നിക്ഷേപകരുടെ പ്രതീക്ഷയ്ക്കനുസൃതമായ രീതിയിൽ കേന്ദ്രീകൃത ഭരണനിർവ്വഹണത്തിന്റെയും ധനവിനിയോഗത്തിന്റെയും ആഗോളതലത്തിലെ മികച്ച വഴക്കങ്ങൾ സ്വായത്തമാക്കുവാനുമുള്ള പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനും കിഫ്ബിക്ക് കഴിയും. ഈ മസാല ബോണ്ട് കിഫ്ബിയുടെ ആത്മധൈര്യം വർദ്ധിപ്പിച്ചിരിക്കുന്നു. വരും വർഷങ്ങളിൽ വിഭവ സമാഹരണത്തിന്റെ വ്യത്യസ്തമായ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുവാൻ ഇതു സഹായകമാകും. കേരള സംസ്ഥാനത്തിന്റെ അന്താരാഷ്ട്ര തലത്തിലുള്ള നിക്ഷേപ സമാഹരണത്തിന് ഈ വിജയം അടിത്തറയായി പ്രവർത്തിക്കും.

## കിഫ്ബി മുഖേന തൃപ്പൂണിത്തുറ സംസ്കൃത കോളേജിലെ പ്രവൃത്തി

56(457) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന തൃപ്പൂണിത്തുറ ഗവണ്മെന്റ് സംസ്കൃത കോളേജിൽ എന്തൊക്കെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയത്; വിശദാംശം നൽകുമോ

(ബി) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ അക്കാഡമിക് ബ്ലോക്ക്, കാന്റീൻ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്ക് 5.77 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

(ബി) കിഫ്ബിയുടെ അംഗീകാരം ലഭിച്ച പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (KITE) ആണ്. പദ്ധതി നിർവ്വഹണ ഏജൻസിയും കരാറുകാരും തമ്മിലുള്ള ഉടമ്പടിയിൽ പദ്ധതി കാലയളവ് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് പാലിക്കപ്പെടുന്നുണ്ട് എന്നത് പദ്ധതി നിർവ്വഹണ ഏജൻസി വിലയിരുത്തുന്ന വസ്തുതയാണ്. അതോടൊപ്പം കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി നിശ്ചിത ഇടവേളകളിൽ ബന്ധപ്പെട്ട വകുപ്പ്, പദ്ധതി നിർവ്വഹണ ഏജൻസി എന്നിവരുടെ അവലോകന യോഗങ്ങളും നടത്തിവരുന്നു.

## കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

57(458) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കായി ഏതെല്ലാം മാർഗ്ഗങ്ങളിൽ നിന്നാണ് പണം സമാഹരിച്ചിട്ടുള്ളത്; വിശദവിവരങ്ങൾ നൽകുമോ;

(ബി) എത്ര കോടി രൂപ ഇപ്രകാരം സമാഹരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) എത്ര പദ്ധതികൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചിട്ടുള്ളത്; എത്ര കോടി രൂപയ്ക്ക് കിഫ്ബി മുഖേന ഭരണാനുമതി നൽകിയിട്ടുണ്ട്; ജില്ലതിരിച്ചുള്ള വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) 23.05.2019 വരെ കിഫ്ബി വിവിധ മാർഗങ്ങളിൽ നിന്നും സമാഹരിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്:

| Source | Availed Amount in Cr | Sanctioned Amount in Cr |
|---|---|---|
| Seed Capital | 2498.42 | |
| MVT&Cess | 4160 | |
| Term Loans | | |
| 1. NABARD-NIDA | 200.8 | 565 |
| 2. SBI | 300 | 1000 |
| 3. Union Bank of India | 250 | 500 |
| 4. Indian Bank | 200 | 500 |
| Masala Bonds | 2150 | |
| KSFE Chitty | 8.298 | |
| TOTAL | 9767.51 | |

(സി) കിഫ്ബി നാളിതുവരെ സമാഹരിച്ച തുകയിൽ നിന്നും 168 പദ്ധതികൾക്കായി 1707.98 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. ആകെ 42306.05 കോടി രൂപയുടെ 536 പദ്ധതികൾക്ക് ഇതുവരെ കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി *ചേർക്കുന്നു.

**കിഫ്ബി ലാൻഡ് ബോണ്ടുകൾ**

58(459) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ എത്ര കോടി രൂപയുടെ കിഫ്ബി ലാൻഡ് ബോണ്ടുകൾ ഇറക്കി എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ബോണ്ടുകൾ വഴി എത്ര ഏക്കർ സ്ഥലം സംസ്ഥാന സർക്കാരിന് ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിഫ്ബി വഴി ലാൻഡ് ബോണ്ടുകൾ ഇറക്കിയിട്ടില്ല.

**കിഫ്ബി മുഖാന്തരം മാവേലിക്കര ജില്ലാ ആശുപത്രിയിൽ നടപ്പിലാക്കുന്ന പദ്ധതി**

59(460) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തരം മാവേലിക്കര ജില്ലാ ആശുപത്രിയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) 16-4-2018-ലെ സ.ഉ.[സാധാ] 1247/2018/H&FWD പ്രകാരം ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസി ആയ INKEL കിഫ്ബിയിൽ സമർപ്പിച്ച 127.57 കോടി രൂപയുടെ മാവേലിക്കര ജില്ലാ ആശുപത്രി വികസനവുമായി ബന്ധപ്പെട്ട വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ പരിശോധിച്ചുവരുന്നു. ആയതിന്മേൽ കിഫ്ബി നൽകിയ സാങ്കേതിക അവലോകന റിപ്പോർട്ടിന്മേലുള്ള മറുപടി പദ്ധതി നിർവ്വഹണ ഏജൻസി ലഭ്യമാക്കുന്ന മുറയ്ക്ക് കിഫ്ബി അംഗീകാരം നൽകുന്നതാണ്.

**കിഫ്ബി മുഖേനയുള്ള പദ്ധതികൾ**

60(461) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലുൾപ്പെടുത്തി അനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതിൽ നിർമ്മാണം പൂർത്തിയാക്കിയ പദ്ധതികൾ, ചെലവഴിച്ച തുക എന്നിവ വ്യക്തമാക്കുമോ ;

(ബി) കിഫ്ബിയിലുൾപ്പെടുത്തി അനുമതി നൽകുകയും പ്രവൃത്തി ആരംഭിക്കാത്തതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നിലവിൽ കിഫ്ബി ഫണ്ടിൽ എത്ര തുകയാണുള്ളത് ; ലഭിച്ച തുകയുടെ സ്രോതസ്സ് വിശദമാക്കുമോ; ഈ സാമ്പത്തിക വർഷം എത്ര തുകയാണ് കിഫ്ബി സ്വരൂപിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നാളിതുവരെ കിഫ്ബി വഴി 536 പദ്ധതികൾക്കായി 42306.05 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. 23-5-2019 വരെ ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികളിൽ നിന്ന് ലഭിച്ച വിവരം അനുസരിച്ച് 318 പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും 228 പദ്ധതികൾ ആരംഭിക്കുകയും ചെയ്തു. അതിൽ 3 പദ്ധതികളുടെ ഉപപദ്ധതികൾ പൂർണ്ണമായും പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം* ആയി ചേർക്കുന്നു. ഇതു കൂടാതെ ആരോഗ്യ-വിദ്യാഭ്യാസ-വനം-ശുദ്ധജലവിതരണ മേഖലകളിലെ വൻ കിഫ്ബി പദ്ധതികൾ നിരവധി ഉപഘടകങ്ങൾ ചേർന്നതാണ്. ഇതിൽ താഴെപ്പറയുന്ന ഘടകങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. 44 ഡയാലിസിസ് സെന്ററുകൾ 38 എണ്ണം പൂർത്തിയായിട്ടുണ്ട്. കാത്ത് ലാബ് & സി.സി.യു. 6 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. വനം വകുപ്പിന് കീഴിലുള്ള സോളാർ ഫെൻസിംഗ് പദ്ധതി 8 സ്ഥലങ്ങളിൽ പൂർത്തിയായിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് കൊച്ചി ലൈൻസ് പാക്കേജിന്റെ ഒന്നാം ഘട്ടം, പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കേരളത്തിലെ 14 ജില്ലകളിലെ സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 98 ശതമാനത്തോളം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. നാല് കുടിവെള്ള പദ്ധതികളുടെ ഘടകങ്ങൾ പൂർത്തിയായി. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം* ആയി ചേർക്കുന്നു.

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി നൽകി പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി *ചേർത്തിട്ടുണ്ട്.

(സി) 23-5-2019-ലെ കണക്ക് പ്രകാരം കിഫ്ബി ഫണ്ടിൽ 7665 കോടി രൂപയാണ് ഉള്ളത്. ലഭിച്ച തുകയുടെ സ്രോതസ്സ് താഴെ പറയും പ്രകാരമാണ്.

| Source | Awailed Amount in Cr | Sanctioned Amount in Cr |
|---|---|---|
| Seed Capital | 2498.42 | |
| MVT&Cess | 4160 | |
| Term Loans | | |
| 1. NABARD-NIDA | 200.8 | 565 |
| 2. SBI | 300 | 1000 |
| 3. Union Bank of India | 250 | 500 |
| 4. Indian Bank | 200 | 500 |
| Masala Bonds | 2150 | |
| KSFE Chitty Bon | 8.298 | |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബി പദ്ധതിയിൽ കണ്ണൂർ ജില്ലയിൽ അനുവദിച്ച പദ്ധതികൾ

61(462) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ കണ്ണൂർ ജില്ലയിൽ 2019 മാർച്ച് 31 വരെ അനുവദിച്ച പദ്ധതികളും അതിനു വേണ്ടി നീക്കിവച്ച തുകയും എത്ര വീതമാണെന്നും വെളിപ്പെടുത്താമോ;

(ബി) ഇതിൽ ടെൻഡർ പാസ്സായ പദ്ധതികൾ ഏതെല്ലാമെന്നും മറ്റ് പദ്ധതികൾ ഏതെല്ലാം ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(സി) പ്രഖ്യാപിച്ച ഏതെങ്കിലും പദ്ധതികൾ വേണ്ടെന്നുവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും അവ ഏതെല്ലാമാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) കിഫ്ബി പദ്ധതിയിൽ കണ്ണൂർ ജില്ലയിൽ 2019 മാർച്ച് 31 വരെ അനുവദിച്ച പദ്ധതികളും അതിനുവേണ്ടി നീക്കിവച്ച തുകയും, അവയിൽ ടെണ്ടർ പാസ്സായ പദ്ധതികൾ ഏതെല്ലാമെന്നും, മറ്റ് പദ്ധതികളുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി* ചേർക്കുന്നു.

(സി) നിലവിൽ കിഫ്ബി വഴി നടപ്പാക്കാൻ പ്രഖ്യാപിച്ച കണ്ണൂർ ജില്ലയിലെ ഒരു പദ്ധതിയും വേണ്ടെന്ന് വയ്ക്കാൻ തീരുമാനിച്ചിട്ടില്ല.

## കിഫ്ബി പദ്ധതികൾക്കുള്ള കാലതാമസം

62(463) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികൾക്ക് പണം അനുവദിച്ചിട്ടും സ്ഥലം ഏറ്റെടുക്കുന്ന നടപടിക്രമങ്ങളിലെ കാലതാമസംമൂലം പദ്ധതികൾ അനന്തമായി നീളുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കിഫ്ബി പദ്ധതികൾക്ക് മാത്രമായി ഒരു സ്ഥലമേറ്റെടുക്കൽ ടീം ജില്ലാടിസ്ഥാനത്തിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) കിഫ്ബി പദ്ധതികൾക്ക് പണം അനുവദിച്ചിട്ടും സ്ഥലം ഏറ്റെടുക്കുന്ന നടപടിക്രമങ്ങളിലെ കാലതാമസംമൂലം പദ്ധതികളുടെ നടത്തിപ്പിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെടുകയും, ആയത് പരിഹരിക്കുന്ന തിലേയ്ക്കായി തിരുവനന്തപുരം ആസ്ഥാനമാക്കി തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ പ്രത്യേക സ്ഥലമേറ്റെടുക്കൽ ഓഫീസുകൾ സ്ഥാപിക്കുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുമുണ്ട്. തിരുവനന്തപുരം യൂണിറ്റിന്റെ കിഴിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളും, ആലപ്പുഴ യൂണിറ്റിന്റെ കീഴിൽ ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളും, മലപ്പുറം യൂണിറ്റിന്റെ കീഴിൽ മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളും, കണ്ണൂർ യൂണിറ്റിന്റെ കീഴിൽ കണ്ണൂർ, കോഴിക്കോട്, കാസർഗോഡ്, വയനാട് ജില്ലകളും ഉൾപ്പെടുന്നു. നാല് മേഖലാ ഓഫീസുകളിലേയ്ക്കും സ്പെഷ്യൽ തഹസിൽദാർമാരെ നിയമിച്ചിട്ടുണ്ട്. ഓഫീസുകളുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പാലക്കാട് ജില്ലയിലെ കിഫ്ബി പദ്ധതികൾ**

63(464) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ കിഫ്ബി മുഖാന്തരം എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ തുകയും നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

(സി) ആലത്തൂർ നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ തുകയും നിലവിലെ സ്ഥിതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) ആലത്തൂർ നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബിയുടെ മസാല ബോണ്ട്

64(465) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസമാഹരണത്തിനായി മസാല ബോണ്ട് ഇറക്കിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ മസാല ബോണ്ടാണ് ഇറക്കിയത്;

(ബി) മസാല ബോണ്ട് ഇറക്കുന്നതിന് ആർ.ബി.ഐ.-യുടെയും സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെയും അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അനുമതി ലഭിച്ചത് എന്ന് അറിയിക്കുമോ ;

(സി) മസാല ബോണ്ടുകൾ ആദ്യം പബ്ലിക് ഇഷ്യൂ ആയിട്ടാണോ പ്രൈവറ്റ് ഇഷ്യൂ ആയിട്ടാണോ പ്ലെയിസ് ചെയ്തത് ;

(ഡി) എത്ര ശതമാനം പലിശയാണ് മസാല ബോണ്ടിന് നൽകേണ്ടത്; ഏത് കമ്പനിയാണ് പ്രസ്തുത ബോണ്ട് വാങ്ങിയത്; എന്നാണ് വാങ്ങിയത്; അതിന്റെ തുക കിഫ്ബിയുടെ അക്കൗണ്ടിൽ എന്നാണ് ലഭ്യമായത് എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കിഫ്ബിയുടെ ധനസമാഹരണത്തിന്റെ ഭാഗമായി മസാല ബോണ്ട് ഇറക്കിയിട്ടുണ്ട്. ഇതുവഴി 2150 കോടി രൂപയാണ് സ്വരൂപിച്ചിരിക്കുന്നത്.

(ബി) കിഫ്ബിയുടെ മസാല ബോണ്ടുകൾക്ക് റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 1-5-2018-നാണ് ഇതുസംബന്ധിച്ച അനുമതി നൽകിയിരിക്കുന്നത്. ഇന്ത്യക്ക് പുറത്ത് പുറപ്പെടുവിച്ച ബോണ്ടുകൾ ആയതിനാൽ ഇവയ്ക്ക് സെബിയുടെ അംഗീകാരം ആവശ്യമില്ല.

(സി) കിഫ്ബിയുടെ മസാല ബോണ്ട് ഒരു പ്രൈവറ്റ് ഇഷ്യൂ അല്ല. ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പബ്ലിക് ഇഷ്യൂ ആയിരുന്നു.

(ഡി) 9.723 ശതമാനം കൂപ്പൺ റേറ്റിൽ ആണ് കിഫ്ബിയുടെ മസാല ബോണ്ടുകളുടെ വിപണനം നടന്നത്. അസറ്റ് മാനേജേഴ്സ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിംഗ്, പ്രൈവറ്റ് വെൽത്ത് മാനേജേഴ്സ് എന്നീ ശ്രേണികളിൽ നിന്നായി 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. 2019 മേയ് 26, 27 തീയതികളിൽ ബുക്ക് ഫിൽ ആകുകയും മേയ് 29-ന് ആകെ ലഭിച്ച തുകയായ 2150 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ എത്തുകയുമാണുണ്ടായത്.

**കിഫ്ബിയുടെ മസാല ബോണ്ട്**

65(466) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയുടെ മസാല ബോണ്ടുകളിൽ സി.ഡി.പി.ക്യൂ. കമ്പനി എത്ര ശതമാനം പലിശ നിരക്കാണ് ക്വാട്ട് ചെയ്തതെന്ന് അറിയിക്കാമോ?

ഉത്തരം

9.723 ശതമാനം കൂപ്പൺ റേറ്റിലാണ് കിഫ്ബിയുടെ മസാല ബോണ്ടുകൾ സി.ഡി.പി.ക്യൂ. ഉൾപ്പെടെയുള്ള എല്ലാ നിക്ഷേപകരിലും വിപണനം നടന്നത്.

**കിഫ്ബിയുടെ മസാല ബോണ്ട് -ഏജന്റുമാർക്ക് നൽകിയ ഫീസ്**

66(467) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ മസാല ബോണ്ടുകൾ വിറ്റഴിക്കലുമായി ബന്ധപ്പെട്ട് നിയമിച്ച ഓരോ പാർട്ണർമാർക്കും ഏജന്റുമാർക്കും എത്ര രൂപയാണ് ഫീസായി നൽകിയത് /നൽകേണ്ടത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബോണ്ടുകൾ വിറ്റഴിക്കലുമായി ബന്ധപ്പെട്ട് അറെയ്ഞ്ചേഴ്സ് ആൻഡ് ഡീലേഴ്സ്, പ്രിൻസിപ്പൽ ഏജന്റ്, ട്രസ്റ്റി, രജിസ്ട്രാർ, ലിസ്റ്റിംഗ് ഏജന്റ്, ലീഗൽ അഡ്വൈസേഴ്സ്, ഓഡിറ്റേഴ്സ് എന്നിവർക്ക് എത്ര രൂപയാണ് ഫീസായി നൽകിയത്/ നൽകേണ്ടത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മസാല ബോണ്ടുമായി ബന്ധപ്പെട്ട് ബാങ്കുകൾക്കും അനുബന്ധ ഏജൻസികൾക്കുമായി ഫീസ് ഇനത്തിൽ നൽകിയ/നൽകേണ്ട തുകകൾ ഉൾപ്പെടെയുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

**കിഫ്ബിയുടെ മസാല ബോണ്ടുകൾ**

67(468) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയുടെ മസാല ബോണ്ടുകളുടെ വിറ്റഴിക്കലുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര കോടി രൂപയാണ് കിഫ്ബിയും സംസ്ഥാന സർക്കാരും ചെലവഴിച്ചിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

കിഫ്ബിയുടെ മസാല ബോണ്ടുകളുടെ വിറ്റഴിക്കലുമായി ബന്ധപ്പെട്ട് നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ബാങ്കുകൾക്കും അനുബന്ധ ഏജൻസികൾക്കുമുള്ള ഫീസ് -1,76,68,330 മീറ്റിംഗുമായി ബന്ധപ്പെട്ട (വിവിധ രാജ്യങ്ങളുടെ Investor മീറ്റിംഗുമായി)

ചെലവുകൾ - 52,64,366

ആകെ - 2,29,32,696

**കിഫ്ബിയുടെ മസാല ബോണ്ടുകൾ**

68(469) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ മസാല ബോണ്ടുകൾ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലും സിംഗപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചിലും കാനഡയിലും വിപണനം നടത്തിയ തീയതികൾ ലഭ്യമാക്കാമോ;

(ബി) കിഫ്ബിയുടെ മസാല ബോണ്ടുകളിൽ നിക്ഷേപിക്കുന്ന സ്ഥാപനങ്ങളുടെ പേരു വിവരങ്ങൾ പുറത്തുവിടരുതെന്ന് കിഫ്ബി കരാർ വ്യവസ്ഥയിൽ ഉടമ്പടിയുണ്ടോ;

(സി) പ്രസ്തുത മസാല ബോണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്ന പ്രധാനപ്പെട്ട വിദേശ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; എത്ര രൂപയുടെ നിക്ഷേപം ഓരോ സ്ഥാപനവും നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കിഫ്ബിയുടെ മസാല ബോണ്ടുകൾ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലും സിംഗപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചിലും കാനഡയിലും വിപണനം ചെയ്തത് 25-3-2019-നാണ്.

(ബി & സി) ഇല്ല. മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കൂ. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരാണ്. അസറ്റ് മാനേജ്മെന്റ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിംഗ്, പ്രൈവറ്റ് വെൽത്ത് മാനേജ്മെന്റ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി സി.ഡി.പി.ക്യൂ. ഉൾപ്പെടെ 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്.

ഈ നിക്ഷേപകരെ സംബന്ധിച്ച് കിഫ്ബിയിൽ ലഭ്യമായിട്ടുള്ള വിശദാംശങ്ങൾ ഇടപാട് നടന്ന ദിവസത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. ഇതിനുശേഷം സെക്കണ്ടറി വിപണിയിൽ കച്ചവടം നടക്കാനുള്ള സാധ്യത കണക്കിലെടുത്താൽ, നിലവിൽ ഈ ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷേപകർക്കുതന്നെ ആകണമെന്നില്ല.

**കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപ്പെട്ട രേഖകൾ**

69(470) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപ്പെട്ട ട്രസ്റ്റ് ഡീഡ്, ഏജൻസി എഗ്രിമെന്റ്, സെക്യൂരിറ്റി ഡോക്യുമെന്റ്സ് എന്നിവ ലഭ്യമാക്കാമോ?

ഉത്തരം

കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപ്പെട്ട ട്രസ്റ്റ് ഡീഡ്, ഏജൻസി എഗ്രിമെന്റ്, സെക്യൂരിറ്റി ഡോക്യുമെന്റ്സ് എന്നിവയുടെ പകർപ്പ് അനുബന്ധമായി* ആയി ചേർക്കുന്നു. പകർപ്പുകളുടെ പേജുകളുടെ ബാഹുല്യം കാരണം ടി അനുബന്ധങ്ങൾ ബഹു. നിയമസഭയിൽ സ്റ്റോഫ്റ്റ്കോപ്പി ആയി സമർപ്പിക്കുന്നു.

**കിഫ്ബി മസാല ബോണ്ടുകൾ സംബന്ധിച്ചുണ്ടാകുന്ന തർക്കങ്ങൾ**

70(471) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ മസാല ബോണ്ടുകൾ സംബന്ധിച്ചുണ്ടാകുന്ന തർക്കങ്ങൾ ഏതു കോടതിയിലാണ് തീർപ്പുകല്പിക്കപ്പെടുക; വിശദാംശങ്ങൾ നൽകാമോ;

(ബി) ഏതു നിയമ കമ്പനിയെയാണ് മസാല ബോണ്ടുകൾ സംബന്ധിച്ചുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപ്പെട്ട തർക്കങ്ങൾ ഇംഗ്ലീഷ് കോടതികളുടെ അധികാരപരിധിയിലാണ് വരുന്നത്. ഇതിനുമുന്നെ എൻ.എച്ച്.എ.ഐ., എൻ.ടി.പി.സി. എന്നീ കേന്ദ്ര സ്ഥാപനങ്ങൾ ഇതേ കോടതികളുടെ അധികാര പരിധിയിൽ നിന്നാണ് ബോണ്ടുകൾ ഇഷ്യൂ ചെയ്തത്

(ബി) മസാല ബോണ്ട് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുവാൻ നിലവിൽ ഒരു നിയമ കമ്പനിയെയും ചുമതലപ്പെടുത്തിയിട്ടില്ല. അങ്ങനെ ഒരു സാഹചര്യം ഉണ്ടാകുന്ന പക്ഷം വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കിഫ്ബിയുടെ പ്രവർത്തനങ്ങൾ**

71 (473) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ഓരോ പദ്ധതിയുടെയും നടത്തിപ്പ് ഏതൊക്കെ കമ്പനികൾക്കാണ് നൽകിയിരിക്കുന്നതെന്ന് പദ്ധതി തരംതിരിച്ച് വിശദാംശങ്ങൾ നൽകാമോ;

(ബി) കിഫ്ബിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല ഏതൊക്കെ കമ്പനികൾക്ക് എത്രകോടി രൂപയ്ക്കാണ് നൽകിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ &ബി) കിഫ്ബി അംഗീകാരം നലകിയ പദ്ധതികളുടെയും അതിനായി ചുമതലപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളുടെയും പദ്ധതി തുക ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**കിഫ്ബിയുടെ മസാല ബോണ്ടുകൾക്ക് അധിക പലിശ**

72(474) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ മസാല ബോണ്ടുകൾ വാങ്ങുന്ന വ്യക്തികൾക്ക് അവരുടെ രാജ്യങ്ങൾ നൽകുന്ന നികുതിയിളവുകൾ കിഫ്ബി നികത്തണം എന്ന് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചുമായി കിഫ്ബി ഉണ്ടാക്കിയ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ശതമാനം അധിക പലിശയാണ് ഈ ഇനത്തിൽ കിഫ്ബി കൂടുതലായി നൽകേണ്ടതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല

(ബി) എ പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**കിഫ്ബിയിൽ കരാർ അടിസ്ഥാനത്തിൽ എടുത്ത വാഹനങ്ങൾ**

73(475) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ എടുത്ത വകയിൽ 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര തുക ചെലവഴിച്ചു;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കിഫ്ബിയിൽ കരാർ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള ഇന്നോവ ക്രിസ്റ്റ വാഹനങ്ങൾ ഉപയോഗിക്കുന്നത് ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വാഹനങ്ങൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബിയിൽ വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ എടുത്ത വകയിൽ 2016-17 സാമ്പത്തിക വർഷത്തിൽ 3,60,000 രൂപയും, 2017-18 സാമ്പത്തിക വർഷത്തിൽ 13,56,320 രൂപയും, 2018-19 സാമ്പത്തിക വർഷത്തിൽ 33,95,858 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) കിഫ്ബിയിൽ കരാർ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള മൂന്ന് ഇന്നോവ ക്രിസ്റ്റ വാഹനങ്ങൾ കിഫ്ബിയുടെ വിവിധ വിഭാഗങ്ങളുടെ ഔദ്യോഗിക ആവശ്യത്തിനായി ഉപയോഗിച്ചുവരുന്നു. വ്യക്തിഗത തലത്തിൽ ആർക്കും ടി വാഹനങ്ങൾ നൽകിയിട്ടില്ല.

(സി) കിഫ്ബിയിൽ കരാർ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള ഇന്നോവ ക്രിസ്റ്റ വാഹനങ്ങൾക്കായി നാളിതുവരെ 17,89,407 രൂപ ചെലവഴിച്ചിട്ടുണ്ട്.

**തൃപ്പൂണിത്തുറ സർക്കാർ ആർട്സ് കോളേജ്**

74(476) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃപ്പൂണിത്തുറ സർക്കാർ ആർട്സ് കോളേജിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് എന്തൊക്കെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

തൃപ്പൂണിത്തുറ സർക്കാർ ആർട്സ് കോളേജിൽ അക്കാദമിക് ബ്ലോക്ക് നിർമ്മാണത്തിനായി 14.42 കോടി രൂപയുടെ പദ്ധതിക്കാണ് കിഫ്ബി അനുമതി നൽകിയിട്ടുള്ളത്.

**മസാല ബോണ്ടുകൾ മുഖേന സമാഹരിച്ച തുക**

75(477) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫിബിയുടെ മസാല ബോണ്ടുകൾ മുഖേന സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് എത്ര കോടി രൂപ സമാഹരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക എത്ര ശതമാനം പലിശനിരക്കിലാണ് സമാഹരിച്ചത്; ആയതിന്റെ തിരിച്ചടവ് കാലാവധിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) മസാല ബോണ്ടുകൾ വാങ്ങിയ രാജ്യാന്തര പൊതുമേഖലാ സ്ഥാപനം ഏതാണ്; പ്രസ്തുത സ്ഥാപനത്തിന് എത്ര രാജ്യങ്ങളിലായി എത്ര കോടി രൂപയുടെ നിക്ഷേപമുണ്ടെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) വായ്പ, മസാല ബോണ്ടുകൾ എന്നിവയുൾപ്പെടെ കിഫ്ബി നാളിതുവരെ സമാഹരിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) നടപ്പ് സാമ്പത്തികവർഷം എത്ര കോടി രൂപയുടെ പദ്ധതികളാണ് കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) കിഫ്ബി നിലവിൽ പുറത്തിറക്കിയ മസാല ബോണ്ടുകൾ വഴി 2150 കോടി രൂപയാണ് സമാഹരിച്ചത്.

(ബി) 9.723% കൂപ്പൺ റേറ്റിൽ ആണ് പ്രസ്തുത മസാല ബോണ്ടുകൾ വിപണനം ചെയ്യപ്പെട്ടത്. 5 വർഷമാണ് തിരിച്ചടവ് കാലാവധി. അർദ്ധ വാർഷിക അടിസ്ഥാനത്തിൽ പലിശയും കാലാവധിയുടെ അവസാനം മുതലും തിരിച്ചടയ്ക്കേണ്ടതായുണ്ട്.

(സി) അസറ്റ് മാനേജേർസ്, ഇനഷ്വറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിംഗ് പ്രൈവറ്റ് വെൽത് മാനേജ്മെന്റ് എന്നീ ശ്രേണികളിൽ നിന്നായി 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. കാനഡയിലെ ക്യൂബെക് ആസ്ഥാനമായ CDPQ ആണ് കിഫ്ബി മസാല ബോണ്ടിന്റെ ഒരു പ്രധാന നിക്ഷേപകർ. പ്രധാനമായും സർക്കാർ-അർദ്ധ സർക്കാർ പെൻഷൻ ഫണ്ടുകളും ഇൻഷ്വറൻസ് ഉല്പന്നങ്ങളും കൈകാര്യം ചെയ്യുന്ന ദീർഘകാല സ്ഥാപനതല നിക്ഷേപകരാണ് CDPQ. ലോകമാസകലമുള്ള അറുപതിലേറെ രാജ്യങ്ങളിലായി അനേകായിരം നിക്ഷേപങ്ങൾ നടത്തിയിട്ടുള്ള ഈ പ്രസ്ഥാനത്തിന് 2018 ഡിസംബർ 31-ലെ കണക്കുപ്രകാരം 22,000 കോടി അമേരിക്കൻ ഡോളർ (15.40 ലക്ഷം കോടി ഇന്ത്യൻ രൂപ) മൊത്തം ആസ്തിമൂല്യമുണ്ട്. ഇന്ത്യയിൽ ന്യൂഡൽഹിയിലടക്കം പത്ത് രാജ്യങ്ങളിൽ ഇവർക്ക് കാര്യാലയമുണ്ട്.

കമ്പനിയുടെ ആഗോള പോർട്ട്ഫോളിയോയുടെ ഭാഗമായി CDPQ-വിന് SNC ലാവ്ലിനും നിക്ഷേപമുണ്ട് എന്നത് പരസ്യമായി ലഭ്യമായ വിവരമാണ്. 2018 ഡിസംബർ 31 - ലെ കണക്ക പ്രകാരം SNC ലാവ്ലിനിന്റെ 19.9 ശതമാനം ഓഹരി CDPQ-വിന്റെ കൈവശമുണ്ട്.

ഭാരതീയ റിസർവ് ബാങ്ക്, സെബി തുടങ്ങിയ നിയന്ത്രണാധികാരമുള്ള സ്ഥാപനങ്ങൾ രൂപപ്പെടുത്തിയ ഭരണനിർവ്വഹണ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് ഇന്ത്യയിൽ പ്രവർത്തനം തുടരുന്ന സ്ഥാപനമാണ് CDPQ. എഡിൽവെയ്സ്, കോടക് ബാങ്ക്, ടി.വി.എസ്, ലോജിസ്റ്റിക്, അസ്യൂർ പവർ എന്നിവ പോലുള്ള ഇന്ത്യൻ കമ്പനികളിൽ ഉൾപ്പെടെ 450 കോടി അമേരിക്കൻ ഡോളറിന്റെ (ഏകദേശം 31,500 കോടി രൂപ) നിക്ഷേപം ഈ രാജ്യത്ത് നടത്തിക്കഴിഞ്ഞ സ്ഥാപനമാണ് CDPQ എന്ന് ആധികാരിക രേഖകൾ പറയുന്നു.

ബ്രിട്ടണിലെ ഹീത്രു വിമാനത്താവളം, ആസ്ട്രേലിയയിലെ ബ്രിസ്ബെയിൻ തുറമുഖം, ന്യൂയോർക്ക് സിറ്റിയിലെ വാസകേന്ദ്ര പദ്ധതിയായ സ്റ്റുയിവെസന്റ് ടൗൺ/പീറ്റർക്കൂപ്പർ വില്ലേജ്, നെസ്‌ലെ പോലുള്ള ബഹുരാഷ്ട്ര വ്യവസായങ്ങൾ തുടങ്ങി ഉന്നത നിലവാരത്തിലുള്ള മുതൽമുടക്ക് ലോകമെമ്പാടും CDPQ നടത്തിയിട്ടുണ്ട്. CDPQ ആസ്ഥാനം നിലനിൽക്കുന്ന ക്യൂബെക് എന്ന കാനഡ പ്രവിശ്യയിൽനിന്നുമാത്രം ബൊംബാർഡിയർ, സി.ജി.ഐ.എസ്.എൻ.സി. ലാവ്ലിൻ തുടങ്ങിയവ ഉൾപ്പെടെ ആഗോള കമ്പോളത്തിൽ സജീവമായി നില്ക്കുന്ന ഏകദേശം 775 കനേഡിയൻ കമ്പനികളിൽ ഈ സ്ഥാപനത്തിന് നിക്ഷേപമുണ്ട്

(ഡി) നാളിതുവരെ കിഫ്ബി വിവിധ മാർഗ്ഗങ്ങളിലൂടെ 9539.04 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(ഇ) കിഫ് ബോർഡ് ഇതുവരെ അംഗീകാരം നല്കിയ 42000 കോടി രൂപയുടെ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കൂടാതെ 2019-20 ബജറ്റിൽ കിഫ്ബിയിലൂടെ നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| | KIIFB Projects 2019-20 | |
|---|---|---|
| Sl.No. | Projects | Outlay (Rs. In crore) |
| 1 | Installation of solar panels on the roof top of government institutions like schools and hospitals | Amount not Specified |
| 2 | Electricity Board-For the bulk purchase of LED bulbs | Amount not specified |

| | | |
|---|---|---|
| 3 | Land acquisition in connection with the 26 kilometer long canal from Mahi to Valapattanam | 600 |
| 4 | Shore protection works | Amount not specified |
| 5 | Development of Taluk Hospitals in Coastal area | 900 |
| 6 | Medical College at Wayanad-Land acquisition and Primary infrastructure development | Amount not Specified |

**മസാല ബോണ്ടുകൾ ലിസ്റ്റ് ചെയ്യുവാൻ ചെലവായ തുക**

76(478) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലും, സിങ്കപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചിലും കിഫ്ബിയുടെ മസാല ബോണ്ടുകൾ ലിസ്റ്റ് ചെയ്യുവാൻ എത്ര തുകയാണ് കിഫ്ബി / സംസ്ഥാന സർക്കാർ നൽകിയതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യുന്നതിന്റെ ഭാഗമായി 3,71,307 രൂപയും സിങ്കപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യുന്നതിന്റെ ഭാഗമായി 13,09,500 രൂപയും ചെലവായിട്ടുണ്ട്. ഇത് എല്ലാ ബോണ്ട് ഇഷ്യുവിനും ബാധകമായിട്ടുള്ള സ്റ്റാൻഡേർഡ് നിരക്കാണ്.

**കിഫ്ബി പദ്ധതിയിലുൾപ്പെട്ട വൈപ്പിൻ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

77(479) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെട്ട വൈപ്പിൻ നിയോജകമണ്ഡലത്തിലെ വല്ലാർപാടം-പനമ്പുകാട് കായലോര റിംഗ് റോഡ്, പിഴല-കടമക്കുടി പാലം എന്നീ പ്രവൃത്തികളുടെ ഡി.പി.ആർ. സമർപ്പിക്കുന്നതിനായി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ആരൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഡി.പി.ആർ. സമയബന്ധിതമായി സമർപ്പിച്ചിട്ടില്ലായെങ്കിൽ ഇവർക്കെതിരെ കൃത്യവിലോപത്തിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച വൈപ്പിൻ നിയേജാകമണ്ഡലത്തിലെ 'വല്ലാർപാടം-പനമ്പുകാട് കായലോര റിംഗ് റോഡ്,' 'പിഴല-കടമക്കുടി പാലം' എന്നീ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തികൊണ്ട് 10-7-2017-ലെ സ.ഉ. (സാധാ) നമ്പർ 942/2017/PWD ഉത്തരവ് പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കേണ്ടത് ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസി ആയ കേരള റോഡ് ഫണ്ട് ബോർഡ് ആണ്. സമയബന്ധിതമായി ഡി.പി.ആർ. സമർപ്പിക്കുന്നതിന് വേണ്ട മേൽനോട്ടവും നിർദ്ദേശങ്ങളും നൽകി പദ്ധതി റിപ്പോർട്ട് നിർമ്മാണം ത്വരിതപ്പെടുത്തേണ്ടതും ആവശ്യമെങ്കിൽ ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതിയുടെ ഉടമസ്ഥാവകാശമുള്ള ഭരണ വകുപ്പാണ്.

**പിറവം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

78(480) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ ഏതെല്ലാം കിഫ്ബി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പിറവം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി* ചേർക്കുന്നു.

(ബി) കിഫ്ബി അംഗീകരിക്കുന്ന പദ്ധതികൾ നടപ്പിലാക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തുന്ന പദ്ധതി നിർവ്വഹണ ഏജൻസികൾക്കാണ്. നിശ്ചിത ഇടവേളകളിൽ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിനുള്ള യോഗങ്ങൾ കിഫ്ബി നടത്തി വരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബി ഫണ്ടുപയോഗിച്ച് കുണ്ടന്നൂർ മേൽപ്പാലം നിർമ്മാണം

79(481) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടിൽ നിന്നും തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ കുണ്ടന്നൂരിൽ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി എത്ര തുക അനുവദിച്ചു; വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എന്നാണ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) കിഫ്ബി ഫണ്ടിൽ നിന്നും തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ കുണ്ടന്നൂരിൽ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി 82.74 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 17-9-2017-ൽ കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പകർപ്പിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

## കിഫ്ബി മുഖേന പൂർത്തീകരിച്ച പ്രവൃത്തികൾ

80(482) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി വഴി ഇതുവരെ എത്ര പ്രോജക്ടുകളിലായി, എത്ര കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്; എത്ര കോടി രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്;

(ബി) ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാത്ത് 42306.05 കോടി രൂപയുടെ 356 പദ്ധതികൾക്ക് ഇതിനകം കിഫ്ബിയുടെ ധനാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഇതിനകം 10600.34 കോടി രൂപയുടെ 318 പദ്ധതികൾ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കിഫ്ബി അംഗീകരിച്ച ആരോഗ്യ-വിദ്യാഭ്യാസ-ശുദ്ധജലവിതരണ മേഖലകളിലെ വൻ പദ്ധതികൾ നിരവധി ഉപഘടകങ്ങൾ ചേർന്നതാണ്. ഇതിൽ താഴെപ്പറയുന്ന ഘടകങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

44 ഡയാലിസിസ് സെന്ററുകളിൽ 38 എണ്ണം പൂർത്തിയായിട്ടുണ്ട്. കാത്ത് ലാബ് & സി.സി.യു. എന്നിവയിൽ 6 എണ്ണം പൂർത്തിയായിട്ടുണ്ട്. വനം വകുപ്പിന്റെ കീഴിലുള്ള സോളാർ ഫെൻസിംഗ് പദ്ധതി 8 സ്ഥലങ്ങളിൽ പൂർത്തിയായിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് കൊച്ചി ലൈൻസ് പാക്കേജിന്റെ ഒന്നാം ഘട്ടവും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കേരളത്തിലെ 14 ജില്ലകളിലെ സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 98 ശതമാനത്തോളം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. രണ്ട് കുടിവെള്ള പദ്ധതികൾ പൂർണ്ണമായും 4 കുടിവെള്ള പദ്ധതികളുടെ വിവിധ ഘടകങ്ങളും പൂർത്തിയായിട്ടുണ്ട്. പൂർത്തിയായ പദ്ധതികളുടെ/ഘടകങ്ങളുടെ വിശദ വിവരം അനുബന്ധമായി* ചേർക്കുന്നു.

**അനുമതി ലഭ്യമായ കിഫ്ബി പ്രവൃത്തികളുടെ കാലതാമസം**

81(483) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമായ പ്രവൃത്തികളുടെ തുടർന്നുള്ള നടപടിക്രമങ്ങൾക്ക് ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ലഘൂകരിച്ച് വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ഉണ്ട്. കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ നടപ്പിലാക്കേണ്ടത് പദ്ധതി നടത്തിപ്പിനായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾ ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസിയുടെ ഉത്തരവാദിത്വമാണ്. ആവശ്യത്തിന് ഭൂമി ലഭ്യമാകാത്തതുൾപ്പെടെയുള്ള വിഷയങ്ങൾ പരിഹരിച്ച് പദ്ധതികൾ കാലതാമസം കൂടാതെ നടപ്പിലാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളുമായും പദ്ധതി നിർവ്വഹണ ഏജൻസികളുമായും നിശ്ചിത ഇടവേളകളിൽ അവലോകന യോഗങ്ങൾ കിഫ്ബി നടത്തിവരുന്നു. കിഫ്ബി പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിന് 4 സ്പെഷ്യൽ ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകൾക്ക് സർക്കാർ അനുമതി നൽകുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നെന്മാറ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

82(484) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഇനി ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിക്കാനുള്ളതെന്നും ഓരോ പദ്ധതിയും എപ്പോൾ തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നെന്മാറ നിയോജകമണ്ഡലത്തിലെ നിലവിൽ കിഫ്ബി അംഗീകാരം നല്കിയ പദ്ധതികളുടെയും വിശദമായ പദ്ധതി റിപ്പോർട്ട് ലഭിച്ച് പരിശോധനയിലുള്ള പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയ സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളാണ് കിഫ്ബി പദ്ധതിയുടെ നിർവ്വഹണം നടത്തുന്നത്. ഭരണാനുമതി ലഭ്യമായി കഴിഞ്ഞാൽ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുക എന്നതും കിഫ്ബി നിയമാവലിക്ക് അനുസൃതമായും സമയബന്ധിതമായും സമർപ്പിക്കുക എന്നതും പദ്ധതി നിർവ്വഹണ ഏജൻസിയുടെ ചുമതലയാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## തലശ്ശേരി നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

83(486) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെയും അവയുടെ നിലവിലെ അവസ്ഥയുടെയും വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈപ്പിൻ മണ്ഡലത്തിലെ കിഫ്ബിയിലുൾപ്പെട്ട ഹൈസ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

84(487) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തരം വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഞാറക്കൽ സർക്കാർ ഹൈസ്കൂളിൽ നടന്നുവരുന്ന നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാകുമെന്ന് വിശദമാക്കാമോ;

(ബി) കരാർ പ്രകാരം പ്രസ്തുത നിർമ്മാണത്തിന്റെ കാലാവധി എന്നത്തേക്ക് അവസാനിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) " ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുക" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഞാറക്കൽ സർക്കാർ എച്ച്.എസ്.എസ്.-ന് 5 കോടി രൂപ കിഫ്ബി മുഖേന അനുവദിക്കുകയും നിർവ്വഹണ ഏജൻസി ആയി കേരള ഇൻഫ്രാസ്ട്രക്ചർ ടെക്നോളജി ഫോർ എഡ്യൂക്കേഷനെ (KITE) ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള നടപടികളും പ്രവർത്തനങ്ങളും SPV മുന്നോട്ടുകൊണ്ടു പോകുന്നവെന്ന വിവരം കിഫ്ബിയിൽ ലഭ്യമാണ്. SPV-യും കരാറുകാരനും തമ്മിലുള്ള ഉടമ്പടി പ്രകാരം കിഫ്ബി ഫണ്ട് മുഖാന്തരം വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഞാറക്കൽ സർക്കാർ എച്ച്.എസ്.എസ്-ൽ നടന്നു വരുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ജൂൺ മാസം 9-ാം തീയതി (09-06-2019)വരെയാണ് സമയം അനുവദിച്ചിട്ടുള്ളത്.

## കോഴിക്കോട് ജില്ലയിലെ കിഫ്ബി പദ്ധതികൾ

85(488) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പദ്ധതികളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുള്ളത് ;

(ബി) ജില്ലയിലെ എത്ര പദ്ധതികൾക്ക് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്; പട്ടിക ലഭ്യമാക്കാമോ;

(സി) ജില്ലയിൽ കിഫ്ബിയിൽ പണം വകയിരുത്തിയ എത്ര പദ്ധതികൾക്കാണ് ഇനിയും ഡി.പി.ആർ. സമർപ്പിക്കേണ്ടത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിലും 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിലുമായി കോഴിക്കോട് ജില്ലയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു. 2018-19, 2019-20 എന്നീ ബഡ്ജറ്റ് പ്രസംഗങ്ങളിൽ പദ്ധതികളും തുകയും തിട്ടപ്പെടുത്തിയിട്ടില്ല. ആയത് ബന്ധപ്പെട്ട ഭരണ വകുപ്പ് ഭരണാനുമതി നൽകുന്ന മുറയ്ക്ക് തിട്ടപ്പെടുത്തുന്നതാണ്.

(ബി) കോഴിക്കോട് ജില്ലയിൽ കിഫ്ബി അനുമതി നൽകിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) കോഴിക്കോട് ജില്ലയിൽ കിഫ്ബിയുടെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിലുമായി പണം വകയിരുത്തിയ ഇനിയും ഡി.പി.ആർ. സമർപ്പിക്കേണ്ടതായിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

86(489) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നല്കിയത്; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനായി എന്തെല്ലാം അടിയന്തിര നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) കിഫ്ബിയിൽ ഉൾപ്പെട്ടിരുന്ന ഏതെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യപ്പെടുകയുണ്ടായോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പദ്ധതികളുടെയും അവയിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെയും വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കിഫ്ബി അംഗീകാരം നല്കിയ പദ്ധതികൾ നടപ്പിലാക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളാണ്. പദ്ധതികൾ കാലതാമസം കൂടാതെ നടപ്പിലാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളുമായും എസ്.പി.വി.-കളുമായും നിശ്ചിത ഇടവേളകളിൽ പദ്ധതി അവലോകന യോഗങ്ങൾ കിഫ്ബി നടത്തിവരുന്നു. കിഫ്ബി പദ്ധതികൾക്ക് ആവശ്യമായ സ്ഥലമേറ്റെടുക്കൽ വേഗത്തിലാക്കുന്നതിനായി നാല് പ്രത്യേക ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ "WSS to Ambalappara Panchayath in Ottapalam Taluk, Palakkad District -Phase I" എന്ന പദ്ധതി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുണ്ട്.

**നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

87(490) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷത്തെ ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ അനുവദിച്ച വഴയില-പത്താംകല്ല് നാലുവരിപ്പാതയും പഴകുറ്റി-മംഗലപുരം റോഡ് നവീകരണവും കിഫ്ബി നടപടികളിലെ കാലതാമസം കാരണം ആരംഭിക്കാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കി അടിയന്തരമായി പദ്ധതി ആരംഭിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കിഫ്ബി പദ്ധതികൾ ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനും സർക്കാർ കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) 2016-17-ലെ പുതുക്കിയ ബജറ്റിൽ സർക്കാർ പ്രഖ്യാപിച്ച നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന 'വഴയില -പഴകുറ്റി-കച്ചേരിനട-10-ാം കല്ല് നാലുവരിപ്പാതയുടെ നിർമ്മാണം' നാഷണൽ ഹൈവേയുടെ തിരുവനന്തപുരം-തെന്മല റോഡ് വികസനത്തിന്റെ ഭാഗം ആയതിനാൽ കിഫ്ബി പദ്ധതിയായി പരിഗണിക്കേണ്ടതില്ലെന്ന് കിഫ്ബിയുടെ 2-6-2018-ലെ 32-ാം ബോർഡ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. 2017-18-ലെ ബജറ്റിൽ ഉൾപ്പെടുത്തി

കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട പഴകുറ്റി-മംഗലപുരം റോഡ് നവീകരണത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കലിന് കിഫ്ബി ധനാനുമതി നല്കിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ റിപ്പോർട്ട് നിർദ്ദിഷ്ട കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കുന്ന പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് പ്രാഥമിക പരിശോധനാ റിപ്പോർട്ട് നല്കുകയും അതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ മറുപടി റിപ്പോർട്ട് പരിശോധിച്ചുവരികയും ചെയ്യുന്നു.

(സി) ബഡ്ജറ്റ്/ക്യാബിനറ്റ് യോഗങ്ങളിൽ കിഫ്ബി പദ്ധതികളായി പ്രഖ്യാപിക്കുന്ന പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്നതനുസരിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുകയെന്ന കർത്തവ്യം ചുമതലപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾ നിർവ്വഹിക്കുന്നപക്ഷം അവലോകനം/അംഗീകാരം എന്നീ നടപടികളിലേയ്ക്ക് കിഫ്ബി കടക്കുകയാണ് ചെയ്തുവരുന്നത്. കിഫ്ബി അംഗീകാരം ലഭ്യമായ പദ്ധതികളുടെ നിർവ്വഹണം സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ നടത്തിവരികയും ചെയ്യുന്നു. ടെണ്ടർ നടപടിക്രമങ്ങളും കരാർ വ്യവസ്ഥകളുമെല്ലാം സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളുടെ പരിധിയിൽ വരുന്ന കാര്യങ്ങളാണ്. ഇവയൊക്കെത്തന്നെ നിലവിലുള്ള സർക്കാർ (PWD) ചട്ടങ്ങൾക്കനുസരിച്ച് സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ പാലിക്കുകയും ചെയ്തുവരുന്നു. അതിനാൽ പദ്ധതി കാലാവധി PWD ചട്ടങ്ങൾക്കനുസരിച്ച് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ തീരുമാനിച്ച് കരാറുകാരുമായുള്ള ഉടമ്പടിയുടെ ഭാഗമാക്കുന്നു. ഓരോ പദ്ധതിയുടെയും വർക്ക് ബ്രേക്ക് ഡൗൺ സ്ട്രക്ചറിന് കിഫ്ബി അംഗീകാരം നല്കുകയും അതനുസരിച്ച് പദ്ധതി ആരംഭിക്കുകയും പുരോഗതി ഇതിൻ പ്രകാരമാണെന്ന് വിലയിരുത്തുകയും ചെയ്യുന്നു.

**ഷൊർണ്ണൂർ മണ്ഡലത്തിൽ അനുവദിക്കപ്പെട്ട കിഫ്ബി പദ്ധതികൾ**

88(491) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിലെ ബജറ്റിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ അനുവദിക്കപ്പെട്ട കിഫ്ബി പദ്ധതികളിൽ ഇനിയും സാങ്കേതികാനുമതി ലഭിക്കാത്ത പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇതിൽ ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും സാങ്കേതികാനുമതി ലഭ്യമാകാത്തതിന്റെ കാരണവും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2016-17, 2017-18 വർഷങ്ങളിലെ ബജറ്റിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികളും ഇവയിൽ സാങ്കേതികാനുമതി ലഭിക്കാത്ത പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദവിവരവും അനുബന്ധമായി* നൽകുന്നു. കിഫ്ബി ധനാനുമതി നല്കിയ പദ്ധതികളുടെ പ്രവൃത്തികൾ നടപ്പിലാക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസികളാണ്. കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളിൽ സാങ്കേതികാനുമതി ലഭിക്കാത്ത പദ്ധതികൾക്ക് അവ നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾ അറിയിച്ചിട്ടുണ്ട്.

## തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട്

89(492) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്ന തൃപ്പൂണിത്തുറ ഗവണ്മെന്റ് ഗേൾസ് എച്ച്.എസ്.എസ്.-ന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; ഈ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിവരുന്ന തൃപ്പൂണിത്തുറ സർക്കാർ ജി.എച്ച്.എസ്.എസ്.-ൽ മൂന്ന് നിലകളിലായി അക്കാദമിക് ബ്ലോക്കും ഒരു നിലയിൽ എൽ.പി. ബ്ലോക്കുമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് (മൊത്തം അടങ്കൽ തുക 4.66 കോടി രൂപ). 18 ക്ലാസ്സ് റൂമുകളും, ടീച്ചേർസ് റൂം, സെമിനാർ ഹാൾ, ലാംഗ്വേജ് ലാബ്, ആർട്സ് ആന്റ് ക്രാഫ്റ്റ്സ് റൂം, യോഗ റൂം, മൾട്ടി മീഡിയ റൂം, മാത്സ് ലാബ്, കമ്പ്യൂട്ടർ ലാബ്, ശുചിമുറികൾ എന്നിവ ഉൾപ്പെടുന്നു.

(ബി) നിലവിൽ അക്കാദമിക് ബ്ലോക്കിന്റെ ഒന്നാം നിലയുടെ സ്ലാബ് കോൺക്രീറ്റിംഗിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. എൽ.പി. ബ്ലോക്കിന്റെ ഫൗണ്ടേഷൻ ഫിറ്റിംഗ്സിന്റെ പ്രവൃത്തികൾ നടന്നുവരുന്നു. കരാർ അനുസരിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാൻ ജൂൺ മാസം 12-ാം തീയതി വരെ സമയം അനുവദിച്ചിട്ടുള്ളതാണ്. ആവശ്യമെങ്കിൽ ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിക്ക് കൂടുതൽ സമയം അനുവദിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ്

90(493) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോമിനേറ്റഡ് എം.എൽ.എ.-യുടെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര തുക ടെണ്ടർ സേവിംഗ്സ് ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ സമയബന്ധിതമായി അറിയിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2017-18 സാമ്പത്തിക വർഷം മുതലാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിച്ച് തുടങ്ങിയത്. 4-8-2018-ലെ സ.ഉ.(പി)നമ്പർ 119/2018/ധന ഉത്തരവിന്റെ ഖണ്ഡികകൾ 2.7 മുതൽ 2.10 വരെയുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായാണ് ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നത്. ഒരു സാമ്പത്തിക വർഷം ഒരു നിയോജക മണ്ഡലത്തിൽ അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് അതത് ജില്ലാ കളക്ടർമാരാണെങ്കിലും അവ നടപ്പിലാക്കുന്നത് വിവിധ എഞ്ചിനീയറിംഗ് വിഭാഗങ്ങൾ/അക്രെഡിറ്റഡ് ഏജൻസികൾ മുഖേനയാണ്. ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ വിവിധ ഘട്ടങ്ങൾ പിന്നിട്ട് പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഒരു എം.എൽ.എ. ഒരു സാമ്പത്തിക വർഷം ശിപാർശ ചെയ്ത് മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത വർഷത്തെ ടെണ്ടർ സെവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

## ആസ്തി വികസന ഫണ്ടിന്റെ ടെണ്ടർ സേവിംഗ്സ്

91(494) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ആസ്തിവികസന ഫണ്ടിൽ 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ടെണ്ടർ സേവിംഗ്സ് ആയി എത്ര തുകയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സേവിംഗ്സ് വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി അരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നല്കുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിയ്ക്കുകയുള്ളൂ.

(ബി) 4-8-2018-ലെ സ.ഉ(പി)നമ്പർ 119/2018/ധന ഉത്തരവ് 2.7 മുതൽ 2.10 വരെ നിർദ്ദേശങ്ങൾ പ്രകാരമുള്ള മാനദണ്ഡങ്ങൾക്കു വിധേയമായി ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കാവുന്നതാണ്.

**എം.എൽ.എ. ആസ്തി വികസന ഫണ്ട്**

92(495) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ പല പ്രവൃത്തികളുടേയും ബില്ലുകൾ ഫണ്ടിന്റെ അഭാവംമൂലം മാസങ്ങളായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ഓഫീസിലും മറ്റും കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) ആസ്തി വികസന ഫണ്ടുപയോഗിച്ച് പൂർത്തിയാക്കിയ പ്രവൃത്തികളുടെ കരാർ തുക ലഭിക്കാത്തതിനാൽ പ്രസ്തുത ഫണ്ടുപയോഗിച്ച് എം.എൽ.എ.-മാർ നിർദ്ദേശം നൽകിയ പുതിയ പ്രവൃത്തികൾ ആരംഭിക്കാത്തതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(സി) ആസ്തിവികസന ഫണ്ടുപയോഗിച്ച് നിർമ്മാണം പൂർത്തീകരിക്കുന്ന പ്രവൃത്തികളുടെ തുക കരാറുകാർക്ക് ലഭ്യമാക്കുവാൻ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നൽകുമോ; വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) നിയോജകമണ്ഡല ആസ്തി വികസനപദ്ധതിയിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പുവഴി നടപ്പാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ പരിശോധിക്കുന്നതിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ കാലതാമസം വരുന്നു എന്നും ആയതിനാൽ ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് അടിയന്തരമായി ഇടപെടണമെന്നും ആവശ്യപ്പെട്ട് ഓൾ കേരള ഗവൺമെന്റ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ നിവേദനം നല്കിയിട്ടുണ്ട്. പ്രസ്തുത നിവേദനത്തിന്മേലുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നല്കുന്ന മറുപടിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

**ആസ്തി വികസന ഫണ്ട് അനുവദിക്കാത്തതിന് കാരണം**

93(496) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തിൽ കുന്നത്തുനാട് നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സൗത്ത് വാഴക്കുളം സ്കൂളിന് ഒരു ബസ് വാങ്ങുന്നതിന് നൽകിയ അപേക്ഷ അംഗീകരിച്ച് ഇതുവരെ ബസ് അനുവദിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) എപ്പോൾ ഫണ്ട് അനുവദിച്ച് ബസ് ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 5-11-2018-ലെ എറണാകുളം ജില്ലാ കളക്ടറുടെ ആർ.ഡി3-1535/2018 നമ്പർ ഉത്തരവ് പ്രകാരം സൗത്ത് വാഴക്കുളം ഗവ. ഹയർ സെക്കണ്ടറി സ്കൂളിന് നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബസ് വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറാണ് ബസ് വാങ്ങി നല്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടത്. ഫണ്ടിന്റെ അപര്യാപ്തത ഇക്കാര്യത്തിൽ ഇല്ല. പൊതുവിദ്യാഭ്യാസ സെക്രട്ടറി നിയന്ത്രണാധികാരി ആയിട്ടുള്ള 4202-01-800-84- Projects under LAC ADS - Other Projects (NP) എന്ന ശീർഷകത്തിൽ നിന്നാണ് ഇതിനായുള്ള ചെലവ് വഹിക്കേണ്ടത്. ഫണ്ട് അനുവദിച്ചുകിട്ടുന്നതിനുള്ള ശിപാർശ അനുബന്ധ രേഖകൾ സഹിതം പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

## ആസ്തി വികസന പദ്ധതിപ്രകാരം പുലിമുട്ടുകൾ

94(497) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതി പ്രകാരം പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് ഫണ്ട് വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീരപ്രദേശങ്ങളിൽ ജീവിക്കുന്നവരുടെ ജീവനും സ്വത്തിനും ജീവനോപാധികൾക്കും സംരക്ഷണം ഉറപ്പാക്കാനാകുന്ന തരത്തിലുള്ളതും റോഡ്, പാലം എന്നിവ പോലുള്ള നിർമ്മാണ ഇനത്തിൽപ്പെടുന്നതുമാണ് പുലിമുട്ടുകൾ എന്നത് കണക്കിലെടുത്ത് എം.എൽ.എ. എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി പുലിമുട്ടുകളുടെ നിർമ്മാണം നടത്തുന്നതിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ വൈപ്പിൻ മുതൽ മുനമ്പം വരെയുള്ള കടൽത്തീരം സംരക്ഷിക്കുന്നതിനുവേണ്ടി പുലിമുട്ട് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രത്യേകാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച ശിപാർശ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ മാതൃകാ പെരുമാറ്റചട്ടം നിലനിന്നിരുന്നതിനാൽ പ്രസ്തുത ശിപാർശയ്ക്ക് അനുമതി നൽകുവാനായിട്ടില്ല. പെരുമാറ്റച്ചട്ടം അവസാനിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തരമായി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## പാറശ്ശാല നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്

95(498) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ടെൻഡർ സേവിംഗ്സ് ആയി എത്ര രൂപ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തുക വിനിയോഗിച്ച് പുതിയ പ്രവൃത്തികൾ നിർദ്ദേശിക്കാനാകുമോ; കഴിയുമെങ്കിൽ ആയതിലേക്കായുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ടെൻഡർ സേവിംഗ്സ് തുക മറ്റ് പ്രവൃത്തികൾക്കായി ഉപയോഗിക്കാൻ അനുവദിക്കുന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) നിയോജകമണ്ഡല ആസ്തി വികസനനിധി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിയ്ക്കുകയുള്ളൂ.

(ബി) 4-8-2018-ലെ സ.ഉ(പി) നമ്പർ 119/2018/ധന ഉത്തരവ് 2.7 മുതൽ 2.10 വരെ നിർദ്ദേശങ്ങൾ പ്രകാരമുള്ള മാനദണ്ഡങ്ങൾക്കു വിധേയമായി ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കാവുന്നതാണ്.

(സി) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

## ആസ്തി വികസന പദ്ധതി

96(499) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ തലശ്ശേരി നിയോജകമണ്ഡലത്തിലെ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന മുഴുവൻ പ്രവൃത്തികളുടെയും നിലവിലുള്ള അവസ്ഥ വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണുള്ളത്; എന്ന് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 2017-18 വർഷത്തെ തലശ്ശേരി നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന മുഴുവൻ പ്രവൃത്തികളുടെയും നിലവിലുള്ള അവസ്ഥയുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഈ പ്രവൃത്തികൾ 2019 ഒക്ടോബർ 31-ന് മുമ്പ് പൂർത്തീകരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഒറ്റപ്പാലം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

97(500) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 എന്നീ കാലയളവിൽ ഒറ്റപ്പാലം മണ്ഡലത്തിലേക്കായി ശിപാർശ ചെയ്യപ്പെട്ട ആസ്തിവികസന ഫണ്ടിലെ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ;

(ബി) അതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു; വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്

98(501) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ബിൽഡിംഗുകൾ, വാഹനം വാങ്ങൽ എന്നിവ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച 165/2018 ഉത്തരവിലെ മൂന്നാം ഖണ്ഡികയിലെ പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കാത്തതിനാൽ ചീഫ് എഞ്ചിനീയർക്ക് ഫണ്ട് നൽകാൻ കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കുന്നതിനും ചീഫ് എഞ്ചിനീയർക്ക് ഫണ്ട് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ (LAC-ADS) ഉൾപ്പെട്ടതും പൊതുമരാമത്ത്, വിദ്യാഭ്യാസം, ആരോഗ്യം മുതലായ വകുപ്പുകൾക്കായി നടപ്പിലാക്കുന്നതുമായ പ്രവൃത്തികളുടെ ഫണ്ട് അനുവദിച്ച് നൽകുന്നത് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ നിയന്ത്രണാധികാരി (CCO) ആയിട്ടുള്ള ശീർഷകങ്ങളിൽ നിന്നാണ്. 4-8-2018-ലെ സ.ഉ (അ)നമ്പർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

119/2018/ധനയുടെ ഖണ്ഡിക 4.6 പ്രകാരം ആസ്തിവികസന പദ്ധതിയിൻകീഴിൽ അനുമതി നൽകിയതും പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്നതുമായ പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിന് സ്പെഷ്യൽ LoC സംവിധാനം ഏർപ്പെടുത്തുമെന്ന് ഉത്തരവായിരുന്നു. ആയതിന്റെ വെളിച്ചത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾക്ക് പ്രത്യേക ബഡ്ജറ്റ് അലോട്ട്മെന്റ് സംവിധാനം നടപ്പിലാക്കി സ.ഉ.(അ)നമ്പർ165/2018/ധന തീയതി 26-10-2018 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് അനുസരിച്ച് Demand No.XV-പൊതുമരാമത്തിൽ വരുന്ന ശീർഷകങ്ങളിൽ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർ ചീഫ് കൺട്രോളിംഗ് ഓഫീസർമാർ ആയി തുടരുന്നതാണെന്നും മറ്റ് Demand-കളിൽ വരുന്ന LAC,ADS ശീർഷകങ്ങളിൽ ബന്ധപ്പെട്ട സെക്രട്ടറി/വകുപ്പ് തലവൻമാരെ ചീഫ് കൺട്രോളിംഗ് ഓഫീസർമാരാക്കി മാറ്റുകയുണ്ടായി. എന്നാൽ LAC ADS ശീർഷകങ്ങളുടെ ചീഫ് കൺട്രോളിംഗ് ഓഫീസർമാരായി ചീഫ് എഞ്ചിനീയർമാർ തന്നെ തുടരുന്നതാണ് ഫണ്ട് കൈകാര്യം ചെയ്യുന്നതിന് അഭികാമ്യമെന്ന് പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 26-10-2018-ലെ ഉത്തരവ് ഭേദഗതി ചെയ്ത് 14-5-2019-ലെ സ.ഉ.(അ)നമ്പർ 58/2019/ധന പ്രകാരം LAC, ADS ശീർഷകങ്ങളിൽ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാരെ ചീഫ് കൺട്രോളിംഗ് ഓഫീസർമാരായി മാറ്റിയിട്ടുണ്ട്. ആയതിനാൽ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർക്കുതന്നെ ഫണ്ട് നൽകാവുന്നതാണ്.

## എം.എൽ.എ.എസ്.ഡി.എഫ്. ടെണ്ടർ സേവിംഗ്

99(502) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. എസ്.ഡി.എഫ് പ്രകാരം കോതമംഗലം മണ്ഡലത്തിൽ 2016-17, 2017-18, 2018-19 വർഷങ്ങളിലായി എത്ര തുകയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട് എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ വർഷവും എത്ര തുകയുടെ ടെണ്ടർ സേവിംഗ്സ് വന്നിട്ടുണ്ടെന്നും ആ തുക അടുത്ത വർഷത്തേക്ക് കാരീ/ഫോർവേഡ് ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) ടെണ്ടർ സേവിങ്ങ്സ് സംബന്ധിച്ച വിവരങ്ങൾ യഥാസമയം എം.എൽ.എ. മാരെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഗതാഗത സിഗ്നൽ

100(503) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് ബ്ലോക്ക് രൂക്ഷമായ ചെങ്ങന്നൂരിൽ ഗതാഗത നിയന്ത്രണത്തിന് സിഗ്നൽ സംവിധാനം നടപ്പാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ആസ്തി വികസന ഫണ്ട് പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ധനകാര്യ (നോഡൽ സെന്റർ ബി) വകുപ്പ് അനുമതി നൽകുവാൻ നിർവ്വാഹമില്ലായെന്ന് അറിയിച്ചിട്ടുണ്ടോ;

(സി) ട്രാഫിക് സിഗ്നൽ സംവിധാനം സ്ഥാപിക്കേണ്ടത് അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തിയായതിനാൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് പ്രവൃത്തികളിൽ ഉൾപ്പെടുത്തുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ; ഇല്ലെങ്കിൽ പകരം മറ്റ് ഫണ്ട് അനുവദിക്കുന്ന നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ചെങ്ങന്നൂർ ടൗണിൽ സിഗ്നൽ സംവിധാനം നടപ്പിലാക്കുന്നതിന് ആസ്തി വികസന നിധിയിൽ നിന്ന് ഫണ്ട് അനുവദിക്കണമെന്ന ശിപാർശ ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും 4-8-2018-ലെ സ.ഉ(പി)നമ്പർ 119/2018/ധന ഉത്തരവ് പ്രകാരം നിയോജകമണ്ഡല ആസ്തി വികസന നിധിയുടെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് ടി ശിപാർശ അനുഭാവപൂർവ്വം പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് ബഹു. എം.എൽ.എ-യെ കത്ത് മുഖേന അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുക എന്നതും അടിസ്ഥാന സൗകര്യ വികസനവുമാണ് നിയോജകമണ്ഡല ആസ്തി വികസന നിധിയുടെ ലക്ഷ്യം. ട്രാഫിക് സിഗ്നൽ സംവിധാനം മേൽ പറഞ്ഞ വിഭാഗങ്ങളിൽ ഉൾപ്പെടുന്നതായി കാണുന്നില്ല. മറ്റ് ഫണ്ടുകൾ അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## ആസ്തി വികസന പദ്ധതി

101(504) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ പ്രവൃത്തി തുടങ്ങാൻ കഴിയാത്ത പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഈ പ്രവൃത്തികൾ നാളിതുവരെ തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് ധനസഹായം

102(505) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ പ്രദേശിക വികസന ഫണ്ടിൽ നിന്നും പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കേണ്ടതെന്നറിയിക്കാമോ;

(ബി) എത്ര വർഷം പ്രവർത്തനം പൂർത്തീകരിച്ച യൂണിറ്റുകൾക്കാണ് ഫണ്ട് അനുവദിക്കാൻ സാധിക്കുന്നതെന്ന് അറിയിക്കാമോ;

(സി) നിലവിൽ ഏതെല്ലാം മണ്ഡലങ്ങളിലെ യൂണിറ്റുകൾക്ക് ഇത്തരത്തിൽ ഫണ്ട് അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ഡി) മാനദണ്ഡ പ്രകാരമുള്ള കാലാവധി പൂർത്തീകരിക്കാത്ത എത്ര പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് എം.എൽ.എ.മാരുടെ പ്രത്യേക വികസന പദ്ധതിയിൽ നിന്നും ഫണ്ട് നൽകാൻ അനുമതി നൽകിയിട്ടുണ്ട്; കണക്കുകൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 29-12-2017-ലെ സ.ഉ.(അ) നമ്പർ 161/2017/ധന ഉത്തരവിലെ ഖണ്ഡിക 6.3 പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്കാണ് എം.എൽ.എ-യുടെ പ്രത്യേക വികസന നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്.

(ബി) 3 വർഷം

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

**മഞ്ചേരി മണ്ഡലത്തിൽ മിനിമാസ്റ്റ് ലൈറ്റ്**

103(506) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച മിനിമാസ്റ്റ് ലൈറ്റ് സംബന്ധിച്ച ഉത്തരവ് പുനഃക്രമീകരിക്കുന്നതിനായി നൽകിയ ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയൽ (നമ്പർ 379064) തീർപ്പാക്കുന്ന കാര്യത്തിലുണ്ടായ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(സി) ഭരണ വകുപ്പിൽനിന്നും പ്രസ്തുത ഫയൽ എന്നാണ് സെക്ഷനിൽ ലഭ്യമായത്; ആയതിൻമേൽ സ്വീകരിച്ച ഫയൽ മൂവ്മെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഇത്തരം ഫയലുകൾ പോർട്ടൽ 1-ൽ ചെയ്യുമ്പോൾ എന്തെല്ലാം ബുദ്ധിമുട്ടുകളാണ് നേരിടുന്നത്; വിശദമാക്കാമോ;

(ഇ) ഈ പ്രശ്നം പരിഹരിക്കാൻ എൻ.ഐ.സി.-യോട് ഉപദേശം തേടിയിരുന്നോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(എഫ്) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഫയൽ എന്നത്തേക്ക് ഭരണ വകുപ്പിന് നൽകാൻ കഴിയുമെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നടപടികൾ പൂർത്തിയാക്കിയശേഷം ധനകാര്യ വകുപ്പ് 17-5-2019-ന് ഭരണ വകുപ്പിന് കൈമാറി.

(ബി) 28-3-2019-ന് സെക്ഷനിൽ എത്തി. ലോക്സഭാ തെരഞ്ഞെടുപ്പിന്റെ മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പുതുക്കിയ ഭരണാനുമതി ആവശ്യമുള്ള ഇത്തരം ശിപാർശകൾക്ക് അടിയന്തര സ്വഭാവത്തോടെ തീരുമാനം കൈക്കൊള്ളാൻ കഴിയാത്തതാണ് ഫയലിൽ തീരുമാനം വൈകിയതിന് കാരണം.

(സി) 28-3-2019-നാണ് ഫയൽ ധനകാര്യ വകുപ്പിന് ലഭിച്ചത്. ടി ഫയലുമായി ബന്ധപ്പെട്ട മേൽ നടപടികൾ എൽഎസി -എഡിഎസ് പോർട്ടൽ 1-ലൂടെയാണ് കൈകാര്യം ചെയ്യുന്നത്. ടി പോർട്ടലിൽ ഇ-ഓഫീസിലെ പോലെ ഫയൽ മൂവ്മെന്റ് ക്രമം ലഭ്യമല്ല.

(ഡി) പുതിയതായി പോർട്ടലിൽ ലോഗിൻ ലഭിക്കുമ്പോൾ മുമ്പ് അവസാനിപ്പിച്ച ഫയലുകൾ റീ-ഓപ്പൺ ചെയ്യാൻ സാധിച്ചിരുന്നില്ല.

(ഇ) എൻ.ഐ.സി.-യോട് ഉപദേശം തേടിയിരുന്നു. ടി പ്രശ്നം പരിഹരിച്ചത് എൻഐഎസി ആണ്.

(എഫ്) 17-5-2019 -ന് ഫയൽ ഭരണവകുപ്പിന് കൈമാറിയിട്ടുണ്ട്.

## ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷനുള്ള ലൈബ്രറികൾക്ക് കെട്ടിടനിർമ്മാണത്തിന് തുക

104(507) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്ന് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കാനാവില്ലെന്ന ധനകാര്യ വകുപ്പിന്റെ No.105/NCB1/2018/FIN നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻകാലങ്ങളിൽ ഇത്തരത്തിലുള്ള ലൈബ്രറികൾക്ക് കെട്ടിടം നിർമ്മാണത്തിന് തുക നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സംസ്ഥാനത്തെ ഗ്രാമങ്ങളിൽ ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷനുള്ള ലൈബ്രറികൾ മാത്രം നന്നായി പ്രവർത്തിക്കുന്ന സ്ഥിതിയിൽ മേൽ നിർദ്ദേശം ഒരു തരത്തിലും ഗുണപരമായ നിർദ്ദേശമല്ലായെന്ന വിഷയം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) മേൽ നിർദ്ദേശം റദ്ദുചെയ്ത് ഗ്രാമീണ ലൈബ്രറികളെ പ്രോത്സാഹിപ്പിക്കുന്നതിന് എം.എൽ.എ.-എസ്.ഡി.എഫ്. ഫണ്ടിൽ നിന്ന് ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷനുള്ള ലൈബ്രറികൾക്ക് കെട്ടിടനിർമ്മാണത്തിന് തുക നൽകുന്നതിന് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) എം.എൽ.എ-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ.(അ)നമ്പർ 161/2017/ധന ഉത്തരവിലെ അനുബന്ധം1 ഇനം 12 പ്രകാരം പൊതുവായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നിർമ്മാണമാണ് അനുവദനീയമായിട്ടുള്ളത്.

പൊതുവായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നിർമ്മാണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സർക്കാർ/തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള വായനശാലകളാണ്. എന്നാൽ ഗ്രന്ഥശാലാ സംഘങ്ങളുടെ കീഴിലുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും എം.എൽ.എ. എസ്.ഡി.എഫ്.-ൽനിന്ന് തുക വിനിയോഗിക്കുവാൻ അനുമതി നൽകി 27-5-2019-ലെ സ.ഉ.(അച്ചടി)നമ്പർ 60/2019/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**കോതമംഗലം മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് വിവരങ്ങൾ**

105(508) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ 2016-17, 2017-18 വർഷങ്ങളിലായി എത്ര തുകയുടെ ടെണ്ടർ സേവിംഗ്സ് ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സമയ ബന്ധിതമായി എം.എൽ.എ.-മാരെ അറിയിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2017-18 സാമ്പത്തിക വർഷം മുതലാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിച്ച് തുടങ്ങിയത്. 4-8-2018-ലെ സ.ഉ.(പി)നമ്പർ 119/2018/ധന ഉത്തരവിന്റെ ഖണ്ഡികകൾ 2.7 മുതൽ 2.10 വരെയുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായാണ് ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നത്. ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് അതത് ജില്ലാ കളക്ടർമാരാണെങ്കിലും അവ നടപ്പിലാക്കുന്നത് വിവിധ എഞ്ചിനീയറിംഗ് വിഭാഗങ്ങൾ/അക്രഡിറ്റഡ് ഏജൻസികൾ മുഖേനയാണ്. ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ വിവിധ ഘട്ടങ്ങൾ പിന്നിട്ട് പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ

ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഒരു എം.എൽ.എ. ഒരു സാമ്പത്തിക വർഷം ശിപാർശ ചെയ്ത മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത വർഷത്തെ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

**ദേശീയപാത ജംഗ്ഷനുകളിൽ സി.സി.ടി.വി. ക്യാമറകൾ**

106(509) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ദേശീയപാതയിലടക്കം പൊതു നിരത്തുകളിൽ ഉണ്ടാകുന്ന വാഹന അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിലേയ്ക്ക് പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനുവേണ്ടി എം.എൽ.എ.-യുടെ പ്രത്യേക വികസനനിധിയിൽ നിന്നും തുക അനുവദിക്കുന്നതിനായി സർക്കാരിന്റെ പ്രത്യേക അനുമതിക്കായി നൽകിയ അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

ഈ വിഷയം ഫയൽ നമ്പർ E 1176691-ൽ പരിശോധിക്കുകയും നിലവിലെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്തതിനാൽ കായംകുളം മണ്ഡലത്തിൽ ദേശീയപാതയിലടക്കം പൊതുനിരത്തുകളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള എം.എൽ.എ- യുടെ ശിപാർശ പരിഗണിക്കാനാകില്ലെന്ന് 8-5-2019-ലെ53/എൻ.സി.ബി1/2019/ധന/(1176691) കത്തുപ്രകാരം എം.എൽ.എ. -യെ അറിയിച്ചിട്ടുണ്ട്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ പ്രവൃത്തികൾക്ക് ആസ്തി വികസന ഫണ്ട്**

107(510) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 വർഷങ്ങളിലെ ആസ്തിവികസന ഫണ്ടിൽ നിന്നും ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നും തുക എത്രയെന്നും അറിയിക്കാമോ;

(ബി) അനുമതി ലഭിച്ചതിൽ എത്ര പ്രവൃത്തികൾ കുറഞ്ഞ തുകയ്ക്ക് കരാർ എടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഫണ്ടിലേയ്ക്ക് അനുവദിച്ചതിൽ എത്ര തുക ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 വർഷത്തിൽ 15 പ്രവൃത്തികൾക്കായി 5 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. 2017-18 വർഷത്തിൽ 17 പ്രവൃത്തികൾക്കായി 4.92 കോടി രൂപയുടെയും 2018 -19 വർഷത്തിൽ 19 പ്രവൃത്തികൾക്കായി 4.749 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**പ്രളയാനന്തര പുനർനിർമ്മാണത്തിനായി ലോക ബാങ്ക് വായ്പ**

108(511) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിനായി സംസ്ഥാനത്തിന് ലോക ബാങ്കിൽ നിന്നും വായ്പ ലഭ്യമായിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വായ്പ ഏതെല്ലാം മേഖലകളിലാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള പുനർ നിർമ്മാണ പദ്ധതികൾക്കായി ലോക ബാങ്കിൽ നിന്ന് 3596.20 കോടി രൂപയും സംസ്ഥാന വിഹിതമായ 1541.14 കോടി രൂപയും ഉൾപ്പെടെ ആകെ 5137.34 കോടി രൂപയുടെ വികസന നയവായ്പ (DPL) സംബന്ധിച്ച ധാരണാപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വായ്പയുടെ ആദ്യ ഗഡു ലഭ്യമാക്കുന്നതു സംബന്ധിച്ച മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തി വരുന്നു.

(ബി) വായ്പയായി ലഭിക്കുന്ന തുക കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Program) യുടെ നയരൂപരേഖയിൽ സുപ്രധാനമേഖലകളായി പരാമർശിക്കുന്ന കൃഷി, മൃഗപരിപാലനം, ഫിഷറീസ്, വനം, ഭൂമി ജീവനോപാധികൾ, റോഡുകളും പാലങ്ങളും, ഗതാഗതം, നഗരവികസനവും അടിസ്ഥാന സൗകര്യങ്ങളും, ജലവിതരണവും ശുചിത്വവും, ജലവിഭവം എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖലാ ശാക്തീകരണം എന്നീ മേഖലകൾക്കും ഊന്നൽ നല്കിക്കൊണ്ട് ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

## വൈപ്പിൻ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്

109(512) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിലെ പ്രിൻസിപ്പൽ തസ്തിക അടക്കമുള്ള അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാത്തതുമൂലം വിവിധതരത്തിലുള്ള അക്രെഡിറ്റേഷനുകൾ ലഭിക്കുന്നതിൽ കാലതാമസം നേരിടുമെന്നതിനാൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കുമോ?

ഉത്തരം

വൈപ്പിൻ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും മാത്തമാറ്റിക്സിനും കൊമേഴ്സിനും രണ്ട് അദ്ധ്യാപക തസ്തികകൾ വീതം സൃഷ്ടിക്കുന്നതിന് അനുമതി നൽകുകയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മറ്റുള്ള വിഷയങ്ങളിലെ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടി കോളേജിലെ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും സമാന കേസ്സുകൾ ഉണ്ടെങ്കിൽ അവ കൂടി പരിശോധിച്ച് ഒറ്റ പാക്കേജായി സമർപ്പിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്. നിലവിൽ അദ്ധ്യാപക, പ്രിൻസിപ്പൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിൽ ഇല്ല. ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നിലവിലെ ഉത്തരവുകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കമ്പനി ബോർഡ് കോർപ്പറേഷനുകളിലെ ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ

110(513) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന് കീഴിലുള്ള ഏതെല്ലാം കമ്പനി/ബോർഡ് കോർപ്പറേഷനുകളിലെ ലാസ്റ്റ്ഗ്രേഡ് തസ്തികയിലെ നിയമനങ്ങളാണ് പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്;

(ബി) ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിക്കാത്ത സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(സി) നാളിതുവരെയായിട്ടും ഇത്തരം തസ്തികയിലെ നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിക്കാത്തതിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ധനകാര്യ വകുപ്പിന് കീഴിലുള്ള എല്ലാ കമ്പനി ബോർഡ് കോർപ്പറേഷനുകളിലെയും നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ധനകാര്യ വകുപ്പിന് കീഴിലുള്ള ഏക പൊതുമേഖലാ സ്ഥാപനമായ കേരള ഫിനാൻഷ്യൽ കോർപ്പറേഷനുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനങ്ങൾ പി.എസ്.സി. വഴിയാണ് നടത്തുന്നത്.

(ബി -ഡി) ഉത്തരം എ-യുടെ വെളിച്ചത്തിൽ ബാധകമല്ല.

## മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

111(514) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് എന്ന് മുതൽ പ്രാബല്യത്തിൽ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഏതൊക്കെ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ടെൻഡർ സ്വീകരിച്ചു; നടത്തിപ്പവകാശം ഏത് കമ്പനിക്ക് നൽകി; ഓരോ കമ്പനിയും ക്വാട്ട് ചെയ്ത തുകയുടെ വിശദാംശം എന്നിവ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടുകൂടി ജീവനക്കാർക്കും പെൻഷൻകാർക്കും പ്രതിവർഷം എത്ര തുകയുടെ ഇൻഷ്വറൻസ് പരിധി ലഭ്യമാകും; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം പെൻഷൻകാരിൽ നിന്നും പ്രതിമാസ പ്രീമിയമായി ഈടാക്കുവാൻ ഉദ്ദേശിക്കുന്ന തുക എത്ര;

(ഇ) പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടുകൂടി ശിപായി മുതൽ അഡീഷണൽ സെക്രട്ടറി റാങ്ക് വരെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ഒരേ തലത്തിലുള്ള പ്രതിമാസ പ്രീമിയമാണോ ഈടാക്കുവാൻ ഉദ്ദേശിക്കുന്നത്; പ്രതിമാസ പ്രീമിയമായി ഈടാക്കുന്ന തുക എത്ര; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഏതെല്ലാം സർക്കാർ/സ്വകാര്യ ആശുപത്രികളെയാണ് പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ജി) ഔട്ട് പേഷ്യന്റ് (ഒ.പി.) ചികിത്സയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തെരഞ്ഞെടുക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ പദ്ധതിയുടെ പ്രാബല്യത്തീയതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകൂ. അതിനുള്ള നടപടികൾ അതിദ്രുതം പുരോഗമിക്കുകയാണ്.

(ബി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് IRDAI അംഗീകൃത ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും താല്പര്യപത്രം ക്ഷണിക്കുകയും മൂന്ന് പൊതുമേഖലാ കമ്പനികളുൾപ്പെടെ അഞ്ച് അംഗീകൃത കമ്പനികളിൽ നിന്നും പ്രൊപ്പോസലുകൾ ലഭിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ RfP (Request for Proposal) പരസ്യപ്പെടുത്തുകയും ചെയ്തു. മൂന്ന് പൊതുമേഖലാ കമ്പനികളുൾപ്പെടെ അഞ്ച് ഇൻഷ്വറൻസ് കമ്പനികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ ടെക്നിക്കൽ ഇവാലുവേഷൻ കമ്മിറ്റി പരിശോധിക്കുകയും അഞ്ച് ഇൻഷ്വറൻസ് കമ്പനികളും സാങ്കേതിക യോഗ്യത നേടിയതായി വിലയിരുത്തുകയും ചെയ്തു. സാങ്കേതിക യോഗ്യത നേടിയ അഞ്ച് കമ്പനികൾ താഴെപ്പറയും പ്രകാരമുള്ള വാർഷിക പ്രീമിയം തുക (18% GST ഉൾപ്പെടെ) രേഖപ്പെടുത്തി ഫിനാൻഷ്യൽ ബിഡ് സമർപ്പിക്കുകയുണ്ടായി.

1. നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് - Rs.7298
2. ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് - Rs.6772
3. ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ് - Rs.17700
4. ബജാജ് അലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് - Rs. 9438.82
5. റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് - 2992.48

ഏറ്റവും കുറഞ്ഞ വാർഷിക പ്രീമിയം തുകയായ 2992.48 രൂപ (18% GST ഉൾപ്പെടെ) രേഖപ്പെടുത്തിയ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് പദ്ധതി നടത്തിപ്പിനായി 27-4-2019-ലെ 49/2019/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകുകയുണ്ടായി.

(സി) <u>അടിസ്ഥാന പരിരക്ഷ</u> - പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന ദേശീയ ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരമുള്ള ഡേ കെയർ ചികിത്സാ പ്രക്രിയ ഉൾപ്പെടെയുള്ള അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും പ്രതിവർഷം രണ്ട് ലക്ഷം രൂപ നിരക്കിൽ അടിസ്ഥാന പരിരക്ഷ.

<u>അധിക പരിരക്ഷ</u> - പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ശസ്ത്രക്രിയയുൾപ്പെടെയുള്ള ഗുരുതര ചികിത്സാ പ്രക്രിയകൾക്ക് 3 വർഷത്തെ ബ്ലോക്ക് പിരീഡിലേയ്ക്ക് ഓരോ കുടുംബത്തിനും അടിസ്ഥാന പരിരക്ഷയ്ക്കു പുറമേ പരമാവധി 6 ലക്ഷം രൂപയുടെ കൂടി അധിക പരിരക്ഷ.

മേൽ സൂചിപ്പിച്ച അധിക പരിരക്ഷയിലും ചികിത്സാ ചെലവ് അധികരിക്കുന്നപക്ഷം ഇൻഷ്വറൻസ് കമ്പനി പ്രതിവർഷം 25 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽ നിന്ന് ഒരു കുടുംബത്തിന് പരമാവധി 3 ലക്ഷം രൂപ വരെ (മൂന്ന് വർഷത്തെ പോളിസി കാലയളവിനകത്ത്) നിശ്ചിത ചികിത്സാ ചെലവുകൾക്ക് വിനിയോഗിക്കാവുന്നതാണ്.

(ഡി&ഇ) നിർദ്ദിഷ്ടപദ്ധതിക്കായി ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും 250 രൂപയും പെൻഷൻകാർക്ക് പ്രതിമാസം ലഭിച്ചുകൊണ്ടിരിക്കുന്ന മെഡിക്കൽ അലവൻസ് തുകയായ 300 രൂപയിൽ നിന്ന് 250 രൂപയും പദ്ധതിയുടെ പ്രീമിയം തുകയായി ഈടാക്കാവുന്നതാണ്.

(എഫ്) തെരഞ്ഞെടുക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ.

(ജി) നിലവിൽ ഒ.പി. ചികിത്സാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

112 (515) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന സംസ്ഥാന സർക്കാർ ജീവനക്കാർ ആരെങ്കിലും ജോലിയിൽ നിന്നും വിരമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ പേര് വിവരവും വകുപ്പും വ്യക്തമാക്കുമോ;

(ബി) ഈ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി വഴി ലഭിക്കുമെന്ന് അറിയിച്ചിരുന്ന ആനുകൂല്യങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന 30 സംസ്ഥാന സർക്കാർ ജീവനക്കാർ ജോലിയിൽ നിന്നും വിരമിച്ചിട്ടുണ്ട്. ഇവരുടെ വിശദാംശങ്ങൾ അനുബന്ധം* ആയി ഉള്ളടക്കം ചെയ്യുന്നു.

(ബി) ഈ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി വഴി ലഭിക്കുമെന്ന് അറിയിച്ചിരുന്ന ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം* ആയി ഉള്ളടക്കം ചെയ്യുന്നു.

**പങ്കാളിത്ത പെൻഷൻ**

113(516) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനെക്കുറിച്ച് പഠിക്കുന്നതിനായി രൂപീകരിച്ച സമിതി എന്നാണ് ചുമതലയേറ്റത്;

(ബി) സമിതി ഇതിനകം എത്ര യോഗങ്ങൾ ചേർന്നുവെന്നും എന്തൊക്കെ തീരുമാനങ്ങൾ കൈക്കൊണ്ടുവെന്നും വിശദമാക്കാമോ;

(സി) സമിതിയുടെ കാലാവധി ദീർഘിപ്പിക്കുകയുണ്ടായോ; എങ്കിൽ എത്ര കാലത്തേയ്ക്കാണ് ദീർഘിപ്പിച്ചിട്ടുള്ളത്;

(ഡി) സർക്കാർ മതിയായ സൗകര്യങ്ങൾ ഒരുക്കാത്തതിനാൽ സമിതിക്ക് ഇതിനകം വേണ്ടവണ്ണം പ്രവർത്തിക്കാനായില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ -സി) 7-11-2018-ലെ സ.ഉ (പി)നമ്പർ 172/2018/ധന ഉത്തരവ് പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനെക്കുറിച്ച് പഠിക്കുന്നതിനായി സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്. 6-5-2019-ലെ സ.ഉ (പി)നമ്പർ 56/2019/ധന ഉത്തരവ് പ്രകാരം സമിതിയുടെ കാലാവധി 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

**പങ്കാളിത്ത പെൻഷൻ**

114(517) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാസമിതിയുടെ ഓഫീസ് മേൽവിലാസം പിൻകോഡും ഫോൺ നമ്പറും ഉൾപ്പെടെ നൽകാമോ;

(ബി) പുനഃപരിശോധിനാസമിതി 2019 മേയ് 15 വരെ എത്ര സിറ്റിംഗുകൾ നടത്തി; ഏതൊക്കെ രേഖകൾ പരിശോധിച്ചു; വിശദാംശം നൽകാമോ;

(സി) ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ; എങ്കിൽ ഏതെല്ലാം സംഘടനകളുമായിട്ടാണ് ചർച്ച നടത്തിയത്; വിശദാംശം അറിയിക്കുമോ;

(ഡി) ആയതിന്റെ അടിസ്ഥാനത്തിൽ പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കുന്നത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സമിതിയുടെ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്. പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തുന്നതാണ്.

(ഡി) സമിതി റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാനം കൈക്കൊള്ളുന്നതാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

115(518) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിന് സർക്കാർ നിയോഗിച്ച കമ്മീഷന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന്

വ്യക്തമാക്കുമോ; കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കമ്മീഷൻ നാളിതുവരെയായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) 7-11-2018-ലെ സ.ഉ (പി)നമ്പർ 172/2018/ധന ഉത്തരവ് പ്രകാരം രൂപീകരിച്ച പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതിയുടെ കാലാവധി 6-5-2019-ൽ അവസാനിച്ചു. 6-5-2019-ലെ സ.ഉ(പി)നമ്പർ 56/2019/ധന ഉത്തരവ് പ്രകാരം സമിതിയുടെ കാലാവധി 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്.

## സർക്കാർ ജീവനക്കാരുടെ പെർമനന്റ് എംപ്ലോയി നമ്പർ

116 (519) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് പെർമനന്റ് എംപ്ലോയി നമ്പർ നിർബന്ധമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പെർമനന്റ് എംപ്ലോയി നമ്പർ ഇതുവരെയും ലഭിക്കാത്ത ഡിപ്പാർട്ടുമെന്റുകളുടെ വിഷയം എങ്ങനെ പരിഹരിക്കും എന്നറിയിക്കാമോ;

(സി) മുനിസിപ്പൽ കോമൺ സർവ്വീസിൽ പെർമനന്റ് എംപ്ലോയി നമ്പർ ലഭ്യമാക്കുവാൻ എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(ഡി) പെർമനന്റ് എംപ്ലോയി നമ്പർ നൽകിയാൽ ജീവനക്കാരുടെ വിവരം അറിയുവാൻ കഴിയുന്ന വെബ്സൈറ്റ് നിലവിലുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ട്രഷറി ബിൽ മുഖേന സ്പാർക്ക് സംവിധാനത്തിലൂടെ ശമ്പള ബിൽ തയ്യാറാക്കേണ്ടുന്ന ജീവനക്കാർക്ക് പെർമനന്റ് എംപ്ലോയി നമ്പർ (PEN) നിർബന്ധമാണ്. സേവനപുസ്തകം/Entitlement രജിസ്റ്റർ നിർബന്ധമുള്ള അത്തരം റെഗുലർ ജീവനക്കാർക്ക് പെർമനന്റ് എംപ്ലോയി നമ്പർ വേണമെന്ന് 29-7-2016-ലെ G.O. (P)109/2016/ധന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്പാർക്ക് സംവിധാനം മുഖേനയല്ല മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർക്ക് ശമ്പള വിതരണം നടത്തുന്നത്. ആകയാൽ അത്തരക്കാർക്ക് നിലവിൽ പെർമനന്റ് എംപ്ലോയി നമ്പർ ആവശ്യമായി വരുന്നില്ല.

(ഡി) ഇല്ല.

**സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടി**

117(520) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും ശമ്പള പരിഷ്കരണം എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നും അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉറപ്പ് നൽകിയിട്ടുണ്ട്.

**സർക്കാർ ജീവനക്കാർക്ക് കൊതുകുവല വാങ്ങാൻ വായ്പ**

118(521) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് കൊതുകുവല വാങ്ങാൻ ഇപ്പോഴും സർക്കാർ വായ്പ നൽകുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത വായ്പാ സംവിധാനം കാലഹരണപ്പെട്ടതാണെന്നുള്ള കാര്യം സർക്കാർ പരിശോധിക്കുമോ;

(സി) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ എത്ര പേർക്ക് ഈ വായ്പ ലഭിച്ചിട്ടുണ്ടെന്നും എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ ജീവനക്കാർക്ക് കൊതുകുവല വാങ്ങാൻ എല്ലാ വർഷവും 7610-00-800-98 എന്ന ശീർഷകത്തിൽ നിന്ന് സർക്കാർ വായ്പ അനുവദിച്ചു നല്കുന്നുണ്ട്. അപേക്ഷകൾ ലഭ്യമാക്കാൻ വകുപ്പുമേധാവികൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഓരോ വർഷവും പരിപത്രം പുറപ്പെടുവിക്കാറുണ്ട്.

(ബി) ടി വിഷയം സംബന്ധിച്ച് നിവേദനങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) 2016-17 വർഷത്തിൽ 103 പേർക്ക് ആകെ 20,600 രൂപ അനുവദിച്ചു നല്കുകയും 11 പേർ തുക കൈപ്പറ്റാതെ സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാമ്പത്തികവർഷം ആകെ 18,400 രൂപ ഈ ഇനത്തിൽ ചെലവായിട്ടുണ്ട്.

2017-18 വർഷത്തിൽ ചെലവൊന്നും വന്നിട്ടില്ല.

2018-19 വർഷത്തിൽ ചെലവൊന്നും വന്നിട്ടില്ല.

**പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനുള്ള സമിതി**

119(522) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനുള്ള സമിതിയുടെ പ്രവർത്തനം ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണെന്നും സമിതിക്ക് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(സി) സമിതിയുടെ പരിഗണനാവിഷയങ്ങൾ എന്തൊക്കെയാണെന്നും കാലാവധി എന്നുവരെയാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനുള്ള സമിതിയുടെ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്.

(ബി)

1. ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) (ചെയർമാൻ)

2. ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ്. (റിട്ട.)

3. പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി. എന്നിവരാണ് സമിതിയിലെ അംഗങ്ങൾ.

സമിതിക്ക് ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സമിതിയുടെ പരിഗണനാവിഷയങ്ങൾ താഴെപ്പറയുന്നവയാണ്:

1. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിലെ നിയമപരവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുക, നിർദ്ദേശങ്ങൾ സമർപ്പിക്കുക.

2. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നത് കേന്ദ്ര ധന കമ്മീഷൻ നിബന്ധനകളേയും ധനദൃഢീകരണത്തിനുള്ള പരിപ്രേക്ഷ്യത്തെയും എങ്ങനെ ബാധിക്കും?

3. NPS ട്രസ്റ്റ്, NSDL എന്നിവരുമായി ഏർപ്പെട്ടിട്ടുള്ള കരാറുകൾ സൃഷ്ടിക്കുന്ന ബാധ്യതകൾ, ഉത്തരവാദിത്വങ്ങൾ എന്നിവ വിശദമായി പരിശോധിച്ച് സാധ്യതകൾ നിർദ്ദേശിക്കുക.

4. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ പങ്കാളികളായ ജീവനക്കാർക്ക് ആയതു പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചാൽ:

   a. ജീവനക്കാർ നാളിതുവരെ ഒടുക്കിയ വിഹിതം ഏതു വിധത്തിലാകും കൈകാര്യം ചെയ്യപ്പെടുക ?

   b. സർക്കാർ നാളിതുവരെ ഒടുക്കിയ വിഹിതം തിരികെ ലഭ്യമാകുമോ? ഈ കാര്യങ്ങൾ പരിശോധിച്ച് ശിപാർശ സമർപ്പിക്കുക.

5. പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചാൽ പദ്ധതിയിൽ ചേർന്ന് വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച കാര്യത്തിലെ നിയമവ്യവസ്ഥ എന്തായിരിക്കും? എല്ലാവരും സർക്കാരും അടച്ച വിഹിതങ്ങളുടെ സ്ഥിതി എന്തായിരിക്കും?

6. പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയ മറ്റു സംസ്ഥാനങ്ങളുടെ അനുഭവവും ഇപ്പോഴത്തെ സ്ഥിതിയും പരിശോധിക്കുക.

7. പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ കേരളത്തിലെ പ്രത്യേകതകൾ എന്തെല്ലാമാണ്? പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടാകുന്ന പക്ഷം ആയത് കൂടുതൽ ആകർഷകമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാം?

8. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനയുമായി ബന്ധപ്പെട്ട് പ്രസക്തം എന്ന് കമ്മിറ്റി കരുതുന്ന മറ്റ് കാര്യങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുക.

7-11-2018-ലെ സ.ഉ(പി)നമ്പർ 172 /2018/ധന ഉത്തരവ് പ്രകാരം രൂപീകരിച്ച പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതിയുടെ കാലാവധി 6-5-2019-ൽ അവസാനിച്ചു. 6-5-2019-ലെ സ.ഉ(പി)നമ്പർ56/2019/ ധന ഉത്തരവ് പ്രകാരം സമിതിയുടെ കാലാവധി 6 മാസത്തോടുകൂടി ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്.

**ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗങ്ങൾക്ക് പുതിയ വാഹനങ്ങൾ**

120(523) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിൻെറ ജില്ലാ ഇൻസ്പെക്ഷൻ വിഭാഗങ്ങൾക്കായി പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യമെന്താണ്;

(ബി) പ്രസ്തുത വാഹനങ്ങൾ വാങ്ങിയതിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിന്റെ പഴയ വാഹനങ്ങൾ എത്ര കിലോമീറ്റർ ഓടിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ഡി) ഈ വാഹനങ്ങൾ വേറെ ഏതെങ്കിലും വകുപ്പിന്റെ ഉപയോഗത്തിന് നൽകുവാൻ തീരുമാനം ആയിട്ടുണ്ടോ;

(ഇ) സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി വാഹനങ്ങൾ പുതുതായി വാങ്ങുന്നതും വാടകയ്ക്ക് എടുക്കുന്നതും സംബന്ധിച്ച് സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ധനകാര്യ വകുപ്പിന്റെ ജില്ലാ ഇൻസ്പെക്ഷൻ വിഭാഗങ്ങൾക്കായി 12 പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇടുക്കി, വയനാട് എന്നീ ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗങ്ങളിൽ മഹീന്ദ്ര ബൊലേറോ എ.സി. ജീപ്പാണ് ഉപയോഗിക്കുന്നത്. എന്നാൽ ബാക്കി 12 ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗങ്ങളിലും ഉപയോഗിക്കുന്നത് നോൺ എ.സി. മാരുതി ആൾട്ടോ വാഹനമാണ്. പ്രസ്തുത വാഹനത്തിൽ 4 പേർക്ക് മാത്രമേ സഞ്ചരിക്കാൻ കഴിയുകയുള്ളൂ. ജില്ലാ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെയും ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെയും ഒരുമിച്ചുള്ള അന്വേഷണങ്ങൾക്ക് മുഴുവൻ ടീം അംഗങ്ങളെയും ഒരു ട്രിപ്പിൽ അന്വേഷണം നടക്കുന്ന ഓഫീസുകളിൽ എത്തിക്കുന്നതിനും, മറ്റ് ഫീൽഡുതല പരിശോധനകൾക്കും കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ വാഹനങ്ങളെല്ലാം തന്നെ 9 വർഷത്തോളം പഴക്കം ചെന്നവയുമാണ്. കൂടാതെ ടി വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി പലപ്പോഴും ഉയർന്ന തുക ചെലവഴിക്കേണ്ടി വരുന്നുമുണ്ട്. ടി വാഹനങ്ങൾ നോൺ എ.സി. ആയതിനാൽ മഴക്കാലത്ത് വാഹനം ഉപയോഗിക്കുമ്പോൾ സുരക്ഷാ ഭീഷണിയുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യങ്ങളിൽ ധനകാര്യ (ദേശീയ സമ്പാദ്യ പദ്ധതി) വകുപ്പിൽ നിലവിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ കണ്ടം ചെയ്ത് പകരം ടി ആൾട്ടോ കാറുകൾ ദേശീയ സമ്പാദ്യ വകുപ്പിന് നൽകുവാൻ തീരുമാനമായതിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ ധനാകാര്യ ഇൻസ്പെക്ഷൻ വിഭാഗങ്ങൾക്ക് പുതിയ വാഹനങ്ങൾ വാങ്ങിയത്.

(ബി) പ്രസ്തുത വാഹനങ്ങൾ വാങ്ങിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(ഡി) ഈ വാഹനങ്ങൾ ധനകാര്യ വകുപ്പിന്റെ തന്നെ കീഴിലുള്ള ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന് കൈമാറാനുള്ള തീരുമാനമായിട്ടുണ്ട്. ഇതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി വാഹനങ്ങൾ പുതുതായി വാങ്ങുന്നതും വാടകയ്ക്ക് എടുക്കുന്നതും സംബന്ധിച്ച് സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ വായ്പാധനസഹായം

121(524) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ള പ്രൊഫഷണൽ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിച്ച് ഏതെല്ലാം ബാങ്കുകളാണ് 2018-19, 2019-20 എന്നീ വർഷങ്ങളിൽ അത്തരം വിദ്യാർത്ഥികൾക്ക് സഹായം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം ബാങ്കുകൾ ഏതെല്ലാം വിദ്യാർത്ഥികൾക്ക് എത്ര തുക വീതം വായ്പ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2018-19 സാമ്പത്തിക വർഷം വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം 15883 അപേക്ഷകർക്ക് സർക്കാർ വിഹിതമായി ആകെ 153.82 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ ബാങ്ക് തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി* ചേർക്കുന്നു.

2019-20 സാമ്പത്തിക വർഷം ധനസഹായം അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ബഡ്ജറ്റ് വിഹിതം സംബന്ധിച്ച വിവരങ്ങൾ

122(525) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1-4-2019-ലെ സ്ഥിതിവച്ച് പ്ലാൻ, നോൺ-പ്ലാൻ ഇനങ്ങളിലെ ബഡ്ജറ്റ് വിഹിതവും എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റും വിവിധ വകുപ്പുകൾ തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

2018-19 സാമ്പത്തികവർഷം വിവിധ വകുപ്പുകൾക്കായി ധനാഭ്യർത്ഥനയിലൂടെ പദ്ധതി, പദ്ധതിയേതര ഇനങ്ങളിൽ വകയിരുത്തിയ തുക (ഉപധനാഭ്യർത്ഥന ഉൾപ്പെടെ), അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2019 മാർച്ച് 31 വരെയുള്ള ചെലവ് വന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഗ്രാമീണ റോഡുകൾ**

123(526) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ നിലവാരം ഉയർത്തുന്നതിലേയ്ക്കായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഗ്രാമീണ റോഡുകൾ നവീകരിക്കുന്നതിനായുള്ള ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുമോ;

(ബി) ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് ഓരോ മണ്ഡലത്തിനും പ്രത്യേക ഫണ്ട് അനുവദിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ നിലവാരം ഉയർത്തുന്നതിലേയ്ക്കും നവീകരണത്തിനുമായി പ്രധാനമന്ത്രി ഗ്രാമ സഡക് യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കീഴിൽ അധിക സംസ്ഥാന വിഹിതമായി 50 കോടി രൂപ 2019-20 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശ സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള ഗ്രാമീണ റോഡുകളുടെ സംരക്ഷണത്തിനായി, അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ 1578.39 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇത് 2018-19-ലെ ബഡ്ജറ്റ് വിഹിതത്തെക്കാൾ 228.74 കോടി രൂപ കൂടുതലാണ്.

(ബി) ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് മണ്ഡലാടിസ്ഥാനത്തിൽ പ്രത്യേക ഫണ്ട് പരിഗണനയിലില്ല.

**വർക്കല മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ**

124(527) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 വാർഷിക ബഡ്ജറ്റുകളിൽ വർക്കല മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ഓരോ പദ്ധതിക്കും അനുവദിച്ച തുകയുടെ വിവരങ്ങൾ സഹിതം വിശദമാക്കാമോ?

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പൂർത്തിയായെന്നും മറ്റ് പദ്ധതികളുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

ഉത്തരം

(എ&ബി) വർക്കല അസംബ്ലി നിയോജകമണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLA SDF) കീഴിൽ ഒരു കോടി രൂപ വീതവും നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ 5 കോടി രൂപ വീതവും വകയിരുത്തിയിട്ടുണ്ട്. പദ്ധതികളുടെയും നിർവ്വഹണ പുരോഗതിയുടെയും വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. കിഫ്ബി വഴിയുള്ള പ്രവൃത്തികളുടെയും നിർവ്വഹണ പുരോഗതിയുടെയും വിശദാംശങ്ങൾ, ടൂറിസം വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ, പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശം, മറ്റു പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ അനുബന്ധമായി* ചേർക്കുന്നു.

## ഭരണാനുമതി ഇല്ലാത്ത മരാമത്തു പ്രവൃത്തികൾക്ക് ബഡ്ജറ്റിൽ പുതുതായി അനുവദിച്ച ശീർഷകങ്ങൾ

125(528)ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-2019 മുതലുള്ള ബഡ്ജറ്റിൽ ഭരണാനുമതി ഇല്ലാത്ത മരാമത്തു പ്രവൃത്തികൾക്ക് അനുവദിച്ച ശീർഷകങ്ങൾ (എം.എൽ.എ.-മാർ നൽകുന്ന ശിപാർശകൾ) അനുബന്ധം II, വാല്യം II എന്ന പുസ്തകത്തിൽ രേഖപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാരണങ്ങളാൽ ശിപാർശ പ്രകാരമുള്ള പ്രവൃത്തികളിൽ തീരുമാനം ഉണ്ടാകാതെ കിടക്കുന്ന എത്ര ഫയലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഈ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) എം.എൽ.എ.-മാർ എം.പി-മാർ, മറ്റ് ജനപ്രതിനിധികൾ എന്നിവർ നേരിട്ട് ശിപാർശ ചെയ്യുന്ന പ്രവൃത്തികളാണ് ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളിൽ (അനുബന്ധം II വാല്യം II) ഉൾപ്പെടുത്തുന്നത്. ഇതിനായി ബഡ്ജറ്റ് വിഹിതം '5054-80-800-66- അധിക പൊതുമരാമത്ത് പ്രവൃത്തികൾ'എന്ന ശീർഷകത്തിൽ മൊത്ത വിഹിതം ആയി വകയിരുത്തുന്നുമുണ്ട്. ഓരോ പ്രവൃത്തിയുടെയും വിശദമായ എസ്റ്റിമേറ്റടക്കമുള്ള വിശദാംശങ്ങൾ തയ്യാറാക്കുന്ന ഘട്ടത്തിൽ മാത്രമാണ് പ്രവൃത്തിയെ അനുയോജ്യമായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശീർഷകത്തിൽ വർഗ്ഗീകരിക്കാൻ സാധിക്കുന്നത്. ആയതിനാലാണ് 'ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ' (അനുബന്ധം II വാല്യം II) എന്ന പുസ്തകത്തിൽ, പ്രവൃത്തികൾക്ക് ശീർഷകം രേഖപ്പെടുത്തുവാൻ സാധിക്കാത്തത്. അനുയോജ്യമായ ശീർഷകത്തിന്റെ അഭാവംകൊണ്ടുമാത്രം പ്രവൃത്തികളിൽ തീരുമാനം ഉണ്ടാകാതെ കിടക്കുന്ന ഫയലുകളൊന്നും ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സാമൂഹ്യക്ഷേമ പെൻഷൻ**

126(529) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന നിബന്ധനകളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ ഇളവുകളാണ് ഇക്കാര്യത്തിൽ കൊണ്ടുവന്നതെന്നും അതിനുള്ള സാഹചര്യമെന്തായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) പുതുതായി വരുത്തിയ ഇളവുകൾമൂലം സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിന് അർഹത നേടിയവർ എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) 1200 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകളിൽ താമസിക്കുന്നവർക്ക് പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധന പിൻവലിച്ചുകൊണ്ടും 2000 രൂപ വരെ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ഉയർന്ന നിരക്കിലും 2000 രൂപയ്ക്ക് മുകളിൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപാ നിരക്കിലും ലഭിക്കുന്നതാണെന്നും സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(എം.എസ്) നമ്പർ 93/2019/ധന തീയതി 21-2-2019 പ്രകാരം ഉത്തരവായിട്ടുണ്ട്. വികലാംഗനായ ഒരു വ്യക്തിക്ക് രണ്ട് പെൻഷന് അർഹതയുണ്ടെന്നും ഇതിൽ ഒരു പെൻഷൻ ഉയർന്ന നിരക്കിലും രണ്ടാമതൊരു പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടെന്നും 6-7-2018-ലെ സ.ഉ.(എം.എസ്.)241/2018/ധന, 16-2-2019-ലെ സ.ഉ.(എം.എസ്)90/2019/ധന എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഗുണഭോക്താക്കളുടെ നിരന്തരമായ ആവശ്യം പരിഗണിച്ചാണ് ഇത്തരത്തിൽ അർഹതാ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ചത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## ക്ഷേമ പെൻഷൻ

127(530) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ക്ഷേമ പെൻഷനുകളിലായി നൽകിയ തുക ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) വയനാട് ജില്ലയിൽ വിവിധ ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നവരുടെ എണ്ണവും, തുകയും തരം തിരിച്ച് നൽകുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളിലായി നൽകിയ തുക ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 17006024025 |
| 2 | കൊല്ലം | 13673404225 |
| 3 | പത്തനംതിട്ട | 6332899275 |
| 4 | ആലപ്പുഴ | 11409690855 |
| 5 | കോട്ടയം | 9154945375 |
| 6 | ഇടുക്കി | 5268331925 |
| 7 | എറണാകുളം | 14592284015 |
| 8 | തൃശ്ശൂർ | 16500588225 |
| 9 | പാലക്കാട് | 15178605015 |
| 10 | മലപ്പുറം | 17312926375 |
| 11 | കോഴിക്കോട് | 14265387580 |
| 12 | വയനാട് | 3828039700 |
| 13 | കണ്ണൂർ | 13582529700 |
| 14 | കാസർഗോഡ് | 6116565190 |

(ബി) വയനാട് ജില്ലയിൽ വിവിധ സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്നവരുടെ നിലവിലെ എണ്ണവും തുകയും തരം തിരിച്ച് ചുവടെ ചേർക്കുന്നു:

| പെൻഷൻ ഇനം | എണ്ണം | തുക |
|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 46963 | 259689200 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 8732 | 48773400 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 34816 | 189626300 |
| കർഷക തൊഴിലാളി പെൻഷൻ | 12852 | 69222700 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 580 | 3158500 |
| ആകെ | 103943 | 570470100 |

**സാമൂഹ്യസുരക്ഷാ പെൻഷൻ**

128(531) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം കുറയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എ. പി. എൽ. കാർഡ് ഉള്ളവരെ പ്രസ്തുത പെൻഷൻ വാങ്ങുന്നവരിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) പെൻഷന് അർഹരായവരെ കണ്ടെത്തുന്നതിനായി പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇല്ല.

(സി) പെൻഷന് അർഹരായവരെ കണ്ടെത്തുന്നതിനായി സ.ഉ.(എം.എസ്) 241/2018/ധന തീയതി 6-7-2018, സ.ഉ.(എം.എസ്.)278/2018/ധന തീയതി 3-8-2018, സ.ഉ.(എം.എസ്)90/2019/ധന തീയതി 16-2-2019 എന്നിവ പ്രകാരം പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

1. 1000 സിസി-യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാതെയുള്ള നാലോ അതിൽ കൂടുതലോ ചക്രങ്ങൾ ഉള്ള വാഹനങ്ങൾ സ്വന്തമായിട്ടുള്ളവർക്ക് സാമൂഹ്യസുരക്ഷാ പെൻഷന് അർഹതയുണ്ടായിരിക്കുകയില്ല.

2. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് വിരമിക്കുകയും ടി സ്ഥാപനങ്ങളിലെ സ്കീം പ്രകാരം പെൻഷൻ ലഭിക്കുകയും ചെയ്യുന്നവർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

3. നിലവിൽ തനത് ഫണ്ടുപയോഗിച്ച് പെൻഷൻ വാങ്ങുന്ന പുതിയ അപേക്ഷകർക്ക് ഏതെങ്കിലും ഒരു സാമൂഹ്യസുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ മാത്രമേ ലഭിക്കുകയുള്ളൂ. എന്നാൽ പുതിയതായി രണ്ടാമതൊരു പെൻഷൻ അനുവദിക്കുന്നതല്ല എന്നതാണ് പൊതു സമീപനം. ഇക്കാര്യത്തിനുള്ള ഇളവുകൾ താഴെപ്പറയുന്നു.

4. 2000 രൂപ വരെ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ഉയർന്ന നിരക്കിലും 2000 രൂപയ്ക്ക് മുകളിൽ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കുന്നതാണ്.

5. വികലാംഗനായ ഒരു വ്യക്തിക്ക് രണ്ട് പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. ഇതിൽ ഒരു പെൻഷൻ ഉയർന്ന നിരക്കിലും രണ്ടാമതൊരു പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ട്.

**ക്ഷേമ പെൻഷനുകൾ**

129(532) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമ പെൻഷനുകൾ മുൻകൂർ നൽകിയതിന് എത്ര തുക ചെലവായി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രതിവർഷം ക്ഷേമ പെൻഷൻ വിതരണത്തിനായി എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016 സെപ്റ്റംബർ, 2016 ഡിസംബർ, 2017 ആഗസ്റ്റ്, 2019 ഏപ്രിൽ എന്നീ മാസങ്ങളിലെ സാമൂഹ്യസുരക്ഷാ പെൻഷൻ മുൻകൂറായി നൽകിയിട്ടുണ്ട്. ഇതിനായി 1717.36 കോടി രൂപ ചെലവായിട്ടുണ്ട്.

(ബി) നിലവിലുള്ള ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് 6740,32,26,000 രൂപയാണ് പ്രതിവർഷം സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന് ആവശ്യമായി വരുന്നത്.

**ക്ഷേമ പെൻഷനുകളുടെ വിതരണം**

130(533) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതു മാസം വരെയുള്ള ക്ഷേമപെൻഷനുകൾ വിതരണം ചെയ്തു കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ ക്ഷേമ പെൻഷനുകളിലെ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര വീതമാണെന്ന് വിശദീകരിക്കാമോ;

(സി) കേരളത്തിൽ ആകെ എത്ര പേർക്ക് ക്ഷേമ പെൻഷനുകൾ നൽകുന്നുണ്ട്; ഇതിന് പ്രതിമാസം ആവശ്യമായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2019 ഏപ്രിൽ മാസം വരെയുള്ള ക്ഷേമ പെൻഷനുകൾ വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്.

(ബി) വിവിധ സാമൂഹ്യസുരക്ഷാ പെൻഷനുകളിലെ കേന്ദ്ര സംസ്ഥാന വിഹിതം താഴെ വിവരിച്ചിരിക്കുന്നു:

| പെൻഷൻ ഇനം | പെൻഷൻ ഉപവിഭാഗം | പ്രതിമാസ സംസ്ഥാന വിഹിതം | പ്രതിമാസ കേന്ദ്ര വിഹിതം | ആകെ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 75 വയസ്സിനു താഴെ | 1000 | 200 | 1200 |
| | പ്രായം 75 വയസ്സിന് മുകളിൽ 80 വയസ്സിന് താഴെ | 1300 | 200 | 1500 |
| | പ്രായം 80 വയസ്സിന് മുകളിൽ | 1000 | 500 | 1500 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | അംഗപരിമിതി 80 ശതമാനത്തിൽ കുറവ് | 900 | 300 | 1200 |
| | അംഗപരിമിതി 80 ശതമാനവും അതിനു മുകളിലും | 1000 | 300 | 1300 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 900 | 300 | 1200 |
| | കർഷക തൊഴിലാളി പെൻഷൻ | 1200 | ഇല്ല | 1200 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിത കൾക്കുള്ള പെൻഷൻ | 1200 | ഇല്ല | 1200 |

കേന്ദ്ര വിഹിതം ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അർഹതാ മാനദണ്ഡങ്ങൾ പാലിക്കുന്ന ഗുണഭോക്താക്കൾക്ക് മാത്രമാണ് അർഹത. മറ്റുള്ളവരുടെ പെൻഷൻ തുക പൂർണ്ണമായും സംസ്ഥാന സർക്കാരാണ് നൽകുന്നത്. കേന്ദ്രത്തിൽ നിന്നും പ്രതിവർഷം ആകെ 222 കോടി രൂപ മാത്രമാണ് സംസ്ഥാനത്തിന് ഈ ഇനത്തിൽ ലഭിക്കുന്നത്. 2018-19-ൽ സാമൂഹ്യസുരക്ഷാ പെൻഷനുകൾക്കും സർക്കാർ സഹായത്തോടെ വിവിധ ക്ഷേമനിധി ബോർഡുകൾ നല്കുന്ന പെൻഷനുകൾക്കുള്ള സഹായത്തിനുമായി 6203.88 കോടി രൂപയാണ് സംസ്ഥാന സർക്കാർ ചെലവു ചെയ്തത്.

(സി) കേരളത്തിൽ ആകെ 4563180 പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നല്കുന്നുണ്ട്. ഇതിന് പ്രതിമാസം 561,69,35,500 രൂപ ആവശ്യമായിട്ടുണ്ട്.

### സാമൂഹ്യസുരക്ഷാ പെൻഷൻ അർഹത പുനഃപരിശോധിക്കൽ

131(534) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോൺ പ്രയോറിറ്റി റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ അർഹത പുനഃപരിശോധിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് പുതിയ ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) ഇതുമൂലം അർഹതയുള്ളവർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പുതിയ റേഷൻ കാർഡിൽ ഭൂരിഭാഗവും വെള്ള കാർഡാണെന്നിരിക്കെ പെൻഷൻ ഉപഭോക്താക്കൾക്ക് ദോഷകരമാകുന്ന പ്രസ്തുത സർക്കുലർ മരവിപ്പിക്കുമോ?

<u>ഉത്തരം</u>

(എ) ഒരു സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

(ബി) ഇല്ല. സർക്കുലർ നമ്പർ 40/2019/ധന തീയതി 2-5-2019 പ്രകാരം ടി സർക്കുലറിലെ നിർദ്ദേശങ്ങൾ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ തടഞ്ഞു വച്ചിരിക്കുകയാണ്.

(സി) ഇല്ല. സർക്കുലർ നമ്പർ 40/2019/ധന തീയതി 2-5-2019 പ്രകാരം ടി സർക്കുലറിലെ നിർദ്ദേശങ്ങൾ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ തടഞ്ഞുവച്ചിരിക്കുകയാണ്.

**ദേശീയ ദുരന്ത നിവാരണ ഫണ്ട്**

132(535) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും എത്ര തുക ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓഖി, പ്രളയം എന്നിവ സംസ്ഥാനത്തെ ബാധിച്ച വേളയിൽ ദേശീയ ദുരന്ത നിവാരണ ഫണ്ടിൽനിന്നും പ്രത്യേക ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തിന്റെ എസ്.ഡി.ആർ. ഫണ്ടിൽ നിന്നും ഈ കാലയളവിൽ എത്ര തുക ചെലവഴിച്ചുവെന്നും ഇനി എത്ര തുക മിച്ചമുണ്ടെന്നും വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിച്ച തുക ഉൾപ്പെടെ ചുവടെ കാണുന്നവിധം

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ തുക വകയിരുത്തിയിട്ടുണ്ട്:

| സാമ്പത്തിക വർഷം | കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിച്ച തുക (കോടിയിൽ) | സംസ്ഥാന വിഹിതം (കോടിയിൽ) |
|---|---|---|
| 2016-17 | 145.50 | 48.50 |
| 2017-18 | 153.00 | 51.00 |
| 2018-19 | 192.60 | 21.40 |

കൂടാതെ 2245-80-800-80 other miscellaneous relief expenditure എന്ന ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷം 7,44,00,000 രൂപയും 2017-18 സാമ്പത്തിക വർഷം 5,00,00,000 രൂപയും 2018-19 സാമ്പത്തിക വർഷം 5,00,00,000 രൂപയും നടപ്പ് സാമ്പത്തിക വർഷം 6,00,00,000 രൂപയും സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്.

2016-17 -ലെ വരൾച്ചയുമായി ബന്ധപ്പെട്ട് 31.72 കോടി രൂപയും 2017-ലെ ഓഖിയുമായി ബന്ധപ്പെട്ട് 111.7 കോടി രൂപയും 2018-ലെ വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട് 2904.85 കോടി രൂപയും പ്രത്യേക ധനസഹായമായി കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷം 152.30 കോടി രൂപയും 2017-18 സാമ്പത്തിക വർഷം 199.52 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 1321.81 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 82.45 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ 2025.01 കോടി രൂപ ബാക്കിയുണ്ട്.

**സർക്കാർ സേവനങ്ങൾക്കുള്ള ഫീസ് വർദ്ധന**

133(536) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ സർക്കാർ സേവനങ്ങൾക്കുള്ള ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകൾ വിശദമാക്കാമോ;

(ബി) 2019-20 സാമ്പത്തിക വർഷം സേവനങ്ങൾക്കുള്ള ഫീസ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) സർക്കാർ സേവനങ്ങളുടെ ഫീസ് വർദ്ധിപ്പിക്കാൻ ഏതെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. നിലവിലുണ്ടായിരുന്ന സേവന നിരക്കുകളിൽ 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ബി) 2019-20-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ 298 ഇനമായി വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾക്കുള്ള ചാർജ്ജുകളും ഫീസുകളും അഞ്ച് ശതമാനം ഉയർത്തുന്നുവെന്ന് വ്യക്തമാക്കിയിരുന്നു. 8-3-2019-ലെ സ.ഉ(അച്ചടി) 28/2019/ധന പ്രകാരം 1-4-2019 മുതൽ പ്രാബല്യം നൽകി എല്ലാ സേവന നിരക്കുകളിലും 5% വർദ്ധനവ് വരുത്തി ഉത്തരവായിട്ടുണ്ട്.

(സി) സർക്കാർ വകുപ്പുകൾ വഴി നല്കിവരുന്ന വിവിധ സേവനങ്ങൾക്ക് 2018- ൽ നിലവിലുണ്ടായിരുന്ന നിരക്കുകൾ 2012-ലും 2014-ലുമായി പുതുക്കി നിശ്ചയിച്ചവയാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും കാലാനുസൃതമായി സേവന നിരക്കുകൾ പരിഷ്കരിക്കേണ്ടത് അനിവാര്യമായതിനാലുമാണ് നിരക്ക് വർദ്ധന പ്രാബല്യത്തിൽ വരുത്തിയത്.

**ജി.എസ്.ടി. വരുമാനം**

134(537) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ജി.എസ്.ടി. വരുമാനത്തിൽ എത്ര ശതമാനം വളർച്ച ഉണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്;

(ബി) എത്ര ശതമാനം വളർച്ചയാണ് ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രതീക്ഷിച്ച വളർച്ച ഉണ്ടാകാത്തതിന്റെ കാരണം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) 1-7-2017 മുതലാണ് ജി.എസ്.ടി നടപ്പിലായത്. അതുകൊണ്ട് 2017-18-ലെ വരുമാനവുമായി താരതമ്യപ്പെടുത്തുവാൻ നിർവ്വാഹമില്ല. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം ജി.എസ്.ടി. വരുമാനം ഉൾപ്പെടെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 22 ശതമാനം വർദ്ധനവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്.

(ബി) ജി.എസ്.ടി. കോമ്പൻസേഷൻ ഉൾപ്പെടെ കഴിഞ്ഞ സാമ്പത്തിക വർഷം (2018-19) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 14 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) കേരളത്തിൽ മൊത്തം ' വാറ്റ് ' നികുതി പിരിവിന്റെ ബഹുഭൂരിഭാഗവും 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം നിശ്ചയിച്ചു എങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെത്തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ വിശദമായ നികുതി റിട്ടേൺ ഫയൽ ചെയ്യാത്തതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.

ഇപ്പോൾ ലളിതമായ റിട്ടേൺ മാത്രമാണ് വ്യാപാരികൾ ഫയൽ ചെയ്യുന്നത്. റിട്ടേണുകളുടെ സമഗ്ര പരിശോധന വാർഷിക റിട്ടേണുകൾ സമർപ്പിക്കുന്ന ഘട്ടത്തിൽ മാത്രമാണ് നടത്തുവാൻ കഴിയുന്നത്. 2017-18, 2018-19 എന്നീ വർഷങ്ങളിലെ വാർഷിക റിട്ടേൺ 2019 ജൂൺ, സെപ്റ്റംബർ മാസങ്ങളിലാണ് സമർപ്പിക്കേണ്ടത്.

ഭൂരിഭാഗം ആഡംബര ഉപഭോക്തൃ ചരക്കുകളുടെയും നികുതി നിരക്ക് 23-ാം ജി.എസ്.ടി കൗൺസിലിന്റെ തീരുമാനപ്രകാരം 28 ശതമാനത്തിൽനിന്ന് 18%, 12% ആയി കുറച്ചിട്ടുണ്ട്. ഇത് സംസ്ഥാനങ്ങളുടെ നികുതി പിരിവിനെ ദോഷകരമായി ബാധിക്കുമെന്ന് കേരളം അന്നുതന്നെ ചൂണ്ടിക്കാണിച്ചിരുന്നു. നികുതിനിരക്കിലെ വ്യതിയാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്ത് ഭൂരിപക്ഷ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതായതിനാൽ ഇത് പുനഃപരിശോധിക്കാനുള്ള സാധ്യത വിരളമാണ്.

**ജി.എസ്.ടി. റീഫണ്ട് അപേക്ഷകൾ**

135(538) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. റീഫണ്ടിനായി സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിച്ചാൽ നാൽപത് ദിവസത്തിനകം റീഫണ്ട് നൽകണമെന്ന വ്യവസ്ഥയുണ്ടായിട്ടും ആയത് നൽകാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) യഥാസമയം റീഫണ്ട് ലഭിക്കാത്ത സ്ഥാപനങ്ങൾക്ക് പലിശ നൽകണമെന്ന വ്യവസ്ഥ പാലിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് ഈ ഇനത്തിൽ എത്ര രൂപ പലിശ നൽകിയെന്ന് അറിയിക്കാമോ;

(സി) യഥാസമയം റീഫണ്ടിന് അപേക്ഷ സമർപ്പിച്ച എത്ര സ്ഥാപനങ്ങൾക്ക് എത്ര രൂപ റീഫണ്ട് നല്കാനുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) റീഫണ്ടിന് അർഹതയുണ്ടെന്ന് തെളിയിക്കുവാൻ ആവശ്യമായ രേഖകൾ കൃത്യമായി സമർപ്പിച്ചിട്ടുള്ള കേസ്സുകളിൽ കാലതാമസം കൂടാതെ റീഫണ്ട് നല്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ആവശ്യമായ രേഖകൾ സമർപ്പിക്കാതിരിക്കുകയോ, സമർപ്പിച്ച രേഖകളിൽ വ്യക്തതക്കുറവോ സംശയമോ ഉണ്ടാകുന്ന കേസ്സുകളിൽ രേഖകളുടെ ആധികാരികത തെളിയിക്കുന്നതുവരെ കാലതാമസം വരാറുണ്ട്.

(ബി) റീഫണ്ടിന് അർഹതയുണ്ടെന്ന് തെളിയിക്കുവാനാവശ്യമായ കൃത്യവും വിശ്വസനീയവുമായ രേഖകൾ സഹിതം സമർപ്പിക്കപ്പെട്ടിട്ടുള്ള എല്ലാ അപേക്ഷമേലും സമയബന്ധിതമായി തീർപ്പുകൽപ്പിക്കപ്പെട്ടിട്ടുള്ളതിനാൽ പലിശ നൽകേണ്ട സാഹചര്യം ഇതുവരെയുണ്ടായിട്ടില്ല.

(സി) യഥാസമയം ലഭിച്ച 222 അപേക്ഷകളിലായി 37.07 കോടി രൂപ റീഫണ്ട് നൽകാനുണ്ട്. ഈ അപേക്ഷകൾ റീഫണ്ടിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയപരിധി കഴിഞ്ഞുപോയിട്ടുള്ളവ അല്ല.

**ജി.എസ്.ടി. രജിസ്ട്രേഷൻ**

136(539) ശ്രീ. എൻ.എ. നെല്ലിക്കുന്ന് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം എത്ര ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള ഹോട്ടലുകളാണ് ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കണമെന്ന് നിയമം നിഷ്കർഷിച്ചിരിക്കുന്നത്;

(ബി) അപ്രകാരം വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹോട്ടലുകളുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ;

(സി) ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ട സ്ഥാപനങ്ങൾക്ക് അത് നൽകുന്നതിലേക്കായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

(എ) ഹോട്ടൽ ബിസിനസ്സ് സേവനദാതാക്കളുടെ പരിധിയിൽ വരുന്നതിനാൽ, പ്രതിവർഷം 20 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള ഹോട്ടലുകൾക്ക് ജി.എസ്.ടി രജിസ്ട്രേഷൻ നിർബന്ധമാണ്.

(ബി) വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹോട്ടലുകളുടെ എണ്ണം ശേഖരിച്ചിട്ടില്ല.

(സി) ജി.എസ്.ടി. രജിസ്ട്രേഷൻ ബാധ്യതയുള്ള സ്ഥാപനങ്ങൾ കണ്ടുപിടിച്ച് നികുതിവലയത്തിൽ കൊണ്ടുവരുന്നതിന് സമഗ്രമായ സ്ട്രീറ്റ് സർവ്വേ ചരക്ക് സേവന നികുതി വകുപ്പ് നടത്തിവരുന്നു. കൂടാതെ ഇന്റലിജൻസ് വിഭാഗം ബിൽ ശേഖരണം നടത്തി പ്രസ്തുത സ്ഥാപനങ്ങള രജിസ്ട്രേഷൻ പരിധിയിൽ വരുന്നുണ്ടോ എന്ന് പരിശോധിച്ച് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം നികുതിവരുമാനത്തിൽ കുറവ്

137(540) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയശേഷം സംസ്ഥാനത്ത് നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടെന്ന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയത് മൂലം നികുതിവരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഇനി എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## ബിനാമി ജി.എസ്.ടി. രജിസ്ട്രേഷനിലൂടെ നികുതി വെട്ടിപ്പ്

138(541) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിനാമി ജി.എസ്.ടി. രജിസ്ട്രേഷനിലൂടെ സംസ്ഥാനത്ത് കോടിക്കണക്കിന് രൂപയുടെ നികുതി വെട്ടിപ്പ് നടക്കുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതൊക്കെ മേഖലകളിലാണ് ഇത്തരം വെട്ടിപ്പ് നടക്കുന്നതായി കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഇത്തരം വെട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടയ്ക്കാ വ്യാപാര മേഖലയിലും പ്ലൈവുഡ് മേഖലയിലും വെട്ടിപ്പുകൾ കണ്ടെത്തിയിട്ടുണ്ട്.

(സി) വെട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ രജിസ്ട്രേഷൻ റദ്ദാക്കുകയും ജി.എസ്.ടി. നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ ജി.എസ്.ടി. രജിസ്ട്രേഷനുകൾ നൽകുമ്പോൾ ബിനാമി രജിസ്ട്രേഷനുകൾ ഒഴിവാക്കണമെന്നുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**ചരക്ക് സേവന നികുതി ചോർച്ച**

139(542) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കിയ ശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ വരുമാനനഷ്ടമാണ് ഉണ്ടായിട്ടുള്ളത്;

(ബി) ഏതെല്ലാം കാരണത്താലാണ് നികുതി ചോർച്ച ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) നഷ്ടപ്പെട്ട നികുതി വരുമാനം തിരിച്ച് പിടിക്കുവാൻ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഈ സാമ്പത്തിക വർഷം ചരക്കു സേവന നികുതിയിനത്തിൽ എത്ര ശതമാനം വളർച്ചാനിരക്കാണ് ലക്ഷ്യമിടുന്നത്; ഇത് കൈവരിക്കുന്നതിലൂടെ പ്രസ്തുത നികുതിയിൽ ഉണ്ടായ ഗണ്യമായ കുറവ് പരിഹരിക്കാൻ സാധിക്കുമോ?

ഉത്തരം

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കിയശേഷം സംസ്ഥന നികുതി വകുപ്പിൽ മൊത്തം നികുതി വരുമാനത്തിൽ കുറവ് ഉണ്ടായിട്ടില്ല. കഴിഞ്ഞ 5 വർഷങ്ങളിൽ നികുതി വരുമാനവും വർദ്ധനവും ചുവടെ ചേർക്കുന്നു:

തുക കോടിയിൽ

| വർഷം | ലഭിച്ച വരുമാനം | വർദ്ധനവ് |
|---|---|---|
| 2014-15 | 27870.89 | 2494.64 |
| 2015-16 | 31152.07 | 3281.18 |
| 2016-17 | 34038.36 | 2886.29 |
| 2017-18 | 38403.69 | 4365.33 |
| 2018-19 | 43707.51 | 5303.82 |

(ബി) ചരക്കു സേവന നികുതിയിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ല. നികുതി ചോർച്ച ഉണ്ടായിട്ടുള്ളതിന്റെ കാരണങ്ങൾ ചുവടെ ചേർക്കുന്നു:

(1) ജി.എസ്.ടി.-യിൽ നിശ്ചയിച്ചിരിക്കുന്ന നികുതി നിരക്ക് ഭൂരിപക്ഷം ചരക്കുകൾക്കും, ജി.എസ്.ടി.-യിൽ ലയിപ്പിച്ചിട്ടുള്ള വാറ്റ്, എക്സൈസ് നികുതി ഉൾപ്പെടെയുള്ള നികുതി നിരക്കിനേക്കാൾ കുറവാണ്. ഇത് ജി.എസ്.ടി. വരുമാനത്തെ ബാധിച്ചിട്ടുണ്ട്.

(2) ചരക്കു സേവന നികുതി നിലവിൽ വന്നതോടുകൂടി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ ഇല്ലാതായി. ഇതുമൂലം ചരക്കുകൾ കണക്കുകൾ രേഖപ്പെടുത്താതെ കേരളത്തിലേയ്ക്ക് വരുന്നുണ്ട്. ചരക്ക് നിയന്ത്രണം നിരീക്ഷിക്കുവാനുള്ള ഇ-വേബിൽ സമ്പ്രദായം 2018 ഏപ്രിൽ മുതലാണ് നടപ്പാക്കിയത്.

(3) ലളിതമായ മാസറിട്ടേണുകൾ വ്യാപാരികൾ നൽകുന്നതുമൂലം കാര്യക്ഷമമായ റിട്ടേൺ സ്ക്രൂട്ടിനി നടക്കുന്നില്ല.

(4) 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ സാങ്കേതിക കാരണങ്ങളാൽ സമർപ്പിക്കാൻ വ്യാപാരികൾക്ക് സമയപരിധി 30-6-2019 വരെ ദീർഘിപ്പിച്ചു. കാര്യക്ഷമമായ റിട്ടേൺ സ്ക്രൂട്ടിനി വാർഷിക റിട്ടേണുകൾ ലഭിക്കുമ്പോൾ മാത്രമാണ് നടത്തുവാൻ കഴിയുന്നത്.

(സി) നഷ്ടപ്പെട്ട നികുതി വരുമാനം തിരിച്ച് പിടിക്കാൻ തയ്യാറാക്കിയ കർമ്മ പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വരുന്ന ചരക്കു വാഹനങ്ങളിൽ ഇ-വേബിൽ ഉണ്ടോ എന്ന് പരിശോധന നടത്തുന്നതിനുവേണ്ടി

സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇന്റലിജൻസ് സ്ക്വാഡുകളെ അതിർത്തി പ്രദേശങ്ങളിൽ (24/7) വിന്യസിച്ചിട്ടുണ്ട്. പ്രധാന അതിർത്തി റോഡുകളിൽ എ.എൻ.പി.ആർ. സംവിധാനമുള്ള ക്യാമറകൾ സ്ഥാപിച്ച് ചരക്കുവാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ എൻ.പി.ആർ. ക്യാമറകൾ വാളയാറിൽ സ്ഥാപിച്ച് ഇ-വേബിൽ വിവരങ്ങൾ വിശകലനം ചെയ്തുവരുന്നു. ഇത് കാര്യക്ഷമമായ വാഹന പരിശോധന ഉറപ്പുവരുത്തി നികുതി വെട്ടിപ്പ് തടയുന്നതാണ്.

2017-18, 2018-19 വർഷങ്ങളിലെ വാർഷിക റിട്ടേണുകൾ 2019 ജൂൺ, സെപ്റ്റംബർ എന്നീ മാസങ്ങളിൽ ലഭിക്കും. ഇവയുടെ സ്ക്രൂട്ടിനി, ഓഡിറ്റ് എന്നിവയിലൂടെ നഷ്ടപ്പെട്ട ജി.എസ്.ടി. തിരിച്ചുപിടിക്കാനുള്ള കർമ്മ പരിപാടിയാണ് ഉദ്ദേശിച്ചിട്ടുള്ളത്.

വ്യാപാരികളുടെ ഇൻപുട്ട് പരിശോധിക്കാൻ ആവശ്യമായ ബാക്ക് എൻഡ് മോഡ്യൂളും മേഖല തിരിച്ചിട്ടുള്ള ഡാറ്റാ വിശകലനവും ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സേവനദാതാക്കളിൽ ഭൂരിപക്ഷവും രജിസ്ട്രേഷനിലേയ്ക്ക് വന്നിട്ടില്ല. ഈ സാഹചര്യത്തിൽ കൂടുതൽപേരെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

നികുതി വകുപ്പിനെ പുനസംഘടിപ്പിക്കും. എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തും. ഡാറ്റാ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധനാ വിധേയമാക്കി വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തേണ്ടി വരുന്ന സാഹചര്യങ്ങളിൽ കേന്ദ്ര-സംസ്ഥാന ചരക്കു സേവന നികുതി ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ടെസ്റ്റ് പർച്ചേയ്സ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

നികുതി വളർച്ച ഉറപ്പാക്കുന്നതിലേക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കു സേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

(ഡി) ഈ സാമ്പത്തിക വർഷം ചരക്കു സേവന നികുതിയിനത്തിൽ 30 ശതമാനം വളർച്ചാ നിരക്കാണ് ലക്ഷ്യമിടുന്നത്. ഇത് കൈവരിക്കുന്നതിലൂടെ പ്രസ്തുത നികുതയിലുണ്ടായ കുറവ് പരിഹരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## അമരവിള സിഡ്കോ ടൈൽ ഫാക്ടറിയുടെ നികുതി കുടിശ്ശിക

140(543) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അമരവിള സിഡ്കോ ടൈൽ ഫാക്ടറി നികുതി കുടിശ്ശിക ഇനത്തിൽ എത്ര തുക അടയ്ക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതുവർഷം മുതലാണ് സിഡ്കോ നികുതി കുടിശ്ശിക വരുത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) സിഡ്കോയ്ക്ക് നികുതി കുടിശ്ശിക ഉണ്ടെങ്കിൽ കുടിശ്ശിക ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുമോ;

(ഡി) ചെറുകിട വ്യവസായങ്ങൾ നഷ്ടത്തിലാകുമ്പോൾ നികുതി കുടിശ്ശികയിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കാൻ കഴിയുമോ; ഇതിന് ഏതെങ്കിലും മാനദണ്ഡം ഉണ്ടോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അമരവിള സിഡ്കോ ടൈൽ ഫാക്ടറി നികുതി കുടിശ്ശിക ഇനത്തിൽ 3,70,866 രൂപ അടയ്ക്കാനുണ്ട്.

(ബി) 1988-89 വർഷം മുതലാണ് നികുതി കുടിശ്ശിക വരുത്തിയത്.

(സി&ഡി) നികുതി കുടിശ്ശിക ഒഴിവാക്കാൻ നിയമപരമായി കഴിയില്ല. എന്നാൽ കുടിശ്ശികയുടെ പിഴ, പലിശ എന്നിവ ഒഴിവാക്കി തവണകളായി അടയ്ക്കുവാനുള്ള ആംനെസ്റ്റി പദ്ധതി 2019 ഫിനാൻസ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സെയിൽസ് ടാക്സ് കുടിശ്ശിക

141(544) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെയിൽസ് ടാക്സ് ഇനത്തിൽ എത്ര രൂപ കുടിശ്ശികയായി സർക്കാരിന് ലഭിക്കാനുണ്ട്;

(ബി) സെയിൽസ് ടാക്സ് കുടിശ്ശിക വരുത്തിയവർക്കെതിരെ ജപ്തി നടപടികൾ സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ പ്രഖ്യാപിച്ച കടാശ്വാസ മൊറട്ടോറിയം സെയിൽസ് ടാക്സ് കുടിശ്ശിക വരുത്തിയവർക്കും ബാധകമാണോ;

(ഡി) സെയിൽസ് ടാക്സ് കുടിശ്ശിക വരുത്തിയവർക്ക് അത് തിരിച്ചടക്കുന്നതിന് സമാശ്വാസ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള പൊതുവിൽപ്പന നികുതി ഇനത്തിൽ 31-3-2019 വരെ 2427.72 കോടി രൂപ കുടിശ്ശികയായി സർക്കാരിന് ലഭിക്കാനുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സർക്കാർ പ്രഖ്യാപിച്ച കടാശ്വാസ മൊറട്ടോറിയം സെയിൽസ് ടാക്സ് കുടിശ്ശിക വരുത്തിയവർക്ക് ബാധകമല്ല. എന്നാൽ കശുവണ്ടി മേഖല നേരിടുന്ന സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് പ്രസ്തുത മേഖലയുടെ പുനരുദ്ധാരണത്തിനായി ടി വ്യവസായികൾ വരുത്തിയിട്ടുള്ള സെയിൽസ് ടാക്സ് അടക്കമുള്ള കുടിശ്ശികകളെ റിക്കവറി നടപടികളിൽ നിന്നും ഒരു വർഷത്തേക്ക് ഒഴിവാക്കുന്നതിനായി 6-2-2019-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം തീരുമാനിച്ചിട്ടുണ്ട്.

(ഡി) കേരള പൊതുവിൽപ്പന നികുതി കുടിശ്ശിക വരുത്തിയവർക്ക് തിരിച്ചടയ്ക്കുന്നതിനുവേണ്ടി ആകർഷകമായ ആംനെസ്റ്റി പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. 31-3-2005 വരെയുള്ള വിൽപ്പന നികുതി കുടിശ്ശിക, പിഴപ്പലിശ ഒഴിവാക്കിയും 1-4-2005 മുതൽ 31-3-2018 വരെയുള്ള നികുതി കുടിശ്ശിക പിഴ മാത്രം ഒഴിവാക്കിയും തവണകളായി അടച്ചുതീർക്കാവുന്നതാണ്.

**ചരക്കുസേവന നികുതി നടപ്പിലാക്കിയ ശേഷമുള്ള നികുതി ചോർച്ച**

142(545) <u>ശ്രീ. സി. മമ്മൂട്ടി</u>:
<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>:
<u>ഡോ. എം. കെ. മുനീർ</u>:
<u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കുസേവന നികുതി നടപ്പിലാക്കിയ ശേഷം സംസ്ഥാനത്തിന് നികുതി ചോർച്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇത്തരത്തിലുണ്ടാകുന്ന നഷ്ടം എപ്രകാരം നികത്താമെന്നാണ് കരുതുന്നത്; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇത്തരത്തിലുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വരുന്ന ചരക്കുവാഹനങ്ങളിൽ ഇ-വേ ബിൽ ഉണ്ടോ എന്ന് പരിശോധന നടത്തുന്നതിനു വേണ്ടി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇന്റലിജൻസ് സ്ക്വാഡുകളെ അതിർത്തി പ്രദേശങ്ങളിൽ (24/7) വിന്യസിച്ചിട്ടുണ്ട്. കൂടാതെ ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പ്രധാന അതിർത്തി റോഡുകളിൽ എ.എൻ.പി.ആർ. സംവിധാനമുള്ള ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ സ്ഥാപിച്ച് ഇ-വേ ബിൽ വിവരങ്ങൾ വിശകലനം ചെയ്തുവരുന്നു.

വ്യാപാരികൾ 2017-18, 2018-19 എന്നീ വർഷങ്ങളിലെ ജി.എസ്.ടി. വാർഷിക റിട്ടേണുകൾ 2019 ജൂൺ, സെപ്റ്റംബർ മാസങ്ങളിൽ സമർപ്പിക്കുന്നതാണ്. വാർഷിക റിട്ടേണുകളുടെ സൂക്ഷ്മ പരിശോധനയിലൂടെ ജി.എസ്.ടി.യുടെ ചോർച്ച പരിഹരിക്കുവാൻ കഴിയും. ഇതുകൂടാതെ ഇ-വേ ബില്ലുകൾ, റിട്ടേണുകൾ തുടങ്ങിയവയിലൂടെ ലഭിക്കുന്ന വിവരങ്ങൾ വിശകലനം ചെയ്തു നികുതി വെട്ടിപ്പ് നടത്തിയിട്ടുള്ള വ്യാപാരികളുടെ കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുന്നതാണ്. വിദഗ്ദ്ധ സഹായത്തോടെ വിവരവിശകലനം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചരക്കുസേവന നികുതി**

143(546) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറ്റുമതി നടത്തുന്നവർക്കും അതോടൊപ്പം തന്നെ പ്രത്യേക സാമ്പത്തികമേഖലയിലേയ്ക്ക് ചരക്കുകളും സേവനങ്ങളും നൽകുന്നവർക്കും ഉറവിടത്തിൽനിന്നും അധികമായി പിടിച്ച ചരക്കുസേവന നികുതി തിരിച്ചു നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ നികുതി വകുപ്പ് കൈപ്പറ്റിയ നികുതി തുക നിശ്ചിത സമയത്തിനുള്ളിൽ തിരിച്ചു നൽകാൻ കഴിയുന്ന തരത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(സി) മേൽ സൂചിപ്പിച്ച പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കയറ്റുമതി നടത്തുന്നവർക്കും അതോടൊപ്പം തന്നെ പ്രത്യേക സാമ്പത്തിക മേഖലയിലേയ്ക്ക് ചരക്കുകളും സേവനങ്ങളും നൽകുന്നവർക്കും അടച്ച തുക തിരിച്ചുനൽകുവാൻ സംസ്ഥാന ചരക്കുസേവന നികുതി കമ്മീഷണറുടെ 5/2018, 9/2018 എന്നീ സർക്കുലറുകൾ പ്രകാരം വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി സർക്കുലർ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ റീഫണ്ട് അപേക്ഷകളിന്മേൽ എത്രയും വേഗം തീർപ്പുകൽപ്പിക്കേണ്ടതാണെന്നും അർഹമായ കേസ്സുകളിൽ യാതൊരു കാരണവശാലും കാലതാമസം വരുത്തുവാൻ പാടുള്ളതല്ലെന്നും ബന്ധപ്പെട്ട ഡെപ്യൂട്ടി കമ്മീഷണർമാർക്ക് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം നിർദ്ദേശങ്ങളുടെ ഫലമായി ചരക്കുസേവന നികുതി റീഫണ്ടുകളിലെ കാലതാമസത്തെക്കുറിച്ചുള്ള പരാതികളുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞു വരുന്നതായാണ് കണ്ടുവരുന്നത്. റീഫണ്ടുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിലുള്ള കാലതാമസംമൂലമോ അത്തരം രേഖകളുടെ വിശ്വസനീയത തെളിയിക്കുവാൻ സമയം വേണ്ടിവരുമ്പോഴോ മാത്രമേ റീഫണ്ട് കേസുകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ കഴിയാതെ വരുന്നുള്ളൂ.

(ബി&സി) പൂർണ്ണമായ അപേക്ഷ സമർപ്പിച്ച സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി റീഫണ്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. എന്നാൽ അപൂർണ്ണമായ അപേക്ഷകളോ അനുബന്ധ രേഖകളോ സമർപ്പിക്കുന്ന കേസ്സുകളിലാണ് കാലതാമസം ഉണ്ടാകുന്നത്. പൂർണ്ണമായ അപേക്ഷ സമർപ്പിച്ച കേസുകളിൽ നികുതി വകുപ്പ് കൈപ്പറ്റിയ നികുതി തുക നിശ്ചിത സമയത്തിനുള്ളിൽ തിരിച്ചുനൽകാൻ കഴിയുന്നില്ല എന്ന പരാതികളിന്മേൽ നികുതിവകുപ്പ് കാര്യക്ഷമവും സമയബന്ധിതവുമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രളയ സെസ്സ്

144(548) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന പ്രളയ നഷ്ടം നികത്തുവാൻ സെസ്സ് പിരിക്കുന്നതിന് ജി.എസ്.ടി. കൗൺസിൽ അനുമതി നൽകിയിട്ടുണ്ടോ;

(ബി) എത്ര ശതമാനം സെസ്സ് പിരിക്കുവാനാണ് ജി.എസ്.ടി. കൗൺസിലിന്റെ അനുമതി തേടിയതെന്നും എത്ര ശതമാനം പിരിക്കുവാൻ അനുമതി ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഇതിലൂടെ എത്ര കോടി രൂപ അധികമായി സമാഹരിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) സെസ്സ് സംബന്ധിച്ച തീരുമാനം നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10 ശതമാനം സെസ്സ് പിരിക്കുവാനാണ് സംസ്ഥാന സർക്കാർ ശിപാർശ സമർപ്പിച്ചത്. സംസ്ഥാനത്തിനുള്ളിലെ എല്ലാ അന്തിമ വിതരണത്തിലും ആകെ മൂല്യത്തിന്റെ ഒരു ശതമാനത്തിൽ കവിയാത്ത നിരക്കിൽ സെസ്സ് ചുമത്തുവാൻ അനുമതി ലഭിച്ചിട്ടുണ്ട്.

(സി) 2019-ലെ കേരള സംസ്ഥാന ബജറ്റിലെ 256-ാം ഖണ്ഡിക പ്രകാരം ഇതിലൂടെ പ്രതിവർഷം 600 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 2019-ലെ കേരള ധനകാര്യ ബില്ലിലെ സെസ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ നിലവിൽ വരുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ടായിരുന്നു. അതിൻപ്രകാരം 2019 ജൂൺ 1 മുതൽ സെസ്സ് പ്രാബല്യത്തിൽ വരുത്തികൊണ്ട് സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**ട്രഷറികളിൽ കോർബാങ്കിംഗ്**

145(549) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ട്രഷറികളെയും കോർബാങ്കിംഗ് ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉള്ളവർക്ക് ട്രഷറി ചെക്ക് മുഖേനയല്ലാതെ പേ ഇൻ സ്ലിപ് സമ്പ്രദായം വഴി പണം പിൻവലിക്കാനുള്ള സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തുകയും പ്രസ്തുത എ.ടി.എം. കാർഡ് ഉപയോഗിച്ച് മറ്റ് ദേശസാൽകൃത ബാങ്കുകളിലെ എ.ടി.എം. ശാഖകളിൽ നിന്നും പണം പിൻവലിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ ഇടപാട് നടക്കുമ്പോൾ ഉപഭോക്താവിന്റെ മൊബൈൽ ഫോണിൽ തൽസമയം വിവരം എസ്.എം.എസ്. മുഖേന നൽകാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ബന്ധിപ്പിച്ചിട്ടുണ്ട്.

(ബി) നിലവിൽ കേരള ട്രഷറി കോഡ് വാല്യം-2, അനുബന്ധം 3, ചട്ടം 19 പ്രകാരം ട്രഷറി ചെക്ക് ഉപയോഗിച്ചു മാത്രമേ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കുവാൻ സാധ്യമാകൂ. വിത്ത്ഡ്രോവൽ സ്ലിപ് ഉപയോഗിച്ച് പണം പിൻവലിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കുന്നത് നിലവിൽ പരിഗണനയിലില്ല.

(സി) ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമയ്ക്ക് ഫെഡറൽ ബാങ്ക് മുഖേന കോ-ബ്രാൻഡഡ് എ.ടി.എം. കാർഡ് നൽകുന്നതിന് ധാരണയായിട്ടുണ്ട്. റിസർവ് ബാങ്കിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ സംവിധാനം നടപ്പിലാക്കുന്നതാണ്.

(ഡി) ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സോഫ്റ്റ്‌വെയർ തയ്യാറെടുപ്പുകൾ പുരോഗമിക്കുന്നു.

## സബ്ട്രഷറി കെട്ടിടനിർമ്മാണം

146(550) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള സാങ്കേതികാനുമതി ഇതിനകം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട പരവൂർ സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി വിട്ടുകിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ട്രഷറി അടിസ്ഥാനസൗകര്യവികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ട്രഷറിക്ക് കെട്ടിടം നിർമ്മിയ്ക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ചാത്തന്നൂർ സബ്ട്രഷറിക്ക് ജി.ഒ. (ആർ.റ്റി.) നമ്പർ 757/2019/ഫിൻ തീയതി 31-1-2019 ഉത്തരവ് പ്രകാരം സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ നിർമ്മാണ നിർവ്വഹണ ഏജൻസിയായി ഇൻകെൽ ലിമിറ്റഡ് പരസ്യ ടെണ്ടറിലൂടെ ശ്രീ. സപ്രു കെ. ജേക്കബ് എന്ന കോൺട്രാക്ടർക്ക് കെട്ടിട നിർമ്മാണത്തിന്റെ ചുമതല നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ഉടൻതന്നെ ആരംഭിക്കുമെന്ന് ഇൻകെൽ ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്.

(ബി) പരവൂർ സബ്ട്രഷറിക്ക് സ്വന്തമായി ഭൂമി ലഭ്യമായിട്ടില്ല. സ്വന്തമായി ഭൂമി ലഭ്യമാക്കണമെന്ന ട്രഷറി വകുപ്പിന്റെ അപേക്ഷ, പരവൂർ മുനിസിപ്പാലിറ്റിയുടെ സജീവ പരിഗണനയിലാണ്. മേൽ നടപടികൾക്കായി നിർദ്ദിഷ്ട കെട്ടിടത്തിന്റെ പ്ലാൻ അയച്ചു കൊടുക്കാൻ മുനിസിപ്പാലിറ്റി അധികൃതർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായ ഒരു പ്ലാൻ ട്രഷറി ഡയറക്ടർ പരവൂർ മുനിസിപ്പാലിറ്റിക്ക് നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമായാൽ ട്രഷറി അടിസ്ഥാന സൗകര്യവികസന പദ്ധതിയിൽ ഉൾപ്പെടുത്തി പരവൂർ സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ സാധിക്കുന്നതാണ്.

## ചെറുപുഴ സബ്ട്രഷറിക്ക് പുതിയ കെട്ടിടം

147(551) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് വരെയായെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ചെറുപുഴ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 5 സെന്റ് സ്ഥലം ട്രഷറി വകുപ്പിന് ശ്രീമതി അമ്മിണി മാത്യു എന്ന വ്യക്തി 8-6-2018-ൽ സൗജന്യമായി കൈമാറ്റം ചെയ്ത് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ അംഗീകൃത നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെലിനോട് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ ട്രഷറി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇൻകെൽ ലിമിറ്റഡ് Detailed Project Report സമർപ്പിക്കുന്ന മുറയ്ക്ക് ട്രഷറി അടിസ്ഥാന സൗകര്യവികസന പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പിന്റെ ഫണ്ടുപയോഗിച്ച് ചെറുപുഴ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുടർനടപടികൾ സർക്കാരിന്റെ ഭരണാനുമതിക്കും സാങ്കേതികാനുമതിക്കും വിധേയമായി കൈക്കൊള്ളുന്നതാണ്.

## പഴയങ്ങാടി സബ്ട്രഷറി കെട്ടിടം

148(552) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

213 ലക്ഷം രൂപയുടെ സാങ്കേതികാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പഴയങ്ങാടി സബ്ട്രഷറി കെട്ടിടനിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

G.O. (Rt) No. 10644/2018/Fin dated 28-12-2018 ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലയിലെ പഴയങ്ങാടി സബ്ട്രഷറിക്ക് 2,13,91,000 (രണ്ട് കോടി പതിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരം രൂപ മാത്രം) രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ അംഗീകൃത നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ്, പരസ്യ ടെണ്ടറിലൂടെ വർക്ക് അവാർഡ് ചെയ്ത് നൽകിയിട്ടുണ്ട്. പഴയങ്ങാടി സബ്ട്രഷറിയുടെ പുതിയ കെട്ടിടനിർമ്മാണം ഉടൻതന്നെ ആരംഭിക്കുന്നതാണ്.

**കോട്ടയ്ക്കൽ സബ് ട്രഷറിക്ക് പുതിയ കെട്ടിടവും സ്ഥലവും**

149(553) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ സബ് ട്രഷറിയ്ക്ക് പുതിയ കെട്ടിടവും സ്ഥലവും അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പും ട്രഷറി ഡയറക്ടറും സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) രജിസ്ട്രേഷൻ വകുപ്പിന്റെ അധീനതയിലായിരുന്ന പ്രസ്തുത സ്ഥലത്തിൻെറ കൈമാറ്റം സംബന്ധിച്ച് പ്രസ്തുത വകുപ്പുമേധാവിയിൽ നിന്നും ട്രഷറി വകുപ്പിന് എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കോട്ടയ്ക്കൽ സബ് ട്രഷറിയുടെ ശോചനീയാവസ്ഥ പരിഗണിച്ച് പുതിയ കെട്ടിടത്തിനും സ്ഥലത്തിനും വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഭാഗമായി എല്ലാ ട്രഷറികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ വകുപ്പ് തീരുമാനിച്ചിട്ടുള്ളതിനാൽ കോട്ടയ്ക്കൽ സബ് ട്രഷറിക്ക് പുതിയ കെട്ടിടവും സ്ഥലവും അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കോട്ടയ്ക്കലിൽ രജിസ്ട്രേഷൻ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ലഭ്യമാക്കുന്നതിനായി മലപ്പുറം ജില്ലാ ട്രഷറി ഓഫീസർ രജിസ്ട്രേഷൻ വകുപ്പിനെ സമീപിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇല്ല.

(സി) രജിസ്ട്രേഷൻ വകുപ്പിൽ നിന്നും സ്ഥലം ട്രഷറി വകുപ്പിന് കൈമാറി കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ചങ്ങരംകുളം, പൊന്നാനി ട്രഷറികളിലെ ക്രമക്കേടുകൾ

150(554) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചങ്ങരംകുളം, പൊന്നാനി ട്രഷറികളിൽ 2018 ഒക്ടോബർ മാസത്തിൽ ആകെ എത്ര രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്;

(ബി) എത്ര സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ വ്യാജ സർട്ടിഫിക്കറ്റായി വിതരണം ചെയ്തിട്ടുണ്ട്; ഇങ്ങനെ വിതരണം ചെയ്ത സർട്ടിഫിക്കറ്റുകളുടെ മൂല്യം എത്രയാണ്;

(സി) വ്യാജ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുക വഴി സർക്കാരിന് ഏത് രീതിയിലാണ് നഷ്ടം സംഭവിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ ചങ്ങരംകുളം, പൊന്നാനി ട്രഷറികളിൽ 2018 ഒക്ടോബർ മാസത്തിൽ ആകെ 14,30,396 (പതിനാല് ലക്ഷത്തി മുപ്പതിനായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ആറ് രൂപ മാത്രം) രൂപയുടെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്.

(ബി) 54 സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ വ്യാജമായി തയ്യാറാക്കി ഇഷ്യൂ ചെയ്യുക വഴി 12,31,600 (പന്ത്രണ്ട് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി അറുന്നൂറ് രൂപ) രൂപയുടെ ക്രമക്കേട് നടന്നിട്ടുണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിൽ കരാർ പ്രവൃത്തികൾ നടത്തുന്നതിനായി ട്രഷറിയിൽ സ്ഥിരനിക്ഷേപം നടത്തി സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽ കരാറുകാർക്ക് പണയപ്പെടുത്താവുന്നതാണ്. ട്രഷറിയിൽ പണം നിക്ഷേപിക്കാതെ വ്യാജമായ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളാണ് ടി കേസ്സിൽ കരാറുകാർ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പണയപ്പെടുത്തിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ സർക്കാരിന് നേരിട്ട് ധനനഷ്ടം ഉണ്ടായിട്ടില്ലെങ്കിലും വ്യാജ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ് കരാറുകാർ കരാർ പ്രവൃത്തികൾക്കുള്ള അനുമതി ലഭ്യമാക്കിയിരിക്കുന്നതെന്ന് കാണുന്നു.

## ലോട്ടറിയുടെ സമ്മാനഘടനയിൽ ചെറുസമ്മാനങ്ങൾ കുറഞ്ഞതായുള്ള ആക്ഷേപം

151(555) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറിയുടെ സമ്മാനഘടനയിൽ ചെറുസമ്മാനങ്ങൾ കുറഞ്ഞതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനങ്ങളുമായി നേരിട്ടിടപെടുന്ന ലോട്ടറി ഏജന്റുമാരുടെ അഭിപ്രായം ഇക്കാര്യത്തിൽ പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഏജന്റുമാരുടെ അഭിപ്രായം ഓൺലൈനായി സ്വീകരിച്ച് സമ്മാനഘടന പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ നിലവിലെ സമ്മാനഘടന ചെറിയ സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉറപ്പ് വരുത്തിയാണ് 1-1-2019 മുതൽ പരിഷ്കരിച്ചിട്ടുള്ളത്.

(ബി) ഭാഗ്യക്കുറിയുടെ സമ്മാനഘടന പരിഷ്കരണവേളയിൽ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകളുടെ ശിപാർശകൾ കൂടി പരിഗണിക്കാറുണ്ട്.

(സി) ട്രേഡ് യൂണിയനുകളുടേയും മറ്റും നിർദ്ദേശങ്ങൾ വകുപ്പ് ആരാഞ്ഞിട്ടുണ്ട്. ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## ലോട്ടറി ടിക്കറ്റ് വിതരണം

152(556) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന ലോട്ടറികളും വ്യാജ നമ്പർ ലോട്ടറികളും സംസ്ഥാനത്തിനകത്ത് അതിർത്തി ജില്ലകളിൽ വിതരണം ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ജില്ലാ ലോട്ടറി ഓഫീസിൽ നിന്നും പ്രതിവാരം മൊത്തവിതരണക്കാരായ അന്യജില്ലക്കാർക്ക് ലോട്ടറി ടിക്കറ്റ് നൽകുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതാത് ജില്ലകളിൽ തന്നെ ഇവ നൽകാൻ നടപടികൾ സ്വീകരിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിനുള്ളിൽ ഇതര സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യാജ ടിക്കറ്റുകൾ (ലോട്ടറി ടിക്കറ്റുകളിൽ ക്രമക്കേടുകൾ നടത്തി സമ്മാനത്തിനായി ഹാജരാക്കുന്നവ), എഴുത്ത് ലോട്ടറി തുടങ്ങി നിയമവിരുദ്ധ ടിക്കറ്റുകളുടെ വിൽപ്പന സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ, പത്ര മാധ്യമങ്ങളിൽ നിന്നും സോഷ്യൽ മീഡിയയിൽ നിന്നും ലഭിക്കുന്ന വാർത്തകൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിയമ നടപടികൾ സ്വീകരിക്കാൻ അതാത് ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പോലീസിൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) ഉണ്ട്.

(സി) ഏജൻസി രജിസ്റ്റർ ചെയ്തിട്ടുള്ള ജില്ലയിൽ നിന്നും ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ ടിക്കറ്റ് വാങ്ങുന്ന ഏജന്റിന് മറ്റു ജില്ലകളിൽ നിന്നും ടിക്കറ്റുകൾ വാങ്ങാവുന്നതാണെന്ന് കേരള പേപ്പർ ലോട്ടറീസ് (റെഗുലേഷൻ) റൂൾസ് 2005 ചട്ടം 7(6) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## ലോട്ടറി ടിക്കറ്റിലൂടെയുള്ള വരുമാനം

153(557) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ടിക്കറ്റ് വിൽപ്പന വഴി പ്രതിവർഷം സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) വ്യാജലോട്ടറി തടയുന്നതിനും ഭാഗ്യക്കുറി വിൽപ്പനയും സമ്മാനവിതരണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ)

| സാമ്പത്തിക വർഷം | വരുമാനം |
|---|---|
| 2014-2015 | 5,445.43 കോടി |
| 2015-16 | 6,317.73 കോടി |
| 2016-17 | 7,394.91 കോടി |
| 2017-18 | 9,034.25 കോടി |
| 2018-19 | 9,262.70 കോടി |

(ബി) വ്യാജ ടിക്കറ്റ് തടയുന്നതിലേക്കായി വകുപ്പുതലത്തിൽ കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു:

1. കേരള ലോട്ടറി ടിക്കറ്റുകളിൽ നൂതന പ്രിന്റിംഗ് സെക്യൂരിറ്റി ഫീച്ചറുകൾ ഉൾപ്പെടുത്തി ടിക്കറ്റുകളുടെ സുരക്ഷ വർദ്ധിപ്പിച്ചിട്ടുണ്ട്.
2. Guilloche Pattern, Micro line, Micro text, Opaque text, Relief Pattern എന്നീ സുരക്ഷാ സങ്കേതങ്ങൾ ടിക്കറ്റുകളിൽ കൊണ്ടുവന്നു.
3. 2019 ജൂൺ 16 മുതൽ നറുക്കെടുക്കുന്ന ടിക്കറ്റുകളിൽ Void Pantograph എന്ന നൂതന സുരക്ഷാ സങ്കേതം ഉൾപ്പെടുത്തുന്നുണ്ട്.
4. ഭാഗ്യക്കുറി ടിക്കറ്റുകളുടെ ജനുവിനിറ്റി പരിശോധിക്കുന്നതിന് NIC മുഖേനയുള്ള പുതിയ software പ്രാബല്യത്തിലാകുന്ന മുറയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ ആരംഭിക്കുന്നതാണ്.
5. ഭാഗ്യക്കുറി വിൽപ്പനയും സമ്മാനവിതരണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നിലവിൽ പ്രവർത്തനത്തിലുള്ള ഭാഗ്യക്കുറി ഓഫീസുകൾക്കുപുറമേ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ 21 സബ് ഓഫീസുകൾ പുതുതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**കാരുണ്യ പദ്ധതി**

154(558) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കാരുണ്യ പദ്ധതി പ്രകാരം ജില്ലാതല സമിതി പരിശോധിച്ച് ധനസഹായം നൽകുന്ന ഗുരുതരമായ അസുഖങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽപ്പെടാത്തതും എന്നാൽ അതീവഗുരുതരമെന്ന് ഡോക്ടർമാർ സർട്ടിഫൈ ചെയ്യുന്നതുമായ അസുഖങ്ങൾക്കുകൂടി ചികിത്സാ സഹായം നൽകുന്ന കാര്യം പരിഗണിക്കുവാൻ ജില്ലാതല സമിതികൾക്ക് അധികാരം നൽകുമോ എന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ക്യാൻസർ, ഹൃദ്രോഗം (ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി, ഹൃദയ ശസ്ത്രക്രിയകൾ എന്നിവയ്ക്ക്) തലച്ചോർ, കരൾ എന്നിവയുടെ ശസ്ത്രക്രിയകൾ, വൃക്കകൾ, ഹൃദയം, കരൾ എന്നിവയുടെ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ, ഡയാലിസിസ്, പെരിറ്റോണിയൽ ഡയാലിസിസ്, വൃക്കമാറ്റി വയ്ക്കലിന് ശേഷമുള്ള തുടർചികിത്സ, ഹീമോഫീലിയ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയുടെ ഗുരുതരക്ഷതങ്ങൾ എന്നിവയ്ക്കാണ് നിലവിൽ കാരുണ്യ ചികിത്സാ പദ്ധതിയിൽ നിന്നും ചികിത്സാസഹായം നൽകുന്നത്.

(ബി) കാരുണ്യ പദ്ധതി പുതിയ ആരോഗ്യ പദ്ധതിയായ 'കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി'യുമായി ലയിപ്പിക്കുന്ന സാഹചര്യത്തിൽ പുതിയ പാക്കേജുകൾ പദ്ധതിയിൽ ഉൾപ്പെടുത്തുകയോ പുതിയ അക്രെഡിറ്റേഷൻ നൽകുകയോ ചെയ്യേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

155(559) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ച് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പുതിയ പദ്ധതിപ്രകാരം ജനങ്ങൾക്ക് ലഭിക്കുന്ന ചികിത്സാ സഹായം വിശദമാക്കുമോ;

(സി) പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയുമായി ബന്ധിപ്പിച്ചാണോ കാരുണ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗമായ കുടുംബത്തിലെ എല്ലാവർക്കും കൂടി ഒരു വർഷം പരമാവധി അഞ്ച് ലക്ഷം രൂപയുടെ ചികിത്സ തെരഞ്ഞെടുത്ത സർക്കാർ/സ്വകാര്യ ആശുപത്രികൾ വഴി ലഭ്യമാക്കുന്നു.

(സി) അതെ.

**കാരുണ്യ ചികിത്സാ പദ്ധതി**

156(560) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം കാരുണ്യാ ലോട്ടറി, കാരുണ്യാ പ്ലസ് ലോട്ടറി എന്നിവയിലൂടെ ലഭിച്ച വരുമാനം എത്ര കോടി രൂപയായിരുന്നു;

(ബി) പ്രസ്തുത സാമ്പത്തിക വർഷം കാരുണ്യാ ചികിത്സാ പദ്ധതിയിലൂടെ എത്ര രൂപ ധനസഹായമായി നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) കാരുണ്യ ചികിത്സാ പദ്ധതി നിർത്തലാക്കി പുതിയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ)

| | വരുമാനം | ലാഭം |
|---|---|---|
| കാരുണ്യ | 1,294.70 കോടി | 205.72 കോടി |
| കാരുണ്യ പ്ലസ് | 1,299.28 കോടി | 204.96 കോടി |

(ബി) 2018-19 സാമ്പത്തിക വർഷം കാരുണ്യ ചികിത്സാ ധനസഹായ ഇനത്തിൽ 308,59,00,966 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി സംസ്ഥാനത്ത് ആരംഭിക്കുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 1-4-2019 മുതൽ ലയിപ്പിച്ചിട്ടുണ്ട്. എങ്കിലും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ പ്രവർത്തനം 1-4-2019 മുതൽ മൂന്ന് മാസത്തേയ്ക്ക് നിലവിലെ സ്ഥിതിയിൽ തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**കാരുണ്യ ചികിത്സാ സഹായം**

157(561) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം വയനാട് ജില്ലയിൽ കാരുണ്യ പദ്ധതിയിലൂടെ എത്ര തുക വിതരണം ചെയ്തു; ഇതിന്റെ പട്ടിക ലഭ്യമാക്കാമോ;

(ബി) കാരുണ്യ ചികിത്സാ സഹായം ലഭ്യമാകുന്ന വയനാട്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ ആശുപത്രികളുടെ പേര് വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വിതരണം ചെയ്ത തുകയുടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമല്ല.

(ബി) സ്വകാര്യ അക്രഡിറ്റഡ് ആശുപത്രികളുടെ പേര് വിവരം അനുബന്ധമായി ചേർക്കുന്നു.* വയനാട്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ എല്ലാ സർക്കാർ ആശുപത്രികളിലും അക്രഡിറ്റഡ് സ്വകാര്യ ആശുപത്രികളിലും പദ്ധതി പ്രകാരമുള്ള ചികിത്സാ സഹായം ലഭ്യമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാരുണ്യ ഫണ്ടിൽ നിന്നും ശസ്ത്രക്രിയാ ധനസഹായം

158(562) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ശസ്ത്രക്രിയയ്ക്കാവശ്യമായ ചികിത്സാധനസഹായം ലഭിക്കുന്നതിന് ശസ്ത്രക്രിയ നടത്തുന്നതിന് മുമ്പായി അപേക്ഷ സമർപ്പിക്കണം എന്ന നിബന്ധനയുണ്ടോ;

(ബി) ഈ നിബന്ധന കാരണം ഹൃദയാഘാതം അടക്കമുള്ള അടിയന്തര ഘട്ടങ്ങളിൽ സർജറി നടത്തേണ്ടിവരുന്ന രോഗങ്ങൾക്ക് കാരുണ്യ പദ്ധതിയുടെ സഹായം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടിയന്തര ശസ്ത്രക്രിയകൾ ചെയ്യേണ്ടിവരുന്ന രോഗികൾക്ക് കൂടി കാരുണ്യ പദ്ധതിയുടെ സഹായം ലഭിക്കുന്നതിനായി നിബന്ധനയിൽ ഇളവ് വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

(എ) കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരമുള്ള ചികിത്സാ സഹായത്തിന് ചികിത്സ ആരംഭിക്കുന്നതിനുമുമ്പ് അപേക്ഷ സമർപ്പിക്കണമെന്നാണ് വ്യവസ്ഥ. സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് ചികിത്സ തുടങ്ങുന്നതിനുമുമ്പ് അപേക്ഷ സമർപ്പിച്ച് മുൻകൂർ ചികിത്സാനുമതിപത്രം വാങ്ങണമെന്ന നിബന്ധനയുണ്ട്. അടിയന്തരസാഹചര്യത്തിൽ സർക്കാർ ആശുപത്രികളിൽ ശസ്ത്രക്രിയ നടത്താവുന്നതും 72 മണിക്കൂറിനുള്ളിൽ അപേക്ഷ നൽകാവുന്നതുമാണ്.

(ബി&സി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലായതോടെ ഈ ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള പാക്കേജുകൾക്കും നിശ്ചിത ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കുന്നതിന് തടസ്സവുമാകില്ല.

## കെ.എസ്.എഫ്.ഇ. ചിട്ടി ലേലം

159(563) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ പ്രതിമാസചിട്ടികളുടെ ലേലത്തിൽ ഇടപാടുകാരെ ചൂഷണം ചെയ്ത് നിയമവിരുദ്ധമായി പണം തട്ടിയെടുക്കുന്ന സംഘങ്ങൾ പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) മാഫിയ സംഘങ്ങളുടെ പ്രവർത്തനം കാരണം കെ.എസ്.എഫ്.ഇ. ചിട്ടി ലേലം സാധാരണക്കാരന് അപ്രാപ്യമാകുന്ന അവസ്ഥയ്ക്ക് അടിയന്തര പരിഹാരം കണ്ടെത്തുമോ;

(ഡി) ഇത്തരം ഇടപാടുകളിൽ ജീവനക്കാരുടെ ഇടപെടലുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ &ബി) ഇല്ല.

(സി) ചിട്ടി ലേലം സാധാരണക്കാരന് അപ്രാപ്യമാകുന്ന അവസ്ഥ നിലവിലില്ല.

(ഡി) ജീവനക്കാരുടെ ഇടപെടലുകൾ കണ്ടെത്തിയിട്ടില്ല. കണ്ടെത്തിയാൽ തീർച്ചയായും ഉചിതമായ നടപടികൾ കൈക്കൊള്ളും.

**പ്രവാസി ചിട്ടി വഴി സമാഹരിക്കുന്ന തുക**

160(566) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ആരംഭിച്ചതിന് ശേഷമുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രവാസി ചിട്ടി യൂറോപ്യൻ രാജ്യങ്ങളിലും ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രവാസി ചിട്ടിയുടെ പ്രത്യേകതകളും ചിട്ടി വഴി സമാഹരിക്കുന്ന തുക കേരളത്തിന്റെ വികസനത്തിന് ഏത് തരത്തിൽ ഉപയോഗപ്പെടുത്തുമെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രവാസി ചിട്ടി തുടങ്ങിയതിനു ശേഷം നാളിതുവരെ 8,04,80,000 രൂപ സലയുള്ള 198 ചിട്ടികൾ തുടങ്ങിയിട്ടുണ്ട്.

(ബി) ഉണ്ട്. 17-5-2019 മുതൽ യൂറോപ്പിലുള്ള മലയാളികൾക്കും ചിട്ടിയിൽ ചേരാനുള്ള സൗകര്യം ഉണ്ട്.

(സി) വിദേശ മലയാളികൾക്ക് ഓൺലൈൻ വഴി ചേരാവുന്ന ചിട്ടിയാണ് പ്രവാസി ചിട്ടി. ഈ ചിട്ടി വഴി സമാഹരിക്കുന്ന തുക കിഫ്ബി ബോണ്ടാക്കി കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്.

**കെ.എസ്.എഫ്.ഇ. ശാഖകൾ**

161(567) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ശാഖകൾ ആരംഭിക്കുന്നത് എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും കെ.എസ്.എഫ്.ഇ. ശാഖയുണ്ടോ; അറിയിക്കുമോ;

(ഡി) കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ ശാഖ ആരംഭിക്കുന്നതിനുള്ള നിർദ്ദേശമുണ്ടോ; എങ്കിൽ പരിഗണന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.-യുടെ 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശ പ്രകാരം 101 പുതിയ ശാഖകൾ ആരംഭിക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) സാധ്യതാ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്. തൊട്ടടുത്ത ശാഖയിൽ നിന്നുള്ള ദൂരം, നിർദ്ദിഷ്ട സ്ഥലത്തിന്റെ പ്രാധാന്യം, ജനസംഖ്യ, പ്രദേശവാസികളുടെ പ്രധാന വരുമാന സ്രോതസ്സ്, അവിടെ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം, തത്തുല്യ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ, ശാഖയുടെ പ്രവർത്തനത്തിന് ആവശ്യമായ കെട്ടിടത്തിന്റെ ലഭ്യത, സബ് രജിസ്ട്രാർ ഓഫീസ്, ട്രഷറി ഓഫീസ് എന്നിവയുടെ സാന്നിധ്യം എന്നിവയ്ക്കുപുറമെ ബിസിനസ്സ് സാധ്യത തുടങ്ങിയ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്.

(സി) സംസ്ഥാനത്തിന്റെ എല്ലാ നഗരസഭകളിലും കെ.എസ്.എഫ്.ഇ. ശാഖകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ശാഖകളില്ല.

(ഡി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുലശേഖരപുരം ഗ്രാമ പഞ്ചായത്തിലെ പുതിയകാവിൽ കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖ ആരംഭിക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

162(T* 568) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നിർവ്വഹണം ഏത് സ്ഥാപനത്തിനാണ് നൽകിയിരിക്കുന്നത്; പ്രസ്തുത സ്ഥാപനം ക്വാട്ട് ചെയ്ത തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-ടെണ്ടറിൽ പങ്കെടുത്ത മറ്റ് സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; അവർ ക്വോട്ട് ചെയ്ത നിരക്കുകൾ വ്യക്തമാക്കുമോ;

(സി) ഇപ്പോൾ കരാറിൽ ഏർപ്പെട്ടിട്ടുള്ള കമ്പനി ആർ.എസ്.ബി.വൈ. പദ്ധതിയിലൂടെ സർക്കാർ ആശുപത്രികൾക്ക് വൻതുക കുടിശ്ശിക വരുത്തിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കരാറുകാരൻ നൽകേണ്ട സേവനം നൽകാതെ വരുന്ന സാഹചര്യത്തിൽ എന്ത് പീനൽ ക്ലോസാണ് കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയത് ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പ് ചുമതല റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിനാണ് നൽകിയിരിക്കുന്നത്. പ്രസ്തുത സ്ഥാപനം രേഖപ്പെടുത്തിയ വാർഷിക പ്രീമിയം തുക 2992.48 (18% GST ഉൾപ്പെടെ) രൂപയാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇ -ടെണ്ടറിൽ പങ്കെടുത്ത മറ്റ് സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്കുകൾ താഴെപ്പറയുന്നു:

1. നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് - 7298 രൂപ
2. ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് - 6772 രൂപ
3. ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ് - 17700 രൂപ
4. ബജാജ് അലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് - 9438.82 രൂപ

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കരാർ വ്യവസ്ഥകൾ ലംഘിക്കുന്നപക്ഷം ഇൻഷ്വറർ താഴെപ്പറയുന്ന പിഴ വ്യവസ്ഥകൾക്ക് വിധേയമാകുന്നതാണ്:

ക്ലെയിം സർവ്വീസിംഗ് - ക്ലെയിം തീർപ്പാക്കുന്നതിന് അനുവദിക്കപ്പെട്ടിട്ടുള്ള 15 ദിവസത്തെ സമയപരിധി അധികരിക്കുന്ന പക്ഷം ക്ലെയിം തുകയുടെ 1 ശതമാനം (15 ദിവസം കഴിഞ്ഞ് ഒരാഴ്ച വരെ) ഇൻഷ്വറർ നേരിട്ട് ആശുപത്രികൾക്ക് നൽകേണ്ടതാണ്. സംസ്ഥാനത്തിന് പുറത്തുനിന്നും എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളുടെ വിഷയത്തിൽ ആയതിന്റെ സമയപരിധി 30 ദിവസമായിരിക്കും.

പരാതിപരിഹാര സംവിധാനം- പരാതി പരിഹാര കമ്മിറ്റിയുടെ തീരുമാനം 30 ദിവസത്തിനകം നടപ്പാക്കേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം ആദ്യ മാസത്തിൽ ഓരോ തീരുമാനത്തിനും 25,000 രൂപ നിരക്കിലും തുടർന്നുള്ള മാസങ്ങളിൽ പ്രതിമാസം 50,000 രൂപ നിരക്കിലും ഇൻഷ്വറർ പിഴ ഒടുക്കേണ്ടതാണ്. ഈ തുക അതോറിറ്റി (സംസ്ഥാന ഗവൺമെന്റ്) യിലേയ്ക്കാണ് ഒടുക്കേണ്ടത്.

മേൽപ്പറഞ്ഞവയ്ക്ക് പുറമേ പദ്ധതി വ്യവസ്ഥകൾ, കരാർ വ്യവസ്ഥകൾ എന്നിവയുടെ ലംഘനംമൂലം പദ്ധതി നടത്തിപ്പ് തടസ്സപ്പെടുന്ന സാഹചര്യത്തിൽ പരമാവധി വാർഷിക പദ്ധതി തുകയുടെ 75 ശതമാനം വരെ ഇൻഷ്വറർ പിഴ ഒടുക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## അപകടസാധ്യതയുള്ള തൊഴിൽ ചെയ്യുന്നവർക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

163(T* 569) ശ്രീ. മഞ്ഞളാംകുഴി അലി :
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ.എൻ. ഷംസുദ്ദീൻ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടസാധ്യതയുള്ള തൊഴിൽ ചെയ്യുന്ന എല്ലാ വിഭാഗം ജീവനക്കാരെയും സർക്കാർ ജീവനക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള മെഡിക്കൽ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി.-യിലെ മുഴുവൻ ജീവനക്കാരെയും വ്യവസായ വകുപ്പിനുകീഴിലുള്ള വിവിധ ഫാക്ടറികളിലും കമ്പനികളിലും ജോലി ചെയ്യുന്നവരെയും പദ്ധതിക്കുകീഴിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്തുകൊണ്ടാണ് ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്താത്തതെന്ന് അറിയിക്കുമോ;

(ഡി) അപകടസാധ്യതയുള്ള ജോലിചെയ്യുന്ന മുഴുവൻ ഉദ്യോഗസ്ഥർക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്ന തരത്തിൽ പദ്ധതിയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ-ഡി) 24-7-2017-ലെ സ.ഉ. (അച്ചടി) നമ്പർ 54/2017/ധന പ്രകാരം നടപ്പാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ, സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലെയും തദ്ദേശഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ/പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനാകര്യ കമ്മിറ്റികളുടെ ചെയർമാന്മാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബപെൻഷൻകാർ

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിനു കീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിന് കീഴിലുള്ള കമ്പനികൾ, ബോർഡുകൾ തുടങ്ങിയവയിലെ ജീവനക്കാരെ നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി വിഭാഗങ്ങളെ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ അടുത്തഘട്ടത്തിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.

**മുദ്രപ്പത്ര ക്ഷാമം**

164(570) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾക്ക് ക്ഷാമം നേരിടുന്നതിനുള്ള കാരണം വിശദമാക്കുമോ;

(ബി) ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) കുറഞ്ഞ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങളിൽ കൂടുതൽ മൂല്യം സ്റ്റാമ്പ് ചെയ്ത് നൽകിയതുവഴി കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച അധികവരുമാനമെത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് നിലവിൽ ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നില്ല. വിതരണത്തിനാവശ്യമായ ചെറിയ മൂല്യങ്ങളിലുൾപ്പടെ എല്ലാ ഇനം മുദ്രപ്പത്രങ്ങളുടെയും മതിയായ സ്റ്റോക്ക് നിലവിൽ സംസ്ഥാനത്തെ ട്രഷറികളിൽ നീക്കിയിരിപ്പുണ്ട്. സംസ്ഥാനത്ത് ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾക്ക് ക്ഷാമം അനുഭവപ്പെടാനിടയുള്ള സാഹചര്യങ്ങളിൽ പുനർമൂല്യ നിർണ്ണയം ചെയ്ത മുദ്രപ്പത്രങ്ങൾ സബ് ട്രഷറികളും/സ്റ്റാമ്പ് വെണ്ടർമാരും മുഖാന്തരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെറിയ മൂല്യത്തിലുള്ള മുദ്രപ്പത്രങ്ങൾ സ്റ്റോക്കുള്ള ട്രഷറികളിൽ നിന്നും സ്റ്റോക്ക് കുറവുള്ള ട്രഷറികൾക്ക് വിതരണത്തിനായി സമയബന്ധിതമായി ലഭ്യമാക്കുകയും ചെയ്യാറുണ്ട്.

(സി) സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ 16,55,000 എണ്ണം മുദ്രപ്പത്രങ്ങളും ട്രഷറി വകുപ്പിന് കീഴിലുള്ള വിവിധ ജില്ലാ ട്രഷറികളിലായി 33,12,453 എണ്ണം മുദ്രപ്പത്രങ്ങളും പുനർമൂല്യനിർണ്ണയം നടത്തിയതുവഴി ആകെ 41,12,64,358 രൂപയുടെ ആദായം ഉണ്ടായിട്ടുണ്ട്.

## കയർ ഭ്രവസ്ത്ര പദ്ധതി

165(571) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഭ്രവസ്ത്രപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) കുളങ്ങളുടെയും തോടുകളുടെയും നീർച്ചാലുകളുടെയും സംരക്ഷണത്തിന് ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നത് എങ്ങനെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ കയർ വ്യവസായ മേഖലയുടെ രണ്ടാം പുനഃസംഘടനയുടെ പ്രധാന ഘടകങ്ങളിൽ ഒന്നാണ് കയർ ഭ്രവസ്ത്രത്തിന്റെ വ്യാപനം. ഈ പദ്ധതി വഴി പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന കയർ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കപ്പെടുകയെന്ന വ്യക്തമായ കാഴ്ചപ്പാടാണുള്ളത്.

അന്താരാഷ്ട്ര കയർ മേള "കയർ കേരള" 2017-ൽ വച്ച് എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മണ്ണ്-ജല സംരക്ഷണം, കാർഷിക, റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നീ പ്രവൃത്തികളിൽ കയർ ഭ്രവസ്ത്രം ഉപയോഗിക്കുന്നതിന് ആയത് ലഭ്യമാക്കുന്നതിനുള്ള കരാർ ഒപ്പുവച്ചു. മാർച്ച് 2019 വരെ 5608011 സ്ക്വയർ മീറ്റർ കയർ ഭ്രവസ്ത്രം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ എന്നിവ വഴി വിതരണം ചെയ്യുകയും വിരിക്കുകയും ചെയ്തിട്ടുണ്ട്. കയർപിരി മേഖലയിലും ഉല്പന്ന മേഖലയിലും ഉള്ള തൊഴിലാളികൾക്ക് പുതുതായി തൊഴിലവസരങ്ങൾ നൽകുന്നതിനും തൊഴിലാളികൾക്ക് സ്ഥിരവരുമാനം ഉറപ്പുവരുത്തുന്നതിനും കയർ ഭ്രവസ്ത്ര പദ്ധതിമൂലം സാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കുളങ്ങളും തോടുകളും അടക്കമുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളിൽ കയർ ഭ്രവസ്ത്രം ഉപയോഗിക്കുന്നതുവഴി കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ചകിരി/കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് കൂടുതൽ വർക്ക് ഓർഡറുകൾ ലഭ്യമാകുകയും അതുമൂലം കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ടി നിർമ്മാണ പ്രവൃത്തികളിൽ കയർ ഭ്രവസ്ത്രം ഉപയോഗിക്കുന്നതിന്റെ മെച്ചങ്ങൾ പലതാണ്. കയർ ഭ്രവസ്ത്രം

നെയ്തെടുക്കുന്നതായതുകൊണ്ട് ഊട്ടും പാവും ഉണ്ട്. ചരിവിൽ നീളത്തിന്റെ ദിശയിൽ ഇതു വിരിച്ചാൽ കയർ ഭൂവസ്ത്രം ജലത്തെ ശേഖരിച്ച് സ്വന്തം പ്രതലത്തിലൂടെ വലിച്ചുകൊണ്ടുപോയി പുറത്തേക്ക് ഒഴുക്കിവിടും. ഇങ്ങനെ വെള്ളം വേഗത്തിൽ വാർന്നുപോകാൻ സഹായിക്കുന്നു. അതേസമയം കയർ ഭൂവസ്ത്രം അരിപ്പയായി പ്രവർത്തിച്ച് മണ്ണൊലിപ്പ് തടയുകയും ചെയ്യുന്നു. ചണം പോലുള്ള നാരുകളുമായി താരതമ്യം ചെയ്യുമ്പോൾ കയർ ജീർണ്ണിക്കുന്നതിന് സമയമെടുക്കും. ഇക്കാലയളവിനുള്ളിൽ മണ്ണിനെ സംരക്ഷിക്കുന്ന പുല്ലും ചെടികളും വേരുപടലങ്ങളും വളർന്ന് പ്രകൃതിജന്യമായ കവചം മണ്ണിനൊരുക്കിയിരിക്കും. കയർ ഭൂവസ്ത്രം ജീർണ്ണിച്ച് പ്രകൃതിക്ക് ദോഷമുണ്ടാക്കാതെ മണ്ണിൽ ചേരുകയും ചെയ്യും.

## കയർ ഫെഡിന്റെ നൂതന പദ്ധതികൾ

166(572) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കയർ വ്യവസായ മേഖലയിൽ കയർഫെഡ് നടപ്പിലാക്കിയിട്ടുള്ള നൂതന പദ്ധതികൾ വിശദമാക്കാമോ;

(ബി) കയർ ഫെഡിന്റെ പ്രവർത്തനം ലാഭത്തിലാണോ നഷ്ടത്തിലാണോയെന്ന് വിശദീകരിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർഫെഡിന്റെ പ്രവർത്തനങ്ങളിൽ സമഗ്രമായ പുരോഗതി ഉണ്ടായിട്ടുണ്ട്. വാങ്ങൽ, വിൽപ്പന, വിറ്റുവരവ് എന്നിവയിൽ കയർഫെഡ് കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷക്കാലങ്ങളിൽ വമ്പിച്ച കുതിച്ചുകയറ്റമാണ് നടത്തിയിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അവസാനത്തെ സാമ്പത്തിക വർഷമായ 2015-16-ൽ 78,820.43 ക്വിന്റൽ കയർ സംഭരിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ കയർഫെഡിന്റെ സംഭരണം 1,57,292.33 ക്വിന്റലായി വർദ്ധിച്ചിട്ടുണ്ട് (99.55% വർദ്ധനവ്). 2015-16 വർഷത്തെ കയറിന്റെ വിൽപ്പന 69,328.62 ക്വിന്റൽ എന്ന നിലയിൽ നിന്നും 2018-19 വർഷത്തിൽ ആയത് 1,55,882.53 ക്വിന്റലായി വർദ്ധിച്ചിട്ടുണ്ട് (125% വർദ്ധനവ്).

2018-19 സാമ്പത്തിക വർഷം മാത്രം കയർഫെഡ് 17.16 കോടി രൂപ വിലയുള്ള 66,75,316 കിലോ ചികിരി വാങ്ങി അംഗസംഘങ്ങൾക്ക് നൽകുകയുണ്ടായി. കയർഫെഡിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും രൂപയുള്ള ചകിരി സബ്സിഡി നിരക്കിൽ അംഗസംഘങ്ങൾക്ക് നൽകുന്നത്.

കേരള സർക്കാരും കയർ വികസന വകുപ്പും ആവിഷ്കരിച്ച് നടപ്പിലാക്കിയ ഭൂവസ്ത്ര വികസന പദ്ധതിയുടെ ഭാഗമായി 11,27,553.7 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രം വിന്യസിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുവഴി കയറിന്റെ വിപണന സാധ്യത വളരെയധികം വികസിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

2015-16-ലെ മൊത്തം വിൽപ്പന 56.53 കോടി രൂപയിൽ നിന്നും വർദ്ധിച്ച് 2018-19 -ൽ 127.74 കോടി രൂപയായിട്ടുണ്ട് (126%) വർദ്ധനവ്.

കൂടാതെ കയർഫെഡ് ചുവടെ ചേർത്തിട്ടുള്ള നൂതന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്:

1. വടവന്നൂരിൽ ഡി.എഫ്. മിൽ സ്ഥാപിച്ചു.
2. കയർ ഉത്പന്നങ്ങളുടെ ഓൺലൈൻ വിൽപ്പനയ്ക്കായി ഇ-കോമേഴ്സ് പോർട്ടൽ സ്ഥാപിക്കുന്നതിന്റെ നടപടി പൂർത്തീകരിച്ചുവരുന്നു.
3. ഗാർഡൻ മെറ്റീരിയൽ യൂണിറ്റ് സ്ഥാപിച്ചു.

(ബി) ആഡിറ്റ് പൂർത്തീകരിച്ച 2016-17 വർഷം 60 ലക്ഷത്തോളം രൂപ ലാഭത്തിലാണ്. 2017-18, 2018-19 എന്നീ വർഷങ്ങളിലെ ടെന്റേറ്റീവ് കണക്കുകൾ പ്രകാരം കയർഫെഡ് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

## ചകിരിച്ചോറ് പ്രോസസ്സിംഗ്

167(573) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തമിഴ്നാട്ടിൽ വലിയ തോതിൽ നടക്കുന്ന ചകിരിച്ചോറ് (കയർപിത്ത്) പ്രത്യേക പ്രോസസ്സിംഗ് നടത്തി കട്ടകളാക്കി മാറ്റി ഉയർന്ന വിലയ്ക്ക് വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യുന്ന വ്യവസായം അതേ മാതൃകയിൽ കേരളത്തിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ചകിരിച്ചോറിന്റെ (കയർപിത്ത്) വിപണി കൂടുതൽ ആദായകരമായി ഉപയോഗപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ-സ്വിഫ്റ്റ് പോർട്ടൽ

168(574) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകർക്ക് ഓൺലൈനിലൂടെ അനുമതി നൽകുന്നതിനുള്ള കെ -സ്വിഫ്റ്റ് പോർട്ടൽ നിലവിൽ വന്നിട്ടുണ്ടോ;

(ബി) പ്രസ്തുത പോർട്ടലിൽ ഇതുവരെ രജിസ്റ്റർ ചെയ്ത അപേക്ഷകൾ എത്രയാണെന്നും അതിൽ സംസ്ഥാന തലത്തിൽ അനുമതി ആവശ്യമുള്ളവ എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) അതിൽ നിബന്ധന പാലിച്ച് ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണത്തിന് ഇതിനകം അനുമതി നൽകിയെന്ന് വ്യക്തമാക്കുമോ;

(ഡി) മുപ്പത് ദിവസത്തിനുള്ളിൽ അനുമതി ലഭിച്ചില്ലെങ്കിൽ കിട്ടുന്ന ഡീംഡ് ലൈസൻസ് വഴി ഇതിനകം എത്ര അപേക്ഷകർക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കെ-സ്വിഫ്റ്റ് പോർട്ടൽ നിലവിൽ വന്നതിനുശേഷം 20-5-2019 വരെ 305 അപേക്ഷകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായും ഇതിൽ 123 അപേക്ഷകൾ അനുമതികൾക്കായി ലഭിച്ചിട്ടുള്ളതായും ഇവയെല്ലാം വിവിധ വകുപ്പുകളിൽ നിന്നും ജില്ലാ തലത്തിൽ അനുമതി ആവശ്യമുള്ളവയായിട്ടുള്ളതാണെന്നും നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി&ഡി) മുകളിൽ പറഞ്ഞ 305 അപേക്ഷകളിൽ 123 അപേക്ഷകൾ നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും ആയതിൽ 43 അപേക്ഷകൾക്ക് ലൈസൻസ് ഡീംഡ് ആയി നൽകിയിട്ടുണ്ടെന്നും കെ.എസ്.ഐ.ഡി.സി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കെ-സ്വിഫ്റ്റ് പോർട്ടൽ

169(575) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകർക്ക് ഓൺലൈനിലൂടെ അനുമതി നൽകുന്നതിനുള്ള കെ-സ്വിഫ്റ്റ് പോർട്ടൽ ഏത് ഏജൻസിയാണ് വികസിപ്പിച്ച് നൽകിയതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഏജൻസിക്ക് ഇതിനായി നാളിതുവരെ എത്ര തുക നൽകിയെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പോർട്ടലിന് എന്തെങ്കിലും സാങ്കേതിക തകരാർ സംഭവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തകരാർ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് വ്യവസായ സംരംഭകർക്ക് ഓൺലൈനിലൂടെ അനുമതികൾ നൽകാനായി, ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) കേന്ദ്ര സർക്കാർ ഏജൻസിയായ എൻ.ഐ.സി. മുഖാന്തരം കെ.എസ്.ഐ.ഡി.സി. വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കെ-സ്വിഫ്റ്റ് സംവിധാനം വികസിപ്പിക്കുന്നതിനായി നാളിതുവരെ 15 ലക്ഷം രൂപയാണ് എൻ.ഐ.സി.-ക്ക് കെ.എസ്.ഐ.ഡി.സി. നൽകിയിട്ടുള്ളത്.

(സി) പ്രസ്തുത പോർട്ടലിന് തകരാറുകളൊന്നും സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

**കേരള വാണിജ്യ മിഷൻ**

170(576) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിലൂടെ വ്യവസായ സംരംഭകർക്ക് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്;

(സി) കേരള വാണിജ്യ മിഷന്റെ രൂപീകരണത്തിലൂടെ വ്യവസായ രംഗത്ത് വന്നിട്ടുള്ള മാറ്റങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ വ്യവസായ സംരംഭക ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി, അവയുടെ ദേശീയ/അന്തർദ്ദേശീയ വിപണനം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി 3-12-2018-ലെ സ.ഉ (സാധാ)നമ്പർ 1329/18/വ്യവ ഉത്തരവ് പ്രകാരം വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്.

വാണിജ്യ മിഷന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്തെ ചെറുകിട വ്യാപാരമേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക, ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.

2. ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന മേജർ ടെക് ഫെയറുകളിൽ സംസ്ഥാനത്തുനിന്നും സംരംഭക പ്രതിനിധികളെ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.

3. കേരളത്തിലെ നിക്ഷേപകർ/സംരംഭകർക്ക് ദേശീയ/അന്തർദ്ദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകൾക്ക് ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക.

4. ദേശീയ/അന്തർദ്ദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉത്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.

5. ഭക്ഷ്യസംസ്കരണം, കൈത്തറി, വസ്ത്രം, കരകൗശല സാധനങ്ങൾ, തടി, ഫർണിച്ചർ, ബാംബൂ ഉത്പന്നങ്ങൾ, കേരള സോപ്പ് എന്നിവയുടെ വിപണനം പ്രൊമോട്ട് ചെയ്യുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാനതലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.

6. പ്രോജക്ട് കൺസൾട്ടൻസി തുടങ്ങുക.

7. വിദേശ നിക്ഷേപങ്ങൾക്ക് ഫെലിസിറ്റേഷൻ സേവനങ്ങൾ നടത്തുക.

8. വാണിജ്യ മേഖലയിലെ വൈദ്യുതി ഉപയോഗത്തിന്റെ നിലവിലെ നിരക്കുകൾ സർക്കാർ പുനഃപരിശോധിക്കും.

9. മൊത്ത വ്യാപാരികൾക്കും, ചില്ലറ വ്യാപാരികൾക്കും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും അവാർഡുകൾ നൽകുവാനുള്ള നടപടി സ്വീകരിക്കും.

10. വാണിജ്യ സേവനമേഖലയുടെ വളർച്ചയ്ക്കായി സർക്കാർ ഒരു ട്രേഡ് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കും.

(സി) വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾക്കായി കരട് രൂപരേഖയും നിയമാവലിയും തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത നിയമാവലി നടപ്പിലാക്കി വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ പൂർണ്ണ രീതിയിൽ ആയാൽ മാത്രമേ, വ്യവസായ രംഗത്ത് മാറ്റങ്ങൾ വ്യവസായ വാണിജ്യ മിഷൻ മുഖേന വരുത്തുവാൻ സാധിക്കുകയുള്ളൂ.

## സിമന്റ് വില കുറയ്ക്കുന്നതിന് സിമന്റ് നിർമ്മാതാക്കളുമായി ചർച്ച

171(577) ശ്രീ. അട്ടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിമന്റ് വിലയിൽ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ എഴുപത് രൂപയോളം കൂടിയത് നിർമ്മാണ മേഖലയിൽ കടുത്ത പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടെന്ന റിപ്പോർട്ടുകൾ വസ്തുതാപരമാണോ; വ്യക്തമാക്കുമോ ;

(ബി) സിമന്റ് വില കുറയ്ക്കുന്നതിന് സിമന്റ് നിർമ്മാതാക്കളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സിമന്റിന്റെ വിലവർദ്ധിക്കുന്നത് നിർമ്മാണ മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടന്നുവരുന്ന വിവിധ വികസന പ്രവർത്തനങ്ങളുടെ ഭാഗമായും സംസ്ഥാനം നേരിട്ട മഹാപ്രളയത്തിനുശേഷമുള്ള വിവിധ നിർമ്മാണ മേഖലയിലുണ്ടായി കൊണ്ടിരിക്കുന്ന ആവശ്യകതയും സിമന്റിന്റെ ഉപഭോഗത്തിൽ വൻ വർദ്ധനവിന് കാരണമായിട്ടുണ്ട്.

ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റിന്റെ ഉപഭോഗം കൂടുതലാണെങ്കിലും ഇവിടെ സിമന്റിന്റെ ഉല്പാദനം കുറവായതാണ് കേരളത്തിൽ സിമന്റിന്റെ വില കൂടുതലായി നിലനിൽക്കുന്ന സാഹചര്യമുണ്ടാക്കുന്നത്. കേരളത്തിലെ സിമന്റ് വിപണിയുടെ ഏകദേശം 95 ശതമാനവും നിയന്ത്രിക്കുന്നത് സ്വകാര്യ സിമന്റ് ഉത്പാദകരാണ്.

കേരളത്തിലെ വിപണനത്തിനുണ്ടാകുന്ന ചെലവുകൾ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലായതും കേരളത്തിൽ സിമന്റിന്റെ വിലവർദ്ധനവ് കാരണമാകുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നും സിമന്റ്, റെയിൽ/റോഡ് മുഖേന എത്തിക്കേണ്ടിവരുന്നത് കേരളത്തിൽ സിമെന്റിന്റെ വിലവർദ്ധനവിന് കാരണമാകാറുണ്ട്.

കേരളത്തിൽ മലബാർ സിമന്റ്സിന്റെ വിപണി വിഹിതം കേരളത്തിൽ ഉപയോഗിക്കുന്ന സിമെന്റിന്റെ 5 മുതൽ 8 ശതമാനത്തോളമാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമെന്റിന്റെ വില ഉയരാതെ നിയന്ത്രിക്കുന്നതിൽ മലബാർ സിമന്റ്സ് പങ്ക് വഹിക്കുന്നുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ഉത്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും യൂണിറ്റുകൾ നവീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സിമന്റിന്റെ വില വർദ്ധനവ് തടയുന്നതിനായി മലബാർ സിമെന്റ്സ് ഉത്പാദനം മെച്ചപ്പെടുത്തുകയും സിമന്റ് മാർക്കറ്റിൽ നിത്യേന ലഭ്യമാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. സിമന്റ് വില ക്രമാതീതമായി വർദ്ധിപ്പിക്കുന്നത് നിയന്ത്രിക്കുന്നത് സംബന്ധിച്ച് സിമന്റ് നിർമ്മാതാക്കളുടെയും സിമന്റ് വ്യാപാരികളുടെയും (dealers) യോഗങ്ങൾ 29-7-2016, 10-5-2017, 22-11-2018, 19-12-2019 എന്നീ തീയതികളിൽ സർക്കാർ തലത്തിൽ വിളിച്ചു ചേർക്കുകയും സിമന്റ് വില കുറയ്ക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

'ലൈഫ് മിഷൻ' പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭ്യമാക്കുന്ന വിഷയം 13-9-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. സിമന്റ് വില നിയന്ത്രിക്കുന്നത് സംബന്ധിച്ച് സിമെന്റ് ഉത്പാദകരുടെ യോഗം 2-5-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്തിരുന്നു.

**വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കൽ**

172(578) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതിലൂടെ പുതിയ വ്യവസായ സംരംഭകരുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(സി) വ്യവസായങ്ങൾക്ക് 30 ദിവസത്തിനുള്ളിൽ അനുമതി നൽകുന്നതിന് കെ -സ്വിഫ്റ്റ് പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) കേരളത്തിൽ വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായും അനുമതികൾ അതിവേഗം ലഭ്യമാക്കുന്നതിലേയ്ക്കുമായി വിവിധ വകുപ്പുകളുടെ കീഴിൽ നിലവിലുള്ള ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 നിലവിൽ വന്നു. കൂടാതെ വിവിധ വകുപ്പുകളിലെ 10 ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുമുണ്ട്.

ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലേറ്റേഷൻ ആക്റ്റ് 2018 നടപ്പിലാക്കിയ ശേഷം കേരളത്തിൽ വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധന രീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കാനാകും എന്നതാണ് വ്യവസായ രംഗത്ത് വന്നിട്ടുള്ള പ്രധാന മാറ്റങ്ങൾ.

സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ഏകജാലകം സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT എന്ന പേരിൽ ഒരു പോർട്ടൽ KSIDC വികസിപ്പിച്ചിട്ടുണ്ട്.

(ബി) 11-2-2019-ന് കെ-സ്വിഫ്റ്റ് പോർട്ടൽ നിലവിൽ വന്നതിനുശേഷം 305 അപേക്ഷകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായും ഇതിൽ 123 അപേക്ഷകൾ അനുമതികൾക്കായി ലഭിച്ചിട്ടുള്ളതായും ഇവയെല്ലാം വിവിധ വകുപ്പുകളിൽ നിന്നും ജില്ലാതലത്തിൽ അനുമതി ആവശ്യമുള്ളവയായിട്ടുള്ളതാണെന്നും നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

### നിർമ്മാണ മേഖലയിൽ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം

173(579) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം നിർമ്മാണ രംഗത്ത് ഉണ്ടാക്കിയ സ്തംഭനാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കരിങ്കല്ലും മെറ്റലും അടക്കമുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും വിലക്കയറ്റവും സിമന്റിന്റെ അനിയന്ത്രിത വിലക്കയറ്റവും നിർമ്മാണ മേഖലയെ എപ്രകാരമാണ് പ്രതികൂലമായി ബാധിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായും കരിങ്കല്ലിന്റെയും മെറ്റലിന്റെയും ലഭ്യത വർദ്ധിപ്പിച്ച് വിലവർദ്ധനവ് തടയുന്നതിനും സിമന്റിന്റെ അമിത വില നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) നിലവിലുള്ള മണൽ ക്ഷാമം പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ വിവിധ ഡാമുകളിൽ നിന്ന് മണൽ ശേഖരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും സിമന്റിന്റെ വിലക്കയറ്റവുംമൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീണ്ടു പോകുന്നതായും ടെണ്ടർ അധിക നിരക്കിൽ ക്വാട്ട് ചെയ്യുന്നതായും ടെണ്ടർ ചെയ്താൽ പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാർ വിമുഖത കാണിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായും കരിങ്കല്ലിന്റെയും മെറ്റലിന്റെയും ലഭ്യത വർദ്ധിപ്പിച്ച് വിലവർദ്ധനവ് തടയുന്നതിനും സിമെന്റിന്റെ അമിതവില നിയന്ത്രിക്കുന്നതിനുമായി ചുവടെ ചേർക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്:

1. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

2. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22-6-2017-ലെ സ.ഉ. (പി) 25/2017/ഐ.ഡി. നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമേയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവിടങ്ങളിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായി നിജപ്പെടുത്തുകയും ചെയ്തു.

3. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15-5-2019-ൽ യോഗം ചേർന്ന് SEIAA/SEAC-ന് നിർദ്ദേശം നൽകി.

4. അന്യസംസ്ഥാനത്തുനിന്നും കരിങ്കല്ല് ഇറക്കുമതി ചെയ്യുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

5. കേരളത്തിൽ സിമെന്റിന്റെ വില മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലാണെന്ന പരാതിയെ തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വ്യവസായ വകുപ്പുമന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ

സിമെന്റ് ഉത്പാദകരുടെയും വ്യാപാരികളുടെയും യോഗങ്ങൾ വിളിക്കുകയും സിമെന്റ് വില കുറയ്ക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തു.

6. സിമന്റിന്റെ വില വർദ്ധനവ് തടയുന്നതിനായി മലബാർ സിമന്റ്സ്, കമ്പനിയുടെ എല്ലാ യൂണിറ്റുകളും പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുകയും സിമന്റ് ഉത്പാദനം മെച്ചപ്പെടുത്തുകയും സിമന്റ് മാർക്കറ്റിൽ നിത്യേന ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

7. ക്വാറി ഉത്പന്നങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ട് എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ക്വാറി/ക്രഷർ ഉടമകളുടെ യോഗം വിളിച്ച് ഉചിത നടപടികൾ എടുക്കുവാൻ നിർദ്ദേശം നൽകി.

8. 9-3-2018, 21-11-2018 തീയതികളിൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസ്സുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തു.

(സി) സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ നീക്കം ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ (SOP) 26-9-2017-ലെ G.O.(Ms) 79/2017/WRD ഉത്തരവുപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 14-5-2019-ലെ GO(Ms)14/2019/WRD ഉത്തരവ് പ്രകാരം പ്രസ്തുത SOP പരിഷ്കരിച്ചു. സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവറിൽ പ്രതിപാദിച്ചിരിക്കുന്ന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാൻ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ലോവർ പെരിയാർ ഡാമിൽ നിന്നും മണലും ചെളിയും നീക്കം ചെയ്യുന്നതിന് 21-2-2011-ലെ സ.ഉ. (കൈ)നമ്പർ 46/2011/വ്യവ. ഉത്തരവ് പ്രകാരം മെസ്സേഴ്സ് ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് അനുമതി നൽകിയിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് 4-6-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിച്ചുചേർക്കുകയും പ്രസ്തുത യോഗത്തിൽ ലോവർ പെരിയാർ റിസർവോയറിൽ നിന്നും ശേഖരിക്കുന്ന മണൽ വിൽപന നടത്തുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല

സമിതിയുടെ അനുമതി തേടേണ്ട ആവശ്യമില്ലെന്ന് തീരുമാനിക്കുകയും, ടി പ്രവൃത്തി TURN KEY പ്രോജക്ടായി കാലവിളംബം കൂടാതെ നടപ്പാക്കുന്നതിന് മെസ്സേഴ്സ് ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് നിർദ്ദേശം നൽകുകയും ചെയ്തു. ഇപ്രകാരമുള്ള നടപടികൾ ഈ വിഷയത്തിൽ സർക്കാർ സ്വീകരിച്ചുവരികയാണ്.

## നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം

174(580) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിമന്റ്, മണൽ, മെറ്റൽ, കമ്പി എന്നിവയുടെ വിലക്കയറ്റം മൂലം നിർമ്മാണ മേഖല കടുത്ത പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലക്കയറ്റത്തെ തുടർന്ന് കെട്ടിട നിർമ്മാണച്ചെലവ് ചതുരശ്രയടിക്ക് 250 രൂപയോളം വർദ്ധിച്ചത് സാധാരണക്കാരായ ആളുകളുടെ ഗൃഹനിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം തടയുന്നതിനും സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിലക്കയറ്റത്തെ തുടർന്ന് കെട്ടിടനിർമ്മാണ ചെലവ് വർദ്ധിച്ചത് ഗൃഹനിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം തടയുന്നതിനും സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനായും കരിങ്കല്ലിന്റെയും മെറ്റലിന്റെയും ലഭ്യത വർദ്ധിപ്പിച്ച് വില വർദ്ധനവ് തടയുന്നതിനായും ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്:

1. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

2. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22-6-2017-ലെ സ.ഉ. (പി) 25/2017/ഐ.ഡി. നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായി നിജപ്പെടുത്തുകയും ചെയ്തു.

3. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് ജില്ലാ കളക്ടറിൽ നിന്നുള്ള നിരാക്ഷേപ പത്രം ആവശ്യമാണെന്ന ചട്ടം ഒഴിവാക്കി.

4. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്നതിന് മൈനിംഗ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

5. തെരഞ്ഞെടുത്ത ഡാമുകളിൽ നിന്നും മണൽ/ചെളി എന്നിവ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

6. അന്യസംസ്ഥാനത്തുനിന്നും/വിദേശത്തുനിന്നും കരിങ്കല്ല്/മണൽ ഇറക്കുമതി ചെയ്യുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

7. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വ്യവസായ വകുപ്പുമന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ സിമെന്റ് ഉത്പാദകരുടെയും വ്യാപാരികളുടെയും യോഗങ്ങൾ വിളിച്ച് സിമെന്റ് വില കുറയ്ക്കണമെന്ന നിർദ്ദേശം നൽകി.

8. സിമന്റിന്റെ വില വർദ്ധനവ് തടയുന്നതിനായി മലബാർ സിമന്റ്സ് കമ്പനിയുടെ എല്ലാ യൂണിറ്റുകളും പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുകയും സിമന്റ് ഉത്പാദനം മെച്ചപ്പെടുത്തുകയും സിമെന്റ് മാർക്കറ്റിൽ നിത്യേന ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

9. ക്വാറി ഉത്പന്നങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ട് എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ക്വാറി/ക്രഷർ ഉടമകളുടെ യോഗം വിളിച്ച് ഉചിത നടപടികൾ എടുക്കുവാൻ നിർദ്ദേശം നൽകി.

10. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15-5-2019-ൽ യോഗം ചേർന്ന് SEIAA/SEAC-ന് നിർദ്ദേശം നൽകി.

11. 9-3-2018, 21-11-2018 തീയതികളിൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തനപുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തു.

12. 2008-ന് മുമ്പ് (നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പ്) നികത്തപ്പെട്ട ഭൂമിയിൽ നിന്ന് പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കളിമണ്ണ് ശേഖരിക്കുന്നതിന്റെ സാധ്യതകൾ പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.)-യെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഈ സ്ഥാപനം തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ആർ.ഇ.സി.-യുടെ റിപ്പോർട്ട് പ്രകാരം കളിമൺ നിക്ഷേപമുള്ള പ്രദേശങ്ങളിൽ ഖനനാനുമതി നൽകുന്നതിന് തുടർ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

## സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് നടപടി

175(581) <u>ശ്രീ. അനൂപ് ജേക്കബ്</u> :

<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അനുമതികളും സൗകര്യങ്ങളും അതിവേഗം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ

കൊണ്ടുവന്ന കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018 നടപ്പിലാക്കിയ ശേഷം വ്യവസായ രംഗത്ത് എന്ത് മാറ്റമാണ് വന്നിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും അനുമതി ലഭിക്കുന്നതിന് ഏർപ്പെടുത്തിയ ഏകജാലക ഓൺലൈൻ സംവിധാനം വിജയപ്രദമാണോ;

(സി) പ്രസ്തുത സംവിധാനത്തിൽ വ്യാപകമായ പാളിച്ചകൾ ഉള്ളതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) വ്യവസായ യൂണിറ്റുകൾക്കായി ബഹുനില വ്യവസായ സമുച്ചയങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് അവ ആരംഭിക്കുന്നതെന്ന് അറിയിക്കുമോ ;

(ഇ) മുഖ്യമന്ത്രിയുടെ വിദേശസന്ദർശനത്തിലൂടെ പുതിയ വ്യവസായ നിക്ഷേപം സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുവാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018 നടപ്പിലാക്കിയശേഷം കേരളത്തിൽ വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ ), വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കാനാകും എന്നതാണ് വ്യവസായ രംഗത്ത് വന്നിട്ടുള്ള പ്രധാനമാറ്റങ്ങൾ.

(ബി&സി) വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും അനുമതി എളുപ്പത്തിൽ ലഭിക്കുന്നതിന് പുതിയ സംരംഭകർക്കായുള്ള ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ വിജയകരമായി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനത്തിൽ നാളിതുവരെ പാളിച്ചകളൊന്നും ഉണ്ടായതായി നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി. റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) ഉണ്ട്. കേരളത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറുടെ നിയന്ത്രണത്തിൽ കുറഞ്ഞ ഭൂവിസ്തൃതി ഉപയോഗപ്പെടുത്തി കൂടുതൽ യൂണിറ്റുകളെ അധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുക എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. എറണാകുളത്തെ എടയാറിൽ ഒരു സമുച്ചയം നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ പുഴയ്ക്കൽപ്പാടത്ത് രണ്ട് ബഹുനില സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ആലപ്പുഴ പുന്നപ്രയിൽ ഒരു ബഹുനില സമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരത്ത് കൊച്ചുവേളിയിലും പാലക്കാട് പുതുശ്ശേരിയിലും ഷൊർണ്ണൂരിലും ബഹുനില സമുച്ചയങ്ങളുടെ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിലെ വരവൂരിൽ 8.55 ഏക്കർ സ്ഥലത്ത് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

വ്യവസായ യൂണിറ്റുകൾക്കായി കിൻഫ്രയുടെ ബഹുനില വ്യവസായ സമുച്ചയങ്ങൾ തൃശ്ശൂർ (കൊരട്ടി), കോഴിക്കോട് (രാമനാട്ടുകര), മലപ്പുറം (കാക്കഞ്ചേരി), എറണാകുളം (കാക്കനാട്), തിരുവനന്തപുരം (കഴക്കൂട്ടം) എന്നിവിടങ്ങളിലാണ്. കൂടാതെ സിഡ്കോയുടെ അധീനതയിൽ തിരുവനന്തപുരം ജില്ലയിലെ അമരവിളയിലും കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം മിനി വ്യവസായ എസ്റ്റേറ്റിലും ബഹുനില വ്യവസായ സമുച്ചയങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരികയാണ്.

(ഇ) മുഖ്യമന്ത്രിയുടെ വിദേശസന്ദർശനത്തിലൂടെ ലോകരാജ്യങ്ങളുമായി കേരളത്തിന്റെ ബന്ധം ശക്തിപ്പെടുത്തുവാനും സംസ്ഥാനത്ത് നടപ്പിലാക്കിയ 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' നടപടിക്രമങ്ങൾ അവിടത്തെ നിക്ഷേപകരെ ബോധ്യപ്പെടുത്തി പുതിയ വ്യവസായ നിക്ഷേപം സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരാൻ അവരെ പ്രേരിപ്പിക്കുന്നതുമായിരുന്നു.

**കെ.എസ്.ഡി.പി.-യെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ**

176(+T582) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഡി.പി.-യെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് ഈ സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

+ T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കമ്പനിയിലെ നോൺബീറ്റാലാക്റ്റം പ്ലാന്റ് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായിട്ടുണ്ടോ; ഒരു വർഷം എത്ര കോടി രൂപയുടെ മരുന്ന് ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്;

(സി) പ്രസ്തുത കമ്പനിയിൽ ഉൽപ്പാദിപ്പിക്കുന്ന മരുന്നിന്റെ വിപണനത്തിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 9.89 കോടി രൂപ മുതൽമുടക്കിൽ നിർമ്മിച്ച പുതിയ ഡ്രൈ പൗഡർ ഇഞ്ചക്ഷൻ പ്ലാന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2017-ൽ ഉദ്ഘാടനം ചെയ്തു. ആന്റിബയോട്ടിക് ഇഞ്ചക്ഷൻ മരുന്നുകൾ ഉത്പാദിപ്പിക്കുന്ന ഈ പ്ലാന്റിൽ നിലവിൽ 22 ഇനം മരുന്നുകൾക്ക് ലൈസൻസ് ലഭിച്ചിട്ടുണ്ട്.

WHO, GMP മാനദണ്ഡങ്ങൾ പാലിച്ച്, നൂതന സാങ്കേതിക വിദ്യ നിർമ്മാണത്തിൽ ഉപയോഗപ്പെടുത്തി ലോക നിലവാരത്തിലുള്ള നോൺബീറ്റാലാക്റ്റം പ്ലാന്റിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2019 ഫെബ്രുവരിയിൽ നിർവ്വഹിച്ചു. 32.52 കോടി രൂപയാണ് പദ്ധതിയുടെ മൊത്തം ചെലവ്. 2017-18 വർഷത്തെ സംസ്ഥാന ബജറ്റിൽ 18.15 കോടി രൂപ വകയിരുത്തി, ഒപ്പം അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്കുള്ള മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിന് 10 കോടി രൂപ പ്രത്യേകമായും വകയിരുത്തി. സർക്കാർ ആശുപത്രികൾക്കുവേണ്ടി കെ.എം.എസ്.സി.എൽ.-ന് ആവശ്യമായ 158 ഇനം മരുന്നുകളുടെ ഉത്പാദനം ഈ പ്ലാന്റിൽ നടത്താനാകും.

2018-19 കാലയളവിൽ ഇന്നുവരെയുള്ള ഏറ്റവും ഉയർന്ന ഉത്പാദനമായ 58.37 കോടി രൂപയും വിൽപ്പനയ്ക്ക് 55.01 കോടി രൂപയും 2.75 കോടി (പ്രൊവിഷണൽ) രൂപയുടെ ലാഭവും കൈവരിക്കാൻ സാധിച്ചു. കുത്തിവയ്പ്പ് മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിനായി 50 കോടി രൂപ മുതൽമുടക്കിൽ ആരംഭിക്കാൻ പോകുന്ന LVP/SVP പ്ലാന്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ സിവിൽ വർക്ക് തുടങ്ങുകയും യന്ത്രസാമഗ്രികളുടെ ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു.

(ബി) കമ്പനിയിൽ പുതുതായി അനുവദിച്ച നോൺ ബീറ്റാലാക്റ്റം പ്ലാന്റ് പൂർണ്ണതോതിൽ ഉത്പാദനസജ്ജമാക്കിക്കൊണ്ടിരിക്കുന്നു. മെഷിനറികളുടെയും പ്ലാന്റിന്റെയും validation പ്രക്രിയ നടത്തേണ്ടതായിട്ടുണ്ട്. പ്ലാന്റിന്റെ പ്രവർത്തനത്തിനുള്ള ലൈസൻസ് നേടിയാൽ പൂർണ്ണതോതിൽ ഉത്പാദനം ആരംഭിക്കാൻ കഴിയുന്നതാണ്. 100 ശതമാനം ഉത്പാദനക്ഷമതയോടുകൂടി 150 കോടി രൂപയുടെ മരുന്ന് ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) കമ്പനിയിൽ നിലവിൽ ഉത്പാദിപ്പിക്കുന്ന മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴിയും മറ്റു സംസ്ഥാനങ്ങളിലെ മെഡിക്കൽ കോർപ്പറേഷൻ വഴിയുമാണ് പ്രധാനമായും വിപണനം നടത്തിവരുന്നത്. കൂടാതെ ഇ.എസ്.ഐ., ജൻ ഔഷധി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഓർഡറുകൾ ലഭിക്കുന്നുണ്ട്. കാരുണ്യ ഫാർമസി വഴിയും മരുന്ന് വിപണനം നടത്തുന്നുണ്ട്. മരുന്നുകൾ അന്താരാഷ്ട്രതലത്തിൽ വിപണനം ചെയ്യുന്നതിനുള്ള പ്രവർത്തനവും ഊർജ്ജിതമായി നടത്തുന്നുണ്ട്. കൂടാതെ തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലുങ്കാന, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിലേയ്ക്ക് മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. ടി സംസ്ഥാനങ്ങളിൽ നിന്ന് 2019-20 സാമ്പത്തിക വർഷം 25 കോടിയോളം രൂപയുടെ ഓാർഡറുകൾ പ്രതീക്ഷിക്കുന്നു. കെ.എം.എസ്.സി.എൽ.-ൽ നിന്നും 2019-20 -ലേയ്ക്ക് 83 കോടി രൂപയുടെ ഓർഡറുകൾ ലഭിച്ചിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി.വഴി നിയമനം നടത്തുന്നതിന് നടപടി

177(583) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള ഏതെല്ലാം പൊതുമേഖല സ്ഥാപനങ്ങളിലെ ലാസ്റ്റ്ഗ്രേഡ് തസ്തികയിലെ നിയമനങ്ങളാണ് പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്;

(ബി) ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിക്കാത്ത എത്ര സ്ഥാപനങ്ങളുണ്ട്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പി.എസ്.സി. വഴി ഇത്തരം സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിനുള്ള തടസ്സമെന്താണെന്ന് അറിയിക്കുമോ;

(ഡി) വ്യവസായ വകുപ്പിന് കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനുള്ള പദ്ധതികൾ

178(584) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയിലൂടെ 2016-17 , 2017-18 , 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും എത്ര പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ സാധിച്ചിട്ടുണ്ട്;വിശദമാക്കുമോ;

(സി) മേല്പറഞ്ഞ കാലയളവിൽ എത്ര പൊതുമേഖല സ്ഥാപനങ്ങൾ ഓരോ വർഷവും നഷ്ടത്തിലായി എന്നതിന്റെ വിശദാംശം നൽകുമോ;

(ഡി) ലാഭത്തിലായ പൊതുമേഖല സ്ഥാപനങ്ങളെല്ലാം കൂടി 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും കൈവരിച്ച ലാഭം എത്രയായിരുന്നു;

(ഇ) നഷ്ടത്തിലായ സ്ഥാപനങ്ങളെല്ലാം കൂടി 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും വരുത്തിവച്ച നഷ്ടം എത്ര കോടി രൂപയായിരുന്നു;വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണസാധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനുവേണ്ടി ഓരോ വർഷവും കൂടുതൽ തുക ബജറ്റിൽ വകയിരുത്തി നൽകിവരുന്നുണ്ട്.

2017-18-ലും 2018-19-ലും ഭരണാനുമതി ലഭിച്ച വിവിധ പദ്ധതികളുടെ പൂർത്തീകരണത്തിനും പുതിയ പദ്ധതികൾക്കുമായി 2019-20-ലെ ബഡ്ജറ്റിൽ 299.35 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. കമ്പനിയുടെ അടിസ്ഥാന പ്രവർത്തനമേഖലയെ ശക്തിപ്പെടുത്തുന്നതിനാണ് പ്രാമുഖ്യം നൽകിവരുന്നത്.

കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകളുടെ സ്ഥായിയായ പ്രവർത്തനത്തിനും സമഗ്ര പുനരുദ്ധാരണത്തിനും വേണ്ടി പൊതുമേഖലയിലും സഹകരണമേഖലയിലും പ്രവർത്തിക്കുന്ന ഓരോ മില്ലുകളുടെയും പ്രവർത്തനം വിശദമായി വിലയിരുത്തി വികസന/പുനരുദ്ധാരണ/ആധുനികവത്കരണ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ സഹായത്തോടെ ഈ മില്ലുകൾ എല്ലാം തന്നെ ഗുണമേന്മയുള്ളതും കമ്പോളത്തിനാവശ്യമായ നൂലുകൾ ഉത്പാദിപ്പിക്കുന്ന തരത്തിലേയ്ക്ക് സജ്ജമാക്കുന്നതിനും തൊഴിലാളികൾ ഉൾപ്പെടെ ഈ മേഖലയെ ആശ്രയിക്കുന്ന എല്ലാവർക്കും അതിന്റെ ഗുണഫലം ലഭ്യമാക്കുന്നതിനും സാധിക്കും.

ആഡിറ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഇന്റേണൽ ആഡിറ്റ് ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു.

പൊതുമേഖല സ്ഥാപനങ്ങളുടെ സമഗ്ര വികസനത്തിനോടൊപ്പം തന്നെ മാനേജിംഗ് ഡയറക്ടർമാരുടേയും ജീവനക്കാരുടേയും കഴിവുകൾ വികസിപ്പിക്കുന്നതിനും അവരെ കൂടുതൽ പ്രാപ്തരാക്കുന്നതിനും വേണ്ടി വിവിധ തലത്തിലുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു.

(ബി&സി) 2016-17-ൽ 13 പൊതുമേഖലാ സ്ഥാപനങ്ങളും 2017-18-ൽ 14 പൊതുമേഖലാ സ്ഥാപനങ്ങളും 2018-19-ൽ 12 പൊതുമേഖലാ സ്ഥാപനങ്ങളും ലാഭത്തിൽ പ്രവർത്തിച്ചു.

2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ വർഷവും കൈവരിച്ച മൊത്തം ലാഭം ചുവടെ ചേർക്കുന്നു:

| വർഷം | ലാഭത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ എണ്ണം | ലാഭം (കോടിയിൽ) |
|---|---|---|
| 2016-17 | 13 | 88.41 |
| 2017-18 | 14 | 285.61 |
| 2018-19 | 12 | 241.18 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ വർഷവും ഉണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

| വർഷം | നഷ്ടത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ എണ്ണം | നഷ്ടം (കോടിയിൽ) |
|---|---|---|
| 2016-17 | 27 | 207.41 |
| 2017-18 | 26 | 233.22 |
| 2018-19 | 30 | 232.92 |

**പൊതുമേഖലാ സ്ഥാപനങ്ങൾ**

179(585) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ ഇപ്പോൾ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളത്; അവയിൽ എത്ര സ്ഥാപനങ്ങൾ നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്നും അവ ഏതൊക്കെ എന്നും വിശദമാക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉന്നമനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ സഹകരണ മേഖലയിലുള്ളവ ഉൾപ്പെടെ 45 സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനായ കിൻഫ്രയെയും സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ടെക്സ്റ്റൈൽ മില്ലുകളുടെ അപ്പെക്സ് സ്ഥാപനമായ ടെക്സ്ഫെഡ്, കെ.എസ്.ഐ.ഡി.സി. എന്നിവയൊഴികെയുള്ള 42 സ്ഥാപനങ്ങളെയും മാസംതോറുമുള്ള പ്രവർത്തന അവലോകനത്തിന് വിധേയമാക്കിവരുന്നു.

2018-19 സാമ്പത്തിക വർഷാവസാനം അവലോകനത്തിനായി പരിഗണിച്ച പൊതുമേഖലാ സ്ഥാപനങ്ങളിൽ ആഡിറ്റിനുമുമ്പുള്ള കണക്കുകൾ പ്രകാരം അനുബന്ധത്തിൽ സൂചിപ്പിച്ചിരിക്കുന്ന 12 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ഉൾപ്പെടെയുള്ള

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനുവേണ്ടി ഓരോ വർഷവും കൂടുതൽ തുക ബജറ്റിൽ വകയിരുത്തി നൽകിവരുന്നുണ്ട്.

2017-18-ലും 2018-19-ലും ഭരണാനുമതി ലഭിച്ച വിവിധ പദ്ധതികളുടെ പൂർത്തീകരണത്തിനും പുതിയ പദ്ധതികൾക്കുമായി 2019-20-ലെ ബജറ്റിൽ 299.35 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. കമ്പനിയുടെ അടിസ്ഥാന പ്രവർത്തനമേഖലയെ ശക്തിപ്പെടുത്തുന്നതിനാണ് പ്രാമുഖ്യം നൽകിവരുന്നത്.

കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകളുടെ സ്ഥായിയായ പ്രവർത്തനത്തിനും സമഗ്ര പുനരുദ്ധാരണത്തിനും വേണ്ടി പൊതുമേഖലയിലും സഹകരണമേഖലയിലും പ്രവർത്തിക്കുന്ന ഓരോ മില്ലുകളുടെയും പ്രവർത്തനം വിശദമായി വിലയിരുത്തി വികസന/പുനരുദ്ധാരണ/ആധുനികവത്കരണ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ സഹായത്തോടെ ഈ മില്ലുകൾ എല്ലാം തന്നെ ഗുണമേന്മയുള്ളതും കമ്പോളത്തിനാവശ്യമായ നൂലുകൾ ഉത്പാദിപ്പിക്കുന്ന തരത്തിലേയ്ക്ക് സജ്ജമാക്കുന്നതിനും തൊഴിലാളികൾ ഉൾപ്പെടെ ഈ മേഖലയെ ആശ്രയിക്കുന്ന എല്ലാവർക്കും അതിന്റെ ഗുണമേന്മ ലഭ്യമാക്കുന്നതിനും സാധിക്കും.

ആഡിറ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഇന്റേണൽ ആഡിറ്റ് ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര വികസനത്തിനോടൊപ്പം തന്നെ മാനേജിംഗ് ഡയറക്ടർമാരുടേയും ജീവനക്കാരുടേയും കഴിവുകൾ വികസിപ്പിക്കുന്നതിനും അവരെ കൂടുതൽ പ്രാപ്തരാക്കുന്നതിനും വേണ്ടി വിവിധ തലത്തിലുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര വ്യവസായ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ സ്വീകരിച്ചുവരുന്നു.

പുതിയ സംരംഭങ്ങളായി ഇൻഡസ്ട്രിയൽ ഇ-മൊബിലിറ്റി പാർക്കും ആധുനിക റൈസ് മില്ലുകളും സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

## ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

180(586) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന ആക്കുന്നതിന് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ അധീനതയിൽ സഹകരണ മേഖലയിലുള്ളവ ഉൾപ്പെടെ 45 പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2018-19 സാമ്പത്തിക വർഷാവസാനം അവലോകനത്തിനായി പരിഗണിച്ച 39 പൊതുമേഖലാ സ്ഥാപനങ്ങളിൽ ആഡിറ്റിനു മുമ്പുള്ള കണക്കുകൾ പ്രകാരം അനുബന്ധത്തിൽ സൂചിപ്പിച്ചിരിക്കുന്ന 12 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു.

(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്റ്റാഫ് കാറ്റഗറിയിലെ നിയമനങ്ങൾ നിലവിൽ പി.എസ്.സി.-യുടെ പരിധിയിൽ വരുന്നതാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് 2015-16 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ ലാഭകരമാക്കുവാൻ സാധിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

181(587) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) 2016 മാർച്ച് 31-ന് സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളുടെ ആകെ വിറ്റുവരവ് എത്ര കോടി രൂപയായിരുന്നു;

(ഡി) 2019 മാർച്ച് 31-ന് ആകെ വിറ്റുവരവ് എത്ര കോടി രൂപയാണെന്ന് അറിയിക്കാമോ;

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളെ നഷ്ടത്തിൽ നിന്നും കരകയറ്റി ലാഭത്തിൽ പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം ഇടപെടലുകളും നടപടികളുമാണ് നടത്തിക്കൊണ്ടിരിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 8 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു.

(ബി) 2018-19 സാമ്പത്തിക വർഷാവസാനം അവലോകനത്തിനായി പരിഗണിച്ച പൊതുമേഖലാ സ്ഥാപനങ്ങളിൽ ആഡിറ്റിനുമുമ്പുള്ള കണക്കുകൾ പ്രകാരം അനുബന്ധമായി* സൂചിപ്പിച്ചിരിക്കുന്ന 12 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) 2016 മാർച്ച് 31-ന് (2015-16-ൽ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ വിറ്റുവരവ് 2799.85 കോടി രൂപ ആയിരുന്നു.

(ഡി) 2019 മാർച്ച് 31-ന് (2018-19-ൽ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ വിറ്റുവരവ് 3416.20 കോടി രൂപയായിരുന്നു.

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ പ്രവർത്തന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിയെങ്കിൽ മാത്രമേ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിപണിയിൽ നിന്നും നേരിടുന്ന മത്സരങ്ങളെ അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളെ സജ്ജമാക്കുവാൻ കഴിയുകയുള്ളൂവെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്കായി വിവിധ നവീകരണ വിപുലീകരണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. ഇതിനായി ബജറ്റിൽ നിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതിവിഹിതം 270 കോടി രൂപയായി ഉയർത്തുകയും വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടിരൂപയും നൽകിയിരുന്നു. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി ബജറ്റിൽ 297.35 കോടി രൂപ വകയിരുത്തി സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾക്കായി നൽകി. 2019-20-ൽ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 299.35 കോടി രൂപ വകയിരുത്തി അനുവദിച്ചുവരുന്നു. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനവും കൃത്യമായി നടത്തിവരുന്നുണ്ട്. ബഹുമാനപ്പെട്ട വ്യവസായ, കായിക, യുവജനക്ഷേമ മന്ത്രി നേരിട്ട് തന്നെ കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്, മലബാർ സിമന്റ്സ് ലിമിറ്റഡ്, കേരള ക്ലേയ്സ് ആൻഡ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ സന്ദർശിക്കുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകനത്തിന് വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞു.

### നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

182(588) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വകുപ്പിന് കീഴിലുള്ള എത്ര പൊതുമേഖലസ്ഥാപനങ്ങളെ നഷ്ടത്തിൽ നിന്നും ലാഭത്തിലെത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ആയവ ലാഭത്തിലെത്തിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് 2015-16 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ ലാഭകരമാക്കുവാൻ സാധിച്ചു.

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിൽ 2018-19 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ പ്രവർത്തന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ഉത്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിയെങ്കിൽ മാത്രമേ വിപണിയിൽ നിന്നും നേരിടുന്ന മത്സരങ്ങളെ അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളെ സജ്ജമാക്കുവാൻ കഴിയുകയുള്ളൂവെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്കായി വിവിധ നവീകരണ വിപുലീകരണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. ഇതിനായി ബജറ്റിൽ നിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടി രൂപയും നൽകിയിരുന്നു. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടി രൂപ വകയിരുത്തി സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾക്കായി നൽകി. 2019-20-ൽ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 299.35 കോടി രൂപ വകയിരുത്തി അനുവദിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെ അവലോകനം എല്ലാ മാസവും നടത്തിവരുന്നുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമായി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ഓരോ സ്ഥാപനങ്ങളെയും പ്രത്യേകം പ്രവർത്തന അവലോകനത്തിന് വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര വികസനത്തോടൊപ്പം തന്നെ മാനേജിംഗ് ഡയറക്ടർമാരുടെയും ജീവനക്കാരുടെയും കഴിവുകൾ വികസിപ്പിക്കുന്നതിനും കൂടുതൽ പ്രാപ്തരാക്കുന്നതിനും വേണ്ടി വിവിധ തലത്തിലുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം**

183(589) ശ്രീ. ആർ. രാജേഷ്:
ശ്രീ. എം. നൗഷാദ്:
ശ്രീ. രാജു എബ്രഹാം:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ കേന്ദ്ര സർക്കാർ തുച്ഛ വിലയ്ക്ക് സ്വകാര്യമേഖലയ്ക്ക് കൈമാറുന്നതിനു വിപരീതമായി സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ പുനരുദ്ധരിച്ച് ലാഭത്തിലാക്കുന്നതിന് കൈക്കൊണ്ടുവരുന്ന നടപടികളുടെ ഫലപ്രാപ്തി വിശദമാക്കാമോ;

(ബി) തകർച്ചയിലായിരുന്ന കെൽട്രോണിനെ ആധുനീകരിച്ച് വിപുലീകരിച്ചതിലൂടെ വിറ്റുവരവിൽ സൃഷ്ടിക്കാൻ കഴിഞ്ഞ നേട്ടം എത്രയെന്ന് അറിയിക്കാമോ;

(സി) ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് തുടങ്ങി വർഷങ്ങളായി നഷ്ടത്തിലായിരുന്ന സ്ഥാപനങ്ങളെ കരകയറ്റാനായി നടത്തിയ പ്രവർത്തനം വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനുവേണ്ടി ഓരോ വർഷവും കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തി നൽകിവരുന്നുണ്ട്. 2019-20-ലെ ബഡ്ജറ്റിൽ വിവിധ പദ്ധതികളുടെ പൂർത്തീകരണത്തിനും പുതിയ പദ്ധതികൾക്കുമായി 299.35 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

മേൽ വിവരിച്ച നടപടികളിലൂടെ കമ്പനികൾ വിപണന സാധ്യതയുള്ള നൂതന ഉത്പന്നങ്ങളും പദ്ധതികളും പ്രാവർത്തികമാക്കി കൂടുതൽ വിപണി കണ്ടെത്തുകവഴി വിറ്റുവരവിലും മൊത്തം ലാഭത്തിലും വർദ്ധനവ് ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട വ്യവസായ കായിക യുവജനക്ഷമ മന്ത്രി തന്നെ നേരിട്ട് കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൽ കെമിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്, മലബാർ സിമന്റ്സ് ലിമിറ്റഡ്, കേരള ക്ലേയ്സ് ആൻഡ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ സന്ദർശിക്കുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

ഓരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകനത്തിന് വിധേയമാക്കുന്നതിനാൽ പ്രവർത്തനം സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുന്നതിനാൽ ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുവാൻ സാധിക്കുന്നുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര വികസനത്തോടൊപ്പം തന്നെ മാനേജിംഗ് ഡയറക്ടർമാരുടെയും ജീവനക്കാരുടെയും കഴിവുകൾ വികസിപ്പിക്കുന്നതിനും കൂടുതൽ പ്രാപ്തരാക്കുന്നതിനും വേണ്ടി സർക്കാർ വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ നടത്തുകവഴി മാനവവിഭവശേഷിയുടെ വികസനവും ഉറപ്പുവരുത്തുവാൻ സാധിക്കുന്നുണ്ട്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (കെൽട്രോൺ) പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും വേണ്ടി വിവിധ ഉത്പാദന യൂണിറ്റുകളിലെ സൗകര്യങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി 2017-18-ൽ 10 കോടി രൂപ സർക്കാർ ധനസഹായത്തോടെയുള്ള നവീകരണ പദ്ധതികൾ പൂർത്തിയായിവരുന്നു. ലാപ്ടോപ് കമ്പ്യൂട്ടറുകളുടെയും സർവറുകളുടെയും നിർമ്മാണത്തിന്റെ ഭാഗമായി പി.പി.പി. ഘടനയിലുള്ള ഒരു സംവിധാനം കെൽട്രോണിന്റെ കൂടി പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുണ്ട്. വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. സോളാർ പാനൽ, സ്മാർട്ട് മീറ്ററുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2019-20-ൽ വിവിധ ഉത്പാദന യൂണിറ്റുകളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങളും ജി.പി.എസ്. അധിഷ്ഠിത വാഹന ട്രാക്കിംഗ് സിസ്റ്റംസ് നിർമ്മാണവും ആരംഭിക്കുന്നതിനായി 9.56 കോടി രൂപ നൽകിയിട്ടുണ്ട്. പദ്ധതികളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

2016-17 സാമ്പത്തിക വർഷം 378 കോടിരൂപയായിരുന്ന വിറ്റുവരവ് 2018-19-ൽ 459 കോടി രൂപയായി ഉയർത്തുവാൻ സാധിച്ചു. ഈ സാമ്പത്തിക വർഷം (2019-20) കമ്പനി 677 കോടി രൂപയുടെ വിറ്റുവരവ് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

(സി) ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിൽ 75 റ്റി.പി.ഡി. കപ്പാസിറ്റിയുള്ള കാസ്റ്റിക് സോഡ പ്ലാന്റ്, 100 റ്റി.പി.ഡി.-യുടെ കപ്പാസിറ്റിയുള്ള കാസ്റ്റിക്ക് കോൺസെൻട്രേഷൻ യൂണിറ്റ്, 60 റ്റി.പി.ഡി. കപ്പാസിറ്റിയുള്ള ഹൈഡ്രോക്ലോറിക് ആസിഡ് സിന്തസിസ് യൂണിറ്റ് എന്നീ പുതിയ പദ്ധതികൾ നടപ്പിലാക്കി കമ്പനിയുടെ ഉത്പാദന സംവിധാനം വിപുലീകരിച്ചിട്ടുണ്ട്. വൈദ്യുതി കുറഞ്ഞ വിലയ്ക്കു വാങ്ങുന്നതിനുള്ള " ഓപ്പൺ ആക്സസ്" സംവിധാനം നടപ്പിലാക്കിയത് കമ്പനിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സാധിച്ചു. കമ്പനിയുടെ ചരിത്രത്തിലാദ്യമായി 2017-18 -ൽ കാസ്റ്റിക് സോഡ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുവാൻ സാധിച്ചു. 2018-19 -ൽ റെക്കോർഡ് ലാഭം നേടുവാനും സാധിച്ചു.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് നിലവിലുള്ള പ്ലാന്റിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെയും മാലിന്യ സംസ്കരണ പ്ലാന്റിന്റെ

പ്രവർത്തനം പുനരാരംഭിക്കുന്നതിന്റെയും ഭാഗമായി നടപ്പിലാക്കുന്ന കോപ്പറാസ് റിക്കവറി പ്ലാന്റിന്റെയും സൾഫ്യൂറിക് ആസിഡ് പ്ലാന്റിന്റെയും നവീകരണ പദ്ധതി പുരോഗമിക്കുന്നു.

റ്റി.റ്റി.പി.-യുടെ R&D വികസിപ്പിച്ചെടുത്ത റോഡ് മാർക്കിംഗ് പെയിന്റ്, ഡൈജസ്റ്റർ വേസ്റ്റിൽ നിന്നും ബ്രിക്സ് ഉണ്ടാക്കുന്ന പദ്ധതി, മലബാർ സിമന്റ്സിന് ജിപ്സം നൽകുന്ന പദ്ധതി ഇവ 2019 ഫെബ്രുവരിയിൽ കമ്മീഷൻ ചെയ്തു. 2016-17 മുതൽ കമ്പനി ലാഭത്തിൽ പ്രവർത്തിക്കുന്നു.

## ചവറ കെ.എം.എം.എൽ.-ലെ വേസ്റ്റ് നീക്കാൻ പദ്ധതി

184(590) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ കെ.എം.എം.എൽ.-ലെ ടൈറ്റാനിയം ഡയോക്സൈഡിന്റെ ഉല്പാദനത്തിന് ശേഷമുള്ള റെഡ് ഓക്സൈഡ് കലർന്ന വേസ്റ്റ്, വലിയ കുളങ്ങളിൽ സൂക്ഷിക്കുന്നതിനാൽ വൻതോതിലുള്ള പരിസര മലിനീകരണത്തിന് കാരണമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ദ്രാവകം പൗഡർ രൂപത്തിലാക്കി മാറ്റുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) നാഗ്പൂരിലുള്ള National Environmental Engineering Research Institute (NEERI)-നെക്കൊണ്ട് പരിസ്ഥിതിയാഘാത പഠനം നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഉത്പാദനപ്രക്രിയയുടെ ഭാഗമായി കെ.എം.എം.എൽ.-ൽ ഉണ്ടാകുന്ന അയൺ ഓക്സൈഡും എഫ്ലുവെന്റ് ട്രീറ്റ്മെന്റ് സ്ലഡ്ജും Hazardous Waste (Management, Handling and Transboundary Movement) Rules 2008 പ്രകാരം നോൺ ഹസാർഡസ് വിഭാഗത്തിൽ വരുന്നതാണ്. 2008-നുശേഷം അയൺ ഓക്സൈഡും എഫ്ലുവെന്റ് ട്രീറ്റ്മെന്റ് സ്ലഡ്ജും സി.പി.സി.ബി.-യുടെ നിർദ്ദേശപ്രകാരം തറനിരപ്പിന് മുകളിൽ യഥാക്രമം നാലും എട്ടും മീറ്റർ ഉയരത്തിൽ ഉണ്ടാക്കിയിരിക്കുന്ന 7 ലെയർ സ്റ്റോറേജ് പോണ്ടുകളിൽ സൂക്ഷിച്ചിരിക്കുകയാണ്. എന്നാൽ കമ്പനിയുടെ ആരംഭകാലം തൊട്ട് 1984 മുതൽ 2008 വരെ ഉണ്ടായിട്ടുള്ള അയൺ ഓക്സൈഡും എഫ്ലുവന്റ് ട്രീറ്റ്മെന്റ് സ്ലഡ്ജും പഴയ ആറ് പോണ്ടുകളിലായി സൂക്ഷിച്ചിരിക്കുന്നു. 30 വർഷത്തിനുമുമ്പ് അന്നത്തെ നിയമങ്ങൾക്കനുസൃതമായി നിർമ്മിച്ചിട്ടുള്ള

3 മീറ്റർ തറനിരപ്പിൽ നിന്നും താഴോട്ടുള്ള പോണ്ടുകളിൽ നിന്നും അതിന്റെ കാലപ്പഴക്കംകൊണ്ട് ഉപരിതലം കവിഞ്ഞൊഴുകുന്നതിലും താഴോട്ടുള്ള ഒഴുക്കിനും അതുവഴി അടുത്തുള്ള കനാലിലേക്കും മറ്റ് താഴ്ന്ന പ്രദേശങ്ങളിലേക്കും ഉള്ള വ്യാപിക്കലിന് വഴിവയ്ക്കുന്നത് തള്ളിക്കളയാനാവില്ലെന്നും ഇത് പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതാണെന്നും പ്രസ്തുത റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. NEERI ശിപാർശ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ കെ.എം.എം.എൽ. നടത്തിയിട്ടുണ്ട്. പഴയതും പുതിയതുമായ അയൺ ഓക്സൈഡ് കുളങ്ങൾക്ക് ചുറ്റും ഗാർലന്റ് ഡ്രയിൻ സ്ഥാപിക്കുകയും കമ്പനി പരിസരത്തുള്ള മലിനീകരിക്കപ്പെട്ട പ്രദേശങ്ങൾ മലിനീകരണ മുക്തമാക്കുന്നതിനുള്ള പ്രവർത്തനത്തിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തോടെ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

**നവകേരളത്തിനായി സ്വകാര്യ നിക്ഷേപം**

185(591) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളത്തിനായി സ്വകാര്യ നിക്ഷേപം എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആഗോള നിക്ഷേപക സംഗമം (ജിം) സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതൊക്കെ മേഖലകളിൽ സംരംഭക സാധ്യതകൾ നിലവിലുണ്ടെന്നാണ് വിലയിരുത്തിയിട്ടുള്ളത്?

<u>ഉത്തരം</u>

(എ) നവകേരളത്തിനായി സ്വകാര്യ നിക്ഷേപം എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആഗോള നിക്ഷേപക സംഗമം (ജിം) സംഘടിപ്പിക്കുവാൻ തൽക്കാലം തീരുമാനിച്ചിട്ടില്ല.

(ബി) ലൈഫ് സയൻസസ്, ഇലക്ട്രോണിക്സ്, ഡിഫൻസ്, ഫുഡ് പ്രോസസ്സിംഗ്, പെട്രോകെമിക്കൽ എന്നിവയും പരമ്പരാഗത മേഖലകളായ റബ്ബർ, കൈത്തറി, ആരോഗ്യം, കൃഷി തുടങ്ങിയവയുമാണ് സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയിൽ പ്രധാന പങ്ക് വഹിക്കാൻ സാധ്യതയുള്ളതും സംരംഭക സാധ്യതയുള്ളതുമായ മേഖലകളായി വിലയിരുത്തിയിട്ടുള്ളത്.

## വ്യവസായ ലോണുകൾ

186(592) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വൻകിട, ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാനായി നല്കിവരുന്ന ലോണുകൾ /സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) ഇക്കാലയളവിൽ സംസ്ഥാനത്ത് വൻകിട/ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാനായി യുവാക്കൾക്കും വനിതകൾക്കും നല്കിവരുന്ന ലോണുകൾ/ സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമാണെന്ന് പ്രത്യേകം പ്രത്യേകം അറിയിക്കുമോ?

ഉത്തരം

(എ&ബി)

(1) വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം MSME മേഖലയ്ക്ക് നൽകി വരുന്ന പ്രധാന ധനസഹായ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സംരംഭകത്വ സഹായ പദ്ധതി

a) സൂക്ഷ്മ- ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി സംരംഭകത്വ സഹായപദ്ധതി നടപ്പിലാക്കി വരുന്നു.

b) പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു (പരമാവധി 20 ലക്ഷം രൂപ). വനിതാ സംരംഭകർക്കും യുവ സംരംഭകർക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു (പരമാവധി 30 ലക്ഷം രൂപ). മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% (പരമാവധി പത്ത് ലക്ഷം രൂപ) അധിക സാമ്പത്തിക സഹായം നൽകും.

c) ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) അധിക സഹായം നൽകി വരുന്നു.

2. ഗാർഹിക നാനോ സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി.

ഗാർഹിക നാനോ സംരംഭങ്ങൾക്ക് 6 ശതമാനം മുതൽ 8 ശതമാനം വരെ പലിശ സബ്സിഡി അനുവദിക്കുന്നു.

3. കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി (ആഷ പദ്ധതി).

കരകൗശല മേഖലയിലെ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്ഥിരമൂലധനത്തിന്റെ 50 ശതമാനം വരെ സബ്സിഡി അനുവദിക്കുന്നു.

മേൽ വിവരിച്ച പദ്ധതികളുടെ ആനുകൂല്യങ്ങൾ യുവാക്കൾക്കും വനിതകൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. സംരംഭക സഹായ പദ്ധതി പ്രകാരം ജനറൽ കാറ്റഗറിക്ക് 15 ശതമാനം സബ്സിഡി ലഭിക്കുമ്പോൾ വനിതകൾ/യുവാക്കൾ എന്നിവർക്ക് 20 ശതമാനം സബ്സിഡി ലഭിക്കുന്നു. ഗാർഹിക നാനോ പദ്ധതി പ്രകാരം ജനറൽ കാറ്റഗറിക്ക് 6 ശതമാനം പലിശ സബ്സിഡി ലഭിക്കുമ്പോൾ വനിതകൾക്ക് 8 ശതമാനം പലിശ സബ്സിഡി ലഭിക്കുന്നു.

(2) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ

ചെറുകിട-ഇടത്തരം-വൻകിട വ്യവസായങ്ങൾക്ക് 3500 ലക്ഷം രൂപ വരെ താഴെപ്പറയുന്ന ലോണുകൾ/സാമ്പത്തിക സഹായങ്ങൾ കെ.എസ്.ഐ.ഡി.സി. നൽകി വരുന്നു.

| ക്രമ നമ്പർ | ഇനം | തുക | തിരിച്ചടവ് കാലാധി | മൊറട്ടോറിയം |
|---|---|---|---|---|
| 1 | കാലാവധി വായ്പ | 1 കോടി രൂപ മുതൽ 35 കോടി വരെ | 4 മുതൽ 8 വർഷം വരെ | 2 മുതൽ 3 വർഷം വരെ |
| 2 | ഹ്രസ്വകാല വായ്പ | 1 കോടി രൂപ മുതൽ 3 കോടി വരെ | 1 വർഷം | - |
| 3 | പ്രവർത്തന മൂലധന കാലാവധി വായ്പ | 1 കോടി രൂപ മുതൽ 20 കോടി വരെ | 4 മുതൽ 8 വർഷം വരെ | -- |
| 4 | യന്ത്ര സാമഗ്രികൾ വാങ്ങാനുള്ള വായ്പ | 1 കോടി രൂപ മുതൽ 35 കോടി വരെ | 4 മുതൽ 8 വർഷം വരെ | -- |

എല്ലാ വായ്പകൾക്കുമുള്ള ഇപ്പോഴത്തെ പലിശ നിരക്കുകൾ 9.25 ശതമാനം - 11.25 ശതമാനമാണ് (റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബാങ്ക് നിരക്കുമായി ബന്ധപ്പെടുത്തിയിരിക്കുന്നു). കൂടാതെ, ഓരോ ത്രൈമാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ മുക്കാൽ ശതമാനം വരെ ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ വീണ്ടും കുറവ് നൽകിവരുന്നു.

കൂടാതെ, നല്ല ട്രാക്ക് റെക്കാർഡുകളുള്ള പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട വിഭാഗങ്ങൾക്ക് കോർപ്പറേറ്റ് ലോണുകളും മൂലധനസഹായവും കെ.എസ്.ഐ.ഡി.സി. നൽകുന്നുണ്ട്.

മേൽപ്പറഞ്ഞ ലോണുകൾ, യുവാക്കളും വനിതകളും നടത്തുന്ന കമ്പനികൾക്കും രജിസ്റ്റർ ചെയ്തിട്ടുള്ള പാർട്ട്ണർഷിപ്പുകൾക്കും നൽകിവരുന്നു. ഇതുകൂടാതെ വനിതാ സംരംഭകർക്ക് നിലവിലുള്ള വ്യവസായം വിപുലീകരിക്കുവാനും പുതിയത് തുടങ്ങുവാനും 7.5 ശതമാനം പലിശയിൽ 25 ലക്ഷം വരെ 6 വർഷ തിരിച്ചടവ് കാലാവധിയിൽ വായ്പ കൊടുക്കുന്ന പദ്ധതി കെ.എസ്.ഐ.ഡി.സി. ആരംഭിച്ചിട്ടുണ്ട്.

(3) ഹാൻഡ്‌ലൂം & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്

കൈത്തറി മേഖലയിൽ സംരംഭകത്വവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായി വിഭാവന ചെയ്തിരിക്കുന്ന പദ്ധതിയാണ് സ്വയം തൊഴിൽ പദ്ധതി. ഈ പദ്ധതി പ്രകാരം സംരംഭങ്ങൾ തുടങ്ങുന്നതിന് ബാങ്ക് സഹായത്തിനു അർഹമായ പ്രോജക്ടുകൾക്ക് പദ്ധതി രൂപരേഖയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥിര മൂലധന നിക്ഷേപത്തിന്റെ 40 ശതമാനം പരമാവധി 4 ലക്ഷം രൂപയും പ്രവർത്തന മൂലധന നിക്ഷേപത്തിന്റെ 30 ശതമാനം പരമാവധി 1.5 ലക്ഷം രൂപയും മാർജിൻ മണി ഗ്രാന്റായി നൽകുന്നതാണ്. കൈത്തറിയിലോ ടെക്സ്റ്റൈൽസ് ടെക്നോളജിയിലോ ഡിപ്ലോമ ഉള്ളവർക്കും കൈത്തറി നെയ്ത്തിൽ 10 വർഷത്തെ പ്രവൃത്തി പരിചയമുള്ളവർക്കും ഈ പദ്ധതി മുൻഗണന നൽകുന്നു. 2018-19 കാലയളവിൽ 40 ലക്ഷം രൂപ വിവിധ ജില്ലകളിലായി ചെലവഴിച്ചു. 2019-20 വർഷ കാലയളവിൽ 100 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

## സ്റ്റാർട്ടപ്പുകൾ

187(593) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രൊമോഷൻ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്റ്റാർട്ടപ്പുകൾ നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക തിരിച്ചറിയൽ നമ്പർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ലഭ്യമായ വിവരം അനുസരിച്ച് ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രൊമോഷൻ വകുപ്പിന് (DPIIT) കീഴിൽ 1560 സ്റ്റാർട്ടപ്പുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാര യോഗ്യമായതുമായ യുവസംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ മൂലധനസഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നൽകിവരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 93 യുവസംരംഭകർക്ക് മൂലധനസഹായം അനുവദിക്കുകയുണ്ടായി. ഇതുകൂടാതെ സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ വിവിധ ഇൻകുബേഷൻ സെന്ററുകളിൽ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 2 ഇൻകുബേഷൻ സെന്ററുകളാണ് പ്രവർത്തിക്കുന്നത്. 30 യുവസംരംഭങ്ങൾ കെ.എസ്.ഐ.ഡി.സി.-യുടെ വിവിധ ഇൻകുബേഷൻ സെന്ററുകളിലായി ഇൻകുബേറ്റ് ചെയ്തിരിക്കുന്നു. പ്രസ്തുത സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും ചർച്ചായോഗങ്ങളും നടത്തിവരുന്നു. ഈ സംരംഭങ്ങൾ ആയിരത്തിൽപരം തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി സ്റ്റാർട്ട് അപ്പുകൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക തിരിച്ചറിയൽ നമ്പർ അനുവദിച്ചുവരുന്നു. അപേക്ഷ ലഭിച്ച 442 സ്റ്റാർട്ടപ്പുകൾക്ക് ഇതിനകം തിരിച്ചറിയൽ നമ്പർ നൽകിയിട്ടുണ്ട്. തിരിച്ചറിയൽ നമ്പർ നൽകുന്നതിനും DPIIT രജിസ്ട്രേഷൻ യോഗ്യതയായി കണക്കിലെടുത്തുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രളയം ബാധിച്ച ചെറുകിട വ്യവസായങ്ങൾ

188(594) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം സംസ്ഥാനത്ത് ചെറുകിട, വൻകിട, ഇടത്തരം വ്യവസായങ്ങളെല്ലാം മന്ദഗതിയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെറുകിട വ്യവസായങ്ങൾ പാടേ തകർന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; ഏതൊക്കെ ജില്ലകളിലാണ് തകർച്ച രൂക്ഷമായത്; ഇത് സംബന്ധിച്ച് വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ചെറുകിട വ്യവസായങ്ങളായ തയ്യൽ, ബ്യൂട്ടി പാർലറുകൾ, വർക്ക്ഷോപ്പുകൾ, അരിപൊടിക്കുന്ന മില്ലുകൾ തുടങ്ങി ഹോട്ടലുകൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) ഇവരുടെ പുനരധിവാസത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും എത്ര പേർ പഴയ തൊഴിലിലേയ്ക്ക് മടങ്ങിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാസർഗോഡ് ഒഴികെ എല്ലാ ജില്ലകളിലും നാശനഷ്ടം ഉണ്ടായിട്ടുണ്ട്. പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ വ്യവസായ സ്ഥാപനങ്ങൾക്കാണ് കൂടുതൽ നാശനഷ്ടം ഉണ്ടായിട്ടുള്ളത്. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ മൊബൈൽ ആപ്ലിക്കേഷൻ സർവ്വേയിലൂടെ കണ്ടെത്തിയ പ്രളയം ബാധിച്ച വ്യവസായ സ്ഥാപനങ്ങൾ, കടകൾ എന്നിവയുടെ ജില്ലാടിസ്ഥാനത്തിലുള്ള സ്റ്റേറ്റ്മെന്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) സംസ്ഥാനം നേരിട്ട അതിരൂക്ഷമായ പ്രളയക്കെടുതിയിൽ ഉൾപ്പെട്ട എല്ലാ MSME യൂണിറ്റുകൾക്കും ഷോപ്പുകൾക്കും നേരിട്ട നഷ്ടം കണക്കാക്കുന്നതിലേയ്ക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുകയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ യൂണിറ്റും നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തി വിവരം ശേഖരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 5355 MSME യൂണിറ്റുകൾക്കും ഏകദേശം 1415.69 കോടി രൂപയുടെയും 16061 ഷോപ്പുകൾക്ക് 624.90 കോടി രൂപയുടെയും നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) 17-12-2008-ലെ സ.ഉ. (കൈ)27/2018/DMD ഉത്തരവ് പ്രകാരം 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ച് നടപ്പിലാക്കിവരികയാണ്. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചതായി വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തരം നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ചെറുകിട-ഇടത്തരം-വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവയ്ക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെടുത്തി വരികയാണ്.

<u>അർഹത</u> :

- ടേം ലോൺ, വർക്കിംഗ് കാപ്പിറ്റൽ ലോണിന്റെ 25 ശതമാനം പരമാവധി 2 ലക്ഷം രൂപ മാർജിൻ മണി ആയി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്.
- വർക്കിംഗ് കാപ്പിറ്റൽ ലോൺ ആയി മാത്രം എടുക്കുന്നവർക്ക് അവരുടെ താൽപ്പര്യം അനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപവരെ മാത്രം മാർജിൻ മണിക്ക് പകരം ഒരു വർഷത്തേക്ക് 9 ശതമാനം നിരക്കിൽ താങ്ങ് പലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്. 17-12-2018-ലെ സർക്കാർ ഉത്തരവിന് മുമ്പായി 2018-ലെ പ്രളയത്തിലെ നഷ്ടത്തിന് പുനരാരംഭ വായ്പ എടുത്തിട്ടുള്ള മേൽ വിവരിച്ച സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും.

കൂടാതെ പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള സഹായം (പ്രളയ പുനരുദ്ധാരണ പദ്ധതിവിഹിതം 1000 ലക്ഷം), പ്രളയം ബാധിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തര സംരംഭ യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം (പ്രളയ പുനർ നിർമ്മാണ പദ്ധതിവിഹിതം 600 ലക്ഷം) എന്നീ പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഉജ്ജീവന സഹായ പദ്ധതി പ്രകാരം 22.05.2019 വരെ 289 MSME യൂണിറ്റുകൾക്ക് 27.26 കോടി രൂപയും 376 ഷോപ്പുകൾക്ക് 21.03 കോടി രൂപയും ബാങ്കുകൾ വായ്പ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 665 MSME/ഷോപ്പുകൾ എന്നിവർക്ക് പുനർനിർമ്മാണത്തിന് വായ്പ ലഭിക്കുകയും ഇവരെല്ലാം പഴയ പ്രവൃത്തി മേഖലകളിലേയ്ക്ക് തിരികെ എത്തുകയും ചെയ്തിട്ടുണ്ട്.

## ഇടത്തരം- ചെറുകിട- സൂക്ഷ്മ വ്യവസായ സംരംഭങ്ങളുടെ പുനരുദ്ധാരണം

189(595) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ഇടത്തരം-ചെറുകിട-സൂക്ഷ്മ വ്യവസായ സംരംഭങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിലൂടെ ഈ രംഗത്ത് എത്ര കോടി രൂപയുടെ നിക്ഷേപവും പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രളയത്തിൽ നശിച്ച ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് പ്രത്യേക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ; എത്ര കോടി രൂപയാണ് ഈ പാക്കേജ് പ്രകാരം അനുവദിച്ചത്;

(ഡി) ഈ മേഖലയിൽ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾക്ക് പുറമെയാണോ സംസ്ഥാന സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെറുകിട-സൂക്ഷ്മ വ്യവസായ സംരംഭങ്ങളുടെ ഉന്നമനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

- കേരളത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ വിവിധ വകുപ്പുകളിൽ നിലവിലുള്ള നിയമങ്ങളിൽ അവശ്യം ഭേദഗതി വരുത്തി " 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ)" നിയമം പുറപ്പെടുവിച്ചിട്ടുണ്ട്.
- വ്യവസായം ആരംഭിക്കുന്നതിലേക്കായിട്ടുള്ള വിവിധ വകുപ്പുകളുടെ ക്ലിയറൻസുകൾ ലഭ്യമാക്കുന്നതിലേക്കായി K-Swift എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.
- മികച്ച സംരംഭകരെ വളർത്തിയെടുക്കുന്നതിലേക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ED club -കൾ സ്ഥാപിച്ചു.

- കൂടുതൽ പേരെ സംരംഭകർ ആക്കുന്നതിലേക്കായി താലൂക്ക് ജില്ലാ തലങ്ങളിൽ സംരംഭകത്വ വികസന പരിശീലന പരിപാടികൾ, വിവിധ മേഖലകളിൽ സാങ്കേതിക പരിശീലനങ്ങൾ, നൈപുണ്യ പരിശീലനങ്ങൾ, നിക്ഷേപ സംഗമം എന്നിവ നടത്തിവരുന്നു.

- വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകൾ/പ്ലോട്ടുകൾ എന്നിവ പരമാവധി യൂണിറ്റുകൾക്ക് അനുവദിച്ചിട്ടുണ്ട്.

- കൂടുതൽ യൂണിറ്റുകൾ അനുവദിക്കുന്നതിലേയ്ക്കായി PPP മോഡലിൽ തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തി കൂടുതൽ തൊഴിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

മേൽ വിവരിച്ചതിനുപുറമേ 2017-18 മുതൽ നാനോ ഹൗസ് ഹോൾഡ് പലിശ സബ്സിഡി അനുവദിക്കുന്ന പദ്ധതിയും തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണ പദ്ധതിയും ആർട്ടിസാൻസ് മേഖലയിലെ യൂണിറ്റുകൾക്ക് ആശാ പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

(ബി) 3804.55 കോടി രൂപയുടെ നിക്ഷേപവും 151072 തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) 17-12-2008-ലെ സ.ഉ. (കൈ)27/2018/DMD ഉത്തരവ് പ്രകാരം 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ച് നടപ്പിലാക്കിവരികയാണ്. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചതായി വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തരം നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ചെറുകിട-ഇടത്തരം-വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവയുടെ ഉടമകൾ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെടുത്തി വരികയാണ്.

കൂടാതെ, പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള സഹായം (പ്രളയ പുനരുദ്ധാരണ പദ്ധതിവിഹിതം 1000 ലക്ഷം), പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭ യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം (പ്രളയ പുനർ നിർമ്മാണ പദ്ധതിവിഹിതം 600 ലക്ഷം) എന്നീ പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

22-2-2019-ലെ സ.ഉ. (കൈ) നമ്പർ 17/2019/വ്യവ. ഉത്തരവ് പ്രകാരം വായ്പകളുടെ മാർജിൻ മണി കുടിശ്ശിക 20-2-2019 മുതൽ 30-4-2019 വരെയുള്ള കാലയളവിൽ ഒറ്റത്തവണയായി പൂർണ്ണമായും അടച്ചുതീർക്കുന്നവർക്ക് പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുകയും വായ്പകളുടെ മാർജിൻ മണി കുടിശ്ശിക 30-4-2019-നകം ഒറ്റത്തവണയായി അടച്ചു തീർക്കുന്നവർക്ക് മാർജിൻ മണിയുടെ സാധാരണ പലിശയുടെ 50 ശതമാനം തുക ഇളവും അനുവദിച്ചിരുന്നു.

(ഡി) വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി പൂർണ്ണമായും സംസ്ഥാന ആവിഷ്കൃത പദ്ധതിയാണ്.

### പ്രളയാനന്തരം വ്യവസായ മേഖലയിൽ ഉണ്ടായ നഷ്ടം

190(596) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങളും വൻകിട വ്യവസായങ്ങളും ഇടത്തരം വ്യവസായങ്ങളും മന്ദഗതിയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ചെറുകിടവ്യവസായങ്ങൾ പാടെ തകർന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഏതൊക്കെ ജില്ലയിലാണ് തകർച്ച രൂക്ഷമായത്; ഇത് സംബന്ധിച്ച് വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ചെറുകിട വ്യവസായങ്ങളായ തയ്യൽ, ബ്യൂട്ടിപാർലറുകൾ, വർക്ക്ഷോപ്പുകൾ, അരിപൊടിക്കുന്ന മില്ലുകൾ, തുടങ്ങി ഹോട്ടലുകൾ കച്ചവടസ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കാസർഗോഡ് ഒഴികെ എല്ലാ ജില്ലകളിലും നാശനഷ്ടം ഉണ്ടായിട്ടുണ്ട്. പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ വ്യവസായ സ്ഥാപനങ്ങൾക്കാണ് കൂടുതൽ നാശനഷ്ടം ഉണ്ടായിട്ടുള്ളത്. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ മൊബൈൽ ആപ്ലിക്കേഷൻ സർവ്വേയിലൂടെ കണ്ടെത്തിയ പ്രളയം ബാധിച്ച വ്യവസായ സ്ഥാപനങ്ങൾ, കടകൾ എന്നിവയുടെ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാനം നേരിട്ട അതിരൂക്ഷമായ പ്രളയക്കെടുതിയിൽ ഉൾപ്പെട്ട എല്ലാ MSME യൂണിറ്റുകൾക്കും ഷോപ്പുകൾക്കും നേരിട്ട നഷ്ടം കണക്കാക്കുന്നതിലേക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുകയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ യൂണിറ്റുകളും നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തി വിവരം ശേഖരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 5355 MSME യൂണിറ്റുകൾക്ക് ഏകദേശം 1415.69 കോടി രൂപയുടേയും 16061 ഷോപ്പുകൾക്ക് 624.90 കോടി രൂപയുടേയും നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

## കൈത്തറി മേഖലയുടെ വികസനം

191(597) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ മേഖലയുടെ പരിപോഷണത്തിനായി നടപ്പിലാക്കുന്ന ഒരു വീട്ടിൽ ഒരു തറി പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് നൽകിവരുന്ന തുകയെത്രയെന്ന് അറിയിക്കാമോ ;

(സി) യുവാക്കൾക്ക് നെയ്ത്തിൽ പരിശീലനം നൽകുന്ന യുവ വീവ് പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനായി സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നല്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 'ഒരു വീട്ടിൽ ഒരു തറി' പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് തറി ഒന്നിന് തറിയുടെ വിലയുടെ 75 ശതമാനം തുക പരമാവധി 40,000 രൂപ നൽകി വരുന്നു.

(സി) യുവാക്കൾക്ക് നെയ്ത്തിൽ പരിശീലനം നൽകുന്ന 'യുവവീവ് ' പദ്ധതി കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ എട്ട് ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്.

(ഡി) ഉണ്ട്. കൈത്തറി മേഖലയിൽ സംരംഭകത്വവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായി വിഭാവന ചെയ്തിരിക്കുന്ന പദ്ധതിയാണ് സ്വയം തൊഴിൽ ഉത്പാദന പദ്ധതി. യൂണിറ്റുകൾ തുടങ്ങുന്നതിന് അർഹമായ പ്രോജക്ടുകൾക്ക് മാർജിൻമണി സഹായം (പദ്ധതി ചെലവിന്റെ 40 ശതമാനം വരെ) നൽകുന്നതാണ്. കൈത്തറിയിലോ ടെക്സ്റ്റൈൽ ടെക്നോളജിയിലോ ഡിപ്ലോമ ഉള്ളവർക്കും കൈത്തറി നെയ്ത്തിൽ 10 വർഷത്തെ പ്രവർത്തി പരിചയമുള്ളവർക്കും ഈ പദ്ധതി മുൻഗണന നൽകുന്നു. 2018-19 കാലയളവിൽ 40,00,000 രൂപ വിവിധ ജില്ലകളിലായി ചെലവഴിച്ചു. 2019-20 കാലയളവിൽ 1,00,00,000 രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

**സ്ത്രീകൾക്ക് കരകൗശല നിർമ്മാണ പരിശീലനം**

192(598) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബു കോർപ്പറേഷന്റെ സഹകരണത്തോടെ കുടുംബശ്രീയുമായി ചേർന്ന് സ്ത്രീകൾക്ക് കരകൗശല - നിർമ്മാണ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ;

(ബി) വള്ളിയൂർക്കാവ് ബാംബു ഫീഡർ ഫർണിച്ചർ യൂണിറ്റ് വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ;

(സി) എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ബാംബൂ കോർപ്പറേഷൻ കുടുംബശ്രീയുമായി ചേർന്ന് സ്ത്രീകൾക്ക് കരകൗശല നിർമ്മാണ പരിശീലന പരിപാടികൾ നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. എന്നാൽ കുടുംബശ്രീയുമായി ചേർന്ന് പ്രവർത്തിക്കുന്ന സ്ത്രീകൾ കരകൗശല നിർമ്മാണ പരിശീലനത്തിന് താൽപ്പര്യം

കാണിക്കുകയാണെങ്കിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്. സംസ്ഥാന ബാംബൂ മിഷൻ സ്ത്രീകൾക്ക് കരകൗശല നിർമ്മാണ പരിശീലനം വിവിധ ജില്ലകളിൽ നടത്തിവരുന്നുണ്ട്.

(ബി) ഉണ്ട്.

(സി)

1. മുള ഉപയോഗിച്ച് ഇൻസെൻസ് സ്റ്റിക്ക് നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ്.
2. ഈറ്റയിൽ നിന്ന് പനമ്പ് നെയ്യുന്നതിനുള്ള ഒരു സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രം.
3. നിലവിൽ മാനന്തവാടി ഫീഡർ യൂണിറ്റിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബാംബൂ ഫർണീച്ചർ യൂണിറ്റിന്റെ വിപുലീകരണം.

## വ്യവസായ എസ്റ്റേറ്റുകൾ

193(599) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ എത്ര വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് പുതിയ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പുതിയ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിൽ കൊച്ചുവേളിയിൽ ഒരു വ്യവസായ വികസന ഏരിയയും മൺവിളയിൽ ഒരു വ്യവസായ വികസന പ്ലോട്ടും നിലവിലുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉണ്ട്. കാസർഗോഡ് ജില്ലയിലെ മടിക്കൈ എന്ന സ്ഥലത്ത് പുതിയ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

അനുയോജ്യമായ ഭൂമി, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത എന്നിവ കണക്കിലെടുത്ത് ജില്ലാതല ഭൂമി ഏറ്റെടുക്കൽ കമ്മിറ്റി (DLAC) സ്ഥല പരിശോധന നടത്തി ശിപാർശ ചെയ്യുന്നതിനനുസരിച്ചാണ് ഭൂമി വ്യവസായ വകുപ്പ് ഏറ്റെടുത്ത് വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നത്.

**പുതിയ വ്യവസായ പാർക്കുകൾ**

194(600) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വ്യവസായപാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇതിനായി എത്ര ഏക്കർ സ്ഥലം ഏറ്റെടുക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വ്യവസായ പാർക്കുകൾ ഏതൊക്കെ ജില്ലകളിലാണ് സ്ഥാപിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് നിയോകമണ്ഡലത്തിൽ മടിക്കൈ, പുതുക്കൈ വില്ലേജുകൾ ഉൾപ്പെട്ട 99.98 ഏക്കർ സ്ഥലത്ത് പുതിയ വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

കെ.എസ്.ഐ.ഡി.സി-യുടെ കീഴിൽ എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് സ്ഥാപിക്കുന്നതിനായി 100 ഏക്കർ ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു.

കിൻഫ്രയുടെ കീഴിൽ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ 7984 ഏക്കർ ഭൂമിയിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

**സ്വകാര്യ വ്യവസായ പാർക്കുകൾ**

195(601) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നഗര പ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും എത്ര ഏക്കർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്;

(സി) ആയത് പ്രകാരം ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഏതൊക്കെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനാണ് അപേക്ഷ ലഭിച്ചതെന്നും വ്യക്തമാക്കുമോ;

(ഡി) ഇതിൽ ഏതെങ്കിലും വ്യവസായ പാർക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കാണ് അനുമതി നൽകിയതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലപരിധി നഗരപ്രദേശങ്ങളിൽ 15 ഏക്കർ ആയും ഗ്രാമപ്രദേശങ്ങളിൽ 25 ഏക്കർ ആയും നിശ്ചയിച്ചിട്ടുണ്ട്.

(സി&ഡി) സ്വകാര്യ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് ഇതുവരെയും പൂർണ്ണമായ അപേക്ഷകൾ ലഭിച്ചിട്ടില്ലാത്തതിനാൽ അനുമതി നൽകിയിട്ടില്ല.

**ആശ്രിത നിയമനങ്ങൾ**

196(602) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിൽ എത്ര ആശ്രിത നിയമനങ്ങളാണ് നടന്നത്;അറിയിക്കുമോ ;

(ബി) മുൻ സർക്കാരിന്റെ ഭരണകാലത്ത് ഇത്തരത്തിലുള്ള എത്ര നിയമനങ്ങളാണ് വ്യവസായ വകുപ്പിൽ നടന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വാണിജ്യ വകുപ്പിൽ 10 ആശ്രിത നിയമനങ്ങളാണ് നടന്നിട്ടുള്ളത്.

(ബി) മുൻസർക്കാരിന്റെ ഭരണകാലത്ത് വ്യവസായ വാണിജ്യ വകുപ്പിൽ 16-ഉം മൈനിംഗ് & ജിയോളജി വകുപ്പിൽ 4-ഉം ആശ്രിത നിയമനങ്ങളാണ് നടന്നിട്ടുള്ളത്.

## ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ

197(603) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായവകുപ്പിനു കീഴിലുള്ള ഓരോ കമ്പനി/ബോർഡ്/ കോർപ്പറേഷനിലെയും ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നാളിതുവരെയുള്ള ഒഴിവുകളുടെ എണ്ണം എത്ര; അതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്; സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഓരോ സ്ഥാപനത്തിലും 31-12-2019 വരെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയാണ്; പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഓരോ സ്ഥാപനത്തിലും ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്രപേർ കരാർ/ദിവസവേതന വ്യവസ്ഥയിൽ ജോലി നോക്കുന്നുണ്ട്; സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) വ്യവസായ വകുപ്പിനുകീഴിലുള്ള എല്ലാ കമ്പനി/ബോർഡ്/ കോർപ്പറേഷനിലെയും ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; നടപടി സ്വീകരിക്കാത്ത സ്ഥാപന മേധാവികളുടെ മേൽ കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## കെൽട്രോണിലെ കാഷ്വൽ വർക്കർ നിയമനം

198(604) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിൽ കാഷ്വൽ വർക്കറായി ജോലിയിലിരിക്കേ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നിയമനം നൽകുന്നതിന് വ്യവസ്ഥയുണ്ടോ; ഇതിനായി എന്തെങ്കിലും പ്രത്യേക ഉത്തരവ് കെൽട്രോണിന് നൽകിയിട്ടുണ്ടോ;

(ബി) ദിവസവേതന അടിസ്ഥാനത്തിൽ കരകുളം KEC യിൽ പതിനേഴ വർഷമായി ജോലി ചെയ്ത് വരുന്ന സുരേന്ദ്രൻ എന്ന വ്യക്തിക്ക്, ടിയാനെക്കാൾ ജൂനിയറായ പലർക്കും കാഷ്വൽ വർക്കറായി നിയമനം നൽകിയതിനാൽ, കാഷ്വൽ വർക്കറായി നിയമനം നൽകണമെന്ന് നിർദ്ദേശിച്ച് 4-3-2016-ലെ 20542/D3/15/ID കത്ത് മുഖേന നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

(സി) പ്രസ്തുത നിർദ്ദേശം നിലനിൽക്കേ ടിയാന് നിയമനം നൽകാതെ മറ്റാർക്കെല്ലാം കാഷ്വൽ വർക്കറായി നിയമനം നൽകി; നിയമന ഉത്തരവിന്റെ പകർപ്പ് അടക്കമുള്ള വിശദാംശം നൽകുമോ;

(ഡി) സുരേന്ദ്രനേക്കാൾ ജൂനിയറായ എത്ര പേർക്കാണ് കാഷ്വൽ വർക്കർമാരായി നിയമനം നൽകിയത്; ഇവർക്ക് നിയമനം നൽകിയതിന്റെ മാനദണ്ഡമെന്താണ് ; ഇവരുടെ സീനിയോറിറ്റി, നിയമന ഉത്തരവിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ;

(ഇ) ടിയാനേക്കാൾ ജൂനിയറായവരെ കാഷ്വൽ വർക്കർമാരായി നിയമിക്കുകയും മേൽപ്പറഞ്ഞ സർക്കാർ നിർദ്ദേശം നടപ്പിലാക്കാതെ വീഴ്ച വരുത്തുകയും ചെയ്ത ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവർക്കെതിരെ എന്ത് അച്ചടക്ക നടപടിയാണ് സ്വീകരിച്ചതെന്നും വെളിപ്പെടുത്തുമോ;

(എഫ്) സുരേന്ദ്രനേക്കാൾ ജൂനിയറായ ആളുകൾക്ക് നിയമനം നൽകിയതിന് സർക്കാരിന്റെ അനുമതി ലഭിച്ചിരുന്നോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; സുരേന്ദ്രനെ കാഷ്വൽ വർക്കറായി സർക്കാർ നിർദ്ദേശിച്ച കത്തിന്റെ തീയതി മുതൽ പ്രാബല്യത്തിൽ അടിയന്തിരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) നൽകിയിരുന്നു. ശ്രീ. സുരേന്ദ്രനെ കാഷ്വൽ തൊഴിലാളിയായി നിയമിക്കുന്നതിനുള്ള നടപടികൾ മാനേജ്മെന്റ് തലത്തിൽ സ്വീകരിച്ചുവരുന്നു.

(സി &ഡി) മരണപ്പെട്ട കാഷ്വൽ തൊഴിലാളികളുടെ ആശ്രിതരായ ശ്രീ. സന്തോഷ് കുമാർ, ശ്രീമതി രേവതി എന്നിവർക്ക് കാഷ്വൽ വർക്കറായി നിയമനം നൽകിയിട്ടുണ്ട്. കെൽട്രോണിൽ കാഷ്വൽ തൊഴിലാളികൾക്ക് നിയമന ഉത്തരവ് നൽകുന്ന കീഴ്‌വഴക്കമില്ല.

(ഇ &എഫ്) ശ്രീ. സുരേന്ദ്രനെ കാഷ്വൽ തൊഴിലാളിയായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ നിർദ്ദേശം നടപ്പിലാകാതെ വീഴ്ച വരുത്തിയ കാര്യം പരിശോധിച്ച് ആവശ്യമെങ്കിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. കൂടാതെ സുരേന്ദ്രനെക്കാൾ ജൂനിയറായ ആളുകൾക്ക് നിയമനം നൽകിയതിന് സർക്കാർ അനുമതി നൽകിയിട്ടില്ല.

## പാലക്കാട് കിൻഫ്ര പാർക്കിൽ സ്വകാര്യ വിമാന നിർമ്മാണ കമ്പനി

199(605) ശ്രീ. വി. ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് കിൻഫ്ര പാർക്കിൽ സ്വകാര്യമേഖലയിൽ വിമാനനിർമ്മാണ കമ്പനി ആരംഭിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഏതെങ്കിലും വിദേശ കമ്പനിയുടെ സഹകരണത്തോടെയാണോ പ്രസ്തുത കമ്പനി ആരംഭിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കമ്പനി തുടങ്ങുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) പാലക്കാട് ഡിഫൻസ് പാർക്കിൽ സ്വകാര്യ മേഖലയിലുള്ള ഒരു സ്ഥാപനം സീപ്ലെയിൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കിൻഫ്രയുമായി പ്രാരംഭ ചർച്ച നടത്തി വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ട്. എന്നാൽ തുടർനടപടിയെന്നോളം ഇത് സംബന്ധിച്ച് രേഖാമൂലമുള്ള കത്തുകളൊന്നും കിൻഫ്രയ്ക്ക് ലഭിച്ചിട്ടില്ല.

(ബി) യുക്രയിൻ ആസ്ഥാനമായുള്ള ഒരു വിദേശ കമ്പനിയാണ് താല്പര്യം പ്രകടിപ്പിച്ചിട്ടുള്ളത്.

(സി) സർക്കാർ അനുമതി നൽകിയിട്ടില്ല.

## സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്

200(T*606) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പ്രോജക്ടുകൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രോജക്ടുകളാണ് പരിശോധിച്ചതെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

* T-മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് സ്വന്തമായിട്ടാണോ അതോ ഔട്ട് സോഴ്സ് ചെയ്താണോ ഇങ്ങനെയുള്ള പ്രോജക്ടുകൾ പരിശോധിച്ചത്;

(സി) ഔട്ട് സോഴ്സ് ചെയ്താണ് പരിശോധിച്ചതെങ്കിൽ ഏത് സ്ഥാപനത്തിനാണ് ഔട്ട്സോഴ്സ് ചെയ്തതെന്നും ഏതെല്ലാം പ്രോജക്ടുകളാണ് ഇപ്രകാരം ഔട്ട്സോഴ്സ് ചെയ്തതെന്നും അതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കിഫ്ബി പ്രോജക്ടുകളുടെ ടെക്നിക്കൽ അപ്രൈസലുകളുമായി ബന്ധപ്പെട്ട പരിശോധനകളാണ് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) നടത്തിയത്. സി.എം.ഡി. പരിശോധിച്ച കിഫ്ബി പ്രോജക്ടുകളുടെ വിശദാംശങ്ങൾ അനുബന്ധം*ആയി ചേർത്തിട്ടുണ്ട്.

(ബി) സി.എം.ഡി. സ്വന്തമായിട്ടാണ് കിഫ്ബി പ്രോജക്ടുകൾ പരിശോധിക്കുന്നത്. ആയതിനാവശ്യമായ വിദഗ്ദ്ധർ സി.എം.ഡി. യിൽ ഉണ്ട്. എന്നാൽ ഇതിലേയ്ക്ക് ആവശ്യമായ പ്രാഥമിക പരിശോധന നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കാൻ ഒരു സ്വകാര്യ സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ട്.

(സി) M/s. ടെറനസ് കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് കിഫ്ബി പ്രോജക്ടുകളുടെ ടെക്നിക്കൽ അപ്രൈസലുകളുമായി ബന്ധപ്പെട്ട പ്രാഥമിക പരിശോധനകൾക്ക് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ സഹായിക്കുന്നത്. ഈ പ്രവർത്തനങ്ങൾക്കായി ഇതുവരെ 773 ലക്ഷം രൂപ (ജി.എസ്.ടി. ഉൾപ്പെടാതെ) അവർക്കായി നൽകിയിട്ടുണ്ട്. ഈ പ്രോജക്ടുകളുടെ വിശദാംശങ്ങൾ അനുബന്ധം*ആയി ചേർത്തിട്ടുണ്ട്.

**കുട്ടമ്പുഴ പ്രദേശത്ത് നിന്നും ഈറ്റശേഖരണം**

201(607) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാറ്റൂർ ഡിവിഷന്റെ അംഗീകൃത വർക്കിംഗ് പ്ലാൻ പ്രകാരം 2019-20 വർഷത്തിൽ കുട്ടമ്പുഴ പ്രദേശത്ത് നിന്നും ഈറ്റ ശേഖരിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ഈറ്റശേഖരണത്തിന് അനുമതി ലഭ്യമാകുന്നതിനുവേണ്ട നടപടി ഇതുവരെ സ്വീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈറ്റശേഖരണം നടക്കാത്തതിനാൽ നൂറ് കണക്കിന് പരമ്പരാഗത തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ തൊഴിലാളികൾക്കുണ്ടായിട്ടുള്ള തൊഴിൽ നഷ്ടം പരിഹരിക്കുന്നതിന്റെ ഭാഗമായി ഈറ്റവെട്ട് പുനരാരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മലയാറ്റൂർ ഡിവിഷന്റെ അംഗീകൃത വർക്കിംഗ് പ്ലാൻ 2019-20 വർഷത്തിൽ കുട്ടമ്പുഴ പ്രദേശത്ത് നിന്നും ഈറ്റ ശേഖരിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. പുതുമുകുളങ്ങൾ ഉണ്ടായി വരുന്ന ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ അംഗീകൃത വർക്കിംഗ് പ്ലാൻ പ്രകാരം ഈറ്റ വെട്ടാൻ പാടില്ലാത്തതാണ്. 2019-20 വർഷത്തെ ഈറ്റ ശേഖരണം ആരംഭിക്കുന്നത് 1-9-2019 മുതലാണ്. ഇപ്രകാരം വർക്കിംഗ് പ്ലാൻ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്ന ഈറ്റ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളുടെ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ശേഖരണാനുമതി നൽകുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതുമുകുളങ്ങൾ ഉണ്ടായിവരുന്ന ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങൾ ഈറ്റ ശേഖരണത്തിന് 'ക്ലോഷർ പിരീഡ്' ആണ്. അംഗീകൃത വർക്കിംഗ് പ്ലാനുകൾ ഈ മൂന്നുമാസങ്ങളിലെ ഈറ്റ ശേഖരണം അനുവദിച്ചിട്ടില്ല. എന്നാൽ സെപ്റ്റംബർ 1 മുതൽ മേയ് 31 വരെയുള്ള 9 മാസങ്ങളിൽ ഈറ്റ ശേഖരണം നടത്താവുന്നതാണ്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് പരമ്പരാഗത തൊഴിലാളികൾക്ക് ഉപയോഗത്തിന് ആവശ്യമുള്ള ഈറ്റകൾ വ്യവസായസ്ഥാപനങ്ങൾക്ക് നേരത്തെ തന്നെ ശേഖരിച്ച് സൂക്ഷിക്കാവുന്നതും പരമ്പരാഗത ഈറ്റത്തൊഴിലാളികൾക്ക് ഈറ്റ ലഭ്യമാക്കാവുന്നതുമാണ്. കൂടാതെ പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിലേയ്ക്കായി വർക്കിംഗ് പ്ലാൻ നിർദ്ദേശങ്ങൾക്കനുസൃതമായി വ്യവസായ സ്ഥാപനങ്ങളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 1-9-2019 മുതൽ ഈറ്റ ശേഖരണത്തിന് അനുമതി നൽകാറുണ്ട്.

(സി) വ്യവസായ സ്ഥാപനങ്ങൾക്ക് ഈറ്റ ശേഖരണത്തിന് 1-9-2019 മുതൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഈറ്റ ശേഖരണത്തിനുള്ള അനുവാദം നൽകിവരുന്നു.

**മാന്നാർ പൈതൃക പദ്ധതി**

202(608) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂരിലെ മാന്നാറിൽ കുടിൽ വ്യവസായവും തൊഴിലും സംരക്ഷിച്ച് ചൂഷണത്തിൽ നിന്ന് തൊഴിലാളികളെ സംരക്ഷിക്കുന്നതിന് വിഭാവനം ചെയ്ത 'മാന്നാർ പൈതൃക' പദ്ധതി നടപ്പിലാക്കുന്നതിന് കരകൗശല കോർപ്പറേഷൻ പ്രോജക്ട് തയ്യാറാക്കി 2019 ഫെബ്രുവരിയിൽ സമർപ്പിക്കുകയും തുടർന്ന് മാന്നാർ അലുമിനിയം ഇൻഡസ്ട്രീസ് ലിമിറ്റഡ് (അലിൻഡ്) എന്ന സ്ഥാപനത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന അഞ്ചേക്കർ സ്ഥലം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കരകൗശല കോർപ്പറേഷന് കൈമാറുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി നടത്തിപ്പിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 31 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു.

**വയനാട് ജില്ലയിൽ ചെറുകിട വ്യവസായം**

203(609) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ചെറുകിട വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് ഏതെങ്കിലും പദ്ധതികൾ പരിഗണനയിൽ ഉണ്ടോ;വ്യക്തമാക്കുമോ ;

(ബി) കൂടുതൽ ചെറുകിട വ്യവസായ യൂണിറ്റുകൾ കുടുംബശ്രീ മുഖേന തുടങ്ങുന്നതിന് സഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിൽ ചെറുകിട വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കിൻഫ്രയുടെ ഉടമസ്ഥതയിൽ ലോകോത്തര ഗുണമേന്മയുള്ള വയനാടൻ ബ്രാന്റഡ് കാപ്പിപ്പൊടി നിർമ്മാണ കേന്ദ്രം ആരംഭിക്കുന്നതിന് കാർബൺ ന്യൂട്രൽ കോഫീ വില്ലേജ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മാനന്തവാടി താലൂക്കിൽ ഒരു ടീ പ്രോസസ്സിംഗ് പാർക്ക് സ്ഥാപിക്കുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ പദ്ധതിയുടെ നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമീണ മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വനിതകൾക്ക് സ്വയംതൊഴിൽ സൃഷ്ടിക്കുന്നതിനും സാമ്പത്തിക സ്വാശ്രയത്വം ഉറപ്പുവരുത്തുന്നതിനുമായി റൂറൽ മൈക്രോ എന്റർപ്രൈസസ്, യുവശ്രീ പദ്ധതി, പ്രത്യാശ പദ്ധതി, എസ്.വി.ഇ.പി. എന്നീ പദ്ധതികൾ കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങുന്നതിനായി ഷെഡ്ഡുകളുടെ നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നുണ്ട്. കൂടാതെ ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ മുഖേന വിവിധതരം പരിശീലനങ്ങളും, അധിക ധനസഹായങ്ങളായ റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഫണ്ട്, ഇന്നൊവേഷൻ ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട്, രണ്ടാംഘട്ട ധനസഹായം, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് എന്നിവയും നൽകിവരുന്നു.

## തൃശ്ശൂർ റൈസ് പാർക്ക്

204(610) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ പരക്കാട് പ്രദേശത്ത് ആരംഭിക്കുന്ന തൃശ്ശൂർ റൈസ് പാർക്ക് നിർമ്മാണ നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കാമോ ;

(ബി) കൃഷി വകുപ്പിൽ നിന്നും ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(സി) റൈസ് പാർക്കിനായി എത്ര ഏക്കർ ഭൂമി വിട്ടുകിട്ടുന്നതിനാണ് നടപടി സ്വീകരിച്ചുവരുന്നത്;

(ഡി) പാർക്കിന്റെ പ്ലാനും ഡിസൈനും തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) റൈസ് പാർക്ക് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കിൻഫ്ര ആരംഭിച്ചു. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രമുഖ കൺസൾട്ടൻസി സ്ഥാപനമായ 'കിറ്റ്കോ'യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 'കിറ്റ്കോ' പ്രസ്തുത പദ്ധതിയുടെ പ്രാഥമിക പഠനം നടത്തി വരികയാണ്.

(ബി) പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനാനുമതി കൃഷി വകുപ്പിൽ നിന്ന് ലഭ്യമായിട്ടുണ്ട്.

(സി) 15 ഏക്കർ.

(ഡി) പ്രമുഖ കൺസൾട്ടൻസി സ്ഥാപനമായ കിറ്റ്കോയെ ചുമതലപ്പെടുത്തിയിരിക്കുന്നു.

**മണിയാർ വ്യവസായ പാർക്കിനായി സ്ഥലം ഏറ്റെടുക്കൽ**

205(611) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടശ്ശേരിക്കര മണിയാറിൽ വ്യവസായ പാർക്കിനായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏതു ഘട്ടംവരെയായി; എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കുന്നത്; സ്ഥലത്തെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) സ്ഥലം ഏറ്റെടുക്കലിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോയെന്നും സ്ഥലം ഏറ്റെടുക്കൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാവുമെന്നും അറിയിക്കാമോ ;

(സി) എന്തൊക്കെ വ്യവസായ പദ്ധതികളാണ് ഇവിടെ വിഭാവനം ചെയ്തിരിക്കുന്നത്;വിശദമാക്കുമോ ?

ഉത്തരം

(എ &ബി) വടശ്ശേരിക്കര മണിയാറിൽ വ്യവസായ പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടില്ല.

(സി) സ്ഥലം ലഭ്യമായാൽ സമഗ്ര റബ്ബർ പാർക്ക് നിർമ്മിക്കുവാനാണ് വിഭാവന ചെയ്യുന്നത്.

**വയനാട്ടിൽ കേരള ബ്രാൻഡ് കാപ്പിപ്പൊടി നിർമ്മാണ കേന്ദ്രം**

206(612) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കേരള ബ്രാൻഡ് കാപ്പിപ്പൊടി നിർമ്മാണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ഗുണമേന്മയുള്ള കാപ്പി തൈ വച്ചുപിടിപ്പിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ആരുടെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിൽ വയനാട് ബ്രാന്റ് കാപ്പി സംസ്കരണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി കിൻഫ്രയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഇതിന്റെ വിശദമായ പഠനം നടത്തുന്നതിനായി കിൻഫ്ര ഒരു കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. അവർ പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) കിൻഫ്രയുടെ ആഭിമുഖ്യത്തിലാണ് പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്.

**മാവൂരിൽ പരിസ്ഥിതി സൗഹൃദ വ്യവസായം**

207(613) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാവൂരിൽ പരിസ്ഥിതി സൗഹൃദ വ്യവസായം ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഗ്വാളിയർ റയോൺസ് കമ്പനിയുടെ കൈവശത്തിലുള്ള ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) ഇതുസംബന്ധിച്ച് കോടതിയിൽ കേസ് നിലവിലുണ്ടോയെന്നും എങ്കിൽ ഇക്കാര്യത്തിൽ കോടതി എന്തെങ്കിലും വിധി പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് മാവൂർ ഗ്വാളിയോർ റയോൺസ് ഭൂമിയിൽ പരിസ്ഥിതി സൗഹൃദ വ്യവസായം ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി &സി) ഇൻഡസ്ട്രീസ് (ജി) വകുപ്പിന്റെ 10-10-2017-ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.)97/2017/ഐ.ഡി. പ്രകാരം കമ്പനിയുടെ കൈവശമുള്ള 238.41 ഏക്കർ ഭൂമി തിരികെ ഏറ്റെടുക്കുന്നതിനും ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനുമാണ് സർക്കാർ ഉത്തരവായിരുന്നത്. ടി സർക്കാർ ഉത്തരവിനെതിരെ ഗ്രാസിം ഇൻഡസ്ട്രീസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ WP(C)33103/2017 ആയി റിട്ട് ഹർജി ബോധിപ്പിക്കുകയും ആയത് പ്രകാരം 97/2017 നമ്പർ സർക്കാർ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിക്കുകയും ചെയ്തതിനാൽ ഭൂമി ഏറ്റെടുക്കുന്നതിന് തുടർനടപടി സ്വികരിക്കുവാൻ കഴിഞ്ഞിട്ടില്ല. നിലവിൽ കേസ് കോടതിയുടെ പരിഗണനയിലാണ്.

## കാസർഗോഡ് ഭെൽ-ഇ.എം.എൽ. കമ്പനി ഏറ്റെടുക്കാൻ നടപടി

208(614) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ഭെൽ-ഇ.എം.എൽ. കമ്പനിയിൽ എത്ര ജീവനക്കാരുണ്ടെന്നും ഇവർക്ക് ശമ്പളം കിട്ടാത്ത അവസ്ഥ നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്ര മാസത്തെ ശമ്പളമാണ് കിട്ടാനുള്ളതെന്നും ശമ്പളകുടിശ്ശികയ്ക്ക് കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(സി) ഭെൽ-ഇ.എം.എൽ. കമ്പനിഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നും എങ്കിൽ എപ്പോഴാണ് തീരുമാനിച്ചതെന്നും പ്രസ്തുത തീരുമാനം നടപ്പിലാക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ; തീരുമാനമെടുത്തതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനിയറിംഗ് കമ്പനി ലിമിറ്റഡ്(കെൽ)- നെ എപ്പോഴാണ് ഭെൽ ഏറ്റെടുത്തതെന്നും അതിനുശേഷം എത്ര തവണ ജീവനക്കാർക്ക് ശമ്പള വർദ്ധനവ് ലഭിച്ചു എന്നും വ്യക്തമാക്കാമോ;

(ഇ) ഭെൽ-ഇ.എം.എൽ- ന്റെ മൂലധനം എത്രയാണെന്നും ഇതിൽ സംസ്ഥാന സർക്കാർ ഓഹരി എത്രയാണെന്നും വ്യക്തമാക്കാമോ;

(എഫ്) ഭെൽ-ഇ.എം.എൽ.- ലെ ഉൽപ്പന്നങ്ങൾ എന്തൊക്കെയാണെന്നും കമ്പനി ഇപ്പോഴത്തെ ശോചനീയാവസ്ഥയിലെത്താൻ കാരണമെന്താണെന്നും ഇതിൽ നിന്ന് കരകയറാൻ കാണുന്ന മാർഗ്ഗങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഭെൽ-ഇ.എം.എൽ എന്ന കമ്പനിയിൽ നിലവിൽ 156 ജീവനക്കാരാണുള്ളത്. എക്സിക്യൂട്ടീവ്/സൂപ്പർവൈസർ കാറ്റഗറിയിലുള്ള ജീവനക്കാർക്ക് ഡിസംബർ 2018 മുതലും, വർക്കേഴ്സ് കാറ്റഗറിയിലുള്ള ജീവനക്കാർക്ക് ജനുവരി 2019 മുതലും ശമ്പളം നൽകിയിട്ടില്ല.

എന്നാൽ ഇടക്കാലാശ്വാസമായി പലതവണകളായി എക്സിക്യൂട്ടീവ് കാറ്റഗറിയിലുള്ള ഓരോ ജീവനക്കാർക്കും മൊത്തം 45,000 രൂപ വീതവും, വർക്കേഴ്സ് കാറ്റഗറിയിലുള്ള ഓരോ ജീവനക്കാർക്കും മൊത്തം 44,000 രൂപ വീതവും ഇതിനോടകം നൽകിയിട്ടുണ്ട്. കമ്പനി തുടർച്ചയായി നഷ്ടത്തിലായതിനാലാണ് ശമ്പളം നൽകുവാൻ സാധിക്കാത്തത്.

(സി) ഉണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 12-6-2017-ന് ചേർന്ന ഉന്നതതല യോഗം തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഭെല്ലിന്റെ ഓഹരികൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചകളുടെ ഭാഗമായി MOU ഒപ്പിടാൻ തീരുമാനിച്ചിരുന്നു. പ്രസ്തുത ഓഹരി ഏറ്റെടുക്കുന്നതിന് മുമ്പുള്ള ബാധ്യതകൾ സംബന്ധിച്ചുള്ള വിഷയങ്ങളിൽ വ്യക്തത വരുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കെല്ലിനെ 2011-ൽ, ഭെൽ കമ്പനി ഏറ്റെടുത്തതിനുശേഷം ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടത്തിയിട്ടില്ല.

(ഇ) ഭെൽ-ഇ.എം.എൽ. എന്ന കമ്പനിയുടെ മൂലധനം 10.50 കോടിരൂപയാണ്. ഇതിൽ 49% സംസ്ഥാന സർക്കാരിന്റെ ഓഹരി വിഹിതമാണ്.

(എഫ്) ഇന്ത്യൻ റെയിൽവേയ്ക്കാവശ്യമായ വിവിധ ആൾട്ടർനേറ്റേഴ്സും മറ്റ് ജനറൽ ആവശ്യങ്ങൾക്കുള്ള ആൾട്ടർനേറ്റേഴ്സുമാണ് ഈ കമ്പനിയുടെ ഉൽപ്പന്നങ്ങൾ, തുടർച്ചയായ നഷ്ടംമൂലം പ്രവർത്തന മൂലധനത്തിലുണ്ടായ ശോഷണം കമ്പനിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിലൂടെ കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

**ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ ബഹുനില വ്യവസായ സമുച്ചയം**

209(615) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം കിൻഫ്ര പാർക്ക് കേന്ദ്രീകരിച്ച് ഒരു ബഹുനില വ്യവസായ സമുച്ചയം സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ ;

(ബി) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ നിലവിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഏതെല്ലാം; വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പാർക്കിന്റെ വികസന സാദ്ധ്യത സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ഒറ്റപ്പാലം ഡിഫൻസ് പാർക്കിൽ രണ്ട് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ബഹുനില കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ബി) 7 വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1. M/s. Bilssful Garments Pvt. Ltd.
2. M/s. Ibrahim Metal Industries
3. M/s. Skyniche Internet Business Solutions & Services
4. M/s. Micro Clouds
5. M/s. Trilacious
6. M/s. Skylark Plastics
7. M/s. K Frames

(സി) ഇല്ല.

## കൊയിലാണ്ടി മണ്ഡലത്തിലെ കെൽട്രോൺ നന്തി യൂണിറ്റിന്റെ വികസനം

210(616) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കെൽട്രോൺ നന്തി യൂണിറ്റിന്റെ വികസനത്തിനായി ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത യൂണിറ്റ് കേന്ദ്രമാക്കി കൂടുതൽ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനായി കെൽട്രോൺ എന്തെങ്കിലും രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ സംക്ഷിപ്തരൂപം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 1. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017-18-ൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മൂടാടി, നന്തി എന്നീ സ്ഥലങ്ങളിൽ (കടലൂർ പി.ഒ.) ലൈറ്റിംഗ് ഡിവിഷന്റെ വികസന പ്രവർത്തനങ്ങൾക്കായി 97 ലക്ഷം രൂപ കെൽട്രോണിന് അനുവദിച്ചിരുന്നു. നന്തി കെൽട്രോൺ യൂണിറ്റിന്റെ അടിസ്ഥാന വികസനത്തിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്റ്റെൻസിൽ പ്രിന്റർ, SMT റീ-വർക്ക് സ്റ്റേഷൻ, കമ്പോണന്റ് പ്ലേസർ, ESD ഫ്ലോറിംഗ് നിർമ്മാണം, പ്രൊഡക്ഷൻ ഫ്ലോറിന്റെ നവീകരണം, ആവശ്യമായ കസേരകളും എയർ കണ്ടീഷണറുകളും സ്ഥാപിക്കൽ എന്നിവയ്ക്കായി അനുവദിച്ച ഫണ്ട് വിനിയോഗിച്ചുകഴിഞ്ഞു. പ്രസ്തുത ഉപകരണങ്ങൾ പ്രവർത്തനസജ്ജമാണ്.

2. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കെൽട്രോണിന്റെ LED ഉത്പന്നങ്ങളും ശ്രവണ സഹായികളും ടെണ്ടർ നടപടികൾ കൂടാതെ വിതരണം ചെയ്യുന്നതിനുള്ള ഉത്തരവ് നൽകുകയുണ്ടായി.

3. തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള 7 ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള LED ഉത്പന്നങ്ങൾ പൂർണ്ണമായും കെൽട്രോൺ നിർമ്മിച്ചത് മാത്രമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. കെൽട്രോണിന്റെ "ശ്രവൺ" ഹിയറിംഗ് എയ്ഡുകൾ കേരളത്തിലെ എല്ലാ സർക്കാർ അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ വകുപ്പിലും ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി & സി) കെൽട്രോൺ ലൈറ്റിംഗ് ഡിവിഷന്റെ കൈവശമുള്ള 13.5 ഏക്കർ ഭൂമിയിൽ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്ത് ഈ സർക്കാർ മുൻകയ്യെടുത്ത് ഒരു ഇലക്ട്രോണിക്സ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തുന്നതിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## മാവേലിക്കര മണ്ഡലത്തിൽ വ്യവസായ പാർക്ക്

211(617) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഇതിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് പാർക്ക് ആരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ നിലവിലില്ല.

(ബി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ അധീനതയിൽ ഒരു മേജർ വ്യവസായ എസ്റ്റേറ്റ് കൊല്ലുകടവിൽ (കൊച്ചാലുംമൂട്ടിൽ) പ്രവർത്തിക്കുന്നുണ്ട്. ടി എസ്റ്റേറ്റിൽ പാർക്ക് ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമല്ല.

## ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്ക്

212(618) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്കിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) സ്ഥലമെടുപ്പ് നടപടികൾ വേഗത്തിലാക്കി പാർക്ക് നിർമ്മാണം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്കിനു വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ ഊർജ്ജിതമായി നടന്നുവരികയാണ്. ഇതിനായി സർവ്വേ ചെയ്ത 117 ഏക്കർ ഭൂമിയുടെ സ്ഥലവില സർക്കാർ അംഗീകരിക്കുകയും ഈ വിലയിൽ 9.23 ഏക്കർ ഭൂമി ഇതുവരെ (27-5-2019) കെ.എസ്.ഐ.ഡി.സി.യുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത വസ്തുക്കളെല്ലാം തുടർച്ചയായുള്ള ഭൂമിയാണ്.

8 ഉടമകളിൽനിന്നു വാങ്ങിയിട്ടുള്ള ഈ ഭൂമിയ്ക്ക് നൽകുന്ന വിലയായ 16.50 കോടി രൂപ എറണാകുളം (ജനറൽ പൊന്നും വില) തഹസിൽദാരാണ് നൽകുന്നത്. ട്രഷറി മുഖാന്തരമാണ് സ്ഥലവിലയുടെ വിതരണം നടക്കുന്നത്. ബാക്കിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ള ഭൂമിയോട് ചേർന്നുകിടക്കുന്ന ഭൂമിയിൽ സമ്മതപത്രം നൽകിയിട്ടുള്ളവരുടെ സ്ഥലം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളാണ് നടന്നുവരുന്നത്. ആകെ 134 ഉടമകൾ ഉള്ളതിൽ 63 പേർ സമ്മതപത്രം നൽകിയിട്ടുള്ളതാണ്. സ്ഥലമെടുപ്പ് പുരോഗമിക്കുന്ന മുറയ്ക്ക് മറ്റുള്ളവരുടെ സമ്മതപത്രം കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) സ്ഥലമെടുപ്പ് പുരോഗമിക്കുന്ന മുറയ്ക്ക് പാർക്ക് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ആറ്റിങ്ങൽ മൂന്നുമുക്കിലെ സ്റ്റീൽ കോംപ്ലക്സ്**

213(619) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മൂന്നുമുക്കിലെ സ്റ്റീൽ കോംപ്ലക്സിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് വകുപ്പ് തലത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

ഉണ്ട്. ആറ്റിങ്ങൽ മൂന്നുമുക്കിൽ പ്രവർത്തിച്ചിരുന്ന സ്റ്റീൽ ഫാക്ടറി തുറന്ന് പ്രവർത്തിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം പഠനം നടത്തി അതിന്റെ റിപ്പോർട്ട് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. സ്റ്റീൽ ഫാക്ടറി സ്ഥിതി ചെയ്യുന്ന സ്ഥലം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലാണ്. പ്രസ്തുത 1 ഏക്കർ സ്ഥലം കേരള ഗവൺമെന്റിന് കൈമാറുകയാണെങ്കിൽ ലൈവിലിഹുഡ് ബിസിനസ്സ് ഇൻകുബേഷൻ സെന്ററും ജില്ലാ വ്യവസായ കേന്ദ്രത്തിന് പരിശീലനത്തിനുള്ള കേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ് സമർപ്പിച്ചിട്ടുള്ളത്.

**തിരുവമ്പാടി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്**

214(620) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് ഭൂമിയേറ്റെടുക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) വ്യവസായ എസ്റ്റേറ്റ് എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ & ബി) തിരുവമ്പാടി മണ്ഡലത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല. എന്നാൽ തിരുവമ്പാടി മണ്ഡലത്തിൽ കിൻഫ്രയുടെ കീഴിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി 100 ഏക്കർ ഭൂമി ജില്ലാതല ലാൻഡ് സെലക്ഷൻ കമ്മിറ്റി കണ്ടെത്തി ശിപാർശ സർക്കാർ അംഗീകാരത്തിനായി കിൻഫ്ര സമർപ്പിച്ചിട്ടുണ്ട്. ഈ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ വികസനം

215(621) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ വികസനത്തിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളെന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ലാഭകരമല്ലാത്ത സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) 2016-നുശേഷം ഇവിടെ ഏതെങ്കിലും സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തി വച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ഡി) പ്രവർത്തിക്കാത്ത യൂണിറ്റുകളുടെ അധീനതയിലുള്ള സ്ഥലം പുതിയ സംരംഭകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ അധീനതയിൽ പ്രവർത്തിക്കുന്ന കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ വികസനത്തിനുവേണ്ടി ഇപ്പോൾ പദ്ധതികൾ ഒന്നും നിലവിലില്ല.

(ബി) സിഡ്കോയുടെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി/ഷെഡ്ഡ് അനുവദിക്കുന്നത് സ്വകാര്യ വ്യവസായ സംരംഭകർക്കാണ്. അത്തരം യൂണിറ്റുകളുടെ ലാഭനഷ്ട കണക്കുകളുടെ വിശദാംശം ലഭ്യമല്ല.

(സി) പ്രസ്തുത വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തനം നിർത്തിയ 3 സംരംഭകർ സ്ഥാപനങ്ങൾ കൈമാറ്റം ചെയ്ത് നൽകിയിട്ടുണ്ട്. ആയതിൽ മെ. ലക്ഷ്മി ഇൻഡസ്ട്രീസ് എന്ന വ്യവസായ യൂണിറ്റിന് അനുവദിച്ച 10 സെന്റ് ഭൂമിയും അനുബന്ധ കെട്ടിടവും സാമ്പത്തിക ബുദ്ധിമുട്ടുകാരണം മറ്റൊരു വ്യവസായ യൂണിറ്റായ മെ. ആദി ഗോൾഡ് എന്ന യൂണിറ്റ് ആരംഭിക്കുന്നതിനായി 25-5-2017-ൽ കൈമാറ്റം ചെയ്ത് നൽകിയിട്ടുണ്ട്. മെ. സുബീന എന്റർപ്രൈസസ് എന്ന വ്യവസായ യൂണിറ്റിന് അനുവദിച്ച 5.1 സെന്റ് ഭൂമിയും അനുബന്ധ കെട്ടിടവും സാമ്പത്തിക ബുദ്ധിമുട്ടുകാരണം മറ്റൊരു വ്യവസായ യൂണിറ്റായ മെ. സോനാർ ചെയിൻസ് എന്ന യൂണിറ്റ് ആരംഭിക്കുന്നതിനായി 29-5-2018-ൽ കൈമാറ്റം ചെയ്ത് നൽകിയിട്ടുണ്ട്. 15-5-2019-ൽ മെ. ശിവ ഫുഡ്സ് എന്ന സ്ഥാപനത്തിന് അനുവദിച്ച 5 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം മെ. എമർജിംഗ് എഞ്ചിനീയറിംഗ് കമ്പനി എന്ന സ്ഥാപനത്തിന് കൈമാറി നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് പ്രവർത്തനരഹിതമായ വ്യവസായ യൂണിറ്റുകളുടെ ഷെഡ്ഡ്/ഭൂമി തിരിച്ചെടുത്ത് പുതിയ വ്യവസായ സംരംഭകർക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ചാലക്കുടിയിൽ വ്യവസായ വികസന ഓഫീസ്**

216(622) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് പ്രവർത്തനം ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ചാലക്കുടിയിൽ താലൂക്കുതല വ്യവസായ വികസന ഓഫീസ് അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടിയിൽ വ്യവസായ വികസന ഓഫീസ് ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇനിയും താലൂക്ക് വ്യവസായ കേന്ദ്രങ്ങൾ അനുവദിച്ചിട്ടില്ലാത്ത ചാലക്കുടി ഉൾപ്പെടെയുള്ള താലൂക്കുകളിൽ താലൂക്ക് വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## കൊടുവായൂരിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഏറ്റെടുക്കാൻ നടപടി

217(623) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കൊടുവായൂരിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥാപനം സ്വകാര്യ വ്യക്തിക്ക് പാട്ടത്തിന് നൽകിയിട്ട് എത്ര വർഷമായി;

(സി) ഈ സ്ഥാപനം ഏറ്റെടുക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കൊടുവായൂരിലുള്ള വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ 5 ഷെഡ്ഡുകൾ പ്രവർത്തനരഹിതമായതിനെ തുടർന്ന് 26-8-2017-ൽ വ്യവസായ വാണിജ്യ വകുപ്പ് തിരിച്ചെടുത്തു. ഈ നടപടിക്കെതിരെ സംരംഭകർ ഫയൽ ചെയ്ത WP(C)No.29456/17, 29457/17 എന്നീ കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുണ്ട്. എന്നാൽ ഇതിൽ "സ്റ്റാറ്റസ്കോ" നിലനിർത്തുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വ്യവസായ എസ്റ്റേറ്റിൽ പാട്ടത്തിന് ഷെഡ്ഡുകൾ അനുവദിച്ചിട്ടില്ല. 28-12-1993-ൽ "ഹയർ പർച്ചേസ്" വ്യവസ്ഥയിൽ ഷെഡ്ഡുകൾ അനുവദിക്കുകയും 1998 മുതൽ അവ "ഔട്ട് റൈറ്റ് സെയിൽ" വ്യവസ്ഥയിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകളിൽ അന്തിമവിധി വന്നതിനുശേഷമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## ആലപ്പാട് ഗ്രാമപഞ്ചായത്തിലെ ഖനന പ്രവർത്തനങ്ങൾ

218(624) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട് ഗ്രാമപഞ്ചായത്തിൽ ഐ.ആർ.ഇ. നടത്തുന്ന ഖനനപ്രവർത്തനങ്ങൾ സർക്കാരിന്റെ നിരീക്ഷണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായാണോ; വിശദീകരിക്കുമോ;

(ബി) ഇവിടെ സീ വാഷിംഗ് നടക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഖനനം പൂർത്തീകരിച്ച സ്ഥലങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) ഖനനശേഷം പൂർവ്വ സ്ഥിതിയിലാക്കിയ ഭൂമി ഭൂവുടമകൾക്ക് തിരിച്ച് നൽകുന്ന പദ്ധതി ഇവിടെ നടപ്പിലാക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള സർക്കാർ അനുവദിച്ച മൈനിംഗ് ലീസ് പ്രകാരമാണ് ആലപ്പാട് ഐ.ആർ.ഇ.എൽ. ഖനനം നടത്തുന്നത്. ഐ.ആർ.ഇ.എൽ. ആലപ്പാട് നടത്തിവരുന്ന ഖനനം ഹൈദരാബാദിലെ അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റിൽ നിന്നും അംഗീകരിച്ച മൈനിംഗ് പ്ലാൻ പ്രകാരമാണ്. കൂടാതെ ടി ഖനനം ഇന്ത്യൻ ബ്യൂറോ ഓഫ് മൈൻസ്, അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ്, ഡയറക്ടറേറ്റ് ജനറൽ ഓഫ് മൈൻ സേഫ്റ്റി, കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് എന്നിവ നിഷ്കർഷിക്കുന്ന നിബന്ധനകൾക്കും വിധേയമായാണ് നടന്നുവരുന്നത്.

(ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16-1-2019-ൽ ചേർന്ന യോഗതീരുമാന പ്രകാരം സർക്കാരിൽനിന്ന് ഇനി ഒരു നിർദ്ദേശം ഉണ്ടാകുന്നതുവരെ സീ വാഷിംഗ് കളക്ഷൻ നിർത്തിവച്ചിരിക്കുകയാണ്.

(സി) പരിശോധിച്ചിട്ടുണ്ട്. ഖനനം നടത്തിക്കഴിഞ്ഞ സ്ഥലങ്ങൾ നികത്തി പൂർവ്വസ്ഥിതിയിലാക്കുന്ന പ്രക്രിയ ഐ.ആർ.ഇ.എൽ. തുടർന്നു കൊണ്ടിരിക്കുകയാണ്.

(ഡി) ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ നികത്തി ഭൂമി ഉടമസ്ഥർക്ക് തിരികെ നൽകുവാൻ സർക്കാർ ഐ.ആർ.ഇ.എൽ.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വസ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകുകയും കമ്പനി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് എത്രയും വേഗം ആയത് നൽകുകയും ചെയ്യണം എന്ന് 16-1-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഐ.ആർ.ഇ-യോട് ആവശ്യപ്പെട്ടിരുന്നു. ഖനനം ചെയ്തു കഴിഞ്ഞശേഷം സ്ഥലം നികത്തി പൂർവ്വസ്ഥിതിയിലാക്കി ഭൂവുടമകൾക്ക് അവരുമായുണ്ടായിരുന്ന എഗ്രിമെന്റ് പ്രകാരം മുൻഗണനാക്രമത്തിൽ ഭൂമി തിരിച്ചു നൽകുന്ന പദ്ധതി നടപ്പിലാക്കുമെന്നാണ് ഐ.ആർ.ഇ.എൽ. സർക്കാരിനെ അറിയിച്ചിരിക്കുന്നത്.

## ആലംകോട് വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണസംഘം

219(625) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ, ആലംകോട് വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണസംഘത്തിനായി തയ്യാറാക്കിയ പുനരുദ്ധാരണ പാക്കേജ് എന്നുമുതൽ നടപ്പിൽവരുത്താനാകുമെന്ന് വിശദമാക്കുമോ?

ഉത്തരം

വീക്ഷണം കൈത്തറി നെയ്ത്തു സഹകരണസംഘം തുറന്ന് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് സംഘത്തിന്റെ പേരിലുള്ള റവന്യൂ റിക്കവറി ഒഴിവാക്കി വൈദ്യുതി കണക്ഷനും വാട്ടർ കണക്ഷനും പുനഃസ്ഥാപിക്കുന്നതിനും റവന്യൂ റിക്കവറി തുക മുതൽ ഇനത്തിൽ 6,49,581 രൂപയും നാളിതുവരെയുള്ള പലിശയും ചേർത്ത് 14,44,000 രൂപയും 50 തറികൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 3 ലക്ഷം രൂപയും ഉൾപ്പെടെ 17,44,000 രൂപയും, കെട്ടിടം, വർക്ക് ഷെഡ്ഡുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 8,35,000 രൂപയും ഫർണിച്ചറുകൾ വാങ്ങുന്നതിന് 50,000 രൂപയും പരിസരം വൃത്തിയാക്കുന്നതിന് 14,400 രൂപയും ഉൾപ്പെടെ ആകെ 26,43,400 രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. വീക്ഷണം കൈത്തറി നെയ്ത്തു സഹകരണസംഘത്തിന് വിവിധ ഇനങ്ങളിലായി റവന്യൂ റിക്കവറി കുടിശ്ശിക ഇനത്തിൽ ഏകദേശം 18 ലക്ഷം രൂപ ഉൾപ്പെടെ 40 ലക്ഷത്തോളം രൂപയുടെ ബാധ്യത നിലനിൽക്കുന്നുണ്ട്. കൈത്തറി നെയ്ത്ത് സഹകരണസംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. എങ്കിലും നിലവിലുള്ള ഇതര പദ്ധതികൾ പ്രകാരം നെയ്ത്തു തൊഴിലാളികൾക്ക് ജോലി നൽകാൻ സർക്കാർ സന്നദ്ധമാണ്. കൈത്തറി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കൈത്തറി മേഖലയുടെ സമഗ്രമായ വികസനം

220(626) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. കെ. എം. ഷാജി:
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരലക്ഷത്തോളം തൊഴിലാളികൾ സേവനം ചെയ്യുന്ന കൈത്തറി മേഖലയുടെ സമഗ്ര വികസനത്തിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കൈത്തറി മേഖലയിൽ പണിയെടുക്കുന്നവർക്ക് ദേശീയ ശരാശരിയെക്കാൾ കുറഞ്ഞ വേതനമാണ് ലഭിക്കുന്നതെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ; ഇവരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ വിഭാഗം തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള സാമൂഹ്യസുരക്ഷാ സംവിധാനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയുടെ സമഗ്ര വികസനത്തിനായി സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

(ബി) വിലയിരുത്തപ്പെട്ടിട്ടില്ല. കൈത്തറിമേഖലയിൽ പണിയെടുക്കുന്നവരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി, ഉൽപാദന പ്രചോദന പരിപാടി എന്നിവയിലൂടെ സർക്കാർ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(സി) സ്വാഭാവികമായോ അപകടംമൂലമോ മരണം സംഭവിക്കുന്നവർക്കും മുഴുവനായോ ഭാഗികമായോ അംഗഭംഗം സംഭവിച്ചതുമായ നെയത്തുകാർക്ക് പരിരക്ഷ ലഭിക്കുന്നതിനുള്ള പദ്ധതിയാണ് മഹാത്മാ ഗാന്ധി ബങ്കർ യോജന ഇൻഷ്വറൻസ് പദ്ധതി (എം.ജി.ബി.ബി.വൈ). ഈ പദ്ധതിയിൽ ഒരു നെയ്ത്തുകാരന്റെ വാർഷിക വരിസംഖ്യയായ 330 രൂപയിൽ കേന്ദ്രസർക്കാരിന്റെ വിഹിതം 150 രൂപയും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ വിഹിതം 100 രൂപയും നെയ്ത്തുകാരന്റെ വിഹിതം 80 രൂപയുമാണ്. ഇതിൽ നെയ്ത്തുകാരുടെ വിഹിതമായ 80 രൂപ സംസ്ഥാന സർക്കാർ നൽകിവരുന്നു.

## കണ്ണൂർ ജില്ലയിൽ കൈത്തറി മേഖലയിലെ കുടിശ്ശിക

221(627) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കൈത്തറി സഹകരണ സംഘങ്ങൾക്കും തൊഴിലാളികൾക്കും കൂലിയിനത്തിൽ എത്ര രൂപ കുടിശ്ശിക നൽകാനുണ്ട് എന്നറിയിക്കാമോ;

(ബി) പ്രസ്തുത തുക വിതരണം ചെയ്യുന്നതിനും തൊഴിലാളികൾക്ക് കൂടുതൽ ജോലി ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ & ബി) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ കൈത്തറി സഹകരണ സംഘങ്ങൾക്കും തൊഴിലാളികൾക്കും 23-2-2019 വരെയുള്ള കൂലി നൽകിയിട്ടുണ്ട്. 18-5-2019 വരെ കൂലിയിനത്തിൽ 3,49,99,920 രൂപ കുടിശ്ശികയായി നൽകുവാനുണ്ട്. കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടത്തിപ്പിനായി 2019-20 സാമ്പത്തിക വർഷം 27.44 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**കൈത്തറി മേഖലയ്ക്ക് പുതുജീവൻ**

222(628) <u>ശ്രീ. ജി. എസ്. ജയലാൽ :</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയ്ക്ക് പുതുജീവൻ നല്കുന്നതിനായി നടത്തുന്ന ശ്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് കൈത്തറി യൂണിഫോം വിതരണം ചെയ്യുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) സൗജന്യ കൈത്തറി യൂണിഫോം പദ്ധതിയിലേയ്ക്ക് ആവശ്യമായ മുഴുവൻ നൂലും സർക്കാർ സഹകരണ മില്ലുകളിൽ നിന്ന് ലഭ്യമാക്കുമോ;

(ഡി) സർക്കാർ മേഖലയിലെയും സഹകരണ മേഖലയിലെയും അടഞ്ഞുകിടന്ന മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ഇ) സഹകരണ മേഖലയിലെ ടെക്സ്ഫെഡിനുകീഴിലുള്ള സ്പിന്നിംഗ്, വീവിംഗ് മില്ലുകളുടെ നവീകരണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ;

(എഫ്) യുവതലമുറയെ നെയ്ത്തിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള യുവ വീവ് പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ജി) ഒരു വീട്ടിൽ ഒരു തറി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി * ചേർക്കുന്നു.

(ബി) 2019-20 അദ്ധ്യയന വർഷത്തേയ്ക്ക് സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കും എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കും 2 ജോടി വീതം യൂണിഫോം നൽകുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിലേയ്ക്കാവശ്യമായ 42.80 ലക്ഷം മീറ്റർ തുണിയുടെ ഉൽപ്പാദന ലക്ഷ്യം കൈവരിക്കുകയും അവ ചായം മുക്കി സ്കൂളുകളിൽ വിതരണം ചെയ്തുവരികയുമാണ്. സംസ്ഥാനത്തെ 163 ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ മുഖേന നടന്നുവരുന്ന വിതരണം അന്തിമഘട്ടത്തിലാണ്. സ്കൂൾ തുറക്കുന്നതിനു മുൻപുതന്നെ എല്ലാ സ്കൂളുകളിലും യൂണിഫോം തുണി പൂർണ്ണമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നിലവിൽ സ്കൂൾ യൂണിഫോം പദ്ധതിയിലേയ്ക്ക് ആവശ്യമായ നിശ്ചിത കൗണ്ടിലുള്ള നൂൽ ഉല്പാദിപ്പിക്കുന്ന കേരളത്തിലെ മൂന്ന് സഹകരണ മില്ലുകളിലും നിന്നുള്ള നൂലും ഉപയോഗിക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയിലേയ്ക്ക് ആവശ്യമായ കൗണ്ടിലുള്ള നൂലുകൾ മറ്റ് സഹകരണ മില്ലുകളിൽ നിന്നും ലഭ്യമാകുന്നില്ല.

(ഡി) സർക്കാർ മേഖലയിലേയും സഹകരണ മേഖലയിലേയും താൽക്കാലികമായി അടഞ്ഞുകിടന്നിരുന്ന സ്പിന്നിംഗ് മില്ലുകൾ 2017 ഫെബ്രുവരി 20, 22 തീയതികളിൽ തുറന്ന് പ്രവർത്തിപ്പിച്ചിട്ടുണ്ട്. ഈ മില്ലുകൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിലേക്കായി സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റിക്ക് 8-2-2017-ൽ 7.10 കോടി രൂപ അനുവദിക്കുകയും ആയതിന്റെ ഫലമായി ഈ മില്ലുകൾ തുറന്നു പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ, 2019 ജനുവരി 15 മുതൽ പ്രവർത്തനമൂലധനത്തിന്റെ അഭാവത്താലും വൈദ്യുതി കുടിശ്ശികമൂലവും ലേ ഓഫിലാണ്. പ്രസ്തുത മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിലേക്കായി 1 കോടി രൂപ പ്രവർത്തനമൂലധനമായി അനുവദിച്ചുനൽകിയിട്ടുണ്ട്. കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ 7-9-2018 മുതൽ ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്കായി അടച്ചിട്ടിരിക്കുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) കെ. കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മിൽ, മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവയുടെ ആധുനികവൽക്കരണ പ്രവർത്തനം പൂർത്തിയായി. ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവൽക്കരണ പ്രവർത്തനം അവസാനഘട്ടത്തിലാണ്. പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ, കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ എന്നിവയുടെ ആധുനികവൽക്കരണ പ്രവർത്തനം ദ്രുതഗതിയിൽ നടന്നുവരുന്നു.

(എഫ്) കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിലെ ഏറ്റവും ശ്രേഷ്ഠമായ ഒന്നാണ് കൈത്തറി മേഖല. എന്നാൽ പല കാരണങ്ങളാൽ ഈ മേഖലയിൽ നിന്നും ധാരാളം തൊഴിലാളികൾ വിട്ടുപോകുന്നു. മാത്രമല്ല, നിലവിലെ നെയ്ത്തു തൊഴിലാളികളിൽ ബഹുഭൂരിപക്ഷം പേരും 50 വയസ്സിനുമുകളിൽ പ്രായമുള്ളവരാണ്. ഈ സാഹചര്യത്തിലാണ് യുവതലമുറയെ കൈത്തറി മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനായി യുവ വീവ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്.

2016-17 കാലഘട്ടം മുതൽ നടപ്പിലാക്കിയ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി കൂടുതൽ നെയ്ത്തുകാരെ കണ്ടെത്തുകയെന്ന ലക്ഷ്യവും ഈ പദ്ധതിക്കുണ്ടായിരുന്നു.

പ്രാഥമിക വിദ്യാഭ്യാസ യോഗ്യതയുള്ള 18-നും 40-നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കളെയാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്. കുടുംബശ്രീയുമായി യോജിച്ചാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. 20 പേർ വീതം അടങ്ങിയ ഓരോ ബാച്ചിനും ആദ്യഘട്ടമായ 3 മാസത്തെ പരിശീലനത്തിന്റെ ആരംഭത്തിൽ 10 തറികൾ വീതവും, അസംസ്കൃതവസ്തുക്കൾ വാങ്ങുന്നതിനായി ഒരു ലക്ഷം രൂപയും നൽകുന്നു. മാസ്റ്റർ വീവർ, അസിസ്റ്റന്റ് മാസ്റ്റർ വീവർ എന്നിവരുടെ സേവനം 3 മാസത്തേക്ക് ഓരോ ബാച്ചിനും നൽകിവരുന്നു. ആദ്യഘട്ട പരിശീലന കാലയളവിൽ ഒരു ദിവസം 200 രൂപ വീതം മാസം 25 ദിവസം എന്ന കണക്കിൽ 3 മാസത്തേക്ക് സ്റ്റൈപ്പന്റും നൽകുന്നു. 3 മാസത്തെ പരിശീലനത്തിനുശേഷം ഓരോ ബാച്ചിനും വീണ്ടും 10 തറികൾ വീതം നൽകുന്നു.

പരിശീലനത്തിന്റെ രണ്ടാം ഘട്ടമായ മൂന്നു മാസത്തെ ഇൻകുബേഷൻ കാലത്തിൽ പരിശീലനം ലഭിച്ചവർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാൻ ആരംഭിക്കുന്നു. ഇവർക്ക് വേതനമായി പ്രതിദിനം 125 രൂപ വീതം മാസം 25 ദിവസം എന്ന നിരക്കിൽ 3 മാസത്തേക്ക് നൽകുന്നു.

ഈ പദ്ധതിക്കാവശ്യമായ മുഴുവൻ തറികളും നിർമ്മിച്ചു നൽകുന്നത് പൊതുമേഖലാ സ്ഥാപനമായ കാഡ്കോയാണ്.

ഈ പദ്ധതിയിലൂടെ ലഭിക്കുന്ന തറിയിൽ കുറഞ്ഞത് 5 വർഷമെങ്കിലും നെയ്തിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിൽ വീഴ്ച വരുത്തുന്നപക്ഷം അത്തരം തറികൾ ഏറ്റെടുത്ത് നെയ്ത്തു തൊഴിലിൽ ഏർപ്പെടുവാൻ തയ്യാറാകുന്നവർക്ക് നൽകും. ഈ പദ്ധതിയിൽ 7 ജില്ലകളിലായി 15 ബാച്ചുകളിൽ 300 പേർക്ക് നെയ്ത്തു പരിശീലനം നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ജി) 'വീട്ടിലൊരു തറി' എന്ന പദ്ധതി പ്രകാരം, നെയ്ത്ത് അറിയാവുന്നതും എന്നാൽ തറികൾ ഇല്ലാത്തതും വീടിനോടനുബന്ധിച്ച് പണിശാല ഉള്ളതുമായ വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതുപണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും തറി സ്ഥാപിക്കുന്നതിന് ഒരു തറിയുടെ വിലയുടെ 75% തുക (പരമാവധി 4,000 രൂപ) വരെ സർക്കാർ ധനസഹായമായും ബാക്കി 25% തുക ഗുണഭോക്തൃ വിഹിതമായും വഹിക്കുന്നതാണ് പദ്ധതി. ഈ പദ്ധതിയിൽ 279 വ്യക്തിഗത നെയ്ത്തുകാർക്കും 43 കൈത്തറി നെയ്ത്ത് സംഘങ്ങളിലെ 43 നെയ്ത്തുകാർക്കും കൂടി ആകെ 322 പേർക്ക് പുതിയ തറികൾ വാങ്ങുന്നതിന് 108.66 ലക്ഷം രൂപയും ധനസഹായമായി നൽകിയിട്ടുണ്ട്.

## ഉദുമ ടെക്സ്റ്റൈൽ മിൽ

223(629) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ ടെക്സ്റ്റൈൽ മിൽ പ്രവർത്തനമാരംഭിച്ച് മാസങ്ങൾക്കുള്ളിൽ ഒരു ലക്ഷത്തിലധികം കിലോ നൂൽ ഉല്പാദിപ്പിച്ചിട്ടും ഇവ വില്പന നടത്താതെ കെട്ടിക്കിടക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഒന്നാംഘട്ട നൂൽ ഉൽപ്പാദിപ്പിക്കാനുള്ള മെഷീൻ സംവിധാനം എപ്പോൾ ഏർപ്പെടുത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉദുമ സ്പിന്നിംഗ് മിൽ തുറന്നതിനുശേഷം 92999 കിലോ നൂൽ ഇതേ വരെ ഉൽപ്പാദിപ്പിക്കുകയും 90000 കിലോ വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഉദുമ ടെക്സ്റ്റൈൽ മില്ലിൽ നൂൽ ഉൽപ്പാദനത്തിനാവശ്യമായ യന്ത്രങ്ങൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്.

## വൈദ്യുതി വിച്ഛേദിക്കപ്പെട്ട ടെക്സ്റ്റൈൽ മില്ലുകൾ

224(630) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കുടിശ്ശികമൂലം കണക്ഷൻ വിച്ഛേദിച്ചതിനെത്തുടർന്ന് കേരള ടെക്സ്റ്റൈൽസ് കോർപ്പറേഷന് കീഴിലെ ഏഴ് മില്ലുകളും ആറ് മാസത്തിലേറെക്കാലം അടച്ചിടേണ്ട സാഹചര്യമുണ്ടായോയെന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചതിനെത്തുടർന്ന് സംസ്ഥാനത്ത് ഇപ്പോൾ ഏതൊക്കെ മില്ലുകളാണ് പ്രവർത്തനരഹിതമായിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത മില്ലുകൾ തുടർന്ന് പ്രവർത്തിക്കുന്നതിന് സർക്കാർ ഇടപെട്ട് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കുമോ?

### ഉത്തരം

(എ) വൈദ്യുതി കുടിശ്ശികമൂലം കണക്ഷൻ വിച്ഛേദിച്ചതിനെത്തുടർന്ന് 2016-17 കാലയളവിൽ, കേരള ടെക്സ്റ്റൈൽസ് കോർപ്പറേഷനുകീഴിലെ 5 മില്ലുകളിൽ 4 മില്ലുകൾ നാലര മാസക്കാലയളവിലും ഒരു മിൽ രണ്ടര മാസക്കാലയളവിലും പ്രവർത്തനരഹിതമായിരുന്നു.

(ബി&സി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷനുകീഴിലെ മില്ലുകളൊന്നും ഇപ്പോൾ വൈദ്യുതി വിച്ഛേദിച്ചതിനാൽ പ്രവർത്തനരഹിതമായിട്ടില്ല.

ടെക്സ്ഫെഡിനു കീഴിലുള്ള പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ 2-3-2019 മുതൽ വൈദ്യുതി വിച്ഛേദിച്ചതിനാൽ പ്രവർത്തിക്കുന്നില്ല. 28-3-2019-ലെ ജി.ഒ (ആർ.റ്റി)നം.292/2019/വ്യവ പ്രകാരം പ്രസ്തുത സ്ഥാപനത്തിന് പ്രവർത്തന മൂലധനം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ പ്രശ്നം ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ചർച്ച ചെയ്തു പരിഹരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

## കണ്ണൂർ നാടുകാണി ടെക്സ്റ്റൈൽ പാർക്കിന്റെ പ്രവർത്തനം

225(631) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ നാടുകാണിയിൽ നിർമ്മാണം പൂർത്തിയാക്കിയ ടെക്സ്റ്റൈൽ പാർക്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്;

(ബി) എത്ര കമ്പനികൾക്ക് എത്ര സ്ക്വയർ ഫീറ്റ് സ്ഥലം ഇവിടെ ക്രമീകരിച്ചിട്ടുണ്ടെന്നും എത്ര കമ്പനികൾ പ്രവർത്തനം ആരംഭിച്ചുവെന്നും വെളിപ്പെടുത്താമോ;

(സി) ടെക്സ്റ്റൈൽ പാർക്ക് പ്രവർത്തനക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ നാടുകാണിയിൽ നിർമ്മാണം പൂർത്തിയാക്കിയ കിൻഫ്ര ടെക്സ്റ്റൈൽ പാർക്കിൽ വികസിപ്പിച്ച പ്ലോട്ടുകൾ, റെഡി ടു യൂസ് ഫാക്ടറി കെട്ടിടങ്ങൾ, വൈദ്യുതി, ജലം, റോഡുകൾ, വെയർഹൗസ്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, ഡൈയിംഗ് പ്ലാന്റ് തുടങ്ങിയ എല്ലാ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) നാടുകാണിയിലെ കിൻഫ്ര ടെക്സ്റ്റൈൽ പാർക്കിൽ 3 സംരംഭകർക്കായി 14500 ചതുരശ്ര അടി സ്ഥലം അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത സംരംഭകർ അവരുടെ സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തിപ്പിച്ചു വരുന്നു.

കൂടാതെ, 59 സംരംഭകർക്കായി 37.17 ഏക്കർ ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതിൽ 20 സംരംഭകർ അവരുടെ സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തിപ്പിച്ചുവരുന്നു. മറ്റ് സംരംഭങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു.

(സി) നാടുകാണി ടെക്സ്റ്റൈൽ പാർക്ക് പ്രവർത്തനക്ഷമമാണ്.

**ഖാദി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ**

226(632) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ.പുരുഷൻ കടലുണ്ടി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഖാദിഗ്രാമവ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഖാദി ഗ്രാമം എന്ന പേരിൽ നൂതന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഖാദി ഉല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക വാണിജ്യമുദ്ര ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ;

(ഇ) ഖാദി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഖാദി മേഖലയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ പദ്ധതിവിഹിതത്തിൽ ഏറ്റുകുടുക്ക സ്ലൈവർ പ്രോജക്ടിന്റെ ആധുനികവൽക്കരണത്തിനും ഖാദി സഹകരണ സംഘങ്ങൾക്കും/ സ്ഥാപനങ്ങൾക്കും ധനസഹായത്തിനും ഖാദി നൂൽ നൂല്പുകാർക്കും നെയ്ത്തുകാർക്കും ഉല്പാദന പ്രോത്സാഹനവും ഉത്സവബത്തയ്ക്കും വകുപ്പുതല ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ സ്ഥാപനവും ശക്തിപ്പെടുത്തലിനും ഖാദി ഗ്രാമം പദ്ധതി, പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള വരുമാന പൂരക പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് ഖാദി ഗ്രാമ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഖാദി ഉല്പാദന വിപണന രംഗത്ത് മുന്നേറ്റം കൈവരിക്കുന്നതിന്റെയും ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെയും ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. ഇതിനുപുറമേ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ ബാങ്ക് വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിയിൽ മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 35% വരെ സബ്സിഡി അനുവദിച്ചുനൽകുന്നു.

(ബി) ആരംഭിച്ചിട്ടുണ്ട്.

(സി) ഓരോ വർഷവും 1000 തൊഴിലവസരവും 5 വർഷം കൊണ്ട് ആകെ 5000 പേർക്ക് തൊഴിലും നൽകുകയെന്ന ലക്ഷ്യത്തോടെയാണ് ഖാദി ഗ്രാമം പദ്ധതി വിഭാവനം ചെയ്യുന്നത്.

(ഡി) കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന് ഖാദിമാർക്ക് വാണിജ്യമുദ്ര നിലവിലുണ്ട്.

(ഇ) ഖാദി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ 14 ജില്ലാ ഓഫീസുകൾ മുഖാന്തരം തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി ഖാദി മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ നൽകിക്കൊണ്ട് ഖാദി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

227(633) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. എ. എം. ആരിഫ്:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിലും യുവജനങ്ങളിലും കായികാഭിരുചി വളർത്തുന്നതിനും അവരുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) സ്കൂളുകളിൽ പ്രൈമറിതലം മുതൽ കായിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) അഞ്ച് മുതൽ പന്ത്രണ്ട് വയസ്സു വരെ പ്രായമുള്ള കുട്ടികൾക്ക് സ്വയരക്ഷയ്ക്കായി നീന്തൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) തനത് കായിക വിനോദങ്ങൾ നിലനിർത്തുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി കായിക യുവജനകാര്യാലയവും യുവജനക്ഷേമ ബോർഡും സഹകരിച്ച് നടപ്പാക്കുന്ന കളിത്തട്ട് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) കായിക ക്ഷമത മിഷൻ

കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി പ്രവർത്തിച്ച കേരള സാക്ഷരതാ മിഷന്റെ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കായികക്ഷമതാ മിഷൻ".

ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരം തിരിക്കുന്നതാണ്.

- നഴ്സറി തലം മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ
- 5-ാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ
- യൂണിവേഴ്സിറ്റി തലത്തിലെ വിദ്യാർത്ഥികൾ
- യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ളവർ

പ്രസ്തുത പദ്ധതി സ്കൂളുകൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച് നടപടികൾ അന്തിമഘട്ടത്തിലാണ്.

ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)

നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

പ്ലേ ഫോർ ഹെൽത്ത്

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിക്കും അനുയോജ്യമായ കായികയിനം തെരെഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

സ്പ്ലാഷ്

12 വയസ്സു മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണ് സ്പ്ലാഷ്. പരിശീലന സമയത്ത് നീന്തലിൽ പ്രതിഭ തെളിയിക്കുന്ന കുട്ടികൾക്ക് ദേശീയ/അന്തർദ്ദേശീയ തലത്തിലുള്ള താരങ്ങളാക്കുന്നതിനുള്ള പരിശീലനം നൽകി അവരെ ഉയർന്ന നിലവാരത്തിലുള്ള നീന്തൽ താരങ്ങളാക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി കൂടിയാണിത്.

<u>എയ്സ്</u>

ടെന്നീസ് കളിയിൽ തൽപ്പരരായ 4 മുതൽ 9 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് വിദഗ്ധ പരിശീലനം നൽകുന്ന ഗ്രാസ്റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി (ACE) ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ഡി) കേരളത്തിന്റെ തനത് കായിക വിനോദങ്ങൾ നിലനിർത്തുന്നതിനും പുതിയ തലമുറയ്ക്ക് കൈമാറി അത് കൂടുതൽ പ്രചരിപ്പിക്കുന്നതിനും വേണ്ടി കായിക യുവജനകാര്യാലയവും യുവജനക്ഷേമ ബോർഡും സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കളിത്തട്ട്. ബ്ലോക്ക്/ജില്ലാ/സംസ്ഥാനതല മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 15-നും 40-നും മധ്യേ പ്രായമുള്ള വിദ്യാർത്ഥികളിലും യുവജനങ്ങളിലും കായികാഭിരുചി വളർത്തുന്നതിനുവേണ്ടി 'കേരളോത്സവം' എന്ന പരിപാടി സംഘടിപ്പിച്ചുവരുന്നു. കേരളോത്സവത്തിൽ നീന്തൽ, ഫുട്ബോൾ, വോളീബോൾ, ബാസ്കറ്റ് ബോൾ, ക്രിക്കറ്റ്, കബഡി, വടംവലി, ചെസ്സ്, കളരി തുടങ്ങിയ ഗ്രൂപ്പിനങ്ങളും അത്‌ലറ്റിക്സ് മത്സരങ്ങളും നടത്തുന്നു. യുവ ക്ലബ്ബുകൾ, യൂത്ത് ക്ലബ്ബുകൾ എന്നിവയിലെ അംഗങ്ങളായ യുവജനങ്ങളുടെ കായികപരമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനായി ഫുട്ബോൾ/ വോളീബോൾ എന്നിവ സംഘടിപ്പിക്കുന്നതിനായി ക്ലബ്ബുകൾക്ക് ഗ്രാന്റ് നൽകുന്നുണ്ട്. കൂടാതെ ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുകയും ചെയ്യുന്നു. കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളെയും യുവജനങ്ങളെയും ചേർത്ത് 'കേരള യൂത്ത് വോളന്ററി ആക്ഷൻ ഫോഴ്സ്"എന്ന സന്നദ്ധസേവന സേനാ ബോർഡ് രൂപീകരിക്കുകയും ഇവർക്ക് കരാട്ടെ പരിശീലനം നൽകുകയും ചെയ്തു. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർ താമസിക്കുന്ന സ്ഥലങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ എന്നിവിടങ്ങളിൽ യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ച യുവാ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ജില്ലാതല ഫുട്ബോൾ മത്സരം സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## നീന്തൽ പഠന പദ്ധതി

228(634) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പഠനം സാധ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതി സർക്കാർ നടപ്പിലാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) 12 വയസ്സ മുതൽ 18 വയസ്സവരെയുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണ് സ്പ്ലാഷ്. പരിശീലന സമയത്ത് നീന്തലിൽ പ്രതിഭ തെളിയിക്കുന്ന കുട്ടികൾക്ക് ദേശീയ/അന്തർദ്ദേശീയ തലത്തിലുള്ള താരങ്ങളാക്കുന്നതിനുള്ള പരിശീലനം നൽകി അവരെ ഉയർന്ന നിലവാരത്തിലുള്ള നീന്തൽ താരങ്ങളാക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയാണ്. ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട്, ഇടുക്കി, തൃശ്ശൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ നീന്തൽ കായികയിനത്തിൽ സ്കൂൾ കുട്ടികൾക്ക് സമ്മർ ക്യാമ്പ് നടത്തി വരുന്നുണ്ട്.

നീന്തൽ പഠനം കരിക്കുലം പരിഷ്കരിക്കുമ്പോൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം എസ്.സി.ഇ.ആർ.ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

**ഓപ്പറേഷൻ ഒളിമ്പ്യ**

229(635) <u>ശ്രീ. കെ. ബാബു:</u>
<u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീ. കാരാട്ട് റസാഖ്:</u>
<u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായികതാരങ്ങൾക്ക് 2020, 2024 ഒളിമ്പിക്സുകളിൽ മികച്ച മെഡലുകൾ ലക്ഷ്യമിട്ട് ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കായിക ഇനങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തെരഞ്ഞെടുത്ത കായിക താരങ്ങൾക്ക് വിദേശ പരിശീലകരുടെയും അന്താരാഷ്ട്ര കോച്ചുകളുടെയും പരിശീലനം ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്

(ബി) അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി.

(സി) നിലവിൽ കായികയിനങ്ങളുടെ ആദ്യഘട്ടത്തിലെ പരിശീലനത്തിന് ഇന്ത്യൻ നിലവാരത്തിലുള്ള പ്രഗത്ഭരായ കോച്ചുമാരാണ് പരിശീലനം നൽകിവരുന്നത്. കായികയിനങ്ങളുടെ പരിശീലനത്തിന്റെ രണ്ടാം ഘട്ടത്തിൽ വിദേശ പരിശീലകരുടെ സേവനം വിനിയോഗിക്കുന്നതാണ്.

**കുട്ടികളുടെ കായികക്ഷമത**

230(636) <u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ കായികക്ഷമത കുറഞ്ഞുവരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ ഏജൻസികൾ ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങളും റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കാമോ;

(സി) സ്കൂൾ പ്രായഘട്ടത്തിലെ കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികളോ പരിപാടികളോ ആസൂത്രണം ചെയ്യുമോ;

(ഡി) ഇതിനായി കായികക്ഷമതാ മിഷൻ രൂപീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി 2008-09 വർഷം മുതൽ ആറ് വർഷമായി തുടർന്നുവന്നിരുന്നു. കേരളത്തിലെ എല്ലാ സ്കൂളുകളിലും 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ കായികക്ഷമത പ്രത്യേക ടെസ്റ്റുകളിലൂടെ വ്യക്തിഗതമായി അളന്ന് പരിശോധിച്ച്, പരിശോധനാഫലം ശാസ്ത്രീയമായി

അപഗ്രഥിച്ച് കുട്ടികളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനും അതുവഴി ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടുകൂടി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നടപ്പിലാക്കിയ പദ്ധതിയാണ് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി. 2008-ൽ ആരംഭിച്ച പദ്ധതി 2012-13-നുശേഷം ചില സാങ്കേതിക കാരണങ്ങളാൽ തുടരുവാൻ സാധിച്ചില്ല. പ്രസ്തുത പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നതിനായി 5 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽ കായികക്ഷമത എങ്ങനെ മെച്ചപ്പെടുത്താമെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ചിരുന്നു.

കൂടാതെ സംസ്ഥാന സ്പോർട്സ് കൗൺസിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ സംസ്ഥാനത്ത് കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ തത്വത്തിൽ അംഗീകരിച്ച് ഉത്തരവായെങ്കിലും, ഇത് പ്രായോഗികമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട അദ്ധ്യാപകർക്കുള്ള പഠന സഹായിയുടെ മലയാളം പതിപ്പ് തയ്യാറാക്കി ഡി.പി.ഐ-ക്ക് സമർപ്പിച്ചിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ഉൾക്കൊള്ളുന്ന മാനുവൽ അനുബന്ധമായി * ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി & ഡി) കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി പ്രവർത്തിച്ച കേരള സാക്ഷരതാ മിഷന്റെ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കായികക്ഷമതാ മിഷൻ".

ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരം തിരിക്കുന്നതാണ്.

- നഴ്സറി തലം മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ
- 5-ാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ
- യൂണിവേഴ്സിറ്റി തലത്തിലെ വിദ്യാർത്ഥികൾ
- യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ളവർ

പ്രസ്തുത പദ്ധതി സ്കൂളുകൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച നടപടികൾ അന്തിമഘട്ടത്തിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പഞ്ചായത്ത് തല സ്പോർട്സ് കൗൺസിലുകൾ

231(637) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിലുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഘടന അറിയിക്കാമോ;

(ബി) ഒന്നാം വർഷ ഹയർസെക്കണ്ടറി പ്രവേശനവുമായി ബന്ധപ്പെട്ട് നീന്തൽ അറിയാമെന്ന് തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം/ ചുമതല പഞ്ചായത്ത് തല സ്പോർട്സ് കൗൺസിലുകൾക്കാണോ; വിശദമാക്കാമോ;

(സി) ഇങ്ങനെ പഞ്ചായത്ത് സ്പോർട്സ് കൗൺസിൽ നൽകുന്ന നീന്തൽ സർട്ടിഫിക്കറ്റിൽ ഒപ്പ് വയ്ക്കാനുള്ള ചുമതല ആർക്കാണെന്ന് അറിയിക്കാമോ;

(ഡി) മതിയായ പരിശോധനകൾക്ക് ശേഷമാണ് ഇത്തരം സർട്ടിഫിക്കറ്റുകൾ നൽകുന്നതെന്ന കാര്യം സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 2018-ലെ സ്പോർട്സ് (ഭേദഗതി) ആക്ടിൽ വ്യവസ്ഥ ചെയ്യുന്നതു പ്രകാരമുള്ള പഞ്ചായത്ത് സ്പോർട്സ് കൗൺസിലുകൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല.

(ബി) വിദ്യാർത്ഥികളിൽ നീന്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി നീന്തൽ അറിയാമെന്ന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പരിശീലകർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ കുട്ടികൾക്ക് പ്ലസ് വൺ കോളേജ് അഡ്മിഷന് 2% ഇൻഡക്സ് മാർക്ക് ജില്ലാ സ്പോർട്സ് കൗൺസിൽ വഴി നൽകിവരുന്നുണ്ട്.

(സി & ഡി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിയമിച്ചിട്ടുള്ള യോഗ്യരായ നീന്തൽ പരിശീലകർ നീന്തൽ അറിവ് പരിശോധിച്ച് ബോധ്യപ്പെട്ടശേഷം അതാത് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയാണ് നീന്തൽ അറിയാമെന്നുള്ള സർട്ടിഫിക്കറ്റുകൾ നൽകുന്നത്.

## സ്പോർട്സ് സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ നടപടി

232(638)ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ സ്കൂൾ എന്നിവ സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഇതിനായി നാളിതുവരെ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; കിഫ്ബിയിൽ നിന്ന് ഇക്കാര്യത്തിനായി തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) ഉണ്ട്. പൊതുവിദ്യഭ്യാസ വകുപ്പിന്റെ കീഴിലായിരുന്ന ജി.വി.രാജാ സ്പോർട്സ് സ്കൂളിന്റെ ചുമതല 2017-ൽ കായികയുവജനകാര്യ വകുപ്പ് ഏറ്റെടുത്തതിനുശേഷം ടി സ്കൂളിലെ കായിക താരങ്ങളുടെ പരിശീലനം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി 21-ഓളം മികച്ച പരിശീലകരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അന്താരാഷ്ട്ര നിലവാരമുള്ള കായിക ഉപകരണങ്ങൾ, സ്പോർട്സ് കിറ്റ് എന്നിവ കായിക താരങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടി സ്കൂളിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം* ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ 1815 ലക്ഷം രൂപയും 2018-19 സാമ്പത്തികവർഷത്തിൽ 2160 ലക്ഷം രൂപയും 2019-20 സാമ്പത്തിക വർഷം 2162 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

സ്പോർട്സ് സ്കൂളുകളിലെ കായികതാരങ്ങൾക്ക് ദേശീയ നിലവാരത്തിൽ പരിശീലനം നൽകുന്നതിനായി മേനംകുളം ആസ്ഥാനമാക്കി ജി.വി.രാജാ സെന്റർ ഫോർ സ്പോർട്സ് എക്സലൻസ് നിർമ്മിക്കുന്നതിനായി കിഫ്ബിയിൽ നിന്നും 56.185 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്പോർട്സ് ഹോസ്റ്റലുകൾ

233(639) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്പോർട്സ് ഹോസ്റ്റലുകൾ ഏതൊക്കെയാണ്; ഇവയിൽ ആകെ എത്ര വിദ്യാർത്ഥികളുണ്ട്;

(ബി) എല്ലാ ജില്ലകളിലും അതത് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടെ സ്പോർട്സ് ഹോസ്റ്റലുകൾ സ്ഥാപിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുമോ;

(സി) ഇതിനായി വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സഹകരണം ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാദമികൾ, 54 കോളേജ് സ്പോർട്സ് അക്കാദമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാദമികൾ (സ്പോർട്സ് ഹോസ്റ്റലുകൾ) എന്നിവ പ്രവർത്തിച്ചുവരുന്നു. ടി ഹോസ്റ്റലുകളിലായി മൊത്തം 2785 കായികതാരങ്ങളുണ്ട്. സ്പോർട്സ് ഹോസ്റ്റലുകളുടെ ലിസ്റ്റ് അനുബന്ധം* ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകളുടെ മേൽനോട്ടം നിർവ്വഹിക്കുന്നത് അതാത് ജില്ലാ സ്പോർട്സ് കൗൺസിലുകളാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ

234(640) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥലങ്ങളിൽ ഇത് ഇതിനകം പ്രവർത്തനം ആരംഭിച്ചു എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ആദ്യഘട്ടത്തിൽ താഴെപ്പറയുന്ന സ്റ്റേഡിയങ്ങളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നെസ് സെന്ററുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

1) തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം

2) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം

3) പിരപ്പൻകോട് അക്വാട്ടിക് കോംപ്ലക്സ്

4) വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്

5) തൃശ്ശൂർ വി. കെ. എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം

6) കോഴിക്കോട് വി. കെ. കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം

7) കൊല്ലം ഹോക്കി സ്റ്റേഡിയം

8) കണ്ണൂർ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം.

മേൽ പറഞ്ഞവയിൽ തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് വി. കെ. കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം എന്നിവിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്ന സ്റ്റേഡിയങ്ങൾ

235(641) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കിഫ്ബി ധനസഹായത്തോടെ സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്റ്റേഡിയങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലുള്ള അവസ്ഥ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ &ബി) 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 14 ജില്ലാ സ്റ്റേഡിയങ്ങളും 33 പഞ്ചായത്ത് സ്റ്റേഡിയങ്ങളും 2017-18 ബജറ്റിൽ പ്രഖ്യാപിച്ച 10 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ 57 പദ്ധതികളാണ് കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇവയിൽ 34 സ്റ്റേഡിയങ്ങൾക്ക് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിൽ സാങ്കേതികാനുമതി ലഭിച്ച സ്റ്റേഡിയങ്ങളിൽ 27 പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. 20 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ

ആരംഭിച്ചിട്ടുണ്ട്. കായിക എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാങ്കേതിക മേൽനോട്ടതതിൽ എസ്.പി.വി. ആയ കിറ്റ്കോ മുഖാന്തരമാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## മാവേലിക്കര താമരക്കുളം സ്റ്റേഡിയം നിർമ്മാണം

236(642) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ താമരക്കുളത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതടക്കമുള്ള പ്രവൃത്തികൾ സ്പോർട്സ് എഞ്ചിനീയറിംഗ് വകുപ്പിനെ ഏല്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത ആവശ്യത്തിന്മേൽ എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) താമരക്കുളം സ്റ്റേഡിയത്തിന് 2019-20-ലെ ബജറ്റിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കായിക എഞ്ചിനീയറിംഗ് വിഭാഗം വഴി പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്ന കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## പത്തിയൂർ, കണ്ടല്ലൂർ ഗ്രാമപഞ്ചായത്തുകളിൽ സ്റ്റേഡിയങ്ങൾ

237(643) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിലെ പത്തിയൂർ, കണ്ടല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ, സ്പോർട്സ് കൗൺസിൽ മുഖേന സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

പത്തിയൂർ ഗ്രാമപഞ്ചായത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 2019-20 സാമ്പത്തികവർഷത്തിൽ കായികയുവജനകാര്യ വകുപ്പിന് കീഴിൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്.

**സ്റ്റേഡിയങ്ങളും കായിക സമുച്ചയങ്ങളും**

238(644) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കായിക വകുപ്പ് 2017-18, 2018-19 വർഷങ്ങളിൽ സ്റ്റേഡിയങ്ങൾ, കായിക സമുച്ചയങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് ഓരോ വർഷവും എത്ര തുക വീതം അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം മേൽപ്പറഞ്ഞ കാലയളവിൽ തുക അനുവദിച്ച സ്ഥാപനങ്ങൾ/സ്ഥലം എന്നിവയുടെ പട്ടിക, യഥാക്രമം അനുവദിച്ച തുക, പ്രവൃത്തിയുടെ പേര്, അനുവദിച്ച വർഷം, ജില്ല എന്നീ വിവരങ്ങളുൾപ്പെടെ ലഭ്യമാക്കുമോ;

(സി) ഇതനുസരിച്ച് മേൽപ്പറഞ്ഞ ഓരോ വർഷങ്ങളിലും ആകെ എത്ര തുക വിനിയോഗിക്കപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം തുക അനുവദിക്കപ്പെട്ട ഓരോ സ്ഥാപനങ്ങളിലെയും/ സ്ഥലങ്ങളിലെയും ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയായെന്നും പൂർത്തിയാകാത്ത പ്രവൃത്തികളുടെ ഓരോന്നിന്റെയും ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ -ഡി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

**ജില്ലാതലത്തിൽ സ്റ്റേഡിയം നിർമ്മാണം**

239(645) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാതലത്തിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതി പ്രകാരം എത്ര സ്റ്റേഡിയങ്ങളാണ് നിർമ്മിക്കുവാൻ പദ്ധതിയിട്ടിട്ടുള്ളത്; ഇതിൽ എത്ര സ്റ്റേഡിയങ്ങളുടെ നിർമ്മാണം ഇതിനകം പൂർത്തിയാക്കിയെന്ന് അറിയിക്കുമോ;

(ബി) കിഫ്ബിയിൽനിന്നും ഈ പദ്ധതിക്കായി ഇതിനകം എന്ത് തുക അനുവദിച്ചു എന്നും അതിൽ എന്ത് തുക റിലീസ് ചെയ്ത് നൽകിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഓരോ ജില്ലയിലും ഒരു ജില്ലാ സ്റ്റേഡിയം എന്ന ക്രമത്തിൽ 14 ജില്ലാ സ്റ്റേഡിയങ്ങളുടെ നിർമ്മാണമാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള ഒരു ജില്ലാ സ്റ്റേഡിയത്തിന്റെയും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച ജില്ലാ സ്റ്റേഡിയങ്ങൾക്ക് കിഫ്ബിയിൽ നിന്നും അംഗീകരിച്ച തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. കിഫ്ബിയിൽ നിന്നും തുക നേരിട്ട് കരാറുകാർക്ക് നൽകുന്നതിനാൽ റിലീസ് ചെയ്ത തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

| | | |
|---|---|---|
| (1) | തിരുവനന്തപുരം തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം | 34.26 കോടി |
| (2) | ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം | 41.47 കോടി |
| (3) | തൃശ്ശൂർ ഐ.എം.വിജയൻ ഇൻഡോർ സ്റ്റേഡിയം | 56.01 കോടി |
| (4) | വയനാട് സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം | 36.88 കോടി |
| (5) | കാസർഗോഡ് എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം | 29.32 കോടി |
| (6) | കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 41.02 കോടി |

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ സ്റ്റേഡിയം**

240(646) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 2018-19-ൽ ബജറ്റിൽ തുക അനുവദിക്കുന്നതിന് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ E-1975702/2017/MIN/IND Date: 17-11-2017 പ്രകാരം കായിക വകുപ്പ് സെക്രട്ടറി എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ;

(ബി) നിവേദനത്തിൻമേൽ സ്ഥലം സന്ദർശിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ;

(സി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂരിൽ ഫുട്ബോളിൽ മികച്ച സംസ്ഥാന കായിക താരങ്ങൾ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രദേശത്ത് ഫുട്ബോൾ കളി മെച്ചപ്പെടുത്തുന്നതിന് കായിക വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ;

(ഡി) പൊഴിയൂരിൽ ഫുട്ബോൾ കളി മെച്ചപ്പെടുത്തുന്നതിന് പൊഴിയൂർ പരുത്തിയൂർ സ്റ്റേഡിയം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) നെയ്യാറ്റിൻകര കുളത്തൂർ പഞ്ചായത്തിലെ പരുത്തിയൂർ സ്റ്റേഡിയം, നെയ്യാറ്റിൻകര നഗരസഭാ സ്റ്റേഡിയം എന്നിവ നിർമ്മിക്കുന്നതിന് 2018-19-ലെ ബജറ്റിൽ 100 രൂപ വീതം ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിരുന്നുള്ളൂ.

(സി & ഡി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂർ പ്രദേശത്ത് ഫുട്ബോൾ കളി മെച്ചപ്പെടുത്തുന്നതിനും കൂടുതൽ മികച്ച ഫുട്ബോൾ കളിക്കാരെ വാർത്തെടുക്കുന്നതിനുമായി കായിക വകുപ്പിന്റെ നേതൃത്വത്തിൽ കുളത്തൂർ ജി.വി.എച്ച്.എസ്.എസ്.-ൽ 'കിക്കോഫ്' എന്ന പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പരിശീലന കേന്ദ്രം അനുവദിച്ചിട്ടുണ്ട്.

**സിവിൽ സർവ്വീസ് സ്പോർട്സ് ബോർഡ്**

241(647) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക പ്രതിഭകളെ സർക്കാർ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനു നിലവിൽ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) കായിക പ്രതിഭകളുടെ അവസരം നഷ്ടപ്പെടാതിരിക്കാൻ റെയിൽവേ സ്പോർട്സ് ബോർഡ് പോലെ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് സ്പോർട്സ് ബോർഡ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വർഷംതോറും മികച്ച 50 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി നിലവിലുണ്ട്. അപ്രകാരം കായിക താരങ്ങളുടെ

നിയമനത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവിലേയ്ക്ക് വിജ്ഞാപനങ്ങളിലൂടെ അപേക്ഷ ക്ഷണിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അർഹരായ അപേക്ഷകരുടെ അസ്സൽ സർട്ടിഫിക്കറ്റുകളുടെ പരിശോധന നടത്തിയശേഷം സെലക്ട് ലിസ്റ്റ് തയ്യാറാക്കി ഉദ്യോഗാർത്ഥികളുടെ റാങ്കിന്റെയും വിദ്യാഭ്യാസ യോഗ്യതയുടെയും അടിസ്ഥാനത്തിൽ ഉചിതമായ തസ്തികയിൽ നിയമനം നൽകുകയുമാണ് ചെയ്യുന്നത്. 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാനഘട്ടത്തിലാണ്. 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുവാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**കായിക താരങ്ങൾക്ക് സർക്കാർ ജോലി**

242(648) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ കായിക മത്സരങ്ങളിൽ മെഡലുകൾ ലഭിച്ച കായിക താരങ്ങൾക്ക് സർക്കാർ ജോലി ഉറപ്പാക്കും എന്നുള്ള സംസ്ഥാന സർക്കാറിന്റെ പ്രഖ്യാപനത്തിന്റെ ഭാഗമായി ഇതുവരെ എന്തെല്ലാം നടപടിക്രമങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി ഇതുവരെ എത്ര കായിക താരങ്ങൾക്ക് സർക്കാർ ജോലി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കായിക താരങ്ങൾക്ക് സർക്കാർ ജോലി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇതിന്റെ മുൻഗണന ക്രമം എങ്ങനെയാണ് നിഷ്കർഷിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്കായി വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ കേരള പോലീസ് സേനയിൽ 65 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്. ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച 4 കായിക താരങ്ങൾക്ക് ഗസറ്റഡ് തസ്തികയിൽ നിയമനം

നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ ടീമംഗമായ കേരള താരം ശ്രീ. സി. കെ. വിനീതിന് പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമംഗം ശ്രീ. സി. കെ. രതീഷിന് കിൻഫ്രയിൽ ജോലി നൽകിയിട്ടുണ്ട്. കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിലെ ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്കും കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വർഷംതോറും മികച്ച 50 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന സ്പോർട്സ് ക്വാട്ടാ പദ്ധതി നിലവിലുണ്ട്. അപ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാന ഘട്ടത്തിലാണ്. 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുവാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ മാനസിക പക്വത കൈവരിക്കാത്ത ശ്രീ. ഷൈബൻ. ഇ. ബി.-ക്ക് 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) (a) അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ, ടീം ഇനങ്ങളിലോ ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ.

(b) രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽപ്പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ.

(c) സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ.

(d) മൗണ്ടനീയറിംഗ്/കളരിപ്പയറ്റ് എന്നീ കായികയിനങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന സീനിയർ സംസ്ഥാന മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നാം സ്ഥാനം നേടി വിജയികളായവർ.

കേന്ദ്ര സർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരിലെ പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്പോർട്സ് ക്വാട്ട വഴി നിയമനം ലഭിച്ചവർ അപേക്ഷിക്കാൻ അർഹരല്ല. അപേക്ഷിക്കുന്ന ഓരോ തസ്തികയിലേക്കും ആവശ്യമായ യോഗ്യത ഉണ്ടായിരിക്കണം. ഉത്തേജക മരുന്നുകളുടെ ഉപയോഗത്തിന്റെ പേരിൽ ശിക്ഷണ നടപടിക്ക് വിധേയരായവരോ, കളികളിൽ നിന്ന് വിലക്ക് കൽപ്പിക്കപ്പെട്ടവരോ ആയ കായികതാരങ്ങൾ സ്പോർട്സ് ക്വാട്ടാ നിയമനത്തിന് അർഹരല്ല.

ഓരോ കായിക താരത്തിന്റെയും സ്പോർട്സ്/ഗെയിംസ് ഇനങ്ങളിൽ കൈവരിച്ച നേട്ടങ്ങൾക്ക് പ്രയോറിറ്റി പോയിന്റ് നിശ്ചയിക്കുകയും അപ്രകാരം ലഭിക്കുന്ന പ്രയോറിറ്റി പോയിന്റിന്റെ അടിസ്ഥാനത്തിൽ റാങ്ക് നിശ്ചയിച്ച് പ്രസ്തുത റാങ്കിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുകയുമാണ് ചെയ്യുന്നത്.

## സ്പോർട്സ് ക്വാട്ടയിൽ നിയമനം

243(649) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം കായിക താരങ്ങൾക്ക് സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകിയിട്ടുണ്ടോ;

(ബി) കായിക താരങ്ങളെ നിയമിക്കുന്നതിന് ഏതെങ്കിലും വകുപ്പിൽ/സ്ഥാപനങ്ങളിൽ പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) 2015-18 കാലയളവിലെ കായിക താരങ്ങളുടെ നിയമനത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ ശ്രീ. സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിലെ ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്കും കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഇത് കൂടാതെ ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി നിലവിലുണ്ട്. അപ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാനഘട്ടത്തിലാണ്.

കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ പി.കെ.ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

കൂടാതെ മാനസിക പക്വത കൈവരിക്കാത്ത ശ്രീ. ഷൈഭൻ. ഇ.ബി.-ക്ക് 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കൂടാതെ 35-ാമത് ദേശീയ ഗെയിംസിൽ വെള്ളി മെഡലുകൽ നേടിയ 84 കായിക താരങ്ങൾക്ക് നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

(ബി) 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിനായി 28 വകുപ്പുകളിലായി എൽ.ഡി.ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുവാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## സ്പോർട്സ് ക്വാട്ട നിയമനങ്ങൾ

244(650) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്ട്സ് ക്വാട്ടയിൽ എത്ര നിയമനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കായികതാരങ്ങൾക്ക് സ്പോർട്ട്സ് ക്വാട്ടാ നിയമനത്തിന് നിലവിൽ ലിസ്റ്റുകൾ എന്തെങ്കിലും നിലവിലുണ്ടോ;

(സി) പ്രസ്തുത താരങ്ങൾക്ക് സ്പോർട്ട്സ് ക്വാട്ടയിൽ ജോലി ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) കായിക മേഖലയിൽ മികവ് തെളിയിച്ചവരെ സംരക്ഷിക്കാൻ കായിക വകുപ്പ് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ?

### ഉത്തരം

(എ) വർഷംതോറും മികച്ച 50 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി നിലവിലുണ്ട്. അപ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസനഘട്ടത്തിലാണ്. 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുവാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്കായി വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച്

നിയമനം നൽകിയിട്ടുണ്ട്. കൂടാതെ കേരള പോലീസ് സേനയിൽ 65 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്. 35-ാം ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച 4 കായിക താരങ്ങൾക്ക് ഗസറ്റഡ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമംഗം ശ്രീ. സി. കെ. രതീഷിന് കിൻഫ്രയിൽ ജോലി നൽകിയിട്ടുണ്ട്.

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിലെ ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്കും കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മാനസിക പക്വത കൈവരിക്കാത്ത ശ്രീ. ഷൈബൻ. ഇ. ബി.-ക്ക് 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവു വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിൽ ഒരു തസ്തിക ഒഴിച്ച് 248 ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി 409 പേരടങ്ങുന്ന സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് താഴെപ്പറയുന്ന വിധം നേട്ടങ്ങൾ കൈവരിച്ചിരിക്കണം:

(a) അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ, ടീം ഇനങ്ങളിലോ ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ.

(b) രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽപ്പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ,

(c) സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ.

(d) മൗണ്ടനീയറിംഗ്/കളരിപ്പയറ്റ് എന്നീ കായികയിനങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന സീനിയർ സംസ്ഥാന മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നാം സ്ഥാനം നേടി വിജയികളായവർ.

കൂടാതെ കേന്ദ്ര സർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരിലെ പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്പോർട്സ് ക്വാട്ട വഴി നിയമനം ലഭിച്ചവർ അപേക്ഷിക്കാൻ അർഹരല്ല. അപേക്ഷിക്കുന്ന ഓരോ തസ്തികയിലേയ്ക്കും ആവശ്യമായ യോഗ്യത ഉണ്ടായിരിക്കണം. ഉത്തേജക മരുന്നുകളുടെ ഉപയോഗത്തിന്റെ പേരിൽ ശിക്ഷണ നടപടിക്ക് വിധേയരായവരോ, കളികളിൽ നിന്ന് വിലക്ക് കൽപ്പിക്കപ്പെട്ടവരോ ആയ കായികതാരങ്ങൾ സ്പോർട്സ് ക്വാട്ടാ നിയമനത്തിന് അർഹരല്ല.

(ഡി) കായിക മേഖലയിൽ മികവ് തെളിയിച്ചവരെ സംരക്ഷിക്കാനായി ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

<u>ഓപ്പറേഷൻ ഒളിമ്പ്യ</u>

2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടുകൂടി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കുന്നതിനു 'ഓപ്പറേഷൻ ഒളിമ്പ്യ' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

<u>എലൈറ്റ് സ്കീം</u>

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 30 ജില്ലാ സ്പോർട്സ് അക്കാദമികൾ, 54 കോളേജ് സ്പോർട്സ്

അക്കാദമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാദമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു. കൂടാതെ പ്രതിമാസ അലവൻസ്, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്.

കൂടാതെ ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത് വിജയിക്കുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിവരുന്നുണ്ട്.

സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് ഡോ. എ. പി. ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്, ടി പദ്ധതിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട 11 കായിക താരങ്ങൾക്ക് സ്കോളർഷിപ്പ് നൽകിവരുന്നു. 1500 മീറ്റർ ഓട്ടമത്സരത്തിൽ ഏഷ്യൻ ചാമ്പ്യനായ കുമാരി പി. യു. ചിത്ര, ദേശീയ റെക്കോർഡ് പ്രകടനത്തോടെ ലോംഗ് ജംപ് ദേശീയ സ്വർണ്ണമെഡൽ ജേതാവായ ശ്രീശങ്കർ എന്നിവർക്ക് മേൽ സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 10,000 രൂപയും എലൈറ്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രതിദിനം 500 രൂപയും അനുവദിച്ചുവരുന്നു.

അവശത അനുഭവിക്കുന്ന മുൻകാല കായികതാരങ്ങൾക്ക് പെൻഷൻ/ഫാമിലി പെൻഷൻ നൽകുന്നുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പരമോന്നത കായിക ബഹുമതിയായ ജി. വി. രാജാ അവാർഡ് ഉൾപ്പെടെയുള്ള അവാർഡുകൾ കായിക താരങ്ങൾക്ക് നൽകുന്നുണ്ട്.

മികച്ച കായിക താരങ്ങൾക്ക് അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും മത്സരങ്ങളിൽ സമ്മാനം നേടുന്നവർക്ക് പ്രോത്സാഹനം നൽകുന്നതിനുമായി കായിക വികസന നിധി ട്രസ്റ്റ് രൂപീകരിച്ച് അതിൽ നിന്നും ധനസഹായം നൽകിവരുന്നു.

ഖേലോ ഇന്ത്യാ യൂത്ത് ഗെയിംസിൽ വ്യക്തിഗതയിനങ്ങളിൽ മെഡലുകൾ നേടിയ 39 കായിക താരങ്ങൾക്കും ടീമിനത്തിൽ മെഡലുകൾ നേടിയ 169 കായിക താരങ്ങൾക്കും കായികവികസന നിധിയിൽ നിന്നും പാരിതോഷികം അനുവദിച്ചിട്ടുണ്ട്.

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. ജോലിയില്ലാത്ത 11 പേർക്ക് സർക്കാർ ജോലി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

2017-ൽ ഒഡീഷയിലെ ഭുവനേശ്വറിൽ വച്ച് നടന്ന 22-ാമത് ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ മെഡൽ നേടിയ കേരളീയ കായിക താരങ്ങളിൽ വ്യക്തിഗത ഇനത്തിൽ സ്വർണ്ണമെഡൽ നേടിയവർക്ക് 10 ലക്ഷം രൂപ വീതവും ടീമിനത്തിൽ സ്വർണ്ണമെഡൽ നേടിയ ഓരോ കായിക താരത്തിനും 5 ലക്ഷം രൂപ വീതവും വ്യക്തിഗത ഇനത്തിൽ വെള്ളി മെഡൽ നേടിയവർക്ക് 7 ലക്ഷം രൂപ വീതവും ടീമിനത്തിൽ വെള്ളി മെഡൽ നേടിയ ഓരോ കായിക താരത്തിനും മൂന്നര ലക്ഷം രൂപ വീതവും വ്യക്തിഗത ഇനത്തിൽ വെങ്കല മെഡൽ നേടിയവർക്ക് 5 ലക്ഷം രൂപ വീതവും ടീം ഇനത്തിൽ വെങ്കല മെഡൽ നേടിയ ഓരോ കായിക താരത്തിനും രണ്ടര ലക്ഷം രൂപ വീതവും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്കുവേണ്ടി മെഡൽ നേടിയ കേരള കായികതാരങ്ങൾക്കും ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. കൂടാതെ ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്കുവേണ്ടി മെഡൽ നേടിയ കേരള കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ദേശീയ സിവിൽ സർവ്വീസസ് മത്സരങ്ങളിൽ പങ്കെടുത്ത് 1, 2, 3 സ്ഥാനങ്ങൾ നേടുന്ന കായിക താരങ്ങൾക്ക് യഥാക്രമം 5000, 3000, 1500 രൂപ ക്രമത്തിൽ ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്. കൂടാതെ ദേശീയ സ്കൂൾ കായിക മത്സരങ്ങളിൽ 1, 2, 3 സ്ഥാനങ്ങൾ നേടുന്നവർക്ക് ക്യാഷ് അവാർഡ് നൽകി വരുന്നു.

ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയികളായ കായികതാരങ്ങൾക്ക് 2013-14 മുതൽ 2015-16 വരെ കുടിശ്ശികയായിരുന്ന മുഴുവൻ ക്യാഷ് അവാർഡ് തുകയും വിതരണം ചെയ്തിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ കേരള പോലീസ് സേനയിൽ 65 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്. ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച 4 കായിക താരങ്ങൾക്ക് ഗസറ്റഡ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമംഗം ശ്രീ. സി. കെ. രതീഷിന് കിൻഫ്രയിൽ ജോലി നൽകിയിട്ടുണ്ട്.

വർഷന്തോറും 50 മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന സ്പോർട്സ് ക്വാട്ടാ പദ്ധതി നിലവിലുണ്ട്.

## നാട്ടിക ഫിഷറീസ് സ്കൂൾ ഗ്രൗണ്ട്

245(651) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക ഫിഷറീസ് സ്കൂൾ ഗ്രൗണ്ടിന് സിന്തറ്റിക് ട്രാക്ക്, വിശ്രമ സൗകര്യം, ടോയ്‌ലെറ്റ് എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇവയ്ക്ക് ആവശ്യമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നടപ്പു സാമ്പത്തിക വർഷത്തിൽ തന്നെ ഇവയ്ക്കാവശ്യമായ തുക അനുവദിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഇപ്പോൾ പരിഗണനയിലില്ല.

## കോതമംഗലം എം.എ. കോളേജിൽ ഖേലോ ഇന്ത്യ പദ്ധതി

246(652) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികരംഗത്ത് നിരവധി ദേശീയ അന്തർദ്ദേശീയ ഒളിമ്പ്യൻ താരങ്ങളെ വളർത്തിയെടുത്തിട്ടുള്ള കോതമംഗലം എം.എ. കോളേജിനെ ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി നൽകിയിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപേക്ഷ കേന്ദ്ര കായിക മന്ത്രാലയത്തിലേയ്ക്ക് അയയ്ക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) കോതമംഗലം എം.എ. കോളേജിനെ ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടി വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി -ഡി) 'ഖേലോ ഇന്ത്യ' പദ്ധതിയുടെ കീഴിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് കോതമംഗലം എം.എ കോളേജ് സമർപ്പിച്ച അപേക്ഷയിൽ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ആവശ്യമായ തിരുത്തലുകൾ വരുത്തി സമർപ്പിക്കുവാൻ കായികയുവജനകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപേക്ഷയിലെ സീരിയൽ നം. 9-ന് നൽകേണ്ട വിവരങ്ങൾ വസ്തുതാപരമല്ലാത്തതിനാൽ ആയത് തിരുത്തി ലഭിക്കേണ്ടതുണ്ട്. കൂടാതെ നിർദ്ദിഷ്ട വസ്തുവിന്റെ ഉടമസ്ഥാവകാശം, വസ്തുവിന്മേൽ നിലനിൽക്കുന്ന ബാധ്യതകൾ തുടങ്ങിയവ സംബന്ധിച്ച് സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് കൃത്യത വരുത്തി സംസ്ഥാന സർക്കാരിന്റെ ശിപാർശ സഹിതം അപേക്ഷ തുടർനടപടികൾക്കായി കേന്ദ്രസർക്കാരിന് അയച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മഞ്ചേരി സ്പോർട്സ് കോംപ്ലക്സ് ആൻഡ് ഫുട്ബോൾ അക്കാദമി**

247(653) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി സ്പോർട്സ് കോംപ്ലക്സ് ആൻഡ് ഫുട്ബോൾ അക്കാദമിയുടെ തുടർ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തുക അനുവദിച്ചിട്ടുണ്ട്; ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) നിലവിൽ സ്റ്റേഡിയം നവീകരണത്തിനായി ഏതെല്ലാം പ്രൊപ്പോസലുകളാണ് പരിഗണനയിലുള്ളത്; വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച് വ്യക്തികളും ജനപ്രതിനിധികളും സംഘടനകളും സമർപ്പിച്ച നിവേദനങ്ങൾ/കത്തുകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേരി സ്പോർട്സ് കോംപ്ലക്സ് ആൻഡ് ഫുട്ബോൾ അക്കാദമിയുടെ തുടർ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയുടെയും സ്റ്റേഡിയം നവീകരണത്തിനായി പരിഗണനയിലുള്ള പ്രൊപ്പോസലുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. സ്പോർട്സ് കോംപ്ലക്സിനോടനുബന്ധിച്ചുള്ള ബോയ്സ്, ഗേൾസ് ഹോസ്റ്റൽ നവീകരണം, രണ്ട് ബാസ്കറ്റ് ബോൾ കോർട്ടുകളുടെ നിർമ്മാണം എന്നിവയ്ക്കായി 76,29,864 രൂപയുടെ ഭരണാനുമതി

നൽകുകയും പ്രവൃത്തികൾ പൂർത്തീകരിക്കുയും ചെയ്തിട്ടുണ്ട് (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു). ഫുട്ബോൾ സ്റ്റേഡിയത്തിന്റെ ടർഫ് നിർമ്മാണത്തിനായി കായിക യുവജനകാര്യാലയത്തിൽ നിന്നും 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആകെ 96,29,864 രൂപ (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു).

2. സംസ്ഥാനത്തിന്റെ കായിക ആസ്തി വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മൊയ്തീൻകുട്ടി മെമ്മോറിയൽ ഇൻഡോർ സ്പോർട്സ് കോംപ്ലക്സിന് 45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ് കോ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു:

ഇൻഡോർ സ്റ്റേഡിയം

8 ലെയിൻ സിന്തറ്റിക് ട്രാക്ക്

ഒളിമ്പിക് സ്വിമ്മിംഗ് പൂൾ, പ്രാക്ടീസ് -ഡൈവിംഗ് പൂളുകൾ, ചെയ്ഞ്ച് റൂം

ഹോക്കി കോർട്ട്

നിലവിലുള്ള ഹോസ്റ്റലുകളുടെ വിപുലീകരണം

നിലവിലുള്ള പവലിയന്റെ നവീകരണം (ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു).

(ബി) ഇപ്പോൾ പരിഗണനയിലില്ല,

(സി) നിവേദനങ്ങളുടെ പകർപ്പുകൾ അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## മേലാറ്റൂർ ഗ്രാമപഞ്ചായത്തിലെ സ്റ്റേഡിയം നവീകരണം

248(654) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മേലാറ്റൂർ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള സ്റ്റേഡിയം നവീകരിച്ച് ഗ്യാലറിയോട് കൂടിയ ഫുട്ബോൾ മൈതാനവും ഇൻഡോർ ബാഡ്മിന്റൺ കോർട്ടും നിർമ്മിക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള പ്രവൃത്തി പരിഗണനയിലുണ്ടോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് തുക അനുവദിയ്ക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിയ്ക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

## കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്

249(655) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന് കീഴിൽ കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ആക്ഷൻ ഫോഴ്സിന്റെ സേവനം ഏതൊക്കെ മേഖലകളിൽ ഉപയോഗിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) അടിയന്തര സാഹചര്യം നേരിടുന്നതിന് ഈ സേനയ്ക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കുമോ;

(ഡി) യൂത്ത് ആക്ഷൻ ഫോഴ്സിലെ അംഗങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ആനുകൂല്യം നൽകുന്നുണ്ടോ, വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരിതാശ്വാസ പ്രവർത്തനം, മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, ബോധവൽക്കരണ പ്രവർത്തനങ്ങൾ, സർവ്വേ തുടങ്ങിയ മേഖലകളിലാണ് ഫോഴ്സിന്റെ സേവനം ഉപയോഗപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്.

(സി) ഉണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ഈ സേനയിൽ രജിസ്റ്റർ ചെയ്ത ഒരു ലക്ഷത്തിൽപ്പരം അംഗങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 100 പേർക്ക് തൃശ്ശൂരിലെ കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് അക്കാദമിയിൽ വച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പ്രത്യേക പരിശീലനം നൽകിയിരുന്നു. കൂടാതെ മേൽപ്പറഞ്ഞവർ ഉൾപ്പെടെ ആകെ ആയിരം പേർക്ക് മൂന്നാറിൽ വച്ച് ഡിസാസ്റ്റർ മാനേജ്മെന്റ് പരിശീലനവും സംഘടിപ്പിച്ചിരുന്നു.

(ഡി) കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് യുവാക്കളുടെ ഒരു സന്നദ്ധസേവന സേനയായാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത സേനാംഗങ്ങൾക്ക് സാമ്പത്തികാനുകൂല്യങ്ങളൊന്നും തന്നെ നൽകുന്നില്ല.

## യുവജനക്ഷേമ ബോർഡിന്റെ ബോധവൽക്കരണ പദ്ധതി

250(656) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യം, മയക്കുമരുന്ന്, സൈബർ കുറ്റങ്ങൾ എന്നിവയ്ക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് യുവജനക്ഷേമ ബോർഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) യുവജനക്ഷേമ ബോർഡ് ഇതിനായി സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെയെന്നും ഇവരെ തെരഞ്ഞെടുത്തത് എപ്രകാരമാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) മദ്യം, മയക്കുമരുന്ന്, സൈബർ കുറ്റങ്ങൾ എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ, യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ച യുവാ ക്ലബ്ബുകൾ വഴിയും ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകൾ വഴിയും നടത്തിവരുന്നു. കൂടാതെ കഴിഞ്ഞ വർഷം സംസ്ഥാനം നേരിട്ട സമാനതകളില്ലാത്ത പ്രളയത്തെത്തുടർന്നുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കണ്ട യുവജന പങ്കാളിത്തം കണക്കിലെടുത്ത് ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരിതാശ്വാസ പ്രവർത്തനം, മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, ബോധവൽക്കരണ പ്രവർത്തനങ്ങൾ, തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയുന്ന ഒരു യുവജന സന്നദ്ധസേനയെ 'കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ് (KVYAF)' എന്ന പേരിൽ യുവജനക്ഷേമ ബോർഡ് രൂപീകരിക്കുകയുണ്ടായി. ഓൺലൈൻ/മാനുവൽ ആയി രജിസ്റ്റർ ചെയ്ത ഒരു ലക്ഷത്തിൽപ്പരം യുവാക്കൾ ഇപ്പോൾ ഈ സേനയിൽ അംഗങ്ങളായുണ്ട്. ഇവരിൽ നിന്നും 25 വയസ്സിനുതാഴെയുള്ള ആരോഗ്യവാന്മാരായ 1000 പേരെ തെരഞ്ഞെടുത്ത് അവർക്ക് 2018-19 വർഷം ഫയർ & സേഫ്റ്റി, ഡിസാസ്റ്റർ മാനേജ്മെന്റ് ഇവയിൽ പ്രത്യേക പരിശീലനം നൽകിയിരുന്നു. ഇവരുടെ സേവനം ബോധവൽക്കരണ പരിപാടികളുൾപ്പെടെയുള്ളവയിൽ വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു.

## യുവജനകാര്യ വകുപ്പിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

251(657) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനകാര്യ വകുപ്പിന് ജില്ലാതലത്തിൽ ഓഫീസുകളും ഓഫീസർമാരും ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലാതലത്തിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിയോഗിക്കുമോ;

(സി) യുവജനകാര്യ വകുപ്പിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച് ജില്ലാ തലത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സംഘടിപ്പിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ എല്ലാ ജില്ലകളിലും ജില്ലാ യുവജനകേന്ദ്രങ്ങളും ജില്ലാ ഓഫീസർമാരും പ്രവർത്തിച്ചുവരുന്നു. കേരള സംസ്ഥാന യുവജനകമ്മീഷനിൽ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാതലത്തിൽ വോളണ്ടിയർമാരെ വിവിധ പരിപാടികൾക്കായി നിയമിക്കാറുണ്ട്.

(സി) യുവജനക്ഷേമ ബോർഡിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിലും ബോർഡ് പ്രസിദ്ധീകരിക്കുന്ന യുവജനമാസികയിലും വിവരങ്ങൾ നൽകിവരുന്നു. കൂടാതെ മറ്റ് പത്ര പ്രസിദ്ധീകരണങ്ങൾ വഴിയും വിവരങ്ങൾ നൽകാറുണ്ട്. കേരള സംസ്ഥാന യുവജനകമ്മീഷൻ ജില്ലാതലത്തിൽ യുവജനങ്ങൾക്കായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

## കെ.എസ്.ഇ.ബി. ലിമിറ്റഡിലെ നിയമനങ്ങൾ

252(658) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പുതുതായി എത്ര ജീവനക്കാരെ നിയമിച്ചു എന്നതിന്റെ കണക്ക് കാറ്റഗറി തിരിച്ച് ലഭ്യമാക്കുമോ;

(ബി) പല കാറ്റഗറികളിലും പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടായിട്ടും നിയമനം നടക്കുന്നില്ല എന്ന ഉദ്യോഗാർത്ഥികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുവാൻ അടിയന്തരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പി.എസ്.സി., ആശ്രിത നിയമനം, സ്പോർട്സ് ക്വാട്ട ഉൾപ്പെടെ പുതുതായി നിയമനം ലഭിച്ച ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 278 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ ) | 4 |
| 3 | ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | 1 |
| 4 | സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 1060 |
| 5 | സബ് എഞ്ചിനീയർ (സിവിൽ) | 2 |
| 6 | കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് | 142 |
| 7 | മീറ്റർ റീഡർ | 15 |
| 8 | ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | 6 |
| 9 | ഇലക്ട്രിസിറ്റി വർക്കർ | 1027 |
| 10 | ഓഫീസ് അറ്റൻഡന്റ് | 108 |
| 11 | ഡ്രൈവർ | 1 |

(ബി)ഇല്ല. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പി.എസ്.സി വഴി നിയമനം നടത്തുന്ന എല്ലാ തസ്തികകളിലുമുണ്ടകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്.

(സി) വിവിധ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട ബോർഡിന്റെ നിർദ്ദേശങ്ങളും അനുമതിയും ലഭിക്കുന്ന മുറയ്ക്ക് നിയമന നടപടി സ്വീകരിച്ചുവരുന്നു.

**ഡാം മാനേജ്മെന്റും പ്രളയവും**

253(659) ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ കാലവർഷ കാലത്ത് സംസ്ഥാനത്തെ ഡാമുകൾ നിറഞ്ഞ സാഹചര്യം ഫലപ്രദമായി ഉപയോഗപ്പെടുത്തി വൈദ്യുതി ഉൽപ്പാദനം പരാമാവധിയിലെത്തിക്കുവാൻ കെ.എസ്.ഇ.ബി.-ക്ക് സാധിച്ചിരുന്നുവോ;

(ബി) 2018 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഇതുമൂലം എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് കെ.എസ്.ഇ.ബി.-ക്ക് അധികമായി ഉൽപാദിപ്പിക്കുവാൻ സാധിച്ചതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത വൈദ്യുതി പവർ എക്സ്ചേഞ്ചുകൾ വഴി വില്പന നടത്തിയ വകയിൽ കെ.എസ്.ഇ.ബി.ക്ക് വരുമാന വർദ്ധനവ് നേടുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) 2018 ജൂലൈ മാസത്തിൽ തന്നെ കെ.എസ്.ഇ.ബി.-യുടെ പ്രധാനപ്പെട്ട ജലസംഭരണികളിൽ പരമാവധി ശേഷിയെത്തിയിട്ടും ഡാമുകൾ ക്രമമായി തുറന്ന് വിട്ട് ജലവിതാനം താഴ്ത്താതിരുന്നതിന് കാരണം പരമാവധി വൈദ്യുതി ഉൽപ്പാദനത്തിലൂടെ അധിക ലാഭം കൊയ്യുക എന്ന കെ.എസ്.ഇ.ബി.-യുടെ ലാഭക്കൊതി ആയിരുന്നുവെന്ന ആക്ഷേപം വസ്തുതാപരമാണോ;

(ഇ) സംസ്ഥാനത്തുണ്ടായ പ്രളയം മനുഷ്യനിർമ്മിതമാണെന്ന ഹൈക്കോടതി നിയമിച്ച അമിക്യസ് ക്യൂറിയുടെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 2018 ആഗസ്റ്റിലുണ്ടായ പ്രളയത്തിൽ കെ.എസ്.ഇ.ബി.-യുടെ പങ്ക് എത്രമാത്രമായിരുന്നു എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 2018-ലെ കാലവർഷക്കാലത്ത് ഡാമുകളിൽ ഒഴുകിയെത്തിയ അധിക ജലം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും ഡാമുകളിലെ ജലനിരപ്പ് നിയന്ത്രിക്കുന്നതിനുമായി ടി ജലമുപയോഗിച്ച് വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ പരമാവധി ശ്രമിച്ചിട്ടുണ്ട്.

(ബി) 2018-ലെ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ലക്ഷ്യമിട്ടിരുന്നതിലും അധികമായി 1006 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഉത്പാദിപ്പിച്ചത്.

(സി) അധികമായി ഉത്പാദിപ്പിച്ച വൈദ്യുതിയിൽ സംസ്ഥാനത്തിന്റെ ആവശ്യകത കഴിച്ച് ശേഷിക്കുന്ന വൈദ്യുതി പവർ എക്സ്ചേഞ്ച് വഴി വിറ്റ വകയിൽ 123.24 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) വസ്തുതാപരമല്ല. ജൂലൈ മാസത്തിൽ പ്രധാനപ്പെട്ട വലിയ ഡാമുകളായ ഇടുക്കി, ഇടമലയാർ, പമ്പ, കക്കി തുടങ്ങിയവയിൽ പരമാവധി ജലനിരപ്പ് എത്തിയിട്ടില്ല. എന്നാൽ ജൂലൈ 25-ന തന്നെ ജലനിരപ്പ് കൂടുതൽ ഉയരുന്നപക്ഷം ജലവിതാനം ക്രമീകരിക്കുവാൻ തീരുമാനിക്കുകയും അതനുസരിച്ച് ആഗസ്റ്റ്

മാസത്തിൽ പെയ്ത വലിയ മഴമൂലം ഉയർന്ന ജലനിരപ്പ് കൃത്യമായ നിയന്ത്രണത്തിലൂടെ തുറന്ന് വിടുകയും പരമാവധി വൈദ്യുതി ഉല്പാദിപ്പിക്കുകയും ആണ് ചെയ്തിട്ടുള്ളത്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അമിക്കസ്ക്യൂറിയുടെ അഭിപ്രായം വസ്തുതാപരമല്ല.

പ്രളയം ഉണ്ടായതിൽ ഡാമുകൾ പ്രത്യേകിച്ച് പങ്കൊന്നും വഹിച്ചിരുന്നില്ല. അതിതീവ്ര മഴയാണ് പ്രളയത്തിനു കാരണമായത്. 2018 ആഗസ്റ്റിലുണ്ടായ പ്രളയം സംബന്ധിച്ച്, കേന്ദ്ര ജലകമ്മീഷൻ നടത്തിയ പഠനത്തിനുശേഷം തയ്യാറാക്കിയ റിപ്പോർട്ടിൽ കേരളത്തിലെ ഡാമുകൾ തുറന്നതല്ല പ്രളയത്തിന് കാരണമെന്ന് വിശദമാക്കിയിട്ടുണ്ട്. 2018 ആഗസ്റ്റ് മാസം 8, 9, 15, 16, 17 തീയതികളിൽ കേരളത്തിൽ പെയ്ത അതിതീവ്ര മഴയാണ് പ്രളയത്തിന് കാരണമെന്ന് റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്.

**വർക്കല നിയോജകമണ്ഡലത്തിലെ വൈദ്യുതി പദ്ധതികൾ**

254(660) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

ഉത്തരം

വർക്കല നിയോജക മണ്ഡലത്തിൽ വർക്കല, പാലച്ചിറ, പള്ളിക്കൽ, മടവൂർ, കല്ലമ്പലം എന്നീ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ സെക്ഷനുകളിൽ 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

- 100 കെ.വി.എ. ട്രാൻസ്ഫോർമറിന്റെ ശേഷി 250 കെ.വി.എ. ആയി വർദ്ധിപ്പിക്കൽ -2 എണ്ണം.
- 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നത് - 3 എണ്ണം
- 160 കെ.വി.എ. ട്രാൻസ്ഫോർമറിന്റെ ശേഷി 250 കെ.വി.എ. ആയി വർദ്ധിപ്പിക്കൽ - 1 എണ്ണം.
- എൽ.ടി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആക്കുന്ന പ്രവൃത്തി - 34.79 കി.മീ.
- എൽ.ടി. സിംഗിൾ ഫേസ് 2 വയർ ലൈനിന്റെ റീ കണ്ടക്ടറിംഗ് പ്രവൃത്തി- 83.84 കി.മീ.

- എൽ.ടി. സിംഗിൾ ഫേസ് 3 വയർ ലൈനിന്റെ റീ കണ്ടക്ടറിംഗ് പ്രവൃത്തി- 65.6 കി.മീ.
- എൽ.ടി. 3 ഫേസ് 4 വയർ ലൈനിന്റെ റീ കണ്ടക്ടറിംഗ് പ്രവൃത്തി - 79.22 കി.മീ.
- എൽ.ടി. 3 ഫേസ് 5 വയർ ലൈനിന്റെ റീ കണ്ടക്ടറിംഗ് പ്രവൃത്തി - 88 കി.മീ.
- 11 കെ .വി.ലൈൻ വലിക്കുന്ന പ്രവൃത്തി - 11.8 കി.മീ.
- എൽ.ടി. 3 ഫേസ് ലൈൻ വലിക്കുന്ന പ്രവൃത്തി - 7.485 കി. മീ.
- 11 കെ.വി. OH ലൈൻ HT ABC ആക്കുന്ന പ്രവൃത്തി - 1.25 കി.മീ.
- HT ABC വലിക്കുന്ന പ്രവൃത്തി - 1.2 കി.മീ.
- 11 KV UG Cable ഇടുന്ന പ്രവൃത്തി - 4.55 കി. മീ.
- നിലവിലുള്ള എച്ച്.റ്റി ലൈനിൽ LT ABC വലിക്കുന്ന പ്രവൃത്തി - 0.21 കി.മീ.
- 8m PSC പോസ്റ്റ് ഉപയോഗിച്ച് LT ABC വലിക്കുന്ന പ്രവൃത്തി - 1.7 കി.മീ.

വർക്കല നിയോജകമണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ മുടങ്ങിക്കിടന്ന വിളക്കുളം സബ്സ്റ്റേഷൻ പദ്ധതി പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നു. 2018-19-ൽ പൂർത്തീകരിക്കാൻ തീരുമാനിച്ച പ്രസ്തുത വിളക്കുളം സബ്സ്റ്റേഷൻ പദ്ധതി പൂർത്തീകരിക്കുവാൻ നാട്ടുകാരുടെ എതിർപ്പുമൂലം സാധിച്ചിട്ടില്ല. വിളക്കുളം 33 കെ.വി. സബ്സ്റ്റേഷൻ ജോലികൾ 94% പൂർത്തിയായിക്കഴിഞ്ഞു. എന്നാൽ സബ്സറ്റേഷനുമായി ബന്ധപ്പെട്ട ലൈൻ വർക്കുകൾ പ്രദേശവാസികളുടെ എതിർപ്പുകാരണം മുടങ്ങിക്കിടക്കുന്നു. പ്രദേശവാസികളുടെ എതിർപ്പ് മാറിയാൽ പ്രസ്തുത സബ്സ്റ്റേഷൻ ചാർജ് ചെയ്യാനുള്ള നടപടിക്രമങ്ങൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

വർക്കല നിയോജകമണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ പുതിയ ഗ്രൗണ്ട് മൗണ്ടഡ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുവാൻ പദ്ധതി ഇല്ല. എന്നാൽ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പ്ലാന്റുകൾ സ്ഥാപിച്ച്

വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യം വെച്ചുള്ള സൗര പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നിയോജകമണ്ഡലത്തിലെ ഉപഭോക്താക്കളുടെ സ്ഥലം പരിശോധനയും സാങ്കേതിക സാധ്യതയും പരിശോധിച്ച് അനുയോജ്യമായ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 2019-20 സാമ്പത്തികവർഷം ചെയ്യുവാൻ വിഭാവനം ചെയ്തിട്ടുണ്ട്.

**ഊർജ്ജ കേരളമിഷൻ പ്രവർത്തനം**

255(661) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുത മേഖലയുടെ വികസനത്തിനായി ഊർജ്ജ കേരള മിഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ മിഷന്റെ പ്രവർത്തനം വിശദീകരിക്കാമോ;

(ബി) മിഷന്റെ പ്രവർത്തനഫലമായി എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ & ബി) കേരളത്തിന്റെ ഊർജ്ജ മേഖലയെ ആഗോള നിലവാരത്തിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തിൽ കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സമഗ്രപദ്ധതിയാണ് 'ഊർജ്ജ കേരള മിഷൻ'. അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

വരുന്ന മൂന്ന് വർഷങ്ങൾക്കുള്ളിൽ നടപ്പാക്കേണ്ട അഞ്ച് പദ്ധതികൾ ഉൾപ്പെടുന്നതാണ് 'ഊർജ്ജ കേരള മിഷൻ'. അനെർട്ട് (ANERT), എനർജി മാനേജ്മെന്റ് സെന്റർ (EMC), ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് മുതലായ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടെ കെ.എസ്.ഇ.ബി ലിമിറ്റഡ് നടപ്പാക്കേണ്ട ഈ പദ്ധതികളുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

1. സൗര (Soura)

മൂന്ന് വർഷങ്ങൾകൊണ്ട് സൗരോർജ്ജ ഉത്പാദനത്തിൽ നിന്നും 1000 മെഗാവാട്ട് അധികമായി ചേർക്കുന്ന സൗര എന്ന പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട്, സ്വകാര്യ ഉത്പാദകരിൽ നിന്നും ബിഡ്ഡിംഗ് മുഖേന 200 മെഗാവാട്ട്, സോളാർ പാർക്കിൽ നിന്നും 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ വഴി 100 മെഗാവാട്ട്, കനാൽ ടോപ്പ് - ഹൈവേ സോളാർ പദ്ധതികളിൽ നിന്നും 50 മെഗാവാട്ട് എന്നിങ്ങനെയാണ് വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ്:

i) 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിലൂടെ ലക്ഷ്യമിട്ട് താല്പര്യമുള്ള ഉപഭോക്താക്കളിൽ നിന്ന് അപേക്ഷ ക്ഷണിച്ചതിൻപ്രകാരം 200 മെഗാവാട്ട് പുരപ്പുറശേഷിക്ക് 2,78,258 ഉപഭോക്താക്കൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു. രജിസ്റ്റർ ചെയ്ത ഉപഭോക്താക്കളുടെ പുരപ്പുറവും മറ്റു സാങ്കേതിക വിവരങ്ങളും ശേഖരിക്കുന്നതിനുള്ള സർവ്വേ നടപടികൾ പുരോഗമിക്കുന്നു. 1.5 ലക്ഷത്തിലധികം സർവ്വേകൾ പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വേയുടെ പരിശോധനയും അനുയോജ്യമായ പുരപ്പുറം തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. പദ്ധതിയുടെ ടെണ്ടർ വിളിക്കുന്നതിനായുള്ള ടെണ്ടർ പ്രമാണങ്ങൾ തയ്യാറായിക്കഴിഞ്ഞു. ഓൺലൈൻ ടെണ്ടർ വിളിക്കുന്നതിനുള്ള പ്ലാറ്റ്ഫോറം നൽകുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ MSTC Ltd-മായി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 2019 നവംബർ മാസത്തോടുകൂടി തെരഞ്ഞെടുക്കപ്പെട്ട ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. പുരപ്പുറ പദ്ധതിയിൽ കേരളത്തിലുടനീളം വരുന്ന ഗാർഹിക, സർക്കാർ, പൊതുമേഖല, സ്വകാര്യ കെട്ടിടങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും ഉൾപ്പെടുന്നു.

ii) കേരളത്തിനുള്ളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽ നിന്നും 200 മെഗാവാട്ട് സൗരോർജ്ജം 25 വർഷത്തേക്ക് വാങ്ങുവാൻ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

iii) കാസർഗോഡ് സോളാർ പാർക്കിൽ നടപ്പിലാക്കുന്ന 50 മെഗാവാട്ട് പദ്ധതിക്ക് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി THDCL-മായി വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിനായി 250 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. പദ്ധതിക്കുള്ള ടെണ്ടർ 5-3-2019-ൽ ക്ഷണിച്ചിട്ടുണ്ട്.

iv) കായംകുളത്ത് NTPC-യുടെ കൈവശമുള്ള ഭൂമി/കായൽ ഉപയോഗപ്പെടുത്തി സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം 92 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി കായംകുളത്ത് NTPC-യുടെ കൈവശമുള്ള കായൽ പരപ്പിൽ സ്ഥാപിക്കുന്നതിന് മുന്നോടിയായി KSEB-യും NTPC-യും തമ്മിൽ വൈദ്യുതി വാങ്ങൽ കരാർ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഏർപ്പെട്ടിട്ടുണ്ട്.

v) കേന്ദ്ര സർക്കാർ സ്ഥാപനമായ NHPC മുഖേന 10 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കുന്നതിനുള്ള വൈദ്യുതി വാങ്ങൽ കരാർ അന്തിമമാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. പദ്ധതിക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. വർക്ക് അവാർഡ് ചെയ്യുന്ന ഘട്ടത്തിലാണ്.

vi) KSEBL-ന്റെ അധീനതയിൽ ഉള്ള വയനാട് ജില്ലയിലെ ബാണാസുരസാഗർ റിസർവോയർ, ഇടുക്കി ജില്ലയിലെ ചെങ്കുളം, കല്ലാർകുട്ടി, ഇടുക്കി ആനയിറങ്ങൽ, പൊന്മുടി, കുണ്ടള എന്നീ ജലസംഭരണികളിലും ഫ്ലോട്ടിംഗ് സോളാർ പദ്ധതി സ്ഥാപിക്കുന്നതിന് പ്രാഥമിക പഠനം നടത്തുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ ആയ SECI, NTPC എന്നിവയുമായി ധാരണയായിട്ടുണ്ട്.

2. <u>ദ്യുതി -2021</u>

'ദ്യുതി-2021' എന്ന സമഗ്ര പദ്ധതി നടപ്പാക്കുന്നതിലൂടെ നഗര-ഗ്രാമ വ്യത്യാസം ഇല്ലാതെ എല്ലായിടത്തും കുറഞ്ഞത് രണ്ട് സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി എത്തിക്കാൻ കഴിയുന്നവിധം വൈദ്യുതി വളയ സംവിധാനം രൂപപ്പെടുത്തുകയും അങ്ങനെ മുഴുവൻ സമയവും വൈദ്യുതി ലഭ്യത ഉറപ്പാക്കി ആഗോളതലത്തിലെ മികച്ച വൈദ്യുതി വിതരണ വിശ്വാസ്യത ആർജ്ജിക്കുകയുമാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി HT ലൈനുകൾ പുതുതായി നിർമ്മിക്കുക, ലോഡ് സെന്ററുകളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, ശൃംഖലകളിൽ ബാക് ഫീഡിംഗ് സംവിധാനം ഉറപ്പുവരുത്തുക, ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക. (റീകണ്ടക്റ്ററിംഗ് വർക്കുകൾ), പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി അപകടങ്ങൾക്ക് കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികൾ ഈ

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ' (എബിസി) ഉപയോഗിക്കുന്ന വർക്കുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യ പടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ D.P.R. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

3. <u>ട്രാൻസ്ഗ്രിഡ് 2.0</u>

കേരളത്തിലെ ഭാവി വൈദ്യുതി ആവശ്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖല (Intra-state Transmission Network) ശക്തിപ്പെടുത്തുക എന്ന ദൗത്യമാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിൽ ഉള്ളത്. രണ്ട് ഘട്ടങ്ങളിലായി 10,000 കോടി രൂപ മൂലധന വിഹിതം ആവശ്യമുള്ള പദ്ധതിയാണിത്. ഈ പദ്ധതി നടപ്പാകുന്നതോടെ സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖലയുടെ ശേഷി ഗണ്യമായി ഉയരുകയും പ്രസരണനഷ്ടം പരമാവധി കുറയ്ക്കുകയും ചെയ്യാനാവും. ഒന്നാംഘട്ടം 2021-ൽ പൂർത്തിയാകും. പുതിയ 400 കെ.വി. ട്രാൻസ്മിഷൻ ലൈനുകൾ വലിക്കുക, പുതിയ 220 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക, നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷനുകൾ 220 കെ.വി. ആയി ഉയർത്തുക മുതലായ ജോലികൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. 6375 കോടി രൂപയുടെ ഒന്നാംഘട്ട പദ്ധതിക്ക് കേരള സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. KIIFB-യിൽ നിന്നും പദ്ധതിക്ക് ഫണ്ട് അനുവദിക്കാനുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിക്കുന്നു.

4. <u>ഫിലമെന്റ് രഹിത കേരളം</u>

സംസ്ഥാനത്തുടനീളം നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഫിലമെന്റ് ലാമ്പുകൾ മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ലാമ്പുകൾ സ്ഥാപിക്കുക എന്ന ബൃഹത്തായ പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം. കെ.എസ്.ഇ.ബി.എൽ.- ഉം എനർജി മാനേജ്മെന്റ് സെന്ററും (EMC) ചേർന്ന് സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഒരു പദ്ധതിയാണ് ഇത്. കേരളത്തിലെ 1.25 കോടിയോളം വരുന്ന ഉപഭോക്താക്കളിൽ 80 ലക്ഷത്തോളം വരുന്ന ഗാർഹിക ഉപഭോക്താക്കളെയാണ് ആദ്യ ഘട്ടത്തിൽ ഈ പദ്ധതി ലക്ഷ്യമിടുന്നത്. അതോടൊപ്പം സ്ട്രീറ്റ് ലൈറ്റുകളും ലക്ഷ്യമിട്ടിട്ടുണ്ട്.

7.5 കോടി 9W LED ബൾബുകളും 3 കോടി 18W/20W LED ട്യൂബുകളുമാണ് ഈ പദ്ധതി വഴി വിതരണം ചെയ്യുവാൻ ലക്ഷ്യമിടുന്നത്. ഈ പദ്ധതി വിജയകരമായി നടപ്പാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ-ലെയും ഇ.എം.സി.-യിലെയും ഉന്നത ഉദ്യോഗസ്ഥർ അംഗങ്ങൾ ആയിട്ടുള്ള ഒരു ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

5. ഇ-സേഫ് കേരളം

കേരളം ഒരു വൈദ്യുതി അപകടരഹിത സംസ്ഥാനമാക്കി മാറ്റുവാൻ കെ.എസ്.ഇ.ബി. ലിമിറ്റഡും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ചേർന്ന് സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് 'ഇ-സേഫ്'. വൈദ്യുതി സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുക, നിലവിലുള്ള ട്രാൻസ്മിഷൻ ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്ക് ആധുനികവൽക്കരിച്ച് സുരക്ഷ ഉറപ്പാക്കുക, ബെയർ കണ്ടക്ടറുകൾ മാറ്റി അണ്ടർഗ്രൗണ്ട് കേബിളുകൾ ആക്കുക, കവേർഡ് കണ്ടക്ടറുകളും ABC കണ്ടക്ടറുകളും ഉപയോഗിച്ച് ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്ക് കൂടുതൽ സുരക്ഷിതമാക്കുക, ELCB സ്ഥാപിച്ചിട്ടില്ലാത്ത ബി.പി.എൽ. ഉപഭോക്താക്കൾക്കും SC/ST ഉപഭോക്താക്കൾക്കും ELCB സ്ഥാപിച്ചു നൽകുക എന്നീ ജോലികൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

വൈദ്യുത ഉത്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകളിലേയും ഗാർഹിക മേഖലയിലേയും വൈദ്യുത അപകടം ഒഴിവാക്കുന്നതിനായി ലൈൻ നവീകരണം, ഉപകരണങ്ങളുടെ Quality Check, സേഫ്റ്റി ഓഡിറ്റ്, ഡിജിറ്റൽ സുരക്ഷാ സേഫ് കരിയർ, സേഫ്റ്റി ട്രെയിനിംഗ്, സേഫ്റ്റി മോണിറ്ററിംഗ് തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

കെ.എസ്.ഇ.ബി.എൽ. തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുക, സുരക്ഷാ പരിശീലനം നൽകുക, സുരക്ഷയെ സംബന്ധിച്ച ബോധവൽക്കരണവും പ്രചരണവും നൽകുക എന്നീ പ്രവൃത്തികൾ ഇതിന്റെ അനുബന്ധമായി വിജയകരമായി നടന്നുവരുന്നുണ്ട്.

ഊർജ്ജ കേരള മിഷൻ പദ്ധതി നടപ്പിൽ വരുത്തുന്നതുവഴി പീക്ക് ലോഡ് സമയത്ത് ഏകദേശം 300 മെഗാവാട്ട് വരെ വൈദ്യുതി ലാഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഡാമുകൾ

256(662) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉത്പ്പാദിപ്പിക്കുന്ന എത്ര ഡാമുകൾ ഉണ്ട്, വിശദമാക്കാമോ;

(ബി) പ്രസ്തുത ഡാമുകളിൽ നിന്നും ഒരു വർഷം ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് എത്രയാണെന്ന് അറിയിക്കുമോ;

(സി) കേരളത്തിന്റെ ഉപയോഗത്തിനായി ഒരു വർഷം എത്ര അളവ് വൈദ്യുതി ആവശ്യമാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈദ്യുതി ബോർഡിന്റെ അധീനതയിൽ വൈദ്യുതി ഉത്പാദനത്തിനായി വലുതും ചെറുതുമായ 59 ഡാമുകളുണ്ട്.

(ബി) കഴിഞ്ഞ 10 വർഷത്തെ കണക്കനുസരിച്ച് സംസ്ഥാനത്തെ ഡാമുകളിൽ നിന്നും ഒരു വർഷം ശരാശരി 6706 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കും.

(സി) 2018-19 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ വൈദ്യുതി ഉപഭോഗം 24960.9017 ദശലക്ഷം യൂണിറ്റ് ആയിരുന്നു.

## വൈദ്യുതി സ്വയംപര്യാപ്ത സംസ്ഥാനം

257(663) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തെ ഒരു വൈദ്യുതി സ്വയംപര്യാപ്ത സംസ്ഥാനമായി മാറ്റിയെടുക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ ഏകദേശം 30 ശതമാനം മാത്രമേ ആഭ്യന്തര ഉത്പാദന നിലയങ്ങൾ വഴി ലഭ്യമാക്കുന്നുള്ളു. സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന ഉപഭോഗത്തിനനുസരിച്ച് വൈദ്യുതി ലഭ്യമാക്കുന്നതിനായി ആഭ്യന്തര ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുവാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന 10 ജലവൈദ്യുത പദ്ധതികളും

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വന്തം നിലയിൽ നടപ്പാക്കിവരുന്ന സൗരോർജ്ജ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. അടുത്ത രണ്ട് വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് ശേഷി വർദ്ധന ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ടിട്ടുള്ള സൗരോർജ്ജ പദ്ധതിയായ 'സൗര' യിലൂടെ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിലൂടെ നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ പുരോഗമിക്കുന്നു. പുരപ്പുറ സൗരോർജ്ജ പദ്ധതിക്കുപുറമേ സ്വകാര്യ ഉത്പാദകരിൽ നിന്നും ബിഡ്ഡിംഗ് മുഖേന 200 മെഗാവാട്ട്, സോളാർ പാർക്കിൽ നിന്നും 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ വഴി 100 മെഗാവാട്ട്, കനാൽ ടോപ്പ് ഹൈവേ സോളാർ പദ്ധതികളിൽ നിന്നും 50 മെഗാവാട്ട് എന്നിങ്ങനെയാണ് ഉൽപ്പാദിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. സ്വീകരിച്ച നടപടികൾ താഴെ പറയുന്നവയാണ്:

1. 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിലൂടെ ലക്ഷ്യമിട്ട് താത്പര്യമുള്ള ഉപഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചതിൻപ്രകാരം 2.78 ലക്ഷം ഉപഭോക്താക്കൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുവരെ 1.5 ലക്ഷത്തിലധികം പേരുടെ സർവ്വേകൾ പൂർത്തിയായി. പദ്ധതിക്കുവേണ്ടിയുള്ള ടെണ്ടർ പ്രമാണങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

2. കേരളത്തിനുള്ളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽ നിന്നും 200 മെഗാവാട്ട് സൗരോർജ്ജം 25 വർഷത്തേയ്ക്ക് വാങ്ങുവാൻ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

3. കാസർഗോഡ് സോളാർ പാർക്കിൽ നടപ്പാക്കുന്ന 50 മെഗാവാട്ട് പദ്ധതിക്ക് THDCL-മായി വൈദ്യുതി വാങ്ങൽ കരാർ റഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഏർപ്പെട്ടിട്ടുണ്ട്. പദ്ധതിക്കുള്ള ടെണ്ടർ 5-3-2019-ൽ ക്ഷണിച്ചിട്ടുണ്ട്.

4. കായംകുളത്ത് എൻ.റ്റി.പി.സി. കൈവശമുള്ള ഭൂമി/കായൽ ഉപയോഗപ്പെടുത്തി സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം 92 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി കായംകുളത്ത് എൻ.റ്റി.പി.സി.-യുടെ കൈവശമുള്ള കായൽപരപ്പിൽ സ്ഥാപിക്കുന്നതിന് മുന്നോടിയായി കെ.എസ്.ഇ.ബി.-യും എൻ.റ്റി.പി.സി.-യും തമ്മിൽ വൈദ്യുതി വാങ്ങൽ കരാർ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഏർപ്പെട്ടിട്ടുണ്ട്.

5. കേന്ദ്രസർക്കാർ സ്ഥാപനമായ എൻ.എച്ച്.പി.സി. മുഖേന 10 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കുന്നതിനുള്ള വൈദ്യുതി വാങ്ങൽ കരാർ അന്തിമമാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. പദ്ധതിക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. വർക്ക് അവാർഡ് ചെയ്യുന്ന ഘട്ടത്തിലാണ്.

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ അധീനതയിലുള്ള വയനാട് ജില്ലയിലെ ബാണാസുര സാഗർ റിസർവോയർ, ഇടുക്കി ജില്ലയിലെ ചെങ്കുളം, കല്ലാർക്കുട്ടി, ഇടുക്കി, ആനയിറങ്ങൽ, പൊൻമുടി, കുണ്ടള എന്നീ ജലസംഭരണികളിലും ഫ്ലോട്ടിംഗ് സോളാർ പദ്ധതി സ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനങ്ങളായ SECI, NTPC എന്നിവയുമായി ധാരണയായിട്ടുണ്ട്.

ജലവൈദ്യുത പദ്ധതികൾ, സൗരോർജ്ജ പദ്ധതികൾ എന്നിവയ്ക്കുപുറമെ വൈദ്യുതോൽപ്പാദനത്തിനായി ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ KSIDC മുഖേന (ആകെ 44.76 മെഗാവാട്ട്) സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ബ്രഹ്മപുരം, പെരിങ്ങമ്മല, ലാലൂർ, കഞ്ചിക്കോട്, ഞെളിയൻപറമ്പ്, ചെലോറ, കുരീപ്പുഴ, പാണക്കാട്, വയനാട് തുടങ്ങിയ സ്ഥലങ്ങളിലാണ് പ്ലാന്റുകൾ സ്ഥാപിക്കുന്നത്.

ഇടുക്കി പദ്ധതിയോടനുബന്ധിച്ച് മറ്റൊരു വൈദ്യുതി നിലയം കൂടി സ്ഥാപിക്കുന്നതിനാവശ്യമായ പഠനങ്ങളുടെ ഭാഗമായി ഡി.പി.ആർ. തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

വൈദ്യുതി സ്വയംപര്യാപ്തതയിൽ എത്തുന്നതിനുവേണ്ടി കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതോടൊപ്പം വൈദ്യുതി കൂടുതൽ കാര്യക്ഷമമായി ഉപയോഗിച്ചുകൊണ്ട് വൈദ്യുതി ആവശ്യകത കുറച്ചുകൊണ്ടുവരുന്ന ഊർജ്ജസംരക്ഷണ പരിപാടികളും നടപ്പിലാക്കുന്നുണ്ട്.

ഇ.എം.സി. നടത്തുന്ന ഊർജ്ജസംരക്ഷണ പരിപാടികൾ നിയുക്ത ഉപഭോക്താക്കൾ

ഊർജ്ജസംരക്ഷണ നിയമം പ്രകാരം നിയുക്ത ഉപഭോക്താക്കളായി പ്രഖ്യാപിച്ച വ്യവസായങ്ങളിൽ മൂന്ന് വർഷം കൂടുമ്പോൾ ഊർജ്ജ ഓഡിറ്റ് നടത്തേണ്ടത് നിർബന്ധമാണ്. കേരളത്തിൽ ഇത്തരത്തിൽ 9 വ്യവസായ ശാലകളാണുള്ളത്. ഇവർക്കായി പ്രത്യേക ഊർജ്ജസംരക്ഷണ പരിപാടികൾ നടപ്പിലാക്കുന്നു.

<u>വൻകിട ഊർജ്ജ ഉപഭോക്താക്കൾ</u>:-

കേരളത്തിൽ വൻകിട ഊർജ്ജ ഉപഭോക്താക്കൾക്ക് ജി.ഒ.(ആർ.ടി)നമ്പർ 2/2011/പി.ഡി. തീയതി 1-1-2011 നമ്പർ ഉത്തരവ് പ്രകാരം ഊർജ്ജ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. ഇവർക്ക് ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്നതിനുവേണ്ടി എനർജി മാനേജ്മെന്റ് സെന്റർ 44 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്.

<u>ചെറുകിട വ്യവസായ മേഖലകൾ</u>

ചെറുകിട വൈദ്യുതി ഉപഭോക്താക്കൾക്ക് (ഗാർഹിക ഉപഭോക്താക്കൾ ഒഴികെ) ഊർജ്ജസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രാഥമിക ഊർജ്ജ ഓഡിറ്റ് സബ്സിഡി പദ്ധതി നിലവിലുണ്ട്.

<u>മാതൃകാ ഊർജ്ജ കാര്യക്ഷമ പഞ്ചായത്തുകൾ</u>

ഗ്രാമപഞ്ചായത്തുകൾ ഊർജ്ജ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 14 പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും ബോധവൽക്കരണ പരിപാടികൾ, ഊർജ്ജ കാര്യക്ഷമ ഉപകരണങ്ങളുടെ വിവരണം, സർക്കാർ സ്കൂളുകളിലും സർക്കാർ കെട്ടിടങ്ങളിലും ഊർജ്ജ ഓഡിറ്റ് എന്നിവ ഈ പരിപാടിയുടെ ഭാഗമാണ്.

<u>സർക്കാർ കെട്ടിടങ്ങൾ</u>

സർക്കാർ കെട്ടിടങ്ങൾ ഊർജ്ജ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 5 സിവിൽ സ്റ്റേഷനുകളിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലും ഊർജ്ജ ഓഡിറ്റിംഗ് പൂർത്തിയാക്കി.

2018-19 സാമ്പത്തിക വർഷത്തിൽ 106 കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ, സെയിൽ ടാക്സ് ഓഫീസ്, തിരുവനന്തപുരം എന്നീ സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ ഓഡിറ്റ് പൂർത്തിയാക്കി.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധിയിൽ നിന്നും ഒരു കോടി രൂപ ചെലവഴിക്കുന്നതിന് ഊർജ്ജ സംരക്ഷണ സംസ്ഥാനതല നിധിയുടെ സംസ്ഥാനതല സ്റ്റീയറിംഗ് കമ്മിറ്റി അനുവാദം നൽകിയിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ സിവിൽ സ്റ്റേഷനുകളിൽ 10 ലക്ഷം രൂപ വീതം ചെലവിട്ട് ഊർജ്ജകാര്യക്ഷമത കൂടിയ വൈദ്യുത ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

ഫിലമെന്റ് രഹിത ഗ്രാമപഞ്ചായത്ത്

കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്തിനെ ഇന്ത്യയിലെ ആദ്യത്തെ ഫിലമെന്റ് രഹിത പഞ്ചായത്തായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2018 ഏപ്രിൽ 12-ന് പ്രഖ്യാപിച്ചു. ഇ.എം.സി.-യും പീലിക്കോട് ഗ്രാമപഞ്ചായത്തും ചേർന്ന് നടത്തിയ പദ്ധതിയുടെ ഭാഗമായാണ് ഇതുനടപ്പിലാക്കിയത്. ഇ.എം.സി.-യിൽ നിന്ന് 50 രൂപ നിരക്കിൽ 16500 എൽ.ഇ.ഡി. ബൾബുകൾ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകിയിരുന്നു. കൂടാതെ കെ.എസ്.ഇ.ബി. 2000 ബൾബുകളും വിതരണം ചെയ്തിട്ടുണ്ട്.

ഫിലമെന്റ് രഹിത കേരളം

കേരളം മുഴുവനായി ഫിലമെന്റ് രഹിത സംസ്ഥാനമായി മാറ്റുന്ന പദ്ധതി (ഊർജ്ജ കേരള മിഷൻ) സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 7.5 കോടി എൽ.ഇ.ഡി. ബൾബുകൾ നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്.

ഊർജ്ജസംരക്ഷണ കെട്ടിട കോഡ് (ECBC)

വാണിജ്യ സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് 100 kVA-ക്ക് മുകളിൽ വൈദ്യുതി ആവശ്യം വരുന്ന കെട്ടിടങ്ങൾക്ക് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) നിർബന്ധമാക്കിക്കൊണ്ടുള്ള കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് നിർബന്ധമാക്കി ഉത്തരവ് ജി.ഒ. (പി) നമ്പർ 3/2017/പി.ഡി. തീയതി 11 ഏപ്രിൽ 2017 പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതിന്റെ ഭാഗമായി എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് വിഷയമാക്കി 36 പരിശീലന പരിപാടികൾ പൊതുമരാമത്ത്, നഗരാസൂത്രണം, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ലൈസൻസ്ഡ് എഞ്ചിനീയർമാർ, ആർക്കിടെക്റ്റുകൾ, ബിൽഡർമാർ, കോർപ്പറേഷനുകൾ എന്നിവയുമായി സഹകരിച്ച് നടത്തുകയുണ്ടായി. പൊതുമരാമത്ത് വകുപ്പിലെ 250 എഞ്ചിനീയർമാർക്ക് വിശദമായ പഠനക്ലാസ്സുകൾ നടത്തുകയുണ്ടായി.

2018-ലെ സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡിൽ പങ്കെടുത്ത 53 സ്ഥാപനങ്ങളിൽ അവരുടെ പ്രവർത്തനങ്ങളുടെ ഭാഗമായി 33.754 MU വൈദ്യുതിയും 88305 കിലോലിറ്റർ ഓയിലും ലാഭിക്കാൻ സാധിച്ചിട്ടുണ്ട്. ഈ വ്യവസായ ശാലകളിൽ ഊർജ്ജ ഓഡിറ്റ് നടത്തിയാണ് വാർഷിക ഊർജ്ജ ഉപഭോഗവും ഊർജ്ജ ലാഭവും കണക്കാക്കിയിട്ടുള്ളത്.

ഊർജ്ജ സംരക്ഷണ വിഷയത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് എനർജി പ്രോഗ്രാം പൊതുജന ബോധവൽക്കരണത്തിനായി പൊതുജന വായനശാലകൾ, എൻ.ജി.ഒ.-കൾ വിവിധ സംഘടനകൾ എന്നിവ വഴി ഊർജ്ജ കിരൺ പരിപാടി, വീട്ടമ്മമാരെ ഊർജ്ജ സംരക്ഷണ യജ്ഞത്തിൽ പങ്കാളികളാക്കുന്നതിനുവേണ്ടി ഊർജ്ജ ക്ലിനിക്ക് പരിപാടി എന്നിവ നടത്തി വരുന്നു.

കേരളത്തെ ഒരു വൈദ്യുതി സ്വയംപര്യാപ്ത സംസ്ഥാനമായി മാറ്റിയെടുക്കുന്നതിനായി അനെർട്ട് ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

(1) <u>സൗര-ഊർജ്ജ കേരള മിഷൻ</u>

'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്നു. 150 മെഗാവാട്ട് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.

(2) <u>വിൻഡ് എനർജി</u>

100 മെഗാവാട്ട് വൈദ്യുതി വിൻഡ് എനർജിയിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. 70 മെഗാവാട്ട് വിൻഡ് പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.

## ആറ്റിങ്ങൽ മണ്ഡലത്തിലെ ചാത്തമ്പാറയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

258(664) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ ചാത്തമ്പാറയിൽ വോൾട്ടേജ് ക്ഷാമം നേരിടുന്നതായി പരാതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി അവിടെ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ചാത്തമ്പാറയിൽ വോൾട്ടേജ് ക്ഷാമത്തെക്കുറിച്ചുള്ള ഒരു പരാതി കരവാരം പഞ്ചായത്ത് തോട്ടയ്ക്കാട് വാർഡ് IX മെമ്പർ ജി. വിനോദ് മുഖാന്തരം 39 പേർ ഒപ്പിട്ട് ആറ്റിങ്ങൽ സെക്ഷനിൽ ലഭിക്കുകയുണ്ടായി. ഈ പരാതിയുടെ

അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ പ്രശ്നം നേരിടുന്ന സ്ഥലം പരിശോധിക്കുകയും ട്രാൻസ്ഫോർമർ ലോഡ് ബാലൻസ് ചെയ്ത് ഏതാനും ഉപഭോക്താക്കളുടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള സിംഗിൾ ഫേസ് ലൈൻ മാറ്റി 3 ഫേസ് ലൈൻ വലിക്കുക വഴി വോൾട്ടേജ് ക്ഷാമം പൂർണ്ണമായും പരിഹരിക്കാൻ സാധിക്കുന്നതാണ്. ആയതിലേയ്ക്ക് 400 മീറ്റർ സിംഗിൾ ഫേസ് ലൈൻ, 3 ഫേസ് ലൈനാക്കി മാറ്റുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തി ഉടൻതന്നെ ആരംഭിക്കുന്നതാണ്. ആയതിനാൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ അവിടെ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന്റെ ആവശ്യകത ഇപ്പോൾ ഇല്ല.

## കള്ളിക്കാട് പഞ്ചായത്തിലെ വൈദ്യുതി ക്ഷാമം

259(665) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ അനിയന്ത്രിതമായി വൈദ്യുതി മുടങ്ങുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) കള്ളിക്കാട് പഞ്ചായത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങൾ, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധിയിലാണ് വരുന്നത്. ഈ പ്രദേശങ്ങളിൽ വൈദ്യുതി എത്തുന്നത് ഏകദേശം 15 കിലോമീറ്റർ അകലെയുള്ള കാട്ടാക്കട 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നുള്ള ഡാം ഫീഡർ വഴിയാണ്. കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും വൃക്ഷങ്ങൾ തിങ്ങി നിറഞ്ഞ മലയോര പ്രദേശമായതിനാൽ ശക്തമായ കാറ്റിലും മഴയിലും മരങ്ങൾ ലൈനിൽ വീണ് വൈദ്യുതി തടസ്സം ഉണ്ടാകാറുണ്ട്. കാട്ടാക്കട പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന് കീഴിൽ 2019-20 വർഷത്തെ പദ്ധതിയിൽ കാട്ടാക്കട സബ്സ്റ്റേഷൻ മുതൽ ഒറ്റശേഖരമംഗലം സെക്ഷൻ പരിധി വരെ ഭൂഗർഭ കേബിൾ ഇട്ട് ഒരു പുതിയ ഫീഡർ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. ഇതു യാഥാർത്ഥ്യമാകുന്നതോടെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ വൈദ്യുതി മുടങ്ങുന്ന പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരമാകും.

## കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കടബാധ്യത

260(666) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തികവർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കടബാധ്യത എത്ര കോടി രൂപ ആയിരുന്നു; ആയത് 2018-19 സാമ്പത്തിക വർഷം എത്രയാണ്; വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര കോടി രൂപ കെ.എസ്.ഇ.ബി. ലിമിറ്റഡിന് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്;

(സി) ഇവയിൽ സംസ്ഥാന സർക്കാർ വകുപ്പുകൾ, കേരള വാട്ടർ അതോറിറ്റി, തദ്ദേശഭരണ സ്ഥാപനങ്ങൾ, കേന്ദ്ര സർക്കാർ വകുപ്പുകൾ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ മേഖല സ്ഥാപനങ്ങൾ എന്നിവ അടയ്ക്കേണ്ട കുടിശ്ശിക തുക എത്രയെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(ഡി) നിലവിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്ന കാര്യത്തിൽ കോടതികളിൽ എത്ര കേസ്സുകൾ ഉണ്ട്; ആയത്എത്ര തുകയുടെതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കടബാദ്ധ്യത 5925.44 കോടി രൂപയായിരുന്നു. 2018-19-ലെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. 2018-19-ലെ താത്കാലിക കണക്കുപ്രകാരം 31-3-2019-ലെ കടബാധ്യത 7889 കോടി രൂപയാണ്.

(ബി) 2017-18 വർഷത്തെ കണക്കുപ്രകാരം 2802.60 കോടി രൂപയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ളത്.

31-3-2019-ലെ ക്രോഡീകരിച്ച കണക്കുപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന് വൈദ്യുതി കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ളത് 1388.20 കോടി രൂപയാണ്.

(സി) 31-3-2019 വരെയുള്ള കണക്കുപ്രകാരം കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | സംസ്ഥാന സർക്കാർ വകുപ്പുകൾ | - | 95.71 കോടി രൂപ |
| 2. | കേരള വാട്ടർ അതോറിറ്റി | - | 153.80 കോടി രൂപ |
| 3. | തദ്ദേശഭരണ സ്ഥാപനങ്ങൾ | - | 4.20 കോടി രൂപ |
| 4. | കേന്ദ്ര സർക്കാർ വകുപ്പുകൾ | - | 2.32 കോടി രൂപ |
| 5. | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | - | 98.31 കോടി രൂപ |
| 6. | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | - | 43.57 കോടി രൂപ |
| 7. | സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ | - | 937.48 കോടി രൂപ |

(ഡി) വൈദ്യുതി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് 219 കോടതി വ്യവഹാരങ്ങൾ നിലവിലുണ്ട്.

31-3-2019 വരെയുള്ള കണക്കുകൾ പ്രകാരം 408.59 കോടി രൂപയാണ് എച്ച്.ടി/ഇ.എച്ച്.ടി. വിഭാഗത്തിൽ കേസ്സുകളിൽപ്പെട്ട് വിവിധ കോടതികളിൽ തീർപ്പിനായുള്ളത്.

**ഡാം തുറന്നുവിടുന്നതുമായി ബന്ധപ്പെട്ട നടപടികൾ**

261(667) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷമുണ്ടായ പ്രളയത്തിനുമുൻപ് പ്രധാന ഡാമുകളിലെ ജലനിരപ്പ് അപകടകരമാം വിധം ഉയർന്നുവരുന്ന സാഹചര്യം വൈദ്യുതി ബോർഡ് നേരത്തെ മനസ്സിലാക്കിയിരുന്നോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ജൂലൈ 25-ന് ഇതുസംബന്ധമായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ചെയർമാന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് വിലയിരുത്തുകയുണ്ടായോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ആഗസ്റ്റ് ഒന്നിന് അടിയന്തര നടപടിക്രമം സംബന്ധിച്ച് ഉത്തരവ് ഇറക്കുകയുണ്ടായോ;

(ഡി) എന്നിട്ടും ഡാം തുറന്നു വിടുന്നതുമായി ബന്ധപ്പെട്ട നടപടികൾ ആഗസ്റ്റ് 9 വരെ വൈകിയത് ദുരന്തത്തിന്റെ ആഴം കൂട്ടാൻ കാരണമായോ;

(ഇ) ഇല്ലെങ്കിൽ ഘട്ടം ഘട്ടമായി ഡാം തുറന്നു വിട്ട് ജലനിരപ്പ് നിയന്ത്രിക്കാതിരുന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ വർഷമുണ്ടായ പ്രളയത്തിനുമുമ്പ് പ്രധാന ഡാമുകളിൽ ജലനിരപ്പ് അപകടകരമാംവിധം ഉയർന്നുവരുന്ന സാഹചര്യം ഉണ്ടായേക്കാം എന്ന മനസ്സിലാക്കാൻതക്ക സ്ഥിതിവിശേഷം പ്രളയത്തിന് മുമ്പ് ഉണ്ടായിട്ടില്ല. എന്നാൽ മുൻവർഷങ്ങളേക്കാൾ ഡാമിലേയ്ക്കുള്ള വെള്ളത്തിന്റെ നീരൊഴുക്കും ജലനിരപ്പും ക്രമാതീതമായി വർദ്ധിക്കുന്നെന്ന് കണ്ടപ്പോൾത്തന്നെ വേണ്ടുന്ന മുൻകരുതലെടുക്കാൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(ബി) മഴക്കാലത്ത് ഡാമുകളിൽ ജലനിരപ്പ് ഉയർന്നാൽ ഉണ്ടാകാവുന്ന സാഹചര്യം വിലയിരുത്തുന്നതിനായി ജൂലൈ 25-ന് ചെയർമാന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

(സി) 1-8-2018-ൽ പ്രധാനപ്പെട്ട ഡാമുകളുടെ അലെർട്ട് ലെവലുകൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് ഇറക്കുകയുണ്ടായി.

(ഡി) ഇല്ല. ആഗസ്റ്റ് 9-ന് മുമ്പ് തന്നെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിലുള്ള താഴെ പറയുന്ന ഡാമുകൾ തുറന്നു.

| ക്രമ നമ്പർ | ഡാം | ജില്ല | തുറന്ന തീയതി |
|---|---|---|---|
| 1 | ലോവർ പെരിയാർ | ഇടുക്കി | 09-6-2018 |
| 2 | കല്ലാർക്കുട്ടി | ഇടുക്കി | 09-6-2018 |
| 3 | പെരിങ്ങൽക്കുത്ത് | തൃശ്ശൂർ | 10-6-2018 |
| 4 | കുറ്റ്യാടി (കക്കയം) | കോഴിക്കോട് | 11-7-2018 |
| 5 | മൂഴിയാർ | പത്തനംതിട്ട | 13-7-2018 |
| 6 | ആർ.എ.ഹെഡ് വർക്സ് | ഇടുക്കി | 14-7-2018 |
| 7 | പൊൻമുടി | ഇടുക്കി | 14-7-2018 |
| 8 | ബാണാസുര സാഗർ | വയനാട് | 15-7-2018 |
| 9 | കല്ലാർ | ഇടുക്കി | 16-7-2018 |
| 10 | ഷോളയാർ | തൃശ്ശൂർ | 28-7-2018 |

(ഇ) ആഗസ്റ്റ് മാസം 15, 16, 17 തീയതികളിൽ കേരളത്തിലും കേരളത്തോടു ചേർന്നുകിടക്കുന്ന തമിഴ്നാടിന്റെ ഭാഗങ്ങളിലും അതിതീവ്രമഴ ലഭിക്കുകയുണ്ടായി. എന്നാൽ ഈ ദിവസങ്ങളിൽ അതിതീവ്ര മഴ സംബന്ധിച്ച മുന്നറിയിപ്പ് ഉണ്ടായിരുന്നില്ല. അതിതീവ്ര മഴമൂലം ഡാമുകളിലെ ജലനിരപ്പ് ക്രമാതീതമായി വർദ്ധിച്ചതിനാൽ 1-8-2018-ലെ ബോർഡ് ഉത്തരവുപ്രകാരം നിശ്ചയിച്ച അലെർട്ടുകൾ പ്രഖ്യാപിച്ച ശേഷം ഘട്ടംഘട്ടമായിട്ടാണ് വിവിധ ഡാമുകൾ തുറന്നത്.

## പുതിയ ഇലക്ട്രിക്കൽ സെക്ഷനോഫീസുകൾ

262(668) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ 24-2-2016-ലെ ഉത്തരവ് പ്രകാരം അനുവദിച്ച 30 പുതിയ ഇലക്ട്രിക്കൽ സെക്ഷനോഫീസുകളിൽ എത്ര ഓഫീസുകളാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഓഫീസുകളിൽ ഏതെല്ലാമാണ് വാടകക്കെട്ടിടങ്ങളിലും ഉത്തരവ് പ്രകാരമുള്ള 10 സെന്റ് സ്ഥലത്തും പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വാടകക്കെട്ടിടങ്ങളുടെ വാടക തദ്ദേശസ്വയംഭരണ സ്ഥാപനമാണോ കെ.എസ്.ഇ.ബി.-യാണോ വഹിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) എറണാകുളം ജില്ലയിലെ പള്ളുരുത്തി സെക്ഷനോഫീസിന് കീഴിലെ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ വൈദ്യുതി തടസം കണക്കിലെടുത്ത് മേൽ ഉത്തരവ് പ്രകാരം അനുവദിച്ച ഇടക്കൊച്ചിയിലെ സെക്ഷനോഫീസ് ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പ്രദേശങ്ങളിലെ വൈദ്യുതി തടസം പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) ഉത്തരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) 24-2-2016-ലെ ഉത്തരവ് പ്രകാരം തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ പള്ളുരുത്തി സെക്ഷൻ ഓഫീസും തോപ്പുംപടി സെക്ഷൻ ഓഫീസും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിഭജിച്ച് ഇടക്കൊച്ചിയിൽ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് ബോർഡ് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ബോർഡ് ഉത്തരവുപ്രകാരം ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനാണ് ബോർഡിന്റെ തീരുമാനം. മേൽ സൂചിപ്പിച്ച പ്രകാരം വാടക രഹിത കെട്ടിടമോ സ്ഥലമോ ലഭിക്കാത്തതിനാൽ ഇടക്കൊച്ചിയിൽ പുതിയ സെക്ഷൻ ഓഫീസ് ഇതുവരെ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ 3-5-2019-ൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്ഷൻ ഓഫീസിന് സൗജന്യമായി കച്ചേരിപ്പടിയിലെ മാർക്കറ്റിന് സമീപം കൊച്ചി കോർപ്പറേഷന്റെ കെട്ടിടം നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് തീരുമാനിച്ചിരുന്നു. പ്രസ്തുത കെട്ടിടം ലഭ്യമാക്കുന്ന മുറയ്ക്ക് ഇടക്കൊച്ചി സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്.

(ഇ) പള്ളുരുത്തി സെക്ഷൻ പരിധിയിൽ 16 ട്രാൻസ്ഫോർമറുകൾ കപ്പാസിറ്റി കൂട്ടുകയും 4 എണ്ണം പുതുതായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 10 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുള്ള ജോലികൾ പുരോഗമിക്കുന്നു. ദ്യുതി-2021 പദ്ധതിയിൽ കൂടുതൽ ട്രാൻസ്ഫോർമറുകൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. കൂടാതെ ഐ.പി.ഡി.എസ്., ദ്യുതി എന്നീ പദ്ധതികളിലായി 10 കിലോമീറ്റർ കേടായ കണ്ടക്ടറുകൾ മാറ്റുക, 20 കിലോമീറ്റർ എ.ബി.കേബിളുകൾ വലിക്കുക, 6 ആർ.എം.യു. സ്ഥാപിക്കുക, ലൈനിലെ അറ്റകുറ്റപ്പണികൾ ചെയ്യുക എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തുകയും അവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**വൈദ്യുതിരംഗത്ത് ജോലി ചെയ്യുന്നവരുടെ സുരകക്ഷിതത്വം**

263(669) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിരംഗത്ത് ജോലി ചെയ്യുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി കെ.എസ്.ഇ.ബി. സുരക്ഷാനയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഉല്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് പ്രത്യേക രീതിയിൽ സുരക്ഷാ വ്യവസ്ഥകൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈദ്യുതി രംഗത്ത് ജോലി ചെയ്യുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് സുരക്ഷാനയം രൂപീകരിച്ചിട്ടുണ്ട്. 08.04.2019-ലെ ബോർഡ് ഉത്തരവ് നമ്പർ 310/2019 പ്രകാരം സുരക്ഷാനയം ബോർഡ് അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ പൂർണ്ണരൂപം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസരണ വിതരണ മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് സുരക്ഷാ നടപടിക്രമങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. 8-4-2019-ലെ ബോർഡ് ഉത്തരവ് നമ്പർ 310/2019 പ്രകാരം സുരക്ഷാ നടപടിക്രമങ്ങൾ ബോർഡ് അംഗീകരിച്ചിട്ടുണ്ട്. ഉല്പാദന മേഖലയിലെ സുരക്ഷാ നടപടിക്രമങ്ങൾ തയ്യാറാക്കുന്ന ജോലി അന്തിമഘട്ടത്തിലാണ്. പ്രസരണ വിതരണ മേഖലകളിലെ സുരക്ഷാ നടപടിക്രമങ്ങൾ ജീവനക്കാരിലേയ്ക്ക് എത്തിക്കുവാനായുള്ള പരിശീലനങ്ങൾ സംസ്ഥാനമൊട്ടാകെ നടന്നുവരുന്നു.

## വൈദ്യുതി സംരക്ഷണ പദ്ധതികൾ

264(670) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നഷ്ടം കുറച്ച് വൈദ്യുതസംരക്ഷണം ത്വരിതപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ. എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രസരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും സഹായകമാകുന്ന ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കി വരുന്നു. ട്രാൻസ്ഗ്രിഡ് പദ്ധതി പൂർത്തിയാകുന്നതോടെ പ്രസരണ മേഖലയിലെ സാങ്കേതികനഷ്ടം നിലവിലുള്ളതിനെക്കാളും കുറയ്ക്കാൻ കഴിയും. ട്രാൻസ്ഗ്രിഡ് പദ്ധതി കൂടാതെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി പ്രസരണ മേഖലയിൽ ചെയ്തുവരുന്ന ജോലികൾ വഴിയും പ്രസരണ നഷ്ടം കുറയ്ക്കുവാൻ കഴിയുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രസരണ നഷ്ടം കുറയ്ക്കുന്നതോടൊപ്പം സാങ്കേതികവും വാണിജ്യപരവുമായ നഷ്ടം കുറയ്ക്കുന്നതിന് ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ് 'ദ്യുതി'.

(ബി) ദ്യുതി എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ

1. ഊർജ്ജക്ഷമതയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
2. 11 കെ.വി. ലൈനുകളുടെ നിർമ്മാണം.
3. HVDS സംവിധാനം
4. പ്രതിരോധം കൂടിയ ചാലകങ്ങൾക്കുപകരം പ്രതിരോധം കുറഞ്ഞ ചാലകങ്ങൾ സ്ഥാപിക്കുക.
5. കേടായ മീറ്ററുകൾ മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.
6. സിംഗിൾ ഫേസ് ലൈനുകളെ ത്രീ പേസ് ലൈനുകളാക്കുക.

നാല് വർഷത്തേക്കുള്ള ദ്യുതി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മേൽപ്പറഞ്ഞ പ്രവൃത്തികൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു.

ഊർജ്ജ സംരക്ഷണത്തിനുവേണ്ടി ചെയ്തുവരുന്ന മറ്റ് പ്രവർത്തനങ്ങൾ.

1. സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പി ക്കുന്നതിന്റെ ഭാഗമായി നാഷണൽ എൽ.ഇ.ഡി. മിഷൻ പങ്കാളികളായ ഇ.ഇ.എസ്.എൽ. എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ഉണ്ടാക്കിയ ധാരണ പ്രകാരം 9 വാട്ട്സ് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തുവരുന്നു. 75 ലക്ഷം ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്. രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ 1.40 കോടി ബൾബുകൾ വിതരണം ചെയ്തു കഴിഞ്ഞു.
2. തിരുവനന്തപുരം മെഡിക്കൽ കോളേജ്, ജൂബിലി ഹോസ്പിറ്റൽ, തിരുവനന്തപുരം സതേൺ എയർ കമാൻഡ് ഓഫീസ് കെട്ടിടം, ആക്കുളം, തിരുവനന്തപുരം, യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം ക്യാമ്പസ്, തിരുവനന്തപുരം ഉൾപ്പെടെ 17 സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റിംഗ് നടത്തുകയും ഊർജ്ജ സംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

3. കെ.എസ്.ഇ.ബി.എൽ.-ന്റെ 211 സബ് ഡിവിഷൻ ഡി.എസ്.എം. സെല്ലുകൾ വഴി ഉപഭോക്താക്കൾക്ക് നേരിട്ടും റസിഡൻസ് അസോസിയേഷനുകൾ, സാമൂഹിക സാംസ്കാരിക കലാസംഘടനകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വാണിജ്യ ഉത്സവാഘോഷ മേളകൾ മുതലായവ മുഖാന്തരവും ലഘുലേഖകളിലൂടെയും ക്ലാസ്സുകളിലൂടെയും ഊർജ്ജ സംരക്ഷണ ബോധവൽക്കരണം തുടർച്ചയായി നടത്തിവരുന്നു. കൂടാതെ സെക്ഷൻ ഓഫീസുകളിലെ എനർജി വോളണ്ടിയർമാർ ഉപഭോക്താക്കളുടെ ഊർജ്ജ ഉപഭോഗത്തെപ്പറ്റിയും ഊർജ്ജ സംരക്ഷണത്തെപ്പറ്റിയും ഉള്ള പരാതികളും സംശയങ്ങളും വീടുകളിൽ നേരിട്ടെത്തി നിവാരണം ചെയ്യുന്നു. ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 1.5 ലക്ഷം ഡയറികൾ അച്ചടിച്ച് വിദ്യാർത്ഥികൾക്കിടയിൽ വിതരണം നടത്തുകയും ചെയ്തു.

4. വിതരണ മേഖലയിൽ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനായി വിതരണ ട്രാൻസ്ഫോർമറുകൾ ഉന്നത നിലവാരത്തിലെത്തിക്കുന്ന പ്രവർത്തനങ്ങൾ തുടരുന്നു. ഇതിന്റെ ഭാഗമായി ഇപ്പോൾ അടിമാലി, രാജാക്കാട്, ഒല്ലൂർ സെക്ഷനുകളുടെ പരിധിയിലുള്ള എല്ലാ ട്രാൻസ്ഫോർമറുകളുടെയും നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. തുടർന്ന് കണ്ണൂർ, തിരൂർ, ആലപ്പുഴ ഇലക്ട്രിക് സർക്കിളുകൾക്ക് കീഴിലുള്ള വിതരണ ട്രാൻസ്ഫോർമറുകളുടെ നവീകരണ ജോലികൾ നടന്നുവരുന്നു.

5. വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിനായി നടപ്പിലാക്കുന്ന ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്.) പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ വിജയകരമായി തിരുവനന്തപുരം ജില്ലയിലെ പേയാട് ഇലക്ട്രിക്കൽ സെക്ഷനിൽ നടപ്പിലാക്കിയിരുന്നു. ഇതിലൂടെ വൈദ്യുതി തടസ്സവും അപകടങ്ങളും നല്ലൊരളവുവരെ ഒഴിവാക്കാൻ കഴിയുന്നുണ്ട്. പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട, കോന്നി ഇലക്ട്രിക് സെക്ഷനിലും പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. പാലക്കാട് ജില്ലയിലെ സുൽത്താൻപേട്ട സെക്ഷനിൽ എച്ച്.വി.സി.എസ്. നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ 2018-19-ലെ 40 ലക്ഷം രൂപയുടെ സർക്കാർ ഫണ്ട് വിനിയോഗിച്ച് തിരൂർ ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ 15 കെ.വി.എ.-യുടെ 20 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്) പദ്ധതിയുടെ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

6. സബ്സ്റ്റേഷന്റെ ഊർജ്ജ ഓഡിറ്റിന്റെ ഭാഗമായി എടപ്പോൺ 220 കെ.വി. സബ്സ്റ്റേഷന്റെ ജോലികൾ പൂർത്തീകരിച്ചു.

7. ഊർജ്ജക്ഷമതയില്ലാത്ത പമ്പിംഗ് സമ്പ്രദായം മാറ്റി ഊർജ്ജക്ഷമതയുള്ള പമ്പിംഗ് സമ്പ്രദായം സ്ഥാപിച്ച് പ്രദേശവാസികൾക്ക് വെള്ളം പമ്പ് ചെയ്തുനൽകുന്ന ഈരാറ്റുപേട്ടയിലെ പദ്ധതി പൂർത്തീകരിച്ചു.

8. തീരപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ഐസ് പ്ലാന്റുകളിൽ ഊർജ്ജ സംരക്ഷണം വ്യാപകമായി നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

9. കാർഷിക രംഗത്ത് ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് 13 പാടശേഖരങ്ങളിലായി 33 ഊർജ്ജക്ഷമതയുള്ള പമ്പ് സെറ്റുകൾ മാറ്റിവയ്ക്കുന്ന പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന്റെ എസ്കോട്ട് വിഭാഗം ചെയ്തിട്ടുണ്ട്. ഇത്തരം തുടർ പ്രവർത്തനം ഉപഭോക്താക്കൾ നേരിട്ട് ചെയ്തുവരികയാണ്.

10. എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി വിദ്യാർത്ഥികളെ വൈദ്യുതി സംരക്ഷണവുമായി ബന്ധപ്പെടുന്നതിലേക്കായി നാഷണൽ സർവ്വീസ് സ്കീമുമായി ചേർന്ന് മലപ്പുറം ജില്ലയിൽ 708216 ഗാർഹിക ഉപഭോക്താക്കളുടെ വീടുകൾ സന്ദർശിച്ച് ലഘുലേഖകൾ വിതരണം ചെയ്യുകയും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

11. സംസ്ഥാനത്ത് എം.എൽ.എ., എൽ.എ.ഡി. സ്കീം വഴിയും തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ടും കെ.എസ്.ഇ.ബി.എൽ. മുഖാന്തരം വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിലെ പൊതു നിരത്തുകളിലെ ബൾബുകൾ എൽ.ഇ.ഡി.-യിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ പൂർണ്ണമായും വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ ഒന്നാംഘട്ട പദ്ധതിയും ഇപ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. വല്ലച്ചിറ ഗ്രാമപഞ്ചായത്ത് രണ്ടാംഘട്ടം നടപ്പിലാക്കി വരുന്നു.

വൈദ്യുതോർജ്ജം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ.-ന്റെ എസ്കോട്ട് വിഭാഗം ഏറ്റെടുത്ത് നടത്തുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്കുള്ള സംസ്ഥാന സർക്കാരിന്റെ ഊർജ്ജ സംരക്ഷണ അവാർഡ് 2015-ലും 2016-ലും എനർജി മാനേജ്മെന്റ് സെന്റർ മുഖേനയും നല്ല ഊർജ്ജ വിതരണ വിഭാഗത്തിനുള്ള ദേശീയ ഊർജ്ജ സംരക്ഷണ അവാർഡ് 2015-ൽ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി മുഖേനയും ബോർഡിന് ലഭ്യമായിട്ടുണ്ട്.

## സൗര പദ്ധതി

265(671) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരപദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സൗര പദ്ധതിയുടെ ഭാഗമാകുന്നതിന് നിലവിൽ എത്ര അപേക്ഷകൾ കെ.എസ്.ഇ.ബി.എൽ.-ക്ക് ലഭിച്ചിട്ടുണ്ട്;

(സി) അപേക്ഷകളിലെ പരിശോധന നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) അർഹരായ ഉണഭോക്താക്കൾക്ക് സോളാർ പാനലുകൾ സ്ഥാപിക്കുന്ന നടപടികൾ എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി ഉത്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. കേരള സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സോളാർ പാർക്ക് - 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ - 100 മെഗാവാട്ട്, കനാലുകളുടെ കരയിലും പുറങ്ങളിലുമായി 50 മെഗാവാട്ട്, സുതാര്യ റിവേഴ്സ് ലേലം വഴി - 200 മെഗാവാട്ട് എന്നിങ്ങനെ 500 മെഗാവാട്ടിന്റെ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടപ്പിലാക്കുന്നു. ഇതുകൂടാതെ 500 മെഗാവാട്ട് ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികളിലൂടെ താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു.

| | | |
|---|---|---|
| ഗാർഹിക/കാർഷിക ഉപഭോക്താക്കൾ | - | 150 മെഗാവാട്ട് |
| സർക്കാർ കെട്ടിടങ്ങൾ | - | 100 മെഗാവാട്ട് |
| ഗാർഹികേതര/സർക്കാർ ഇതര സ്ഥാപനങ്ങൾ | - | 250 മെഗാവാട്ട് |

പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ വിവിധ മാതൃകകൾ ചുവടെ ചേർക്കുന്നു:

i. ഉപഭോക്താവിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ചെലവിൽ സൗരനിലയം സ്ഥാപിക്കുന്നു.

   ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിശ്ചിത ശതമാനം സൗജന്യമായി കെട്ടിടമുടമയ്ക്ക് നൽകുന്നു.

ii. ഉപഭോക്താവിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ചെലവിൽ സൗരനിലയം സ്ഥാപിക്കുന്നു.

ഉത്പാദിപ്പിക്കുന്ന വൈദ്യുതി ദീർഘകാലത്തേക്ക് (കരാർ കാലാവധി) നിശ്ചിത നിരക്കിൽ കെട്ടിടമുടമയ്ക്ക് നൽകുന്നു.

iii. കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സംരംഭകന്റെ ചെലവിൽ കെ.എസ്.ഇ.ബി.എൽ. സൗരനിലയം സ്ഥാപിക്കുന്നു.

1. ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഭാഗികമായോ പൂർണ്ണമായോ നിശ്ചിത നിരക്കിൽ കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നു.

അല്ലെങ്കിൽ

2. ഉത്പാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമായും സംരംഭകൻ ഉപയോഗിക്കുന്നു.

(ബി) ആകെ 2,78,258 അപേക്ഷകൾ കെ.എസ്.ഇ.ബി.ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്.

(സി) രജിസ്റ്റർ ചെയ്ത മുഴുവൻ ഉപഭോക്താക്കളെയും നേരിൽ സന്ദർശിച്ച് രജിസ്ട്രേഷൻ സമയത്ത് രേഖപ്പെടുത്തിയ വിവരങ്ങളിൽ പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാനും കെട്ടിടത്തിന്റെ പുറപ്പുറത്ത് സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിലേയ്ക്ക് സാങ്കേതിക സാധ്യത ഉറപ്പുവരുത്തുന്നതിനുള്ള ടെക്നിക്കൽ സർവ്വേയും ഇപ്പോൾ നടന്നുവരുന്നു. ഇതിനോടകം 2,07,000 ഫീൽഡ് സർവ്വേകൾ പൂർത്തീകരിച്ചുകഴിഞ്ഞു.

(ഡി) 2019 അവസാനത്തോടുകൂടി സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**മൂന്നാർ ഹൈഡൽ പാർക്ക്**

266(672) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഹൈഡൽ പാർക്കിൽ പുതിയതായി ആരംഭിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മൂന്നാർ ഹൈഡൽ പാർക്കിന്റെ വികസനത്തിനായി കെ.എസ്.ഇ.ബി.എൽ. വകയിരുത്തിയിട്ടുള്ള തുകയും ഹൈഡൽ പാർക്കിൽ നിന്നും വൈദ്യുതി ബോർഡിന് ലഭ്യമായിട്ടുള്ള വരുമാനവും സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) മൂന്നാർ ഹൈഡൽ പാർക്കിൽ അഡ്വഞ്ചർ ടൂറിസത്തിന്റെ ഭാഗമായി സിപ്പ് ലൈൻ, സിപ്പ് ബൈക്ക് എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മൂന്നാർ ഹൈഡൽ പാർക്കിന്റെ വികസനത്തിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തുകയൊന്നും വകയിരുത്തിയിട്ടില്ല. ഹൈഡൽ പാർക്കിൽ നിന്നും വൈദ്യുതി ബോർഡിന് വരുമാനം ലഭിക്കുന്നില്ല.

## വാളാതോട് ചെറുകിട ജലസേചന പദ്ധതി

267(673) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ചാലിയാർ, അകമ്പാടം, കുറുമാൻ പുഴയിൽ സ്ഥാപിക്കുന്നതിന് 28-5-2015-ൽ ഭരണാനുമതി നൽകിയ വാളാതോട് ചെറുകിട ജലസേചന പദ്ധതിക്കായി നാളിതുവരെ എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ; ഇക്കാര്യത്തിൽ കെ.എസ്.ഇ.ബി.-യുടെ 13-2-2019-ൽ കൂടിയ ഡയറക്ടർ ബോർഡ് എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെയായി എത്ര രൂപയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ; നിലവിൽ ഈ പദ്ധതിക്ക് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഏറനാട് മണ്ഡലത്തിന്റെയും ചാലിയാർ പഞ്ചായത്തിന്റെയും വികസനത്തിനുതകുന്ന ഈ പദ്ധതിയുടെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വാളാതോട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾക്ക് മുന്നോടിയായി അലൈൻമെന്റ് സർവ്വേ ബോർ ഹോൾ എടുക്കൽ, മണ്ണ് പരിശോധന, പ്രോപ്പർട്ടി സർവ്വേ മുതലായവ പൂർത്തീകരിച്ചു. പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ അലൈൻമെന്റ് കല്ലുകൾ ഇട്ട് അടയാളപ്പെടുത്തി. പദ്ധതിക്കാവശ്യമായ സ്വകാര്യ ഭൂമിയും വനഭൂമിയും സർവ്വേ ചെയ്ത് തിട്ടപ്പെടുത്തി. ഓരോ ഉടമസ്ഥന്റെയും ഭൂമി പ്രത്യേകം പ്രത്യേകം അളന്ന് കല്ലുകളിട്ട് അടയാളപ്പെടുത്തുകയും ചെയ്തു. പദ്ധതി ഘടകങ്ങളുടെ വിശദമായ ഡിസൈൻ ജോലികൾ പുരോഗമിക്കുന്നു. പദ്ധതിക്ക് ആവശ്യമായ വനഭൂമി വിട്ടു നൽകുന്നതിനായി അപേക്ഷ സമർപ്പിച്ചു. 13-2-2019-ലെ ഫുൾടൈം ഡയറക്ടർമാരുടെ യോഗത്തിൽ പദ്ധതി സംബന്ധിച്ച തീരുമാനം എടുത്തിട്ടില്ല.

(ബി&സി) പദ്ധതിക്ക് നാളിതുവരെ 281.77 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

പദ്ധതിക്ക് ആവശ്യമായ വനഭൂമിയുടെ അനുമതി ലഭിച്ചശേഷം സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

## ശാന്തിവനത്തിലൂടെയുള്ള വൈദ്യുതി ലൈൻ പദ്ധതി

268(674) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം പറവൂർ ശാന്തിവനത്തിലൂടെയുള്ള വൈദ്യുതി ലൈൻ പദ്ധതി എപ്പോഴാണ് പ്രവർത്തനം ആരംഭിച്ചതെന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ മൊത്തം ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി പൂർത്തീകരിച്ചാലുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതുവരെ നടന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര തുക ചെലവായെന്നും പദ്ധതിയിൽ നിന്ന് സർക്കാർ പിൻമാറിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) 110 കെ.വി. മന്നം - ചെറായി ട്രാൻസ്മിഷൻ ലൈനിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ 2000-ൽ ആരംഭിച്ചു. ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

(ബി) ടേൺകീ കോൺട്രാക്ട് വർക്ക് ഓർഡർ പ്രകാരം 110 കെ.വി., ഡി.സി. മന്നം ചെറായി ലൈൻ ജോലിയുടെ കോൺട്രാക്ട് തുക 21,16,98,756 രൂപയാണ്.

(സി) ഈ പദ്ധതി നിലവിൽ വരുന്നതോടുകടി ചെറായി, മുനമ്പം, പള്ളിപ്പുറം, കുഴുപ്പള്ളി, എടവനക്കാട് എന്നീ പ്രദേശങ്ങളിലെ രൂക്ഷമായ വൈദ്യുതി തടസ്സങ്ങളും വോൾട്ടേജ് ക്ഷാമവും പരിഹരിക്കപ്പെടും. നിലവിൽ വൈപ്പിൻ മുതൽ മുനമ്പം വരെ 26 കിലോമീറ്റർ നീണ്ടുകിടക്കുന്ന വൈപ്പിൻകരയിലെ 6 പഞ്ചായത്തുകളിലെയും ഉപഭോക്താക്കൾ വൈദ്യുതിക്കായി ആശ്രയിക്കുന്നത് എളങ്കുന്നപ്പുഴ പഞ്ചായത്തിന്റെ പരിധിയിലുള്ള 66 കെ.വി. ഞാറയ്ക്കൽ സബ് സ്റ്റേഷനെയാണ്. റേഡിയൽ ഫീഡറായ കളമശ്ശേരി-ഞാറയ്ക്കൽ ലൈനിൽ വൈദ്യുതി തടസ്സം നേരിട്ടാൽ വൈപ്പിൻകരയിലെ ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുന്നതിനുള്ള സംവിധാനം നിലവിലില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വൈപ്പിൻകര ഭാഗത്തെ ജനങ്ങൾക്ക് മെച്ചപ്പെട്ട വോൾട്ടേജിൽ വൈദ്യുതി ലഭിക്കുന്നതിനും പദ്ധതി പ്രയോജനപ്രദമാണ്.

(ഡി) ഇപ്പോൾ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ഇ) ഇതുവരെ 110 കെ.വി. മന്നം-ചെറായി ലൈനിനും ചെറായി സബ്സ്റ്റേഷനുമായി 18 കോടി രൂപയോളം ചെലവാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. സർക്കാരും കെ.എസ്.ഇ. ബോർഡ് ലിമിറ്റഡും ടി പ്രോജക്ടിൽ നിന്ന് പിന്മാറിയിട്ടില്ല.

## ദ്യുതി 2021

269(675) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനും വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ദ്യുതി 2021 എന്ന ബൃഹത്തായ പദ്ധതി നിലവിൽ വന്നിട്ടുണ്ടോ ;വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

കേരള സർക്കാർ 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖലാ നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുകയും ആധുനികവത്കരിക്കുകയും ചെയ്തുകൊണ്ട് വൈദ്യുതി വിതരണത്തിലെ വിശ്വാസ്യത ലോകനിലവാരത്തിലേയ്ക്ക് ഉയർത്തുകയാണ് 2021-ഓടെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

ഈ സമഗ്ര പദ്ധതി നടപ്പാക്കുന്നതിലൂടെ നഗര-ഗ്രാമ വ്യത്യാസം ഇല്ലാതെ എല്ലായിടത്തും കുറഞ്ഞത് രണ്ട് സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി എത്തിക്കാൻ കഴിയുന്നവിധം വൈദ്യുതി വളയ സംവിധാനം രൂപപ്പെടുത്തുകയും അങ്ങനെ മുഴുവൻ സമയവും വൈദ്യുതി ലഭ്യത ഉറപ്പാക്കി ആഗോളതലത്തിലെ മികച്ച വൈദ്യുതി വിതരണ വിശ്വാസ്യത ആർജ്ജിക്കുകയുമാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി HT ലൈനുകൾ പുതുതായി നിർമ്മിക്കുക, ലോഡ് സെന്ററുകളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, ശൃംഖലകളിൽ ബാക് ഫീഡിംഗ് സംവിധാനം ഉറപ്പുവരുത്തുക, ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക (റീകണ്ടക്ടറിംഗ് വർക്കുകൾ), പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി അപകടങ്ങൾക്ക് കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ

ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (എബിസി)' ഉപയോഗിക്കുന്ന വർക്കുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യ പടിയായി വിതരണ ശൃംഖലയുടെ ജി.ഐ.എസ്. അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4035.57 കോടി രൂപയുടെ പ്രവൃത്തികളാണ് 2018 മുതൽ 2021 വരെയുള്ള നാല് വർഷക്കാലയളവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 കാലയളവിൽ 783.64 കോടി രൂപയുടെ പ്രവൃത്തികളാണ് വിഭാവന ചെയ്തിരുന്നത്. ആയതിൽ നാളിതുവരെ 82.48 കോടി രൂപയുടെ (10.2%) പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 176.03 കോടി രൂപയുടെ (22.46%) പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

## എൽ.ഇ.ഡി. ബൾബ്, ട്യൂബ് എന്നിവയുടെ വിതരണം

270(676) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വീടുകളിലെ സാധാരണ ബൾബ്, ട്യൂബ് ലൈറ്റ്, സി എഫ്.എൽ. എന്നിവ മാറ്റി പകരം എൽ.ഇ.ഡി. ബൾബും ട്യൂബും വിതരണം ചെയ്യുന്നതിന് പദ്ധതിയുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദവിവരങ്ങൾ അറിയിക്കുമോ ;

(ബി) പദ്ധതി നടത്തിപ്പിനായി പ്രത്യേക മൊബൈൽ ആപ്പും വെബ്സൈറ്റും ആരംഭിച്ചിട്ടുണ്ടോ;

(സി) പഴയ ബൾബും ട്യൂബും തിരികെ എടുക്കുന്നതിന് എന്തെങ്കിലും ചാർജ്ജുകളോ നിബന്ധനകളോ ഉണ്ടോയെന്ന് അറിയിക്കുമോ; ഇവയുടെ സംസ്കരണം ഏതു തരത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) എൽ.ഇ.ഡി. ട്യൂബ് വിതരണം ചെയ്യുന്നതിന്റെയും ആയത് സ്ഥാപിക്കുമ്പോഴുള്ള സാങ്കേതിക വശങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കാര്യക്ഷമമായ ഊർജ്ജ ഉപഭോഗത്തിലൂടെ ഊർജ്ജ ലഭ്യത ഉറപ്പുവരുത്തുവാനായി കേരളാ ഗവൺമെന്റ് പ്രഖ്യാപിച്ച ഊർജ്ജ കേരളാ മിഷനിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം പദ്ധതി. കേരളത്തിലെ എല്ലാ ഫിലമെന്റ് ബൾബുകളും മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുവാനാണ് പ്രസ്തുത പദ്ധതി വിഭാവന ചെയ്യുന്നത്.

ഈ പദ്ധതി പ്രകാരം ഏകദേശം 7.5 കോടി എൽ.ഇ.ഡി. ബൾബുകൾ നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്.

ഒരു ഗാർഹിക ഉപഭോക്താവിന് ആവശ്യമുള്ളത്ര എൽ.ഇ.ഡി. ബൾബുകൾ ഈ പദ്ധതി പ്രകാരം നൽകുന്നതാണ്. വില മൊത്തമായോ ഗഡുക്കളായോ കെ.എസ്.ഇ.ബി.എൽ.-ന് നൽകാവുന്നതാണ്. ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. മൂന്ന് വർഷം വാറണ്ടിയോടുകൂടിയുള്ള ബി.ഇ.ഇ.-യുടെ 3 സ്റ്റാർ ലേബലുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. സാധാരണ ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയും ഗുണമേന്മയുള്ള എൽ.ഇ.ഡി. ബൾബുകൾ മിതമായ നിരക്കിൽ ഗാർഹിക ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. എനർജി മാനേജ്മെന്റ് സെന്ററും കെ.എസ്.ഇ.ബി.എൽ.-ഉം സംയുക്തമായാണ് ഫിലമെന്റ് രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നത്.

(ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ വെബ്സൈറ്റ് വഴി ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകളുടെ ആവശ്യകത അറിയിക്കുവാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി മൊബൈൽ ആപ്പിന്റെ പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) ഫിലമെന്റ് ബൾബുകൾക്ക് ഒരു കിലോഗ്രാമിന് 25 രൂപയും സി.എഫ്.എൽ. ബൾബുകൾക്ക് ഒരെണ്ണത്തിന് 5 രൂപയുമാണ് തിരികെ എടുത്ത് സംസ്കരിക്കുന്നതിന് ചെലവ് പ്രതീക്ഷിക്കുന്നത്. കൂടാതെ ഇത്തരം വിളക്കുകൾ ശേഖരിക്കുന്നതിനും ട്രാൻസ്പോർട്ട് ചെയ്യുന്നതിനും സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു.

(ഡി) പദ്ധതിയുടെ ഒന്നാംഘട്ടമായി 7.5 കോടി എൽ.ഇ.ഡി. ബൾബുകളുടെ വിതരണമാണ് ഉദ്ദേശിക്കുന്നത്. രണ്ടാംഘട്ടത്തിൽ മൂന്ന് കോടി 18/20 വാട്ട് എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകൾ വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ഫ്ലൂറസെന്റ് ട്യൂബ് ലൈറ്റുകൾ മാറ്റി എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകൾ ആക്കുന്ന പദ്ധതി ഇന്ത്യയിൽ തന്നെ ആദ്യമായിട്ടായതിനാൽ കൂടുതൽ മുന്നൊരുക്കങ്ങൾ എടുക്കേണ്ടതായിട്ടുണ്ട്. വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

## വൈദ്യുതി ഉപഭോഗം

271(677) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് വൈദ്യുതോർജ്ജം ലഭിക്കുന്നത്; എത്ര യൂണിറ്റ് വൈദ്യുതിയാണ് ഒരു വർഷം ലഭിക്കുന്നത്; ഇനം തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരം സംസ്ഥാനത്തിനകത്തുനിന്ന് ലഭിക്കുന്ന ഊർജ്ജം സംസ്ഥാനത്തെ ആവശ്യത്തിന് തികയുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഓരോ വർഷത്തേയും സംസ്ഥാനത്തെ വൈദ്യുത ഉപഭോഗത്തിനായി മറ്റ് സംസ്ഥാനങ്ങളിൽ നിന്നോ കേന്ദ്രപൂളിൽ നിന്നോ എത്ര യൂണിറ്റ് വൈദ്യുതിയാണ് വിലകൊടുത്ത് വാങ്ങിക്കൊണ്ടിരിക്കുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ ജലവൈദ്യുത നിലയങ്ങൾ, താപവൈദ്യുത നിലയങ്ങൾ, കാറ്റാടി നിലയങ്ങൾ, ചെറുകിട ജലവൈദ്യുത നിലയങ്ങൾ തുടങ്ങിയവയിൽ നിന്ന് സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി ഉത്പാദിപ്പിക്കുന്നു. ഇതുകൂടാതെ സ്വകാര്യ സംരംഭകർ കേരളത്തിൽ സ്ഥാപിച്ച ചെറുകിട ജലവൈദ്യുത നിലയങ്ങൾ/സൗരോർജ്ജ നിലയങ്ങൾ/കാറ്റാടി നിലയങ്ങൾ എന്നിവയിൽ നിന്നും കരാർ അടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| 2018-19 കാലയളവിൽ | ദശലക്ഷം യൂണിറ്റ് |
|---|---|
| കെ.എസ്.ഇ.ബി.എൽ. ജലവൈദ്യുത പദ്ധതികൾ | 7686.78 |
| കെ.എസ്.ഇ.ബി.എൽ. താപനിലയങ്ങൾ | 4.1062 |
| കെ.എസ്.ഇ.ബി.എൽ. കാറ്റാടി നിലയങ്ങൾ | 1.3013 |
| കെ.എസ്.ഇ.ബി.എൽ.സൗരോർജ്ജ നിലയങ്ങൾ | 9.6583 |
| സ്വകാര്യ സൗരോർജ്ജ നിലയങ്ങൾ | 102.4329 |
| സ്വകാര്യ ചെറുകിട ജലവൈദ്യുത നിലയങ്ങൾ, കാറ്റാടി നിലയങ്ങൾ മുതലായവ | 223.0545 |
| ആകെ ആഭ്യന്തര ഉത്പാദനം | 8027.3329 |

(ബി) ഇല്ല. സംസ്ഥാനത്തിന്റെ മൊത്തം വൈദ്യുതി ഉപഭോഗം ആഭ്യന്തര ഉത്പാദനത്തേക്കാൾ കൂടുതലാണ്. സംസ്ഥാനത്തിന്റെ ശരാശരി വൈദ്യുതി ഉപഭോഗം 24960 ദശലക്ഷം യൂണിറ്റായിരിക്കുമ്പോൾ 2018-19 വർഷത്തിൽ

ആഭ്യന്തരമായി ഉത്പാദിപ്പിച്ചത് 8025 ദശലക്ഷം യൂണിറ്റ് മാത്രമാണ്. കൂടാതെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ആവശ്യകതയ്ക്ക് അനുസരിച്ച് വൻകിട വൈദ്യുത നിലയങ്ങൾ സ്ഥാപിക്കാൻ പാരിസ്ഥിതിക-സാമൂഹിക കാരണങ്ങളാൽ കഴിയുന്നില്ല.

(സി) 2018-19-ൽ കേന്ദ്ര വിഹിതമായി 9241.9 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും കെ.എസ്.ഇ.ബി. ലിമിറ്റഡ് ഏർപ്പെട്ടിട്ടുള്ള ദീർഘകാല കരാറുകളിൽ നിന്ന് 7652.02 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും പവർ എക്സ്ചേഞ്ചുകൾ വഴി 476.99 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും വില കൊടുത്ത് വാങ്ങിയിട്ടുണ്ട്.

## മിഷൻ റീ കണക്ട് പ്രോഗ്രാം

272(678) <u>ശ്രീ. പി. ടി. എ. റഹീം:</u>
<u>ശ്രീ. എം. സ്വരാജ്:</u>
<u>ശ്രീ. ബി. ഡി. ദേവസ്സി:</u>
<u>ശ്രീ. ആന്റണി ജോൺ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയംമൂലം വൈദ്യുതി ഉല്പാദനം, പ്രസരണം, വിതരണം തുടങ്ങിയ മേഖലകളിലുണ്ടായ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി തടസ്സം നേരിട്ട മുഴുവൻ ഉപഭോക്താക്കൾക്കും ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ സാധാരണ അവസ്ഥ പുനഃസ്ഥാപിച്ച് നൽകാൻ ആവിഷ്കരിച്ച മിഷൻ റീ കണക്ട് പ്രോഗ്രാമിന്റെ വിശദാംശം നൽകാമോ;

(സി) പ്രളയം വൈദ്യുതോല്പാദന മേഖലയെ സാരമായി ബാധിച്ച സാഹചര്യത്തിലും ലോഡ് ഷെഡ്ഡിംഗോ പവർകട്ടോ ഇല്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജനറേഷൻ മേഖലയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിലുള്ള ലോവർ പെരിയാർ, ഇടമലയാർ, പൊരിങ്ങൽകുത്ത്, പൊരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ, പന്നിയാർ തുടങ്ങി അഞ്ച് പ്രധാന ജലവൈദ്യുത പദ്ധതികൾക്കും വെള്ളത്തൂവൽ, റാന്നി-പെരുനാട്, ആഢ്യൻപാറ, ബാരാപോൾ, ചെമ്പുകടവ്-II, മാട്ടുപ്പെട്ടി, പെരുന്തേനരുവി, ലോവർ മീൻമുട്ടി, പീച്ചി, ചിമ്മിനി, ഉറുമി-II, വിലങ്ങാട്, പൂഴിത്തോട്, മലമ്പുഴ തുടങ്ങി 14 ചെറുകിട ജലവൈദ്യുത

പദ്ധതികൾക്കും പ്രളയത്തിലും തുടർന്നുണ്ടായ ഉരുൾപൊട്ടലിലും കാര്യമായ നാശനഷ്ടം സംഭവിച്ചിരുന്നു. കൂടാതെ, മൂലമറ്റം, കക്കയം മുതലായ വൻകിട ജലവൈദ്യുത പദ്ധതി പ്രദേശങ്ങളിലും പ്രളയത്തെത്തുടർന്ന് മണ്ണിടിച്ചിലും മറ്റുംമൂലം നാശനഷ്ടങ്ങളും ഉണ്ടായി. ഒട്ടുമിക്ക പദ്ധതി പ്രദേശങ്ങളിലേയ്ക്കുമുള്ള റോഡുകൾ പലതും മണ്ണിടിച്ചിൽമൂലം തകർന്ന അവസ്ഥയിലായിരുന്നതിനാൽ, പവർഹൗസ് പരിസരത്ത് എത്താൻ തന്നെ സാധിക്കാത്ത നിലയിലുമായിരുന്നു.

പ്രവർത്തനരഹിതമായ വൈദ്യുത പദ്ധതികളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി പ്രവൃത്തി പരിചയമുള്ള എഞ്ചിനീയർമാരുൾപ്പെട്ട ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുകയും പ്രധാന ജലവൈദ്യുത പദ്ധതികളായ ലോവർ പെരിയാർ, ഇടമലയാർ, പൊരിങ്ങൽകുത്ത്, പൊരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ, പന്നിയാർ തുടങ്ങി അഞ്ച് പ്രധാന ജലവൈദ്യുത പദ്ധതികൾ എല്ലാം തന്നെ പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. കൂടാതെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന വെള്ളത്തൂവൽ, ബാരാപോൾ, ചെമ്പുകടവ്-II തുടങ്ങിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒഴികെയുള്ള എല്ലാ ചെറുകിട പദ്ധതികളും പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്.

പ്രസരണമേഖലയിൽ പ്രളയക്കെടുതിയെ തുടർന്ന് കേരളത്തിലങ്ങോളമിങ്ങോളം അൻപത് സബ്സ്റ്റേഷനുകളുടെ പ്രവർത്തനം പൂർണ്ണമായോ ഭാഗികമായോ തടസ്സപ്പെട്ടിരുന്നു. 13-ഓളം 110 കെ.വി. സബ്സ്റ്റേഷനുകളുടെയും ഒരു 66 കെ.വി. സബ്സ്റ്റേഷന്റെയും 36-ഓളം 33 കെ.വി. സബ് സ്റ്റേഷനുകളുടെയും പ്രവർത്തനം പൂർണ്ണമായോ ഭാഗികമായോ തടസ്സപ്പെട്ടിരുന്നു. സബ്സ്റ്റേഷനുകളിലെ പ്രസരണ സംവിധാനങ്ങളായ പാനൽ സെറ്റുകൾ, ട്രാൻസ്ഫോർമർ കൺട്രോൾ പാനൽ, ഫീഡർ പാനൽ, ബാറ്ററി, ബാറ്ററി ചാർജർ, ആട്ടോ റീക്ലോസർ, സർക്യൂട്ട് ബ്രേക്കർ തുടങ്ങിയവയും പ്രസരണ ലൈനുകളിൽ കണ്ടക്ടർ സ്നാപ്പിംഗ്, ടെർമിനൽ ടവറുകളുടെ തകർച്ച തുടങ്ങിയവയും കൂടാതെ കോമ്പൗണ്ട് വാൾ, റീടെയിനിംഗ് വാൾ തുടങ്ങിയവയുടെ നാശനഷ്ടം എന്നിവ ഉണ്ടായിട്ടുണ്ട്.

കൂടാതെ പുന്നപ്ര-പള്ളം, കുത്തുങ്കൽ - നേര്യമംഗലം, പള്ളിവാസൽ-ആലുവ, ചാലക്കുടി - പുല്ലഴി, മാടക്കത്തറ – കുന്നമംഗലം, ഇടമലയാർ-അയ്യംപുഴ, ഇടമലയാർ-മലയാറ്റൂർ, ആലുവ-ചാലക്കുടി, ചാലക്കുടി-ട്രാക്ഷൻ സബ് സ്റ്റേഷൻ എന്നീ പ്രധാന പ്രസരണ ഇടനാഴികളുടെയും പ്രവർത്തനം തടസ്സപ്പെടുകയുണ്ടായി. പ്രളയ ദുരന്തത്തിന്റെ ഭാഗമായി വൈദ്യുതിയുടെ ലഭ്യതയിൽ ഏകദേശം 684.9 മെഗാവാട്ട് കുറവുണ്ടായിരുന്നു. കൂടാതെ പ്രസരണ ശൃംഖലയിലെ വിവിധ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്വിച്ച് ഓഫ് ചെയ്യേണ്ടി വന്നിട്ടുണ്ട്.

പ്രസരണ രംഗത്ത് പ്രളയക്കെടുതിയിൽ പ്രാഥമിക കണക്കെടുപ്പ് അനുസരിച്ച് ഏകദേശം 29.77 കോടി രൂപയുടെ നഷ്ടം വന്നതായി കണക്കാക്കിയിട്ടുണ്ട്. പ്രസരണ മേഖലയിലെ സംവിധാനങ്ങൾ പൂർവ്വസ്ഥിതിയിൽ എത്തിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. പ്രസരണ വിഭാഗത്തിലെ ഉന്നത ഓഫീസർമാരുടെ മേൽനോട്ടത്തിൽ വിവിധ സംഘങ്ങൾ രൂപീകരിച്ച് അറ്റകുറ്റപ്പണികൾ നടത്തിയും കേടുപാടുകൾ വന്ന ഉപകരണങ്ങൾ മാറ്റി സ്ഥാപിച്ചും ജോലികൾ യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുത്ത് പൂർത്തീകരിക്കുകയും ചെയ്തു.

2018 ആഗസ്റ്റ് മാസം മദ്ധ്യത്തോടെ കേരളത്തെ പിടിച്ചുകുലുക്കിയ പ്രളയത്തിൽ ഏറ്റവുമധികം നാശനഷ്ടം സംഭവിച്ച മേഖലകളിൽ ഒന്ന് വൈദ്യുതി രംഗമാണ്. പ്രധാനമായും പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട് എന്നിങ്ങനെ ഏഴ് ജില്ലകളിലെ വൈദ്യുത വിതരണം താറുമാറായി. വിതരണ മേഖലയിൽ 1700-ൽപ്പരം ട്രാൻസ്ഫോർമറുകൾ പ്രളയജലത്തിൽ മുങ്ങുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്തിരുന്നു. പതിനായിരത്തിൽപ്പരം ട്രാൻസ്ഫോർമറുകൾ അപകടസാധ്യത മുന്നിൽ കണ്ടുകൊണ്ട് താല്ക്കാലികമായി സ്വിച്ച് ഓഫ് ചെയ്തു. ഇതുമൂലം ആകെ 25.60 ലക്ഷം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സം നേരിട്ടു.

(ബി) പ്രളയക്കെടുതിയിൽ പ്രതിഷ്ഠാപനങ്ങൾക്കുണ്ടായ കേടുപാടുകൾ തീർത്ത് പൂർവ്വസ്ഥിതി കൈവരിക്കുന്നതിന് സാമ്പ്രദായിക മാർഗ്ഗങ്ങൾ അവലംബിക്കുകയാണെങ്കിൽ ആയതിന് മാസങ്ങൾ എടുക്കുമെന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡ് തിരിച്ചറിയുകയും യുദ്ധസമാനമായ സാഹചര്യം മുന്നിൽ കണ്ട് 'മിഷൻ റീകണക്ട്' എന്ന പേരിൽ പ്രത്യേക ദൗത്യ പദ്ധതി രൂപീകരിക്കുകയും ചെയ്തു. തുടർന്ന് വൈദ്യുതി പുനഃസ്ഥാപനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനായി സംസ്ഥാനതലത്തിലും സർക്കിൾ, സെക്ഷൻ തലങ്ങളിലും കർമ്മ സേനകളെ നിയോഗിച്ചു. 2018 ആഗസ്റ്റ് മാസം അവസാനത്തോടുകൂടി തന്നെ പ്രളയജലം പിൻവാങ്ങിയ എല്ലാ പ്രദേശങ്ങളിലുമുള്ള വാസയോഗ്യമായ കെട്ടിടങ്ങളിൽ താൽക്കാലിക മാർഗ്ഗങ്ങളിലൂടെയെങ്കിലും വൈദ്യുതി പുനഃസ്ഥാപിക്കുക എന്നതായിരുന്നു കർമ്മ സേനകളുടെ ലക്ഷ്യം.

ഈ ടാസ്ക് ഫോഴ്സുകൾ വഴി കൂടുതലായി പ്രളയം ബാധിക്കപ്പെട്ട സ്ഥലങ്ങൾ കണ്ടെത്തുകയും നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതിനാവശ്യമായ സാധന സാമഗ്രികളുടെ കണക്കെടുപ്പ് നടത്തുകയും മാനവശേഷി ശരിയായ രീതിയിൽ ഉപയോഗിക്കുവാൻ വിവിധ ടീമുകളെ ഏകോപിപ്പിക്കുകയും പൊതുജനങ്ങൾക്ക് സുരക്ഷാ പരിപാലനത്തിനുവേണ്ട മുൻകരുതലുകൾ കൊടുക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ 20 ലക്ഷം രൂപ വരെയുള്ള സാധനങ്ങൾ വാങ്ങുവാനുള്ള അധികാരം ചീഫ് എഞ്ചിനീയർമാർക്കും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും നൽകിയും ഇ-ടെണ്ടർ നടപടികൾ ഒഴിവാക്കിയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായുള്ള സാധന സാമഗ്രികൾ പ്രളയവുമായി ബന്ധപ്പെട്ടുണ്ടായ വൈദ്യുതി

തടസ്സം പരിഹരിക്കുന്നതിനായി ഉപയോഗിക്കുന്നതിനുള്ള ഉത്തരവുകൾ നൽകിയും സാധന സാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തി. വൈദ്യുതി ബന്ധം പൂർണ്ണമായും പുനഃസ്ഥാപിക്കാൻ സാധിക്കാത്ത വീടുകളിൽ ഒരു ലൈറ്റും പ്ലഗ് പോയിന്റുമുള്ള വൈദ്യുതി കണക്ഷൻ ഉറപ്പുവരുത്താനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിരുന്നു. പ്രളയ ബാധിത പ്രദേശങ്ങളിൽ പൊതുജനങ്ങൾക്കായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഫ്രീ മൊബൈൽ ചാർജിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിരുന്നു.

(സി) 2019-ലെ വേനൽക്കാലത്തെ വർദ്ധിച്ച വൈദ്യുതി ആവശ്യകത നിറവേറ്റാൻ നിലവിലുള്ള ദീർഘകാല കരാറുകൾക്ക് പുറമേ അധിക വൈദ്യുതി കണ്ടെത്തേണ്ടതുണ്ടെന്ന് മുൻകൂട്ടി തന്നെ കണക്കാക്കി താഴെ കാണിച്ച ആവശ്യമായ കരുതൽ നടപടികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വീകരിക്കുകയുണ്ടായി.

1. ആഭ്യന്തര ജലവൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം കാര്യക്ഷമമായി ക്രമീകരിക്കുക വഴി, പദ്ധതി പ്രദേശങ്ങളിലെ വൈദ്യുതി ഉൽപ്പാദനത്തിനുള്ള ജലം വേനൽക്കാലത്തെ അധിക ഉൽപ്പാദനത്തിനായി സംഭരിച്ചു വച്ചു.

2. 2018-ലെ കാലവർഷത്തിൽ ജലവൈദ്യുതി നിലയങ്ങളിലെ പദ്ധതി പ്രദേശത്ത് ലഭിച്ച അധിക നീരൊഴുക്കുമൂലമുള്ള അധിക വൈദ്യുതി ഉൽപ്പാദനം, രാജസ്ഥാൻ ഊർജ്ജ നിഗം ലിമിറ്റഡുമായി ബാങ്കിംഗിൽ ഏർപ്പെട്ട് 102%-മായി വേനൽകാലത്ത് തിരികെ വാങ്ങി.

3. വേനൽക്കാലത്ത് ആവശ്യമായ അധിക വൈദ്യുതി മറ്റ് സംസ്ഥാനങ്ങളുമായി ബാങ്കിംഗിൽ ഏർപ്പെട്ട് 219.6 ദശലക്ഷം യൂണിറ്റ് വേനൽക്കാലത്ത് കേരളത്തിലേയ്ക്ക് കൊണ്ടുവരികയും ചെയ്തു. ഇപ്രകാരം ലഭ്യമായ വൈദ്യുതി, അടുത്ത കാലവർഷ കാലയളവിൽ തിരികെ നൽകുകയും വേണം.

4. നിലവിലെ കരാറുകളിൽ നിന്നുള്ള വൈദ്യുതിയിലും ആഭ്യന്തര ഉൽപ്പാദനത്തിലും വരുന്ന കുറവ് നികത്താനായി ദൈനംദിന ആവശ്യങ്ങൾക്ക് പവർ എക്സ്ചേഞ്ചിൽ നിന്നും താരതമ്യേന കുറഞ്ഞനിരക്കിൽ വൈദ്യുതി വാങ്ങിയിട്ടുണ്ട്.

5. ദീർഘകാല കരാറുകളിൽ നിന്നുള്ള വൈദ്യുതി വേനൽക്കാലത്ത് മുടങ്ങാതെ ലഭിക്കുന്നതിനുവേണ്ടി, സ്വതന്ത്ര വൈദ്യുതി ഉൽപ്പാദകർക്ക് നിരന്തരമായ നിർദ്ദേശങ്ങൾ നൽകി, വേനൽക്കാലത്ത് വൈദ്യുതിയുടെ ലഭ്യത ഉറപ്പുവരുത്തുകയും വേനൽക്കാലത്തെ ജനറേറ്ററുകളുടെ അറ്റകുറ്റപ്പണികൾ മാറ്റിവയ്ക്കാനുള്ള ക്രിയാത്മകമായ ഇടപെടലുകൾ നടത്തുകയും ചെയ്തു.

മേൽപ്പറഞ്ഞ കരുതൽ നടപടികൾ മുൻകൂറായി സ്വീകരിച്ചതുകൊണ്ടാണ് ഈ വേനൽക്കാലത്തെ സംസ്ഥാനത്തെ വർദ്ധിച്ച ഉപഭോഗം (സർവ്വകാല റെക്കോർഡ് 88.1 ദശലക്ഷം യൂണിറ്റും പ്രതിദിനം 4316 MW maximum demand ഏപ്രിൽ മാസത്തിൽ) കെ.എസ്.ഇ.ബി.എൽ.-ന് നിയന്ത്രണങ്ങൾ ഏർപ്പെടുത്താതെ നിറവേറ്റാൻ സാധിച്ചത്.

## മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ

273(679) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ കെ.എസ്.ഇ.ബി. സെക്ഷനുകളിൽ ഇപ്പോൾ നടന്നുവരുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ ഓരോന്നിന്റെയും പുരോഗതികൾ വെളിപ്പെടുത്തുമോ;

(ബി) പുതിയ ട്രാൻസ്ഫോർമറുകളും ലൈൻ കൺവേർഷൻ ജോലികളും പൂർത്തീകരിക്കുവാൻ മെറ്റീരിയൽസിന്റെ ക്ഷാമം അനുഭവപ്പെടുന്നുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം മണ്ഡലത്തിൽ വേങ്ങര, ആനക്കയം, ചട്ടിപ്പറമ്പ, മഞ്ചേരി നോർത്ത് എന്നീ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ സെക്ഷനുകളിൽ ഇപ്പോൾ നടന്നുവരുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ ഓരോന്നിന്റെയും പുരോഗതികൾ താഴെ വിവരിക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിശദാംശം | പുരോഗതി |
|---|---|---|
| (1) | (2) | (3) |
| 1 | വേങ്ങര സെക്ഷന്റെ പരിധിയിൽ അരീക്കുളത്ത് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ-1 എണ്ണം | 95% പൂർത്തീകരിച്ചു |
| 2 | വേങ്ങര സെക്ഷന്റെ പരിധിയിൽ കാഞ്ഞിരക്കടവ്-കുണ്ടാട്ടിൽ 474 മീറ്റർ 11 കെ.വി. ലൈൻ വലിക്കുന്ന പ്രവൃത്തിയും 1 എണ്ണം 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കലും | 95% പൂർത്തീകരിച്ചു |
| 3 | വേങ്ങര സെക്ഷനിൽ മാർക്കറ്റ് റോഡ് വ്യാപാരഭവൻ പരിധിയിൽ 313 മീറ്റർ 11 കെ.വി. ലൈൻ വലിക്കലും 1 എണ്ണം 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കലും | ജൂൺ 2019-ന് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്. |

| (1) | (2) | (3) |
|---|---|---|
| 4 | വേങ്ങര സെക്ഷനിൽ ക്രസന്റ് മണാട്ടി റോഡ് പരിധിയിൽ 200 മീറ്റർ 1 ഫേസ്-ത്രീ ഫേസ് കൺവെർഷൻ വർക്ക് | മാർച്ച് 2019-ന് പൂർത്തീകരിച്ചു. |
| 5 | വേങ്ങര സെക്ഷനിൽ കണാട്ടിപടി-പക്കടപ്പുരായ പരിധിയിൽ 280 മീറ്റർ കൺവെർഷൻ വർക്ക് | 50% പൂർത്തീകരിച്ചു. (പി.പി.എസ്. വർക്ക്) |
| 6 | വേങ്ങര സെക്ഷനിൽ കണാട്ടിപടി-പോത്തുംപെട്ടി പരിധിയിൽ 98 മീറ്റർ കൺവെർഷൻ വർക്ക് | പ്രവൃത്തി തുടങ്ങിയിട്ടില്ല (Objection) |
| 7 | വേങ്ങര സെക്ഷനിൽ അമ്പലമാട് - രാജീവ് ഗാന്ധി റോഡ് പരിധിയിൽ 450 മീറ്റർ കൺവെർഷൻ വർക്ക് | പ്രവൃത്തി ഉടനെ തുടങ്ങുന്നതാണ് |
| 8 | ആനക്കയം സെക്ഷൻ പരിധിയിൽ ഗേറ്റ് പടി മുതൽ പെരിന്ത്ട്ടിരി വരെയുള്ള എച്ച്.റ്റി. ഇന്റർ ലിങ്കിംഗ് വർക്ക് | പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകുകയുണ്ടായി |
| 9 | ആനക്കയം സെക്ഷൻ പരിധിയിൽ കിഴക്കുമ്പറമ്പിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് |
| 10 | ആനക്കയം സെക്ഷൻ പരിധിയിൽ ബിലായിപ്പടിയിൽ ട്രാൻസ്ഫോർ സ്ഥാപിക്കൽ | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് |
| 11 | ആനക്കയം സെക്ഷൻ പരിധിയിൽ ചേപ്പൂരിൽ ട്രാൻസ്ഫോർ സ്ഥാപിക്കൽ | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് |
| 12 | ആനക്കയം സെക്ഷനിൽ ആനക്കയം ടൗൺ പരിധിയിൽ 500 മീറ്റർ 11 കെ.വി. ലൈൻ വലിക്കുന്ന പ്രവൃത്തിയും, 1 എണ്ണം 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കലും | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് |
| 13 | ആനക്കയം സെക്ഷന്റെ പരിധിയിൽ വേങ്ങളൂരിൽ ത്രീ ഫേസ് കൺവേർഷനും നിർമ്മാണവും | 90% പൂർത്തീകരിച്ചു |
| 14 | ആനക്കയം സെക്ഷന്റെ പരിധിയിൽ ചേപ്പൂർ കുമ്മിയിൽ ത്രീ ഫേസ് കൺവേർഷനും നിർമ്മാണവും | പ്രവൃത്തി ആരംഭിച്ചു |
| 15 | മഞ്ചേരി നോർത്ത് സെക്ഷന്റെ പരിധിയിൽ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിൽ 4 കി.മീ. 1 ഫേസ്- ത്രീ ഫേസ് കൺവേഷൻ | |
| 16 | മഞ്ചേരി നോർത്ത് സെക്ഷന്റെ പരിധിയിൽ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിൽ 28 കി.മീ. 1 ഫേസ് റീ കണ്ടക്ടറിംഗ് വർക്ക് | |

| (1) | (2) | (3) |
|---|---|---|
| 17 | മഞ്ചേരി നോർത്ത് സെക്ഷന്റെ പരിധിയിൽ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിൽ 27 കി.മീ. 1 ഫേസ് റീ കണ്ടക്ടറിംഗ് വർക്ക് | എസ്റ്റിമേറ്റ് അംഗീകരിച്ചു. വർക്ക് 2019-20 വർഷത്തിൽ |
| 18 | മഞ്ചേരി നോർത്ത് സെക്ഷന്റെ പരിധിയിൽ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിൽ 18 കി.മീ. 3 ഫേസ് ലൈൻ നിർമ്മാണം | |
| 19 | ചട്ടിപ്പറമ്പ സെക്ഷൻ പരിധിയിൽ പുലിയാട്ടുകളം ട്രാൻസ്ഫോർമറിന് കീഴിൽ 3 ഫേസ് ലൈൻ നിർമ്മാണം | എസ്റ്റിമേറ്റ് അംഗീകരിച്ചു. വർക്ക് 2019-20 വർഷത്തിൽ പൂർത്തീകരിക്കു ന്നതാണ് |
| 20 | ചട്ടിപ്പറമ്പ സെക്ഷൻ പരിധിയിൽ താണിക്കൽ ട്രാസ്ഫോർമറിന് കീഴിൽ ലൈൻ കൺവേർഷൻ | |
| 21 | ചട്ടിപ്പറമ്പ സെക്ഷൻ പരിധിയിൽ മൗലാനാ (ശാന്തിഗ്രാമം) ട്രാസ്ഫോർമറിന് കീഴിൽ എൽ.റ്റി. ലൈൻ കൺവേർഷൻ | എസ്റ്റിമേറ്റ് അംഗീകരിച്ചു. വർക്ക് 2019-20 വർഷത്തിൽ പൂർത്തീകരിക്കുന്നതാണ്. |
| 22 | ചട്ടിപ്പറമ്പ സെക്ഷൻ പരിധിയിൽ വട്ടപ്പറമ്പ ട്രാസ്ഫോർമറിന് കീഴിൽ എൽ.റ്റി. ലൈൻ നിർമ്മാണം | |
| 23 | ചട്ടിപ്പറമ്പ സെക്ഷൻ പരിധിയിൽ മുണ്ടക്കോട് ട്രാസ്ഫോർമറിന് കീഴിൽ എൽ.റ്റി. ലൈൻ നിർമ്മാണം | |
| 24 | ചട്ടിപ്പറമ്പ സെക്ഷൻ പരിധിയിൽ ദേവയാലപ്പടി ട്രാസ്ഫോർമറിന് കീഴിൽ എൽ.റ്റി. ലൈൻ കൺവേർഷൻ | |
| 25 | ചട്ടിപ്പറമ്പ സെക്ഷൻ പരിധിയിൽ ചഞ്ചൽ-ഈസ്റ്റ് കോട്ടൂർ ട്രാസ്ഫോർമറിന് കീഴിൽ എൽ.റ്റി. ലൈൻ ഇന്റർലിങ്കിങ്ങ് | |
| 26 | ചട്ടിപ്പറമ്പ സെക്ഷൻ പരിധിയിൽ മുണ്ടിയന്തര ട്രാസ്ഫോർമറിന് കീഴിൽ എൽ.റ്റി. കൺവെർഷൻ വർക്ക് | |
| 27 | ചട്ടിപ്പറമ്പ സെക്ഷനിൽ മുണ്ടക്കോട്-വലിയപറമ്പ പരിധിയിൽ ട്രാൻസ്ഫോർമർ നിർമ്മാണം | (3) |

| (1) | (2) | |
|---|---|---|
| 28 | ചട്ടിപ്പറമ്പ സെക്ഷനിൽ എടട്ടുപാറ പരിധിയിൽ ട്രാൻസ്ഫോർമർ നിർമ്മാണം | |
| 29 | ചട്ടിപ്പറമ്പ സെക്ഷനിൽ സുഡൻസിറ്റി-പഴങ്കുളം പരിധിയിൽ ട്രാൻസ്ഫോർമർ നിർമ്മാണം | |
| 30 | ചട്ടിപ്പറമ്പ സെക്ഷനിൽ ശാന്ത്രിഗ്രാമം പരിധിയിൽ ട്രാൻസ്ഫോർമർ നിർമ്മാണം | |
| 31 | ചട്ടിപ്പറമ്പ സെക്ഷനിൽ മലപ്പുറം റോഡ് പരിധിയിൽ ട്രാൻസ്ഫോർമർ നിർമ്മാണം | എസ്റ്റിമേറ്റ് അംഗീകരിച്ചു. വർക്ക് 2019-20 വർഷത്തിൽ പൂർത്തീകരിക്കുന്നതാണ്. |

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ ചെയ്യേണ്ട പ്രവൃത്തികൾക്ക് ആവശ്യമായ സാധന സാമഗ്രികളുടെ ലഭ്യത ഉറപ്പാക്കി മുന്നോട്ട് പോകവേ കഴിഞ്ഞ വർഷം ആഗസ്റ്റിലുണ്ടായ മഹാപ്രളയംമൂലം മെറ്റീരിയലുകൾ കൂടുതലായി ആവശ്യം വരികയും പ്ലാൻ വർക്കുകൾക്ക് ആവശ്യമായ മെറ്റീരിയലുകളുടെ ലഭ്യതയിൽ കുറച്ച് കുറവു അനുഭവപ്പെടുകയും ചെയ്തിരുന്നു. ഇപ്പോൾ അത് പരിഹരിച്ചുവരുന്നു.

**മാടക്കത്തറ-നല്ലളം ലൈൻ**

274(680) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം മാടക്കത്തറ-നല്ലളം ലൈനിൽ നടക്കുന്ന പ്രവർത്തികൾ വിശദമാക്കാമോ; പ്രസ്തുത പ്രവർത്തികൊണ്ടുള്ള പ്രയോജനം വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിൽ ടവറുകൾ മാറ്റി സ്ഥാപിക്കുമ്പോൾ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) മാടക്കത്തറ-നല്ലളം ലൈനിലെ പ്രവൃത്തി പൂർത്തിയാകുന്ന തീയതി കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ പുരോഗതിയും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ വിശദാംശങ്ങൾ | പദ്ധതി യുടെ ചെലവ് | പുരോഗതി | പദ്ധതി നിർവ്വഹണ കാലാവധി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | നിലവിലുള്ള 66 കെ.വി. സിംഗിൾ സർക്യൂട്ട് മലപ്പുറം മഞ്ചേരി ലൈൻ മോണോപ്പോൾ ഉപയോഗിച്ച് ഉയർന്ന വൈദ്യുതി വാഹക ശേഷിയുള്ള HTLS conductor ഉപയോഗിച്ച് ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി -10.71 km | 13.5 കോടി രൂപ | പൂർത്തീകരിച്ചു (5-1-2018) | |
| 2a | തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ മുതൽ മലപ്പുറം ജില്ലയിലെ അരീക്കോട് വരെയുള്ള നിലവിലുള്ള 220 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ 400/ 220 കെ.വി. ലൈനായി ശേഷി ഉയർത്തുന്ന പ്രവൃത്തി | 489.85 കോടി രൂപ (PSDF) | ഒന്നാംഘട്ടമായി മാടക്കത്തറ മുതൽ മലാപ്പറമ്പ് വരെയുള്ള 47.006 കി.മീ. ഭാഗം പുതിയ ടവറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായി വരുന്നു. ലൈൻ വലിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. രണ്ടാംഘട്ട മലാപ്പറമ്പ് മുതൽ അരീക്കോട് വരെയുള്ള ഭാഗം ടവർ നിർമ്മാണം പുരോഗമിക്കുന്നു. | ഒന്നാംഘട്ടം 2019 മേയ് 31-ന് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. രണ്ടാംഘട്ടം 2019 നവംബറിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) | (5) |
| --- | --- | --- | --- | --- |
| 2b | മലപ്പുറം ജില്ലയിലെ കിഴിശ്ശേരി മുതൽ കോഴിക്കോട്ജില്ലയിലെ നല്ലളം വരെയുള്ള നിലവിലുള്ള 110 കെ.വി. ലൈൻ 220/ 110 കെ.വി. ലൈനായി ശേഷി ഉയർത്തുന്ന പ്രവൃത്തി-24.128 കി.മീ. | | ഒന്നാംഘട്ടമായി കിഴിശ്ശേരി മുതൽ ചേളാരി വരെയുള്ള 12 കി.മീ. ലൈൻ നിർമ്മാണം പൂർത്തിയായി. രണ്ടാംഘട്ടം ചേളാരി-നല്ലളം ഭാഗം ടവർ നിർമ്മാണം പുരോഗമിക്കുന്നു. | രണ്ടാംഘട്ടം 2019 ജൂൺ 30-ന് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. |
| 3a | കക്കയം മുതൽ നല്ലളം വരെയുള്ള 45 കി.മീ. 110 കെ.വി. ലൈൻ ഉയർന്ന വൈദ്യുതി വാഹക ശേഷിയിലും ഉയർന്ന താപനിലയിലും പ്രവൃത്തിക്കുന്ന HTLS conductor ഉപയോഗിച്ച് ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി | 67.91 കോടി രൂപ (PSDF) | പൂർത്തീകരിച്ചു | |
| 3b | നല്ലളം,മാങ്കാവ്, ചേവായൂർ വെസ്റ്റ് ഹിൽ, കൊയിലാണ്ടി വരെയുള്ള സിംഗിൾ സർക്യൂട്ട് 110 കെ.വി. ലൈൻ ഉയർന്ന വൈദ്യുതി വാഹക ശേഷിയിലും ഉയർന്ന താപനിലയിലും പ്രവർത്തിക്കുന്ന HTLS conductor ഉപയോഗിച്ച് ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി-ഡബിൾ സർക്യൂട്ട് ആയി ശേഷി ഉയർത്തുന്ന പ്രവൃത്തി 32 കി.മീ. | | വെസ്റ്റ് ഹിൽ മുതൽ കൊയിലാണ്ടി വരെയുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. | 2019 ജൂണിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4a | ചിത്തിരപുരം, ആലുവ, കോതമംഗലം, കലൂർ എന്നീ 220 കെ.വി. സബ്സ്റ്റേഷനിലേയ്ക്കുള്ള 110 കെ.വി. ലൈൻ 220 കെ.വി. ലൈനാക്കി ശേഷി ഉയർത്തുന്ന പ്രവൃത്തി | 372.73 കോടി രൂപ (KIIFB) | കോതമംഗലം മുതൽ കറുകടം വരെയുള്ള ഭാഗം പൂർത്തിയായി | 2020 ആഗസ്റ്റിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. |
| 4b | കലൂർ സബ് സ്റ്റേഷനിൽ നിന്ന് ത്തതീയൂർ സബ്സ്റ്റേഷനിലേയ്ക്കുള്ള 220 കെ.വി. ഭൂഗർഭ കേബിൾ | | നിർമ്മാണം പുരോഗമിക്കുന്നു | |
| 5 | മുണ്ടയാട് മുതൽ മൈലാട്ടി വരെയുള്ള 93 കി.മീ 110 കെ.വി. ലൈൻ 220 കെ.വി. ലൈനാക്കി ശേഷി ഉയർത്തുന്ന പ്രവൃത്തി | 229 കോടി രൂപ (KIIFB) | ടെണ്ടർ നടപടികൾ പൂർത്തിയാക്കി | |
| 6 | നിർദ്ദിഷ്ട 220/കെ.വി. കുന്നമംഗലം സബ് സ്റ്റേഷൻ 220 കെ.വി. തലശ്ശേരി സബ് സ്റ്റേഷനിലേയ്ക്കുള്ള 220 കെ.വി. ലൈൻ-33 കി.മീ | 99.268 കോടി രൂപ (KIIFB) | ടെണ്ടർ നടപടികൾ പൂർത്തിയാക്കി | |
| 7 | കൊടുങ്ങല്ലൂർ-ഇരിങ്ങാലക്കുട 220/ 110 കെ.വി. ലൈൻ-15 കി. മീ. | 77.03 കോടി രൂപ (KIIFB) | ടെണ്ടർ നടപടികൾ പൂർത്തിയാക്കി | |
| 8 | 400 കെ.വി. കോട്ടയം സബ്സ്റ്റേഷനിൽ നിന്ന് 220 കെ.വി. ത്തറവൂർ, ഏറ്റുമാനൂർ സബ്സ്റ്റേഷനിലേയ്ക്കുള്ള 220/110 കെ.വി. അന്തബന്ധ ലൈൻ | 96.39 കോടി രൂപ (KIIFB) | ടെണ്ടർ നടപടികൾ പൂർത്തിയാക്കി | |
| 9 | നിർദ്ദിഷ്ട കുന്നംകുളം 220 കെ.വി. സബ്സ്റ്റേഷനിലേയ്ക്കുള്ള വടക്കാഞ്ചേരി-കുന്നംകുളം 220/110 കെ.വി. ലൈൻ | 49.16 കോടി രൂപ (KIIFB) | ടെണ്ടർ നടപടികൾ പൂർത്തിയാക്കി | |

| ടേബിൾ-2-സബ്സ്റ്റേഷൻ പാക്കേജുകൾ ഒന്നാംഘട്ടം | | | | |
|---|---|---|---|---|
| 1 | മഞ്ചേരി, ചാലക്കുടി, കോതമംഗലം, ചിത്തിരപുരം 220 കെ.വി. സബ്സ്റ്റേഷൻ | 138.44 കോടി രൂപ (KIIFB) | നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു | മഞ്ചേരി 2019 മേയ് 31-നും ചാലക്കുടി 2019 സെപ്റ്റംബർ 30-നും കോതമംഗലം 2019 സെപ്റ്റംബർ 30-നും ചിത്തിരപുരം 2020 ജൂലൈയിലും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. |
| 2 | കുന്നമംഗലം-കലൂർ,ആലുവ GIS സബ്സ്റ്റേഷൻ | 224.82 കോടി രൂപ (KIIFB) | നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു | കുന്നമംഗലം 2019 സെപ്റ്റംബർ 30-നും കലൂർ, ആലുവ 2020 ജനുവരിയിലും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. |
| 3 | കോട്ടയം 400 കെ.വി. GIS | 231.03 കോടി രൂപ (KIIFB) | സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിച്ചു വരുന്നു. | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| 4 | കുന്നംകുളം, തലശ്ശേരി 220 കെ.വി. സബ്സ്റ്റേഷൻ | 63 കോടി രൂപ (KIIFB) 65.41 കോടി | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരുന്നു. | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| 5 | വിഴിഞ്ഞം, ഏറ്റുമാനൂർ, 220 കെ.വി. സബ്സ്റ്റേഷൻ | 66.56 കോടി രൂപ (KIIFB) 60.96 കോടി രൂപ | സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരുന്നു. |

(ബി) തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ മുതൽ മലപ്പുറം ജില്ലയിലെ അരീക്കോട് വരെയുള്ള 400/220 കെ.വി. ലൈനും (88.004 കി.മീ) കിഴിശ്ശേരി മുതൽ കോഴിക്കോട് ജില്ലയിലെ നല്ലളം വരെ നിലവിലുള്ള 110 കെ.വി. ലൈൻ 220/110 കെ.വി. ലൈനായി ശേഷി ഉയർത്തുന്ന പ്രവൃത്തി. 24.128 കി.മീ. മാടക്കത്തറ-നല്ലളം, മാടക്കത്തറ-അരീക്കോട് 400/220 കെ.വി. ലൈൻ യാഥാർത്ഥ്യമാകുന്നതോടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള കൂടുതൽ വൈദ്യുതി സംസ്ഥാനത്ത് വിതരണം നടത്താനാകും. കൂടാതെ തൃശ്ശൂർ ജില്ലയിലെ മണ്ണുത്തിയിൽ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്ന PGCIL-ന്റെ ഉടമസ്ഥതയിലുള്ള 2000 മെഗാവാട്ട് HVDC സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതി വടക്കൻ ജില്ലകളിലേക്കും എത്തിക്കാനാകും. ഇതുവഴി വടക്കൻ ജില്ലകളിലെ വൈദ്യുതി ക്ഷാമവും വോൾട്ടേജ് ക്ഷാമവും ഇല്ലാതാകും.

(സി) പുതിയ ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ടവർ സ്ഥാപിക്കുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാരം നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്നുണ്ട്. സ്ഥലത്തിന് സർക്കാർ നിശ്ചയിച്ച ലാൻഡ് വാല്യുവിന്റെ അടിസ്ഥാനത്തിൽ ഭൂമിവിലയുടെ 75 ശതമാനം ഉടമകൾക്ക് നഷ്ടപരിഹാരമായി നൽകുന്നുണ്ട്.

(ഡി) മാടക്കത്തറ നല്ലളം ലൈനിന്റെ പ്രവൃത്തി കരാർ പ്രകാരം 2019 നവംബറിൽ പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു.

## ട്രാൻസ്ഗ്രിഡ്-2 പദ്ധതി

275(681) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തി പ്രസരണ ശേഷി വർദ്ധിപ്പിക്കാനും പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കാനും നടപ്പാക്കി വരുന്ന ട്രാൻസ്ഗ്രിഡ്-2 പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) അധികമായി ഭൂമി ഏറ്റെടുക്കാതെ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയ്ക്കായി കിഫ്ബിയിൽ നിന്നും എന്തെല്ലാം സഹായമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഊർജ്ജ ലഭ്യത വർദ്ധിപ്പിക്കുന്നതിനും തടസ്സരഹിതമായി വൈദ്യുതി ലഭ്യമാക്കുന്നതിനും ഈ പദ്ധതി എത്രമാത്രം പ്രയോജനപ്രദമാകുന്നുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ പുരോഗതിയും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ വിശദാംശങ്ങൾ | പദ്ധതി യുടെ ചെലവ് | പുരോഗതി | പദ്ധതി നിർവ്വഹണ കാലാവധി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | നിലവിലുള്ള 66 കെ.വി. സിംഗിൾ സർക്യൂട്ട് മലപ്പുറം മഞ്ചേരി ലൈൻ മോണോപ്പോൾ ഉപയോഗിച്ച് ഉയർന്ന വൈദ്യുതി വാഹക ശേഷിയുള്ള HTLS conductor ഉപയോഗിച്ച് ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി -10.71 km | 13.5 കോടി രൂപ | പൂർത്തീകരിച്ചു (5-1-2018) | |
| 2a | തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ മുതൽ മലപ്പുറം ജില്ലയിലെ അരീക്കോട് വരെയുള്ള നിലവിലുള്ള 220 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ 400/ 220 കെ.വി. ലൈനായി ശേഷി ഉയർത്തുന്ന പ്രവൃത്തി | 489.85 കോടി രൂപ (PSDF) | ഒന്നാംഘട്ടമായി മാടക്കത്തറ മുതൽ മലാപ്പറമ്പ് വരെയുള്ള 47.006 കി.മീ. ഭാഗം പുതിയ ടവറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായി വരുന്നു. ലൈൻ വലിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. രണ്ടാംഘട്ട മലാപ്പറമ്പ് മുതൽ അരീക്കോട് വരെയുള്ള ഭാഗം ടവർ നിർമ്മാണം പുരോഗമിക്കുന്നു. | ഒന്നാംഘട്ടം 2019 മേയ് 31-ന് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. രണ്ടാംഘട്ടം 2019 നവംബറിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2b | മലപ്പുറം ജില്ലയിലെ കിഴിശ്ശേരി മുതൽ കോഴിക്കോട് ജില്ലയിലെ നല്ലളം വരെയുള്ള നിലവിലുള്ള 110 കെ.വി. ലൈൻ 220/110 കെ.വി. ലൈനായി ശേഷി ഉയർത്തുന്ന പ്രവൃത്തി -24.128 കി.മീ. | | ഒന്നാംഘട്ടമായി കിഴിശ്ശേരി മുതൽ ചേളാരി വരെയുള്ള 12 കി.മീ. ലൈൻ നിർമ്മാണം പൂർത്തിയായി. രണ്ടാംഘട്ടം ചേളാരി-നല്ലളം ഭാഗം ടവർ നിർമ്മാണം പുരോഗമിക്കുന്നു. | രണ്ടാംഘട്ടം 2019 ജൂൺ 30-ന് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. |
| 3a | കക്കയം മുതൽ നല്ലളം വരെയുള്ള 45 കി.മീ. 110 കെ.വി. ലൈൻ ഉയർന്ന വൈദ്യുതി വാഹക ശേഷിയിലും ഉയർന്ന താപനിലയിലും പ്രവൃത്തിക്കുന്ന HTLS conductor ഉപയോഗിച്ച് ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി | 67.91 കോടി രൂപ (PSDF) | പൂർത്തീകരിച്ചു | |
| 3b | നല്ലളം, മാങ്കാവ്, ചേവായൂർ വെസ്റ്റ് ഹിൽ, കൊയിലാണ്ടി വരെയുള്ള സിംഗിൾ സർക്യൂട്ട് 110 കെ.വി. ലൈൻ ഉയർന്ന വൈദ്യുതി വാഹക ശേഷിയിലും ഉയർന്ന താപനിലയിലും പ്രവർത്തിക്കുന്ന HTLS conductor ഉപയോഗിച്ച് ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി-ഡബിൾ സർക്യൂട്ട് ആയി ശേഷി ഉയർത്തുന്ന പ്രവൃത്തി 32 കി.മീ. | | വെസ്റ്റ് ഹിൽ മുതൽ കൊയിലാണ്ടി വരെയുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. | 2019 ജൂണിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4a | ചിത്തിരപുരം, ആലുവ, കോതമംഗലം, കലൂർ എന്നീ 220 കെ.വി. സബ്സ്റ്റേഷനിലേയ്ക്കുള്ള 110 കെ.വി. ലൈൻ 220 കെ.വി. ലൈനാക്കി ശേഷി ഉയർത്തുന്ന പ്രവൃത്തി | 372.73 കോടി രൂപ (KIIFB) | കോതമംഗലം മുതൽ കറുകടം വരെയുള്ള ഭാഗം പൂർത്തിയായി | 2020 ആഗസ്റ്റിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. |
| 4b | കലൂർ സബ് സ്റ്റേഷനിൽ നിന്ന് ഉതീയൂർ സബ്സ്റ്റേഷ നിലേയ്ക്കുള്ള 220 കെ.വി. ഭ്രൂഗർഭ കേബിൾ | | നിർമ്മാണം പുരോഗമിക്കുന്നു | |
| 5 | മുണ്ടയാട് മുതൽ മൈലാട്ടി വരെയുള്ള 93 കി.മീ 110 കെ.വി. ലൈൻ 220 കെ.വി. ലൈനാക്കി ശേഷി ഉയർത്തുന്ന പ്രവൃത്തി | 229 കോടി രൂപ (KII FB) | ടെണ്ടർ നടപടികൾ പൂർത്തിയാക്കി | |
| 6 | നിർദ്ദിഷ്ട 220/കെ.വി. കുന്നമംഗലം സബ് സ്റ്റേഷൻ 220 കെ.വി. തലശ്ശേരി സബ്സ്റ്റേഷനിലേയ്ക്കുള്ള 220 കെ.വി. ലൈൻ-33 കി.മീ | 99.268 കോടി രൂപ (KIIFB) | ടെണ്ടർ നടപടികൾ പൂർത്തിയാക്കി | |
| 7 | കൊടുങ്ങല്ലൂർ-ഇരിങ്ങാലക്കുട 220/110 കെ.വി. ലൈൻ-15 കി. മീ. | 77.03 കോടി രൂപ (KIIFB) | ടെണ്ടർ നടപടികൾ പൂർത്തിയാക്കി | |
| 8 | 400 കെ.വി. കോട്ടയം സബ്സ്റ്റേഷനിൽ നിന്ന് 220 കെ.വി. ഉറവൂർ, ഏറ്റുമാനൂർ സബ്സ്റ്റേഷ നിലേയ്ക്കുള്ള 220/110 കെ.വി. അനുബന്ധ ലൈൻ | 96.39 കോടി രൂപ (KIIFB) | ടെണ്ടർ നടപടികൾ പൂർത്തിയാക്കി | |
| 9 | നിർദ്ദിഷ്ട കുന്നംകുളം 220 കെ.വി. സബ്സ്റ്റേഷനി ലേയ്ക്കുള്ള വടക്കാഞ്ചേരി-കുന്നംകുളം 220/110 കെ.വി. ലൈൻ | 49.16 കോടി രൂപ (KIIFB) | ടെണ്ടർ നടപടികൾ പൂർത്തിയാക്കി | |

| ടേബിൾ-2-സബ്സ്റ്റേഷൻ പാക്കേജുകൾ ഒന്നാംഘട്ടം | | | | |
|---|---|---|---|---|
| 1 | മഞ്ചേരി, ചാലക്കുടി, കോതമംഗലം, ചിത്തിരപുരം 220 കെ.വി. സബ്സ്റ്റേഷൻ | 138.44 കോടി രൂപ (KIIFB) | നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു | മഞ്ചേരി 2019 മേയ് 31-നും ചാലക്കുടി 2019 സെപ്റ്റംബർ 30-നും കോതമംഗലം 2019 സെപ്റ്റംബർ 30-നും ചിത്തിരപുരം 2020 ജൂലൈയിലും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. |
| 2 | കുന്നമംഗലം-കലൂർ,ആലുവ GIS സബ്സ്റ്റേഷൻ | 224.82 കോടി രൂപ (KIIFB) | നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു | കുന്നമംഗലം 2019 സെപ്റ്റംബർ 30-നും കലൂർ, ആലുവ 2020 ജനുവരിയിലും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. |
| 3 | കോട്ടയം 400 കെ.വി. GIS | 231.03 കോടി രൂപ (KIIFB) | സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിച്ചു വരുന്നു. | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| 4 | കുന്നംകുളം, തലശ്ശേരി 220 കെ.വി. സബ്സ്റ്റേഷൻ | 63 കോടി രൂപ (KIIFB) 65.41 കോടി | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരുന്നു. | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| 5 | വിഴിഞ്ഞം, ഏറ്റുമാനൂർ, 220 കെ.വി. സബ്സ്റ്റേഷൻ | 66.56 കോടി രൂപ (KIIFB) 60.96 കോടി രൂപ | സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരുന്നു. |

(ബി) ട്രാൻസ്ഗ്രിഡ് ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട 6 ലൈൻ പാക്കേജിനും 5 സബ്സ്റ്റേഷൻ പാക്കേജും കൂടി 1773.81 കോടി രൂപയുടെ ഫണ്ട് കിഫ്ബി അനുവദിച്ചിട്ടുണ്ട്. ഇതിൻപ്രകാരമാണ് പ്രവൃത്തികൾ പുരോഗമിക്കുന്നത്.

(സി) ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മാടക്കത്തറ അരീക്കോട് 400/220 കെ.വി. ലൈൻ യാഥാർത്ഥ്യമാകുന്നതോടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള കൂടുതൽ വൈദ്യുതി സംസ്ഥാനത്ത് വിതരണം നടത്താനാകും. കൂടാതെ തൃശ്ശൂർ ജില്ലയിൽ മണ്ണുത്തിയിൽ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്ന PGCIL ഉടമസ്ഥതയിലുള്ള രണ്ടായിരം മെഗാവാട്ട് HVDC (എച്ച്.വി.ഡി.സി.) സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതി വടക്കൻ ജില്ലകളിലേയ്ക്ക് എത്തിക്കാനാകും. ഇതുവഴി വടക്കൻ ജില്ലകളിലെ വൈദ്യുതിക്ഷാമവും വോൾട്ടേജ് ക്ഷാമവും ഇല്ലാതാകും. സംസ്ഥാനത്ത് പ്രധാന സബ്സ്റ്റേഷനുകൾ 220 കെ.വി.-യായി ഉയർത്തുകയും അനുബന്ധ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക വഴി വൈദ്യുതി പ്രസരണ നഷ്ടത്തിൽ ഗണ്യമായ കുറവ് പ്രതീക്ഷിക്കുന്നു. കൂടാതെ സംസ്ഥാനത്തെ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുക വഴി തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി വിതരണം ചെയ്യാൻ കഴിയും.

## വൈദ്യുതി ചാർജ്ജ് വർദ്ധനവ്

276(682) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ചാർജ്ജ് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; നിലവിൽ വൈദ്യുതി ചാർജ്ജ് വർദ്ധനവിന് ശിപാർശ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.എൽ. നിലവിൽ എത്ര കോടി രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ്, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, 17-4-2018-ൽ സ്വമേധയാ പുറത്തിറക്കിയ ഉത്തരവിലൂടെ പുതുക്കി നിശ്ചയിച്ചിരുന്നു.

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 5-10-2018-ൽ പുറത്തിറക്കിയ താരിഫ് നിർണ്ണയ ചട്ടങ്ങൾ പ്രകാരം 2018-19-ലും 2020-21-ലും താരിഫ് പരിഷ്കരിക്കുന്നതിനുള്ള അപേക്ഷ, കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് 31-10-2018-ൽ റഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ ആഡിറ്റ് പൂർത്തിയാക്കിയ 2017-18-ലെ കണക്കുകൾ പ്രകാരം 784.09 കോടി രൂപയാണ് നഷ്ടം. 2018-19-ലെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല.

## സമ്പൂർണ്ണ വൈദ്യുതീകരണം

277(683) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിനുശേഷവും പുതിയ അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ തുടർച്ചയെന്നോണം പുതിയതായുള്ള അപേക്ഷകളിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം ആലോചിക്കുമോ;

(സി) വൈദ്യുതി ഉല്പാദനത്തിലും വിതരണത്തിലും ഉള്ള അന്തരം കുറയ്ക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ഇല്ല. സംസ്ഥാന സർക്കാരിന്റെ പ്രധാന വികസന പദ്ധതികളിലൊന്നായ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതികളുടെ നടപ്പുസമയത്ത് വൈദ്യുതി കണക്ഷൻ ലഭിക്കാൻ നിഷ്കർഷിച്ചിട്ടുള്ള വിവിധ രേഖകൾ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അത് പരിഹരിക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിച്ച് സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള ഉത്തരവുകൾ ബോർഡ് പുറപ്പെടുവിക്കുകയുണ്ടായി. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷവും മേൽപ്പറഞ്ഞ ലഘൂകരിച്ച നടപടിക്രമങ്ങൾ അനുസരിച്ചാണ് കണക്ഷനുകൾ നൽകിവരുന്നത്.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി സമയത്ത് ഓരോ നിയോജക മണ്ഡലത്തിലും പദ്ധതി നടപ്പാക്കുന്നതിനുള്ള തുകയുടെ 50 ശതമാനം തുക, തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികജാതി/പട്ടികവർഗ്ഗക്ഷേമ വകുപ്പുകൾ, നിയമസഭാംഗങ്ങളുടെ പ്രത്യേക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട്, സന്നദ്ധ സംഘടനകൾ നൽകുന്ന തുക എന്നിവയിൽ നിന്ന് കണ്ടെത്തുകയും ബാക്കി തുക കെ.എസ്.ഇ.ബി.എൽ. വഹിക്കുകയുമാണ് ചെയ്തിരുന്നത്. ബി.പി.എൽ. വിഭാഗത്തിന് ലൈൻ വലിച്ച് കണക്ഷൻ നൽകുന്നതിനുൾപ്പെടെയുള്ള ചെലവും എ.പി.എൽ. വിഭാഗത്തിന് ലൈൻ വലിക്കുന്നതിനുള്ള ചെലവും പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ നിലവിൽ മറ്റ് പദ്ധതികൾ ഇല്ലാത്തതിനാൽ ബി.പി.എൽ. അപേക്ഷകർക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നും ലൈഫ് മിഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട് പുതുതായി വരുന്ന ബി.പി.എൽ., എസ്.ടി. വിഭാഗങ്ങളിൽപ്പെട്ട ആളുകളുടെ വീടുകളിൽ ഉണ്ടാകുന്ന വർദ്ധന മുൻനിർത്തിയും സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം എന്ന പദവി നിലനിർത്തുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയും ബി.പി.എൽ., എസ്.ടി. വിഭാഗങ്ങൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുവാൻ വേണ്ടി 25-1-2019-ൽ ബോർഡ് ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഇതുപ്രകാരം 1000 വാട്ട് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി നൽകുവാൻ തീരുമാനിക്കുകയും ഇതിനായി 50 കോടി രൂപ ബോർഡ് ഫണ്ടിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ തോതും വിതരണം ചെയ്യുന്ന വൈദ്യുതിയുടെ തോതും തമ്മിൽ അന്തരം നിലനിൽക്കുന്നു. വൈദ്യുത ആവശ്യകതയുടെ ഏകദേശം 30 ശതമാനം മാത്രമേ ആഭ്യന്തര നിലയങ്ങൾ വഴി ഉല്പാദിപ്പിക്കുന്നുള്ളൂ. ഉത്പാദനവും വിതരണവും തമ്മിലുള്ള അന്തരം പരമാവധി കുറയ്ക്കുന്നതിന് വൈദ്യുതി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. നിർമ്മാണത്തിലിരിക്കുന്ന 10 ജലവൈദ്യുത പദ്ധതികൾ വഴി 612.63 ദശലക്ഷം യൂണിറ്റ് വൈദ്യുതി പ്രതീക്ഷിക്കുന്നു. കൂടാതെ 20-ഓളം ചെറുകിട ജലവൈദ്യുത പദ്ധതികൾ പരിഗണനയിലുണ്ട്. ഇതുകൂടാതെ, 2018 ജൂലൈയിൽ സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിൽ' 1000 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി വർദ്ധന ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിൽ പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ വഴി 500 മെഗാവാട്ട്, സ്വകാര്യ ഉത്പാദകരിൽ നിന്നും ബിഡ്ഡിംഗ് മുഖേന 200 മെഗാവാട്ട്, സോളാർ പാർക്കിൽ നിന്നും 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സോളാർ പദ്ധതി വഴി 100 മെഗാവാട്ട്, കനാൽ ടോപ്പ്-ഹൈവേ സോളാർ പദ്ധതികളിൽ നിന്നും 50 മെഗാവാട്ട് എന്നിങ്ങനെയാണ് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു. വൈദ്യുതി ഉല്പാദനത്തിലും വിതരണത്തിലുമുള്ള അന്തരം കുറയ്ക്കുന്നതിനായി ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിലൂടെ വൈദ്യുതി ആവശ്യം കുറയ്ക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. ഇതിനായി എല്ലാ മേഖലകളിലും ഊർജ്ജ സംരക്ഷണ പ്രവർത്തന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതുകൂടാതെ, എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി ചെറുകിട ജലവൈദ്യുത പദ്ധതി വികസിപ്പിച്ച് വൈദ്യുതി ഉല്പാദനം കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

## ആദിവാസി കോളനികളിലെ വൈദ്യുതീകരണം

278(684) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ തലവച്ചപാറ, കുഞ്ചിപ്പാറ, തേര, വാരിയം, ഉറിയംപെട്ടി തുടങ്ങിയ ആദിവാസി കോളനികളിൽ ഇനിയും വൈദ്യുതി ലഭ്യമായിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വന്യമൃഗ ശല്യം രൂക്ഷമായ പ്രസ്തുത കോളനികളിൽ താമസിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി മേൽ പറഞ്ഞ ആദിവാസി കോളനികളിൽ വൈദ്യുതീകരണം നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തലവച്ചപാറ, കുഞ്ചിപ്പാറ എന്നീ ആദിവാസി കോളനികളിൽ പ്രദേശത്തിന്റെ സ്വഭാവമനുസരിച്ച് HT OH ലൈൻ വലിക്കാൻ സാധിക്കുകയില്ല. HT UG കേബിൾ ഉപയോഗിച്ച് ലൈൻ നിർമ്മിക്കുന്നതിന് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാകും. മാത്രമല്ല, ഇങ്ങനെ ലൈൻ നിർമ്മിച്ച് കോളനികളുടെ വൈദ്യുതീകരണം നടത്തുന്നതിന് വനം വകുപ്പിന്റെ അനുമതി വേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ഈ രണ്ട് കോളനികളിലും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്നതിനാണ് തീരുമാനിച്ചത്. ഇതിനുള്ള സർവ്വേ പൂർത്തീകരിച്ചെങ്കിലും കോളനി നിവാസികളുടെ എതിർപ്പുകാരണം നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല.

തേര, വാരിയം, ഉറിയംപെട്ടി എന്നീ ആദിവാസി കോളനികളിലും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെടുത്തി DDG സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള വർക്ക് ഓർഡർ ചീഫ് എഞ്ചിനീയർ (REES) സൺ എനർജി സൊല്യൂഷൻ എന്ന സ്ഥാപനത്തിന് നൽകുകയും വാരിയം, ഉറിയംപെട്ടി എന്നീ ആദിവാസി കോളനികളിൽ ഭാഗികമായി വർക്ക് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തേര കോളനിയിൽ വർക്ക് ആരംഭിച്ചിട്ടില്ല.

## കാസർഗോഡ് നിയോജകമണ്ഡലത്തിൽ പുതുതായി സ്ഥാപിച്ച ട്രാൻസ്ഫോർമറുകൾ

279(685) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാസർഗോഡ് നിയോജക മണ്ഡലത്തിൽ എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി സ്ഥാപിച്ചതും പകരം സ്ഥാപിച്ചതും ഏതെല്ലാം പ്രദേശത്താണെന്ന് വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിൽ ഇനി ഏതെല്ലാം സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ തീരുമാനമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിൽ ഏതെല്ലാം പ്രദേശങ്ങളിൽ പുതുതായി ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ പ്രൊപ്പോസലുകൾ ഉണ്ടെന്നും അവ എപ്പോൾ സ്ഥാപിക്കുമെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് നിയോജകമണ്ഡലത്തിൽ 99 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. പുതുതായി സ്ഥാപിച്ചതും പകരം വച്ചതും കപ്പാസിറ്റി കൂട്ടിയതുമായ ട്രാൻസ്ഫോർമറുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) കാസർഗോഡ് നിയോജക മണ്ഡലത്തിൽ നടപ്പുവർഷത്തിലും വരും വർഷങ്ങളിലും താഴെപ്പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്ന സ്ഥലം | ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്ന വർഷം |
|---|---|---|
| (1) | (2) | (3) |
| 1 | കാന്തിക്കര | 2019-20 |
| 2 | ഇന്ത്യാ ഗേറ്റ് | 2019-20 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) | (3) |
|---|---|---|
| 3 | നെല്ലിക്കുന്ന് ബ്രിഡ്ജ് | 2019-20 |
| 4 | പാലത്തൊട്ടി | 2020-21 |
| 5 | ബാങ്കോട് | 2019-20 |
| 6 | തായലങ്ങാടി | 2019-20 |
| 7 | ചെന്നിക്കര | 2019-20 |
| 8 | ആലംപാടി ബ്രിഡ്ജ് | 2019-20 |
| 9 | പാണാർകുളം | 2019-20 |
| 10 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | 2019-20 |
| 11 | ബംബ്രാണി നഗർ | 2019-20 |
| 12 | പാടി | 2019-20 |
| 13 | മുട്ടത്തോടി ബാങ്ക് | 2019-20 |
| 14 | ബദർ നഗർ | 2019-20 |
| 15 | പടിഞ്ഞാർമൂല | 2019-20 |
| 16 | എൽ.ബി.എസ്. കോളേജ് റോഡ് | 2019-20 |
| 17 | കെട്ടുങ്ങൽ | 2019-20 |
| 18 | അർലടുക്ക കുണ്ടൂർ | 2019-20 |
| 19 | മജക്കാർ | 2019-20 |
| 20 | ബേവിഞ്ച കട്ടാര | 2019-20 |
| 21 | മയ്യങ്കര ടെംബിൾ റോഡ് | 2019-20 |
| 22 | ബേർക്ക | 2020-21 |
| 23 | ചാത്തപ്പാടി | 2020-21 |
| 24 | ബാലടുക്ക | 2020-21 |
| 25 | ഉുക്കിമൂല | 2020-21 |
| 26 | മൂലടുക്ക അങ്കണവാടി | 2021-22 |
| 27 | ചെന്നാംകോട് | 2021-22 |
| 28 | നവജീവൻ സ്കൂൾ | 2019-20 |
| 29 | ബോൽക്കട്ട | 2019-20 |

| (1) | (2) | (3) |
|---|---|---|
| 30 | കോട്ട | 2019-20 |
| 31 | ബെള്ളൂരടുക്ക സ്റ്റേഡിയം | 2019-20 |
| 32 | കടമ്പട്ട | 2020-21 |
| 33 | വറുംമ്പുടി ഏരിയ | 2020-21 |
| 34 | മീനാടിപള്ള | 2020-21 |
| 35 | ചുള്ളിക്കാനം | 2020-21 |
| 36 | കജല | 2021-22 |
| 37 | ചെന്നാർകട്ട | 2021-22 |
| 38 | കർക്കടകകൊല്ലി | 2021-22 |
| 39 | കർമ്മംതൊടി | 2019-20 |
| 40 | മൗവ്വാർ | 2019-20 |
| 41 | ഹിദായത്ത് നഗർ | 2020-21 |
| 42 | ഗാന്ധി നഗർ | 2020-21 |
| 43 | ചെന്നാടി | 2021-22 |

### വെട്ടുവിട്ടക്കാട് ട്രൈബൽ കോളനിയിൽ വൈദ്യുതി

280(686) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ വെട്ടുവിട്ടക്കാട് പട്ടികവർഗ്ഗ കോളനിയിലെ 13 കുടുംബങ്ങൾക്ക് ഇനിയും വൈദ്യുതി ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ലൈൻ വലിച്ച് വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വെട്ടുവിട്ടക്കാട് ട്രൈബൽ കോളനിയിൽ സോളാർ ലൈറ്റുകൾ സ്ഥാപിക്കുവാനും അടിയന്തരമായി വൈദ്യുതി എത്തിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിരപ്പിള്ളിയിലെ വെട്ടുവിട്ടക്കാട് കോളനി കേരള-തമിഴ്നാട് അതിർത്തിയിൽ സ്ഥിതിചെയ്യുന്ന കോളനിയാണ്. നിലവിലുള്ള 11 കെ.വി. ലൈനിൽ നിന്നും വളരെ കൂടുതൽ ദൂരം ലൈൻ വലിച്ച മാത്രമേ ഈ പ്രദേശത്ത് വൈദ്യുതി എത്തിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിന് വലിയ പണച്ചെലവും അതോടൊപ്പം ഫോറസ്റ്റ് അധികൃതരിൽ നിന്നുള്ള അനുമതിയും കൂടി ആവശ്യമായി വരുന്നതിനാൽ ലൈൻ സ്ഥാപിക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ ഈ പ്രദേശങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. പാനലുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും പ്രദേശവാസികളുടെ സഹകരണമില്ലായ്മമൂലം പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

(സി) വെട്ടുവിട്ടക്കാട് കോളനിയിൽ സോളാർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്ന പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ച്, സൺ എനർജി സൊല്യൂഷൻ എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും കോളനിയിൽ സ്ഥാപിക്കാനുള്ള 22 സോളാർ പാനലുകൾ പ്രസ്തുത കോളനി ഉൾപ്പെടുന്ന പരിയാരം സെക്ഷൻ ഓഫീസിൽ കമ്പനി നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രദേശവാസികൾ പരമ്പരാഗത മാർഗ്ഗങ്ങളിലൂടെയുള്ള വൈദ്യുതി മാത്രം മതിയെന്ന് ശഠിക്കുകയും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനെ എതിർക്കുകയും ചെയ്തതിനാൽ ടി സ്ഥാപനം സോളാർ പാനലുകൾ സ്ഥാപിക്കുകയോ അനുബന്ധ ഉപകരണങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.

**ഊർജ്ജ ഉപയോഗം കുറയ്ക്കാൻ പദ്ധതി**

281(687) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u>
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.:</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുവിളക്കുകൾ ഉൾപ്പെടെ എല്ലാ വീടുകളിലും നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സി.എഫ്.എൽ. ഫിലമെന്റ് ബൾബുകൾ മാറ്റി കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലാമ്പുകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി ഊർജ്ജ ഉപയോഗം എത്രകണ്ട് കുറയ്ക്കാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഈ പദ്ധതിയുടെ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തെരുവുവിളക്കുകൾ ഉൾപ്പെടെ എല്ലാ വീടുകളിലും നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സി.എഫ്.എൽ., ഫിലമെന്റ് ബൾബുകൾ എന്നിവ മാറ്റി കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലാമ്പുകൾ ഏർപ്പെടുത്താൻ കേരള സർക്കാർ ഊർജ്ജ കേരള മിഷൻ പദ്ധതി വഴി ലക്ഷ്യമിടുന്നുണ്ട്.

ആദ്യഘട്ടമായി കേരളത്തിലെ എല്ലാ വീടുകളിലെയും ഊർജ്ജകാര്യക്ഷമത കുറഞ്ഞ ഫിലമെന്റ് ബൾബുകൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നതിനായി ഊർജ്ജകേരള മിഷന്റെ കീഴിൽ "ഫിലമെന്റ് രഹിത കേരളം" പദ്ധതി നടപ്പിലാക്കി വരുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും ഇ.എം.സി.-യും ചേർന്നാണ് ഫിലമെന്റ് രഹിത പദ്ധതി നടപ്പിലാക്കുന്നത്.

(ബി) രണ്ടുഘട്ടങ്ങളിലായി 80 ലക്ഷം ഉപഭോക്താക്കൾക്ക് 7.5 കോടി 9 വാട്ട് ബൾബുകളും 3 കോടി 18/20 വാട്ട് ട്യൂബ് ലൈറ്റുകളും വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതുവഴി പീക്ക് ലോഡ് സമയത്ത് ഏകദേശം 300 മെഗാവാട്ട് വരെ വൈദ്യുതി ലാഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പദ്ധതിയുടെ ഭാഗമായി ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള LED ബൾബുകൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുവാനാണ് തീരുമാനിച്ചിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ സംഘങ്ങളുടെയും സഹായത്തോടെ ഉപഭോക്താക്കളുടെ കൈവശമുള്ള സാധാരണ ബൾബുകളും CFL ബൾബുകളും തിരിച്ചെടുത്ത് സുരക്ഷിതമായി സംസ്കരിക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. CFL സുരക്ഷിതമായി സംസ്കരിക്കുന്നത് വഴി വെള്ളത്തിൽ മെർക്കുറി കലരുന്നത് തടയുവാൻ സഹായിക്കും. ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബുകൾ, എൽ.ഇ.ഡി. ട്യൂബുകൾ എന്നിവ ഉപയോഗിക്കുന്നതുവഴി വൈദ്യുതിയുടെ ആവശ്യം കുറയ്ക്കുന്നതിനും അതുവഴി അന്തരീക്ഷത്തിലേയ്ക്ക് വമിക്കുന്ന കാർബൺഡൈ ഓക്സൈഡിന്റെ അളവ് കുറയ്ക്കുന്നതിനും കഴിയുന്നു. ഉപഭോക്താവിന്റെ വൈദ്യുതി ബിൽ കുറയ്ക്കുവാൻ സാധിക്കുന്നു.

## വൈദ്യുതി ബിൽ കുടിശ്ശിക

282(688) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന് ചില വൻകിട കോർപ്പറേറ്റ് സ്ഥാപനങ്ങൾ വൈദ്യുതി ബില്ലിൽ വൻ കുടിശ്ശിക വരുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബോർഡിന് നൽകാനുള്ള ഭീമമായ തുക വർഷങ്ങളായി കുടിശ്ശികയാക്കിയ സ്ഥാപനങ്ങളുടെ പേരു വിവരവും തുകയും ലഭ്യമാക്കുമോ;

(സി) മേൽ സൂചിപ്പിച്ച പ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ബില്ലിലെ കുടിശ്ശിക ഈടാക്കുന്നതിന് എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഭീമമായ തുക കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ നിന്നും തുക തിരിച്ചുപിടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ചില വൻകിട സ്ഥാപനങ്ങൾ കോടതി വ്യവഹാരങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ വൈദ്യുതി കുടിശ്ശിക വരുത്തിയിട്ടുണ്ട്.

(ബി) ബോർഡിന് നൽകാനുള്ള ഭീമമായ തുക വർഷങ്ങളായി കുടിശ്ശികയാക്കിയ സ്ഥാപനങ്ങളുടെ പേര് വിവരവും തുകയും ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(സി) മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ബോർഡിന് 31-3-2019 വരെ കിട്ടാനുള്ള ആകെ കുടിശ്ശിക തുക 357.45 കോടി രൂപയാണ്. ആയതിൽ 227.75 കോടി രൂപയും വിവിധ കോടതികളിൽ കേസ്സുകളിൽപ്പെട്ട് നിൽക്കുന്നതാണ്. ആയതിനാൽ 227.75 കോടി രൂപ ബഹുമാനപ്പെട്ട കോടതികളുടെ തീർപ്പനുസരിച്ച് മാത്രമേ പിരിച്ചെടുക്കുവാൻ സാധിക്കുകയുള്ളൂ. ബാക്കി തുകയായ 129.609 കോടി രൂപയിൽ 52.49 കോടി രൂപ കേരളത്തിലെ വിവിധ റവന്യൂ അധികാരികളുടെ കീഴിൽ റവന്യൂ റിക്കവറി നടപടികൾക്കായി നിലനിൽക്കുന്നവയാണ്. ശേഷിക്കുന്ന തുക പിരിച്ചെടുക്കുന്നതിനായി ഡിസ്കണക്ഷൻ തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾക്ക് നോട്ടീസ് അയച്ചും ഫോൺ മുഖേന ബന്ധപ്പെട്ടും കുടിശ്ശിക സംബന്ധിച്ച വിവരം യഥാസമയം അറിയിക്കുകയും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതുപോലുള്ള കടുത്ത നടപടികൾ കൈക്കൊണ്ടും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ഫിലമെന്റ് രഹിത കേരളം പദ്ധതി

283(689) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി പ്രഖ്യാപിച്ച ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; പദ്ധതി നടത്തിപ്പിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നാളിതുവരെയായി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം നൽകുമോ?

ഉത്തരം

(എ) കാര്യക്ഷമമായ ഊർജ്ജ ഉപഭോഗത്തിലൂടെ ഊർജ്ജ ലഭ്യത ഉറപ്പാക്കുന്നതിനായി കേരള ഗവൺമെന്റ് പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം പദ്ധതി. ഇതിന്റെ പ്രവർത്തനം പ്രാരംഭ ഘട്ടത്തിലാണ്.

തെരുവ് വിളക്കുകൾ ഉൾപ്പെടെ എല്ലാ വീടുകളിലും നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സി.എഫ്.എൽ., ഫിലമെന്റ് ബൾബുകൾ മാറ്റി കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലാമ്പുകൾ നൽകുന്നതിനാണ് കേരള സർക്കാർ ഊർജ്ജ കേരള മിഷന്റെ കീഴിൽ ഫിലമെന്റ് രഹിത കേരളം പദ്ധതി വഴി ലക്ഷ്യമിടുന്നത്.

എനർജി മാനേജ്മെന്റ് സെന്ററും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഈ പദ്ധതി പ്രകാരം ഏകദേശം 7.5 കോടി എൽ.ഇ.ഡി. ബൾബുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്. ഒരു ഗാർഹിക ഉപഭോക്താവിന് ആവശ്യമുള്ളത്ര എൽ.ഇ.ഡി. ബൾബുകൾ നൽകുന്നതാണ്. ഓരോ ഉപഭോക്താക്കൾക്കും നൽകുന്ന എൽ.ഇ.ഡി. ബൾബുകളുടെ വില ഒരു വർഷം നീണ്ടുനിൽക്കുന്ന തുല്യ ഗഡുക്കളായി കെ.എസ്.ഇ.ബി.എൽ. ബിൽ വഴി തിരികെ വാങ്ങാനാണ് ഉദ്ദേശിക്കുന്നത്.

രണ്ടാംഘട്ടത്തിൽ എൽ.ഇ.ഡി. ട്യൂബുകളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു.

(ബി) പദ്ധതിയുടെ ഭാഗമായി ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള എൽ.ഇ.ഡി. ബൾബുകൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ സംഘങ്ങളുടെയും സഹായത്തോടെ ഉപഭോക്താക്കളുടെ കൈവശമുള്ള സാധാരണ ബൾബുകളും സി.എഫ്.എൽ. ബൾബുകളും തിരിച്ചെടുത്ത് സുരക്ഷിതമായി സംസ്കരിക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു.

എനർജി മാനേജ്മെന്റ് സെന്ററും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

കേരള സർക്കാർ ഫിലമെന്റ് രഹിത കേരളം വഴി താഴെപ്പറയുന്ന നേട്ടങ്ങൾ ലക്ഷ്യമാക്കുന്നു:

1. ഊർജ്ജകാര്യക്ഷമത കുറഞ്ഞ ഫിലമെന്റ് ബൾബുകൾ ഒഴിവാക്കുക.
2. ഊർജ്ജകാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബുകൾ, എൽ.ഇ.ഡി. ട്യൂബുകൾ എന്നിവ ഉപയോഗിക്കുന്നതു വഴി വൈദ്യുതിയുടെ ആവശ്യം കുറയ്ക്കുന്നതിനും അതുവഴി അന്തരീക്ഷത്തിലേയ്ക്ക് വമിക്കുന്ന കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് കുറയ്ക്കുന്നതിനും കഴിയുന്നു.
3. പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന മെർക്കുറി അടങ്ങിയ ഫ്ലൂറസെന്റ് വിളക്കുകൾ ഒഴിവാക്കുന്നതിന് സാധിക്കുന്നു.
4. ഉപഭോക്താവിന്റെ വൈദ്യുതി ബിൽ കുറയ്ക്കുവാൻ സാധിക്കുന്നു.

ഈ പദ്ധതി നടപ്പിൽ വരുത്തുന്നതുവഴി പീക്ക് ലോഡ് സമയത്ത് ഏകദേശം 300 മെഗാവാട്ട് വരെ വൈദ്യുതി ലാഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഒരു ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നതിനുള്ള ദർഘാസ് രേഖകളുടെ തയ്യാറാക്കലുകൾ നടന്നുവരുന്നു. ഉപഭോക്താക്കളിൽ നിന്നും എൽ.ഇ.ഡി. ബൾബുകളുടെ ആവശ്യകത സ്വരൂപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതിനായി വൈദ്യുതി ബോർഡിന്റെ ഡിസ്ട്രിബ്യൂഷൻ ഓഫീസുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഉപഭോക്താക്കൾക്ക് ആവശ്യമുള്ള എൽ.ഇ.ഡി. ലൈറ്റുകളുടെയും മറ്റും വിവരങ്ങൾ നൽകാനും രജിസ്റ്റർ ചെയ്യാനും വെബ്സൈറ്റ് വഴിയോ നേരിട്ടോ അവസരം ഒരുക്കിയിട്ടുണ്ട്.

**സൗര പദ്ധതി**

284(690) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന്റെ നിലവിലുള്ള സോളാർ ഉല്പാദനശേഷി വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ച് നടപ്പിലാക്കി വരുന്ന സൗരപദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജമിഷൻ-സൗര' പദ്ധതിയിലൂടെ 1000 മെഗാവാട്ട് വൈദ്യുതി ലക്ഷ്യമിടുന്നു.

ഈ പദ്ധതിയിൽ 2,78,258 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. രജിസ്റ്റർ ചെയ്ത മുഴുവൻ ഉപഭോക്താക്കളേയും നേരിൽ സന്ദർശിച്ച് രജിസ്ട്രേഷൻ സമയത്ത് രേഖപ്പെടുത്തിയ വിവരങ്ങളിൽ പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാനും കെട്ടിടത്തിന്റെ പുരപ്പുറത്ത് സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിലേയ്ക്ക് സാങ്കേതിക സാധ്യത ഉറപ്പുവരുത്തുന്നതിനുമുള്ള ടെക്നിക്കൽ സർവ്വേ ഇപ്പോൾ നടന്നുവരുന്നു. ഇതിനോടകം 2,07,000 ഫീൽഡ് സർവ്വേകൾ പൂർത്തീകരിച്ചുകഴിഞ്ഞു.

**പുരപ്പുറ സൗരോർജ്ജ പാനൽ**

285(691) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് ഓരോ വിഭാഗത്തിൽ നിന്നും എത്ര അപേക്ഷകൾ വയനാട് ജില്ലയിൽ ലഭിച്ചിട്ടുണ്ട്;

(ബി) പുരപ്പുറ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാവും; പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) പുരപ്പുറ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിലേക്കായി വയനാട് ജില്ലയിൽ നിന്ന് ആകെ 21167 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഓരോ വിഭാഗത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് അറിയാനുള്ള തരംതിരിവ് പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) പുരപ്പുറ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 2019 അവസാനത്തോടെ തുടങ്ങുവാനും പാനലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഒരു വർഷത്തിനകം പൂർത്തീകരിക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## തെരുവ് വിളക്ക്

286(692) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണസ്ഥാപനങ്ങൾക്ക് തെരുവുവിളക്ക് കത്തിക്കുന്നതിന് എനർജി ചാർജ് ഏതുവിധേനയാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മീറ്റർ വയ്ക്കാത്ത സ്ഥലത്ത് ട്യൂബ്, ബൾബ്, സി.എഫ്.എൽ, എൽ.ഇ.ഡി. എന്നിവയുടെ ചാർജ് എങ്ങിനെയാണ് കണക്കാക്കുന്നത്;

(സി) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുനിസിപ്പാലിറ്റിയിൽ ഏതെല്ലാം വിധത്തിലുള്ള എത്ര വീതം ലൈറ്റുകളാണ് വൈദ്യുതി ബോർഡിന്റെ കണക്കിലുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ തെരുവ് വിളക്കുകൾ കത്തിക്കുന്നതിനുള്ള എനർജി ചാർജ് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന താരിഫ് ഉത്തരവുകൾക്ക് വിധേയമാണ് ഈടാക്കുന്നത്.

സംസ്ഥാനത്ത് നിലവിൽ പ്രാബല്യത്തിലുള്ള (18-4-2017 മുതൽ) താരിഫ് ഉത്തരവുപ്രകാരം മീറ്റർ സ്ഥാപിച്ചിട്ടില്ലാത്ത തെരുവ് വിളക്കുകൾക്ക് 'LT VIII(A)' എന്ന താരിഫ് കാറ്റഗറിയിലും മീറ്റർ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ 'LT VIII (B)' എന്ന താരിഫ് കാറ്റഗറിയിലും ഉൾപ്പെടുത്തിയാണ് എനർജി ചാർജ് കണക്കാക്കി വരുന്നത്.

LT VIII(A) വിഭാഗത്തിൽ വിളക്കുകളുടെ ഇനം (Type of Lamp), ശേഷി (വാട്ട്സിൽ), ദിവസേന പ്രകാശിക്കുന്ന സമയം (Burning hours/day) എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് എനർജി ചാർജ് കണക്കാക്കുന്നത്. ഓരോ വിഭാഗം വഴി വിളക്കുകൾക്കും ഈടാക്കുന്ന വൈദ്യുതി ചാർജ്ജിന്റെ വിശദാംശങ്ങൾ അനുബന്ധമായി* കൊടുത്തിരിക്കുന്നു.

എന്നാൽ മീറ്റർ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഉപയോഗം കണക്കാക്കിയാണ് വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നത്. വിശദാംശങ്ങൾ അനുബന്ധമായി* കൊടുത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുനിസിപ്പാലിറ്റിയിൽ വൈദ്യുതി ബോർഡിന്റെ കണക്കിലുള്ള വിവിധ തരത്തിലുള്ള ലൈറ്റുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

അൺമീറ്റേർഡ്

| | | | |
|---|---|---|---|
| 1 | ഓർഡിനറി ബൾബ് | 1 X40 വാട്ട്സ് | 375 എണ്ണം |
| 2 | ഫ്ലൂറസെന്റ് ട്യൂബ് | 2 X40 വാട്ട്സ് | 42 എണ്ണം |
| 3 | സോഡിയം വേപ്പർ ലാമ്പ് | 1 X150 വാട്ട്സ് | 3 എണ്ണം |
| 4 | സോഡിയം വേപ്പർ ലാമ്പ് | 1 X250 വാട്ട്സ് | 101 എണ്ണം |
| 5 | സി.എഫ്.എൽ. | 2 X11 വാട്ട്സ് | 749 എണ്ണം |
| 6 | സോഡിയം വേപ്പർ ലാമ്പ് (സെമി. ഹൈമാസ്റ്റ്) | 1 X250 വാട്ട്സ് | 97 എണ്ണം |

മീറ്റേർഡ്

| | | | |
|---|---|---|---|
| 1 | ഫ്ലഡ് ലൈറ്റ് | 1390 വാട്ട്സ് | 1 എണ്ണം |
| 2 | മിനിമം/ലോ/ഹൈമാസ്റ്റ്/ലൈറ്റ് | 360 വാട്ട്സ് | 6 എണ്ണം |
| | | 400 വാട്ട്സ് | 29 എണ്ണം |
| | | 460 വാട്ട്സ് | 2 എണ്ണം |
| | | 480 വാട്ട്സ് | 11 എണ്ണം |
| | | 600 വാട്ട്സ് | 8 എണ്ണം |
| | | 1000 വാട്ട്സ് | 1 എണ്ണം |
| | | 1390 വാട്ട്സ് | 1 എണ്ണം |

## കായംകുളം കെ.എസ്.ഇ.ബി. എൽ. (കിഴക്ക് സെക്ഷൻ)-ന് പുതിയ കെട്ടിടം

287(693) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കെ.എസ്.ഇ.ബി.(കിഴക്ക് സെക്ഷൻ)-ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

കായംകുളം വില്ലേജിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് സ്വന്തമായുള്ള 17 സെന്റ് സ്ഥലത്ത് കായംകുളം ഇലക്ട്രിക്കൽ സബ് ഡിവിഷനാഫീസും കായംകുളം ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷനാഫീസും പ്രവർത്തിക്കുന്നതിന് 262.39 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഇരുനില കെട്ടിടം പണിയുന്നതിന് 28-6-2018-ൽ 81 ലക്ഷം രൂപയുടെ ഭരണാനുമതി ബോർഡ് നൽകിയിരുന്നു.

പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് വർക്ക് അവാർഡ് ചെയ്യുകയും എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. അവിടെ നിലവിലുള്ള പഴയ കെട്ടിടം പൊളിച്ച് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാടാമ്പുഴ കെ.എസ്.ഇ.ബി.എൽ. ഓഫീസ്**

288(694) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കാടാമ്പുഴയിൽ കെ.എസ്.ഇ.ബി.എൽ. ഓഫീസ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത സ്ഥലം വിട്ടുകിട്ടുന്നതിന് വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; സർക്കാരിൽ നിന്നും വൈദ്യുതി ബോർഡിന് ലഭിച്ച കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കാടാമ്പുഴ സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനുവേണ്ടി 15 സെന്റ് ഭൂമി റീസർവ്വേ 180/തനി നമ്പറിൽപ്പെട്ട മേൽ മുറി വില്ലേജ് പരിധിയിലെ റവന്യൂ ഭൂമിയിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി, കാടാമ്പുഴ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് നിർമ്മിക്കുവാൻ വിട്ടുതരണമെന്ന് അപേക്ഷിച്ചുകൊണ്ട് തിരൂർ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും കളക്ടർക്ക് കത്ത് സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സർക്കാരിൽ നിന്നും വൈദ്യുതി ബോർഡിന് കത്തുകളൊന്നും നൽകിയിട്ടില്ല.

## പള്ളുരുത്തി മേഖലയിലെ വൈദ്യുതി പ്രതിസന്ധി

289(695) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ പള്ളുരുത്തി മേഖലയിൽ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി ഉള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രതിസന്ധിയുടെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ നിലവിൽ എത്ര ഉപഭോക്താക്കൾ ഉണ്ട് എന്ന് അറിയിക്കുമോ; ഇവിടെയുള്ള സെക്ഷൻ രണ്ടായി വിഭജിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനുള്ള തടസ്സമെന്തെന്ന് അറിയിക്കുമോ ;

(സി) ഈ മേഖലയിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ആവശ്യമായ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) വൈദ്യുതി തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏപ്രിൽ അവസാനവാരമുണ്ടായ ശക്തമായ കാറ്റും മഴയുംമൂലവും പള്ളുരുത്തിയുടെ ഭൂരിഭാഗം പ്രദേശങ്ങളിലേക്കും വൈദ്യുതി എത്തിക്കുന്ന അരൂർ 110 കെ.വി. സബ് സ്റ്റേഷനിലെ അറ്റകുറ്റപ്പണികൾ കാരണവും അവിടത്തെ ട്രാൻസ്ഫോർമർ കേടായതിനെത്തുടർന്നുണ്ടായ അനുബന്ധ ജോലികളുടെ ഭാഗമായും ഇടക്കൊച്ചി പ്രദേശത്തെ 11 കെ.വി. ലൈനിലുണ്ടായ സാങ്കേതിക തകരാറുകൾമൂലവും വൈദ്യുതി തടസ്സങ്ങളുണ്ടായിട്ടുണ്ട്.

(ബി) നിലവിൽ പള്ളുരുത്തി സെക്ഷനുകീഴിൽ 29,131 ഉപഭോക്താക്കളുണ്ട്. സെക്ഷൻ ഓഫീസ് രൂപീകരണത്തിനായുള്ള ബോർഡ് ഉത്തരവ് പ്രകാരം ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യാത്തതിനാൽ പള്ളുരുത്തി സെക്ഷൻ ഓഫീസ് വിഭജിച്ച് ഇടക്കൊച്ചിയിൽ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ 3-5-2019-ൽ എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്ഷൻ ഓഫീസിന് സൗജന്യമായി കച്ചേരിപ്പടിയിലെ മാർക്കറ്റിന് സമീപം കൊച്ചി കോർപ്പറേഷന്റെ കെട്ടിടം നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിരുന്നുവെങ്കിലും തുടർ നടപടികൾ കോർപ്പറേഷന്റെ ഭാഗത്തുനിന്നും ഇനിയും ഉണ്ടായിട്ടില്ല.

(സി&ഡി) ഈ മേഖലയിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി പള്ളുരുത്തി സെക്ഷൻ പരിധിയിൽ 16 ട്രാൻസ്ഫോർമറുകൾ കപ്പാസിറ്റി കൂട്ടുകയും 4 എണ്ണം പുതുതായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 10 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുള്ള ജോലികൾ പുരോഗമിക്കുന്നു. ദ്യുതി-2021 പദ്ധതിയിൽ കൂടുതൽ ട്രാൻസ്ഫോർമറുകൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. ഐ.പി.ഡി.എസ്., ദ്യുതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 10 കിലോമീറ്റർ കേടായ കണ്ടക്ടറുകൾ മാറ്റുക, 20 കിലോമീറ്റർ എ.ബി. കേബിളുകളിൽ വലിക്കുക, 6 ആർ.എം.യു. സ്ഥാപിക്കുക, ലൈനിലെ അറ്റകുറ്റപ്പണികൾ ചെയ്യുക എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തുകയും അവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**തഴക്കരയിൽ വൈദ്യുതി സെക്ഷൻ ഓഫീസ്**

290(696) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കരയിൽ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രദേശത്ത് വൈദ്യുത പവ്വർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും തഴക്കരയിൽ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം ബോർഡ് പരിശോധിച്ചുവരികയാണ്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നുണ്ട്.

(ബി) നിലവിൽ തഴക്കരയിൽ പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയില്ല.

## പള്ളുരുത്തി സെക്ഷനോഫീസിന്റെ പരിധിയിലെ വൈദ്യുതി പ്രശ്നങ്ങൾ

291(697) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽപ്പെട്ടതും പള്ളുരുത്തി ഇലക്ട്രിക് സെക്ഷനോഫീസിന്റെ പരിധിയിൽപ്പെട്ടതുമായ കൊച്ചിൻ കോർപ്പറേഷന്റെ 13 മുതൽ 21 വരെ ഡിവിഷനുകളിൽ നിരന്തരം വൈദ്യുതി പോകുന്നതിന് കാരണം എന്തെന്ന് വിശദമാക്കാമോ;

(ബി) ഇത് പരിഹരിക്കുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നിർദ്ദേശം ഏതെന്നും ആയത് നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വ്യക്തമാക്കാമോ;

(ഡി) വരുന്ന വർഷകാലവും, സ്ഥലത്തിന്റെ വിസ്തൃതിയും ഉപഭോക്താക്കളുടെ എണ്ണവും കണക്കിലെടുത്ത് പള്ളുരുത്തി ഇലക്ട്രിക് സെക്ഷനോഫീസിൽ കൂടുതൽ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പള്ളുരുത്തി സെക്ഷനോഫീസ് നിലവിലുള്ള കെട്ടിടത്തിൽ നിന്നും മാറുവാൻ അനുവാദം കൊടുത്തിട്ടും പുതിയ കെട്ടിടത്തിനുള്ള ഓഫർ ലഭിച്ചിട്ടും ആയത് മാറാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

### ഉത്തരം

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽപ്പെട്ടതും പള്ളുരുത്തി ഇലക്ട്രിക് സെക്ഷൻ ഓഫീസിന്റെ പരിധിയിൽപ്പെട്ടതുമായ കൊച്ചിൻ കോർപ്പറേഷനിലെ 13 മുതൽ 21 വരെയുള്ള ഡിവിഷനുകൾ പള്ളുരുത്തി-ഇടക്കൊച്ചി മേഖലയിലാണ്. ശക്തമായ കാറ്റും മഴയുംമൂലവും സബ്സ്റ്റേഷനുകളിലും ലൈനുകളിലുമുണ്ടായ അറ്റകുറ്റപ്പണികളും സാങ്കേതിക തകരാറുകളും കാരണം വൈദ്യുതി തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി&സി) ഈ മേഖലയിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി പള്ളുരുത്തി സെക്ഷൻ പരിധിയിൽ 16 ട്രാൻസ്ഫോർമറുകൾ കപ്പാസിറ്റി കൂട്ടുകയും 4 എണ്ണം പുതുതായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 10 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുള്ള ജോലികൾ പുരോഗമിക്കുന്നു. ദ്യുതി-2021 പദ്ധതിയിൽ

കൂടുതൽ ട്രാൻസ്ഫോർമറുകൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. ഐ.പി.ഡി.എസ്., ദ്യുതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 10 കിലോമീറ്റർ കേടായ കണ്ടക്ടറുകൾ മാറ്റുക, 20 കിലോമീറ്റർ എ.ബി. കേബിളുകൾ വലിക്കുക, 6 ആർ.എം.യു. സ്ഥാപിക്കുക ലൈനിലെ അറ്റകുറ്റപ്പണികൾ ചെയ്യുക എന്നീ പ്രവൃത്തികൾ ഉൾപ്പെടുകയും അവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളെല്ലാം തന്നെ പൊതുജനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനാണ് ശ്രമിക്കുന്നത്.

(ഡി) 24-2-2016-ലെ ഉത്തരവ് പ്രകാരം തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ പള്ളുരുത്തി സെക്ഷൻ ഓഫീസും തോപ്പുംപടി സെക്ഷൻ ഓഫീസും വിഭജിച്ച് ഇടക്കൊച്ചിയിൽ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് ബോർഡ് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ബോർഡ് ഉത്തരവുപ്രകാരം ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനാണ് ബോർഡിന്റെ തീരുമാനം. മേൽ സൂചിപ്പിച്ചത് പ്രകാരം വാടകരഹിത കെട്ടിടമോ സ്ഥലമോ ലഭിക്കാത്തതിനാൽ ഇടക്കൊച്ചിയിൽ പുതിയ സെക്ഷൻ ഓഫീസ് ഇതുവരെ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ 3-5-2019-ൽ എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്ഷൻ ഓഫീസിന് സൗജന്യമായി കച്ചേരിപ്പടിയിലെ മാർക്കറ്റിന് സമീപം കൊച്ചി കോർപ്പറേഷന്റെ കെട്ടിടം നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് ഇടക്കൊച്ചി സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതും പള്ളുരുത്തി സെക്ഷനോഫീസിന്റെ പരിധിയിലെ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതുമാണ്.

ഇതുകൂടാതെ വർഷകാലത്തിന് മുന്നോടിയായി വൈദ്യുതി തടസ്സങ്ങൾ പരിഹരിക്കുന്നതിനായി അതാത് സർക്കിളിന് കീഴിൽ Quick Response Team രൂപീകരിക്കുന്നതിനായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുകയും യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതി തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) പുതിയതായി അനുവദിക്കപ്പെട്ടിട്ടുള്ള വാടക കെട്ടിടത്തിൽ സെക്ഷൻ ഓഫീസിന് അനുയോജ്യമായ കമ്പ്യൂട്ടർ നെറ്റ്‌വർക്കിംഗ്, പാർട്ടീഷൻ ജോലികൾ, സ്റ്റോർ മുതലായവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ കെട്ടിടത്തിലേയ്ക്ക് മാറുന്നതാണ്.

## പുതിയ പവർ സ്റ്റേഷനുകൾ

292(698) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര യൂണിറ്റ് വൈദ്യുതി പുതിയതായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) പുതിയ പവർ സ്റ്റേഷനുകൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ സ്വകാര്യ സംരംഭകരുടെ വൈദ്യുത പദ്ധതികൾ ഉൾപ്പെടെ 166.24 മെഗാവാട്ടിന്റെ വർദ്ധന സ്ഥാപിതശേഷിയിൽ വന്നിട്ടുണ്ട്. ആനുപാതികമായ വാർഷിക വൈദ്യുത ഉല്പാദനശേഷി വർദ്ധന 320.67 ദശലക്ഷം യൂണിറ്റാണ്. പദ്ധതികളുടെ പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു.

ഇതുകൂടാതെ ഗ്രിഡ് ബന്ധിതമല്ലാത്ത 4 കെ.ഡബ്ല്യു.-ന്റെ ഈച്ചാംപെട്ടി പൈകോ ജലവൈദ്യുത പദ്ധതിയും ഒരു കെ.ഡബ്ല്യു.-ന്റെ മുരിക്കാശ്ശേരി പൈകോ ജലവൈദ്യുത പദ്ധതിയും കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും ഒരു വർഷം ഏകദേശം 15000 യൂണിറ്റ് വൈദ്യുതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ അനെർട്ടിന്റെ കീഴിലുള്ള പാലക്കാട് കുഴൽമന്ദത്തുള്ള 2 മെഗാവാട്ട് സോളാർ പവർ പ്ലാന്റിൽ നിന്നും 6099400 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചിട്ടുണ്ട്. (12/2016 മുതൽ 28.05.2019 വരെ)

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന് കീഴിൽ ഇപ്പോൾ പള്ളിവാസൽ, തോട്ടിയാർ, അപ്പർ ചെങ്കുളം, ഭൂതത്താൻകെട്ട്, അപ്പർ കല്ലാർ, പെരുവണ്ണാമൂഴി, ചിന്നാർ, ചെങ്കുളം ആഗ്മെന്റേഷൻ, ചാത്തങ്കോട്ടുനട, പഴശ്ശിസാഗർ എന്നീ 10 ജലവൈദ്യുത പദ്ധതികളാണ് നിർമ്മാണത്തിലുള്ളത്. ഈ പദ്ധതികൾ വഴി ആകെ 61.63 ദശലക്ഷം യൂണിറ്റ് അധിക വൈദ്യുതിയാണ് പ്രതീക്ഷിക്കുന്നത്. നിർമ്മാണം നടന്നുവരുന്ന പദ്ധതികൾക്ക് പുറമേ മറ്റ് പദ്ധതികളുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു.

ഇടുക്കിയിലെ നിലവിലുള്ള റിസർവോയർ ഉപയോഗപ്പെടുത്തി മറ്റൊരു 780 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഒരു പുതിയ ഭൂഗർഭ വൈദ്യുതി നിലയം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനത്തിനായി ബോർഡ് തലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി സമർപ്പിച്ച പ്രീ-ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ പദ്ധതിയായ ഇടുക്കി എക്സ്റ്റൻഷൻ സ്കീമിന്റെ DPR (Detailed Project Report) തയ്യാറാക്കുന്നതിനായുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി ഗ്ലോബൽ ടെണ്ടർ ക്ഷണിക്കുന്നതിന് 26-4-2019-ൽ ചേർന്ന ബോർഡ് യോഗം തീരുമാനിച്ചു. ഗ്ലോബൽ ടെണ്ടർ ക്ഷണിക്കുന്നതിനുവേണ്ടിയുള്ള അനുമതിക്കായി സർക്കാരിനെ സമീപിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

കൂടാതെ പരിഗണനയിലുള്ള സൗരോർജ്ജ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

സൗരോർജ്ജ ഉല്പാദനത്തിൽ നിന്നും 1000 മെഗാവാട്ട് അധികമായി ചേർത്തുകൊണ്ട് ഊർജ്ജമിഷനിൽ ഉൾപ്പെട്ടിട്ടുള്ള സൗര എന്ന പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട്, സ്വകാര്യ ഉത്പാദകരിൽ നിന്നും ബിഡ്ഡിംഗ് മുഖേന 200 മെഗാവാട്ട്, സോളാർ പാർക്കിൽ നിന്നും 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ വഴി 100 മെഗാവാട്ട്, കനാൽ ടോപ്പ്-ഹൈവേ സോളാർ പദ്ധതികളിൽ നിന്നും 50 മെഗാവാട്ട് എന്നിങ്ങനെയാണ് വൈദ്യുതി ഉല്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ആയതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ്.

1. 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിലൂടെ ലക്ഷ്യമിട്ട് താത്പര്യമുള്ള ഉപഭോക്താക്കളിൽനിന്നും അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം 2,78,258 ഉപഭോക്താക്കൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു. സർവ്വേ നടപടികൾ പുരോഗമിക്കുന്നു. ഇതുവരെ 2 ലക്ഷത്തിലധികം സർവ്വേകൾ പൂർത്തീകരിച്ചിട്ടുണ്ട്.
2. കേരളത്തിനുള്ളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽ നിന്നും 200 മെഗാവാട്ട് സൗരോർജ്ജം 25 വർഷത്തേക്ക് വാങ്ങുവാൻ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.
3. കാസർഗോഡ് സോളാർ പാർക്കിൽ നടപ്പാക്കുന്ന 50 മെഗാവാട്ട് പദ്ധതിക്ക് THDCL-മായി വൈദ്യുത വാങ്ങൽ കരാറിൽ റഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഏർപ്പെട്ടിട്ടുണ്ട്. ഇതിനായി സർക്കാരിൽ നിന്നും 250 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. പദ്ധതിക്കുള്ള ടെണ്ടർ 5-3-2019-ൽ ക്ഷണിച്ചിട്ടുണ്ട്.

4. കായംകുളത്ത് എൻ.റ്റി.പി.സി. കൈവശമുള്ള ഭൂമി/കായൽ ഉപയോഗപ്പെടുത്തി സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം 92 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി കായംകുളത്ത് എൻ.റ്റി.പി.സി.-യുടെ കൈവശമുള്ള കായൽപരപ്പിൽ സ്ഥാപിക്കുന്നതിന് മുന്നോടിയായി കെ.എസ്.ഇ.ബി.-യും എൻ.റ്റി.പി.സി.-യും തമ്മിൽ വൈദ്യുതി വാങ്ങൽ കരാർ റഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഏർപ്പെട്ടിട്ടുണ്ട്.

5. കേന്ദ്രസർക്കാർ സ്ഥാപനമായ എൻ.എച്ച്.പി.സി. മുഖേന 10 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കുന്നതിനുള്ള വൈദ്യുതി വാങ്ങൽ കരാർ അന്തിമമാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. പദ്ധതിക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. വർക്ക് അവാർഡ് ചെയ്യുന്ന ഘട്ടത്തിലാണ്.

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അധീനതയിലുള്ള വയനാട് ജില്ലയിലെ ബാണാസുര സാഗർ റിസോർവോയർ, ഇടുക്കി ജില്ലയിലെ ചെങ്കുളം, കല്ലാർക്കുട്ടി, ഇടുക്കി, ആനയിറങ്ങൽ, പൊൻമുടി, കുണ്ടള എന്നീ ജലസംഭരണികളിലും ഫ്ലോട്ടിംഗ് സോളാർ പദ്ധതി സ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനങ്ങളായ SECI, NTPC എന്നിവയുമായി ധാരണയായിട്ടുണ്ട്.

ഇതുകൂടാതെ ഗവൺമെന്റ് കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതികൾ (6.385 MW-22 സ്ഥാപനങ്ങളിൽ) മറ്റ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പദ്ധതികൾ (11.10MW 6 സ്ഥലങ്ങളിൽ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏറ്റെടുത്ത് നടത്തിവരുന്നു.

## മറയൂർ സബ്സ്റ്റേഷൻ നിർമ്മാണം

293(699) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർദ്ദിഷ്ട മറയൂർ സബ്സ്റ്റേഷന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്നും അത് എപ്പോൾ പൂർത്തിയാക്കുവാനാകുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

നിർദ്ദിഷ്ട മറയൂർ സബ് സ്റ്റേഷന്റെ സൈറ്റ് നിരപ്പാക്കി, ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിച്ചു. കൺട്രോൾ റൂമിന്റെ നിർമ്മാണം 85 ശതമാനം പൂർത്തിയാക്കി. അനുബന്ധ ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്തു. ഉപകരണങ്ങൾ കിട്ടുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്.

<u>മൂന്നാർ - മറയൂർ 33 കെ.വി. ലൈൻ</u> :- മൂന്നാറിൽ നിന്നും മറയൂരിലേയ്ക്കുള്ള ലൈനിന്റെ രാജമല മുതൽ വാഗുവരൈ വരെയുള്ള റീച്ചിന്റെ നിർമ്മാണം പുരോഗമിക്കുന്നു. മറ്റ് രണ്ട് റീച്ചുകളുടെ പണിയുടെ ടെണ്ടർ ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്.

<u>66 കെ.വി. ലൈൻ</u>:- പള്ളിവാസൽ മുതൽ മൂന്നാർ വരെയുള്ള 66 കെ.വി. ലൈനിന്റെ പ്രൊഫൈൽ സർവ്വേ എടുക്കുന്നു. ലൈൻ റൂട്ട് സ്ഥിരീകരിച്ചു.

<u>66 കെ.വി. സബ്സ്റ്റേഷൻ, മൂന്നാർ</u>:- നിർദ്ദിഷ്ട 66 കെ.വി. മൂന്നാർ സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം കെ.ഡി.എച്ച്.പി. കമ്പനി കെ.എസ്.ഇ.ബി. ലിമിറ്റഡിന് വിട്ടുനൽകിയിട്ടില്ല. വിട്ടുനൽകുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കുന്നതാണ്.

**ആലപ്പാട് സബ്സ്റ്റേഷൻ**

294(700) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട്ട് ഗ്രാമപഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമവും നിരന്തരമുണ്ടാകുന്ന വൈദ്യുതി തകരാറും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇവിടത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ആലപ്പാട് കേന്ദ്രമാക്കി 11 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓച്ചിറ, കരുനാഗപ്പള്ളി (സൗത്ത്) എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധിയിൽ വരുന്ന ആലപ്പാട് പ്രദേശം കടൽത്തീരത്തോട് ചേർന്ന് കിടക്കുന്നതിനാൽ ലൈനുകളിലെ ഇൻസുലേറ്ററുകളും പിന്നുകളും വേഗത്തിൽ തുരുമ്പെടുക്കുന്നതും ക്രോസ്സാമുകൾ നശിക്കുന്നതും വൈദ്യുതി തടസ്സത്തിന് ഇടയാക്കുന്നുണ്ട്. തന്മൂലം ലൈനുകളുടെ അറ്റകുറ്റപ്പണികൾ തുടർച്ചയായി വേണ്ടി വരുന്നതിനാൽ അതും വൈദ്യുതി തടസ്സത്തിന് കാരണമാകുന്നുണ്ട്.

ഇതിന് പരിഹാരമായി ഐ.പി.ഡി.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി 20 കിലോമീറ്റർ ദൂരം എൽ.റ്റി. എബിസി നിർമ്മിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. കൂടാതെ നിലവിലുള്ള എച്ച്.ടി. ഓവർ ഹെഡ് ലൈനുകൾ മുഴുവനും എച്ച്.ടി. എബിസി കേബിളുകളാക്കുന്ന പ്രവൃത്തികൾ ഐ.പി.ഡി.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ഉടൻ തുടങ്ങുന്നതുമാണ്.

(സി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആലപ്പാട്ട് പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നത് 66 കെ.വി. കരുനാഗപ്പള്ളി സബ്സ്റ്റേഷനിൽ നിന്നും ഓച്ചിറ 33 കെ.വി. സബ്സ്റ്റേഷനിൽ നിന്നുമാണ്. ഓച്ചിറ സബ്സ്റ്റേഷൻ 110 കെ.വി.-യിലേയ്ക്ക് ഉയർത്താനുള്ള പദ്ധതി ട്രാൻസ്ഗ്രിഡ് ഡൗൺസ്ട്രീം പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കരുനാഗപ്പള്ളി സബ്സ്റ്റേഷൻ 110 കെ.വി.-യിലേയ്ക്ക് ഉയർത്തുന്ന ജോലികൾ പുരോഗമിക്കുന്നു. ഈ പ്രദേശത്തെ വൈദ്യുതി ഉപയോഗവും ഉപഭോക്താക്കളുടെ എണ്ണവും കണക്കാക്കിയ പ്രകാരം പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ ലോഡ് ഡിമാന്റ് നിലവിലില്ല. ആയതിനാൽ നിലവിൽ ആലപ്പാടിൽ പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

**തൊഴുക്കൽ സബ്സ്റ്റേഷൻ**

295(701) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര തൊഴുക്കൽ സബ്സ്റ്റേഷൻ 110 കെ. വി. ആയി ഉയർത്തുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ 110 കെ. വി. ആയി ഉയർത്തുമ്പോൾ കെ.എസ്.ഇ.ബി.എൽ- ന് വരുന്ന അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ 2019 സെപ്റ്റംബർ മാസത്തിനു മുൻപ് പൂർത്തികരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര തൊഴുക്കൽ സബ് സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്ന പ്രവൃത്തിയുടെ ഒന്നാംഘട്ടം പൂർത്തിയായി. 12.5 എം.വി.എ. ശേഷിയുള്ള ഒരു ട്രാൻസ്ഫോർമറും നെയ്യാറ്റിൻകര പാറശ്ശാല 110 കെ.വി. ലൈൻ-1 ഉം 30-4-2019-ൽ ചാർജ് ചെയ്ത് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി 1823 ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി നൽകിയത്.

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ 2019 സെപ്റ്റംബർ മാസത്തിന് മുമ്പ് പൂർത്തീകരിക്കാൻ സാധിക്കും.

## നെയ്യാറ്റിൻകര ഊട്ടുപോക്കിരിയിൽ 33 കെ.വി. സബ്സ്റ്റേഷൻ

296(702) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിലെ ഊട്ടുപോക്കിരിയിൽ 33 കെ.വി സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പഠന റിപ്പോർട്ട് പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) 33 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനെക്കുറിച്ച് പഠനം നടത്തുന്നതിന് ആരെയാണ് കെ.എസ്.ഇ.ബി.എൽ. ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ; ഇതിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിലെ ഊട്ടുപോക്കിരിയിൽ 33 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സാധ്യതാപഠനം നടത്തിയിട്ടുണ്ട്.

(ബി) സാധ്യതാപഠനം ട്രാൻസ്മിഷൻ സർക്കിൾ തിരുവനന്തപുരം ഓഫീസിൽ നിന്നുമാണ് നടത്തിയത്. ട്രാൻസ്ഗ്രിഡ് ഡൗൺ സ്കീം പ്രവൃത്തികളിൽ പൂവാർ 33 കെ.വി. സബ് സ്റ്റേഷൻ 110 കെ.വി.-യിലേയ്ക്ക് ഉയർത്തുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം വിഴിഞ്ഞം 220 കെ.വി. സബ് സ്റ്റേഷനിൽ നിന്നും 110 കെ.വി. ലൈൻ വലിക്കുന്നതും പാറശ്ശാല 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും 33 കെ.വി. ലൈനിന്റെ ശേഷി 110-ലേയ്ക്ക് ഉയർത്തുന്നതുമായ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കിയാൽ ഊട്ടുപോക്കിരിയിൽ 33 കെ.വി. സബ്സ്റ്റേഷന്റെ ആവശ്യകത വരികയില്ലെന്ന് സാധ്യതാപഠനം കണ്ടെത്തിയിട്ടുള്ളതാണ്. ആയതിനാൽ ഊട്ടുപോക്കിരിയിൽ 33 കെ.വി. സബ്സ്റ്റേഷൻ നിലവിലുള്ള പ്ലാനുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## കേരള പുനർനിർമ്മിതിയുടെ ഭാഗമായി സഹകരണ വകുപ്പ് മുഖേന നിർമ്മിച്ച വീടുകൾ

297(703) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരള പുനർനിർമ്മിതിയുടെ ഭാഗമായി സഹകരണ വകുപ്പ് മുഖേന എത്ര വീടുകൾ നിർമ്മിച്ച് നല്കുന്നതിനാണ് നിശ്ചയിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര വീടുകൾ ഇതിനകം പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പ്രളയാനന്തര കേരള പുനർ നിർമ്മിതിയുടെ ഭാഗമായി സഹകരണ വകുപ്പ് മുഖേന ആദ്യഘട്ടത്തിൽ 2040 വീടുകൾ നിർമ്മിച്ചു നൽകുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്.

(ബി) ഇതിൽ 1124 വീടുകൾ ഇതിനകം പൂർത്തീകരിച്ചു. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നം. | ജില്ല | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 40 |
| 2 | കൊല്ലം | 38 |
| 3 | പത്തനംതിട്ട | 84 |
| 4 | ആലപ്പുഴ | 30 |
| 5 | കോട്ടയം | 79 |
| 6 | ഇടുക്കി | 56 |
| 7 | എറണാകുളം | 190 |
| 8 | തൃശ്ശൂർ | 276 |
| 9 | പാലക്കാട് | 139 |
| 10 | മലപ്പുറം | 70 |
| 11 | കോഴിക്കോട് | 42 |
| 12 | വയനാട് | 54 |
| 13 | കണ്ണൂർ | 19 |
| 14 | കാസർഗോഡ് | 7 |
| | ആകെ | 1124 |

## കെയർ ഹോം പദ്ധതി പ്രകാരം വീടുകൾ

298(704) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതി പ്രകാരം വിവിധ സഹകരണ ബാങ്കുകൾ വഴി എത്ര വീടുകളാണ് നിർമ്മിച്ചുനൽകാൻ പദ്ധതിയിട്ടത്; ഇവയിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി; അവശേഷിക്കുന്നവ എന്നത്തേയ്ക്ക് നൽകാനാവും എന്ന് പറയാമോ;

(ബി) കെയർ ഹോം പദ്ധതി പ്രകാരം വീട് നിർമ്മിക്കാനായി എത്ര സ്ഥാപനങ്ങളാണ് മുന്നോട്ട് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പത്തനംതിട്ട ജില്ലയിൽ എത്ര സഹകരണ സംഘങ്ങളാണ് ഇത്തരത്തിൽ വീട് നിർമ്മിക്കാനായി മുന്നോട്ട് വന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) കെയർഹോം പദ്ധതി പ്രകാരം വിവിധ സഹകരണ ബാങ്കുകൾ വഴി ആദ്യഘട്ടത്തിൽ 2040 വീടുകൾ നിർമ്മിച്ച് നൽകുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇവയിൽ 1124 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിക്കഴിഞ്ഞു. അവശേഷിക്കുന്നവയുടെ നിർമ്മാണം 2019 ജൂൺ 30-നകം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) കെയർഹോം പദ്ധതി പ്രകാരം വീട് നിർമ്മിക്കാനായി സംസ്ഥാനത്തൊട്ടാകെ 789 സഹകരണ സ്ഥാപനങ്ങളാണ് മുന്നോട്ട് വന്നിട്ടുള്ളത്.

(സി) പത്തനംതിട്ട ജില്ലയിൽ 64 സഹകരണ സംഘങ്ങളാണ് ഇത്തരത്തിൽ വീട് നിർമ്മിക്കാനായി മുന്നോട്ട് വന്നത്. വീട് നിർമ്മാണം ഏറ്റെടുത്തിരിക്കുന്ന സഹകരണ സംഘം/ബാങ്കുകളുടെ പേരും അവർ നിർമ്മിച്ചു നൽകുന്ന വീടുകളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.*

## കെയർ പദ്ധതി

299(705) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ വീടുകൾ നശിച്ചവർക്ക് സഹകരണ വകുപ്പിന്റെ കീഴിൽ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി (കെയർ ) ആവിഷ്കരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എത്ര വീടുകൾ നിർമ്മിച്ച നൽകുവാനാണ് പദ്ധതി ആവിഷ്കരിച്ചതെന്നും 2019 ഏപ്രിൽ 30 വരെ എത്ര വീടുകൾ പൂർത്തിയാക്കിയെന്നും വ്യക്തമാക്കുമോ;

(സി) കെയർ പദ്ധതിയിൻകീഴിൽ നിർമ്മിക്കുന്ന വീടുകൾക്ക് ആവശ്യമുള്ള നിർമ്മാണസാമഗ്രികൾ പ്രത്യേക സ്ഥാപനങ്ങളിൽ നിന്ന് മാത്രമേ വാങ്ങാവൂ എന്ന് നിഷ്കർഷിച്ചിരുന്നുവോ; എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളെ എപ്രകാരമാണ് തെരഞ്ഞെടുത്തതെന്നും അതിനുള്ള മാനദണ്ഡം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയത്തിൽ വീടുകൾ നശിച്ചവർക്ക് സഹകരണ വകുപ്പിന്റെ കീഴിൽ വീട് നിർമ്മിച്ച് നൽകുന്നതിനായി കെയർ ഹോം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ആദ്യഘട്ടത്തിൽ 2040 വീടുകൾ നിർമ്മിച്ച നൽകുവാനാണ് പദ്ധതി ആവിഷ്കരിച്ചത്. 2019 ഏപ്രിൽ 30 വരെ 876 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി) ഇല്ല. ബാധകമല്ല.

**കൽപ്പറ്റ മണ്ഡലത്തിലെ കെയർഹോം പദ്ധതി**

300(706) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതി പ്രകാരം കൽപ്പറ്റ മണ്ഡലത്തിൽ അനുവദിക്കപ്പെട്ട വീടുകളുടെ എണ്ണം എത്രയാണ്; വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായി;വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കെയർഹോം പദ്ധതി പ്രകാരം കൽപ്പറ്റ മണ്ഡലത്തിൽ അനുവദിക്കപ്പെട്ട വീടുകളുടെ എണ്ണം 34 ആണ്.

(ബി) കെയർഹോം പദ്ധതി പ്രകാരം കൽപ്പറ്റ മണ്ഡലത്തിൽ അനുവദിക്കപ്പെട്ട 34 വീടുകളിൽ 25 വീടുകളുടെ നിർമ്മാണം നിലവിൽ പൂർത്തിയായിട്ടുണ്ട്. 7 വീടുകളുടെ നിർമ്മാണം 2019 മേയ് 31-നകവും അവശേഷിക്കുന്ന 2 വീടുകളുടെ നിർമ്മാണം 2019 ജൂൺ 20-നകവും പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

## സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് മുറി

301(707) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ സഹായത്തോടെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറി, ഊർജ്ജക്ഷമതയുള്ള അടുപ്പ് എന്നിവ സ്ഥാപിക്കുന്ന പദ്ധതിയിലേയ്ക്ക് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നിന്നും ഏതെല്ലാം സ്കൂളുകളെയാണ് നിർദ്ദേശിച്ചിരിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) സഹകരണ വകുപ്പിന്റെ സഹായത്തോടെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് മുറി സ്ഥാപിക്കുന്ന പദ്ധതിയിലേയ്ക്ക് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിരുന്നത് ഗവൺമെന്റ് എൽ.പി.എസ്. എഴുകോൺ ആണ്.

(ബി) സഹകരണ വകുപ്പ് മുഖാന്തരം ഒരു നിയോജകമണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലേയും എം.എൽ.എ.-മാർ ലഭ്യമാക്കുന്ന ലിസ്റ്റും നടപ്പാക്കുവാൻ സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു.

എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം സ്മാർട്ട് ക്ലാസ്സ് മുറികൾ നിർമ്മിച്ചു നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ടി സ്കൂളിൽ നിർമ്മാണ പ്രവർത്തനത്തിന് ധനസഹായം നൽകുന്നത് എഴുകോൺ സർവ്വീസ് സഹകരണ ബാങ്ക് ആണ്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കൊല്ലം ജോയിന്റ് രജിസ്ട്രാർ (ജനറൽ) നിർദ്ദേശവും നൽകിയിട്ടുണ്ട്.

## പ്രളയദുരിതബാധിതർക്ക് ഭവനനിർമ്മാണത്തിന് പദ്ധതി

302(708) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരിതബാധിതർക്ക് ഭവനനിർമ്മാണപദ്ധതി പ്രകാരം സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ എത്ര വീടുകൾ നിർമ്മിക്കാനുള്ള നടപടികൾ ആരംഭിച്ചുവെന്നും എത്ര വീട് പൂർത്തിയായെന്നും വ്യക്തമാക്കാമോ;

(ബി) ഇതിന്റെ പഞ്ചായത്ത്/ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(സി) ഓരോ വീടിനും എത്ര രൂപ വീതമാണ് നൽകുന്നത്;വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രളയ ദുരിതബാധിതർക്ക് ഭവനനിർമ്മാണ പദ്ധതി പ്രകാരം സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ 2040 വീടുകൾ നിർമ്മിക്കാനുള്ള നടപടികൾ ആരംഭിച്ചു. നിലവിൽ 1124 വീടുകൾ പൂർത്തിയാക്കി.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

(സി) ഓരോ വീടിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുക ഉൾപ്പെടെ 5 ലക്ഷം രൂപ വീതമാണ് അനുവദിക്കുന്നത്. കൂടാതെ ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ നിർമ്മിക്കുന്ന 67 വീടുകൾക്ക് അടിസ്ഥാന നിർമ്മാണത്തിന് അധിക തുക ആവശ്യമാണെന്ന സാങ്കേതിക വിദഗ്ദ്ധരുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അധിക ധനസഹായമായി 31,18,182 രൂപയും അനുവദിച്ചിട്ടുണ്ട്.

## സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് ആദായ നികുതി

303(709) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരിനൊപ്പം ബാങ്ക് എന്ന് ചേർത്തിട്ടുള്ള സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് ആദായ നികുതി നൽകേണ്ടിവരുമെന്ന ആദായനികുതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വകുപ്പിന്റെ നിലപാട് പ്രാഥമിക സഹകരണ സംഘങ്ങളെ ഏതുവിധത്തിലായിരിക്കും ബാധിക്കുന്നത്; വിശദമാക്കുമോ;

(ബി) ജില്ലാ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് നികുതി നൽകുമ്പോൾ അതിന്റെ ബാദ്ധ്യത ജില്ലാ ബാങ്കുകളാണോ അതോ പ്രാഥമിക സംഘങ്ങളാണോ വഹിക്കേണ്ടത്; വ്യക്തമാക്കുമോ;

(സി) കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്ന് ആദായ നികുതി ഈടാക്കരുതെന്ന കോടതിയുടെയും ആദായ നികുതി ട്രിബ്യൂണലിന്റെയും വിധിയുടെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) സഹകരണ സംഘങ്ങൾ പേരിനൊപ്പം ബാങ്ക് എന്ന് ചേർക്കരുതെന്ന റിസർവ് ബാങ്കിന്റെ കർശന നിർദ്ദേശം നിലവിലുള്ളപ്പോൾ പുതിയ സംഘങ്ങളുടെ രജിസ്ട്രേഷൻ സമയത്ത് ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരാത്ത എല്ലാ സഹകരണ സംഘങ്ങൾക്കും ആദായ നികുതി ഇളവ് അനുവദിക്കാവുന്നതാണെന്ന് 1961-ലെ ഇൻകംടാക്സ് ആക്ടിലെ വകുപ്പ് 80 (പി) (2)-ൽ പ്രതിപാദിച്ചിരുന്നു. എന്നാൽ 2006-ലെ ഫിനാൻസ് ആക്ട് ഭേദഗതി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആദായ നികുതി ഇളവ് ആനുകൂല്യം നിഷേധിക്കപ്പെട്ടു. നിലവിൽ 80 (പി) യുടെ ആനുകൂല്യം ലഭിക്കുന്ന പി.എ.സി.എസ്., പി.സി.എ.ആർ.ഡി.ബി. എന്നിവയുടെ ആനുകൂല്യം നഷ്ടമായാൽ ആയത് ടി സഹകരണ സംഘങ്ങളുടെ അംഗങ്ങൾക്ക് ലഭിക്കുന്ന ഡിവിഡന്റിൽ കുറവ് വരുന്നതിനും ലാഭത്തിൽ നിന്നും വകമാറ്റുന്ന മറ്റ് ഫണ്ടുകളെ ദോഷകരമായി ബാധിക്കുകയും ചെയ്യും. കൂടാതെ സഹകരണ സംഘങ്ങളിലെ സാധാരണക്കാരുടെ നിക്ഷേപങ്ങൾക്ക് ആദായനികുതി നൽകേണ്ടി വരുമെന്ന ആദായ നികുതി വകുപ്പിന്റെ നിലപാട് ബാങ്കിന് നിക്ഷേപകരെ നഷ്ടപ്പെടുന്നതിനും സഹകരണ ബാങ്കുകളുടെ പ്രവർത്തന മൂലധനത്തെയും നിക്ഷേപത്തെയും തന്മൂലം പ്രവർത്തനത്തെയും ദോഷകരമായി ബാധിക്കും.

(ബി) നിലവിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ ജില്ലാ ബാങ്കിലെ നിക്ഷേപങ്ങൾക്ക് ആദായ നികുതി ഈടാക്കുന്ന പക്ഷം ആയതിന്റെ ബാധ്യത നിക്ഷേപം നൽകിയ പ്രാഥമിക സഹകരണ സംഘങ്ങൾ വഹിക്കേണ്ടി വരും.

(സി) 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 133 (6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ആദായ നികുതി വകുപ്പ് അധികൃതരുടെ നോട്ടീസുകളെ ചോദ്യം ചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത അപ്പീൽ തീർപ്പാക്കി ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായ നികുതി നിയമത്തിലെ വകുപ്പ് 133 (6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ശേഖരിക്കാനുള്ള ആദായ നികുതി വകുപ്പിന്റെ അധികാരം ശരിവച്ചിട്ടുണ്ട്. ആദായ നികുതി നിയമത്തിൽ 80 പി (4) കൂട്ടിച്ചേർക്കപ്പെട്ടതോടെ 2007-08 മുതൽ ആദായ നികുതി വകുപ്പ് ടി നിയമത്തിലെ 80 പി (2) പ്രകാരമുള്ള ആനുകൂല്യം നിഷേധിക്കുകയാണ്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിരവധി കേസ്സുകൾ ഫയൽ ചെയ്യപ്പെടുകയും വിശദമായ വിശകലനത്തിനുശേഷം വിധി പ്രസ്താവിച്ചിട്ടുള്ളതും പല കേസ്സുകളും ഇപ്പോൾ തുടരുന്നതുമാണ്. ആർ.ബി.ഐ.-യുടെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് മാത്രമേ ആദായ നികുതി നിയമത്തിലെ 80 പി (4) ബാധകമാകുകയുള്ളൂ എന്ന് പല വിധികളിലും വിശദമാക്കിയിട്ടുണ്ട്.

2006-ലെ ഫിനാൻസ് ആക്ടിലൂടെ ആദായ നികുതി നിയമത്തിലെ 80 പി ഭേദഗതി ചെയ്ത് 1-4-2007 മുതൽ ഉപവകുപ്പ് 4 കൂടി ചേർത്ത് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളതിനാൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ ബാങ്കുകൾക്ക് 80 പി അനുസരിച്ചുള്ള ആദായ നികുതി ഇളവ് നൽകേണ്ടതില്ലായെന്ന് ഇൻകം ടാക്സ് വകുപ്പിന്റെ 20-9-2010-ലെ 6/2010 (FNo.173(3)/44/2009-IT (A-I)) സർക്കുലർ പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാഥമിക കാർഷിക സംഘങ്ങളായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുവെങ്കിലും ടി സംഘങ്ങളുടെ അറ്റാദായത്തിലെ ഭൂരിഭാഗവും കാർഷികേതര പ്രവർത്തനങ്ങളിൽ നിന്നും നേടുന്നതാണെന്ന വാദമുന്നയിച്ചാണ് ആദായനികുതി വകുപ്പ് പലപ്പോഴും അർഹമായ ആനുകൂല്യം നിഷേധിക്കുന്നതും കോടതി കേസുകളിൽ സംഘങ്ങൾക്കെതിരായി വിധി സമ്പാദിക്കുന്നതും. ഇൻകം ടാക്സ് ആക്ട് ഒരു കേന്ദ്ര നിയമം ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ നിയമത്തിലെ വ്യവസ്ഥകളിന്മേൽ ഇടപെടാൻ പരിമിതികളുണ്ട്. എന്നിരുന്നാലും സഹകരണ മേഖലയെന്നത് സമ്പദ് വ്യവസ്ഥയെയും ജനങ്ങളുടെ വരുമാനം, തൊഴിൽ തുടങ്ങി സമൂഹത്തിലെ സമസ്ത മേഖലകളെയും ബാധിക്കുന്നതാകയാൽ ആദായനികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആദായനികുതി ഇളവ് ലഭ്യമാകുന്നതിന് 2-7-2018-ൽ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് സഹകരണ വകുപ്പുമന്ത്രി കത്ത് നൽകിയിട്ടുണ്ട്.

(ഡി) കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ 1969-ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമ പ്രകാരം പുതുതായി സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകുമ്പോൾ ബാങ്ക് എന്ന പദം പേരിനോട് ചേർത്ത് രജിസ്റ്റർ ചെയ്ത നൽകുവാൻ പാടില്ല എന്ന് നിഷ്കർഷിച്ച് സഹകരണ സംഘം രജിസ്ട്രാർ 64/18 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ സംഘങ്ങളുടെ രജിസ്ട്രേഷൻ സമയത്ത് പേരിനോടൊപ്പം ബാങ്ക് എന്ന പദം ചേർക്കുന്നില്ല.

**പ്രാഥമിക കാർഷിക സംഘങ്ങളുടെ നിക്ഷേപത്തിന് ആദായനികുതി**

304(710) <u>ശ്രീ. സി. കൃഷ്ണൻ:</u>
<u>ശ്രീ. സി. കെ. ശശീന്ദ്രൻ:</u>
<u>ശ്രീ. കെ. വി. വിജയദാസ്:</u>
<u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി വിധിയെപ്പോലും ധിക്കരിച്ചുകൊണ്ട് ആദായനികുതി വകുപ്പ് പ്രാഥമിക കാർഷിക സംഘങ്ങളുടെ നിക്ഷേപത്തിനുമേൽ നിയമവിരുദ്ധമായി ആദായ നികുതി ഈടാക്കാൻ നടപടിയെടുക്കുന്നുവെന്ന വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചിരുന്നോ;

(ബി) സംസ്ഥാനത്ത് വിപുലമായ സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ നിക്ഷിപ്ത താല്പര്യക്കാർ നോട്ട് നിരോധനം ഉൾപ്പെടെയുള്ള വിവിധ അവസരങ്ങൾ ഉപയോഗിച്ചു കൊണ്ട് നടത്തിയ ശ്രമങ്ങളുടെ തുടർച്ചയായി ആദായനികുതി വകുപ്പിനെ ഉപയോഗിക്കുന്നത് തടയാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ; വിശദമാക്കുമോ;

(സി) സഹകരണ സംഘങ്ങളെ ആധുനീകരിച്ച് ജനകീയ ബാങ്കാക്കാൻ നടത്തി വരുന്ന പ്രവർത്തനം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 133 (6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെടാൻ ആദായ നികുതി വകുപ്പിന് അവകാശമുണ്ട്. കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത അപ്പീലിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായ നികുതി നിയമത്തിലെ വകുപ്പ് 133 (6) പ്രകാരം വിവരം ശേഖരിക്കാനുള്ള ആദായ നികുതി വകുപ്പിന്റെ അധികാരം ശരിവച്ചിട്ടുണ്ട്. 2006-ലെ ഫിനാൻസ് ആക്ടിലൂടെ ആദായ നികുതി നിയമത്തിലെ

80 പി ഭേദഗതി ചെയ്ത് 1-4-2007 മുതൽ ഉപവകുപ്പ് 4 കൂടി ചേർത്ത് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളതിനാൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ ബാങ്കുകൾക്ക് 80 പി അനുസരിച്ചുള്ള ആദായ നികുതി ഇളവ് നൽകേണ്ടതില്ലായെന്ന് ഇൻകം ടാക്സ് വകുപ്പിന്റെ 20-9-2010-ലെ 6/2010 (F No.173(3)/44/2009-IT (A-I)) സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാഥമിക കാർഷിക സംഘങ്ങളായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുവെങ്കിലും ടി സംഘങ്ങളുടെ അറ്റാദായത്തിലെ ഭൂരിഭാഗവും കാർഷികേതര പ്രവർത്തനങ്ങളിൽ നിന്നും നേടുന്നതാണെന്ന വാദമുന്നയിച്ചാണ് ആദായനികുതി വകുപ്പ് പലപ്പോഴും അർഹമായ ആനുകൂല്യം നിഷേധിക്കുന്നതും കോടതി കേസുകളിൽ സംഘങ്ങൾക്കെതിരായി വിധി സമ്പാദിക്കുന്നതും. ഇൻകം ടാക്സ് ആക്ട് ഒരു കേന്ദ്ര നിയമം ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ നിയമത്തിലെ വ്യവസ്ഥകളിന്മേൽ ഇടപെടാൻ പരിമിതികളുണ്ട്. എന്നിരുന്നാലും സഹകരണ മേഖലയെന്നത് സമ്പദ് വ്യവസ്ഥയെയും ജനങ്ങളുടെ വരുമാനം, തൊഴിൽ തുടങ്ങി സമൂഹത്തിലെ സമസ്ത മേഖലകളെയും ബാധിക്കുന്നതാകയാൽ ആദായ നികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് മതിയായ ഇളവ് നൽകുന്നതിന് 02-7-2018-ൽ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് സഹകരണ വകുപ്പുമന്ത്രി കത്ത് നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് ആർ.ബി.ഐ. തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കിനെയും ജില്ലാ സഹകരണ ബാങ്കുകളെയും ചേർത്താണ് ഇത്തരത്തിൽ കേരള ബാങ്ക് യാഥാർത്ഥ്യമാക്കുന്നത്. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കിലേയ്ക്ക് തങ്ങളുടെ ആസ്തി ബാധ്യതകൾ മാറ്റുന്നതിനുള്ള പ്രമേയം നിലവിലെ സഹകരണ നിയമപ്രകാരം പാസ്സാക്കിയിട്ടുണ്ട്. കേരളത്തിലെ സഹകരണ മേഖലയുടെ മുഖച്ഛായ മാറ്റുന്ന ഒരു പദ്ധതിയാണ് കേരള ബാങ്ക് രൂപീകരണം. ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് പ്രാഥമിക സഹകരണ ബാങ്കുകളിലെ ഉപഭോക്താക്കൾക്ക് മറ്റ് ഇതര ബാങ്കുകളിൽ നിന്നും വ്യത്യസ്തമായി എല്ലാവിധ സേവനങ്ങളും വളരെ ലളിതമായ ചാർജ്ജുകൾ ഈടാക്കി വളരെ വേഗത്തിലും മെച്ചപ്പെട്ടതുമായ സേവനം നൽകുവാൻ കഴിയും. കൂടാതെ ബാങ്കുകളിൽ കോർ ബാങ്കിംഗ് ഏർപ്പെടുത്തുന്നത് അടക്കമുള്ള പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിച്ചുവരുന്നു. ആധുനിക സംവിധാനങ്ങളായ മണി ട്രാൻസ്ഫർ, മൊബൈൽ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ്, എ.റ്റി.എം., ആർ.റ്റി.ജി.എസ്. എന്നീ സംവിധാനങ്ങൾ വഴിയുള്ള സേവനങ്ങളും സഹകരണ ബാങ്കുകളിൽ നിന്നും നൽകുന്നുണ്ട്.

## കേരള ബാങ്ക് രൂപീകരണം

305(711) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ രൂപീകരണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനാവശ്യമായ അനുമതി റിസർവ് ബാങ്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് റിസർവ് ബാങ്ക് തത്വത്തിൽ അനുമതി നൽകിയ അവസരത്തിൽ മുന്നോട്ട് വച്ചിരുന്ന നിബന്ധനകളിൽ ലയനത്തിന് മുന്നേ പൂർത്തീകരിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിക്കായി അപേക്ഷ നബാർഡ് മുഖാന്തരം റിസർവ് ബാങ്കിന് സമർപ്പിച്ചു. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കിലേയ്ക്ക് തങ്ങളുടെ ആസ്തി ബാധ്യതകൾ മാറ്റുന്നതിനുള്ള പ്രമേയം നിലവിലെ സഹകരണ നിയമ പ്രകാരം പാസ്സാക്കിയിട്ടുണ്ട്.

## കേരള ബാങ്ക് പ്രവർത്തനങ്ങൾ

306(712) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിൻെറ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ബി) കേരള ബാങ്ക് രൂപീകരണത്തോടെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്ന് കർഷകർക്കും ചെറുകിട വ്യാപാരികൾക്കും ലഭിച്ചു കൊണ്ടിരുന്ന വായ്പാ ആനുകൂല്യങ്ങൾക്ക് തടസ്സം നേരിടുമെന്നുള്ള കർഷകരുടെയും ചെറുകിട വ്യാപാരികളുടെയും ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) വായ്പാഘടനയിൽ ഇടനിലയായി പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കുകൾ ഈടാക്കുന്ന പലിശയ്ക്ക് കൂടുതൽ മെച്ചമൊന്നും പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ലഭിക്കുന്നില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) കേരള ബാങ്ക് രൂപീകരണത്തിലൂടെ മൂന്ന് തട്ടിലുള്ള വായ്പാ ഘടനകൊണ്ട് മത്സരാധിഷ്ഠിത സാഹചര്യത്തിൽ സാങ്കേതികമോ സാമ്പത്തികമോ ഘടനാപരമോ ആയ ഒരു ഗുണവും കർഷകർക്ക് ലഭിക്കുന്നില്ലായെന്ന വസ്തുത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് പഠനം നടത്തുവാൻ ശ്രീറാം കമ്മിറ്റിയെ നിയമിച്ചിരുന്നു. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ ഒരു ടാസ്ക് ഫോഴ്സിനെ നിയമിച്ചു. ടാസ്ക് ഫോഴ്സിന്റെ മേൽനോട്ടത്തിൽ റിസർവ് ബാങ്കിന്റെ അനുമതിക്കായി അപേക്ഷിച്ചു.

സംസ്ഥാന ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ റിസർവ് ബാങ്ക് തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് അപേക്ഷ സമർപ്പിക്കുവാനാണ് റിസർവ് ബാങ്ക് നിർദ്ദേശിച്ചിരുന്നത്.

എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റേയും വായ്പ പ്രോഡക്ടുകൾ 1-1-2019 മുതൽ ഏകീകരിച്ചു. ജില്ലാ, സംസ്ഥാന സഹകരണ ബാങ്കുകളുടെ സി.എ. ആഡിറ്റ്, മൈഗ്രേഷൻ ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ എന്നിവ പൂർത്തീകരിച്ചു. നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി.

എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റേയും തനത് ഫണ്ടിൽ നിന്നും നടത്തിയിട്ടുള്ള ട്രഷറി നിക്ഷേപങ്ങൾ പിൻവലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും ശമ്പള

പരിഷ്കരണ കമ്മീഷനെ നിയമിച്ചു. ടി കമ്മീഷന്റെ പ്രവർത്തനം നടന്നുവരുന്നു. അനുമതി നൽകിയ അവസരത്തിൽ റിസർവ് ബാങ്ക് മുന്നോട്ട് വച്ച നിബന്ധനകളിൽ ലയനത്തിന് മുൻപ് പൂർത്തീകരിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിക്കായി അപേക്ഷ നബാർഡ് മുഖാന്തരം റിസർവ് ബാങ്കിന് സമർപ്പിച്ചു.

മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കിലേയ്ക്ക് തങ്ങളുടെ ആസ്തി ബാധ്യതകൾ മാറ്റുന്നതിനുള്ള പ്രമേയം പാസ്സാക്കിയിട്ടുണ്ട്.

(ബി) കേരള ബാങ്ക് രൂപീകരണത്തോടെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും കർഷകർക്കും ചെറുകിട വ്യാപാരികൾക്കും ലഭിച്ചുകൊണ്ടിരുന്ന വായ്പാ ആനുകൂല്യങ്ങൾക്ക് തടസ്സം നേരിടുകയില്ല. വായ്പാ ആനുകൂല്യങ്ങൾ മെച്ചപ്പെടുത്തുവാൻ കഴിയുന്നതാണ്.

(സി) കേരള ബാങ്ക് രൂപീകരണത്തോടെ വായ്പാ ഘടന നിലവിലെ ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേയ്ക്ക് മാറും. ഇത് പ്രാഥമിക സംഘങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുവാൻ സഹായിക്കും.

(ഡി) കേരള ബാങ്ക് രൂപീകരണത്തോടെ വായ്പാ ഘടന നിലവിലെ ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേയ്ക്ക് മാറും. സാങ്കേതികമായും സാമ്പത്തികമായും ഘടനാപരമായും കർഷകർക്ക് ഗുണമുണ്ടാകുന്നതാണ്. ചെലവ് കുറഞ്ഞതും മെച്ചപ്പെട്ടതുമായ സേവനം പ്രദാനം ചെയ്യാൻ കേരള ബാങ്കിന് കഴിയും.

**കേരള ബാങ്ക് രൂപീകരണം**

307(713) ശ്രീ. സി. ദിവാകരൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ എത്രത്തോളമായെന്നറിയിക്കുമോ;

(ബി) കേരള ബാങ്കിനെതിരെ ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകളുടെ വിവരങ്ങൾ അറിയിക്കുമോ; പ്രസ്തുത കേസ്സുകൾ ബാങ്ക് രൂപീകരണത്തിന് മുമ്പ് അവസാനിപ്പിക്കുമോ; വ്യക്തമാക്കുമോ;

(സി) ജില്ലാ സഹകരണ ബാങ്കുകളുടെ അസറ്റ് വാല്യുവേഷൻ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കേരള ബാങ്ക് യാഥാർത്ഥ്യമാകുന്നതിനുള്ള തടസ്സങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്ക് തത്വത്തിൽ അനുമതി നൽകിയ അവസരത്തിൽ മുന്നോട്ട് വച്ചിരുന്ന നിബന്ധനകളിൽ ലയനത്തിന് മുന്നേ പൂർത്തീകരിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിക്കായി അപേക്ഷ നബാർഡ് മുഖാന്തരം റിസർവ് ബാങ്കിന് സമർപ്പിച്ചു. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കിലേയ്ക്ക് തങ്ങളുടെ ആസ്തി ബാധ്യതകൾ മാറ്റുന്നതിനുള്ള പ്രമേയം നിലവിലെ സഹകരണ നിയമ പ്രകാരം പാസ്സാക്കിയിട്ടുണ്ട്.

(ബി) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട ആകെ 19 കേസ്സുകൾ (WP(C) Nos.3960/2019, 4055/2019, 4052/2019, 4229/2019, 4228/2019, 4586/2019, 5793/2019, 5651/2019, 5650/2019, 5831/2019, 6241/2019, 6308/2019, 6409/2019, 6730/2019, 6736/2019, 6512/2019, 5902/2018, 39749/2017,9491/2019) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്.

(സി) ഉണ്ട്. ബാങ്കുകളുടെ കൺകറന്റ് ആഡിറ്റർമാരും ചാർട്ടേഡ് അക്കൗണ്ടന്റ്മാരും ആയത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

(ഡി) പുനർവിന്യാസം സംബന്ധിച്ച കാര്യങ്ങളിൽ റിസർവ് ബാങ്ക് അന്തിമ അനുമതിക്കുശേഷം നടപടികൾ സ്വീകരിക്കും.

(ഇ) നിലവിൽ തടസ്സങ്ങൾ ഒന്നും ഇല്ല. റിസർവ് ബാങ്കിന്റെ അന്തിമ അനുമതി ലഭിക്കുന്ന മുറയ്ക്ക് കേരള ബാങ്ക് യാഥാർത്ഥ്യമാകും.

## കേരള ബാങ്ക് നടപടിക്രമങ്ങൾ

308(714) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ബാങ്കിന് അന്തിമ അനുമതി നൽകുന്നതിലെ റിസർവ് ബാങ്കിന്റെ നടപടിക്രമങ്ങൾ പൂർത്തിയായോ എന്ന് വ്യക്തമാക്കുമോ;

(സി) കേരള ബാങ്ക് രൂപീകരണത്തിലൂടെ സഹകരണ ബാങ്കിംഗ് മേഖലയിൽ കൈവരിക്കാവുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് പഠനം നടത്തുവാൻ ശ്രീറാം കമ്മിറ്റിയെ നിയമിച്ചിരുന്നു. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ ഒരു ടാസ്ക് ഫോഴ്സിനെ നിയമിച്ചു. ടാസ്ക് ഫോഴ്സിന്റെ മേൽനോട്ടത്തിൽ റിസർവ് ബാങ്കിന്റെ അനുമതിക്കായി അപേക്ഷിച്ചു.

സംസ്ഥാന ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ റിസർവ് ബാങ്ക് തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് അപേക്ഷ സമർപ്പിക്കുവാനാണ് റിസർവ് ബാങ്ക് നിർദ്ദേശിച്ചിരുന്നത്.

എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റേയും വായ്പാ പ്രോഡക്ടുകൾ 1-1-2019 മുതൽ ഏകീകരിച്ചു. ജില്ലാ, സംസ്ഥാന സഹകരണ ബാങ്കുകളുടെ സി.എ. ആഡിറ്റ്, മൈഗ്രേഷൻ ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ എന്നിവ പൂർത്തീകരിച്ചു. നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി.

എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും തനത് ഫണ്ടിൽ നിന്നും നടത്തിയിട്ടുള്ള ട്രഷറി നിക്ഷേപങ്ങൾ പിൻവലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചു. അനുമതി നൽകിയ അവസരത്തിൽ റിസർവ് ബാങ്ക് മുന്നോട്ട് വച്ച നിബന്ധനകളിൽ ലയനത്തിന് മുൻപ് പൂർത്തീകരിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിക്കായി അപേക്ഷ നബാർഡ് മുഖാന്തരം റിസർവ് ബാങ്കിന് സമർപ്പിച്ചു.

മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കിലേയ്ക്ക് തങ്ങളുടെ ആസ്തി ബാധ്യതകൾ മാറ്റുന്നതിനുള്ള പ്രമേയം പാസ്സാക്കിയിട്ടുണ്ട്.

(ബി) ലയനത്തിന് മുന്നേ പൂർത്തീകരിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിക്കായി അപേക്ഷ നബാർഡ് മുഖാന്തരം റിസർവ് ബാങ്കിന് സമർപ്പിച്ചു. റിസർവ് ബാങ്കിന്റെ ഭാഗത്തു നിന്നുമുള്ള തുടർ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

(സി) ആധുനിക സാങ്കേതിക സേവനങ്ങൾ എല്ലാം തന്നെ ഉപഭോക്താക്കൾക്ക് കുറഞ്ഞ ചെലവിൽ നൽകാൻ കഴിയും. സഹകരണ ബാങ്കിംഗ് മേഖല ശക്തിപ്പെടുത്തുന്നതിനും ദേശസാൽകൃത, പുത്തൻ തലമുറ ബാങ്കുകൾ നൽകുന്ന എല്ലാ സേവനങ്ങളും ഈ മേഖലയ്ക്കുകൂടി ലഭ്യമാക്കാനും കഴിയും.

**കേരള ബാങ്കിന്റെ ഘടന**

309(715) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് യാഥാർത്ഥ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) കേരള ബാങ്കിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ മേഖലയുടെ ചരിത്രത്തിൽ ഒരു നാഴിക കല്ലായി മാറുന്ന കേരള ബാങ്കിന്റെ ഘടനയും പ്രവർത്തനത്തിന്റെ വിശദാംശവും മികവും വിശദമാക്കാമോ?

ഉത്തരം

(എ) കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് പഠനം നടത്തുവാൻ ശ്രീറാം കമ്മിറ്റിയെ നിയമിച്ചിരുന്നു. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ ഒരു ടാസ്ക് ഫോഴ്സിനെ നിയമിച്ചു. ടാസ്ക് ഫോഴ്സിന്റെ മേൽനോട്ടത്തിൽ റിസർവ് ബാങ്കിന്റെ അനുമതിക്കായി അപേക്ഷിച്ചു.

സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ റിസർവ് ബാങ്ക് തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് അപേക്ഷ സമർപ്പിക്കുവാനാണ് റിസർവ് ബാങ്ക് നിർദ്ദേശിച്ചിട്ടുള്ളത്. ടി നിർദ്ദേശങ്ങൾ പാലിച്ച് അന്തിമ അനുമതി ലഭ്യമാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് ജില്ലാ ബാങ്ക് ജനറൽ മാനേജർമാരെ ഉൾപ്പെടുത്തി 15 സബ് കമ്മിറ്റികൾ രൂപീകരിക്കുകയുണ്ടായി.

എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും വായ്പാ പ്രോഡക്ടുകൾ 1-1-2019 മുതൽ ഏകീകരിച്ചു. ജില്ലാ, സംസ്ഥാന സഹകരണ ബാങ്കുകളുടെ സി.എ. ആഡിറ്റ്, മൈഗ്രേഷൻ ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ എന്നിവ പൂർത്തീകരിച്ചു. നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി.

എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും തനത് ഫണ്ടിൽ നിന്നും നടത്തിയിട്ടുള്ള ട്രഷറി നിക്ഷേപങ്ങൾ പിൻവലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചു. അനുമതി നൽകിയ അവസരത്തിൽ റിസർവ് ബാങ്ക് മുന്നോട്ട് വച്ച നിബന്ധനകളിൽ ലയനത്തിന് മുൻപ് പൂർത്തീകരിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിക്കായി അപേക്ഷ നബാർഡ് മുഖാന്തരം റിസർവ് ബാങ്കിന് സമർപ്പിച്ചു.

മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കിലേയ്ക്ക് തങ്ങളുടെ ആസ്തി ബാധ്യതകൾ മാറ്റുന്നതിനുള്ള പ്രമേയം പാസ്സാക്കിയിട്ടുണ്ട്.

(ബി) റിസർവ് ബാങ്കിന്റെ അന്തിമ അനുവാദം ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ ബാങ്കുകളുമാണ് നിർദ്ദിഷ്ട കേരള ബാങ്കിന്റെ അംഗങ്ങൾ. സംസ്ഥാന സഹകരണ ബാങ്കിന്റേയും ജില്ലാ സഹകരണ ബാങ്കുകളുടേയും നിലവിലെ ശാഖകൾ കേരള ബാങ്കിന്റെ ശാഖകളായി മാറുന്നതാണ്. ദേശസാൽകൃത, പുത്തൻ തലമുറ ബാങ്കുകൾ നൽകുന്ന എല്ലാ ആധുനിക സാങ്കേതിക സേവനങ്ങളും കേരള ബാങ്കുവഴി കുറഞ്ഞ ചെലവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ കഴിയുന്നതാണ്.

## ജില്ല സഹകരണ ബാങ്കുകളുടെ ഓൺലൈൻ ധനവിനിമയം

310(716) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും കമ്പ്യൂട്ടർ ശൃംഖലയെ തമ്മിൽ ബന്ധിപ്പിച്ചിട്ടുണ്ടോ; എല്ലാ ബാങ്കുകളുടെയും ശാഖകളിൽ നിന്ന് പരസ്പരം ഓൺലൈൻ ധനവിനിമയം നടത്തുന്നതിന് സൗകര്യമുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാന സഹകരണ ബാങ്കിനെയും ജില്ലാ സഹകരണ ബാങ്കുകളെയും ഓൺലൈനിൽ ബന്ധിപ്പിച്ച് ധനവിനിമയവും എ.ടി.എം. സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ ജില്ലാ സഹകരണ ബാങ്കുകളുടെ കമ്പ്യൂട്ടർ ശൃംഖല പരസ്പരം ബന്ധിപ്പിച്ചിട്ടില്ല. എന്നാൽ ജില്ലാ ബാങ്കുകളുടെ ശാഖകൾ തമ്മിൽ ഓൺലൈൻ ധനവിനിമയം നടത്തുന്നതിനായി RTGS/NEFT, NFS തുടങ്ങിയവ മുഖേന സാധ്യമാണ്.

(ബി) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും തമ്മിൽ ഓൺലൈൻ ധനവിനിമയം നിലവിൽ സാധ്യമാണ്. ATM, Debit Card ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. NFS മുഖേന ജില്ലാ സഹകരണ ബാങ്കുകളിലെ ATM സംവിധാനം വഴി ധനവിനിമയം നടത്താൻ സാധിക്കുന്നു.

## സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിലെ അഡ്മിനിസ്ട്രേറ്റർ നിയമനം

311(717) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കിംഗ് നിയന്ത്രണനിയമം, നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട്, സർഫേസി നിയമം, ആന്റി മണി ലോണ്ടറിംഗ് നിയമം തുടങ്ങിയ നിരവധി

നിയമങ്ങൾക്ക് അനുസൃതമായി നയരൂപീകരണം നടത്തേണ്ടവരാണ് സഹകരണ ബാങ്കുകളിലെ അഡ്മിനിസ്ട്രേറ്റർമാർ എന്നിരിക്കെ ഭരണപരിചയമില്ലാത്തവരെ അഡ്മിനിസ്ട്രേറ്റർമാർ ആയി നിയമിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ജില്ലാ സഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കുകളിലേയും നിർവ്വഹണ ഉദ്യോഗസ്ഥർ വിദ്യാഭ്യാസപരമായും പരിചയസമ്പത്തുകൊണ്ടും ഉയർന്ന നിലവാരം ഉള്ള തികഞ്ഞ പ്രൊഫഷണലുകൾ ആയിരിക്കെ, അവർക്കു മുകളിൽ അഡ്മിനിസ്ട്രേറ്റർമാരെ നിയമിക്കുന്നത് ബാങ്കുകളുടെ പ്രവർത്തനമികവിനെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തന സ്വാതന്ത്ര്യം അഡ്മിനിസ്ട്രേറ്റർമാർ തടസ്സപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ബാങ്കിംഗ് മേഖലയിലെ പ്രൊഫഷണലുകളെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾക്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സഹകരണ വകുപ്പിൽ ദീർഘകാല സേവന പരിചയമുള്ള ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാർമാരെയാണ് ജില്ലാ സഹകരണ ബാങ്കിൽ അഡ്മിനിസ്ട്രേറ്റർമാരായി നിയമിച്ചിട്ടുള്ളത്. സംസ്ഥാന സഹകരണ ബാങ്കിൽ സെക്രട്ടറി റാങ്കിലുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥയെയാണ് അഡ്മിനിസ്ട്രേറ്ററായി നിയമിച്ചിട്ടുള്ളത്.

(ബി) ജില്ലാ സഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കുകളിലേയും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുകളിൽ അഡ്മിനിസ്ട്രേറ്റർമാരെ നിയമിക്കുന്നത് ബാങ്കുകളുടെ പ്രവർത്തന മികവിനെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തന സ്വാതന്ത്ര്യം അഡ്മിനിസ്ട്രേറ്റർമാർ തടസ്സപ്പെടുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാങ്കിംഗ് മേഖലയിലെ പ്രൊഫഷണലുകളെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾക്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള സാഹചര്യം നിലവിലില്ല.

**പെൻഷനേഴ്സ് സഹകരണ സംഘങ്ങൾക്ക് സേവിംഗ്സ് ബാങ്ക്അക്കൗണ്ട്**

312(718) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെൻഷനേഴ്സ് സഹകരണ സംഘങ്ങൾക്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനും എം. എം. ബി. എസ്. (Members Mutual Benifit Scheme)ആരംഭിക്കുന്നതിനും അനുവാദമില്ലാത്തതിനാൽ സംഘങ്ങൾ അനുഭവിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനും എം. എം. ബി. എസ്. ആരംഭിക്കുന്നതിനും അനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എം.എം.ബി.എസ്. ആരംഭിക്കുന്നതിലൂടെ ചെറു നിക്ഷേപങ്ങൾ സ്വരൂപിക്കുന്നതിനും സംഘങ്ങൾക്ക് കമ്മീഷൻ ഇനത്തിൽ വരുമാനം ഉണ്ടാക്കുവാൻ സാധിക്കുമെന്നതിനാലും ആയതിന് അനുമതി നൽകണമെന്ന സംഘങ്ങളുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ പരിഗണനയിലില്ല.

**സർഫാസി ആക്ട് പ്രകാരം സഹകരണ ബാങ്കുകൾ നടത്തിയ ജപ്തി**

313(719) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നമ്പർ 50/2003 തീയതി 29-8-2003-ൽ പ്രകാരം സഹകരണ ബാങ്കുകൾക്ക് സർഫാസി ആക്ട് ബാധകമാക്കികൊണ്ട് നിർദ്ദേശം നല്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്ത എത്രപേരുടെ സ്വത്തുവകകൾ സർഫാസി ആക്ട് പ്രകാരം ജപ്തി ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്ത എത്രപേരുടെ സ്വത്തുവകകൾ ജപ്തി ചെയ്യാൻ നിർദ്ദേശം നല്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) സർഫാസി ആക്ട് പിൻവലിക്കണമെന്നാവശ്യപ്പെട്ട് സഹകരണ വകുപ്പ് കേന്ദ്രസർക്കാരിന് കത്ത് അയച്ചിട്ടുണ്ടോ;എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) സഹകരണ സംഘം രജിസ്ട്രാറുടെ 29-8-2003-ലെ സർക്കുലർ നമ്പർ 50/2003 പ്രകാരം സഹകരണ ബാങ്കുകൾക്ക് സർഫാസി ആക്ട് ബാധകമാക്കികൊണ്ട് നിർദ്ദേശം നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്തിട്ടുള്ള 651 പേരുടെ സ്വത്തുവകകൾ സർഫാസി ആക്ട് പ്രകാരം ബാങ്കുകൾ സ്വന്തം നിലയിൽ ജപ്തി ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 119 |
| കൊല്ലം | 12 |
| പത്തനംതിട്ട | 57 |
| ആലപ്പുഴ | - |
| കോട്ടയം | 74 |
| ഇടുക്കി | 4 |
| എറണാകുളം | 60 |
| തൃശ്ശൂർ | 93 |
| പാലക്കാട് | 14 |
| മലപ്പുറം | 117 |
| കോഴിക്കോട് | 56 |
| വയനാട് | - |
| കണ്ണൂർ | 34 |
| കാസർഗോഡ് | 11 |
| ആകെ | 651 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്തിട്ടുള്ള 2961 പേരുടെ ജാമ്യ വസ്തുക്കളിൽ ജപ്തി നടപടികൾ സ്വീകരിക്കുന്നതിന് അതാത് ബാങ്കുകൾ കൈക്കൊണ്ട നടപടികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 83 |
| കൊല്ലം | 867 |
| പത്തനംതിട്ട | 100 |
| ആലപ്പുഴ | 23 |
| കോട്ടയം | 19 |
| ഇടുക്കി | 25 |
| എറണാകുളം | 366 |
| തൃശ്ശൂർ | 255 |
| പാലക്കാട് | 56 |
| മലപ്പുറം | 506 |
| കോഴിക്കോട് | 241 |
| വയനാട് | 312 |
| കണ്ണൂർ | 66 |
| കാസർഗോഡ് | 42 |
| ആകെ | 2961 |

(ഡി) ഇല്ല.

**പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ**

314(720) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾക്ക് ആദായ നികുതി ഇളവ് ലഭിക്കുന്ന വിധത്തിൽ നിയമാവലി ഭേദഗതി ചെയ്തുകൊണ്ട് കാർഷികാനുബന്ധ വായ്പകൾ കൂടുതൽ നൽകുന്നതിന് സംഘങ്ങൾക്ക് പ്രേരണയും പ്രചോദനവും നൽകാൻ തയ്യാറാകുമോ;

(ബി) 2010-ൽ നടന്ന സഹകരണ സംഘങ്ങളുടെ തരംതിരിവ് മാനദണ്ഡങ്ങൾ കാലഹരണപ്പെട്ടതിനാൽ മൂന്ന് വർഷത്തിലൊരിക്കൽ അവലോകനം ചെയ്യുകയും പരിഷ്കരിക്കുകയും ചെയ്യേണ്ട ക്ലാസ്സിഫിക്കേഷൻ മാനദണ്ഡങ്ങൾ ഉടനെ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ മുഖേന കാർഷിക വായ്പകൾ കൂടുതൽ വിതരണം ചെയ്യുന്നതിനായി സംസ്ഥാനത്തെ കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40% എങ്കിലും കാർഷിക വായ്പ വിതരണം ചെയ്യുന്നതിന് ബാങ്ക് ഭരണസമിതികളും പ്രത്യേകം ലക്ഷ്യം നിശ്ചയിച്ച്, സംസ്ഥാനത്തെ കാർഷിക ഉത്പാദനവും കാർഷിക വായ്പാ വിതരണവും കൂട്ടുന്നതിനും പുതിയ പദ്ധതികൾ/പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിന് 04/2007 സർക്കുലർ മുഖാന്തരം സഹകരണ സംഘം രജിസ്ട്രാർ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/മറ്റ് വായ്പാ സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ശാഖകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിന് ടി സംഘങ്ങൾ കുറഞ്ഞത് 20% എങ്കിലും ടി സാമ്പത്തിക വർഷമോ അതിന് തൊട്ട് മുമ്പുള്ള വർഷമോ കാർഷിക വായ്പ നൽകിയിരിക്കണമെന്ന് 39/06 സർക്കുലർ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സഹകരണ സ്ഥാപനങ്ങൾ മുന്നോട്ട് വരുന്ന പക്ഷം നിയമാവലി ഭേദഗതിയിലൂടെ കാർഷിക അനുബന്ധ വായ്പകൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സംസ്ഥാന സർക്കാർ 2010-ൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ നിലവിലുണ്ടായിരുന്ന ക്ലാസ്സിഫിക്കേഷൻ വ്യവസ്ഥകൾ ഭേദഗതി ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി ക്ലാസ്സിഫിക്കേഷൻ വിജ്ഞാപനത്തിലെ ചില വ്യവസ്ഥകൾ ഭേദഗതി വരുത്തണമെന്ന സഹകാരികളുടെ അപേക്ഷ പ്രകാരം 2013-ൽ ചില വ്യവസ്ഥകൾകൂടി ഭേദഗതി വരുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2013-ൽ 32/2013 സർക്കുലർ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സംഘങ്ങളുടെ ക്ലാസ്സിഫിക്കേഷൻ സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## പെർളടുക്കം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ സാമ്പത്തിക ക്രമക്കേടുകൾ

315(721) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പെർളടുക്കം അഗ്രികൾച്ചറൽ മാർക്കറ്റിംഗ് & പ്രോസസിംഗ് കോ- ഓപ്പറേറ്റീവ് സൊസൈറ്റിയിൽ സാമ്പത്തികവും മറ്റുമായ ക്രമക്കേടുകൾ നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) അന്വേഷണത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. സംഘത്തിൽ സാമ്പത്തിക ക്രമക്കേടുകൾ നടക്കുന്നുണ്ടെന്നും അഴിമതി നടക്കുന്നുവെന്നും രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ലെന്നും യോഗങ്ങൾ കൃത്യമായി ചേരുന്നില്ലെന്നും ചൂണ്ടിക്കാട്ടി പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പരാതിയിൽ സഹകരണ നിയമം 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണം നടത്താൻ 9-5-2019-ലെ കാസർഗോഡ് ജോയിന്റ് രജിസ്ട്രാർ (ജനറൽ)ന്റെ എച്ച്.എം.1780/2019 നമ്പർ പ്രകാരം കാസർഗോഡ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ചെമ്മനാട് യൂണിറ്റ് ഇൻസ്പെക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചുകൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്. പരിശോധന പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) 65-ാം വകുപ്പ് അന്വേഷണം പൂർത്തീകരിച്ചിട്ടില്ല. എന്നാൽ 65-ാം വകുപ്പ് അന്വേഷണത്തിന് മുമ്പ് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ സംഘം 31-3-2019-ലെ സ്റ്റോക്ക് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ലെന്നും പല രജിസ്റ്ററുകളും സംഘത്തിൽ കൃത്യമായി സൂക്ഷിക്കുന്നില്ലെന്നും സൂക്ഷിക്കുന്നവ തന്നെ അവ്യക്തവും അപൂർണ്ണവുമാണെന്നും കണ്ടെത്തിയിരുന്നു.

(ഡി) സഹകരണ നിയമം 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## സഹകരണ ബാങ്കുകളിലെ നീതി സ്റ്റോർ ജീവനക്കാർ

316(722) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവ് പ്രകാരം സഹകരണ ബാങ്കുകളിലെ നീതി സ്റ്റോറുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്ത് വന്നിരുന്ന എത്ര സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്;

(ബി) സെയിൽസ്മാൻമാരെ ഏത് കാറ്റഗറിയിലാണ് ഉൾപ്പെടുത്തി യിരിക്കുന്നത്;

(സി) ഇവർക്ക് പ്രൊമോഷന് അർഹതയുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നൽകാൻ കഴിയും;

(ഡി) സ്ഥിരപ്പെടുത്തിയവരുടെ, കമ്മീഷൻ വ്യവസ്ഥയിൽ ജോലിചെയ്തിരുന്ന കാലയളവ് സർവ്വീസായി പരിഗണിക്കുമോ;

(ഇ) സ്ഥിരപ്പെടുത്തുന്നതിനായി സർക്കാർ ഉത്തരവ് ഇറങ്ങിയ നാൾ മുതൽ സ്ഥിരപ്പെടുത്തിയ നാൾ വരെയുള്ള ഇവരുടെ സർവ്വീസ് കാലാവധി ശമ്പള ഫിക്സേഷന് പരിഗണിക്കാൻ കഴിയുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 98 സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(ബി) സബ്സ്റ്റാഫ് കാറ്റഗറിയിൽ.

(സി) അർഹതയുണ്ട്. ഉപനിബന്ധനകൾക്ക് വിധേയമായി അറ്റൻഡർ/ ക്ലാർക്ക് തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നൽകാൻ കഴിയുന്നതാണ്.

(ഡി) സർവ്വീസായി പരിഗണിക്കില്ല.

(ഇ) പരിഗണിക്കുവാൻ കഴിയുകയില്ല.

## സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി

317(723) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സർക്കാർ-എയ്ഡഡ് സ്കൂളുകളെയാണ് സഹകരണ വകുപ്പ് മുഖേന സജ്ജീകരിക്കുന്ന സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദാംശം നൽകാമോ?

### ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ജി.യു.പി.എസ്. പുതിയങ്കം, എ.യു.പി.എസ്. തൃപ്പന്നൂർ-കിഴക്കഞ്ചേരി എന്നീ സ്കൂളുകളെയാണ് സഹകരണ വകുപ്പ് മുഖേന സജ്ജീകരിക്കുന്ന സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.

(ബി) സഹകരണ വകുപ്പ് മുഖാന്തരം ഒരു നിയോജകമണ്ഡലത്തിൽ ഒരു യു.പി സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലേയും എം.എൽ.എ.-മാർ ലഭ്യമാക്കുന്ന ലിസ്റ്റും നടപ്പാക്കുവാൻ സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു.

എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം സ്മാർട്ട് ക്ലാസ്സ് മുറികൾ നിർമ്മിച്ചു നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

## സഹകരണ സംഘങ്ങൾ നൽകിയ കാർഷിക വായ്പ

318(724) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വഴി 2018 വരെ എത്ര രൂപ കാർഷിക വായ്പയായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) മുൻവർഷങ്ങളെ അപേക്ഷിച്ച് വായ്പയിൽ എത്ര ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ വിവിധ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വഴി 2018 വരെ 457.16 കോടി രൂപ കാർഷിക വായ്പയായി നൽകിയിട്ടുണ്ട്.

(ബി) മുൻ വർഷങ്ങളെ അപേക്ഷിച്ച് വായ്പയിൽ 6.64 ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

## റിസ്ക് ഫണ്ട് പദ്ധതി

319(725) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസ്ക് ഫണ്ട് പദ്ധതി മുഖേന എത്ര പേർക്ക് സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസ്ക് ഫണ്ട് പരിധി വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ പരിധി എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസ്ക് ഫണ്ട് പദ്ധതി മുഖേന അർഹരായ 26041 പേർക്ക് 197,01,08,083 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസ്ക് ഫണ്ട് പരിധി വർദ്ധിപ്പിച്ചിട്ടില്ല. റിസ്ക് ഫണ്ട് തുക വർദ്ധിപ്പിക്കുന്നതടക്കമുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നിയമാവലി ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

(സി) റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് ലഭിക്കുന്ന അപേക്ഷകളിൽ ഏകദേശം 60 ശതമാനത്തോളം അപേക്ഷകൾ മാനദണ്ഡങ്ങൾ പ്രകാരം ധനസഹായത്തിന് അർഹതയില്ലാത്തതാണ്. ടി അപേക്ഷകൾ പരിശോധിച്ച് തീർപ്പ് കൽപ്പിക്കാൻ കാലതാമസം നേരിടുന്നുണ്ട്. എന്നിരുന്നാലും അർഹതയുള്ള അപേക്ഷകളിൽ ദ്രുതഗതിയിൽ ധനസഹായ വിതരണം നടത്തി വരുന്നു.

## റിസ്ക് ഫണ്ട് സഹായം

320(726) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ വായ്പകളിൽ ഏർപ്പെടുത്തിയിട്ടുള്ള "റിസ്ക് ഫണ്ട്" ലഭിക്കുന്നതിന് വലിയ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റിസ്ക് ഫണ്ട് അർഹരായ മുഴുവൻ കുടുംബങ്ങൾക്കും ലഭിക്കുന്നതിനും ഫണ്ട് തുക വർദ്ധിപ്പിക്കുന്നതിനും നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ;

(സി) ബാങ്കുകളിൽ നേരത്തെയുണ്ടായിരുന്ന വായ്പകൾ അടച്ച് പുതുക്കിയെടുത്തതിനുശേഷം റിസ്ക്ഫണ്ടിൽ നിന്നും ചികിത്സാസഹായം അനുവദിക്കാത്ത സാഹചര്യം ഒഴിവാക്കുന്നതിനും അർഹരായ മുഴുവൻ പേർക്കും റിസ്ക് ഫണ്ട് സഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സഹകരണ ബാങ്കുകളിലെ വായ്പകളിൽ ഏർപ്പെടുത്തിയ റിസ്ക് ഫണ്ട് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് ലഭിക്കുന്ന അപേക്ഷകളിൽ ഏകദേശം 60 ശതമാനത്തോളം അപേക്ഷകൾ ധനസഹായത്തിന് അർഹതയില്ലാത്തതാണ്. ടി അപേക്ഷകൾ പരിശോധിച്ച് തീർപ്പ് കൽപ്പിക്കാൻ കാലതാമസം നേരിടുന്നുണ്ട്. എന്നിരുന്നാലും അർഹതയുള്ള അപേക്ഷകളിൽ ദ്രുതഗതിയിൽ ധനസഹായ വിതരണം നടത്തിവരുന്നു.

(ബി) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം അർഹരായ മുഴുവൻ വായ്പക്കാർക്കും നിലവിൽ ധനസഹായം നൽകി വരുന്നുണ്ട്. റിസ്ക് ഫണ്ട് തുക വർദ്ധിപ്പിക്കുന്നതടക്കമുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നിയമാവലി ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ബാങ്കുകളിൽ നേരത്തെയുണ്ടായിരുന്ന വായ്പകൾ അടച്ച് പുതുക്കുന്ന അവസരത്തിൽ റിസ്ക് ഫണ്ട് വിഹിതം ഈടാക്കി ബോർഡിലേയ്ക്ക് അടച്ചിട്ടുള്ള അർഹതയുള്ള എല്ലാ വായ്പകൾക്കും ആനുകൂല്യം നൽകി വരുന്നുണ്ട്. എന്നാൽ പുതുക്കുന്ന അവസരത്തിൽ റിസ്ക് ഫണ്ട് വിഹിതം അടയ്ക്കാത്ത വായ്പകൾക്ക് ആനുകൂല്യം നൽകാറില്ല.

## കടുത്തുരുത്തി സഹകരണ റബ്ബർ മാർക്കറ്റിംഗ് & പ്രോസസ്സിംഗ് സംഘത്തിലെ ജീവനക്കാരുടെ പെൻഷൻ

321(727) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി സഹകരണ റബ്ബർ മാർക്കറ്റിംഗ് & പ്രോസ്സസ്സിംഗ് സംഘത്തിലെ ജീവനക്കാരുടെ പെൻഷൻ പ്രശ്നം പരിഹരിക്കുന്നതിന് ബഹു. സഹകരണ വകുപ്പുമന്ത്രി ക്ക് നൽകിയ 15-2-2019-ലെ 7337/2019 നമ്പർ നിവേദനത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ വിഷയം സംബന്ധിച്ച് സി/3275570 & സി/3258605 എന്നീ നമ്പരുകളിൽ നിലവിലുള്ള ഫയലുകളിൽ എന്ത് തീരുമാനം കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ;

(സി) വർഷങ്ങളായി ഈ സഹകരണ സ്ഥാപനത്തിൽ ജോലി ചെയ്തശേഷം വിരമിച്ച തൊഴിലാളികളുടെ പെൻഷൻ പ്രശ്നത്തിൽ ,മാനുഷികപരിഗണന നല്കി പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ: വിശദമാക്കാമോ?

ഉത്തരം

(എ&ബി) കടുത്തുരുത്തി സഹകരണ റബ്ബർ മാർക്കറ്റിംഗ് & പ്രോസസ്സിംഗ് സംഘത്തിലെ വിരമിച്ച ജീവനക്കാരുടെ പെൻഷൻ പ്രശ്നം സംബന്ധിച്ച് ടി സൊസൈറ്റി മാനേജിംഗ് ഡയറക്ടർ 3-2-2019-ൽ സഹകരണ എംപ്ലോയീസ്

പെൻഷൻ ബോർഡ് സെക്രട്ടറിക്ക് എഴുതിയ ബഹുമാനപ്പെട്ട അംഗത്തിന്റെ 6-2-2019-ലെ കത്ത് മുഖേന സർക്കാരിൽ ലഭിച്ച് 7377/മിനിസ്റ്റർ (സഹകരണം, ടൂറിസം & ദേവസ്വം)/2019 നമ്പരിൽ സ്വീകരിച്ച് സർക്കാരിൽ സഹകരണ വകുപ്പിൽ 3275570 നമ്പരായി 21-2-2019-ൽ ലഭിച്ചിരുന്നു. ബഹുമാനപ്പെട്ട അംഗത്തിന്റെ 6-2-2019-ലെ മേൽ കത്തിന്റെ ഒരു പകർപ്പും സർക്കാരിൽ സഹകരണ വകുപ്പിൽ ലഭിക്കുകയും ആയത് 3258605 നമ്പരായി സ്വീകരിച്ചിട്ടുള്ളതുമാണ്. 3-2-2019-ലെ മേൽ കത്ത് സഹകരണ സംഘം രജിസ്ട്രാർക്കും സഹകരണ പെൻഷൻ ബോർഡ് സെക്രട്ടറിക്കും റിപ്പോർട്ടിനായി അയച്ചുകൊടുത്തിട്ടുണ്ട്.

(സി) ടി സഹകരണ സംഘം പ്രവർത്തനരഹിതമാണ്. സംഘം സർക്കാരിലേക്കും നിക്ഷേപകർക്കും തുക നൽകുവാനും ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാനുമുണ്ട്. ഈ വിഷയത്തിൽ സർക്കാർ ആവശ്യപ്പെട്ടിരിക്കുന്ന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പെൻഷൻ സംബന്ധിച്ച വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**പ്രളയംമൂലം വിനോദസഞ്ചാര മേഖലയിലുണ്ടായ പ്രതിസന്ധി**

322(728) <u>ശ്രീ. വി. അബ്ദുറഹിമാൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയക്കെടുതിമൂലം വിനോദസഞ്ചാരമേഖലയ്ക്ക് എന്തൊക്കെ പ്രതിസന്ധികളാണ് സംജാതമായിട്ടുള്ളത്; വിശദവിവരം അറിയിക്കുമോ;

(ബി) പ്രളയത്തെ അതിജീവിക്കാൻ ശ്രമിക്കുന്ന സംസ്ഥാനത്തിന് മുതൽക്കൂട്ടാകുന്ന തരത്തിൽ വിനോദസഞ്ചാര മേഖലയിൽ എന്തെങ്കിലും നൂതനപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) പ്രളയത്തിന് മുമ്പും ശേഷവുമുള്ള നിശ്ചിത കാലയളവിൽ വിനോദസഞ്ചാരികളുടെ എണ്ണത്തിലുള്ള വ്യതിയാനം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) വിനോദസഞ്ചാര മേഖലയിൽ പുത്തനുണർവുണ്ടാക്കുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പ്രളയക്കെടുതിമൂലം വിനോദസഞ്ചാര മേഖലയ്ക്ക് പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ട്. പ്രധാന മലയോര വിനോദസഞ്ചാര മേഖലകളായ ഇടുക്കിയിലെ മൂന്നാർ, തേക്കടി, മറ്റ് കേന്ദ്രങ്ങൾ, വയനാട് മേഖലയിലെ പ്രധാനപ്പെട്ട വിനോദസഞ്ചാരകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെല്ലാം നിരവധി പ്രശ്നങ്ങളുണ്ടായി. ഈ പ്രദേശങ്ങളിലേയ്ക്കുള്ള റോഡ് കണക്ടിവിറ്റി താൽക്കാലികമായി തടസ്സപ്പെട്ടത് വിനോദസഞ്ചാരികൾക്ക് ഏറെ പ്രയാസങ്ങൾ സൃഷ്ടിച്ചു. കൊച്ചി എയർപോർട്ട് അടയ്ക്കേണ്ടിവന്നതും വിനോദസഞ്ചാര മേഖലയെ പ്രതികൂലമായി ബാധിച്ചു. ഈ മേഖലയിൽ ജോലിയെടുക്കുന്നവർക്ക് പലർക്കും ജോലി നഷ്ടപ്പെടുന്ന അവസ്ഥയും പ്രളയംമൂലം സംജാതമായിട്ടുണ്ട്. ഇക്കാലയളവിൽ വിനോദസഞ്ചാരികളുടെ കേരളത്തിലേയ്ക്കുള്ള വരവ് നെഗറ്റീവ് പ്രചരണംമൂലം തടസ്സപ്പെടുന്ന അവസ്ഥയും ഉണ്ടായി. സാധാരണ ഇക്കാലയളവിൽ കേരളം സന്ദർശിക്കാൻ വരുന്ന സഞ്ചാരികൾ ബുക്കിംഗ് റദ്ദാക്കിയത് ഹോട്ടൽ മേഖലയ്ക്കും തിരിച്ചടിയായതായും വിലയിരുത്തപ്പെടുന്നു. 2018-ലെ കണക്കുകൾ പ്രകാരം കേരളത്തിൽ എത്തുന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മേയ് മുതൽ നവംബർ വരെയും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ആഗസ്റ്റ് മുതൽ നവംബർ വരെയും ഇടിവ് സംഭവിച്ചിട്ടുണ്ട്.

(ബി) പ്രളയത്തെ അതിജീവിക്കാൻ ശ്രമിക്കുന്ന സംസ്ഥാനത്തിന് മുതൽക്കൂട്ടാകുന്ന തരത്തിൽ വിനോദസഞ്ചാര മേഖലയിൽ നൂതന പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ചു കഴിഞ്ഞു. ഇതിനായി വകുപ്പ് ശക്തമായ മാർക്കറ്റിംഗ് ക്യാമ്പയിൻ നടത്തിക്കഴിഞ്ഞു. Post Flood Campaign-ന്റെ ഭാഗമായി Its Time for Kerala എന്ന പേരിൽ രാജ്യത്തിനകത്ത് പ്രിന്റ്/ടി.വി./റേഡിയോ/ എയർപോർട്ട്/സിനിമാ തീയേറ്ററുകൾ എന്നിവ കേന്ദ്രീകരിച്ചും യു.കെ.-യിൽ പ്രിന്റ് ക്യാമ്പയിനും സംഘടിപ്പിച്ചിരുന്നു. പ്രളയാനന്തരം രാജ്യത്ത് വിവിധ ട്രേഡ് ഫെയറുകളിൽ വകുപ്പ് പങ്കെടുക്കുകയും പ്രധാന പട്ടണങ്ങൾ കേന്ദ്രീകരിച്ച് പാർട്ട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിക്കുകയും ചെയ്തു. പ്രളയാനന്തരം ഐ.ടി./ഡിജിറ്റൽ, സോഷ്യൽ മീഡിയ, ഓൺലൈൻ ക്യാമ്പയിൻ, വീഡിയോ ക്യാപ്സൂൾ ടു പ്രൊമോട്ട് കേരള എന്നിവയും നടത്തിക്കഴിഞ്ഞു.

പ്രളയത്തെ തുടർന്ന് തകർന്ന റോഡ് കണക്ടിവിറ്റി അടിയന്തരമായി പുനഃസ്ഥാപിക്കാനും കഴിയുകയുണ്ടായി.

(സി) കണക്കാക്കിയിട്ടുണ്ട്. വിശദമായ പട്ടിക ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) വിനോദസഞ്ചാര മേഖലയിൽ പുത്തനുണർവുണ്ടാക്കാൻ ഈ വർഷവും വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പുതിയ പ്രിന്റ് ക്യാമ്പയിനാണ് ഇത്തവണ നടപ്പാക്കുക. Human By Nature എന്ന പേരിൽ രാജ്യത്തും വിദേശ രാജ്യങ്ങളായ ബ്രിട്ടൺ, ഫ്രാൻസ്, ജർമ്മനി, ദുബായ്, സിംഗപ്പൂർ, അമേരിക്ക എന്നിവിടങ്ങളിലും ക്യാമ്പയിനുകൾ നടത്തിക്കഴിഞ്ഞു. അമേരിക്കയിലെ ന്യൂയോർക്ക് ടൈം സ്ക്വയറിലുള്ള കേരള ടൂറിസം പരസ്യ പ്രചാരണം ശ്രദ്ധ ആകർഷിച്ചു കഴിഞ്ഞു. ഈ വർഷവും രാജ്യത്തെ പ്രധാന പത്രങ്ങളിലും ടി.വി./റേഡിയോ/എയർപോർട്ട്/മാഗസിനുകൾ എന്നിവയിലും പ്രചാരണം നടത്തുന്ന ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ നടത്തിക്കഴിഞ്ഞു. ജൂൺ-ആഗസ്റ്റ് മാസങ്ങളിൽ അറബ് രാജ്യങ്ങൾ കേന്ദ്രീകരിച്ച് മിഡിൽ ഈസ്റ്റ് ക്യാമ്പയിനും പ്ലാൻ ചെയ്തുവരുന്നു.

സോഷ്യൽ മീഡിയ/ഡിജിറ്റൽ രംഗത്തും പരസ്യ ക്യാമ്പയിനുകൾ സംഘടിപ്പിച്ചുവരുന്നു. ഈ വർഷം വിനോദസഞ്ചാര മേഖലയ്ക്ക് ഉണർവേകാൻ ചാമ്പ്യൻസ് ബോട്ട് ലീഗ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിശാഗന്ധി മൺസൂൺ മ്യൂസിക് ഫെസ്റ്റിവൽ ഇത്തവണയും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

കേരള ടൂറിസം പുതിയ ബ്രാന്റ് ഫിലിമാണ് ഈ വർഷം പരസ്യ പ്രചരണത്തിന് ഉപയോഗിച്ചുവരുന്നത്. മുൻവർഷങ്ങളിലെപ്പോലെ ഈ വർഷവും വകുപ്പ് രാജ്യത്തെ പ്രധാന പട്ടണങ്ങളിലും വിദേശത്തും റോഡ് ഷോകൾ സംഘടിപ്പിക്കുന്നുണ്ട്. മാത്രമല്ല രാജ്യത്തിനകത്തും വിദേശത്തും പ്രധാന ട്രേഡ് ഫെയറുകളിലും വകുപ്പ് പങ്കെടുക്കുന്നുണ്ട്. ഇക്കാര്യങ്ങൾ വിനോദസഞ്ചാര മേഖലയിൽ കേരളത്തിന് പുത്തൻ ഉണർവുണ്ടാക്കുമെന്ന് കരുതുന്നു.

**ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ**

323(729) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എല്ലാ ജില്ലയിലും പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഘടനയും രൂപവത്കരണവും എങ്ങനെയാണെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ ജില്ലകളിലും ഡി.ടി.പി.സി. യോഗങ്ങൾ ചേരാറുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേർന്ന യോഗങ്ങളും എടുത്ത തീരുമാനങ്ങളും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഡി.ടി.പി.സി.-ക്ക് ഫണ്ട് എവിടെ നിന്നാണ് ലഭ്യമാകുന്നതെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ഡി.ടി.പി.സി.യും എത്ര ഫണ്ട് എതെല്ലാം ആവശ്യങ്ങൾക്ക് ചെലവഴിച്ചിട്ടുണ്ടെന്നും ഇപ്പോൾ കയ്യിലുള്ള ഫണ്ട് എത്രയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രവർത്തിക്കുന്നുണ്ട്.

(ബി) 28-7-1988-ലെ സ.ഉ.(അ) 254/1988/പൊ.ഭ.വ, 3-1-2005-ലെ സ.ഉ.(കൈ) 05/05/പൊ.ഭ.വ എന്നീ സർക്കാർ ഉത്തരവുകൾ പാലിച്ച് 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് XXI അനുസരിച്ച് സ്വയംഭരണ സ്ഥാപനമായിട്ടാണ് ഡി.ടി.പി.സി. രൂപീകരിച്ചിരിക്കുന്നത്. നിലവിൽ ജില്ലാ കളക്ടർ ആണ് ചെയർമാൻ.

(സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചേർന്ന യോഗങ്ങളും എടുത്ത തീരുമാനങ്ങളും വിവിധ ഡി.ടി.പി.സി.-കളിൽ നിന്ന് ശേഖരിച്ചുവരുന്നു.

(ഡി) ഡി.ടി.പി.സി.-ക്ക് ഫണ്ട് ലഭ്യമാകുന്നത് പ്രധാനമായും രണ്ട് തരത്തിലാണ്. സർക്കാരിൽ നിന്നും വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ അനുവദിക്കുന്ന പദ്ധതി നടത്തിപ്പിനുള്ള ഫണ്ടും കൂടാതെ ഡി.ടി.പി.സി.-യുടെ തനത് വരുമാനവും (വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിന്നുള്ള ടിക്കറ്റ് കളക്ഷൻ, വാടക തുടങ്ങിയവ).

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഡി.ടി.പി.സി.കളിലെ ഫണ്ട് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

## ടൂറിസം റെഗുലേറ്ററി അതോറിറ്റി

324(730) <u>ശ്രീമതി യു. പ്രതിഭ:</u>

<u>ശ്രീ. ഒ. ആർ. കേളു:</u>

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u>

<u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം പ്രതിസന്ധി സൃഷ്ടിച്ചിട്ടും കൂടുതൽ വിദേശ - ആഭ്യന്തര വിനോദ സഞ്ചാരികളെ ആകർഷിക്കാൻ തക്കവിധത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ കരുത്തുറ്റതാക്കുന്നതിന് നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും പ്രദേശ വാസികൾക്ക് കൂടി പ്രയോജനപ്രദമായി അവ നിലനിർത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഗ്രീൻ കാർപ്പെറ്റ് പദ്ധതി പ്രകാരം നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാരമേഖലയിലെ അനഭിലഷണീയ പ്രവണതകൾ ഇല്ലാതാക്കാൻ ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനലക്ഷ്യം നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പ്രളയക്കെടുതിക്കുശേഷം ടൂറിസം മേഖലയിൽ ഉണ്ടായ തിരിച്ചടി അടിയന്തരമായി മറികടക്കുന്നതിനായി വിവിധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. " Post Flood Campaign" -ന്റെ ഭാഗമായി Its Time for Kerala എന്ന ലേബലിൽ പരസ്യ പ്രചാരണമാണ് വകുപ്പ് സംഘടിപ്പിച്ചത്. ഇന്ത്യയിലെ വിവിധ സിനിമാ സ്ക്രീനുകളായ PVR, INOX, VFO എന്നിവിടങ്ങളിൽ ഏകദേശം 350-ഓളം സ്ക്രീനുകൾ കേന്ദ്രീകരിച്ച് പരസ്യം പ്രദർശിപ്പിച്ചുകഴിഞ്ഞു. നാഷണൽ ടെലിവിഷൻ ചാനലുകൾ, റേഡിയോ എന്നിവ വഴിയും പ്രചരണം നടത്തി. ഡൽഹി, മുംബൈ, ബംഗളൂരു, ഹൈദരാബാദ്, അഹമ്മദാബാദ്, ചെന്നൈ എയർപോർട്ടുകളിൽ OOH Campaign നടത്തി. രാജ്യത്തെ വിവിധ പത്രങ്ങളിലും മാസികകളിലും പരസ്യം നൽകികഴിഞ്ഞു. ഡിജിറ്റൽ Campaign, സോഷ്യൽ മീഡിയ Campaign, ഓൺലൈൻ ആഡ് Campaign (ഇന്ത്യയ്ക്കകത്തും പുറത്തും) എന്നിവയും ടൂറിസം മേഖലയ്ക്ക് ഉണർവ് സമ്മാനിച്ചുവരുന്നു. രാജ്യത്തിനകത്തും വിദേശത്തും സംഘടിപ്പിക്കപ്പെട്ട ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുന്നതിലൂടെയും ട്രേഡ് മീറ്റുകൾ സംഘടിപ്പിച്ചതിലൂടെയും ടൂറിസം രംഗത്ത് കേരള ടൂറിസത്തിന്റെ സാന്നിധ്യം ഉറപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിലൂടെ പ്രളയം ടൂറിസം രംഗത്ത് സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിനുമായി വിവിധ പദ്ധതികൾ വകുപ്പ് കൈക്കൊണ്ടുവരുന്നു. വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സാധ്യത വിലയിരുത്തി ടൂറിസ്റ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്

വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തുന്നു. വിശ്രമസങ്കേതങ്ങൾ, നടപ്പാതകൾ, കുടിവെള്ള ലഭ്യത, ടോയ്‌ലെറ്റ് സംവിധാനം, കഫറ്റീരിയ തുടങ്ങിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി വകുപ്പ് " ഗ്രീൻ കാർപ്പെറ്റ് " എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. നിലവിൽ 77 വിനോദസഞ്ചാര കേന്ദ്രങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് ഇക്കോ പ്രിസർവ് എന്ന എൻ.ജി.ഒ. മുഖേനയും കേരളത്തിലെ മറ്റ് പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നീക്കത്തിനായി കുടുംബശ്രീ മിഷൻ മുഖേന " ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ"പദ്ധതിയും ഇടുക്കി ജില്ലയിൽ എക്സ് സർവ്വീസ്മെൻ ട്രസ്റ്റ് മുഖേനയും വകുപ്പ് നേരിട്ട് തന്നെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യം നീക്കി ശുചിയായി സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്ന " ബാരിയർ ഫ്രീ " ടൂറിസം പദ്ധതി പ്രധാനപ്പെട്ട എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സാധ്യതയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിവിധ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ് ക്ലീനിംഗ് പരിപാടികൾ വകുപ്പ് തുടർച്ചയായി നടപ്പാക്കിവരുന്നുണ്ട്. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം, പരിസര ശുചിത്വം, പൊതു സൗകര്യങ്ങൾ, മെച്ചപ്പെട്ട സേവന ലഭ്യത എന്നിവ ഉറപ്പുവരുത്തുവാൻ പങ്കാളിത്ത സ്വഭാവത്തോടെ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് "ഗ്രീൻ കാർപ്പെറ്റ്" .

തദ്ദേശഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.-കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് വകുപ്പ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഡെസ്റ്റിഷേഷനുകളിലും ഡെസ്റ്റിനേഷൻ മാനേജർമാരെ നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

ഗ്രീൻ കാർപ്പെറ്റിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേയ്ക്കുവേണ്ട സംഗതികൾ സമയബന്ധിതമായി തീർത്ത് ടൂറിസ്റ്റുകൾക്കുള്ള ബുദ്ധിമുട്ടും പരാതിയും പരമാവധി ഒഴിവാക്കുകയാണ് ചുമതലപ്പെട്ടവർ നിർവ്വഹിച്ചുവരുന്നത്. കൂടാതെ കുടിവെള്ള ലഭ്യതയ്ക്കുള്ള നടപടികൾ ടൂറിസം വകുപ്പിന്റെ പരിഗണനയിലാണ്. മാലിന്യ നീക്കത്തിനുള്ള നടപടികൾ വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. പ്രകാശ സംവിധാനം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഈ ഡെസ്റ്റിനേഷനുകളിൽ ഏർപ്പെടുത്തിവരുന്നു. 2016 മുതൽ ആരംഭിച്ചിട്ടുള്ള ഈ പദ്ധതിയിൽ നിലവിൽ തെരഞ്ഞെടുക്കപ്പെട്ട 77 ടൂറിസം കേന്ദ്രങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്.

(സി&ഡി) വിനോദസഞ്ചാര മേഖലയിലെ അനഭിലഷണീയ പ്രവണതകൾ ഇല്ലാതാക്കാൻ ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ടൂറിസം റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. ടൂറിസം മേഖലയിൽ അനഭിലഷണീയമായ പ്രവണതകൾക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുക; വിനോദസഞ്ചാരികൾ ഏതെങ്കിലും രീതിയിൽ വഞ്ചിക്കപ്പെട്ടാൽ അത് സംബന്ധിച്ച പരാതിയിന്മേൽ നടപടിയെടുക്കുക.

2. നിയമാനുസൃതമായ ലൈസൻസില്ലാതെ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുക.

3. കേരള സർക്കാരോ കേന്ദ്ര സർക്കാരോ ടൂറിസം രംഗത്ത് നടപ്പാക്കുന്ന ലൈസൻസ്/ക്ലാസ്സിഫിക്കേഷനുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്നു ഉറപ്പുവരുത്തുക.

4. ടൂറിസം രംഗത്തെ നിയമ ലംഘന പ്രവൃത്തികൾ അതോറിറ്റിയുടെ ശ്രദ്ധയിൽകൊണ്ടുവരിക.

5. ടൂറിസം രംഗത്തെ സേവന ദാതാക്കൾ ഗുണനിലവാരമുള്ള സേവനം നൽകുന്നു എന്നു ഉറപ്പുവരുത്തുക.

6. ടൂറിസം രംഗത്തെ നിയമവിരുദ്ധ പ്രവൃത്തികൾക്ക് പിഴ നിശ്ചയിക്കുക.

7. ടൂറിസം മേഖലയിൽ സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഭരണ/ധനപരമായ പ്രവൃത്തികൾ നടപ്പാക്കുക.

## ആഭ്യന്തര ടൂറിസം

325(731) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) 2018 -ൽ എത്ര വിദേശ വിനോദസഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചു എന്ന് വ്യക്തമാക്കാമോ; ഏത് രാജ്യത്തുനിന്നാണ് ഏറ്റവുമധികം സഞ്ചാരികൾ എത്തിയതെന്നുള്ള വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസം വികസനത്തിനായി ഒരു സമഗ്ര ടൂറിസം നയം പ്രഖ്യാപിച്ചുകഴിഞ്ഞു. ടൂറിസം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും മികച്ച ടൂറിസം കേന്ദ്രമാക്കി കേരളത്തെ വളർത്താനും ഉതകുന്ന രീതിയിൽ കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാനുള്ള നടപടിക്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. ടൂറിസം രംഗത്തെ സാധ്യതകൾ മുൻകൂട്ടി കാണാനും മികച്ച രീതിയിലെ പ്രവർത്തനങ്ങൾക്കുമായി ടൂറിസം അഡ്വൈസറി സമിതി രൂപീകരിച്ചു.

വിവിധ മാർക്കറ്റിംഗ് ക്യാമ്പയിനുകൾ വഴിയും നൂതന ടൂറിസം പദ്ധതികൾ വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്. ഉത്തരേന്ത്യൻ, മറ്റ് ദക്ഷിണേന്ത്യൻ സഞ്ചാരികളെയും കേരളത്തിലേയ്ക്ക് ആകർഷിക്കാൻ ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ 2019-ൽ തുടങ്ങിക്കഴിഞ്ഞു. നൂതന ആശയങ്ങൾ ഉൾക്കൊള്ളുന്ന വിവിധ ഇന്റർനാഷണൽ/നാഷണൽ ട്രേഡ് ഫെയറുകളിലും ടൂറിസം മേളകളിലും കേരള ടൂറിസം സജീവ സാന്നിധ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പുതിയ മികച്ച നൂതനമായ പരസ്യ ക്യാമ്പയിനായ Human by Nature ഈ വർഷം വകുപ്പ് നടപ്പിലാക്കിവരുന്നു.

ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിനായി ഓണം/നിശാഗന്ധി ഫെസ്റ്റിവൽ പ്രൊമോട്ട് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുംപുറമേ രാജ്യത്തിനകത്ത് വിവിധ നഗരങ്ങൾ കേന്ദ്രീകരിച്ച് വകുപ്പ് റോഡ് ഷോകൾ സംഘടിപ്പിച്ചുവരുന്നു. പ്രധാനപ്പെട്ട ടൂറിസം മേളകളിലും വകുപ്പ് പങ്കെടുത്തുവരുന്നു. കേരള ബ്ലോഗ് എക്സ്പ്രസ് എന്ന ആശയവും ആഭ്യന്തര ടൂറിസം രംഗത്ത് പുതിയ ഒരു ആശയം തന്നെയാണ്. ചാമ്പ്യൻസ് ബോട്ട് ലീഗ്, നിശാഗന്ധി മൺസൂൺ മ്യൂസിക് ഫെസ്റ്റിവൽ എന്നിവ ആഭ്യന്തര ടൂറിസം വികസനം മുന്നിൽ കണ്ടാണ് നടപ്പിലാക്കുന്നത്.

(ബി) 2018-ലെ സ്ഥിതിവിവര കണക്കനുസരിച്ച് കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 10,96,407 (പത്തുലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി നാനൂറ്റി ഏഴ്) ആണ്. യുണൈറ്റഡ് കിംഗ്ഡത്തിൽ നിന്നാണ് ഏറ്റവുമധികം സഞ്ചാരികൾ കേരളത്തിൽ എത്തിയത് (2,01,258).

**വിനോദസഞ്ചാരികളുടെ എണ്ണത്തിലെ വളർച്ചാനിരക്ക്**

326(732) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. വി. അൻവർ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ വളർച്ചാനിരക്കിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം നയം അടിസ്ഥാനമാക്കി പ്രത്യേക പ്രചരണപരിപാടികൾ സംഘടിപ്പിക്കുന്നതിനും പുതിയ ടൂറിസം ഉല്പന്നങ്ങൾ കണ്ടെത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുന്നതിനും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ടൂറിസം കൂടുതൽ ജനകീയമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

2016 കലണ്ടർ വർഷത്തിൽ സംസ്ഥാനം സന്ദർശിച്ച ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായെങ്കിലും മുൻ വർഷത്തെ അപേക്ഷിച്ച് വളർച്ചാ നിരക്കിൽ കുറവാണുണ്ടായത്. എന്നാൽ പ്രസ്തുത കലണ്ടർ വർഷത്തിൽ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിലും വളർച്ചാ നിരക്കിലും മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവാണ് രേഖപ്പെടുത്തിയത്.

2017 കലണ്ടർ വർഷത്തിൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിലും മുൻ വർഷത്തെ അപേക്ഷിച്ചുള്ള വളർച്ചാ നിരക്കിലും വർദ്ധനവും വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവും വളർച്ചാനിരക്കിൽ കുറവുമാണുണ്ടായിട്ടുള്ളത്.

2018 വർഷത്തിൽ വിദേശ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും നോട്ട് നിരോധനം, ജി.എസ്.ടി., നിപ വൈറസ് ബാധ, പ്രളയം എന്നിവമൂലം 2017, 2018 വർഷങ്ങളിൽ പ്രതീക്ഷിച്ച വളർച്ചാനിരക്ക് കൈവരിക്കാൻ കഴിഞ്ഞില്ല. വിശദമായ പട്ടിക ചുവടെ ചേർക്കുന്നു:

| വർഷം | വിദേശ വിനോദ സഞ്ചാരികൾ | മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവ് (%) | ആഭ്യന്തര വിനോദ സഞ്ചാരികൾ | മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവ് (%) |
|---|---|---|---|---|
| 2015 | 977479 | 5.86 | 12465571 | 6.59 |
| 2016 | 1038419 | 6.23 | 13172535 | 5.67 |
| 2017 | 1091870 | 5.15 | 14673520 | 11.39 |
| 2018 | 1096407 | 0.42 | 15604661 | 6.35 |

(ബി) ടൂറിസം നയം അടിസ്ഥാനമാക്കി ടൂറിസം വകുപ്പ് വിവിധ പ്രചരണപരിപാടികൾ ആഭ്യന്തര, അന്താരാഷ്ട്രതലത്തിൽ സംഘടിപ്പിച്ചുവരുന്നു. Its time for Kerala- Come out and play, Human by Nature എന്നീ വിവിധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചുകഴിഞ്ഞു. രാജ്യത്തിനകത്തും വിദേശത്തുമായി വകുപ്പ് വിവിധ പ്രധാനപ്പെട്ട നഗരങ്ങളിൽ കേരള ടൂറിസം പ്രചരണത്തിന്റെ ഭാഗമായി റോഡ് ഷോകൾ സംഘടിപ്പിച്ചിട്ടുണ്ട്. വിദേശത്തും പ്രധാനപ്പെട്ട നഗരങ്ങളിലും റോഡ് ഷോകൾ നടത്തിവരുന്നുണ്ട്. പ്രധാനപ്പെട്ട ആഭ്യന്തര ടൂറിസം മേളകളായ TTF, IITM, SATTE, GITB, IITE, IITT എന്നിവകളിലും പ്രധാന അന്താരാഷ്ട്ര മേളകളായ PATA, ITB, ATM, New York Times Travel Show എന്നിവയിലും കേരള ടൂറിസം പങ്കെടുത്ത് പ്രചരണങ്ങൾ നടത്തി വരാറുണ്ട്. 2019-20 വർഷത്തിലും വകുപ്പ് off season programmed Campaign എന്ന പേരിൽ പ്രചരണം ആഭ്യന്തര രംഗത്ത് നടത്തിക്കഴിഞ്ഞു. വരും മാസങ്ങളിൽ Middle East Campaign എന്ന പേരിൽ അറബ് രാജ്യങ്ങൾ കേന്ദ്രീകരിച്ച് പ്രചരണം ലക്ഷ്യമിടുന്നുണ്ട്. ബ്രാന്റ് & ടാക്റ്റിക്കൽ ക്യാമ്പയിന്റെ ഭാഗമായി നിർമ്മിച്ച പുതിയ പരസ്യ ചിത്രങ്ങളാണ് ഇനി മുതൽ ഉപയോഗിക്കുക. കേരള ടൂറിസം ബ്രാന്റ് സിഗ്നേച്ചർ ഫിലിമും ഉപയോഗിച്ചുവരുന്നു. ഇന്ത്യയ്ക്കകത്തും സിംഗപ്പൂർ, ദുബായ്, ജർമ്മനി, യു.കെ, ഫ്രാൻസ്, അമേരിക്ക (ന്യൂയോർക്ക് ടൈം സ്ക്വയർ) എന്നിവിടങ്ങളിലെ പ്രധാന പട്ടണങ്ങളിലും ബ്രാന്റ് ക്യമ്പയിൻ അടുത്തിടെ നടത്തിക്കഴിഞ്ഞു. ഈ രാജ്യങ്ങളിലെ ടി.വി/എയർപോർട്ട്/മാളുകൾ എന്നിവിടങ്ങളിലും പരസ്യ പ്രചരണം നടത്തിക്കഴിഞ്ഞു. നിശാഗന്ധി മൺസൂൺ മ്യൂസിക് ഫെസ്റ്റിവൽ വകുപ്പ് പുതിയ ടൂറിസം ഉൽപ്പന്നമായി അവതരിപ്പിച്ചു കഴിഞ്ഞു. ഉടൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചാമ്പ്യൻസ് ബോട്ട് ലീഗും പുതിയ ടൂറിസം പദ്ധതിയാണ്.

(സി) കേരളത്തിലെ വിനോദസഞ്ചാരമേഖലയെ കൂടുതൽ ജനകീയമാക്കുന്നതിനും തദ്ദേശ ജനസമൂഹത്തിന് ടൂറിസത്തിലൂടെ അധിക വരുമാനം ലഭ്യമാക്കുന്നതിനും കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുകയും പ്രസ്തുത പ്രവർത്തനങ്ങൾ നയിക്കുന്നതിനായി 2017 ജൂൺ മാസം മുതൽ ഉത്തരവാദിത്വ ടൂറിസം മിഷൻ (ആർ.ടി. മിഷൻ) രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വിനോദ സഞ്ചാരികൾക്ക് കേരളത്തിലെ ഗ്രാമീണ അന്തരീക്ഷം, ഉത്സവങ്ങൾ, തനതു കലാരൂപങ്ങൾ, പരമ്പരാഗത തൊഴിലുകൾ എന്നിവ സ്വാഭാവികാന്തരീക്ഷത്തിൽ നേരിട്ട് കാണുന്നതിനും അതിൽ ഭാഗഭാക്കാകുന്നതിനും അവസരം ഒരുക്കുന്ന 40-ൽപ്പരം എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ കേരളത്തിലൊട്ടാകെ ആർ.ടി. മിഷൻ നടത്തിവരുന്നു. ഇതിലൂടെ സാധാരണക്കാരായ ജനങ്ങൾക്ക് തങ്ങളുടെ ഉപജീവനമാർഗ്ഗമായ വിവിധ പരമ്പരാഗത തൊഴിലുകൾ മുടക്കമില്ലാതെ ചെയ്യുന്നതിനോടൊപ്പം അധിക മുതൽ മുടക്കില്ലാതെ ടൂറിസം രംഗത്ത് നിന്നും അധിക വരുമാനവും ലഭ്യമാകുന്നു.

പ്രാദേശിക ജനസമൂഹത്തെ പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനാവശ്യമായ വിവിധ തൊഴിൽ പരിശീലനങ്ങളും അവബോധ ശില്പശാലകളും സംഘടിപ്പിക്കുകയും അവരെ ആർ.ടി. മിഷൻ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുക എന്നുള്ളതും ആർ.ടി. മിഷന്റെ പ്രധാന പ്രവർത്തനമാണ്. നിലവിൽ പ്രത്യക്ഷമായും പരോക്ഷമായും ടൂറിസം മേഖലയിൽ വിവിധ ഉല്പന്നങ്ങളും സേവനങ്ങളും നൽകുന്ന 15000-ൽപ്പരം രജിസ്റ്റേർഡ് ആർ.ടി മിഷൻ യൂണിറ്റുകൾ കേരളത്തിലൊട്ടാകെ പ്രവർത്തിക്കുന്നു. ടൂറിസം വ്യവസായത്തിനാവശ്യമായ വിവിധ ഉൽപ്പന്നങ്ങൾ (ഹോട്ടൽ/റിസോർട്ടുകളിലേയ്ക്ക് ആവശ്യമായ പാൽ, മുട്ട, പച്ചക്കറി, പഴങ്ങൾ, വാഴയില, തേങ്ങ, കരിക്ക്, ഇറച്ചി, മീൻ എന്നിങ്ങനെയുള്ളവ), കരകൗശല വസ്തുക്കൾ, പേപ്പർ/തുണി സഞ്ചികൾ എന്നിങ്ങനെ വിവിധ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം തദ്ദേശീയർക്ക് നൽകുകയും യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് പ്രസ്തുത യൂണിറ്റുകളെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാന ലഭ്യത ഉറപ്പുവരുത്തുന്നു. പ്രാദേശിക കലാപ്രവർത്തകരെ ആർ.ടി. മിഷൻ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ഹോട്ടലുകളിലും റിസോർട്ടുകളിലും നേരിട്ട് പ്രോഗ്രാം ചെയ്യുന്നതിനും, ടൂറിസ്റ്റുകൾക്ക് നേരിട്ട് പ്രോഗ്രാം ബുക്ക് ചെയ്യുന്നതിനുമായി ആർ.ടി. ആർട്ട് ആന്റ് കൾച്ചറൽ ഫോറം, ടൂറിസം മേഖലയിൽ തദ്ദേശീയരായ ആളുകൾക്ക് ജോലി സാധ്യത ഉറപ്പുവരുത്തുന്നതിനായി ആർ.ടി. ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി എന്നിങ്ങനെ മൂന്ന്

ഓൺലൈൻ നെറ്റ്‌വർക്കുകൾ ആർ.ടി. മിഷൻ തയ്യാറാക്കിയിട്ടുണ്ട്. ആർ.ടി. മിഷന്റെ രജിസ്റ്റേർഡ് യൂണിറ്റുകൾ മാത്രമാണ് ഈ നെറ്റ് വർക്കുകളിൽ ലിസ്റ്റ് ചെയ്യപ്പെടുന്നത്. ഈ നെറ്റ് വർക്കുകൾ പ്രാദേശിക സമൂഹത്തെ നേരിട്ട് ടൂറിസം വ്യവസായവുമായി ബന്ധിപ്പിക്കുന്നു. 2017 ജൂൺ മുതൽ 2019 ഏപ്രിൽ വരെ രജിസ്റ്റേർഡ് ആർ.ടി. മിഷൻ യൂണിറ്റുകൾക്ക് ലഭിച്ചിരുന്ന ആകെ വരുമാനം 9,09,72,178 രൂപയാണ്.

വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് വരുന്നതിനുള്ള പ്രചരണ പരിപാടികളാണ് വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. റെസ്പോൺസിബിൾ ടൂറിസം ഇനിഷ്യേറ്റീവ് മുതലായ പുതിയ സംരംഭങ്ങൾ മുഖേന ഈ രംഗത്ത് പുതിയ ഉണർവ് സൃഷ്ടിക്കാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. തദ്ദേശീയരെക്കൂടി ഉൾപ്പെടുത്തി തദ്ദേശീയ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും മറ്റും ഇത്തരം ആശയങ്ങൾ വഴി നടപടികൾ എടുത്തുവരുന്നു. ഇതുമൂലം ടൂറിസം രംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. വിനോദസഞ്ചാരികൾ കേരള ടൂറിസം എന്ന ബ്രാന്റ് പ്രചരണം വഴി ഇവിടേക്കെത്തുമ്പോൾ സംസ്ഥാനത്ത് ഹോട്ടൽ/ഹോംസ്റ്റേ മേഖലയിലും ഹൗസ് ബോട്ട്, മറ്റ് ടൂറിസം മേഖലകൾ എന്നിവിടങ്ങളിലും ഉണർവ് പ്രകടമാകുന്നു. കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാനും ഇത്തരം നടപടികൾ ഉതകുന്നുണ്ട്. മാത്രമല്ല, ജനകീയ ടൂറിസം എന്ന ലക്ഷ്യം കൈവരിക്കാനും ഇത്തരം നടപടികളിലൂടെ വകുപ്പിന് കഴിയുന്നുണ്ട്.

## ഗ്രീൻ കാർപ്പെറ്റ് പദ്ധതി

327(733) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ഗ്രീൻ കാർപ്പെറ്റ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ ഏതെല്ലാം ഏജൻസികളാണ് പങ്കാളികളാകുന്നതെന്ന് അറിയിക്കാമോ; ആയതിന്റെ ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ 2016 മുതൽ ഗ്രീൻ കാർപ്പെറ്റ് പദ്ധതി നടപ്പാക്കി വരുന്നു. നിലവിൽ 77 വിനോദസഞ്ചാര കേന്ദ്രങ്ങളാണ് ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം, പരിസര ശുചിത്വം, പൊതു സൗകര്യങ്ങൾ, മെച്ചപ്പെട്ട സേവന ലഭ്യത എന്നിവ ഉറപ്പു വരുത്തുവാൻ പങ്കാളിത്ത സ്വഭാവത്തോടെ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് "ഗ്രീൻ കാർപ്പെറ്റ് " . സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികൾ കൈക്കൊണ്ടുവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിശ്രമ സങ്കേതങ്ങൾ, നടപ്പാതകൾ, കുടിവെള്ള ലഭ്യത, ടോയ്‌ലെറ്റ് സംവിധാനം, കഫറ്റീരിയ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ "ഗ്രീൻ കാർപ്പെറ്റ് " പദ്ധതിയിലൂടെ ഉറപ്പാക്കുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് ഇക്കോ പ്രിസർവ് എന്ന എൻ.ജി.ഒ. മുഖേനയും കേരളത്തിലെ മറ്റ് പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നീക്കത്തിനായി കുടുംബശ്രീ മിഷൻ മുഖേന "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ " പദ്ധതിയിലൂടെയും ഇടുക്കി ജില്ലയിൽ എക്സ് സർവ്വീസ് മെൻ ട്രസ്റ്റ് മുഖേനയും വകുപ്പ് നേരിട്ട് തന്നെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യം നീക്കി ശുചിയായി സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിവിധ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ് ക്ലീനിംഗ് പരിപാടികൾ വകുപ്പ് തുടർച്ചയായി നടപ്പാക്കി വരുന്നുണ്ട്.

കൂടാതെ, കുടിവെള്ള ലഭ്യതയ്ക്കുള്ള നടപടികൾ ടൂറിസം വകുപ്പിന്റെ പരിഗണനയിലാണ്. മാലിന്യം നീക്കത്തിനുള്ള നടപടികൾ വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. പ്രകാശ സംവിധാനം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഈ ഡെസ്റ്റിനേഷനുകളിൽ ഏർപ്പെടുത്തിവരുന്നു.

(ബി) 2016 മുതൽ ആരംഭിച്ചിട്ടുള്ള ഈ പദ്ധതിയിൽ നിലവിൽ തെരഞ്ഞെടുക്കപ്പെട്ട 77 ടൂറിസം കേന്ദ്രങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതിയിൽ ഉൾപ്പെടുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.-കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഡെസ്റ്റിനേഷനുകളിലും ഡെസ്റ്റിനേഷൻ മാനേജർമാരെ നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

## പിൽഗ്രിം ടൂറിസം പദ്ധതി

328(734) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിനോദസഞ്ചാര വകുപ്പിന്റെ പിൽഗ്രിം ടൂറിസം പദ്ധതി പ്രകാരം ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാന സർക്കാർ ആയിരം ദിവസം പൂർത്തിയാക്കിയ ആഘോഷപരിപാടികളുടെ ഭാഗമായി ഏതൊക്കെ ക്ഷേത്രങ്ങളിൽ പിൽഗ്രിം അമിനിറ്റി സെന്റർ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന വിനോദസഞ്ചാര വകുപ്പ് താഴെപ്പറയുന്ന ആരാധനാലയങ്ങളോടനുബന്ധിച്ച് സന്ദർശകർക്കായി അടിസ്ഥാന ടൂറിസം അമിനിറ്റി/ഇൻഫർമേഷൻ മുതലായ സൗകര്യങ്ങൾ ഉറപ്പാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. ആണ്ടല്ലൂർകാവ്, കണ്ണൂർ
2. കണിച്ചുകുളങ്ങര ക്ഷേത്രം, ആലപ്പുഴ
3. വലിയ ഉദേശ്വരം ക്ഷേത്രം, തിരുവനന്തപുരം
4. അണിയൂർ ക്ഷേത്രം, തിരുവനന്തപുരം
5. കല്ലമ്പള്ളി ദുർഗ്ഗാ ക്ഷേത്രം, തിരുവനന്തപുരം
6. മൺവിള ക്ഷേത്രം, തിരുവനന്തപുരം
7. കോലത്തുകര ക്ഷേത്രം, തിരുവനന്തപുരം
8. അലിയാവൂർ ദേവീ ക്ഷേത്രം

(ബി) സംസ്ഥാന സർക്കാർ ആയിരം ദിവസം പൂർത്തിയാക്കിയ ആഘോഷപരിപാടികളുടെ ഭാഗമായി അലിയാവൂർ ദേവീ ക്ഷേത്രം, അണിയൂർ ക്ഷേത്രം, കല്ലമ്പള്ളി ദുർഗ്ഗാ ക്ഷേത്രം, മൺവിള ക്ഷേത്രം എന്നിവിടങ്ങളിൽ പിൽഗ്രിം അമിനിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

**വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷിസൗഹൃദമാക്കുന്നതിന് പദ്ധതി**

329(735) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഭിന്നശേഷിക്കാർക്ക് മാത്രമായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ ആഭിമുഖ്യത്തിൽ ടൂർ പാക്കേജുകൾ ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(സി) ഉത്തരവാദിത്ത ടൂറിസം ആരംഭിച്ചശേഷം ടൂറിസം രംഗത്ത് ഉണ്ടായിട്ടുള്ള മാറ്റം എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് " ബാരിയർ ഫ്രീ കേരള ടൂറിസം" . 2021-ൽ കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഒന്നാംഘട്ടത്തിനായി 9 കോടി രൂപയുടെ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 120 ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഈ പദ്ധതി പ്രാവർത്തികമാക്കാനാണ് ടൂറിസം വകുപ്പ് വിഭാവന ചെയ്തിട്ടുള്ളത്. കൈവരിയുള്ള റാമ്പ്, ബ്രെയിൽ ലിപിയിലുള്ള ദിശാ സൂചകം, ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റ്, വീൽചെയർ, വാക്കിംഗ് സ്റ്റിക്ക്, ക്രച്ചസുകൾ എന്നിവ ലഭ്യമാക്കുക, ശ്രവണ വഴികാട്ടി, തെരഞ്ഞെടുക്കപ്പെട്ട അഞ്ച് ഗസ്റ്റ് ഹൗസുകൾ/യാത്രി നിവാസുകൾ എന്നിവയിൽ ലിഫ്റ്റുകൾ ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. ഈ പദ്ധതിയിൽ ഉൾപ്പെട്ട 120 ടൂറിസം ഡെസ്റ്റിനേഷനുകളിൽ 69 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 175 റാമ്പുകൾ, 62 ടോയ്‌ലെറ്റുകൾ, 115 വാക്കിംഗ് സ്റ്റിക്കുകൾ, 106 വീൽ ചെയറുകൾ, 807 സൈനേജുകൾ, 108 ക്രച്ചസുകൾ എന്നിവ ഇതിനകം സജ്ജമാക്കി കഴിഞ്ഞു.

(ബി) ഭിന്നശേഷി സൗഹൃദ ടൂറിസം പ്രോൽസാഹിപ്പിക്കുക എന്നുള്ളത് ഉത്തരവാദിത്ത ടൂറിസത്തിന്റെ ഒരു പ്രധാന ആശയമാണ്. അതിന്റെ ഭാഗമായി ഭിന്നശേഷി സൗഹൃദ ടൂറിസം പാക്കേജുകൾ ഉത്തരവാദിത്ത ടൂറിസം മിഷൻ ആവിഷ്കരിച്ചിട്ടുണ്ട്. ഭിന്നശേഷി സൗഹൃദ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹെൽപ്പിംഗ് ഹാൻഡ്സ് ഓർഗനൈസേഷൻ എന്ന എൻ.ജി.ഒ.-യുമായി ചേർന്ന് കോവളത്ത് ഇന്റർനാഷണൽ ബാരിയർ ഫ്രീ കൈറ്റ് ഫെസ്റ്റ് നടത്തുകയുണ്ടായി.

(സി) വിനോദസഞ്ചാര രംഗത്തെ സുസ്ഥിര വികസനത്തിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുകയും പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനായി 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ (ആർ.ടി മിഷൻ) രൂപീകരിച്ചു. സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം എന്നീ ഉത്തരവാദിത്വങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ടൂറിസം മേഖലയുടെ ഉത്തരവാദിത്വപൂർണ്ണമായ വളർച്ച ഉറപ്പാക്കുന്നതിനായി മിഷൻ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. പ്രാദേശിക ജനസമൂഹത്തെ പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനാവശ്യമായ വിവിധ തൊഴിൽ പരിശീലനങ്ങളും അവബോധ ശിൽപ്പശാലകളും സംഘടിപ്പിക്കുകയും അവരെ ആർ.ടി. മിഷൻ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുക എന്നുള്ളത് ആർ.ടി. മിഷന്റെ പ്രധാന ദൗത്യമാണ്. നിലവിൽ ടൂറിസം മേഖലയിൽ 15000-ൽപ്പരം രജിസ്റ്റേർഡ് ആർ.ടി. മിഷൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി ഒരു ലക്ഷത്തോളം ആൾക്കാർക്ക് ടൂറിസം മേഖലയിൽ തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ വില്ലേജ് ലൈഫ് എക്സ്പീരിയൻഷ്യൽ പാക്കേജുകൾ, കൾച്ചറൽ പാക്കേജുകൾ, ഫെസ്റ്റിവൽ പാക്കേജുകൾ തുടങ്ങിയ വിവിധ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകളിലൂടെ തദ്ദേശീയരായ ജനസമൂഹത്തിന് മുടക്കമില്ലാതെ തങ്ങളുടെ പരമ്പരാഗത തൊഴിലുകൾ ചെയ്യുന്നതിനും അധിക മുതൽമുടക്കില്ലാതെ കൂടുതൽ വരുമാനം ഉറപ്പു വരുത്തുന്നതിനും സാധിക്കുന്നു. ടൂറിസം വ്യവസായത്തിനാവശ്യമായ വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം തദ്ദേശീയർക്ക് നൽകുകയും യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് പ്രസ്തുത യൂണിറ്റുകളെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാന ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു. പ്രാദേശിക കലാപ്രവർത്തകരെ ആർ.ടി. മിഷൻ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ഹോട്ടലുകളിലും റിസോർട്ടുകളിലും നേരിട്ട് പ്രോഗ്രാം ചെയ്യുന്നതിനും ടൂറിസ്റ്റുകൾക്ക്

നേരിട്ട് പ്രോഗ്രാം ബുക്ക് ചെയ്യുന്നതിനുമായി ആർ. ടി. ആർട്ട് ആന്റ് കൾച്ചറൽ ഫോറം, ടൂറിസം മേഖലയിൽ തദ്ദേശീയരായ ആളുകൾക്ക് ജോലി സാധ്യത ഉറപ്പുവരുത്തുന്നതിനായി ആർ.ടി. ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി എന്നീ ഓൺലൈൻ നെറ്റ്‌വർക്കുകൾ ആർ.ടി. മിഷൻ തയ്യാറാക്കിയിട്ടുണ്ട്. ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രധാന പ്രോജക്ടുകളിൽ ഒന്നായ " പെപ്പർ" (People's Participation for Participatory Planning and Empowerment through Responsible Tourism) പദ്ധതിയിലൂടെ പുതിയ ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾ നടത്തിവരുന്നു.

നിലവിലെ സർക്കാർ നയമനുസരിച്ച് നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ന്യൂ ആർ. ടി. ഡെസ്റ്റിനേഷൻസ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി അവബോധ ശിൽപ്പശാലകൾ, പരിശീലന പരിപാടികൾ എന്നിങ്ങനെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ പദ്ധതികളിലൂടെ കേരളത്തിലെ ടൂറിസം പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാകുകയും തദ്ദേശീയരായ സാധാരണക്കാർക്കുകൂടി ടൂറിസം രംഗത്ത് നിന്നും വരുമാനം ലഭ്യമാക്കുവാനും കഴിഞ്ഞിട്ടുണ്ട്.

## വിനോദസഞ്ചാര പദ്ധതികൾ

330(736) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഏതെല്ലാം വിനോദസഞ്ചാര പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) സർക്കാർ പുതുതായി തുടങ്ങാൻ പോകുന്ന വിനോദസഞ്ചാര പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ ടൂറിസം പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി) പുതുതായി നടത്താനുദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബി.ആർ.ഡി.സി.-യുടെ പ്രവർത്തനം

331(737) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ആർ.ഡി.സി. (ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ).-യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് അടുത്ത കാലത്ത് ഉന്നത തലത്തിൽ റിവ്യൂ മീറ്റിംഗ് നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ റിവ്യൂ മീറ്റിംഗിൽ ഏതൊക്കെ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇത്തരത്തിൽ ഇതിന് മുൻപ് നടന്ന റിവ്യൂ മീറ്റിംഗിൽ എടുത്ത തീരുമാനങ്ങൾ ബി.ആർ.ഡി.സി. നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്നത് പരിശോധനാ വിധേയമാക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ&ബി) ബി.ആർ.ഡി.സി.-യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 15-5-2019-ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നത തലത്തിൽ അവലോകനയോഗം നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു:

1. മലബാർ മേഖലയുടെ സമഗ്രമായ വികസനത്തിന് സഹായകമാകുംവിധം അവിടത്തെ ടൂറിസം സാധ്യതകൾ, പുതിയ സംരംഭകരെ ആകർഷിക്കുവാനുള്ള നൂതന പദ്ധതികൾ, ടൂറിസം രംഗത്തെ പുതിയ പ്രവണതകൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പവർ പോയിന്റ് പ്രസന്റേഷൻ തയ്യാറാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പാകെ അവതരിപ്പിക്കാവുന്നതാണ്.

2. ബി.ആർ.ഡി.സി.-യുടെ പ്രവർത്തനം പ്രത്യേകിച്ച് കാസർഗോഡ്, കണ്ണൂർ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ഉതകുംവിധം സ്ഥാപനത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഇതിനാവശ്യമായ ഭേദഗതികൾ MoA-യിൽ വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

3. ബി.ആർ.ഡി.സി. പാട്ടത്തിന് നൽകിയിട്ടുള്ള റിസോർട്ടുകളിൽ/ വസ്തുക്കളിൽ ലീസ് റെന്റ് കുടിശ്ശിക വരുത്തിയവരുമായി യോഗം ചേർന്ന് പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കുക.

(സി) വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**വയലട ടൂറിസം പദ്ധതി**

332(738) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ടൂറിസം കോറിഡോറിന്റെ ഭാഗമായ വയലട ടൂറിസം പദ്ധതിയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) നിലവിൽ ടി പദ്ധതിയുടെ പ്രവൃത്തികൾ 3 പ്ലോട്ടുകളിലാണ് നടക്കുന്നത്. ഒന്നാമത്തെ പ്ലോട്ടിൽ ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവൃത്തികൾ 60 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. രണ്ടാമത്തെ പ്ലോട്ടിൽ വാച്ച് ടവറിന്റെ സിവിൽ പ്രവൃത്തികൾ 40 ശതമാനം പൂർത്തിയായിട്ടുണ്ട്. മൂന്നാമത്തെ പ്ലോട്ടിൽ പാർക്കിംഗ് അനുബന്ധ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) പദ്ധതിയുടെ പ്രവൃത്തികൾ നടത്തുന്ന എക്സിക്യൂട്ടിംഗ് ഏജൻസിയായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കോ ലിമിറ്റഡ് പ്രവൃത്തികൾ 2019 ജൂൺ 30-നകം പൂർത്തിയാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

**മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതി**

333(739) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലനാട് -നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ നടന്നുവരുന്ന പദ്ധതികളുടെ പ്രവർത്തനപുരോഗതി വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി 9-4-2019-ൽ ടൂറിസം വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട എല്ലാവരേയും ഉൾക്കൊള്ളിച്ചുള്ള ഒരു യോഗം നടത്തുകയും അതനുസരിച്ച് ഒരു സമയക്രമം രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## ഏനമാവ് നെഹ്റു പാർക്ക്

334(740) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ ഏനമാവ് നെഹ്റു പാർക്കിന്റെ വികസനത്തിനായി തൃശ്ശൂർ ഡി.റ്റി.പി.സി. തയ്യാറാക്കിയ പദ്ധതി രൂപരേഖയിൽമേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പാർക്കിന്റെ നവീകരണവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ

<u>ഉത്തരം</u>

(എ&ബി) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ ഏനമാവ് നെഹ്റു പാർക്കിന്റെ വികസനത്തിനായി തൃശ്ശൂർ ഡി.റ്റി.പി.സി. തയ്യാറാക്കിയ പദ്ധതി രൂപരേഖ പരിശോധനയിലാണ്.

## ബേക്കൽ ടൂറിസം ഡെലവപ്മെന്റ് കോർപ്പറേഷൻ പദ്ധതികൾ

335(741) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബേക്കൽ ടൂറിസം ഡെവലപ്മെന്റ് കോർപറേഷൻ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ബേക്കൽ സൗത്ത് ബീച്ച് പാർക്ക് നവീകരിക്കുവാൻ സുനാമി ഫണ്ടിൽ നിന്നും എത്ര തുക ചെലവാക്കി; ഇനം തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ;

(സി) ബേക്കൽ ഡെവലപ്മെന്റ് കോർപ്പറേഷൻ നാളിതുവരെ എത്ര ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്; പ്രസ്തുത സ്ഥലത്ത് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ബേക്കൽ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനിൽ എത്ര സ്ഥിരം/താൽക്കാലിക ജീവനക്കാർ ഉണ്ട്; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബേക്കൽ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങി പൂർത്തീകരിച്ച പദ്ധതികൾ

1. സൈൽ (സ്മാൾ&മീഡിയം ഇൻഡസ്ട്രീസ് ലെവറേജിംഗ് എക്സ്പീരിയൻഷ്യൽ ടൂറിസം)-50 സംരംഭങ്ങൾ
2. വെർച്ചൽ ടൂർ ഗൈഡ്

നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

1. വീഡിയോ ബ്രോഷർ (ഉത്തര മലബാറിലെ ടൂറിസം ആകർഷണങ്ങളെക്കുറിച്ച്)
2. ടീ-ബ്രേക്ക്
3. ആക്സസ് ഡെവലപ്മെന്റ് &ബ്യൂട്ടിഫിക്കേഷൻ പദ്ധതി
4. നിലവിലുള്ള വിനോദസഞ്ചാര സൗകര്യങ്ങൾ വികസിപ്പിക്കൽ/ നവീകരണം

(ബി) ബേക്കലിലെ ബീച്ച് നിർമ്മാണത്തിനായി സുനാമി ഫണ്ട് ഉപയോഗിച്ച് ടൂറിസം വകുപ്പ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് അനുവദിച്ച് നൽകിയ തുകയും പദ്ധതിയും ചുവടെ ചേർക്കുന്നു:

1. ബേക്കൽ ഫോർട്ട് ബീച്ച് പാർക്ക് ഡെവലപ്മെന്റ് - 3,27,95,795
2. ബേക്കൽ ബീച്ച് പാർക്ക് (ലാൻഡ് സ്കേപ്പിംഗ്) - 35,96,318
3. ബേക്കൽ തൃക്കണ്ണാട് ബീച്ച് - 47,96,582

(സി) ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ നാളിതുവരെ 235.50 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ആറ് റിസോർട്ടുകൾ, ബേക്കൽ ബീച്ച് പാർക്ക്, ബി.ആർ.ഡി.സി. കുടിവെള്ള പദ്ധതി, പാർക്കിംഗ് ബേ, തണൽ വിശ്രമ കേന്ദ്രം, കോട്ടപ്പുറത്തും ഇടയിലക്കാട്ടും ഉള്ള അമിനിറ്റി സെന്റർ എന്നീ പദ്ധതികളാണ് നടപ്പിലാക്കിയത്.

(ഡി) ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ (അന്യത്ര സേവനത്തിൽ പോയവർ ഉൾപ്പെടെ) 17 (പതിനേഴ്) സ്ഥിരം ജീവനക്കാരാണുള്ളത്.

തസ്തിക തിരിച്ചുള്ള കണക്ക്

| | |
|---|---|
| മാനേജർ (ടെക്നിക്കൽ) | 1 |
| മാനേജർ (എഫ്&എ) | 1 |
| മാനേജർ (പി&എ) | 1 |
| അസിസ്റ്റന്റ് മാനേജർ (ടെക്നിക്കൽ) | 2 |
| അസിസ്റ്റന്റ് മാനേജർ (പ്രോപ്പർട്ടി മാനേജ്മെന്റ്) | 1 |
| സെക്രട്ടറി ടു എം.ഡി. | 1 |
| സെക്രട്ടറി ടു ജി.എം | 1 |
| അസിസ്റ്റന്റ് | 3 |
| ഡ്രൈവർ | 2 |
| അറ്റൻഡർ | 4 |

**നെന്മാറ നിയോജകമണ്ഡലത്തിലെ ടൂറിസം സാധ്യതകൾ**

336(742) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ടൂറിസം സാധ്യതകളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഈ മണ്ഡലത്തിലെ ഏതെല്ലാം ടൂറിസം പദ്ധതികളാണ് പരിഗണനയിൽ ഉള്ളത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഈ മണ്ഡലത്തിൽ നിലവിൽ ടൂറിസം വകുപ്പിന്റെ പദ്ധതികളൊന്നും പരിഗണനയിലില്ല.

**തലശ്ശേരി പൈതൃക ടൂറിസം പദ്ധതി**

337(743) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി എന്തൊക്കെ കാര്യങ്ങൾ ആണ് ഇതുവരെ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടിക്രമങ്ങൾ ആണ് ഉള്ളതെന്നും ആയത് എന്ന് പൂർത്തീകരിക്കാനാകുമെന്നും വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി 4 പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിരുന്നത്. ഇതിൽ "തലശ്ശേരി പിയർ ശിൽപ്പോദ്യാനവും ഭക്ഷ്യവീഥിയുമായി വികസിപ്പിക്കൽ" എന്ന പദ്ധതിയിൽ പിയർ റോഡിന്റെ നവീകരണ പ്രവൃത്തികൾ, പഴയ ഫയർ ടാങ്ക് കൺസർവേഷൻ ആന്റ് താഴെ അങ്ങാടി ഹെറിറ്റേജ് സ്ട്രീറ്റ് എന്നീ 2 പദ്ധതികളുടെ പ്രവൃത്തികൾ പൂർത്തീകരണത്തിന്റെ അവസാനഘട്ടത്തിലാണ്. ഗുണ്ടർട്ട് ബംഗ്ലാവിന്റെ നവീകരണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. നാലാമത്തെ പദ്ധതിയായ മൊയ്തുപാലം നവീകരണവും സൗന്ദര്യവത്കരിക്കലും പദ്ധതിക്ക് പാലത്തിന് സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. തലശ്ശേരി പൈതൃക ടൂറിസം പദ്ധതി തലശ്ശേരിയിൽ മാത്രം കേന്ദ്രീകരിക്കാതെ പൈതൃകവുമായി ബന്ധപ്പെടുന്ന മറ്റ് പ്രദേശങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 4 വ്യത്യസ്ത സർക്യൂട്ടുകളിലായി തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ കരട് അപ്രൂവൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിച്ച് കമ്മിറ്റി ടി കരട് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ആദ്യഘട്ട പ്രവൃത്തിയിൽ ഉൾപ്പെട്ട പിയർ റോഡിന്റെ നവീകരണ പ്രവൃത്തികൾ, പഴയ ഫയർടാങ്ക് കൺസർവേഷൻ ആന്റ് താഴെ അങ്ങാടി ഹെറിറ്റേജ് സ്ട്രീറ്റ് എന്നിവയുടെ പൂർത്തീകരണം 2019 ജൂൺ 30-ഓടെയും ഗുണ്ടർട്ട് ബംഗ്ലാവിന്റെ നവീകരണ പ്രവൃത്തികൾ 2019 നവംബർ 30-ഓടെയും തീർക്കാൻ സാധിക്കുമെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

തലശ്ശേരി പൈതൃക ടൂറിസം പദ്ധതി തലശ്ശേരിയിൽ മാത്രം കേന്ദ്രീകരിക്കാതെ പൈതൃകവുമായി ബന്ധപ്പെടുന്ന മറ്റ് പ്രദേശങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 4 വ്യത്യസ്ത സർക്യൂട്ടുകളിലായി തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ കരട്, അപ്രൂവൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിച്ച് കമ്മിറ്റി ടി കരട് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

**മണിയാർ ടൂറിസം പദ്ധതി**

338(744) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാർ ടൂറിസം പദ്ധതിക്കായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ പ്രോജക്ടാണ് തയ്യാറാക്കിയിരിക്കുന്നതെന്നും ആരാണ് തയ്യാറാക്കിയതെന്നും വെളിപ്പെടുത്താമോ;

(ബി) പ്രോജക്ടിൽ എന്തൊക്കെയാണ് വിഭാവനം ചെയ്തിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മണിയാർ ഡാമിന്റെ പരിസരത്തായി പമ്പാ റിവർ വാലി ടൂറിസം എന്ന പദ്ധതിക്കായി സർക്കാർ അക്രെഡിറ്റഡ് ഏജൻസിയായ M/s. Kerala Electricals Limited (KEL) മുഖാന്തരം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 9.995 കോടി രൂപയുടെ പദ്ധതിയാണ് വിഭാവന ചെയ്തിരിക്കുന്നത്.

(ബി) ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മണിയാർ ഡാമിന്റെ പ്രദേശത്താണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. ഇതിൽ സെക്യൂരിറ്റി ക്യാബിൻ, ടോയ്‌ലെറ്റ് ബ്ലോക്ക്, ടിക്കറ്റ് കൗണ്ടർ, പാർക്കിംഗ് ഏരിയ, എൻട്രൻസ് ബ്രിഡ്ജ്, റെസ്റ്റോറന്റ്, വാട്ടർ ടാങ്ക് കം വ്യൂവിംഗ് ഡെക്ക് 1, 2, തൂക്കുപാലം ട്രീറ്റ്മെന്റ് പ്ലാന്റ്, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്, ഡീസൽ ജനറേറ്റർ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

(സി) അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത പ്രോജക്ട് പരിശോധനയിലാണ്.

## കായംകുളം കായലോര ടൂറിസം പദ്ധതി

339(745) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായുള്ള കായംകുളം കായലോര ടൂറിസം പദ്ധതിയിൽ കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

നിലവിൽ പരിഗണനയിലില്ല.

## വർക്കല പാപനാശം ബീച്ച്

340(746) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകപ്രശസ്ത വിനോദസഞ്ചാര കേന്ദ്രമായ വർക്കല പാപനാശം ബീച്ച് പരിപാലിക്കുന്നതിന് ടൂറിസം വകുപ്പ് ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രതിദിനം ആയിരക്കണക്കിന് വിനോദസഞ്ചാരികൾ എത്തുന്ന വർക്കല പാപനാശം ബീച്ചിൽ വിനോദസഞ്ചാരികൾക്ക് ആവശ്യമായ ശുചിമുറികൾ (ബാത്ത് റൂം, ടോയ്‌ലെറ്റ് എന്നിവ) അടിയന്തരമായി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതിയുടെ ഭാഗമായി ബീച്ച് പരിപാലനത്തിനായി കുടുംബശ്രീ മിഷനിൽ നിന്നും വോളന്റിയർമാരെ നിയോഗിച്ചിട്ടുണ്ട്.

(ബി) വർക്കലയിലെ ബീച്ച് ടൂറിസം വികസനത്തിന് 8.99 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ ആവശ്യമായ ശുചിമുറികൾ (Bio toilets, changing room) നിർമ്മിക്കുന്നതിനുള്ള തുക വകയിരുത്തിയിട്ടുണ്ട്.

**വാമനപുരം മണ്ഡലത്തിലെ തിരിച്ചിട്ട പാറ ടൂറിസം പദ്ധതി**

341(747) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ തിരിച്ചിട്ട പാറ എന്ന സ്ഥലത്ത് ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകാമോ;

(സി) ഇല്ലായെങ്കിൽ പദ്ധതി ആവിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ &ബി) നിലവിൽ പദ്ധതികളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

(സി) സാധ്യത പരിശോധിക്കുന്നതാണ്.

**പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലെ ടൂറിസം പദ്ധതികൾ**

342(748) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലെ തിരുനെല്ലൂർ, പെരിങ്ങാട് കായലോരങ്ങളിലായി സി.ആർ.ഇസഡ് പ്രകാരം 234 ഏക്കർ സ്ഥലം റവന്യൂ ഭൂമിയായി ഏറ്റെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥലം വിനോദസഞ്ചാര മേഖലയാക്കി മാറ്റി അവിടെ പാർക്കും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തി പുഴയിൽ കൊടുങ്ങല്ലൂർ, കൊച്ചി ഭാഗങ്ങളിലേയ്ക്ക് ജലപാതയും ഒരുക്കി ഒരു ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിന്റെ സാധ്യത പരിശോധിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഇല്ല

(ബി)നിലവിൽ ഇക്കാര്യം പരിഗണനയിലില്ല.

**കാരാപ്പുഴ ടൂറിസം പദ്ധതി**

343(749) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരാപ്പുഴ ടൂറിസം പദ്ധതി (4 കോടി), കാരാപ്പുഴ ടൂറിസം ഹബ്ബ് (20 കോടി), കാരാപ്പുഴ ടൂറിസം ഡെസ്റ്റിനേഷൻ (3.2 കോടി) എന്നിവയുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവയുടെ വിശദവിവരം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ &ബി) 4 കോടി രൂപയുടെ കാരാപ്പുഴ ടൂറിസം എന്ന പദ്ധതിക്ക് മാത്രമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. മറ്റ് പദ്ധതികൾ ടൂറിസം വകുപ്പുമായി ബന്ധപ്പെട്ടതല്ല. കാരാപ്പുഴ ടൂറിസം പദ്ധതിയുടെ (4 കോടി) പണി പുരോഗമിച്ചുവരുന്നു. വാച്ച് ടവർ, ലോട്ടസ് പോണ്ട്, പാർക്കിംഗ് ഏരിയ തുടങ്ങിയവയുടെ പണികൾ പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ ഏകദേശം 50%-ത്തോളം പ്രവൃത്തികൾ നാളിതുവരെ പൂർത്തിയായിട്ടുണ്ട്.

**വിനോദസഞ്ചാര വകുപ്പ് മൂന്നാറിൽ ആരംഭിച്ചിട്ടുള്ള പദ്ധതികൾ**

344(750) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വകുപ്പ് മൂന്നാറിൽ ആരംഭിച്ചിട്ടുള്ള പദ്ധതികൾ/നിർമ്മാണപ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കുവാനാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വകുപ്പ് മൂന്നാറിൽ ആരംഭിച്ചിട്ടുള്ള പദ്ധതികൾ, നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കിളിമാനൂർ കൊട്ടാരം**

345(751) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിശ്വപ്രശസ്ത ചിത്രകാരൻ രാജാരവിവർമ്മയുടെ ജന്മസ്ഥലമായ കിളിമാനൂർ കൊട്ടാരത്തെ ടൂറിസം ഭൂപടത്തിൽ ഉൾകൊള്ളിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

കിളിമാനൂർ കൊട്ടാരത്തെ ടൂറിസം ഭൂപടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**നെയ്യാർഡാം ടൂറിസം വികസനം**

346(752) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർഡാം ടൂറിസം വികസനത്തിനായി ഈ സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ട് എന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നെയ്യാർഡാമിലെ ചിൽഡ്രൻസ് പാർക്ക് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ &ബി) നെയ്യാർഡാം ടൂറിസം വികസനത്തിനായി 3,15,10,000 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ നെയ്യാർഡാമിൽ നിലവിലുള്ള ശുചിമുറി കോംപ്ലക്സ് പുതുക്കി പണിയുന്നതിനായി സുലഭ് ഇന്റർനാഷണൽ സർവ്വീസ് സൊസൈറ്റി സമർപ്പിച്ച 13,75,000 രൂപയുടെ പദ്ധതിക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. നെയ്യാർഡാമിലെ ചിൽഡ്രൻസ് പാർക്ക് നവീകരണം ഉൾപ്പെടെ ഇറിഗേഷൻ വകുപ്പ് നടത്തിവരുന്ന മറ്റ് നിർമ്മാണ പ്രവൃത്തികളുടെ 30% പണി പൂർത്തീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കച്ചേരിക്കടവ് വാട്ടർ ഹബ്ബ്**

347(753) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നിയോജകമണ്ഡലത്തിലെ കച്ചേരിക്കടവ് വാട്ടർ ഹബ്ബ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ടൂറിസം വകുപ്പ് എത്ര രൂപയാണ് ഇതിനായി നൽകിയിട്ടുള്ളത്;

(സി) കരാർ എടുത്തിരുന്ന കിറ്റ്കോ-യ്ക്ക് തുക കൈമാറിയിട്ടുള്ളത് ഏതെല്ലാം ഘട്ടങ്ങളിലായിരുന്നു എന്നും പ്രസ്തുത തീയതികളും വ്യക്തമാക്കുമോ;

(ഡി) ഇനി പൂർത്തിയാവാനുള്ള ഘട്ടം ഏതെന്നും ആയത് എന്നേക്ക് പൂർത്തിയാകും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കോട്ടയം നിയോജകമണ്ഡലത്തിൽ കച്ചേരിക്കടവിൽ "ലാൻഡ് സ്കേപ്പിംഗ് ബോട്ട് കനാൽ കോട്ടയം" എന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി-ഡി) കച്ചേരിക്കടവിൽ "ലാൻഡ് സ്കേപ്പിംഗ് ബോട്ട് കനാൽ കോട്ടയം" എന്ന പദ്ധതിക്ക് 7.98 കോടി രൂപയുടെ (ഏഴ് കോടി തൊണ്ണൂറ്റി എട്ട് ലക്ഷം) ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി M/s. FIT Ltd എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയയിരുന്നത്.

നിർവ്വഹണ ഏജൻസിയായ M/s. FIT-ക്ക് അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ താഴെ പറയുന്നു.

Rs.2,99,00,000 (രണ്ട് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷം രൂപ മാത്രം) തീയതി, 20-9-2014

Rs.1,79,40,000 (ഒരു കോടി എഴുപത്തി ഒൻപത് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) തീയതി, 21-11-2017

Rs.1,05,27,938 (ഒരു കോടി അഞ്ച് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി തൊള്ളായിരത്തി മുപ്പത്തി എട്ട് രൂപ മാത്രം) തീയതി, 19-3-2018 പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

**ഇന്ദ്രാൻചിറ രണ്ടാംഘട്ട വികസനപദ്ധതി**

348(754) <u>ശ്രീ. വി. പി. സജീന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദ്രാൻചിറ രണ്ടാംഘട്ട വികസനപദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ; വ്യക്തമാക്കാമോ;

(ബി) നിരവധി തവണ ആവശ്യപ്പെട്ടിട്ടും നാളിതുവരെ ഫണ്ട് അനുവദിക്കാത്തതിന് കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) അനുയോജ്യമായ പദ്ധതി പ്രൊപ്പോസലിനോടൊപ്പം പദ്ധതി പ്രദേശത്തെ ഉടമസ്ഥാവകാശമുള്ള വകുപ്പിൽ നിന്നും ഈ പദ്ധതി ടൂറിസം വകുപ്പിന് നടപ്പിലാക്കുവാൻ നിയമപ്രകാരമുള്ള ഉപയോഗാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി രൂപരേഖ പരിശോധിച്ച് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**കുത്താമ്പുള്ളി ടൂർ പാക്കേജ് മാർക്കറ്റിംഗ്**

349(755) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ കുത്താമ്പുള്ളിയിലും പരിസരപ്രദേശത്തും പരമ്പരാഗതമായി കൈത്തറികളിൽ നെയ്തെടുക്കുന്ന കുത്താമ്പുള്ളി മുണ്ടുകൾ, സാരികൾ, സെറ്റുമുണ്ടുകൾ തുടങ്ങിയവ വൈവിദ്ധ്യം, ഭംഗി, ഗുണമേന്മ എന്നിവയാൽ സ്വദേശത്തും വിദേശത്തും വലിയ വിൽപ്പന സ്വീകാര്യതയുള്ള കൈത്തറി ഉൽപ്പന്നങ്ങളാണെന്ന കാര്യം വിനോദസഞ്ചാര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നൂറ്റാണ്ടുകളുടെ പാരമ്പര്യം ഉള്ളതും മികവുറ്റതുമായ ഈ കൈത്തറി ഉല്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിച്ച് നെയ്ത്തുകാർക്കും വിൽപ്പനക്കാർക്കും മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനായി കൈത്തറി വകുപ്പിന്റെ സഹകരണത്തോടെ ഓൺലൈൻ മാർക്കറ്റിംഗ്, കുത്താമ്പുള്ളി ടൂർ പാക്കേജ് മാർക്കറ്റിംഗ് എന്നിവ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഉത്തരവാദിത്ത ടൂറിസം മിഷൻ ഇക്കാര്യത്തിൽ സാധ്യതാപഠനം ആരംഭിച്ചിട്ടുണ്ട്.

**കണ്ടശ്ശാംകടവിലെ പവലിയന്റെ നടത്തിപ്പ് ചുമതല**

350(756) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിൽ കണ്ടശ്ശാംകടവിൽ ടൂറിസം വകുപ്പ് നിർമ്മിച്ച പവലിയന്റെ നടത്തിപ്പ് ചുമതല മണലൂർ പഞ്ചായത്തിനെ ഏൽപ്പിക്കുവാനും പവലിയൻ സ്ഥിതിചെയ്യുന്ന ഭാഗത്തെ ജലസേചന വകുപ്പിന്റെ അധീനതയിലുള്ള ഭൂമി ടൂറിസം വകുപ്പ് ഏറ്റെടുക്കാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

മണലൂർ മണ്ഡലത്തിൽ കണ്ടശ്ശാംകടവിൽ ടൂറിസം വകുപ്പ് നിർമ്മിച്ച പവലിയന്റെ നടത്തിപ്പ് ചുമതല മണലൂർ പഞ്ചായത്തിനെ ഏൽപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലുണ്ട്. എന്നാൽ നിലവിൽ പവലിയൻ സ്ഥിതിചെയ്യുന്ന ഭാഗത്തെ ജലസേചന വകുപ്പിന്റെ അധീനതയിലുള്ള ഭൂമി ടൂറിസം വകുപ്പ് ഏറ്റെടുക്കാൻ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

**നെയ്യാറ്റിൻകര ഈരാറ്റിൻപുറം ടൂറിസം പദ്ധതി**

351(757) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഈരാറ്റിൻപുറം ടൂറിസം പദ്ധതിയെ കാട്ടാക്കട മണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിലെ അരുവിക്കര പ്രദേശം കൂടി ഉൾപ്പെടുത്തി വിപുലപ്പെടുത്താനാകുമോ എന്നറിയിക്കുമോ;

(ബി) ഇതിനായുള്ള നടപടികൾ സ്വീകരിയ്ക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) പരിശോധിക്കാവുന്നതാണ്.

**റോഡുകൾ നവീകരിക്കുന്നതിന് നടപടി**

352(758) <u>ശ്രീ. അബ്ദുൽ ഹമീദ്. പി</u>. : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹജ്ജ് തീർത്ഥാടനത്തോടനുബന്ധിച്ച് കോഴിക്കോട് വിമാനത്താവളവുമായി ബന്ധപ്പെട്ട പ്രധാന റോഡുകൾ നവീകരിക്കുന്നതിന് ടൂറിസം വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;വിശദവിവരം നൽകാമോ?

<u>ഉത്തരം</u>

വിനോദസഞ്ചാര വകുപ്പ് റോഡുകൾ നവീകരിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

**ദേവസ്വം ബോർഡിലെ പട്ടികജാതി പട്ടികവർഗ്ഗ സംവരണം**

353(759) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക്,ദേവസ്വം ബോർഡ് സ്ഥാപനങ്ങളിൽ ഹിന്ദുജനസംഖ്യാനുപാതികമായി ഇരുപതു ശതമാനം സംവരണം നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി)പട്ടികജാതി പട്ടികവർഗ്ഗ സംവരണം, ഹിന്ദുജനസംഖ്യാനുപാതികമായി വർധിപ്പിച്ചു നൽകണമെന്ന് കാണിച്ച് ഏതൊക്കെ വ്യക്തികളും സംഘടനകളുമാണ് സർക്കാരിൽ അപേക്ഷകൾ നൽകിയിട്ടുള്ളത്, പ്രസ്തുത അപേക്ഷകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക്, ഹിന്ദുജനസംഖ്യാനുപാതികമായി ദേവസ്വം ബോർഡിൽ ജോലിക്കായി ഇരുപത് ശതമാനം സംവരണം നൽകിക്കൊണ്ട് ദേവസ്വം റിക്രൂട്ട്മെന്റ് റൂളിൽ ഭേദഗതി വരുത്തുന്നകാര്യം പരിഗണിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഹിന്ദുജന സംഖ്യയ്ക്കാനുപാതികമായി ദേവസ്വം ബോർഡ് നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 20% സംവരണം സംബന്ധിച്ച പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല.

(ബി) എസ്.സി./എസ്.റ്റി എംപ്ലോയീസ് വെൽഫെയർ അസോസിയേഷൻ അപേക്ഷ ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷയുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള അന്യാധീനപ്പെട്ട ഭൂമി**

354(760) <u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീമതി ഗീതാ ഗോപി:</u>
<u>ശ്രീ. കെ. രാജൻ:</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള പതിനായിരക്കണക്കിന് ഏക്കർ ഭൂമി അന്യാധീനപ്പെട്ടതായുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ഭൂമി അന്യാധീനപ്പെട്ടതിനെ കുറിച്ച് കേസ്സുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഇത്തരത്തിൽ ഭൂമി അന്യാധീനപ്പെട്ട് പോകാതിരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കുന്നതിന് പ്രത്യേക ട്രൈബ്യൂണൽ സ്ഥാപിക്കുന്നതിന് നീക്കമുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ദേവസ്വം ബോർഡുകളിലെ ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി കയ്യേറ്റങ്ങൾമൂലം അന്യാധീനപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ദേവസ്വം ഭൂമി അന്യാധീനപ്പെട്ടതുമായി ബന്ധപ്പെട്ട് നീതിന്യായ കോടതികളിൽ കേസ്സുകളും ലാൻഡ് കൺസർവൻസി ആക്ട് പ്രകാരം നടപടി എടുത്തതിനെതിരായി ആർ.ഡി.ഒ., ജില്ലാ കളക്ടർ, നീതിന്യായ കോടതികൾ എന്നിവിടങ്ങളിൽ അപ്പീൽ/റിവിഷൻ കേസ്സുകളും നിലവിലുണ്ട്.

(സി & ഡി) കേരള ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

**തീർത്ഥാടന കേന്ദ്രങ്ങളുടെ നവീകരണം**

355(761) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശബരിമല ഉൾപ്പെടെയുള്ള തീർത്ഥാടന കേന്ദ്രങ്ങളുടെ നവീകരണത്തിനായി വിനിയോഗിച്ച ഫണ്ടുകളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇപ്രകാരമുള്ള വിവിധ വിശ്വാസിസമൂഹങ്ങളുടെ തീർത്ഥാടന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിന് എന്തെങ്കിലും പ്രത്യേക വരുമാനം ലഭിക്കുന്നുണ്ടോ, വിശദാംശം അറിയിക്കുമോ;

(സി) തീർത്ഥാടന കേന്ദ്രങ്ങളിൽ സർക്കാർ ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുമ്പോൾ പരിസ്ഥിതിക്ക് കോട്ടം തട്ടാത്തവിധം ശാസ്ത്രീയമായ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ വന്നതിനുശേഷം ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്ക് 59.62 കോടി രൂപ നൽകിയിരുന്നു. കൂടാതെ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 702 പൊതുക്ഷേത്രങ്ങൾക്കായി 6,09,50,000 രൂപയും 511 സ്വകാര്യ ക്ഷേത്രങ്ങൾക്കായി 74,05,000 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം നടത്തിപ്പുകാരായ 117 ക്ഷേത്രങ്ങൾക്കായി 16,45,000 രൂപയുമടക്കം ആകെ 7 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ ഉടമസ്ഥതയിലുള്ള ക്ഷേത്രങ്ങളുടെയും സ്വകാര്യ ക്ഷേത്രങ്ങളുടെയും കീഴിലുള്ള കുളങ്ങളുടെയും കാവുകളുടെയും ആൽത്തറകളുടെയും നവീകരണത്തിനായി 3 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) ദേവസ്വം ബോർഡുകളുടെ കീഴിലുള്ള തീർത്ഥാടന കേന്ദ്രങ്ങളിലെ വരുമാനം ദേവസ്വം ബോർഡുകൾക്ക് മാത്രമാണ് ലഭിക്കുന്നത്. സർക്കാരിൽ വരുമാനമൊന്നും ലഭിക്കുന്നില്ല.

(സി) പരിസ്ഥിതിക്ക് കോട്ടംതട്ടാത്തവിധമാണ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്.

**ശബരിമല വികസനത്തിന് കേന്ദ്രസർക്കാർ വിട്ടുനൽകിയ ഭൂമി**

356(762) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിനായി കേന്ദ്രസർക്കാർ ഭൂമി വിട്ടുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്ഥലം എവിടെയൊക്കെയാണ് വിട്ടുനൽകിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വിട്ടുകിട്ടിയ ഭൂമിയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിന് എത്ര കോടി രൂപ ചെലവ് വരുമെന്നും ഇവയുടെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 181.032 ഹെക്ടർ സ്ഥലമാണ് വിട്ടുനൽകിയിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) ഈ ഭൂമിയിൽ ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങളേ നടപ്പാക്കാൻ കഴിയുകയുള്ളൂ. ഇതു പ്രകാരമുള്ള പ്രവൃത്തികൾ ഘട്ടംഘട്ടമായി നടപ്പാക്കി വരികയാണ്.

**ശബരിമലയിൽ റോപ് വേ സംവിധാനം**

357(763) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പയിൽ നിന്നും സന്നിധാനത്തേയ്ക്ക് ചരക്കുനീക്കത്തിനായി റോപ് വേ സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇതിനായി എത്ര കോടി രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നും ആർക്കാണ് നിർമ്മാണ ചുമതലയെന്നും വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാവുമെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) റോപ് വേ നിർമ്മാണത്തിന് കൽക്കട്ടയിലെ ദാമോദർ റോപ് വേയ്സ് & ഇൻഫ്രാ ലിമിറ്റഡ്, അഹമ്മദാബാദിലെ എയിന്റീന്ത് സ്റ്റെപ് പ്രോജക്ട്സ് ലിമിറ്റഡ് എന്നീ കമ്പനികൾ സംയുക്തമായി ശബരിമല മാസ്റ്റർ പ്ലാൻ ഹൈപവർ കമ്മിറ്റി മെമ്പർ സെക്രട്ടറിയുമായി കരാർ ഒപ്പ് വച്ചിട്ടുണ്ട്. പദ്ധതി പ്രദേശത്തെ ജോയിന്റ് സർവ്വേ പൂർത്തിയാക്കി റിപ്പോർട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. സോയിൽ ടെസ്റ്റ് നടന്നുവരുന്നു. മേൽ കമ്പനികൾ എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണച്ചെലവ് അറിയാൻ കഴിയൂ. പെരിയാർ ടൈഗർ റിസർവിൽ വരുന്ന ശബരിമല പ്രദേശത്ത് സോയിൽ ടെസ്റ്റ് നടത്തുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല. സോയിൽ ടെസ്റ്റ് പൂർണ്ണമായെങ്കിൽ മാത്രമേ നിർമ്മാണ പ്രവർത്തനവുമായി മുന്നോട്ട് പോകാൻ കഴിയുകയുള്ളൂ.

**പ്രളയാനന്തരം പമ്പയിൽ അടിഞ്ഞുകൂടിയ മണൽ**

358(764) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം പമ്പ ത്രിവേണിയിൽ എത്ര ഘനമീറ്റർ മണൽ അടിഞ്ഞുകൂടിയിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണൽ ശബരിമലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സൗജന്യമായി ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പമ്പയിൽ അടിഞ്ഞുകൂടിയ മണൽ തീർത്ഥാടകർക്ക് സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 90,000 ഘനമീറ്റർ മണൽ അടിഞ്ഞുകൂടിയതായി വനം വകുപ്പ് കണക്കാക്കിയിട്ടുണ്ട്.

(ബി)ഇല്ല, 20,000 ഘനമീറ്റർ മണൽ സൗജന്യമായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) 6-5-2019-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗ തീരുമാന പ്രകാരം മണൽ എത്രയും വേഗം നീക്കം ചെയ്യുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടർക്കും തിരുവിതാംകൂർ ദേവസ്വം ബോർഡിനും, ജലസേചന വകുപ്പിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ദേവസ്വം ബോർഡ് ആസ്ഥാനത്തെ ഭവാനി തമ്പുരാട്ടി കൊട്ടാരം**

359(765) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ദേവസ്വം ബോർഡ് ആസ്ഥാനത്തെ പൈതൃക മന്ദിരമായ ഭവാനി തമ്പുരാട്ടി കൊട്ടാരത്തിന്റെ മുകൾനില പൊളിച്ച് ചീഫ് എഞ്ചിനീയറുടെ ഓഫീസ് നിർമ്മിക്കുന്നതിന് ബോർഡ് തീരുമാനം എടുത്തിരുന്നോ; ഇതിനായി കരാറുകാരെ ചുമതലപ്പെടുത്തിയിരുന്നോ;

(ബി) ചുണ്ണാമ്പും സുർക്കിയും ഉപയോഗിച്ച് നിർമ്മിച്ച പ്രസ്തുത കൊട്ടാരം പൊളിക്കരുതെന്ന് 2009-ൽ ദേവസ്വം എഞ്ചിനീയറിംഗ് വിഭാഗം ബോർഡിന് റിപ്പോർട്ട് നൽകിയിരുന്നോ;

(സി) എങ്കിൽ അതിന് വിരുദ്ധമായി കെട്ടിടം പൊളിക്കുവാൻ തീരുമാനം എടുത്തത് ഏത് സാഹചര്യത്തിലാണ്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൊട്ടാരം പൊളിക്കുന്നതിന് യാതൊരു തീരുമാനവും എടുത്തിട്ടില്ല. കൊട്ടാരത്തിന്റെ മുകൾ നിലയിൽ ചീഫ് എഞ്ചിനീയർ ഓഫീസ് പ്രവർത്തിപ്പിക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇത്തരം റിപ്പോർട്ടിനെക്കുറിച്ചുള്ള വിവരം ലഭ്യമല്ല എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) കെട്ടിടം പൊളിക്കുവാൻ തീരുമാനം എടുത്തിട്ടില്ല.

**ദേവസ്വം ബോർഡ് ജീവനക്കാരുടെ പി.എഫ്. ഫണ്ട്**

360(766) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡ് ജീവനക്കാരുടെ പി.എഫ്. ഫണ്ടിലെ തുകയായ 150 കോടി രൂപ ധനലക്ഷ്മി ബാങ്കിന്റെ ബോണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച തീരുമാനം ഏത് തലത്തിലാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബോണ്ടിന്റെ നിക്ഷേപ കാലാവധി എത്ര വർഷമാണെന്നും എത്ര ശതമാനം പലിശ ലഭിക്കുമെന്നും വ്യക്തമാക്കുമോ;

(സി) ജീവനക്കാരുടെ പി.എഫ്. തുക പ്രസ്തുത ബാങ്കിന്റെ ബോണ്ടിൽ സുരക്ഷിതമാണെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് നിക്ഷേപിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് തീരുമാനം ബോർഡ് തലത്തിലാണ് കൈക്കൊണ്ടിട്ടുള്ളത്.

(ബി) ബോണ്ടിന്റെ കാലാവധി 7 വർഷവും പലിശ 11 ശതമാനവും ആണ്.

(സി) റിസർവ് ബാങ്കിന്റെയും SEBI-യുടേയും മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രവർത്തിച്ചുവരുന്ന ധനലക്ഷ്മി ബാങ്കിന്റെ അക്കൗണ്ടിലാണ് പി.എഫ്. തുക നിക്ഷേപിച്ചിരിക്കുന്നത്.

## ശബരിമലയിലെ നടവരവിൽ ഉണ്ടായ കുറവ്

361(767) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവതീ പ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ശബരിമലയിൽ ഏർപ്പെടുത്തിയ നിരോധനാജ്ഞമൂലം നടവരവിൽ കുറവ് ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ 2018-19-ലെ മണ്ഡല-മകര വിളക്ക് മഹോത്സവം, ചിത്തിര ആട്ട വിശേഷം, മാസപൂജ എന്നീ വിശേഷ ദിവസങ്ങളിലെ നടവരവിൽ തൊട്ടു മുൻപുള്ള വർഷത്തെ അപേക്ഷിച്ച് ഉണ്ടായ കുറവ് എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ശബരിമലയിലെ നടവരവിലുണ്ടായ കുറവ് പരിഹരിക്കുവാൻ എന്തെങ്കിലും പ്രത്യേക സഹായം ദേവസ്വം ബോർഡിന് 2019-ൽ നൽകിയിരുന്നോ; എങ്കിൽ എന്ത് സഹായം നൽകി;

(ഡി) ദേവസ്വം ബോർഡിന്റെ നന്തൻകോട്ടെ ആസ്ഥാന വളപ്പിൽ പ്രസിഡന്റിനും രണ്ട് മെമ്പർമാർക്കും ഉപയോഗിക്കുന്നതിനായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിർമ്മാണ ചെലവ് എത്രയാണ്;

(ഇ) ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ വേളയിൽ ഇത്തരത്തിലുള്ള ചെലവ് നീതീകരിക്കാവുന്നതാണോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) നിരോധനാജ്ഞമൂലം നടവരവിൽ കുറവ് ഉണ്ടായിട്ടില്ല. എന്നാൽ ശബരിമല സ്ത്രീ പ്രവേശനം അനുവദിച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയെത്തുടർന്ന് വിവിധ രാഷ്ട്രീയ മത സംഘടനകൾ ശബരിമലയിലും പരിസര പ്രദേശങ്ങളിലും നാമജപ ഘോഷയാത്രകൾ പോലുള്ള പ്രകടനങ്ങൾ നടത്തിയിരുന്നു. കൂടാതെ ചിലർ അക്രമ പ്രവർത്തനങ്ങളും കലാപ ശ്രമങ്ങളും നടത്തിയിരുന്നു. ഇതുകാരണം ഭക്തജനങ്ങളുടെ കുറവുണ്ടാകുകയും നടവരവിൽ മുൻവർഷത്തേക്കാൾ കുറവ് ഉണ്ടായിട്ടുമുണ്ട്.

(ബി)മുൻ വർഷത്തെ അപേക്ഷിച്ച് 116,67,95,225 രൂപ കുറവ് വന്നിട്ടുണ്ട്.

(സി) ശബരിമലയിലുണ്ടായ വരുമാന കുറവ് പരിഹരിക്കുന്നതിനായി 100 കോടി രൂപ സർക്കാർ 2019-20-ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) ദേവസ്വം ബോർഡ് അംഗങ്ങൾക്ക് തിരുവനന്തപുരത്ത് താമസസൗകര്യത്തിന് ഗസ്റ്റ്ഹൗസ് നിർമ്മിക്കുന്നതിന് ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. 19,80,000 രൂപ വീതം നിർമ്മാണ ചെലവ് വരുന്ന മൂന്ന് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായിരുന്നു ബോർഡ് അംഗീകാരം നൽകിയത്.

(ഇ) താമസ സൗകര്യത്തിന് ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനുള്ള തീരുമാനം 29-12-2017-ലാണ് ബോർഡ് എടുത്തിരുന്നത്. ഈ നിർമ്മാണ പദ്ധതിയിൽ തുടർ നടപടികളൊന്നും ബോർഡ് കൈക്കൊണ്ടിട്ടില്ല.

**മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ**

362(768) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരുടെ ക്ഷേമവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമായി കൊണ്ടുവന്ന ബില്ലിൽ വിഭാവനം ചെയ്ത തരത്തിൽ, നിത്യവൃത്തിയ്ക്ക് വകയില്ലാത്ത ക്ഷേത്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഇവിടുത്തെ ശാന്തിമാർ ഉൾപ്പെടെയുള്ളവരുടെ മാസവരുമാനം വർദ്ധിപ്പിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

ഇതിനായി മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട നിലവിലെ നിയമം സമഗ്രമായി പരിഷ്കരിച്ചുകൊണ്ടുള്ള പുതിയ നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## എരുവ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രക്കുളം നവീകരണം

363(769) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഉൾപ്പെട്ട മാവേലിക്കര സബ്ബ് ഗ്രൂപ്പിന്റെ പരിധിയിൽ വരുന്ന എരുവ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിന്റെ കിഴക്കേ നടയിലുള്ള ക്ഷേത്രക്കുളം (പാത്രക്കുളം) ആഴം വർദ്ധിപ്പിച്ച് വശങ്ങളിൽ സംരക്ഷണഭിത്തിയും കൽപ്പടവുകളും കെട്ടി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

ഈ ക്ഷേത്രക്കുളം (പാത്രക്കുളം) നവീകരിക്കുന്നതിന് 13,80,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടി സ്വീകരിച്ചുവരുന്നു.

## പിറവം മണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന അമ്പലങ്ങൾ

364(770) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ വർഷത്തെ പ്രളയത്തിൽ തകർന്ന അമ്പലങ്ങളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും ചുറ്റുമതിലിന്റെയും പുനർനിർമ്മാണം നടത്തുന്നതിന് സഹായം അഭ്യർത്ഥിച്ച് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഏതൊക്കെ പ്രദേശങ്ങളിലെ ഏതൊക്കെ അമ്പലങ്ങളിൽ നിന്നാണ് സഹായത്തിനായുള്ള അപേക്ഷകൾ ലഭിച്ചതെന്നും പ്രസ്തുത അപേക്ഷകളിന്മേൽ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വടകുന്നപ്പുഴ ക്ഷേത്രം, മുതുകുളം ലക്ഷ്മണ സ്വാമി ക്ഷേത്രം എന്നിവിടങ്ങളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. വടകുന്നപ്പുഴ ക്ഷേത്രത്തിൽ അന്നദാന മണ്ഡപത്തിന് മുകളിലേയ്ക്ക് തേക്ക് മരം കാറ്റിലും മഴയിലും കടപുഴകി വീണുണ്ടായ നാശനഷ്ടങ്ങൾ തീർക്കുന്നതിന് ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ നടത്തിയിട്ടുണ്ട്. മുതുകുളം ലക്ഷ്മണ സ്വാമി ക്ഷേത്രത്തിന്റെ ഗോപുരത്തിനുണ്ടായ ചെറിയ കേടുപാടുകളും പരിഹരിച്ചിട്ടുണ്ട്.

**ചിറങ്ങരയിൽ ഇടത്താവളം നിർമ്മാണം**

365(771) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചിറങ്ങരയിൽ അയ്യപ്പഭക്തർക്ക് സഹായകരമാകുന്ന സൗകര്യങ്ങളോടെ ഇടത്താവളം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

ഉത്തരം

ചിറങ്ങരയിൽ ഇടത്താവളം നിർമ്മിക്കുന്നതിന് 18-1-2019-ന് ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**കൊട്ടാരക്കര ശ്രീമഹാഗണപതിക്ഷേത്ര വികസനം**

366(772) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര മണികണ്ഠേശ്വരം ശ്രീമഹാഗണപതി ക്ഷേത്രത്തിന്റെ വികസനത്തിനായി ആകെ എത്ര തുകയുടെ പ്രവൃത്തികൾ അനുവദിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്;

(ബി) ക്ഷേത്രവികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള കാര്യങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര മണികണ്ഠേശ്വര ക്ഷേത്രത്തിന്റെ വികസനത്തിനായി 52,71,600 രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളതും 40,98,950 രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

(ബി) മാസ്റ്റർ പ്ലാൻ സംബന്ധിച്ച് പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## നെയ്യാറ്റിൻകരയിലെ ക്ഷേത്രങ്ങളുടെ നവീകരണ പ്രവർത്തനം

367(773) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ദേവസ്വം ക്ഷേത്രങ്ങളിൽ 2019-20 സാമ്പത്തിക വർഷത്തിൽ ഓരോ ക്ഷേത്രത്തിനും നവീകരണ പ്രവർത്തനങ്ങൾക്ക് എത്ര തുകയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷേത്രങ്ങളുടെ പേരു വിവരം വിശദീകരിക്കാമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ എത്ര ക്ഷേത്രങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് ക്ഷേത്രങ്ങളുടെ പേരുവിവരവും അനുവദിച്ച തുകയും സഹിതം വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) 2019-20 വർഷത്തിൽ ബോർഡിന് കീഴിലുള്ള എല്ലാ ക്ഷേത്രങ്ങൾക്കും കൂടിയാണ് തുക വകയിരുത്തിയിട്ടുള്ളത്. ഓരോ ക്ഷേത്രങ്ങൾക്കായി തുക അനുവദിച്ചതിന് ശേഷമേ ക്ഷേത്രങ്ങളുടെ വിവരങ്ങൾ അറിയാൻ കഴിയുകയുള്ളൂ.

(സി) 2018-19 സാമ്പത്തിക വർഷത്തിൽ നെയ്യാറ്റിൻകര ഗ്രൂപ്പിലെ ദേവസ്വം ക്ഷേത്രങ്ങളിൽ നവീകരണ പ്രവർത്തനങ്ങൾക്ക് ആകെ 23,77,500 രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## മാവേലിക്കര താലൂക്കിൽ ദേവസ്വം ബോർഡിന്റെ സ്ഥലങ്ങൾ

368(774) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിൽ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെയും സ്ഥാവര ജംഗമ വസ്തുക്കളുടെയും വിശദവിവരം ലഭ്യമാക്കുമോ;

(ബി) ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സ്ഥലം ഏറ്റെടുക്കുന്നതിന് ദേവസ്വം ബോർഡും ദേവസ്വം വകുപ്പും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) അനുബന്ധമായി*ചേർത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കയ്യേറ്റ ഭൂമിയിൽ നിന്നും കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് ദേവസ്വം ബോർഡ് വിവിധ കോടതികളിൽ കേസുകൾ നടത്തിവരുന്നു. ദേവസ്വം ബോർഡുകളിലെ വസ്തുവകകളിന്മേലുള്ള കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഒരു ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

## ചെങ്ങന്നൂരിൽ പിൽഗ്രിം ഷെൽട്ടർ നിർമ്മാണം

369(775) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഇടത്താവളമായ ചെങ്ങന്നൂരിൽ അയ്യപ്പന്മാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പിൽഗ്രിം ഷെൽട്ടർ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂരിൽ ഉൾപ്പെടുന്ന പഞ്ചപാണ്ഡവ ക്ഷേത്രങ്ങളുമായി ബന്ധപ്പെടുത്തിയുള്ള വിവരങ്ങൾ ശബരിമല തീർത്ഥാടന ഇൻഫർമേഷൻ ഗൈഡിൽ ഉൾക്കൊള്ളിക്കുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) ശബരിമല ഇടത്താവളം ആയ ചെങ്ങന്നൂരിൽ അയ്യപ്പൻമാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി തെക്കേ നടയിലെ നിലവിലുള്ള നടപ്പന്തലിന്റെ വിസ്തൃതി കൂട്ടിയിട്ടുണ്ട്. പടിഞ്ഞാറ് ഭാഗത്ത് സ്വാമിമാർക്ക് വിരിവയ്ക്കുവാനും വിശ്രമിക്കുന്നതിനുമായി പുതിയ നടപ്പന്തൽ നിർമ്മിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം ശബരിമല തീർത്ഥാടന ഇൻഫർമേഷൻ ഗൈഡ് പുറത്തിറക്കുന്ന അവസരത്തിൽ പരിഗണിക്കുന്നതാണ്.

നക്ഷത്രചിഹ്നമിടാത്ത 432, 442, 472, 485, 547, 564, 565 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

10.00 A.M.]

# II അറിയിപ്പ്

## അംഗത്തിന്റെ രാജി

മി. സ്പീക്കർ: കോന്നി നിയമസഭാ മണ്ഡലത്തിൽനിന്നും കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം ശ്രീ. അടൂർ പ്രകാശ് 2019 മേയ് 29-ാം തീയതി പ്രാബല്യത്തിൽ കേരള നിയമസഭയിലെ തന്റെ അംഗത്വം (ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടതിനാൽ) രാജി വച്ചിരിക്കുന്ന വിവരം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 169-ാം ചട്ടത്തിന്റെ 5-ാം ഉപചട്ടപ്രകാരം ഞാൻ സഭയെ അറിയിക്കുന്നു.

# III പ്രത്യേക പരാമർശം

## നിയമസഭാ സെക്രട്ടറിയുടെ വിരമിക്കൽ

മി. സ്പീക്കർ: നിയമസഭാ സെക്രട്ടറി ശ്രീ. വി. കെ. ബാബുപ്രകാശ് ഈ മാസം 31-ന് നിയമസഭാ സെക്രട്ടേറിയറ്റ് സർവ്വീസിൽനിന്നും ജുഡീഷ്യൽ സർവ്വീസിൽനിന്നും വിരമിക്കുകയാണ്.

സെലക്ഷൻ ഗ്രേഡ് ജില്ലാ ജഡ്ജിയായിരുന്ന അദ്ദേഹം 2016 ഒക്ടോബർ 7-ാം തീയതിയാണ് നിയമസഭാ സെക്രട്ടറിയായി നിയമിതനായത്. ആലപ്പുഴയിൽ അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്യവേ 1-7-1992-ലാണ് അദ്ദേഹം ജുഡീഷ്യൽ സർവ്വീസിൽ പ്രവേശിച്ചത്. തുടർന്ന് വിവിധ സ്ഥലങ്ങളിലെ കോടതികളിൽ സേവനമനുഷ്ഠിച്ചിരുന്നു. ദിനപത്രങ്ങളിലും മറ്റ് പ്രസിദ്ധീകരണങ്ങളിലും ലാ ജേർണലുകളിലും നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും 'ഭഗത്സിംഗിന്റെ വിചാരണ' എന്ന ഗ്രന്ഥം രചിക്കുകയും ചെയ്തിട്ടുണ്ട്. തന്റെ പരന്ന വായനയിലൂടെ സ്വായത്തമാക്കിയ ആഴത്തിലുള്ള അറിവിലൂടെ അപഗ്രഥനങ്ങൾ നടത്തുന്നൊരു ഉജ്ജ്വല പ്രഭാഷകൻ കൂടിയാണ് അദ്ദേഹം. 'കൗൾ ആന്റ് ശക്ധർ' മാതൃകയിൽ നിയമസഭാ നടപടികളുടെ റഫറൻസ് ഗ്രന്ഥമുൾപ്പെടെ നിയമസഭയും നിയമ നിർമ്മാണവുമായി ബന്ധപ്പെട്ട 13 പുസ്തകങ്ങൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രണ്ടുവർഷത്തിനുള്ളിൽ പുറത്തിറക്കാനായിയെന്നത് നിയമസഭയെ സംബന്ധിച്ചിടത്തോളം ചരിത്രനേട്ടം തന്നെയാണ്. 1957 മുതൽ ഇങ്ങോട്ടുണ്ടായ പത്ത് നിയമങ്ങളെക്കുറിച്ചും അവ കേരളത്തിലുണ്ടാക്കിയ മാറ്റങ്ങളെക്കുറിച്ചും സമഗ്രമായി വിശദീകരിക്കുന്ന പുസ്തകം തയ്യാറായിക്കൊണ്ടിരിക്കുകയാണ്. 'അറിവോരം' എന്ന ത്രൈമാസിക പ്രസിദ്ധീകരണം ആരംഭിച്ചതും ശ്രീ. വി. കെ. ബാബു പ്രകാശ് സെക്രട്ടറിയായതിനുശേഷമാണ്. ജീവനക്കാർക്കായി 'മൊഴി' എന്ന

ലിറ്റിൽ മാഗസിൻ ഈ കാലയളവിൽ ആരംഭിച്ചു. നിയമസഭ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിനും ഹരിത പ്രോട്ടോക്കോൾ പാലിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നേതൃത്വപരമായി അദ്ദേഹം വഹിച്ച പങ്കു നിസ്തുലമാണ്. അദ്ദേഹം ഏറ്റെടുത്ത സ്തുത്യർഹവും മാതൃകാപരവുമായ സേവനങ്ങളുടെ പേരിൽ ശ്രീ. വി. കെ. ബാബുപ്രകാശിന് നിയമസഭയുടെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

## IV അടിയന്തരപ്രമേയം

### ഖാദർ കമ്മീഷൻ റിപ്പോർട്ട്

മി. സ്പീക്കർ: പൊതുവിദ്യാഭ്യാസ മേഖലയുടെ താല്പര്യങ്ങളെ അവഗണിച്ചു കൊണ്ടും ദൂരവ്യാപകമായ ആശയക്കുഴപ്പവും ഭരണസ്തംഭനവും ഉണ്ടാകാനിടയുള്ള രീതിയിലും ഏകപക്ഷീയമായും ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. എൻ. എ. ഖാദർ, കെ. സി. ജോസഫ്, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, അക്ഷരാർത്ഥത്തിൽ ചരിത്രം സൃഷ്ടിച്ചുകൊണ്ടാണ് പുതിയ അക്കാദമിക് വർഷം കടന്നുവരുന്നത്. അക്കാദമിക് വർഷാരംഭംതന്നെ അടുത്ത വർഷത്തെ അക്കാദമിക് പ്രവർത്തനത്തിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്. ഇതൊരു ചരിത്ര സംഭവമാണ്. അടുത്ത വർഷം ആവശ്യമുള്ള പാഠപുസ്തകങ്ങൾ എല്ലാ സ്കൂളുകളിലും എത്തിച്ചുകഴിഞ്ഞു. യൂണിഫോം, വിദ്യാഭ്യാസ കലണ്ടർ, അക്കാദമിക് കലണ്ടർ എന്നിവയെല്ലാം സ്കൂളുകളിൽ തയ്യാറായിക്കഴിഞ്ഞു. അതുകൊണ്ടുതന്നെ അടുത്തവർഷം 203 അദ്ധ്യയന ദിവസങ്ങൾ സാർത്ഥകമായി ലഭിക്കത്തക്ക രീതിയിൽ സംവിധാനം ഒരുക്കിക്കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല, മുന്നൊരുക്കങ്ങളെന്ന രീതിയിൽ എല്ലാ റിസൽറ്റുകളും പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഈ വർഷം NSQF (National Skills Qualifications Framework) രാജ്യത്ത് നടപ്പിലാക്കിയതിലൂടെ അതിന്റെ റിസൽറ്റും പ്ലസ് വൺ റിസൽറ്റിനൊപ്പം ഇന്നലെ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. എല്ലാ റിസൽറ്റുകളും കഴിഞ്ഞവർഷം പ്രസിദ്ധീകരിച്ചതിനേക്കാൾ മുമ്പ് പ്രസിദ്ധീകരിക്കുകയും മറ്റ് ഒരുക്കങ്ങൾ നടത്തുകയും ചെയ്തതിലൂടെ വലിയ മാറ്റമാണ് പൊതുവിദ്യാഭ്യാസ രംഗത്ത് വന്നിരിക്കുന്നത്. ഒരു അദ്ധ്യയന വർഷം കടന്നുവരുന്നത് ചരിത്രം സൃഷ്ടിച്ചുകൊണ്ടാണ് എന്നു ഞാൻ സൂചിപ്പിച്ചത് അതുകൊണ്ടാണ്. ഇത് കേരളത്തിലെ ജനങ്ങൾ ഏറ്റെടുത്തുവെന്ന് തെളിയിച്ചുകൊണ്ട് ഇതുവരെയുള്ള കണക്കനുസരിച്ച് ലക്ഷക്കണക്കിന് കുട്ടികൾ

അൺ-എയ്ഡഡ് മേഖലയിൽ നിന്നും പൊതുവിദ്യാലയങ്ങളിലേയ്ക്ക് കടന്നുവന്നു കൊണ്ടിരിക്കുകയാണ്. ഓരോ ദിവസവും അതിന്റെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. അത്തരത്തിൽ നമ്മളെല്ലാം ചേർന്ന് വളരെ മനോഹരമായ ഒരന്തരീക്ഷം പൊതുവിദ്യാഭ്യാസ രംഗത്ത് സൃഷ്ടിച്ചിട്ടുണ്ട്. ഇത് നിലനിർത്തണം, വളർത്തണം. അതിനെ തളർത്തുന്ന ഒരു സമീപനവുമുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടത് നമ്മുടെയെല്ലാം കടമയാണ് എന്ന് വിനീതമായി ഓർമ്മിപ്പിക്കുകയാണ്. ഈ മാറ്റങ്ങളെല്ലാം നമ്മുടെ വിദ്യാലയങ്ങളിൽ വന്നെങ്കിലും ഇനിയും കുറേ മാറ്റങ്ങൾ ഭരണരംഗത്തും മറ്റുപല രംഗങ്ങളിലും ഒപ്പം അദ്ധ്യയന രംഗത്തും വരുത്തേണ്ടതായിട്ടുണ്ട്. 'അദ്ധ്യയന മികവാണ് വിദ്യാലയത്തിന്റെ മികവ്' എന്ന മുദ്രാവാക്യമാണ് പ്രധാനമായും ജനങ്ങളുടെ മുന്നിൽ വച്ചിട്ടുള്ളത്. സ്കൂളുകളിലെ ഭരണസംവിധാനത്തിൽ മാറ്റങ്ങൾ വരാനാണ് ജനങ്ങൾ പ്രധാനമായും ആഗ്രഹിക്കുന്നത്. ചില സ്കൂളുകളിൽ ഹൈസ്കൂളും ഹയർ സെക്കണ്ടറിയും വൊക്കേഷണൽ ഹയർ സെക്കണ്ടറിയും ഒരുമിച്ചുണ്ട്. ഒരു ക്യാമ്പസിനകത്ത് മൂന്ന് യൂണിറ്റുകൾ എന്ന രീതിയിൽ ഇവ പ്രവർത്തിക്കുന്നതിന്റെ പ്രശ്നങ്ങൾ എല്ലാവർക്കും അറിയാവുന്നതാണ്. ഇന്നലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതാക്കളും പ്രതിനിധികളുമായി ഉണ്ടായിരുന്ന ചർച്ചയിൽ സൂചിപ്പിച്ചത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിനുവേണ്ടി വിദ്യാലയങ്ങളിൽനിന്ന് പ്രിൻസിപ്പാളിനെ വിളിക്കണോ ഹെഡ്മാസ്റ്ററെ വിളിക്കണോ എന്നതാണ്. പ്രിൻസിപ്പാളിനെ വിളിച്ചാൽ ചില കാര്യങ്ങൾ എനിക്കറിയില്ല, ഹെഡ്മാസ്റ്ററെ വിളിച്ചാൽ വേറെ ചില കാര്യങ്ങൾ എനിക്കറിയില്ല എന്ന അഭിപ്രായമാണ് വരുന്നത്. അതുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിദ്യാലയങ്ങളിലുള്ള ഇടപെടലിന് അവസരമുണ്ടാക്കണമെന്ന് അവർ കുറേക്കാലമായി ആഗ്രഹിക്കുകയാണെന്ന് പറഞ്ഞു. ഇത് സമൂഹത്തിന്റെയൊരു പൾസാണ്. വിദ്യാലയങ്ങളിലേയ്ക്ക് കടന്നുവരുന്ന പലർക്കും, എല്ലാ എം.എൽ.എ-മാർക്കും ഇത്തരം അനുഭവം ഉണ്ടായിട്ടുണ്ടാകാം. എന്നാൽ എല്ലാം ഒരുപോലെ നടക്കുന്ന വിദ്യാലയങ്ങളുമുണ്ട്. അത് വിസ്മരിക്കുന്നില്ല. വ്യക്തികൾ മാറുമ്പോൾ ആ പ്രശ്നങ്ങൾ മാറാനാണ് സാധ്യത. ഒരു ക്യാമ്പസിൽ ഇത്തരത്തിലുള്ള പല പ്രശ്നങ്ങളും നിലനിൽക്കുമ്പോൾ നമ്മൾ സ്വപ്നം കാണുന്ന അദ്ധ്യയന മികവുണ്ടാക്കാൻ കഴിഞ്ഞെന്ന് വരില്ല. അതുകൊണ്ട് അത്തരത്തിലുള്ളൊരു മാറ്റം ആവശ്യമാണ്. ഒരു ക്യാമ്പസിനെ ഹൃദ്യമായ കുടുംബാന്തരീക്ഷമുള്ള ഒരു യൂണിറ്റായി കാണുക എന്നത് നമ്മളെല്ലാം ആഗ്രഹിക്കുന്ന ഒന്നാണ്. പൊതുവിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് അത്തരത്തിലുള്ള സ്വപ്നസാക്ഷാത്കാരം അനിവാര്യമാണെന്ന് നമ്മളെല്ലാം കരുതുകയാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള ഏകീകരണത്തോടുകൂടി സ്കൂളിനെ ഒരു കുടുംബം എന്ന രീതിയിൽ ഒറ്റ യൂണിറ്റായി കാണാനുള്ള

സംവിധാനമുണ്ടാകണമെന്ന് ജനങ്ങളുടെയും ജനപ്രതിനിധികളുടെയും ഭാഗത്തുനിന്ന് നിരവധി അഭിപ്രായങ്ങളുണ്ടായതിന്റെ വെളിച്ചത്തിൽ ഇതെങ്ങനെ ഏകീകരിക്കാം, എങ്ങനെ അവിടെ അദ്ധ്യയന മികവുണ്ടാക്കാം എന്ന് നിർദ്ദേശിക്കുന്നതിനുവേണ്ടി ശ്രീ. എം. എ. ഖാദർ ചെയർമാനായ കമ്മീഷനെ നിയമിക്കുകയാണുണ്ടായത്. ഖാദർ കമ്മീഷൻ നൽകിയ റിപ്പോർട്ട് ക്യാബിനറ്റ് അംഗീകരിച്ചു. അതിനെത്തുടർന്നുള്ള പ്രധാനപ്പെട്ടൊരു നിർദ്ദേശം നടപ്പിലാക്കുമ്പോൾ അതത് മേഖലയിലുള്ള സംഘടനകളുമായി ചർച്ച ചെയ്യണമെന്നായിരുന്നു വ്യവസ്ഥ. പലപ്പോഴും അത് ചർച്ച ചെയ്തില്ല എന്ന അഭിപ്രായം കേൾക്കുന്നുണ്ട്. ഖാദർ കമ്മീഷൻ റിപ്പോർട്ടിൽ പതിനാല് മേഖലകളുണ്ട്. ഞാൻ എല്ലാം ഇവിടെ വിശദീകരിക്കാൻ ശ്രമിക്കുന്നില്ല. പ്രീ-പ്രൈമറി മുതൽ അദ്ധ്യാപക പരിശീലനം എന്ന മേഖല വരെ പതിനാല് മേഖലകളിൽ ഖാദർ കമ്മീഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ട്. പരിഷ്കാരത്തിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ആ മുഴുവൻ പരിഷ്കാരങ്ങളും നമ്മൾ ആദ്യം നടത്താൻ ഉദ്ദേശിക്കുന്നില്ല. ജനങ്ങളുടെ അഭിപ്രായത്തിൽ സ്കൂളിന്റെ ഏകീകരണം ആവശ്യമാണ്. സ്കൂൾ ഒരു യൂണിറ്റായി കാണണം എന്ന ജനങ്ങളുടെ മനസ്സിലുള്ള ആഗ്രഹം നിറവേറ്റത്തക്ക രീതിയിലുള്ള രണ്ട് ഭാഗങ്ങൾ, അത് ഖാദർ കമ്മീഷൻ റിപ്പോർട്ടിലെ മൂന്ന്, നാല് ഭാഗങ്ങളായ ഘടനാപരമായ മാറ്റവും ഭരണനിർവ്വഹണ മേഖലയിലെ മാറ്റങ്ങളുമാണ്. ഇതുരണ്ടും ആദ്യഘട്ടം എന്ന രീതിയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിച്ചത്. അങ്ങനെ നടപ്പിലാക്കാൻ ഉദ്ദേശിക്കുമ്പോൾ സ്വാഭാവികമായും അതിന്റെ പ്രശ്നങ്ങൾ ഖാദർ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നതുപോലെ തന്നെയാണോ നടപ്പിലാക്കേണ്ടത് അതോ വ്യത്യാസങ്ങളുണ്ടാകണമോ എന്ന് ചർച്ച ചെയ്യണം.

ആ റിപ്പോർട്ട് ക്യാബിനറ്റ് അംഗീകരിച്ച ഉടൻതന്നെ മാധ്യമങ്ങളിലും നവമാധ്യമങ്ങളിലും വ്യക്തിപരമായ ചർച്ചകളിലുമെല്ലാം പല ആശങ്കകളും ജനങ്ങൾ പ്രകടിപ്പിച്ചു. അതെല്ലാം സർക്കാർ തുറന്ന മനസ്സോടുകൂടിയാണ് കേട്ടത്. ആ മാറ്റങ്ങളിൽ എന്തുവേണം, കമ്മീഷൻ നിർദ്ദേശിച്ച മാറ്റങ്ങൾ ചേർത്തുവച്ച് ഇനിയെങ്ങനെ മുന്നോട്ട് പോകണം എന്നതരത്തിലുള്ള ആലോചന നടത്തുകയുണ്ടായി. ആ ആലോചന അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സംഘടനകളുമായി ചർച്ച ചെയ്യുന്നതിൽ എത്തിച്ചു. കാരണം അവരാണ് ഏറ്റവും പ്രധാനപ്പെട്ട അഭിപ്രായം പറയാൻ കഴിയുന്നവർ. അതിനാൽ അദ്ധ്യാപക-അനദ്ധ്യാപക സംഘടനകളുമായി ആദ്യം ചർച്ച നടത്തി. വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ ചില സംഘടനകൾ പറഞ്ഞു, ചിലർ എതിർപ്പ് പ്രകടിപ്പിച്ചു. സ്വാഭാവികമായും അത്തരത്തിലുള്ള ചർച്ചകളിൽനിന്ന് കുറേ നിർദ്ദേശങ്ങൾ ലഭിച്ചു.

അതെല്ലാം തുറന്ന സമീപനത്തോടെ പരിഗണിച്ചു. അദ്ധ്യാപക-അനദ്ധ്യാപക സംഘടനകളുമായി വിശദമായി വീണ്ടും ചർച്ച നടത്തി. അങ്ങനെ രണ്ട് തവണ ഈ രണ്ട് മേഖലകൾ സംബന്ധിച്ച് ചർച്ച നടത്തി. ഞാൻ ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണ്, 14 മേഖലകളുള്ളതിൽ 12 മേഖലകൾ ചർച്ചയ്ക്കുപോലും എടുത്തിട്ടില്ല. അത് നടപ്പിലാക്കാൻ ആദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്നുമില്ല. മൂന്നുനാല് മേഖലകൾ മാത്രം വിശദമായ ചർച്ചയ്ക്ക് വിധേയമാക്കി. അപ്പോൾ സ്വാഭാവികമായും മറ്റ് മേഖലകളിലും ഇതുസംബന്ധിച്ച് അഭിപ്രായം പറയേണ്ടവരുണ്ട്. അതിലൊന്ന് മാനേജ്മെന്റുകളാണ്. അതുകൊണ്ട് മാനേജ്മെന്റ് സംഘടനാ പ്രതിനിധികളുമായി വളരെ വിശദമായി ചർച്ച ചെയ്തു. സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശങ്ങളെല്ലാംതന്നെ മാനേജർമാരുടെ യോഗം ഐകകണ്ഠ്യേന അംഗീകരിക്കുകയാണ് ചെയ്തത്. കേരളത്തിലെ മുഴുവൻ മാനേജർമാരും ആ നിർദ്ദേശങ്ങൾ അംഗീകരിച്ചു. തുടർന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധിപന്മാരുടെ യോഗം വിളിച്ച് ഈ നിർദ്ദേശങ്ങളെല്ലാം അവരുടെ മുന്നിൽ വച്ചു. അത് എല്ലാവരും ഒരുപോലെ അംഗീകരിച്ചു. തുടർന്ന് സ്വാഭാവികമായും വിദ്യാർത്ഥികളുമായി ചർച്ചയുണ്ടാകണം, അതും നടന്നു. കേരളത്തിലെ എല്ലാ വിദ്യാർത്ഥി സംഘടനാ പ്രതിനിധികളും ചർച്ചയിൽ പങ്കെടുത്തു. ചിലർ വിയോജിച്ചു, ചിലർ ക്രിയാത്മക നിർദ്ദേശങ്ങൾ നൽകി. വളരെ വിശദമായി രണ്ട് തവണ അദ്ധ്യാപക-അനദ്ധ്യാപക സംഘടനകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, മാനേജേഴ്സ് അസോസിയേഷൻ, വിദ്യാർത്ഥികൾ എന്നിവരുമായി ചർച്ച ചെയ്ത ശേഷമാണ് ഇവിടെ നിൽക്കുന്നത്. അവരുടെ മുന്നിൽവച്ച നിർദ്ദേശങ്ങൾക്ക് ക്യാബിനറ്റാണ് അംഗീകാരം നൽകേണ്ടത്. ആറ് പ്രധാനപ്പെട്ട നിർദ്ദേശങ്ങളാണ് വച്ചത്. മാനേജർമാരും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളും ഇത് പൂർണ്ണമായും അംഗീകരിച്ചതാണ്. ഈ ആറ് നിർദ്ദേശങ്ങളും ഖാദർ കമ്മീഷൻ റിപ്പോർട്ടിലെ രണ്ട് മേഖലകളിൽ വരുത്തേണ്ട മാറ്റം സംബന്ധിച്ച് മാത്രമുള്ളതാണ്. മറ്റൊന്നും ചർച്ചയ്ക്ക് വിധേയമാക്കിയിട്ടില്ല. അതിനെക്കുറിച്ച് വളരെ വിശദമായി ചർച്ച ചെയ്യേണ്ടിയിരിക്കുന്നു. ഇപ്പോൾ അത് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടില്ല. മറ്റ് മേഖലകളിലെ പ്രശ്നങ്ങളാണ് പലപ്പോഴും ഉയർത്തിക്കാട്ടുന്നത്. അതൊന്നും ചർച്ചയ്ക്ക് വിധേയമാക്കുകയോ നടപ്പിലാക്കാൻ ഉദ്ദേശിക്കുകയോ ചെയ്തിട്ടില്ല. ഏറ്റവും വലിയ സംശയം സമൂഹത്തിലുണ്ടായിരുന്നത് എൽ.പി., യു.പി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ നാല് മേഖലകളുടെ തനിമകൾ നഷ്ടപ്പെടുമോ; 8, 9, 10 ക്ലാസ്സുകളിൽ ഹയർ സെക്കണ്ടറി അദ്ധ്യാപകർ പഠിപ്പിക്കേണ്ടിവരുമോ എന്നതായിരുന്നു. ഇതെല്ലാം ദൂരീകരിച്ച് എൽ.പി., യു.പി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ സ്കൂളുകൾ എങ്ങനെയായിരുന്നുവോ ആ തനിമ നിലനിർത്തി അങ്ങനെതന്നെ

നിലനിൽക്കുമെന്നാണ് സംസ്ഥാന സർക്കാർ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശം. അതുകൊണ്ട് ആ പ്രശ്നമുദിക്കുന്നില്ല. അങ്ങനെ വരുമ്പോൾ ഇവർ തമ്മിലുള്ള ഏകോപനത്തിന്റെ പ്രശ്നം വരുന്നു. ജില്ലാ പഞ്ചായത്തുകൾ പല ഉപകരണങ്ങളും കൊടുക്കുമ്പോൾ ആർക്ക് കൊടുക്കണമെന്നത് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ വരുന്നുണ്ട്.

മി. സ്പീക്കർ: ആദ്യഭാഗം കുറച്ച് പറഞ്ഞ് ബാക്കി മറുപടിയിൽ വിശദീകരിച്ചാൽ മതി.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇത് ക്ലിയറായില്ലെങ്കിൽ സംശയങ്ങൾ വരും. അതുകൊണ്ടാണ്.

മി. സ്പീക്കർ: അവതരിപ്പിച്ചശേഷം പറയുന്നതല്ലേ നല്ലത്. ചുരുക്കി പറയൂ.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ശരി. രണ്ടാമത്തെ നിർദ്ദേശം, എല്ലാ യൂണിറ്റുകളും ഒരു സ്കൂളിലുണ്ടെങ്കിലും ആ സ്കൂൾ ഹൃദ്യമായൊരു കുടുംബം പോലെ ഏകീകരിക്കുന്നതിനുവേണ്ടി 1 മുതൽ 12 വരെയുള്ള സ്കൂളിന്റെ മേധാവി ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ ആയിരിക്കും എന്നുള്ളതാണ്. ഒരു യൂണിറ്റിന് ഒരു മേധാവി എന്ന് വർഷങ്ങളായി നമ്മൾ സ്വപ്നം കാണുന്നത് സാക്ഷാത്കരിക്കാനുള്ള നിർദ്ദേശമാണ്. അതോടെ ഒരു കുടുംബം ആകാനുള്ള സാധ്യത ഉണരുകയാണ്. അതുകൊണ്ട് അങ്ങനെയാകും എന്നല്ല, ആ കുടുംബവുമായി ഇന്റഗ്രേറ്റ് ചെയ്യേണ്ട ശ്രമം പിന്നീടാണ് നടക്കേണ്ടത്. ഹയർ സെക്കണ്ടറി സ്കൂളിലെ ചുമതല വഹിക്കുന്നത് പ്രിൻസിപ്പൽ ആയിരിക്കും. ഹയർ സെക്കണ്ടറിയുള്ള സ്കൂളുകളിലെ നിലവിലെ ഹെഡ്മാസ്റ്റർ ആ സ്കൂളിലെ വൈസ് പ്രിൻസിപ്പൽ ആയിരിക്കും. പക്ഷേ, ഹയർ സെക്കണ്ടറി ഇല്ലാത്ത സ്കൂളുകളിൽ ഹെഡ്മാസ്റ്റർ എന്ന പദവി തന്നെ തുടരും. അപ്പോൾ ഹെഡ്മാസ്റ്റർ പദവിയിലുള്ളവർക്ക് ഹെഡ്മാസ്റ്ററും വൈസ് പ്രിൻസിപ്പലും എ.ഇ.ഒ.യുമാകാം. അങ്ങനെ മൂന്ന് സാധ്യതകൾ വരുന്നു. ഇങ്ങനെ വരുമ്പോൾ പ്രിൻസിപ്പലിന്റെ വർക്ക്ലോഡ് കൂടുകയാണ്. മൊത്തം ചുമതല വരികയാണ്.

മറ്റൊരു നിർദ്ദേശം, പ്രിൻസിപ്പലിന്റെ വർക്ക്ലോഡ് കുറയ്ക്കുക എന്നുള്ളതാണ്. എല്ലാവരും അംഗീകരിച്ചതാണത്. ഹൈസ്കൂളിൽ ഹെഡ്മാസ്റ്റർ എത്ര ക്ലാസ്സ് എടുക്കുന്നുവോ തത്തുല്യമായ രീതിയിൽ നിലവിലുള്ള പ്രിൻസിപ്പലും ക്ലാസ്സ് എടുത്താൽ മതി, ബാക്കിയുള്ള വർക്കിംഗ് അവേഴ്സ് കുട്ടികൾക്ക് കൂടുതൽ ക്ലാസ്സ് എടുക്കത്തക്ക രീതിയിലുള്ള അറേഞ്ച്മെന്റ് ഉണ്ടാക്കും. മറ്റൊന്ന്, വർഷങ്ങളായി നമ്മുടെയെല്ലാം ആഗ്രഹം പോലെ ഹയർ സെക്കണ്ടറിക്ക് ഓഫീസില്ല എന്നുള്ളതാണ്. പ്രിൻസിപ്പലും അവിടത്തെ അദ്ധ്യാപകരുംതന്നെ ശുത്തുവാരലും

വാതിലടയ്ക്കലുമെല്ലാം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന് ഏകീകൃത സംവിധാനം എന്ന രീതിയിൽ സ്കൂളിന്റെ ഓഫീസ് സംവിധാനം പൊതുവായി മാറും. അതായത്, ഹയർ സെക്കണ്ടറിക്കും ഓഫീസ് സംവിധാനം ഉണ്ടാകുമെന്നുള്ളതാണ്. അപ്പോൾ ഒരു യൂണിറ്റ് എന്ന നിലയ്ക്ക് പ്രവർത്തിക്കാനുള്ള എല്ലാ ഘടകങ്ങളും സ്കൂളിൽ വരികയാണ്. പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ, ഏകീകൃത ഓഫീസ് സംവിധാനം. ഇതോടൊപ്പം ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഡി.ജി.ഇ.) എന്നുള്ള ഒറ്റ സ്ഥാനം മാത്രം ഉണ്ടാകും. ഹയർ സെക്കണ്ടറി ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ, ഡി.പി.ഐ. എന്നുള്ളതിനുപകരം ഡി.ജി.ഇ. എന്ന ഒരു സ്ഥാനം മാത്രം. അതുപോലെ പരീക്ഷാ കമ്മീഷണറും. വിവിധ പരീക്ഷകൾ നടത്തുന്നതിലും അദ്ധ്യാപകരെ കോ-ഓർഡിനേറ്റ് ചെയ്യുന്നതിലും ക്വസ്റ്റ്യൻ പേപ്പർ കോ-ഓർഡിനേറ്റ് ചെയ്യുന്നതിലുമെല്ലാം നിരവധി പ്രശ്നങ്ങൾ അഡ്മിനിസ്ട്രേഷന്റെ ഭാഗത്തുനിന്ന് നമ്മൾ കണ്ടുവരികയാണ്. ഇതെല്ലാം മാറ്റുന്നതിനുവേണ്ടി ഒറ്റ പരീക്ഷാ കമ്മീഷണർ, അത് ഡി.ജി.ഇ. തന്നെയായിരിക്കും.

അടുത്ത പ്രധാനപ്പെട്ട കാര്യം, ജില്ലാ തലത്തിൽ നിലവിലുള്ള ഡി.ഡി., ആർ.ഡി.ഡി.- മേഖലാ തലത്തിൽ, എ.ഡി. - മേഖലാ തലത്തിൽ, ഡി.ഇ.ഒ., എ.ഇ.ഒ. എന്നീ സംവിധാനങ്ങളെല്ലാം നിലവിലേതുപോലെ നിലനിൽക്കും എന്നുള്ളതാണ്. ഇത്രയും കാര്യങ്ങളാണ് പ്രധാനമായും മാറ്റം എന്ന രീതിയിൽ ഉദ്ദേശിക്കുന്നത്. ഭരണപരമായ മികവ്, അദ്ധ്യയന മികവിന്റെ ഭൂമികയായി സർക്കാർ കാണുകയാണ്. അദ്ധ്യയന മികവ് വർദ്ധിപ്പിക്കുവാനുള്ള ഏകീകൃതമായ അന്തരീക്ഷം ഉണ്ടാക്കിയാൽ മാത്രമേ നമ്മൾ ഉദ്ദേശിക്കുന്ന അക്കാദമിക് നിലവാരത്തിലേയ്ക്ക് നാളെ നടക്കാൻ കഴിയുകയുള്ളൂ. എത്രദൂരം നടക്കണമെങ്കിലും ഒരു കാലടി വച്ചുകൊണ്ട് മാത്രമേ നമുക്കത് തുടങ്ങാൻ കഴിയുകയുള്ളൂ. ഇതുവരെയുണ്ടായിരുന്ന എല്ലാ ആവശ്യങ്ങളും പരിഗണിച്ചുകൊണ്ടുള്ള നിർദ്ദേശമാണ് ഖാദർ കമ്മീഷൻ റിപ്പോർട്ടിലുള്ളത്. മറ്റ് പലതും അതിൽ ഉൾപ്പെട്ടിട്ടുണ്ട്. അത് നമ്മൾ ചർച്ചയ്ക്കെടുത്തിട്ടേയില്ല. ഈ രണ്ട് മേഖലകൾ മാത്രമാണ് ചർച്ചയ്ക്ക് എടുത്തത്. ഒന്നുകൂടി വ്യക്തമാക്കുകയാണ്, ഹയർ സെക്കണ്ടറി മേഖലയിൽ വർഷങ്ങളായുണ്ടായിരുന്ന പല ആവശ്യങ്ങളും ഇവിടെ ലഭ്യമാകുകയാണ്. പ്രിൻസിപ്പലിന്റെ ഓഫീസ് ഇതിലൂടെ വരുന്നു, പ്രിൻസിപ്പലിന്റെ ജോലി ഭാരം കുറയുന്നു. ഇതിലൂടെ എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരള)-യുടെ സഹായംകൂടി പ്ലസ് ടുവിന് ലഭിക്കുന്ന സാഹചര്യമുണ്ടാകും. ഗുണപരമായ വലിയ മാറ്റം ഹയർ സെക്കണ്ടറി മേഖലയിലെ ഭരണരംഗത്തുണ്ടാകും, അത് നാളെ അക്കാദമിക് രംഗത്തേക്കും വ്യാപിക്കും. പടിപടിയായാണ് റിപ്പോർട്ട്

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. സമൂഹത്തിന്റെ ഒരുപാട് ആവശ്യങ്ങൾ നടപ്പിലാക്കുന്ന ഒരു പദ്ധതിയെന്ന രീതിയിൽ ഇതിനെ കാണണം. ഇതിനെ എതിർക്കുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പൊതു വിദ്യാഭ്യാസ രംഗത്ത് വലിയ കോട്ടങ്ങൾ സൃഷ്ടിക്കും.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഈ റിപ്പോർട്ടിൽനിന്നും സ്വീകരിക്കപ്പെട്ടിട്ടുള്ളതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ ഭാഗങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞു. സമർപ്പിക്കപ്പെട്ട ഖാദർ കമ്മീഷൻ റിപ്പോർട്ടിൽ ഇത് ഒന്നാമത്തെ ഭാഗം മാത്രമാണെന്നാണ് പറയുന്നത്. ഇനി രണ്ടാമത്തെ ഭാഗം കൂടി വരാനുണ്ട്. ഒരു തുടക്കം കുറിക്കാൻ ഒന്നാമത്തെ ഭാഗത്തുനിന്നും ചില കാര്യങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ തുടങ്ങിയാൽ, ഒരു കാലുവച്ചിട്ടേ ബാക്കിയുള്ളത് പൂർത്തിയാക്കാനാകൂ എന്ന് പറഞ്ഞാൽ, അതിനെക്കുറിച്ച് എന്തെങ്കിലും പറയാനുണ്ടെങ്കിൽ അത് ഇപ്പോൾ പറയണം. കാൽ വയ്ക്കുന്നതിനുമുമ്പ് പറഞ്ഞില്ലെങ്കിൽ യാതൊരു പ്രയോജനവുമില്ല. അതുകൊണ്ട് കാൽ വച്ച് നടപ്പാക്കാൻ പോകുന്ന ഈ റിപ്പോർട്ട് വാസ്തവത്തിൽ ഹയർ സെക്കണ്ടറി മേഖലയിലും വിദ്യാഭ്യാസ മേഖലയിലും നിലനിൽക്കുന്ന ജനാധിപത്യത്തെ തകർക്കുന്നതാണ്. മാത്രമല്ല അധികാര വികേന്ദ്രീകരണത്തിന്റെ ഈ കാലഘട്ടത്തിൽ കേന്ദ്രീകരണത്തിന്റെ മുദ്രാവാക്യമാണ് ഉയർത്തുന്നത്. ഈ റിപ്പോർട്ടിന്റെ പേര് തന്നെ 'മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം' എന്നാണ്. എന്നാൽ മികവ് എന്താണെന്ന് ഈ റിപ്പോർട്ടിൽ എവിടെയും വ്യക്തമാക്കിയിട്ടില്ല. ഉള്ളടക്കം ആ മികവ് ലക്ഷ്യമാക്കുന്നില്ല എന്നത് വളരെ വ്യക്തമാണ്. ഇതിൽ പ്രധാനമായും ഭരണപരിഷ്കാരങ്ങളെക്കുറിച്ചാണ് പറയുന്നത്. വിദ്യാഭ്യാസത്തിന്റെ അവസരസമത്വമോ തുല്യതയോ ജനാധിപത്യമോ മതേതരത്വമോ മികച്ച വിദ്യാഭ്യാസമെന്താണോ എന്നതൊക്കെ കമ്മീഷൻ റിപ്പോർട്ടിന്റെ ആമുഖത്തിൽ പറയുന്നുണ്ടെങ്കിലും അതൊന്നും ശിപാർശകളിലുള്ളതല്ല. അതിനുവേണ്ടിയല്ല ഈ കമ്മീഷനെ നിയമിച്ചിട്ടുള്ളതെന്നത് ഉറപ്പായ ഒരു കാര്യമാണ്.

സമീപനം എന്ന പേരിലാണ് ഒന്നാമത്തെ അദ്ധ്യായം അറിയപ്പെടുന്നത്. പക്ഷേ, രണ്ടാം അദ്ധ്യായം വായിച്ചാൽ സമീപനം എന്ന അദ്ധ്യായത്തിൽ പറഞ്ഞ തരത്തിലുള്ള കാര്യങ്ങളല്ലെന്ന് മനസ്സിലാകും. ആദ്യത്തെ അദ്ധ്യായത്തിൽ പൊതുവേ ആർക്കും എതിർപ്പില്ലാത്ത കാര്യങ്ങളായ വിദ്യാഭ്യാസത്തിന്റെ ഇന്നലെകളെക്കുറിച്ചും കേരളത്തെക്കുറിച്ചും ഭരണഘടനയെക്കുറിച്ചും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുമൊക്കെ വിശദീകരിച്ചശേഷം ആ സമീപനം മാറുന്ന തരത്തിലാണ് റിപ്പോർട്ട് മുന്നോട്ടുപോകുന്നത്. വിദ്യാഭ്യാസത്തെക്കുറിച്ച് അറിയാവുന്നത് മുഴുവൻ എഴുതിപ്പിടിപ്പിച്ചശേഷം

എല്ലാറ്റിനും ചേർന്ന് ഒറ്റ ഡയറക്ടർ എന്നതിൽ കേന്ദ്രീകരിക്കുകയും ഘടനാപരമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുകയുമാണ് ഈ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എന്ത് വസ്തുതകളുടെ അടിസ്ഥാനത്തിലാണ് ഈ നിഗമനത്തിലെത്തിയതെന്ന് റിപ്പോർട്ട് വായിച്ചാൽ വ്യക്തമല്ല. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞത്, ഇത് നല്ലൊരു തുടക്കമാണ്, എല്ലാം ഭംഗിയായി നടക്കുന്നുണ്ട്, പൊതുവിദ്യാഭ്യാസ യജ്ഞം വിജയകരമായിരുന്നു, കുട്ടികൾ വന്നുകൊണ്ടിരിക്കുകയാണ്, സമാധാനപരമാണ് എന്നൊക്കെയാണ്. അങ്ങനെയെങ്കിൽ എന്തിനാണ് ഈ റിപ്പോർട്ട്. ഇവിടെ എന്ത് പ്രതിസന്ധിയാണുള്ളത്? എല്ലാം ഭംഗിയായി നടക്കുന്ന ഘട്ടത്തിൽ പിന്നെ എന്തിനാണ് ഈ റിപ്പോർട്ട് എന്ന് തോന്നിപ്പോകും. പ്രതിസന്ധി എന്താണെന്ന് പറഞ്ഞിട്ടില്ല. ഏതോ അദ്ധ്യാപകർ തമ്മിൽ ഈഗോ ക്ലാഷ് ഉണ്ടെന്ന സൂചനയാണ് ഇപ്പോൾ അദ്ദേഹം പറയുന്നത്. അതിനുവേണ്ടി ഒരു കമ്മീഷൻ റിപ്പോർട്ട് വച്ച് ഘടനാപരമായ മാറ്റങ്ങൾ വരുത്തേണ്ട ആവശ്യമുണ്ടോ? തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടിയാണോ ഇത്; അതിനുവേണ്ടിയുള്ള ഒറ്റമൂലി ഇതുമാത്രമാണോ? ഒരു ഇംപ്ലിമെന്റിംഗ് ഓഫീസറെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നിയമിക്കുകയെന്ന് പറഞ്ഞാൽ അത് രാഷ്ട്രീയ നിയമനത്തിനും വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും സൗകര്യപ്രദമായ അവസ്ഥ സംജാതമാക്കുമെന്നത് ഉറപ്പാണ്. മറ്റൊരു കാര്യം, ഡയറക്ടറായി വരുന്ന ആൾ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷനാണ്. ഹയർ സെക്കണ്ടറി എഡ്യൂക്കേഷനും വി.എച്ച്.എസ്.ഇ.-ക്കും അപ്പോൾ വേറെ ഡയറക്ടർമാരില്ല. വൊക്കേഷണൽ ഹയർ സെക്കണ്ടറിയുടെ ഡയറക്ടറും പ്രിൻസിപ്പലും ടെക്നിക്കൽ നോളജുള്ളവരാണ്. അവിടെ പഠിപ്പിക്കുന്നത് അതിവേഗം ജോലി സമ്പാദിക്കാൻ സഹായകരമായിട്ടുള്ള സാങ്കേതികമായ വിഷയങ്ങളാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ പഠിച്ച ഒരു കുട്ടിക്ക് അഗ്രികൾച്ചറൽ അസിസ്റ്റന്റായി ജോലി ചെയ്യാനുള്ള സാധ്യതകളുണ്ട്. സാങ്കേതിക മികവ് വേണ്ടത് ഏതിനാണ്, ഏത് പുതിയ വിഷയങ്ങളാണ് വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ പഠിപ്പിക്കേണ്ടതെന്ന് ഭാവനാസമ്പന്നമായി തീരുമാനിക്കാൻ സാധിക്കുന്നത് അത്തരത്തിലുള്ള അറിവുള്ള ഡയറക്ടർക്കാണ്. അതിനുപകരം ഒരു ജനറൽ ഡയറക്ടറാണ് വരുന്നത്.

അതുപോലെ ഹയർ സെക്കണ്ടറിയിൽ ഇന്ന് 54 സ്ട്രീംസ് പഠിപ്പിക്കുന്നുണ്ട്. അതിൽ 25 എണ്ണം വളരെ പ്രധാനപ്പെട്ടതാണ്. അവ ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിപ്പിക്കാത്തതാണ്. ആന്ത്രോപ്പോളജി, സൈക്കോളജി, ഫിലോസഫി തുടങ്ങിയ വിഷയങ്ങളും ജർമ്മൻ, റഷ്യൻ, സിറിയൻ എന്നീ ഭാഷകളും ജേർണലിസം, സോഷ്യൽ വർക്ക് എന്നിവയുമാണ് ഹയർ സെക്കണ്ടറിയിൽ പഠിപ്പിക്കുന്നത്.

അതിൽ 25 സ്കീമെങ്കിലും ഹൈസ്കൂൾ ക്ലാസ്സുകളിൽ ആവശ്യമില്ലാത്തതാണ്. ലയനം വന്നാൽ ഈ രംഗത്തെ പ്രത്യേക യോഗ്യതയുള്ള അദ്ധ്യാപകർ മുഴുവൻ ഹൈസ്കൂൾ രംഗത്തേക്ക് പോയാൽ ഒരു പ്രയോജനവുമുണ്ടാകില്ല. അവരെ അവിടെ പ്രയോജനപ്പെടുത്താൻ സാധിക്കുകയുമില്ല. ഈ റിപ്പോർട്ട് പ്രകാരം എൻട്രി കേഡർ എട്ടാം ക്ലാസ്സാണ്. അങ്ങനെ വരുമ്പോൾ എൻട്രി കേഡർ ഹയർ സെക്കണ്ടറി ആകുന്നതുമായും വ്യത്യാസമുണ്ട്. ഹയർ സെക്കണ്ടറിയിൽ അദ്ധ്യാപകനായി വരുന്നയാൾക്ക് പി.ജി.-യും എം.എഡ്-ഉം എം.ഫിൽ-ഉം പി.എച്ച്.ഡി-യും സെറ്റും നെറ്റും വേണം. ഈ യോഗ്യതകളുള്ളവരാണ് അധികവും. നേരെമറിച്ച് എൻട്രി കേഡർ എട്ടാം ക്ലാസ്സാക്കിയാൽ പി.ജി.യും ബി.എഡ്.ഉം മതി. ക്വാളിറ്റിതന്നെ നഷ്ടപ്പെടുന്ന സാഹചര്യം അദ്ധ്യാപകർക്കിടയിൽ ഉണ്ടാകുകയാണ്. ഈ റിപ്പോർട്ടിൽ ഖാദർ കമ്മീഷൻ പറയുന്നത്, എൻ.സി.റ്റി.ഇ. (National Council for Teacher Education)-യാണ് പ്രധാനമായും അദ്ധ്യാപകരുടെ ക്വാളിഫിക്കേഷൻ നിർണ്ണയിക്കേണ്ടതെന്ന് Right to Education Act-ൽ പറഞ്ഞിട്ടുണ്ടെന്നാണ്. അത് കളവാണ്, അല്ലെങ്കിൽ അറിവില്ലാത്തതു കൊണ്ട് പറഞ്ഞതായിരിക്കും. എൻ.സി.റ്റി.ഇ.-യെക്കുറിച്ച് ഒരു പരാമർശവും Right to Education Act-ൽ ഇല്ല. വിദ്യാഭ്യാസ അവകാശ നിയമം 2009-ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീ. മൻമോഹൻ സിംഗാണ് കൊണ്ടുവന്നത്. വിദ്യാഭ്യാസ അവകാശ നിയമത്തിൽ 8-ാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ കാര്യമാണ് പ്രധാനമായും പ്രതിപാദിച്ചിട്ടുള്ളത്. Right to Education Act നടപ്പാക്കാനാണെങ്കിൽ ഒരു പ്രൈമറി ഡയറക്ടറേറ്റാണ് വേണ്ടത്. ഒന്നിച്ചുള്ള ഡയറക്ടറേറ്റിന് പകരം 14 വയസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് ശ്രദ്ധ നൽകാൻ സാധിക്കുന്ന ഒരു അഡീഷണൽ ഡയറക്ടറേറ്റാണ് വാസ്തവത്തിൽ വേണ്ടത്. അല്ലാതെ ഒന്നാക്കുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. നമ്മൾ എന്തിനാണ് പഞ്ചായത്തീരാജ് സംവിധാനത്തിലേയ്ക്ക് പോയത്. ഇവിടെ എന്തിനാണ് രണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി; എന്തിനാണ് ഒരു സാംസ്കാരിക വകുപ്പുമന്ത്രി? കൃഷി വകുപ്പുമന്ത്രി തന്നെ ഡയറി ഡെവലപ്മെന്റും ആനിമൽ ഹസ്ബന്ററിയും നോക്കിയാൽ മതി. സാംസ്കാരിക വകുപ്പുമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുംകൂടി ഒന്നുമതി. കുറേയെണ്ണം കുറച്ചുകൂടേ? ഒറ്റ ഡയറക്ടർ മതിയല്ലോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, വേറെ ഒരുപാട് മന്ത്രിമാരുടെ ആവശ്യമില്ല. അധികാര വികേന്ദ്രീകരണംകൊണ്ടുള്ള ഗുണം കുട്ടികൾക്ക് കൂടുതൽ ശ്രദ്ധ കിട്ടുമെന്നുള്ളതാണ്. അതാണ് നഷ്ടപ്പെടാൻ പോകുന്നത്. പ്രിൻസിപ്പലായി ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ ഒരാൾ വന്നാൽ പ്രിൻസിപ്പലും കുട്ടിയും തമ്മിലുള്ള അകലം കൂടും, ഡിസിപ്ലിൻ കുറയും അരാജകത്വം ഉണ്ടാകും. പരീക്ഷാ കമ്മീഷണറും ഡയറക്ടർ തന്നെയാണ്. എസ്.എസ്.എൽ.സി.-യുടെ പരീക്ഷാസമയം കുറവാണ്, ഹയർ

സെക്കണ്ടറിയുടെയും വൊക്കേഷണൽ ഹയർ സെക്കണ്ടറിയുടെയും പരീക്ഷാ സമയം വേറെവേറെയാണ്. ഇതിന്റെയെല്ലാം പരീക്ഷ ഒരേസമയത്ത് എങ്ങനെയാണ് നടത്തുന്നത്? ഹയർ സെക്കണ്ടറി പരീക്ഷാ കമ്മീഷണറേറ്റിലെ 34 ഉദ്യോഗസ്ഥരാണ് 9 ലക്ഷം കുട്ടികളുടെ പരീക്ഷ വളരെ ഭംഗിയായി നടത്തി കൃത്യസമയത്ത് ഫലം പ്രഖ്യാപിക്കുന്നത്. പിന്നെയെന്തിനാണ് അത് മാറ്റുന്നത്? ഹയർ സെക്കണ്ടറിയെ ഒരു ഡയറക്ടറുടെ കീഴിൽ ഒരു കുടക്കീഴിൽ കൊണ്ടുവരേണ്ട ആവശ്യമെന്താണ്? ഖാദർ കമ്മീഷൻ റിപ്പോർട്ടിലെ ധാരാളം പേജുകൾ അനാവശ്യമാണ്. ലോകത്ത് വിദ്യാഭ്യാസവുമായി ബന്ധമുള്ള കാര്യങ്ങളൊക്കെ അദ്ദേഹത്തെ ഏൽപ്പിച്ചതുപോലെ എഴുതിവച്ചിരിക്കുകയാണ്. സാമൂഹ്യനീതി, ജനാധിപത്യം, മതനിരപേക്ഷത, സമത്വം, തുല്യത ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ അദ്ദേഹത്തെ ഏൽപ്പിച്ചിരുന്നോ? കോത്താരി കമ്മീഷനെക്കുറിച്ചും അദ്ദേഹം പറയുന്നുണ്ട്. കോത്താരി കമ്മീഷൻ റിപ്പോർട്ടാണ് 10+2+3 എന്നത് കൊണ്ടുവന്നത്. എല്ലാംകൂടി ഒരുമിച്ചാക്കുന്നതുകൊണ്ട് ക്വാളിറ്റി കുറയുമെന്നല്ലാതെ മറ്റൊന്നും നടക്കുന്നില്ലെന്നത് ഉറപ്പാണ്. പ്ലസ് ടു സംവിധാനം ഇന്ന് സി.ബി.എസ്.ഇ.-യിൽ സീനിയർ സെക്കണ്ടറിയായാണ് അറിയപ്പെടുന്നത്. മറ്റ് സംസ്ഥാന ബോർഡുകളിൽ അത് ജൂനിയർ കോളേജാണ്. ഇവിടെ അത് സ്കൂളിന് കീഴിൽ കൊണ്ടുവരികയാണ്. അതൊരു ശരിയായ നടപടിക്രമമല്ല.

അദ്ധ്യാപകരുടെ കാര്യത്തിൽ എ.ഇ.ഒ. തുടങ്ങിയ പ്രൊമോഷൻ തസ്തികകൾ നിലനിർത്തുമെന്ന് അദ്ദേഹം പറയുന്നുണ്ട്, തീരുമാനിക്കേണ്ടത് ക്യാബിനറ്റാണ്, എന്നാൽ തീരുമാനിച്ചിട്ടില്ല. എ.ഇ.ഒ., ഡി.ഇ.ഒ., ഡി.ഡി.റ്റി.ഇ., ജെ.ഡി., എ.ഡി.പി.ഐ. തുടങ്ങിയ പ്രൊമോഷൻ തസ്തികകളെ അതുപോലെ നിലനിർത്തേണ്ടത് ആവശ്യമാണ്. അതുപോലെ വൈസ് പ്രിൻസിപ്പൽ എന്നത് ആലങ്കാരികമായ തസ്തിക മാത്രമാണ്. അദ്ദേഹത്തിന് പ്രത്യേക അധികാരങ്ങളൊന്നുമുണ്ടാകാൻ സാധ്യതയില്ലെന്ന് ഈ റിപ്പോർട്ട് നോക്കിയാൽ മനസ്സിലാകും. ഇത് സെക്കണ്ടറി തലത്തിൽ വാസ്തവത്തിൽ ഗുണനിലവാരം കുറയുന്ന പരിഷ്കാരം മാത്രമാണ്. ഇന്ത്യയിൽ തന്നെ മികച്ച വിദ്യാഭ്യാസം നൽകുന്ന സംസ്ഥാനം കേരളമാണ്. ഏറ്റവും മികച്ച വിദ്യാഭ്യാസവും സൗകര്യവും സംവിധാനങ്ങളുമുള്ള, നല്ല മാർക്ക് വാങ്ങുന്നതും ഇന്റലക്ച്വൽ കാലിബറുള്ളതുമായ കുട്ടികൾ പഠിക്കുന്ന നമ്മുടെ വിദ്യാഭ്യാസ രംഗത്തെ മുഴുവൻ തകർത്തുകൊണ്ട് അതിന്റെ ഗുണനിലവാരം നഷ്ടപ്പെടുത്തി അതിനുനേരെ തിരിഞ്ഞ് നടക്കാനുള്ള ഒരു റിപ്പോർട്ടാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ആ റിപ്പോർട്ട് വളരെ ദോഷകരമായ സാഹചര്യം സൃഷ്ടിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ റിപ്പോർട്ട് നടപ്പാക്കാൻ പാടില്ല.

ഈ റിപ്പോർട്ടിന് ഒരുപാട് റഫറൻസുണ്ട്. അതിൽ 42-ാമത്തെ റഫറൻസിൽ, അതായത് പൊതുവിദ്യാഭ്യാസ കമ്മീഷന്റെ റിപ്പോർട്ടിൽ 'കെ.എസ്.ടി.എ.' എന്നാണ് എഴുതിയിരിക്കുന്നത്. കെ.എസ്.ടി.എ. എന്ന ഒരു അദ്ധ്യാപക സംഘടന വിദ്യാഭ്യാസത്തെക്കുറിച്ച് പഠിച്ച രേഖപോലും ഈ റിപ്പോർട്ടിന്റെ റഫറൻസാക്കി വച്ചിട്ടുണ്ട്. നിലവിൽ ഡയറക്ടർ എന്നത് ഐ.എ.എസ്. കേഡറാണ്. ആ കേഡറിൽ ഐ.എ.എസ്.കാരെ ഒഴിവാക്കി വിദ്യാഭ്യാസ വിചക്ഷണനായാലും മതിയെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിൽ മിക്കവാറും ആളുകളും വിദ്യാഭ്യാസ വിചക്ഷണരാണ്. ഏത് കഴിവുകെട്ട, അറിവില്ലാത്ത, ആജ്ഞാനുവർത്തിയായ ഒരാളെയും ഡയറക്ടറായി നിയമിക്കാനുള്ള സൗകര്യം ഇതിൽ അന്തർലീനമാണ്. അതുകൊണ്ട് ഐ.എ.എസ്. കേഡർ ഒഴിവാക്കി വിദ്യാഭ്യാസത്തെക്കുറിച്ച് അറിവുള്ള ഏതെങ്കിലും ഒരാൾ മതിയെന്ന മട്ടിലാണ് പോകുന്നത്. ഇതിന് ചില രാഷ്ട്രീയ ഉദ്ദേശ്യങ്ങളുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുപോലും ഇതിനോട് യോജിപ്പുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. ഉപദേശങ്ങൾ സ്വീകരിക്കുമ്പോൾ അറിവുള്ളവരുടേത് സ്വീകരിക്കണം. അവനവനെക്കാളും താഴ്ന്നവരിൽനിന്നും ഉപദേശം സ്വീകരിച്ചാൽ ഇതുപോലെ വിലകുറഞ്ഞ റിപ്പോർട്ടുകൾ നടപ്പിലാക്കേണ്ടി വരും. ഈ റിപ്പോർട്ട് യാതൊരു കാരണവശാലും നടപ്പിലാക്കരുത്. ഇവിടത്തെ 140 എം.എൽ.എ.മാരുടെ കയ്യിലും ഈ റിപ്പോർട്ട് കൊടുത്തിട്ടുണ്ടോ? ഇവരാരെങ്കിലും ഇത് കണ്ടിട്ടുണ്ടോ; ഈ റിപ്പോർട്ട് ജനകീയമാണോ; ഇതിൽ വല്ല സംവാദവും നടന്നതാണോ; ഒന്നും നടന്നിട്ടില്ല. ഈ റിപ്പോർട്ട് യാതൊരു കാരണവശാലും ഇതുപോലെ നടപ്പിലാക്കരുത്. അതുകൊണ്ട് ഇക്കാര്യങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ പറഞ്ഞ പല നിർദ്ദേശങ്ങളോടും അദ്ദേഹം വിയോജിച്ച് സംസാരിച്ചില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഈ റിപ്പോർട്ട് ആരെങ്കിലും കണ്ടിട്ടുണ്ടോയെന്ന് അദ്ദേഹം ചോദിച്ചു. ക്യാബിനറ്റിൽ താത്വികമായി അംഗീകരിച്ചശേഷം ആർക്കും വായിക്കാവുന്ന രീതിയിൽ പൂർണ്ണമായും ഇന്റർനെറ്റിൽ ഈ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാസങ്ങളായി ഇത് പബ്ലിക് ഡോക്യുമെന്റാണ്. എം.എൽ.എ.-മാർ ഉൾപ്പെടെ പലരും പല തരത്തിലുള്ള സംശയങ്ങളും പറഞ്ഞുവെന്ന് ഞാൻ നേരത്തെ പറഞ്ഞത് അതുകൊണ്ടാണ്. ആ സംശയങ്ങൾ സർക്കാർ തുറന്ന മനസ്സോടുകൂടി കാണുകയും തന്നിട്ടുള്ള നിർദ്ദേശങ്ങളിൽനിന്നും ചില മാറ്റങ്ങൾ വരുത്തി സംഘടനാ പ്രതിനിധികളുടെ മുന്നിൽ അവതരിപ്പിക്കുകയും ചെയ്തു. എത്ര തുറന്ന സമീപനമാണെന്ന് നോക്കൂ. കമ്മീഷൻ റിപ്പോർട്ട് വരുന്നു,

ജനങ്ങളുടെ മുന്നിൽ അത് പ്രസന്റ് ചെയ്യുന്നു, ജനങ്ങൾ അഭിപ്രായം പറയുന്നു, അഭിപ്രായം സർക്കാർ തുറന്ന മനസ്സോടെ കേൾക്കുന്നു, അതനുസരിച്ച് നിർദ്ദേശങ്ങളിൽ മാറ്റം വരുത്തുന്നു. ആ മാറ്റം സംഘടനകളുമായി ചർച്ച ചെയ്യുന്നു. അവരുടെ അഭിപ്രായം അറിയുന്നു. വീണ്ടും അതിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നു. നിയമസഭയുടെ മുമ്പിൽ ഇങ്ങനെയൊരു സാഹചര്യത്തിൽ അത് പറയുകയും ചെയ്യുന്നു. വാസ്തവത്തിൽ വളരെ ജനകീയമായി, തുറന്ന മനസ്സോടെ അതിൽ കുറവുകളുണ്ടെങ്കിൽ നികത്താൻ ചർച്ചകൾ നടത്തുന്നത് സ്വാഭാവികമാണ്. ചർച്ചകൾ നടത്തുമ്പോൾ നല്ല രീതിയിലാണോയെന്നത് നമ്മൾ പരിശോധിക്കണം. അതിനാണ് ആറ് പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ. ഏത് ചെറിയ കുറവും നമുക്ക് പരിഹരിക്കേണ്ടതുണ്ട്. എല്ലാം കഴിഞ്ഞു, ഇനി എന്തിനാണെന്നാണ് അദ്ദേഹം നേരത്തെ ചോദിച്ചത്. എല്ലാം കഴിഞ്ഞിട്ടില്ല, മോഹനമായ അന്തരീക്ഷം നമ്മളുണ്ടാക്കി എന്നേയുള്ളൂ. പൊതുവിദ്യാഭ്യാസം ഇനിയും എത്രയോ ഉയരത്തിലേയ്ക്ക് പോകേണ്ടതായിട്ടുണ്ട്. അതിൽ ഇതുവരെയുണ്ടായിരുന്നതിനെക്കാൾ നിരവധി മടങ്ങ് സാധ്യത ഉണർന്നിരിക്കുകയാണ്. അങ്ങനെ സാധ്യതയുണർന്ന സാഹചര്യത്തിൽ അവിടെയുള്ള ചെറിയ കുറവുകൾകൂടി നമുക്ക് പരിഹരിക്കേണ്ടതായിട്ടുണ്ട്. എല്ലാ കുറവുകളും പരിഹരിച്ചിട്ടില്ല. അതുകൊണ്ട് എല്ലാ കുറവും പരിഹരിക്കുമെന്നും പറയുന്നില്ല. ഇനി എന്താണ് ബാക്കിയുള്ളതെന്ന് ചോദിച്ചാൽ, അങ്ങ് പറഞ്ഞതിൽ പലതും അംഗീകരിക്കാവുന്നതും മനസ്സിലാക്കാവുന്നതും തിരിച്ചറിയേണ്ടതുമാണ്. പക്ഷേ, ഈ കുറവ് നമുക്ക് പരിഹരിച്ചുപോകണം.

ശ്രീ. പി. കെ. ബഷീർ: സർ, ഹയർ സെക്കണ്ടറിയും വി.എച്ച്.എസ്.ഇ.യും ഹൈസ്കൂളും എൽ.പി.-യും യു.പി.-യുമൊക്കെ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ പോകുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അതിന്റെ പ്രിൻസിപ്പാൾ ഹയർ സെക്കണ്ടറി പ്രിൻസിപ്പാളും വൈസ് പ്രിൻസിപ്പാൾ ഹൈസ്കൂൾ ഹെഡ്മാസ്റ്ററുമായിരിക്കുമെന്നും പറഞ്ഞു. വൊക്കേഷണൽ ഹയർ സെക്കണ്ടറിയുടെ പ്രിൻസിപ്പാളിന്റെ റോൾ എന്താണെന്ന് അങ്ങൊന്ന് വ്യക്തമാക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതുപോലെ നിരവധി സംശയങ്ങളുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ ഞാൻ പൂർണ്ണമായി അവതരിപ്പിച്ചിട്ടില്ല. ഇപ്പോൾ വൊക്കേഷണൽ ഹയർ സെക്കണ്ടറിക്ക് പ്രിൻസിപ്പാളില്ല. അവിടെ പ്രിൻസിപ്പാൾ-ഇൻ-ചാർജ് ആണെങ്കിൽ തുടർന്ന് പ്രിൻസിപ്പാളായി വരുന്നയാൾ തന്നെയായിരിക്കും ചുമതല വഹിക്കുന്നത്. വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നുപറയുന്നത് ഇപ്പോൾ N.S.Q.F. (National Skills Qualifications Framework) ആയി മാറി

ക്കൊണ്ടിരിക്കുകയാണ്. ഇത്തവണ 35 സ്കൂളുകളടക്കം മാറ്റി നൂറിലധികം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ N.S.Q.F. ആയി ക്കൊണ്ടിരിക്കുകയാണ്. അടുത്ത വർഷത്തോടുകൂടി പൂർണ്ണമായും അത് N.S.Q.F.-ലേയ്ക്ക് മാറ്റണമെന്ന് കരുതുന്നു. അങ്ങനെ N.S.Q.F-ലേയ്ക്ക് മാറ്റിയതിനുശേഷം അടുത്ത നടപടി അത് ഹയർ സെക്കണ്ടറിയാക്കി മാറ്റുക എന്നതാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറി ഇപ്പോൾ ഹയർ സെക്കണ്ടറിയാകുന്ന പാതയിലാണ്. അതിന്റെ ആദ്യ സ്റ്റെപ്പായി വൊക്കേഷണൽ ഹയർ സെക്കണ്ടറിയുടെ 101 സ്കൂളുകൾ N.S.Q.F.ലേയ്ക്ക് മാറിക്കഴിഞ്ഞു. N.S.Q.F.ലേയ്ക്ക് ആദ്യമായി മാറിയിട്ടുപോലും അതിന്റെ റിസൾട്ട് ഇന്നലെ പ്ലസ് വണ്ണിന്റെ റിസൾട്ടിനോടൊപ്പം പ്രസിദ്ധീകരിച്ചു. ആ മാറ്റം നടന്നു കൊണ്ടിരിക്കുകയാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നുള്ളത് ഹയർ സെക്കണ്ടറിയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. ഹയർ സെക്കണ്ടറി പ്രിൻസിപ്പാളായി മാറുമ്പോൾ ഹെഡ് മാസ്റ്റർ വൈസ് പ്രിൻസിപ്പാൾ മാത്രമാകുമെന്ന് അദ്ദേഹം സൂചിപ്പിച്ചു. ഒരു നിർദ്ദേശം വയ്ക്കുന്നത്, അത്തരത്തിൽ പ്രിൻസിപ്പാളും വൈസ് പ്രിൻസിപ്പാളുമാകുമ്പോൾ പ്രിൻസിപ്പാളിന് മൊത്തം അഡ്മിനിസ്ട്രേറ്റീവ് ഹെഡ് എന്നുള്ള പൊസിഷനും ഹൈസ്കൂൾ വരെ അക്കാദമിക തലത്തിൽ ഹെഡ്മാസ്റ്റർ എന്തെല്ലാം ചെയ്തിരുന്നുവോ ആ ചുമതല വൈസ് പ്രിൻസിപ്പാളിനും ഹയർ സെക്കണ്ടറിയുടെ അക്കാദമിക് ചുമതല പ്രിൻസിപ്പാളിനും കൊടുക്കുന്ന ഒരു അവസ്ഥയാണ് നിർദ്ദേശിക്കുന്നത്. അത് ചർച്ച ചെയ്യാവുന്ന വിഷയമാണ്. അങ്ങനെ കുറേ സാങ്കേതികമായ വിഷയങ്ങൾ നമുക്ക് ചർച്ച ചെയ്ത് തീർക്കാവുന്നതേയുള്ളൂ. പ്രൊമോഷൻ സാധ്യതകൾ ഇല്ലാതാകുമെന്ന് അങ്ങ് പറഞ്ഞില്ല. നിലനിൽക്കണമെന്നേ പറഞ്ഞുള്ളൂ. അതിനുവേണ്ടിയാണ് ഈ ആറ് നിർദ്ദേശങ്ങൾ വന്നത്. ഒരാളുടെയും ഒരു പ്രൊമോഷൻ ആനുകൂല്യവും നഷ്ടപ്പെടുകയില്ല. ഒരാളുടെയും ഒരാനുകൂല്യവും കുറയുകയുമില്ല. ഉയർന്ന ക്ലാസ്സിൽ പഠിപ്പിച്ച ഒരാൾക്കും താഴെ പഠിപ്പിക്കേണ്ട അവസ്ഥ വരില്ല. ഇതൊക്കെയാണ് പൊതുവായ സംശയങ്ങളുണ്ടായിരുന്നത്. അതുകൊണ്ട് ജനങ്ങളുടെ മനസ്സിലുണ്ടായിരുന്ന എല്ലാ സംശയങ്ങൾക്കും ഉത്തരം നൽകുന്ന രീതിയിൽ രണ്ട് ഘടകങ്ങൾ മാത്രം. ബാക്കി 12 ഘടകങ്ങൾ പിന്നീട് ഇതുപോലെ ചർച്ച ചെയ്യാം. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരു പേരിൽ എന്താണിരിക്കുന്നതെന്ന് ഒരിക്കൽ ഷേക്സ്പിയർ ചോദിച്ചിട്ടുണ്ട്. ഖാദർ കമ്മിറ്റി റിപ്പോർട്ടിനെ സംബന്ധിച്ചിടത്തോളം അത് വളരെ അന്വർത്ഥമാണ്. 160 പേജുള്ള റിപ്പോർട്ടാണ് ഇവിടെയുള്ളത്. അതിൽ ഒന്നാംഭാഗം മാത്രമാണ് ഇപ്പോൾ വന്നിട്ടുള്ളത്. രണ്ടാംഭാഗം വരാനിരിക്കുന്നതേയുള്ളൂ. എനിക്ക് ബഹുമാന്യരായ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും മുഖ്യമന്ത്രിയോടും ചോദിക്കാനുള്ളത്, ഒരു റിപ്പോർട്ട് സമർപ്പിക്കാൻ ഉദ്യോഗസ്ഥരടങ്ങുന്ന കമ്മിറ്റിയെ നിയോഗിച്ചാൽ ഗവൺമെന്റ് കമ്മിറ്റിയുടെ റിപ്പോർട്ട് വന്നതിനുശേഷമല്ലേ പരിശോധിക്കുന്നത്? ഇവിടെ സമ്പൂർണ്ണ റിപ്പോർട്ട് വന്നിട്ടില്ല. 160 പേജുള്ള ഭാഗിക റിപ്പോർട്ടാണ് വന്നിട്ടുള്ളത്. മികവുള്ള വിദ്യാഭ്യാസത്തെ സംബന്ധിച്ച് ഒരു വാചകംപോലും 160 പേജുള്ള റിപ്പോർട്ടിൽ വന്നിട്ടില്ലായെന്നുള്ളത് എല്ലാവരെയും അത്ഭുതപ്പെടുത്തിയിട്ടുള്ള കാര്യമാണ്. ഇങ്ങനെയൊരു റിപ്പോർട്ട് മന്ത്രിസഭ അംഗീകരിച്ചുവെന്ന് പറഞ്ഞപ്പോൾ ഞങ്ങൾക്കൊക്കെ വലിയ അത്ഭുതമാണുണ്ടായത്. ഒരു കമ്മിറ്റിയെ നിയോഗിച്ചാൽ സമഗ്രമായ റിപ്പോർട്ടായിരിക്കണം കൊടുക്കേണ്ടത്. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് വരുത്തുന്ന കാതലായ മാറ്റത്തെ സംബന്ധിച്ച റിപ്പോർട്ടിലെ ഒന്നാം ഭാഗത്തെ ആറ് കാര്യങ്ങൾ നടപ്പാക്കുന്നു; ബാക്കി കാര്യങ്ങൾ നടപ്പിലാക്കുന്നില്ല. ഇത് എന്ത് നടപടിയാണ്? ഇതിനെയാണ് തുഗ്ലക്ക് പരിഷ്കാരം എന്നുപറയുന്നത്. ഇതൊരു piecemeal approach അല്ലേ; ഇത് ശരിയാണോ? ഘടനാപരവും ഗുണപരവുമായ മാറ്റം ഒരുമിച്ചുണ്ടായെങ്കിൽ മാത്രമേ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ച ചരിത്രം സൃഷ്ടിക്കാൻ സാധിക്കുകയുള്ളൂ. അദ്ദേഹം എന്ത് ചരിത്രമാണ് ഇവിടെ സൃഷ്ടിച്ചത്, പാഠപുസ്തകങ്ങൾ കൊടുത്തു. എന്നാണ് കൊടുക്കാത്തത്? ഇവിടെ യൂണിഫോം കൊടുക്കാറുണ്ട്, സമയത്ത് പരീക്ഷ നടത്താറുണ്ട്, റിസൾട്ട് വരാറുണ്ട്. ഇതൊക്കെ എല്ലാ കാലത്തും നടക്കുന്നതാണ്. ഒരു ചരിത്രവും സൃഷ്ടിച്ചിട്ടില്ല. കേരളത്തിൽ ആദ്യമായിട്ടാണോ റിസൾട്ട് വരുന്നത്? പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്ന കാര്യത്തിൽ കേരളത്തിലെ പ്രതിപക്ഷം ഭരണകക്ഷിയുമായി സഹകരിക്കുന്നുണ്ടല്ലോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തപ്പോൾ കാസർഗോഡ് ഞാനാണ് ഉദ്ഘാടനം ചെയ്തത്. പക്ഷേ, ഇതിനകത്ത് വന്നിരിക്കുന്ന പ്രശ്നം ഗൗരവമായി ഗവൺമെന്റ് ആലോചിക്കേണ്ട കാര്യമാണ്. ഒരു റിപ്പോർട്ടിന്റെ ആദ്യഭാഗം കയ്യിൽ കിട്ടിയപ്പോൾ ധൃതിപിടിച്ച്, കെ.എസ്.ടി.എ. പറയുന്നത് പ്രകാരം രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുവേണ്ടി അതിലെ നാലോ അഞ്ചോ പോയിന്റുകൾ മാത്രം നടപ്പിലാക്കാൻ ഇത്ര ധൃതി കാണിക്കേണ്ട കാര്യമെന്താണ്? ഖാദർ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച് ഭൂരിപക്ഷ അദ്ധ്യാപക സംഘടനകൾക്കും സ്കൂൾ മാനേജ്മെന്റുകൾക്കും അഭിപ്രായ വ്യത്യാസമുണ്ട്. ബഹുഭൂരിപക്ഷവും ഇതിനെതിരായ ആശങ്കകളാണ് പ്രകടിപ്പിച്ചിട്ടുള്ളത്. ഇത്രയും വലിയ മാറ്റമുണ്ടാകുമ്പോൾ കേരളത്തിലെ രാഷ്ട്രീയ പാർട്ടികളുമായി സംസാരിക്കണ്ടേ? ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കത്ത് കൊടുത്തു. കേരളത്തിലെ വിദ്യാഭ്യാസ

രംഗത്തെ ഈ സമൂലമാറ്റത്തെ സംബന്ധിച്ച് നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ കക്ഷികളുമായും വിദ്യാഭ്യാസ വിദഗ്ദ്ധരുമായും ആലോചിക്കാത്തത് എന്തുകൊണ്ടാണ്? ഈ റിപ്പോർട്ട് സമ്പൂർണ്ണമായി ലഭിച്ചതിനുശേഷം നമുക്കെല്ലാവർക്കും ആലോചിക്കാം. ഇതിനെപ്പറ്റി ചർച്ചകൾ നടക്കണ്ടേ; ഇതിനെപ്പറ്റി നിയമസഭ ചർച്ച ചെയ്യണ്ടേ; കേരള സമൂഹം ചർച്ച ചെയ്യണ്ടേ? ആരും ചർച്ച ചെയ്യാതെ ആരോ പറഞ്ഞതനുസരിച്ച് വിദ്യാഭ്യാസ രംഗത്ത് വരുത്തുന്ന piecemeal approach ഗുണത്തേക്കാളേറെ ദോഷമുണ്ടാക്കുന്നു എന്നുള്ളത് വളരെ വ്യക്തമാണ്. വ്യത്യസ്ത അഭിപ്രായങ്ങൾ ധാരാളം ആളുകൾ രേഖപ്പെടുത്തുകയും ബഹുമാനപ്പെട്ട മന്ത്രി വിളിച്ച ചർച്ചകളിൽ പറയുകയും ചെയ്തിട്ടുണ്ട്. പക്ഷേ, അതെല്ലാം തള്ളിക്കളഞ്ഞ് റിപ്പോർട്ടിലെ ഒന്നാം ഭാഗത്തിലെ ആറ് പോയിന്റുകൾ മാത്രം നടപ്പിലാക്കുകയാണെന്നാണ് പറയുന്നത്. ഞാൻ ആദ്യമായിട്ടാണ് ഇങ്ങനെ കേൾക്കുന്നത്.

അധികാര വികേന്ദ്രീകരണത്തിന്റെ കാലത്ത് അധികാരത്തെ സെൻട്രലൈസ് ചെയ്യുന്ന നടപടിയാണ് സ്വീകരിക്കുന്നത്. ഡോ. കെ. ടി. ജലീലും പ്രൊഫ. സി. രവീന്ദ്രനാഥും ഉൾപ്പെടെ വിദ്യാഭ്യാസ വകുപ്പിന് എന്തിനാണ് രണ്ട് മന്ത്രിമാർ? വിദ്യാഭ്യാസരംഗത്തെ കാര്യക്ഷമമാക്കാൻ ആയിരിക്കുമല്ലോ കൊണ്ടുവന്നത്. ഉന്നത വിദ്യാഭ്യാസത്തിനും പൊതു വിദ്യാഭ്യാസത്തിനും രണ്ട് മന്ത്രിമാരെ കൊണ്ടുവന്നത് എന്തിനാണ്? നമ്മൾ ജീവിക്കുന്നത് അധികാര വികേന്ദ്രീകരണത്തിന്റെ കാലഘട്ടത്തിലല്ലേ? ഈ ഗവൺമെന്റിന്റെ അപ്രോച്ച് തന്നെ തെറ്റാണ്. പഞ്ചായത്ത് സർവ്വീസിനെയും മുനിസിപ്പൽ സർവ്വീസിനെയും ഏകീകരിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്. നിങ്ങൾ പവറിനെ കോൺസെൻട്രേറ്റ് ചെയ്യാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം ഏകീകരണത്തിനുവേണ്ടി നിൽക്കുന്നു. ഇതിനെ ഡീസെൻട്രലൈസ് ചെയ്യേണ്ട കാലഘട്ടത്തിൽ നിങ്ങൾ ഏകീകരണത്തിനുവേണ്ടി നിൽക്കുന്നു. അടിസ്ഥാനപരമായി തെറ്റായ നടപടിയാണ് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. കാലാനുസൃതമായ മാറ്റമല്ല ഇക്കാര്യത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത്. 28 വർഷത്തോളമായി അക്കാദമിക് ഗുണമേന്മയോടും കാര്യക്ഷമതയോടുംകൂടി പ്രവർത്തിക്കുന്ന ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിനെ സ്കൂൾ വിദ്യാഭ്യാസ വകുപ്പുമായി ലയിപ്പിച്ച് ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷന്റെ ഭാഗമാക്കാനുള്ള ഖാദർ കമ്മീഷന്റെ ശിപാർശ ഗുണനിലവാര തകർച്ചയ്ക്കായിരിക്കും വഴിതെളിയിക്കുന്നത്. നിരവധി ഉദാഹരണങ്ങൾ ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകാം. 10+2+3 എന്ന ദേശീയ വിദ്യാഭ്യാസ നയത്തിന് കടകവിരുദ്ധമാണ് ഈ റിപ്പോർട്ടിലെ ശിപാർശകൾ. ഇത് അംഗീകരിക്കാൻ കഴിയുന്ന കാര്യമാണോ? 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം, സമഗ്ര ശിക്ഷാ അഭിയാൻ, 2000 നവംബർ 11-ന് പുറത്തുവന്ന സുപ്രീംകോടതി വിധി അനുസരിച്ചുള്ള ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ്, പ്രൊഫ. ലബ്ബ കമ്മിറ്റി ശിപാർശ ഇതെല്ലാം പ്രധാനപ്പെട്ടവയാണ്. ഇവയ്ക്കെല്ലാം വിരുദ്ധമാണിത്. നിലവിലെ ഹയർ

സെക്കണ്ടറി അദ്ധ്യാപകരുടെ യോഗ്യതാ ഇളവ് നിർദ്ദേശം ഈ മേഖലയെ പൂർണ്ണമായും തകർക്കും. പരീക്ഷയുടെ ഏകീകരണം ഗുണകരമാകില്ലെന്നാണ് വിദ്യാഭ്യാസ വിദഗ്ദ്ധർ അടക്കമുള്ളവർ പറഞ്ഞുകൊണ്ടിരിക്കുന്നത്. എൻ.സി.ഇ.ആർ.ടി. സിലബസ് ലഘൂകരിക്കുന്നതും പാഠപുസ്തകങ്ങൾ മലയാളത്തിലാക്കുന്നതും ദേശീയ തലത്തിൽ വിദ്യാർത്ഥികൾക്ക് വലിയ പ്രശ്നങ്ങളുണ്ടാക്കുന്നതാണ്. എല്ലാവരും മലയാളത്തിൽ പഠിച്ചാൽ മതിയോ; നമ്മുടെ കുട്ടികൾ മറ്റ് സംസ്ഥാനങ്ങളിൽ പോയി പഠിക്കണ്ടേ; ജോലിസാധ്യത ഉണ്ടാകണ്ടേ; വിദേശ രാജ്യങ്ങളിൽ പോകണ്ടേ? ഇത്തരം നിർദ്ദേശങ്ങൾ എങ്ങനെ അംഗീകരിക്കുവാൻ കഴിയും. കമ്മീഷന്റെ പൂർണ്ണരൂപം പുറത്തുവരാതെ ഇക്കാര്യത്തെപ്പറ്റി വ്യക്തമായ അഭിപ്രായം പറയാൻ കഴിയാത്ത അവസ്ഥയാണ്. വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരത്തെ മെച്ചപ്പെടുത്താനുള്ള ഒരു ശിപാർശയും ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്ത് കാണാൻ കഴിയുന്നില്ല. വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ വളർച്ചാഘട്ടങ്ങൾ തിരസ്കരിച്ചുകൊണ്ടുള്ള അശാസ്ത്രീയമായ സ്കൂൾ ഘടനാ പരിഷ്കരണം ഗുണത്തെക്കാളേറെ ദോഷം ചെയ്യുന്നുവെന്നാണ് വിദഗ്ദ്ധർ പറഞ്ഞു കൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ രീതിയിലുള്ള ഘടനാമാറ്റം മറ്റ് സംസ്ഥാനങ്ങളിൽ പോയി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വളരെയേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നുള്ള വിദഗ്ദ്ധാഭിപ്രായം നിലനിൽക്കുകയാണ്.

ദേശീയതലത്തിൽ കോത്താരി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടാണ് വിദ്യാഭ്യാസ രംഗത്തെ ആധികാരികമായ റിപ്പോർട്ട്. ഖാദർ കമ്മീഷൻ റിപ്പോർട്ടും കോത്താരി കമ്മീഷൻ റിപ്പോർട്ടും പരസ്പരവിരുദ്ധമായി നിൽക്കുന്നത് ഗൗരവതരമായ പ്രശ്നമല്ലേ? കലാ-കായിക അദ്ധ്യാപക നിയമനത്തിലെ ക്ലസ്റ്റർ സംവിധാനം വിദ്യാഭ്യാസ അവകാശ നിയമം 2009-ന്റെ നഗ്നമായ ലംഘനമാണെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഖാദർ കമ്മീഷൻ റിപ്പോർട്ട് ഒരിക്കലും അക്കാര്യത്തിൽ അംഗീകരിക്കുവാൻ കഴിയുന്നതല്ല. ഈ റിപ്പോർട്ട് നടപ്പിലാക്കുന്നതോടെ വിദ്യാഭ്യാസ മേഖലയിൽ നിയമന നിരോധനം ഉണ്ടാകുമെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു. ഒരു സ്കൂളിൽ രണ്ട് അധികാര കേന്ദ്രങ്ങൾ ഉണ്ടാകുകയാണ്. അതോടുകൂടി സ്കൂളിന്റെ പ്രവർത്തനങ്ങളിലുണ്ടാകുന്ന ഗുരുതരമായ അഭിപ്രായ വ്യത്യാസങ്ങളും പ്രശ്നങ്ങളും ഗൗരവമായി പരിശോധിക്കേണ്ടതാണ്. പ്രൈമറി വിദ്യാഭ്യാസത്തിന്റെയും ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്റെയും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുപകരം പ്രത്യേകം ഡയറക്ടറേറ്റ് രൂപീകരിച്ച് ഇവ ഏകീകരിക്കുന്നതുകൊണ്ട് ഒരു ഗുണവും ഉണ്ടാകുന്നില്ല. N.S.Q.F. നടപ്പിലാക്കുന്നതിന്റെ പേരിൽ വി.എച്ച്.എസ്.സി.യെ ഇല്ലാതാക്കുന്നതിനുപകരം ശക്തിപ്പെടുത്തി കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ

ആരംഭിച്ച് ആകർഷകമാക്കുകയാണ് സ്വീകരിക്കേണ്ടതായിട്ടുള്ളത്. ഭാഷാ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ ഇവിടെ പരിഗണിക്കുന്നില്ല. അതുസംബന്ധിച്ച ഒരു ശിപാർശയും റിപ്പോർട്ടിലില്ല. ഇക്കാര്യത്തിൽ ഭാഷാ അദ്ധ്യാപക സംഘടനകൾക്ക് വലിയ ആശങ്കകളുണ്ട്. വിദ്യാർത്ഥികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള കാര്യങ്ങളും വിദ്യാർത്ഥി-അദ്ധ്യാപക അനുപാതത്തെ സംബന്ധിച്ചും റിപ്പോർട്ടിൽ പ്രതിപാദിക്കുന്നില്ല. ഹയർ സെക്കണ്ടറി മേഖലയിൽ പഠിപ്പിക്കുന്ന 99 ശതമാനം അദ്ധ്യാപകരെയും മുൾമുനയിൽ നിർത്തിയുള്ള ഈ പരിഷ്കാരം ഗുണത്തെക്കാളേറെ ദോഷം ചെയ്യുകയാണ്. എല്ലാവരെയും വിശ്വാസത്തിൽ എടുത്തു കൊണ്ടായിരിക്കണം ഗവൺമെന്റ് പരിഷ്കാരങ്ങൾ കൊണ്ടുവരേണ്ടതെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്. അങ്ങനെയൊരു നടപടി ഇവിടെ സ്വീകരിച്ചതായി കാണുന്നില്ല. ഈ റിപ്പോർട്ട് വന്നതിനുശേഷം ഇതു സംബന്ധിച്ച സമഗ്ര ചർച്ചയ്ക്ക് വിധേയമാക്കാതെ ഏതെങ്കിലും ഒരു പരിഷ്കാരം നടപ്പിലാക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെങ്കിൽ അത് കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കാൻ മാത്രമേ സഹായിക്കുകയുള്ളൂ. അദ്ധ്യാപകരും മാനേജ്മെന്റും പൊതുസമൂഹവും ഇതിനെതിരാണ്. ഇങ്ങനെ എല്ലാവരും എതിർപ്പ് പ്രകടിപ്പിച്ച സാഹചര്യത്തിൽ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കാതെ ഇത് നടപ്പിലാക്കരുതെന്ന് അങ്ങയിലൂടെ ഗവൺമെന്റിനോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ആവശ്യപ്പെടുകയാണ്. ഞങ്ങളാരും പരിഷ്കാരങ്ങൾക്ക് എതിരല്ല. പക്ഷേ, പരിഷ്കാരങ്ങൾ ഭാവി തലമുറയ്ക്ക് ഗുണകരമാകണം. വിദ്യാഭ്യാസമാണ് ഒരു വിദ്യാർത്ഥിയെയും മനുഷ്യനെയും പൂർണ്ണനാക്കുന്നത്. കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് അനാവശ്യമായ പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും വഴിതെളിയിക്കുന്ന നിലയിൽ എന്തിനാണ് ധൃതിപിടിച്ച് ഈ റിപ്പോർട്ട് നടപ്പാക്കാൻ മുന്നോട്ട് വരുന്നത്? കലാലയവർഷം ആരംഭിക്കാൻ പോകുകയാണ്. 3-ാം തീയതി സ്കൂൾ തുറക്കുന്നതിനുപകരം പെരുന്നാൾ കഴിഞ്ഞ് 6-ാം തീയതി തുറക്കണമെന്ന അഭിപ്രായം ശക്തിപ്പെട്ടുവരികയാണ്. ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കണം. പ്രതിപക്ഷം പറയുന്ന കാര്യമായി ഇതിനെ കണക്കാക്കരുത്. കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഉണ്ടാകാൻ പോകുന്ന ഗുരുതരമായ പ്രശ്നങ്ങളും ആളുകൾക്കുള്ള ആശങ്കകളും അത് തെറ്റിദ്ധാരണകളാണോ ശരിയായ ധാരണകളാണോയെന്ന് പരിശോധിക്കാതെ ഇക്കാര്യങ്ങളുമായി മുന്നോട്ട് പോകുന്നത് ശരിയല്ല. സ്കൂൾ വിദ്യാഭ്യാസ രംഗത്ത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കും. അദ്ധ്യാപകരും വിദ്യാർത്ഥികളും മാനേജ്മെന്റുകളും സമരരംഗത്തേക്കിറങ്ങുന്ന അവസ്ഥാവിശേഷം കേരളത്തിന് ഗുണകരമാണോ യെന്ന് ഗവൺമെന്റ് ആലോചിക്കണം. അതുകൊണ്ട് ഗൗരവമായ ആലോചന ഇക്കാര്യത്തിലുണ്ടാകണം. ഇന്നത്തെ ക്യാബിനറ്റിൽ തീരുമാനിക്കാൻ

പോകുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞത്. ഇത്രയും അലക്ഷ്യമായ നിലയിൽ വീണ്ടുവിചാരമില്ലാതെ കേരളത്തിലെ വിദ്യാഭ്യാസ മേഖലയെയും 25 ലക്ഷത്തോളം വിദ്യാർത്ഥികൾ, 2 ലക്ഷത്തോളം അദ്ധ്യാപകർ, അനദ്ധ്യാപകർ അവരുടെ മുഴുവൻ ഭാവിയെയും ഗുരുതരമായി ബാധിക്കുന്ന പ്രശ്നങ്ങൾ തീർത്തും അവധാനതയില്ലാതെ നടപ്പിലാക്കുന്ന സർക്കാർ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്ന് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ 'മികവ് ' എന്ന വാക്കിനെക്കാൾ കൂടുതൽ 'ഘടനാപരം' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ റിപ്പോർട്ട് നിർമ്മാതാക്കളുടെ ഉപബോധ മനസ്സിൽ ഘടനാപരമായ മാറ്റം എന്ന ആശയം കിടക്കുന്നുവെന്നതിന്റെ തെളിവാണ്. സത്യത്തിൽ മികവ് എന്ന പേര് നൽകി ഘടനാപരമായ മാറ്റം മാത്രം നിർവ്വഹിക്കുന്ന റിപ്പോർട്ടായി ഇത് മാറിയിരിക്കുകയാണ്. വളരെ നിശ്ചലമായി നിൽക്കുന്ന വെള്ളത്തിലേയ്ക്ക് കല്ലുകൾ വലിച്ചെറിഞ്ഞ് അതിനെ പ്രക്ഷുബ്ധമാക്കുന്നത് എന്തിനാണ്; കേരളത്തിലെ വിദ്യാഭ്യാസ നിലവാരത്തെ കുറിച്ചൊക്കെ നല്ല ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ ഒരു തിരിച്ചുപോക്കിന് തയ്യാറാകുന്നതെന്തിനാണ്? കോത്താരി കമ്മീഷൻ റിപ്പോർട്ടിൽ ഇന്റർമീഡിയേറ്റ് അഥവാ പ്രീ-ഡിഗ്രി വിദ്യാഭ്യാസം കോളേജിൽനിന്നും യൂണിവേഴ്സിറ്റികളിൽനിന്നും വിടുതൽ ചെയ്ത് വളരെ സവിശേഷമായ പ്രാധാന്യത്തോടെ രണ്ട് വർഷമുള്ള കോഴ്സായി സ്കൂളുകളിലേയ്ക്ക് മാറ്റണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. ഈ നിർദ്ദേശപ്രകാരം ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും നിലവിലുള്ള ഘടന കേരളത്തിൽ മാത്രമായി മാറ്റുന്നതെന്തിനാണ്? ഇതിനെ എക്സ്ക്ലൂസീവായി നിലനിർത്തണമെന്ന് പറഞ്ഞിട്ടുള്ളത് എന്തിനുവേണ്ടിയാണ്? സ്കൂൾ വിദ്യാഭ്യാസത്തിൽനിന്നും വളരെ വ്യത്യസ്തമാണ് ഹയർ സെക്കണ്ടറി വിദ്യാഭ്യാസം. സ്കൂൾ വിദ്യാഭ്യാസമെന്ന ഘട്ടം കഴിഞ്ഞ് അടുത്ത ഘട്ടത്തിലേയ്ക്ക് കടക്കുമ്പോഴേക്കും അത് സവിശേഷ സ്വഭാവമുള്ള ഒരു വിദ്യാഭ്യാസമായി മാറുന്നു. അതൊരു സ്പെഷ്യലൈസേഷനാണ്. ഒരു വിദ്യാർത്ഥി തന്റെ വിദ്യാഭ്യാസത്തെ ഏതെങ്കിലുമൊരു വിഭാഗത്തിലേയ്ക്ക് തിരിച്ചുവിടുന്ന ഘട്ടമാണിത്. തന്റെ കരിയറിൽ ഏത് മേഖല തെരഞ്ഞെടുക്കണമെന്ന് തീരുമാനിക്കുന്ന വളരെ നിർണ്ണായകമായൊരു ഘട്ടത്തെ വീണ്ടും താഴോട്ട് കൊണ്ടുവരികയാണ്. പ്രൈമറി - അപ്പർ പ്രൈമറി, സെക്കണ്ടറി - ഹയർ സെക്കണ്ടറി എന്നിങ്ങനെ മുകളിലോട്ടുള്ള നീക്കത്തെ മാറ്റി പ്രൈമറി -

ലോവർ പ്രൈമറി, സെക്കണ്ടറി - ലോവർ സെക്കണ്ടറി എന്നുപറഞ്ഞ് താഴോട്ട് കൊണ്ടുവരുന്ന സമീപനം യഥാർത്ഥത്തിൽ തുഗ്ലക് പരിഷ്കാരം തന്നെയാണ്. വളരെ ശക്തനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണെന്നുള്ള രീതിയിൽ ആളുകൾ ചർച്ച ചെയ്തുകൊണ്ടിരിക്കുമ്പോൾ അങ്ങ് കുറച്ച് അദ്ധ്യാപക സംഘടനകളുടെയും നിക്ഷിപ്ത താല്പര്യങ്ങളുടെയും ബലിയാടായി മാറുന്നത് അല്ലെങ്കിൽ അവരുടെ അടിമയായി മാറുന്നതെന്തിനാണ്; കെ.എസ്.ടി.എ. പറയുന്നതിനപ്പുറം അങ്ങ് ചലിക്കില്ലെന്ന അവസ്ഥയിലേയ്ക്ക് എത്തുന്നതെന്തിനാണ്?

ഈ കമ്മീഷൻ ആരാണെന്ന് ആദ്യം പരിശോധിക്കണം. പലരേയും വെള്ളത്തിലാക്കിയിട്ടുള്ള രണ്ടുപേരാണ് ഇതിലെ പ്രധാനപ്പെട്ട അംഗങ്ങൾ. മുൻവിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. എം.എ. ബേബിയെ പല കുഴപ്പത്തിലേക്കും ചാടിച്ചതാണ്. അദ്ദേഹം സാംസ്കാരിക വകുപ്പ് കൈകാര്യം ചെയ്തിരുന്നപ്പോൾ കെ. രാഘവൻ മാഷ് ജീവിച്ചിരിപ്പുണ്ടായിരുന്നു. എന്നാൽ കെ. രാഘവൻ മാഷ് മരിച്ചുവെന്ന് പറഞ്ഞ് അദ്ദേഹത്തിന്റെ സ്മരണാർത്ഥം ഇവിടെ പരിപാടി സംഘടിപ്പിക്കാൻ ഉപദേശിച്ച ആളുകളായിരുന്നു കൂടെയുണ്ടായിരുന്നത്. അന്ന് രാഘവൻ മാഷ് വിളിച്ചുപറഞ്ഞു, ഞാനിവിടെ ജീവിച്ചിരിപ്പുണ്ടെന്ന്. ഡോ. സി. രാമകൃഷ്ണൻ ആരാണ്? മുൻവിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. എ. ബേബിയുടെ പ്രൈവറ്റ് സെക്രട്ടറിയാണ്. രണ്ടാമത്തെ ആളായ ജി. ജ്യോതിചൂഡൻ മുൻവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായിരുന്നു. രാഷ്ട്രീയപരമായി ഒരു കമ്മിറ്റി രൂപീകരിച്ച് രാഷ്ട്രീയ ലക്ഷ്യത്തിനുവേണ്ടി അവർ നിർദ്ദേശിക്കുന്നത് ഏകപക്ഷീയമായി കേരളത്തിൽ നടപ്പിലാക്കാൻ അങ്ങ് ശ്രമിക്കരുത്. അങ്ങ് അതിൽനിന്നൊക്കെ വ്യത്യസ്തനാണെന്നും നിങ്ങൾ കുഴിക്കുന്ന കുഴിയിൽ വീഴുന്നവനല്ല ഞാനെന്നും പറയാനുള്ള ധൈര്യം കാണിക്കണം. ഇപ്പോൾ അങ്ങ് ചെയ്യുന്നതെന്താണ്? എല്ലാ തലത്തിലും ചർച്ച ചെയ്തുവെന്ന് അങ്ങ് പറഞ്ഞല്ലോ. ചർച്ച ചെയ്യുന്നതെന്താണ്? അവർ പറഞ്ഞ കാര്യം ആവർത്തിച്ച് പറയുന്നതിനല്ലാതെ, റേഡിയോ കേൾക്കുന്നതുപോലെ, അദ്ധ്യാപക സംഘടനകൾ ഇതുകേട്ട് തിരിച്ചു പോകുന്നുവെന്നല്ലാതെ അതിൽ എന്തെങ്കിലും മാറ്റം വരുത്തിയോ; ഈ രീതിയിൽ പോയാൽ എവിടെയാണ് പ്രൊമോഷൻ സാധ്യതയുള്ളത്; ഒരാൾ എവിടെയൊക്കെയാണ് വൈസ് പ്രിൻസിപ്പാളായി പോകുന്നത്? സ്കൂളിനെ ശക്തമായി നിയന്ത്രിക്കാൻ കഴിയുന്ന ഒരു തസ്തികയാണ് ഹെഡ്മാസ്റ്റർ. അദ്ദേഹത്തെ വൈസ് പ്രിൻസിപ്പാൾ ആക്കിയാൽ സ്കൂൾ വിദ്യാഭ്യാസ നിലവാരം തകരും. അതോടൊപ്പം ഹെഡ്മാസ്റ്ററെക്കാൾ ഗ്രേഡുള്ള അദ്ധ്യാപകരുടെ മുകളിലാണ് അദ്ദേഹം വൈസ് പ്രിൻസിപ്പാളായി പോകുന്നത്.

അതോടെ ഹയർ സെക്കണ്ടറി നിലവാരവും സ്കൂൾ നിലവാരവും തകരും. മാത്രമല്ല പ്രൊമോഷൻ സാധ്യതയിൽ വൈസ് പ്രിൻസിപ്പാളാണ് പ്രിൻസിപ്പാളായി മാറുന്നത്. അതോടെ ഹയർ സെക്കണ്ടറി രംഗത്തുള്ളവരുടെ പ്രൊമോഷൻ സാധ്യതകൾ തകർക്കപ്പെടും. ഇങ്ങനെ എല്ലാ അർത്ഥത്തിലും വിദ്യാഭ്യാസ നിലവാരം തകർന്ന് തരിപ്പണമാകുന്ന അവസ്ഥയിലേയ്ക്ക് കൊണ്ടു പോകുന്നതെന്തിനാണ്? അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് പറയുന്നുണ്ടല്ലോ. ഹയർ സെക്കണ്ടറിക്കുവേണ്ടി മറ്റൊരു മന്ത്രിയുംകൂടി വരുമെന്ന് അങ്ങ് ഭയപ്പെടുന്നുണ്ടോ? അതുകൊണ്ടാണോ അങ്ങ് ദുഃഖിക്കുന്നത്. ഇതിനെതിരെ ശക്തമായ പ്രതിഷേധം ഞങ്ങൾ രേഖപ്പെടുത്തുന്നു. ശക്തമായ ചർച്ചകൾക്ക് വിധേയമായിട്ടല്ലാതെ ഒന്നാം ഭാഗം വച്ചുകൊണ്ടുമാത്രം piecemeal ആയി നടപ്പിലാക്കരുത്. സമഗ്രമായ ചർച്ചയിലൂടെ ഇത് വേണമോ വേണ്ടയോയെന്ന് പരിശോധിച്ചുമാത്രമേ നടപ്പിലാക്കാവൂ. മുമ്പ് ഡി.പി.ഇ.പി. വന്നപ്പോൾ പലതും നടപ്പിലാക്കി പിൻവലിക്കേണ്ടിവന്ന സാഹചര്യം ഇനിയും ഈ വിദ്യാഭ്യാസ രംഗത്തുണ്ടാക്കരുത്. അടുത്ത അദ്ധ്യയന വർഷം ജൂൺ 6-ാം തീയതി ആരംഭിക്കുന്നതിനുള്ള സന്മനസ്സ് അങ്ങ് കാണിക്കണം. ഇത് ചർച്ച ചെയ്യേണ്ട വിഷയമായിരുന്നു. സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ അങ്ങ് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, നായനാർ സർക്കാരിന്റെ ഭരണകാലത്താണ് ഈ സംവിധാനം നിലവിൽ വന്നത്. ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായി ചാർജ് എടുക്കുമ്പോൾ മേയ് 30-ാം തീയതിയിലെ റിസൾട്ട് 33 ശതമാനം മാത്രമായിരുന്നു. ഇതെങ്ങനെ പരിഷ്കരിക്കാം എന്നതിന് പരിഹാരം കാണണം. വളരെയധികം കുട്ടികൾ തോൽക്കുന്നു. വിദ്യാഭ്യാസ ഗുണനിലവാരത്തിൽ കേരളം അന്ന് പതിനാലാം സ്ഥാനത്തായിരുന്നു. 1996 സെപ്റ്റംബർ 5, 6 തീയതികളിൽ തിരുവനന്തപുരം ടെക്നോപാർക്കിൽ ദേശീയതലത്തിൽ അറിയപ്പെടുന്ന വിദ്യാഭ്യാസ വിദഗ്ദ്ധരുടെ യോഗം വിളിച്ചുകൂട്ടുകയും കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ നിലവാരം എങ്ങനെ ഉയർത്താമെന്നതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. അതിനെത്തുടർന്ന് 1996 സെപ്റ്റംബർ 6-ാം തീയതി അന്നത്തെ മുഖ്യമന്ത്രി ഇ. കെ. നായനാർ തിരുവനന്തപുരം ഡിക്ലറേഷൻ പ്രസിദ്ധീകരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതി പരിഷ്കാരത്തിൽ മാറ്റങ്ങൾ വന്നു. DPEP (District Primary Education Programme) ആദ്യം ആറ് ജില്ലകളിലും പിന്നീട് മറ്റുള്ള

ജില്ലകളിലും നടപ്പിലാക്കി. വിദ്യാഭ്യാസ ഗുണനിലവാരത്തിൽ പതിനാലാം സ്ഥാനത്തുനിന്ന കേരളം ഒന്നാം സ്ഥാനത്തേക്ക് വരുന്നുവെന്ന് കേന്ദ്ര ഗവൺമെന്റിന് റിപ്പോർട്ട് ചെയ്തു. അത് ഇന്ത്യയിലാകെ നടപ്പിലാക്കാൻ തീരുമാനിച്ചു. ഹയർ സെക്കണ്ടറി വിദ്യാഭ്യാസം സംബന്ധിച്ച് പ്രീ-ഡിഗ്രി ഡീ-ലിങ്കിംഗ് ബിൽ നിയമസഭയിൽ അവതരിപ്പിച്ച് ഐകകണ്ഠ്യേന പാസ്സാക്കി. അതിൽ പറയുന്ന വാചകം, ഇന്ത്യയിൽ യൂണിവേഴ്സലൈസേഷൻ ഓഫ് പ്രൈമറി എഡ്യൂക്കേഷനാണ്; 50 വർഷം പിന്നിടുമ്പോൾ സാക്ഷരതയുള്ള കേരളത്തിൽ യൂണിവേഴ്സലൈസേഷൻ ഓഫ് ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ നടപ്പിലാകും; 12-ാം ക്ലാസ്സുവരെ ഫീസ് നൽകാതെ മുഴുവൻ കുട്ടികൾക്കും പഠിക്കാനുള്ള സംവിധാനമുണ്ടാകും; അത് ഡീ-ലിങ്ക് ചെയ്ത് നടപ്പിലാക്കി. ഒരു ലക്ഷത്തി രണ്ടായിരം സീറ്റുണ്ടായിരുന്ന പ്രീ-ഡിഗ്രി കോളേജുകളിൽനിന്നും വേർപെടുത്തിയപ്പോൾ നാല് ലക്ഷം സീറ്റായി. നാല് ലക്ഷം സീറ്റായപ്പോൾ നടക്കുന്നതെന്താണ്? ഹൈസ്കൂളിൽ പ്ലസ്-ടു വന്നപ്പോൾ ചെറിയ പ്രശ്നങ്ങളൊക്കെയുണ്ടായിരുന്നു. ആ തർക്കങ്ങളൊക്കെ പരിഹരിച്ച് ഹെഡ്മാസ്റ്റർ പഴയതുപോലെ നിലകൊള്ളുന്നു. ഹയർ സെക്കണ്ടറി വിഭാഗത്തിന് പ്രിൻസിപ്പാളിനെ നിയമിക്കുകയുണ്ടായി. തർക്കങ്ങളൊക്കെ പരിഹരിച്ച് ആ നദി ശാന്തമായി ഒഴുകുകയാണ്. എസ്.എസ്.എൽ.സി. പരീക്ഷ കൃത്യമായി നടക്കുന്നു, റിസൾട്ട് വരുന്നു. 12-ാം ക്ലാസ്സിലും അങ്ങനെതന്നെ. ഒരു സ്കൂളിലും അസ്വസ്ഥതയില്ല. ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ചോദിച്ചപ്പോൾ ചർച്ച ചെയ്ത് തീരുമാനമെടുക്കുമെന്നാണ് പറഞ്ഞത്. അതിൽ യാതൊരു മാറ്റവും വരുത്തരുത്. വളരെ ശാന്തമായി പോകുന്ന കാര്യമാണിത്. എവിടെയാണ് കുഴപ്പം? ഹൈസ്കൂളിൽ ഹെഡ്മാസ്റ്റർക്ക് പൂർണ്ണ അധികാരമുണ്ട്. അദ്ദേഹത്തെ വൈസ് പ്രിൻസിപ്പാളായി നിയമിച്ചാൽ കൂടുതൽ ക്വാളിഫിക്കേഷനുള്ള ഹയർ സെക്കണ്ടറി അദ്ധ്യാപകരോടൊപ്പം വൈസ് പ്രിൻസിപ്പാളിന് ഇരിക്കാൻ കഴിയുമോ; അദ്ദേഹത്തിന് എന്തെങ്കിലും ചെയ്യാൻ കഴിയുമോ; ആ വൈസ് പ്രിൻസിപ്പാളിന് ഒരു അധികാരവും സ്ഥാനവുമില്ലേ? ഹെഡ്മാസ്റ്റർ ഹൈസ്കൂളിലും പ്രിൻസിപ്പാൾ ഹയർ സെക്കണ്ടറിയിലും നിലനിൽക്കട്ടെ. ഈ സംവിധാനത്തിൽ ഡിസ്റ്റർബൻസിന്റെ ഒരു കാര്യവുമില്ല. വിശദമായി ചർച്ച ചെയ്യാതെ ഇക്കാര്യത്തിൽ തീരുമാനമെടുക്കരുതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. സർക്കാരിന്റെ ഈ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

11.00 A.M.]

ശ്രീ. അനൂപ് ജേക്കബ്: സർ, സ്കൂളുകളുടെ ഘടനയിലെ മാറ്റം, ഭരണപരമായ മാറ്റങ്ങൾ, തസ്തികകളിലെ പുനർനാമകരണം തുടങ്ങിയ കാര്യങ്ങളാണ് ഈ റിപ്പോർട്ട് വായിച്ചുകഴിഞ്ഞാൽ മനസ്സിലാക്കാൻ കഴിയുന്നത്. അക്കാദമിക്കലി കൂടുതൽ മെച്ചമായി കൊണ്ടുവരാൻ എങ്ങനെ കഴിയും എന്നതിനെ സംബന്ധിച്ച് ഈ റിപ്പോർട്ട് മൗനത്തിലാണ്. ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇത് ഭാഗികമായ റിപ്പോർട്ടാണെന്ന് ഇവിടെ സൂചിപ്പിച്ചു. ഭാഗികമായ റിപ്പോർട്ടിനെ ഈ ഗവൺമെന്റ് അംഗീകരിച്ച് മുമ്പോട്ടു പോകുമ്പോൾ അത് സ്വാഭാവികമായും വലിയ രീതിയിലുള്ള അസ്വസ്ഥതകൾക്ക് ഇടവരുത്തും. ഏറ്റവും ഭംഗിയായി പോകുന്ന നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തെ തച്ചുടയ്ക്കുന്ന നിലയിലേയ്ക്ക് ഈ നടപടി നീങ്ങും എന്നതിൽ യാതൊരു സംശയവുമില്ല. ഇവിടെ പ്രൈമറി, ലോവർ പ്രൈമറി, ഹൈസ്കൂൾ തലങ്ങളിലെ ഓരോ കുട്ടിക്കും ഇൻഡിവിഡ്വൽ അറ്റൻഷൻ ആവശ്യമാണ്. അതിനെ ഏകോപിപ്പിച്ച് ഒരു പ്രിൻസിപ്പാളിന്റെ കീഴിലേക്കാണ് കൊണ്ടുവരുന്നത്. സ്വാഭാവികമായും ഇന്ന് സ്കൂളുകളിലൊക്കെ ഒട്ടും ആശാസ്യമല്ലാത്ത ധാരാളം പ്രവണതകൾ കാണുന്നുണ്ട്. അതിനെയൊക്കെ നിയന്ത്രിച്ച് മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നുണ്ടോ; ഇതൊക്കെ ചിന്തിക്കേണ്ട വിഷയങ്ങളാണ്. ഇതിൽ ഭരണഘടനാപരമായ മാറ്റങ്ങൾ വന്നുകഴിഞ്ഞാൽ ഏത് രീതിയിലുള്ള വ്യത്യാസവും നമുക്ക് കൊണ്ടുവരാൻ കഴിയും. നമ്മുടേത് വളരെ കോമ്പറ്റിറ്റീവായിട്ടുള്ള സിലബസാണ്. ഭാഗ്യവശാൽ അല്ലെങ്കിൽ നിർഭാഗ്യവശാൽ കുട്ടികളെ കൂടുതൽ മത്സരബുദ്ധിയിലേയ്ക്ക് തള്ളിവിടുന്ന ഒരു സിലബസ് സംവിധാനത്തിലാണ് നമ്മൾ നിൽക്കുന്നത്. അതിനൊരു മാറ്റം വേണം. അതുസംബന്ധിച്ച് നമ്മൾ ചർച്ച ചെയ്യേണ്ട സന്ദർഭത്തിൽ നിൽക്കുകയാണ്. നല്ല വ്യക്തികളായി ഈ കുട്ടികളെ രൂപാന്തരപ്പെടുത്തുവാൻ നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തിന് ഇപ്പോൾ കഴിയുന്നുണ്ടോ; ഇത് ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണ്. അത്തരം പ്രസക്തമായ വിഷയങ്ങൾ നിലനിൽക്കുമ്പോഴാണ് കേന്ദ്ര ഗവൺമെന്റിന്റെ ചില ആനുകൂല്യങ്ങൾ ലഭ്യമാകണമെന്ന ഒറ്റ ചിന്തയിൽ ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിലേയ്ക്ക് പോകുന്നത്. ഇതിൽ ബഹുമാനപ്പെട്ട മന്ത്രി ആ ഭാഗം ഇവിടെ സൂചിപ്പിച്ചത് കേട്ടില്ലേ? അതായത് പഞ്ചായത്ത് എഡ്യൂക്കേഷൻ ഓഫീസർമാരെ നിയമിക്കുന്നതായി റിപ്പോർട്ടിൽ വായിക്കാനിടയായി. അങ്ങനെവരുമ്പോൾ നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഏകോപന സിസ്റ്റം തന്നെ മാറുകയാണ്. അത് ഗുണനിലവാരത്തകർച്ചയിലേയ്ക്ക് പോകുമോയെന്നുള്ള ആശങ്കയോടൊപ്പം തസ്തികകളിലെ പുനർനിയമനമടക്കമുള്ള കാര്യങ്ങൾ കോടതി വ്യവഹാരങ്ങളിലേയ്ക്ക് എടുത്തെറിയപ്പെടും. ഏറ്റവും ശക്തമായി നിൽക്കുന്ന നമ്മുടെ ഈ സംവിധാനത്തെ തകർക്കുന്ന നിലയിലേയ്ക്ക് പോകുന്ന ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുവാൻ ഗവൺമെന്റ് തയ്യാറാകരുത്. ഈ അടിയന്തരപ്രമേയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽ നിന്ന് പുറത്തുപോയി.

പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി)

## V ശ്രദ്ധ ക്ഷണിക്കൽ

### (1) റോഡപകടനിരക്ക് കുറയ്ക്കൽ

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, സംസ്ഥാനത്ത് 2001 മുതൽ 2018 വരെയുണ്ടായ റോഡപകടമരണങ്ങൾ 67337 ആണ്. പരിക്കേറ്റവർ 815693. ഓരോ വർഷവും അതിന്റെ കണക്കുകൾ പരിശോധിക്കുമ്പോൾ റോഡപകടങ്ങളിൽ മരണപ്പെടുന്നവരുടെയും പരിക്കേൽക്കുന്നവരുടെയും എണ്ണത്തിൽ വർദ്ധനവുണ്ടാകുന്നുണ്ട്. ഇത് പോലീസ് പരസ്യപ്പെടുത്തിയിട്ടുള്ള കണക്കാണ്. ഈ കണക്കിലുള്ള ഒരു പ്രശ്നം, പരിക്കേറ്റ 815693 പേരിൽ ആരെങ്കിലും പിന്നീട് മരണപ്പെട്ടാൽ അത് മരണപ്പെട്ടവരുടെ ലിസ്റ്റിലില്ല എന്നതാണ്. അവരെ പരിക്കേറ്റവരുടെ ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈയൊരു വിഷയത്തെ വളരെ ഗൗരവമായി കാണണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

ദേശീയ റോഡ് സുരക്ഷാ കൗൺസിലിന്റെ നേതൃത്വത്തിൽ റോഡ് സുരക്ഷാ വാരാചരണം ഫെബ്രുവരി 4 മുതൽ 10 വരെയായിരുന്നു. ബോധവൽക്കരണ പരിപാടികൾ നമ്മുടെ സംസ്ഥാനത്തും കുറച്ച് ശക്തമായ രീതിയിൽ നടന്നിരുന്നു. എന്നാൽ ഇപ്പോൾ അത് കുറേയധികം പിന്നോക്കം പോയിട്ടുണ്ട്. അതുകൊണ്ട് നമുക്ക് ഈ ബോധവൽക്കരണ പരിപാടി കുറച്ചുകൂടി ശക്തമാക്കി മുന്നോട്ട് പോകേണ്ടതുണ്ട്. വാഹനാപകടങ്ങളുടെ പ്രധാന കാരണം പരിശോധിക്കുമ്പോൾ അശ്രദ്ധ, അനിയന്ത്രിതമായിട്ടുള്ള ഡ്രൈവിംഗ് ഇവയൊക്കെയാണ്. റോഡുകളുടെ ദയനീയ സ്ഥിതി അതിലൊരു ഘടകം തന്നെയാണ്. ഗതാഗത നിയമം പാലിക്കാത്തത് അടിസ്ഥാനപരമായ കാരണമാണ്. റോഡുനിയമം പാലിക്കാത്തതും ജാഗ്രതക്കുറവും വാഹനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന പെരുപ്പവുമാണ് എല്ലാത്തിനും കാരണമായിട്ടുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം വാഹനങ്ങളിൽ വലിയ വർദ്ധനവുണ്ടാകുന്നുണ്ട്. 2018-ലെ കണക്കുപ്രകാരം കേരളത്തിൽ 120.42 ലക്ഷം വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വാഹനങ്ങൾ ഇവിടെ

ഓടിക്കുന്നതിന്റെ കണക്കുകൾ വേറെയുമുണ്ട്. അങ്ങനെ വന്നാൽ ഏതാണ്ട് ആയിരം പേർക്ക് 361 വാഹനങ്ങൾ എന്ന നിലയിലാണുള്ളത്. സ്വകാര്യ വാഹനങ്ങളുടെ എണ്ണമാണ് ഇതിൽ ഏറ്റവും കൂടുതലായി വന്നിട്ടുള്ളത്. റോഡ് സുരക്ഷാ അതോറിറ്റി ശക്തിപ്പെടുത്തുന്നതിന് നടപടികളുണ്ടാകണം. കുറച്ച് ഫണ്ടുകൂടി അതിൽ വകയിരുത്തണം. റോഡു സുരക്ഷാ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ്, മോട്ടോർ വാഹനവകുപ്പ്, റവന്യൂ വകുപ്പ്, പോലീസ് ഇവരുടെ ഒരു സംയുക്ത കൂടിയാലോചനയും ഇടപെടലുമുണ്ടാകണം. ഡിസൈൻഡ് റോഡുകളെ സംബന്ധിച്ച് നമ്മൾ ഇപ്പോൾ പുതിയതായി ചിന്തിച്ച് തുടങ്ങിയിട്ടുണ്ട്. ഡിസൈൻഡ് റോഡുകൾ വരുമ്പോൾ റോഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞേക്കാം. ഐക്യരാഷ്ട്രസഭ 2011 മുതൽ 2020 വരെ റോഡ് സുരക്ഷാ ദശകം പ്രഖ്യാപിച്ചിരിക്കുകയാണ്. 2018-ൽ മാത്രം ഏതാണ്ട് 4199-ഓളം മരണങ്ങൾ സംഭവിച്ചുവെന്നുള്ളതാണ് കണക്ക്. ഈ ദശകം പ്രഖ്യാപിച്ച് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോഴും ഉണ്ടായിട്ടുള്ള മരണങ്ങളുടെയും അപകടങ്ങളുടെയും നിരക്ക് വർദ്ധിച്ച തോതിലാണ്. റോഡുമായി ബന്ധപ്പെട്ട നിയമങ്ങൾ പാലിക്കുന്നത് ഒരു സംസ്കാരമായി മാറ്റിയെടുക്കാൻ കഴിയുമോ ഇല്ലയോ എന്നുള്ളത് നമ്മൾ ചിന്തിക്കേണ്ടതാണ്.

റോഡുനിയമങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കണം. ഏതാനും ചില കാര്യങ്ങൾ മാത്രമാണ് ഈ പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. കാഴ്ച മറയ്ക്കുന്ന പരസ്യങ്ങൾ, നിർമ്മാണങ്ങൾ, താൽക്കാലിക വ്യാപാര സ്ഥാപനങ്ങൾ, പാർക്കിംഗ് തുടങ്ങിയ കാര്യങ്ങളിലൊക്കെ ശക്തമായിട്ടുള്ള ഇടപെടലുകളുണ്ടാകണം. കാൽനട യാത്രക്കാർക്കുണ്ടാകുന്ന അപകടങ്ങൾ മുൻവർഷങ്ങളെക്കാൾ ഏതാണ്ട് 66 ശതമാനം വർദ്ധിച്ചിട്ടുണ്ട്. ഡ്രൈ ഡേകൾ പരിശോധിച്ചുകഴിഞ്ഞാൽ അന്നേ ദിവസങ്ങളിൽ അപകടമരണങ്ങൾ കുറവുണ്ട്. അപ്പോൾ മദ്യപാനവും മയക്കുമരുന്നുമാണ് ഈ അപകടത്തിന്റെ ഒരു പ്രധാന കാരണമെന്നുള്ള നിലയിൽ വേണം നമ്മൾ കണക്കാക്കാൻ. അപകടങ്ങളുണ്ടാകുമ്പോൾ കാഴ്ചക്കാരും അത് മൊബൈലിൽ റെക്കോർഡ് ചെയ്യുന്നവരും വാട്ട്സ് ആപ്പിലും ഫെയ്സ് ബുക്കിലും യൂ ട്യൂബിലുമൊക്കെ പ്രചരിപ്പിക്കുന്നവരുമുണ്ട്. എന്തുകൊണ്ടാണ് അത്തരമൊരു സാഡിസ്റ്റ് മെന്റാലിറ്റിയിലേയ്ക്ക് എത്തിച്ചേരുന്നതെന്നറിയില്ല. ഒരുപക്ഷേ, ഒരിക്കലും മരിക്കില്ലായെന്നുള്ള പ്രതീക്ഷ കൊണ്ടാകാം. ഇത്തരം സംഭവങ്ങളിലൊക്കെ നല്ല ബോധവൽക്കരണം ഉണ്ടാകണം. അതുകൊണ്ട് ഒരു സംസ്കാരം ഈ രംഗത്ത് വളർത്തിയെടുക്കുന്നതിനെ സംബന്ധിച്ച് ഗൗരവമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇന്ന് മിക്കതും അണുകുടുംബങ്ങളാണ്. 18 വയസ്സ് പൂർത്തിയാകാത്ത പ്ലസ് ടു പഠിക്കുന്ന കുട്ടികൾക്ക് സ്നേഹം പ്രകടിപ്പിക്കാൻ മാതാപിതാക്കൾ വാങ്ങിക്കൊടുക്കുന്നത് 'ഡ്യൂക്ക്' പോലെയുള്ള ബൈക്കുകളാണ്. ഏറ്റവും കൂടുതൽ വാഹനാപകടങ്ങളിൽ ഉണ്ടായിട്ടുള്ളത് ഇത്തരം ഇരുചക്രവാഹനങ്ങളുമായി ബന്ധപ്പെട്ടാണ്. ഇങ്ങനെ സമ്മാനമായി വാങ്ങി നൽകുന്നവർ പിന്നീട് ശിഷ്ടകാലം വിലപിച്ചു കഴിയേണ്ട സാഹചര്യമുണ്ടാകുന്നുണ്ട്. സ്കൂളുകളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമായി ബന്ധപ്പെട്ടും കുട്ടികൾ ലൈസൻസില്ലാത്ത വാഹനങ്ങളുമായി സ്കൂളിൽ കയറുന്നതിനെതിരെയും ഒരു ഘട്ടത്തിൽ കർശന നടപടി സ്വീകരിച്ചിരുന്നു. എന്നാൽ ഇപ്പോഴും കുട്ടികൾ ലൈസൻസില്ലാതെ മാതാപിതാക്കളുടെ സമ്മതത്തോടുകൂടി വാഹനങ്ങളിൽ യാത്ര ചെയ്യുന്നത് വളരെയധികം വർദ്ധിച്ചിട്ടുണ്ട്. 18 വയസ്സിനുതാഴെ മരണപ്പെട്ടിട്ടുള്ള കുട്ടികളുടെ എണ്ണം പരിശോധിച്ചാൽ അക്കാര്യങ്ങൾ വ്യക്തമാകും. എല്ലാ യാത്രകളും ശുഭമാകണമെന്നാണ് എല്ലാവരുടെയും ആഗ്രഹം. എന്നാൽ പലപ്പോഴും അശുഭകരമായ കാര്യങ്ങളാണ് നമ്മുടെ മുന്നിൽ നടന്നുകൊണ്ടിരിക്കുന്നത്.

ഇപ്പോൾ മുണ്ടക്കയം മുതൽ കുമിളി വരെ നാഷണൽ ഹൈവേ 183 ആണ്. അത് സെയ്ഫ് സോണായി പ്രഖ്യാപിച്ചതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നു. പക്ഷേ, അതൊരു ഷോർട്ട് പീരിയഡാണ്. ആ പീരിയഡിൽ മാത്രമാണ് സെയ്ഫ് സോണിന്റെ പ്രവർത്തനങ്ങൾ അവിടെ നടക്കുന്നത്. ആ സമയം സെയ്ഫ് സോണുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നമ്മൾ പരിശോധിച്ചാൽ വാഹനാപകടങ്ങളുടെ എണ്ണത്തിൽ വലിയ കുറവ് കാണുന്നുണ്ട്. ശബരിമലയിലെ കഴിഞ്ഞ ഒരു മണ്ഡലകാലവും അതിന് മുൻപ് നടന്നിട്ടുള്ള മണ്ഡലകാലവുമെടുത്ത് പരിശോധിച്ചാൽ സെയ്ഫ് സോണിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഉറക്കം വരുന്ന ഡ്രൈവർമാരെ കൈ കാണിച്ചുനിർത്തി കട്ടംകാപ്പി കൊടുത്തുവിടുന്നതും അതല്ലെങ്കിൽ വെള്ളം കുടിക്കാൻ കൊടുക്കുന്നതും മുഖം കഴുകി പോകാൻ പറയുന്നതും ഈ റോഡുമായി ബന്ധപ്പെട്ട് അതിന്റെ പ്രത്യേകതകൾ എന്താണെന്ന് മനസ്സിലാക്കാൻ ലീഫ്‌ലെറ്റുകൾ മലയാളത്തിലും തമിഴിലും കന്നഡയിലുമൊക്കെ പ്രിന്റ് ചെയ്ത് കൊടുക്കുകയുമൊക്കെ ചെയ്തതിന്റെ ഭാഗമായി ഷാർപ്പായിട്ടുള്ള വളവുകളും കുത്തിറക്കങ്ങളും വലിയ കട്ടിംഗുകളും ഉണ്ടെന്ന് മുൻകൂട്ടി ബോധ്യപ്പെടുത്തുന്നതടക്കമുള്ള കാര്യങ്ങൾ നടന്നിട്ടുണ്ട്. അതൊരു ആഘോഷപരിപാടിയുടെ ഭാഗമാണെന്നതിനപ്പുറത്ത് സെയ്ഫ് സോണിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കാൻ കഴിയുമോയെന്നുള്ളതിനെ സംബന്ധിച്ച് അങ്ങ് ആലോചിക്കണം

[അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ]

നിരന്തരം അപകടമുണ്ടാകുന്ന സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്ത് ബ്ലാക്ക് സ്പോട്ടുകളായി പ്രഖ്യാപിച്ച് ബോർഡുകൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റിന്റെ ശ്രദ്ധയുണ്ടാകണം. വാഹനങ്ങളുടെ ശബ്ദവും വ്യത്യസ്ത നിറങ്ങളിലുള്ള ലൈറ്റുകളും അപകടത്തിന് കാരണമാകുന്നുണ്ട്. അതുകൊണ്ട് ലൈറ്റിന്റെ ശക്തിയും വാഹനങ്ങളുടെ ശബ്ദവും വളരെ ഗൗരവമായി പരിഗണിക്കണം. വാഹന പുക പരിശോധനാ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള വാഹനങ്ങളിലും വളരെ അപകടകരമായി പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്ന വിധത്തിൽ പുക വമിക്കുന്ന സാഹചര്യങ്ങളുണ്ടാകുന്നുണ്ട്. ഏതാണ്ട് 457567 വാഹനങ്ങൾ ഇതിനോടകം ക്യാമറയുടെ കണ്ണിൽപ്പെട്ടിട്ടുണ്ട്. 156975 വാഹനങ്ങളിൽ നിന്നായി 6,38,51,600 രൂപ ഇതുവരെ പിഴയായി സ്വീകരിച്ചിട്ടുണ്ട്. പല ക്യാമറകളും പ്രവർത്തന രഹിതമാണെന്ന് അങ്ങേക്കറിയാം. പ്രവർത്തനരഹിതമായ ക്യാമറകളെ സംബന്ധിച്ച് ഡ്രൈവർമാർക്ക് നല്ല ധാരണയുണ്ട്. ആ സ്ഥലങ്ങളിൽ എത്തുമ്പോൾ അവർ സ്പീഡിൽ പോകുകയോ അല്ലെങ്കിൽ ക്യാമറ പ്രവർത്തിക്കുന്നില്ലെന്ന് പ്രചരിപ്പിക്കുകയോ ചെയ്യുന്നുണ്ട്. ക്യാമറകളുണ്ടായിരുന്നപ്പോൾ വാഹനങ്ങൾ വേഗത നിയന്ത്രിച്ചുപോയിരുന്ന പലയാളുകളും ക്യാമറ പ്രവർത്തിക്കാതാകുമ്പോൾ അമിതവേഗതയിൽ പോകുന്ന സാഹചര്യമുണ്ട്. ഇക്കാര്യങ്ങളിൽ ശ്രദ്ധയുണ്ടാകണം.

മുന്നൂറും നാന്നൂറും കിലോമീറ്റർ വേഗതയിൽ സഞ്ചരിക്കാൻ സാധിക്കുന്ന തരത്തിലുള്ള വാഹനങ്ങളും ലക്ഷക്കണക്കിന്/കോടിക്കണക്കിന് രൂപയുടെ വാഹനങ്ങളും നിരത്തുകളിലിറങ്ങുന്നുണ്ട്. യഥാർത്ഥത്തിൽ ഈ വാഹനങ്ങൾ നമ്മുടെ റോഡുകൾക്ക് യോജിച്ചതല്ല. നമ്മുടെ റോഡിന്റെ സ്ഥിതിയനുസരിച്ച് ഇത്രയും വേഗംകൂടിയ വാഹനങ്ങൾ ഓടിക്കാൻ സാധിക്കുകയില്ല. സംസ്ഥാനത്തിന് നികുതി ലഭിക്കുമെന്നതുകൊണ്ട് ആര് വന്നാലും രജിസ്ട്രേഷൻ നടത്തിക്കൊടുക്കുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. അങ്ങനെയുള്ള വാഹനങ്ങളുണ്ടാക്കുന്ന അപകടങ്ങളും വളരെ വലുതാണ്. 2018-ലാണ് അപകടങ്ങൾമൂലം ഏറ്റവും കൂടുതൽ ജീവൻ പൊലിഞ്ഞിട്ടുള്ളതെന്ന വസ്തുത ഞാൻ അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. ജി.പി.എസ്. സംവിധാനവുമായി ബന്ധപ്പെട്ട വിഷയങ്ങളും നമ്പർ പ്ലേറ്റിന്റെ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള തീരുമാനങ്ങളും അങ്ങയുടെ മുമ്പിലുണ്ട്. ഏറ്റവും വേഗത്തിൽ വ്യാപകമായി ഇ-ടെക്നോളജി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വരുന്ന അനുബന്ധ പ്രശ്നങ്ങളെ എങ്ങനെയാണ് അഡ്രസ് ചെയ്യാൻ സാധിക്കുകയെന്നത് സംബന്ധിച്ചും ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം.

പുതിയൊരു ശാസ്ത്രലോകത്താണ് നമ്മൾ ജീവിക്കുന്നത്. ഐ.എസ്.ആർ.ഒ.-യുടെ കണ്ടുപിടിത്തങ്ങളും സേവനങ്ങളും വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ടോയെന്ന് ചോദിച്ചാൽ ഉണ്ടെന്ന് പറയാൻ നമുക്ക് കഴിയില്ല. രജിസ്റ്റേർഡ് ഓണേഴ്സിന് ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഡിജിറ്റലാക്കിയാൽ വാഹനത്തിന്റെ നമ്പറോ ഡ്രൈവറുടെ ലൈസൻസ് നമ്പറോ റീഡ് ചെയ്താൽ ആ വാഹനത്തിന് ടാക്സ് ഉണ്ടോയെന്നും ഇൻഷ്വറൻസ് തുക അടച്ചിട്ടുണ്ടോയെന്നും അറിയാൻ സാധിക്കും. ഓടിച്ചിട്ട് വാഹനം പിടിച്ചുനിർത്തി ഊതിനോക്കുന്ന പ്രാചീന സംസ്കാരത്തിൽ നിന്ന് അഡ്വാൻസ്ഡ് സംവിധാനങ്ങളിലേയ്ക്ക് എങ്ങനെ എത്തിച്ചേരാൻ സാധിക്കുമെന്നത് സംബന്ധിച്ച് ഗൗരവമായി ഗവൺമെന്റ് ആലോചിക്കണം. അത്യാധുനിക ടെക്നോളജി പ്രയോജനപ്പെടുത്തി അപകട മരണങ്ങൾ എങ്ങനെ കുറച്ചുകൊണ്ടുവരാൻ സാധിക്കുമെന്നതും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റെന്റ് എ കാറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വളരെ ഗുരുതരമാണ്. റെന്റ് എ കാർ ടാക്സിയല്ല, പ്രൈവറ്റ് വാഹനങ്ങളാണ്. അത് സർക്കാരിന് നഷ്ടം ഉണ്ടാക്കുന്നുണ്ട്. റെന്റ് എ കാറുമായി ബന്ധപ്പെട്ടുണ്ടാകുന്ന അപകടങ്ങളെയും പ്രശ്നങ്ങളെയും അഡ്രസ് ചെയ്യാൻ സാധിച്ചിട്ടില്ലെന്നുള്ളതുകൊണ്ട് ഈ വിഷയം ഗവൺമെന്റ് വളരെ ഗൗരവമായി പരിഗണിക്കണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

അടുത്തകാലത്ത് നിർമ്മാണ വൈകല്യം (Manufacturing Defect) സംഭവിച്ച അഞ്ചോളം ഒരേ മോഡലിലുള്ള വാഹനങ്ങൾ (183 മോഡൽ വാഹനങ്ങൾ) മുണ്ടക്കയം മുതൽ കുട്ടിക്കാനം വരെയുള്ള ഡിസ്റ്റെൻസിലാണ് കത്തിയത്. കമ്പനിയുമായി സംസാരിച്ചപ്പോൾ മാനുഫാക്ച്ചറിംഗ് ഡിഫക്ടാണെന്നാണ് പറയുന്നത്. അങ്ങനെ മാനുഫാക്ച്ചറിംഗ് ഡിഫക്ടുണ്ടെന്ന് കമ്പനിതന്നെ സമ്മതിക്കുന്നുണ്ടെങ്കിൽ ആ വാഹനങ്ങൾ കമ്പോളത്തിൽ നിന്നും പിൻവലിക്കാൻ അവർ ബാധ്യസ്ഥരാണ്. അവരത് ചെയ്യാതെ ആ വാഹനങ്ങൾ വീണ്ടും കമ്പോളത്തിൽ വിൽക്കുന്നതിനുള്ള അവസരങ്ങളുണ്ടാക്കുന്നുണ്ടെങ്കിൽ അത്തരം മാനുഫാക്ച്ചറിംഗ് ഡിഫക്ടുള്ള വാഹനങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട കമ്പനികളുമായി സംസാരിച്ച് നടപടി സ്വീകരിക്കണം.

പതിനഞ്ച് വർഷം കഴിഞ്ഞ വാഹനങ്ങൾ റീ ടെസ്റ്റ് നടത്തി വീണ്ടും അഞ്ച് വർഷംകൂടി ഓടിക്കുന്നതിനുള്ള കാലാവധിയുണ്ട്. അനിയന്ത്രിതമായി പഴയ വാഹനങ്ങൾ ഓടാൻ അനുവദിക്കുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങളും

ആംബുലൻസുമായി ബന്ധപ്പെട്ട വിഷയങ്ങളും അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ആംബുലൻസുമൂലമുണ്ടായ അപകടങ്ങൾ ഈയടുത്തകാലത്ത് വളരെ കൂടുതലാണെന്നതുകൊണ്ട് അത്തരം വിഷയങ്ങളിൽ ഗൗരവമായി ഇടപെടണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുന്നു.

അപകടമരണത്തിന് രണ്ട് ലക്ഷം രൂപ വരെയാണ് സർക്കാർ നൽകുന്നത്. അപകട ചികിത്സയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഇപ്പോൾ സഹായം നൽകുന്നുണ്ട്. അപകടമോ അപകടമരണമോ സംഭവിച്ചാൽ സഹായം നൽകണമെന്ന കാര്യത്തിൽ തർക്കമില്ല. കുട്ടികൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ള എല്ലാ വിഭാഗം ജനങ്ങളെയും സുരക്ഷയുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടിയുടെ ഭാഗമാക്കി മാറ്റുന്നതിനുള്ള ഇടപെടലുണ്ടാകണം.

സ്കൂൾ സമയം ഓഫ് ടൈമായി പ്രഖ്യാപിക്കണം. നിയമം കൊണ്ടുവന്നെങ്കിൽപ്പോലും വലിയ വാഹനങ്ങൾ, ചരക്കുവാഹനങ്ങൾ, കയറ്റിയിറക്ക് വാഹനങ്ങൾ എന്നിവ സ്കൂൾ സമയത്തും ഓഫീസ് സമയത്തും സമയക്ലിപ്തത പാലിക്കാതെ ഓടുന്നതുമൂലമുണ്ടാക്കുന്ന അപകടങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

റോഡിലെ മത്സരയോട്ടം അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. നാഷണലൈസ്ഡ് റോഡുകളിൽ കെ.എസ്.ആർ.ടി.സി. ആണ് സർവ്വീസ് നടത്തേണ്ടതെങ്കിലും പാരലൽ സർവ്വീസുകളും നടത്തുന്നുണ്ടെന്ന് അങ്ങേയ്ക്കറിയാം. ഇതുമായി ബന്ധപ്പെട്ടുണ്ടാകുന്ന അപകടങ്ങൾ ചെറുതല്ല. അഞ്ചും പത്തും മിനിറ്റ് ഇടവിട്ട് ബസ്സുകൾക്ക് പെർമിറ്റ് കൊടുക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-ക്ക് കൊടുക്കുന്ന അതേ അഞ്ച് മിനിറ്റിന് തൊട്ടു പിറകിൽ പ്രൈവറ്റ് സർവ്വീസ് ആരംഭിച്ചാൽ കെ.എസ്.ആർ.ടി.സി.-യും പ്രൈവറ്റ് ബസും തമ്മിലുണ്ടാകുന്ന മത്സരങ്ങളും പാരലൽ സർവ്വീസുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങളും അപകടങ്ങൾ വളരെ കൂടുതലാക്കുന്നു എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഫുട്പാത്തുകളെയും വളരെ ഗൗരവമായി കാണേണ്ടതുണ്ട്. അതുകൊണ്ടാണ് ഈ വിഷയങ്ങളിൽ 4 വകുപ്പുകളും കൂടിയാലോചിച്ച് വളരെ ഗൗരവമായി ഇടപെടണമെന്ന് പറഞ്ഞത്. കൂടാതെ റോഡ് പ്രോട്ടോകോൾ പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, സംസ്ഥാനത്ത് നടക്കുന്ന വാഹനാപകടങ്ങളെക്കുറിച്ച് വളരെ വിശദമായ കാര്യങ്ങളാണ് ഇവിടെ

അവതരിപ്പിച്ചത്. വിഷയത്തിൽ ഒതുങ്ങിനിന്ന് ഈ മേഖല അഭിമുഖീകരിക്കുന്ന സമഗ്ര പ്രശ്നങ്ങൾ അവർ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. റോഡപകടങ്ങൾ വർദ്ധിക്കുന്നതും അപകടമരണങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നതും നിരവധി കാരണങ്ങളാലാണ്. സംസ്ഥാനത്ത് ജനസംഖ്യയുടെ ഏതാണ്ട് 70 ശതമാനത്തോളം വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ ഏറ്റവും കൂടുതൽ ഇരുചക്ര വാഹനങ്ങളാണ്. അപകടങ്ങളുണ്ടാക്കുന്നതും അപകടത്തിൽപ്പെട്ട് മരണമടയുന്നതും 25 വയസ്സിനും 16 വയസ്സിനും ഇടയിലുള്ള യുവത്വങ്ങളാണ്. ഇതുസംബന്ധിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള നിരവധി പരിപാടികൾ വിശദീകരിക്കാൻ ഒരുപാട് സമയമെടുക്കും. അതുകൊണ്ട് അത്രയും ദീർഘമായൊരു മറുപടി പ്രസംഗത്തിന് ഞാൻ മുതിരുന്നില്ല. നല്ല റോഡുകളുണ്ടെന്നും റോഡ് നിയമങ്ങൾ പാലിച്ചുകൊണ്ടാണ് വാഹനങ്ങൾ ഓടിക്കുന്നതെന്നും വാഹനമോടിക്കുന്നവർ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നുണ്ടെന്നും ഉറപ്പു വരുത്തുമ്പോഴാണ് അപകടങ്ങൾ കുറച്ച് ജീവൻ രക്ഷിക്കാൻ സാധിക്കുന്നത്. നാം വിജയകരമായി നടപ്പിലാക്കി അനുവദിച്ചതാണ് ശബരിമല 'സേഫ് സോൺ' പദ്ധതി. അത് നല്ല നിലയിൽ നടക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ മാതൃകയിൽ ഏറ്റവും സംതൃപ്തി രേഖപ്പെടുത്തിയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ തന്നെയാണ്. അതിന്റെ അനുഭവത്തിൽ നിന്നുമാണ് അദ്ദേഹം സേഫ് കേരള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചത്. അതുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്ത് 24x7 എന്ന സമയക്രമം വച്ച് 81 സ്ക്വാഡുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പക്ഷേ, ആ സ്ക്വാഡുകൾക്ക് എല്ലാ നിരത്തുകളിലും ദിവസവും ഇതുപോലെ കാര്യമായി പ്രവർത്തിക്കുന്നതിൽ പൂർണ്ണതയിലെത്താൻ ഇനിയും കഴിയേണ്ടതായിട്ടുണ്ട്. അതിനെ ഞാൻ അംഗീകരിക്കുന്നു. കാരണം സ്ക്വാഡുകളുടെ പ്രവർത്തനം തുടങ്ങിയിട്ടേയുള്ളൂ. റോഡ് നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടിയാണ് സ്വീകരിക്കുന്നത്. റോഡ് നിയമങ്ങൾ ലംഘിച്ചതുകൊണ്ട് മോട്ടോർ വാഹന വകുപ്പോ പോലീസോ ഒരു വ്യക്തിയെ പിടിച്ചാൽ അവരുടെ ശിക്ഷ ലഘൂകരിച്ചുകൊടുക്കണമെന്ന് ബന്ധപ്പെട്ടവരോട് വിളിച്ചു പറയുന്ന പ്രവണതയിൽ നിന്നും വിട്ടുനിൽക്കണമെന്നാണ് എനിക്ക് സഭയിലെ അംഗങ്ങളോടും പൊതുജനങ്ങളോടും അഭ്യർത്ഥിക്കാനുള്ളത്. ആ പ്രവണത വർദ്ധിച്ചുവരുന്നുണ്ട്. അവർ നമുക്ക് വേണ്ടപ്പെട്ടവരോ നമ്മുടെ മക്കളോ ആയിരിക്കും. രക്ഷിതാക്കളോട് എനിക്ക് അപേക്ഷിക്കാനുള്ളത് മക്കളുടെ ശാഠ്യത്തിന് വഴങ്ങി അവരെ മരണത്തിലേയ്ക്ക് യാത്രതിരിക്കാൻ ഇരുചക്ര വാഹനങ്ങൾ വാങ്ങിക്കൊടുക്കുന്ന പ്രവണതയിൽനിന്നും പിന്നോട്ട് പോകണമെന്നാണ്. അത് നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. മക്കൾക്ക് ബൈക്ക് വാങ്ങിക്കൊടുക്കുന്നത് നിയമംമൂലം നിരോധിക്കാൻ സർക്കാരിന് സാധിക്കില്ല. പക്ഷേ, ജനപ്രതിനിധികൾ

ഉൾപ്പെടെയുള്ളവർ മുൻകയ്യെടുത്ത് ഇത്തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾക്ക് തുടക്കം കുറിച്ചാൽ ഏറെ സഹായകമാകും. ഇവിടത്തെ യുവജന പ്രസ്ഥാനങ്ങളുടെ നേതാക്കൾ ഈ സഭയിലുണ്ട്. അവരുടെ മുഖ്യപ്രചരണങ്ങളിലൊന്നായി, യുവാക്കൾക്കിടയിൽ ഹെൽമറ്റ് ധരിക്കാതെയും വാഹന നിയമങ്ങൾ ലംഘിച്ചും നടത്തുന്ന യാത്രയ്ക്കെതിരെ ഒരു ക്യാമ്പെയിൻ നടത്തണം. സ്വകാര്യവാഹനങ്ങൾ ഒഴിവാക്കി പൊതുഗതാഗത മേഖലയെ ശക്തിപ്പെടുത്തുകയെന്നതാണ് ഇതിനെല്ലാം പരിഹാരം. പൊതുഗതാഗത മേഖലയിലേയ്ക്ക് വരുമ്പോൾ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ അവിടെയും അമിത വേഗത, ലഹരി വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള വാഹനമോടിക്കൽ തുടങ്ങിയ പ്രവണതകളുണ്ട്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, നാഷണലൈസ്ഡ് റോഡുകളിൽ നിന്നും കെ.എസ്.ആർ.ടി.സി. പിൻമാറുന്നുണ്ട്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, പഴയ ഗതാഗത വകുപ്പുമന്ത്രി നല്ല നിർദ്ദേശങ്ങൾ പറയുന്നുണ്ട്. കെ.എസ്.ആർ.ടി.സി. എവിടെയും പിൻമാറുന്നില്ല. പൊതുഗതാഗത മേഖലയെ ശക്തിപ്പെടുത്തുന്നതിന് ആദ്യം മാതൃകയാകാൻ ശ്രീ. കെ. ബി. ഗണേഷ് കുമാർ സൂചിപ്പിച്ചതുപോലെ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം കുറേക്കൂടി ശക്തവും ഭദ്രവുമാക്കുക എന്നുള്ളതാണ്. ഞങ്ങൾ ആ ശ്രമത്തിന്റെ പാതയിലാണ്. അനാവശ്യ റൂട്ടുകളിൽനിന്നും സർവ്വീസുകൾ പിൻവലിച്ച് അനിവാര്യമായ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടികളാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. മോട്ടോർ വാഹന നിയമം ലംഘിച്ചതിന്റെ പേരിൽ കഴിഞ്ഞ ഒന്നര മാസമായി ദിവസേന സ്ക്വാഡുകൾ ഇത്തരം വാഹനങ്ങളെ കണ്ടുപിടിക്കുകയും അവർ പിഴ ഒടുക്കുകയും ചെയ്തതിന്റെ ഫലമായി രണ്ടര കോടി രൂപ ഒരു മാസംകൊണ്ട് പിഴയിനത്തിൽ ഈടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കാര്യക്ഷമമായി തന്നെയാണ് അത് പ്രവർത്തിക്കുന്നത്. ശ്രീ. കെ. ബി. ഗണേഷ് കുമാർ സൂചിപ്പിച്ച നാഷണലൈസ്ഡ് റൂട്ടിൽനിന്നും കെ.എസ്.ആർ.ടി.സി. പിൻമാറാൻ ഉദ്ദേശിക്കുന്നില്ല. അക്കാര്യത്തിൽ ഉറച്ച നിൽക്കാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. നിരന്തരമായി അപകടങ്ങളുണ്ടാക്കുന്ന സ്പോട്ടുകളിൽ പ്രത്യേക ശ്രദ്ധയുണ്ടാക്കാൻ വേണ്ട നടപടി സ്വീകരിക്കും. കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം ആ നിലയിലേയ്ക്ക് മാറ്റിയെടുക്കുന്നതിനുവേണ്ട തീരുമാനങ്ങൾ കഴിഞ്ഞ കുറച്ച മാസങ്ങളായി എടുത്തുവരുന്നു. പല പ്രദേശങ്ങളും സേഫ് കോറിഡോറാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ഘട്ടംഘട്ടമായി ആ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയും. 2017-ൽ ഇത്തരത്തിൽ നിയമലംഘനം നടത്തിയ 14447 പേരുടെയും 2018-ൽ 17788 പേരുടെയും ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട്;

അത്തരത്തിലുള്ള ശിക്ഷാനടപടികളുമായി മുന്നോട്ടുപോകുകയാണ്. ഇത് ശിക്ഷകൊണ്ടല്ല മറിച്ച് അവബോധത്തിലൂടെ പരിഹരിക്കേണ്ട പ്രശ്നമാണ്. വളരെക്കൂടുതൽ നടപടികളുള്ളതുകൊണ്ട് ഇവിടെ വിശദീകരിക്കാൻ സമയമെടുക്കുന്നില്ല. ചെയറിന്റെ അനുവാദത്തോടെ വിശദാംശം ഞാൻ മേശപ്പുറത്തുവച്ചാൽ ബഹുമാനപ്പെട്ട അംഗത്തിന് ലഭിക്കും. ഇക്കാര്യത്തിൽ സഭയിൽ ഉയർന്നുവന്നത് ജനങ്ങളുടെ വികാരമാണ്. അപകടങ്ങളിൽ നമുക്കെല്ലാം ഉത്കണ്ഠയുണ്ട്. ദുഃഖകരമായ വാർത്തയാണ് എപ്പോഴും കേട്ടുകൊണ്ടിരിക്കുന്നത്. ഇത്തരം പ്രവൃത്തികൾ തടയാൻ മനുഷ്യസാധ്യമായ എല്ലാ നടപടികളും മോട്ടോർ വാഹന വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകുമെന്ന് ഈ സഭയ്ക്ക് ഉറപ്പുനൽകാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഫോണിൽ സംസാരിച്ചുകൊണ്ട് വാഹനമോടിക്കുന്നത് കുറ്റകരമല്ല, പോലീസ് ആക്ടിൽ അതിനുള്ള പ്രൊവിഷനില്ല. ഇപ്പോൾ സ്വീകരിക്കുന്ന ശിക്ഷാനടപടികളുമായി ഗവൺമെന്റിന് മുന്നോട്ടുപോകാൻ സാധിക്കില്ല എന്നുപറഞ്ഞ് കോടതിയുടെ ഉത്തരവ് വന്നിട്ടുണ്ട്. അതുകൊണ്ട് പോലീസ് ആക്ടിൽ ചില ഭേദഗതികൾ വേണ്ടിവരും. ഇതൊക്കെ ഗതാഗത വകുപ്പുമന്ത്രിക്ക് മാത്രം ചെയ്യാൻ കഴിയുന്ന കാര്യങ്ങളല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് ചെയ്യേണ്ടതാണ്. അതിനുവേണ്ട ഇടപെടൽ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ റോഡ് പ്രോട്ടോക്കോളും നയവും പ്രഖ്യാപിക്കണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മൊബൈൽ ഫോൺ ഉപയോഗിച്ചു കൊണ്ട് വാഹനമോടിച്ചാൽ പോലീസ് ആക്ടിൽ എന്തുപറഞ്ഞാലും അത് പിടിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഉന്നതതല യോഗം വിളിക്കുകയുണ്ടായി. ഈ മേഖലയിൽ പോലീസിന്റെ ഇടപെടലും വിദ്യാഭ്യാസ വകുപ്പിന്റെ ഇടപെടലും ശക്തമാക്കുന്നതിനുവേണ്ട കർശന നിർദ്ദേശം അദ്ദേഹം നൽകിയിട്ടുണ്ട്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ചില ആളുകൾ വാഹനം ഓടിക്കുമ്പോൾ വാട്ട്സ്ആപ്പ് ഉപയോഗിക്കുന്നുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അത്തരത്തിൽ ധാരാളം വിഷയങ്ങളുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച, നിയമത്തിൽ വ്യവസ്ഥയില്ല എന്ന വിഷയത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറയും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് ഗൗരവമായ വിഷയമായി ഉയർന്നുവന്നതുകൊണ്ട് നമുക്ക് ആവശ്യമായ നിയമഭേദഗതി കൂടി കൊണ്ടുവരാം.

(2) സി-ഡിറ്റിലെ പുറംകരാർ

ശ്രീ. കെ. സി. ജോസഫ്: സർ, സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (C-DIT) സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള പ്രധാന സ്വയംഭരണ സ്ഥാപനമാണ്. സാങ്കേതിക മേഖലയിൽ ഗവൺമെന്റിനും ഗവൺമെന്റിതര മേഖലകൾക്കും ഏറ്റവും നല്ല സേവനദാതാവാണ് C-DIT. It is a total solution provider for the Government and Non-Government agencies. സാങ്കേതികവിദ്യയിൽ മറ്റേത് സ്ഥാപനത്തെക്കാളും technical know-how - ഉം expertise-ഉം സി-ഡിറ്റിനുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ C-DIT ഒന്നാം സ്ഥാനത്താണ്. സാങ്കേതികവിദ്യയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കി എക്സ്പെർട്ട്സിനെ നിയോഗിച്ചുകഴിഞ്ഞാൽ ഇന്ത്യയിലെ മികച്ച സ്ഥാപനമായി C-DIT-ന് മാറാൻ സാധിക്കും. നിർഭാഗ്യവശാൽ C-DIT ചെയ്തുകൊണ്ടിരുന്ന ചുമതലകൾ ഒന്നൊന്നായി ഒഴിവാക്കി സ്വകാര്യ കമ്പനികളെ ഏൽപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഒരു സൈലന്റ് കില്ലിംഗ് ഓപ്പറേഷനാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ നിയമസഭയിൽ ഞാൻ ഇക്കാര്യം ഉന്നയിച്ചതാണ്. അന്ന് ബഹുമാന്യനായ മുഖ്യമന്ത്രി എന്നെ പരിഹസിച്ച് സംസാരിച്ചു. അദ്ദേഹം പറഞ്ഞത് ഞാൻ ക്വാട്ട് ചെയ്യാം

സർ, കെ. സി. ജോസഫ് എന്തോ കേട്ടിട്ട് പറയുകയാണ്. 'നാം മുന്നോട്ട്' എന്ന പരിപാടി എവിടെവച്ച് എങ്ങനെ നടത്തണമെന്നത് സംബന്ധിച്ച് C-DIT കൈരളി ചാനലിൽ പരസ്യം കൊടുത്തിട്ടുണ്ട്. അത് C-DIT-ന്റെ ഭാഗമായി തന്നെയാണ് വന്നിട്ടുള്ളത്. സി-ഡിറ്റിനെ ഒഴിവാക്കുന്ന കാര്യമൊന്നും എവിടെയും ആലോചിച്ചിട്ടില്ല."

അങ്ങ് ഈ സഭയിൽ പറഞ്ഞ ഉത്തരമാണ്. ഞാൻ എവിടെയോ കേട്ടത് വച്ച് പറഞ്ഞതാണെന്നാണ് അന്ന് അങ്ങ് പറഞ്ഞത്. അങ്ങയുടെ കീഴിലുള്ള I&PRD ഡയറക്ടറുടെ 10-5-2019-ലെ ഉത്തരവ് " 'നാം മുന്നോട്ട്' എന്ന പരിപാടിയുടെ നിർമ്മാണച്ചുമതല നിർവ്വഹിച്ചുവരുന്ന C-DIT-നെ പ്രസ്തുത ചുമതലയിൽനിന്നും ഒഴിവാക്കുന്നതായും ഇതുമായി ബന്ധപ്പെട്ട് നൽകുന്ന സേവനങ്ങൾ നാളെ മുതൽ നൽകേണ്ടതില്ലെന്നും താങ്കളെ അറിയിക്കുന്നു." ഐ & പി.ആർ.ഡി. ഡയറക്ടർ രജിസ്ട്രാർക്ക് കൊടുത്ത കത്താണ്. അങ്ങ് സഭയിൽ പറഞ്ഞത്, C-DIT-നെ ഒഴിവാക്കുന്ന കാര്യമൊന്നും ആലോചിച്ചിട്ടില്ല. എന്താണ് ഐ&പി.ആർ.ഡി. ഡയറക്ടറുടെ ഉത്തരവിൽ നാളെ മുതൽ C-DIT-നെ ചുമതലകളിൽനിന്ന് ഒഴിവാക്കുമെന്നാണ്. ഞങ്ങൾ ആരെ വിശ്വസിക്കണം. ബഹുമാന്യനായ മുഖ്യമന്ത്രിയെ വിശ്വസിക്കുന്നു. അങ്ങ് പറഞ്ഞത്

ശരിയാണെങ്കിൽ, അങ്ങയുടെ വകുപ്പിൽ, അങ്ങ് അറിയാതെ ഉത്തരവുകളുണ്ടാകുന്നു. അങ്ങ് പറഞ്ഞതിനു വിരുദ്ധമായി C-DIT-നെ ഒഴിവാക്കി ഉത്തരവിറക്കിയിരിക്കുന്നു. വീണ്ടും ഈ നിയമസഭയിൽ ഇന്നലെ സർവ്വശ്രീ. മോൻസ് ജോസഫ്, പി. ജെ. ജോസഫ്, സി. എഫ്. തോമസ്, റോഷി അഗസ്റ്റിൻ എന്നിവരുടെ ചോദ്യത്തിന് നൽകിയ ഉത്തരം വായിക്കാം. 'സംസ്ഥാന സർക്കാർ C-DIT മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെങ്കിലും സ്വകാര്യ കമ്പനികൾക്ക് നൽകിയിട്ടുണ്ടോ?' എന്ന ചോദ്യത്തിന് നൽകിയ ഉത്തരം പദ്ധതികളൊന്നും മാറ്റിയിട്ടില്ല എന്നായിരുന്നു. CMDRF (Chief Minister's Distress Relief Fund) മുഖ്യമന്ത്രിയുടെ ചുമതലയിലുള്ള വകുപ്പാണ്. ആ ചുമതലയിൽനിന്നും മുഖ്യമന്ത്രിയുടെ ഓഫീസ് പോർട്ടൽ, CMO-യിൽ നിന്നും C-DIT-നെ ഒഴിവാക്കി. പ്രവാസി ചിട്ടിയിൽ നിന്നും C-DIT-നെ ഒഴിവാക്കി സ്വകാര്യ കമ്പനിക്ക് കൊടുത്തു. ഇത് അങ്ങ് പരിശോധിക്കണം.

കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് സ്റ്റേറ്റ് ഡാറ്റാ സെന്റർ കെൽട്രോണിന്റെ ചുമതലയിലായിരുന്നു. ഇപ്പോൾ കെൽട്രോണിനെ മാറ്റി SIFI (Systemically Important Financial Institution) എന്ന മൾട്ടി നാഷണൽ കമ്പനിക്ക് 40 കോടി രൂപയ്ക്ക് കൊടുത്തു. പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനെ ഒഴിവാക്കിയാണ് സ്വകാര്യ കമ്പനിക്ക് കൊടുത്തില്ലേ. CMDRF-നുവേണ്ടി ഓസ്പിൻ ടെക്നോളജീസിന് C-DIT കൈമാറിയത് 2,41,94,815 രൂപയാണ്. ഇപ്പോൾ ഔട്ട്സോഴ്സിംഗ് ഇല്ലെന്ന് പറയുന്നു. പുതിയൊരു പേരുണ്ട്, പാർട്ണർഷിപ് ഫേം. നിയോ ലിബറലിസം എന്നുപറഞ്ഞ് ആക്ഷേപിച്ചവരെ, ആഗോളവത്ക്കരണം എന്ന് പറയുന്നവരെ അത് വിഴുങ്ങുകയാണ്. പടിപടിയായി കേരളത്തിന്റെ പ്രസ്റ്റീജിയസ് ആയ സ്ഥാപനങ്ങളെ ഒന്നൊന്നായി സ്വകാര്യമേഖലയ്ക്ക് കൈമാറുന്നു. അങ്ങ് ദയവായി ഇക്കാര്യം അന്വേഷിക്കണം.

പ്രവാസി ചിട്ടിയുടെ ചുമതല മുഴുവൻ സ്വകാര്യമേഖലയ്ക്ക് വിട്ടുകൊടുത്തു. ഫെബ്രുവരി 28-ന് C-DIT-ന്റെ ഡയറക്ടർ ബോർഡ് യോഗം ചേർന്നു. ആ യോഗത്തിൽ വച്ച് സ്വകാര്യ കമ്പനികളെ ഔട്ട്സോഴ്സ് ചെയ്യാൻ ലിസ്റ്റ് തയ്യാറാക്കി. അതനുസരിച്ച് സഹകരണ മാർക്കറ്റിംഗ് ഫെഡറേഷന്റെ ഓഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്യാനുള്ള ചുമതലയും ഓർഡറും C-DIT-ന് ലഭിച്ചതാണ്. അത് നേരെ ഓസ്പിൻ ടെക്നോളജിക്ക് കൈമാറിക്കൊടുത്തു. ഇത് ശരിയായ ഒരു പ്രവണതയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രതിവാര പരിപാടിയായിരുന്നു 'നാം മുന്നോട്ട്' എന്നത്. അത് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെയും ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ഭരണകാലത്തുണ്ടായിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്ത് അത് 'സുതാര്യ കേരളം' പരിപാടിയായിരുന്നു. അത് ഷൂട്ട്

ചെയ്തുകൊണ്ടിരുന്നത് ഗോർക്കി ഭവനിലാണ്. ഗോർക്കി ഭവനിൽ സൗകര്യം പോരെന്ന് പറഞ്ഞതിനെ തുടർന്ന് സംസ്ഥാന ഗവൺമെന്റിന്റെ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ 8 കോടി രൂപ മുടക്കി സൗകര്യങ്ങളൊരുക്കി. അതിനുശേഷം ഷൂട്ടിംഗ് കൈരളിക്ക് വിട്ടുകൊടുത്തു. അങ്ങ് പറഞ്ഞതുപോലെ ഷൂട്ടിംഗ് മാത്രമല്ല, അതിന്റെ മുഴുവൻ ചുമതലയും കൈരളിക്ക് കൈമാറി. ഗോർക്കി ഭവനിൽ സൗകര്യങ്ങൾ ഇല്ലെങ്കിൽ അത് ക്രമീകരിക്കണ്ടേ; ഇല്ലെങ്കിൽ ചിത്രാഞ്ജലിയില്ലേ; അത് ചെയ്യാതെ അതിന്റെ പേരിൽ നഷ്ടത്തിൽ കൂപ്പുകുത്തുന്ന കൈരളിയെ സഹായിക്കാനാണെങ്കിൽ അക്കാര്യം തുറന്നുപറയണം. സർക്കാർ സ്ഥാപനങ്ങളെ സ്വകാര്യ മേഖലയ്ക്കുവേണ്ടി കൈമാറ്റം ചെയ്യുന്നത് ദയവായി അങ്ങ് അനുവദിക്കരുത്. ഇവിടെ ഓരോ സ്ഥാപനത്തെയും കൈമാറ്റം ചെയ്യുന്നു. കേരളാ ഗവൺമെന്റിന്റെ ഏറ്റവും മികച്ച സ്ഥാപനമാണ് C-DIT എന്ന് നമുക്കറിയാം. ലഭിക്കുന്ന ഓരോ കോൺട്രാക്ടും കൈമാറുകയാണ്. എന്റെ കയ്യിൽ എല്ലാ രേഖകളുമുണ്ട്. C-DIT-ന് പോരായ്മകളുണ്ടെങ്കിൽ ശക്തിപ്പെടുത്തണം. അതിനുള്ള മാൻപവറും റിസോഴ്സസും എക്സ്പെർട്ടൈസുമുണ്ട്. കേരളത്തിലെ മാധ്യമങ്ങളും ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അങ്ങ് അത് കണ്ടുകാണും. മലയാള മനോരമ പത്രം - 'C-DIT-ന്റെ അഭിമാന പദ്ധതികൾ സ്വകാര്യ കമ്പനികൾക്ക്'. വീണ്ടും മലയാള മനോരമ 'പുറം കരാർ ഇല്ലെന്ന് C-DIT, രേഖകൾ പുറത്ത്'. ഔട്ട്സോഴ്സിംഗ് ഇല്ലെന്ന് പറയുന്നു. ഉണ്ടെന്ന് രേഖകൾ തെളിയിക്കുന്നു. ഇന്നത്തെ മനോരമ പത്രത്തിൽ വീണ്ടും പറയുന്നു. ' C-DIT - മുഖ്യമന്ത്രി സഭയിൽ പറഞ്ഞത് തെറ്റാണെന്ന് തെളിഞ്ഞു.' അങ്ങയെക്കൊണ്ട് ആരോ സഭയെ mislead ചെയ്യിക്കുകയാണ്. അത് അനുവദിക്കരുത്. മാതൃഭൂമിയുടെ മുഖപ്രസംഗവുമുണ്ട്. 'C-DIT-നെ കൊല്ലരുത്'. C-DIT-നെ കാഴ്ചക്കാരാക്കി അവരുടെ അഭിമാന പദ്ധതികൾ സ്വകാര്യ കമ്പനികൾക്ക് കൈമാറുന്നത് പ്രതിഷേധാർഹമാണ്. മികവിന്റെ കേന്ദ്രമാക്കുമെന്ന് നിയമസഭയിൽ ഉറപ്പുനൽകിയ സ്ഥാപനത്തെ ദയാവധത്തിന് വിധേയമാക്കുകയാണോ ചെയ്യുന്നത് എന്ന് സംശയിക്കേണ്ടി യിരിക്കുന്നു. C-DIT-ന്റെ ജോലികൾ കൂട്ടമായി പുറംകരാറിലൂടെ സ്വകാര്യ കമ്പനികൾക്ക് കൈമാറുന്നത് പുനഃപരിശോധിക്കണം. എനിക്ക് അങ്ങയോട് അപേക്ഷിക്കാനുള്ളത്, ഞാൻ 5 വർഷം C-DIT-ന്റെ ചുമതലയുള്ള ഐ. ആന്റ് പി.ആർ.ഡി. വകുപ്പുമന്ത്രിയായിരുന്നു. അത് നല്ലൊരു സ്ഥാപനമാണ്. നമുക്ക് അതിനുള്ള അടിസ്ഥാന സംവിധാനങ്ങളുണ്ട്. അതുകൊണ്ട് ആ സ്ഥാപനത്തെ ശക്തിപ്പെടുത്തണം. ദയവായി ഈ പ്രവണത, ഔട്ട്സോഴ്സിംഗിലൂടെ C-DIT-നെ സൈലന്റായി കൊല ചെയ്യുന്ന നടപടി അവസാനിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം C-DIT-ന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചുവന്നത്. അതിന്റെ ഫലമായി വന്ന മാറ്റവും കാണാൻ കഴിയും. വാർഷിക വരുമാനം 2011-16-ലെ ശരാശരിയായ 36 കോടി 73 ലക്ഷം രൂപയിൽ നിന്ന് 68 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. സർക്കാർ വകുപ്പുകൾക്കായി നടപ്പിലാക്കിവരുന്ന പദ്ധതികളൊന്നും C-DIT-ൽനിന്നും മാറ്റിയിട്ടില്ല. വിവര സാങ്കേതിക മേഖലയിലും കമ്മ്യൂണിക്കേഷൻ രംഗത്തും ഹോളോഗ്രാം നിർമ്മാണത്തിലും നിരവധി പദ്ധതികളാണ് C-DIT നിർവ്വഹിക്കുന്നത്. സർക്കാർ അംഗീകരിച്ച Total Solution Provider എന്ന നിലയിൽ വിവിധ സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കുംവേണ്ടി വിവര വിനിമയ സാങ്കേതിക വിദ്യകളുടെ പ്രയോഗം അടിസ്ഥാനമാക്കി നിരവധി പദ്ധതികൾ C-DIT ചെയ്യുന്നുണ്ട്. സി-ഡിറ്റിന്റെ സാങ്കേതികശേഷി വർദ്ധിപ്പിക്കുന്നതിനായി 11 കോടി രൂപ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി അനുവദിച്ചിട്ടുണ്ട്. ജീവനക്കാരുടെ മുടങ്ങിക്കിടന്ന രണ്ട് ശമ്പളപരിഷ്കരണം നടപ്പിലാക്കാനും കഴിഞ്ഞു. വിവിധ വകുപ്പുകൾക്കുവേണ്ടി വീഡിയോ ഡോക്യുമെന്റേഷൻ C-DIT ആണ് നടത്തിവരുന്നത്. ആർക്കൈവ്സ്, രജിസ്ട്രേഷൻ എന്നീ വകുപ്പുകൾക്കുവേണ്ടി ഡിജിറ്റൈസേഷൻ ജോലികളും നിർവ്വഹിച്ചുവരുന്നു. മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വെബ്സൈറ്റ്, സോഷ്യൽ മീഡിയ, വിവിധ വകുപ്പുകളുടെ വെബ്സൈറ്റുകളുടെ പരിപാലനം എന്നിവയും C-DIT ആണ് നിർവ്വഹിക്കുന്നത്. വിവിധ സർക്കാർ പരിപാടികളുടെ തത്സമയ വെബ്സ്ട്രീമിംഗും C-DIT-ന്റെ ചുമതലയിലാണ്. സംസ്ഥാന ബിവറേജസ് കോർപ്പറേഷനുവേണ്ടിയുള്ള ഹോളോഗ്രാം ലേബൽ നിർമ്മാണം, സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും സംസ്ഥാനത്തിന് പുറത്തുള്ള ഇന്ത്യൻ നേവി ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങൾക്കും അതീവ സുരക്ഷാ സർട്ടിഫിക്കറ്റുകളും ഐ.ഡി. കാർഡുകളും നിർമ്മിച്ചുനൽകൽ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വേണ്ടിയുള്ള ഓൺലൈൻ പരീക്ഷാ സോഫ്റ്റ്വെയർ, എഴുത്തുപരീക്ഷയുടെ മൂല്യനിർണ്ണയം നടത്തുന്നതിനുള്ള സോഫ്റ്റ്വെയർ വികസിപ്പിക്കൽ എന്നിവയെല്ലാം C-DIT വിജയകരമായി നടപ്പിലാക്കി വരികയാണ്. പ്രളയാനന്തരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സംഭാവനകൾ ലോകമെമ്പാടുനിന്നും ഓൺലൈനായി ശേഖരിക്കുന്നതിനുള്ള പോർട്ടൽ C-DIT ആണ് വികസിപ്പിച്ചത്. സംസ്ഥാന സർക്കാരിന്റെ പുതിയ ഐ.ടി. നയരേഖയ്ക്ക് അനുസൃതമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വെർച്വൽ റിയാലിറ്റി,

സൈബർ സെക്യൂരിറ്റി, ബിഗ് ഡാറ്റാ അനലിറ്റിക്സ് തുടങ്ങിയ നൂതന മേഖലകളിൽ പ്രാവീണ്യം ആർജ്ജിക്കുന്നതിന് ഈ മേഖലയിലെ പ്രമുഖ കമ്പനികളുമായി സാങ്കേതികവിദ്യാ സഹകരണത്തിനും പരിശീലനത്തിനും ഉള്ളടക്ക വികസനത്തിനുമുള്ള പദ്ധതികൾ C-DIT ആവിഷ്കരിച്ചിട്ടുണ്ട്. വിവര പൊതുജന സമ്പർക്ക വകുപ്പ് നിർമ്മിക്കുന്ന "നാം മുന്നോട്ട്" എന്ന പ്രതിവാര ടെലിവിഷൻ പരിപാടിയുടെ സാങ്കേതിക സൗകര്യം ഒരുക്കിയിരുന്നത് C-DIT ആണ്. C-DIT ഷൂട്ടിംഗ് നിർവ്വഹിക്കുന്ന സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പിന്റെ തത്സമയ സംപ്രേഷണം എല്ലാ ദിവസവും ഉള്ളതിനാൽ അതിനനുസൃതമായി 'നാം മുന്നോട്ട്' എന്ന പരിപാടിയുടെ ഷൂട്ടിംഗ് ക്രമീകരിക്കേണ്ട സാഹചര്യമുണ്ടായി. ഇതിനുപുറമേ, പരിപാടിയിലേയ്ക്ക് ക്ഷണിക്കുന്ന അതിഥികൾക്ക് സൗകര്യപ്രദമാകുംവിധം നഗരപരിധിയിൽ ഷൂട്ടിംഗ് ഫ്ലോറും ചിത്രീകരണ സംവിധാനവും കൂടാതെ പോസ്റ്റ് പ്രൊഡക്ഷൻ സൗകര്യവുമുള്ള ടെലിവിഷൻ ചാനലുകൾ, പ്രൊഡക്ഷൻ ഹൗസുകൾ എന്നിവരിൽ നിന്നും താല്പര്യപത്രവും ക്ഷണിച്ചു. ഇതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത മലയാളം കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡിന്റെ സാങ്കേതിക സഹായം ഉപയോഗിച്ച് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പൂർണ്ണ ചുമതലയിൽ 'നാം മുന്നോട്ട്' എന്ന പരിപാടി നിർമ്മിക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ നടത്തിപ്പ് ചുമതല ഐ.ടി. മിഷനാണ്. നിശ്ചിത കാലയളവിലേയ്ക്ക് ഡാറ്റാ സെന്ററിന്റെ പ്രവർത്തനം നിർവ്വഹിക്കുന്നതിന് പരിചയവും കാര്യപ്രാപ്തിയുമുള്ള കമ്പനികളിൽനിന്നും ഐ.ടി. മിഷൻ കാലാകാലങ്ങളിൽ ദർഘാസുകൾ ക്ഷണിച്ച് നടത്തിപ്പ് ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായ അപേക്ഷകൾക്കായുള്ള സോഫ്റ്റ്‌വെയർ C-DIT ആണ് കൈകാര്യം ചെയ്യുന്നത്. ജാവ (Java) സാങ്കേതിക വിദ്യയിലുള്ള സോഫ്റ്റ്‌വെയറിന്റെ പുതിയ പതിപ്പ് വികസിപ്പിക്കുന്നതിന് ഓസ്പിൻ ടെക്നോളജി എന്ന സ്ഥാപനത്തിന്റെ സേവനം C-DIT കരാർ അടിസ്ഥാനത്തിൽ ഉപയോഗിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പുതിയ പതിപ്പിന്റെ കൈകാര്യ ചുമതല C-DIT തന്നെ തുടർന്നും നിർവ്വഹിക്കും. ബഹുമാന്യനായ കെ. സി. ജോസഫ് C-DIT-ന്റെ ചുമതലയുള്ള വകുപ്പ് മന്ത്രിയായിരുന്നുവെന്നുള്ള കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അദ്ദേഹം അത് വ്യക്തമാക്കുകയും ചെയ്തു. അദ്ദേഹം C-DIT-ന്റെ ചുമതല വഹിച്ചിരുന്നപ്പോഴാണ് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായ ASAP (Additional Skill Acquisition Programme)-നുവേണ്ടി MIS (Management Information System) സോഫ്റ്റ്‌വെയർ വികസിപ്പിച്ച് നൽകുന്നതിന് C-DIT-ന് കരാർ നൽകിയത്. എന്നാൽ C-DIT-ൽ ജാവ സാങ്കേതിക വിദ്യയിൽ പ്രാവീണ്യമുള്ളവർ ഇല്ലാത്തതിനാൽ ASAP-ന്റെ ആവശ്യപ്രകാരം

ടെക്നോപാർക്കിൽ ഈ ടെക്നോളജി രംഗത്ത് പ്രവർത്തിക്കുന്ന ഒരു സ്വകാര്യ കമ്പനിയുമായി സഹകരിച്ചാണ് C-DIT ആ പ്രവൃത്തി പൂർത്തീകരിച്ചത്. പിന്നീട് ആ കമ്പനിയെ മാറ്റി മറ്റൊരു കമ്പനിയുമായി കരാർ ഉണ്ടാക്കിയതും മുൻസർക്കാരിന്റെ ഭരണകാലത്താണ്. അതൊന്നും C-DIT-ന്റെ സ്വകാര്യ വത്കരണമാണെന്ന് ആരും ആക്ഷേപിച്ചിട്ടില്ല. ഇവിടെ ഓൺലൈൻ ഓട്ടോ-ടാക്സി സമ്പ്രദായം നടപ്പാക്കുന്നത് സംബന്ധിച്ച് പ്രാരംഭ ചർച്ചകൾ നടന്നുവെങ്കിലും അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, C-DIT-ന്റെ ചുമതലയിലുണ്ടായിരുന്ന സി.എം.ഡി.ആർ.എഫ്., സി.എം.ഒ. പോർട്ടൽ, കെ.എസ്.എഫ്.ഇ. ചിട്ടി, കേരള ടാക്സി ഓൺലൈൻ, കെ.എസ്.ആർ.ടി.സി. ഓൺലൈൻ എന്നീ പദ്ധതികൾ സ്വകാര്യ മേഖലയ്ക്ക് കൈമാറിയ നടപടി പുനഃപരിശോധിക്കാൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, C-DIT-നെ കൂടുതൽ ശക്തിപ്പെടുത്തുക എന്ന നിലയിലാണ് നടപടികൾ നീങ്ങുന്നത്. അദ്ദേഹം ചാർജ് വഹിക്കുന്ന കാലത്ത് C-DIT-ന്റെ ചുമതല കൊടുത്തപ്പോൾ ഒരു കമ്പനിയെ ചുമതലപ്പെടുത്തി, പിന്നീട് ആ കമ്പനിയെ മാറ്റേണ്ടി വന്നു. അങ്ങനെ എന്തെങ്കിലും നടപടികളുണ്ടായിട്ടുണ്ടോ എന്നുള്ളത് പരിശോധിക്കാം.

## VI സബ്മിഷൻ

### (1) കാരുണ്യ ചികിത്സാ പദ്ധതി

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 2011-12-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കെ. എം. മാണി കേരളത്തിലെ ജനങ്ങൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് എന്ന പേരിൽ ഏറ്റവും പ്രയോജനം ചെയ്യുന്ന ഒരു പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. ഇന്ന് ഈ ഗവൺമെന്റ് ആ പദ്ധതി ഏതാണ്ട് അട്ടിമറിച്ചിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ ആയുഷ്മാൻ ഭാരത് പദ്ധതിയുടെ ഭാഗമായാണ് ലക്ഷക്കണക്കിന് സാധാരണക്കാർക്ക് ഉപകാരപ്പെടുന്ന കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി നിർത്തലാക്കിയത്. ഇപ്പോൾ വന്നിരിക്കുന്നത് ഒരു ഇൻഷ്വറൻസ് പദ്ധതിയാണ്. നാട്ടിൽ എല്ലായിടത്തും ആളുകൾ ഫോട്ടോ എടുക്കുന്നതിന് ക്യൂ നിൽക്കുകയാണ്. അതിന് ഫീസും അടയ്ക്കണമെന്നാണ് പറയുന്നത്. ക്ലെയിമെല്ലാം ഇൻഷ്വറൻസ് കമ്പനികൾ അനുവദിക്കണമെന്നില്ല. ഇൻഷ്വറൻസ് കമ്പനികൾ ക്ലെയിമുകൾ വലിയതോതിൽ disown ചെയ്യുന്നതാണ് നമ്മൾ ദൈനംദിനം കണ്ടു കൊണ്ടിരിക്കുന്നത്. 10 ശതമാനം ആളുകൾക്കുപോലും പ്രയോജനം കിട്ടില്ലെന്ന ആശങ്ക നിലനിൽക്കുകയാണ്. ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ

സംബന്ധമായ രോഗം, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നിവയുടെ ചികിത്സയ്ക്കും ശസ്ത്രക്രിയയ്ക്കും പരമാവധി 2 ലക്ഷം രൂപ വരെ സഹായം നൽകുന്ന പദ്ധതിയായിരുന്നു യു.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കിയ കാരുണ്യ ബെനവലന്റ് പദ്ധതി. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കും 3 ലക്ഷം രൂപ വരെ വരുമാനമുള്ള എ.പി.എൽ. വിഭാഗക്കാർക്കും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ടായിരുന്നു. 2012 ഫെബ്രുവരി 26-ാം തീയതി അന്നത്തെ രാജ്യരക്ഷാ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിയാണ് ഈ പദ്ധതി ഉദ്ഘാടനം ചെയ്തത്. ആ പദ്ധതിയിലൂടെ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 1.25 ലക്ഷം പേർക്ക് 887 കോടി രൂപയുടെ സഹായമാണ് നൽകിയത്. ഭാഗ്യക്കുറി വഴി ജീവകാരുണ്യമെന്ന ആശയത്തിന്റെ സാക്ഷാത്കാരമാണ് കാരുണ്യ ബെനവലന്റ് പദ്ധതി. ഈ സർക്കാരിന്റെ ഭരണകാലത്ത് കാരുണ്യ, കാരുണ്യ പ്ലസ് ലോട്ടറികളിലൂടെ ഫെബ്രുവരി 2019 വരെ 1240 കോടി രൂപയുടെ ആദായം ലഭിച്ചപ്പോൾ കാരുണ്യ ബെനവലന്റ് പദ്ധതിയിലൂടെ 770 കോടി രൂപയുടെ ആനുകൂല്യം മാത്രമാണ് പാവപ്പെട്ടവർക്ക് നൽകിയത്. ഈ പദ്ധതി നിർത്തലാക്കി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ലയിപ്പിച്ച് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയെന്ന പേരിൽ പുതിയ പദ്ധതി 01-4-2019 മുതൽ നടപ്പിലാക്കുമെന്ന് 11-1-2019-ൽ ഉത്തരവായിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച രസകരമായ കാര്യം, അത് ശ്രീ. അനിൽ അംബാനിയെ ഏൽപ്പിച്ചിരിക്കുകയാണെന്നതാണ്. ശ്രീ. അനിൽ അംബാനിയുടെ കമ്പനിയാണ് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തതെന്നാണ് അതിന് മറുപടി പറയാൻ പോകുന്നത്. ഏതായാലും ശ്രീ. അനിൽ അംബാനിയുടെ കമ്പനിക്ക് ലാഭമുണ്ടാക്കുന്ന നടപടി നമ്മുടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുകയാണ്. പുതുതായി കൊണ്ടുവന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കാരുണ്യ ലോട്ടറിയിൽ നിന്നുള്ള വരുമാനം ഉപയോഗിച്ച് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയെന്ന പേരിൽത്തന്നെ തുടരണമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നത്. കാരുണ്യ ബെനവലന്റ് ഫണ്ടിന് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ഒന്നാം ഗഡുവായി 100 കോടി രൂപ ആവശ്യപ്പെട്ടു. എന്നാൽ കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർ 50 കോടി രൂപ മാത്രമാണ് മേയ് 16-ാം തീയതി നൽകിയത്. എന്റെ കയ്യിൽ അതിന്റെ ഓർഡറുണ്ട്. ഈ പദ്ധതിയെ എങ്ങനെയാണ് അട്ടിമറിക്കാൻ ഗവൺമെന്റ് ശ്രമിച്ചതെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണിത്. എം.എൽ.എ.-മാരുടെയും പഞ്ചായത്ത് പ്രസിഡന്റുമാരുടെയും ശിപാർശ ആവശ്യമില്ലാത്തതും ഇടനിലക്കാരില്ലാതെ അർഹതപ്പെട്ട രോഗികൾക്ക് കൃത്യമായി പണം ലഭിച്ചുകൊണ്ടിരുന്നതുമായ ആശ്വാസ പദ്ധതിയെന്നതാണ്

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യേകത. കെ. എം. മാണി ഇന്ന് നമ്മളോടൊപ്പമില്ല. ഞാൻ അദ്ദേഹത്തിന് അനുശോചനം രേഖപ്പെടുത്തിയ വേളയിൽ ഇക്കാര്യം പറഞ്ഞതാണ്. ഈ പദ്ധതി നിലനിർത്തുകയെന്നതാണ് അദ്ദേഹത്തിന് നൽകാൻ കഴിയുന്ന ഏറ്റവും വലിയ ട്രിബ്യൂട്ട്. ആരോഗ്യ സുരക്ഷാ പദ്ധതി നിലനിൽക്കട്ടെ, അതിന് നമ്മളാരും എതിരല്ല. പക്ഷേ, ഈ പദ്ധതി പ്രത്യേകമായി നിലനിർത്താനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. അത് ജനങ്ങൾക്ക് വളരെയേറെ പ്രയോജനം ചെയ്തിട്ടുള്ള പദ്ധതിയാണ്. അത് തുടരാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആരംഭിച്ച ശ്രദ്ധേയമായ ഒരു പദ്ധതിയായിരുന്നു കാരുണ്യ ബെനവലന്റ് പദ്ധതി. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 1¼ ലക്ഷം പേർക്ക് 999 കോടി രൂപയുടെ ചികിത്സാനുമതി നൽകുകയും 786 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 113000-ത്തിൽപ്പരം രോഗികൾക്കായി 1318 കോടി രൂപയുടെ ചികിത്സാനുമതി നൽകുകയും 928 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി വളരെ ഗൗരവത്തിലെടുത്ത് മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാർ ശ്രമിച്ചിട്ടുള്ളത്. അങ്ങ് പറഞ്ഞതു പോലെ, കേന്ദ്ര സർക്കാരിന്റെ നയത്തിൽ മാറ്റം വന്നു. നേരത്തെ നമ്മുടെ സംസ്ഥാനത്ത് കിടത്തി ചികിത്സയ്ക്ക് പരമാവധി 30,000 രൂപ നൽകുന്ന ആർ.എസ്.ബി.വൈ. ഇൻഷ്വറൻസ് പദ്ധതിയുണ്ടായിരുന്നു. അതിനു പുറമേയാണ് കാരുണ്യ പദ്ധതി പ്രവർത്തിച്ചുകൊണ്ടിരുന്നത്. എന്നാൽ കേന്ദ്ര സർക്കാർ 5 ലക്ഷം രൂപ വരെയുള്ള ഇൻഷ്വറൻസ് സ്കീമായ ആയുഷ്മാൻ ഭാരത് ആരംഭിച്ചു. ആയുഷ്മാൻ ഭാരത് രണ്ട് രീതിയിൽ നടപ്പാക്കാം. 5 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് അല്ലെങ്കിൽ എല്ലാ സംസ്ഥാനങ്ങളും ചെയ്തതുപോലെ ഭാഗികമായി ഇൻഷ്വറൻസും അതിനുമുകളിലുള്ളത് അഷ്വറൻസ് മോഡലും. കാരുണ്യ പദ്ധതി അഷ്വറൻസ് മോഡലാണ്. അത്തരത്തിൽ ഒരു ഇൻഷ്വറൻസ്-കം-അഷ്വറൻസ് മാതൃകയിൽ നടപ്പാക്കാനാണ് കേരള സർക്കാർ തീരുമാനിച്ചത്. അതിനുവേണ്ടി ടെണ്ടർ വിളിച്ചു. അത് Insurance Regulatory and Development Authority of India (IRDAI)-യുടെ മാനദണ്ഡം അനുസരിച്ചു മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. ഇൻഷ്വറൻസ് തുക 50,000 രൂപയാണെങ്കിൽ 1538 രൂപയും ഒരു ലക്ഷം രൂപയാണെങ്കിൽ 1591 രൂപയും 2 ലക്ഷം രൂപയാണെങ്കിൽ 1631 രൂപയും 5 ലക്ഷം രൂപയാണെങ്കിൽ 1671 രൂപയും പ്രീമിയമായി അടയ്ക്കണമെന്നാണ് റിലയൻസ്

കമ്പനി ടെണ്ടറിൽ പറഞ്ഞത്. 2 ലക്ഷം രൂപയും അഷ്വറൻസും എന്നേ ചിന്തിച്ചിരുന്നുള്ളൂ. എന്നാൽ 1631 രൂപയിൽനിന്നും വെറും 40 രൂപ കൂടുതൽ കൊടുത്താൽ 5 ലക്ഷം രൂപയ്ക്ക് ഇൻഷ്വർ ചെയ്യുന്ന ഒരു ഓഫർ ഏത് മാനദണ്ഡം വച്ചാണ് നിരസിക്കാൻ കഴിയുന്നത്? 5 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് മൂന്ന് വർഷത്തേക്കാണ്. അതുകഴിഞ്ഞാൽ പ്രീമിയം കൂടും. ഈ പ്രീമിയം അത്ഭുതമാണ്; ഇങ്ങനെ ചെയ്യാൻ കഴിയുന്നത് വിസ്മയകരമാണ്. അതുകൊണ്ട് 5 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് സ്കീമായി തുടരട്ടേയെന്ന് തീരുമാനിച്ചു. 800-900 കോടി രൂപ ചെലവാകുമ്പോൾ 100 കോടി രൂപയാണ് കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്നത്. കെ. എം. മാണിയുടെ സ്മരണ നിലനിർത്തുന്നതിനുവേണ്ടി കാരുണ്യ പദ്ധതി നിലനിർത്തണമെന്ന് അങ്ങ് പറഞ്ഞതിനോട് എനിക്ക് പൂർണ്ണയോജിപ്പാണ്. അതുകൊണ്ടാണ് പുതിയ സ്കീമിന് വേറെന്തെങ്കിലും പേരിടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയെന്ന് പേരിട്ടത്. വേറെ പേരിടാമല്ലോ; അങ്ങനെ ഇട്ടില്ലല്ലോ; അത് മുന്നോട്ടുകൊണ്ടുപോകണമെന്നുള്ളതുകൊണ്ടാണ് വേറെ പേരിടാത്തത്. ഇപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുന്ന ആവശ്യം അംഗീകരിച്ചാലുള്ള സ്ഥിതിവിശേഷം എന്താണ്? 5 ലക്ഷം രൂപ വരെയുള്ള ഇൻഷ്വറൻസിനായി ഈ പറയുന്ന കുത്തക കമ്പനിക്ക് പ്രീമിയം അടച്ചിരിക്കുകയാണ്. നമ്മുടെ സർക്കാർ കാരുണ്യയിൽനിന്ന് കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അത് ആ ഇൻഷ്വറൻസ് കമ്പനിക്ക് ലാഭമുണ്ടാക്കിക്കൊടുക്കലല്ലേ; അതെങ്ങനെയാണ് നമുക്ക് ചെയ്യാൻ സാധിക്കുക; അതാണ് പ്രശ്നം. അതേസമയം അങ്ങ് പറഞ്ഞ കാര്യങ്ങളെപ്പറ്റി ജാഗ്രത പുലർത്തേണ്ടതുണ്ട്. ചില തരത്തിലുള്ള രോഗങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണത്തിന് ഹീമോഫീലിയ. അത് എങ്ങനെ വേണമെന്നത് നമ്മൾ ചർച്ച ചെയ്ത് തീരുമാനിക്കേണ്ട കാര്യമാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഹീമോഫീലിയ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരിക്കും. ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന കാര്യമാണ് ഞാൻ പറയുന്നത്. ആ രോഗത്തെ ഇൻഷ്വറൻസ് കമ്പനി ഉൾപ്പെടുത്തില്ല. അങ്ങ് പറഞ്ഞത് രണ്ട് ലക്ഷം രൂപ വരെയുള്ള സ്കീമിനെ സംബന്ധിച്ചാണ്. ഒരു ലൈഫ് ടൈമിലാണ് രണ്ട് ലക്ഷം രൂപ നൽകുന്നതെന്ന് അതിന്റെ റൂൾസ് വായിച്ചാൽ മനസ്സിലാകും. ഈ ഇൻഷ്വറൻസ് സ്കീമിൽ ഓരോ വർഷവും അഞ്ച് ലക്ഷം രൂപ നൽകുകയാണ്. ഇതൊരു ചെറിയ വ്യത്യാസമല്ല, ലൈഫ് ടൈമിൽ ഒരു കുടുംബത്തിന്റെ റേഷൻ കാർഡിന് രണ്ട്

ലക്ഷം രൂപ വരെ നൽകുന്നു. അതാണ് ഇപ്പോൾ നിലവിലുള്ള ചട്ടം. എന്നാൽ ഇപ്പോൾ ഒരു വർഷം ഒരു കുടുംബത്തിന് അഞ്ച് ലക്ഷം രൂപ വരെ ഉറപ്പ് നൽകുകയാണ്. നിലവിലുള്ള സ്കീമിനെക്കാൾ പാവപ്പെട്ടവർക്ക് കൂടുതൽ ആനുകൂല്യം നൽകുന്ന ഒന്നാണിത്. ഇന്നത്തെ സാഹചര്യത്തിൽ ചില രോഗങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. ഇവിടെ പറഞ്ഞതുപോലെ പല കാര്യത്തിലും ആശങ്കകൾ ഉണ്ട്, തുടക്കത്തിൽ ഇതിനെല്ലാം കാലതാമസമുണ്ടാകും. അതുകൊണ്ട് കാരുണ്യ ബെനവലന്റ് സ്കീം തുടരുകതന്നെ ചെയ്യും; നിർത്തലാക്കിയിട്ടില്ല, അനന്തമായി തുടരാൻ കഴിയില്ല. അപ്പോൾ എന്ത് വേണമെന്നുള്ള കാര്യം നമുക്ക് ചർച്ച ചെയ്യാവുന്നതാണ്. എങ്ങനെയാണ് ചില രോഗങ്ങളെ ഇതിൽ ഉൾപ്പെടുത്താതിരുന്നത്? ഉൾപ്പെടുത്താത്ത രോഗങ്ങൾക്കും ബാക്കിയുള്ളവയ്ക്കും ചില കണ്ടിജൻസി കൊടുക്കാൻ വേണ്ടി നിലനിർത്താം. ഇതിനൊന്നും സർക്കാർ എതിരല്ല, ഇതെല്ലാം നമുക്ക് കൂട്ടായി ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്. ഈ അനുഭവങ്ങൾ പരിശോധിച്ചശേഷം തീരുമാനിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു റേഷൻ കാർഡുള്ള കുടുംബത്തിന് രജിസ്ട്രേഷനുവേണ്ടത് 30 രൂപ ആയിരുന്നു, ഇപ്പോൾ ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളും കാർഡെടുക്കണം, ഒരു വ്യക്തിക്ക് 50 രൂപ വച്ച് രജിസ്ട്രേഷൻ ഫീസും ഈടാക്കുന്നുണ്ട്. ഇപ്പോൾ അഞ്ചുപേരുള്ള ഒരു വീട്ടിൽ ഓരോരുത്തരിൽനിന്നും 50 രൂപ വച്ച് ഈടാക്കുകയാണ്. നേരത്തെ ഒരു റേഷൻ കാർഡുള്ള അഞ്ച് പേർക്കും കൂടി രജിസ്റ്റർ ചെയ്യുന്നതിനായി 30 രൂപ മതിയായിരുന്നു. അതങ്ങ് ഗൗരവകരമായി ആലോചിക്കുമോ; പാവപ്പെട്ടവരെ രക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അത് ഒറ്റത്തവണ മാത്രം കൊടുക്കേണ്ടിവരുന്ന തുകയാണ്. പിന്നീട് ഒരിക്കലും രജിസ്ട്രേഷൻ ചാർജ് കൊടുക്കേണ്ടതായി വരില്ല. കൃത്യമായി ഒരാളുടെ വിവരങ്ങൾ ശേഖരിച്ച് ഫോട്ടോ എടുക്കുന്നതിന് ഇൻഷ്വറൻസ് കമ്പനിക്ക് വേണ്ടിവരുന്ന ചെലവാണത്. അതെല്ലാം പരിശോധിക്കാവുന്ന കാര്യമാണ്. പക്ഷേ, മനസ്സിലാക്കേണ്ടത്, കാരുണ്യാ ബെനവലന്റ് പദ്ധതിയിൽ കിട്ടുന്നതിനെക്കാൾ കൂടുതൽ ആനുകൂല്യമാണ് ഇതിൽനിന്ന് ലഭിക്കുന്നത്. അഞ്ച് ലക്ഷം രൂപ എന്നതല്ല, ലൈഫ് ടൈമിൽ രണ്ട് ലക്ഷം രൂപ കിട്ടിക്കൊണ്ടിരുന്നത് എല്ലാ വർഷവും അഞ്ച് ലക്ഷം രൂപയായി വർദ്ധിക്കുകയാണ്. സത്യം പറഞ്ഞാൽ, ഈ അഞ്ച് ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പ്രീമിയം കണ്ടിട്ട് ഞാൻ തന്നെ അത്ഭുതപ്പെട്ടുപോയി. യഥാർത്ഥത്തിൽ മാറാൻ പറ്റുമോയെന്ന് കാത്തിരിക്കുകയായിരുന്നു. മൂന്ന് വർഷത്തേക്ക് കയറ്റമാണ്, അതുകൊണ്ട് തുടരുന്നതാണ്. ഇതാണ് അതിന്റെ യഥാർത്ഥ സ്ഥിതി. പക്ഷേ, കാരുണ്യ പദ്ധതിയിൽ ഇതിൽ ഉൾപ്പെടാത്ത രോഗങ്ങൾക്കുവേണ്ടി അല്ലെങ്കിൽ ഇതിൽ ഉൾപ്പെടാത്ത വിഭാഗങ്ങൾക്കു വേണ്ടി എങ്ങനെയാകാമെന്നത് നമുക്ക് ചർച്ച ചെയ്തതിനുശേഷം നോക്കാം.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഇൻഷ്വറൻസ് തുക അഞ്ച് ലക്ഷം രൂപയാണെന്ന് അങ്ങ് പറഞ്ഞു. പക്ഷേ, ചില രോഗങ്ങൾക്ക് അഞ്ച് ലക്ഷം രൂപ ഒരു വർഷത്തേക്ക് മതിയാകില്ല. ചിലപ്പോൾ അതിൽ കൂടുതൽ വേണ്ടിവരും. ഇപ്പോൾ ആരോഗ്യകിരണം പദ്ധതി നിലവിൽ വന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് തുടങ്ങിയ പദ്ധതി ഇപ്പോഴും തുടർന്നു കൊണ്ടുപോകുകയാണ്. അതിൽ അഞ്ചോ, പത്തോ പതിനഞ്ചോ ലക്ഷം രൂപ ഒന്നിച്ച് കൊടുക്കേണ്ടിവന്നാൽ കൊടുക്കും. അതിനെക്കുറിച്ചുകൂടി ആലോചിക്കേണ്ടതാണ്. കാരണം രോഗം വന്നുകഴിഞ്ഞാൽ ഒരു വർഷം കാത്തിരിക്കാൻ കഴിയില്ല. അതുകൊണ്ട് ഒരു വർഷം അഞ്ച് ലക്ഷം രൂപയിലും കൂടുതലായി വേണ്ടിവരികയാണെങ്കിൽ, പാവപ്പെട്ടവർക്ക് അത് നൽകാനുള്ള നടപടിയുണ്ടാകണം. അതുപോലെ മുമ്പ് പല സ്കീമുകളും ഉണ്ടായിരുന്നു. ഞാൻ ഇന്നലെ സൂചിപ്പിച്ചതുപോലെ ക്യാൻസർ സെന്ററുകളുടെ പ്രവർത്തനം വലിയ വെല്ലുവിളിയായി വരികയാണ്, പ്രതിസന്ധികളിലെത്തി നിൽക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു, അതിനെക്കുറിച്ചും ആലോചിക്കണം. കാരണം ഈ തുക മതിയാകില്ല. അവിടത്തെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ചും ഗവൺമെന്റ് ആലോചിക്കേണ്ടതാണ്. മലബാർ ക്യാൻസർ സെന്ററിനും തിരുവനന്തപുരം ആർ.സി.സി.ക്കും സർക്കാർ സഹായം ലഭിച്ചില്ലെങ്കിൽ വലിയ പ്രതിസന്ധിയുണ്ടാകും. ഈ ഇൻഷ്വറൻസ് സ്കീം ഉപയോഗിച്ച് അഞ്ചുലക്ഷം രൂപ വരെയുള്ള തുക കൊടുത്തു കഴിഞ്ഞാൽ അത് അവരുടെ ചികിത്സയ്ക്ക് മതിയാകില്ലെന്ന ഒരു സാഹചര്യമുണ്ട്. അവിടത്തെ ഉദ്യോഗസ്ഥരുമായി സംസാരിച്ചതിനുശേഷമാണ് ഞാൻ ഇക്കാര്യം പറയുന്നത്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, എറണാകുളത്ത് പുതിയ ക്യാൻസർ ആശുപത്രി വരുന്നതും മെഡിക്കൽ കോളേജിലെ ഓങ്കോളജി ഡിപ്പാർട്ടുമെന്റുംകൂടി ചേരുമ്പോൾ കേരളത്തിലെ 85 ശതമാനം ക്യാൻസർ കേസ്സുകളും ട്രീറ്റ് ചെയ്യുന്നതിനുള്ള കപ്പാസിറ്റി പൊതു ആരോഗ്യ മേഖലയിൽ സൃഷ്ടിക്കപ്പെടുകയാണ്. പൊതു ആരോഗ്യമേഖലയിൽനിന്നും ലഭിക്കുന്ന ട്രീറ്റ്മെന്റിന് അഞ്ചുലക്ഷം രൂപ സാധാരണ ഗതിയിൽ മതിയാകും. നേരത്തെ കൊടുത്തുകൊണ്ടിരുന്നത് പരമാവധി രണ്ട് ലക്ഷം രൂപ വരെയായിരുന്നു. ഏത് രോഗിക്ക്, എവിടെയാണ് മുഴുവൻ തുകയും കൊടുത്തുകൊണ്ടിരിക്കുന്നത്? അതിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത് വലിയൊരു വർദ്ധനയാണ്. എന്നാൽ ഹീമോഫീലിയ രോഗത്തിന് ഒന്നരക്കോടി രൂപ വരെ ചെലവ് വരുന്നുണ്ട്. അപ്പോൾ അതെല്ലാം എങ്ങനെ ചെയ്യണമെന്നത് സാങ്കേതിക പ്രശ്നങ്ങളാണ്. ഡിപ്പാർട്ട്മെന്റ് അത് പരിശോധിച്ച് എങ്ങനെ കൈകാര്യം ചെയ്യാമെന്ന് നോക്കും. പ്രതിപക്ഷവും ഭരണപക്ഷവും ഒരുമിച്ച് ആലോചിച്ച് തീരുമാനം എടുക്കാവുന്നതേയുള്ളൂ.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ആർ.സി.സി., എം.സി.സി. എന്നിവിടങ്ങളിലെ ചില പാക്കേജ് റേറ്റും ഇപ്പോൾ നമ്മൾ എടുത്തിട്ടുള്ള ഇൻഷ്വറൻസ് റേറ്റും വച്ച് നോക്കുമ്പോൾ അവർക്ക് ഒരു ബുദ്ധിമുട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. അത് ഗവൺമെന്റിന്റെ പരിശോധനയിലാണ്. എന്തൊക്കെ ചെയ്യാൻ കഴിയുമെന്നുള്ളത് പരിശോധിക്കേണ്ട വിഷയമാണ്. ആരോഗ്യകിരണം പോലുള്ള പദ്ധതിയിൽ ലഭിക്കുന്ന ഒരാനുകൂല്യവും നിർത്തലാക്കാൻ ഉദ്ദേശിക്കുന്നില്ല. ചിസ്, ചിസ് പ്ലസ് തുടങ്ങിയ പദ്ധതികളും ഉൾപ്പെടുത്തിയാണ് ഇതിൽ മെർജ് ചെയ്തിട്ടുള്ളത്. വലിയ ചികിത്സാ ചെലവുകൾ ഇതുവരെ കൊടുത്തിരുന്നില്ല. ചികിത്സിച്ചാൽ ഭേദപ്പെടുമെന്ന് ഉറപ്പുപറയാൻ കഴിയാത്ത Epidermolysis Bullosa പോലുള്ള അപൂർവ്വ രോഗങ്ങൾക്ക് പാവപ്പെട്ടവർ സമീപിച്ചാൽ ചികിത്സാ ചെലവ് കൊടുക്കാതിരിക്കാനും കഴിയില്ല. നിലവിലുള്ള ആരോഗ്യകിരണം പദ്ധതിയിലോ ക്യാൻസർ സുരക്ഷാ പദ്ധതിയിലോ ഒന്നും ഉൾപ്പെടുത്തി കൊടുക്കാനും കഴിയില്ല. കാരണം ഇതിനുവേണ്ട ചെലവ് പതിനഞ്ച് ലക്ഷത്തിനും മുപ്പതു ലക്ഷത്തിനും ഒരു കോടി രൂപയ്ക്കും മുകളിലാണ്. അങ്ങനെയുള്ള രോഗങ്ങൾക്ക് Kerala Social Security Mission (KSSM)-ന്റെ 'We Care' പദ്ധതിയിലൂടെയാണ് ഇപ്പോൾ തുക കണ്ടെത്തുന്നത്. അത് നല്ല രീതിയിൽ കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിൽ നിക്ഷേപം വരുന്നതിനനുസരിച്ച് മാത്രമേ ചെയ്യാൻ കഴിയൂ. ഫിനാൻസ് ഡിപ്പാർട്ട്മെന്റിനെ മാത്രം ആശ്രയിച്ചാൽ അത്രയും വലിയ ചെലവുകൾ ഏറ്റെടുക്കാൻ കഴിയില്ല. ഇത്തരം കാര്യങ്ങളെ സംബന്ധിച്ചും ചർച്ച നടക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അക്കാര്യത്തിൽ അനുകൂല സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഈ പാക്കേജ് റേറ്റിന്റെ കാര്യത്തിലും ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്.

(2) വില്ലേജ് ഓഫീസുകളുടെ പുനർനിർമ്മാണം

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, എന്റെ നിയോജക മണ്ഡലമായ പത്തനാപുരത്ത് 4 വില്ലേജ് ആഫീസ് കെട്ടിടങ്ങൾ പ്രവർത്തിക്കാൻ കഴിയാത്ത നിലയിൽ തകർന്നു കിടക്കുകയാണ്. ഇതിൽ തലവൂർ വില്ലേജ് ആഫീസ് ഏതാണ്ട് 65 വർഷം പഴക്കമുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ ആ കെട്ടിടത്തിന്റെ ഓടിന്റെ പുറത്ത് ടാർപോളിൻ മൂടിവച്ചിരിക്കുകയാണ്. പുന്നല വില്ലേജ് ആഫീസ് കെട്ടിടവും 1987-ൽ പണിതതാണ്. അതിന്റെ തൊട്ടടുത്ത് നിൽക്കുന്ന മരത്തിന്റെ വേരുകൾ കെട്ടിടത്തിലേയ്ക്ക് പടർന്നുപിടിക്കുകയും കെട്ടിടം ഇടിഞ്ഞു വീഴുമെന്ന അവസ്ഥയിലെത്തിയപ്പോൾ രണ്ട് കിലോമീറ്റർ ദൂരെയുള്ള ഒരു

സ്വകാര്യവ്യക്തിയുടെ സ്ഥാപനത്തിലേയ്ക്ക് വില്ലേജ് ഓഫീസിന്റെ പ്രവർത്തനം മാറ്റിയിരിക്കുകയുമാണ്. ചക്കുവരയ്ക്കൽ വില്ലേജ് ഓഫീസ് വർഷങ്ങൾക്കുമുമ്പ് ജില്ലാ നിർമ്മിതികേന്ദ്രം പണിത കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ജില്ലാ നിർമ്മിതി കേന്ദ്രം പണിതുവെന്ന് പറയുമ്പോൾ അതിന്റെ ക്വാളിറ്റി എല്ലാവർക്കും മനസ്സിലാകും. അവിടെ വെള്ളം ചോർന്നൊലിച്ച് ഫയലുകളെല്ലാം നനഞ്ഞതിനാൽ ഇപ്പോൾ ടാർപോളിനിൽ പൊതിഞ്ഞ് വച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. കാരണം അങ്ങ് ശ്രദ്ധിക്കാത്തതുകൊണ്ടാണ് ഇത് പറയേണ്ടിവരുന്നത്. അങ്ങ് മന്ത്രിയായി ചുമതലയേറ്റതിനുശേഷം 2016 മുതൽ 2019 വരെ മൂന്ന് കത്തുകൾ അങ്ങേക്ക് തന്നതിന്റെ പകർപ്പുകൾ എന്റെ കൈവശമുണ്ട്. അതോടൊപ്പം ഈ വില്ലേജാഫീസുകളുടെ കളർ ഫോട്ടോകളും സമർപ്പിച്ചിട്ടുണ്ടായിരുന്നു. എന്നിട്ടും ഒരു പ്രതികരണവും ഉണ്ടായില്ല. ലാൻഡ് റവന്യൂ കമ്മീഷണറാണ് കെട്ടിടം അനുവദിക്കുന്നതെന്ന് അറിഞ്ഞുകൊണ്ട് ഞാൻ അദ്ദേഹത്തെ വിളിച്ചപ്പോൾ പറഞ്ഞത്, മന്ത്രിയുടെ ഓഫീസിൽനിന്നാണ് ലിസ്റ്റ് തയ്യാറാക്കി അയയ്ക്കുന്നതെന്നും അവിടെനിന്നും പറയുമെങ്കിൽ എഴുതി ചേർക്കാമെന്നുമാണ്. കുറേയധികം സമ്മർദ്ദം ചെലുത്തിയപ്പോൾ അദ്ദേഹം ഒരു മണിക്കൂറിനകം എന്നെ വിളിച്ചുപറഞ്ഞത് തലവൂർ വില്ലേജാഫീസിനെ SMART വില്ലേജാഫീസാക്കി മാറ്റുവാൻ അനുവാദം നൽകാമെന്നും അവിടെനിന്ന് ഒഴിഞ്ഞുമാറണമെന്നുമാണ്. അപ്പോൾ ജില്ലാ കളക്ടർ എന്നെ ബന്ധപ്പെട്ട് ഒഴിഞ്ഞുമാറാൻ ഒരു സ്ഥലം കണ്ടെത്തണമെന്ന് ആവശ്യപ്പെട്ടതിനെ തുടർന്ന് തൊട്ടടുത്തുള്ള എൻ.എസ്.എസ്.-ന്റെ ഉടമസ്ഥതയിലുള്ള ക്ഷേത്രത്തിന്റെ കെട്ടിടത്തിലേയ്ക്ക് മൂന്നുനാല് മാസത്തിനകം ഒഴിഞ്ഞുകൊടുക്കാം എന്നതിന്റെ അടിസ്ഥാനത്തിൽ മാറുകയും ചെയ്തു. ഇപ്പോൾ ഏതാണ്ട് ഒരു വർഷം പൂർത്തിയാകുകയാണ്, ഒരു മാറ്റവും ഉണ്ടായിട്ടില്ല. നമ്മുടെ നാട്ടിലെ പഞ്ചായത്ത് ഓഫീസുകൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആളുകൾ, ഒരു പക്ഷേ അത്രയും തന്നെ ആളുകൾ എത്തിച്ചേരുന്ന സ്ഥലമാണ് വില്ലേജ് ആഫീസ്. കേരളത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എല്ലാ സ്കൂളുകളും നല്ല വൃത്തിയായി, റേഷൻ കടകളും വളരെ മനോഹരമായി, റോഡുകൾ വളരെ വൃത്തിയായി, പി.ഡബ്ല്യൂ.ഡി. ഗസ്റ്റ് ഹൗസുകൾ വൃത്തിയായി, പഞ്ചായത്താഫീസുകളും സബ്‌രജിസ്ട്രാറാഫീസുകളും ആധുനികവൽക്കരിക്കപ്പെട്ടു. ഇവിടെയെല്ലാം പുരോഗതി വന്നിട്ടും ഏറ്റവും കൂടുതൽ പാവപ്പെട്ടവർ എത്തിച്ചേരുന്ന വില്ലേജ് ആഫീസുകൾ വളരെ മോശമായ നിലയിലാണ്. അങ്ങേക്ക് ഓർമ്മയുണ്ടോയെന്ന് എനിക്കറിയില്ല, 18-5-2018-ൽ ഞാൻ അങ്ങയുടെ ആഫീസിൽ വന്നിരുന്നു. ഞാൻ അങ്ങേക്ക് നൽകിയ കത്തിന്റെ അവസാന പാരഗ്രാഫിലെ രണ്ട് വരികൾ വായിക്കാം. ആഫീസ് വേണമെന്നെല്ലാം ആവശ്യപ്പെട്ടിട്ട് അവസാനം പറഞ്ഞത് -

"ഇക്കാര്യങ്ങൾ കാണിച്ച് ദ്രവിച്ച് വീഴാറായ വില്ലേജ് ആഫീസ് കെട്ടിടങ്ങൾ ഫോട്ടോകൾ സഹിതം ഞാൻ മുമ്പ് മൂന്ന് കത്തുകൾ അങ്ങേയ്ക്ക് നൽകിയിരുന്നു എന്ന് ഖേദപൂർവ്വം ഓർമ്മിപ്പിക്കട്ടെ. നാലാമത്തെ ഈ കത്തിലും മേൽപ്പറഞ്ഞ നാല് വില്ലേജ് ആഫീസുകൾക്കും പുതിയ കെട്ടിടം നിർമ്മിച്ച് നൽകുന്നതിനുള്ള അടിയന്തര നടപടി ഉണ്ടാകണമെന്ന് പ്രതീക്ഷാപൂർവ്വം ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു" എന്ന് പറഞ്ഞാണ് കത്ത് നൽകിയത്. ഈ നിമിഷംവരെ ഇക്കാര്യത്തിൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ല, ഒരു മറുപടിയും തന്നിട്ടില്ല. അതുകൊണ്ടാണ് ഇത്തരത്തിലൊരു സബ്മിഷൻ ഇവിടെ അവതരിപ്പിക്കേണ്ടി വന്നത്. വളരെ ഖേദമുണ്ടെന്ന് അതിൽ പറഞ്ഞതുപോലെ ആവർത്തിക്കുകയാണ്. ഈ സബ്മിഷനെങ്കിലും പോസിറ്റീവായ ഒരു മറുപടിയും കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടിയും ഉണ്ടാകുമെന്ന പ്രതീക്ഷയോടെ ഈ വിഷയം ഞാൻ അങ്ങയുടെ ശ്രദ്ധയിലും സഭയിലും അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇവിടെ ഉന്നയിച്ച പത്തനാപുരം താലൂക്കിലെ വില്ലേജ് ഓഫീസുകളുടെ സ്ഥിതിയെ സംബന്ധിച്ച് നേരത്തെ കത്ത് നൽകിയിരുന്നു. അതിനെല്ലാം മറുപടിയും അയച്ചിട്ടുണ്ടെന്നാണ് എന്റെ ഉറച്ച ധാരണ. അതുസംബന്ധിച്ച് പരിശോധിക്കുന്നതാണ്.

പത്തനാപുരം താലൂക്കിലെ തലവൂർ, പുന്നല എന്നീ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ വളരെ മോശമായ അവസ്ഥയിലാണുള്ളത്. ആയതിനാൽ തലവൂർ വില്ലേജ് ഓഫീസ് കെട്ടിടം 2018-19 ൽ SMART (Speedy, Modern, Assured, Responsible and Transparent) വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് 44 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതും അഡ്വാൻസ് തുകയായ 8,50,000 രൂപ നിർമ്മാണ ഏജൻസിയായ നിർമ്മിതി കേന്ദ്രത്തിന് കൈമാറിയിട്ടുള്ളതുമാണ്. തലവൂർ വില്ലേജ് ഓഫീസ് കെട്ടിടം പൊളിച്ചു മാറ്റുന്നതിന് പി.ഡബ്ല്യൂ.ഡി. മുഖേന ലേലനടപടികൾ സ്വീകരിച്ചിരുന്നെങ്കിലും ലേലം നടന്നിട്ടില്ലാത്തതിനാൽ നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പി.ഡബ്ല്യൂ.ഡി. ആണ് പൊളിച്ചുമാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടിയിരുന്നത്. അതിന് ടെണ്ടർ വിളിച്ചിട്ടും ആളെ ലഭിക്കാത്ത സാഹചര്യത്തിൽ സാധിച്ചിട്ടില്ല. കെട്ടിടം അപകടാവസ്ഥയിലായതിനാൽ വില്ലേജ് ആഫീസിന്റെ പ്രവർത്തനം ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ താൽക്കാലികമായി 4-5-2018 മുതൽ തലവൂർ തൃക്കൊന്നമർക്കോട് ദേവസ്വം വക കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുള്ളതാണ്.

പുന്നല വില്ലേജ് ഓഫീസ് കെട്ടിടം അപകടാവസ്ഥയിലായതിനെ തുടർന്ന് 10-8-2015 മുതൽ ആനക്കുളം എന്ന സ്ഥലത്തുള്ള പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ കാർഷിക മാർക്കറ്റ് കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റിയിട്ടുള്ളതാണ്. പ്ലാൻ സ്കീം പ്രകാരം പുതിയ SMART റവന്യൂ ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ട വില്ലേജുകളുടെ ലിസ്റ്റ് ജില്ലാ കളക്ടർ ലഭ്യമാക്കിയതിൽനിന്ന് പുന്നല വില്ലേജ് ഓഫീസും ഉൾപ്പെട്ടിട്ടുണ്ട്. കമ്മീഷണർ ഓഫീസിൽനിന്നും ലിസ്റ്റ് കൊടുക്കുന്നുവെന്ന് ഇവിടെ പറഞ്ഞത് ശരിയല്ല. ഇനി അങ്ങനെ പറഞ്ഞിട്ടുണ്ടോ എന്നെനിക്കറിയില്ല. ഏതൊക്കെ വില്ലേജ് ഓഫീസുകളുടെ സ്ഥിതിയാണ് അതിദയനീയമായി നിൽക്കുന്നതെന്ന റിപ്പോർട്ട് കളക്ടർമാരിൽനിന്നാണ് ശേഖരിക്കുന്നത്. അതിൽ ഏറ്റവും കൂടുതൽ ശോചനീയമായ വില്ലേജ് ഓഫീസുകൾക്ക് മുൻഗണന നൽകിയാണ് SMART വില്ലേജുകൾ അനുവദിക്കുന്നത്.

പത്തനാപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കൊട്ടാരക്കര താലൂക്കിലെ ചക്കുവരയ്ക്കൽ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ മേൽക്കൂരയ്ക്ക് കാര്യമായ ക്ഷതം സംഭവിച്ചിട്ടുണ്ടെന്നും മഴയത്ത് കെട്ടിടത്തിനുള്ളിൽ വെള്ളം വീഴുന്ന സാഹചര്യമുള്ളതിനാൽ ടി വില്ലേജ് ഓഫീസ് പുനർനിർമ്മിക്കേണ്ടതാണെന്നും തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കൊല്ലം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പത്തനാപുരം മണ്ഡലത്തിലെ മറ്റെല്ലാ വില്ലേജ് ഓഫീസുകളുടെയും ഭൗതികാവസ്ഥ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ബന്ധപ്പെട്ട തഹസിൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. തലവൂർ, പുന്നല എന്നിവ കൂടാതെ മറ്റേതെങ്കിലും വില്ലേജ് ഓഫീസ് വളരെ മോശമായ അവസ്ഥയിലാണെങ്കിൽ ആയതിന്മേൽ ഉടൻ തുടർനടപടി സ്വീകരിക്കാവുന്നതുമാണ്.

SMART വില്ലേജ് ഓഫീസ് നിർമ്മാണത്തിന് മുൻഗണനാക്രമം അനുസരിച്ചുള്ള ലിസ്റ്റ് ജില്ലാ കളക്ടർമാർ ലഭ്യമാക്കിയതിൽനിന്നും സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾക്ക് മുൻഗണന നൽകി അവ നിർമ്മിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഓരോ സാമ്പത്തിക വർഷവും SMART റവന്യൂ ഓഫീസ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതമനുസിച്ച് മുൻഗണനാക്രമത്തിൽ കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ട് അനുവദിക്കുകയാണ് ചെയ്യുന്നത്. ബഡ്ജറ്റിൽ അനുവദിക്കുന്ന ഫണ്ടിന്റെകൂടി കണക്കെടുത്ത് അതിന്റെ വിനിയോഗം എത്രമാത്രം, ഏതെല്ലാം ജില്ലകളിൽ സാധ്യമാകും എന്നത് പരിശോധിക്കും. 140 നിയോജകമണ്ഡലങ്ങളും 14 ജില്ലകളുമുണ്ട്. മൊത്തത്തിൽ വരുമ്പോഴുണ്ടാകുന്ന പ്രയാസം അതിലുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.

പറഞ്ഞതുപോലെ, ഒരുപാട് വില്ലേജ് ഓഫീസുകൾ പരിതാപകരമായ അവസ്ഥയിലുണ്ടെന്ന വസ്തുത നേരാണ്. അത് നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തീർച്ചയായും ഇത്തരം ഓഫീസുകളുടെ പുനർ നിർമ്മാണത്തിനുള്ള, SMART വില്ലേജ് ഓഫീസുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

(3) റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, വള്ളിക്കുന്ന് പ്രദേശത്തെ ഇരുമ്പോത്തിങ്ങൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് യാഥാർത്ഥ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സബ്മിഷനാണ് ഞാനിവിടെ ഉന്നയിക്കുന്നത്.

എന്റെ നിയോജകമണ്ഡലത്തിലെ തീരപ്രദേശമായ വള്ളിക്കുന്ന് പഞ്ചായത്തിലെയും തേഞ്ഞിപ്പലം പഞ്ചായത്തിലെയും ഏകദേശം 110 ഏക്കർ സ്ഥലത്തെ നെൽക്കൃഷിക്കാരും 120 ഏക്കർ സ്ഥലത്തെ പച്ചക്കറി കൃഷിക്കാരും 550 ഹെക്ടറോളം കേര കർഷകരും കടലുണ്ടിപ്പുഴയിൽ ഉപ്പുവെള്ളം കയറുന്നതുകാരണം തങ്ങളുടെ കൃഷി സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. വള്ളിക്കുന്ന്, തേഞ്ഞിപ്പലം, പെരുവള്ളൂർ, ചേലമ്പ്ര, പള്ളിക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളുടെ കുടിവെള്ള സ്രോതസ്സും കടലുണ്ടിപ്പുഴ തന്നെയാണ്. നിർമ്മാണം കഴിഞ്ഞ് 50 വർഷം പിന്നിട്ട മണ്ണട്ടാംപാറ അണക്കെട്ട് കഴിഞ്ഞ് 10 കിലോമീറ്ററിലധികം വരുന്ന പ്രദേശത്ത് ഉപ്പുവെള്ളം കയറുന്നതിനാൽ പ്രദേശവാസികൾ കുടിവെള്ളത്തിനായി നെട്ടോട്ടം ഓടുകയാണ്. ഇതിന് പരിഹാരമായി 2013-14 മുതലുള്ള സംസ്ഥാന ബഡ്ജറ്റിൽ ഇരുമ്പോത്തിങ്ങൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് ഇടംപിടിക്കുകയും പദ്ധതി സംബന്ധിച്ചുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും 2014-ൽ അനുമതി ലഭിക്കുകയും ചെയ്തു. 2016-17-ലെ പദ്ധതിയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 36 കോടി രൂപ വകയിരുത്തുകയും 2017-ൽ പദ്ധതിക്ക് അനുമതി ലഭിക്കുകയും ഡിസൈനിംഗിനായി ഐ.ആർ.ഡി.ബി.-ക്ക് കൈമാറുകയും ചെയ്തു. ഐ.ആർ.ഡി.ബി.-യും ഇറിഗേഷൻ വിഭാഗവും ജോയിന്റ് ഇൻസ്പെക്ഷൻ നടത്തണമെന്ന് ആവശ്യപ്പെട്ടെങ്കിലും മാസങ്ങൾ പിന്നിട്ടിട്ടും നടപടി വൈകുകയാണ്. ആയതിനാൽ ഒരു നിയോജകമണ്ഡലത്തിന് പൂർണ്ണമായും പരിസര പ്രദേശങ്ങൾക്ക് വലിയ തോതിലും ഗുണം ലഭിക്കുന്ന, കാർഷിക പ്രശ്നത്തിനും കുടിവെള്ള ലഭ്യതയ്ക്കും ശാശ്വതപരിഹാരം ലഭിക്കുന്ന

ഇരുമ്പോത്തിങ്ങൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

12.00 NOON]

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വള്ളിക്കുന്ന്, തേഞ്ഞിപ്പലം പഞ്ചായത്തുകളിലായി കടലുണ്ടിപ്പുഴയ്ക്ക് കുറുകെ ഇരുമ്പോത്തിങ്ങൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി നടത്തിയ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും വിശദാംശങ്ങളും പഠനത്തിന് വിധേയമാക്കിയപ്പോൾ പുഴയുടെ കരകളുടെ ഉയരമില്ലായ്മയും പാലത്തിന് കൂടുതൽ ഉയരം വേണ്ടതിനാൽ അപ്രോച്ച് റോഡിനും ആനുപാതിക ഉയരം വേണമെന്നതു കാരണം പദ്ധതി പ്രായോഗികമല്ല എന്ന് ഐ.ഡി.ആർ.ബി. കണ്ടെത്തിയിരുന്നു. തുടർന്ന് 10-12-2018-ൽ എന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന് പകരമായി ഒരു റെഗുലേറ്റർ നിർമ്മിക്കുന്നതിന്റെ പ്രായോഗികത അവലോകനം ചെയ്തു. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാൻ ശിപാർശ ചെയ്തിട്ടുള്ള പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് നിർദ്ദിഷ്ട സൈറ്റിൽ പുഴയുടെ കരയ്ക്ക് ഉയരം കുറവായതിനാൽ പ്രയാസകരമാണെന്നും ആയതിനാൽ പാലം ഒഴിവാക്കി റെഗുലേറ്റർ മാത്രമായി നിർമ്മിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) റിപ്പോർട്ട് ചെയ്യാനും തീരുമാനം വാട്ടർ അതോറിറ്റിയെ അറിയിക്കാനും നിർദ്ദേശിച്ചു. കുടിവെള്ളത്തിനായി പ്രസ്തുത പ്രോജക്ട് ഉപയോഗപ്രദമാക്കാൻ സാധിക്കുമോ എന്നതുസംബന്ധിച്ച് ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. (Irrigation Design and Research Board) റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശിച്ചു.

പള്ളിക്കൽ പഞ്ചായത്തിൽ കുടിവെള്ള വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും മൂന്നിയൂർ, തേഞ്ഞിപ്പലം, ചേലമ്പ്ര, പെരുവള്ളൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഉചിതമായ ശീർഷകത്തിൽ ഭരണാനുമതി നൽകുന്നതിനും ഇരുമ്പോത്തിങ്ങൽ റെഗുലേറ്ററിന്റെ സാങ്കേതിക സാധ്യത ഇറിഗേഷൻ വകുപ്പ് മുഖേന പരിശോധിച്ച് സാധ്യതയുണ്ടെങ്കിൽ ആ വിവരം വാട്ടർ അതോറിറ്റിയെ അറിയിക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ പുതിയ കുടിവെള്ള പദ്ധതി ആവിഷ്കരിക്കാനും കേരള വാട്ടർ അതോറിറ്റിയോട് നിർദ്ദേശിച്ചു.

മേൽതീരുമാനപ്രകാരം റെഗുലേറ്റർ നിർമ്മാണത്തിന് പാലം ഒഴിവാക്കി പദ്ധതിയുടെ പ്രായോഗികത പുനഃപരിശോധിക്കുന്നതിനും പുതിയ പദ്ധതി രൂപപ്പെടുത്തുന്നതിനുമായി ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറുടെ (ജലസേചനവും

ഭരണവും) ഓഫീസിൽനിന്ന് സ്ഥലപരിശോധന നടത്തുകയുണ്ടായി. കൂടാതെ ഐ.ഡി.ആർ.ബി. പ്രസ്തുത സ്ഥലം സന്ദർശിച്ച് റെഗുലേറ്റർ മാത്രമായി നിർമ്മിക്കാൻ അനുയോജ്യമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

ഇരുമ്പോത്തിങ്ങൽ കടവിന്റെ താഴ്ഭാഗത്തുള്ള സ്ഥലങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ റെഗുലേറ്ററിന്റെ നിർമ്മാണത്തിനായി പ്രായോഗികമാകുമെന്ന് കരുതുന്ന രണ്ട് സ്ഥലങ്ങൾ, വള്ളിക്കുന്ന് പഞ്ചായത്തിലെ ഒലിപ്രംകടവ് പാലത്തിന് സമീപവും കനോലിനു സമീപവുമായി കണ്ടെത്തിയിരുന്നു. ഈ സ്ഥലങ്ങളിൽ അനുയോജ്യമായിടത്ത് റെഗുലേറ്റർ നിർമ്മിക്കുകയാണെങ്കിൽ ഇരുമ്പോത്തിങ്ങൽ കടവിൽവരെയും വെള്ളം സംഭരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

10-5-2019-ൽ നടന്ന ചീഫ് എഞ്ചിനീയർമാരുടെ ടെക്നിക്കൽ കമ്മിറ്റിയിൽ പ്രസ്തുത വിഷയങ്ങൾ വിശദമായി ചർച്ച ചെയ്തു. ഉന്നത ഉദ്യോഗസ്ഥരുടെ സംയുക്ത സ്ഥലപരിശോധന 6-6-2019-ന് നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഉടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത ഉദ്യോഗസ്ഥർ അവിടെ വരുമ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ.യുമായി ബന്ധപ്പെടണമെന്ന് നിർദ്ദേശം നൽകാം.

## (4) സേവന വേതന വ്യവസ്ഥകൾ

ശ്രീ. എ. എൻ. ഷംസീർ: സർ, ഒരുകാലത്ത് ക്യാൻസർ രോഗം വളരെ ഭീതിജനകമായ സാഹചര്യമായിരുന്നു ജനങ്ങൾക്ക് സൃഷ്ടിച്ചതെങ്കിൽ ഇന്നത് ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കുന്ന മാരകരോഗമായി മാറിയിരിക്കുകയാണ്. നിയമസഭ ഇന്നലെയും ഇന്നുമായി ക്യാൻസർ രോഗത്തെക്കുറിച്ച് ഗൗരവമായ ചർച്ചകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഉത്തര മലബാറിൽ അർബുദരോഗികൾക്ക് ആശ്വാസം പകർന്നുകൊണ്ടാണ് 2000-ൽ ഇന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മലബാർ ക്യാൻസർ സെന്റർ (MCC) ആരംഭിച്ചത്. അതിന്ന് വളർച്ചയുടെ ഒരു ഘട്ടം പിന്നിട്ടിരിക്കുകയാണ്. ഏതാണ്ട് അഞ്ഞൂറിൽപ്പരം രോഗികളാണ് പ്രതിദിനം മലബാർ ക്യാൻസർ സെന്ററിൽ വന്നുകൊണ്ടിരിക്കുന്നത്. പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ഏഴ് ജില്ലകളിലേയും കർണ്ണാടകയിലെ കൂർഗ്, തമിഴ്നാടിന്റെ ഗൂഡല്ലൂർ ജില്ലകളിൽ നിന്നുള്ളവരും ഉൾപ്പെടെ മലബാർ ക്യാൻസർ സെന്ററിൽ ചികിത്സയ്ക്ക് എത്തുന്നുണ്ട്. അവിടെ അത്യാധുനികമായ ചികിത്സാ സംവിധാനങ്ങളുണ്ട്. എനിക്കറിയാവുന്ന തിരുവനന്തപുരത്തെ ഒരു ജനപ്രതിനിധിയുടെ ബന്ധു ഉൾപ്പെടെ

ചികിത്സയ്ക്കെത്തിയത് തലശ്ശേരിയിലെ മലബാർ ക്യാൻസർ സെന്ററിലാണ്. മലബാർ ക്യാൻസർ സെന്ററിന്റെ ഇന്നത്തെ വളർച്ചയ്ക്ക് ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിച്ചത് അതിന്റെ ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രഹ്മണ്യനും അവിടത്തെ ഡോക്ടർമാരും ജീവനക്കാരുമാണ്. അവർ നടത്തിയ ആത്മാർത്ഥമായ പ്രവർത്തനത്തിന്റെ ഭാഗമായാണ് മലബാർ ക്യാൻസർ സെന്റർ ഇന്ന് കേരളത്തിൽ ഏറ്റവും തലയെടുപ്പുള്ള കേന്ദ്രമായി മാറിയത്. എന്നാൽ ആത്മാർത്ഥമായി ജോലി ചെയ്യുന്ന അവിടത്തെ ജീവനക്കാർ ഇന്ന് കടുത്ത നിരാശയിലാണ്. നിരാശയുടെ അടിസ്ഥാനം, ആർ.സി.സി.-ക്ക് തുല്യമായ ശമ്പളം MCC-യിലെ ജീവനക്കാർക്ക് ലഭിക്കുന്നില്ലെന്നതാണ്. വർഷങ്ങളായി ആർ.സി.സി.-യിലെ ശമ്പള പാരിറ്റിക്കുവേണ്ടി അവിടത്തെ ജീവനക്കാർ നിരന്തരം സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. ഒരു ക്യാൻസർ സെന്റർ ആകുമ്പോൾ പ്രത്യക്ഷ സമരം സാധിക്കുകയില്ലെങ്കിലും നിരവധി തവണ അവർ വ്യത്യസ്ത വകുപ്പുമന്ത്രിമാരേയും മുഖ്യമന്ത്രിയേയും കണ്ടു. അതിന്റെയടിസ്ഥാനത്തിൽ 2018 ആഗസ്റ്റ് 1-ന് മലബാർ ക്യാൻസർ സെന്ററിലെ നോൺ അക്കാദമിക് സ്റ്റാഫിന് ആർ.സി.സി. പാരിറ്റി നൽകാമെന്ന ക്യാബിനറ്റ് തീരുമാനത്തിലെത്തിയെങ്കിലും നിർഭാഗ്യവശാൽ ആ തീരുമാനം നടപ്പിലാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. അതുകൊണ്ട് അടിയന്തരമായി മലബാർ ക്യാൻസർ സെന്ററിൽ ആത്മാർത്ഥമായി പ്രവർത്തിക്കുന്ന നോൺ അക്കാദമിക് സ്റ്റാഫിന് ആർ.സി.സി.ക്ക് തുല്യമായ ശമ്പള പാരിറ്റിയും അലവൻസുകളും നൽകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. കൂടാതെ MCC ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുകയും അക്കാദമിക് ജീവനക്കാരുടെയും ലക്ചറർ തസ്തികയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെയും ശമ്പള പരിഷ്കരണം അടിയന്തരമായി നടപ്പിലാക്കാനും മലബാർ ക്യാൻസർ സെന്ററിലെ ജീവനക്കാർക്ക് ആർ.സി.സി.യിലേതിന് തുല്യമായ ശമ്പള പാരിറ്റി നൽകണമെന്നും ബഹുമാനപ്പെട്ട സർക്കാരിനോട് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ആർ.സി.സി.യിലെ അക്കാദമിക് ജീവനക്കാരുടെ ശമ്പള സ്കെയിൽ തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിലേതിന് തുല്യമാക്കണമെന്ന് വാദിച്ചതിന്റെ പശ്ചാത്തലത്തിൽ നേരത്തെ തന്നെ അവർക്ക് അത്തരത്തിലുള്ള ഒരു പാറ്റേൺ അനുവദിച്ചിരുന്നു. പിന്നീട് മലബാർ ക്യാൻസർ സെന്ററിലെ അക്കാദമിക്-നോൺ അക്കാദമിക് വിഭാഗം ജീവനക്കാർക്കും തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലേതിനു തുല്യമായ വേതനം ആവശ്യപ്പെട്ടുകൊണ്ട് എം.സി.സി.-യുടെ

ഡയറക്ടർ ഒരു പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി. 2018 ഒക്ടോബറിൽ ഈ തീരുമാനം പരിശോധിക്കുകയും മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് വരികയും അക്കാദമിക് ജീവനക്കാർക്ക് ആർ.സി.സി.-ക്ക് തുല്യമായിട്ടുള്ള പരിഷ്കരണം അനുവദിച്ച് ഉത്തരവിടുകയും ചെയ്തു. അക്കാദമിക് തസ്തികകൾക്കായുള്ള ശമ്പള പരിഷ്കരണ ഉത്തരവിൽ ലക്ചറർ തസ്തിക ഉൾപ്പെട്ടിട്ടില്ല, അതുപോലെ നോൺ അക്കാദമിക് വിഭാഗത്തിന്റെ പ്രശ്നവും വന്നു. ഡയറക്ടർ വീണ്ടും അറിയിച്ചപ്പോൾ ഇതുകൂടി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ വീണ്ടും സമർപ്പിച്ചു. അത് ധനകാര്യവകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിന്മേൽ അന്തിമതീരുമാനം എടുത്തിട്ടില്ല. അതുസംബന്ധിച്ച യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുകയും പരിഗണനാർഹമാണെന്ന രീതിയിൽ ധാരണയാകുകയും ചെയ്തിട്ടുണ്ട്. ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലിരിക്കുകയാണ്. 2018 ആഗസ്റ്റ് 1-ലെ മന്ത്രിസഭാ യോഗത്തിൽ എം.സി.സി.-യിലെ നോൺ അക്കാദമിക് ജീവനക്കാർക്ക് ആർ.സി.സി.യിലെ ജീവനക്കാർക്ക് തുല്യമായ ശമ്പളവും ആനുകൂല്യവും നൽകുന്നതിന് തീരുമാനിച്ചിരുന്നു. ഈ തീരുമാനത്തിനനുസൃതമായി 14-8-2018-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ ഈ ഉത്തരവിൽ ചില തസ്തികകൾ ഉൾപ്പെട്ടിട്ടില്ലെന്ന് ചൂണ്ടിക്കാണിച്ച് ചില അനോമലികൾ പരിഹരിക്കുന്നതിന് വീണ്ടും മലബാർ ക്യാൻസർ സെന്ററിൽ നിന്നും ഒരു പ്രൊപ്പോസൽ ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി. ഈ പ്രൊപ്പോസൽ ഇപ്പോൾ ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. ഇതും ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഓർഡർ ഇറക്കിയിട്ടുണ്ട്, അനോമലി പരിഹരിക്കേണ്ട വിഷയമാണ്. ഇതെല്ലാം വച്ചുകൊണ്ട് ഈ രണ്ട് ക്യാൻസർ സെന്ററുകൾക്കും തത്തുല്യമായ ശമ്പള സ്കെയിൽ ഏർപ്പെടുത്തുന്നതിനുള്ള പരിശ്രമം ഗവൺമെന്റിന്റെ ഭാഗത്ത് നടക്കുകയാണ്. ഇത് പരിഗണനയിൽ തന്നെയാണ്.

### (5) മെഡിക്കൽ കോളേജിൽ ക്ലാസ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇടുക്കി മെഡിക്കൽ കോളേജിൽ ഈ അദ്ധ്യയന വർഷം ക്ലാസ്സ് ആരംഭിക്കേണ്ടതു സംബന്ധിച്ചാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ പ്രതീക്ഷ നൽകുന്നതാണ് ഇടുക്കി മെഡിക്കൽ കോളേജ്. 2011-ലെ ബഡ്ജറ്റിലാണ് ഇടുക്കി ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തത്. ഭൗതിക സൗകര്യങ്ങളിലും ഡോക്ടർമാരുടെയും ജീവനക്കാരുടെയും സേവനങ്ങളിലും ഒട്ടേറെ പോരായ്മകളുമുള്ള ഇടുക്കി ജില്ലയിൽ

ജില്ലാ ആശുപത്രിയെ അടിസ്ഥാന സൗകര്യമായിക്കണ്ടാണ് മെഡിക്കൽ കോളേജിന് ആവശ്യമായ നടപടി സ്വീകരിച്ചത്. 2013 മേയ് 24-ന് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയാണ് ശിലാസ്ഥാപനം നിർവ്വഹിച്ചത്. ആദ്യപ്രവേശനത്തിന് ആവശ്യമായ നടപടികൾക്കുവേണ്ടി 10.32 കോടി രൂപ അനുവദിച്ച് നിർമ്മാണം ആരംഭിക്കുകയും തുടർന്ന് 40 അദ്ധ്യാപക തസ്തികയും 168 തസ്തികകളിൽ നിയമനത്തിനുള്ള സർക്കാർ അംഗീകാരവും നൽകി. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യക്ക് ആരോഗ്യവകുപ്പ് മുഖാന്തരം അപേക്ഷ നൽകി, 2014 ജൂലൈ 15-ന് 50 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിന് കേന്ദ്ര ആരോഗ്യമന്ത്രാലയം അനുമതിയും നൽകി. 2014 സെപ്റ്റംബർ 1-ാം തീയതി ആദ്യ ബാച്ചിന്റെ ക്ലാസ്സും ആരംഭിച്ചു. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പരിശോധനകൾ പൂർത്തിയായി രണ്ട് വർഷം 50 വിദ്യാർത്ഥികൾ വീതം പ്രവേശനം നേടി. കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നബാർഡ് സഹായത്തോടുകൂടി 57.11 കോടി രൂപ അനുവദിക്കുകയും എന്നാൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി 72 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും അതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിച്ചിരിക്കുകയുമാണ്. 2016 ജൂൺ 21-ാം തീയതി ആരോഗ്യവകുപ്പ് പുറപ്പെടുവിച്ച ഉത്തരവുപ്രകാരം രണ്ടാംവർഷ പഠനം നടത്തിവന്ന വിദ്യാർത്ഥികളെ സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലേയ്ക്ക് മാറ്റുകയുണ്ടായി. അതോടൊപ്പം അവിടെ സേവനം ചെയ്തു ഡോക്ടർമാരെയും 11 നഴ്സുമാരെയും കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരം സ്ഥലംമാറ്റുകയും ചെയ്തു. പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ആരോഗ്യവകുപ്പുമന്ത്രിയെയും കണ്ട് വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുള്ള കത്ത് നൽകി സംസാരിച്ചു. 'വളരെ അനുകൂലമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. ഇടുക്കി മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ യാതൊരു തരത്തിലും ബുദ്ധിമുട്ടുണ്ടാകുകയില്ല, എം.സി.ഐ. അംഗീകാരം നൽകാത്ത സാഹചര്യമുണ്ടായതിന്റെ അടിസ്ഥാനത്തിലാണ് വിദ്യാർത്ഥികളെ മാറ്റേണ്ടി വന്നത് എന്നറിയിച്ചു. ഇന്ന് മൂന്ന് വർഷം തികയുകയാണ്. ഇതിനോടകംതന്നെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അക്കാര്യത്തിൽ വളരെയേറെ താൽപ്പര്യം കാണിക്കുന്നുണ്ട്. അതിന് ഞാൻ പ്രത്യേകം നന്ദി രേഖപ്പെടുത്തുകയാണ്. കൂടാതെ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയെക്കൂടി ചുമതലപ്പെടുത്തി ആവശ്യമായ കാര്യങ്ങൾ പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുമുണ്ട്. ഈ അദ്ധ്യയനവർഷം ക്ലാസ്സ് ആരംഭിക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. അതിനാവശ്യമായ നടപടിയുണ്ടാകണം. ഇടുക്കിയെ സംബന്ധിച്ചിടത്തോളം ഇത്

പുതിയ കാര്യമാണ്. മൂന്ന് വർഷമായി അവിടെ ക്ലാസ്സുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇടുക്കിപോലുള്ള മലയോര പ്രദേശത്ത് ഏറ്റവും കൂടുതൽ പ്രാധാന്യമുള്ള ഈ വിഷയത്തിൽ അടിയന്തര ശ്രദ്ധയുണ്ടാകുകയും ആവശ്യമെങ്കിൽ ആരോഗ്യ വകുപ്പുമന്ത്രി ഡൽഹിയിൽ പോയി ഈ കാര്യങ്ങൾക്കാവശ്യമായ പരിഗണന കിട്ടത്തക്ക നിലയിൽ ഇവിടത്തെ വിശദാംശങ്ങൾ എം.സി.ഐ-യെ ബോധ്യപ്പെടുത്തി, ഗവൺമെന്റ് സെക്ടറിലുള്ള മെഡിക്കൽ കോളേജ് എന്ന നിലയിൽ ഈ അദ്ധ്യയനവർഷം തന്നെ ക്ലാസ്സ് ആരംഭിക്കുന്നതിനുള്ള നടപടിയുണ്ടാക്കണം. ഒന്നാംവർഷ ക്ലാസ്സ് ആരംഭിക്കാൻ 2014-ലുണ്ടായിരുന്നതിനെക്കാൾ സൗകര്യങ്ങൾ ഇപ്പോൾ ഏർപ്പെടുത്തി കഴിഞ്ഞിരിക്കുന്നു. അവർക്ക് ഏത് ഇൻസ്പെക്ഷനും നടത്താം. ഇക്കാര്യത്തിൽ തീർച്ചയായും നല്ല ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2012-ലാണ് ഇടുക്കിയിൽ മെഡിക്കൽ കോളേജ് അനുവദിച്ച് ഉത്തരവായത്. 2014-15, 2015-16 വർഷങ്ങളിൽ അവിടെ 50 വീതം കുട്ടികൾ പ്രവേശിച്ചിരുന്നെങ്കിലും മെഡിക്കൽ കോളേജിന് ആവശ്യമായ മുന്നൊരുക്കങ്ങൾ പൂർത്തിയാകാത്തതിനാൽ ഇവരുടെ അംഗീകാരം 2015-16 വർഷത്തിൽ ക്യാൻസൽ ചെയ്യുകയാണുണ്ടായത്. അക്കാദമിക് ബ്ലോക്ക്, മതിയായ കിടക്കകളുള്ള ആശുപത്രി, ജീവനക്കാർക്ക് താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സ്, മതിയായ ജീവനക്കാർ ഇവയൊന്നും ഇല്ലാത്തതിന്റെ പേരിൽ മെഡിക്കൽ കൗൺസിൽ അംഗീകാരം റദ്ദാക്കുകയാണുണ്ടായത്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 67 കോടി രൂപയാണ് അനുവദിച്ചിരുന്നത്. മാസ്റ്റർപ്ലാനിൽ 72 കോടിരൂപയുടെ പ്രൊപ്പോസലായിരുന്നു. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. 2016-ൽ മാത്രമാണ് ആരോഗ്യ വകുപ്പിന്റെ പേരിൽ ഭൂമി കൈമാറ്റം നടന്നത്. മുമ്പ് അതും ഒരു അനോമലിയായി ചൂണ്ടിക്കാണിച്ചിരുന്നു. 67 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം വന്നപ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ.-യും അതുപോലെ മുൻ എം.പി.യും മിനിസ്റ്റർ എന്ന നിലയിൽ ഞാനുമെല്ലാം ഇടപെട്ടിട്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം അവിടെ മെഡിക്കൽ കോളേജ് കൊണ്ടുവരണമെന്ന താൽപ്പര്യത്തോടുകൂടി പ്രവർത്തിച്ചത്. ഈ ഗവൺമെന്റ് 126 കോടി രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുതിയതായി അനുവദിച്ചിട്ടുണ്ട്. നിരവധി തവണ എം.സി.ഐ.-യുടെ മുമ്പാകെ പോയി അനോമലികളെല്ലാം പരിഹരിച്ച് റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. പുതിയതായി അംഗീകാരം നേടുന്നതിനായി അനാട്ടമി, ഫിസിയോളജി, ബയോകെമിസ്ട്രി എന്നീ

വിഭാഗങ്ങൾക്കെല്ലാമുള്ള സൗകര്യമൊരുക്കി; പത്തോളജി, മൈക്രോബയോളജി, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം എന്നിവയുടെ പണി പൂർത്തിയാക്കി; 225 കിടക്കകൾ സജ്ജീകരിക്കാൻ പാകത്തിൽ വാർഡുകൾ തയ്യാറാക്കി; അങ്ങനെ എം.സി.ഐ. ചൂണ്ടിക്കാണിച്ച എല്ലാ കാര്യങ്ങളും നമ്മൾ ചെയ്തിട്ടുണ്ട്. കെട്ടിട സമുച്ചയങ്ങളും ഒരുക്കിയിട്ടുണ്ട്. 2019-20-ൽ ക്ലാസ്സുകൾ തുടങ്ങണമെന്ന് ആവശ്യപ്പെട്ട് നേരത്തെ റിക്വസ്റ്റ് കൊടുത്തു, എം.സി.ഐ. വീണ്ടും പരിശോധനയ്ക്ക് വന്നു. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലുള്ള എല്ലാ കാര്യങ്ങളും റെഡിയായിട്ടുണ്ടെങ്കിലും എം.സി.ഐ. പിന്നേയും എന്തെങ്കിലും കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. ഏതായാലും നല്ല ഇടപെടൽ അവിടെ നടത്തുന്നുണ്ട്, ഈ അദ്ധ്യയന വർഷം തന്നെ ക്ലാസ്സുകൾ തുടങ്ങാൻ നമുക്ക് കഴിയണമെന്നുള്ളതാണ്. ഭൂമിയുടെ കാര്യത്തിൽ ഒരു തടസ്സം വന്നു. അത് ecologically fragile ആയിട്ടുള്ള ഏരിയയാണെന്ന് പറഞ്ഞിരുന്നെങ്കിലും അതിൽ നിന്നും ഇപ്പോൾ എക്സംപ്ഷൻ കിട്ടിയിട്ടുണ്ട്. land exempted ആണെന്ന് കാണിച്ചിട്ടുള്ള ഓർഡറുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതിൽ ഒരു ക്ലിയറൻസ് തരുന്നതിനുവേണ്ടി ഇടപെട്ടിട്ടുണ്ട്. ഇങ്ങനെ എല്ലാ കാര്യങ്ങളും പൂർത്തിയായിട്ടുണ്ടെങ്കിലും എം.സി.ഐ. ആണ് അന്തിമ തീരുമാനം എടുക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വീണ്ടും നമുക്ക് എം.സി.ഐ.യെ സമീപിക്കാം, അവരുടെ അംഗീകാരം ലഭിച്ചാൽ ഈ വർഷം ക്ലാസ്സ് തുടങ്ങാൻ സാധിക്കും.

(6) <u>തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ കെട്ടിട നിർമ്മാണം</u>

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണപ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കണം എന്നാണ് എനിക്ക് ഉന്നയിക്കാനുള്ളത്. 2018 സെപ്റ്റംബർ മാസം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇതിന് തറക്കല്ലിട്ടതാണ്. കെ.എസ്.ആർ.ടി.സി.യുടെ ചീഫ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകാൻ കഴിയില്ല എന്ന നിലപാട് സ്വീകരിച്ചിരിക്കുകയാണ്. എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും മൂന്ന് കോടി രൂപ മാറ്റി വയ്ക്കുകയും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വളരെ മനോഹരമായൊരു പ്ലാൻ തയ്യാറാക്കി ജോലി ചെയ്യാൻ തയ്യാറായതുമാണ്. പ്രസ്തുത പ്രവൃത്തിക്കുള്ള അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിച്ചുകഴിഞ്ഞു. പണി ആരംഭിക്കാത്തത് സാങ്കേതികാനുമതിയുടെ പേരിലായതിനാൽ ആയത് അടിയന്തരമായി ലഭ്യമാക്കി കെട്ടിടനിർമ്മാണം ഉടൻ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട തിരുവമ്പാടി എം.എൽ.എ. അദ്ദേഹത്തിന്റെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഒരു കെട്ടിടം നിർമ്മിക്കുന്ന കാര്യത്തിലുണ്ടായിട്ടുള്ള കാലതാമസം സംബന്ധിച്ചാണ് ഉന്നയിച്ചത്. കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി പഞ്ചായത്ത് ഡെവലപ് ചെയ്ത സ്ഥലത്ത് ആസ്തിവികസന ഫണ്ടുപയോഗിച്ച് കെട്ടിടമുണ്ടാക്കാനുള്ള പ്രൊപ്പോസലാണ് സമർപ്പിച്ചത്. ഫലത്തിൽ പഞ്ചായത്തിന്റെ സ്ഥലത്താണ് കെ.എസ്.ആർ.ടി.സി.-ക്ക് കെട്ടിടം നിർമ്മിക്കുന്നത്. എന്നാൽ പ്രസ്തുത സ്ഥലം ഇതുവരെ കെ.എസ്.ആർ.ടി.സി.-യിൽ നിക്ഷിപ്തമാക്കിയിട്ടില്ല. അതാണ് സാങ്കേതിക തടസ്സം എന്നുപറയുന്നത്. ആ തടസ്സം എളുപ്പത്തിൽ മാറ്റാൻ കഴിയുമെന്ന് വിചാരിക്കുകയാണ്. കരാർ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചുകഴിഞ്ഞതാണ്. തടസ്സം മാറ്റിക്കഴിയുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്.

### (7) പ്ലസ് വൺ സീറ്റുകൾ അനുവദിക്കൽ

ശ്രീ. പി. ഉബൈദുള്ള: സർ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ മലപ്പുറം ജില്ലയിൽ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ പുതിയ ബാച്ചുകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകത ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഏകജാലകം വഴി പ്ലസ്‌വൺ പ്രവേശനത്തിനുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് നടപടി പൂർത്തീകരിച്ചിരിക്കുകയാണ്. അപേക്ഷ സമർപ്പിച്ചവരിൽ നല്ലൊരു ശതമാനം കുട്ടികൾക്കും പ്രവേശനം നേടാനാകാതെ മറ്റു സമാന്തര പഠന സൗകര്യങ്ങൾ തേടേണ്ട സ്ഥിതിയാണുള്ളത്. ഈ വിഷയം ഏറ്റവും കൂടുതൽ ബാധിക്കുന്നത് മലബാർ ജില്ലകളെയാണ്, വിശേഷിച്ചും മലപ്പുറം ജില്ലയെ. സംസ്ഥാനത്ത് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് കരസ്ഥമാക്കിയ വിദ്യാർത്ഥികൾ ഏറ്റവും കൂടുതലുള്ള മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി. പരീക്ഷ വിജയിക്കുന്നവരുടെയും പ്ലസ്‌വൺ സീറ്റുകളുടെയും അന്തരം ഓരോ വർഷവും വർദ്ധിച്ചുവരികയാണ്. 80052 പേരാണ് ജില്ലയിൽ ഇത്തവണ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയത്. അതിൽ 78135 പേർ ഉപരിപഠനത്തിന് യോഗ്യത നേടി. സി.ബി.എസ്.ഇ. ഉൾപ്പെടെ മറ്റു സിലബസുകളിൽ നിന്നും പ്രസ്തുത യോഗ്യത നേടിയ 4602 വിദ്യാർത്ഥികളെക്കൂടി പരിഗണിച്ചാൽ ആകെ 82937 സീറ്റുകൾ ആവശ്യമാണ്. എന്നാൽ ഇത്രയും കുട്ടികൾക്ക് ഉപരിപഠനത്തിനായി മലപ്പുറം ജില്ലയിൽ ആകെയുള്ളത് 49320

സീറ്റുകളാണ്. സർക്കാർ മേഖലയിൽ 26100 സീറ്റുകളും എയിഡഡ് മേഖലയിൽ 23200 സീറ്റുകളുമാണുള്ളത്. 33617 കുട്ടികൾക്ക് ഉപരിപഠനത്തിനായി നിലവിൽ ഹയർ സെക്കണ്ടറിയിൽ സീറ്റുകളില്ല. മറ്റു സാധ്യതകൾകൂടി പരിശോധിച്ചാൽ ജില്ലയിലെ 27 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ 87 ബാച്ചുകളിലായി 2820 സീറ്റുകളും നാല് സർക്കാർ പോളിടെക്നിക് കോളേജുകളിലും 7 സ്വാശ്രയ പോളിടെക്നിക് കോളേജുകളിലുമായി 1494 സീറ്റുകളും 6 സർക്കാർ ഐ.ടി.ഐ.കളിൽ 1087 സീറ്റുകളുമാണുള്ളത്. ഇവയെല്ലാംകൂടി ചേർത്താൽ 54721 സീറ്റുകളാണ് ഉപരിപഠനത്തിനായി ജില്ലയിൽ ആകെയുള്ളത്. വ്യക്തമായിപ്പറഞ്ഞാൽ 82937 വിദ്യാർത്ഥികൾക്ക് 54721 സീറ്റുകൾ മാത്രമാണുള്ളത്. ഫലത്തിൽ 28216 കുട്ടികൾക്ക് ജില്ലയിൽ പഠിക്കാൻ യാതൊരു മാർഗ്ഗവുമില്ലാതാകുകയാണ്. സേ പരീക്ഷാഫലം, വിദേശത്തുനിന്നുള്ള ട്രാൻസ്ഫർ, സമീപജില്ലകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ അപേക്ഷകൾ എന്നിവ കൂടി ചേരുമ്പോൾ 33000-ത്തിലധികം വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് ഒരു സാധ്യതയുമില്ലാതെ വരികയാണ്. എറണാകുളം മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിൽ 29558 സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോൾ കാസർഗോഡ് മുതൽ തൃശ്ശൂർ വരെയുള്ള ജില്ലകളിൽ 32040 സീറ്റുകൾ കുറവാണ്. അവയിൽ ഏറ്റവും കുറവ് അനുഭവപ്പെടുന്നത് മലപ്പുറം ജില്ലയിലാണ്. തെക്കൻ മേഖലയിലെ നാല് ജില്ലകളിലെ ഹയർ സെക്കണ്ടറി സ്കൂളുകളുടെ കണക്കുകൾകൂടി പരിശോധിച്ചാൽ എത്രമാത്രം അവഗണനയാണ് മലബാർ മേഖല നേരിടുന്നതെന്ന് മനസ്സിലാകും. എറണാകുളം, ഇടുക്കി, ആലപ്പുഴ, കോട്ടയം, ജില്ലകളിൽ നിന്നായി എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ചവരുടെ ആകെ എണ്ണം 65409 ആണ്. അവിടെ നാല് ജില്ലകളിലുംകൂടി 437 ഹയർ സെക്കണ്ടറി സ്കൂളുകളുണ്ട്. എന്നാൽ അതിലേറെ വിദ്യാർത്ഥികൾ വിജയിച്ച മലപ്പുറം ജില്ലയിൽ ആകെയുള്ളത് 246 ഹയർ സെക്കണ്ടറി സ്കൂളുകൾ മാത്രമാണ്. 191 സ്കൂളുകളുടെ കുറവാണ് ഇവിടെയുള്ളത്. ഇവിടെയുള്ള വിദ്യാർത്ഥികൾ മറ്റ് അൺ എയിഡഡ് സ്കൂളുകളെ ആശ്രയിക്കേണ്ട സ്ഥിതിയിലേക്കാണ് പോകുന്നത്. വിദ്യാർത്ഥികളുടെ ഇനിയുള്ള ദിവസങ്ങൾ സീറ്റിനായുള്ള പരക്കം പാച്ചിലിന്റേതാണ്. റെഗുലർ സീറ്റുകൾ ലഭിക്കാതെ SCOLE- Kerala (State Council for Open and Lifelong Education -Kerala)-യിൽ ഫീസ് നൽകി രജിസ്റ്റർ ചെയ്യേണ്ട സ്ഥിതിയാണുള്ളത്. ഇത്തവണ ഹയർ സെക്കണ്ടറി ഫലം പുറത്തുവന്നപ്പോൾ 84.33% പേരാണ് വിജയികളായത്. അതേസമയം SCOLE- Kerala യിൽ വിജയ ശതമാനം 43.48% മാത്രമാണ്. അതായത് ആ സ്കീമിൽ കനത്ത ഫീസ് നൽകി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ മഹാഭൂരിപക്ഷവും പ്ലസ്ടു എന്ന കടമ്പ കടക്കാനാകാതെ പരാജയപ്പെടുകയാണുണ്ടായത്. SCOLE- Kerala-യിൽ രജിസ്റ്റർ ചെയ്ത 52895

വിദ്യാർത്ഥികളിൽ 20150 പേരും ഈ ജില്ലയിൽ നിന്നാണെന്ന കാര്യവും ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. വിജയ ശതമാനത്തിലുണ്ടാകുന്ന ഉയർച്ചയ്ക്കനുസരിച്ച് തുടർപഠന സൗകര്യം ലഭ്യമാക്കണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സർക്കാരിനോട് ആവശ്യപ്പെട്ട സാഹചര്യത്തിൽ, സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് 2015 ജൂൺ 30-ാം തീയതി കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചർച്ചയിൽ 735 (എ) പ്രകാരം പതിമൂന്നാം കേരള നിയമസഭയുടെ VI-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റി സഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഇതുവരെയും നടപടിയായിട്ടില്ല. ഈ വർഷവും ഏറ്റവും കൂടുതൽ അപേക്ഷകരുള്ള മലപ്പുറം ജില്ലയിൽ കൂടുതൽ ബാച്ചുകൾ അനുവദിച്ചെങ്കിൽ മാത്രമേ കാര്യമുള്ളൂ. ഇപ്പോൾ 65 കുട്ടികളും ശാരീരിക പ്രയാസമുള്ള 3 കുട്ടികളുമടക്കം 68 കുട്ടികളാണ് ഒരു ക്ലാസ്സിലുള്ളത്. 68 പേരെവച്ച് എങ്ങനെയാണ് ക്ലാസ്സ് നടത്തുക? അതുകൊണ്ട് നിലവിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ ബാച്ചുകളും ഒപ്പം പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളും ജില്ലയിൽ ആവശ്യമാണ്, അതിനായുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. പ്രത്യേകിച്ച് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം നടത്തുന്ന ഈ ഘട്ടത്തിൽ എം.എൽ.എ.മാർ അവരുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് ഭൗതിക സൗകര്യങ്ങൾ പരമാവധി ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ഭൗതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പുതിയ ബാച്ചുകൾ അനുവദിക്കണം.

ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഒരു കാര്യം രാവിലെ സഭയിൽ സൂചിപ്പിക്കുകയുണ്ടായി. ജൂൺ 3-ാം തീയതി സ്കൂളുകൾ തുറക്കാൻ തീരുമാനിച്ചിരിക്കുകയാണ്. എന്നാൽ ജൂൺ 4, 5 തീയതികളിൽ പെരുന്നാൾ വന്നിരിക്കുകയാണ്. ഒരു വിദ്യാലയത്തിലും ഒരു തുള്ളിവെള്ളംപോലും ഇല്ലാത്ത സാഹചര്യത്തിൽ ജൂൺ 3-ാം തീയതി സ്കൂൾ തുറക്കണമെന്ന തീരുമാനം മാറ്റേണ്ടതാവശ്യമാണ്. ഇക്കാര്യംകൂടി സർക്കാർ പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2018 മാർച്ചിൽ സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായവരുടെ എണ്ണം 4,31,161 ആണ്. 2018-19-ൽ പ്ലസ് വൺ സീറ്റുകളുടെ എണ്ണം 4,27,281 ആയിരുന്നു. 2019 മാർച്ചിൽ എസ്.എസ്.എൽ.സി. പാസ്സായവരുടെ എണ്ണം 426755 ആണ്. മുൻ വർഷത്തെക്കാൾ 4406 എണ്ണം കുറവാണ്. 2019-20 അദ്ധ്യയന വർഷത്തിൽ പ്ലസ് വൺ സീറ്റുകളുടെ എണ്ണം മുൻവർഷത്തെപ്പോലെ തുടരുന്നു. 2018-19 വർഷത്തിൽ സംസ്ഥാനത്തൊട്ടാകെ 41003 സീറ്റുകൾ

ഒഴിഞ്ഞുകിടന്നിരുന്നു. എസ്.എസ്.എൽ.സി. പരീക്ഷ പാസ്സാകുന്ന മുഴുവൻ വിദ്യാർത്ഥികളും ഹയർ സെക്കണ്ടറി, പ്ലസ് വൺ പ്രവേശനം തേടാറില്ല. കൂടാതെ ജില്ലാതിർത്തിയിലുള്ളവർ ഒന്നിലധികം ജില്ലയിൽ അപേക്ഷയും നൽകാറുണ്ട്. 27-5-2019-ലെ സർക്കാർ ഉത്തരവുപ്രകാരം ഈ വർഷം സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും പ്ലസ് വൺ പ്രവേശനത്തിനായി 20 ശതമാനം സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. 2019 മാർച്ചിൽ മലബാർ മേഖലയിൽ നിന്നും 262138 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ചു. പ്ലസ് വൺ പ്രവേശനത്തിനായി 232765 സീറ്റുകൾക്കുപുറമേ വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 11550 സീറ്റുകളും കൂടാതെ ഐ.റ്റി.ഐ., പോളിടെക്നിക് സീറ്റുകളും പ്രസ്തുത മേഖലയിൽ ലഭ്യമാണ്. ഈ വർഷം മലപ്പുറം ജില്ലയിൽനിന്ന് 78335 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷയെഴുതി വിജയിച്ചിട്ടുണ്ട്. പ്ലസ് വൺ പ്രവേശനത്തിനായി മലപ്പുറം ജില്ലയിൽ മാർജിനൽ സീറ്റുകളുൾപ്പെടെ ഹയർ സെക്കണ്ടറിയിൽ സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 2790 സീറ്റുകൾ ലഭ്യമാണ്. കൂടാതെ ഐ.റ്റി.ഐ., പോളിടെക്നിക് സീറ്റുകളും ലഭ്യമാണ്. എങ്കിലും മലപ്പുറത്ത് പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. കഴിഞ്ഞ വർഷം മതിയായ കുട്ടികൾ ഇല്ലാത്ത ജില്ലകളിൽനിന്നും ഒഴിഞ്ഞുകിടന്നിരുന്ന ഹയർ സെക്കണ്ടറി ബാച്ചുകൾ മലപ്പുറം ജില്ലയിലേയ്ക്ക് മാറ്റിയിരുന്നു. അതുപോലെ ഈ വർഷവും അഡ്മിഷൻ പൂർത്തിയായശേഷം ഒഴിഞ്ഞുകിടക്കുന്ന ബാച്ചുകൾ ആവശ്യമുള്ള സ്ഥലങ്ങളിലേയ്ക്ക് മാറ്റാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പിന്നെയും സീറ്റുകൾ കിട്ടാതെ വരുന്ന സാഹചര്യത്തിൽ സർക്കാർ മേഖലയിൽ അഡീഷണൽ ബാച്ചുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(8) <u>കെട്ടിട നിർമ്മാണം</u>

<u>ശ്രീ. മുരളി പെരുനെല്ലി</u>: സമഗ്ര വികസനം ലക്ഷ്യംവച്ച് നടപ്പിലാക്കുന്ന നാല് കർമ്മ പദ്ധതികളിൽ ശ്രദ്ധേയമായ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് 5.17 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനത്തിന്റെ ഉദ്ഘാടനം കൃത്യം ഒരു വർഷംമുമ്പ് 28.05.2018-ന് നടന്നുകഴിഞ്ഞതാണ്. കരാറുകാരന്റെ അനാസ്ഥമൂലം അടിസ്ഥാന നിർമ്മാണ പ്രവർത്തനങ്ങൾപോലും ഇതുവരെ പൂർത്തിയായിട്ടില്ല. കരാറുകാരൻ യഥാസമയം സബ് കോൺട്രാക്ടർമാർക്ക് മെറ്റീരിയൽസും സ്റ്റേജ്‌വൈസ് പേമെന്റും

നൽകാത്തതുകാരണം നിർമ്മാണപ്രവർത്തനം മന്ദഗതിയിലാണ് നീങ്ങി കൊണ്ടിരിക്കുന്നത്. പഴയകെട്ടിടം പൊളിച്ചുമാറ്റിയതിനാൽ ഇന്ന് പഠനത്തിന് കുട്ടികൾക്ക് വളരെ പ്രയാസമനുഭവപ്പെടുന്ന സാഹചര്യം നിലനിൽക്കുകയാണ്. അതേസമയം ഇതേ രീതിയിൽ മണ്ഡലത്തിൽ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക സ്കൂളിനും 5 കോടി രൂപയുടെ പദ്ധതി ലഭിക്കുകയുണ്ടായി. അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നല്ല രീതിയിൽ മുന്നോട്ടുകൊണ്ടു പോകുന്നുണ്ട്. ഇത്തരം ഒരു സാഹചര്യത്തിൽ അടിയന്തരമായി ഈ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): സർ,സംസ്ഥാനത്ത് 30 ക്ലസ്റ്ററുകളിലെ 207 സ്കൂളുകളിലായി 5 കോടി രൂപയുടെയും 3 കോടി രൂപയുടെയും അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഈ പ്രവൃത്തികൾ പതിനെട്ട് കരാറുകാരാണ് നടത്തിവരുന്നത്. മണലൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തെരഞ്ഞെടുത്ത മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനം ശ്രീശൈലം കോൺട്രാക്റ്റിംഗ് ആന്റ് റിയൽ എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് നടത്തുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലായതിനാൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കർമ്മസമിതിയിലും മറ്റ് ജില്ലാതല റിവ്യൂ മീറ്റിംഗുകളിലും ശ്രീശൈലം ഏജൻസിയോട് നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിലാക്കാനുള്ള നടപടി കൈക്കൊള്ളണമെന്ന് തുടർച്ചയായി നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ നിർമ്മാണ പ്രവൃത്തികളിൽ കരാറുകാരൻ വരുത്തിയ കാലതാമസം മനസ്സിലാക്കിയതുകാരണം അവരെ 11-5-2019-ന് KITE (Kerala Infrastructure and Technology for Education) ആസ്ഥാനത്ത് വിളിച്ചുവരുത്തി ചർച്ചചെയ്യുകയും പ്രവർത്തനപുരോഗതി പ്രത്യേകം അവലോകനം ചെയ്യുകയുമുണ്ടായി. അതിനുശേഷം യുദ്ധകാലാടിസ്ഥാനത്തിൽ പ്രവൃത്തി തീർക്കാനുള്ള ഷെഡ്യൂൾ നൽകുകയും സൈറ്റിലെ പ്രവർത്തന പുരോഗതി ദിനംപ്രതി വീക്ഷിച്ചു വരികയുമാണ്. പ്രവൃത്തി മന്ദഗതിയിലാണെന്നും ആയത് ദ്രുതഗതിയിലാക്കി യില്ലെങ്കിൽ നിയമപ്രകാരമുള്ള കർശനനടപടി സ്വീകരിക്കുമെന്നും കാണിച്ച് കരാറുകാരന് 20-5-2019-ൽ നോട്ടീസ് നൽകിയിട്ടുണ്ട്. തുടർന്നുള്ള എല്ലാ

പ്രവർത്തനങ്ങളും വളരെ സൂക്ഷ്മമായി നിരീക്ഷിച്ചുവരുന്നുണ്ട്. പ്രവർത്തനങ്ങൾ എത്രയുംപെട്ടെന്ന് ആരംഭിക്കാനും പൂർത്തിയാക്കാനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(9) ആത്മഹത്യാ ശ്രമം

ശ്രീ. ഒ. രാജഗോപാൽ: സർ, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഒരുകൂട്ടം വിദ്യാർത്ഥികളുടെ മാനസികപീഡനം നിമിത്തം ഒരു B.Sc. വിദ്യാർത്ഥിനി ആത്മഹത്യയ്ക്ക് ശ്രമിച്ചു. പ്രസ്തുത വിദ്യാർത്ഥിനി എഴുതിയ ആത്മഹത്യാക്കുറിപ്പിൽ വിദ്യാർത്ഥികൾ നിരന്തരം മാനസിക പീഡനത്തിനും ഭീഷണിക്കും വിധേയമാക്കുന്നുവെന്നും അദ്ധ്യാപകർക്കോ പ്രിൻസിപ്പലിനോ പോലും ഇത്തരക്കാരെ നിയന്ത്രിക്കാൻ കഴിയാത്ത സാഹചര്യത്തിലേയ്ക്ക് കോളേജ് ക്യാമ്പസ് മാറിയിരിക്കുന്നുവെന്നും ആരോപിക്കുന്നു. ഈ വിദ്യാർത്ഥിനി യൂണിവേഴ്സിറ്റി കോളേജിലെ പഠനം അവസാനിപ്പിച്ച് ടി.സി. വാങ്ങിപ്പോകുകയും മറ്റ് വിദ്യാർത്ഥിനികൾ ഈ കോളേജിലെ തുടർ പഠനം അവസാനിപ്പിച്ച് പോകുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തതായി വാർത്തയുണ്ട്. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഇത്തരം അനുഭവങ്ങൾ ഉണ്ടാകുന്നുവെന്നും ഇവരെ ഭയന്ന് ഇക്കാര്യങ്ങൾ പുറത്ത് പറയുന്നില്ലെന്നുമുള്ള സാഹചര്യം നിലനിൽക്കുന്നുണ്ട്. 28-5-2019-ന് കോളേജിൽ വിദ്യാഭ്യാസ ഡയറക്ടർ വിളിച്ചുചേർത്ത യോഗത്തിൽ വിദ്യാർത്ഥികളുടെ അമ്മമാരാണ് കൂടുതൽ പരാതികൾ ഉന്നയിച്ചത്. അദ്ധ്യാപകൻ പഠിപ്പിച്ചുകൊണ്ട് നിൽക്കുമ്പോൾ വിദ്യാർത്ഥി സംഘടനാ നേതാക്കൾ നിർബന്ധമായും വിദ്യാർത്ഥികളെ സമരത്തിന് പങ്കെടുപ്പിക്കുന്നതിനായി വിളിച്ചിറക്കിക്കൊണ്ടുപോകുന്നുണ്ട്. ഇത് നിത്യസംഭവമായതിനാൽ അദ്ധ്യാപകർ ക്ലാസ്സ് എടുക്കുന്നതിനായി എത്തുന്നില്ല. കുട്ടികൾക്ക് നോട്ടുകൾ വാട്ട്സ് ആപ് വഴി നൽകുന്നുവെന്നും രക്ഷിതാക്കൾ പരാതിപ്പെടുന്നുണ്ട്. ഇക്കാരണത്താൽ കുട്ടികൾക്ക് മതിയായ ഹാജർ ലഭിക്കുന്നില്ല. എന്നാൽ ക്ലാസ്സിൽ നിന്നും വിളിച്ചിറക്കിക്കൊണ്ട് പോകുന്നവർക്ക് ഹാജരിനോ പരീക്ഷ എഴുതുന്നതിനോ യാതൊരു തടസ്സവുമില്ല. ഈ പ്രവണത തുടരുന്നതിനാൽ സാധാരണക്കാരായ കുട്ടികൾക്ക് പരീക്ഷ എഴുതുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. 3600 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ മഹത്തായ കോളേജിൽ അദ്ധ്യാപക-രക്ഷകർതൃ സമിതികൾ ഇല്ലായെന്നും ഈ യോഗത്തിൽ ചൂണ്ടിക്കാട്ടിയതായി അറിയാൻ കഴിയുന്നു. ഇക്കാര്യങ്ങൾ സംബന്ധിച്ച് അടിയന്തര ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ B.Sc. വിദ്യാർത്ഥിനിയുടെ ആത്മഹത്യാശ്രമവുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി. കോളേജിന് വെക്കേഷൻ ആയതിനാൽ വിദ്യാർത്ഥിനിയോടും കോളേജ് പ്രിൻസിപ്പലിനോടും രണ്ട് അദ്ധ്യാപകരോടും അന്വേഷിച്ചാണ് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയത്. ആ റിപ്പോർട്ടിൽ കോളേജ് യൂണിയന്റെ ഭാഗം കേൾക്കാൻ കഴിഞ്ഞിട്ടില്ലെന്നും ആയതിനാൽ വിശദമായ അന്വേഷണം നടത്താൻ കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ സൂപ്രണ്ട് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും കോൺഫിഡൻഷ്യൽ മൊഴി രേഖപ്പെടുത്താൻ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. 12-10-2015-ലെ ഗവൺമെന്റ് സർക്കുലറിനും നിലവിലുള്ള ചട്ടങ്ങൾക്കും വിധേയമായി കോളേജ് യൂണിയൻ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിക്കുകയുണ്ടായി. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥികൾ തുടർപഠനം അവസാനിപ്പിച്ച് പോകുന്നതായുള്ള ആരോപണം വസ്തുതാവിരുദ്ധമാണ്. അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ ഹയർ ഓപ്ഷൻ നൽകിപ്പോകുന്ന ഒഴിവുകളിൽ പുതിയ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നുണ്ട്. ഈ വിഷയം സംബന്ധിച്ച് അന്വേഷണ സമിതിയുടെ വിശദമായ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ തലത്തിൽ അനന്തരനടപടി സ്വീകരിക്കുന്നതാണ്. നമ്മുടെ സംസ്ഥാനത്ത് എൻ.ഐ.ആർ.എഫ്. (National Institutional Ranking Framework)-ന്റെ റാങ്കിംഗിൽ ഏറ്റവും ഉന്നത സ്ഥാനത്ത് വന്നിട്ടുള്ളതാണ് യൂണിവേഴ്സിറ്റി കോളേജ്. NAAC-ന്റെ അക്രെഡിറ്റേഷന്റെ കാര്യത്തിലും 'എ' ഗ്രേഡ് നേടി സംസ്ഥാനത്തെ ശ്രദ്ധേയമായ കോളേജുകളിൽ ഒന്നാണിത്. നല്ല അദ്ധ്യാപകർ, വിദ്യാർത്ഥികൾ, വിദ്യാർത്ഥി യൂണിയൻ തുടങ്ങിയവയൊക്കെ ഉള്ളതുകൊണ്ടാണ് ഇത്രയും വലിയ റാങ്കിംഗിൽ യൂണിവേഴ്സിറ്റി കോളേജിന് എത്താൻ സാധിച്ചുവെന്നുള്ളതുകൂടി ഒരദ്ധ്യാപകൻ എന്നുള്ള നിലയിൽ ഞാൻ അറിയിക്കുകയാണ്. തീർച്ചയായും അത് നിലനിർത്താനാവശ്യമായ എല്ലാ നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് ഉറപ്പുനൽകുന്നു.

## (10) സെക്ഷൻ ഓഫീസ്

ശ്രീ. എം. സ്വരാജ്: സർ, തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഇടക്കൊച്ചി, പള്ളുരുത്തി ഭാഗങ്ങളിൽ അനുഭവപ്പെടുന്ന അതിരൂക്ഷമായ വൈദ്യുത പ്രതിസന്ധിയുമായി ബന്ധപ്പെട്ട പ്രശ്നമാണ് എനിക്ക് ഉന്നയിക്കാനുള്ളത്. കേരളത്തിൽ ഏറ്റവുമധികം വൈദ്യുതി ഉപഭോക്താക്കളുള്ള കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസുകളിലൊന്നാണ് തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ പള്ളുരുത്തി സെക്ഷൻ ഓഫീസ്. ഏകദേശം മുപ്പതിനായിരത്തിലധികം ഉപഭോക്താക്കളാണ് അവിടെയുള്ളത്. എന്നാൽ തൊട്ടടുത്തുള്ള സെക്ഷൻ ഓഫീസുകളായ കുമ്പളങ്ങിയിലും കണ്ണമാലിയിലും യഥാക്രമം ഒൻപതിനായിരവും പതിനായിരവും ഉപഭോക്താക്കളാണുള്ളത്. ഇതിൽനിന്നും അവ തമ്മിലുള്ള വ്യത്യാസം നമുക്ക് പെട്ടെന്ന് മനസ്സിലാക്കാൻ കഴിയും. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസുകൾ മാതൃകാ സെക്ഷൻ ഓഫീസുകളാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ എണ്ണം എല്ലാ ഓഫീസുകളിലും ഏറെക്കുറെ തുല്യമാക്കിയിരുന്നു. അപ്രകാരം എല്ലായിടത്തും ഒരു അസിസ്റ്റന്റ് എഞ്ചിനീയറും മൂന്ന് സബ് എഞ്ചിനീയർമാരും ആറ് ഓവർസീയർമാരും പന്ത്രണ്ട് ലൈൻമാൻമാരും മറ്റ് മിനിസ്റ്റീരിയൽ ജീവനക്കാരുമാണ് നിലവിലുള്ളത്. ജനസാന്ദ്രതയേറിയ പള്ളുരുത്തി-ഇടക്കൊച്ചി മേഖലകളിൽ നിലവിൽ അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമവും നിരന്തരമായി വൈദ്യുതി തടസ്സപ്പെടുന്ന സാഹചര്യവുമുണ്ട്. ഈ പ്രശ്നങ്ങൾ കാരണം പൊതുജനങ്ങൾക്ക് വളരെയധികം പ്രയാസങ്ങൾ അനുഭവപ്പെടുകയും പലപ്പോഴും ഇത് പ്രക്ഷോഭങ്ങൾക്കും മറ്റ് അസ്വസ്ഥതകൾക്കും കാരണമാകുകയും ചെയ്യുന്നു. പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നിലവിലുള്ള ജീവനക്കാരുടെ എണ്ണം പര്യാപ്തമല്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി മുമ്പ് സെക്ഷൻ രണ്ടായി വിഭജിക്കുന്നതിനും പള്ളുരുത്തി സെക്ഷൻ വിഭജിച്ച് ഇടക്കൊച്ചിയിൽ ഒരു പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് തീരുമാനിച്ചിരുന്നു. എന്നാൽ ആ തീരുമാനത്തിന്റെ ഭാഗമായി പുതുതായി സ്ഥാപിക്കണമെന്ന് തീരുമാനിച്ച 24 സെക്ഷൻ ഓഫീസുകളിൽ മറ്റെല്ലാം നിലവിൽ വന്നെങ്കിലും ഇടക്കൊച്ചി സെക്ഷൻ മാത്രം നിലവിൽ വന്നില്ല. സെക്ഷൻ ഓഫീസ് സ്ഥാപിക്കണമെങ്കിൽ സൗജന്യമായി സ്ഥലമോ വാടകയില്ലാത്ത കെട്ടിടമോ ലഭിക്കണമെന്ന കെ.എസ്.ഇ.ബി.എൽ.-ന്റെ നിലപാടാണ് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് തടസ്സമായി നിന്നത്.

എന്നാൽ നിലവിൽ കൊച്ചി കോർപ്പറേഷൻ വക കെട്ടിടം വാടകയില്ലാതെ ലഭിക്കുന്നതിനാവശ്യമായ ചർച്ചകൾ നടന്നുവരികയാണ്; അത് ലഭിക്കുമെന്ന ഒരു ഘട്ടത്തിലെത്തി നിൽക്കുകയാണ്. നിലവിൽ അവിടെയുള്ള വോൾട്ടേജ്ക്ഷാമം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എം.എൽ.എ-മാർ വിളിച്ചുചേർത്ത യോഗ തീരുമാനമനുസരിച്ച് പന്ത്രണ്ട് ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി കൂട്ടുകയും എട്ടെണ്ണത്തിന്റേത് കൂട്ടുന്ന പ്രവൃത്തികൾ നടന്നുവരികയുമാണ്. എന്നാൽ ഇവിടത്തെ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കണമെങ്കിൽ കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതുണ്ട്. കൊച്ചി നഗരസഭയുടെ പരിധിയിൽ വരുന്ന ഈ മേഖലയിലെ ജനസാന്ദ്രത പരിഗണിച്ചും നിലവിലുള്ള പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ടും ആവശ്യാനുസരണമുള്ള ട്രാൻസ്ഫോർമറുകൾ സമയബന്ധിതമായി സ്ഥാപിക്കുന്നതിനും അതോടൊപ്പം മുൻതീരുമാനപ്രകാരം പള്ളുരുത്തി സെക്ഷൻ ഓഫീസ് വിഭജിച്ച് ഇടക്കൊച്ചിയിൽ പുതിയ സെക്ഷൻ ഓഫീസ് അടിയന്തരമായി സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ പള്ളുരുത്തി, തോപ്പുംപടി എന്നീ സെക്ഷൻ ഓഫീസുകളുടെ പരിധിയിലെ പ്രദേശങ്ങളെ ഉൾപ്പെടുത്തി ഇടക്കൊച്ചിയിൽ ഒരു പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ട്. സെക്ഷൻ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് പത്ത് സെന്റ് സ്ഥലം സൗജന്യമായി നൽകുകയോ വാടകരഹിത കെട്ടിടം ലഭ്യമാക്കുകയോ ചെയ്യുണമെന്ന നിബന്ധനയോടെയാണ് ഈ തീരുമാനമെടുത്തിട്ടുള്ളത്. കെട്ടിടം ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിലാണ് സെക്ഷൻ ഓഫീസ് പ്രവർത്തനമാരംഭിക്കാത്തത്. 3-5-2019-ന് ശ്രീ. ജോൺ ഫെർണാണ്ടസ്, ശ്രീ. എം. സ്വരാജ് എന്നിവരുടെ സാന്നിധ്യത്തിൽ കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും യോഗം ചേർന്ന് കച്ചേരിപ്പടിയിലെ മാർക്കറ്റിന് സമീപം കൊച്ചിൻ കോർപ്പറേഷന്റെ കൈവശമുള്ള കെട്ടിടം സെക്ഷൻ ഓഫീസിന് സൗജന്യമായി വിട്ടുനൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിക്കുമെന്ന് ഈ അവസരത്തിൽ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഈ പ്രദേശത്തെ വൈദ്യുതി വിതരണരംഗം നവീകരിക്കുന്നതിനും വോൾട്ടേജ് ക്ഷാമം, വോൾട്ടേജ് വർദ്ധനവ്, വൈദ്യുതി തടസ്സങ്ങൾ എന്നിവ പരിഹരിക്കുന്നതിനും ഫലപ്രദമായ ഇടപെടൽ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിട്ടുണ്ട്. പള്ളുരുത്തി സെക്ഷന് കീഴിലെ പത്ത് ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടുകയും നാല് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പത്ത് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനുള്ള

നടപടി പുരോഗമിക്കുന്നു. കേടായ കമ്പികൾ മാറ്റി വലിക്കുക, തടസ്സങ്ങൾ കൂടിയ ഭാഗത്ത് AB (Aerial Bunched) Cable ഉപയോഗിച്ച് ലൈൻ പുതുക്കുക, റേഞ്ച് ഇമേജിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക തുടങ്ങിയ നവീകരണ പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. മെച്ചപ്പെട്ട വോൾട്ടേജിൽ തടസ്സരഹിതമായ വൈദ്യുതി വിതരണം സാധ്യമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ദ്യുതി-2021-ന്റെ നടപടികളും പുരോഗമിക്കുകയാണ്.

## VII മേശപ്പുറത്തുവച്ച കടലാസുകൾ

### I. ലിസ്റ്റ്-1 പ്രകാരമുള്ള കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 827/2018 | ജി.ഒ.(പി) നമ്പർ 74/2018/ആഭ്യന്തരം. | 24-11-2018 | അതെ |
| 2 | 9/2019 | ജി.ഒ.(പി) നമ്പർ 3/2018/ഇഎൻവിറ്റി. | 24-12-2018 | അല്ല |
| 3 | 11/2019 | ജി.ഒ.(എം.എസ്)നമ്പർ 198/2018/ഹോം. | 22-12-2018 | അല്ല |
| 4 | 36/2019 | ജി.ഒ.(പി) നമ്പർ 2/2019/ഹോം. | 14-1-2019 | അല്ല |
| 5 | 62/2019 | നമ്പർ 651/സി3/2019-I/ വിജ്. | 17-1-2019 | അല്ല |
| 6 | 63/2019 | നമ്പർ 651/സി3/2019-II/ വിജ്. | 17-1-2019 | അല്ല |
| 7 | 64/2019 | നമ്പർ 651/സി3/2019-III/ വിജ്. | 17-1-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 8 | 65/2019 | നമ്പർ 651/സി3/2019-IV/ വിജ്. | 17-1-2019 | അല്ല |
| 9 | 75/2019 | ജി.ഒ.(ആർ.റ്റി) നമ്പർ 188/2019/ഹോം. | 18-1-2019 | അല്ല |
| 10 | 82/2019 | ജി.ഒ.(എം.എസ്) നമ്പർ 14/2019/ഹോം. | 29-1-2019 | അല്ല |
| 11 | 83/2019 | ജി.ഒ.(എം.എസ്) നമ്പർ 15/2019/ഹോം. | 29-1-2019 | അല്ല |
| 12 | 94/2019 | ജി.ഒ.(ആർ.റ്റി) നമ്പർ 130/2019/ഹോം. | 11-1-2019 | അല്ല |
| 13 | 104/2019 | ഹോം-എസ്എസ് എ 1/12/2019-ഹോം | 05-2-2019 | അല്ല |
| 14 | 108/2019 | നം. 32725/എസ്. എസ്. എ 2/2016/ ആഭ്യന്തരം | 08-2-2019 | അല്ല |
| 15 | 111/2019 | ജി.ഒ.(പി) നമ്പർ 4/2019/ഹോം. | 11-2-2019 | അല്ല |
| 16 | 114/2019 | ജി.ഒ.(എം.എസ്) നമ്പർ 19/2019/ഹോം. | 11-2-2019 | അല്ല |
| 17 | 118/2019 | ജി.ഒ.(പി) നമ്പർ 5/2019/ ഹോം. | 13-2-2019 | അല്ല |
| 18 | 147/2019 | നം.സി1/29/2019/വിജ്. | 19-2-2019 | അല്ല |
| 19 | 148/2019 | ജി.ഒ.(പി) നമ്പർ 1/2019/ വിജ്. | 23-2-2019 | അല്ല |
| 20 | 184/2019 | ജി.ഒ.(ആർ.റ്റി) നമ്പർ 604/2019/ഹോം. | 25-2-2019 | അല്ല |
| 21 | 187/2019 | ജി.ഒ.(എം.എസ്) നമ്പർ 33/2019/ ഹോം | 07-3-2019 | അല്ല |
| 22 | 190/2019 | സ.ഉ.(പി) നമ്പർ 3/2019/പൊ.ഭ.വ | 08-3-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 23 | 195/2019 | ജി.ഒ.(എം.എസ്) നമ്പർ 3/2019/പി&എആർഡി | 06-3-2019 | അല്ല |
| 24 | 206/2019 | ജി.ഒ.(പി) നമ്പർ 6/2019/ഹോം. | 07-3-2019 | അല്ല |
| 25 | 207/2019 | നം.ഹോം-എസ്എസ്എ 1/116/2019-ഹോം | 13-3-2019 | അല്ല |
| 26 | 212/2019 | ജി.ഒ.(എം.എസ്) നമ്പർ 36/2019/ഹോം. | 08-3-2019 | അല്ല |
| 27 | 213/2019 | ജി.ഒ.(ആർ.റ്റി) നമ്പർ 737/2019/ഹോം. | 07-3-2019 | അല്ല |
| 28 | 215/2019 | നം.ഹോം-എസ്എസ്എ 4/112/2018-ഹോം | 15-3-2019 | അല്ല |
| 29 | 230/2019 | സ.ഉ.(അച്ചടി) നമ്പർ 1/2019/നോർക്ക. | 22-3-2019 | അല്ല |
| 30 | 245/2019 | നമ്പർ 61646/എസ്.എസ്.എ.2/2015/ ഹോം | 30-3-2019 | അല്ല |
| 31 | 262/2019 | ജി.ഒ.(എം.എസ്) നമ്പർ 25/2019/ഹോം. | 01-3-2019 | അല്ല |
| 32 | 264/2019 | നമ്പർ 60/സി3/2019-I/വിജ്. | 29-3-2019 | അല്ല |
| 33 | 265/2019 | നമ്പർ 60/സി3/2019 II /വിജ്. | 29-3-2019 | അല്ല |
| 34 | 266/2019 | നമ്പർ 60/സി3/2019-III /വിജ്. | 29-3-2019 | അല്ല |
| 35 | 267/2019 | നമ്പർ 60/സി3/2019-IV /വിജ്. | 29-3-2019 | അല്ല |
| 36 | 278/2019 | ജി.ഒ.(എം.എസ്) നമ്പർ 45/2019/ഹോം. | 03-4-2019 | അല്ല |
| 37 | 279/2019 | ജി.ഒ.(ആർ.റ്റി) നമ്പർ 1007/2019/ഹോം. | 03-4-2019 | അല്ല |
| 38 | 288/2019 | ജി.ഒ.(ആർ.റ്റി) നമ്പർ 1068/2019/ഹോം. | 10-4-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 39 | 289/2019 | ജി.ഒ.(ആർ.റ്റി) നമ്പർ 1069/2019/ഹോം. | 10-4-2019 | അല്ല |
| 40 | 298/2019 | നം.ഹോം-എസ്.എസ്.എ 5/41/2019-ഹോം | 17-4-2019 | അല്ല |
| 41 | 304/2019 | ജി.ഒ.(ആർ.റ്റി) നമ്പർ 1116/2019/ഹോം. | 17-4-2019 | അല്ല |
| 42 | 306/2019 | ജി.ഒ.(ആർ.റ്റി) നമ്പർ 1070/2019/ഹോം. | 10-4-2019 | അല്ല |
| 43 | 317/2019 | ജി.ഒ.(ആർ.റ്റി) നമ്പർ 1158/2019/ഹോം. | 26-4-2019 | അല്ല |
| 44 | 318/2019 | ജി.ഒ.(ആർ.റ്റി) നമ്പർ 1160/2019/ഹോം. | 26-4-2019 | അല്ല |
| 45 | 323/2019 | ജി.ഒ.(ആർ.റ്റി) നമ്പർ 1161/2019/ഹോം. | 26-4-2019 | അല്ല |
| 46 | - | നം.ജിഎസ്5-541/2019 | 15-2-2019 | അല്ല |

ii.വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 14/2019 | ജി.ഒ. (ആർറ്റി.) നമ്പർ 80/2019/ഹോം. | 07-1-2019 | അല്ല |
| 2 | 43/2019 | ജി.ഒ. (ആർറ്റി.) നമ്പർ 54/2019/ഹോം. | 06-1-2019 | അല്ല |
| 3 | 45/2019 | നം 61646/എസ്എസ്എ 2/2015/ഹോം. | 18-1-2019 | അല്ല |
| 4 | 51/2019 | ജി.ഒ.(പി) നമ്പർ 1/2019/ഹോം. | 14-1-2019 | അല്ല |

II. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 102/2019 | ജി.ഒ.(പി) നമ്പർ 2/2019/ഐഡി | 19-1-2019 | അല്ല |
| 2 | 134/2019 | ജി.ഒ.(പി) നമ്പർ 6/2019/ഐഡി | 14-2-2019 | അല്ല |
| 3 | 293/2019 | ജി.ഒ.(പി) നമ്പർ 9/2019/ഐഡി | 04-4-2019 | അല്ല |

ii . വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 2003 -04 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 2004-05 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി | 2017-18 | വാർഷിക റിപ്പോർട്ട് | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 4/2019 | ജി.ഒ.(പി) നമ്പർ 22/2018/ ഐഡി | 18-12-2018 | അല്ല |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരനുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 921/2018 | ജി.ഒ.(പി) നമ്പർ 89/2018/ആർഡി. | 20-12-2018 | അല്ല |
| 2 | 16/2019 | സ.ഉ.(പി.) നമ്പർ 92/2018/റവ. | 29-12-2018 | അല്ല |
| 3 | 37/2019 | ജി.ഒ.(പി) നമ്പർ 2/2019/ ആർഡി. | 14-1-2019 | അല്ല |
| 4 | 56/2019 | ജി.ഒ.(പി) നമ്പർ 6/2019/ആർഡി. | 19-1-2019 | അല്ല |
| 5 | 57/2019 | ജി.ഒ.(പി) നമ്പർ 8/2019/ആർഡി. | 21-1-2019 | അല്ല |
| 6 | 144/2019 | ജി.ഒ.(പി) നമ്പർ 17/2019/ആർഡി. | 22-2-2019 | അല്ല |
| 7 | 167/2019 | ജി.ഒ.(പി) നമ്പർ 18/2019/ആർഡി. | 26-2-2019 | അല്ല |
| 8 | 219/2019 | ജി.ഒ.(പി) നമ്പർ 21/2019/ആർഡി. | 14-3-2019 | അല്ല |
| 9 | 221/2019 | ജി.ഒ.(പി) നമ്പർ 7/2019/ആർഡി. | 21-1-2019 | അല്ല |
| 10 | 237/2019 | സ.ഉ.(പി.) നമ്പർ 19/2019/റവന്യൂ | 12-3-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 11 | 283/2019 | ജി.ഒ.(പി) നമ്പർ 22/2019/ആർഡി. | 08-4-2019 | അല്ല |
| 12 | 320/2019 | ജി.ഒ.(പി) നമ്പർ 23/2019/ആർഡി. | 02-5-2019 | അല്ല |
| 13 | 330/2019 | ജി.ഒ.(എം.എസ്.) നമ്പർ 4/2019/ എച്ച്എസ്ജി | 30-4-2019 | അല്ല |

IV.ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 91/2019 | ജി.ഒ.(പി) നമ്പർ 2/2019/ഡബ്ല്യൂആർഡി. | 31-1-2019 | അല്ല |
| 2 | 126/2019 | ജി.ഒ.(പി) നമ്പർ 3/2019/ഡബ്ല്യൂആർഡി. | 14-2-2019 | അല്ല |

V. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 7/2019 | ജി.ഒ.(പി) നമ്പർ 48/2018/ട്രാൻ. | 30-12-2018 | അല്ല |
| 2 | 30/2019 | ജി.ഒ.(പി) നമ്പർ 1/2019/ട്രാൻ. | 05-1-2019 | അല്ല |
| 3 | 53/2019 | ജി.ഒ.(പി) നമ്പർ 3/2019/ട്രാൻ. | 22-1-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | 84/2019 | ജി.ഒ.(പി) നമ്പർ 4/2019/ട്രാൻ. | 29-1-2019 | അല്ല |
| 5 | 116/2019 | ജി.ഒ.(പി) നമ്പർ 2/2019/ട്രാൻ. | 24-1-2019 | അല്ല |
| 6 | 119/2019 | ജി.ഒ.(പി) നമ്പർ 6/2019/ട്രാൻ. | 14-2-2019 | അല്ല |
| 7 | 162/2019 | ജി.ഒ.(പി) നമ്പർ 8/2019/ ട്രാൻ. | 19-2-2019 | അല്ല |
| 8 | 163/2019 | ജി.ഒ.(പി) നമ്പർ 9/2019/ട്രാൻ. | 19-2-2019 | അല്ല |
| 9 | 164/2019 | ജി.ഒ.(പി) നമ്പർ 10/2019/ട്രാൻ. | 19-2-2019 | അല്ല |
| 10 | 165/2019 | ജി.ഒ.(പി) നമ്പർ 11/2019/ട്രാൻ. | 19-2-2019 | അല്ല |
| 11 | 224/2019 | ജി.ഒ.(പി) നമ്പർ 15/2019/ട്രാൻ. | 20-3-2019 | അല്ല |
| 12 | 225/2019 | ജി.ഒ.(പി) നമ്പർ 16/2019/ട്രാൻ. | 20-3-2019 | അല്ല |

VI. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 135/2019 | ജി.ഒ.(പി) നമ്പർ 29/2019/ടാക്സസ് | 21-2-2019 | അല്ല |
| 2 | 136/2019 | ജി.ഒ.(പി) നമ്പർ 30/2019/ടാക്സസ് | 21-2-2019 | അല്ല |
| 3 | 137/2019 | ജി.ഒ.(പി) നമ്പർ 31/2019/ടാക്സസ് | 21-2-2019 | അല്ല |
| 4 | 138/2019 | ജി.ഒ.(പി) നമ്പർ 32/2019/ടാക്സസ് | 21-2-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | 139/2019 | ജി.ഒ.(പി) നമ്പർ 33/2019/ടാക്സസ് | 21-2-2019 | അല്ല |
| 6 | 141/2019 | ജി.ഒ.(പി) നമ്പർ 26/2019/ടാക്സസ് | 14-2-2019 | അല്ല |
| 7 | 150/2019 | ജി.ഒ.(പി) നമ്പർ 16/2019/ഫിൻ | 20-2-2019 | അല്ല |
| 8 | 151/2019 | ജി.ഒ.(പി) നമ്പർ 18/2019/ഫിൻ | 20-2-2019 | അല്ല |
| 9 | 152/2019 | ജി.ഒ.(പി) നമ്പർ 19/2019/ഫിൻ | 22-2-2019 | അല്ല |
| 10 | 153/2019 | ജി.ഒ.(പി) നമ്പർ 20/2019/ഫിൻ | 22-2-2019 | അല്ല |
| 11 | 185/2019 | ജി.ഒ.(പി) നമ്പർ 37/2019/റ്റിഡി | 07-3-2019 | അല്ല |
| 12 | 201/2019 | ജി.ഒ.(പി) നമ്പർ 40/2019/റ്റിഡി | 12-3-2019 | അല്ല |
| 13 | 202/2019 | ജി.ഒ.(പി) നമ്പർ 41/2019/റ്റിഡി | 12-3-2019 | അല്ല |
| 14 | 204/2019 | ജി.ഒ.(പി) നമ്പർ 26/2019/ഫിൻ | 07-3-2019 | അല്ല |
| 15 | 208/2019 | ജി.ഒ.(പി) നമ്പർ 42/ 2019/ ടാക്സസ് | 13-3-2019 | അല്ല |
| 16 | 209/2019 | ജി.ഒ.(പി) നമ്പർ 43/ 2019/ ടാക്സസ് | 13-3-2019 | അല്ല |
| 17 | 210/2019 | ജി.ഒ.(പി) നമ്പർ 44/2019/ടാക്സസ് | 13-3-2019 | അല്ല |
| 18 | 211/2019 | ജി.ഒ.(പി) നമ്പർ 45/2019/ടാക്സസ് | 13-3-2019 | അല്ല |
| 19 | 246/2019 | ജി.ഒ.(പി) നമ്പർ 56/2019/ടാക്സസ് | 30-3-2019 | അല്ല |
| 20 | 247/2019 | ജി.ഒ.(പി) നമ്പർ 57/2019/ടാക്സസ് | 30-3-2019 | അല്ല |
| 21 | 248/2019 | ജി.ഒ.(പി) നമ്പർ 58/2019/ടാക്സസ് | 30-3-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 22 | 249/2019 | ജി.ഒ.(പി) നമ്പർ 59/2019/ടാക്സസ് | 30-3-2019 | അല്ല |
| 23 | 250/2019 | ജി.ഒ.(പി) നമ്പർ 60/2019/ടാക്സസ് | 30-3-2019 | അല്ല |
| 24 | 251/2019 | ജി.ഒ.(പി) നമ്പർ 61/2019/ടാക്സസ് | 30-3-2019 | അല്ല |
| 25 | 252/2019 | ജി.ഒ.(പി) നമ്പർ 62/2019/ടാക്സസ് | 30-3-2019 | അല്ല |
| 26 | 253/2019 | ജി.ഒ.(പി) നമ്പർ 63/2019/ടാക്സസ് | 30-3-2019 | അല്ല |
| 27 | 254/2019 | ജി.ഒ.(പി) നമ്പർ 64/2019/ടാക്സസ് | 30-3-2019 | അല്ല |
| 28 | 255/2019 | ജി.ഒ.(പി) നമ്പർ 65/2019/ടാക്സസ് | 30-3-2019 | അല്ല |
| 29 | 256/2019 | ജി.ഒ.(പി) നമ്പർ 66/2019/ടാക്സസ് | 30-3-2019 | അല്ല |
| 30 | 305/2019 | ജി.ഒ.(പി) നമ്പർ 68/2019/ടാക്സസ് | 24-4-2019 | അല്ല |
| 31 | 325/2019 | ജി.ഒ.(പി) നമ്പർ 72/2019/ടാക്സസ് | 04-5-2019 | അല്ല |
| 32 | 336/2019 | ജി.ഒ.(പി) നമ്പർ 76/2019/ടാക്സസ് | 10-5-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 952/2018 | ജി.ഒ.(പി) നമ്പർ 215/2018/ടാക്സസ്. | 31-12-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | 32/2019 | ജി.ഒ.(പി) നമ്പർ 6/2019/റ്റിഡി. | 16-1-2019 | അല്ല |
| 3 | 33/2019 | ജി.ഒ.(പി) നമ്പർ 7/2019/റ്റിഡി. | 16-1-2019 | അല്ല |
| 4 | 48/2019 | ജി.ഒ.(പി) നമ്പർ 11/2019/ടാക്സസ്. | 19-1-2019 | അല്ല |
| 5 | 49/2019 | ജി.ഒ.(പി) നമ്പർ 12/2019/ടാക്സസ്. | 19-1-2019 | അല്ല |
| 6 | 76/2019 | ജി.ഒ.(പി) നമ്പർ 15/2019/ടാക്സസ്. | 28-1-2019 | അല്ല |
| 7 | 77/2019 | ജി.ഒ.(പി) നമ്പർ 16/2019/ടാക്സസ്. | 28-1-2019 | അല്ല |
| 8 | 78/2019 | ജി.ഒ.(പി) നമ്പർ 17/2019/ടാക്സസ്. | 28-1-2019 | അല്ല |
| 9 | 79/2019 | ജി.ഒ.(പി) നമ്പർ 18/2019/ടാക്സസ്. | 28-1-2019 | അല്ല |
| 10 | 80/2019 | ജി.ഒ.(പി) നമ്പർ 19/2019/ടാക്സസ്. | 28-1-2019 | അല്ല |
| 11 | 81/2019 | ജി.ഒ.(പി) നമ്പർ 22/2019/ടാക്സസ്. | 29-1-2019 | അല്ല |
| 12 | 92/2019 | ജി.ഒ.(പി) നമ്പർ 23/2019/ടാക്സസ്. | 31-1-2019 | അല്ല |

VII. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ | 2017-18 | ആഡിറ്റ് റിപ്പോർട്ട് | അതെ |

VIII. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 10/2019 | ജി.ഒ.(പി) നമ്പർ 10/2018/ എസ്.സി എസ്.റ്റി. ഡി.ഡി. | 29-11-2018 | അല്ല |
| 2 | 58/2019 | ജി.ഒ.(പി) നമ്പർ 2/2019/ലാ. | 24-1-2019 | അല്ല |
| 3 | 88/2019 | സ.ഉ.(സാധാ) നമ്പർ 102/2019/നിയമം | 28-1-2019 | അല്ല |
| 4 | 89/2019 | സ.ഉ.(സാധാ) നമ്പർ 103/2019/നിയമം | 28-1-2019 | അല്ല |
| 5 | 130/2019 | ജി.ഒ.(പി) നമ്പർ 04/2019/ലാ | 16-2-2019 | അല്ല |
| 6 | 131/2019 | ജി.ഒ.(പി) നമ്പർ 05/2019/ലാ | 16-2-2019 | അല്ല |
| 7 | 132/2019 | ജി.ഒ.(പി) നമ്പർ 6/2019/ലാ | 16-2-2019 | അല്ല |
| 8 | 149/2019 | ജി.ഒ.(എം.എസ്.) നമ്പർ 16/2019/ലാ | 22-2-2019 | അല്ല |
| 9 | 154/2019 | ജി.ഒ.(പി) നമ്പർ 07/2019/ലാ | 26-2-2019 | അല്ല |
| 10 | 178/2019 | ജി.ഒ.(പി) നമ്പർ 08/2019/ലാ | 06-3-2019 | അല്ല |
| 11 | 231/2019 | ജി.ഒ.(എം.എസ്.) നമ്പർ 28/2019/ലാ | 25-3-2019 | അല്ല |
| 12 | 257/2019 | ജി.ഒ.(എം.എസ്.) നമ്പർ 32/2019/ലാ | 28-3-2019 | അല്ല |
| 13 | 258/2019 | ജി.ഒ.(എം.എസ്.) നമ്പർ 33/ 2019/ലാ | 28-3-2019 | അല്ല |
| 14 | 284/2019 | ജി.ഒ.(പി) നമ്പർ 12/2019/ലാ | 11-4-2019 | അല്ല |
| 15 | 285/2019 | ജി.ഒ.(പി) നമ്പർ 13/2019/ലാ | 11-4-2019 | അല്ല |
| 16 | 335/2019 | ജി.ഒ.(പി) നമ്പർ 16/2019/ലാ | 08-5-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | തൃശ്ശൂർ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി | 2015-16 | പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | കോട്ടയം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി | 2016-17 | പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | കേരള സാഹിത്യ അക്കാദമി | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

IX. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 29/2019 | ജി.ഒ.(പി) നമ്പർ 01/2019/ എസ്ജെഡി. | 14-1-2019 | അല്ല |
| 2 | 112/2019 | ജി.ഒ.(പി) നമ്പർ 3/2019/ എച്ച്&എഫ് ഡബ്ല്യൂഡി | 06-2-2019 | അല്ല |
| 3 | 123/2019 | ജി.ഒ.(പി) നമ്പർ 4/2019/ എച്ച്&എഫ് ഡബ്ല്യൂഡി | 13-2-2019 | അല്ല |
| 4 | 216/2019 | ജി.ഒ.(പി) നമ്പർ 6/2019/ആയുഷ് | 11-3-2019 | അല്ല |
| 5 | 268/2019 | ജി.ഒ.(പി) നമ്പർ 4/2019/ എസ്ജെഡി. | 03-4-2019 | അല്ല |

വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 602/2017 | ജി.ഒ. (പി.) നമ്പർ 61/ 2017/ എച്ച് & എഫ്ഡബ്ല്യൂഡി. | 20-9-2017 | അതെ |
| 2 | 35/2019 | ജി.ഒ. (പി.) നമ്പർ 2/2019/ എച്ച് & എഫ്ഡബ്ല്യൂഡി. | 16-1-2019 | അല്ല |

X. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 70/2019 | ജി.ഒ.(പി) നമ്പർ 13/2019/ റ്റിഡി | 22-1-2019 | അല്ല |
| 2 | 161/2019 | ജി.ഒ.(പി) നമ്പർ 35/2019/ റ്റിഡി | 27-2-2019 | അല്ല |
| 3 | 180/2019 | ജി.ഒ.(പി) നമ്പർ 36/2019/ റ്റിഡി | 05-3-2019 | അല്ല |
| 4 | 200/2019 | ജി.ഒ.(പി) നമ്പർ 39/2019/ റ്റിഡി | 11-3-2019 | അല്ല |
| 5 | 238/2019 | ജി.ഒ.(പി) നമ്പർ 49/2019/ റ്റിഡി | 28-3-2019 | അല്ല |
| 6 | 239/2019 | ജി.ഒ.(പി) നമ്പർ 50/2019/ റ്റിഡി | 28-3-2019 | അല്ല |
| 7 | 240/2019 | ജി.ഒ.(പി) നമ്പർ 51/2019/ റ്റിഡി | 28-3-2019 | അല്ല |
| 8 | 241/2019 | ജി.ഒ.(പി) നമ്പർ 52/2019/ റ്റിഡി | 28-3-2019 | അല്ല |
| 9 | 242/2019 | ജി.ഒ.(പി) നമ്പർ 53/2019/ റ്റിഡി | 30-3-2019 | അല്ല |
| 10 | 243/2019 | ജി.ഒ.(പി) നമ്പർ 54/2019/ റ്റിഡി | 30-3-2019 | അല്ല |
| 11 | 244/2019 | ജി.ഒ.(പി) നമ്പർ 55/2019/ റ്റിഡി | 30-3-2019 | അല്ല |
| 12 | 299/2019 | ജി.ഒ.(പി) നമ്പർ 67/2019/ റ്റിഡി | 09-4-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 913/2018 | ജി.ഒ.(പി) നമ്പർ 201/2018/റ്റിഡി. | 17-12-2018 | അല്ല |
| 2 | 41/2019 | ജി.ഒ.(പി) നമ്പർ 3/2019/റ്റിഡി. | 16-1-2019 | അല്ല |
| 3 | 42/2019 | ജി.ഒ.(പി) നമ്പർ 4/2019/റ്റിഡി. | 16-1-2019 | അല്ല |
| 4 | 52/2019 | ജി.ഒ.(പി) നമ്പർ 10/2019/റ്റിഡി. | 18-1-2019 | അല്ല |

XI. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 639/2018 | സ.ഉ(അച്ചടി) നമ്പർ 70/2018/തൊഴിൽ | 28-8-2018 | അതെ |
| 2 | 760/2018 | ജി.ഒ.(പി.) നമ്പർ 91/2018/എൽ.ബി.ആർ. | 29-10-2018 | അതെ |
| 3 | 54/2019 | ജി.ഒ.(പി) നമ്പർ 14/2019/റ്റിഡി | 24-1-2019 | അല്ല |
| 4 | 71/2019 | ജി.ഒ.(പി) നമ്പർ 20/2019/റ്റിഡി | 28-1-2019 | അല്ല |
| 5 | 72/2019 | ജി.ഒ.(പി.) നമ്പർ 21/2019/റ്റിഡി | 28-1-2019 | അല്ല |
| 6 | 95/2019 | ജി.ഒ.(പി) നമ്പർ 13/ 2019/ എൽ.ബി.ആർ. | 29-1-2019 | അല്ല |
| 7 | 97/2019 | ജി.ഒ.(പി) നമ്പർ 8/2019/ എൽ.ബി.ആർ. | 18-1-2019 | അല്ല |
| 8 | 98/2019 | ജി.ഒ.(പി) നമ്പർ 9/2019/ എൽ.ബി.ആർ. | 18-1-2019 | അല്ല |
| 9 | 99/2019 | ജി.ഒ.(പി.) നമ്പർ 12/ 2019/എൽ.ബി.ആർ. | 23-1-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 10 | 105/2019 | ജി.ഒ.(പി.) നമ്പർ 14/ 2019/എൽ.ബി.ആർ. | 01-2-2019 | അല്ല |
| 11 | 106/2019 | ജി.ഒ.(പി) നമ്പർ 14/ 2019/എൽ.ബി.ആർ. | 01-2-2019 | അല്ല |
| 12 | 109/2019 | സ.ഉ.(അച്ചടി) നമ്പർ 15/ 2019/ തൊഴിൽ | 05-2-2019 | അല്ല |
| 13 | 117/2019 | ജി.ഒ.(പി) നമ്പർ 24/2019/റ്റിഡി | 13-2-2019 | അല്ല |
| 14 | 122/2019 | ജി.ഒ.(പി.) നമ്പർ 11/ 2019/എൽ.ബി.ആർ. | 23-1-2019 | അല്ല |
| 15 | 127/2019 | ജി.ഒ.(പി) നമ്പർ 27/ 2019/റ്റിഡി | 15-2-2019 | അല്ല |
| 16 | 33/2019 | ജി.ഒ.(പി) നമ്പർ 28/ 2019/റ്റിഡി | 16-2-2019 | അല്ല |
| 17 | 140/2019 | ജി.ഒ.(പി) നമ്പർ 34/ 2019/റ്റിഡി | 22-2-2019 | അല്ല |
| 18 | 169/2019 | ജി.ഒ.(പി) നമ്പർ 19/ 2019/എൽ.ബി.ആർ. | 22-2-2019 | അല്ല |
| 19 | 170/2019 | ജി.ഒ.(പി) നമ്പർ 17/ 2019/എൽ.ബി.ആർ. | 20-2-2019 | അല്ല |
| 20 | 171/2019 | ജി.ഒ.(പി) നമ്പർ 18/ 2019/എൽ.ബി.ആർ. | 21-2-2019 | അല്ല |
| 21 | 223/2019 | ജി.ഒ.(പി.) നമ്പർ 46/ 2019/റ്റിഡി | 21-3-2019 | അല്ല |
| 22 | 226/2019 | ജി.ഒ.(പി.) നമ്പർ 21/ 2019/എൽ.ബി.ആർ. | 12-3-2019 | അല്ല |
| 23 | 227/2019 | ജി.ഒ.(പി.) നമ്പർ 22/ 2019/എൽ.ബി.ആർ. | 14-3-2019 | അല്ല |
| 24 | 234/2019 | ജി.ഒ.(പി) നമ്പർ 47/ 2019/റ്റിഡി | 27-3-2019 | അല്ല |
| 25 | 235/2019 | ജി.ഒ.(പി) നമ്പർ 48/ 2019/ റ്റിഡി | 27-3-2019 | അല്ല |
| 26 | 263/2019 | ജി.ഒ.(പി) നമ്പർ 30/ 2019/ എൽ.ബി.ആർ. | 30-3-2019 | അല്ല |
| 27 | 276/2019 | ജി.ഒ.(ആർറ്റി) നമ്പർ 337/ 2019/എൽ.ബി.ആർ. | 14-3-2019 | അല്ല |
| 28 | 277/2019 | ജി.ഒ.(പി) നമ്പർ 27/2019/എൽ.ബി.ആർ. | 26-3-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 29 | 292/2019 | ജി.ഒ.(പി) നമ്പർ 29/2019/എൽ.ബി.ആർ. | 28-3-2019 | അല്ല |
| 30 | 309/2019 | ജി.ഒ.(പി) നമ്പർ 33/2019/ എൽ.ബി.ആർ. | 09-4-2019 | അല്ല |
| 31 | 324/2019 | ജി.ഒ.(പി) നമ്പർ 71/2019/ടാക്സസ് | 04-5-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 2012-13 | ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് | 2015-16 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 5 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2016-17 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 6 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 2016-17<br>2017-18 | ആഡിറ്റ് റിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും | അതെ |
| 7 | ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ടും വാർഷിക ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും | അതെ |
| 8 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2017-18 | ഭരണ റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 711/2018 | ജി.ഒ.(പി) നമ്പർ 90/2018/എൽ.ബി.ആർ. | 10-8-2018 | അതെ |
| 2 | 908/2018 | ജി.ഒ.(പി) നമ്പർ 108/2018/എൽ.ബി.ആർ. | 13-12-2018 | അല്ല |
| 3 | 5/2019 | സ.ഉ. (അച്ചടി.) നമ്പർ 1/2019/തൊഴിൽ. | 01-1-2019 | അല്ല |
| 4 | 27/2019 | ജി.ഒ.(പി) നമ്പർ 01/2019/റ്റിഡി. | 14-1-2019 | അല്ല |
| 5 | 28/2019 | ജി.ഒ.(പി) നമ്പർ 02/2019/റ്റിഡി. | 14-1-2019 | അല്ല |
| 6 | 31/2019 | ജി.ഒ.(പി) നമ്പർ 4/2019/എൽ.ബി.ആർ. | 09-1-2019 | അല്ല |
| 7 | 50/2019 | ജി.ഒ.(പി) നമ്പർ 6/2019/എൽ.ബി.ആർ. | 12-1-2019 | അല്ല |

XII. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 155/2019 | ജി.ഒ.(എംഎസ്) നമ്പർ 8/2019/സിഎഡി | 15-2-2019 | അല്ല |
| 2 | 156/2019 | ജി.ഒ.(എംഎസ്) നമ്പർ 9/2019/സിഎഡി | 15-2-2019 | അല്ല |
| 3 | 157/2019 | ജി.ഒ.(പി) നമ്പർ 3/2019/എഫ്&സിഎസ്ഡി | 12-2-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | 168/2019 | ജി.ഒ.(പി) നമ്പർ 4/2019/സിഎഡി | 01-3-2019 | അല്ല |
| 5 | 172/2019 | ജി.ഒ.(പി) നമ്പർ 5/2019/സിഎഡി | 01-3-2019 | അല്ല |
| 6 | 179/2019 | ജി.ഒ.(പി) നമ്പർ 6/2019/സിഎഡി | 05-3-2019 | അല്ല |
| 7 | 188/2019 | ജി.ഒ.(എം എസ്) നമ്പർ 12/2019/സിഎഡി | 01-3-2019 | അല്ല |
| 8 | 300/2019 | ജി.ഒ.(പി) നമ്പർ 10/2019/സിഎഡി | 17-4-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 8/2019 | ജി.ഒ.(പി) നമ്പർ 1/2019/സിഎഡി. | 04-1-2019 | അല്ല |
| 2 | 17/2019 | സ.ഉ.(പി.) നമ്പർ 20/2018/ഭപൊവിവ. | 20-12-2018 | അല്ല |

XIII. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ |
|---|---|---|---|---|
| | | നമ്പർ | തീയതി | പത്രിക സഹിതമാണോയെന്ന് |
| (1) | (2) | (3) | (4) | (5) |
| 1 | 924/2018 | ജി.ഒ.(പി) നമ്പർ 90/2018/ആർഡി | 21-12-2018 | അല്ല |
| 2 | 34/2019 | ജി.ഒ.(പി) നമ്പർ 9/2019/കോ-ഓപ്. | 16-1-2019 | അല്ല |
| 3 | 44/2019 | ജി.ഒ.(പി) നമ്പർ 3/2019/കോ-ഓപ്. | 06-1-2019 | അല്ല |
| 4 | 86/2019 | ജി.ഒ.(പി) നമ്പർ 10/2019/കോ-ഓപ്. | 21-1-2019 | അല്ല |
| 5 | 103/2019 | ജി.ഒ.(പി) നമ്പർ 15/2019/കോ-ഓപ്. | 04-2-2019 | അല്ല |
| 6 | 124/2019 | ജി.ഒ.(പി) നമ്പർ 17/2019/കോ-ഓപ്. | 11-2-2019 | അല്ല |
| 7 | 125/2019 | ജി.ഒ.(പി) നമ്പർ 18/2019/കോ-ഓപ്. | 11-2-2019 | അല്ല |
| 8 | 128/2019 | ജി.ഒ.(പി) നമ്പർ 13/2019/കോ-ഓപ്. | 30-1-2019 | അല്ല |
| 9 | 129/2019 | ജി.ഒ.(പി) നമ്പർ 16/2019/കോ-ഓപ്. | 07-2-2019 | അല്ല |
| 10 | 145/2019 | ജി.ഒ.(പി) നമ്പർ 14/2019/കോ-ഓപ്. | 03-2-2019 | അല്ല |
| 11 | 146/2019 | ജി.ഒ.(പി) നമ്പർ 21/2019/കോ-ഓപ്. | 18-2-2019 | അല്ല |
| 12 | 158/2019 | ജി.ഒ.(പി) നമ്പർ 19/2019/കോ-ഓപ്. | 18-2-2019 | അല്ല |
| 13 | 173/2019 | ജി.ഒ.(പി) നമ്പർ 23/2019/കോ-ഓപ്. | 25-2-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 14 | 177/2019 | ജി.ഒ.(പി) നമ്പർ 20/2019/ കോ-ഓപ്. | 18-2-2019 | അല്ല |
| 15 | 214/2019 | ജി.ഒ.(പി) നമ്പർ 24/2019/ കോ-ഓപ്. | 28-2-2019 | അല്ല |
| 16 | 217/2019 | ജി.ഒ.(പി) നമ്പർ 26/2019/ കോ-ഓപ്. | 06-3-2019 | അല്ല |
| 17 | 218/2019 | ജി.ഒ.(പി) നമ്പർ 27/2019/കോ-ഓപ്. | 07-3-2019 | അല്ല |
| 18 | 220/2019 | ജി.ഒ.(പി) നമ്പർ 33/2019/ കോ-ഓപ്. | 20-3-2019 | അല്ല |
| 19 | 259/2019 | ജി.ഒ.(പി) നമ്പർ 25/2019/ കോ-ഓപ്. | 05-3-2019 | അല്ല |
| 20 | 260/2019 | ജി.ഒ.(പി) നമ്പർ 31/2019/ കോ-ഓപ്. | 09-3-2019 | അല്ല |
| 21 | 269/2019 | ജി.ഒ.(പി) നമ്പർ 34/2019/ കോ-ഓപ്. | 22-3-2019 | അല്ല |
| 22 | 270/2019 | ജി.ഒ.(പി) നമ്പർ 38/2019/ കോ-ഓപ്. | 28-3-2019 | അല്ല |
| 23 | 280/2019 | ജി.ഒ.(പി) നമ്പർ 42/2019/ കോ-ഓപ്. | 05-4-2019 | അല്ല |
| 24 | 281/2019 | ജി.ഒ.(പി) നമ്പർ 43/2019/ കോ-ഓപ്. | 05-4-2019 | അല്ല |
| 25 | 286/2019 | ജി.ഒ.(പി) നമ്പർ 35/2019/ കോ-ഓപ്. | 22-3-2019 | അല്ല |
| 26 | 287/2019 | ജി.ഒ.(പി) നമ്പർ 40/2019/ കോ-ഓപ്. | 30-3-2019 | അല്ല |
| 27 | 301/2019 | ജി.ഒ.(പി) നമ്പർ 39/2019/ കോ-ഓപ്. | 30-3-2019 | അല്ല |
| 28 | 302/2019 | ജി.ഒ.(പി) നമ്പർ 47/2019/കോ-ഓപ്. | 08-4-2019 | അല്ല |
| 29 | 303/2019 | ജി.ഒ.(പി) നമ്പർ 41/2019/കോ-ഓപ്. | 01-4-2019 | അല്ല |
| 30 | 308/2019 | ജി.ഒ.(പി) നമ്പർ 48/2019/കോ-ഓപ്. | 10-4-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2012-13 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാല താമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 1/2019 | ജി.ഒ.(പി) നമ്പർ 178/2018/ കോ-ഓപ്. | 21-12-2018 | അല്ല |
| 2 | 2/2019 | ജി.ഒ.(പി) നമ്പർ 179/2018/ കോ-ഓപ്. | 21-12-2018 | അല്ല |
| 3 | 12/2019 | ജി.ഒ.(പി) നമ്പർ 4/2019/കോ-ഓപ്. | 07-1-2019 | അല്ല |
| 4 | 19/2019 | ജി.ഒ.(പി) നമ്പർ 175/2018/ കോ-ഓപ്. | 18-12-2018 | അല്ല |
| 5 | 20/2019 | ജി.ഒ.(പി) നമ്പർ 176/2018/ കോ-ഓപ്. | 18-12-2018 | അല്ല |
| 6 | 21/2019 | ജി.ഒ.(പി) നമ്പർ 177/2018/ കോ-ഓപ്. | 20-12-2018 | അല്ല |
| 7 | 22/2019 | ജി.ഒ.(പി) നമ്പർ 180/2018/ കോ-ഓപ്. | 21-12-2018 | അല്ല |
| 8 | 23/2019 | ജി.ഒ.(പി) നമ്പർ 181/2018/ കോ-ഓപ്. | 22-12-2018 | അല്ല |
| 9 | 24/2019 | ജി.ഒ.(പി) നമ്പർ 184/2018/ കോ-ഓപ്. | 28-12-2018 | അല്ല |
| 10 | 25/2019 | ജി.ഒ.(പി) നമ്പർ 185/2018/ കോ-ഓപ്. | 30-12-2018 | അല്ല |
| 11 | 66/2019 | ജി.ഒ.(പി) നമ്പർ 8/2019/കോ-ഓപ്. | 14-1-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 12 | 67/2019 | ജി.ഒ.(പി) നമ്പർ 5/2019/കോ-ഓപ്. | 14-1-2019 | അല്ല |
| 13 | 68/2019 | ജി.ഒ.(പി) നമ്പർ 7/2019/കോ-ഓപ്. | 14-1-2019 | അല്ല |
| 14 | 69/2019 | ജി.ഒ.(പി) നമ്പർ 11/2019/ കോ-ഓപ്. | 21-1-2019 | അല്ല |
| 15 | 73/2019 | ജി.ഒ.(പി) നമ്പർ 12/2019/ കോ-ഓപ്. | 21-1-2019 | അല്ല |
| 16 | 87/2019 | ജി.ഒ.(പി) നമ്പർ 6/2019/കോ-ഓപ്. | 14-1-2019 | അല്ല |

XIV. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 85/2019 | ജി.ഒ.(പി) നമ്പർ 2/2019/ എൽഎസ്ജിഡി. | 20-1-2019 | അല്ല |
| 2 | 101/2019 | ജി.ഒ.(പി) നമ്പർ 5/2019/ എൽഎസ്ജിഡി. | 24-1-2019 | അല്ല |
| 3 | 107/2019 | ജി.ഒ.(പി) നമ്പർ 3/2019/ എൽഎസ്ജിഡി. | 21-1-2019 | അല്ല |
| 4 | 113/2019 | ജി.ഒ.(പി) നമ്പർ 10/2019/ എൽഎസ്ജിഡി. | 13-2-2019 | അല്ല |
| 5 | 115/2019 | സ.ഉ. (അച്ചടി) നമ്പർ 7/2019/ത.സ്വ.ഭ.വ | 30-1-2019 | അല്ല |
| 6 | 142/2019 | ജി.ഒ.(പി) നമ്പർ 8/2019/ എൽഎസ്ജിഡി. | 05-2-2019 | അല്ല |
| 7 | 143/2019 | ജി.ഒ.(പി) നമ്പർ 9/2019/ എൽഎസ്ജിഡി. | 05-2-2019 | അല്ല |
| 8 | 175/2019 | ജി.ഒ.(പി) നമ്പർ 13/2019/ എൽഎസ്ജിഡി. | 22-2-2019 | അല്ല |
| 9 | 186/2019 | ജി.ഒ.(പി) നമ്പർ 12/2019/ എൽഎസ്ജിഡി. | 22-2-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 10 | 191/2019 | ജി.ഒ.(പി) നമ്പർ 14/2019/ എൽഎസ്ജിഡി. | 27-2-2019 | അല്ല |
| 11 | 196/2019 | ജി.ഒ.(പി) നമ്പർ 17/2019/ എൽഎസ്ജിഡി. | 02-3-2019 | അല്ല |
| 12 | 197/2019 | ജി.ഒ.(പി) നമ്പർ 18/2019/ എൽഎസ്ജിഡി. | 2-3-2019 | അല്ല |
| 13 | 198/2019 | ജി.ഒ.(പി) നമ്പർ 19/2019/ എൽഎസ്ജിഡി. | 6-3-2019 | അല്ല |
| 14 | 199/2019 | ജി.ഒ.(പി) നമ്പർ 20/2019/ എൽഎസ്ജിഡി. | 7-3-2019 | അല്ല |
| 15 | 232/2019 | ജി.ഒ.(പി) നമ്പർ 21/2019/ എൽഎസ്ജിഡി. | 16-3-2019 | അല്ല |
| 16 | 233/2019 | ജി.ഒ.(പി) നമ്പർ 24/2019/ എൽഎസ്ജിഡി. | 21-3-2019 | അല്ല |
| 17 | 261/2019 | ജി.ഒ.(പി) നമ്പർ 23/2019/ എൽഎസ്ജിഡി. | 21-3-2019 | അല്ല |
| 18 | 290/2019 | ജി.ഒ.(പി) നമ്പർ 25/2019/ എൽഎസ്ജിഡി. | 21-3-2019 | അല്ല |
| 19 | 295/2019 | ജി.ഒ.(പി) നമ്പർ 26/2019/ എൽഎസ്ജിഡി. | 30-3-2019 | അല്ല |
| 20 | 296/2019 | ജി.ഒ.(പി) നമ്പർ 27/2019/ എൽഎസ്ജിഡി. | 30-3-2019 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 15/2019 | ജി.ഒ.(പി) നമ്പർ 91/2018/ എൽഎസ്ജിഡി. | 14-12-2018 | അല്ല |
| 2 | 39/2019 | ജി.ഒ.(എംഎസ്.) നമ്പർ 1/2019/ എൽഎസ്ജിഡി. | 03-1-2019 | അല്ല |
| 3 | 40/2019 | ജി.ഒ.(എംഎസ്.) നമ്പർ 2/2019/ എൽഎസ്ജിഡി. | 03-1-2019 | അല്ല |

XV. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ.നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 435/2018 | ജി.ഒ.(പി.) നമ്പർ 12/2018/ എഫ്&പിഡി. | 11-6-2018 | അതെ |
| 2 | 159/2019 | ജി.ഒ.(പി.) നമ്പർ 2/2019/എഫ്&പിഡി. | 13-2-2019 | അല്ല |
| 3 | 160/2019 | ജി.ഒ.(പി.) നമ്പർ 10/2019/എഫ്&പിഡി. | 23-2-2019 | അല്ല |
| 4 | 183/2019 | ജി.ഒ.(പി.) നമ്പർ 12/2019/എഫ്&പി. | 02-3-2019 | അല്ല |
| 5 | 315/2019 | ജി.ഒ.(പി.) നമ്പർ 19/2019/എഫ്&പിഡി | 29-4-2019 | അല്ല |
| 6 | 316/2019 | ജി.ഒ.(പി.) നമ്പർ 20/2019/എഫ്&പിഡി | 02-5-2019 | അല്ല |

XVI. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 848/2018 | ജി.ഒ.(പി) നമ്പർ 11/2018/എഫ്. &ഡബ്ല്യു.എൽ.ഡി. | 17-11-2018 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | 55/2019 | ജി.ഒ.(പി) നമ്പർ 1/2019/ എഎച്ച്ഡി | 14-1-2019 | അല്ല |
| 3 | 110/2019 | സ.ഉ.(അച്ചടിച്ചത്) നമ്പർ 1/2019/വനം | 31-1-2019 | അല്ല |
| 4 | 205/2019 | ജി.ഒ.(പി) നമ്പർ 4/ 2019/എഫ്.& ഡബ്ല്യ. എൽ.ഡി. | 7-3-2019 | അല്ല |
| 5 | 229/2019 | ജി.ഒ.(എം.എസ്) നമ്പർ 9/2019/എഫ്.&ഡബ്ല്യ. എൽ.ഡി. | 22-3-2019 | അല്ല |
| 6 | 236/2019 | ജി.ഒ.(പി) നമ്പർ 3/2019/ വനം | 6-3-2019 | അല്ല |

XVII. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 282/2019 | ജി.ഒ.(പി) നമ്പർ 9/2019/എച്ച്.ഇ.ഡി.എൻ. | 27-3-2019 | അല്ല |

XVIII. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | - | നമ്പർ 2076/എഫ്&ടി/2017/ കെഎസ്ഇആർസി | 26-10-2018 | അതെ |
| 2 | 544/2018 | ജി.ഒ.(ആർ.റ്റി) നമ്പർ 136/2018/പവർ. | 24-7-2018 | അതെ |
| 3 | 193/2019 | ജി.ഒ.(പി) നമ്പർ 2/2019/പവർ. | 26-2-2019 | അല്ല |
| 4 | 194/2019 | ജി.ഒ.(പി) നമ്പർ 3/2019/പവർ. | 26-2-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

XIX. നിയമസഭാ സെക്രട്ടറി (ശ്രീ. വി. കെ. ബാബുപ്രകാശ്): സർ, നിയമസഭ പാസ്സാക്കിയ ബില്ലുകളിൽ ഗവർണറുടെ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന ആക്റ്റുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ആക്റ്റിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2019 | 1 | 2019- ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) ആക്റ്റ്. |
| 2 | 2019 | 2 | 2019-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ആക്റ്റ്. |
| 3 | 2019 | 3 | 2019-ലെ കേരള ധനവിനിയോഗ ആക്റ്റ്. |

II. ചട്ടം 47(2) അനുസരിച്ച് ലിസ്റ്റ്-2 പ്രകാരമുള്ള കടലാസുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 112, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2771, നാലാം സമ്മേളനത്തിലെ 14, ഏഴാം സമ്മേളനത്തിലെ 1, ഒൻപതാം സമ്മേളനത്തിലെ 24, 1974, പത്താം സമ്മേളനത്തിലെ 4294, പതിനൊന്നാം സമ്മേളനത്തിലെ 40, 132, 208, 1980, 3363, 3382, 3484 പതിമൂന്നാം സമ്മേളനത്തിലെ 7, 11, 51, 55, 82, 85, 91, 97, 108, 117, 120, 121, 136, 144, 147, 148, 160, 161, 198, 1956, 1998, 2004, 2007, 2019, 2022, 2043, 2050, 2052, 2091, 2107, 2140, 3784, 3785, 3787, 3791, 3849, 3909, 3920 പതിനാലാം സമ്മേളനത്തിലെ 7, 14, 34, 35, 53, 54, 55, 59, 63, 67, 68, 73, 76, 90, 96, 98, 101, 110, 112, 113, 116, 118, 121, 122, 125, 127, 131, 137, 142, 144, 147, 149, 168, 171, 196, 205, 208, 211, 1866, 1872, 1891, 1895, 1897, 1905, 1932, 1946, 1961, 1970, 1978, 1983, 1985, 2000, 2038, 2062, 2063 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരനുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 2829 പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 1414, 1422, 3303, 3328, 3330 പതിനാലാം സമ്മേളനത്തിലെ 1314, 1391 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

3. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 3311 പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 2345, 3779, അഞ്ചാം സമ്മേളനത്തിലെ 364, എഴാം സമ്മേളനത്തിലെ 2034, ഒൻപതാം സമ്മേളനത്തിലെ 402, പത്താം സമ്മേളനത്തിലെ 387, 3458, പതിമൂന്നാം സമ്മേളനത്തിലെ 2409 പതിനാലാം സമ്മേളനത്തിലെ 2258, 2284, 2285 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

4. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 4045, പതിനാലാം സമ്മേളനത്തിലെ 733, 762, 801, 803, 804 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

5. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 3963, 4026, പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 248, 250, 251, 254, 295, 308, 2125 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

6. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 376-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

7. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 711, 2600, 4309, 4311, 4312, 4315, 4326 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

8. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 1673, 1681, 1765, 3599, 3603, 3620 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

9. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 3208-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

10. പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 1128, പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 3260 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

11. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 1728, 1731 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും

അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

12. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 3602, പതിനാറാം സമ്മേളനത്തിലെ 2091, പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 3882, പതിനാലാം സമ്മേളനത്തിലെ 2461 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## VIII റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2. 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII- ന്റെ റിപ്പോർട്ട്

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷയായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## IX റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

# X ധനകാര്യം

## 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2019-20 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥന യുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2019-2020 | | | | |
|---|---|---|---|---|---|---|
| | | 7-2-2019-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (Rs) | മൂലധനം (Rs) | റവന്യൂ (Rs) | മൂലധനം (Rs) | ആകെ (Rs) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| II | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 246,94,71,000 | --- | 493,89,41,000 | --- | 493,89,41,000 |
| III | നീതിന്യായ നിർവ്വഹണം | 262,56,32,000 | --- | 525,12,64,000 | --- | 525,12,64,000 |

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയേയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ II — സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,89,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,89,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പങ്കാളിത്ത പെൻഷൻ നിർത്തലാക്കി സ്റ്റാറ്റ്യൂട്ടറി പെൻഷൻ നടപ്പിലാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,89,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് ചെലവുചുരുക്കൽ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,89,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ശബരിമലയിൽ സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതിന്റെ പേരിൽ ഏതാനും സംഘടനകളെ മാത്രം ഉൾപ്പെടുത്തി ചർച്ച നടത്തിയതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,89,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാരിന്റെ ആയിരം ദിനാഘോഷം നടത്താൻ പണം അധികമായി ചെലവാക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,89,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജുഡീഷ്യൽ കമ്മീഷനുകളുടെ കാലാവധി യാതൊരു കാരണവുമില്ലാതെ നീട്ടിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,89,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭരണപരിഷ്കാര കമ്മീഷന്റെ മൂന്ന് റിപ്പോർട്ടുകളിൽ ഒരു ശിപാർശ പോലും അംഗീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി:സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,89,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭരണപരിഷ്കാര കമ്മീഷൻ സമർപ്പിക്കുന്ന റിപ്പോർട്ടുകളിന്മേൽ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,89,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മന്ത്രിമാരുടെ വിദേശ സന്ദർശനങ്ങൾ കൊണ്ട് സംസ്ഥാനത്തിന് പ്രയോജനമില്ലെന്ന് പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,89,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്

(സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് ആവശ്യമായ ഇടപെടൽ നടത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ:സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,89,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ നിയമനങ്ങളിൽ മൂന്ന് സ്ട്രീമിൽപ്പെട്ടവർക്കും സാമുദായിക സംവരണം ഏർപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,89,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേരള സർക്കാർ ഗസറ്റിന്റെ ഓൺലൈൻ സംവിധാനം സി-ഡിറ്റിൽ നിന്നും മാറ്റിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,89,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വർദ്ധിച്ചുവരുന്ന ദുർമന്ത്രവാദം ഉൾപ്പെടെയുള്ള അന്ധവിശ്വാസങ്ങൾക്കെതിരെ നിയമനിർമ്മാണം നടത്തേണ്ട ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. വി. ഡി. സതീശൻ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,89,41,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ

പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,89,41,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,89,41,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,89,41,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,89,41,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 493,89,41,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ III — നീതിന്യായ നിർവ്വഹണം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 525,12,64,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വർദ്ധിച്ചുവരുന്ന കേസ്സുകൾക്ക് ആനുപാതികമായി കോടതികൾ സ്ഥാപിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 525,12,64,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഹാരിസൺ പ്ലാന്റേഷനെ സഹായിക്കാൻ സംസ്ഥാന താൽപര്യത്തിന് വിരുദ്ധമായി നിലപാട് സ്വീകരിച്ചതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 525,12,64,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (രാഷ്ട്രീയ നേതാക്കൾ ഉൾപ്പെട്ട പീഡന കേസ്സുകളിൽ നിയമ സംവിധാനത്തെ മറികടന്ന് സമാന്തര അന്വേഷണം നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 525,12,64,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കുട്ടികൾക്കുനേരേയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ കൂടുതൽ പോക്സോ കോടതികൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 525,12,64,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കുടുംബകോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കാത്തതായി പറയപ്പെടുന്ന ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 525,12,64,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ലഹരി മാഫിയയുമായി ബന്ധപ്പെട്ട കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെ നിയമിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 525,12,64,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോടതി നടപടികൾ ലളിത മാക്കേണ്ടതിന്റെയും സുതാര്യമാക്കേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 525,12,64,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോടതികളിൽ സർക്കാരിന്റെ ഭാഗം അവതരിപ്പിക്കുന്നതിൽ പബ്ലിക് പ്രോസിക്യൂട്ടർമാർ വീഴ്ച വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 525,12,64,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോടതികളിൽ നിലനിൽക്കുന്ന കേസുകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 525,12,64,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിയമ നടപടിക്രമങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ കൂടുതൽ ബോധവൽക്കരണം നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 525,12,64,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വ്യാജ നിയമ ബിരുദധാരികൾ അഭിഭാഷകരായി കോടതികളിൽ പ്രാക്ടീസ് നടത്തുന്നത് തടയാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 525,12,64,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലുകളിൽ പാർപ്പിച്ചിരിക്കുന്ന കുറ്റവാളികളുടെ വിചാരണ വീഡിയോ കോൺഫറൻസ് വഴി നടത്തുന്നതിന് കോടതികളിൽ ആവശ്യമായ സംവിധാനം ഏർപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. വി. എസ്. ശിവകുമാർ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 525,12,64,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 525,12,64,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: 2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ച ആരംഭിക്കുകയാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കപ്പെടാനിരിക്കുന്ന ഒരു ജനവിധിയാണ് ഇപ്പോഴുണ്ടായിട്ടുള്ളത്. സംസ്ഥാനത്തും രാജ്യത്തുമുണ്ടായ ജനവിധിയെ പൂർണ്ണമായും മാനിക്കുകയാണ്. ഈ തെരഞ്ഞെടുപ്പ് ഫലത്തെക്കുറിച്ച് ഓരോ രാഷ്ട്രീയ പാർട്ടിക്കും മുന്നണിക്കും അവരവരുടേതായ അഭിപ്രായങ്ങളുണ്ടാകും. എന്നാൽ ഒരു കാര്യത്തിൽ ഏറെക്കുറെ ഈ സഭയിലെ ഒരംഗം ഒഴികെ മറ്റെല്ലാവർക്കും യോജിപ്പാണുണ്ടാകുക. തെരഞ്ഞെടുപ്പുഫലം മതനിരപേക്ഷ ജനാധിപത്യ വിശ്വാസികൾക്ക് കടുത്ത നിരാശയാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന കാര്യത്തിൽ നമുക്കിടയിൽ വ്യത്യസ്ത അഭിപ്രായമുണ്ടാകേണ്ട കാര്യമില്ല. കോൺഗ്രസ്സുകാർക്കായാലും വിശേഷിച്ച് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ പ്രതിനിധികൾക്കായാലും വ്യത്യസ്ത അഭിപ്രായമുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ചിറ്റയം ഗോപകുമാർ)

ഇന്നലെ എല്ലാ പത്രങ്ങളിലും വന്ന ഒരു വാർത്ത നമ്മളൊക്കെ ശ്രദ്ധിച്ചതാണ്. ബീഹാറിലെ ബഗുസരായിയിൽ തെരുവോരത്തു നിന്ന ഒരു മനുഷ്യന് പ്രകോപനങ്ങളില്ലാതെ വെടിയേൽക്കുന്നു. വെടിയേറ്റുവീണ ആ മനുഷ്യനോട് പാകിസ്ഥാനിലേയ്ക്ക് പൊയ്ക്കൊള്ളൂ എന്ന് ആജ്ഞാപിക്കുകയാണ്. വെടിവച്ചയാൾക്ക് വെടിയേറ്റയാളെ ഒരു മുൻപരിചയവുമില്ല. അദ്ദേഹത്തിന് പ്രകോപനമുണ്ടാകാൻതക്ക ഒരു കാരണവും ഉള്ളതായി പറയപ്പെടുന്നില്ല. ഉണ്ടായ ഏക കാരണം, അദ്ദേഹത്തിന്റെ പേര് മുഹമ്മദ് കാസിം എന്നായിരുന്നു എന്നുള്ളതാണ്. ഇതൊരു അനുഭവമാണ്.

കഴിഞ്ഞ 5 വർഷക്കാലം പ്രതിപക്ഷമില്ലാതെ ശ്രീ. നരേന്ദ്ര മോദി നടത്തിയ ഭരണം അങ്ങേയറ്റം ജനദ്രോഹപരവും രാജ്യതാല്പര്യങ്ങൾക്ക് നിരക്കാത്തതുമായിരുന്നു എന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാകില്ല. കാർഷിക-വാണിജ്യ മേഖലകൾ തകർന്നു. നോട്ട് നിരോധനത്തെത്തുടർന്ന് സാമ്പത്തിക പ്രതിസന്ധി രൂക്ഷമായി. ഭരണഘടനാ സ്ഥാപനങ്ങൾ ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും കയ്യിലെ ചട്ടുകങ്ങളായി മാറി. ന്യൂനപക്ഷം കടുത്ത അരക്ഷിതാവസ്ഥയിലുമായി. നരേന്ദ്ര മോദി സർക്കാരിന്റെ ഭരണം അവസാനിപ്പിക്കേണ്ടത് രാജ്യസ്നേഹികളുടെയും ജനാധിപത്യ വിശ്വാസികളുടെയും അടിയന്തര കടമയായി മാറിയതും ആ സാഹചര്യത്തിലാണ്. മൂന്ന് സംസ്ഥാനങ്ങളിലെ 5 നിയമസഭാ മണ്ഡലങ്ങളിൽ 2018 ഡിസംബർ മാസത്തിൽ തെരഞ്ഞെടുപ്പ് നടന്നതിൽ മൂന്നിടങ്ങളിൽ ബി.ജെ.പി-ക്കുണ്ടായ തിരിച്ചടി ലോക്സഭാ തെരഞ്ഞെടുപ്പിൽ ആ പാർട്ടിയെ പരാജയപ്പെടുത്താൻ സാധിക്കുമെന്ന പ്രതീക്ഷയ്ക്ക് വകനൽകി. മാത്രമല്ല, ബി.ജെ.പി. വിരുദ്ധ വോട്ടുകൾ ഏകോപിപ്പിക്കാൻ സാധിച്ചാൽ തീർച്ചയായും ബി.ജെ.പി. സർക്കാരിനെ പുറത്താക്കാൻ കഴിയുമെന്ന പ്രതീക്ഷയാണ് രാജ്യത്തെ ജനങ്ങൾക്കുണ്ടായത്. 2014-ൽ ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ബി.ജെ.പി. 5 സംസ്ഥാനങ്ങളിലും അവരുടെ മുന്നണി എൻ.ഡി.എ. ആറ് സംസ്ഥാനങ്ങളുമുൾപ്പെടെ 11 സംസ്ഥാനങ്ങളിലെ ഭരണമാണ് കയ്യാളിയിരുന്നത്. അന്ന് കോൺഗ്രസ്സ് 11 സംസ്ഥാനങ്ങളിലാണ് ഭരണം കയ്യാളിയിരുന്നത്. എന്നാൽ 4 വർഷക്കാലത്തെ ബി.ജെ.പി.-യുടെ ഭരണം പൂർത്തിയാകുമ്പോഴേക്കും ബി.ജെ.പി.-യും എൻ.ഡി.എ.-യും ചേർന്ന് 11 സംസ്ഥാനങ്ങളിൽ ഭരണം കയ്യടക്കി. 11 സംസ്ഥാനങ്ങൾ ഭരിച്ച കോൺഗ്രസ്സാകട്ടെ 4 സംസ്ഥാനങ്ങളിലേയ്ക്ക് ചുരുങ്ങി. എന്നാൽ 2018 ഡിസംബർ മാസത്തിൽ സംസ്ഥാന നിയമസഭകളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ മൂന്നിടത്ത് കോൺഗ്രസ്സ് നേട്ടം കൈവരിച്ചു. ബി.ജെ.പി.-യുടെ പരാജയം ഉറപ്പിക്കാൻ വർഗ്ഗീയ വിരുദ്ധ വോട്ടുകൾ ഏകോപിപ്പിക്കാൻ ഇന്ത്യയിലെ പ്രമുഖ പ്രതിപക്ഷ പാർട്ടികൾ യോജിച്ച് നിൽക്കുമെന്നുള്ള ഒരു പ്രതീക്ഷയ്ക്ക് അത് വക നൽകി. ഈ പശ്ചാത്തലത്തിലാണ് 17-ാമത് ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെടുന്നതും അതിന്റെ ഒരുക്കങ്ങൾ നടക്കുന്നതും. എന്നാൽ, തനിച്ച് ഭൂരിപക്ഷം ലഭിക്കാൻ ഇടയാകുമെന്ന പ്രതീക്ഷ, അത് നേടാൻ സാധിക്കുമെന്ന കോൺഗ്രസ്സിന്റെ ധാരണ, അമിത അവകാശവാദങ്ങളുന്നയിച്ച് വിവിധ സംസ്ഥാനങ്ങളിൽ കൈവരിക്കാൻ സാധിക്കുമായിരുന്ന യോജിപ്പ് ഇതൊക്കെ അതിന്റെ തുടക്കത്തിൽത്തന്നെ ഇല്ലാതാക്കി. കോൺഗ്രസ്സിന്റെ നില ഇത്രമേൽ പരിതാപകരമാകുമെന്ന് അന്ന് ആരും കരുതിയിരിക്കാനിടയില്ല. ബി.ജെ.പി.-ക്ക്

ഇപ്പോൾ ലഭിച്ച ഭൂരിപക്ഷം ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവി അപകടത്തിലാക്കിയേക്കാമെങ്കിലും അതുകൊണ്ട് എല്ലാം അവസാനിക്കുകയില്ല. ലോക ചരിത്രത്തിൽ ഒരു ഏകാധിപതിയും അയാളുടെ സാമ്രാജ്യം എക്കാലത്തേക്കും സംരക്ഷിച്ചതായി രേഖപ്പെടുത്തിയിട്ടുമില്ല. അതുകൊണ്ടുതന്നെ നാം പ്രതീക്ഷയുള്ളവരാണ്. മാത്രമല്ല, ആർ.എസ്.എസ്.-ന്റെ റോൾ മോഡൽ ഹിറ്റ്ലറാണെന്നതും ചരിത്രത്തിൽ അവർക്കുള്ള സ്ഥാനവും രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ഈ തെരഞ്ഞെടുപ്പ് ഫലം ഒരുപാട് പാഠങ്ങൾ നമ്മെയെല്ലാം ഒരുപോലെ പഠിപ്പിക്കുന്നുണ്ട്. തീർച്ചയായും അത് ഉൾക്കൊള്ളാൻ എല്ലാവരും ബാധ്യസ്ഥരാണ്. ജനവിധി മാനിക്കുന്നു എന്നു ഞാൻ പറഞ്ഞത് ആ ഒരു അർത്ഥത്തിൽ തന്നെയാണ്.

1.00 P.M.]

ഇന്ന് കോൺഗ്രസ് പിന്തുടരുന്ന നയങ്ങളിലൂടെ ബി.ജെ.പി. സർക്കാരിനെ താഴെയിറക്കാനോ ബി.ജെ.പി. വിരുദ്ധ വോട്ടുകളെ ഏകോപിപ്പിക്കാനോ സാധിക്കുമെന്ന് നിങ്ങളാരും കരുതുമെന്ന് പ്രതീക്ഷിക്കുന്നതേയില്ല. യാഥാർത്ഥ്യബോധത്തോടുകൂടി കോൺഗ്രസ് നേതൃത്വം ചിന്തിക്കുമെന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്. താൻ ശ്രീ. നരേന്ദ്ര മോദിയെക്കാൾ തികഞ്ഞ ഒരു ഹിന്ദുവാണെന്ന് വരുത്തിത്തീർക്കാൻ ശ്രീ. രാഹുൽ ഗാന്ധി നടത്തിയ ശ്രമങ്ങൾ അല്പംപോലും വിലപ്പോയില്ലെന്ന് ഇനിയെങ്കിലും തിരിച്ചറിയുന്നത് നന്നായിരിക്കും. രാമക്ഷേത്ര നിർമ്മാണം പൂർത്തിയാകണമെങ്കിൽ കോൺഗ്രസ് അധികാരത്തിൽ വരണമെന്ന് പറയാനും ഗോവധ നിരോധനം തങ്ങളാണ് ആദ്യം പ്രഖ്യാപിച്ചതെന്ന് പറയാനും ആവേശം കാണിച്ചത് കോൺഗ്രസ്സിന്റെ നേതൃത്വമാണ്. രാജസ്ഥാനിൽ ബി.ജെ.പി.-യുടെ ഗവൺമെന്റ് പുറംതള്ളപ്പെട്ടപ്പോൾ തൽസ്ഥാനത്തുവന്ന കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് പശുസംരക്ഷണത്തിനുവേണ്ടി ബി.ജെ.പി. ഏർപ്പെടുത്തിയ വകുപ്പ് അതുപോലെ നിലനിർത്തി. ശ്രീ. നരേന്ദ്ര മോദിയും ബി.ജെ.പി.-യും ഉയർത്തുന്ന കപട ഹിന്ദുത്വവാദം, അതിൽ ഒരു പടികൂടി മികച്ച നിലയിൽ പ്രാവർത്തികമാക്കി അതേവഴിയിൽ ബി.ജെ.പി.-യെ പരാജയപ്പെടുത്തും എന്നാണ് കരുതിയതെങ്കിൽ, തീർച്ചയായും തങ്ങൾക്ക് തെറ്റ് പറ്റിയെന്ന് ഇനിയെങ്കിലും അവർ തിരിച്ചറിയുമെന്നാണ് ആത്മാർത്ഥമായി പ്രതീക്ഷിക്കുന്നത്. മൂന്ന് സംസ്ഥാന നിയമസഭകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിലുണ്ടായ മുന്നേറ്റം ലോക്സഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-ക്കെതിരായ ഫലപ്രദമായ സഖ്യമുണ്ടാക്കുന്നതിന് കഴിയാത്ത വിധത്തിലുള്ള അഹങ്കാരത്തിനും ധാർഷ്ട്യത്തിനും ഇടയാക്കിയെങ്കിൽ അത് ഇനിയും പരിശോധിച്ച് തിരുത്തുന്നതിന്

തയ്യാറാകണം. രാജ്യത്ത് മതനിരപേക്ഷ ജനാധിപത്യ രാഷ്ട്രീയ പാർട്ടികളും വിവിധ സംസ്ഥാനങ്ങളിലെ സംസ്ഥാന രാഷ്ട്രീയ പാർട്ടികളും ചേർന്നാൽ ബി.ജെ.പി.-ക്ക് ഇന്ന് കൈവരിക്കാനായ ജനപിന്തുണയെ മറികടക്കാൻ സാധിക്കുമെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാകില്ല. എന്നാൽ അത്തരമൊരു അനുഭവമല്ല നമുക്ക് മുമ്പിൽ കാഴ്ചവയ്ക്കാൻ കോൺഗ്രസ്സ് നേതൃത്വത്തിന് സാധിക്കുന്നത്. വിവിധ സംസ്ഥാനങ്ങളുടെ അനുഭവം, അത് ഡൽഹിയായിരുന്നാലും ഉത്തർപ്രദേശാ യിരുന്നാലും പശ്ചിമ ബംഗാളായിരുന്നാലും ആൾ ഇന്ത്യ കോൺഗ്രസ് കമ്മിറ്റിയുടെ ഹൈക്കമാൻഡിന്റെ നിർദ്ദേശങ്ങളൊന്നും ബാധകമാകാത്തവരായി സംസ്ഥാനങ്ങളിലെ കോൺഗ്രസ് നേതൃത്വം മാറിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, എനിക്ക് ഒരു കാര്യത്തിൽ ക്ലാരിഫിക്കേഷൻ ആവശ്യമാണ്.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഇത് പൂർത്തിയാക്കട്ടെ. ഇത് മുഴുവനും ക്ലാരിഫിക്കേഷനാണ്. സഖ്യകക്ഷികളെ കണ്ടെത്തുന്നതിനുവേണ്ടി ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ ഒരു സമിതി തന്നെ രൂപീകരിക്കപ്പെട്ടുവെന്നതാണ് പത്രങ്ങളിൽ വന്ന വാർത്ത. ഒരു കോൺഗ്രസ് സുഹൃത്തിനോട് ചോദിച്ചപ്പോൾ അതിപ്പോഴുള്ള കാര്യമല്ല, പഴയതാണെന്നാണ് പറഞ്ഞത്. എന്തായാലും സഖ്യകക്ഷികളെ കണ്ടെത്താൻ ബി.ജെ.പി. വിരുദ്ധ വോട്ടുകളെ ഫലപ്രദമായി ഏകോപിപ്പിക്കാൻ ഒരു സംസ്ഥാനത്തിന് സാധിച്ചു, അത് തമിഴ്നാട്ടിലാണ്. ആ തെരഞ്ഞെടുപ്പ് ഫലമെങ്കിലും കോൺഗ്രസ് നേതൃത്വത്തിന്റെ കണ്ണ് തുറപ്പിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. തീർച്ചയായും സംശയ നിവൃത്തിക്കായി ഞാൻ ഓരോന്നായി പറയാം. ഒട്ടേറെ അഴിമതികളുടെ പേരിൽ ജനം ശിക്ഷിച്ച പാർട്ടിയാണ് കോൺഗ്രസ് എന്നത് മറക്കരുത്. റഫാൽ അഴിമതിയുടെ കാര്യം മാത്രമുന്നയിച്ച് ബി.ജെ.പി.-യെ നേരിടാൻ സാധിക്കുമെന്ന് കരുതിയതാണ് നിങ്ങൾക്ക് പറ്റിയ തെറ്റ്. യഥാർത്ഥത്തിൽ അതുപോലും പറയാൻ ശ്രീമതി സോണിയ ഗാന്ധിയും കുടുംബവുമല്ലാതെ മറ്റാരും നിങ്ങളോടൊപ്പം ഉണ്ടായിരുന്നില്ല, എല്ലാ കോൺഗ്രസ്സുകാരും പഞ്ചപുച്ഛമടക്കി നിൽക്കുകയായിരുന്നു. എന്താ നിങ്ങൾ ഭയപ്പെട്ടത്; നിങ്ങളാരെയാണ് ഭയപ്പെട്ടത്? നിങ്ങൾ ഭയപ്പെട്ടത് എൻഫോഴ്സ്മെന്റിനെയും സി.ബി.ഐ.-യെയുമാണ്. അഴിമതിക്കാരായ കോൺഗ്രസ്സിന്റെ ദേശീയ നേതൃത്വം ഭയപ്പാടിലായിരുന്നു. ബി.ജെ.പി.-ക്ക് എതിരായുള്ള നിലപാട് ശക്തമായി സ്വീകരിക്കാൻ നിങ്ങൾക്ക് കഴിയാതെ പോയത് അതുകൊണ്ടുതന്നെയാണ്. അക്കാര്യം ഇനിയെങ്കിലും നിങ്ങൾ തിരിച്ചറിയണം.

മലപ്പുറം ജില്ലയിൽ റഫാൽ അഴിമതിക്കെതിരായി ഞങ്ങൾ നടത്തിയതുപോലെയൊരു പോരാട്ടം ..(ബഹളം).. ഞങ്ങൾക്കുള്ള ശേഷിവച്ചല്ലേ പോരാടാൻ സാധിക്കൂ. ഉള്ള ശേഷിവച്ച് പോരാട്ടത്തിന് ഞങ്ങൾ നേതൃത്വം കൊടുത്തിട്ടുണ്ട്. ഞാൻ പറയട്ടെ..(ബഹളം).. ഇതൊക്കെ പറയുമ്പോൾ പ്രയാസപ്പെട്ടിട്ട് കാര്യമില്ല. മലപ്പുറം ജില്ലയിലെ ഏറനാടും വണ്ടൂരും നിലമ്പൂരും ചേരുന്ന, ന്യൂനപക്ഷങ്ങൾക്ക് ഭൂരിപക്ഷമുള്ള വയനാട്ടിൽ സ്ഥാനാർത്ഥിത്വം തേടിവന്ന ശ്രീ. രാഹുൽ ഗാന്ധി അമേഠിയിലെ പരാജയം മാത്രമല്ല, ദേശീയ രാഷ്ട്രീയത്തിൽ കോൺഗ്രസ്സിന്റെ പരാജയം കൂടിയാണ് ഉറപ്പാക്കിയത്. ഇതിനെല്ലാം കാരണമായത് കടുത്ത കമ്മ്യൂണിസ്റ്റ് വിരോധവും സ്വന്തം രാഷ്ട്രീയ വളർച്ചയെക്കുറിച്ച് മാത്രം ചിന്തിക്കുന്ന ഒരു നേതാവുമാണെന്ന് നിങ്ങൾ ഓർമ്മിക്കണം. രണ്ടുപേരാണുള്ളത്, ഒന്ന് കടുത്ത കമ്മ്യൂണിസ്റ്റ് വിരോധിയും മറ്റൊന്ന് സ്വന്തം കാര്യം മാത്രം ചിന്തിക്കുന്നയാളും. ഈ രണ്ട് പേരുടേതല്ലാതെ കോൺഗ്രസിന്റെ നേതൃത്വത്തിന് മറ്റെന്ത് ഉപദേശമാണ് ലഭിച്ചത്. ബി.ജെ.പി.-യുടെ നേതൃത്വത്തിലുണ്ടായിരുന്ന സർക്കാരിന്റെ എല്ലാ തെറ്റായ നയങ്ങളെയും തിരുത്താൻ ശക്തമായി പോരാടുന്ന ഒരു ഗവൺമെന്റ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണെന്ന കാര്യത്തിൽ നിങ്ങൾക്ക് എന്ത് സംശയമാണുള്ളത്! ഈ സർക്കാരിനെ താഴെയിറക്കുന്നതുകൊണ്ട് നിങ്ങൾക്ക് ഏത് ബി.ജെ.പി. വിരുദ്ധ പോരാട്ടത്തെയാണ് ശക്തിപ്പെടുത്താൻ സാധിക്കുക. യഥാർത്ഥത്തിൽ നിങ്ങളെന്തിനാണ് ഒരുങ്ങുന്നതെന്ന് ആലോചിച്ചുനോക്കൂ. ഇവിടെ കോൺഗ്രസ്സിന്റെ നേതൃത്വം ബി.ജെ.പി.-യോടൊപ്പം ചേർന്ന് ഓരോ സന്ദർഭത്തിലുമെടുക്കുന്ന നിലപാട്, അത് നേമം തെരഞ്ഞെടുപ്പിൽ കെട്ടിവച്ച കാശുപോലും ഉപേക്ഷിച്ച് നിങ്ങൾ ഒരാൾക്ക് അവസരം കൊടുത്തു, അതുതന്നെയാണ് ശബരിമല വിഷയമുണ്ടായപ്പോഴും നിങ്ങൾ പറഞ്ഞത്. എന്താണ് നിങ്ങൾ ചെയ്തത്! ഇതുതന്നെ സുവർണ്ണാവസരം, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെതിരായിട്ടുള്ള ഒന്നാന്തരം അവസരം ഉപയോഗപ്പെടുത്തണമെന്ന് ശ്രീ. പി. എസ്. ശ്രീധരൻ പിള്ള പറഞ്ഞപ്പോൾ നിങ്ങൾ സർക്കുലർ അയച്ചു. 'എല്ലാവരും കൂടെ പൊയ്ക്കോളൂ പക്ഷേ, കൊടി എടുക്കരുതെന്ന് മാത്രം'. ഇതാണ് കോൺഗ്രസ്. ആ കേൺഗ്രസാണ് ദേശീയ രാഷ്ട്രീയത്തിൽ കനത്ത പരാജയം ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നത്.

<u>മി. ചെയർമാൻ</u>: പ്ലീസ്.. പ്ലീസ്.. സമയം കഴിഞ്ഞു.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഞങ്ങൾക്ക് ഒരു കാര്യം മാത്രമേ ഈ അവസരത്തിൽ പറയാനുള്ളൂ. നിങ്ങൾ കമ്മ്യൂണിസ്റ്റുകാരെക്കുറിച്ച് വേവലാതിപ്പെടുമ്പോൾ ഒരു കാര്യം ഓർമ്മിക്കുക. ലോകത്തെവിടെയെല്ലാം

കമ്മ്യൂണിസ്റ്റുകാരും ഇടതുപക്ഷക്കാരും ദുർബലമായിട്ടുണ്ടോ അവിടെയൊന്നും പാവപ്പെട്ട മനുഷ്യർക്ക് ജീവിക്കാൻ സാധിക്കുന്ന ഒരു സാഹചര്യം ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല, ഇടതുപക്ഷ പ്രസ്ഥാനവും സോഷ്യലിസ്റ്റ് പ്രസ്ഥാനവും ദുർബലപ്പെട്ടിടത്ത് വംശീയതയും വർഗ്ഗീയതയും വലതുപക്ഷ തീവ്രവാദവുമാണ് കരുത്താർജ്ജിച്ചത്, അത് ലോകചരിത്രമാണ്. ഇതിനെല്ലാം എതിരായി ഒരു ബദൽ രാഷ്ട്രീയം ഉയർത്തുന്നതിന് ഞങ്ങൾക്ക് ഈ കൊച്ചു സംസ്ഥാനത്ത് സാധിക്കുന്നുണ്ടെങ്കിൽ അത് നിങ്ങൾ കാണണം. അത് കാണാത്തതുകൊണ്ട് രാജ്യത്ത് ബി.ജെ.പി. വിരുദ്ധ പോരാട്ടത്തിന് നേതൃത്വം നൽകാൻ നിങ്ങൾക്കെന്നല്ല ആർക്കും സാധിക്കില്ല. ഇടതുപക്ഷത്തിന്റെ പ്രസക്തി നിങ്ങൾ അംഗീകരിച്ചേ മതിയാകൂ. കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ദേശീയ രാഷ്ട്രീയത്തിൽ ബി.ജെ.പി. ഉയർത്തുന്ന വെല്ലുവിളിയുടെ ഭാഗമായ നവലിബറൽ നയസമീപനങ്ങളെ ചെറുക്കുന്നതിനും ഒരു ബദൽ തീർക്കുന്നതിനും നാല് മിഷനുകളിലൂടെയും അതോടൊപ്പം തന്നെ റീബിൾഡ് കേരള ഇനിഷ്യേറ്റീവിലൂടെയും നടത്തുന്ന ശ്രമങ്ങളെപ്പോലും ചെവിക്കൊള്ളാൻ തയ്യാറാകുന്നില്ല എന്നതാണ് ഇന്നലത്തെ അടിയന്തരപ്രമേയത്തിലൂടെ നിങ്ങൾ പ്രകടിപ്പിച്ച അസ്വസ്ഥത. ഇതെല്ലാം തിരുത്താൻ സമയമായിരിക്കുന്നു. തിരുത്തിയില്ലെങ്കിൽ ഇതെല്ലാം നിങ്ങളെത്തന്നെ തിരുത്തിക്കും എന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. തീർച്ചയായും അതിലപ്പുറമൊന്നുമില്ല ഈ അനുഭവങ്ങൾക്ക് എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ശ്രീ. ജെയിംസ് മാത്യു കോൺഗ്രസ് എങ്ങനെ നന്നാകണമെന്നുള്ളതിനെക്കുറിച്ച് കുറച്ച് ഉപദേശങ്ങളൊക്കെ നൽകി. അതിൽ സ്വീകരിക്കേണ്ടവയൊക്കെ സ്വീകരിക്കുന്നു. ഞങ്ങളുടെ പാർട്ടിക്ക് പറ്റിയ തെറ്റ് തിരുത്തും. കോൺഗ്രസിന്റെ ദേശീയനേതൃത്വം യോഗംചേർന്ന് എന്തുകൊണ്ട് തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു എന്നതിനെക്കുറിച്ച് വിശദമായി ചർച്ച നടത്തി. രണ്ട് ഇലക്ഷനിൽ പരാജയപ്പെട്ടുവെന്ന് കരുതി എല്ലാം അവസാനിക്കുന്നില്ല. 2004-ലും 2009-ലും യു.പി.എ. ജയിച്ചു. പത്ത് വർഷം തുടർച്ചയായി ഇവിടെ യു.പി.എ. സർക്കാർ ഭരിച്ചു. ഇപ്പോൾ എൻ.ഡി.എ. സർക്കാർ അധികാരത്തിൽ വന്നപ്പോഴും തുടർച്ചയിലേയ്ക്ക് കാര്യങ്ങൾ പോയി. രണ്ട് തവണ തുടർച്ചയായി ജയിച്ചുവെന്ന് കരുതി ഇനി അവരാണ് ആജീവനാന്തം ഇവിടെ ഭരിക്കുക എന്നൊന്നും ആരും കരുതേണ്ടതില്ല. മതേതര ശക്തികൾക്ക് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ തിരിച്ച് വരാൻ കഴിയുമെന്ന് ഞങ്ങൾക്ക് പൂർണ്ണ വിശ്വാസമുണ്ട്. അതേസമയം, ഇടതുപക്ഷത്തിന് ഇത്തവണ എന്തുപറ്റി?

ഇടതുപക്ഷത്തിന് ശക്തിയുള്ള മൂന്ന് സംസ്ഥാനങ്ങളാണ് ഇന്ത്യയിലുള്ളത്. മുപ്പത്തിയഞ്ച് വർഷം ഭരിച്ച പശ്ചിമബംഗാളും ഇരുപത്തിയഞ്ച് വർഷം ഭരിച്ച ത്രിപുരയും ഇപ്പോൾ ഇടയ്ക്കിടയ്ക്ക് ഭരിക്കുന്ന കേരളവും. സി.പി.ഐ.(എം)-ന് മൂന്ന് സീറ്റും സി.പി.ഐ.-ക്ക് രണ്ട് സീറ്റുമാണ് പതിനേഴാം ലോക്സഭയിലുള്ളത്. അതിൽ രണ്ട് സീറ്റിൽ കോൺഗ്രസ്സും ഡി.എം.കെ.യും മുസ്ലീം ലീഗും ഉൾപ്പെട്ട സഖ്യം തമിഴ്നാട്ടിലാണ് വിജയിച്ചത്. കേരളത്തിൽ ശ്രീ. എ. എം. ആരിഫ് വിജയിച്ചു. അങ്ങനെ സി.പി.ഐ.(എം)ന് മൂന്നും സി.പി.ഐ.-ക്ക് രണ്ടും സീറ്റുകളാണ് ലഭിച്ചത്.

പശ്ചിമബംഗാളിൽ എന്താണ് സംഭവിച്ചത്; എന്തുകൊണ്ടാണ് അവിടെ നിങ്ങൾക്ക് കാഴ്ചക്കാരെപ്പോലെ നോക്കിനിൽക്കേണ്ടി വന്നത്? ഞങ്ങൾക്കും നോക്കി നിൽക്കേണ്ടിവന്നു. പക്ഷേ, ഞങ്ങൾ കുറേക്കാലമായി നോക്കി നിൽക്കുകയാണല്ലോ; അവിടെ ഞങ്ങൾക്ക് മോശമല്ലാത്ത, അതായത് നാല് സീറ്റുണ്ടായിരുന്നിടത്ത് രണ്ട് സീറ്റെങ്കിലും ലഭിച്ചു. അതിലൂടെ ഒരു സ്പെയിസ് ഞങ്ങൾക്ക് ലഭിച്ചു. എന്തുകൊണ്ടാണ് ഇടതുപക്ഷത്തിന് ഒരു സ്പെയിസുപോലും പശ്ചിമബംഗാളിൽ ലഭിക്കാതിരുന്നത്. കോൺഗ്രസിൽ നിന്നും ബി.ജെ.പി.-യിലേയ്ക്ക് പോയവരുടെ ലിസ്റ്റ് സഭയിൽ നിരന്തരം വായിക്കാറുണ്ടല്ലോ. ഇന്ന് വായിച്ച ലിസ്റ്റ് ഏതാണ്? പശ്ചിമബംഗാളിലെ ഒരു സി.പി.ഐ.(എം) എം.എൽ.എ. ബി.ജെ.പി.-യിലേയ്ക്ക് പോയി, അതിൽ സന്തോഷിക്കുന്നവരല്ല ഞങ്ങൾ. പക്ഷേ, സീറ്റുള്ള സ്ഥലത്തുപോലും എന്തുകൊണ്ട് നിങ്ങൾക്ക് പിടിച്ചുനിൽക്കാൻ കഴിയുന്നില്ല? മാർക്സിസ്റ്റ് പാർട്ടിയുടെ 15 ശതമാനം വോട്ടുകൾ ബി.ജെ.പി.-യിലേയ്ക്ക് പോയെന്നാണ് പശ്ചിമബംഗാളിലെ കണക്കുകൾ സൂചിപ്പിക്കുന്നത്. മാത്രമല്ല പശ്ചിമബംഗാൾ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യയ്ക്ക് ഒരു സ്റ്റേറ്റ്മെന്റ് അവസാനം ഇറക്കേണ്ടിവന്നിരുന്നു. ശ്രീമതി മമത ബാനർജിയോടും തൃണമൂൽ കോൺഗ്രസിനോടുമുള്ള വിരോധംകൊണ്ട് ബി.ജെ.പി.-ക്ക് വോട്ട് ചെയ്യരുതെന്ന് പറയേണ്ട ഒരവസ്ഥയിലേയ്ക്ക് നിങ്ങൾ എത്തിച്ചേർന്നിരുന്നു. ത്രിപുരയിൽ നിലവിലുണ്ടായിരുന്ന രണ്ട് സീറ്റും നഷ്ടപ്പെട്ടുവെന്ന് മാത്രമല്ല മൂന്നാം സ്ഥാനത്തേക്ക് പോകുകയും ചെയ്തു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 58 സീറ്റുകളിൽ കെട്ടിവച്ച കാശ് നഷ്ടപ്പെട്ട കോൺഗ്രസ്സാണ് അവിടെ രണ്ടാം സ്ഥാനത്ത് വന്നത്. ഒരിടത്ത് കോൺഗ്രസ് തോറ്റപ്പോൾ എല്ലാം തകർന്നുവെന്നാണല്ലോ ഇവിടെ പറഞ്ഞത്. ഇനി കേരളത്തിലേയ്ക്ക് വരുമ്പോൾ, ശ്രീ. ജെയിംസ് മാത്യുവിന്റെ നിയോജക മണ്ഡലത്തിൽ ഞങ്ങൾ ലീഡ് ചെയ്യുമെന്നുപോലും വിചാരിച്ചില്ല. എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്? കേരളത്തിലെ 19 സീറ്റിലും ഇടതുപക്ഷം പരാജയപ്പെട്ടത് എന്തുകൊണ്ടാണ്? മാത്രമല്ല ഈ പരാജയത്തിന് ഒരു വ്യാപ്തി കൂടിയുണ്ട്. ശ്രീ. എം. വി. ഗോവിന്ദൻ

മാസ്റ്ററുടെ ഒരു സ്റ്റേറ്റ്മെന്റ് ഞാൻ വായിച്ചിരുന്നു. അതിൽ 'തോൽവിയെക്കാൾ കൂടുതൽ ഇത്ര ഭൂരിപക്ഷത്തിനെങ്ങനെ തോറ്റു' എന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങയുടെ പാർട്ടി ഉൾപ്പെട്ട അന്നത്തെ കോൺഗ്രസ് ഐക്യകക്ഷി 1977-ൽ 20-ൽ 20-ഉം നേടിയെന്ന് അങ്ങേക്കറിയാം. ആ 20-ൽപ്പോലും ഇത്ര ഭൂരിപക്ഷമുണ്ടായിരുന്നില്ല. ആ കാലഘട്ടത്തിൽ ഞാൻ മത്സരിച്ച ഇപ്പോഴത്തെ എന്റെ നിയോജകമണ്ഡലമായ വടകരയിൽ ശ്രീ. കെ. പി. ഉണ്ണികൃഷ്ണൻ 8000 വോട്ടുകൾക്കുമാത്രമാണ് വിജയിച്ചത്. സി.പി.ഐ.(എം)ഉം കോൺഗ്രസ്സുമുൾപ്പെട്ട ആ മുന്നണി അന്ന് വടകരയിൽ 8000 വോട്ടുകൾക്കാണ് വിജയിക്കുന്നത്. ഈ സഭയിലെ അംഗമായ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി കാസർഗോഡുനിന്നും ജയിച്ചത് 4000 വോട്ടുകൾക്കാണ്. എറണാകുളത്ത് അന്നത്തെ കോൺഗ്രസ് ഐക്യകക്ഷി സ്ഥാനാർത്ഥിയായ ഡോ. ഹെൻറി ഓസ്റ്റിൻ ജയിക്കുന്നത് 2000 വോട്ടുകൾക്കാണ്. എന്നാൽ ഇത്തവണ ആറ് നിയോജകമണ്ഡലങ്ങളിൽ യു.ഡി.എഫ്.-ന്റെ സ്ഥാനാർത്ഥികൾ വിജയിച്ചത് ഒരു ലക്ഷത്തിനുമുകളിൽ വോട്ടുകൾ നേടിയാണ്. ഏറ്റവും കുറഞ്ഞ ഭൂരിപക്ഷം പാലക്കാട് നേടിയ 11000 വോട്ടുകളാണ്. ആ സീറ്റിൽ ജയിക്കുമെന്ന് സ്ഥാനാർത്ഥിയൊഴികെ ഞങ്ങൾപോലും പ്രതീക്ഷിച്ചതല്ല. ആ സീറ്റിൽപ്പോലും 11000 വോട്ടുകളുടെ ഭൂരിപക്ഷം നൽകി ജനങ്ങൾ വിജയിപ്പിച്ചു. ആലത്തൂർ മണ്ഡലത്തിൽ 20,000 വോട്ടുകൾക്കാണ് യു.ഡി.എഫ്. സ്ഥാനാർത്ഥി ലീഡ് ചെയ്തത്. ശ്രീ. എ. കെ. ബാലന്റെ പഴയ നിയോജകമണ്ഡലമായ കുഴൽമന്ദം ഉൾപ്പെടുന്ന സീറ്റാണ് ആലത്തൂർ. ഒരു കാരണവശാലും കണക്ക് നോക്കിയാൽ ഞങ്ങൾ ജയിക്കാൻ സാധ്യതയില്ലാതിരുന്ന സീറ്റാണ്. അവിടെയാണ് യു.ഡി.എഫ്. 20,000 വോട്ടിന് ലീഡ് ചെയ്തത്. ശ്രീ. എ. കെ. ബാലന്റെ നിലവിലെ തരൂർ നിയോജക മണ്ഡലത്തിൽ ഏകദേശം 26000 വോട്ടുകളുടെ ഭൂരിപക്ഷമാണ് യു.ഡി.എഫ്.-ന് ലഭിച്ചത്. ഞാൻ മത്സരിച്ച വടകരയിലെ കൂത്തുപറമ്പിൽ എൽ.ഡി.എഫ്.-ന്റെ ഭൂരിപക്ഷം പതിനായിരത്തിലെങ്കിലും നിർത്തിക്കണമെന്ന് പറഞ്ഞ് വോട്ടെണ്ണൽ നടക്കുന്നിടത്ത് പോയപ്പോൾ എന്നോട് പറഞ്ഞത് 4300 വോട്ടുകളുടെ ഭൂരിപക്ഷമെന്നാണ്. 4000-ത്തിലെങ്കിലും അവരുടെ ഭൂരിപക്ഷം നിർത്തിയ ല്ലോയെന്ന് പറഞ്ഞപ്പോൾ 4300 വോട്ടുകൾക്ക് നമ്മളാണ് ലീഡ് ചെയ്യുന്നതെന്ന് പറഞ്ഞു. ശ്രീ. എ. എൻ. ഷംസീറിന്റെ തലശ്ശേരിയിൽ എൽ.ഡി.എഫ്.-ന്റെ ലീഡ് 30000-ത്തിലെങ്കിലും ചുരുക്കണമെന്നാണ് ഞാൻ വിചാരിച്ചത്. എന്നാൽ അവിടെയും എൽ.ഡി.എഫ്.-ന് 11000 വോട്ടുകളുടെ ലീഡാണ് ലഭിച്ചത്. ഈ മൂന്ന് സ്ഥലങ്ങളിലും എൽ.ഡി.എഫ്.-ന്റെ പരാജയത്തിന്റെ മുഖ്യകാരണം ഒരു ദേശീയ നയം നിങ്ങൾക്കില്ലാതെ പോയതാണ്. അതാണ് നേരത്തെ ശ്രീ. കെ. സി. ജോസഫ് ചോദിക്കാനായി എഴുന്നേറ്റത്. പക്ഷേ, സമയമില്ലാത്തതുകൊണ്ട് അങ്ങ് വഴങ്ങാതിരുന്നതിൽ കുറ്റം പറയുന്നില്ല.

എന്താണ് സി.പി.ഐ. (എം) ന്റെ കാഴ്ചപ്പാട്? തമിഴ്നാട്ടിൽ നിങ്ങൾ കോൺഗ്രസ് സഖ്യത്തോടൊപ്പമായിരുന്നു. സഖ്യം ഡി.എം.കെ.-യുമായാണ്, കോൺഗ്രസ്സുമായി കൂട്ടുണ്ടായിരുന്നില്ലെന്ന് വേണമെങ്കിൽ നിങ്ങൾക്ക് പറയാം. എന്നാൽ ശ്രീ. രാഹുൽ ഗാന്ധി പങ്കെടുത്ത വേദിയിൽ മധുരയിലെ നിങ്ങളുടെ ഇപ്പോഴത്തെ എം.പി. ആവേശം മൂത്ത് കൈപ്പത്തി ചിഹ്നമുള്ള ഷാൾ പുതച്ച് നിന്നതിന്റെ ഫോട്ടോ പത്രത്തിൽ വന്നിട്ടുണ്ട്. അങ്ങ് ആ ചിത്രം കണ്ടിട്ടുണ്ടോയെന്നറിയില്ല. അതുപോലെ കോയമ്പത്തൂർ മണ്ഡലത്തിലെ സ്ഥാനാർത്ഥിയും ശ്രീ. രാഹുൽ ഗാന്ധി പങ്കെടുത്ത സ്റ്റേജിൽ കോൺഗ്രസിനോടൊപ്പം നിന്നു. കേരളത്തിൽ കോൺഗ്രസ് നിങ്ങളുടെ മുഖ്യശത്രു; പശ്ചിമബംഗാളിൽ നമ്മൾ തമ്മിൽ ചില സ്ഥലങ്ങളിൽ രഹസ്യ സഖ്യമുണ്ടാക്കി, അത് ഞാൻ സമ്മതിക്കുന്നു. ത്രിപുരയിൽ നിങ്ങൾക്ക് നയമുണ്ടായിരുന്നില്ല; പശ്ചിമബംഗാളിൽ രഹസ്യബന്ധമേയുള്ളൂ. ഏറ്റവും രസകരമായ മറ്റൊരു കാര്യം നിങ്ങൾ പോണ്ടിച്ചേരിയിൽ കോൺഗ്രസ് സഖ്യത്തിന്റെ കൂടെയായിരുന്നു. വടകരയിൽ നിന്ന് തലശ്ശേരിക്ക് പോകുന്ന വഴിക്ക് പോണ്ടിച്ചേരിയിൽ ഉൾപ്പെട്ട ഓൾഡ് മാഹി, പോണ്ടിച്ചേരിയിൽ നിങ്ങൾക്ക് കോൺഗ്രസ്സുമായി സഖ്യം. ഒരു നയമെടുത്താൽ വടകരയെ ബാധിച്ചാലോയെന്ന് വിചാരിച്ച് കമലഹാസന്റെ കൂടെപ്പോയി. അണ്ണാ ഡി.എം.കെ.യോടൊപ്പം ബി.ജെ.പി. ഉണ്ടായിരുന്നതു കൊണ്ട് അവിടെ നിങ്ങൾ ശ്രീ. കമലഹാസന്റെ കൂടെപ്പോയി. ഈ നയങ്ങളാണ് നിങ്ങളുടെ അണികളുടെ വോട്ട് നഷ്ടപ്പെടുത്തിയത്. ബി.ജെ.പി.-യുടെ വോട്ട് മറിച്ചു വെന്ന് നിങ്ങൾക്ക് ഇപ്പോൾ പറയാൻ കഴിയുമോ?

നേമം നിയോജകമണ്ഡലത്തിന്റെ കാര്യം പറഞ്ഞുവല്ലോ; ഇത്തവണ നേമത്ത് മൂന്നാമത് ആരാണ്? അവിടെ യു.ഡി.എഫ്. രണ്ടാമതാണ്; ബി.ജെ.പി.-ക്ക് 7,000 വോട്ടിന് മാത്രമാണ് ലീഡ് ലഭിച്ചത്. ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ നിയോജകമണ്ഡലത്തിൽ ഞങ്ങൾക്ക് ഒന്നാം സ്ഥാനവും അദ്ദേഹത്തിന്റെ പാർട്ടിക്ക് മൂന്നാംസ്ഥാനവുമാണ്. എന്റെ നിയോജകമണ്ഡലത്തിൽ ബി.ജെ.പി.-യുമായി 3,000 വോട്ടിന്റെ വ്യത്യാസമേയുള്ളൂവെങ്കിലും ഇടതുപക്ഷവുമായി 21,000 വോട്ടിന്റെ വ്യത്യാസമാണുള്ളത്. അപ്പോൾ നിങ്ങൾ എത്രമാത്രം ജനങ്ങളിൽനിന്ന് അകന്നുപോയിയെന്ന് ഇതിൽനിന്നും മനസ്സിലാക്കാം. തീർച്ചയായും അതിൽ ഒരുപങ്ക് ശബരിമല വിഷയത്തിനുണ്ട്. മറ്റൊന്നുംകൊണ്ടല്ല, ഇവിടത്തെ ന്യൂനപക്ഷങ്ങൾ രക്ഷിതാക്കളായി കണ്ടത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെയും കേന്ദ്രത്തിലെ യു.പി.എ.-യെയും കേരളത്തിലെ യു.ഡി.എഫ്.-നെയുമാണ്. മുന്നോക്കവിഭാഗങ്ങളുടെ നയം തെറ്റാണെന്നൊന്നും പറയുന്നില്ല. നാളെ അത് ശരിയെന്ന് കാലം തെളിയിക്കും, സംശയമെന്നുമില്ല. പിന്നെ ആർക്കാണ്

അവർ വോട്ട് ചെയ്യേണ്ടത്; നിങ്ങൾക്കാണോ? ഒരു കാര്യവുമില്ലാതെ നിങ്ങൾക്ക് വോട്ട് ചെയ്യുന്നതെന്തിനാണ്? ഒരു നയവുമില്ലാത്തതുകൊണ്ടാണ് നിങ്ങൾക്ക് വോട്ട് ചെയ്യാത്തത്. ..(ബഹളം).. ബഹളം വച്ചിട്ട് കാര്യമില്ല. ഇങ്ങനെ ബഹളം വച്ച് ഈ സ്ഥിതിയിലായി. ഇനി കൂടുതൽ ബഹളം വച്ചാൽ ഇതിന്റെ പുറത്തേക്കുപോകും. വ്യക്തമായ നയമില്ലാത്തതിന്റെ ദോഷം.

ഭൂരിപക്ഷ സമുദായത്തിൽപ്പെട്ടവർക്ക് ശബരിമലയിൽ അവരുടെ വികാരങ്ങൾ വ്രണപ്പെട്ടു. ..(ബഹളം).. കോൺഗ്രസ് പ്രസ്ഥാനം എല്ലാ കാലഘട്ടങ്ങളിലും മതവിശ്വാസികളുടെ കൂടെ നിന്നിട്ടുണ്ട്. അത് ഹിന്ദുമതത്തിന്റെ മാത്രമല്ല. ഷാബാനോ കേസ്സിൽ ശരിയത്ത് നിയമങ്ങൾ ചോദ്യം ചെയ്യപ്പെടുന്നുവെന്ന് കണ്ടപ്പോൾ അന്ന് പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധി അതിനെ സംരക്ഷിക്കാൻ നിയമം കൊണ്ടുവന്നു. ആ നയംതന്നെയാണ് ഞങ്ങൾക്ക് ശബരിമലയുടെ കാര്യത്തിലുമുള്ളത്. എല്ലാ മതങ്ങളുടെയും വിശ്വാസങ്ങളും ആചാരങ്ങളും സംരക്ഷിക്കണമെന്ന നിലപാടാണ് കേരളത്തിൽ യു.ഡി.എഫ്.നും ഇന്ത്യയിൽ കോൺഗ്രസ്സിനുമുള്ളത്. ശബരിമലയിൽ ഞങ്ങൾ കൊടിയൊന്നും മാറ്റിയില്ല. വിശ്വാസം സംരക്ഷിക്കുന്ന കാര്യത്തിൽ കൊടിയല്ല, വിശ്വാസം രക്ഷിക്കലാണ് വേണ്ടത്. അക്കാര്യത്തിൽ പാർട്ടിയും യു.ഡി.എഫ്-ഉം ഒറ്റക്കെട്ടായി നിന്നതിന് ജനങ്ങൾ നൽകിയ അംഗീകാരമാണ് ഇത്രയും വലിയ ഭൂരിപക്ഷം. അത് അംഗീകരിച്ചുകൊണ്ട് നമുക്ക് തിരുത്തേണ്ട കാര്യങ്ങൾ തിരുത്താം. പക്ഷേ, നിങ്ങൾ തിരുത്തിയില്ലെങ്കിൽ, നിങ്ങൾക്കെന്തെങ്കിലും ക്ഷീണം സംഭവിച്ചാൽ ഈ സംസ്ഥാനത്ത് അതിന്റെ ഗുണം കിട്ടാൻ പോകുന്നത് ബി.ജെ.പി.ക്കാണ്. അതായത് പത്രം നോക്കിയാൽ ഓപ്പറേഷൻ 333-ൽ കേരളം ഒന്നാം സ്ഥാനത്താണ്. അതിനെ നമുക്ക് ചെറുക്കണം. കമ്മ്യൂണിസ്റ്റ് പാർട്ടി തോൽക്കുന്നതിലും നശിക്കുന്നതിലും സന്തോഷിക്കുന്ന ആളല്ല ഞാൻ.

<u>മി. ചെയർമാൻ</u>: പ്ലീസ് ..പ്ലീസ്. അങ്ങയുടെ സമയം കഴിഞ്ഞിരിക്കുകയാണ്.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, നിങ്ങളും ഞങ്ങളും നിലനിൽക്കണം. നമുക്ക് രാഷ്ട്രീയമായി പോരാടാം. അതല്ലാതെ വർഗ്ഗീയ കക്ഷികളെ ഒരു കാരണവശാലും ഈ മണ്ണിൽ കാലുകുത്താൻ അനുവദിക്കരുത്. ബി.ജെ.പി.-യുടെ പൊള്ളത്തരം പ്രൊജക്ട് ചെയ്യാൻ കഴിഞ്ഞതുകൊണ്ടാണ് യു.ഡി.എഫ്.-ന് ആ വോട്ടുകൾ ലഭ്യമായത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചു, എന്തുകൊണ്ടാണ് വോട്ടുകൾ ബി.ജെ.പി.-യിലേയ്ക്ക് പോകാത്തതെന്ന്. അതിന്റെ കാരണം അവരുടേത് കപടഭക്തിയാണെന്ന് ജനത്തിന് മനസ്സിലായതുകൊണ്ടാണ് യു.ഡി.എഫ്.-ന് വോട്ട് ചെയ്തത്. എങ്കിലും ഇന്ത്യയിലെ പരാജയം, പരാജയം തന്നെയാണ്. ഒരു കാര്യം ഞങ്ങൾ ഉറപ്പിച്ചുപറയുന്നു. ഈ സഭയിൽനിന്നുള്ള ഞങ്ങൾ നാലുപേർ

ഡൽഹിയിലേയ്ക്ക് പോകുന്നുണ്ട്. അവിടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിക്കെതിരെ അതിശക്തമായി ഞങ്ങൾ പോരാടും. പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വം ഒറ്റക്കെട്ടായി ഞങ്ങൾ നിർവ്വഹിക്കും. ഈ സഭാസമ്മേളനം ഇന്ന് കഴിയുമ്പോൾ സഭയിലെ അംഗത്വം ഞാൻ രാജിവയ്ക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഉൾപ്പെടെ എന്നോട് സഹകരിച്ച എല്ലാവരോടും നന്ദി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പാർലമെന്ററി സമ്പ്രദായത്തിൽ ഒരു കീഴ്‌വഴക്കമുണ്ട്. കന്നി പ്രസംഗത്തെ ആരും തടസ്സപ്പെടുത്താറില്ല. അതുപോലെതന്നെ വന്നുപോയ ഒരു കീഴ്‌വഴക്കമാണ്, വിടവാങ്ങൽ പ്രസംഗത്തെയും ആരും തടസ്സപ്പെടുത്താറില്ല. ശ്രീ. കെ. മുരളീധരന്റെ പ്രസംഗത്തിൽ ആരും ഇടപെടാതിരുന്നത് അദ്ദേഹം അവസാനമായി ഈ സഭയിൽ നടത്തുന്ന പ്രസംഗമാണെന്ന ആമുഖത്തോടുകൂടി ആരംഭിച്ചുവെന്നുള്ളതുകൊണ്ടാണ്. അദ്ദേഹം എന്താണ് പറഞ്ഞത്; വിശ്വാസത്തിന്റെ കാര്യത്തിൽ കേരളത്തിൽ ഞങ്ങൾ ബി.ജെ.പി. നടത്തിയ പ്രചരണത്തോടൊപ്പമാണെന്നല്ലേ. ഇവിടെ പ്രസക്തമായ ഒരു ചോദ്യമുണ്ട്. സംസ്ഥാനത്ത് ബി.ജെ.പി.-യുടെ വോട്ടുകൾ വർദ്ധിച്ചു, അത് ആപത്കരമായ ഒരു പ്രവണതയാണ്. അതിന് ഈ സഭയിലെ എല്ലാ അംഗങ്ങളും ആശങ്ക പങ്കുവയ്ക്കുന്നവരാണ്. സംസ്ഥാനത്തെ വോട്ടുകൾ ബി.ജെ.പി.-ക്ക് എല്ലാ മണ്ഡലത്തിലും വർദ്ധിച്ചപ്പോൾ എങ്ങനെയാണ് വടകരയിൽ വർദ്ധിക്കാതിരുന്നതെന്നുകൂടി ശ്രീ. കെ. മുരളീധരൻ പറഞ്ഞുതരണമായിരുന്നു. അവിടെ വർഗ്ഗീയതയെ തടഞ്ഞതു കൊണ്ടാണ് എന്ന ചിന്താഗതിയൊന്നും ഞങ്ങൾക്കില്ല. വട്ടിയൂർക്കാവിലേയ്ക്ക് എന്തെങ്കിലും ആശയവിനിമയം നടത്തിയിട്ടുണ്ടോ; എന്തെങ്കിലും വ്യാപാരങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന ആശങ്ക വടകരയിൽ വോട്ട് വർദ്ധനവില്ലാതെ വന്നപ്പോൾ സ്വാഭാവികമായി ഉണ്ടായിപ്പോയി എന്നതുകൊണ്ട് ഞാൻ പങ്കുവച്ചതാണ്.

ഇവിടെ ശ്രീ. കെ. മുരളീധരൻ എന്താണ് സൂചിപ്പിച്ചത്, ഷാബാനാ കേസ്സിൽ ഒരു വിധിയുണ്ടായപ്പോൾ വിശ്വാസത്തെ സംരക്ഷിക്കാൻ രാജീവ് ഗാന്ധി നിയമനിർമ്മാണം നടത്തിയെന്നാണോ; ബി.ജെ.പി.-ക്ക് വളരാനുള്ള അവസരം ഒരുക്കിയത് ആ നിയമനിർമ്മാണവും അതിനുശേഷം രാമജന്മഭൂമി തുറന്നുകൊടുത്തതുകൊണ്ടുമല്ലേ?

ബി.ജെ.പി. കേരളത്തിൽ ആദ്യം മത്സരിക്കുന്നത് 1984-ലാണ്. കേവലം രണ്ട് എം.പി.-മാരെയാണ് ആദ്യ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-ക്ക് പാർലമെന്റിലേയ്ക്ക് അയയ്ക്കാൻ കഴിഞ്ഞത്. 1984-ൽ 400-ലധികം എം.പി.-മാരുടെ പിൻബലത്തിലാണ് രാജീവ് ഗാന്ധി അധികാരത്തിൽ വന്നത്. രാമജന്മഭൂമി

തുറന്നുകൊടുത്തതിനുശേഷം ബി.ജെ.പി.-യുടെ അംഗസംഖ്യ പാർലമെന്റിൽ 80-ലധികമായി വർദ്ധിച്ചു. 1984-ൽ രാജീവ് ഗാന്ധി ഗവൺമെന്റിന്റെ കാലഘട്ടത്തിലുണ്ടായ മാറ്റമാണ്. നരസിംഹറാവുവിന്റെ കാലഘട്ടത്തിലാണ് ബാബറി മസ്ജിദ് പൊളിച്ചത്. എല്ലാ തെരഞ്ഞെടുപ്പുകളിലും ബി.ജെ.പി. ഉപയോഗിക്കുന്ന രാമക്ഷേത്ര നിർമ്മാണത്തിനുള്ള ആ തുറുപ്പുചീട്ട് അവർക്ക് ഒരുക്കിക്കൊടുത്തത് കോൺഗ്രസ്സായിരുന്നു, 1984-ലെ രാജീവ് ഗാന്ധി ഗവൺമെന്റായിരുന്നു. നരസിംഹറാവു ബാബറി മസ്ജിദ് പൊളിക്കാൻ മൗനാനുവാദം കൊടുത്തുവെന്ന വസ്തുതയും വിസ്മരിക്കരുത്. കേരളത്തിലെ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം ഒരുപോലെ ബി.ജെ.പി.-യെ എതിർത്താണ് പ്രചരണം നടത്തിയത്. എന്നാൽ ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം ഒരുപോലെ പ്രചരണം നടത്തിയ വിഷയങ്ങളുമുണ്ട്. അതിൽ ഒന്നാണ് ഇവിടെ ശ്രീ. കെ. മുരളീധരൻ സൂചിപ്പിച്ച വിശ്വാസത്തിന്റെ പ്രശ്നം. വിശ്വാസി എന്ന് പറഞ്ഞാൽ കേരളത്തിൽ കേസാണെന്ന് ഇന്ത്യയുടെ പ്രധാനമന്ത്രി ഇവിടെ വന്ന് പ്രസംഗിക്കുകയാണ്. പ്രസംഗിക്കുമ്പോൾ അങ്ങനെയല്ല എന്ന് പറയാൻ ഏതെങ്കിലും യു.ഡി.എഫ്. അനുയായി കേരളത്തിലുണ്ടായോ? വിശ്വാസത്തെ വികാരമായി തെരുവിലിറക്കി വോട്ടാക്കി സമാഹരിച്ചെടുക്കാനുള്ള ബി.ജെ.പി.-യുടെ പരിശ്രമത്തിന് എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുന്ന സമീപനമാണ് കേരളത്തിൽ യു.ഡി.എഫ്. സ്വീകരിച്ചത്. രണ്ടാമതൊരു പ്രചരണം യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഒരുപോലെ നടത്തിയതാണ്. അതാണ് പ്രളയം. ഗവൺമെന്റിന്റെ പിടിപ്പുകേടുകൊണ്ടാണ് പ്രളയം ഉണ്ടായതെന്ന് ഇന്ത്യയുടെ പ്രധാനമന്ത്രി കേരളത്തിൽ വന്ന് പ്രസംഗിക്കുകയാണ്. കേന്ദ്രഗവൺമെന്റ് സ്ഥാപനമായ സെൻട്രൽ വാട്ടർ കമ്മീഷനും സാങ്കേതിക മികവിന്റെ പേരിൽ ലോകം ശ്രദ്ധിക്കുന്ന ചെന്നൈ ഐ.ഐ.ടി.യും യുണൈറ്റഡ് നാഷൻസുമൊക്കെ ഡാമുകൾക്ക് ഈ പ്രളയത്തിൽ യാതൊരു പങ്കുമില്ലെന്ന് പറഞ്ഞതിനു ശേഷവും കേന്ദ്ര ഗവൺമെന്റിന്റെ ഒരു ഏജൻസിയെക്കൊണ്ട് പഠനം നടത്തിയിരുന്നു. എന്നിട്ടും കേരളത്തിൽ വന്ന പ്രളയം സർക്കാരിന്റെ പിടിപ്പുകേടുകൊണ്ടുണ്ടായതാണെന്ന് ഇന്ത്യയുടെ പ്രധാനമന്ത്രി പ്രസംഗിച്ചപ്പോൾ അത് ഏറ്റുപാടാനല്ലേ ഇവിടെ യു.ഡി.എഫ്. തയ്യാറായത്. കേരളത്തിലെ പാർലമെന്റ് തെരഞ്ഞെടുപ്പ് പ്രചരണരംഗത്ത് യു.ഡി.എഫ്.-നും ബി.ജെ.പി.-ക്കും ഒരേ വിഷയമാണുണ്ടായിരുന്നത്. ഒന്ന് വിശ്വാസം, രണ്ട് പ്രളയം, പിന്നെയുള്ളത് പറയാൻ കൊള്ളില്ല. അദ്ദേഹം ഇവിടെവന്ന് അഴിമതിയെക്കുറിച്ച് സംസാരിച്ചു. കേരള സർക്കാരിലെ ഒരു മന്ത്രിക്കെതിരെയും അഴിമതിയാരോപണം ഉണ്ടായിട്ടില്ലായെന്നിരിക്കെ ഈ ഗവൺമെന്റിനുമേൽ അഴിമതിയുടെ കരിനിഴൽ വീഴ്ത്താനും ബഹുമാനപ്പെട്ട പ്രധാനമന്ത്രി നടത്തിയ പരിശ്രമത്തോടൊപ്പം നിൽക്കാനാണ് കേരളത്തിലെ യു.ഡി.എഫ്. തയ്യാറായത്. അതുകൊണ്ട്

യു.ഡി.എഫ്. 19 സീറ്റിൽ ജയിച്ചു. കോഴികൂകിയതുകൊണ്ട് ലോകം അവസാനിക്കുന്നില്ല. ഇനിയുമുണ്ട് മത്സരങ്ങൾ. പക്ഷേ, ആപത്കരമായി ഇവിടെ ബി.ജെ.പി.-ക്ക് വോട്ട് വർദ്ധിപ്പിച്ചുകൊടുക്കുന്നതിൽ ദേശീയതലത്തിലുള്ള ബി.ജെ.പി.-യും കോൺഗ്രസ്സും പങ്കുവഹിച്ചിട്ടുണ്ട്. കേരളത്തിലെ കോൺഗ്രസും ബി.ജെ.പി.-യുടെ വോട്ട് വിഹിതം വർദ്ധിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഏറ്റെടുത്ത ഭാരിച്ച ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ് കേരളത്തിലുള്ളത്. അപ്പോൾ ഒന്ന് ചിരിച്ചില്ലെന്നോ, സെൽഫിക്ക് പോസ് ചെയ്തില്ലെന്നോ, തമാശ പറഞ്ഞില്ലെന്നോ ഉള്ള വിഷയങ്ങൾ വരും. അതൊരു രാഷ്ട്രീയ പ്രശ്നമാക്കി മാറ്റാൻ യു.ഡി.എഫ്. ശ്രമിച്ചില്ലേ? ചിരി പോര, ചിരിക്കുന്നത് പോര, ഇതൊക്കെയാണോ തെരഞ്ഞെടുപ്പിൽ ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങൾ. ഒരു ഭരണാധികാരിക്ക് അവശ്യം വേണ്ട തന്റേടം, കുറച്ചുകൂടി നല്ല ഭാഷയിൽ പറഞ്ഞാൽ ഇച്ഛാശക്തി പ്രകടിപ്പിച്ചതുകൊണ്ടാണ് യു.ഡി.എഫ്. ഉപേക്ഷിച്ച പല പദ്ധതികൾക്കും കേരളത്തിൽ ജീവൻ വച്ചത്.

പൊതുഭരണവുമായി ബന്ധപ്പെട്ട ചർച്ചയായതുകൊണ്ടാണ് പറയുന്നത്. ദേശീയപാതാ വികസനത്തിനുള്ള സ്ഥലമേറ്റെടുക്കൽ, മലയോര ഹൈവേ, തീരദേശ ജലപാത, ഗെയിൽ പൈപ്പ്ലൈൻ, കൂടംകുളം പവർ ഹൈവേ തുടങ്ങിയ പദ്ധതികൾ നിങ്ങൾ ഉപേക്ഷിച്ചതാണ്. പണമില്ലായ്മ ഒരു പോരായ്മയാക്കാതെ കഴിഞ്ഞ മൂന്ന് വർഷക്കാലം ഭരിച്ച ഗവൺമെന്റാണ് കേരളത്തിലേത്. സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച് യഥാസമയം നൽകാൻ കഴിഞ്ഞതും മികച്ച റോഡുകളുണ്ടായതും സർക്കാർ ആശുപത്രികളിൽ മരുന്നുകളും ഡോക്ടർമാരും വൃത്തിയും ഉണ്ടായതും സ്കൂളുകൾ മികവുറ്റതായതും പാഠപുസ്തകങ്ങൾ യഥാസമയം നൽകിയതും എത്ര ശ്രമിച്ചിട്ടും നടക്കാതെ പോയ പഞ്ചിംഗ് സെക്രട്ടേറിയറ്റിലും സർക്കാർ ഓഫീസുകളിലും നടപ്പാക്കാൻ കഴിഞ്ഞതും ഈ ഇച്ഛാശക്തിയുടെ പ്രതിഫലനമാണ്. നാല് വോട്ടിനുവേണ്ടി നിലപാടുകൾ മാറ്റിവച്ച് വർഗ്ഗീയ പീഡനം നടത്താത്ത നട്ടെല്ലുള്ള ഒരു നേതൃത്വമുണ്ട് കേരളത്തിന്. വളഞ്ഞ നട്ടെല്ലുമായി വർഗ്ഗീയ പീഡനത്തിന് നിന്നുകൊടുക്കാത്ത ഒരു മുന്നണിയുണ്ട് കേരളത്തിൽ, അത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. 2016-നുശേഷം ഒരു ഭരണകാലത്തും ഉണ്ടായിട്ടില്ലാത്ത പ്രതിസന്ധികൾ കേരളത്തിലുണ്ടായി. വരൾച്ച, ഓഖി ദുരന്തം, നിപ വൈറസ്, പ്രളയം തുടങ്ങി ഓരോന്നിനെയും ജനപിന്തുണയോടുകൂടി അതിജീവിക്കാൻ കഴിഞ്ഞത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനാണ്. പ്രതിസന്ധികൾ ഒരു തരത്തിലും വളർച്ചയെ തടസ്സപ്പെടുത്തില്ലെന്ന് നിശ്ചയിച്ചുറപ്പിച്ച് പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റിന്റെ പൊതുഭരണത്തിന്മേലുള്ള ധനാഭ്യർത്ഥനയാണ് ഇന്ന് ചർച്ചയ്ക്ക് വച്ചിരിക്കുന്നത്.

തെരഞ്ഞെടുപ്പ് രംഗത്തുണ്ടായ ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. മാധ്യമങ്ങളെ കൂട്ടുപിടിച്ച് വ്യാജ പ്രീ-പോൾ സർവ്വേ ഉണ്ടാക്കുന്നതിൽ ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം മത്സരിക്കുകയാണ്. ഞാൻ ഉൾപ്പെടുന്ന പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിൽ ഒരു ദൃശ്യമാധ്യമം നടത്തിയ പ്രീ-പോൾ സർവ്വേ റിപ്പോർട്ടനുസരിച്ച് യു.ഡി.എഫ്-ന് 37 ശതമാനവും ബി.ജെ.പി.-ക്ക് 36 ശതമാനവും എൽ.ഡി.എഫ്.-ന് 20 ശതമാനം വോട്ടുമാണ് ഉണ്ടായിരുന്നത്. ഇഞ്ചോടിഞ്ച് മത്സരം. റിസൾട്ട് വന്നപ്പോൾ 37 ശതമാനം ലഭിക്കുമെന്ന് പറഞ്ഞ ബി.ജെ.പി.-ക്ക് ലഭിച്ചത് 29 ശതമാനമാണ്. ബി.ജെ.പി. ജയിക്കാൻ പോകുന്നുവെന്ന പ്രതീതി സൃഷ്ടിച്ച് ന്യൂനപക്ഷ വോട്ടുകൾ യു.ഡി.എഫ്-ന് അനുകൂലമാക്കാൻ വ്യാജ സർവ്വേ ഉണ്ടായിരുന്നില്ലെങ്കിൽ പത്തനംതിട്ടയടക്കം റിസൾട്ട് വ്യത്യസ്തമാകുമായിരുന്നു. അതുകൊണ്ട് ഈ വിജയം ശാശ്വതമായി അല്ലെങ്കിൽ എന്നെന്നേക്കുമായുള്ള വിജയമായി യു.ഡി.എഫ്. കാണേണ്ട. 1977-ലെ വിജയത്തെ സംബന്ധിച്ച് സൂചിപ്പിച്ചു, ഇരുപതിന് ഇരുപത്. അന്ന് 140 മണ്ഡലങ്ങളിൽ 111-ലും കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മുന്നണിയാണ് വിജയിച്ചത്.

<u>മി. ചെയർമാൻ</u>: പ്ലീസ്.. പ്ലീസ്.. അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, വളരെ വേഗത്തിൽ ചിത്രങ്ങൾ മാറിയതുകൊണ്ട് ഇത് അവസാനത്തെ വാക്കല്ല. നല്ല രാഷ്ട്രീയം കേരളത്തിലുണ്ടാകാൻ പോകുന്നുവെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ധനാഢ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു. നമ്മുടെ രാജ്യത്ത് നടന്ന പതിനേഴാം ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഫലം മതേതര ശക്തികളെ സംബന്ധിച്ച് ദുഃഖകരമായൊരു രാഷ്ട്രീയ സാഹചര്യമാണ് ഉളവാക്കിയിട്ടുള്ളത്. ബി.ജെ.പി. ജയിക്കുമെന്ന പ്രതീതി ഐക്യജനാധിപത്യ മുന്നണി ഇവിടെയുണ്ടാക്കിയെന്ന് പറയുകയുണ്ടായി. ആ പ്രതീതി ശരിയായിരുന്നല്ലോ? ബി.ജെ.പി. നല്ല ഭൂരിപക്ഷത്തിന് ജയിച്ചു. അതൊരു പ്രതീതിയായിരുന്നില്ല, വസ്തുനിഷ്ഠമായ ഒരു യാഥാർത്ഥ്യമായിരുന്നുവെന്ന് ഇപ്പോൾ ബോധ്യപ്പെട്ടു. നമ്മുടെ രാജ്യം ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഒരുപാടുകാലം ഭരിച്ചിട്ടുണ്ട്. ആ പാർട്ടി ഇപ്പോൾ ദുർബലമായ ഒരു രാഷ്ട്രീയ സാഹചര്യത്തിലാണ് നിലകൊള്ളുന്നത്. ഞാൻ ഉൾപ്പെടെ ആ പാർട്ടിയുമായി ചേർന്ന് നിൽക്കുന്നവരുടെ നയം എന്തെന്നാൽ സന്തോഷം വരുമ്പോഴും ദുഃഖം വരുമ്പോഴും അവരുടെ കൂടെ നിൽക്കുകയെന്നുള്ളതാണ്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ ലോക്സഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടപ്പോൾ അവരുടെ കൂടെ നിൽക്കുന്ന എന്റെ സ്നേഹിതൻ ശ്രീ. മാത്യു ടി. തോമസ് ഇത്

അവസാന തെരഞ്ഞെടുപ്പ് അല്ലെന്നും ഞങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽത്തന്നെ ഉറച്ച് നിൽക്കുന്നുവെന്നും പറയുന്നതുപോലെ ദുർബലമായ കോൺഗ്രസിന്റെ കൂടെ നിൽക്കും എന്നാണ് ഞങ്ങളും പറയുന്നത്. നമ്മൾ രണ്ടു കൂട്ടരും ഒരു കാര്യം തന്നെയാണ് ചെയ്യുന്നത്. പക്ഷേ, നമ്മൾ പരസ്പരം കലഹിക്കുന്നതുകൊണ്ട് രാജ്യത്തിന്റെ ഭാവിക്ക് എന്തെങ്കിലും പ്രയോജനം ഉണ്ടാകുമോ എന്നത് ആലോചിക്കണം.

ഇടതുപക്ഷ ജനാധിപത്യ മുന്നണി ദേശവ്യാപകമായി ഒരു നയം സ്വീകരിക്കാത്തതിനെക്കുറിച്ചും അവർക്ക് അതിനുള്ള രാഷ്ട്രീയബലം ഇല്ലാത്തതിനെക്കുറിച്ചും ഇവിടെ പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രവർത്തകരും നേതാക്കളും ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത് കോൺഗ്രസിന്റെ കുറ്റമാണ്. ഭാരതീയ ജനതാ പാർട്ടിയെക്കുറിച്ച് കാര്യമായ എതിർപ്പുകളൊന്നും അവർ പ്രകടിപ്പിച്ചിട്ടില്ല. കോൺഗ്രസിന് സംഭവിക്കുന്ന വീഴ്ചകളിൽ സന്തോഷിക്കുകയും പാർട്ടിക്കുണ്ടാകുന്ന നേട്ടങ്ങളെ പരിഹസിക്കുകയും ചെയ്യുന്നൊരു സ്വഭാവം ഇപ്പോഴും അവർ നിർത്തിയിട്ടില്ലെന്നത് വളരെ ഖേദകരമായ രീതിയിൽ നമ്മൾ കാണണം. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കേരളമുൾപ്പെടെ മറ്റ് സംസ്ഥാനങ്ങളിലുണ്ടായ പരാജയത്തിൽ സന്തോഷിക്കുന്നവരല്ല ഞങ്ങൾ. കാരണം, മതേതര ശക്തികളുടെ പരാജയത്തിന്റെ ഭാഗമായി തന്നെയാണത് വരുന്നത്. മതേതരത്വം രണ്ട് വിധമുണ്ട്. ഞങ്ങളുടെ മതേതരത്വം മതവിശ്വാസികളെ സംരക്ഷിച്ചുകൊണ്ടുള്ളതാണ്. രണ്ടാമത്തേത് അവിശ്വാസികളുടെ മതേതരത്വമാണ്. അവിശ്വാസികൾക്കെതിരെ മഹാഭൂരിപക്ഷം വരുന്ന മതവിശ്വസികൾ ഈ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്തുവെന്നത് ഒരു യാഥാർത്ഥ്യമാണ്.

ഈ തെരഞ്ഞെടുപ്പിൽ വർഗ്ഗീയത, ഫാസിസം, ജനാധിപത്യം, റഫാൽ അഴിമതി, മതേതരത്വം, നോട്ടുനിരോധനം, ജി.എസ്.ടി, ആൾക്കൂട്ട കൊലപാതകം, ആവിഷ്കാര സ്വാതന്ത്ര്യം, സാംസ്കാരിക നായകരുടെ കൊലപാതകം, ദളിത് പീഡനം, ന്യൂനപക്ഷ പീഡനം എന്നിങ്ങനെ അനേകം പ്രധാനപ്പെട്ട രാഷ്ട്രീയ കാര്യങ്ങൾ നമ്മൾ പറഞ്ഞിരുന്നു. പക്ഷേ, എന്തുകൊണ്ടാണ് ഇന്ത്യൻ ജനത അതേറ്റെടുക്കാതെ പോയത്? അതേറ്റെടുത്ത അവരുടെ അഭിപ്രായങ്ങളെ പിന്നീട് സ്വാധീനിക്കുന്ന രീതിയിൽ എന്തെങ്കിലും കൃത്രിമങ്ങൾ തെരഞ്ഞെടുപ്പിൽ നടന്നോയെന്നുള്ള ധാരാളം സംശയങ്ങൾ ഇപ്പോഴും അവശേഷിക്കുന്നുണ്ട്. ശ്രീ. മനോരഞ്ജൻ എസ്. റോയിയെപ്പോലുള്ള വിവരാവകാശ പ്രവർത്തകർ പുറത്തുവിട്ടിട്ടുള്ള വിവരങ്ങളനുസരിച്ച് ധാരാളം ആശങ്കകൾ ഈ തെരഞ്ഞെടുപ്പിന്റെ നിഷ്പക്ഷതയെ സംബന്ധിച്ച് അവശേഷിക്കുകയാണ്. പക്ഷേ, അതിനെതിരെ ഒരു

പരാതിയും നൽകാൻ നമുക്കാർക്കും സാധിച്ചിട്ടില്ല. ആ വിഷയം നമ്മൾ ഉപേക്ഷിച്ചതുപോലുള്ള കാര്യങ്ങളാണ് കാണാൻ കഴിയുന്നത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആഗ്രഹിച്ചതുപോലൊരു സഖ്യം ദേശീയ അടിസ്ഥാനത്തിലുണ്ടാക്കാൻ നമുക്ക് സാധിച്ചില്ല. ഓരോ സംസ്ഥാനത്തും ചെറിയ പ്രാദേശിക മുന്നണികൾ വന്നു. ആ പ്രാദേശിക മുന്നണികൾ ജയിച്ചു വരുമ്പോൾ അവരുമായി ചേർന്ന് ചെറിയ സഖ്യങ്ങളുടെ മഹാസഖ്യം എന്നൊരവസ്ഥ സംജാതമാകുമെന്ന് നമ്മൾ പ്രതീക്ഷിച്ചു. പക്ഷേ, കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യു.പി.എ.-യുടെ നേതാവ് ശ്രീ. രാഹുൽ ഗാന്ധി ഒറ്റയ്ക്കുനിന്ന് ശ്രീ. നരേന്ദ്ര മോദിയോട് പോരാടുന്നൊരനുഭൂതിയാണ് ഈ തെരഞ്ഞെടുപ്പ് കാലത്ത് ഇന്ത്യയിലാകെ കാണാൻ സാധിച്ചത്.

ഭാരതീയ ജനതാ പാർട്ടി നമ്മൾ വിചാരിക്കുന്നതുപോലെ നിസ്സാരമായൊരു പാർട്ടിയല്ല. വളരെ ശക്തരായ, ബുദ്ധിശാലികളായ, സാമ്പത്തിക ശേഷിയുള്ള ആളുകളും കോർപ്പറേറ്റ് ഭീമൻമാരുടെ മഹാശക്തിയും അമേരിക്കൻ സാമ്രാജ്യത്വവും സി.ഐ.എ.യും ഇസ്രായേലിന്റെ ചാരസംഘടനയായ മൊസാദും അനേകം നേതാക്കളും ഉൾപ്പെട്ട ഒരു പ്രബല ശക്തിയോടാണ് നമ്മൾ ഏറ്റുമുട്ടിയത്. നമുക്കതിനുള്ള ശേഷിയുണ്ടായിരുന്നില്ല. നമ്മൾ പ്രതീക്ഷിച്ച കാര്യങ്ങളൊന്നും നടന്നില്ലെന്നുള്ളത് സത്യം തന്നെയാണ്. അതിൽ നിന്ന് പാഠം പഠിച്ച് ഇതിനെ നേരിടാനും ജനാധിപത്യത്തെ സംരക്ഷിക്കാനും എന്തു ചെയ്യണമെന്ന് നമ്മൾ കൂട്ടായി ആലോചിക്കേണ്ട സമയമാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കൂടെ ഇടതുപക്ഷം നിന്നിരുന്ന സമയത്ത് പ്രത്യേകിച്ച് എന്റെ പഴയ പാർട്ടിയായ സി.പി.ഐ. നിന്ന സമയത്ത് അവരെ നന്നായി സഹായിക്കുന്ന നിലപാടാണ് കോൺഗ്രസ് പാർട്ടി സ്വീകരിച്ചത്. നിയമസഭയിൽ ചെറിയ കക്ഷിയായിരുന്നിട്ടു പോലും അച്യുതമേനോനെയും പി. കെ വാസുദേവൻ നായരെയും മുഖ്യമന്ത്രിമാരാക്കി. എന്റെ സ്നേഹിതൻ ശ്രീ. മാത്യു ടി. തോമസിന്റെ നേതാവ് ശ്രീ. എച്ച്. ഡി. ദേവഗൗഡ അദ്ദേഹത്തിന്റെ മകൻ ശ്രീ. എച്ച്. ഡി. കുമാരസ്വാമിയെ ന്യൂനപക്ഷ കക്ഷിയായിട്ടുപോലും കർണ്ണാടക മുഖ്യമന്ത്രിയാക്കിയത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പിന്തുണയോടുകൂടിയാണ്. ഞാൻ മനസ്സിലാക്കുന്നത് ശ്രീ. മാത്യു ടി. തോമസ് ദേവഗൗഡയുടെ പാർട്ടിയിൽ തന്നെയാണെന്നാണ്. അത് ശരിയാണെങ്കിൽ ശ്രീ. എച്ച്. ഡി. ദേവഗൗഡയെപ്പോലും സഹായിക്കുന്നൊരു വിശാലമായ മനോഭാവം കോൺഗ്രസ് കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലങ്ങളിലെടുത്തിട്ടുണ്ട്. ശബരിമല വിശ്വാസികളുടെ പ്രശ്നം തെരഞ്ഞെടുപ്പിനെ ബാധിച്ചിട്ടില്ലെന്ന് പറയുന്നത് ശരിയല്ല, ധാരാളമായി ബാധിച്ചിട്ടുണ്ട്. വിശ്വാസികൾക്കാണ് ലോകത്തിലാകെ ഭൂരിപക്ഷം. എന്തു പറഞ്ഞാലും വലിയ യുക്തിയൊന്നും അതിൽ പ്രയോഗിച്ചിട്ട് കാര്യമില്ല.

ഈസാ നബി അലൈഹിസ്സലാം 3 വർഷം മാത്രമാണ് പ്രബോധനം നടത്തിയത്. 3 വർഷം സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നുവെന്ന് പറഞ്ഞ യേശുവിന്റെ മാർഗ്ഗത്തിൽ 300 കോടി ആളുകളുണ്ട്. 23 വർഷം പ്രവാചകൻ മുഹമ്മദ് നബി (സ) പ്രബോധനം നടത്തി അദ്ദേഹത്തിന്റെ അനുയായികളായി 130 കോടിയാളുകളുണ്ട്. ഇന്ത്യയിലെ വേദങ്ങളും ഉപനിഷത്തുകളും മഹർഷിവര്യൻമാരുടെ സ്മൃതികളും ഇതിഹാസങ്ങളുമൊക്കെ അംഗീകരിച്ച 91 കോടിയാളുകൾ ലോകത്ത് വിശ്വാസികളായിട്ടുണ്ട്. മഹാഭൂരിപക്ഷം വരുന്നയാളുകളും വിശ്വാസികളാണ്. ശബരിമല വിഷയത്തിൽ വിശ്വാസികൾക്കെതിരെ സ്വീകരിച്ച നിലപാടും സുപ്രീം കോടതി വിധിയെ, സുപ്രീംകോടതിപോലും ആഗ്രഹിക്കാത്ത വിധത്തിൽ ഇത്ര നിഷ്ഠുരമായ രീതിയിൽ, ത്വരിതഗതിയിൽ നടപ്പിലാക്കാൻ കാണിച്ച ഈ ഗവൺമെന്റിന്റെയും മുഖ്യമന്ത്രിയുടേയും ദേവസ്വം വകുപ്പുമന്ത്രിയുടെയും ആഗ്രഹപ്രകടനവും വലിയ തിരിച്ചടിയുണ്ടാക്കിയിട്ടുണ്ട്.

ദേവസ്വം വകുപ്പുമന്ത്രിയെ ഞാൻ ഒന്നും പറയുന്നില്ല. കാരണം അദ്ദേഹത്തിന് താൽപര്യമില്ലായിരിക്കാം. ഇപ്പോഴും അത് സമ്മതിക്കാതെ ഇരിക്കുന്നതുകൊണ്ട് കുഴപ്പമൊന്നുമില്ല. പക്ഷേ, ഇടതുപക്ഷത്തോട് ചേർന്ന് നിൽക്കുന്ന വിശ്വാസികൾ വരെ ഈ തെരഞ്ഞെടുപ്പിൽ കേരളത്തിൽ യു.ഡി.എഫ്.നാണ് വോട്ട് ചെയ്തത്. ശ്രീ. കെ. മുരളീധരൻ പറഞ്ഞൊരു കാര്യമുണ്ട്, ഇസ്ലാമിക ശരീയത്തുമായി ബന്ധപ്പെട്ട് 1986-ലാണ് ജസ്റ്റിസ് വൈ. വി. ചന്ദ്രചൂഡിന്റെ സുപ്രീംകോടതി വിധിയുണ്ടായത്. ആ വിധിയെ മറികടക്കുന്നതിനുവേണ്ടി അന്ന് രാജീവ് ഗാന്ധി ഇസ്ലാംമത വിശ്വാസികൾക്ക് അനുകൂലമായ ശരിയത്തിനോട് ചേർന്ന് നിൽക്കുന്നൊരു നിയമമുണ്ടാക്കി. അതൊരു വലിയ കാര്യമാണ്. അതുകൊണ്ടാണ് ഇന്ത്യയിൽ ബി.ജെ.പി. ശക്തിപ്പെട്ടതെന്ന് പറയുന്നത് ശുദ്ധമണ്ടത്തരമാണ്. 1977-ലും 1989-ലും ഇടതുപക്ഷ പ്രസ്ഥാനങ്ങൾ കോൺഗ്രസ് വിരോധത്തിന്റെ ഊക്കുകൊണ്ട് ഭാരതീയ ജനതാ പാർട്ടിയെ സഹായിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. ഏക്കാലത്തും അത്തരത്തിലുള്ള നിലപാടാണ് സ്വീകരിച്ചത്. ഭാരതീയ ജനതാ പാർട്ടി വളർന്നതും അതുകൊണ്ടാണ്. പ്രസ്തുത സുപ്രീംകോടതി വിധിയെ മറികടക്കാൻ കഴിയുന്ന തരത്തിലുള്ളൊരു നിയമം ഇവിടെ വേണമെന്ന് ഐക്യജനാധിപത്യ മുന്നണി ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ ഗവൺമെന്റ് ശബരിമല വിശ്വാസികളുടെ സംരക്ഷണത്തിനുവേണ്ടി ഒരു ഓർഡിനൻസ് കൊണ്ടുവരണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സുപ്രീംകോടതിയുടെ പല വിധികളും നടപ്പിലാക്കാൻ ഈ ഗവൺമെന്റ് മടി കാണിക്കുന്നു. മരടിൽ അനധികൃതമായി നിർമ്മിച്ച ഫ്ലാറ്റുകൾ പൊളിക്കാൻ

സുപ്രീംകോടതി വിധി വന്നിട്ടുണ്ട്. ആ വിധി നടപ്പിലാക്കാനെന്താ താൽപ്പര്യം കാണിക്കാത്തത്? ശബരിമലയിൽ പോലീസിനെ ഉപയോഗിച്ച് നടത്തിയ അതിക്രമങ്ങൾക്ക് ശക്തമായ തിരിച്ചടി ഈ തെരഞ്ഞെടുപ്പിലുണ്ടായിട്ടുണ്ടെന്നത് സത്യമാണ്. മറ്റൊന്ന് ഈ ഗവൺമെന്റിന്റെ സമീപനവും ജനവിരുദ്ധ നിലപാടുകളുമാണ്. ബഹുമാനപ്പെട്ട മുഖമന്ത്രിയുടെ ശൈലിയെക്കുറിച്ചൊക്കെ പത്രങ്ങളിൽ വന്നു. "സഹജാതർ തൻ മൊഴി സംഗീതമായ് തോന്നും നാൾ വരും

ആശിക്കുക മംഗളവചസെന്നാൽ തൊണ്ടയിൽക്കരുങ്ങുന്നു "

എന്ന് ഒ. എൻ. വി. കുറുപ്പ് പാടിയിട്ടുണ്ട്. സഹജാതരുടെ മൊഴി സംഗീതമായി തോന്നുമെന്നാണ് പറയുന്നത്. അങ്ങനെ സംഗീതമായി തോന്നുന്ന മൊഴിയാണ് അദ്ദേഹത്തിൽനിന്ന് വന്നുകൊണ്ടിരിക്കുന്നതെന്ന് എല്ലാവർക്കുമറിയാം. 'ഞാൻ എന്റെ ശൈലി മാറ്റില്ല; ഇതുകൊണ്ടാണ് ഞാൻ ഇവിടെവരെ എത്തിയത് 'എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. അദ്ദേഹം നല്ലൊരു ശൈലി സ്വീകരിച്ചിരുന്നുവെങ്കിൽ ഇതിനുമുമ്പേ ഇവിടെ എത്തുമായിരുന്നു എന്നാണ് ഞാൻ കരുതുന്നത്. അതെന്താണ് അദ്ദേഹം മനസ്സിലാക്കാത്തതെന്ന് എനിക്കറിയില്ല. അദ്ദേഹത്തെ കുറ്റപ്പെടുത്തുകയല്ല. നല്ല മന്ത്രിസഭകൾ ഭരിച്ചിട്ടുള്ളൊരു സംസ്ഥാനമാണ് കേരളം. അച്യുതമേനോൻ മന്ത്രിസഭയ്ക്കുവരെ പിന്തുണ നൽകിയ ഐക്യജനാധിപത്യ മുന്നണിയുടെ ഭാഗമായിരുന്ന സി.പി.ഐ.-ക്കൊക്കെ ഒരു പുനർ വിചിന്തനം ത്തിന് സമയമായി. Shripad Amrit Dange പറഞ്ഞിരുന്നതാണ് സാധിക്കുമെങ്കിൽ ഇന്ത്യയ്ക്കനുയോജ്യമായ നയമെന്തെന്ന് ഇനിയെങ്കിലും ചിന്തിക്കണമെന്ന്. Shripad Amrit Dange-യുടെ ശവകുടീരത്തിലേയ്ക്ക് സെൻട്രൽ കമ്മിറ്റിക്കാർ ഒരു ജാഥയായി പോയി പുഷ്പാർച്ചന നടത്തേണ്ട സമയമായെന്നാണ് എനിക്ക് പറയുവാനുള്ളത്. ശ്രീ. സീതറാം യെച്ചൂരി സ്വീകരിക്കുന്ന നയമതാണ്. അതാണ് ഈ രാജ്യത്തിന് അനുയോജ്യമായ നയം. തമിഴ്നാട്ടിൽ ശ്രീ. എം. കെ. സ്റ്റാലിന്റെ സ്റ്റാലിനിസമാണ് ജയിച്ചത്. ഇവിടെ ജോസഫ് സ്റ്റാലിന്റെ സ്റ്റാലിനിസമാണ് പരാജയപ്പെട്ടത്. രണ്ടും സ്റ്റാലിനിസമാണ്. ഒന്ന് ആധുനിക സ്റ്റാലിനിസം മറ്റേത് ജനവിരുദ്ധ സ്റ്റാലിനിസം. ലോക്സഭയിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ മദ്ധ്യപ്രദേശിലും ഛത്തീസ്ഘട്ടിലും രാജസ്ഥാനിലുമൊക്കെ കോൺഗ്രസ് തോറ്റുപോയതിൽ എന്ത് സന്തോഷമാണിവർ പ്രകടിപ്പിക്കുന്നത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, മദ്ധ്യപ്രദേശിലും ഛത്തീസ്ഗഢിലും രാജസ്ഥാനിലുമെല്ലാം കോൺഗ്രസ് ഭരണം പിടിച്ചെടുത്തപ്പോൾ ഒരാവേശവും കാണിക്കാതെ, അവിടെ ലോക്സഭാ തിരഞ്ഞെടുപ്പിൽ തോറ്റപ്പോൾ വലിയ

ആവേശഭരിതമായ നിലപാടാണ് സ്വീകരിക്കുന്നത്. നിങ്ങളെന്തു പറഞ്ഞാലും നവീകരിക്കപ്പെട്ട ഇടതുപക്ഷം രാജ്യത്ത് നിലനിൽക്കണമെന്ന ആഗ്രഹം പ്രകടിപ്പിക്കുകയാണ്. ഈ നയംവച്ച് ഇടതുപക്ഷം നിലനിന്നിട്ട് ആർക്കുമൊരു പ്രയോജനവുമില്ല, നിങ്ങൾക്കുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ ഗവൺമെന്റും ഒരുപക്ഷേ കേരളത്തിലെ ഇടതുപക്ഷത്തിന്റെ ലിക്വിഡേറ്ററായി മാറുമെന്ന് ഞാൻ സംശയിക്കുകയാണ്. ആ രീതിയിലേയ്ക്ക് സാഹചര്യങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ)

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. പതിനേഴാം ലോക്സഭാ തെരഞ്ഞെടുപ്പിൽ വലിയ തോതിൽ പരാജയം ഏറ്റെടുത്ത സന്ദർഭത്തിലാണ് ഈ സഭ സമ്മേളിക്കുന്നത്. ഈ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് കേരളത്തിൽ വലിയ പ്രയാസമുണ്ടായി; ഒരു സീറ്റ് മാത്രമേ ലഭിച്ചുള്ളൂ. പത്തൊമ്പത് സീറ്റ് ലഭിച്ചു എന്നുവിചാരിച്ചിട്ട് പ്രതിപക്ഷത്തിരിക്കുന്നവർ ഒട്ടും ആഹ്ലാദിക്കേണ്ട. തീർച്ചയായും താൽക്കാലികമായിട്ടുള്ളൊരു തിരിച്ചടിയാണെന്ന് പൂർണ്ണമായും ഞങ്ങൾ വിശ്വസിക്കുകയാണ്. ഇടതുപക്ഷം അതിദാരുണമായി തകർന്നടിഞ്ഞുവെന്നും ചരിത്രത്തിലെ ഏറ്റവും വലിയ തിരിച്ചടിയാണെന്നും അടിത്തറ തകർന്നുവെന്നുമൊക്കെയുള്ള വർത്തമാനം നമ്മൾ കേട്ടുകൊണ്ടിരിക്കുകയാണ്. പല വിശേഷണങ്ങളും ചാർത്തിത്തരുന്നുണ്ട്. ജനപക്ഷത്തുനിന്നുകൊണ്ട് ഈ നാടിന്റെ വികസനത്തിനുവേണ്ടി നിരന്തരമായ പോരാട്ടങ്ങൾ നടത്തുന്ന ഇടതുപക്ഷത്തിന് ജനങ്ങളാണ് വലുതെന്ന് മനസ്സിലാക്കി, ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് ഇപ്പോഴുണ്ടായ തിരിച്ചടിയിൽനിന്നും പതിന്മടങ്ങ് മുകളിലെത്താൻ തീർച്ചയായും സാധിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. കേരളത്തിലെ ഇടതുപക്ഷം ഇത്തരത്തിലൊരു പരാജയത്തിന് അർഹരല്ലെന്നുള്ളതാണ് സത്യം. നുണപ്രചരണങ്ങളിൽ വിശ്വസിച്ചുകൊണ്ട് വിശ്വാസത്തെ വോട്ടാക്കി മാറ്റുവാൻ ചില കൂട്ടർ നടത്തിയിട്ടുള്ള വലിയ തോതിലുള്ള പ്രചരണങ്ങളുടെ പ്രതിഫലനംകൂടി ഇതിൽ വന്നിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ശ്രീ. രാഹുൽ ഗാന്ധി ജയിക്കും പ്രധാനമന്ത്രിയാകും, കേരളത്തിലേയ്ക്ക് ശ്രീ. രാഹുൽ ഗാന്ധി വന്നിരിക്കുന്നു, പ്രധാനമന്ത്രി വരുന്ന മണ്ഡലമാണെന്നൊക്കെയുള്ള പ്രതീതിയുണ്ടാക്കി ന്യൂനപക്ഷങ്ങളുടെ ഇടയിൽ വലിയ തോതിൽ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചതു കൊണ്ടാണ് ഇത്തരത്തിലുള്ള ഒരു തെരഞ്ഞെടുപ്പ് ഫലം ഇവിടെ ഉണ്ടാകുവാനിടയായിട്ടുള്ളതെന്നത് നമുക്കെല്ലാവർക്കുമറിയാവുന്ന കാര്യമാണ്. അതുപോലെ ഈ തെരഞ്ഞെടുപ്പിൽ യുക്തിസഹമായ കാര്യങ്ങൾ

മനസ്സിലാക്കുന്നതിൽനിന്നും ജനങ്ങളെ പൂർണ്ണമായും പിന്തിരിപ്പിക്കുന്ന തരത്തിൽ തെറ്റിദ്ധാരണാജനകമായ തെരഞ്ഞെടുപ്പ് പ്രചരണമായിരുന്നില്ലേ ഇവിടെ ബി.ജെ.പി.-യും യു.ഡി.എഫ്.ഉം അവലംബിച്ചിട്ടുള്ളതെന്ന് പറയാതിരിക്കുവാൻ നിവൃത്തിയുണ്ടോ? ബഹുമാനപ്പെട്ട സുപ്രീംകോടതി ഒരു വിധി പുറപ്പെടുവിച്ചാൽ ജനാധിപത്യ വ്യവസ്ഥയിൽ ഭരണഘടനയ്ക്ക് അനുസൃതമായി പ്രവൃത്തിക്കുന്ന ഒരു സംസ്ഥാനത്ത് അതിനെ മാനിക്കേണ്ടെന്നാണോ പറയുന്നത്? രണ്ടര വർഷക്കാലം, സുപ്രീംകോടതി വിധി വരുന്നതുവരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ ഈ മന്ത്രിസഭയിലെ ഒരാളോ ശബരിമലയിലേയ്ക്ക് സ്ത്രീകൾ കയറട്ടെയെന്ന് ആരോടെങ്കിലും പറഞ്ഞിട്ടുണ്ടോ? മുൻകാലത്ത് സ്ത്രീകൾ ദർശനം നടത്തിയിരുന്ന ശബരിമലയിൽ ഇനി സ്ത്രീകൾ പോകേണ്ടെന്നുപറഞ്ഞ് 1991-ൽ ഹൈക്കോടതിയുടെ വിധി വന്നു. ആ വിധിക്കെതിരെ ഏതെങ്കിലും ഇടതുപക്ഷ ഗവൺമെന്റ് ശബരിമലയിൽ സ്ത്രീകൾ പോകണമെന്ന് പറഞ്ഞിട്ടുണ്ടോ; അവിടെ ആരെയെങ്കിലും കയറ്റിക്കൊണ്ടുപോയിട്ടുണ്ടോ? നിങ്ങൾ വിശ്വാസികളാണോ? ഈശ്വരനാണ് വലുതെന്ന് വിശ്വസിക്കുന്ന ഒരു വലിയ വിശ്വാസിയാണ് ഞാൻ. ശബരിമല അയ്യപ്പൻ തീരുമാനിച്ചുകൊള്ളും ആര് കയറണം ആര് കയറണ്ടായെന്ന്. അതിന് നിങ്ങളാരും പറയേണ്ട. ജനങ്ങൾക്കെതിരായിട്ടും വിശ്വസങ്ങൾക്കെതിരായിട്ടും ഓരോ കാര്യങ്ങൾ കൊണ്ടുവന്നപ്പോഴല്ലേ സുപ്രീംകോടതി പതിമൂന്നാം ആർട്ടിക്കിളനുസരിച്ച് അൺകോൺസ്റ്റിറ്റ്യൂഷനായിട്ടൊരു നിയമം, അല്ലെങ്കിൽ ഒരു വിധി set aside ചെയ്തത്. ഞങ്ങളാരും വാങ്ങിയ വിധിയല്ലല്ലോ? ആർ.എസ്.എസ്.കാർ വാങ്ങിയെടുത്ത വിധിയാണ്. മുഖ്യമന്ത്രി സുപ്രീംകോടതി വിധി നടപ്പാക്കേണ്ട, മുഖ്യമന്ത്രി ധാർഷ്ട്യം കാണിച്ചു എന്നൊക്കെ പറഞ്ഞത് എനിക്ക് മനസ്സിലാകുന്നില്ല. അങ്ങനെയൊരു കുപ്രചരണമുണ്ടാക്കുന്നതിൽ നിങ്ങൾ കുറെയൊക്കെ വിജയിച്ചു. അതിലപ്പുറം കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കഠിനമായ പ്രതിസന്ധികളെ തരണം ചെയ്താണ് സധൈര്യം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നതെന്നുള്ളത് ജനങ്ങൾ തീർച്ചയായിട്ടും മനസ്സിലാക്കും. പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ റിസൾട്ട് വന്നപ്പോൾ 'അബദ്ധം പറ്റിപ്പോയി' എന്ന് എത്രയോ പേർ ഞങ്ങളുടെയടുത്തുവന്നു പറഞ്ഞു. ശ്രീ. രാഹുൽ ഗാന്ധി പ്രധാനമന്ത്രിയാകും എന്നൊക്കെപ്പറഞ്ഞ് വലിയ പ്രചരണം നടത്തിയതുപോലെ കുറെയെല്ലാം എല്ലാ കാര്യങ്ങളിലുമുണ്ടാകാം. പക്ഷേ, ജനങ്ങൾക്കിത് ബോധ്യപ്പെടുമെന്നുള്ള കാര്യത്തിൽ സംശയമേയില്ല.

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ എന്തൊക്കെ പ്രയാസങ്ങൾ അനുഭവിച്ചു. അതിനെയൊക്കെ അതിജീവിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോയിട്ടുള്ളത്. ഈ നാട്ടിലെ ജനങ്ങൾക്ക് ഇതൊക്കെ ഒന്നൊന്നായി

കാണാതിരിക്കുവാൻ കഴിയുമോ? തീർച്ചയായും ഞങ്ങൾ അവരുടെ അഭിപ്രായത്തെ വിലമതിക്കുന്നു. തോൽവിയുടെ കാരണങ്ങൾ എന്തുണ്ടെങ്കിലും പരിശോധിക്കും. നമ്മുടെ സത്യസന്ധമായിട്ടുള്ള നിലപാടെന്താണെന്ന് തീർച്ചയായും അവരെ ബോധ്യപ്പെടുത്തും. അല്ലാതെ ധാർഷ്ട്യമെന്ന് അതിനെ സംബന്ധിച്ച് പറഞ്ഞ് പ്രചരിപ്പിച്ചതുകൊണ്ട് യാതൊന്നും സാധിക്കാനാകില്ല.

ഈ സർക്കാരിന്റെ ചക്രം മുന്നോട്ടു നീങ്ങിയപ്പോൾത്തന്നെ നല്ല ഹോംവർക്ക് ചെയ്ത് കേരളത്തെ എങ്ങനെ മാറ്റിയെടുക്കണമെന്ന നിശ്ചയദാർഢ്യത്തോടുകൂടി നാല് മിഷനുകൾ രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ആരംഭിച്ചതെന്നത് ആർക്കാണ് അറിഞ്ഞുകൂടാത്തത്? കുടിശ്ശികയായിരുന്ന ക്ഷേമപെൻഷനുകളെല്ലാം കൊടുത്തുതീർത്തുകൊണ്ടും വൈദ്യുതി ഇല്ലാത്തവർക്ക് വൈദ്യുതി കണക്ഷൻ കൊടുത്തുകൊണ്ടും വെളിയിട വിസർജ്ജ്യമുക്ത കേരളമാക്കിക്കൊണ്ടുമായിരുന്നു തുടക്കം. ഹരിതകേരള മിഷനിലൂടെ പച്ചപ്പുണ്ടാക്കി ശുദ്ധമായ കുടിവെള്ളം കുടിക്കാൻ, നാട്ടിലെ ജനങ്ങൾക്ക് ജീവിക്കുവാനുള്ള നല്ല സാഹചര്യങ്ങളുണ്ടാക്കാൻ, കാടിനെ സംരക്ഷിക്കാൻ, പ്രകൃതിയെ സംരക്ഷിക്കാൻ അതിധീരമായ നിലപാടുകളെടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളല്ലേ ആരംഭിച്ചത്. അതുപോലെ ആശുപത്രികളിൽ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ഏറ്റവും മികച്ച ചികിത്സാ സഹായം കൊടുക്കുന്ന ആർദ്രം മിഷനിലൂടെ എന്തൊക്കെ മാറ്റങ്ങളുണ്ടാക്കി? വാഗ്ദാനങ്ങളായിരുന്നോ ഇവിടെയിരുന്ന് പറയുന്നത്? നിങ്ങൾക്ക് കാണാൻ കഴിയുന്നില്ലേ? എന്റെ നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ഡയാലിസിസ് യൂണിറ്റുവരെ വന്നു. എനിക്ക് വിഷമമുണ്ട്, കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഡയാലിസിസ് യൂണിറ്റനുവദിക്കാമെന്ന് ഞങ്ങളോട് പറഞ്ഞതാണ്. എന്നാൽ അനുവദിച്ചില്ല. പക്ഷേ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇടപെട്ട് ഡയാലിസിസ് യൂണിറ്റിനുള്ള അനുമതി നൽകുകയും അത് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ട്രോമാ കെയർ യൂണിറ്റ് അനുവദിക്കാമെന്ന് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് പറഞ്ഞു. അനുവദിച്ചില്ല. എന്നാൽ ഈ ഗവൺമെന്റ് അനുവദിച്ചു. അതിന്റെ എക്വിപ്മെന്റ്സെല്ലാം വന്നു. ഞാൻ ഒന്നുരണ്ട് ഉദാഹരണങ്ങൾ പറഞ്ഞുവെന്നേയുള്ളൂ.

ഈ സർക്കാരിന് മുന്നോട്ടുപോകാൻ കഴിയാത്ത വിധം നോട്ട് നിരോധനം വന്ന് ശ്വാസം മുട്ടിച്ച് നിശ്ചലമാക്കിയില്ലേ? ഇതൊക്കെ നമ്മൾ പറഞ്ഞിട്ടും ഇന്ത്യയിലെ ജനങ്ങൾ എന്തുകൊണ്ട് ബി.ജെ.പി.-ക്ക് വോട്ടുകൊടുത്തുവെന്ന് ചോദിച്ചാൽ കോൺഗ്രസ്സിന് ചങ്കുറ്റമില്ലാതായിപ്പോയി. കോൺഗ്രസ്സല്ലേ ഇവിടെ പതിറ്റാണ്ടുകൾ ഭരിച്ചിരുന്നത്? നിങ്ങൾക്കു കഴിഞ്ഞോ ഒരു നല്ല ലീഡർഷിപ്പിലൂടെ ദേശീയതലത്തിൽ ഒരു ബദലുണ്ടാക്കുവാൻ? ഇടതുപക്ഷ പ്രസ്ഥാനമൊന്നും ദേശീയ

തലത്തിൽ ഭരിച്ചുകൊണ്ടിരുന്നവരല്ലല്ലോ. മുൻകാലത്ത് എ.കെ.ജി (എ. കെ. ഗോപാലൻ) യെപ്പോലുള്ളവർ പ്രതിപക്ഷത്തിരുന്നതുകൊണ്ട് ശക്തമായി വാദിക്കുവാനുള്ള അവസരമുണ്ടായി. തോൽവികളെല്ലാം സമ്മതിക്കുന്നുണ്ട്. പക്ഷേ, കേരളത്തിലെ അടിത്തറയൊന്നും പോയിട്ടില്ല. ഇവിടെ ഓഖി ദുരന്തം വന്നപ്പോഴും നമ്മെ കുറ്റപ്പെടുത്തി, ഒന്നും തരാതിരിക്കാൻ കേന്ദ്രഗവൺമെന്റ് സ്വീകരിച്ച നയങ്ങൾക്കെതിരെ, നമ്മോടൊപ്പം ചേർന്ന് സാമ്പത്തികസഹായം അനുവദിക്കണമെന്ന് പറയുവാൻ ഇവിടെയിരിക്കുന്ന പ്രതിപക്ഷമുണ്ടായിരുന്നോ? ജി.എസ്.ടി. വന്നു. എത്ര നാളുകൾ ടാക്സ് പിരിക്കുവാൻ കഴിയാതെ, ഒരു കടവും വീട്ടുവാൻ കഴിയാതെ, ഒന്നും ചെലവഴിക്കാൻ കഴിയാതെ ബുദ്ധിമുട്ടി. അതുപോലെ കേരളം കണ്ടിട്ടില്ലാത്ത രീതിയിലുള്ളൊരു പ്രളയം; ഇതുകൂടിയായപ്പോൾ എല്ലാം തികഞ്ഞു. ഇതിനെല്ലാം ബി.ജെ.പി.-യോടൊപ്പം കൂട്ടുനിന്നവരല്ലേ ഇവിടത്തെ പ്രതിപക്ഷം. നയാപൈസ തരണമെന്നു പറയുവാൻ, സാലറി ചലഞ്ചിനെപ്പോലും വിലക്കി എല്ലാത്തിനും വിരുദ്ധമായ നിലപാടെടുത്തില്ലേ നിങ്ങൾ? 52 സീറ്റ് മാത്രമേ നിങ്ങൾക്ക് കിട്ടിയിട്ടുള്ളൂ. ഓർത്തുകൊള്ളുക. ദേശീയതലത്തിൽ വലിയ തോതിൽ ഉയർന്നു വരേണ്ടവരായിരുന്നില്ലേ നിങ്ങൾ, എന്നിട്ട് വന്നില്ലല്ലോ.

ആരോഗ്യമേഖലയിൽ ദേശീയതലത്തിൽ നടത്തുന്നതിനേക്കാൾ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനം മനസ്സിലാക്കാൻ ഞങ്ങൾ ജനങ്ങളോട് പറഞ്ഞു. മാധ്യമങ്ങളെ കൂട്ടുപിടിച്ചും സോഷ്യൽ മീഡിയയെ ഉപയോഗിച്ചും ശബരിമല എന്ന ഒരൊറ്റ വിഷയത്തിൽ ധാർഷ്ട്യമെന്നൊക്കെ പറഞ്ഞ് ജനോപകാരപ്രദമായിട്ടുള്ള കാര്യങ്ങളെ മറച്ചുപിടിക്കാൻ നടത്തിയ പ്രചരണങ്ങളുടെ ദുരന്തമാണ് നിങ്ങളിപ്പോൾ അനുഭവിക്കുന്നതെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിൽ പകർച്ചവ്യാധികൾ തടയാനായി ഓരോ സമയത്തും നടത്തിയിട്ടുള്ള ശ്രദ്ധേയമായ നടപടികൾ നിങ്ങൾ കാണുന്നില്ലേ? നിപ വൈറസ് വന്നപ്പോൾ ലോകരാജ്യങ്ങൾ ശ്രദ്ധിക്കുന്ന രീതിയിലല്ലേ കേരളം ആവശ്യമായ നടപടി സ്വീകരിച്ചത്. ഞാനിപ്പോൾ ആരെയും സപ്പോർട്ട് ചെയ്യാൻവേണ്ടി പറയുന്നതല്ല. ഒരു യാഥാർത്ഥ്യം നിങ്ങളുടെ മുന്നിൽ പറയുകയാണ്. ഈ നാട്ടിലെ ജനങ്ങളറിയണം. അടിയന്തര ശസ്ത്രക്രിയപോലും മാറ്റിവച്ച് മുങ്ങുന്നവരോട് ഇവിടെയിരുന്നുകൊണ്ട് 'നിങ്ങൾ ധൈര്യമായിട്ടിരിക്കൂ ഒരു പ്രശ്നവുമുണ്ടാവില്ല' എന്ന് ടെലിവിഷനിലൂടെ പറഞ്ഞത് കേട്ടപ്പോൾ ആ നാട്ടിലെ ജനങ്ങൾക്കാശ്വാസം തോന്നിയെന്നുള്ളത് സത്യമല്ലേ? ശബരിമല വിഷയം ആരോടും വിവരിക്കാൻ സന്ദർഭം കിട്ടാത്ത സമയത്തൊരു വിധി വന്നതുമാത്രം മുതലെടുത്താണ് നിങ്ങൾ ഈ പ്രചാരവേല നടത്തിയിട്ടുള്ളതെന്നത് എല്ലാവർക്കുമറിയാം. കഴിഞ്ഞ കാലങ്ങളിലൊക്കെ ആരോഗ്യമേഖല എങ്ങനെയായിരുന്നുവെന്ന ചില കാര്യങ്ങളാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്.

കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയിൽ എന്തായിരുന്നു ചെയ്തിരുന്നത്; അദ്ധ്യയന വർഷാവസാനം മാർച്ച് മാസത്തിലാണ് പാഠപുസ്തകങ്ങൾ നൽകിയത്. തയ്പ്പിച്ചു വച്ചിരിക്കുന്ന യൂണിഫോം അവസാന നിമിഷത്തിൽ ആർക്കും കിട്ടാതിരുന്നു. ഞങ്ങളൊക്കെ എന്ത് പ്രയാസമനുഭവിച്ചിട്ടുണ്ട്. ഞങ്ങളുടെ യുവജന സംഘടനകൾ പുസ്തകത്തിന്റെ പകർപ്പെടുത്ത് കുട്ടികൾക്ക് വിതരണം ചെയ്യുവാൻ എന്നെ ഉദ്ഘാടനത്തിന് വിളിച്ചു. എത്രയിടത്ത് ഞാൻ പങ്കെടുത്തിട്ടുണ്ടെന്നറിയാമോ; ഇതൊക്കെയായിരുന്നില്ലേ കഴിഞ്ഞ കാലങ്ങളിൽ നടന്നിരുന്നത്? എന്നിട്ടല്ലേ നിങ്ങളിവിടെ ഇരുന്നുകൊണ്ട് ഓരോ കാര്യത്തെ സംബന്ധിച്ചും പറയുന്നത്, ഒരു നാട്ടിലെന്താണ് നടക്കുന്നതെന്നും എന്താണ് ഗവൺമെന്റ് ചെയ്യുന്നതെന്നും കൃത്യമായി ബോധ്യപ്പെട്ട് നല്ല കാര്യങ്ങൾ ചെയ്താൽ അതിനെ അംഗീകരിക്കാനുള്ള ഒരു മനസ്സുണ്ടാകണം.

കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് വലിയ രീതിയിൽ കൊട്ടിഘോഷിച്ച് നടത്തിയതായിരുന്നു ജനസമ്പർക്ക പരിപാടി. കുളത്തുപ്പുഴയിൽ നിന്നുള്ള ഒരാൾ ആംബുലൻസിൽ എഴുന്നേൽക്കാൻ കഴിയാത്ത സാഹചര്യത്തിൽ കൊല്ലത്ത് നടന്ന ജനസമ്പർക്ക പരിപാടിയിൽ മണിക്കൂറുകൾ കാത്തുനിന്നു. കൊല്ലം ജില്ലയിൽ ഞാൻ കണ്ട ഒരു കാഴ്ചയാണ്, 10,000 രൂപ ചികിത്സാ ധനസഹായം ലഭിക്കാനാണ് അയാൾ വന്നത്. എന്നാൽ ഇന്ന് ഈ സാഹചര്യമുണ്ടോ? ഈ ഗവൺമെന്റ് നടപ്പാക്കിയ പൊതുനയങ്ങൾ എന്തൊക്കെയാണെന്ന് നിങ്ങൾ ആലോചിച്ച് നോക്കണം. കളക്ടർമാർ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ബ്ലോക്കുതലത്തിൽ ഇറങ്ങിച്ചെല്ലുകയാണ്. ഇതാണ് ഈ ഗവൺമെന്റിന്റെ നയം. ഗവൺമെന്റ് ഇതാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇങ്ങനെയല്ലേ വേണ്ടത്? താലൂക്ക് ഓഫീസിൽ പോയി ചികിത്സാ സഹായത്തിനും ബ്ലോക്ക് ഓഫീസിൽ പോയി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ധനസഹായത്തിനും കാത്തിരിക്കേണ്ട ആവശ്യമില്ല. പകരം അവരുടെ അക്കൗണ്ടുകളിലേയ്ക്ക് പണം നിക്ഷേപിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള പൈസയായാലും പട്ടികജാതി വികസന വകുപ്പുവഴിയുള്ള ധനസഹായമായാലും അങ്ങനെയാണ് ചെയ്യുന്നത്.

പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ഈ സർക്കാർ എന്തെല്ലാം ആശ്വാസമാണ് നൽകുന്നതെന്ന് എണ്ണിയെണ്ണി പറയാൻ ഈ ചുരുങ്ങിയ സമയംകൊണ്ട് സാധിക്കുകയില്ല. പല മേഖലകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും പഠനമുറികളും ലഭ്യമാക്കുന്നു. കുടുംബനാഥൻ മരിച്ചാലുള്ള ആശ്വാസ ധനസഹായം രണ്ട് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചതടക്കം നിരവധി

കാര്യങ്ങൾ ഈ സർക്കാർ ചെയ്യുന്നുണ്ട്. പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ട്യൂഷനും കോച്ചിംഗ് ക്ലാസ്സിനുള്ള സൗകര്യവുമുൾപ്പെടെ ശ്രദ്ധേയമായ നിരവധി മാറ്റങ്ങളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയത്. ഇതൊന്നും ആർക്കും കാണാൻ കഴിയുന്നില്ലല്ലോ.

ഈ സർക്കാർ കാർഷിക മേഖലയിൽ വരുത്തിയ വലിയ മുന്നേറ്റം നമുക്കറിയാം. എന്റെ നിയോജകമണ്ഡലത്തിൽ നെല്ല് വിളവെടുക്കാൻ ഞാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയെ ക്ഷണിച്ചിരിക്കുകയാണ്. അത്രമാത്രം ഉൽപ്പാദനം വർദ്ധിച്ചു. ഇതല്ലേ ജനങ്ങൾ ആഗ്രഹിക്കുന്നത്. അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യാതെ 'ഹരിത കേരള മിഷൻ' മുഖേന നമ്മുടെ നാട്ടിൽ ശക്തമായ മാറ്റമുണ്ടാക്കി. എന്റെ നിയോജകമണ്ഡലത്തിൽ 35 വർഷമായി കാടുമൂടി കിടന്നിരുന്ന 17 ഹെക്ടർ സ്ഥലവും പാണ്ടിവയൽ തോടും പുനരുദ്ധരിച്ച് കൃഷി ചെയ്ത് ഇത്തവണ ഒരു ലോഡ് നെല്ലാണ് ഉൽപ്പാദിപ്പിച്ചത്. അത് കൊയ്തെടുക്കാൻ കഴിഞ്ഞ ദിവസങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രികൂടി ഇടപെട്ടുകൊണ്ട് അതിനൊരു ആശ്വാസമുണ്ടായിട്ടുണ്ട്. അതുപോലെ ഉൽപ്പാദനം വൻതോതിൽ വർദ്ധിപ്പിക്കാൻ നമുക്ക് കഴിഞ്ഞു. കേരളത്തിൽ അടിസ്ഥാന സൗകര്യമുള്ള മില്ലുകൾ സ്ഥാപിച്ച് ഇവിടത്തെ കൃഷിക്കാരെ സഹായിക്കാനും അവർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് ശേഖരിച്ച് അരിയാക്കി കൊടുക്കുന്നതുപോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന രീതിയിലേയ്ക്ക് നമ്മുടെ സംസ്ഥാനത്തെ എത്തിക്കാനും സാധിച്ചു. ഈ സർക്കാർ മൂന്ന് വർഷം കഴിഞ്ഞ് നാലാം വർഷത്തിലേയ്ക്ക് കടക്കുമ്പോൾ നിങ്ങൾ ഇതൊന്നും കാണാതെ പോകരുത്. ഇതല്ലേ നമ്മുടെ നാടിന് വേണ്ടത്. ക്ഷേമപെൻഷനുകൾ ഇരട്ടിയാക്കി, പരമ്പരാഗത മേഖലയെ അങ്ങേയറ്റം ശ്രദ്ധിച്ചു. കൈത്തറി ഉൽപ്പന്നം യൂണിഫോമാക്കി മാറ്റി. എന്റെ നിയോജകമണ്ഡലത്തിലെ വെളിയം ഭാഗത്ത് അടഞ്ഞുകിടന്ന നിരവധി കൈത്തറിശാലകളുണ്ടായിരുന്നു. കഴിഞ്ഞ സർക്കാരിനോട് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും നയാപൈസപോലും ലഭിച്ചില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഡിമാന്റ് അനുസരിച്ച് ഉല്പാദിപ്പിക്കാൻ അവിടെ കഴിയുന്നില്ല എന്നത് വസ്തുതയാണ്. അത്രമാത്രം മെച്ചത്തിലേയ്ക്ക് കൊണ്ടുപോകാൻ സാധിച്ചുവെന്നത് ഓർക്കാതിരിക്കാൻ കഴിയില്ല.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്രയോ അവാർഡുകൾ വാങ്ങിയിട്ടുണ്ട്. സർക്കാരിനെ കുറ്റം പറയുമ്പോൾ നിങ്ങൾ ഇതൊക്കെ കാണണം. സുസ്ഥിര വികസനത്തിനായുള്ള നീതി ആയോഗിന്റെ ലക്ഷ്യസൂചികയിൽ ഒന്നാമതെന്ന് കണക്കാക്കിയിട്ടുള്ളത് കേരളത്തെയാണ്. കേരളത്തിന്റെ ഭരണമികവിന് 3-ാം വർഷവും പബ്ലിക് അഫയേഴ്സ് സെന്ററിന്റെ അംഗീകാരം

ലഭിച്ചിട്ടുണ്ട്. നിങ്ങൾ കുറ്റപ്പെടുത്തുന്ന സർക്കാരിന്റെ വിവിധ മേഖലയിലുള്ള മികവിന് ഇന്ത്യാ ടുഡേയുടെ 'സ്റ്റേറ്റ് ഓഫ് ദ സ്റ്റേറ്റ് ' അവാർഡ് ലഭിച്ചിട്ടുണ്ട്. ഇതൊക്കെ യാഥാർത്ഥ്യങ്ങളല്ലേ? അഴിമതി ഏറ്റവും കുറഞ്ഞ ഗവണ്മെന്റാണിത്. ആരെയെങ്കിലുംകുറിച്ച് അഴിമതി പറയാൻ നിങ്ങൾക്ക് കഴിയുമോ? കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് എന്താണ് ഇവിടെ നടന്നത്? പലരും സഭയിൽ വരാതിരുന്നത് എന്തുകൊണ്ടാണ്? എല്ലാം കോഴകളാണെന്നുള്ളത് ഞാൻ ആവർത്തിക്കുന്നില്ല. ഈ സർക്കാരിന്റെ ഭരണകാലത്ത് മാതൃമരണ നിരക്ക് കുറഞ്ഞ സംസ്ഥാനത്തിനുള്ള 'പ്രധാനമന്ത്രി സുരക്ഷാ മാതൃത്വ അഭിയാൻ' അവാർഡ് ലഭിച്ചിട്ടുണ്ട്. സ്ത്രീകൾക്കായി ഒരു വകുപ്പ് രൂപീകരിച്ച് കുടുംബശ്രീയെ അങ്ങേയറ്റം അംഗീകരിച്ചു. അങ്ങനെ നാനാമേഖലകളിലും നമ്മുടെ സർക്കാർ മികവ് കാണിച്ചിട്ടുണ്ട്.

യു.ഡി.എഫ്. ഗവണ്മെന്റിന്റെ ഭരണകാലത്ത് ദേശീയപാതകളുടെ അവസ്ഥ 'പലകയുടെ പുറത്ത് ചിതൽ തിന്നാൽ എങ്ങനെയിരിക്കുമോ' അതുപോലെയായിരുന്നു. നാഷണൽ ഹൈവേയിലൂടെ ഞങ്ങളൊക്കെ മീറ്റിംഗിന് എറണാകുളത്ത് പോകുന്നതാണ്. ഇന്ന് അതാണോ അവസ്ഥ? ഗ്രാമീണ മേഖലയുൾപ്പെടെ B.M & B.C. രീതിയിലുള്ള റോഡ് ചെയ്തുകൊണ്ടിരിക്കുകയാണ്. പാലങ്ങളുടെ പണികൾ വേഗത്തിൽ നടക്കുകയാണ്. രണ്ട് ലക്ഷത്തിലധികം ആളുകൾക്ക് കേന്ദ്ര ഗവൺമെന്റ് തൊഴിലവസരങ്ങൾ ഇല്ലാതാക്കിയെങ്കിലും ഈ ചുരുങ്ങിയ സമയംകൊണ്ട് ഒരു ലക്ഷത്തിലധികം തൊഴിലവസരങ്ങൾ കൊടുത്തു. തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളിൽ ഒന്ന് എന്റെ മണ്ഡലത്തിലുമുണ്ട്. കേരളത്തിലെ ആദ്യത്തെ സ്കിൽ പാർക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. നല്ല ക്വാളിറ്റിയുള്ള വിദ്യാഭ്യാസം കൊടുക്കുന്നു, ഇതൊന്നും കാണാതിരിക്കരുത്. തീർച്ചയായും സത്യസന്ധമായ പ്രചരണങ്ങൾ മാത്രമേ രാഷ്ട്രീയത്തിൽ പാടുള്ളൂ. ഒരു വിശ്വാസത്തിന്റെ പേര് പറഞ്ഞ് അല്ലെങ്കിൽ ചെറിയ ചെറിയ കാര്യങ്ങളിലൂടെ, മനുഷ്യന്റെ വിശ്വാസത്തെ അതിജീവിച്ച് ആരാണ് മെച്ചപ്പെട്ടതെന്ന് ജനങ്ങൾ വരുംകാലങ്ങളിൽ തീരുമാനിക്കുമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. 2014 മേയ് 14-ലെ ദേശാഭിമാനി പത്രത്തിന്റെ ഒരു പകർപ്പ് എന്റെ കൈവശമുണ്ട്. എനിക്ക് വിശ്വാസമുണ്ടായിട്ടല്ല നിങ്ങൾക്ക് കുറച്ചുകൂടി വിശ്വാസം വരട്ടെയെന്ന് വിചാരിച്ച് ഞാനിത് വായിക്കാൻ ആഗ്രഹിക്കുന്നു.

"ശ്രീ. എ. കെ. ആന്റണി രാജിവയ്ക്കണം" ശ്രീ. പിണറായി വിജയൻ. തിരുവനന്തപുരം: യു.ഡി.എഫ് സർക്കാരിനെതിരായ വ്യക്തമായ ജനവിധിയുടെ

അടിസ്ഥാനത്തിൽ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി രാജിവയ്ക്കണമെന്ന് സി.പി.ഐ(എം) സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയൻ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു. യു.ഡി.എഫ്.- ന്റെ തെരഞ്ഞെടുപ്പ് പ്രചരണത്തിൽ വ്യക്തിപരമായി നേതൃത്വം നൽകിയത് മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയാണ്. സി.പി.ഐ (എം)നെ കുഴിച്ചുമൂടുമെന്ന് ശ്രീ. എ. കെ. ആന്റണി പ്രഖ്യാപിച്ചുവെങ്കിലും ജനങ്ങൾ ശ്രീ. എ. കെ. ആന്റണിയുടെ ആഹ്വാനത്തിന് വിരുദ്ധമായാണ് പ്രതികരിച്ചത്. മുഖ്യമന്ത്രി എന്ന നിലവിൽ ആന്റണിയുടെ പരാജയം കൂടിയാണിത്. അതിനാൽ ധാർമ്മികതയുടെ എന്തെങ്കിലും അംശം ബാക്കിയുണ്ടെങ്കിൽ ശ്രീ. എ. കെ. ആന്റണി രാജിവച്ച് പുതിയ ജനവിധി തേടണം." അന്നത്തെ പാർട്ടി സെക്രട്ടറി പറഞ്ഞതാണ്. ഈ വാക്കുകൾ കേരളത്തിന്റെ ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഒരു കണ്ണാടിയുടെ മുന്നിൽ നിന്നെങ്കിലും സ്വയം പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. നിയമസഭാ തെരഞ്ഞെടുപ്പിൽ തെറ്റിദ്ധാരണമൂലം എതിരായ നിലപാടെടുത്ത ജനവിഭാഗങ്ങൾ ഈ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-നൊപ്പം നിന്നു. യു.ഡി.എഫ്.-ന് ഒപ്പമുണ്ടായിരുന്ന വലിയൊരു ജനവിഭാഗം ഈ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-നൊപ്പം വന്നുവെന്നുള്ളത് അന്നത്തെ പാർട്ടി സെക്രട്ടറി പറഞ്ഞതാണ്. അദ്ദേഹം ശ്രീ. എ. കെ ആന്റണിയെ ഉപദേശിച്ചതിന്, ധാർമ്മികതയുടെ ഒരംശമെങ്കിലും ബാക്കിയുണ്ടെങ്കിൽ രാജിവയ്ക്കണമെന്നാണ്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ 20-ൽ 19 സീറ്റിലും പരാജയപ്പെട്ടവർ എന്ത് ധാർമ്മികതയുടെ പേരിലാണ് കേരളത്തിൽ അധികാരത്തിൽ തുടരുന്നത്? മാത്രമല്ല ഈ ലോക്സഭാ ഇലക്ഷനെ സംസ്ഥാനഭരണത്തിന്റെ വിലയിരുത്തലായാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പാർട്ടി സെക്രട്ടറിയും സംശയങ്ങൾക്കതീതമായി തെരഞ്ഞെടുപ്പിനുമുമ്പ് പ്രഖ്യാപിച്ചത്. എക്സിറ്റ് പോളുകൾ വന്നപ്പോൾ തെറ്റിപ്പോകുമെന്ന് പറഞ്ഞിട്ടും പതിനെട്ട് സീറ്റിൽ ഞങ്ങൾ ജയിക്കുമെന്ന് പറയുകയും 2004 ആവർത്തിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ 20-ൽ 19-ലും തോറ്റു. ധാർമ്മികതയുടെ ഒരംശമെങ്കിലും ബാക്കിയുണ്ടെങ്കിൽ അവനവന്റെ വാക്കുകളോട് നീതി പുലർത്താൻ ഈ ഭരണകൂടത്തിന് നേതൃത്വം നൽകുന്നവർ തയ്യാറാകണം. ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞതും അന്നത്തെ ചരിത്ര വിജയമാണെന്നാണ്. ആ ചരിത്ര വിജയത്തെ സംബന്ധിച്ച് പറഞ്ഞതും ശ്രീ. എ. കെ. ആന്റണി രാജി വയ്ക്കണമെന്നുള്ളത് തന്നെയാണ്. അന്നത്തെ മന്ത്രിമാർ ഉൾപ്പെടെയുള്ളവർ പറഞ്ഞു, മട്ടന്നൂർ മണ്ഡലത്തിലെ വോട്ട് ഒഴിച്ചുനിർത്തിയാൽ ബാക്കി 18 മണ്ഡലങ്ങളിൽ യു.ഡി.എഫ്.-ന് അനുകൂലമായ ലീഡ് ഉണ്ടായിട്ടുണ്ടെങ്കിൽ കേരളം വർഗ്ഗീയതയെ തുരത്താൻ ആഗ്രഹിച്ചു എന്ന് ഉറപ്പിക്കാം; ധിക്കാരത്തെയും ധാർഷ്ട്യത്തെയും പരാജയപ്പെടുത്താനാണ് കേരളം

തീരുമാനിച്ചത്, വർഗ്ഗീയതയെ തുരത്താൻ യു.ഡി.എഫ്.-നൊപ്പം വിശ്വസിച്ച് നിൽക്കാവുന്നതാണെന്നും കേരളം വിധിയെഴുതിയിരിക്കുകയാണ്. രാജ്യത്തെ പരാജയത്തിൽ മതേതര ശക്തികൾ വേദനിക്കുന്നുവെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അവരെ ഒരുമിച്ച് തോൽപ്പിക്കേണ്ടിടത്ത് തോൽപ്പിക്കാനുള്ള കൂട്ടുകെട്ടുകൾ ഇനിയും രാജ്യത്തുണ്ടാകേണ്ടതും ഈ രാജ്യത്തിന്റെ നിലനിൽപ്പിനുതന്നെ അത്യന്താ പേക്ഷിതമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. പക്ഷേ, ബി.ജെ.പി. ഫാസിസ്റ്റ് പ്രസ്ഥാനമല്ലെന്ന് തെരഞ്ഞെടുപ്പിന്റെ ഇടയിൽപ്പോലും പ്രസ്താവിക്കുന്ന കേരള വിഭാഗത്തിന്റെ നേതാവ് ശ്രീ. പ്രകാശ് കാരാട്ടിന്റേതുപോലുള്ള നിലപാടുകൾ, നിങ്ങൾക്ക് മാത്രമേ ബി.ജെ.പി.-യെ പ്രതിരോധിക്കാൻ കഴിയുകയുള്ളൂവെന്ന് പ്രചരിപ്പിച്ചു. ഒടുവിൽ പശ്ചിമബംഗാളിലെ വോട്ട് നില എന്താണെന്ന് നിങ്ങൾക്കറിയാം. 2014-ൽ ഉണ്ടായിരുന്ന ബി.ജെ.പി.-യുടെ 17.02 ശതമാനം വോട്ട് ഇപ്പോൾ 40.5 ശതമാനമായി പശ്ചിമബംഗാളിൽ വർദ്ധിക്കുമ്പോൾ ഒരു കാര്യം നിങ്ങൾ തിരിച്ചറിയണം. ഇവിടെ സി.പി.ഐ.(എം)ന് ഉണ്ടായിരുന്ന 22.96 ശതമാനം വോട്ട് 7 ശതമാനമായി മാറുമ്പോൾ ബി.ജെ.പി.-യിലേയ്ക്ക് സി.പി.ഐ.(എം)ന്റെ വോട്ട് കുലംകുത്തി ഒഴുകുന്നുവെന്നുള്ളതിന്റെ വ്യക്തമായ തെളിവുകൾ നമ്മുടെ മുന്നിൽ വരികയാണ്. അതുകൊണ്ടും തീരുന്നില്ല. ത്രിപുരയിൽ കോൺഗ്രസ്സിന് 2014-ൽ ഉണ്ടായിരുന്ന വോട്ടിംഗ് ശതമാനം 15.38 ശതമാനമാണ്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനുണ്ടായിരുന്നത് 1.8 ശതമാനം വോട്ടുകളാണ്. ഇത്തവണ കോൺഗ്രസ്സിന്റെ വോട്ടിംഗ് ശതമാനം 25.77 ശതമാനമായി വർദ്ധിച്ചപ്പോൾ 64.77 ശതമാനം വോട്ടുണ്ടായിരുന്ന സി.പി.ഐ.(എം)ന്റെ വോട്ടിംഗ് ശതമാനം 17.91 ശതമാനത്തിലേയ്ക്ക് അവിടെ അധഃപതിക്കുന്നത് നമ്മൾ കണ്ടുനിൽക്കേണ്ടി വന്നു. അവിടെ ബി.ജെ.പി.-ക്ക് കണക്കുകൾ നോക്കാൻപോലും ഇല്ലാതിരുന്ന വോട്ട് 47.67 ശതമാനമായി മാറി.

2.00 PM]

കോൺഗ്രസ്സിനെ മാറ്റിനിർത്തി ബി.ജെ.പി.-യെ പ്രതിരോധിക്കാൻ ഇടയ്ക്ക് സ്റ്റാലിൻപോലും തയ്യാറാകാതിരുന്ന മീറ്റിംഗിന് ടി.ആർ.എസ്. പാർട്ടിയുടെ നേതാവിനെ കാണുമ്പോൾ ഒരു കാര്യം ഉറപ്പിച്ചു പറയേണ്ടിയിരിക്കുന്നു, ഒന്നാമത്തെ ശത്രു വർഗ്ഗീയത തന്നെയാണ്. അതിനെ തോൽപ്പിക്കാൻ കോൺഗ്രസ്സിനല്ലാതെ ഒരു മുന്നേറ്റം സാധ്യമാകുമെന്ന് ശ്രീ. സീതാറാം യെച്ചൂരിപോലും പ്രതീക്ഷിക്കാത്തിടത്ത്, കേരളത്തിലെ നിങ്ങളുടെ വിഭാഗം മാത്രം അത് കാണുമ്പോൾ അന്ധമായ കോൺഗ്രസ് വിരോധം മാത്രമാണ് നിങ്ങളെ നയിച്ചതെന്ന് മനസ്സിലാകും.

കേരളത്തിൽ നിങ്ങൾ ബി.ജെ.പി.-യെ പ്രതിരോധിക്കുന്നത് എങ്ങനെയാണ്; തൃശ്ശൂരിൽ സി.പി.ഐ.(എം)-ന് കഴിഞ്ഞ തവണ ഉണ്ടായിരുന്നത് 42.27 ശതമാനം വോട്ടും ബി.ജെ.പി.-ക്കുണ്ടായിരുന്നത് 11.15 ശതമാനം വോട്ടുമാണ്. എന്നാൽ ഇത്തവണ സി.പി.ഐ.(എം)-ന്റെ 42.27 ശതമാനം വോട്ട് 30.9 ശതമാനമായി കുറയുന്നു. 11.5 ശതമാനം വോട്ടുണ്ടായിരുന്ന ബി.ജെ.പി.-ക്ക് 28.2 ശതമാനമായി ഉയരുന്നു. ബി.ജെ.പി.-യിലേയ്ക്ക് പോകുന്ന വോട്ടുകൾ ആരുടേതാണെന്ന് നിങ്ങൾ പഠിക്കണം. പാലക്കാട് സി.പി.ഐ.(എം)ന് കഴിഞ്ഞ തവണ ഉണ്ടായിരുന്നത് 45.35 ശതമാനം വോട്ടായിരുന്നു. അത് ഇത്തവണ 37.7 ശതമാനമായി കുറഞ്ഞു. ബി.ജെ.പി.-ക്ക് നേരത്തെ ഉണ്ടായിരുന്ന 15 ശതമാനം വോട്ട് ഇത്തവണ 21.3 ശതമാനമായി ഉയർന്നു. ആറ്റിങ്ങൽ മണ്ഡലത്തിൽ സി.പി.ഐ.(എം)-നുണ്ടായിരുന്നത് 45.67 ശതമാനം വോട്ടും ബി.ജെ.പി.-ക്ക് ഉണ്ടായിരുന്നത് 10.53 ശതമാനവുമായിരുന്നുവെങ്കിൽ ഇത്തവണ സി.പി.ഐ.(എം)ന് 34.2 ശതമാനമായി കുറഞ്ഞപ്പോൾ ബി.ജെ.പി.-യുടേത് 24.8 ശതമാനമായി വർദ്ധിച്ചു. കേരള ചരിത്രത്തിൽ ഏറ്റവും കൂടുതൽ വോട്ട് ബി.ജെ.പി.-ക്ക് കൊടുത്ത ഒരു ഭരണകാലയളവ് ആരുടേതാണെന്ന് ചോദിച്ചാൽ അത് നിങ്ങളുടേതാണെന്ന് കൃത്യമായി പറയേണ്ടിവരും. എന്നിട്ടും ശബരിമല പ്രശ്നം ബി.ജെ.പി.-ക്ക് ഗുണമാകുമെന്ന് കരുതിയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ബി.ജെ.പി.-ക്ക് ഗുണമാകുമെന്ന് കരുതിയാണോ നിങ്ങൾ അത്തരത്തിലുള്ള നിലപാട് സ്വീകരിച്ചതെന്ന ചോദ്യം കേരളം ഈ തെരഞ്ഞെടുപ്പിലൂടെ തിരിച്ച് ചോദിച്ചിരിക്കുകയാണ്. നിങ്ങൾ ശൈലി മാറ്റണമെന്ന് ഞങ്ങൾക്ക് അഭിപ്രായമില്ല. നിങ്ങൾ ശൈലി മാറ്റരുത് എന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം.

മി. ചെയർമാൻ: ശ്രീ. ഷാഫി പറമ്പിൽ, അങ്ങയുടെ പ്രസംഗം ചുരുക്കണം.

ശ്രീ. ഷാഫി പറമ്പിൽ: സർ, നിങ്ങൾ ശൈലി മാറ്റാൻ ഒരുക്കമല്ലെന്നുള്ളത് ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുകയാണ്. നിങ്ങൾ ബഹളം വയ്ക്കേണ്ട കാര്യമില്ല. സാധാരണ നിങ്ങൾ മുസ്ലീംലീഗിനെ ജില്ലാ പാർട്ടിയെന്നുപറഞ്ഞ് കളിയാക്കാറുണ്ട്. ആ മുസ്ലീംലീഗിനും നിങ്ങൾക്കും ഇപ്പോൾ മൂന്ന് സീറ്റ് വീതമാണ് പാർലമെന്റിലുള്ളതെന്നത് മറക്കരുത്. മൂന്ന് സീറ്റിലുംകൂടി അഞ്ച് ലക്ഷത്തിലധികം വോട്ടിന്റെ ഭൂരിപക്ഷം അവർക്കുള്ളപ്പോൾ മൂന്ന് ലക്ഷത്തോളം വോട്ട് മാത്രമേ നിങ്ങൾക്ക് നേടാൻ സാധിച്ചുള്ളൂ. അതുകൊണ്ട് അന്ധമായ കോൺഗ്രസ് വിരോധമല്ല, വർഗ്ഗീയതയെ തുരത്താനുള്ള പോരാട്ടമാണ് വേണ്ടത്. അത് പരാജയപ്പെടാനുള്ളതല്ല; വെറും പോരാട്ടമല്ല, തിരിച്ചുവരാനുള്ള പോരാട്ടമാണ്.

ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുന്നു. കേരളത്തിൽ നിങ്ങൾ ധിക്കാരവും ധാർഷ്ട്യവും തിരുത്താൻ തയ്യാറല്ല എന്നുപറയുമ്പോഴും ഇന്നലെ ഈ

ഗവൺമെന്റ് എടുത്ത ഒരു തീരുമാനമുണ്ട്. തന്റെ ഭർത്താവാകാൻ പോകുന്ന ആളെ ദുരഭിമാനക്കൊലയുടെ പേരിൽ പിടിച്ചുകൊണ്ടുപോയിരിക്കുകയാണെന്നും അദ്ദേഹത്തിന്റെ ജീവൻ അപകടത്തിലാണെന്നും പോലീസ് സ്റ്റേഷനിലേയ്ക്ക് ഓടിക്കയറി ഒരു പോലീസ് ഉദ്യോഗസ്ഥനോട് കരഞ്ഞ് പറഞ്ഞിട്ടും 10 മണിക്കൂർവരെ തിരിഞ്ഞുനോക്കാതെ, 10 മണിക്കൂറിനുശേഷം കെവിൻ എന്നുപറയുന്ന ആ ചെറുപ്പക്കാരൻ കൊല്ലപ്പെട്ട കേരളത്തെ നാണംകെടുത്തിയ സംഭവത്തിന് ഉത്തരവാദിയായ പോലീസുകാരനെ ആ ചെറുപ്പക്കാരൻ കൊല്ലപ്പെട്ടതിന്റെ ഒന്നാം വാർഷികത്തിൽ സർവ്വീസിൽ തിരിച്ചെടുക്കുന്ന ധാർഷ്ട്യത്തിന് കേരളം ഇനിയും തിരിച്ചടി നൽകുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട.

<u>മി. ചെയർമാൻ</u>: ശ്രീ. ഷാഫി പറമ്പിൽ, പ്രസംഗം അവസാനിപ്പിക്കണം.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞങ്ങളുടെ കൃപേഷിനെ, ശരത് ലാലിനെ, ടി. പി. ചന്ദ്രശേഖരനെ, ഷുഹൈബിനെ, ഷുക്കൂറിനെ എന്നിങ്ങനെ 19-ഉം 24-ഉം വയസ്സായ ചെറുപ്പക്കാരെ കാസർഗോഡിന്റെ മണ്ണിൽ കൊന്നുതള്ളിയപ്പോൾ ആ തിണ്ണമിടുക്കുകൊണ്ട് വടകരയും കണ്ണൂരും കാസർഗോഡുമൊക്കെ ജയിക്കാമെന്നാണ് നിങ്ങൾ കരുതിയിരുന്നതെങ്കിൽ അവിടെ വമ്പിച്ച ഭൂരിപക്ഷത്തിൽ ചരിത്രം തിരുത്തിയ മുന്നേറ്റമാണ് യു.ഡി.എഫ്.-നുണ്ടായിരിക്കുന്നത്. ഒരു കാര്യം ഞാൻ പറയാനാഗ്രഹിക്കുന്നു. രാജ്യത്തുണ്ടാകുന്ന വിപത്തിനെ ഇനിയും ചെറുക്കേണ്ടതായിട്ടുണ്ട്.

<u>മി. ചെയർമാൻ</u>: ശ്രീ. ഷാഫി പറമ്പിൽ, പ്രസംഗം അവസാനിപ്പിക്കണം. അങ്ങേക്ക് അനുവദിച്ച സമയം കഴിഞ്ഞു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, കേരളം ഒരു പ്രതീക്ഷയുടെ തുരുത്താണ്. ആ തുരുത്തിൽനിന്നുതന്നെ നമുക്ക് ആ പോരാട്ടം ആരംഭിക്കാം. .. (ബഹളം)..

<u>മി. ചെയർമാൻ</u>: പ്ലീസ്. ബഹളം വയ്ക്കരുത്. ശ്രീ. ആർ. രാമചന്ദ്രൻ അങ്ങേക്ക് സംസാരിക്കാം. … (ബഹളം).. പ്ലീസ്. എല്ലാവരും സീറ്റിൽ ഇരിക്കണം. പ്ലീസ്.. ശ്രീ. വി. പി. സജീന്ദ്രൻ, ശ്രീ. റോജി എം. ജോൺ, ശ്രീ. എ. എൻ. ഷംസീർ ദയവായി സീറ്റുകളിൽ ഇരിക്കണം. പ്ലീസ്.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. പാർലമെന്റിലേയ്ക്കുള്ള സുപ്രധാനമായ ഒരു തെരഞ്ഞെടുപ്പിന്റെ വിധി അറിഞ്ഞതിനുശേഷമാണ് ഈ സഭ ചേരുന്നത്. ആ വിധി വന്നപ്പോൾ

ഇന്ത്യയിലെ മതേതര ജനാധിപത്യ വിഭാഗത്തിന് കനത്ത നിരാശയാണുണ്ടായത്. അതിന്റെ ഭാഗമായി കേരളത്തിൽ ഇടതുപക്ഷത്തിനുണ്ടായ പരാജയം, ആ ജനവിധിയെ ഞങ്ങൾ മാനിക്കുന്നു. അതിനിടയായ കാരണങ്ങൾ അതീവ ഗൗരവത്തോടെ പരിശോധിക്കുകയും തിരുത്തേണ്ട ഘടകങ്ങളുണ്ടെങ്കിൽ അതിനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്യുമെന്നുള്ള കാര്യം ഞങ്ങളുടെ ഇന്നലെകളിലെ പ്രവർത്തനാനുഭവങ്ങളിലൂടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കമ്മ്യൂണിസ്റ്റുകാർ എപ്പോഴും ജനവികാരം മനസ്സിലാക്കി പ്രവർത്തിക്കുന്നവരാണ്. അക്കാര്യത്തിൽ തുടർന്നും യാതൊരു മാറ്റവും ഉണ്ടാകുകയില്ല. ദേശീയാടിസ്ഥാനത്തിൽ നോക്കുമ്പോൾ നമ്മുടെ രാജ്യത്തെ ഭരണം ഏറ്റവും കൂടുതൽ കാലം നിർവ്വഹിച്ച ദേശീയ കക്ഷിയായ കോൺഗ്രസ് ഇന്ന് വെന്റിലേറ്ററിലാണ്. ആ അവസ്ഥയുണ്ടായതിൽ ഒട്ടും സന്തോഷിക്കുന്നവരല്ല ഞങ്ങൾ. ഞങ്ങൾക്കതിൽ സഹതാപമാണുള്ളത്. വെന്റിലേറ്ററിൽ കിടക്കുന്ന ഒരു കക്ഷിയുടെ പ്രതിനിധിയായ ശ്രീ. ഷാഫി പറമ്പിലിന് ഇത്രയേറെ ആവേശം ഇവിടെ പ്രകടിപ്പിക്കാൻ എവിടെനിന്നാണ് കരുത്തുകിട്ടിയതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കേരളത്തിൽ കഴിഞ്ഞ മൂന്ന് വർഷക്കാലമായി ഭരണം നടത്തുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ മുഖ്യമന്ത്രിയായ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ ജനാഭിലാഷങ്ങൾ മനസ്സിലാക്കി ജനതാൽപ്പര്യങ്ങൾ മുൻനിർത്തി 2016-ൽ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ജനങ്ങളുടെ മുമ്പിൽ എന്താണോ വാഗ്ദാനം ചെയ്തത്, അത് അക്ഷരാർത്ഥത്തിൽ നടപ്പിലാക്കി രാജ്യത്തിന് മാതൃകയാകുന്ന പ്രവർത്തനങ്ങളുമായി അഭിമാനത്തോടെയാണ് നാലാം വർഷത്തിലേയ്ക്ക് കടക്കുന്നത്. ഈ ഗവൺമെന്റിനെതിരായി ശബരിമല എന്ന ഒരു വിഷയം ഉണ്ടാകുമായിരുന്നില്ലെങ്കിൽ എന്ത് പ്രതിരോധ ആയുധമാണ് ഇവർക്ക് ഉപയോഗിക്കാൻ കഴിയുമായിരുന്നതെന്ന് വിനയപൂർവ്വം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ശബരിമല പ്രശ്നം ചർച്ച ചെയ്യുമ്പോൾ ശ്രീമതി പി. അയിഷാ പോറ്റി പറഞ്ഞതുപോലെ ഇടതുപക്ഷത്തിന്റെ പ്രതിനിധികളോ ഇടതുപക്ഷ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഘടകങ്ങളോ ആവശ്യപ്പെട്ട് നേടിയെടുത്ത ഒരു വിധിയല്ല. ആ വിധി നടപ്പിലാക്കുകയെന്ന പ്രാഥമിക ധർമ്മം മാത്രമാണ് ഇടതുപക്ഷ മുന്നണിയുടെ ഗവൺമെന്റ് സ്വീകരിച്ചത്. അതിനപ്പുറത്ത് ഒന്നും ചെയ്തില്ല. എന്നാൽ ആ വിധിയെ കേന്ദ്ര നേതൃത്വം സ്വാഗതം ചെയ്ത പശ്ചാത്തലത്തിലും ഇവിടെ ചിലയാളുകൾ വിശ്വാസത്തെ വോട്ടാക്കി മാറ്റാനുള്ള അവസരമുണ്ട് എന്നുകണ്ട് രംഗത്തിറങ്ങിയപ്പോൾ പ്രിയപ്പെട്ട കോൺഗ്രസുകാരുടെ കേരളത്തിലെ നിലപാട് എന്തായിരുന്നു? ശ്രീ. രാഹുൽ ഗാന്ധി ഈ കോടതിവിധിയെ അംഗീകരിച്ചുകൊണ്ട് പ്രതികരിച്ചു. അദ്ദേഹത്തിന്റെ നേതൃത്വം

അംഗീകരിക്കുന്ന കേരള ഘടകം എന്ത് നിലപാട് സ്വീകരിച്ചു? ഞങ്ങൾ വിശ്വാസികളോടൊപ്പമാണെന്ന് അവർ പറഞ്ഞു. അത് കേവലം പറച്ചിൽ മാത്രമായിരുന്നില്ല. ബി.ജെ.പി. അഴിച്ചുവിട്ട എല്ലാ പ്രചരണങ്ങളും ഏറ്റുപാടി അവരുടെ 'ബി' ടീമായി ശബരിമല വിഷയത്തിൽ ഇടപെട്ടവരാണ് ഇവിടത്തെ കോൺഗ്രസ്സുകാർ എന്നുള്ളത് ആർക്കാണ് അറിയാത്തത്. സെക്രട്ടേറിയറ്റിന് മുമ്പിൽ ബി.ജെ.പി. നിരാഹാര സമരം നടത്തുമ്പോൾ നിയമസഭയിലെ ഏതാനും സാമാജികരെ ഈ സഭയുടെ കവാടത്തിലിരുത്തി അതിനോട് സാദൃശ്യമുള്ള സമീപനം സ്വീകരിച്ചവരല്ലേ ഇവിടത്തെ കോൺഗ്രസ്സുകാർ. അങ്ങനെ എപ്പോഴും ബി.ജെ.പി.-ക്ക് സഹായകരമായ അന്തരീക്ഷം ഒരുക്കിക്കൊടുക്കുന്നതിൽ ബോധപൂർവ്വമായ നിലപാട് സ്വീകരിച്ച്, മൃദുഹിന്ദുത്വ സമീപനം കൈക്കൊണ്ട്, വർഗ്ഗീയതയെ പ്രീണിപ്പിച്ച് പോയിട്ടുള്ള ചരിത്രമാണ് ഇന്ത്യയിൽ കോൺഗ്രസ് സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി കേരളത്തിലും അവർ നടപടി സ്വീകരിച്ചു. ഇതിലൂടെ ബി.ജെ.പി.-ക്ക് വളരാനുള്ള വളക്കൂറുള്ള മണ്ണുണ്ടാക്കിക്കൊടുക്കുകയാണ് ചെയ്തത്. ഞങ്ങൾ എപ്പോഴും വിശ്വാസികളോടൊപ്പമാണെന്ന് ശ്രീ. കെ. മുരളീധരൻ പറയുകയുണ്ടായി. വിശ്വാസികളോടൊപ്പമാണ് നിങ്ങളുടെ നിലപാടെന്നത് ആത്മാർത്ഥതയോടെയാണ് പറയുന്നതെങ്കിൽ ബാബറി മസ്ജിദ് പൊളിക്കാൻ അവസരമൊരുക്കിയതും രാമജന്മഭൂമി തുറന്നുകൊടുത്തതും ബി.ജെ.പി.-ക്ക് അതൊരു ആയുധമാക്കി മാറ്റാനുള്ള പാതയൊരുക്കിയതും ആരാണ്? ഇന്ന് ബി.ജെ.പി.-യുടെ നേതാക്കളായി, മന്ത്രിമാരായി വിരാജിക്കുന്നവർ ഇന്നലെകളിൽ നിങ്ങളുടെ നേതാക്കളായിരുന്നു. നിങ്ങളുടെ ഭരണകാലത്തെ മന്ത്രിമാരായിരുന്നു. ഇന്നും ബി.ജെ.പി.-യിലേയ്ക്ക് ആളുകൾ ഒഴുകുന്നത് എവിടെനിന്നാണ്? നിങ്ങൾ കേരളത്തിലെ വോട്ടിനെക്കുറിച്ച് ഇവിടെ പറഞ്ഞു. അതിനെക്കുറിച്ച് പറയുമ്പോൾ അമേഠിയിലെ വോട്ടിനെ സംബന്ധിച്ച് നിങ്ങൾ എന്താണ് പറയാത്തത്; എങ്ങനെയാണ് അവിടെ ശ്രീ. രാഹുൽ ഗാന്ധി തോറ്റത്? ...(ബഹളം)... ഈ സമീപനം നല്ലതല്ല. ഞാൻ നിങ്ങളെ വേറൊരുതരത്തിലും കുറ്റപ്പെടുത്തുന്നില്ല. ഒരു മതേതര ജനാധിപത്യ പ്രസ്ഥാനം ബി.ജെ.പി.-ക്കെതിരായി ഇന്ത്യയിൽ വളർന്നുവരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നിങ്ങളിൽ ചിലർ ഇവിടെ പറഞ്ഞു. അതിൽ ആത്മാർത്ഥതയുണ്ടെങ്കിൽ അതിന് സഹായകരമായ സമീപനമാണ് സ്വീകരിക്കേണ്ടത്. നിങ്ങൾ ഇടതുപക്ഷത്തിന് നയമുണ്ടായിരുന്നോയെന്ന് ചോദിച്ചു. നിങ്ങൾക്ക് നയമുണ്ടായിരുന്നോ? നിങ്ങളാണല്ലോ ഇന്ത്യയിലെ പ്രധാന പ്രതിപക്ഷ പാർട്ടിയായി സ്വയം അവകാശപ്പെടുന്നവർ. രാജ്യം ദീർഘകാലം ഭരിച്ചതും നിങ്ങളാണല്ലോ. ഈ പാർലമെന്റ് തെരഞ്ഞെടുപ്പ് ഏറെ നിർണ്ണായകമാണെന്ന് അറിഞ്ഞുകൊണ്ട് അതിന് സഹായകരമായ മതേതര പ്രസ്ഥാനങ്ങൾക്ക് ശക്തിയാർജ്ജിക്കാൻ കഴിയുന്നൊരു പശ്ചാത്തലം

രാജസ്ഥാനിലെയും മധ്യപ്രദേശിലെയുമടക്കമുള്ള നിയമസഭാ തെരഞ്ഞെടുപ്പുകളിൽ പ്രതിഫലിച്ച പശ്ചാത്തലത്തിൽ അത് ഉപയോഗപ്പെടുത്തി ബി.ജെ.പി.-ക്ക് ബദലായി ഒരു ശക്തി ഇന്ത്യയിലുണ്ടെന്ന് ജനങ്ങൾക്ക് ബോധ്യപ്പെടുന്ന രീതിയിൽ എന്ത് സമീപനമാണ് നിങ്ങൾ സ്വീകരിച്ചത്; ഇന്ത്യയിലെ സാമാന്യ ജനങ്ങൾക്ക് വിശ്വസിക്കാൻ കഴിയുന്ന ഏത് നേതൃത്വത്തെയാണ് നിങ്ങൾ അവതരിപ്പിച്ചത്? നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയെക്കുറിച്ച് പറയുന്നു, അദ്ദേഹത്തിന്റെ നിലപാടെന്താണ്? നിങ്ങളുടെ നേതൃത്വം തെരഞ്ഞെടുപ്പ് അവലോകനയോഗം കൂടിയപ്പോൾ, ബി.ജെ.പി.-ക്കെതിരായിട്ടുള്ള പ്രചരണ പ്രവർത്തനങ്ങളിൽ ഒറ്റയാൾപ്പട്ടാളത്തെപ്പോലെ നിലപാട് സ്വീകരിക്കേണ്ട ഗതികേട് എന്റെ സഹോദരന്, എ.ഐ.സി.സി.യുടെ പ്രസിഡന്റിന് വന്നുഭവിച്ചു എന്നല്ലേ ശ്രീമതി പ്രിയങ്കാ ഗാന്ധി പറഞ്ഞത്. എവിടെപ്പോയി നിങ്ങളുടെ നേതാക്കൾ, നിങ്ങൾക്ക് എന്തായിരുന്നു ജോലി? രാജസ്ഥാനിലും മദ്ധ്യപ്രദേശിലും നിങ്ങളുടെ ഗവൺമെന്റാണ് ഭരിക്കുന്നത്. ആ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് അധികകാലവുമായില്ല. എന്നിട്ടും എന്തുകൊണ്ടാണ് ഇങ്ങനെയൊരു തിരിച്ചടിയുണ്ടായത്. ഇവിടെ നിങ്ങൾ പറയുന്നതുപോലെ, അവിടെ മുഖ്യമന്ത്രിമാരുടെ ധാർഷ്ട്യംകൊണ്ടാണോ തോറ്റത്?

നിങ്ങൾ 2014-ലെ കാര്യം പറയുന്നു. എന്ത് ധാർഷ്ട്യത്തിന്റെ അടിസ്ഥാനത്തിലാണ് അന്ന് നിങ്ങൾ പരാജയപ്പെട്ടത്. ശ്രീ. എ. കെ. ആന്റണി മിതഭാഷിയാണെന്നും സൗമ്യനാണെന്നുമൊക്കെയാണല്ലോ വിശേഷിപ്പിക്കുന്നത്. എന്നിട്ടും തോറ്റല്ലോ. തോൽക്കുന്ന സാഹചര്യത്തിൽ സ്വാഭാവികമായും അന്ന് പ്രതിപക്ഷത്തുണ്ടായിരുന്ന ഞങ്ങൾ ഞങ്ങളുടെ പ്രതികരണം അറിയിച്ചു. നിങ്ങളും ഇപ്പോൾ പറയുന്നു. അത് സ്വാഭാവികമായ പ്രതികരണമാണെന്ന്. അതിനപ്പുറത്തുള്ള പ്രാധാന്യം അതിനില്ല. എന്നാൽ അതാണോ ഇന്ത്യയിലും കേരളത്തിലും ചർച്ച ചെയ്യപ്പെടേണ്ട മുഖ്യ വിഷയം. ഇവിടെ ബി.ജെ.പി.-ക്കെതിരെ ശക്തമായ എന്ത് നിലപാട് സ്വീകരിക്കാൻ കഴിയും? നിങ്ങൾ റഫാൽ അഴിമതിയെക്കുറിച്ച് പറഞ്ഞു. ആ അഴിമതിയെ മുക്കിക്കൊല്ലാൻ കഴിയുന്ന തരത്തിൽ നിങ്ങൾക്കെതിരായി ബൊഫോഴ്സ് ഉയർത്തിക്കൊണ്ടുവന്നു, അതല്ലേ സത്യം. നിങ്ങൾ ശ്രീ. അമിത് ഷായുടെ പുത്രന്റെ അഴിമതിയെക്കുറിച്ച് പ്രചരിപ്പിക്കാൻ ശ്രമിച്ചു. ഒട്ടും മടികാണിക്കാതെ, അല്പസമയംപോലും നിങ്ങൾക്ക് നൽകാതെ അവർ ശ്രീമതി പ്രിയങ്കാ ഗാന്ധിയുടെ ഭർത്താവ് ശ്രീ. റോബർട്ട് വധേരയുടെ അഴിമതിക്കഥകളുമായി മുന്നോട്ടുവന്നു. ഇതായിരുന്നില്ലേ സാഹചര്യം? ഇന്ത്യയിലെ സാധാരണ ജനങ്ങൾ ബി.ജെ.പി. ഭരണത്തിൻകീഴിൽ അനുഭവിക്കുന്ന പ്രയാസങ്ങളും ജീവിതദുരിതങ്ങളും എവിടെയാണ് ചർച്ച ചെയ്യാൻ കഴിഞ്ഞത്;

അതിനുള്ള വേദി എവിടെയായിരുന്നു? ആ നിലയിൽ പരിശോധിച്ച് ഇന്ത്യയിലെ വസ്തുനിഷ്ഠ സാഹചര്യങ്ങൾ എന്താണെന്ന് ബോധ്യപ്പെട്ട് ബി.ജെ.പി.-യുടെ ഫാസിസ്റ്റ് ഭരണത്തെ നിയന്ത്രിക്കാൻ, ഈ നാട്ടിലെ ജനങ്ങളെ ബി.ജെ.പി.-ക്കെതിരായി ചിന്തിപ്പിക്കാൻ, അവർക്ക് വിശ്വാസപൂർവ്വം മുന്നോട്ടു വരാനുള്ള അവസരമൊരുക്കുന്ന പ്രവർത്തനങ്ങളിലേയ്ക്ക് കടന്നുവരുന്നതിനു പകരം അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധം വച്ചുകൊണ്ട് ഇന്ത്യയെന്നാൽ കേരളമാണ് എന്ന നിലപാട് സ്വീകരിച്ച നിങ്ങളുടെ ഈ പോക്ക് ഇവിടത്തെ മതേതര പ്രസ്ഥാനങ്ങളെ ദുർബലപ്പെടുത്താൻ മാത്രമേ സഹായിക്കു എന്നുമാത്രം ഓർമ്മപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ധനാഭ്യർത്ഥനയെക്കുറിച്ചുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നത്. പക്ഷേ, ചർച്ചകളൊക്കെ രാഷ്ട്രീയമാണ്. തെരഞ്ഞെടുപ്പ് കഴിഞ്ഞയുടനെയുള്ള അവസരമായതുകൊണ്ട് സ്വാഭാവികമായും അവരുടെ മനസ്സിനെ സ്വാധീനിക്കും. പലർക്കും പല പ്രതീക്ഷകളുമുണ്ടായിരുന്നു. പക്ഷേ, ജനാധിപത്യത്തിൽ വിശ്വസിക്കുന്നവരുടെ ചുമതലയാണ് ജനങ്ങളുടെ വിധിയെ മാനിക്കുകയെന്നത്. യന്ത്രത്തിന് തകരാറുണ്ടായിരുന്നു, അല്ലെങ്കിൽ വർക്കിംഗ് ശരിയായില്ല എന്നൊക്കെ പറഞ്ഞ് ജനവിധിയെ ഉൾക്കൊള്ളാൻ തയ്യാറാകാത്തൊരു സമീപനമാണ് ചിലർ ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ജനവിധിയെ മാനിക്കുകയെന്നതാണ് അടിസ്ഥാനപരമായി ചെയ്യേണ്ടത്. കേരളത്തിന്റെ കാര്യം പറയുകയാണെങ്കിൽ ഇവിടെ ഭരിക്കുന്ന മുന്നണിക്ക് എതിരായിട്ടുള്ള ശക്തമായ ജനങ്ങളുടെ വികാരപ്രകടനമാണ് ഈ തെരഞ്ഞെടുപ്പിലൂടെ നമുക്ക് കാണാൻ കഴിഞ്ഞത്. അതൊരു വസ്തുതയാണ്. ഒരുപക്ഷേ, അവരെ അതിന് പ്രേരിപ്പിച്ചത് ശബരിമല പ്രശ്നമായിരിക്കാം. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അതൊരു പ്രശ്നമേയല്ലെന്ന സമീപനമാണുള്ളത്. പാർട്ടി സെക്രട്ടേറിയറ്റും ബാക്കിയുള്ളവരും അതൊരു പ്രശ്നമായിരുന്നുവെന്ന യാഥാർത്ഥ്യം തുറന്നു പറഞ്ഞിട്ടുണ്ട്. ശബരിമല പ്രശ്നം എന്തുകൊണ്ടാണുണ്ടായത്? ശബരിമലയിൽ പോകുന്നതിന്റെ പ്രശ്നമല്ല, ശബരിമലയുടെ പരമ്പരാഗത ആചാരാനുഷ്ഠാനങ്ങൾക്ക് വിരുദ്ധമായി യുവതികളെ സംഘടിപ്പിച്ച് അവിടെ കൊണ്ടുപോകാൻ ശ്രമിച്ചു. വിശ്വാസികളല്ലാത്ത സ്ത്രീകളെ തെരഞ്ഞെടുത്ത് പോലീസിന്റെ യൂണിഫോം നൽകി പത്തിരുപത് പോലീസുകാരുടെ സഹായത്തോടുകൂടി സന്നിധാനത്ത് കയറ്റാനുള്ള ശ്രമം നടത്തി. അത് ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുള്ള ആക്ഷേപകരമായ നടപടിയാണ്. ഇതിൽ സ്വാഭാവികമായും ഭക്തർ പ്രതിഷേധിച്ചു. ആ പ്രതിഷേധക്കാർ മുഴുവനും ബി.ജെ.പി.-ക്കാരെന്നാണ് പറഞ്ഞത്. അത് ബി.ജെ.പി.-ക്കാരൊന്നുമല്ല.

പ്രതിഷേധം നടത്തുന്നവർ തേങ്ങ എറിയുന്നൊരു ഫോട്ടോ ഞാൻ കാണുകയുണ്ടായി. അത് ഒരു പ്രദേശത്തെ മാർക്സിസ്റ്റ് പ്രവർത്തകനാണെന്ന് ചില സുഹൃത്തുക്കൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇതാണ് വസ്തുത. പക്ഷേ, ആചാരങ്ങളെ മാനിക്കാൻ തയ്യാറാകാതെ അവയെ വ്രണപ്പെടുത്തുന്നതരത്തിൽ അവിശ്വാസികളായവർക്ക് പോലീസ് യൂണിഫോം കൊടുത്ത് പോലീസ് സഹായത്തോടുകൂടി ശബരിമലയിൽ കൊണ്ടുപോകാൻ സ്വീകരിച്ച നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ജനങ്ങളുടെ വികാരത്തെ മാനിക്കാൻ തയ്യാറാകാത്ത മനോഭാവത്തിന്റെ പ്രതിഫലനമാണ് ഈ തെരഞ്ഞെടുപ്പ് ഫലം. പ്രധാനമായും എനിക്ക് ഇക്കാര്യമാണ് പറയാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. എ. എം. ആരിഫ്: സർ, ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഈ സഭയിലെ എന്റെ അവസാനത്തെ പ്രസംഗമാണ്. പാർലമെന്റ് തെരഞ്ഞെടുപ്പിനെത്തുടർന്ന് ദയനീയമായ പരാജയം ഏറ്റുവാങ്ങിയ ഒരു മുന്നണിയുടെ പ്രതിനിധിയായിത്തന്നെയാണ് ഞാനിവിടെ നിൽക്കുന്നത്. ഇവിടെ 19 യു.ഡി.എഫ്. പ്രതിനിധികൾ ജയിച്ചുവന്നപ്പോൾ, കഴിഞ്ഞ രണ്ട് തവണയായി യു.ഡി.എഫ്.- ന്റെ കൈവശമിരുന്ന സിറ്റിംഗ് സീറ്റ്, അതും ഞങ്ങളെ സംബന്ധിച്ചിടത്തോളം വളരെ അപമാനകരമായ ഒരു സാഹചര്യമായിരുന്നു. പുന്നപ്ര വയലാറിന്റെ നാട്ടിൽ തുടർച്ചയായി രണ്ട് തവണ യു.ഡി.എഫ്. പ്രതിനിധി ജയിച്ചുവരുന്ന മണ്ഡലം തിരിച്ചുപിടിച്ച് പാർലമെന്റ് അംഗമാകാൻ അവസരം നൽകിയ എൽ.ഡി.എഫ്. നേതൃത്വത്തിനും പ്രവർത്തകർക്കും ആലപ്പുഴ മണ്ഡലത്തിലെ വോട്ടർമാർക്കും ഞാൻ ഈ സന്ദർഭത്തിൽ നന്ദി രേഖപ്പെടുത്തുകയാണ്. എന്നോടൊപ്പം മത്സരിച്ച മറ്റ് 19 പേർ പരാജയപ്പെട്ടതിലുള്ള നിരാശയും സങ്കടവുമെല്ലാം എനിക്കുണ്ട്. എന്റെ ഒറ്റയാൾ വിജയത്തെക്കുറിച്ച് ഒരുപാട് ട്രോളുകൾ ഇറക്കിക്കൊണ്ടിരിക്കുകയാണ്. അതെല്ലാം വായിച്ച് ആസ്വദിക്കുമ്പോൾ എനിക്ക് ആശ്വാസം പകരുന്നത് ശ്രീമതി സോണിയാ ഗാന്ധിയുടെ അവസ്ഥയാണ്. സ്വന്തം മകൻ ഉൾപ്പെടെ ഒപ്പം മത്സരിച്ച 79 പേർ തോറ്റുപോയ അവരുടെ അവസ്ഥയുമായി താരതമ്യം ചെയ്ത് നോക്കിയപ്പോൾ അതിൽ കുറേ കോൺഗ്രസുകാർക്ക് കെട്ടിവച്ച കാശുപോലും കിട്ടാതെയാണ് തോറ്റത്. ആ ദയനീയ അവസ്ഥയുമായി താരതമ്യം ചെയ്യുമ്പോൾ എനിക്ക് കുറച്ച് ആശ്വാസമുണ്ട്. എന്തായാലും ഞങ്ങളുടെ പതനത്തിൽ നിങ്ങളും നിങ്ങളുടെ പതനത്തിൽ ഞങ്ങളും അന്യോന്യം കുറ്റപ്പെടുത്തുന്നതിനപ്പുറത്ത് നമ്മൾ ഗൗരവപൂർവ്വം ചിന്തിക്കേണ്ട ഒരുപാട് രാഷ്ട്രീയ സാഹചര്യങ്ങളിലൂടെയാണ് നമ്മുടെ രാജ്യം കടന്നുപോകുന്നത്. അതിനെയൊന്നും കാണാതെ ഞങ്ങളുടെ പതനത്തിൽ അത്യാഹ്ലാദപൂർവ്വം നിങ്ങളിങ്ങനെ ആവേശംകൊള്ളുന്നു. ശ്രീ. ഷാഫി പറമ്പിലിന്റെ ആഹ്ലാദം കണ്ടില്ലേ. ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്ത് ശ്രീ. എ. കെ. ആന്റണി രാജി വയ്ക്കണമെന്ന് സഖാവ് പിണറായി വിജയൻ പറയുന്ന പഴയ

പ്രസ്താവനയെല്ലാം അദ്ദേഹം ഇവിടെ വായിച്ചു. വാസ്തവത്തിൽ ശ്രീ. എ. കെ. ആന്റണി ബഹുമാനപ്പെട്ട പിണറായി വിജയന്റെ പ്രസ്താവന കേട്ട് രാജിവച്ചതാണോ? ഇവിടെ ഇരിക്കുന്ന എല്ലാവർക്കും അറിയാമല്ലോ അദ്ദേഹത്തെ പുറത്താക്കാൻ നടത്തിയ കൊട്ടാര വിപ്ലവത്തിന്റെ കഥ. എല്ലാവരുംകൂടി ചേർന്ന് അദ്ദേഹത്തെ പുകച്ച് പുറത്തുചാടിക്കുകയാണ് ചെയ്തത്. അല്ലാതെ അദ്ദേഹം സ്വമേധയാ രാജിവച്ചതൊന്നുമല്ല. ധാർമ്മികതയുടെ കാര്യമൊന്നും ആരും പറയേണ്ട. പിന്നെ ശൈലി മാറ്റത്തെക്കുറിച്ചുള്ള ശ്രീ. ഷാഫി പറമ്പിലിന്റെ പ്രസംഗം കേട്ടപ്പോൾ, ഇതേ ശൈലിയിൽ നയിച്ചിട്ടുള്ള നേതൃത്വമാണ് 2004-ൽ ഇരുപതിൽ 18 സീറ്റ് നേടിയത്. അത് മറന്നുപോകരുത്. അന്നും ഈ ശൈലി തന്നെയായിരുന്നു. 100 സീറ്റ് നിങ്ങൾക്ക് കിട്ടിയ സ്ഥലത്തുനിന്നും 2016-ൽ 91 സീറ്റ് നേടി അധികാരത്തിൽ വന്നതും ഈ ശൈലിയിലൂടെയാണ്. അപ്പോൾ ശൈലിയെക്കുറിച്ച് പറഞ്ഞ് ഞങ്ങളെ വല്ലാതെ കോരിത്തരിപ്പിക്കുകയൊന്നും വേണ്ട. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. നമ്മൾ രണ്ടുകൂട്ടരും ഗൗരവപൂർവ്വം കാണേണ്ട പ്രശ്നത്തിലേക്കാണ് ഞാൻ വരുന്നത്.

കഴിഞ്ഞ ദിവസം ശ്രീ. നരേന്ദ്ര മോദി ഭരണഘടനയുടെ വലിയൊരു ചിത്രത്തിന് മുമ്പാകെ വന്ന് ഉമ്മ വയ്ക്കുന്നത് മാധ്യമങ്ങളിലെല്ലാം നമ്മൾ കണ്ടു. ഉമ്മ കൊടുക്കുന്നത് കണ്ടപ്പോൾത്തന്നെ വലിയൊരു സംശയമുണ്ടായി. സാധാരണഗതിയിൽ ചില സമുദായ വിഭാഗങ്ങളിൽ കുഴിമാടത്തിലേയ്ക്ക് മൃതശരീരം കൊണ്ടുപോകുന്നതിന് മുമ്പായി ഉമ്മ കൊടുക്കും, അതൊരു ആചാരമാണ്. അതുപോലെ ഭരണഘടനയ്ക്ക് ഉമ്മ കൊടുക്കുന്ന ശ്രീ. നരേന്ദ്ര മോദിയെയാണ് നമ്മൾ കണ്ടത്. മഹാത്മാ ഗാന്ധിയെ വെടിവച്ച് കൊല്ലുന്നതിന് മുമ്പായി നാഥുറാം വിനായക് ഗോഡ്സെ അദ്ദേഹത്തിന്റെ പാദത്തിൽ തൊട്ടുതൊഴുതിട്ടാണ് നെഞ്ചിനുനേരെ നിറയൊഴിച്ചത്. അതാണ് അവരുടെ ശൈലി. ആ ശൈലിയെക്കുറിച്ചാണ് നമ്മൾ ഗൗരവപൂർവ്വം ചർച്ച ചെയ്യേണ്ടത്, അല്ലാതെ ഇവിടത്തെ ശൈലിയെക്കുറിച്ചല്ല. ഭരണഘടനയ്ക്കുള്ള അന്ത്യചുംബനമാണ് ശ്രീ. നരേന്ദ്ര മോദി കൊടുത്തിരിക്കുന്നത്. അധികനാൾ ഈ പാർലമെന്റ് ഇങ്ങനെ കൊണ്ടുപോകാനല്ല ഉദ്ദേശിക്കുന്നത്. അവർക്ക് ഭരണഘടന ഭേദഗതി ചെയ്യാനുള്ള ഭൂരിപക്ഷത്തിലേയ്ക്ക് എത്തിക്കഴിഞ്ഞാൽ ഈ രാജ്യത്തിന്റെ ജനാധിപത്യ പ്രക്രിയയെ അവർ അട്ടിമറിക്കും. അവസാനത്തെ തെരഞ്ഞെടുപ്പാണെന്ന് പലരും ഉത്കണ്ഠ രേഖപ്പെടുത്തിയത് യാഥാർത്ഥ്യമാകാൻ പോകുന്നതിലേക്കാണ് കാര്യങ്ങൾ പോകുന്നത്. ശ്രീ. നരേന്ദ്ര മോദി മാറും, ശ്രീ. മോഹൻ ഭഗവത് രാജ്യത്തിന്റെ പ്രസിഡന്റാകും. ഈ നിലയിലേക്കാണ് കാര്യങ്ങൾ പോകുന്നത്. അതിനെ എങ്ങനെ നേരിടണമെന്നതാണ് നമ്മൾ ആലോചിക്കേണ്ടത്. ഞങ്ങൾ ഇപ്പോൾ 20-ൽ 19 സീറ്റ് നേടി, അതുകൊണ്ട് പിണറായി വിജയൻ സർക്കാർ രാജിവയ്ക്കണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസ്താവനയിറക്കി. ഇവിടെ പ്രസ്താവനയിറക്കുമ്പോൾ, അങ്ങൊരു ദേശീയ പാർട്ടിയുടെ ദേശീയ നേതാവുകൂടിയല്ലേ. മധ്യപ്രദേശിലേയും ഛത്തീസ്ഗഢിലെയും രാജസ്ഥാനിലെയും

മുഖ്യമന്ത്രിമാർക്ക് ഒരു മറുപടികൂടി പറഞ്ഞുകൊടുക്കേണ്ട ബാധ്യത അങ്ങേക്കില്ലേ? ഇവിടെ പ്രസ്താവനയിറക്കുമ്പോൾ അങ്ങയുടെ പാർട്ടിയെ മറ്റ് സ്ഥലങ്ങളിൽ എങ്ങനെ പ്രതിരോധിക്കണം എന്നുള്ള ഉപദേശംകൂടി നൽകാൻ അങ്ങേക്ക് ബാധ്യതയില്ലേ. ഒരു പ്രസ്താവന ഒരു സംസ്ഥാനത്ത് പ്രയോഗിക്കുമ്പോൾ അതേ സാഹചര്യം നിലനിൽക്കുന്ന മറ്റ് സ്ഥലങ്ങളിലെ സ്വന്തം ഭരണത്തെ എങ്ങനെയാണ് പ്രതിരോധിക്കേണ്ടത് എന്ന ചോദ്യത്തിന് ഉത്തരം പറയാൻ അങ്ങേക്ക് ബാധ്യതയില്ലേ. അങ്ങ് വെറുതേ ആലങ്കാരികമായി, രാഷ്ട്രീയത്തെ തങ്ങളുടെ മൂക്കിനപ്പുറം കാണാനാകാത്ത നിലയിലേയ്ക്ക് ചുരുക്കരുത്. അതാണ് എനിക്ക് പറയാനുള്ളത്.

ഈ രാജ്യത്ത് മതേതര ശക്തികൾ അധികാരത്തിൽ വരണമെന്നാണ് ഞങ്ങൾ ആഗ്രഹിച്ചത്. ഞങ്ങൾക്ക് രാജ്യത്തെ അധികാരം പിടിച്ചെടുക്കാനുള്ള ആളൊന്നുമില്ലല്ലോ. ഞങ്ങൾ വളരെ ദുർബലരാണ്. മതേതര ശക്തികൾ അധികാരത്തിൽ വരണമെന്നാണ് കരുതിയത്. അതിന്റെ ക്യാപ്റ്റൻ ആരാണ്; നിങ്ങൾ പറഞ്ഞത് ശ്രീ. രാഹുൽ ഗാന്ധി എന്നാണ്. രാജ്യം ശ്രീ. രാഹുൽ ഗാന്ധി ഭരിക്കട്ടെ എന്നല്ലേ പറഞ്ഞത്. പടത്തലവനായ ശ്രീ. രാഹുൽ ഗാന്ധി പ്രതിപക്ഷ ഐക്യം ഉണ്ടാക്കിയെടുക്കാൻ എന്തുചെയ്തു? പ്രതിപക്ഷ ഐക്യം ഉണ്ടാക്കിയെടുക്കാൻ ഏതെല്ലാം സ്റ്റേറ്റിൽ എന്തെല്ലാം സാധ്യതകളുണ്ടെന്ന് പരിശോധിച്ചോ? തമിഴ്നാട്ടിലെ കാര്യം ഇവിടെ പറഞ്ഞല്ലോ. യു.പി.എ. സഖ്യമായി നിൽക്കുമ്പോഴും പ്രതിപക്ഷത്ത് നിൽക്കേണ്ട വലിയ തലത്തിലുണ്ടായിരുന്നപ്പോഴും നിങ്ങൾക്ക് കലവറയില്ലാത്ത പിന്തുണ നൽകിയതാണ്. നാളെ ശ്രീ. നരേന്ദ്ര മോദിയെ മാറ്റാൻ ശ്രീ. രാഹുൽ ഗാന്ധിയാണ് പ്രധാനമന്ത്രിയായി വരുന്നതെങ്കിൽ ഇടതുപക്ഷത്തിന്റെ പിന്തുണ ലഭിക്കുമെന്ന് നിങ്ങൾക്ക് ഉറപ്പുള്ളതല്ലേ. അവിടെ ഇടതുപക്ഷത്തെ ലക്ഷ്യമാക്കി, ബി.ജെ.പി.-യുമായുള്ള യുദ്ധക്കളത്തിൽനിന്ന് ആടയാഭരണങ്ങളെല്ലാം അഴിച്ചുവച്ച് നേരെ അദ്ദേഹം വയനാടൻ ചുരത്തിലേയ്ക്ക് കയറി. ബി.ജെ.പി.ക്കെതിരായി യുദ്ധം ചെയ്യേണ്ട യുദ്ധക്കളത്തിൽ നിന്ന് ഒളിച്ചോടുകയാണ് അദ്ദേഹം ചെയ്തത്. അങ്ങനെ ഒളിച്ചോടി ഇടതുപക്ഷത്തെ ദുർബലമാക്കുക എന്നുള്ള നിലയിലേയ്ക്ക് വന്നു. ശ്രീമതി സ്മൃതി ഇറാനി ചോദിച്ച ചോദ്യം അതാണ്. ബഹുമാനപ്പെട്ട ജി. സുധാകരൻ എല്ലാ മീറ്റിംഗിലും അത് ചോദിക്കാറുണ്ട്, എന്താണ് ശ്രീമതി സ്മൃതി ഇറാനിയുടെ പ്രസംഗം? എന്നെപ്പോലൊരു സ്ത്രീയെ പേടിച്ചാണല്ലോ ശ്രീ. രാഹുൽ ഗാന്ധി നാടുവിട്ട് പോയത്, അപ്പോൾ ശ്രീ. നരേന്ദ്ര മോദിയെ പേടിക്കാതിരിക്കുന്നതിൽ വല്ല അർത്ഥവുമുണ്ടോ എന്നാണ്. ശ്രീ. നരേന്ദ്ര മോദിയെ അതിനെക്കാൾ പേടിക്കുകയല്ലേ; സഖാവ് പിണറായി വിജയൻ ചോദിച്ച വളരെ പ്രസക്തമായ ചോദ്യം ഞാൻ ചോദിക്കട്ടെ, ശ്രീ. രാഹുൽ ഗാന്ധിയുടെ കേരളത്തിലെ മത്സരം എന്ത് സന്ദേശമാണ് ഈ രാജ്യത്തിന് നൽകുന്നത്; പ്രതിപക്ഷത്തെ

ദുർബലപ്പെടുത്തുകയെന്ന സന്ദേശമല്ലേ അദ്ദേഹം നൽകിയത്. എന്നുപറഞ്ഞാൽ പടക്കളത്തിൽ വച്ച് എതിരാളിക്കെതിരെ പിടിക്കേണ്ട ആയുധം സ്വന്തം മുന്നണിക്കുനേരെ തിരിച്ചുപിടിച്ചു. ആരെങ്കിലും ചെയ്യുന്ന പണിയാണോ? അവനവന്റെ മുന്നണിക്ക് നേരെ അല്ലെങ്കിൽ അവനവന്റെ പ്രതിപക്ഷ നിരയെ ദുർബലപ്പെടുത്താനുള്ള സന്ദേശം. അങ്ങനെ അവനവന്റെ മുന്നണിയെ അല്ലെങ്കിൽ പ്രതിപക്ഷ നിരയെ ദുർബലമാക്കാൻ കൂടെ നിൽക്കേണ്ടവർക്കു നേരെ നടത്തിയ യുദ്ധനീക്കത്തിനാണ് രാജ്യം കടുത്ത ശിക്ഷ നൽകിയത്. അമേഠിയിൽപ്പോലും ജനങ്ങൾ അങ്ങനെയാണ് ശിക്ഷിച്ചുവിട്ടത്. ഇപ്പോൾ ആർ.എസ്.എസ്.കാരുടെ വാട്ട്സ്ആപ് ഗ്രൂപ്പുകളിലെല്ലാം പ്രതിപക്ഷ നേതൃസ്ഥാനം പോയ ശ്രീ. രാഹുൽ ഗാന്ധിയെ വയനാട്ടിലെ ഊര് മൂപ്പനാക്കിയിരിക്കുന്നു എന്ന രീതിയിൽ പ്രചരിപ്പിക്കുകയാണ്. ഞങ്ങൾ ആ കളിയാക്കലിനോട് യോജിക്കുന്നില്ല. .. (ബഹളം)….. നിങ്ങൾ അറിഞ്ഞില്ലെങ്കിൽ അറിയാൻവേണ്ടി പറയുകയാണ്. എന്തായാലും ഞങ്ങൾ അത് പറയുന്നില്ല. ആർ.എസ്.എസ്.കാർ പ്രചരിപ്പിക്കുകയാണ്. അതിന് അവസരമുണ്ടാക്കുകയാണ് നിങ്ങൾ.

മി. ചെയർമാൻ: പ്ലീസ്. പ്ലീസ്. ശ്രീ. അൻവർ സാദത്ത് ..(ബഹളം).. ശ്രീ. എ. എം. ആരിഫ് ഇങ്ങോട്ട് നോക്കി സംസാരിക്കു..

ശ്രീ. എ. എം. ആരിഫ്: സർ, അവർ പ്രചരിപ്പിച്ച കാര്യമാണ് ഞാൻ പറഞ്ഞത്. ഞാനെന്തിനാണ് പറഞ്ഞത് പിൻവലിക്കുന്നത്. പലരും പ്രചരിപ്പിക്കുന്ന കാര്യം ഇവിടെ പറഞ്ഞതിന് നിങ്ങൾക്കെന്താണ്. പിൻവലിക്കുന്ന പ്രശ്നമില്ല. 1977-ൽ ഇന്ത്യയിലാകെ ഇന്ദിരാ വിരുദ്ധ തരംഗം ആഞ്ഞടിച്ചു. ഇന്ദിരാഗാന്ധിപോലും റായ്ബറേലിയിൽ രാജ് നാരായണനോട് പരാജയപ്പെട്ടു. സൂക്ഷ്മമായി നടത്തിയ പ്രവർത്തനങ്ങളിലൂടെയാണ് 2004-ൽ ഞങ്ങൾ ഇരുപതിൽ പതിനെട്ട് സീറ്റിലേയ്ക്ക് മടങ്ങിവന്നത്. അതുകൊണ്ട് ഇരുപതിൽ പത്തൊൻപത് സീറ്റിൽ തോറ്റുപോയെന്നുവച്ച് ഞങ്ങൾ പടം മടക്കി പോകുമെന്നാണോ? ഇവിടത്തെ ജനങ്ങൾ തന്നെയാണ് ഞങ്ങളെ തിരിച്ചുകൊണ്ടുവന്ന് ഇരുപതിൽ പതിനെട്ട് സീറ്റും നൽകിയത്. 2011-ൽ കേരള നിയമസഭയിൽ നിങ്ങൾക്കായിരുന്നു ഭൂരിപക്ഷം. 2016-ൽ 91 സീറ്റ് നേടി ഞങ്ങൾ തിരിച്ചുവന്നു. ഏതെങ്കിലുമൊരു തോൽവിയിൽ ഒലിച്ചു പോകുന്നവരൊന്നുമല്ല ഞങ്ങൾ. അതുകൊണ്ട് ഇപ്പോഴുണ്ടായ തിരിച്ചടികളെയെല്ലാം ഞങ്ങൾ അതിജീവിക്കും. നാളെ ഒരു നിയമസഭാ തെരഞ്ഞെടുപ്പ് നടക്കട്ടെ. സംസ്ഥാന രാഷ്ട്രീയവും ദേശീയ രാഷ്ട്രീയവും രണ്ടായി കാണുന്നത് ജനങ്ങൾ തന്നെയാണ്. അപ്പോൾ വോട്ടു ചെയ്ത ഇതേ ആളുകൾ തന്നെ, ഏതെങ്കിലും ന്യൂനപക്ഷ വിഭാഗമല്ല, ആർ.എസ്.എസ്.നെ ഭയപ്പെടുന്ന മതേതര വിഭാഗങ്ങളാകെ തിരിച്ച് ഇപ്പുറത്ത് വോട്ട് ചെയ്യും. കാരണം

ഇവിടുത്തെ അടുക്കളയിൽ കയറി കറിച്ചട്ടിയിൽ ബീഫാണോ മട്ടനാണോ ചിക്കനാണോ എന്ന് നോക്കാൻ ആർ.എസ്.എസ്.കാരൻ വരാതിരിക്കണമെങ്കിൽ ഇവിടെ ഇടതുപക്ഷമുണ്ടാകണം. നിങ്ങളെ പേടിച്ചിട്ടല്ല, നിങ്ങളെ കണ്ടിട്ടുമല്ല. ഇടതുപക്ഷമുണ്ടാകണമെന്ന് ചിന്തിക്കുന്ന ജനങ്ങൾ തന്നെയാണ് വോട്ട് ചെയ്തിട്ടുള്ളതെന്ന് ഞങ്ങൾക്കറിയാം. നിങ്ങൾ ശ്രീമതി സോണിയാ ഗാന്ധിയെ മാറ്റി ശ്രീ. രാഹുൽ ഗാന്ധിയെക്കൊണ്ടുവന്ന് ഇപ്പോൾ ഭരണംപിടിക്കുമെന്ന് പറഞ്ഞു. ശ്രീ. രാഹുൽ ഗാന്ധി, ഇനി എനിക്കുവയ്യ ഞാൻ പോകുമെന്ന് പറഞ്ഞ് പിണങ്ങി നിൽക്കുകയാണ്. നിങ്ങൾ ഇനി എങ്ങനെയെങ്കിലും ശ്രീമതി പ്രിയങ്കാ ഗാന്ധിയെ കൊണ്ടുവരാൻ നോക്കും. ഇങ്ങനെ തൊഴുത്ത് മാറ്റിക്കെട്ടി രക്ഷപ്പെടുത്താൻ കഴിയില്ല. ഉത്തരേന്ത്യയിൽ ഇപ്പോഴും ബീഫിന്റെയും പശുവിന്റെയും പേരിലുള്ള കലാപങ്ങളിൽ നിരവധിയാളുകളെ കൊന്നൊടുക്കുകയാണ്. അവിടെ നിങ്ങൾ ഒരു ബഹുജന സമരത്തിന് നേതൃത്വം കൊടുക്കുന്നുണ്ടോ? കുറച്ചുനേരമെങ്കിലും ഉപവസിക്കുന്നുണ്ടോ? ശ്രീ. നരേന്ദ്ര മോദി ക്ഷേത്രങ്ങൾ കയറുമ്പോൾ നമ്മളും ക്ഷേത്രം കയറണം. പ്രായോഗിക സമീപനങ്ങൾ വേണം സ്വീകരിക്കാനെന്ന് കഴിഞ്ഞ ഏതോ ഒരു സഭയിൽ ശ്രീ. വി. ടി. ബൽറാം പ്രസംഗിക്കുന്നത് കേട്ടു. അങ്ങനെ പ്രായോഗിക സമീപനങ്ങൾ സ്വീകരിച്ച് 'എ' ടീമും 'ബി' ടീമും തമ്മിൽ മത്സരിച്ചപ്പോൾ 'എ' ടീം അടിച്ചുകൊണ്ടുപോയെന്ന് കരുതിയാൽ മതി. വർഗ്ഗീയതയ്ക്കെതിരെയുള്ള സമരമാണ്. തൊലിപ്പുറത്തെ ചികിത്സകൊണ്ട് മാറില്ല. ഇന്ത്യയിൽ വർഗ്ഗീയത ആഴത്തിൽ വേരുപിടിപ്പിച്ചിരിക്കുകയാണ്.ഇതിനെ പിഴുതെടുക്കണമെങ്കിൽ മഹാത്മജിയുടെയും നെഹ്റുവിന്റെയും പൈതൃകം വേണ്ട, കുറഞ്ഞപക്ഷം ഇന്ദിരാഗാന്ധിയുടെയെങ്കിലും പൈതൃകമെടുത്ത് ജനങ്ങളെ അണിനിരത്താൻ തയ്യാറാകണം. അതിനു തയ്യാറാകാതെ നിങ്ങൾ സന്ധി ചെയ്യുന്നിടത്തോളം കാലം ഈ രാജ്യത്ത് മതേതരത്വത്തെ സംരക്ഷിക്കാൻ കഴിയില്ല. അതുകൊണ്ട് അതിനുള്ള ഇടപെടലാണ് നടത്തേണ്ടത്. പശുവിന് എയർകണ്ടീഷൻ ഗോശാലകൾ നിർമ്മിച്ചു കൊടുത്താൽ ഉടനെ വോട്ട് ചെയ്യുമെന്ന് കരുതരുത്. അങ്ങനെയൊക്കെ ചെയ്ത് 'ബി' ടീമായി മാറിയതിന്റെ പരിണതഫലമാണ് ഇവിടെ ഇപ്പോൾ ഉണ്ടായിട്ടുള്ളത്.

കഴിഞ്ഞ ദിവസം തിരുവനന്തപുരത്ത് കേരളത്തിൽനിന്ന് ലോക്സഭയിലേയ്ക്ക് വിജയിച്ചവരുടെ മീറ്റ് ദി പ്രസ് പരിപാടിയുണ്ടായിരുന്നു. ഞങ്ങൾക്ക് ശബരിമലയിൽ സ്ത്രീകളെ കയറ്റണമെന്ന് ഒരു പിടിവാശി യുമുണ്ടായിരുന്നില്ല. ഞങ്ങളുടെ പ്രസ്ഥാനത്തിൽ എത്രയോ ചെറുപ്പക്കാരായ യുവതികളുണ്ട്, പാർട്ടിയിലെ ഉന്നതരായ നേതാക്കൾ ആഹ്വാനം ചെയ്താൽ അവർ കയറില്ലേ? അവരാരും വന്നില്ലല്ലോ, ഞങ്ങളാരെയെങ്കിലും കൊണ്ടുവരാൻ ശ്രമിച്ചോ, ഞങ്ങളുടെ

പ്രസ്ഥാനത്തിൽപ്പെട്ട ആരെങ്കിലും കയറിയോ എന്ന് ചോദിച്ചതിനെ അവിടെയുണ്ടായിരുന്ന നാല്പതോളംവരുന്ന വാർത്താമാധ്യമങ്ങളോ, ദൃശ്യ മാധ്യമങ്ങളോ ദുർവ്യാഖ്യാനം ചെയ്യാതിരുന്നപ്പോൾ ജനം ടി.വി. മാത്രം ഞാൻ വെല്ലുവിളിച്ച് ആളെ കയറ്റാൻ പോകുന്നുവെന്ന് പറഞ്ഞു.

മി. ചെയർമാൻ: ശ്രീ. എ. എം. ആരിഫ് ചുരുക്കണം. രണ്ട് മിനിട്ട് അധികമായി. എല്ലാവരും സമയം പാലിച്ചു.

ശ്രീ. എ. എം. ആരിഫ്: സർ, ആ വാർത്ത അതേപടി പ്രസിദ്ധീകരിച്ച പത്രം വീക്ഷണമാണ്. ഇന്നത്തെ പത്രത്തിൽ അതുണ്ട്. ജനവും വീക്ഷണം പത്രവും തമ്മിലുള്ള താദാത്മ്യം. അതാണ് നിങ്ങൾ ഇപ്പോഴും ഇവിടെ ചെയ്തു കൊണ്ടിരിക്കുന്നത്. ജയിച്ചതിനെ ഇകഴ്ത്തിക്കാണിക്കാൻ ജനം ടി. വി. നടത്തുന്ന ശ്രമത്തിന് വീക്ഷണം പത്രം കൂട്ടുനിൽക്കാമോ? ഇവിടെ നിങ്ങൾ താൽക്കാലികമായി വിജയിച്ചുവെന്ന് കരുതി അഹങ്കരിക്കരുത്. അതുകൊണ്ട് എന്ത് തിരിച്ചടികളുണ്ടായാലും മതേതരരാഷ്ട്രീയത്തിന്റെ കൊടിക്കൂറ ഉയർത്തിപ്പിടിച്ച് ഞങ്ങൾ മുന്നോട്ട് പോകും. മുൻകാലങ്ങളിലുണ്ടായ തിരിച്ചടികളെ അതിജീവിച്ച് തിരിച്ചുവന്ന ചരിത്രം കേരളത്തിന്റെ ചരിത്രത്തിലുണ്ട്. അത് ആവർത്തിക്കുകയും ചെയ്യും. നവകേരളം നിർമ്മിക്കുന്നതിനുള്ള ഇടതുപക്ഷത്തിന്റെ മുന്നേറ്റത്തിന് കേരള ജനതയുടെ പൂർണ്ണ പിന്തുണ ലഭിക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ടെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. രാഷ്ട്രീയമല്ലാതെ ഒന്നുരണ്ട് കാര്യങ്ങൾ പറയാനുണ്ട്. പ്രളയക്കെടുതിയെ സംബന്ധിച്ച് നിയമസഭയിൽ നിന്നും കിട്ടിയ മറുപടിയിതാണ് "കളക്ടർമാരുടെ വെരിഫിക്കേഷനുശേഷം എല്ലാ വിഭാഗങ്ങൾക്കുംകൂടി ആകെ 255964 വീടുകൾക്കാണ് നാശനഷ്ടം സംഭവിച്ചതായി കണക്കാക്കുന്നത്. അതിൽ fully damaged houses 10319, severely damaged houses 99282 ആകെ 109601" ഈ വീടുകൾ നശിച്ചിട്ട് എത്രമാസമായി? ആഗസ്റ്റ് 15, 16, 17 തീയതികളിലുണ്ടായ പ്രളയത്തിനുശേഷം സെപ്റ്റംബർ മുതൽ മേയ് വരെ ഒൻപത് മാസമായി. എത്ര വീടുകൾ പൂർത്തിയായിട്ടുണ്ട്. ഞാൻ ചോദ്യം നൽകിയിട്ട് കൃത്യമായ മറുപടി ലഭിച്ചിട്ടില്ല. ഏതായാലും പത്ത് ശതമാനം വീടുപോലും പൂർത്തിയായിട്ടില്ല. ഒന്നാം ഗഡു കൊടുത്തിട്ടുണ്ട്. മഴക്കാലം വരാൻ പോകുകയാണ്. യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മിച്ചാലേ പണി പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. ഫസ്റ്റ് പ്രയോറിറ്റി അതിനാണ് നൽകേണ്ടത്. അവർ വാടക വീട്ടിലും ബന്ധുക്കളുടെ വീടുകളിലുമാണ് താമസിക്കുന്നത്. അവരെ ഇനി ഷെൽട്ടർ ഹോമുകളിലേയ്ക്ക് വിടണോ?അതുകൊണ്ട് അടിയന്തര ശ്രദ്ധയുണ്ടാകണം. ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ 4,206 കോടി രൂപ ലഭിച്ചു. ഇതിൽ 1,874 കോടി രൂപ ചെലവായി. ബാക്കി 2,332 കോടി രൂപ ദുരിതാശ്വാസ നിധിയിലുണ്ട്. 1985-ൽ ഇത്രയും വലിയ പ്രളയമല്ല ഉണ്ടായതെങ്കിലും അധിവാസയോഗ്യമായ 1,01,000 വീടുകൾ 11 മാസംകൊണ്ട് പൂർത്തിയാക്കിയതിന്റെ രേഖയുണ്ട്. എങ്ങനെയാണ് പൂർത്തിയാക്കിയത്? കേന്ദ്രത്തിൽ നിന്നും ലഭിച്ച സഹായം കൊണ്ടുമാത്രമല്ല, ഹഡ്കോയിൽ നിന്ന് വൻതോതിൽ സഹായം വാങ്ങി. സന്നദ്ധസംഘടനകളുടെ സഹായത്തോടെ യുദ്ധകാലാടിസ്ഥാനത്തിൽ പണി തീർത്തു. ഇക്കാര്യം ഞാൻ കഴിഞ്ഞ തവണയും ഇവിടെ ഉന്നയിച്ചതാണ്. അത്തരത്തിലുള്ള ഒരു നീക്കവും ഇതുവരെ ഉണ്ടായിട്ടില്ല. മഴ പെയ്യാൻ ഒരുമാസം കൂടിയേയുള്ളൂ. ഈ കാലഘട്ടത്തിന്റെ വെല്ലുവിളി മനസ്സിലാക്കണം. എന്റെ നിയോജക മണ്ഡലത്തിൽ 15 ദിവസം കൊണ്ട് 3,90,000 രൂപയ്ക്ക് പണി പൂർത്തിയായ ഒരു വീടാണത് (വീടിന്റെ ചിത്രമുള്ള കടലാസ് ഉയർത്തിക്കാട്ടി). ഇനിയും ഏറ്റെടുക്കാം, വന്നു കാണാം. ഒരു ലക്ഷം അധിവാസയോഗ്യമല്ലാത്ത വീടുകളെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകം പറഞ്ഞതാണ്. മൊബൈൽ ആപ് ഉപയോഗിച്ച് കുറേയൊക്കെ കുറച്ചു. 2,55,000 വീടുകൾ റിപ്പയർ ചെയ്യാനുള്ളവയാണ്. അടിയന്തരശ്രദ്ധ പതിയേണ്ട കാര്യമാണ്.

മറ്റൊന്ന്, ഐക്യരാഷ്ട്ര സഭയുടെ Post Disaster Need Assessment പ്രകാരം പ്രളയകാലത്ത് സംസ്ഥാനത്തിന്റെ ആകെ നഷ്ടം 26,718 കോടി രൂപയാണ്. സംസ്ഥാന പുനർനിർമ്മാണത്തിനായി 31,000 കോടി രൂപയെങ്കിലും വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇക്കാര്യം പറഞ്ഞിട്ടുള്ളതാണ്. ലോകബാങ്കിന്റെ റിപ്പോർട്ടും കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയുടെ റിപ്പോർട്ടും ഏതാണ്ട് ഇതുപോലെ തന്നെയാണ്. ഞാൻ ആവർത്തിച്ച് പറയുന്നു, പ്രളയമുണ്ടാകുമ്പോൾ ആദ്യം ഒരു മെമ്മോറാണ്ടം കൊടുക്കും. അതിൽ എല്ലാ ഡീറ്റെയിൽസും കാണില്ല. അഡീഷണൽ മെമ്മോറാണ്ടം കൊടുക്കാൻ നമുക്ക് അവകാശമില്ലേ? അതിന് ഒരുദാഹരണം പറയാം.

കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയുടെ റിപ്പോർട്ട് പ്രകാരം 46000 പശുക്കളാണ് ഒഴുകിപ്പോയത്. ഒരു പശുവിന് 30000 രൂപ വച്ചുകിട്ടും. സംസ്ഥാനത്തുനിന്ന് കൊടുത്ത റിപ്പോർട്ടിൽ അത് 5600 ആണ്. അഡീഷണൽ മെമ്മോറാണ്ടം കൊടുക്കാൻ തയ്യാറായില്ല. രണ്ട് കോടി കോഴികൾ ഒഴുകിപ്പോയി. അതിനവർ കൃത്യമായി പണം തരുന്നതാണ്; അഡീഷണൽ മെമ്മോറാണ്ടം കൊടുക്കാൻ തയ്യാറായില്ല. അത് ഉദ്യോഗസ്ഥതലത്തിലുള്ള വലിയ വീഴ്ചയാണ്. 31000 കോടി രൂപ ആവശ്യമുണ്ടെന്ന് പറഞ്ഞിടത്ത് 5600 കോടി രൂപ ആവശ്യപ്പെട്ടു. നോംസെല്ലാം അന്നുമുണ്ട്. A calamity of rare severity, ഈ നോംസിനപ്പുറത്ത്

മെമ്മോറാണ്ടം കൊടുക്കാം. 1985-ൽ അങ്ങനെ മെമ്മോറാണ്ടം കൊടുത്ത് ഇന്ത്യയിൽ ഏറ്റവുമധികം സഹായം നേടിയ ഒരു സംസ്ഥാനമാണിത്. സെക്രട്ടേറിയറ്റിൽ ഇതിന്റെയെല്ലാം കണക്കുണ്ട്. അതിലേയ്ക്ക് പോയില്ലെന്നുള്ള വലിയ പരാതി ഇപ്പോഴും എനിക്കുണ്ട്. ഇനിയും വൈകിയിട്ടില്ല. ഞങ്ങൾക്ക് കിട്ടിയ വിവരമനുസരിച്ച് കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇനിയും അഡീഷണൽ മെമ്മോറാണ്ടം കൊടുക്കാം. പമ്പ, അച്ചൻകോവിൽ എന്നീ നദികളിലെ വെള്ളം തോട്ടപ്പള്ളി സ്പിൽവേയിലൂടെ പോയില്ലെങ്കിൽ കുട്ടനാട്ടിൽ വെള്ളപ്പൊക്കം ആവർത്തിക്കും. തോട്ടപ്പള്ളി സ്പിൽവേയിലേയ്ക്ക് പോകണമെങ്കിൽ ഇപ്പോൾ വെറും 60-70 മീറ്റർ വീതിയുള്ള വിയ്യപുരം മുതലുള്ള 11 കിലോമീറ്റർ 300 മീറ്റർ വീതിയിലാക്കണം. എങ്കിൽ മാത്രമേ തോട്ടപ്പള്ളി സ്പിൽവേയിലേയ്ക്ക് വെള്ളം ഒഴുകുകയുള്ളൂ. അഴിമുഖത്ത് എന്താണ് ചെയ്തത്? മണൽ കയറി കിടക്കുന്നതുകൊണ്ട് മരം വച്ചുപിടിപ്പിച്ചു. പിന്നെ വെള്ളം ഒട്ടും ഒഴുകുകയില്ല. ഇത്തരം ഭാവനാശൂന്യമായ പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. അവിടെ പ്രവൃത്തികൾ ചെയ്യുമെന്ന് ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ, 700 കോടി രൂപ അതിനാവശ്യമുണ്ട്. ഇക്കാര്യം കേന്ദ്രത്തോട് ആവശ്യപ്പെടണം. വെള്ളപ്പൊക്കം തടയാൻ 700 കോടി രൂപ വേണം. കോണ്ടൂർ ലൈനിട്ടുകൊണ്ട് മൺകയ്യാലയ്ക്കുമുകളിൽ രാമച്ചം വച്ചുപിടിപ്പിച്ചാൽ ഒരിടത്തും മലയിടിച്ചിൽ ഉണ്ടാകുകയില്ല. അരിപ്പയിലെപോലെ വെള്ളം കുറേശ്ശെ ഒഴുകിപ്പോകും. ഇടുക്കിയും വയനാടുമൊക്കെ രക്ഷപ്പെടണമെങ്കിൽ ഈ രീതിയിൽ വൻതോതിൽ വാട്ടർഷെഡ് മാനേജ്മെന്റ് നടപ്പാക്കണം.

ഇന്ന് രാവിലെ ഞാൻ ഇംഗ്ലീഷ് ചാനലായ സി.എൻ.എൻ.18-ൽ പശ്ചിമബംഗാളിന്റെ അവസ്ഥ കാണാനിടയായി. പശ്ചിമബംഗാളിൽ തൃണമൂൽ കോൺഗ്രസ് പരാജയപ്പെട്ടു. 18 സീറ്റിൽ ബി.ജെ.പി. ജയിച്ചു. പക്ഷേ, സി.പി.ഐ.(എം)-ന്റെ വോട്ട് 22 ശതമാനത്തിൽ നിന്ന് 8 ശതമാനമായി കുറഞ്ഞിരിക്കുന്നു. തൃണമൂൽ കോൺഗ്രസിന് 3 ശതമാനമേ കുറഞ്ഞിട്ടുള്ളൂ. കോൺഗ്രസിനും കുറഞ്ഞിരിക്കുന്നു. ഇത് നമുക്ക് ഗുണകരമാണോ? അവിടെ ബി.ജെ.പി.-ക്കുണ്ടാകുന്ന നേട്ടം കണ്ടില്ലെന്ന് നടിക്കരുത്. ഇവിടെയും വർദ്ധനവ് വന്നിരിക്കുന്നു. ഇപ്പോൾ അവിടെ കോൺഗ്രസ് പരാജയപ്പെട്ടതിൽ എല്ലാവർക്കും ദുഃഖമുണ്ട്. ഒന്നിച്ചു നിന്നില്ല എന്നുള്ളത് മറ്റൊരു കാര്യം. പക്ഷേ, ശ്രീ. രാഹുൽ ഗാന്ധി വയനാട്ടിൽ വന്നതിനെപ്പറ്റി എന്താണ് പറഞ്ഞത്; പ്രതിപക്ഷ നേതാവാകാനാണ് മത്സരിക്കുന്നതെന്ന് പറഞ്ഞു. എന്നാൽ പ്രധാനമന്ത്രി ആരാണ്; അതിന് മറുപടി പറയണ്ടേ? ഒരു പ്രധാനമന്ത്രി സ്ഥാനാർത്ഥി ഇവിടെ വന്നാൽ നമുക്ക് ഗുണമല്ലേ കിട്ടുകയുള്ളൂ. ഒന്നിച്ചുനിൽക്കേണ്ടവർ അങ്ങനെ

നിന്നില്ലെങ്കിൽ ഉണ്ടാകാവുന്ന കുറവ് എല്ലാവർക്കുമുള്ളതാണ്. എല്ലാവരും വളരെ ശ്രദ്ധിക്കേണ്ട സമയമാണിത്. അതുകൊണ്ട് പശ്ചിമബംഗാളിന്റെ അവസ്ഥ നമ്മൾ മറക്കരുത്. ഈ നിലയിൽ പോയാൽ ആർക്കും വലിയ ഗുണമുണ്ടാകില്ല. ഇവിടെയും തമിഴ്നാട്ടിലും മാത്രം ഐക്യമുന്നണി ഒന്നിച്ചുനിന്നു. തമിഴ്നാട്ടിൽ ഒന്നിച്ചുനിന്നതിന്റെ ഗുണം സി.പി.ഐ.(എം)നുണ്ടായി. മറ്റുപല സ്ഥലങ്ങളിലും ഒന്നിച്ചല്ല നിന്നത്. 43 ശതമാനം വോട്ടുകളേ ബി.ജെ.പി.-ക്കുള്ളൂ. അതുകൊണ്ട് നിരാശരാകേണ്ട കാര്യമില്ല. സംഘടനാപരമായി മുന്നേറിയാൽ വിശാലമായ ഐക്യം വീണ്ടുമുണ്ടാക്കി ഇന്ത്യയിലെ ജനാധിപത്യവും മതേതരത്വവും സംരക്ഷിക്കാൻ കഴിയും. എന്റെ വാക്കുകൾ ചുരുക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. ഇ. കെ. വിജയൻ: സർ, 2019-20 സാമ്പത്തികവർഷത്തേക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷമാണ് അസാധ്യമാണെന്നുകണ്ട് മാറ്റിവയ്ക്കപ്പെട്ട ഒട്ടേറെ പ്രവൃത്തികൾ ആരംഭിക്കുകയും അതിവേഗം അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകപകയും ചെയ്യുന്നത്. ജനക്ഷേമകരമായ പ്രവർത്തനങ്ങളുടെ വിവിധ വഴികളിലൂടെയുള്ള യാത്രയാണ് ഈ ഗവൺമെന്റ് അതിന്റെ വിവിധ ഏജൻസികളിലൂടെ നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായാണ് ലോകത്തെയും ഇന്ത്യയിലെയും വിവിധ ഏജൻസികൾ ഈ ഗവൺമെന്റിന്റെ നേട്ടങ്ങൾ എടുത്തുകാണിക്കുന്നത്. ദാരിദ്ര്യനിർമ്മാർജ്ജനത്തിന് കേരളം ഒന്നാമത് - ഐക്യരാഷ്ട്രസഭ; സുസ്ഥിര വികസന ലക്ഷ്യസൂചികയിൽ ഒന്നാം സ്ഥാനം - ഐക്യരാഷ്ട്രസഭ, നീതി ആയോഗ്; ലിംഗസമത്വത്തിൽ കേരളം ഒന്നാമത് - ഐക്യരാഷ്ട്രസഭ, നീതി ആയോഗ്; ഉയർന്ന മാനവവികസന സൂചിക – ഐക്യരാഷ്ട്രസഭ; മികച്ച ക്രമസമാധാന പാലനം - ഇന്ത്യാ ടുഡേ അവാർഡ്; അഴിമതി കുറഞ്ഞ സംസ്ഥാനം - സെന്റർ ഫോർ മീഡിയ സ്റ്റഡീസ്; ജീവിതശൈലീരോഗങ്ങൾ ചെറുക്കാൻ സമഗ്ര പദ്ധതി ആവിഷ്കരിച്ച സംസ്ഥാനം - ബി.ബി.സി.; ജനമൈത്രി പോലീസ്; ഫോബ്സ് ടുഡേ ഇന്റർനാഷണലിന്റെ 2017-ലെ പോലീസ് എക്സലന്റ് അവാർഡ്; വർഗ്ഗീയ കലാപമില്ലാത്ത സംസ്ഥാനം - നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോ; ഇന്ത്യയിൽ ഏറ്റവും കൂടുതൽ പാലുല്പാദനത്തിന്റെ തോത് വർദ്ധിച്ച സംസ്ഥാനം തുടങ്ങി എത്രയോ അവാർഡുകളാണ് വിവിധ വകുപ്പുകളുമായി ബന്ധപ്പെടുത്തിയും സംസ്ഥാന ഗവൺമെന്റിന്റെ മുന്നോട്ടുള്ള പ്രവർത്തനഫലമായും നേടിയെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. പുതിയ തലമുറയെ അല്ലെങ്കിൽ ഭാവിയെ കണ്ടുകൊണ്ട് സ്വീകരിച്ച നിലപാടുകൾ ലോകശ്രദ്ധയിൽ വരുന്നവയാണ്.

ആരോഗ്യരംഗത്ത് ഏറ്റവും മികച്ചുനിൽക്കുന്ന രാജ്യം ക്യൂബയാണ്. എന്നാൽ അതിനെ വെല്ലുന്ന രീതിയിലേയ്ക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളും ഡോക്ടർമാരുടെ സാമീപ്യവും നമ്മുടെ ജനത്തിന്റെ ആരോഗ്യവും മാറി. രാജ്യത്തിന്റെ വികസനം എന്നുപറയുന്നത് ആരോഗ്യമുള്ള ഒരു തലമുറയാണെന്ന് കണ്ടുകൊണ്ട് പ്രവർത്തിക്കുന്ന സ്ഥിതിയുണ്ടായി. ലോകത്ത് സാധ്യമായ വിദ്യാഭ്യാസ മേഖലയെ പുതിയ തലമുറയുടെ കൈകളിലേയ്ക്ക് എത്തിക്കുന്ന നിലപാട് സ്വീകരിച്ചു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, വീടില്ലാത്തവർക്കെല്ലാം വീട്, ജീവിതശൈലിയുമായി ബന്ധപ്പെട്ട രോഗങ്ങൾ, പരിസ്ഥിതിയെ സംരക്ഷിക്കേണ്ട ബാധ്യത തുടങ്ങിയവയെല്ലാം ഏറ്റെടുത്താണ് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. കേവലം വോട്ടുനോക്കിയല്ല, ഈ നാട്ടിലെ ജനങ്ങളുടെ ജീവനും സ്വത്തിനും ആരോഗ്യത്തിനും സുരക്ഷ ഉറപ്പാക്കുന്ന, ഭാവി തലമുറയ്ക്ക് സുഖകരമായി ജീവിക്കാൻ കഴിയുന്ന നിലപാടുകളാണ് ജനാധിപത്യ ഗവൺമെന്റ് എന്ന നിലയ്ക്ക് ഞങ്ങളുടെ ബാധ്യത എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ഈ നിലപാടുകൾ സ്വീകരിച്ചുപോകുന്നത്. അതിനുള്ള അനുമോദനങ്ങളാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്.

അങ്ങനെ മുന്നോട്ടുപോകുന്നതിന്റെ ഭാഗമായാണ് സംസ്ഥാന നിയമസഭയുമായി ബന്ധപ്പെട്ട് നടന്ന രണ്ട് ഉപതെരഞ്ഞെടുപ്പുകളിൽ ഉജ്ജ്വലമായ വിജയം കരസ്ഥമാക്കുവാൻ കഴിഞ്ഞത്. അതിൽ നേരത്തെ നേടിയതിനെക്കാളേറെ വോട്ടുകൾ നേടാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞു. ശ്രീ. സജി ചെറിയാൻ ഇവിടെയുണ്ട്. ചെങ്ങന്നൂരിൽ നേരത്തെ കെ. കെ. രാമചന്ദ്രൻ നായർ നേടിയതിനെക്കാളേറെ വോട്ടുകൾ കരസ്ഥമാക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. വേങ്ങരയിൽ ശ്രീ. കെ. എൻ. എ. ഖാദർ വിജയിച്ചെങ്കിലും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് നേരത്തെ ലഭിച്ചതിനേക്കാൾ കൂടുതൽ വോട്ടുകൾ കരസ്ഥമാക്കുവാൻ കഴിഞ്ഞു. അതേപോലെ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പുകളിലും ആ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു. ശബരിമല സ്ഥിതി ചെയ്യുന്ന പമ്പയിലുൾപ്പെടെ നടന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടും നമുക്ക് ഇക്കാര്യം കാണാൻ കഴിഞ്ഞതാണ്. സംസ്ഥാന തെരഞ്ഞെടുപ്പുകളിലും പാർലമെന്റ് തെരഞ്ഞെടുപ്പിലും എക്കാലത്തും വേറിട്ട നിലപാടുകൾ സ്വീകരിച്ച അനുഭവം കേരളത്തിലുണ്ട്. ഇവിടെ രാഷ്ട്രീയ വിഷയങ്ങൾ പ്രതിപാദിച്ചതുകൊണ്ടാണ് അക്കാര്യം സൂചിപ്പിക്കാൻ ആഗ്രഹിച്ചത്. ഈ തെരഞ്ഞെടുപ്പ് നമ്മെ സംബന്ധിച്ച് സന്തോഷത്തിന് വക നൽകുന്ന ഒന്നായിരുന്നില്ല. കേരളത്തിലെ ജനവിധി മാത്രമല്ല, ഇന്ത്യയുടെ ജനാധിപത്യ മതേതരത്വ പാരമ്പര്യങ്ങളെല്ലാം ഇല്ലാതാകുന്ന ഒരു നില വന്ന സാഹചര്യത്തിൽ

വീണ്ടും ബി.ജെ.പി. അധികാരത്തിൽ വരുന്നു. ഒരു രാഷ്ട്രീയ പാർട്ടി അധികാരത്തിൽ വരുന്നുവെന്നതിന്റെ അടിസ്ഥാനത്തിലല്ല, ഇന്ത്യയുടെ ജനാധിപത്യ മൂല്യങ്ങൾ, മതേതര മൂല്യങ്ങൾ, വികസന സങ്കല്പങ്ങൾ എന്നിവയെല്ലാം തകർക്കുന്ന നില സ്വീകരിച്ചുകൊണ്ടാണ് ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം ഭരണവുമായി മുന്നോട്ടുപോകുന്നത്. അതിനെ തടയുക എന്നത് ഇന്ത്യയിലെ ജനങ്ങളുടെ ആഗ്രഹമായിരുന്നു. അതിന്റെ ഭാഗമായാണ് ഇന്ത്യയിലെ കർഷകരുടെയും തൊഴിലാളികളുടെയും സർവ്വകലാശാലാ വിദ്യാർത്ഥികളുടെയും സ്ത്രീകളുടെയുമെല്ലാം സമരങ്ങൾ അരങ്ങേറിയത്. പക്ഷേ, അത് ഉപയോഗപ്പെടുത്തേണ്ടത് രാഷ്ട്രീയ പ്രസ്ഥാനങ്ങളാണ്. അതിന് നേതൃത്വം നൽകേണ്ട ഒരു പാർട്ടിയാണ് യഥാർത്ഥത്തിൽ കോൺഗ്രസ്. എന്നാൽ കോൺഗ്രസ് ആ നിലപാട് സ്വീകരിച്ചോ?

വിവിധ സംസ്ഥാനങ്ങളിൽ ബി.ജെ.പി.-യെ പരാജയപ്പെടുത്താനുള്ള അടവുതന്ത്രങ്ങൾ ഉപയോഗപ്പെടുത്തേണ്ടത് ആരാണ്? അതിന് നേതൃത്വം നൽകേണ്ട രാഷ്ട്രീയപാർട്ടി ആ നിലപാട് സ്വീകരിച്ചില്ല. ഇന്നലെയും മിനിഞ്ഞാന്നുമായി കോൺഗ്രസിന്റെ അഖിലേന്ത്യാ പ്രസിഡന്റ് ശ്രീ. രാഹുൽ ഗാന്ധിയും അദ്ദേഹത്തെ സഹായിച്ചവരും പറഞ്ഞത് അദ്ദേഹത്തിന് ഒറ്റയ്ക്ക് മത്സരിക്കേണ്ട സാഹചര്യമുണ്ടായിയെന്നാണ്. എല്ലാവർക്കും പ്രധാനമന്ത്രിയാകണം, എല്ലാവർക്കും നേതാക്കന്മാരാകണം, എല്ലാവരുടെ മക്കളെയും നേതാക്കന്മാരാക്കണം എന്ന വിമർശനമാണ് ഉയർന്നുവന്നത്. ഡൽഹി മുതലുള്ള സംസ്ഥാനങ്ങൾ പരിശോധിച്ചാൽ അവരുടെ ശക്തിക്കനുസരിച്ച് സീറ്റ് ചോദിക്കാതെ മുഴുവൻ സീറ്റും കരസ്ഥമാക്കണമെന്ന കാഴ്ചപ്പാടോടുകൂടി പഴയ കോൺഗ്രസ്സിന്റെ പാരമ്പര്യം വച്ചുകൊണ്ടാണ് അവരെല്ലാം ചിന്തിച്ചത്. ഇന്നത്തെ കോൺഗ്രസ്സിന്റെ അവസ്ഥ കണ്ടുകൊണ്ട് എങ്ങനെ ബി.ജെ.പി.-യെ പരാജയപ്പെടുത്താൻ കഴിയുമെന്ന ഒരു കാഴ്ചപ്പാടിലേയ്ക്ക് കോൺഗ്രസ്സിന് പോകാൻ സാധിച്ചില്ല. അതുകൊണ്ടാണ് ശ്രീ. രാഹുൽ ഗാന്ധിക്ക് വയനാട്ടിൽ വന്ന് മത്സരിക്കേണ്ടി വന്നത്. നമുക്ക് ആര് വന്നാലും സന്തോഷമാണ്. കേരളത്തിൽ ആരുവന്ന് മത്സരിച്ചാലും അതൊരു അപരാധമായി കാണുന്നില്ല. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ഒട്ടേറെപ്പേർ ജീവിക്കുന്ന സംസ്ഥാനമാണ് കേരളം. ഇന്ത്യ ഭരിക്കണമെങ്കിൽ യു.പി.-യിൽ നിർണ്ണായക രാഷ്ട്രീയ സ്വാധീനമുണ്ടാക്കണമെന്ന കാഴ്ചപ്പാട് കോൺഗ്രസ്സിന് ഇല്ലാതെ പോകാനുള്ള കാരണം എന്താണ്? ഇന്ന് ഒരു സീറ്റാണ് ലഭിച്ചത്. പ്രതിപക്ഷം ആകാൻ സാധിക്കുന്നത് എങ്ങനെയാണ്?പിന്നീടല്ലേ ഭരണകക്ഷി ആകുന്നത്. അവിടെ നിന്ന് അതിന് നേതൃത്വം കൊടുത്തുകൊണ്ട് ആ സംസ്ഥാനത്തെ പകുതി സീറ്റെങ്കിലും കരസ്ഥമാക്കാൻ കഴിയുന്ന ഒരു തന്ത്രം ആവിഷ്കരിക്കാൻ കോൺഗ്രസ്സിന് കഴിഞ്ഞില്ല. കേവലം കേരളത്തിലെ അല്ലെങ്കിൽ ഈ

മേഖലകളിലെ പടലപ്പിണക്കം അവസാനിപ്പിക്കാൻപോലും കഴിഞ്ഞില്ല. ഇവിടെയുള്ള കോൺഗ്രസ് നേതാക്കളുടെ കുതന്ത്രങ്ങളിൽപ്പെട്ട് ശ്രീ. രാഹുൽ ഗാന്ധി ഇവിടെ വന്ന് മത്സരിക്കുകയും അവിടെ പരാജയപ്പെടുകയും ചെയ്യുന്ന സ്ഥിതിയല്ലേ ഉണ്ടായത്. വിവിധ സംസ്ഥാനങ്ങളിൽ അവർക്കുണ്ടായ പരാജയത്തിനുള്ള കാരണം അതല്ലേ? വിവിധ ജനാധിപത്യ മതേതര ശക്തികളെ യോജിപ്പിച്ചുനിർത്തി ബി.ജെ.പി.-യെ പരാജയപ്പെടുത്താനുള്ള തന്ത്രം ആവിഷ്കരിക്കുന്നതിൽ രാഷ്ട്രീയപാർട്ടി എന്നുള്ള നിലയിൽ അവർക്കുണ്ടായ പരാജയമാണ് ബി.ജെ.പി.-യുടെ വിജയത്തിന്റെ ആധാരം. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലൊക്കെ ഏറെ ഭീതിയോടെയാണ് ജനങ്ങൾ വോട്ട് ചെയ്തത്. ആകെ വോട്ടിനേക്കാൾ കൂടുതലാണ് പോൾ ചെയ്തവയുടെ എണ്ണമെന്ന വാർത്തയാണ് ഇന്നലെയും മിനിഞ്ഞാന്നുമുള്ള പത്രങ്ങളിൽ വന്നിട്ടുള്ളത്. അത്തരം നിലപാടുകൾ സ്വീകരിച്ചുകൊണ്ട് വോട്ടു ചെയ്യുന്ന അവസ്ഥ അവിടെ ഉയർന്നുവന്നു.

കേരളത്തെ സംബന്ധിച്ചിടത്തോളം യു.ഡി.എഫ്.- നുണ്ടായ വിജയം ഞങ്ങൾ അംഗീകരിക്കുന്നു. തെരഞ്ഞെടുപ്പിൽ വിജയവും പരാജയവും ഉണ്ടാകാം. എന്നാൽ ആ വിജയത്തിന്റെ ആധാരം ജനാധിപത്യ മതേതര വിശ്വാസികളുടെ വിജയം എന്നാണ് സൂചിപ്പിക്കുന്നത്. നിങ്ങളുടെയൊപ്പം ആരൊക്കെയാണ് ഉണ്ടായിരുന്നത്? നിങ്ങളുടെ പ്രചാരകർ ആരൊക്കെയായിരുന്നു. വീടുവീടാന്തരം കയറിയിറങ്ങി നടത്തിയ പ്രവർത്തനങ്ങളിൽ ജമാഅത്തെ ഇസ്ലാമിയും എസ്.ഡി.പി.ഐ.യും ഉണ്ടായിരുന്നു. അത്രയും ശക്തമായ പ്രചരണവുമായി അവർ കടന്നുവരുമ്പോൾ ഇന്ത്യൻ മതേതരത്വം കാത്തുസൂക്ഷിക്കുന്ന രാഷ്ട്രീയപാർട്ടി എന്ന നിലയ്ക്ക് നിങ്ങളുടെ വോട്ട് ഞങ്ങൾക്ക് വേണ്ടായെന്ന് പറയുന്ന നിലയെങ്കിലും സ്വീകരിക്കണ്ടേ? എന്നാൽ അവരുടെ പ്രവർത്തനങ്ങളും മറ്റ് ചില സാഹചര്യങ്ങളും വച്ചുകൊണ്ട് നിങ്ങൾക്കിപ്പോൾ വിജയിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് സംസ്ഥാന ഗവണ്മെന്റിനെ പരിശോധിക്കുന്ന തെരഞ്ഞെടുപ്പല്ല. അത്തരം പരിശോധന നടന്ന സമയത്ത് വലിയ വിജയം കരസ്ഥമാക്കാൻ കേരളത്തിലെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അതിന്റെ ജനവിധിയാണ് ഞാൻ നേരത്തേ സൂചിപ്പിച്ച ചെങ്ങന്നൂരിലും മറ്റു ചില പ്രദേശങ്ങളിലുമുണ്ടായ തെരഞ്ഞെടുപ്പ് ഫലത്തിലൂടെ കാണാൻ കഴിയുന്നത്.

ഇന്ന് ഇന്ത്യൻ രാഷ്ട്രീയ സാഹചര്യം പരിശോധിക്കുമ്പോൾ മനംനൊന്ത് നെഞ്ചത്തടിച്ച് കരയേണ്ട പ്രശ്നമല്ല നമ്മുടെ മുമ്പിലുള്ളത്. ഇന്ത്യ കഴിഞ്ഞ വർഷങ്ങളിൽ കാണിച്ചുതന്ന മാർഗ്ഗങ്ങളിലൂടെ മുന്നോട്ട് പോവുകയല്ലാതെ മറ്റ് മാർഗ്ഗമില്ല. അത്രയേറെ ജനവിരുദ്ധ നിലപാടുകൾ സ്വീകരിച്ചുപോകുമെന്ന് തെളിയിക്കപ്പെട്ടതാണ് കഴിഞ്ഞ രണ്ട് ദിവസമായി കാണാൻ കഴിയുന്നത്. അത് ചിലപ്പോൾ ബീഹാറിലാകാം, യു.പി.-യിലുണ്ടായ സംഭവങ്ങൾ.. ഞങ്ങൾ

പിന്നോട്ടല്ലെന്ന് കാണിച്ചുകൊണ്ട് മതന്യൂനപക്ഷങ്ങളുടെമേൽ അവർ കൈവച്ചിരിക്കുകയാണ്. മാംസം കൈവശം വച്ചു എന്നതിന്റെ പേരിൽ ഉമ്മയെക്കൊണ്ട് മക്കളെ അടിപ്പിക്കുന്ന നില സ്വീകരിച്ച ചിത്രം നമുക്ക് കാണാൻ കഴിഞ്ഞു. ആ നിലയിലേയ്ക്ക് അവർ പോകുകയാണ്. ഇതിന്റെ പാഠം ഉൾക്കൊണ്ടുകൊണ്ട് ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും പാരമ്പര്യം പറയുന്ന കോൺഗ്രസ് ആ നില സ്വീകരിച്ച് മുന്നോട്ട് പോകാൻ തയ്യാറുണ്ടോ എന്നതാണ് പ്രശ്നം.

രാജീവ് ഗാന്ധിയുടെ കാലം മുതൽ മതത്തിന്റെയും ജാതിയുടെയും പേരിൽ വോട്ട് എങ്ങനെ കരസ്ഥമാക്കാൻ കഴിയുമെന്ന കാഴ്ചപ്പാടിലൂടെയാണ് കോൺഗ്രസ് പോയത്. അതിന്റെ അവസാനത്തെ ശ്രമമാണ് കേരളത്തിൽ അരങ്ങേറിയത്. രാഷ്ട്രീയ പോരാട്ടമായി കണ്ടുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി തെരഞ്ഞെടുപ്പിനെ നേരിട്ടത്. കേരളത്തിന്റെ വികസനം ഞങ്ങൾ പറഞ്ഞു. കേരളവുമായി ബന്ധപ്പെട്ട എന്തെങ്കിലും ഒരക്ഷരം പറയാൻ യു.ഡി.എഫ്. തയ്യാറായോ? കേരള ഗവൺമെന്റിനെതിരെയോ കേരളത്തിന്റെ വികസന പ്രശ്നങ്ങളോ പറയാൻ നിങ്ങൾ തയ്യാറായില്ല. നിങ്ങൾ പറഞ്ഞത് ശബരിമലയും അക്രമ രാഷ്ട്രീയത്തിന്റെ പ്രശ്നങ്ങളുമാണ്. അക്രമരാഷ്ട്രീയത്തിന്റെ പ്രശ്നങ്ങൾ പറയാൻ കോൺഗ്രസ്സിന് എന്ത് ധാർമ്മിക ഉത്തരവാദിത്വമാണുള്ളത്? ഇത്തരം നിലപാടുകൾ സ്വീകരിച്ച് മുന്നോട്ട് പോകുമ്പോൾ ഈ രാജ്യത്ത് ജനാധിപത്യ മതേതരബോധം ഉയർത്തിപിടിക്കുന്ന തലമുറയെയാണ് അല്ലെങ്കിൽ രാജ്യത്തെയാണ് സൃഷ്ടിക്കേണ്ടതെങ്കിൽ നിങ്ങൾ സ്വീകരിക്കുന്ന നിലപാടുകൾ മതത്തിന്റെയും മതവിശ്വാസത്തിന്റെയും പേരിൽ തെരഞ്ഞെടുപ്പിനെ ഉപയോഗപ്പെടുത്തുകയല്ല, മതത്തിന്റെയും ജാതിയുടെയും വിശ്വസങ്ങളുടെയും പേരിലെല്ലാം അകന്നുനിന്നുകൊണ്ട് രാജ്യത്തെ ജനങ്ങളുടെ വോട്ട് കരസ്ഥമാക്കുന്ന നിലയാണ് സ്വീകരിക്കേണ്ടത്. ശബരിമല ചർച്ചാ വിഷയമാക്കരുതെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ പറഞ്ഞിരുന്നു. തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശമുള്ളതിനാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റെടുത്ത നിലപാടുകൾപോലും തെരഞ്ഞെടുപ്പിൽ പ്രചരണവിഷയമാക്കിയില്ല. ബി.ജെ.പി.-യും കോൺഗ്രസ്സും ശബരിമല വിഷയമാണ് പൊതുപ്രചരണ വേളയിലും വീടുവീടാന്തരമുള്ള പ്രചരണത്തിലും നടത്തിയത്. ഇത് ഒരു ജനാധിപത്യ മതേതര രാഷ്ട്രത്തിന് യോജിച്ചതാണോ? ജാതിയും മതവും ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളിലേയ്ക്ക് നിങ്ങൾ നീങ്ങുന്നു. ബാബ്റി മസ്ജിദ് ഇഷ്യൂ മുതൽ ഇത് ആരംഭിച്ചതാണ്. ബി.ജെ.പി.-യുടെ പ്രകടനപത്രികയിൽ ഒന്നാമത്തെ ഇനം രാമക്ഷേത്രം പണിയുക എന്നുള്ളതാണ്. അതിന് അവസരം നൽകിയത് ആരാണ്?

നരസിംഹ റാവു ഗവൺമെന്റിന്റെ ഹിന്ദുകാർഡ് കാണിച്ച് ഇന്ത്യ ഭരിക്കാനെടുത്ത നിലപാടിന്റെ ഭാഗമായുണ്ടായതാണ്. മതേതരത്വത്തിന്റെയും വിശ്വാസത്തിന്റെയും പേരുപറയുന്ന കോൺഗ്രസ്-ലീഗ് പ്രവർത്തകർക്ക് എന്തുകൊണ്ടാണ് അങ്ങനെയൊരു മനോവിചാരമില്ലാതെ പോയത്? കോൺഗ്രസ്സിന്റെ നിലപാടുകളെ നിങ്ങൾ ചോദ്യം ചെയ്യാത്തത് എന്തുകൊണ്ടാണ്? അങ്ങനെയൊരു നിലപാടാണ് നിങ്ങൾ സ്വീകരിക്കേണ്ടതെന്ന് ഞാൻ വിനയപുരസ്സരം ആവശ്യപ്പെടുകയാണ്. ഇനിയെങ്കിലും രാജ്യം രക്ഷപ്പെടണമെങ്കിൽ യഥാർത്ഥ മതേതര കാഴ്ചപ്പാടോടുകൂടി മുന്നോട്ട് പോകേണ്ടതുണ്ട്. അപ്പുറത്തുള്ളത് ആർ.എസ്.എസ്. ആണ്, ആർ.എസ്.എസ്. എന്താണെന്ന് നല്ല ബോധ്യത്തോടെ നമ്മൾ കൈകാര്യം ചെയ്തില്ലെങ്കിൽ ഇതിനൊരു പരിഹാരം കണ്ട് നമുക്ക് മുന്നോട്ട് പോകാൻ കഴിയില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ ഗവൺമെന്റ് സ്വീകരിക്കുന്ന ഈ നിലപാടുകളുടെ ഭാഗമായി വലിയ മുന്നേറ്റവും ജനവിശ്വാസവും ഇവിടത്തെ ജനങ്ങൾക്കുണ്ട്. ഇത് ഒരു തിരിച്ചടിയായി ഞങ്ങൾ കാണുന്നില്ല. തീർച്ചയായും പരാജയം സംഭവിച്ചിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയോടൊപ്പം കേരളജനത നിൽക്കുമെന്ന് കഴിഞ്ഞകാല സംഭവങ്ങളും സാഹചര്യങ്ങളും തെളിയിക്കപ്പെട്ടതാണ്. തുടങ്ങിവച്ച പ്രവർത്തനങ്ങളെല്ലാം അതിവേഗതയിൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയണം.

വലിയ വരൾച്ചയാണ് കേരളത്തിൽ സംഭവിച്ചിട്ടുള്ളത്. നദികളും പുഴകളും സംരക്ഷിക്കുന്ന ബൃഹത്തായ പദ്ധതികൾ കേരളത്തിൽ ആവിഷ്കരിക്കണം. അസാധ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തതിന്റെ ഭാഗമായി ജലസമ്പത്തിനെ സംരക്ഷിക്കുന്ന പ്രവർത്തനത്തിന് തുടക്കം കുറിക്കണമെന്നുകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

3.00 P.M.]

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്താങ്ങുകയാണ്. മൂന്ന് വർഷം പൂർത്തിയാക്കിയ എൽ.ഡി.എഫ്. ഗവൺമെന്റിന് അഭിമാനകരമായ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടത്തിയതിന്റെ ചരിത്രമാണുള്ളത്. പ്രളയം, ഓഖി, നിപ എന്നിവ വെറും മൂന്ന് വാക്കുകളല്ല, മലയാളി എന്നും നടുക്കത്തോടെ ഓർക്കുന്ന പ്രതിഭാസങ്ങളാണ്. പ്രകൃതി ദുരന്തങ്ങളെയും പകർച്ചവ്യാധികളെയും നേരിട്ടതിൽ മൂന്നാം ലോകരാജ്യങ്ങളിൽ കേരള സംസ്ഥാനം വേറിട്ട് നിൽക്കുകയാണ്. ശ്രീ. പിണറായി വിജയൻ എന്ന കരുത്തനായ ജനനേതാവിന്റെ ഇച്ഛാശക്തിയോടെയുള്ള നേതൃത്വം പ്രളയത്തേയും ചുഴലിക്കൊടുങ്കാറ്റിനേയും നേരിടുന്നതിൽ നമ്മളെ സഹായിച്ചു. ഐക്യരാഷ്ട്ര സഭയുടെയും നീതി ആയോഗിന്റെയും പഠനത്തിൽ ഇന്ത്യയിൽ ഏറ്റവും മികച്ച

സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടു. മികച്ച ക്രമസമാധാന നില, ഏറ്റവും കുറഞ്ഞ അഴിമതിയുള്ള സംസ്ഥാനം, സ്ത്രീ സുരക്ഷയിൽ മുന്നിൽ, മികച്ച ഇ-ഗവേണൻസ് തുടങ്ങിയ മേഖലയിലെല്ലാം എൽ.ഡി.എഫ്. സർക്കാർ ഒട്ടേറെ പുരസ്കാരങ്ങൾ നേടുകയുണ്ടായി. ബഡ്ജറ്റുവഴി സംസ്ഥാന ഗവൺമെന്റിന് കടമെടുക്കാനുള്ള പരിധി മൂന്ന് ശതമാനത്തിൽ പരിമിതപ്പെടുത്തി കേന്ദ്രം കേരളത്തെ സാമ്പത്തിക ഞെരുക്കത്തിൽ പെടുത്തുകയാണ്. ജി.എസ്.ടി. നടപ്പിലാക്കി നികുതി വരുമാനത്തിന്റെ കടയ്ക്കൽ കോടാലി വച്ചു. പ്രതിസന്ധി നിറഞ്ഞ ഈ സാഹചര്യത്തിൽ കിഫ്ബി വഴി 50000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കുകയാണ്. അസാധ്യമെന്നുപറഞ്ഞ് എഴുതിത്തള്ളിയ പല വികസന പദ്ധതികളും ഫലപ്രദമായി ഈ ഗവൺമെന്റ് നടപ്പിലാക്കുന്നു. ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ പ്രതീകമായി കൊച്ചി - മംഗലാപുരം ഗെയിൽ പൈപ്പ് ലൈൻ, കണ്ണൂർ വിമാനത്താവളം, കോവളം - ബേക്കൽ ജലപാത, വിഴിഞ്ഞം തുറമുഖം, കൂടംകുളം പവർ ഹൈവേ, കൊല്ലം - ആലപ്പുഴ ബൈപ്പാസുകൾ തുടങ്ങി അടിസ്ഥാന സൗകര്യ വികസനത്തിൽ പുതിയ ചരിത്രം രചിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. മൂന്ന് വർഷക്കാലത്തെ അഭിമാനകരമായ നേട്ടങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്.

17-ാം ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഒരു സീറ്റ് മാത്രമേ ലഭിച്ചിട്ടുള്ളൂ. പരാജയം ഞങ്ങൾ അംഗീകരിക്കുകയാണ്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ, കേരളത്തിലെ യു.ഡി.എഫ്.- ന്റെ പ്രചരണത്തിന്റെയും പ്രവർത്തനത്തിന്റെയും ഫലമായി ലഭിച്ച വിജയമാണിതെന്ന് പറയാൻ കഴിയുമോ? യഥാർത്ഥത്തിൽ 'മോദി പേടി' നിങ്ങളെ തുണയ്ക്കുകയാണ് ചെയ്തത്. ശ്രീ. രാഹുൽ ഗാന്ധിക്ക് ഒരു വോട്ട് എന്നതായിരുന്നു നിങ്ങളുടെ പ്രചരണം. അദ്ദേഹത്തിന് ഒരു വോട്ട് ചെയ്താൽ ശ്രീ. നരേന്ദ്ര മോദിയെ തോല്പിച്ച് പ്രധാനമന്ത്രിയാകാം. ഈ പ്രചരണമാണ് നിങ്ങൾ നടത്തിയത്. ഇവിടത്തെ ആളുകൾ യു.ഡി.എഫ്.- ന് വോട്ട് ചെയ്തു. പക്ഷേ, എന്താണ് സംഭവിച്ചത്? 52 സീറ്റാണ് കോൺഗ്രസ്സിന്. കേരളത്തിനുപുറത്ത് കോൺഗ്രസ്സിനുള്ളത് വെറും 37 സീറ്റ് മാത്രമാണ്. അമേഠിയിൽ ശ്രീ. രാഹുൽ ഗാന്ധിപോലും പരാജയപ്പെടുന്ന അവസ്ഥയുണ്ടായി. ഇവിടെ വലിയ തോതിൽ നടത്തിയ പ്രചരണങ്ങളുടെ ഫലമായി നമ്മുടെ നാട്ടിലെ വ്യത്യസ്ത ജനവിഭാഗങ്ങൾ 'മോദി പേടി' യിൽ നിങ്ങളെ പിന്താങ്ങുകയുണ്ടായി. ശ്രീ. ഇ. കെ. വിജയൻ ചൂണ്ടിക്കാണിച്ചതുപോലെ, ജമാഅത്തെ ഇസ്ലാമി പോലെയുള്ള ശക്തികൾ നിങ്ങളെ പിന്താങ്ങി. ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമൊക്കെ ജമാഅത്തെ ഇസ്ലാമിയെക്കുറിച്ച് ഇവിടെ പറഞ്ഞത് ഞാൻ ഓർക്കുന്നുണ്ട്. അവർ എത്ര വാചാലമായിട്ടാണ് അന്ന് സംസാരിച്ചിരുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് വഴങ്ങിത്തന്നത് എന്നെക്കൊണ്ട് എന്തെങ്കിലുമൊരു ചൂണ്ടയിട്ടിട്ട് അതിൽ കയറി പിടിക്കാനാണെന്ന് മനസ്സിലായി. ജമാഅത്തെ ഇസ്ലാമി അടക്കമുള്ള സംഘടനകളെക്കുറിച്ച് ഓരോ കാലത്തും നിങ്ങൾ പറഞ്ഞിട്ടുള്ള കാര്യങ്ങളുണ്ട്. അത് സ്വാഭാവികമായും ഏതെങ്കിലും തലത്തിൽ ഞങ്ങളും പറഞ്ഞിട്ടുണ്ടാകും. മുനിസിപ്പാലിറ്റിയിൽ നിങ്ങൾ യോജിപ്പുണ്ടാക്കിയിട്ടില്ലേ; ഇപ്പോഴും യോജിപ്പ് നിലനിൽക്കുകയല്ലേ? അതെങ്കിലും രാജിവയ്ക്കാൻ ആവശ്യപ്പെട്ടിട്ട് ഇക്കാര്യം പറഞ്ഞാൽ നന്നായി.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങും ശ്രീ. ആര്യാടൻ മുഹമ്മദും കൂടി അന്ന് പറഞ്ഞ കാര്യങ്ങളിൽ ഉറച്ചുനിൽക്കുന്നുണ്ടോ എന്നാണ് എന്റെ ചോദ്യം. കേരളത്തിലെ എസ്.ഡി.പി.ഐ. എന്ന തീവ്രവാദ ഗ്രൂപ്പും കൈവെട്ട് കേസിൽ ഉൾപ്പെട്ടവരുമൊക്കെ ഈ തെരഞ്ഞെടുപ്പിൽ നിങ്ങളെയല്ലേ പിന്താങ്ങിയത്? നിങ്ങളെ പിന്താങ്ങിയെന്ന് മാത്രമല്ല കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ നടത്തിയ ഇഫ്താർ വിരുന്നിൽ എസ്.ഡി.പി.ഐ-യുടെ സംസ്ഥാന നേതാവിനെ ക്ഷണിച്ചുകൊണ്ടുവന്ന് ആദരിക്കുന്ന ദൃശ്യംകൂടി കാണുകയുണ്ടായി.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇഫ്താർ വിരുന്നിലും അദ്ദേഹമുണ്ടായിരുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, നമ്മുടെ നാട്ടിലെ സാമൂഹ്യ കാര്യങ്ങളിൽ തികച്ചും വിഭാഗീയമായി പ്രവർത്തിക്കുന്ന അത്തരം ശക്തികളുടെ പിന്തുണകൊണ്ടാണ് നിങ്ങൾ ജയിച്ചതെന്ന് ചൂണ്ടിക്കാണിക്കാനാണ് ഞാനിത് സൂചിപ്പിച്ചത്. എക്കാലത്തും വർഗ്ഗീയതയ്ക്കെതിരായി ശക്തമായ നിലപാടെടുത്ത പ്രസ്ഥാനമാണ് ഇടതുപക്ഷം. പശ്ചിമ ബംഗാളിനെക്കുറിച്ച് ഇവിടെ പലരും പറഞ്ഞു. പശ്ചിമ ബംഗാളിൽ വർഗ്ഗീയ കലാപങ്ങളുൾപ്പെടെ നടക്കുകയാണ്. പശ്ചിമ ബംഗാളിൽ 34 വർഷം ഇടതുപക്ഷം ഭരിച്ച കാലയളവിൽ, ഒരിക്കൽപ്പോലും അവിടെ ഏതെങ്കിലും തരത്തിലുള്ള വർഗ്ഗീയ കലാപങ്ങളുണ്ടായിട്ടില്ലെന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്. ഇന്ത്യയിലെ മുഖ്യ പ്രതിപക്ഷ പാർട്ടിയാണ് കോൺഗ്രസ്സ്. ഉത്തരേന്ത്യയിലെ ഇന്നത്തെ സ്ഥിതിയിൽ ഒട്ടും സന്തോഷമില്ലാത്തവരാണ് ഞങ്ങൾ, അതിലൊരാളാണ് ഞാൻ. തെരഞ്ഞെടുപ്പിനുമുമ്പ് കുറച്ചുകൂടി ശരിയായ നിലപാട് കോൺഗ്രസ് സ്വീകരിക്കുകയായിരുന്നെങ്കിൽ എന്തായിരിക്കും സ്ഥിതിയെന്ന് നമുക്ക് കാണാൻ കഴിയും. മദ്ധ്യപ്രദേശും രാജസ്ഥാനും ഝാർഖണ്ഡുമൊക്കെ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളാണ്; ഏതാനും മാസങ്ങൾക്കുമുമ്പ് ലഭിച്ചതാണ്. കേരളത്തിൽ എൽ.ഡി.എഫ്. തോറ്റതുകൊണ്ട് മുഖ്യമന്ത്രി രാജിവയ്ക്കണമെന്ന് ബഹുമാനപ്പെട്ട

പ്രതിപക്ഷനേതാവ് പറഞ്ഞു. മദ്ധ്യപ്രദേശിലും രാജസ്ഥാനിലും അതേ നിലപാട് സ്വീകരിക്കുമോ? അപ്പോൾ നമ്മുടെ മുമ്പിൽ കോൺഗ്രസ് പാർട്ടി സ്വീകരിച്ച സമീപനം വളരെ വ്യക്തമായിരുന്നു. ഈ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പുവരെ ശ്രീ. രാഹുൽ ഗാന്ധി റോഡ് ഷോയും പ്രചരണവും നടത്തിയെന്നുള്ളത് ശരിയാണ്. പക്ഷേ, നാലര വർഷക്കാലം ശ്രീ. നരേന്ദ്ര മോദിയുടെയും ബി.ജെ.പി.-യുടെയും നയങ്ങൾക്കെതിരായി ശക്തമായ സമരം സംഘടിപ്പിക്കാൻ കോൺഗ്രസ്സിന് കഴിഞ്ഞിട്ടില്ല. അവിടെയും ഇടതുപക്ഷമാണ്. രാജസ്ഥാനിൽ കോൺഗ്രസ്സിനെ വിജയത്തിലേയ്ക്ക് നയിച്ച ബി.ജെ.പി. ഗവൺമെന്റിനെതിരായിട്ടുള്ള സമീപനങ്ങൾ അവിടെയുണ്ടാക്കിയത്, ഇടതുപക്ഷം അവിടെ നടത്തിയ കർഷക സമരങ്ങളുടെ ആശയപരമായിട്ടുള്ള ഫലമാണെന്ന് കാണാൻ കഴിയും. കോൺഗ്രസ്സും മുസ്ലീങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ശ്രീ. കെ. എൻ. എ. ഖാദർ ഇവിടെ പറഞ്ഞു. കോൺഗ്രസ്സ് പലപ്പോഴും സ്വീകരിച്ച നിലപാടുകളാണ് അവരെ ഈ അവസ്ഥയിലേക്കെത്തിച്ചത്. 1952-ലെ പൊതുതെരഞ്ഞെടുപ്പ് മുതൽ തുടർച്ചയായി ജയിച്ച കോൺഗ്രസ് സ്വീകരിച്ച സമീപനങ്ങളുടെ ഫലമായി ഇന്ന് തകർച്ചയെ നേരിടുകയാണ്. മുസ്ലീങ്ങൾക്ക് എന്നും വിശ്വസിക്കാൻ കഴിയുന്ന പാർട്ടി കോൺഗ്രസ്സാണെന്ന് ശ്രീ. കെ. എൻ. എ. ഖാദർ ഇവിടെ പറഞ്ഞു. 1989-ൽ ജില്ലാ കോടതി വിധിയുടെ അടിസ്ഥാനത്തിൽ തർക്കഭൂമി തുറന്നുകൊടുത്തത് കോൺഗ്രസ്സ് ഗവൺമെന്റാണ്. 1992-ൽ ബാബറി മസ്ജിദ് തകർക്കുമ്പോൾ നോക്കിനിന്നത് നരസിംഹ റാവു ഗവൺമെന്റാണ്. ഇതെല്ലാം നമ്മുടെ നാട്ടിലെ ജനങ്ങൾക്കറിയാവുന്ന കാര്യമാണ്. ഇനി ക്ഷേത്രം വരണമെങ്കിൽ കോൺഗ്രസ്സ് വരണമെന്നാണ് ഡോ. സി. പി. ജോഷി പറഞ്ഞത്. അപ്പോൾ ബി.ജെ.പി.-യുടെ നയങ്ങൾക്കെതിരായി ഫലപ്രദമായ നിലപാടുകൾ മുന്നോട്ടുവയ്ക്കാനില്ലാത്ത ആശയപരമായ ശരിയായ നിലപാട് സ്വീകരിക്കാത്ത കോൺഗ്രസ് ഒരു 'ബി' ടീം കളിച്ചപ്പോൾ അവർക്ക് വലിയ തോതിൽ പരാജയങ്ങൾ ഏറ്റുവാങ്ങേണ്ടിവന്നു എന്നുള്ളതല്ലേ സത്യം. നമ്മുടെ നാട്ടിലെ വർഗ്ഗീയ-തീവ്രവാദ ശക്തികൾക്കെതിരെ ശരിയായ നിലപാട് സ്വീകരിക്കാൻ അവർക്ക് കഴിയുന്നില്ല.

ശബരിമല പ്രശ്നത്തെ സംബന്ധിച്ച് ശ്രീ. ഒ. രാജഗോപാൽ നേരത്തെ ഇവിടെ സംസാരിച്ചു. ഈ ഗവൺമെന്റ് എന്തെങ്കിലും കുഴപ്പം കാണിച്ചിട്ടുണ്ടോ? സുപ്രീംകോടതി വിധിയാണ്. ശ്രീ. ഒ. രാജഗോപാൽ ഈ വിഷയത്തിലെടുത്ത നിലപാട് എന്തായിരുന്നു? യുവതികൾക്ക് പ്രവേശനം നൽകണമെന്നായിരുന്നു മാതൃഭൂമിയിൽ അങ്ങ് എഴുതിയ ലേഖനം. പക്ഷേ, അങ്ങ് നിലപാട് മാറ്റുകയാണ് ചെയ്തത്. കോൺഗ്രസ്സ് എന്ത് നിലപാടാണെടുത്തത്? 12 വർഷക്കാലം സുപ്രീംകോടതിയിൽ ഈ കേസ് നിലനിന്ന ഏതെങ്കിലും ഘട്ടത്തിൽ കോൺഗ്രസ്സിന്റെ ഔദ്യോഗിക നിലപാട് അറിയിച്ചിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങിത് പറയുന്നത് വസ്തുതാവിരുദ്ധമാണ്. അങ്ങയെപ്പോലൊരാൾ ഇത് പറയരുതായിരുന്നു എന്നതാണ് എന്റെ അഭിപ്രായം. 2016-ൽ ഞങ്ങൾ കോടതിയിൽ ഒരു അഫിഡവിറ്റ് കൊടുത്തതാണ്. യുവതീപ്രവേശനം അനുവദിക്കരുതെന്നും കീഴ്വഴക്കങ്ങൾ പാലിക്കണമെന്നുമാണ് ആ അഫിഡവിറ്റിൽ ഞങ്ങൾ ആവശ്യപ്പെട്ടത്. നിങ്ങൾ ആ അഫിഡവിറ്റ് പിൻവലിച്ച് പുതിയത് കൊടുത്ത് ഈ വിധി സമ്പാദിച്ചെടുത്തു എന്നുള്ളതാണ് ഞങ്ങളുടെ കേസ്. 2007-ലേതാണ് ഞങ്ങളുടെ അഫിഡവിറ്റെന്ന് പറഞ്ഞ് നിങ്ങൾ 2016 ഫെബ്രുവരിയിൽ കൊടുത്തത് പിൻവലിച്ചുകൊണ്ട് ഈ വിധി സമ്പാദിച്ചെടുത്തു എന്നുള്ളതാണ് വസ്തുത.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കോൺഗ്രസിന്റെ ഔദ്യോഗിക നേതൃത്വം സുപ്രീംകോടതിയിൽ എന്തെങ്കിലും നിലപാട് സ്വീകരിച്ചോ? വിധി വന്നപ്പോൾ എ.ഐ.സി.സി-യുടെ പ്രസിഡന്റ് ട്വീറ്റ് ചെയ്തതെന്താണ്; ഈ വിധിയെ അനുകൂലിക്കുന്നുവെന്നാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, വസ്തുതാപരമായിട്ടാണ് അങ്ങ് പറഞ്ഞതെങ്കിലും അതിന്റെ രാഷ്ട്രീയമായ സത്യസന്ധത നിങ്ങൾ നടപ്പാക്കിയില്ല. 2007-ലെ വി. എസ്. ഗവൺമെന്റ് കൊടുത്ത അഫിഡവിറ്റ് തന്നെയാണ് എൽ.ഡി.എഫ്.ന്റേത്. അതിന് മാറ്റം വരുത്താതിരുന്നതാണ് ശരി. ആ അഫിഡവിറ്റിനെ ആരും ചോദ്യം ചെയ്തില്ല. (..ബഹളം..)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞങ്ങളത് മാറ്റി. (.മൈക്ക് ഓഫ്..)

ശ്രീ. ജി. സുധാകരൻ: സർ, ആ അഫിഡവിറ്റ് എന്തിന് മാറ്റി; നിങ്ങളോട് ആരു പറഞ്ഞു മാറ്റാൻ; നിങ്ങൾക്ക് എന്ത് അധികാരമാണ് മാറ്റാൻ; നിങ്ങളല്ലേ തെറ്റ് കാണിച്ചത്? ഞങ്ങളുടെ അഫിഡവിറ്റിൽ ഞങ്ങൾ ഉറച്ചുനിന്നു. അതുതന്നെ രണ്ടാമതും കൊടുത്തു. നിങ്ങളുടെ അഫിഡവിറ്റ് ഞങ്ങൾക്ക് വേണ്ട.

ശ്രീ. വി. എസ്. ശിവകുമാർ: സർ, അതാണ് കുഴപ്പമുണ്ടായത്.

ശ്രീ. ജി. സുധാകരൻ: സർ, ഒരു കുഴപ്പവുമുണ്ടായില്ല. നിങ്ങൾക്കാണ് കുഴപ്പമുണ്ടായത്. അഫിഡവിറ്റിനെ ആരും എതിർത്തിട്ടില്ല; നിങ്ങളും എതിർത്തിട്ടില്ല; നിങ്ങളുടെ അഫിഡവിറ്റ് അവിടെ കൊടുക്കണമായിരുന്നു. നിങ്ങൾ എന്തൊക്കെ എഴുതിക്കൊടുത്തു?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ അഫിഡവിറ്റ് കറക്ട് അല്ലെന്ന് ഞങ്ങൾക്ക് തോന്നി. അതുകൊണ്ടാണത് മാറ്റിയത്.

ശ്രീ. ജി. സുധാകരൻ: സർ, അത് സമ്മതിച്ചു. അത് നിങ്ങളുടെ അവകാശം. പക്ഷേ, 2007-ലെ അഫിഡവിറ്റിൽ ഞങ്ങൾ ഉറച്ച് നിന്നത് തെറ്റാണെന്ന് മാത്രം പറയരുത്. ഞങ്ങളുടെ ഭരണഘടനാപരമായ രാഷ്ട്രീയമാണത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കോൺഗ്രസും ബി.ജെ.പി.-യും ശബരിമല പ്രശ്നത്തെ ഒരു രാഷ്ട്രീയമുതലെടുപ്പിനുള്ള അവസരമായി പ്രയോജനപ്പെടുത്തുകയാണ് ചെയ്തത്. കോൺഗ്രസ് പാർട്ടി അതിന്റെ രാഷ്ട്രീയ ചരിത്രത്തിലെ നവോത്ഥാന മൂല്യങ്ങളെല്ലാം കയ്യൊഴിയുന്ന അവസ്ഥയാണുണ്ടാക്കിയത്. ബി.ജെ.പി.-യും അതുതന്നെയാണ് ചെയ്തത്. ആർ.എസ്.എസ്.-ന്റെ ഉപാദ്ധ്യക്ഷൻ ശ്രീ. സുരേഷ് ജോഷി എന്ന ഭയ്യാജി ജോഷി ആദ്യം പറഞ്ഞത് പ്രവേശനം ആകാമായിരുന്നു എന്നാണ്. സങ്കുചിത രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടി എന്തുംപറയാൻ മടിക്കാത്ത ആളുകളായി കോൺഗ്രസും ബി.ജെ.പി.-യും മാറി എന്നുള്ളതാണ് സത്യം. പല വിഷയങ്ങളിലും നമുക്ക് കാണാൻ കഴിയും. ഈ തെരഞ്ഞെടുപ്പിൽ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി പരാജയപ്പെട്ടുവെന്നുള്ളത് ശരിയാണ്. എന്നാൽ സംസ്ഥാന ഗവൺമെന്റിനെതിരായി പ്രചരണ വേളകളിൽ ഒരക്ഷരം മിണ്ടാൻ പ്രതിപക്ഷത്തിന് കഴിഞ്ഞിരുന്നില്ലായെന്ന കാര്യം ഉറപ്പാണ്. ഈ ഗവൺമെന്റിനെതിരായി ഒരു ജനവികാരവും സംസ്ഥാനത്തുണ്ടായിട്ടില്ല. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, ഇപ്പോൾ കൈപ്പത്തിക്ക് വോട്ട് ചെയ്താൽ ശ്രീ. നരേന്ദ്ര മോദി മാറി വേറെ ഗവൺമെന്റ് വരുമെന്നുള്ള ഒരു പ്രചരണം മാത്രമാണ് ഇവിടെ മുന്നിട്ടുനിന്നത്. നമ്മുടെ രാജ്യം ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഈ ഘട്ടത്തിൽ വർഗ്ഗീയത മാത്രമല്ല, കോർപ്പറേറ്റ് അനുകൂല നിലപാടുകൾ കൂടി പ്രധാനമാണ്. ആ പ്രശ്നങ്ങളിൽ നിങ്ങൾ എന്ത് സമീപനം സ്വീകരിക്കുന്നു; ബി.ജെ.പി.-യുടേതിൽനിന്ന് വ്യത്യസ്തമായി കോർപ്പറേറ്റ് വിരുദ്ധ, സാമ്രാജ്യ വിരുദ്ധ നിലപാട് ഇപ്പോൾ കോൺഗ്രസ് സ്വീകരിക്കുന്നുണ്ടോ? പാർലമെന്റിൽ പല കാര്യങ്ങളും ബി.ജെ.പി.-യോട് ചേർന്നുനിന്ന് നടപ്പിലാക്കാൻ സഹായിക്കുകയാണ് നിങ്ങൾ ചെയ്തിട്ടുള്ളത്. അതിന്റെകൂടി ഫലമാണ് കോൺഗ്രസ് അനുഭവിക്കുന്നത് എന്നുള്ളതാണ് പ്രധാനം. നമ്മുടെ രാജ്യം മതനിരപേക്ഷതയ്ക്ക് വലിയതോതിൽ വെല്ലുവിളി ഉയർത്തുന്ന ഘട്ടത്തിൽ ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങൾ അതിശക്തമായി മുന്നോട്ടുവരേണ്ട ഒരു കാലമാണിത്. സംസ്ഥാനത്തെ ഗവൺമെന്റ് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ കൂടുതൽ ത്വരിതഗതിയിൽ ആക്കേണ്ടതുണ്ടെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പൊതുഭരണത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും തന്നിട്ടുള്ള ഉത്തരങ്ങൾക്ക് മറുപടി പറഞ്ഞാൽ മാത്രമേ കഴിയുകയുള്ളൂ. ഈ സഭയിൽ 250 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ചത്. അതിൽ 20 ചോദ്യങ്ങൾക്ക് മാത്രമാണ് അദ്ദേഹം മറുപടി തന്നിട്ടുള്ളത്; 230 ചോദ്യങ്ങൾക്കും മറുപടി നൽകിയിട്ടില്ല. നിയമസഭാംഗങ്ങൾ ചോദിച്ച ചോദ്യത്തിന് മറുപടി നൽകുന്നില്ലെങ്കിൽ പിന്നെ എങ്ങനെയാണ് സാധാരണക്കാരൻ ചോദിക്കുന്ന കാര്യങ്ങൾക്ക് ഒരു ഗവൺമെന്റിൽ നിന്ന് നടപടി പ്രതീക്ഷിക്കേണ്ടത്? കഴിഞ്ഞ സഭയിൽ ചോദിച്ചപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് വിവരങ്ങൾ ശേഖരിച്ചുവരുന്നു എന്ന രീതിയിൽ അഞ്ചാറ് ചോദ്യങ്ങൾക്കുള്ള മറുപടിയാണ് തന്നത്. ഇത്രയധികം ഉദ്യോഗസ്ഥരുള്ള പൊതുഭരണ വകുപ്പിൽനിന്ന് വ്യക്തമായ മറുപടിപോലും തരാൻ കഴിയുന്നില്ലായെന്നുള്ളതുതന്നെ ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ പരാജയമായി ഞാൻ കാണുന്നു. അതുപോലെ സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നെങ്കിലും ഫയൽ നീക്കം ഇപ്പോഴും മന്ദഗതിയിലാണ്. \ 5-12-2018-ൽ തന്ന മറുപടിപ്രകാരം പൊതുഭരണ വകുപ്പിന്റെ 44 വിഭാഗങ്ങളിലുംകൂടി 1,50,781 ഫയലുകൾ തീർപ്പാകാതെ കിടക്കുകയാണ്. അതുപോലെ സാമ്പത്തിക വർഷം അവസാനിക്കാൻ ഒരു ദിവസം മാത്രം അവശേഷിക്കെ, സെക്രട്ടേറിയറ്റിൽ ഫയൽ കൈമാറ്റത്തിനുള്ള ഓൺലൈൻ സംവിധാനം നിലച്ചുപോയി. ബിൽ പാസ്സാക്കാനുള്ള തിരക്കുപിടിച്ച ജോലിയുള്ള സമയത്ത് ഇ-ഓഫീസ് സംവിധാനം തകരാറിലായി. നിലവിലുള്ള ഇ-ഓഫീസ് ഒഴിവാക്കി പകരം സ്വകാര്യ ഏജൻസിയുടെ സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്.

2018-19 സാമ്പത്തിക വർഷത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 852 കോടി രൂപയാണ് നഷ്ടമായത്. അവരോട് ക്യൂവിൽ നിൽക്കണമെന്ന് പറഞ്ഞെങ്കിലും ആ പണം കൊടുത്തിട്ടില്ലായെന്ന് മാത്രമല്ല കഴിഞ്ഞ വർഷം കൊടുക്കേണ്ട പണം ഇത്തവണ ക്യാരി ഓവർ ചെയ്ത് ഇപ്പോഴത്തെ ഫണ്ടിൽ നിന്ന് കൊടുക്കണമെന്നാണ് പറയുന്നത്. അതായത് ഫണ്ട് വെട്ടിച്ചുരുക്കണമെന്നുള്ളതാണ്. ഇതൊക്കെ ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ പരാജയമാണ്.

ജനങ്ങൾ നടത്തുന്ന ജനകീയ ഓഡിറ്റിന്റെ ഫലമായിട്ടാണ് ഈ തെരഞ്ഞെടുപ്പിൽ ഇത്രവലിയ പരാജയം ഗവൺമെന്റ് ഏറ്റുവാങ്ങേണ്ടി വന്നിട്ടുള്ളതെന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. അതല്ലാതെ മോദിപ്പേടി

എന്നുപറഞ്ഞ് അതിൽമാത്രം ഒതുങ്ങി നിൽക്കരുത്. തെരഞ്ഞെടുപ്പ് പരാജയങ്ങളുണ്ടാകുമ്പോൾ അത് സംബന്ധിച്ച് വിലയിരുത്താൻ കഴിയണം. മുമ്പ് സി.പി.ഐ.-യും സി.പി.ഐ.(എം)ഉം വിലയിരുത്തി സാത്വികമായ അടിത്തറയിലൊക്കെ തന്നെയായിരുന്നുവെന്നും ബൂർഷ്വാസിയും ബഹുരാഷ്ട്ര കുത്തകകളും ഒരുമിച്ച് ഭരണത്തിൽ ഇടപെട്ടതുകൊണ്ട് ജനങ്ങളെ സ്വാധീനിച്ച് തെരഞ്ഞെടുപ്പിൽ പരാജയമുണ്ടാക്കിയെന്നൊക്കെയാണ് പറഞ്ഞിരുന്നത്. എന്നാൽ ഇത്തവണ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ള നേതാക്കൾ പറഞ്ഞത്, ഞങ്ങൾ ബി.ജെ.പി.ക്കെതിരായിട്ടുള്ള പ്രചരണം നടത്തിയെങ്കിലും അതിന്റെ ഗുണം കിട്ടിയത് യു.ഡി.എഫ്-നാണെന്നാണ്. 'മരുന്നു മാറി കഴിച്ച് ആൾ മരിച്ചു' എന്ന് പറയുന്നതുപോലെയാണിത്. അവർ പ്രചരണം നടത്തുമ്പോൾ നിങ്ങൾ മുദ്രാവാക്യം വിളിച്ചാൽ അതിന്റെ ഇഫക്ട് എന്ത്, ഇംപാക്ട് എന്ത് എന്നുപോലും നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നില്ലായെന്ന് പറയുമ്പോൾ അതിന്റെ അർത്ഥമെന്താണ്? നിങ്ങൾ ഞങ്ങളെപ്പോലെയല്ലല്ലോ; പ്രാദേശികതലം തൊട്ട് ജില്ലാ കമ്മിറ്റി, സംസ്ഥാന കമ്മിറ്റി, പോളിറ്റ് ബ്യൂറോ ഇങ്ങനെ നിരന്തരമായി ചർച്ച ചെയ്ത് ചിട്ടപ്പെടുത്തിയ മുദ്രാവാക്യങ്ങൾ ജനങ്ങളിലേയ്ക്ക് വരുമ്പോൾ എങ്ങനെയാണ് ആ മുദ്രാവാക്യം തെറ്റുന്നത്? അതുകൊണ്ട് ഒരു തെരഞ്ഞെടുപ്പിൽ തോറ്റാൽ അത് തെരഞ്ഞെടുപ്പിന്റെ പരാജയമായിക്കണ്ട് അതിനെ യാഥാർത്ഥ്യബോധത്തോടെ കാണാൻ ശ്രമിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് ഇന്ത്യയിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ ചെറിയ റോൾമാത്രം വഹിക്കുന്ന പാർട്ടിയാണ്. കഴിഞ്ഞ 50 വർഷമായി ഞങ്ങൾക്ക് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സുമായി സുദൃഢമായ ബന്ധമാണുള്ളത്. ഇന്ത്യൻ നാഷണൽ കോൺഗ്രസുമായിട്ടല്ലാതെ ഞങ്ങൾക്ക് ആരുമായാണ് ബന്ധം സ്ഥാപിക്കാൻ കഴിയുക? ഇന്ത്യയിൽ മതേതരത്വം കാത്തുസൂക്ഷിക്കാനും ന്യൂനപക്ഷ-പിന്നോക്ക ജനവിഭാഗങ്ങൾക്ക് കൂടെ നിൽക്കാനും വിശ്വസിക്കാനും കഴിയുന്ന പാർട്ടിയായി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സല്ലാതെ വേറെയേത് പാർട്ടിയാണുള്ളത്? (.... ബഹളം...) ഇപ്പോൾ പറയാൻ കഴിയുമോ? നിങ്ങളുടെ കൂടെ നിന്നിട്ട് കാര്യമുണ്ടോ? നിങ്ങൾക്ക് തീരെ സഹിഷ്ണുത ഇല്ലായെന്നുള്ളതാണ് ഏറ്റവും വലിയ കുഴപ്പം; ഞാൻ നിങ്ങളെ വേറെയൊന്നും പറഞ്ഞില്ല. ഞങ്ങൾ അവരുടെ കൂടെ നിൽക്കുകയാണ്; ഞങ്ങൾ സംതൃപ്തരാണ്. ഞങ്ങൾ ഒരു കൊച്ചു പാർട്ടിയെന്ന നിലയ്ക്ക്, കേരളത്തിൽ കോൺഗ്രസിന്റെ കൂടെനിന്ന് ഞങ്ങളാൽ കഴിയുന്ന പ്രവർത്തനം നടത്തി 19 സീറ്റിലും വിജയിച്ചു. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ഒരു ചെറിയ പങ്കാളിത്തം ഇതിലൊക്കെയുണ്ടെന്ന് വിശ്വസിക്കുകയാണ്. സാധാരണ നിങ്ങൾ പറയാറുള്ള ആക്ഷേപം എന്താണെന്നുവച്ചാൽ മുസ്ലീം ലീഗ്

ശക്തിപ്പെട്ടാൽ അതിന്റെ കൂടെനിന്നാൽ ബി.ജെ.പി.-ക്ക് നല്ലതാണെന്നാണ്. ലീഗിന് എവിടെ ശക്തിയുണ്ടോ അവിടെയൊന്നും ബി.ജെ.പി-യുണ്ടായിട്ടില്ല. കേരളത്തിൽ മുസ്ലീംലീഗിന് സ്വാധീനമുണ്ടായതുകൊണ്ടാണ് പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-ക്ക് ഒരൊറ്റ സീറ്റും ലഭിക്കാതെ പോയത്. തമിഴ്നാട്ടിൽ ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗും ഡി.എം.കെ-യും സഖ്യം ചെയ്തു. സി.പി.ഐ.(എം) ഭാഗ്യത്തിനോ നിർഭാഗ്യത്തിനോ ഞങ്ങളുടെ കൂടെ കൂടിയതുകൊണ്ട് ഇത്തവണ രണ്ട് സീറ്റ് കിട്ടി. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗുമായി ഉറന്ന സഖ്യമുണ്ടാക്കിയതുകൊണ്ട് സി.പി.ഐ.(എം)നും സി.പി.ഐ.-ക്കും ഇപ്പോൾ പാർലമെന്റിലേയ്ക്ക് പോകാൻ രണ്ട് സീറ്റ് ലഭിക്കുകയുണ്ടായി എന്ന കാര്യം നിങ്ങൾ ഓർക്കുക. ഒരു ചെറിയ പാർട്ടിയെന്ന നിലയ്ക്ക് ഞങ്ങളുടേതായ പെർഫോമൻസിനും വിജയത്തിനും തിളക്കമേറെയുണ്ട്. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് കോണി ചിഹ്നത്തിൽ 3 സീറ്റിലാണ് മത്സരിച്ചത്. ആ മൂന്ന് സീറ്റിലും 5,70,000 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജയിച്ചു. തമിഴ്നാട്ടിലെ രാമനാഥപുരത്ത് മുസ്ലീം ജനസമൂഹത്തിന് വളരെ ചെറിയ ഭൂരിപക്ഷം മാത്രമേയുള്ളൂ. പത്തോ പതിനഞ്ചോ ശതമാനം മാത്രമുള്ളിടത്ത് ഞങ്ങൾ വിജയിച്ചത് ബി.ജെ.പി.യോട് പോരാടിയിട്ടാണ്. ബി.ജെ.പി.-യിലെ സമ്പന്നനായിട്ടുള്ള ഒരു സ്ഥാനാർത്ഥിയോട് പോരാടിയാണ് ഒരു ലക്ഷത്തിൽപ്പരം വോട്ടിന് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് തമിഴ്നാട്ടിൽനിന്ന് വിജയിച്ചതെന്നുള്ള കാര്യം നിങ്ങൾ ഓർക്കുക. ഇപ്പോൾ നമ്മൾ തുല്യരാണ്. നിങ്ങൾക്ക് ഈയൊരവസ്ഥ വരരുതെന്ന് എനിക്ക് ആഗ്രഹമുണ്ട്. ശ്രീ. എ. എൻ. ഷംസീറൊക്കെ ഇതിന്റെ ആളാണ്; മുസ്ലീംലീഗിനെ അനങ്ങിയാൽ സ്പെഷ്യലൈസ് ചെയ്ത് ചെറുതാക്കി കാണിക്കാനുള്ള ശ്രമമാണ്. ഞങ്ങൾ ചെറുതാണ്. ഞങ്ങൾക്ക് ഞങ്ങളുടെ ചെറുപ്പത്തെക്കുറിച്ച് അറിയാമെന്നുള്ളതാണ് ഞങ്ങളുടെ വലിപ്പമെന്നത് നിങ്ങൾ മനസ്സിലാക്കുക. നിങ്ങൾക്ക് അത് മനസ്സിലാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. നിങ്ങൾ പശ്ചിമബംഗാളിലും ത്രിപുരയിലും മൂന്നാം സ്ഥാനത്തേക്ക് വന്നു. ത്രിപുരയിൽ നാലാം സ്ഥാനത്തേക്ക് വരാൻ വേറെ പാർട്ടിയില്ലാത്തതു കൊണ്ട് മൂന്നാം സ്ഥാനത്ത് അടിയുറച്ച് നിൽക്കുകയാണ്. ആ ഒരവസ്ഥയിലേയ്ക്ക് നിങ്ങൾ എത്തിയതിൽ എനിക്ക് അങ്ങേയറ്റത്തെ വിഷമമുണ്ട്. മുസ്ലീംലീഗിന്റെ ദേശീയ കമ്മിറ്റി യോഗം ഡൽഹിയിൽ കൂടുമ്പോൾ എന്തിനാണ് നിങ്ങൾ അവിടെ പോകുന്നതെന്നും ഇവിടെ യോഗം ചേർന്നാൽ പോരേയെന്നും ഇവരൊക്കെ തമാശയായി പറയാറുണ്ട്. നിങ്ങൾ എന്തിനാണ് ഇപ്പോൾ ഡൽഹിയിൽ യോഗം ചേരുന്നത്; കോയമ്പത്തൂരിൽ വച്ച് ചേർന്നാൽ പോരേ; അതിനപ്പുറം നിങ്ങളുണ്ടോ? കോയമ്പത്തൂരിനപ്പുറം നിങ്ങളില്ല. കോയമ്പത്തൂർ തന്നെ കിട്ടിയത് ഞങ്ങളുടെ ഔദാര്യംകൊണ്ടാണെന്ന് നിങ്ങൾ മനസ്സിലാക്കണം. ഞങ്ങൾക്ക് രണ്ട് സീറ്റ്

ലഭിച്ചതിൽ നിങ്ങളുടെ യാതൊരു ഔദാര്യവും ഉണ്ടായിട്ടില്ല. അതേസമയം അവിടെ നിങ്ങൾക്ക് കിട്ടിയ രണ്ട് സീറ്റിന് ഞങ്ങളുടെ ഔദാര്യം ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ഇന്ത്യൻ പാർലമെന്റിൽ നമ്മൾ മൂന്ന് പേർ വീതമാണുള്ളത്. അവിടെ ബി.ജെ.പി.ക്കെതിരായി നമുക്ക് ഒരുമിച്ച് നീങ്ങാം. ഒരു പാർട്ടിയെ ചെറുതാക്കി കാണിക്കാൻ ശ്രമിക്കുമ്പോൾ നിങ്ങൾ കാര്യങ്ങൾ മനസ്സിലാക്കി സംസാരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീ. എ. എൻ. ഷംസീറിനെപ്പോലുള്ളവർ മുസ്ലീം ലീഗിന് വിവരമില്ലെന്ന് അവിടെനിന്നും പറയുന്നുണ്ടല്ലോ? ഞങ്ങൾക്ക് കുറഞ്ഞ വിവരമുണ്ടായതു കൊണ്ട് നിങ്ങൾക്ക് രണ്ട് സീറ്റിലെങ്കിലും ജയിച്ച് പാർലമെന്റിലേയ്ക്ക് മൂന്നുപേർക്കെങ്കിലും പോകാൻ കഴിഞ്ഞുവെന്ന കാര്യം മനസ്സിലാക്കണം. നിങ്ങൾക്കുണ്ടായ ഈ പരാജയത്തെ ന്യൂനപക്ഷ ഏകീകരണമെന്നോ ധ്രുവീകരണമെന്നോ കണ്ട് ചെറുതാക്കരുത്. കേരളത്തിലെ വിജയം ഇന്ത്യക്ക് മാതൃകയാക്കി ബി.ജെ.പി.ക്കും സംസ്ഥാന ഗവൺമെന്റിനും എതിരായ അതിശക്തമായ ജനകീയ മുന്നേറ്റത്തിന്റെ വിധിയാണിവിടെ ഉണ്ടാക്കാൻ കഴിഞ്ഞത്. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് എന്ന ചെറിയ പാർട്ടി ഇന്ത്യയിലെവിടെയൊക്കെയുണ്ടോ അവിടെയൊന്നും ബി.ജെ.പി.-ക്ക് അടുക്കാൻ കഴിയാത്തൊരു സാഹചര്യമുണ്ടാക്കാൻ കഴിഞ്ഞുവെങ്കിൽ സി.പി.ഐ.(എം) ഇനി ശ്രമിക്കേണ്ടത് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കും മുസ്ലീം ജനസമൂഹത്തിനും ന്യൂനപക്ഷ പിന്നോക്ക വിഭാഗത്തിനും ദിശാബോധമുണ്ടാക്കുന്നതിന് ലീഗിന് വളരാൻ സഹായകരമായ നിലപാടെടുക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. എസ്. ശർമ്മ: സർ, 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ, നീതിന്യായ നിർവ്വഹണം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച ശ്രീ. എം. ഉമ്മറും രാവിലെ മുതൽ ചർച്ചയിൽ പങ്കെടുത്ത പ്രതിപക്ഷത്തുള്ള സ്നേഹിതരിൽ ചിലരും അടിസ്ഥാനരഹിതമായ ചില വിമർശനങ്ങൾ ഉന്നയിച്ചുകൊണ്ട് വിശദീകരണങ്ങൾ നടത്തിയിട്ടുണ്ട്. ഇവിടെ ഉയർന്നുവന്ന പ്രശ്നങ്ങളെ അടിസ്ഥാനമാക്കി ബഹുമാന്യനായ മുഖ്യമന്ത്രി മറുപടി പറയുമ്പോൾ വിശദീകരിക്കും. ഈ ജനവിധി സംസ്ഥാന ഗവൺമെന്റിന് എതിരാണെന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. സംസ്ഥാന ഗവൺമെന്റിനെയും അതിന്റെ നടപടിക്രമങ്ങളെയും സംബന്ധിച്ച് ചർച്ച ചെയ്യപ്പെടുക എന്നുള്ളതിനെക്കാൾ ലോക്സഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് ലോക്സഭയിലേക്കും നിയമസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നിയമസഭയിലേക്കും

തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുമാണ് നടത്തുന്നത്. ഈ തെരഞ്ഞെടുപ്പുകളുടെ വിധിയുടെ അടിസ്ഥാനത്തിൽ ഓരോ ഭരണ സംവിധാനത്തിനും ഓരോ തലങ്ങളുണ്ട്. ആ നിലയ്ക്ക് നോക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തുണ്ടായ തെരഞ്ഞെടുപ്പ് ഫലത്തിന്റെ വിധി നരേന്ദ്ര മോദി ഗവൺമെന്റ് അധികാരത്തിൽനിന്നും പോകണമെന്നുതന്നെയാണ് കാണിക്കുന്നത്. നമ്മൾ അങ്ങോട്ടുമിങ്ങോട്ടും രണ്ട് മുന്നണിയിലാണ് എതിർത്ത് മത്സരിച്ചത്. പക്ഷേ, നരേന്ദ്ര മോദി ഗവൺമെന്റ് അധികാരത്തിൽനിന്നും പോകണമെന്നുള്ളത് തർക്കമില്ലാത്തൊരു പോയിന്റായിരുന്നു. നരേന്ദ്ര മോദി ഗവൺമെന്റ് അധികാരത്തിൽനിന്നും പോകാൻ തെരഞ്ഞെടുപ്പിനുശേഷമുള്ള അംഗബലം പ്രധാനമാണ്. ആ അംഗബലത്തെ അടിസ്ഥാനമാക്കി നോക്കുമ്പോൾ മധ്യപ്രദേശിലെയും രാജസ്ഥാനിലെയും ഛത്തീസ്ഗഢിലെയും തെരഞ്ഞെടുപ്പിനുശേഷം തൊട്ടടുത്ത് നടക്കുന്ന തെരഞ്ഞെടുപ്പ് എന്ന നിലയ്ക്ക് ഇടതുപക്ഷത്തെക്കാൾ കൂടുതൽ അംഗബലം കിട്ടാനുള്ള സാധ്യത കോൺഗ്രസിനാണ്. ഈ ധാരണ ജനങ്ങൾക്കിടയിൽ ശക്തമായി പടർന്നിരുന്നു. വ്യത്യസ്ത മുന്നണികളാണെങ്കിലും ബി.ജെ.പി. പോകണമെന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല, ഒറ്റ അഭിപ്രായമേയുള്ളൂ. ഈ ധാരണയുടെ അടിസ്ഥാനത്തിൽ രാഷ്ട്രീയ സാഹചര്യങ്ങൾ രൂപപ്പെട്ട പശ്ചാത്തലത്തിൽ ശ്രീ. നരേന്ദ്ര മോദി പോയാൽ കോൺഗ്രസ്സിന് മന്ത്രിസഭ രൂപീകരിക്കേണ്ടി വരുമല്ലോയെന്ന് കണക്കാക്കി ജനങ്ങൾ യു.ഡി.എഫ്.- ന് വോട്ട് ചെയ്തു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന് മൂന്ന് വർഷത്തിനുള്ളിൽ നിരവധി തവണ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടന്നു. ഏതെങ്കിലും ഒരു തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.ന് എതിരായിട്ടുള്ളൊരു വിധി വന്നിട്ടില്ലല്ലോ? ബ്ലോക്ക്/ഗ്രാമ/ജില്ലാ പഞ്ചായത്തുകളിലേയ്ക്ക് എത്രയോ ഉപതെരഞ്ഞെടുപ്പ് നടന്നു. അതിനൊരു കമ്പാരിസൺ ഇല്ലാത്തതിനാൽ അത് ഇതുമായി കണക്കുകൂടല്ല. ഗ്രൗണ്ട് റിയാലിറ്റി എന്നുപറയാറില്ലേ; അതിങ്ങനെയാണ്. അതിന്റെയൊരു ആനുകൂല്യം നിങ്ങൾക്ക് ലഭിച്ചു. ഈ ആനുകൂല്യം ലഭിക്കാൻ സഹായിക്കുകയെന്നുള്ളതല്ല നിങ്ങളെ എതിർക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി ഞങ്ങളുടെ ക്യാമ്പയിൻ കേരളത്തിൽ ശ്രീ. നരേന്ദ്ര മോദിക്കും കേന്ദ്ര ഗവൺമെന്റിനും എതിരായി രൂക്ഷവും ശക്തവുമായ വിമർശനങ്ങൾ ഉർത്തിക്കൊണ്ടുവന്നു. പൊതുമണ്ഡലത്തിലെ വിമർശനത്തിന്റെ ഈ പൊതുബോധം ജനങ്ങൾക്കിടയിൽ സ്വാധീനം ചെലുത്തി. അപ്പോൾ എൽ.ഡി.എഫ്.ന് വോട്ട് ചെയ്താൽ ലോക്സഭയിൽ മന്ത്രിസഭ രൂപീകരിക്കാൻ കഴിയില്ലല്ലോ; ഇവിടെ ചെയ്താലോ ഭൂരിപക്ഷം കിട്ടുകയുമില്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ ഇങ്ങനെയൊരു നിലപാട്

സ്വീകരിക്കാൻ സന്നദ്ധമായി. നരേന്ദ്ര മോദി ഗവൺമെന്റിന് വിരുദ്ധമായി കേരളത്തിലെ മതേതര ജനാധിപത്യ ശക്തികൾ ചിന്തിക്കുന്നുണ്ട്. എണ്ണത്തിൽ അങ്ങോട്ടും ഇങ്ങോട്ടും വ്യത്യാസം വരാം, തോൽവിയും ഉണ്ടായിട്ടുണ്ട്. ഏതെങ്കിലും ഒരു തെരഞ്ഞെടുപ്പിൽ ജയിച്ചതുകൊണ്ട് സന്തോഷിച്ചോ തോറ്റതുകൊണ്ട് നിരാശപ്പെട്ടോ ജീവിതം തീർക്കുന്നവരല്ല കമ്മ്യൂണിസ്റ്റുകാരും പൊതുപ്രവർത്തകരും. നിരവധി തെരഞ്ഞെടുപ്പുകളുടെ പശ്ചാത്തലത്തിൽ അനുഭവങ്ങളിലൂടെ നമുക്ക് കാര്യങ്ങളെ നോക്കി കാണാനാകും.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശൈലി മാറ്റണമെന്ന് ഇവിടെ പറഞ്ഞു. 1977-ൽ ഇന്ത്യയിൽ നടന്ന നിയമസഭ-പാർലമെന്റ് തെരഞ്ഞെടുപ്പിൽ 20 സീറ്റുള്ളതിൽ ഒരു സീറ്റ് പോലും ഇടതുപക്ഷത്തിന് കിട്ടിയില്ല. മാത്രമല്ല, നിയമസഭയിലെ 140 മണ്ഡലങ്ങളിൽ വെറും 17 എണ്ണത്തിൽ മാത്രമാണ് ഇടതുപക്ഷം ജയിച്ചത്. കേരളത്തിൽ അന്ന് ആ തെരഞ്ഞെടുപ്പിനെ നയിച്ച മഹാനും വിശ്വപൗരനുമായ ഇ.എം.എസ്. ആയിരുന്നു ആ 17 പേരുടെയും നേതാവ്. രാഷ്ട്രീയ പശ്ചാത്തലങ്ങൾ ചിലപ്പോൾ നമ്മുടെ നിരീക്ഷണങ്ങൾക്ക് അപ്പുറമായിരിക്കും. ചിലപ്പോൾ അത് കുറഞ്ഞെന്നും കൂടിയെന്നും വരും. 'അടിയന്തരാവസ്ഥ അറബിക്കടലിൽ' എന്ന മുദ്രാവാക്യമായിരുന്നു ആ സന്ദർഭത്തിൽ ഉയർന്നുവന്നത്. ഇ.എം.എസ്. ആണ് ആ തെരഞ്ഞെടുപ്പിനെ നയിച്ചത്. ഇ.എം.എസ്.ന്റെ ശൈലിക്ക് എന്ത് കുഴപ്പമുണ്ടായിട്ടുണ്ട്? ഇപ്പോൾ 20-ൽ 19 സീറ്റിലല്ലേ എൽ.ഡി.എഫ്. തോറ്റത്. 1977-ലെ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടപ്പോഴും അതിനുമുമ്പ് 1957-ലും 1967-ലും 1977-ലും അതിനെ നയിച്ചത് ഇ.എം.എസ്. ആയിരുന്നല്ലോ. പക്ഷേ തോറ്റില്ലേ? തോറ്റതുകൊണ്ട് ഇ.എം.എസ്.ന്റെ ശൈലിക്ക് എന്താണ് കുഴപ്പം? ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ഈ സംസ്ഥാനത്തെ മഹാഭൂരിപക്ഷമുള്ള പ്രസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിൽ നേതൃത്വപരമായ പങ്ക് വഹിച്ചയാളാണ് മുഖ്യമന്ത്രിയായി ഇവിടെ ഇരിക്കുന്ന സഖാവ് പിണറായി വിജയൻ. അദ്ദേഹത്തിന്റെ ശൈലിക്ക് എന്തെങ്കിലും തകരാറുണ്ടായിരുന്നെങ്കിൽ നിയമസഭയിൽ തോറ്റ് തുന്നംപാടേണ്ടതല്ലേ? ഓരോ മനുഷ്യർക്കും ഓരോ രീതികളും ശീലങ്ങളുമുണ്ട്. അതനുസരിച്ച് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ കേരളം പൊതുവെ അത് സ്വീകരിക്കപ്പെടും.

ഉയർന്നുവരുന്ന ചർച്ചകളിലെല്ലാം വ്യക്തിപരമായ ആരോപണങ്ങളും ആക്ഷേപശരങ്ങളും ഉയർത്തി ഈ തെരഞ്ഞെടുപ്പിൽ മതേതര ജനാധിപത്യ ശക്തികളെ ജയിപ്പിക്കാൻ പ്രാപ്തമാക്കിയെടുക്കുന്നതിനുപകരം ദുർബലപ്പെടുത്തുന്ന വിധത്തിൽ വിമർശനങ്ങൾ ഉന്നയിക്കുന്നത് രാഷ്ട്രീയ സംസ്കാരത്തിനും മാന്യതയ്ക്കും

നിരക്കുന്നതല്ല. ആളുകൾ കൂടിനിൽക്കുന്ന സ്ഥലത്തേക്ക് കെ. കരുണാകരൻ കയറിവരുമ്പോൾ നമ്മളെക്കണ്ടാൽ ഒരു കണ്ണിറുക്കി കാണിക്കും. നമുക്കെന്തെങ്കിലും തോന്നുമോ? അത് അദ്ദേഹത്തിന്റെ രീതിയാണ്. ഈ രീതിക്കാരനായതുകൊണ്ട് കണ്ണിറുക്കുന്ന ആളാണ് കെ. കരുണാകരനെന്ന് ആരെങ്കിലും പറയുമോ? ചിലപ്പോൾ നമ്മൾ അട്ടഹസിച്ച് ചിരിക്കും. ചില ആളുകൾ ആരോടും ചിരിച്ചെന്നുവരില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഉയർത്തിയ നയമാണ് ഇവിടത്തെ പ്രശ്നം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഉയർത്തിയ നയമെന്താണ്? ബി.ജെ.പി.-യെ അധികാരത്തിൽനിന്നും പുറത്താക്കുക എന്നതാണ് ഒന്നാമത്തെ മുദ്രാവാക്യം. രണ്ടാമത്തേത്, ഇടതുപക്ഷ കക്ഷികളുടെ അംഗബലം വർദ്ധിപ്പിക്കുക, മൂന്നാമത്തേത്, തെരഞ്ഞെടുപ്പിനുശേഷം മതനിരപേക്ഷ സർക്കാർ രൂപീകരിക്കുന്നതിൽ പങ്കുവഹിക്കുക. ആ ലക്ഷ്യത്തിലേക്കെത്താൻ കഴിഞ്ഞില്ല. ഇന്ത്യയിൽനിന്നും ബി.ജെ.പി.-യെ പുറത്താക്കാൻ കഴിഞ്ഞില്ലെങ്കിലും കേരളത്തിൽ ഒരു സീറ്റെങ്കിലും ലഭിക്കാൻ കഴിയാത്തവിധം ഉറച്ച നിലപാട് സ്വീകരിക്കുന്നതിൽ ഇവിടത്തെ ജനങ്ങൾ വഹിച്ച പങ്ക് അങ്ങേയറ്റം അഭിനന്ദനം അർഹിക്കുന്നതാണ്. അതിൽ സി.പി.ഐ.(എം)നും കേരളത്തിലെ ഭരണ-പ്രതിപക്ഷ കക്ഷികൾക്കും പങ്കുണ്ട്. ഒറ്റ സീറ്റുപോലും ബി.ജെ.പി.-ക്ക് ലഭിച്ചിട്ടില്ല. ഇന്ത്യയിൽ ബി.ജെ.പി.-ക്ക് വലിയൊരു മുഖമുണ്ടായി. എന്നാൽ കേരളത്തിലോ? കേരളത്തിൽ അക്കൗണ്ട് തുറക്കുമെന്ന് ആവർത്തിച്ചുപറഞ്ഞുകൊണ്ടിരുന്നു. ഏവിടെയെങ്കിലുമൊരു അക്കൗണ്ട് തുറക്കാൻ കഴിഞ്ഞോ? ഇല്ല. ഇടതുപക്ഷം തോറ്റതിന്റെ അടിസ്ഥാനത്തിൽ ബി.ജെ.പി. ജയിക്കട്ടെ എന്നല്ലല്ലോ കേരളത്തിലെ ജനങ്ങൾ സ്വീകരിച്ചിരിക്കുന്ന നിലപാട്, ഞാൻ ആദ്യം പറഞ്ഞ രാഷ്ട്രീയ പശ്ചാത്തലമാണ്. ആ രാഷ്ട്രീയ പശ്ചാത്തലത്തിനപ്പുറം അധികരിച്ചും കാണേണ്ട, കുറച്ചും കാണേണ്ട. ആ രാഷ്ട്രീയ പശ്ചാത്തലം മനസ്സിലാക്കി ഇനി വരാനിരിക്കുന്ന നാളുകളിൽ ഇന്ത്യയിൽ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളുയർത്തുന്ന എല്ലാ ആപത്കരമായ നീക്കങ്ങളെയും ചെറുക്കാൻ വിശാലമായ മതനിരപേക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങളുടെ കെട്ടുറപ്പും യോജിപ്പും രാജ്യത്ത് വളർത്തിയെടുക്കുകയെന്ന പൊതു- സമീപനമായിരിക്കും ഇടതുപക്ഷ ജനാധിപത്യമുന്നണി സ്വീകരിക്കുന്നത്.

ഇവിടെ ശബരിമല വിഷയത്തെക്കുറിച്ച് പറഞ്ഞു. സുപ്രീംകോടതി 12 വർഷം ഒരു ഭരണഘടനാ ബെഞ്ചിൽ എല്ലാ വാദങ്ങളും കേട്ടതിനുശേഷം വിധി പ്രസ്താവിച്ചു. സ്ത്രീ പുരുഷ സമത്വം; വിവേചനം പാടില്ല, അത്രയേയുള്ളൂ. ആ ജഡ്ജ്മെന്റ് കോൺസ്റ്റിറ്റ്യൂഷണലാണ്. ആ വിധി പ്രസ്താവിച്ച സുപ്രീംകോടതിയുടെ രക്ഷാധികാരി മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണോ? കേരളത്തിലെ

ഗവൺമെന്റാണോ? ഇവിടെ പറയുന്ന ന്യായങ്ങളനുസരിച്ച്, ബി.ജെ.പി.-യും കോൺഗ്രസും പല തരത്തിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരാണ്. നമ്മളാരും വിശ്വാസത്തിനെതിരല്ല. കേരളക്കരയിൽ ക്ഷേത്രപ്രവേശനത്തിനും സഞ്ചാര സ്വാതന്ത്ര്യത്തിനുംവേണ്ടി മഹാത്മാ ഗാന്ധിയുടെയും സി. കേശവന്റെയും ടി. കെ. മാധവന്റെയും ശ്രീനാരായണ ഗുരു ഉൾപ്പെടെയുള്ള എണ്ണമറ്റ സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളുടെയും പ്രവർത്തനഫലമായി ഉയർന്നുവന്നതാണ് കൃഷ്ണപിള്ളയും എ.കെ.ജി.യും മഹാനായ കേളപ്പനും ഉൾപ്പെടെ പങ്കെടുത്ത വൈക്കം സത്യാഗ്രഹവും ഗുരുവായൂർ സത്യാഗ്രഹവും. അതിന്റെ തുടർച്ചയിൽ ഉയർന്നുവന്നതാണ് പാലിയം സത്യാഗ്രഹം. ആ നവോത്ഥാന സമരത്തിൽ പങ്കെടുത്ത് ക്ഷേത്രത്തിൽ പ്രവേശിക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി കേരളക്കരയിൽ രക്തസാക്ഷിത്വം വരിച്ച ഒരേയൊരു പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. സഖാവ് എ. ജി. വേലായുധൻ ചരിത്രപ്രസിദ്ധമായ പാലിയം സമരത്തിൽ പങ്കെടുത്തിരുന്നു. ഇത് ഞാൻ ഇവിടെ പറയാനുള്ള കാര്യം, നവോത്ഥാന പ്രസ്ഥാന സമരത്തിൽ കമ്മ്യൂണിസ്റ്റുകാർക്ക് ഒരു പങ്കുമില്ലെന്നും എ.കെ.ജി. വോളന്റിയർ ആയിരുന്നുവെന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കഴിഞ്ഞ അസംബ്ലി ചർച്ചയിൽ പറഞ്ഞതുകൊണ്ടാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അന്ന് അവർ കോൺഗ്രസുകാരായിരുന്നു.

ശ്രീ. എസ്. ശർമ്മ: സർ, ശരിയാണ്. അവർ കോൺഗ്രസുകാരായിരുന്നു. അക്കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി ഇല്ല. പക്ഷേ, അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അവർ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വന്നതിനാൽ അവരെ എക്സ് മന്ത്രിയെന്നും എക്സ് എം.എൽ.എ. എന്നും പറയുന്നതുപോലെ എക്സ് കോൺഗ്രസുകാരെന്ന് പറയാൻ സാധിക്കുമോ? നമ്മുടെ നവോത്ഥാന പ്രസ്ഥാനത്തിന്റെ തുടർച്ചയാണ് ദേശീയ പ്രസ്ഥാനം. അതിന്റെ തുടർച്ചയിലും വളർച്ചയിലുമാണ് ഇടതുപക്ഷ പ്രസ്ഥാനം വളർന്നുവന്നിട്ടുള്ളത്. അതിന്റെ വളർച്ചയിൽ എ.കെ.ജി. വോളന്റിയർ ക്യാപ്റ്റനായിരുന്നു. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കമ്മ്യൂണിസ്റ്റുകാർക്ക് ഒരു പങ്കുമില്ലായെന്ന് പറഞ്ഞത് തെറ്റാണ്, അവർക്ക് പങ്കുണ്ട്. ചരിത്രപ്രസിദ്ധമായ പാലിയം സമരത്തിൽ പാലിയത്തച്ചന്റെ പോലീസിന്റെ അടിയേറ്റ് 1948 മാർച്ച് 12-ന് രക്തസാക്ഷിത്വം വരിച്ചത് ഈ നവോത്ഥാനപ്പോരാട്ടത്തിലായിരുന്നു. അങ്ങനെ പങ്കുവഹിച്ചിട്ടുള്ളവരാണ് കമ്മ്യൂണിസ്റ്റുകാർ. സുപ്രീംകോടതിയുടേതാണ് ശബരിമലയുമായി ബന്ധപ്പെട്ട വിധി. ശബരിമലയിലെ പ്രശ്നം ഇതിനുമുമ്പുണ്ടായത് 2007-ലാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അഫിഡവിറ്റ് പ്രധാനമായും

ഭരണഘടനയിലെ തുല്യതയുടെ പ്രശ്നത്തിലുള്ളതാണ്. സ്ത്രീപുരുഷ സമത്വം ഗവൺമെന്റ് അംഗീകരിക്കുന്നു. എന്നാൽ ഈ പ്രശ്നത്തെ അടിസ്ഥാനമാക്കി ഒരു തീരുമാനമെടുക്കുമ്പോൾ ഹൈന്ദവ ധർമ്മശാസ്ത്രത്തിൽ അഗാധമായ പാണ്ഡിത്യമുള്ള വ്യക്തികളെയും പ്രതിനിധികളെയും ഉൾക്കൊള്ളിച്ച് ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും അവർ ഹൈന്ദവ വിശ്വാസികളിൽനിന്നും ആചാരങ്ങളെയും അനുഷ്ഠാനങ്ങളും സംരക്ഷിക്കുന്ന പണ്ഡിതരിൽനിന്നും തെളിവെടുപ്പ് നടത്തി അഭിപ്രായ രൂപീകരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഒരു നിലപാട് സ്വീകരിക്കാൻ പാടുള്ളൂ എന്നുമാണ് സുപ്രീംകോടതിയുടെ മുന്നിൽ വി. എസ്. ഗവൺമെന്റിന്റെ കാലത്ത് സമർപ്പിച്ച അഫിഡവിറ്റ്. ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇന്നത്തെ എൽ.ഡി.എഫ് ഗവൺമെന്റ് അതിൽ ഒരു വാക്ക് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്തിട്ടില്ല. സുപ്രീംകോടതി അത് പരിഗണിച്ചില്ല. നിങ്ങൾ പറയുന്ന ന്യായമനുസരിച്ച് അതിന്റെ യുക്തിയെന്താണ്? സുപ്രീം കോടതിവിധി നടപ്പാക്കരുതെന്നാണ്. ജസ്റ്റിസ് കെ. എസ്. പരിപൂർണ്ണന്റെ 1991-ലെ ഹൈക്കോടതി വിധി നടപ്പിലാക്കണമെന്നാണോ നിങ്ങൾ പറയുന്നത്? കാലുകുത്തി നടക്കുന്ന മനുഷ്യന് തലകുത്തി എത്രകാലം നടക്കാൻ സാധിക്കും? സുപ്രീംകോടതി വിധി നടപ്പാക്കരുത്; 1991-ലെ ജസ്റ്റിസ് കെ. എസ്. പരിപൂർണ്ണന്റെ വിധി നടപ്പാക്കണം. ഭരണഘടന തൊട്ട് സത്യം ചെയ്ത് അധികാരത്തിൽ വന്ന ഒരു ഗവൺമെന്റല്ലേ? അത് പാലിക്കാനുള്ള ബാധ്യത ആ ഗവൺമെന്റിനില്ലേ? 1991-ൽ അപ്പീലിന് പോകാത്തതെന്താണ്? 1991 ഫെബ്രുവരിയിലാണ് ജസ്റ്റിസ് കെ. എസ്. പരിപൂർണ്ണന്റെ വിധി വരുന്നത്. അന്ന് കേരളത്തിന്റെ മുഖ്യമന്ത്രി സഖാവ് ഇ. കെ. നായനാർ ആയിരുന്നു. അന്ന് ജസ്റ്റിസ് കെ. എസ്. പരിപൂർണ്ണന്റെ വിധിക്കെതിരായി അപ്പീലിന് പോയോ? വിശ്വാസത്തിന്റെ പ്രശ്നമാണ്. അന്ന് കോടതിവിധി അംഗീകരിച്ച് നടപ്പാക്കാൻ പറഞ്ഞു. ജസ്റ്റിസ് കെ. എസ്. പരിപൂർണ്ണന്റെ വിധിക്കെതിരെ അപ്പീൽ പോയില്ല. 50 വയസ്സുവരെയുള്ള സ്ത്രീകൾക്ക് സന്നിധാനത്ത് കയറാൻ പാടില്ലായെന്ന ഒരു വിധിയായിരുന്നു. അതിനെതിരെ അപ്പീലിന് പോയത് ആർ.എസ്.എസ്. സംഘടനയുടെ നേതാക്കളാണ്. സുപ്രീംകോടതി വിധിവന്നു. അതിന്മേൽ നമ്മൾ അപ്പീലിനോ റിവ്യൂ പെറ്റീഷനോ പോയില്ല. 1991-ൽ ഇ. കെ. നായനാർ ഭരിക്കുമ്പോഴും അപ്പീൽ പെറ്റീഷന് പോയിട്ടില്ല. ഇപ്പോഴും റിവ്യൂ പെറ്റീഷന് പോയിട്ടില്ല. അതൊരു നിലപാടാണ്. വിശ്വാസികളുടെ പ്രശ്നമാണ്. കോടതി വിധി എന്താണോ അത് അംഗീകരിക്കുക.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട എസ്. ശർമ്മ പറഞ്ഞവസാനിപ്പിച്ചത് എന്ത് സാഹചര്യമുണ്ടായാലും ശബരിമലയിൽ സ്ത്രീകളെ

പ്രവേശിപ്പിച്ചിരിക്കുമെന്ന് തന്നെയല്ലേ; അതാണല്ലോ പറഞ്ഞതിന്റെ അർത്ഥം. സാഹചര്യം എന്താണെങ്കിലും ശബരിമലയിൽ സ്ത്രീകളെ പ്രവേശിപ്പിക്കും എന്നല്ലേ ഈ പറഞ്ഞതിൽനിന്നും ഞങ്ങൾ മനസ്സിലാക്കേണ്ടത്.

മി. സ്പീക്കർ: അങ്ങയുടെ സമയം അവസാനിച്ചിരിക്കുന്നു. ശ്രീ. എസ്. ശർമ്മ..പ്ലീസ് കൺക്ലൂഡ്....

ശ്രീ. എസ്. ശർമ്മ: സർ, അങ്ങനെയൊരു നിലപാടില്ല. കാര്യങ്ങൾ വളരെ സിമ്പിളാണ്. സുപ്രീംകോടതി വിധി നമ്മൾ അംഗീകരിച്ചു. തെറ്റാണെങ്കിൽ അത് ഏറ്റുപറയുന്നതിൽ ഞങ്ങൾക്കൊരു മടിയുമില്ല. ഒരു സംശയവും വേണ്ട. കേന്ദ്രഗവൺമെന്റ് പറഞ്ഞപ്രകാരമാണ് അവിടെ 144 പ്രഖ്യാപിക്കേണ്ടിവന്നത്. അത് ഐ.ബി.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നല്ലോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനുമുമ്പുള്ള മറുപടിയിൽ പറഞ്ഞല്ലോ. ശബരിമല പ്രശ്നത്തിൽ 1991-ലും 2018-ലും അപ്പീൽ പോയില്ല. ആ പ്രശ്നത്തെ ബ്ലൈന്റായിട്ടല്ല കണ്ടത്. യാഥാർത്ഥ്യത്തോട് കൂടിയാണ് കണ്ടത്. അതാണ് അഫിഡവിറ്റിൽ ഹൈന്ദവ ധർമ്മശാസ്ത്രത്തിൽ പാണ്ഡിത്യമുള്ള വ്യക്തികളെയും പ്രതിനിധികളെയും ഉൾപ്പെടുത്തി പരിശോധിക്കാൻ പറഞ്ഞത്. അത് കോടതി പരിഗണിച്ചില്ല. അതിൽ നമുക്കെന്ത് ചെയ്യാൻ കഴിയും? പിന്നീടുള്ളത് ക്ഷേത്രത്തിന്റെയും വിശ്വാസത്തിന്റെയും പ്രശ്നം. കേരളത്തിൽ ക്ഷേത്രത്തിനും വിശ്വാസത്തിനും സഞ്ചാര സ്വാതന്ത്ര്യത്തിനും വേണ്ടി പോരാടി ജീവത്യാഗം വരിച്ച കമ്മ്യൂണിസ്റ്റുകാർ അടങ്ങുന്നതാണ് ഈ പ്രസ്ഥാനം എന്ന കാര്യം മറക്കരുത്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ഗവൺമെന്റ് നാലാം വർഷത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. ലോക്സഭാ തെരഞ്ഞെടുപ്പിന്റെ റിസൾട്ട് വന്നതിന് പിറ്റേദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒരു ലേഖനം എല്ലാ ദിനപത്രങ്ങളിലും വന്നിരുന്നു. 5 വർഷംകൊണ്ട് പൂർത്തിയാക്കേണ്ട പദ്ധതികളെല്ലാം 3 വർഷംകൊണ്ട് ഞങ്ങൾ പൂർത്തിയാക്കി എന്നാണ് അവകാശപ്പെട്ടത്. പ്രകടനപത്രികയിലെ ഏകദേശം എല്ലാകാര്യങ്ങളും 35 ഇന വാഗ്ദാനങ്ങളും നടപ്പാക്കിക്കഴിഞ്ഞു എന്നാണ് പറഞ്ഞത്. 5 വർഷംകൊണ്ട് പൂർത്തിയാക്കേണ്ട പദ്ധതികളെല്ലാം 3 വർഷംകൊണ്ട് പൂർത്തിയാക്കിയപ്പോൾ ജനങ്ങൾ ഗവൺമെന്റിനെതിരെ ശക്തമായ വിധിയെഴുത്താണ് നടത്തിയത്. 'നിങ്ങൾ ഭരിക്കാൻ കൊള്ളില്ല, നിങ്ങൾ കടക്ക് പുറത്ത്' എന്നുള്ള സന്ദേശമാണ് കേരള ജനത നൽകിയത്. 5 വർഷംകൊണ്ട് തീർക്കേണ്ട പദ്ധതികൾ 3 വർഷംകൊണ്ട് തീർത്തപ്പോൾ ഇരുപതിൽ ഒരു സീറ്റ് മാത്രമേ നൽകിയുള്ളൂ. അപ്പോൾ ഇനിയും

വാഗ്ദാനം ചെയ്യാത്ത കാര്യങ്ങൾകൂടി നടപ്പാക്കി 5 വർഷമെത്തുമ്പോൾ എന്തായിരിക്കും സ്ഥിതി? 3 വർഷം പാഴാക്കിയ ഒരു ഗവൺമെന്റാണിത്. ആയിരം ദിവസങ്ങൾ പാഴാക്കിയ ഒരു ഗവൺമെന്റാണിത്. എടുത്തുപറയത്തക്ക എന്തെങ്കിലും ഒരു നേട്ടം ഈ ഗവൺമെന്റിന് പറയാൻ കഴിയുന്നുണ്ടോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ലേഖനത്തിൽ ചില നേട്ടങ്ങൾ എണ്ണിയെണ്ണി പറയുന്നു. കൊച്ചി മെട്രോ - അത് ആരുടെ കുട്ടിയാണ്; കണ്ണൂർ വിമാനത്താവളം, മലയോരപാത, തീരദേശപാത, ഗെയ്ൽ പൈപ്പ് ലൈൻ, എൽ.എൻ.ജി. ടെർമിനൽ, വാട്ടർ മെട്രോ, വിഴിഞ്ഞം തുറമുഖം. ഇതിന്റെയെല്ലാം പിതൃത്വം അവകാശപ്പെടുക എന്നുള്ളതല്ലാതെ ഈ ഗവൺമെന്റിന് സ്വന്തമായി ഏതെങ്കിലുമൊരു ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം നടപ്പാക്കിയെന്ന് അഭിമാനിക്കാൻ കഴിയുമോ? ഈ പറഞ്ഞതിൽ ഏതെങ്കിലും ഈ ഗവൺമെന്റിന്റെ പദ്ധതിയാണോ; അഴിമതിയാണെന്ന് വിളിച്ചുകൂവിയ വിഴിഞ്ഞം പദ്ധതിപോലും നിങ്ങളുടെ അക്കൗണ്ടിലാണ് ഇപ്പോൾ എഴുതുന്നത്. ഈ സർക്കാർ സ്വന്തമായി കൊണ്ടുവന്ന ഏതെങ്കിലുമൊരു പദ്ധതിയെപ്പറ്റി നിങ്ങൾക്ക് പറയാൻ കഴിയുമോ? രണ്ട് പദ്ധതികൾ വിട്ടുപോയി. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ - ഇവ രണ്ടുംകൂടി ചേർക്കേണ്ടതായിരുന്നു. സർക്കാരിന്റെ മൂന്ന് വർഷത്തെ നേട്ടങ്ങളെക്കുറിച്ച് ഞാൻ പറയാം. ഓഖി, മഹാപ്രളയം എന്നീ വൻ ദുരന്തങ്ങൾ വരുത്തിവച്ച്, ശബരിമലയെ സംഘർഷ ഭൂമിയാക്കുകയും ജനങ്ങളിൽ ഭിന്നിപ്പും വിദ്വേഷവും ഉണ്ടാക്കുകയും ചെയ്തു, സാമ്പത്തിക മേഖലയുടെ അടിത്തറ ഇളകി, കേരളത്തെ വൻതോതിൽ പണയപ്പെടുത്തി, രാഷ്ട്രീയ കൊലപാതകങ്ങൾ നിത്യസംഭവമാക്കി, കർഷകരെ ആത്മഹത്യയിലേയ്ക്ക് നയിച്ചു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ മൂന്ന് വർഷത്തെ ആകെത്തുകയാണിത്. വാഗ്ദാനങ്ങളെല്ലാം പാലിച്ചുവെന്ന് അവകാശപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിയുടെ ലേഖനം വന്ന ദിവസത്തെ പത്രത്തിൽ മറ്റൊരു വാർത്തയുമുണ്ടായിരുന്നു. കടക്കെണിയിൽപ്പെട്ട് വയനാട്ടിലെ പനമരത്ത് ദിനേശൻ എന്ന കർഷകൻ ആത്മഹത്യ ചെയ്തു. കടംകയറി വിഷം കഴിച്ചാണ് ആത്മഹത്യ ചെയ്തത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പതിനാറാമത്തെ കർഷകനാണ് കടംകയറി ആത്മഹത്യ ചെയ്യുന്നത്. അതിന്റെ പേരിൽ ഇടുക്കിയിൽ എനിക്ക് ഉപവാസമിരിക്കേണ്ടിവന്നു. അത് കേട്ടപ്പോൾത്തന്നെ മന്ത്രിസഭയുടെ ഒരു പ്രത്യേകയോഗം ചേർന്ന് കർഷകരുടെ കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു. ഡിസംബർ 31 വരെയായിട്ടും അതിന്റെ ഉത്തരവ് ഇറങ്ങിയില്ല. മുഖ്യമന്ത്രി ചീഫ് സെക്രട്ടറിയെ ശാസിച്ചുവെന്ന് പറഞ്ഞു. പിന്നീട് തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നു. കർഷകരോട് സർക്കാരിന് എന്ത് ആത്മാർത്ഥതയാണുള്ളത്? അതിന്റെ ഉത്തരവുപോലും സമയത്തിന് ഇറക്കാൻ കഴിയാതെ കർഷകദ്രോഹമാണ് സർക്കാർ വരുത്തിവച്ചത് എന്ന് ഞാൻ പറഞ്ഞാൽ അത് അതിശയോക്തിയാണോ?

പ്രളയം വരുത്തിയത് ആരാണ് എന്ന ചോദ്യം ഇവിടെ നിലനിൽക്കുകയാണ്. It is a man made disaster. നമ്മൾ ചർച്ച ചെയ്ത വിഷയമായതുകൊണ്ട് അങ്ങോട്ട് കടക്കുന്നില്ല. അമിക്കസ്ക്യൂറിയുടെ റിപ്പോർട്ടും ഞങ്ങൾ പറഞ്ഞ കാര്യങ്ങളും ഒന്നുതന്നെയാണ്. അമിക്കസ്ക്യൂറിയെ നിയമിച്ചത് ഞങ്ങളുടെ ഗവൺമെന്റല്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയാണ് അമിക്കസ്ക്യൂറിയെ നിയമിച്ചത്. ഹൈക്കോടതി നിയമിച്ച അമിക്കസ്ക്യൂറിയുടെ റിപ്പോർട്ടും പ്രതിപക്ഷം പറഞ്ഞ കാര്യങ്ങളും ഒന്നാണെന്ന് തെളിയിച്ചു.

പ്രളയത്തിൽ കഷ്ടപ്പെട്ട ജനങ്ങളെ സഹായിക്കാൻ ഈ സർക്കാരിന് ഇതുവരെ കഴിഞ്ഞിട്ടുണ്ടോ? കേരള പുനഃസൃഷ്ടിയെപ്പറ്റിയുള്ള ചർച്ചകളും യാത്രകളും അതോടൊപ്പം പഞ്ചനക്ഷത്ര ഹോട്ടലുകളിലെ സെമിനാറുകളുമല്ലാതെ എന്തെങ്കിലും നടക്കുന്നുണ്ടോ? ചർച്ച ഇപ്പോൾ വിദേശത്തേക്കുകൂടി പുരോഗമിച്ചുവെന്നല്ലാതെ പ്രളയത്തിനുശേഷം കേരളം എവിടെ നിൽക്കുന്നു? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ മുൻകൂർ ജാമ്യം എടുത്തിരിക്കുന്നു. കേരളത്തിന്റെ പുനർ നിർമ്മാണത്തിന് ഇനിയും രണ്ട് മുതൽ മൂന്ന് വർഷം വരെ വേണ്ടിവരുമെന്നാണ് അദ്ദേഹം പറഞ്ഞത്. അതായത്, ഈ സർക്കാരിന്റെ ഭരണകാലത്ത് പ്രളയ പുനർനിർമ്മാണം നടക്കില്ല എന്നുള്ളത് വ്യക്തമായിക്കഴിഞ്ഞു.

പുനർ നിർമ്മാണത്തിന്റെ പേരിലുള്ള ധൂർത്ത് അങ്ങ് അറിഞ്ഞോയെന്ന് എനിക്കറിയില്ല. ഒരുത്തരവ് ഇറങ്ങിയിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ സ്ഥലമില്ലാത്തതുകൊണ്ട് ഇതിനുവേണ്ടി അതിനടുത്തായി ഒരു ഓഫീസ് ലീസിന് എടുത്തിരിക്കുകയാണ്. അതിന്റെ ഇന്റീരിയർ വർക്ക് നടത്താൻ മാത്രം 88,50,000 രൂപയാണ് ചെലവാക്കുന്നത്. (ഒരു കടലാസ് ഉയർത്തിക്കാണിച്ചു) റീബിൽഡ് കേരളയുടെ ഓഫീസിന്റെ ഇന്റീരിയർ ഡെക്കറേഷനുവേണ്ടി 88 ലക്ഷം രൂപ ചെലവഴിക്കാനുള്ള ഉത്തരവാണിത്. എത്ര പേർക്ക് വീട് വച്ചുകൊടുക്കാമായിരുന്നു. ഇതാണോ ഈ ഗവൺമെന്റിന്റെ നയം? കേരള പുനർനിർമ്മാണത്തിനുവേണ്ടി 30,000 കോടി രൂപ വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ആ പണം ഇതുവരെ സ്വരൂപിക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗൾഫിൽ പര്യടനം നടത്തി. അവിടെനിന്നും എത്ര രൂപ കിട്ടിയെന്ന് ഇവിടെ പറയുമെന്ന് ഞാൻ കരുതുകയാണ്. 300 കോടി രൂപ ദുബായിയിൽ നിന്നും കിട്ടണമെന്ന് അദ്ദേഹം പറഞ്ഞതായി ഞാൻ ഓർക്കുകയാണ്. റീബിൽഡ് കേരളയ്ക്ക് എത്ര രൂപ കിട്ടിയെന്ന് അദ്ദേഹം പറയുമെന്നാണ് എന്റെ വിശ്വാസം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ച പണംപോലും ചെലവഴിച്ചില്ല. 3861 കോടി രൂപ ലഭിച്ചു. 1849 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. 2012 കോടി രൂപ ചെലവാക്കാതെ മിച്ചം കിടക്കുകയാണ്. ഓഖി ദുരന്തത്തിലും ഇതുതന്നെയാണ്

സംഭവിച്ചത്. അതേകാര്യം വീണ്ടും ആവർത്തിക്കുകയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തികനില ഏറ്റവും മോശമായി. ട്രഷറി പൂട്ടിയ ഒരു കാലഘട്ടം ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് മാത്രമാണ് അടുത്ത കാലത്തുണ്ടായത്. നിത്യനിദാന ചെലവുകൾക്കുപോലും കടമെടുക്കേണ്ട ഗുരുതരമായ അവസ്ഥയാണ് ഇവിടെയുണ്ടായത്. ഉമ്മൻ ചാണ്ടി ഗവൺമെന്റ് കൊണ്ടുവന്ന പങ്കാളിത്ത പെൻഷനെതിരെ പ്രതിപക്ഷത്തിരുന്നപ്പോൾ നിങ്ങൾ ഏറ്റവും ശക്തമായി വാദിച്ചതാണ്. അതിനുവേണ്ടി രൂപീകരിച്ച കമ്മീഷന്റെ ഒരു സിറ്റിംഗുപോലും നടത്താൻ ഇക്കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും 2019 ജൂലൈയിൽ നടപ്പാക്കേണ്ട 11-ാം ശമ്പളപരിഷ്കരണ കമ്മീഷനെ നിങ്ങൾ എന്തുകൊണ്ട് പ്രഖ്യാപിക്കുന്നില്ല? കഴിഞ്ഞ ഉമ്മൻ ചാണ്ടി ഗവൺമെന്റ് 14 മാസം മുമ്പുതന്നെ കമ്മീഷനെ നിയോഗിച്ച് അതിന്റെ ശിപാർശകൾ നടപ്പാക്കി കേരളത്തിലെ സർക്കാർ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പാക്കി എന്നുള്ളത് ഞാൻ പ്രത്യേകം എടുത്തുപറയുകയാണ്. കെടുകാര്യസ്ഥത നിറഞ്ഞ ഭരണം. പൊതുഭരണത്തിന്റെ കാര്യത്തിൽ, ലക്ഷക്കണക്കിന് ഫയലുകൾ കെട്ടിക്കിടക്കുന്നു. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ ഭരണകാലത്ത് കൊണ്ടുവന്ന ഏറ്റവും വലിയ പരിപാടിയായിരുന്നു ജനസമ്പർക്ക പരിപാടി. അതിന് ബദലായി ഈ ഗവൺമെന്റ് കൊണ്ടുവന്ന 'ജനസാന്ത്വനം' പദ്ധതി ചാപിള്ളയായി മാറി. പാർശ്വവത്കരിക്കപ്പെട്ടവരുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയാണിത്. ഇതിന് അപേക്ഷ സമർപ്പിക്കാൻ താലൂക്ക് ഓഫീസിലേയ്ക്ക് ജനം ഇരച്ചുകയറി. കാട്ടാക്കട താലൂക്കാഫീസിൽ ഒരു വയോധിക തിക്കിലും തിരക്കിലുംപെട്ട് മരിച്ചു. 3,84,650 അപേക്ഷകളാണ് ലഭിച്ചത്. അത് കെട്ടിവച്ചിരിക്കുകയാണ്. ഫയലുകൾ കെട്ടിക്കിടക്കുകയാണ്. ഇതാണോ ഭരണം? ഓരോ ഫയലും ഓരോ ജീവിതമാണെന്ന് പറഞ്ഞ ഗാന്ധിജിയുടെ വാക്ക് കടമെടുത്ത മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുന്നു. ജനസാന്ത്വനം പദ്ധതിയുമായി ബന്ധപ്പെട്ട് കെട്ടിക്കിടക്കുന്ന അപേക്ഷകളെ സംബന്ധിച്ച് വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു. ഇതാണോ ഭരണം?

രാഷ്ട്രീയ കാര്യങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. അതുകൂടി പറയാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. ഇവിടെ ഒരു ജനവിധി ഉണ്ടായിരിക്കുന്നു. ഇത് ആധികാരികമായി യു.ഡി.എഫ്.- നുണ്ടായ ജനവിധിയാണ്. ഈ ജനവിധിയിൽ ഞങ്ങൾ ആഹ്ലാദിക്കുന്നു, ഞങ്ങൾ സന്തോഷിക്കുന്നു. ഈ ജനവിധിയെ തീർച്ചയായും ഞങ്ങൾ വിനയത്തോടുകൂടി സ്വീകരിക്കുന്നു. ഈ വിജയത്തിൽ ഞങ്ങൾ അഹങ്കരിക്കുന്നില്ല. ഞങ്ങളുടെ ഉത്തരവാദിത്വം വലുതാണെന്നറിയാം. കേരളജനത ചരിത്രത്തിൽ ഒരിക്കലും ഒരു രാഷ്ട്രീയ മുന്നണിക്കും നൽകാത്ത

വിജയമാണ് ഞങ്ങൾക്ക് നൽകിയത്. ഇരുപതിൽ പത്തൊമ്പത് സീറ്റ്. ഇതൊരു സ്വപ്നതുല്യമായ ഭൂരിപക്ഷമാണ്. 9 സീറ്റുകളിൽ ഭൂരിപക്ഷം ഒരു ലക്ഷം കടന്നു. നിങ്ങൾ ആക്ഷേപിച്ച ശ്രീ. രാഹുൽ ഗാന്ധി 431000 വോട്ടുകൾക്ക് ജയിച്ചുവെന്നുള്ളത് കേരള ചരിത്രത്തിലെ ഏറ്റവും അഭിമാനകരമായ നിമിഷമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു സ്ഥാനാർത്ഥിക്കും ഇതുവരെ കേരള ചരിത്രത്തിൽ ഇതുപോലൊരു ഭൂരിപക്ഷം ലഭിച്ചിട്ടില്ല എന്നുള്ളത് സത്യമാണ്. ഒന്നരലക്ഷത്തിൽ കൂടുതൽ ഭൂരിപക്ഷം ലഭിച്ച 4 പേർ; ഒരു ലക്ഷത്തിന് മുകളിൽ ഭൂരിപക്ഷം ലഭിച്ച 3 പേർ; അമ്പതിനായിരത്തിൽ കൂടുതൽ ഭൂരിപക്ഷം ലഭിച്ച 6 പേർ; ഇരുപത്തി അയ്യായിരത്തിൽ കൂടുതൽ ഭൂരിപക്ഷം ലഭിച്ച 3 പേർ. പാലക്കാട് ശ്രീ. വി. കെ. ശ്രീകണ്ഠൻ മാത്രമാണ് പതിനൊന്നായിരം വോട്ടുകളുടെ ഭൂരിപക്ഷത്തിന് ജയിച്ചത്. ഇന്നത്തെ രൂപത്തിലുള്ള മുന്നണി സംവിധാനം കേരളത്തിൽ നിലവിൽ വന്നശേഷം ചരിത്രത്തിലെ ഏറ്റവും വലിയ വോട്ട് മുന്നേറ്റമാണ് യു.ഡി.എഫ്. നേടിയത്. എൽ.ഡി.എഫ്.നെക്കാൾ 12.08 ശതമാനം അധികം വോട്ട് കേരളത്തിൽ യു.ഡി.എഫ്. നേടി എന്നത് ചരിത്രവിജയം തന്നെയാണ്. ആ ചരിത്ര വിജയത്തെ നിങ്ങളുടെ വാക്കുകൾകൊണ്ട് മായ്ക്കാൻ കഴിയാത്തതാണ്. വോട്ടുനില എത്രയാണ്; യു.ഡി.എഫ്. 47.23%, എൽ.ഡി.എഫ്. - 35.15%, എൻ.ഡി.എ. - 15.5%. ചരിത്രത്തിലെ ഏറ്റവും വലിയ തകർച്ചയാണ് ഇടതുപക്ഷ മുന്നണി നേരിട്ടിട്ടുള്ളത്. കോൺഗ്രസ് - 37.27%, മുസ്ലീംലീഗ് - 5.45%, കേരള കോൺഗ്രസ് - 2.7% ആർ.എസ്.പി. - 2.45%, സി.പി.ഐ.(എം) - 25.83%, സി.പി.ഐ. - 6.5%, ബി.ജെ.പി. - 12.93%. യു.ഡി.എഫ്.- ന് രണ്ട് സീറ്റ് മാത്രം ലഭിച്ച 2004-ൽപ്പോലും എൽ.ഡി.എഫ്. - യു.ഡി.എഫ്. വ്യത്യാസം 7.7% മാത്രമായിരുന്നു. അന്ന് എൽ.ഡി.എഫ്. - 46.15%, യു.ഡി.എഫ്. - 38.38% എന്നായിരുന്നു. 24.72 ലക്ഷം വോട്ടാണ് കേരളത്തിൽ യു.ഡി.എഫ്.- ന് ലഭിച്ചത്. ആ വിജയത്തെ നിങ്ങൾ ചെറുതാക്കി കാണിച്ചതിൽ എനിക്ക് വിഷമമുണ്ടായി. കേരളത്തിലെ ജനങ്ങൾ നൽകിയ വിധിയാണ്. ആ വിധിയെ ബഹുമാനിക്കേണ്ട ആളുകൾ തന്നെയാണ് നമ്മൾ. 123 നിയമസഭാ മണ്ഡലങ്ങളിൽ യു.ഡി.എഫ്. വിജയം നേടിയപ്പോൾ എൽ.ഡി.എഫ്. 16 മണ്ഡലങ്ങളിലേയ്ക്ക് ഒതുങ്ങി. 16 മന്ത്രിമാരുടെ മണ്ഡലങ്ങളിൽ യു.ഡി.എഫ്. മുന്നേറ്റമുണ്ടായി. 2 മന്ത്രിമാരുടെ മണ്ഡലങ്ങളിൽ അവർ മൂന്നാം സ്ഥാനത്തേക്ക് പോയി. ഇതെല്ലാം ഈ തെരഞ്ഞെടുപ്പിലെ പ്രത്യേക വിധിയാണ്. അതുകൊണ്ട് ഈ വിധിയെ ഞങ്ങൾ പൂർണ്ണമായും വിനയത്തോടുകൂടി സ്വീകരിക്കുകയാണ്. ജനങ്ങൾ നൽകിയ ഈ വിധി ഗൗരവത്തോടുകൂടി കാണേണ്ട ഒന്നാണെന്നാണ് എന്റെ പൂർണ്ണമായ വിശ്വാസം. സി.പി.ഐ.(എം) ദേശീയ ജനറൽ സെക്രട്ടറി

ഇന്നലെ സ്വയം രാജിവയ്ക്കാൻ തയ്യാറായി എന്നുള്ള വാർത്ത ഇന്നത്തെ പത്രത്തിലുണ്ട്. ശ്രീ. സീതാറാം യെച്ചൂരി രാജി വയ്ക്കേണ്ട ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. പക്ഷേ, ശ്രീ. സീതാറാം യെച്ചൂരി രാജി സന്നദ്ധത പ്രകടിപ്പിച്ചുവെന്നാണ് മാധ്യമങ്ങളിൽ വന്ന വാർത്ത. അദ്ദേഹത്തിന് ഒരുത്തരവാദിത്വവുമില്ല. മുഖ്യമന്ത്രിക്ക് തോന്നാത്ത ധാർമ്മിക ഉത്തരവാദിത്വം ശ്രീ. സീതാറാം യെച്ചൂരിക്ക് വരേണ്ട യാതൊരു കാര്യവുമില്ല. 20-ൽ 19 സീറ്റിലും ദയനീയമായി തോറ്റിട്ടും നമ്മുടെ മുഖ്യമന്ത്രിയുടെ പ്രതികരണം കേട്ടാൽ ഒന്നും സംഭവിച്ചിട്ടില്ല, കേരളത്തിലെ ജനങ്ങൾക്ക് തെറ്റുപറ്റിയെന്നാണ് അദ്ദേഹം ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്. ജനങ്ങൾ എന്തോ തെറ്റിദ്ധരിച്ചു പോയതുകൊണ്ട് യു.ഡി.എഫ്.- ന് വോട്ട് ചെയ്തുവെന്നാണ് അദ്ദേഹം പറയുന്നത്. ജനങ്ങളെല്ലാം വിവരമില്ലാത്തവരാണെന്നാണോ നമ്മൾ കരുതേണ്ടത്. ഒരു കാര്യം നമ്മൾ മനസ്സിലാക്കണം, കേരളത്തിൽ യു.ഡി.എഫ്. നേടിയത് ആധികാരിക വിജയമാണ്. മതേതരത്വത്തിന്റെ വിജയമാണ്. ബി.ജെ.പി.-യുടെയും ആർ.എസ്.എസ്.-ന്റെയും സംഘ്പരിവാറിന്റെയും കടന്നുകയറ്റത്തെ ചെറുത്തു നിർത്തിയ വിധ്യനാണ് യു.ഡി.എഫ്. എന്ന് അഭിമാനപൂർവ്വം ഞങ്ങൾക്ക് പറയാൻ കഴിയും. ഇത് മതേതരത്വത്തിന്റെ വിജയമാണ്. ന്യൂനപക്ഷവും ഭൂരിപക്ഷവും ദളിത് വിഭാഗങ്ങളും പിന്നോക്ക ദളിത് വിഭാഗങ്ങളും ഒരുപോലെ നൽകിയ വമ്പിച്ച ജനവിധിയാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. അതിനെ ചെറുതാക്കിക്കാണിക്കുന്നത് ജനങ്ങളോടുള്ള അവഹേളനമായാണ് ഞാൻ കാണുന്നത്.

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.നെതിരായി വോട്ട് ചെയ്ത ജനവിഭാഗങ്ങൾ തിരികെ വന്നിരിക്കുന്നു. അവർക്ക് തെറ്റ് ബോധ്യപ്പെട്ടിരിക്കുന്നു. അവർ തിരികെ വന്നുകൊണ്ടിരിക്കുന്ന ആവേശകരമായ ചിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്. ദേശീയ തെരഞ്ഞെടുപ്പിൽ ഞങ്ങൾ തോറ്റുവെന്നുള്ളത് ശരിയാണ്. ഞങ്ങൾ ആ ജനവിധി അംഗീകരിക്കുന്നു. ഞങ്ങൾ ദേശീയതലത്തിലുണ്ടാക്കാൻ ആഗ്രഹിച്ചത് ഒരു മതേതര ജനാധിപത്യ ഐക്യമായിരുന്നു. പല കാരണങ്ങളാൽ അതുണ്ടായില്ല. പക്ഷേ, ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നുവെന്ന് കരുതി ഫാസിസത്തിനെതിരായ പോരാട്ടം ഞങ്ങൾ അവസാനിപ്പിക്കുമെന്ന് ആരും കരുതേണ്ട. മതേതര ശക്തികളെ ബലപ്പെടുത്താനുള്ള പോരാട്ടവുമായി മുന്നോട്ടുപോകും. ആർ.എസ്.എസ്.നും ബി.ജെ.പി.ക്കും സംഘ്പരിവാറിനുമെതിരെയുള്ള ആശയപരമായ പോരാട്ടം ഞങ്ങൾ ശക്തിപ്പെടുത്തും. കോൺഗ്രസ് കൂടുതൽ റീഇൻവെന്റ് ചെയ്ത് മുന്നോട്ടുപോകും. തെറ്റുകൾ ഞങ്ങൾ മനസ്സിലാക്കും, ഉൾക്കൊള്ളും, തിരുത്തൽ

നടപടികൾ സ്വീകരിക്കും. ദേശീയതലത്തിൽ ഈ രാജ്യത്തെ മതേതര-ജനാധിപത്യ ശക്തികളെ ഒരുമിപ്പിക്കാനുള്ള ചരിത്രപരമായ ഉത്തരവാദിത്വം ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഏറ്റെടുക്കുമെന്ന തന്നെയാണ് എനിക്ക് പറയാനുള്ളത്.

ആശയപരമായി സി.പി.ഐ.(എം) തകർന്നുവെന്നുള്ളത് ഞങ്ങളെ സന്തോഷിപ്പിക്കുന്ന ഒരു കാര്യമല്ല. പശ്ചിമബംഗാളിലെ കാര്യം ഞാൻ പറയേണ്ട ആവശ്യമില്ലല്ലോ; 42 ലോക്സഭാ സീറ്റിൽ ഒന്നൊഴികെ, ജാദവ്പൂർ (ബികാസ് രഞ്ചൻ ഭട്ടാചാര്യ) ഉൾപ്പെടെ എല്ലാ മണ്ഡലത്തിലും സി.പി.ഐ.(എം)-ന് കെട്ടിവച്ച കാശ് പോയി. 294 അസംബ്ലി സീറ്റുകളിൽ ഒന്നിൽപോലും മുന്നിലെത്തിയില്ല. ഭൂരിപക്ഷം സ്ഥലത്തും മൂന്നാം സ്ഥാനത്തായി. 42 ലോക്സഭാ സീറ്റിൽ മിക്കതിലും മൂന്നാം സ്ഥാനത്തായി. വോട്ടിന്റെ കണക്കൊന്നും ഞാൻ പറയുന്നില്ല. ത്രിപുരയിൽ എന്താണ് സ്ഥിതി; കഴിഞ്ഞ ത്രിപുര നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ നിങ്ങളുടെ വോട്ട് മുഴുവൻ പോയത് ബി.ജെ.പി.-ക്കാണെന്ന് നിങ്ങൾ പറഞ്ഞില്ലേ? ഇപ്പോൾ ത്രിപുരയിൽ എന്താണ്; ബി.ജെ.പി.-ക്ക് 49.3%, സി.പി.ഐ.(എം.)ന് 17.31%, കോൺഗ്രസ്സിന് 25.34% എന്നിങ്ങനെയാണ് വോട്ടുനില. കോൺഗ്രസ് അവിടെ വളരുകയാണ്. ദേശീയതലത്തിൽ ഒരു മതേതര ഐക്യം ഉണ്ടാകാതിരുന്നതിന്റെ കാരണം ആരാണ്; അതിന് കാരണം കേരളത്തിലെ സി.പി.ഐ.(എം) നേതൃത്വമാണ്. ശ്രീ. സീതാറാം യെച്ചൂരിയുടെ രാഷ്ട്രീയലൈൻ നിങ്ങൾ അംഗീകരിക്കാതെ പോയി. അതിന്റെ അപചയമാണ് ഇവിടെ കാണുന്നത്. പശ്ചിമബംഗാളിൽ കോൺഗ്രസും സി.പി.ഐ.(എം)-ഉം തമ്മിൽ ഐക്യം ഉണ്ടായിരുന്നെങ്കിൽ ബി.ജെ.പി.-യെ തടഞ്ഞുനിർത്താമായിരുന്നു. കേരളത്തിലെ നേതൃത്വം അതിന് സമ്മതിച്ചില്ല. നിങ്ങൾ സ്വീകരിച്ച നിലപാടായിരുന്നു അവിടെ തൊട്ടുതൊട്ടില്ല എന്ന നിലയിലുള്ള ഐക്യം. അവിടെയാണ് ബി.ജെ.പി.-ക്ക് വളരാനുള്ള അവസരമുണ്ടായത്. അവിടെ നിങ്ങൾ പറഞ്ഞതെന്താണ്; പഹ്‌ലേ റാം ഫിർ വാം - ആദ്യം രാമൻ പിന്നെ ഇടത് എന്ന മുദ്രാവാക്യം പരസ്യമായി സി.പി.ഐ.(എം) ക്യാമ്പുകളിൽ മുഴക്കി. നമ്മുടെ ശത്രു ബി.ജെ.പി.യാണ്, ശ്രീമതി മമതാ ബാനർജി അല്ലെന്ന് ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യക്ക് പറയേണ്ടി വന്നു. ശ്രീ. പ്രകാശ് കാരാട്ട് എന്താണ് പറഞ്ഞത്; ബി.ജെ.പി. വളരുന്നു, ബി.ജെ.പി.-ക്ക് ശക്തി വർദ്ധിക്കുമെന്ന്. ദേശീയതലത്തിൽ മതേതരശക്തികളുടെ കൂട്ടായ്മയ്ക്ക് തുരങ്കംവച്ചത് കേരളത്തിലെ സി.പി.ഐ.(എം) നേതൃത്വമാണെന്നത് പകൽപോലെ വ്യക്തമാണ്. അന്ധമായ കോൺഗ്രസ് വിരോധത്തിന് സ്ഥാനമില്ല. ഇന്ന് ദേശീയ രാഷ്ട്രീയം പരിശോധിക്കുമ്പോൾ മതേതരജനാധിപത്യ ശക്തികളെ ഒരുമിപ്പിച്ചുകൊണ്ടുള്ള പോരാട്ടത്തിന് ശക്തിപകരുകയെന്നുള്ളതാണ് ഏറ്റവും ആവശ്യമായിട്ടുള്ളത്.

ഈ തെരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ പ്രതിഫലിച്ച ഒരു വിഷയം ശബരിമല തന്നെയാണ്. അക്കാര്യത്തിൽ ഒരു തർക്കവും വേണ്ട. ശബരിമലയിലെ വിശ്വാസസമൂഹത്തിന്റെ വികാരം ഈ സർക്കാരിന് എതിരായിരുന്നു. സുപ്രീംകോടതി വിധി പിറ്റേ ദിവസം രാവിലെ മുതൽ നവോത്ഥാനത്തിന്റെ പേരുപറഞ്ഞ് നടപ്പാക്കാൻ മുന്നോട്ടുവന്ന ഇടതുപക്ഷ മുന്നണിക്കെതിരായി കേരളത്തിലെ വിശ്വാസസമൂഹം അണിനിരന്നു എന്നുള്ളത് വാസ്തവമാണ്. കേരളത്തിലെ ജനത 24 മാസങ്ങൾക്കുശേഷം ഞങ്ങൾക്ക് ഒരവസരം നൽകിയാൽ ആദ്യം ഞങ്ങൾ അവതരിപ്പിക്കാൻ പോകുന്നത് ശബരിമലയിലെ വിശ്വാസ സംരക്ഷണത്തിനുവേണ്ടിയുള്ള ബിൽ ആയിരിക്കും. ഞങ്ങൾ നിയമനിർമ്മാണം നടത്തും. വിശ്വാസസമൂഹത്തെ രക്ഷിക്കും. യു.ഡി.എഫ്. ഒരിക്കലും ഇതിനെ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി ഉപയോഗിച്ചിട്ടില്ല. ഞങ്ങൾക്ക് ഇക്കാര്യം വേണമെങ്കിൽ പാർലമെന്റ് തെരഞ്ഞെടുപ്പ് സമയത്ത് പറയാമായിരുന്നു. ഞങ്ങൾ പറഞ്ഞില്ല. ഞങ്ങൾ അതിനെ സുവർണ്ണാവസരമായി കണ്ടില്ല. ബി.ജെ.പി.-യും സി.പി.ഐ.(എം)-ഉം അതിനെ സുവർണ്ണാവസരമായി കണ്ടു. ബി.ജെ.പി. വളർന്നാലും കോൺഗ്രസ് ക്ഷീണിക്കണം, യു.ഡി.എഫ്. ക്ഷീണിക്കണമെന്നുള്ള നിങ്ങളുടെ ത്രികാലതന്ത്രമായിരുന്നു ഇവിടെ പിഴച്ചത്. ജനങ്ങൾക്ക് അത് ബോധ്യപ്പെട്ടു. കോൺഗ്രസും യു.ഡി.എഫ്.-ഉം ക്ഷീണിക്കട്ടെ, ബി.ജെ.പി. വളരട്ടെയെന്നുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശബരിമല വിഷയത്തെ കൈകാര്യം ചെയ്തതിന്റെ അപാകതമൂലമണ് നിങ്ങൾക്ക് ഈ വലിയ പരാജയം ഏറ്റുവാങ്ങേണ്ടിവന്നത്. ശ്രീ. നരേന്ദ്ര മോദിക്കെതിരായുള്ള ജനവികാരം, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനും കൊലപാതക രാഷ്ട്രീയത്തിനും എതിരായുള്ള ശക്തമായ ജനവികാരം, അതുമാത്രമല്ല, ശ്രീ. രാഹുൽ ഗാന്ധി കേരളത്തിൽ മത്സരിക്കാൻ വന്നത് യു.ഡി.എഫ്.-ന് വമ്പിച്ച വിജയം നൽകിയിട്ടുള്ള കാര്യങ്ങളാണ്. കേരളത്തിലെ യു.ഡി.എഫ്. കൂടുതൽ ഉത്തരവാദിത്വ ബോധത്തോടെ ജനകീയ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുപോകും, കേരളത്തിൽ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾക്കെതിരായ പോരാട്ടം ശക്തിപ്പെടുത്തും, അതോടൊപ്പം നരേന്ദ്ര മോദി ഗവൺമെന്റിനെതിരായ പോരാട്ടവും ഞങ്ങൾ ശക്തിപ്പെടുത്തും. ദേശീയതലത്തിൽ നാളെ ഉണ്ടാകാൻ പോകുന്ന വലിയ ജനാധിപത്യ മുന്നേറ്റത്തിന് കേരളത്തിലെ കോൺഗ്രസും യു.ഡി.എഫ്.ഉം അതിശക്തമായ പിന്തുണയും മുന്നേറ്റവും നടത്തും.

ഇവിടെ ഞങ്ങൾ തോറ്റതിനെപ്പറ്റി പറഞ്ഞു. റായ്ബറേലിയിൽ ഇന്ദിരാഗാന്ധിപോലും പരാജയപ്പെട്ട ഒരു കാലമുണ്ട്. കോൺഗ്രസിന്റെ വസന്തം

നഷ്ടപ്പെട്ടുവെന്ന് പറഞ്ഞവരുണ്ട്. ഫീനിക്സ് പക്ഷിയെപ്പോലെ ചാരത്തിൽനിന്നും ഉയർത്തെഴുന്നേറ്റ ഒരു പ്രസ്ഥാനമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്. അതുകൊണ്ട് ശ്രീ. നരേന്ദ്ര മോദിക്കെതിരായുള്ള പോരാട്ടം ശക്തിപ്പെടുത്തി ഇന്ത്യയിൽ കോൺഗ്രസ് തിരിച്ചുവരും; യു.ഡി.എഫ്. തിരിച്ചുവരും. ഈ സംസ്ഥാനത്തെയും രാജ്യത്തെയും ജനങ്ങൾക്ക് നേതൃത്വം നൽകാൻ ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽത്തന്നെ മുന്നോട്ടുപോകും എന്നുമാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

4.00 P.M.]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട പി. ജെ. ജോസഫ് സംസാരിച്ചപ്പോൾ പ്രളയവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പറയുകയുണ്ടായി. പ്രളയത്തിൽ പൂർണ്ണമായി തകർന്ന വീടുകളുടെ കാര്യത്തിൽ എന്താണ് ചെയ്തതെന്ന് ചോദിച്ചു. സംസ്ഥാനത്ത് 15275 വീടുകളാണ് പൂർണ്ണമായി തകർന്നത്. ഇതിൽ 9329 വീടുകൾ ഗുണഭോക്താക്കൾതന്നെ നിർമ്മിക്കുന്നതാണ്. അവർക്കുള്ള ധനസഹായം ഗഡുക്കളായി വിതരണം ചെയ്യുന്ന നടപടിയാണ് സ്വീകരിച്ചത്. സഹകരണ മേഖല 'കെയർ ഹോം' പദ്ധതിയിലൂടെ 1990 വീടുകളുടെ പുനർനിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. അതിൽ ഇപ്പോൾ പൂർണ്ണമായത് 937 വീടുകളാണ്. ബാക്കിയുള്ളത് നല്ല രീതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. പ്രാദേശിക സ്പോൺസർഷിപ്പ് വഴി 1225 വീടുകളുടെ നിർമ്മാണം നടത്താനാണ് ഉദ്ദേശിക്കുന്നത്. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) പ്രകാരം 245 വീടുകളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. ഭാഗികമായി തകർന്ന 253789 വീടുകളിൽ 221718 കുടുംബങ്ങൾക്ക് 1163.31 ലക്ഷം രൂപ ദുരിതാശ്വാസ സഹായമായി നൽകിയിട്ടുണ്ട്. മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. അതിന്റെ തരംതിരിവ് എങ്ങനെയാണെന്ന് നേരത്തെ വിശദമാക്കിയതാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, 109601 വീടുകൾ അധിവാസ യോഗ്യമല്ലാതായിട്ടുണ്ട്. 15000 എന്നത് ശരിയായ കണക്കല്ല. ഇത് ഗവൺമെന്റിൽനിന്നും ലഭിച്ച മറുപടിയാണ്. അത്രയും വീടുകൾ ഇനി നിർമ്മിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, പൂർണ്ണമായും തകർന്ന വീടുകൾ ഇത്രയുമാണ്. അതാണ് എന്റെ കയ്യിലുള്ളത്. ഇതാണ് ശരിയായ കണക്ക്. വീടുകളുടെ കണക്കിൽ ദിവസങ്ങൾ കഴിയുമ്പോൾ ചില മാറ്റങ്ങൾ വരും. കാരണം അപ്പീൽ വരുമ്പോൾ അതിന്റെ ഭാഗമായി ചിലത് കൂടിച്ചേർത്തു.

ഇവിടെ അഡീഷണൽ മെമ്മോറാണ്ടം കൊടുത്തില്ലെന്ന് പറഞ്ഞു. അതിൽ ആദ്യം നൽകിയ നിവേദനത്തിൽ 820.42 കോടി രൂപയായിരുന്നു അന്നത്തെ കണക്കനുസരിച്ച് ആവശ്യപ്പെട്ടത്. പിന്നീട് അത് 4,796.35 കോടി രൂപയാക്കി അഡീഷണൽ മെമ്മോറാണ്ടം കൊടുത്തു. പക്ഷേ, അയ്യായിരം കോടി രൂപ സ്പെഷ്യൽ പാക്കേജായി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ, അനുവദിക്കാൻ അവർ തയ്യാറായില്ല. അതിന്റെ കണക്കുകൾ നമുക്ക് അറിയാവുന്നതാണ്. ഞാൻ അതിന്റെ കണക്കിലേയ്ക്ക് വിശദമായി പോകുന്നില്ല.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രളയവുമായി ബന്ധപ്പെട്ട് അമിക്കസ്ക്യൂറി ഹൈക്കോടതിക്ക് നൽകിയ റിപ്പോർട്ടിനെക്കുറിച്ച് പറയുകയുണ്ടായി. അമിക്കസ്ക്യൂറിയുടെ റിപ്പോർട്ട് എന്തുകൊണ്ട് തള്ളണമെന്നത് സംബന്ധിച്ച സർക്കാർ വസ്തുതകൾ അടങ്ങിയ റിപ്പോർട്ട് കോടതിയുടെ മുന്നിൽ സമർപ്പിച്ചിട്ടുണ്ട്. അദ്ദേഹം ഒരു അഡ്വക്കേറ്റാണെന്ന നിലയ്ക്ക്, കേന്ദ്ര ജല കമ്മീഷനും മദ്രാസ് ഐ.ഐ.റ്റി.യും നടത്തിയ പഠനത്തെയാണ് സാധാരണഗതിയിൽ ആധികാരികമായി ആശ്രയിക്കേണ്ടത്. പക്ഷേ, എന്തോ കാരണത്താൽ അതിനെയല്ല അദ്ദേഹം ആശ്രയിച്ചത്. അമിക്കസ്ക്യൂറി റിപ്പോർട്ട് നൽകുന്നതിനെ ആശ്രയിച്ചത് വിദഗ്ദ്ധ പഠനങ്ങളെയല്ല. ആ വിദഗ്ദ്ധ പഠനപ്രകാരം പ്രളയത്തിന്റെ കാരണം അമിതമായ മഴയാണെന്നാണ് അവർ രണ്ടുകൂട്ടരും കണക്കാക്കിയത്. ഇത് നിലവാരമുള്ള ശാസ്ത്ര ജേർണലുകളിലൊക്കെ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. പക്ഷേ, പ്രസിദ്ധീകരണ യോഗ്യമല്ലെന്ന് കണ്ട് ഈ ശാസ്ത്ര ജേർണൽ തള്ളിക്കളഞ്ഞ ഒരു പഠനത്തെയാണ് അമിക്കസ്ക്യൂറി ആശ്രയിച്ചതായി കാണുന്നത്. ഇക്കാര്യവും സർക്കാരിന്റെ മറുപടി സത്യവാങ്മൂലത്തിൽ നൽകിയിട്ടുണ്ട്. പ്രളയത്തിൽ സർക്കാരിന്റെ ഇടപെടൽ പൊതുവെ അംഗീകരിക്കപ്പെടുന്ന അവസ്ഥയാണുണ്ടാക്കിയത്. നമ്മുടെ നാട്ടിലും ദേശീയതലത്തിലും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ അന്താരാഷ്ട്ര തലത്തിലും പ്രത്യേകം ശ്രദ്ധിക്കപ്പെടുകയും അംഗീകരിക്കുകയും ചെയ്യുന്ന നിലയാണുണ്ടായിട്ടുള്ളത്.

സി.എം.ഡി.ആർ.എഫ്.-ന്റെ പണം പ്രളയത്തിന്റെ ഭാഗമായി ചെലവഴിക്കാൻ തന്നെയാണ് നടപടി സ്വീകരിച്ചത്. കുറേഭാഗം ചെലവഴിച്ചിട്ടുണ്ട്, ഇനിയുള്ളതും അതിവേഗതയിൽത്തന്നെ ചെലവഴിക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. കെട്ടിക്കിടക്കുന്ന ഫയലുകൾ അതിവേഗത്തിൽ തീർപ്പാക്കുക എന്നുള്ളതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. അതിന്റെ ഭാഗമായുള്ള വിശദമായ പരിശോധന സെക്രട്ടറി തലത്തിലും മറ്റും നടക്കുന്നുണ്ട്. എന്നാൽ പൂർണ്ണമായിയെന്ന് അവകാശപ്പെടാനാകില്ല, പൂർണ്ണതയിൽ എത്തിക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ഇവിടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളാണ് കൂടുതലായി പരാമർശിച്ചത്. തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് താൽക്കാലികമായി തിരിച്ചടി നേരിട്ടുവെന്നത് വസ്തുതയാണ്. ഇത് ഗൗരവമായിത്തന്നെയാണ് ഞങ്ങളും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും കാണുന്നത്. ഇക്കാര്യത്തിൽ സ്വാഭാവികമായും ഞങ്ങളെ പരാജയപ്പെടുത്തിയതിൽ യു.ഡി.എഫ്.-ന് ആഹ്ലാദമുണ്ടാകുമെന്നത് ശരിയാണ്. ഞങ്ങൾക്ക് ഒന്നേ പറയാനുള്ളൂ, മതിമറന്ന് ആഹ്ലാദിക്കേണ്ട. ഈ വിജയം എങ്ങനെ നേടാനായി എന്നതിനെക്കുറിച്ച് കേരളത്തിൽ ജീവിക്കുന്ന എല്ലാവർക്കുമറിയാം. ഇവിടെ കാണേണ്ട ഒരു വസ്തുത, ഞങ്ങളോടൊപ്പം നിൽക്കുന്ന നല്ലൊരു ശതമാനം ജനവിഭാഗത്തെ തെറ്റിദ്ധരിപ്പിക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ട് എന്നതാണ്. അക്കാര്യത്തിൽ തൽക്കാലം നിങ്ങൾക്ക് വിജയിക്കാനായിട്ടുണ്ട്. അതിനുള്ള സാഹചര്യം ദേശീയ തലത്തിലുള്ളതാണ്. ആ സാഹചര്യം ഉപയോഗിച്ച് നിങ്ങൾ ഒരു പ്രത്യേക രീതിയിൽ നീങ്ങിയിട്ടുണ്ട്. പക്ഷേ, യു.ഡി.എഫ്.-ന് നേതൃത്വം നൽകുന്ന കോൺഗ്രസിന് ഇവിടെ ജയിക്കാൻ കഴിഞ്ഞെങ്കിലും എങ്ങനെയാണ് അവർക്ക് യഥാർത്ഥത്തിൽ ആഹ്ലാദിക്കാൻ കഴിയുക; ഇന്ത്യയിലെ കോൺഗ്രസ്സിന്റെ സ്ഥിതി എന്താണ്? കോൺഗ്രസ് എന്നത് രാജ്യവും സംസ്ഥാനങ്ങളാകെയും ഭരിച്ച രാഷ്ട്രീയ പാർട്ടിയായിരുന്നില്ലേ? ഇന്ന് എവിടെയാണ് എത്തിനിൽക്കുന്നത്? ലോക്സഭയിൽ ഒരു ഘട്ടത്തിൽ 404 സീറ്റ് കോൺഗ്രസിനുണ്ടായിരുന്നു. ഇന്ന് 52 അല്ലേ. നമ്മുടെ രാജ്യത്തെ 13 സംസ്ഥാനങ്ങളിൽ ഒരു സീറ്റുപോലും ഇല്ലാത്ത അവസ്ഥയിലേയ്ക്ക് കോൺഗ്രസ് എത്തിയെന്നത് നിങ്ങൾ കാണുന്നില്ലേ; ഒരു സീറ്റ് മാത്രം നേടാൻ കഴിഞ്ഞ ഒൻപത് സംസ്ഥാനങ്ങളല്ലേയുള്ളത്. ഉത്തർപ്രദേശും ബീഹാറും അടക്കമുള്ള സംസ്ഥാനങ്ങളല്ലേ അങ്ങനെ നിൽക്കുന്നത്. നേരത്തെ ഒരു പുകമറ സൃഷ്ടിക്കുന്നതിൽ നിങ്ങൾ വിജയിച്ചിരുന്നു. രാജ്യത്ത് വിജയിച്ചുവരാൻ പോകുന്നൊരു ശക്തിയാണ് ഞങ്ങളെന്നൊരു ചിത്രം കേരളത്തിലെങ്കിലും ഒരു തെറ്റിദ്ധാരണ പടർത്തുന്നതിന് ഇടയാക്കിയിരുന്നു. രാജസ്ഥാനിലെയും മധ്യപ്രദേശിലെയും ഛത്തീസ്ഗഡിലെയും വിജയമായിരുന്നു അതിനിടയാക്കിയത്. അവിടെയുള്ള ബി.ജെ.പി. ഗവൺമെന്റിന്റെ ജനവിരുദ്ധത, വഴിവിട്ട വർഗ്ഗീയത, അതിരുകവിഞ്ഞ നടപടി എന്നിവയായിരുന്നു അതിന് കാരണം. അത്തരം നടപടികളിൽ തങ്ങളും ഒട്ടും പിറകിലല്ലെന്ന് മധ്യപ്രദേശ് ഗവൺമെന്റ് തെളിയിച്ചല്ലോ. പശുവിനെ കൊന്നു എന്നുപറഞ്ഞ് നേരത്തെ കോൺഗ്രസ് ഗവൺമെന്റ് UA(P)A (Unlawful Activities (Prevention) Act) ചുമത്തിയാണല്ലോ കേസെടുത്തത്. ഇപ്പോൾ ഭീകരമായ ആക്രമണം നടന്നത് കണ്ടില്ലേ. ബി.ജെ.പി. ഗവൺമെന്റ് അതിരുവിട്ട് നടപടി

സ്വീകരിച്ചതിനെതിരെയുള്ള ജനരോഷവും നേരിട്ടുള്ള ഏറ്റുമുട്ടലുമായിരുന്നു ഇതിനുകാരണം. ബി.ജെ.പി.-യും കോൺഗ്രസുമാണ് അവിടെയുള്ളത്. ആ നേരിട്ടുള്ള ഏറ്റുമുട്ടലിൽ കോൺഗ്രസിന് ഈ മൂന്ന് സംസ്ഥാനങ്ങളിൽ ജയിച്ചുവരാൻ കഴിഞ്ഞു. ജയിച്ചുവന്നവർക്ക് മോശമാകാൻ ഒരു സമയമെങ്കിലും വേണ്ടേ. അതുകഴിഞ്ഞ് ഈ തെരഞ്ഞെടുപ്പ് വരാൻ ദിവസങ്ങളും ആഴ്ചകളും പോലുമുണ്ടായില്ലല്ലോ. ഈ തെരഞ്ഞെടുപ്പ് വന്നപ്പോൾ രാജസ്ഥാനിൽ ഒരു സീറ്റുപോലും നേടാനായില്ല. മധ്യപ്രദേശിൽ നേടിയത് ഒരു സീറ്റ്. ഛത്തീസ്ഗഡിൽ രണ്ട് സീറ്റ്. ഇതെല്ലാം നേരിട്ട് അനുഭവിക്കേണ്ടി വന്നൊരു പാർട്ടിക്ക് എങ്ങനെയാണ് മതിമറന്ന് ആഹ്ലാദിക്കാൻ സാധിക്കുക?

ഇവിടെ ശ്രീ. രാഹുൽ ഗാന്ധി സ്ഥാനാർത്ഥിയായി വന്നു. ഒരു രാഷ്ട്രീയ ചോദ്യം മാത്രമേ ഞങ്ങൾ അപ്പോൾ ചോദിച്ചുള്ളൂ. നിങ്ങൾ ഇവിടെ സ്ഥാനാർത്ഥിയായി വന്ന് മത്സരിക്കുന്നത് ആരോട്? ഇടതുപക്ഷ ജനാധിപത്യ മുന്നണിയോട്. നിങ്ങൾ രാജ്യത്തിന് നൽകുന്ന സന്ദേശമെന്ത്? ഈ മത്സരത്തിലൂടെ രാജ്യത്തിന് നൽകുന്ന സന്ദേശം ഇടതുപക്ഷത്തെയാണ് പരാജയപ്പെടുത്തേണ്ടതെന്നാണ്. ഇത്തരമൊരു സന്ദേശമാണോ രാജ്യത്തിന് നൽകേണ്ടത്; ബി.ജെ.പി.ക്കെതിരെ ശക്തമായൊരു മത്സരം നടത്തേണ്ട ഘട്ടത്തിൽ അവരെയല്ലേ നിങ്ങൾ എതിർക്കാൻ തയ്യാറാകേണ്ടത്; അതിനുപകരം ഇടതുപക്ഷത്തെയാണോ എതിർക്കാൻ വരേണ്ടത്? ഇത്രയേ ഞങ്ങൾ പരസ്യമായി പറഞ്ഞുള്ളൂ. പ്രധാനമന്ത്രിയാകാൻ പോകുന്നൊരു സ്ഥാനാർത്ഥി വടക്കേ ഇന്ത്യയിലും തെക്കേ ഇന്ത്യയിലും മത്സരിക്കുക. അങ്ങനെ ഇന്ത്യയുടെ ഒരു ഏകീകൃതരൂപം ബഹുജനസമക്ഷം അവതരിപ്പിക്കുന്നതിനുവേണ്ടിയായിരുന്നോ? എല്ലാ പ്രദേശത്തെയും ഒരുപോലെ കാണുന്നതിനായിരുന്നോ? അമേഠിയെക്കുറിച്ചുള്ള ശരിയായ ഭയം, അതായിരുന്നില്ലേ അദ്ദേഹം ഇവിടെ വരാൻ ഇടയാക്കിയത്. യഥാർത്ഥത്തിൽ ഒരു സീറ്റുതേടി വന്നതാണ് അദ്ദേഹം. അങ്ങനെയുള്ള ഒരാളെ സ്വാഭാവികമായും കോൺഗ്രസ് പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി അവതരിപ്പിച്ചു. ഇപ്പോൾ കോൺഗ്രസിന് പ്രതിപക്ഷ നേതൃസ്ഥാനം കിട്ടുമോ ഇല്ലയോ എന്നുള്ളത് ഉറപ്പിച്ചുപറയാൻ കഴിയാത്ത അവസ്ഥയാണ്. അതിനടുത്തെത്തി നിൽക്കുകയാണ്. ബി.ജെ.പി.-യുടെ ഔദാര്യംകൂടി ഉണ്ടായാലേ പ്രതിപക്ഷ നേതൃസ്ഥാനം ലഭിക്കൂ എന്ന അവസ്ഥയാണ് സാങ്കേതികമായി വന്നുനിൽക്കുന്നത്. ഇത്തരമൊരു അവസ്ഥ കോൺഗ്രസിന് ഏതെങ്കിലും തരത്തിൽ ആഹ്ലാദിക്കാൻ വകനൽകുന്ന ഒന്നല്ല. യു.ഡി.എഫ്. വിജയത്തിന്റെ നേരവകാശി യഥാർത്ഥത്തിൽ തങ്ങളാണെന്നമട്ടിൽ നേരത്തെ മുസ്ലീംലീഗ് പ്രതിനിധികൾ ചില പ്രതികരണങ്ങൾ നടത്തുകയുണ്ടായി. കോൺഗ്രസിനോടൊപ്പം നിൽക്കുന്ന പാർട്ടിയെന്ന നിലയ്ക്ക് മുസ്ലീംലീഗ് നല്ല

പങ്കാണ് ഇക്കാര്യത്തിൽ വഹിച്ചിട്ടുള്ളത്. യു.എ.ഇ. പരിപാടിയിൽ ശ്രീ. രാഹുൽ ഗാന്ധിയെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി അവതരിപ്പിക്കുന്നതിൽ കോൺഗ്രസിനേക്കാളും വാശിയോടെ പ്രവർത്തിച്ചിരുന്നത് മുസ്ലീം ലീഗായിരുന്നല്ലോ. ചില രാഷ്ട്രീയ മോഹങ്ങൾ അതിന്റെ കൂടെയുണ്ടാകുമെന്നത് വേറെകാര്യം. അത് സ്വാഭാവികമായി ഉണ്ടാകുന്നതാണ്. പക്ഷേ, തെരഞ്ഞെടുപ്പ് വന്നപ്പോൾ ഏതെല്ലാം തരത്തിലുള്ള വഴിവിട്ട പ്രചരണരീതികൾ സ്വീകരിച്ചു; നിലവിട്ടുള്ള പ്രചരണ രീതികളിലേയ്ക്ക് കടന്നില്ലേ; ആളുകളെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമം നടന്നില്ലേ; ജമാഅത്തെ ഇസ്ലാമിയെയും എസ്.ഡി.പി.ഐ.-യെയും എങ്ങനെയാണ് കൂടെ നിർത്താൻ കഴിയുന്നത്; ഇതൊന്നും സാധാരണ നിലയ്ക്ക് പ്രതീക്ഷിക്കാൻ കഴിയാത്തതാണല്ലോ. മുസ്ലീം ബഹുജനങ്ങളിൽ ഉണ്ടാകുന്ന വളരെ ചെറിയ തോതിലുള്ള തെറ്റായ തീവ്രവാദചിന്തയുടെ പ്രഭവസ്ഥാനം എവിടെയാണ്; ആ പ്രഭവസ്ഥാനക്കാരെ കൂടെക്കൂട്ടേണ്ടതുണ്ടായിരുന്നോ; ജയിക്കുന്നതും തോൽക്കുന്നതും വേറെ കാര്യം. ജയിക്കുന്നതിനുവേണ്ടി ഇത്തരം ആളുകളെ കൂടെക്കൂട്ടാമോ; മുസ്ലീം ബഹുജനങ്ങളിലെ നിർണ്ണായക ശക്തിയായ വിഭാഗങ്ങൾ എങ്ങനെയാണ് ജമാഅത്തെ ഇസ്ലാമിയെയും എസ്.ഡി.പി.ഐ.-യെയും കാണുന്നത്; സാധാരണഗതിയിൽ അവരെ കൂടെക്കൂട്ടാൻ അത്തരം സംഘടനകൾ സന്നദ്ധമാണോ; തെരഞ്ഞെടുപ്പിൽ സീറ്റ് വർദ്ധിപ്പിക്കാനും വോട്ട് വർദ്ധിപ്പിക്കാനും ഏത് കൂട്ടരുമാകാം എന്ന നിലയിലേയ്ക്കല്ലേ നിങ്ങൾ മാറിയത്? ഇവിടെ തീവ്രവാദഭീഷണി നിലനിൽക്കുന്നൊരു ഘട്ടത്തിൽ തീവ്രവാദി വിഭാഗങ്ങളെ കൂടെക്കൂട്ടുകയാണോ വേണ്ടത്? ഇതിനോടൊപ്പം പ്രത്യേകമായ വികാരം ഇളക്കിവിടാനുള്ള ശ്രമവും ഉണ്ടായില്ലേ? ഇവിടെ ഞങ്ങൾക്ക് വോട്ട് ചെയ്തിരുന്ന, ഞങ്ങളോടൊപ്പം നിന്നിരുന്ന ഒരു വിഭാഗത്തെ തെറ്റിദ്ധരിപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞു എന്നുപറയുമ്പോൾ അതിന് പ്രത്യേക കാരണമായി വന്നത് രാജ്യത്തിന്റെ സാഹചര്യമാണ്. രാജ്യത്ത് ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഭരണം, സംഘ്പരിവാർ അഴിഞ്ഞാടുന്ന അവസ്ഥ, അഴിഞ്ഞാടുന്ന സംഘ്പരിവാറിന് എല്ലാ സംരക്ഷണവും കൊടുക്കുന്ന നില, ഈ സ്ഥിതി വല്ലാത്തൊരു ഭയത്തിലേയ്ക്ക് മതനിരപേക്ഷ ശക്തികളെയും മതന്യൂനപക്ഷ വിഭാഗങ്ങളെയും എത്തിക്കുന്നു. പലവിധത്തിലുള്ള ആക്രമണങ്ങൾ രാജ്യത്തിന്റെ പലഭാഗങ്ങളിലും നടക്കുകയുണ്ടായി, അപ്പോൾ ശ്രീ. നരേന്ദ്ര മോദി വരാതിരിക്കണം, ഞങ്ങളുടെ ഇന്നത്തെ അവസ്ഥവച്ച് ഇന്ത്യയിൽ നേരത്തെ ഞങ്ങൾ പ്രധാന ശക്തിയല്ല, ചിലയിടങ്ങളിലാണ് ഞങ്ങളുണ്ടായിരുന്നത്. ഇപ്പോഴത്തെ പ്രത്യേക നിലവച്ച് ഞങ്ങൾക്ക് ഇന്ത്യയിൽ ഒരു പ്രധാന ശക്തിയാകാൻ കഴിയില്ലെന്നത് എല്ലാവർക്കുമറിയാം. ഞങ്ങളുടെ കൂടെ നിൽക്കുന്ന ജനവിഭാഗങ്ങളുടെ ഏറ്റവും വലിയ ഒറ്റകക്ഷിയായി കോൺഗ്രസ് വരണം, ഇവിടെ ഇടതുപക്ഷ ജനാധിപത്യ

മുന്നണി സ്ഥാനാർത്ഥിക്ക് സാധാരണഗതിയിൽ നിങ്ങൾ വോട്ടു ചെയ്യുന്നവരായിരിക്കും, നിങ്ങൾ ഇത്തവണ ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്താൽ അതിന്റെ ഫലം കോൺഗ്രസിന് ഏറ്റവും വലിയ ഒറ്റക്കക്ഷിയാകാൻ കഴിഞ്ഞില്ലെന്നായിരിക്കും. കോൺഗ്രസിന് ഏറ്റവും വലിയ ഒറ്റക്കക്ഷിയാകാൻ കഴിഞ്ഞില്ലെങ്കിൽ, ബി.ജെ.പി. ഏറ്റവും വലിയ ഒറ്റക്കക്ഷിയായാൽ ഇന്ത്യൻ പ്രസിഡന്റ് ശ്രീ. നരേന്ദ്ര മോദിയെയായിരിക്കും ഗവൺമെന്റ് രൂപീകരിക്കാൻ ക്ഷണിക്കുക. സ്വാഭാവികമായും അത്തരമൊരു സാഹചര്യം ഒഴിവാക്കണമെന്ന് അവരെല്ലാം ആഗ്രഹിച്ചു. അതിന്റെ ഭാഗമായി നല്ല രീതിയിൽ ഇവരോടൊപ്പം അവരെ അണിനിരത്താൻ കഴിഞ്ഞു. ശ്രീ. നരേന്ദ്ര മോദി വീണ്ടും അധികാരത്തിലെത്തുമോയെന്ന് ഭയന്ന ആ പാവങ്ങൾ തൽക്കാലം ഞങ്ങളെ ഉപേക്ഷിച്ചു. അങ്ങനെയാണ് ഇവർക്ക് വോട്ട് ചെയ്യുന്ന സാഹചര്യം വന്നത്. ആ പാവങ്ങൾ ഇന്ന് യഥാർത്ഥ സാഹചര്യം തിരിച്ചറിയുകയാണ്. ഒരു രീതിയിൽ തങ്ങൾ തെറ്റിദ്ധരിപ്പിക്കപ്പെട്ടു എന്നവർ തിരിച്ചറിയുകയാണ്. ആ തിരിച്ചറിഞ്ഞ കാര്യം പറഞ്ഞുകേട്ടിട്ടാണ് നേരത്തെ ഇവിടെ പലരും സംസാരിച്ചത്. ആ തിരിച്ചറിവ് എത്രവലിയ തിരിച്ചടിയായി വരുമെന്ന് വിദൂരമല്ലാത്ത ഭാവിയിൽ യു.ഡി.എഫ്.- ന് ബോധ്യമാകും, അതിന് അധിക നാളുകളൊന്നും വേണ്ട. ഇവിടെ ശബരിമലയെക്കുറിച്ച് ചില കാര്യങ്ങൾ പറയുകയുണ്ടായി. ശബരിമല വിഷയം ഞങ്ങൾ കൈകാര്യം ചെയ്തത് പാളിപ്പോയെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ച് പുറപ്പെടുവിച്ച വിധി ഒരു സംസ്ഥാന സർക്കാർ നടപ്പിലാക്കില്ല എന്ന സമീപനം സ്വീകരിക്കാനാകുമോ? നിയമവാഴ്ച നിലനിൽക്കുന്ന നമ്മുടേതുപോലെയുള്ള ഒരു രാജ്യത്ത് അത്തരമൊരു നിലപാട് സ്വീകരിക്കാൻ ഒരു ഗവൺമെന്റിനും കഴിയുകയില്ല. മുഖ്യമന്ത്രി സ്ഥാനത്ത് ആരിരിക്കുന്നുവെന്നുള്ളതല്ല, ഇവിടെയിരിക്കുന്ന ആര് മുഖ്യമന്ത്രിയായാലും ഇവിടെയില്ലാത്തയാൾ മുഖ്യമന്ത്രിയായാലും ഞങ്ങളുടെ നിലപാട് മാത്രമേ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. സ്ത്രീ പ്രവേശനത്തിന്റെ കാര്യത്തിൽ, സംസ്ഥാന സർക്കാർ ധൃതി കാണിച്ചുവെന്നാണ് പറയുന്നത്. എന്താണ് ഞങ്ങൾ കാണിച്ച ധൃതി, ബഹുമാനപ്പെട്ട സുപ്രീംകോടതി സ്ത്രീ പ്രവേശനം അനുവദിക്കുന്നു, അങ്ങനെ അനുവദിച്ച ഘട്ടത്തിൽ ശബരിമലയിൽ സ്ത്രീകളെ കൊണ്ടുപോകണമെന്ന മട്ടിൽ അവരെ എത്തിക്കാനുള്ള എന്തെങ്കിലും പ്രത്യേക നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായോ? അങ്ങനെയുണ്ടായെങ്കിൽ അതിനെ സംസ്ഥാന സർക്കാർ ധൃതി കാണിച്ചതാണെന്ന് പറയാമായിരുന്നു. ഇവിടെ നേരത്തെ ബഹുമാന്യരായ ചില അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ അത്തരത്തിലുള്ള ഒരു ശ്രമവും ഉണ്ടായില്ല. ഇവിടെ നാം കാണേണ്ട വസ്തുത, വിധിയുടെ അടിസ്ഥാനത്തിൽ

സ്വയമേവ ശബരിമല ദർശനത്തിനായി തയ്യാറായി വരുന്ന സ്ത്രീകൾ, അവരെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിക്കുശേഷം സംസ്ഥാന സർക്കാരിന് തടയാനാകുമോ? അങ്ങനെ സ്വയം ശബരിമല ദർശനത്തിന് വരുന്ന സ്ത്രീയെ തടഞ്ഞാൽ അത് കോടതിവിധി നിരാകരിക്കലും കോടതിയലക്ഷ്യവും ആകില്ലേ? സാധാരണ നിലയ്ക്ക് സർക്കാരിന് അത് ചെയ്യാൻ സാധിക്കുമോ? ഇവിടെ സർക്കാർ എന്താണ് ചെയ്തത്; അങ്ങനെ വന്ന ചില സ്ത്രീകളെ ആക്രമിക്കാൻ സംഘ്പരിവാറിന്റെ നേതൃത്വത്തിലുള്ള ഒരു സംഘം തയ്യാറായപ്പോൾ ആ സ്ത്രീകൾക്ക് സംരക്ഷണം നൽകിയിട്ടുണ്ട്. അത് കോടതിവിധിയുടെ സ്പിരിറ്റ് നടപ്പിലാക്കൽ തന്നെയാണ്, അത് സർക്കാരിന്റെ ബാധ്യതയാണ്. കോടതിവിധി മാനിക്കലാണ് അതിലൂടെ ഉണ്ടായിട്ടുള്ളത്. സ്ത്രീകളുടെ അവകാശസംരക്ഷണ പ്രശ്നത്തിൽ ഞങ്ങൾക്ക് വ്യക്തമായ നിലപാടുണ്ട്. പുരുഷന് തുല്യമായ അവകാശം സ്ത്രീക്കുമുണ്ട്. "ന സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്ന കാലം കഴിഞ്ഞുപോയെന്ന് എല്ലാപേരും ഓർക്കണം, ആ കാലം തിരിച്ചുകൊണ്ടുവരാൻ കഴിയുമെന്ന് ആരും വ്യാമോഹിക്കരുത്. ശബരിമല പ്രശ്നത്തിൽ കോടതിവിധിയുണ്ടായി. അത് ഞങ്ങൾ മാനിക്കുന്നു. ഞങ്ങൾ നേരത്തെ വ്യക്തമാക്കിയ കാര്യമുണ്ട്, കോടതി ഇനി അത് മാറ്റി വിധിക്കുന്നുവെന്ന് വയ്ക്കുക; അപ്പോൾ ആ വിധിയോടൊപ്പമായിരിക്കും ഞങ്ങൾ, അത് കോടതിവിധി മാനിക്കലാണ്. പക്ഷേ, സ്ത്രീയുടെ അവകാശ സംരക്ഷണത്തിനോടൊപ്പം ഭാവിയിലും സർക്കാർ ഉണ്ടാകുകതന്നെ ചെയ്യും. സ്ത്രീയുടെ അവകാശത്തെ ഹനിക്കാൻ പുറപ്പെട്ടാൽ അത് അനുവദിക്കാനാകില്ല, അതിനെതിരെ ശക്തമായ നടപടിയുണ്ടാകും.

ഇവിടെ നാടിന്റെ പൊതു അന്തരീക്ഷത്തെ മാറ്റാനുള്ള ശ്രമമാണുണ്ടായത്. നവോത്ഥാന മൂല്യങ്ങൾ അട്ടിമറിക്കാനും മതനിരപേക്ഷതയ്ക്ക് പോറലേല്പിക്കാനുമുള്ള ശ്രമമുണ്ടായി. വർഗ്ഗീയശക്തികൾ ഇളകിയാടി വരുന്നതാണ് നാം കണ്ടത്. അവരുടെ അജണ്ട നടപ്പാക്കാനായി വിധേയപ്പെട്ട് പഞ്ചപുച്ഛമടക്കി നിൽക്കുന്ന ഒരു സർക്കാരായിരുന്നു അവർക്ക് വേണ്ടിയിരുന്നത്. ആ ദുരുപദിഷ്ടനീക്കത്തെ ശക്തമായി പ്രതിരോധിച്ചിട്ടുണ്ട്. എന്നിലർപ്പിതമായ ഉത്തരവാദിത്വം വച്ച് ആ പ്രതിരോധത്തിന്റെ മുമ്പിൽ ഞാൻ നിന്നിട്ടുമുണ്ട്. എനിക്ക് ഒന്നേ പറയാനുള്ളൂ, അത് ധാർഷ്ട്യമാണെങ്കിൽ അത് ഇനിയും ആവർത്തിക്കുക തന്നെ ചെയ്യും. നവോത്ഥാനമൂല്യങ്ങൾ തകർക്കാനുള്ള നീക്കങ്ങൾ ഇനിയുമുണ്ടായാൽ കൂടുതൽ ശക്തിയോടെ അതിനെ പ്രതിരോധിക്കും. നവോത്ഥാന മൂല്യസംരക്ഷണത്തിനായി ആ പാരമ്പര്യമുള്ള എല്ലാ സംഘടനകളും അണിനിരന്നു. നവോത്ഥാന സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ വനിതാ മതിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചപ്പോൾ മഹിളാ സംഘടനകൾകൂടി അതിന്റെ സംഘാടകരായി വരികയും 50 ലക്ഷം

സ്ത്രീകൾ അണിനിരക്കുകയും ചെയ്തു. അതിന്റെയെല്ലാം ഭാഗമായി കേരളത്തെ ഒരു വർഗ്ഗീയക്കളമാക്കി മാറ്റാനുള്ള ശ്രമത്തെ പ്രതിരോധിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. നാടിനെ ആപത്തിലേയ്ക്ക് നയിക്കാൻ ക്ഷുദ്രശക്തികൾ ശ്രമിക്കുമ്പോൾ അതിനെ തടയാനാണ് നാടിനോട് താല്പര്യമുള്ളവർ ശ്രമിക്കേണ്ടത്. അതിനാണ് ഞങ്ങൾ ശ്രമിച്ചത്. അതിനായി ഞങ്ങളോടൊപ്പം അണിനിരന്ന എല്ലാവരോടും നന്ദിയുണ്ട്. നവോത്ഥാന സംരക്ഷണ പ്രവർത്തനങ്ങൾ ഇനിയും തുടരും. നവോത്ഥാന മൂല്യങ്ങൾ തകർക്കാനുള്ള നീക്കങ്ങൾ അവസാനിക്കുന്നതുവരെ ഇത് തുടരുന്നതോടൊപ്പം നവോത്ഥാന മൂല്യങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്യും. ശബരിമല വിഷയം വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുന്നതിനായി വ്യാപകമായി ഉപയോഗിക്കാനുള്ള ശ്രമം നടന്നിട്ടുണ്ട്. ഞങ്ങൾ വിശ്വാസത്തിനോ വിശ്വാസികൾക്കോ എതിരല്ല എന്നകാര്യം നേരത്തെതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഏതൊരാളുടെയും വിശ്വാസത്തിനനുസരിച്ച് ജീവിക്കാനുള്ള അവകാശത്തിനായാണ് ഞങ്ങൾ നിലകൊള്ളുന്നത്. അവയ്ക്ക് സംരക്ഷണം നൽകുക എന്നതാണ് സർക്കാരിന്റെ സമീപനം. എന്നാൽ വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമം വലിയതോതിൽ ഇവിടെയുണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് 'ചിദാനന്ദപുരി' സ്വാമിയെപ്പോലുള്ള ചില സന്യാസ വേഷധാരികൾ രണ്ടിടത്തൊഴികെ കോൺഗ്രസിനും യു.ഡി.എഫ്. -നും വോട്ട് ചെയ്യണമെന്ന് പരസ്യമായി ആഹ്വാനം ചെയ്തത്. അത്തരം നീക്കങ്ങളെ വൻതോതിൽ പ്രതിരോധിക്കാൻ ഞങ്ങൾ ശ്രമിച്ചെങ്കിലും ഏതെങ്കിലും കൂട്ടർ തെറ്റിദ്ധരിക്കപ്പെട്ടതിന്റെ ഭാഗമായി ഞങ്ങൾക്കെതിരെ നിലപാടെടുത്തിട്ടുണ്ടോ എന്നകാര്യം താഴെത്തട്ടിലടക്കം ഞങ്ങൾ പരിശോധിക്കുകതന്നെ ചെയ്യും. അതിന്റെ ഭാഗമായി ആവശ്യമായ നടപടി സ്വീകരിക്കും.

ശബരിമലയെ അതിന്റെ പ്രൗഢിക്കനുസരിച്ച് ഉയർത്താനുള്ള തീരുമാനമാണ് സർക്കാർ സ്വീകരിക്കുന്നത്. ശബരിമലയുടെ വികസന പ്രവർത്തനങ്ങൾക്കായി മാത്രം 2019-20 ബഡ്ജറ്റിൽ 767 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ശബരിമല പ്രവൃത്തികൾക്കായുള്ള 739 കോടി രൂപയും മാസ്റ്റർപ്ലാനിനായുള്ള 28 കോടി രൂപയും ചേർത്ത തുകയാണിത്. ശബരിമല തീർത്ഥാടകരുടെ ഇടത്താവളങ്ങളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിനായി കിഫ്ബിയിൽ നിന്നും 150 കോടി രൂപ അനുവദിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അങ്ങനെ നോക്കിയാൽ ആകെ 917 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടക്കുന്നത്. ശബരിമലയുടെ വികസന പ്രവർത്തന ങ്ങൾക്കായി സർക്കാർ വകയിരുത്തിയിട്ടുള്ള പണം ഉപയോഗിച്ച് നിർമ്മാണ

പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ചീഫ് സെക്രട്ടറി ചെയർമാനായും വിവിധ വകുപ്പുകളുടെ സെക്രട്ടറിമാർ അംഗങ്ങളായുമുള്ള ഒരു ഗവേണിംഗ് ബോഡിയും ദേവസ്വം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായുള്ള നിർവ്വഹണ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ശബരിമലയുടെ നിർമ്മാണ പ്രവൃത്തികൾ അന്തർദ്ദേശീയ നിലവാരത്തിലുള്ള ഏജൻസികളെക്കൊണ്ട് നടപ്പാക്കുന്നതിനായി പ്രത്യേക S.P.V (Special Purpose Vehicle) രൂപീകരിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നുണ്ട്. കഴിഞ്ഞ മണ്ഡല-മകരവിളക്ക് കാലത്തുണ്ടായ വരുമാനക്കുറവ് നികത്താനായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് 100 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ശബരിമല മാസ്റ്റർപ്ലാൻ പ്രവൃത്തികൾക്കായി 65,18,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. അടുത്ത മണ്ഡലകാലം ആകുമ്പോഴേക്കും കൂടുതൽ സൗകര്യങ്ങളുള്ള ശബരിമലയാണ് ലക്ഷ്യമിടുന്നത്.

ചില വലതുപക്ഷ മാധ്യമങ്ങൾ എന്തൊരു വാശിയിലായിരുന്നു പ്രചാരവേല അഴിച്ചുവിട്ടതെന്ന് ഈ തെരഞ്ഞെടുപ്പിൽ കാണാൻ കഴിഞ്ഞ വസ്തുതയാണ്. അതിന്റെ ഭാഗമായി യു.ഡി.എഫ്.- ന് കേരളത്തിൽ വിജയിക്കാനുള്ള പശ്ചാത്തലം ഒരുക്കുന്ന രീതിയിലാണ് അവർ കാര്യങ്ങൾ നീക്കിയത്. അതിലൊന്നായിരുന്നു ചെർപ്പുളശ്ശേരിയിലെ പാർട്ടി ഓഫീസുമായി ബന്ധപ്പെട്ട് പീഡനം നടന്നുവെന്നുള്ള വാർത്ത. ആ തലക്കെട്ട് ആവർത്തിച്ചുകൊണ്ടേയിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച പ്രളയം സംബന്ധിച്ച അമിക്കസ്ക്യൂറി റിപ്പോർട്ടും അതുപോലെ തന്നെയായിരുന്നു. അത് ഒരു അഡ്വക്കേറ്റിന്റെ തോന്നലിന്റെ ഭാഗമായുള്ള റിപ്പോർട്ടാണെങ്കിലും കോടതി വിധിപോലെയാണ് മാധ്യമങ്ങൾ അതിനെ ചിത്രീകരിക്കാൻ തയ്യാറായത്. ഓച്ചിറയിൽ നാടോടി പെൺകുട്ടിയെ കാണാതായ സംഭവവും ഇത്തരത്തിലുള്ളതായിരുന്നു. അക്കാര്യത്തിലും രാഷ്ട്രീയമാനം ചാർത്തി ആക്രമിക്കാനുള്ള ശ്രമം നടന്നു. എന്നാൽ കമിതാക്കൾ ഒളിച്ചോടിപ്പോയ സംഭവമായിരുന്നു അതെന്ന് പിന്നീടാണ് വ്യക്തമായത്.

ഇന്നലെ ഇവിടെ ചർച്ച ചെയ്യുന്നതും ചോദ്യോത്തരവേളയിൽ വലിയ സമയമെടുത്തതുമായ കിഫ്ബി മസാല ബോണ്ടിനെക്കുറിച്ച് എന്തെല്ലാം തരത്തിലുള്ള കഥകളാണ് പ്രചരിപ്പിച്ചത്. ഈ പറഞ്ഞ മസാലാ ബോണ്ട് വിവാദം കത്തിക്കാൻ കേരളത്തിലെ പ്രധാനപ്പെട്ട മാധ്യമങ്ങളിലൊന്നായ 'മലയാള മനോരമ' ഏപ്രിൽ 8 എന്ന ഒറ്റ ദിവസം 6 വാർത്തയാണ് കൊടുത്തത്. മാർച്ച് 4-ന് പുറത്തിറങ്ങിയ 'മലയാള മനോരമ'യിലെ പ്രധാന തലക്കെട്ട് 'പബ്ലിക് സർവ്വീസ് കമ്മീഷൻ സുപ്രധാന നിയമനങ്ങൾ കൈവിട്ടു' എന്നായിരുന്നു. ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുടെ പ്രതീക്ഷയായ സർവ്വകലാശാല,

പൊതുമേഖല, കോർപ്പറേഷൻ എന്നിവയിലേയ്ക്കുള്ള അസിസ്റ്റന്റ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി.യിൽ നിന്നും എടുത്തുമാറ്റി ഏജൻസിക്ക് നൽകാൻ നീക്കം നടത്തുന്നുവെന്നാണ് വാർത്തയിലുണ്ടായിരുന്നത്.

കഴിഞ്ഞ ആയിരം ദിവസംകൊണ്ട് ഒരു ലക്ഷംപേർക്ക് തൊഴിൽ നൽകി എന്ന് സർക്കാർ കണക്കുകൾ സഹിതം വ്യക്തമാക്കിയതിന് തൊട്ടുപിന്നാലെയാണ് മലയാള മനോരമ ദിനപ്പത്രം ഇത്തരമൊരു വാർത്തയുമായി വന്നത്. അതിന് സാധൂകരണം നൽകാൻ ഭരണപരിഷ്കാര കമ്മീഷൻ അംഗം ശ്രീമതി ഷീലാ തോമസിന്റെ പേരുകൂടി മലയാള മനോരമ ദിനപ്പത്രം എടുത്തിട്ടു. അങ്ങനെയൊരു ആലോചനപോലും പി.എസ്.സി.-യിലോ സർക്കാർതലത്തിലോ നടന്നിട്ടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണിയെ ഒരുഭാഗത്തും മറ്റുള്ളവരെയെല്ലാം വേറൊരുഭാഗത്തും അണിനിരത്തിയുള്ള ഒരു പ്രചാരണ രീതിയാണ് നമുക്ക് കാണാൻ കഴിഞ്ഞത്. കനത്ത തിരിച്ചടിയേറ്റുവെന്ന് പറയുമ്പോഴും ഇത്തരത്തിലുള്ള ഒരു പരാജയം ആദ്യമായിട്ടല്ല ഞങ്ങൾക്ക് ഏൽക്കേണ്ടി വരുന്നത്. വിവിധ ഘട്ടങ്ങളിൽ ഞങ്ങൾക്ക് പരാജയം ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട്. 1977-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് പൂജ്യം സീറ്റാണുണ്ടായിരുന്നത്. പക്ഷേ 1980-ലെ തെരഞ്ഞെടുപ്പിൽ അത് 12 സീറ്റായി മാറി. നിയമസഭയിൽ 29 സീറ്റ് ലഭിച്ചു, അതിലായിരുന്നു ലീഡുണ്ടായിരുന്നത്. നിയമസഭാ തെരഞ്ഞെടുപ്പിൽ 94 സീറ്റായി വർദ്ധിക്കുന്ന അവസ്ഥയുംവന്നു. 1984-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ആകെ ലഭിച്ചത് 3 സീറ്റും തൊട്ടുപിന്നാലെ 1987-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ 78 സീറ്റുമാണ്. 1989-ൽ ലോക്സഭയിൽ എൽ.ഡി.എഫ്.-ന് 3 സീറ്റ് ലഭിച്ചു. പക്ഷേ, ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പിൽ മലപ്പുറമൊഴികെ എല്ലാ ജില്ലയിലും എൽ.ഡി.എഫ്. വിജയിച്ചു. 1991-ൽ ലോക്സഭയിൽ എൽ.ഡി.എഫ്.-ന് 4 സീറ്റ് ലഭിച്ചു. നിയമസഭയിൽ അത് 49 ആയി ചുരുങ്ങി. 1998-ലും 1999-ലും ലോക്സഭാ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് 9 സീറ്റാണ് ലഭിച്ചത്. എന്നാൽ 2000-ത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിൽ അതിഗംഭീര വിജയം നേടാൻ എൽ.ഡി.എഫ്.-ന് കഴിഞ്ഞു. 2001-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. 100 മണ്ഡലങ്ങളിൽ ജയിച്ചു. പക്ഷേ, 3 വർഷത്തിനുശേഷം ലോക്സഭാ തെരഞ്ഞെടുപ്പ് വന്നപ്പോൾ ഇരുപതിൽ പതിനെട്ട് സീറ്റ് എൽ.ഡി.എഫിന് ലഭിച്ചു. 2006-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ 97 നിയമസഭാ സീറ്റ് എൽ.ഡി.എഫ്.-ന് ലഭിച്ചു. 2009-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് 4 സീറ്റ് ലഭിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിലും യു.ഡി.എഫ്.- ന് നേട്ടമുണ്ടായി. പക്ഷേ, നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയത്തോടടുത്ത പരാജയമായിരുന്നു, 68

സീറ്റായിരുന്ന എൽ.ഡി.എഫ്.-ന് ലഭിച്ചത്. 2014-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് 8 സീറ്റ് ലഭിച്ചു. നിയമസഭാ തെരഞ്ഞെടുപ്പിൽ 91 സീറ്റ് നേടി എൽ.ഡി.എഫ്. അധികാരത്തിൽ വന്നു. ഒറ്റ സീറ്റും ലോക്സഭാ തെരഞ്ഞെടുപ്പിൽ ലഭിക്കാതിരുന്ന സാഹചര്യത്തിൽ അതിനെ മറികടന്ന് 2014-ലെ തെരഞ്ഞെടുപ്പിൽ 18 സീറ്റ് എന്ന നിലയിലേയ്ക്ക് എൽ.ഡി.എഫ്. വളർന്നു. ഈ തെരഞ്ഞെടുപ്പ് പരാജയമാണ്. എന്നാൽ അതോടെ എല്ലാം അവസാനിച്ചു പോകുന്ന ഒന്നല്ല എൽ.ഡി.എഫ്. ഈ പരാജയത്തെ ഞങ്ങൾ ഗൗരവമായി കാണുന്നു. ഇതിന്റെ എല്ലാ അംശങ്ങളും പൂർണ്ണമായി ഉൾക്കൊള്ളുന്നു. ഞങ്ങളോട് ഏതെങ്കിലും തരത്തിലുള്ള അകൽച്ച, ഞങ്ങൾക്ക് വോട്ടുചെയ്യാത്ത ഞങ്ങളോടൊപ്പമുള്ള ജനവിഭാഗങ്ങൾക്കും ഇല്ലെന്നുള്ളതാണ് പ്രത്യേകത. തെരഞ്ഞെടുപ്പിന്റെ പ്രചാരണഘട്ടമടക്കം എല്ലാ സമയത്തും നമ്മുടെ സംസ്ഥാനത്ത് കണ്ട ഒരു പ്രത്യേകത, സംസ്ഥാന സർക്കാരിനെതിരെയുള്ള ഒരു വികാരമോ ഏതെങ്കിലും തരത്തിലുള്ള പ്രത്യേകമായ എതിർപ്പോ ഉണ്ടായിട്ടില്ല എന്നതാണ്. ഞങ്ങൾ നവകേരളം സൃഷ്ടിക്കാൻ തന്നെയാണ് ലക്ഷ്യമിടുന്നത്. അതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നത്, ഒരു സംശയവുമില്ല. ആ പ്രവർത്തനങ്ങളോടൊപ്പം കേരളമാകെ ഒറ്റക്കെട്ടായി ഞങ്ങളുടെ പിന്നിലുണ്ടാകും എന്നുതന്നെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്, അതിനായുള്ള പ്രവർത്തനമായിരിക്കും ഞങ്ങൾ നടത്തുക. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ II

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

മി. സ്പീക്കർ: സർവ്വശ്രീ എൻ. ഷംസുദ്ദീൻ, കെ. സി. ജോസഫ്, കെ. എൻ. എ. ഖാദർ, വി. എസ്. ശിവകുമാർ, എൽദോസ് പി. കുന്നപ്പിള്ളിൽ, സണ്ണി ജോസഫ്, വി. ഡി. സതീശൻ, മഞ്ഞളാംകുഴി അലി, എം. വിൻസെന്റ്, എം. ഉമ്മർ, പി.കെ. ബഷീർ, അബ്ദുൽ ഹമീദ്. പി., തിരുവഞ്ചൂർ രാധാകൃഷ്ണൻ, അൻവർ സാദത്ത്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ II-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-20 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ..........

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. പി. വി. അൻവർ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. എൽദോ എബ്രഹാം

16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. വി. ജോയി
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. എം. എം. മണി
32. ശ്രീ. മാത്യു ടി. തോമസ്
33. ശ്രീ. കെ. ജെ. മാക്സി
34. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
35. ശ്രീ. എ. സി. മൊയ്തീൻ
36. ശ്രീ. മുഹമ്മദ് മുഹസിൻ പി.
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു

40. ശ്രീ. എം. നൗഷാദ്
41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ്കുമാർ
43. ശ്രീ. കെ. ഡി. പ്രസേനൻ
44. ശ്രീമതി യു. പ്രതിഭ
45. ശ്രീ. പുരുഷൻ കടലുണ്ടി
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. കെ. രാജു
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. ആർ. രാമചന്ദ്രൻ
54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. സജി ചെറിയാൻ
59. ശ്രീ. എ. കെ. ശശീന്ദ്രൻ
60. ശ്രീ. സി. കെ. ശശീന്ദ്രൻ
61. ശ്രീ. പി. കെ. ശശി
62. ശ്രീ. വി. ശശി
63. ശ്രീ. ഐ. ബി. സതീഷ്

64. ശ്രീ. ബി. സത്യൻ
65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
67. ശ്രീ. ജി. സുധാകരൻ
68. ശ്രീ. വി. എസ്. സുനിൽ കുമാർ
69. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
70. ശ്രീ. എം. സ്വരാജ്
71. ശ്രീ. പി. തിലോത്തമൻ
72. ശ്രീ. തോമസ് ചാണ്ടി
73. ഡോ. ടി. എം. തോമസ് ഐസക്
74. ശ്രീ. പി. ഉണ്ണി
75. ശ്രീമതി വീണാ ജോർജ്ജ്
76. ശ്രീ. ഇ. കെ. വിജയൻ
77. ശ്രീ. പിണറായി വിജയൻ
78. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അനിൽ അക്കര
2. ശ്രീ. അനൂപ് ജേക്കബ്
3. ശ്രീ. അൻവർ സാദത്ത്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. പി. കെ. ബഷീർ
6. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
7. ഡോ. എൻ. ജയരാജ്
8. ശ്രീ. കെ. സി. ജോസഫ്

9. ശ്രീ. പി. ജെ. ജോസഫ്

10. ഡോ. എം. കെ. മുനീർ

11. ശ്രീ. കെ. മുരളീധരൻ

12. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

13. ശ്രീ. ഉമ്മൻ ചാണ്ടി

14. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

15. ശ്രീ. രമേശ് ചെന്നിത്തല

16. ശ്രീ. കെ. എസ്. ശബരീനാഥൻ

17. ശ്രീ. എൻ. ഷംസുദ്ദീൻ

18. ശ്രീ. ഷാഫി പറമ്പിൽ

19. ശ്രീ. വി. എസ്. ശിവകുമാർ

20. ശ്രീ. സണ്ണി ജോസഫ്

21. ശ്രീ. എം. ഉമ്മർ

22. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 22

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ III

നീതിന്യായനിർവ്വഹണം

മി. സ്പീക്കർ: സർവ്വശ്രീ ടി. വി. ഇബ്രാഹിം, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അൻവർ സാദത്ത്, എം. ഉമ്മർ, കെ. എൻ. എ. ഖാദർ, മഞ്ഞളാംകുഴി അലി, അബ്ദുൽ ഹമീദ്. പി., എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, വി. എസ്. ശിവകുമാർ, എം. വിൻസെന്റ്, പി.കെ. ബഷീർ, പ്രൊഫ. ആബിദ് ഹുസൈൻ

തങ്ങൾ, ഡോ. എം. കെ. മുനീർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ III-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-20 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ..........

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. പി. വി. അൻവർ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ

12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. വി. ജോയി
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. എം. എം. മണി
32. ശ്രീ. മാത്യു ടി. തോമസ്
33. ശ്രീ. കെ. ജെ. മാക്സി
34. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
35. ശ്രീ. എ. സി. മൊയ്തീൻ

36. ശ്രീ. മുഹമ്മദ് മുഹസിൻ പി.
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. എം. നൗഷാദ്
41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ്കുമാർ
43. ശ്രീ. കെ. ഡി. പ്രസേനൻ
44. ശ്രീമതി യു. പ്രതിഭ
45. ശ്രീ. പുരുഷൻ കടലുണ്ടി
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. കെ. രാജു
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. ആർ. രാമചന്ദ്രൻ
54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. സജി ചെറിയാൻ
59. ശ്രീ. എ. കെ. ശശീന്ദ്രൻ

60. ശ്രീ. സി. കെ. ശശീന്ദ്രൻ
61. ശ്രീ. പി. കെ. ശശി
62. ശ്രീ. വി. ശശി
63. ശ്രീ. ഐ. ബി. സതീഷ്
64. ശ്രീ. ബി. സത്യൻ
65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
67. ശ്രീ. ജി. സുധാകരൻ
68. ശ്രീ. വി. എസ്. സുനിൽ കുമാർ
69. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
70. ശ്രീ. എം. സ്വരാജ്
71. ശ്രീ. പി. തിലോത്തമൻ
72. ശ്രീ. തോമസ് ചാണ്ടി
73. ഡോ. ടി. എം. തോമസ് ഐസക്
74. ശ്രീ. പി. ഉണ്ണി
75. ശ്രീമതി വീണാ ജോർജ്ജ്
76. ശ്രീ. ഇ. കെ. വിജയൻ
77. ശ്രീ. പിണറായി വിജയൻ
78. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അനിൽ അക്കര
2. ശ്രീ. അനൂപ് ജേക്കബ്
3. ശ്രീ. അൻവർ സാദത്ത്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. പി. കെ. ബഷീർ
6. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

7. ഡോ. എൻ. ജയരാജ്
8. ശ്രീ. കെ. സി. ജോസഫ്
9. ശ്രീ. പി. ജെ. ജോസഫ്
10. ഡോ. എം. കെ. മുനീർ
11. ശ്രീ. കെ. മുരളീധരൻ
12. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
13. ശ്രീ. ഉമ്മൻ ചാണ്ടി
14. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
15. ശ്രീ. രമേശ് ചെന്നിത്തല
16. ശ്രീ. കെ. എസ്. ശബരീനാഥൻ
17. ശ്രീ. എൻ. ഷംസുദ്ദീൻ
18. ശ്രീ. ഷാഫി പറമ്പിൽ
19. ശ്രീ. വി. എസ്. ശിവകുമാർ
20. ശ്രീ. സണ്ണി ജോസഫ്
21. ശ്രീ. എം. ഉമ്മർ
22. ശ്രീ. എം. വിൻസെന്റ്

അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 22

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഓർഡർ.. ഓർഡർ..സഭ ഇപ്പോൾ പിരിയുന്നതും ജൂൺ 10-ാം തീയതി രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ജൂൺ മാസം 10-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 4.50-ന് പിരിഞ്ഞു.)